T P L
STOCK VERIFIED
1935

തിരുവിതാംകൂർ നിയമസഭ.

മണ്ഡലത്തെ സഭ.

ഒന്നാമത്തെ യോഗം, ക ക ൩൫.

അദ്ധ്യക്ഷൻ,

മി: മോറിസ്സ്. ഈ. വാട്ട്സ്. ബി. എ. ബാരിസ്റ്റർ ആറ്റ്-ലാ, തിരുവിതാംകൂർ ദിവാൻ.

മെംബറന്മാർ.

ക. മി: ഐ. സി. ചാമക്കാ, ബി. എ; ബി.എസ്സ്. സി. (വ്യവസായഡയറക്ടർ)
ഖ. മി: പാമ് ഡാനിയൽ, എം. എ, എൽ. ററി. (നിയമിക്കപ്പെട്ട മെംബർ)
ഗ. മി: ആർ. ധനുകോടിപ്പിള്ള ബി. എ. (ഓക്സൺ) (വനം കൺസർവേറാർ)
ഘ. മി: കെ. ജാർജ്ജ് ബി. എ. (ഗവണ്മെൻറ ചീഫ്സെക്രട്ടറി)
ങ. മി: പി. ഗോമതിനായഗം പിള്ള ബി. എ. (അക്കിംഗ് എക്സൈസ് കമ്മീഷണർ)
ച. മി: ഫഖീബ് മഹമ്മദ്. എം. എ. ബി. എൽ. (നിയമിക്കപ്പെട്ട മെംബർ)
ഛ. മി: എ. ജെ. ജോൺ, ബി. എ., ബി. എൽ. (വൈക്കം, സാമാന്യഗ്രാമീണം)
ജ. മി: കെ. ഐ. ജോസഫ് എം. എ., ബി. എൽ. (മിനച്ചലും മേവികളും, സാമാന്യഗ്രാമീണം.)
ഝ. മി: എൻ. വി. ജോസഫ്, ബി. എം., ബി. എൽ (പറവൂർ, സാമാന്യഗ്രാമീണം.)
ഞ. മ: നി. കേരളവർമ്മ കോയിത്തമ്പുരാൻ, (ഇടവക, ഇടവകയും പൊളിറക്കൽ അടുത്തുള്ള കാരേം.)
ട. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും.)
ഠ. മി: എൻ. കെ. കുഞ്ഞുപിള്ള ബി., എ. ബി.എൽ. (നെയ്യാറിൻകര, സാമാന്യ ഗ്രാമീണം.)
ഡ. മി: പി. എൻ. കുഞ്ഞുപിള്ള, ബി. എ., ബി. എൽ. (ഗവണ്മെൻറ സെക്രട്ടറി)
ഢ. മി: ററി. കുമാരപിള്ള, (കൽക്കുളവും വിളവങ്കോടും, സാമാന്യഗ്രാമീണം.)
ണ. ഡാക്ടർ എൻ. കുഞ്ഞൻപിള്ള, എം. എ., ബി. എസ്സ്സി, പിഎച്ച്. ഡി. (കൃഷിമൃഗവ്യവസായ ഡയറക്ടർ)
ത. മി: തരിയത്ത കുഞ്ഞിത്തൊമ്മൻ. (മൂവാററുപുഴയും തൊടുപുഴയും, സാമാന്യഗ്രാമീണം.)
ഥ. മി: സി. ഡി. കുഞ്ഞുരാമൻ, (നിയമിക്കപ്പെട്ടമെംബർ)
ദ. മി: എൽ. എ. ലാംബാർഡ്, (തോട്ടകൃഷിക്കാർ.)
ധ. മി: എസ്സ്. ജി. ലോപ്പസ്. (നിയമിക്കപ്പെട്ടമെംബർ.)
ന. മി: കെ, മാധവൻപിള്ള, എൽ, എം. ആർ. എസ്സ്. (തിരുവനന്തപുരവും നെടുമങ്ങാടും, സാമാന്യഗ്രാമീണം.)
പ. മി: കെ. സി. മാമ്മൻമാപ്പിള, ബി. എ. (കച്ചവടവും വ്യവസായവും, വടക്ക്.)
ഫ. മി: ററി. ജെ. മാത്യു. ബി. എ., ബി. എൽ. (ചങ്ങനാശ്ശേരിയും പീരുമേടും, സാമാന്യഗ്രാമീണം.)
ബ. മി: ജി. നാരായണപിള്ള ബി. എ., ബി. എൽ. (തിരുവല്ല, സാമാന്യഗ്രാമീണം)
ഭ. മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട, സാമാന്യഗ്രാമീണം.)
മ. മി: പി. കെ. നാരായണപിള്ള ബി. എ., ബി. എൽ. (അമ്പലപ്പുഴ, സാമാന്യഗ്രാമീണം.)
യ. മി: കെ. പി. നീലകണ്ഠപ്പിള്ള ബി. എ., ബി. എൽ. (ചിറയിൻകീഴ്, സാമാന്യഗ്രാമീണം.)
ര. മി: എം. എൻ. പിള്ള, എൽ. എം. ആർ. എസ്സ്. (ഹോമിയെ), [തിരുവനന്തപുരം, സാമാന്യസഗീകം.]
ല. മി: എൻ. നീലകണ്ഠപ്പിള്ള. ബി. എ., ബി. എൽ. (ഗവണ്മെൻറ സെക്രട്ടറി) [നിയമസഭാ സെക്രട്ടറി.]
വ. മി: ആർ. പത്മനാഭൻ. (നിയമിക്കപ്പെട്ടമെംബർ.)
ശ. മി: കയ്യാലം പരമേശ്വരൻപിള്ള. ബി. എ., ബി. എൽ. (അഡീഷണൽ ഫെഡ്സക്കാർ വക്കീൽ.)
ഷ. മി: എസ്സ്. പിറപ്പിച്ചെരാമപിള്ള, (കച്ചവടവും വ്യവസായവും, തെക്ക്.)
സ. മി: എ. കെ. പിള്ള. ബി. എ. (കരുനാഗപ്പള്ളി. സാമാന്യഗ്രാമീണം.)
ഹ. മി: ഡബ്ലിയു. എച്ച്. പിറർ. (പോലീസുകമ്മീഷണർ.)
ള. മിസ്സസ് പൂന്നൻ ലൂക്കോസ്, ബി, എ., എം. ബി. ബി. എസ്സ്. (ചങ്ങൻ) എൽ. എം. (റൊട്ടണ്ട) (സീനിയർ സർജൻ, വിമൻസ മെഡിക്കൽ സവീസസ്, മെംബർ, അഡ്മിനിസ്ട്രേറിവു ബോർഡ്, മെഡിക്കൽ സവീസസ്.)
ഴ. മി: ജി. രാമൻ മേനോൻ, എം. എ., ബി: എൽ. (മാപ്പേലിക്കരയും കുന്നത്തുകുപ്പുഴയും, സാമാന്യഗ്രാമീണം.)
റ. മി: കരണവിപ്പള്ളിയിൽ ആർ. രാമൻപിള്ള, (കൊല്ലം, സാമാന്യഗ്രാമീണം.)
ഩ. മി: കെ. എൻ. രാമസുബ്ബയ്യർ, ബി. എ., ബി. എൽ. (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി.)

G. P. T. 911. 150. 7-5-105.

൧൨. ദിവാൻബഹദൂർ മി: കെ. വി. രംഗസ്വാമി അയ്യങ്കാർ, എം. എ. (പ്രിൻസിപ്പൽ, രാജകീയആർട്ട്സ് കാളേജ്, തിരുവനന്തപുരം.)
൧൩. മി: എസ്സ്. സി. എച്ച്. റോബിൻസൺ. (ലാൻഡ്രവന്യൂവും ആഭ്യന്തരകൃഷിയും കമ്മീഷണർ.)
൧൪. മി: കെ. ശിവരാമപ്പണിക്കർ. ബി. എ., എൽ. റ്റി. (ചേർത്തല, സാമാന്യഗ്രാമീണം)
൧൫. മി: എം. ശ്രീധരൻപിള്ള (തൊവാള, സാമാന്യഗ്രാമീണം.)
൧൬. മി: ജെ. സ്റ്റീഫൻസൺ, എ. ആർ. സി. എസ്സ്സി. (പ്ലാന്റേഷൻസൂപ്രണ്ടിങ്ങ് എഞ്ചിനീയർ.)
൧൭. മി: വി. സുബ്ബയ്യൻ, ബി. എ., ബി. എൽ. (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്.)
൧൮. മി: എസ്സ്. സുബ്രഹ്മണ്യകരയാളർ. ബി. എ. (പത്തനംതിട്ട വക്കീൽ, കോട്ടയം, സാമാന്യഗ്രാമീണം.)
൧൯. മി: എം. സുബ്രഹ്മണ്യപിള്ള, (അഗസ്തീശ്വരം, സാമാന്യഗ്രാമീണം.)
൨൦. മി: സി. പി. തരകൻ, (കുന്നത്തുനാട്ടം, സാമാന്യഗ്രാമീണം.)
൨൧. മി: സി. പി. രാമസ്സ് ബി. എ., എൽ. റ്റി. (നിയമിക്കപ്പെട്ടമെംബർ.)
൨൨. മി: കെ. കെ. രാമസ്സ്, ബി. എ., ബി. എൽ. (കോട്ടയം, സാമാന്യഗ്രാമീണം.)
൨൩. മി: സി. എൻ. ഇട്ടൻ നമ്പൂതിരി, (ജന്മി)
൨൪. മി: എ. വൈപ്പൻ, എം. ഐ., സി. ഈ. (ചീഫ് ഇഞ്ചിനീയർ.)

തിരുവിതാംകൂർ നിയമസഭ.

രണ്ടാമതെത്തവണ.

ഒന്നാമത്തെയോഗം, ൧൯൩൫.

ബുധനാഴ്ച, ൧൯൩൫ നവംബർ ൧൩-ാംതീയ്യതി ൧൯൩൫ വൃശ്ചികം ൨൭-ാംതീയ്യതി

ഒഫീഷ്യൽറിപ്പോർട്ട്.

തിരുവിതാംകൂർ ദിവാൻ എം. ഇ. വാട്ട്സ് എസക്വയർ, ബി. എ., ബാരിസ്റ്റർ അറ്റ് ലായുടെ അദ്ധ്യക്ഷതയിൽ പേരിനൊന്നാമതണിക്ക വി.ക്ലാറിഷാ മ്യൂസിയം റൌണ്ഹാളിൽ സഭകൂടി.

പുതിയമെംബറന്മാർ.

താഴെപ്പറയുന്ന പുതിയമെംബറന്മാർ സത്യപ്രതിജ്ഞചെയ്തു:—
൧. മി: എസ്സ്. സി. എച്ച്. റോബിൻസൺ.
൨. മി: സി. വി. കുഞ്ഞുരാമൻ.
൩. മി: പി. ഗോമതിനായകംപിള്ള.
൪. മി: എൻ. നീലകണ്ഠപ്പിള്ള.

ചോദ്യോത്തരങ്ങൾ.

മാൻകഴിചിലുള്ള കടത്തുബോട്ട്.

൧. മി: ജി. രാമൻ മേനോൻ (മാടമ്പിക്കരയും കാഞ്ഞിക്കപ്പുള്ളിയും): ആനാംമൂലം കരുവാറ്റ പടിഞ്ഞാറെ അക്കരനിവാസികളുള്ള വില്ലേജുറോഡിൽ മാൻകുഴിയിൽ വർഷകാലത്തു് ഒരു താൽക്കാലിക കടത്തു ഏർപ്പെടുത്താൻ വ്യവസ്ഥചെയ്യണമെന്നും ആസ്ഥലത്തുതന്നെ കൊല്ലം ൨൦൦൦-മാണ്ടുവരെയുണ്ടായിരുന്ന പഴയ കരിങ്കൽ പാലത്തിന്റെ സ്ഥാനത്തു ഒരു പുതിയ പാലം പണികഴിപ്പിക്കണമെന്നും കാണിച്ചു കഴിഞ്ഞ കിടങ്ങറ കരുവാറ്റയിലും ചെറുതനയിലുമുള്ള ജനങ്ങൾ ചീഫ് ഇഞ്ചിനീയർക്ക് അയച്ചിരുന്ന ൧൯൩൫ ഇടവം ൧൦-ാംതീയതിയിലെ ഹർജിയിന്മേൽ എന്തുനടപടിനടത്തിയിട്ടുണ്ടെന്നു ഗവണ്മെന്റു ദയവുണ്ടായി പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റു സെക്രട്ടറി): കടത്തിനെസംബന്ധിച്ചിടത്തോളം മാൻകുഴിയിൽ ഒരു തൈവരകടത്തു് ഉള്ളതുകൊണ്ടു അവിടെ വേറൊരു സവീസിന്റെ ആവശ്യകതയില്ലെന്നു ഫിഷറീസുമെ അറിയിച്ചിട്ടുണ്ടായിരുന്നു. പാലംസംബന്ധിച്ചിടത്തോളം ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു അവിടത്തെ എക്സിക്യൂട്ടീവ് ഇഞ്ചിനീയരോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

മി: ജി. രാമൻമേനോൻ (മടവേക്കരയും കാഞ്ഞിക്കപ്പുള്ളിയും): അവിടെയൊരു പ്രൈവറ്റു കടത്തു സവീസുണ്ടെന്നു മറുപടിയിൽ പ്രസ്താവിക്കുകാണുന്നു. അറക്കപ്പെട്ടുപോയ പാലത്തിനു പകരം വേറൊരുപാലം പണികഴിപ്പിക്കുന്നതുവരെ അവിടെയൊരു കൂലിയില്ലാത്തതായ കടത്തു സവീസു് ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്തുന്നതു ആശാസ്യകരമായിരിക്കയില്ലെ?

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം കഴിവുക ഏർപ്പാടുകളെ സഹായിക്കണമെന്നുള്ളതാണു ഗവണ്മെൻറിന്റെ നയം.

ഇനിമേൽ ഇന്നത്തിലുള്ള കടിശ്ശിക വസൂൽ ചെയ്യുന്നതിലേക്കുള്ള നിർബന്ധിത നടപടികളും.

൨. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇനിമേൽ ഇന്നത്തിലുള്ള കടിശ്ശികയും ഈടാക്കുന്നതിനു ചിറയിൻകീഴ് താലൂക്കിലെ കടിശ്ശികക്കാരുടെ മേൽ നടത്തിയിട്ടുള്ള നിർബന്ധിതനടപടികളെ സംബന്ധിച്ചിടത്തോളം താഴെ കാണുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഗവർമെൻറു ദയവുണ്ടായി നൽകുമോ?

(എ) കൈയൊപ്പുവെട്ടത്തി വില്പിച്ച ജംമ്മസ്വത്തുക്കളുടെ മൊത്തം സംഖ്യ.
(ബി) ജപ്തി ചെയ്തുവില്പിച്ച സ്ഥാവരസ്വത്തുക്കളുടെ മൊത്തം സംഖ്യ.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ സെക്രട്ടറി): ഏതു കൊല്ലത്തെ സംബന്ധിച്ചാണോ വിവരങ്ങൾ ആവശ്യപ്പെട്ടതു ആ കൊല്ലത്തെ സൂചിപ്പിക്കാതെ മെമ്പർ ആവശ്യപ്പെട്ടതു വിവരങ്ങൾ നൽകുന്നതിനു സാധിക്കുന്നതല്ല.

മി: ടി. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അയച്ചിരുന്ന ചോദ്യത്തിൻറെ അസൽ പ്രതി മെമ്പറിൻറെ പക്കൽ ഇപ്പോഴുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ സെക്രട്ടറി): ഇല്ലെന്നാണറിഞ്ഞതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു കൊല്ലത്തെ സംബന്ധിച്ചാണോ വിവരങ്ങൾ ആവശ്യപ്പെട്ടതു ആ കൊല്ലത്തെ സൂചിപ്പിക്കാതെ ആ ആവശ്യപ്പെട്ടതു വിവരങ്ങൾ നൽകുന്നതിനു സാധിക്കുന്നതല്ലെന്ന മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നു. ഞാൻ അയച്ചിരുന്ന ചോദ്യത്തിൽ ഇന്നയിന്ന കൊല്ലങ്ങളാണെന്നു കാണിച്ചിട്ടുണ്ടോ ഇല്ലയോ എന്നു നോക്കിയിട്ടുപ്പിടുപ്പിടുന്നതിനു ആ ചോദ്യത്തിൻറെ അസൽ മെമ്പറുടെ പക്കൽ ഇപ്പോഴുണ്ടോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ സെക്രട്ടറി): അതിപ്പോൾ എൻറെ പക്കലില്ല. അതു വരുത്താൻ സാധിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുത ചോദ്യം ഏതു തീയതിയിലാണു ഗവർണ്മെൻറിലേക്കു അയച്ചതെന്നു അറിഞ്ഞാൽ കൊള്ളാം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ സെക്രട്ടറി): അതിപ്പോൾ പറയുന്നതിനു സാധിക്കുന്നതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉദ്ദേശമായി പറയുന്നപക്ഷം ഏകദേശം രണ്ടു മാസങ്ങൾക്കു മുൻപാണു പ്രസ്തുത ചോദ്യം ഗവർണ്മെൻറിലേക്കു അയച്ചിരുന്നതു. അതിനാൽ അതിലധികമെങ്കിലും താമസമുണ്ടായിരുന്നു എങ്കിൽ പോലും ഈ വിധമുള്ള കുത്തകവും ഉപായകരവുമായ ഒരു മറുപടി നൽകുന്നതിനു പകരം ആ താമസത്തെ സെക്രട്ടറി മുഖേന അറിയിച്ചു വേണ്ടതു പ്രവൃത്തിക്കുമായിരുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ സെക്രട്ടറി): അതൊരു ഉപകോല്പനമല്ല.

ആന്ധ്രത്താഴ ചിറയിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശത്തെ വിളിച്ചുചൊല്ലിനിന്നും ഉണ്ടാകുന്ന ദുരൈട്ടപ്പിനെ സംബന്ധിച്ചു്.

൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തിരുവനന്തപുരം താലൂക്കിലെ പത്തുണ്ടു ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ആനത്തഴ ചിറയിൽ മത്സ്യം വളർത്തുന്നതിനും അവയെ പിടിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അവകാശം വിട്ടുനയിൽ നിന്നും ആണുടേതും ഉദ്ദേശം എന്തു ആളായാലുമാകട്ടെ എന്നുള്ളതിനെ കാണിക്കുന്ന ഒരു റിപ്പോർട്ട മത്സ്യവ്യവസായഡയറക്ടരോടു ആവശ്യപ്പെട്ടു മേശമേൽ വയ്ക്കുന്നതിനും, പുനരുദ്ധാരണം ചെയ്യപ്പെട്ടതായ പുനരുദ്ധരണം ചെയ്യപ്പെടുന്നതായ ആയ തിരുവനന്തപുരം താലൂക്കിലെ കൃഷിസേചന കുളങ്ങളിൽനിന്നും ഈ ഇനത്തിൽനിന്നും ഉദ്ദേശമായി എന്തു ആളായാലുമാകട്ടെ എന്ന അന്വേഷണങ്ങൾ നടത്തുന്നതിനും ആജ്ഞ നൽകുന്നതിനും ഗവർണ്മെൻറിനു മനസ്സുണ്ടാകുമോ? കുളങ്ങളിൽ മത്സ്യം വളർത്തി അതൊരു ആദായകരമായ വ്യവസായമാക്കിത്തീർക്കുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഗവർണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർണ്മെൻറ സെക്രട്ടറി): ആനത്തഴച്ചിറയിൽ മത്സ്യം വളർത്തുന്നതിനുള്ള സൌകര്യത്തെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ട ചെയ്യുന്നതിനു മത്സ്യവ്യവസായഡയറക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ടു്. ഇതല്ലാതെ മറ്റു കൃഷിസേചനക്കുളങ്ങളും അനേകമുള്ളതുകൊണ്ടു അവയെ സംബന്ധിച്ചു ടത്തോളം അന്വേഷണം നടത്തുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കാതെ സാധ്യമല്ലെന്നു ഡയറക്ടർ റിപ്പോർട്ട ചെയ്യുന്നു. ഈ വിഷയത്തെപ്പറ്റി ഗവർണ്മെൻറ ചിന്തിക്കുന്നതാണ്.

സാനിട്ടറി സക്കിൾ ആഫീസറന്മാർക്കുള്ള ഡിപ്ലോമാ ട്രെയിനിങ്ങ്

൧. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെഡിക്കൽ ഡിപ്പാർട്ടുമെൻറിലുള്ളതുപോലെ സാനിട്ടറി സക്കിൾ ആഫീസറന്മാർക്കും ക്ലിനിക്കൽ സമയങ്ങളിൽ ഡിപ്പാർട്ടുമെൻറൽ പരീക്ഷകൂടി ഏർപ്പെടുത്തുന്നതു ആശാസ്യമാണോ എന്നുള്ളതിനെപ്പറ്റി ഗവർണ്മെൻറ ചിന്തിച്ചിട്ടുണ്ടോ എന്നു ദയവുണ്ടായി പറയുമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർണ്മെൻറ സെക്രട്ടറി): പ്രസ്തുത നിർദ്ദേശത്തെപ്പറ്റി ഗവർണ്മെൻറ ചിന്തിക്കുന്നതാണ്.

സാനിട്ടറി സക്കിൾ ആഫീസറന്മാർക്കുള്ള അനുകാലിക പരിശീലനം.

൪. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) ഡിപ്പാർട്ടുമെൻറിൽ നിയമനം സിദ്ധിച്ചതിനുശേഷം പരിശീലനം സിദ്ധിച്ചിട്ടുള്ള സാനിട്ടറി സക്കിൾ ആഫീസറന്മാർ ആരെങ്കിലും ഇപ്പോഴുണ്ടോ?

(ബി) സാനിട്ടറി സക്കിൾ ആഫീസറന്മാർക്കു അനുകാലികമായ പരിശീലനം വേണമെന്നു ഗവർണ്മെൻറിൽനിന്നും ദയവുണ്ടായി ആജ്ഞ നൽകുമോ?

(സി) മദ്രാസ് പ്രസിഡൻസിയിൽ സാനിട്ടറി ആഫീസറന്മാർ അനുകാലികമായ പരിശീലനം സിദ്ധിച്ചിരിക്കണമെന്നു നിർബന്ധമുള്ള വിവരം ഗവർണ്മെൻറിനു അറിയാമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർണ്മെൻറ സെക്രട്ടറി):

(എ) ഇല്ല.

(ബി) ഈ വിഷയത്തെപ്പറ്റി ഗവർണ്മെൻറ ചിന്തിക്കുന്നതാണ്.

(സി) അറിയാം.

പൊതുജനാരോഗ്യവിഷയത്തിൽ പ്രത്യേകം യോഗ്യത സിദ്ധിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ നിയമിക്കേണ്ടതിനെ സംബന്ധിച്ചു്.

ന്യ. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പൊതുജനാരോഗ്യവിഷയത്തിൽ പ്രത്യേകം യോഗ്യത സിദ്ധിച്ചിട്ടുള്ള കുറെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ സാനിട്ടറി ഡിപ്പാർട്ട്മെന്റിൽ നിയമിക്കേണ്ടതാണെന്നുള്ള ആശാസ്യമായ വിഷയത്തെപ്പറ്റി ഗവർണ്മെന്റ് ചിന്തിച്ചിട്ടുണ്ടോ?

മി: പി എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റ് സെക്രട്ടറി): അധികതമസം കൂടാതെ തന്നെ ഈ സംഗതിയെപ്പറ്റി ചിന്തിക്കണമെന്ന ഗവർണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

തിരുവനന്തപുരം പട്ടണത്തിലെ മലേറിയാ സംബന്ധമായും ഫിലേറിയാ സംബന്ധമായുമുള്ള വ്യാധികൾ.

൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(ക) മലേറിയാ സംബന്ധമായും ഫിലേറിയാ സംബന്ധമായുമുള്ള വ്യാധികളുടെ പകർച്ച തടുക്കുന്നതിനു തിരുവനന്തപുരം നഗരസഭ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു ഗവർണ്മെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

(ഖ) ഇപ്പോൾ പ്രസ്തുത പട്ടണത്തിൽ ഫിലേറിയാ വ്യാധികൾ ബാധിച്ചിട്ടുള്ള ജനങ്ങളുടെ സംഖ്യ എന്താണ്.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി)

(ക) പട്ടണത്തിൽ രണ്ടായിരം കക്കൂസുകളെ നശീപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരം നഗരസഭ ഗവർണ്മെന്റിലേക്കു സമർപ്പിച്ചിട്ടുള്ളതും, പ്രസ്തുത പദ്ധതി ഗവർണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതും ആകുന്നു.

(ഖ) അതു സംബന്ധിച്ചുള്ള വിവരങ്ങൾ ഇല്ലാത്തതാകുന്നു.

മലേറിയാ സംബന്ധമായും ഫിലേറിയാ സംബന്ധമായുമുള്ള വ്യാധികളെപ്പറ്റി അന്വേഷണം നടത്തുന്നതിലേക്കു യോഗ്യത സമ്പാദിച്ചിട്ടുള്ള ഒരു മെഡിക്കൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനെ സംബന്ധിച്ച്.

൮. മി: കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (ക) തിരുവനന്തപുരം നഗരസഭയുടെ അധീനതയിൽ യോഗ്യത സമ്പാദിച്ചിട്ടുള്ള എത്ര മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്?

(ഖ) മലേറിയാ വ്യാധി ഉൽപ്പാദിപ്പിക്കുന്നതിനു അനുരൂപമായ പ്രാദേശികാവസ്ഥകളെ പ്രത്യേകം അന്വേഷണം നടത്തുന്നതിലേക്കു ഒരു മെഡിക്കൽ ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണെന്നു നഗരസഭ ഗവർണ്മെന്റിനോടു ശുപാർശ ചെയ്തിട്ടുണ്ടോ?

(ന) മലേറിയാസംബന്ധമായും ഫിലേറിയാ സംബന്ധമായുമുള്ള വ്യാധികൾ പ്രസ്തുതപട്ടണത്തിൽ എത്ര വേഗത്തിലാണു പടർന്നുപിടിക്കുന്നതെന്നുള്ള സംഗതിയെപ്പറ്റി ഏതെങ്കിലും വിവരങ്ങൾ സമ്പാദിച്ചിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി:)

(ക) ഒന്ന്.

(ഖ) ഉണ്ട്.

(ന) ഇല്ലെന്നാണ് ഉത്തമം.

തിരുവനന്തപുരം നഗരസഭയിലെ പൊതുജനാരോഗ്യകോഫിസർക്കു ഉള്ള ചിലവ്.

൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞ മാർച്ചുമാസത്തിനുശേഷം തിരുവനന്തപുരം നഗരസഭയിൽനിന്നും പൊതുജനാരോഗ്യകോഫിസർക്കായി എത്ര പണം ചിലവാക്കിയിട്ടുണ്ട്?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി:) ശുപാർശ ചെയ്തതനുസരിച്ചു ഗവർണ്മെന്റ്, അങ്കക്കുട്ടികൾക്കുള്ള ഇംഗ്ലീഷ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾ.

൧൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും.):

(ക) കഴിഞ്ഞ മാർച്ചുമാസം അങ്കക്കുട്ടികൾക്കുള്ള എത്ര ഇംഗ്ലീഷ് സ്കൂളുകളിൽ വിദ്യാർത്ഥിനികളുടെ സംഖ്യ നൂറിനുമേൽ വർദ്ധിച്ചിട്ടുണ്ട്?

(ഖ) ആ പ്രദേശങ്ങളിൽ പെൺപള്ളിക്കൂടങ്ങൾ ആരംഭിക്കേണ്ടതാണെന്നു കാണിക്കുള്ള നിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ടോ?

(ന) ഇംഗ്ലീഷ് സ്കൂളുകളിൽ ഫാറം I, II, III ഫാറങ്ങളിൽ പഠിക്കുന്ന പെൺകുട്ടികളുടെ ശരാശരി വയസ്സു എന്താണ്?

മി: കെ. ജാർള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(ക) മൂന്നു ഇംഗ്ലീഷ് സ്കൂളുകളിൽ.

(ഖ) ഇല്ല.

(ന) താഴെ കൊടുത്തിരിക്കുന്നതാണ് ശരാശരി വയസ്സു:-

സ്കൂൾ.	ഫാറം IV. വയസ്സു.	ഫാറം V. വയസ്സു.	ഫാറം VI. വയസ്സു.
നെയ്യാറ്റിൻകര.	൧൫. ൪	൧൬. ൩.	൧൭. ൩.
കായംകുളം.	൧൫. ൩.	൧൬. ൪.	൧൭. ൩
നെടുങ്ങാട.	൧൪. ൨.	൧൩. ൩.	൧൭.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (ഖ)-ാമാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ധാരാളം പ്രായപൂർത്തിനികളുള്ള അങ്കപ്പള്ളിക്കൂടങ്ങളിൽ അച്ചടക്കസംരക്ഷണം വളരെ പ്രയാസമായിരിക്കുന്നു എന്നു ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ ഒരണ്ട റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള വിവരം ചീഫ് സെക്രട്ടറിക്കു അറിയാമോ?

മി: കെ. ജാർള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അപ്രകാരം ഒരു പ്രസ്താവനയുള്ളതായി എനിക്കു ഓർമ്മയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ചട്ടങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഉദ്ദേശം എന്താണ്? ഓഫീസുകളിൽ സ്ത്രീകളെ നിയമിക്കുന്നതിനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിക്കുന്നത്?

മി: കെ. ജോർജ്ജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഈ വിഷയത്തെപ്പറ്റി ഗവൺമെന്റുമായി ചർച്ച നടത്തിവരുന്നു. ഉടൻ ഉചിതമായ തീരുമാനം ഉണ്ടാകുന്നതാണ്.

നെടുമങ്ങാട് പെൺകുട്ടികൾക്കുള്ള മിഡിൽസ്കൂൾ നിർത്തലാക്കിയതിനെ സംബന്ധിച്ച്,

*൧൬. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(ക) കഴിഞ്ഞ മാർച്ച് മാസം കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ നിർത്തലാക്കിയതോ ഭാവിയിലേക്ക് നിർത്തലാക്കുന്നതോ ആയ പെൺകുട്ടികൾക്കുള്ള ഡിപ്പാർട്ടുമെന്റിൽ ഇംഗ്ലീഷും നാട്ടുഭാഷയും പഠിപ്പിക്കുന്നതായ സ്കൂളുകളുടെ സംഖ്യയും, പ്രസ്തുത വിഷയത്തിനിടയിലെ ഉന്നതാംശം ക്ലാസ്സുകളിൽ എടുക്കപ്പെട്ടവയായ വിദ്യാർത്ഥികളുടെ സംഖ്യയും എത്രയാണെന്ന് ഗവൺമെന്റ് ദയവുണ്ടായി പ്രസ്താവിക്കുമോ?

(ഖ) നെടുമങ്ങാട്ടിൽ പെൺകുട്ടികൾക്കുള്ള നാട്ടുഭാഷാ മിഡ്സ്കൂളിൽ നിന്നും ഉയർന്നതരം ക്ലാസ്സുകളെ എടുത്തുകളയുന്നതിനു തീരുമാനിക്കുന്നുണ്ടോ?

(ഗ) പ്രസ്തുത സ്കൂൾ ഒരു മിഡിൽസ്കൂൾ മാത്രമാക്കുന്നതിനുള്ള എന്തെങ്കിലും വിവരം ഗവൺമെന്റിനറിയുമോ?

മി: കെ. ജോർജ്ജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി):

(ക)

പ്രൈമറിക്ലാസ്സുകളിൽ നിന്നും ഉയർന്നതരം ക്ലാസ്സുകളിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടവരുടെ സംഖ്യ.	പ്രൈവറ്റ് മാനേജ്മെന്റിനു കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഡിപ്പാർട്ടുമെന്റിൽ ഇംഗ്ലീഷും നാട്ടുഭാഷയും പഠിപ്പിക്കുന്ന സ്കൂളുകളുടെ സംഖ്യ.	നിർത്തലാക്കിയതോ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ സ്കൂളുകളുടെ സംഖ്യ.
ഇംഗ്ലീഷ്. ഇല്ല.	ഇല്ല.	ഇല്ല.
നാട്ടുഭാഷ. ൪	...	൨

(ഖ) ഉണ്ട്.

(ഗ) ഉണ്ട്.

സ്ത്രീകളെ നിയമിക്കുന്നതു സംബന്ധിച്ചുവരുന്ന ആഫീസുകളിൽ സ്ത്രീകളെ നിയമിക്കേണ്ടതിനെ സംബന്ധിച്ച്.

൧൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(ക) സ്ത്രീകളായ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിൽ ഇരിക്കുന്ന ആഫീസുകളിലും ഡിപ്പാർട്ടുമെന്റുകളിലും എത്ര ക്ലാർക്കന്മാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്?

(ഖ) ഇവരിൽ എത്രപേർ സ്ത്രീകളാണ്?

മി: കെ. ജോർജ്ജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി):

(ക) പെൺപള്ളിക്കൂടം ഇൻസ്പെക്ടസ്സിന്റെ ആഫീസിൽ ഈയിടെ സ്ഥിരമായി രണ്ടു ക്ലാർക്കന്മാരേയും സ്ത്രീകൾക്കുള്ള രാജകീയ കാര്യാലയത്തിൽ മൂന്നാളെ തൽക്കാലത്തേയും നിയമിച്ചിട്ടുണ്ട്.

(ഖ) ഇവരെല്ലാവരും സ്ത്രീകളാണ്.

അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുക്കുന്നതിനെ സംബന്ധിച്ച്.

൧൮. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(ക) അദ്ധ്യാപകന്മാരുടെ ശമ്പളങ്ങൾ ക്ലിപ്തകാലങ്ങളിൽ കൊടുക്കുന്നില്ലെന്നും അവധിയിലിരിക്കുന്ന അദ്ധ്യാപകന്മാരുടെ സംഗതിയിൽ അവരുടെ ശമ്പളം അനേകമാസങ്ങൾ കഴിഞ്ഞാൽപോലും കൊടുക്കുന്നില്ലെന്നും കേൾക്കുന്നതു വാസ്തവമാണോ?

(ഖ) സെക്രട്ടേറിയറേറിലും അതുകൂടാതെ ജോലിയിലും പരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ സ്കൂൾ ഇൻസ്പെക്ടന്മാരുടെ പേഴ്സണൽ അസിസ്റ്റൻറന്മാരായി നിയമിക്കുന്നതു് ആ ശാസ്ത്രമായിരിക്കയില്ലയോ എന്നുള്ള വിഷയത്തെപ്പറ്റി ഗവൺമെന്റ് ചിന്തിച്ചിട്ടുണ്ടോ?

മി: പി. ജോർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി):

(ക) സാധാരണയായി ശമ്പളങ്ങൾ ക്ലൃപ്തസമയങ്ങളിലാണ് നൽകിവരുന്നതു്; എന്നാൽ എഴുത്തുകുത്തുകളും അവധിക്കോ നിയമനത്തിനോ അനുവാദം ലഭിക്കേണ്ടതായ കാര്യങ്ങളിൽ താമസംനേരിട്ടേക്കാം.

(ഖ) ഇല്ല.

ഒരു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്നതിനെ സംബന്ധിച്ചു.

൧൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്റ്റാറ്റിസ്റ്റിക്സ് ശേഖരിക്കുന്നതിനും തയ്യാറാക്കുന്നതിനും പൂർണ്ണമായും പ്രസിദ്ധീകരിക്കുന്നതിനുമായി ഹുസൂർഓഫീസിൽ ഒരു സെക്ഷൻ ആരംഭിച്ചു ഗവൺമെന്റ് സ്റ്റാറ്റിസ്റ്റിഷ്യനായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതായ ആശാസ്യമായ വിഷയത്തെപ്പറ്റി ഗവൺമെന്റ് ചിന്തിച്ചിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഇല്ലെന്നാണ് മറുപടി.

പരസ്പരസഹായസംഘങ്ങളുടെ ഓണറി ഓർഗനൈസറന്മാർക്ക് സഞ്ചാരപ്പടി നിർത്തൽ ചെയ്തതിനെ സംബന്ധിച്ചു.

൨൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പരസ്പരസഹായസംഘങ്ങളുടെ ഓണറി ഓർഗനൈസറന്മാർക്കുള്ള സഞ്ചാരപ്പടി നിർത്തൽ ചെയ്യണമെന്നു ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിലേക്കുള്ള കാരണങ്ങളെന്തെല്ലാമാണെന്നു ദയവുണ്ടായി ഗവൺമെന്റ് പ്രസ്താവിക്കുമോ?

മി: പി. എൻ. കുട്ടൻപിള്ള (ഗവൺമെന്റ് സെക്രട്ടറി): പരസ്പരസഹായസംഘങ്ങളുടെ മാനേറി ഓർഗനൈസറന്മാർക്ക് കൊടുത്തുവന്ന അന്ന സഞ്ചാരപ്പടി ഫെബ്രുവരി മുതൽ നിർത്തൽചെയ്തു. എന്തെന്നാൽ, പുതിയസംഘങ്ങൾ മാനേറിങ്ങ്ർഗനൈസറന്മാരുടെ സഹായത്തോടുകൂടി രൂപീകരിക്കപ്പെടുന്നതിനെക്കാൾ കൂടുതൽ അവശ്യമുള്ളതായ ഇപ്പോഴുള്ള സംഘങ്ങളെ ബലപ്പെടുത്തുന്നതാണ് നന്നായിട്ടുള്ളതെന്നുകാണപ്പെട്ടു.

മേശമേൽവച്ചിട്ടുള്ള പട്ടിക.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, ക [illegible] റഗുലേഷനാ നിയമസഭാറഗുലേഷൻ ക്ലസ (൯)–ം പ്രകാരം ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള തുക ടെ ചേർക്കുന്ന പട്ടിക നിയമസഭാ ചട്ടങ്ങളിലെ ഫോറം ചട്ടമനുസരിച്ചു ഞാൻ മേശമേൽ വയ്ക്കുന്നു.

ഡിമാൻറ് നമ്പർ	തുക	വിശദീകരണം
XVII കെമിക്കൽ എക്സാമിനർ, ആഫീസ് വേതനം, മുതലായവ.	രൂപ ൪,൫൦൦	പ്രത്യേക നിർവഹണം സംബന്ധിച്ചുള്ള ചിലവുകൾക്കായി.

സപ്ലിമെൻററി ഗ്രാൻറുകൾക്കുള്ള ഡിമാൻറുകൾ.

മി: എ. വൈദ്യലിംഗം (ചീഫ് എഞ്ചിനീയർ): സർ, താഴെ പറയുന്ന ഇനങ്ങൾക്കായി, അതായത് പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ചു ഡിമാൻറ് I ഇനത്തിൽ ക,൪൭,൯൫൦ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ ശുപാർശ ചെയ്യുന്നു.

(i) ഇനത്താഴ്ചിലൂടെ ചെലവുചാരണത്തിനു രൂപ ൭,൫൦൦.

(ii) കോട്ടയം കമിളിനേഡിലെ ക.മ.–ം, ക.ഡ.–ം, ക.൩.–ം, ക.൫.–ം, ക.൭.–ം എന്നിവയിൽ പ്രത്യേകറീകോട്ടിംഗ് ജോലികൾക്കു രൂപ ൫,൦൦൦.

(iii) തിരുവനന്തപുരം കൊല്ലം റോഡിൽ മി.–ം (൩ മുതൽ ൭൫ വരെ ഫർലാങ്ങുകൾ) ൩–ാ മൈലിൽ മെറ്റൽ ചെയ്യുന്നതിനുള്ള രൂപ ൩,൯൫൦.

(iv) ആലപ്പുഴ ചേർത്തല ഹൈവേ റോഡിൽ ൭.൦ മുതൽ ൭.൫ വരെയും ൭.൯ മുതൽ ൮.൯ വരെയും മൈലിൽ ചരലിടുന്നതിനു രൂപ ൩,൪൦൦.

(v) ആലപ്പുഴ–ചേർത്തല–അരൂർ റോഡിൽ ക മുതൽ ക൯ വരെ മൈലിൽ റീകോട്ട് ചെയ്യുന്നതിനു രൂപ ൩,൯൫൦.

(vi) സ്ത്രീകൾക്കുള്ള കാത്തിരുപ്പുകെട്ടിടങ്ങളെ വിപുലമാക്കുന്നതിനു രൂപ ൪൦,൦൦൦.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഓരോ ഇനങ്ങളും പ്രത്യേകം പ്രത്യേകമായി വോട്ടു ചെയ്യാമോ? ചില ഇനങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു ചില അഭിപ്രായങ്ങളുണ്ടായേക്കാം. അതിനാൽ മുഴുവൻ ഡിമാൻറും ഒന്നായി വോട്ടു ചെയ്യാൻ പാടില്ലാത്തതാകുന്നു.

അദ്ധ്യക്ഷൻ: അവയെ പ്രത്യേകം പ്രത്യേകമായി വോട്ടിനിടുന്നതാണു സാധാരണയായിട്ടുള്ളതും ശരിയായിട്ടുള്ളതും എന്നാണ് എനിക്കു തോന്നുന്നത്.

മി: കയ്യാലയ്ക്കൽ പരമേശ്വരൻപിള്ള (അഡിഷണൽ അഡ്വക്കേറ്റ് ജനറൽ): ഡിമാൻറിൻറെ എല്ലാ ഇനങ്ങളെയും സംബന്ധിച്ചിടത്തോളം വാദപ്രതിവാദം നടത്താവുന്നതാണ്.

അദ്ധ്യക്ഷൻ: അതെ; വോട്ടു ചെയ്യുന്നതു പ്രത്യേകമാകാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൩–ാമത്തെ ഇനത്തെ, അതായത് സ്ത്രീകൾക്കുള്ള കാത്തിരുപ്പുകെട്ടിടങ്ങളെ വിപുലമാക്കുന്നതിനെ സംബന്ധിച്ചിടത്തോളം അതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ കിട്ടണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ഇനങ്ങൾ വോട്ടിനിടുന്നതിനു മുൻപായി പ്രസ്തുത ആവശ്യം ശ്രദ്ധയിൽ ഉണ്ടാകാൻ കാരണമെന്താണെന്നും, ഈ കൊല്ലത്തിലെ ബഡ്ജറ്റിൽ അടങ്കൽ തുകയാക്കിയ അവസരത്തിൽ ഇതിനെ ഡിമാൻഡിച്ചു ഗവണ്മെൻറിനു അറിവുണ്ടായിരുന്നില്ലയോയെന്നും മറ്റുമുള്ള വിവരങ്ങൾ സഭയ്ക്കു ലഭിക്കേണ്ടതാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ചീഫ് എൻജിനീയർ ആസനസ്ഥനാകുന്നതിനു മുൻപു് അദ്ദേഹത്തിൻറെ പ്രസംഗത്തെ തടഞ്ഞു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളക്ക് ആവശ്യമുള്ള വിവരങ്ങൾ അദ്ദേഹത്തോടു ചോദിച്ചു അറിയാൻ പാടില്ലായിരുന്നോ?

അദ്ധ്യക്ഷൻ: അതൊന്നു ശരിയായിട്ടുള്ള നടപടി.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കുന്തിക്കപ്പുള്ളിയും): നടപടി സംബന്ധമായി എനിക്കൊരു സംശയമുണ്ട്. ഏതെന്നു സംബന്ധിച്ചിടത്തോളം ഈ സപ്ലിമെൻററി ഡിമാൻറിനെപ്പറ്റി ഇന്നു മാത്രമേ, അതായതു ഇന്നു രാവിലെ മാത്രമേ എനിക്കു നോട്ടീസുകിട്ടിയിട്ടുള്ളൂ. മെംബറന്മാരോടു ന്യായമായി അനുവർത്തിക്കേണ്ടതാണെങ്കിൽപോലും കാര്യപരിപാടിയിലേക്കുള്ള ഉപക്ഷേപങ്ങൾ തിരയ്ക്കുന്നതിനൊട്ടോക്കൺ മോഷൻ അവതരിപ്പിക്കുന്നതിനോ സാധിക്കത്തക്കവിധത്തിൽ സപ്ലിമെൻററി ഡിമാൻറുകളെ സംബന്ധിച്ചുകാലേക്കൂട്ടിനോട്ടീസു കൊടുക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോഴാകട്ടെ ചെയ്യുന്നതിനു ഞങ്ങൾക്കൊരുങ്ങുകിട്ടിയിട്ടില്ല. അതിനാൽ ഉപക്ഷേപങ്ങൾ അയയ്ക്കുന്നതിനു ഞങ്ങൾക്കു സമയം ലഭിക്കുന്നതിലേക്കു പ്രസ്തുത സപ്ലിമെൻററി ഡിമാൻറുകളിപ്പോഴുള്ള ആലോചനയിൽ വയ്ക്കുമോ, അല്ലാത്തപക്ഷം നോട്ടീസു കൂടാതെ തന്നെ കാര്യം ചെയ്യുന്നതിനാ, എടുത്തുകളയുന്നതിനോ തങ്ങളുടെ അനുവദിക്കയൊ ചെയ്യണമോയെന്നുഎനിക്കു ചോദിക്കുന്നു.

അദ്ധ്യക്ഷൻ: ഈ സഭയുടെ പ്രതിനിധികളായ ഫിനാൻസു കമ്മിറ്റിയിലെ മെംബറന്മാർ പ്രസ്തുതസപ്ലിമെൻററി ഗ്രാൻറുകളിപ്പോഴി ചിന്തിച്ചിട്ടുള്ളതാണ്.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കുന്തിക്കപ്പുള്ളിയും): ഡിമാൻറുകളെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നപക്ഷം താഴെപ്പറയുന്ന കാരണങ്ങളാൽ അവയെല്ലാം ഞാൻ എതിർക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രസ്തുത ഇനങ്ങളെ സംബന്ധിച്ചു ഫിനാൻസ് കമ്മിറ്റിക്കാർ ചിന്തിച്ചിട്ടുള്ളതുപോലെ ചട്ടങ്ങളിലും സ്ഥിരം ഉത്തരവുകളിലും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതുസംബന്ധിച്ചു മെമ്പറന്മാർക്കു നോട്ടീസു കിട്ടാൻ അർഹതയില്ലെന്നുണ്ടോ മിസ്റ്റർ രാമൻ മേനോൻ ചൂണ്ടിക്കാണിച്ചതുപോലെ ഓരോ ഇനത്തെപ്പറ്റിയുള്ള അദ്ധ്യക്ഷന്റെ തീരുമാനം?

അദ്ധ്യക്ഷൻ: ഒരു സമയത്തു ഒരു മെമ്പർമാത്രം സഭയിൽ കയറുണ്ടായി സംസാരിക്കട്ടെ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡറിലാണ്.

അദ്ധ്യക്ഷൻ: പക്ഷേ എനിക്കു ഒരു സമയത്തു ഒരു മെമ്പർ പറയുന്നതു മാത്രമേ ശ്രദ്ധിക്കാൻ സാധിക്കയുള്ളൂ.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): സർ, ഡിമാന്റിനെ എതിർക്കുന്നതിനു എനിക്ക് അവകാശമുണ്ടോ?

അദ്ധ്യക്ഷൻ: അതിനെ എതിർക്കുന്നതിന് ഓരോ മെമ്പർക്കും അവകാശമുള്ളതാകുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഡിമാന്റുകളിലുള്ള ചിന്തിച്ചു നോക്കിയതിൽ തിരുവിതാംകൂറിലുള്ള എല്ലാഗോത്രങ്ങളുടേയും ആവശ്യകതകളെ ഒന്നുപോലെ തുലനപ്പെടുത്തി ചിന്തിച്ചിട്ടുള്ളതായി കാണുന്നില്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഈ നടപടിക്രമം അനുസരിക്കുള്ളതാണോ? ഒരു സപ്ലിമെന്ററി ഗ്രാന്റ് ആവശ്യപ്പെടുമ്പോൾ അതിനെക്കുറിച്ചു വ്യക്തമായി ഒരു പ്രസംഗം ചെയ്യാനുള്ള സാധാരണ പതിവാണ്. അതിനുശേഷം മാത്രമേ അതിനെ എതിർക്കുന്നതിനെ അല്ലെങ്കിൽ പിൻതാങ്ങുന്നതിനോ മെമ്പറന്മാർ തയ്യാറാകുന്നുള്ളൂ.

മി: കയ്യാലംപരമേശ്വരൻപിള്ള (നന്ദിഷ്കരം ഹെഡ്സക്കാർവക്കിൽ): പ്രസംഗിക്കയോ പ്രസംഗിക്കാതിരിക്കയോ ചെയ്യുന്നതു ഡിമാന്റു അവതരിപ്പിക്കുന്ന മെമ്പറിന്റെ ഇഷ്ടമാണ്. മെമ്പറന്മാരിൽ ആർക്കെങ്കിലും ഏതെങ്കിലും വിവരം കിട്ടണമെന്നുണ്ടായിരുന്നെങ്കിൽ മിസ്റ്റർ പൈപ്പൻ സഭയിൽ സംസാരിച്ചു കൊണ്ടിരുന്ന സമയത്തു അദ്ദേഹത്തോടു ചോദിക്കാമായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം പെട്ടെന്നു ഇരിക്കയാണുചെയ്തതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അപ്രകാരമാണുണ്ടായതെങ്കിൽ ഡിമാന്റിനെപ്പറ്റി എന്തെങ്കിലും കൂടുതൽ വിവരങ്ങൾ സംഭരിക്കുന്നതിനു മിസ്റ്റർ പൈപ്പനോടു ആവശ്യപ്പെടുന്നതിനു മെമ്പർക്ക് അദ്ധ്യക്ഷയോടു അനുവാദപ്പെടാമായിരുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും) ഞാനുമെത്തെ ഇനം ഒരു കൃഷിസേചനപദ്ധതി നടപ്പാക്കിയായിട്ടാണ്. ഇതിലെക്കാൾ ഒരു പക്ഷേ കൂടുതൽ അത്യാവശ്യമായിട്ടുള്ള മറ്റു അനേകം കൃഷിസേചനജോലികളും തിരുവിതാംകൂറിന്റെ മറ്റുഭാഗങ്ങളിൽ ഉള്ളതാണ് ഞാൻ തെറ്റിദ്ധരിക്കുന്നില്ലെങ്കിൽ തിരുവനന്തപുരം താലൂക്കിൽ ചെയ്യുതീർക്കേണ്ടതായിട്ടുള്ള ഒരു ജോലിക്കാണു പ്രസ്തുതഡിമാന്റു ആവശ്യപ്പെട്ടിരിക്കുന്നതു്. ആവശ്യമുള്ള കൃഷിസേചന ജോലികളും ചെയ്തുതീർക്കുന്നതിൽ ഗവണ്മെന്റിൽ നിന്നും ഉദാസീനത കാണിച്ചുവരുന്നുണ്ടെന്നു തിരുവിതാംകൂറിലുള്ള പ്രവേശനങ്ങളിൽ നിന്നും അനേകം ആവലാധികളും ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി. എൻഡർ സബ്ജക്ടമണ്ഡലത്തിൽ തന്നെ കരിങ്ങാലിച്ചാലു പഞ്ചയുണ്ടു; പക്ഷേ തോടു ഹേയുവായി അടുത്തുണ്ടാകുന്നു മൂടിക്കിടക്കയാണ്. അനേകകൊല്ലങ്ങളായി അതിനെപ്പറ്റിയാരുതന്നെ അന്വേഷിക്കാറില്ല. ഏകദേശം മുന്നു കൊല്ലങ്ങൾക്കു മുൻപു പ്രസ്തുത തോടു പരിഷ്കരിക്കുന്നതിനു ഒരു ചെറിയ ഇടവസ്സാറിൽ അനുവദിച്ചിരുന്നു. എന്നാൽ ആ തുക ലാപ്സ് ചെയ്യുപോയി കഴിഞ്ഞ പലകൊല്ലങ്ങളായി പ്രസ്തുത ജോലി സംബന്ധിച്ചിടത്തോളം യാതൊരുവ്യവസ്ഥയും ചെയ്തിട്ടുള്ളതായി ഞാൻ കാണുന്നില്ല. കഴിഞ്ഞ ഇരുപത്തി അഞ്ചുകൊല്ലങ്ങളിൽ കൂടുതലായി ഈ സംകടം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാകുന്നു. അതിനാൽ കൃഷിസേചനജോലികളെ സംബന്ധിച്ചിടത്തോളം രാജ്യത്തിന്റെ എല്ലാഗോത്രങ്ങളേയും ഒന്നുപോലെ ന്യായമായി കരുതേണ്ടതാകുന്നു. എല്ലാജോലികളും ഒരേസമയത്തുതന്നെ ചെയ്തുതീർക്കണമെന്നല്ലാതാൻ അഭിപ്രായപ്പെടുന്നതു'' ഗവണ്മെന്റിന്റെ പക്കൽ ധാരാളം പണം കെട്ടിയിരുപ്പുള്ള ഒരു ഘട്ടമാണിതു്. അതുകൊണ്ടു അത്യാവശ്യമായിചെയ്തുതീർക്കേണ്ടതും അവയെപ്പറ്റി ഗവണ്മെന്റിന്റെശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമായ ജോലികളെ സംബന്ധിച്ചിടത്തോളം ഉടൻ തന്നെ വല്ലതും പ്രവൃത്തിക്കേണ്ടതാകുന്ന ചിലപ്രത്യേക പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപ്രത്യേകത കാണിച്ചു വരുന്ന ഏതാനും മറ്റുപ്രദേശങ്ങളെസംബന്ധിച്ചിടത്തോളം ന്യായമായവിധത്തിൽ പെരുമാറി വരുന്നില്ലെന്നും തിരുവിതാംകൂർ ഒട്ടുക്കു പൊതുവായുള്ള ഒരു ആവലാധിയാകുന്നു. അതിനാൽ അപ്രകാരമുള്ള നയത്തെ പ്രതിക്ഷേധിക്കുന്നതിനു പ്രസ്തുത ഇനത്തെ ഞാൻ എതിർക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) പ്രത്യേകമായ പെരുമാറ്റത്തിനു അർഹതയില്ലാത്ത ഏതെങ്കിലുംപ്രദേശത്തെ സംബന്ധിച്ചിടത്തോളം ഈ ഡിമാന്റ് കൊണ്ടു ഗവണ്മെന്റു എന്തെങ്കിലും പ്രത്യേകത കാണിക്കുന്നുണ്ടോ എന്നു മെമ്പറോടു ഞാൻ ചോദിക്കുന്നു?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ' ആവിഷയത്തെസംബന്ധിച്ച് ഞാൻ പിന്നീടുപ്രതിവാദിക്കുന്നതാകുന്നു. തിരുവനന്തപുരം താലൂക്കിലുള്ള കൃഷിസേചനജോലികളെ സംബന്ധിച്ചിടത്തോളം കാണിച്ചുവരുന്ന പ്രത്യേകതയെപ്പറ്റി മാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവയെ നികൃഷ്ടസ്ഥിതിയിൽ വച്ചുകൊണ്ടിരിക്കെ, തിരുവനന്തപുരം താലൂക്കിലുള്ള തിരുവനന്തപുരം പട്ടണത്തിൽ, അതു അധികാരസ്ഥന്മാരുടെ സമീപത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു പൊതുജനങ്ങളുടെ പണത്തിൽ ഒരു വലുതായ ഭാഗം ചിലവുചെയ്യുന്നുണ്ട്. ഈ പ്രത്യേക ഇനത്തെ സംബന്ധിച്ചിടത്തോളം മാത്രമാണു ഞാൻ ഈ അക്ഷേപം പുറപ്പെടുവിക്കുന്നതു. മറ്റു ഇനങ്ങളെ സംബന്ധിച്ചിടത്തോളം അവയെപ്പറ്റി ക്രമമനുസരിച്ചു ഞാൻ പ്രതിവാദിക്കുന്നതാണ്.

കോട്ടയം കുമരകം റോഡിൽ കോട്ടിംഗ് ജോലികൾ നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം അതും ഒരു പ്രത്യേക പൈതൃകാവസ്ഥയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശമാകുന്നു. പൊതുവെയുള്ള നികുതിഭാരങ്ങളുടെ ചില ഇളവുകൾ പ്രത്യേകത കാണിച്ചു വരുന്നുണ്ട്. അതു ഒരു അത്യാവശ്യമായജോലി ചെയ്യണമെങ്കിൽ അതിൽ എനിക്കൊരു അഭിപ്രായവുമില്ല. എന്നാൽ എന്റെ നിയോജകമണ്ഡലം പോലെയാ, മി: കൊച്ചുകുഞ്ഞുപിള്ളയുടെ നിയോജകമണ്ഡലമായ കുന്നത്തൂർ, കൊട്ടാരക്കര, കുന്നാനാപ്പള്ളി ഇവയെപ്പോലെയാ എന്റെ സ്നേഹിതൻ മി: കുഞ്ഞിരാമമേനോൻ ഇവിടെയില്ല—മൂവാറ്റുപുഴയും തൊടുപുഴയും ഇവയെപ്പോലെയാ ഉള്ള തിരുവിതാംകൂറിലെ മറ്റു സ്ഥലങ്ങളും ഇതുപോലെയുള്ള സ്ഥലങ്ങളും ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. കഴിഞ്ഞ അൻപതുകൊല്ലത്തിൽ കൂടുതലായി കൊല്ലങ്ങളായി ഈ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിൽ നിന്നും ഒന്നും തന്നെ ചെയ്തിട്ടില്ല.

മൂന്നാമത്തെ ഇനവും പ്രത്യേകത കാണിച്ചു വരുന്ന ഒരു പ്രദേശത്തെ സംബന്ധിച്ചുള്ളതാകുന്നു. എന്തെന്നാൽ പ്രസ്തുത റോഡ് രണ്ടുപട്ടണങ്ങളെ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. വാസ്തവം പറയുകയാണെങ്കിൽ നാട്ടിൻ പ്രദേശങ്ങളിലുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊന്നും തന്നെ ചെയ്യുന്നില്ല. അവർക്കു റോഡുകളും വേണ്ടതു മോട്ടോർ വാഹനങ്ങളും സഞ്ചരിക്കുന്നതുമല്ല. എന്നാൽ അവരുടെ വളർത്തുമൃഗങ്ങളെ സംരക്ഷിച്ചു കൊണ്ടുപോകുന്നതിനും അവരുടെ കൃഷി സാധനങ്ങളെ ഇപ്പോഴുള്ളതിനേക്കാൾ കുറഞ്ഞനിരക്കുകളിൽ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കെങ്കിലുമെങ്കിലും കൊണ്ടുപോകുന്നതിനുമാണ് അവരുപയോഗപ്പെടുത്തിവരുന്നത്. ഇക്കാര്യങ്ങളെ സംബന്ധിച്ചും ഗവണ്മെന്റിന്റെ ദയാദൃഷ്ടി ഉണ്ടായിരിക്കേണ്ടതാണ്.

ആലപ്പുഴ ചേർത്തല റൂട്ടർ റോഡ് സംബന്ധിച്ചിടത്തോളം ഞാൻ യാതൊരു ആക്ഷേപവും പ്രകടിപ്പിക്കുന്നില്ല. എന്തെന്നാൽ വളരെക്കാലമായി നികൃഷ്ടസ്ഥിതിയിൽ കിടക്കുന്ന ഒരുപ്രദേശത്തുകൂടിയാണ് പ്രസ്തുത റോഡിന്റെ ഗതി.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ഇനത്തെ സംബന്ധിച്ചിടത്തോളം മെമ്പർ ആക്ഷേപം പ്രകടിപ്പിക്കാത്തതു എന്തുകൊണ്ടാണ്?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) എന്തെന്നാൽ വളരെക്കാലമായി ഉപേക്ഷിച്ചിട്ടിട്ടുള്ള രാജ്യത്തിന്റെ ഒരു ഭാഗത്തു കൂടിയാണ് പ്രസ്തുത റോഡ് പോകുന്നതു്. അതുകൊണ്ടു് അതിനെ പ്പറ്റി ആക്ഷേപം പ്രകടിപ്പിക്കാൻ ഞാനിപ്പോൾ വിചാരിക്കുന്നില്ല.

ആലപ്പുഴ ചേർത്തല ഹൈവേ റോഡിന്റെ ഒന്നു മുതൽ പകുതിവരെ ഇതു വേഗത്തിൽ വീണ്ടും കോട്ടിംഗിനെറ ആവശ്യകത നേരിട്ടിരിക്കുന്നതു് എന്തു കൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. അതു പണിചെയ്യിപ്പിച്ചതു് അടുത്തകാലത്തായിരുന്നു എന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ആ വിഷയത്തെസംബന്ധിച്ചിടത്തോളം കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനെ ഞാൻ ആഗ്രഹിക്കുന്നു.

സ്ത്രീകൾക്കുള്ള കാളേജു് കെട്ടിടങ്ങളെ വലുതാക്കുന്നതിനെ സംബന്ധിച്ചിടത്തോളം നടപ്പു വർഷത്തിലേക്കുള്ള ബഡ്ജറ്റിൽ വ്യവസ്ഥചെയ്തുണ്ടായിരുന്നു. എന്നാൽ ഈ വകുപ്പിൽ തന്നെ ആ വേല ആരംഭിക്കുന്നതിനു അത്യാവശ്യമായ കാരണങ്ങളുണ്ടായിരിക്കയും നടപ്പു വർഷത്തിലെ ബഡ്ജറ്റിനെ പ്രസ്തുത ഇനം കൂടി കൈകൊള്ളിക്കാതിരിക്കാൻ വല്ല കാരണങ്ങളും ഉണ്ടായിരുന്നിരിക്കയും ചെയ്യുന്ന പക്ഷം പ്രസ്തുത ഭേദഗതിയും പാസ്സാക്കാവുന്നതാണു്.

പ്രമാണത്തെ അടിസ്ഥാനപ്പെടുത്തി പൊതുവിൽ പറയുന്നതായാൽ സപ്ലിമെന്ററി ഗ്രാന്റുകൾക്കു് ആവശ്യപ്പെടുമ്പോൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളേയും ഒന്നു പോലെ ഗവണ്മെന്റും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റും കരുതേണ്ടതാകുന്നു. രാജ്യത്തിന്റെ ചില ഭാഗങ്ങളോടു് ഇപ്പോഴും പ്രവർത്തിച്ചു വരുന്നതിൽ കൂടെക്കൂടി നീതിയായി അവർ പ്രവർത്തിക്കേണ്ടതാകുന്നു. ആ പ്രദേശങ്ങളെ സംബന്ധിച്ചടത്തോളം മുൻപുണ്ടായതൊന്നും തന്നെ ചെയ്തിട്ടില്ല. പൊതു മരാമത്തു ജോലികളുടെ അത്യാവശ്യത്തെപ്പറ്റി അവിടെയുള്ള ജനങ്ങളും ഗവണ്മെന്റിനെ പല പ്രാവശ്യവും അറിയിച്ചിട്ടുള്ളതാണു്. എന്തെന്നാൽ ഏറ്റവും കുറഞ്ഞ തരത്തിലുള്ള ഉപജീവനത്തിനു പോലും അവർക്കു നേരിട്ടു വരുന്ന വലുതായ നഷ്ടങ്ങളേയും ബുദ്ധിമുട്ടുകളേയും കുറയ്ക്കുന്നതിനു് ആ വക പൊതുമരാമത്തു പണികളും അത്യാവശ്യമായിട്ടുള്ളവയാകുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ആദ്യത്തെ മൂന്നു ഇനങ്ങളേയും ഞാൻ എതിർക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ രാമൻ മേനോൻ സൂചിപ്പിച്ചിട്ടുള്ളതും എന്നാൽ അദ്ദേഹം നിർബന്ധിക്കാത്തതുമായ ഒരു നടപടി ക്രമത്തെപ്പറ്റി പ്രതിവിധിക്കേണ്ടിയിരിക്കുന്നു. സപ്ലിമെന്ററി ഗ്രാന്റുകളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ നിയമ സഭാചട്ടങ്ങളിലെ ഇരുപതാം ചട്ടത്തിൽ അടങ്ങിയിരിക്കുന്നു. അതിലെ (ഡ).ാം ഉപവകുപ്പു വായിക്കുന്നു:

"സപ്ലിമെന്ററി അല്ലെങ്കിൽ കൂടുതൽ എസ്റ്റിമേറ്റുകളെ ഗ്രാന്റുകൾക്കുള്ള ഡിമാൻഡുകളെപ്പോലെ സഭയ്ക്കു വോട്ടുചെയ്തതാകുന്നു".

അതിനാൽ ബഡ്ജറ്റു സംബന്ധിച്ചുള്ള വാർഷ്രതിവാക്യത്തിൽ കൊണ്ടു വരപ്പെട്ടതായോ സാധാരണ ഡിമാൻഡുകളിൽ നിന്നും ഒട്ടും വ്യത്യസ്തപ്പെട്ടിട്ടില്ല സപ്ലിമെന്ററി ഗ്രാന്റുകളുടെ സ്വഭാവം.

ബഡ്ജറ്റു സംബന്ധിച്ചുള്ള പ്രാപ്രൊതി വാദത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യാഗവൺമെന്റിന്റെ ഉത്തരവു ചുവടെചേർക്കുന്നു:

"ഏതെങ്കിലും ഗ്രാന്റു എടുത്തു കളയുന്നതിനോ വെട്ടിക്കുറയ്ക്കുന്നതിനോ ആയിട്ടുള്ള ഒരു ഉപക്ഷേപംസംബന്ധിച്ചുള്ള നോട്ടീസ് ആ ഡിമാൻഡ് ആലോചനയ്ക്കു വച്ചിരിക്കുന്ന ദിവസത്തിന് അഞ്ചു ദിവസങ്ങൾക്കു മുൻപായി കൊടുത്തിട്ടില്ലാത്ത പക്ഷം ആ ഉപക്ഷേപം ഹാജരാകുന്നതിൽ ഏതെങ്കിലും മെമ്പർക്ക് ആക്ഷേപിക്കയുണ്ടായാൽ, പ്രസ്തുത സ്ഥിരം ഉത്തരവിനെ തൽക്കാലം നിറുത്തിവയ്ക്കുന്നതിനുള്ള അദ്ധ്യക്ഷന്റെ അധികാരത്തെ അദ്ദേഹം ഉപയോഗപ്പെടുത്തി ഉപക്ഷേപം ഹാജരാകുന്നതിനു അനുവദിക്കാത്തപക്ഷം ആ ആക്ഷേപം പ്രബലപ്പെടുന്നതാകുന്നു".

അതിനാൽ ഏതെങ്കിലും ഒരു മെമ്പറുടെ അവകാശത്തെ ഉപയോഗപ്പെടുത്തണമെങ്കിൽ അയാളുടെ ഉപേക്ഷപത്രത്തെപ്പറ്റി പ്രതിവാദിക്കുന്നതിനു മുമ്പു ഒരു ദിവസത്തിനു മുൻപായി അതു അദ്ധ്യക്ഷനു കിട്ടിയിരിക്കണം. അപ്രകാരം ചെയ്തില്ലെങ്കിൽ അയാൾ സഭയിലെ മറ്റു മെമ്പറന്മാരുടേയോ അദ്ധ്യക്ഷന്റേയോ കരുണയ്ക്കു അടിമയായിത്തീരുന്നതാകുന്നു.

സഭാ നടപടിയുടെ വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ൭-ാം സ്ഥിരം ഉത്തരവു (൨)-ാം ഉപഖണ്ഡത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"നോട്ടീസു ആവശ്യമുള്ള യാതൊരു ജോലിയും ആവശ്യമുള്ള നോട്ടീസിനു മുൻപായി ഏതെങ്കിലുമൊരു ദിവസത്തേക്കുവയ്ക്കാൻ പാടുള്ളതല്ല"

മേൽപ്പറഞ്ഞ വ്യവസ്ഥകളെല്ലാം ഒന്നായി നോക്കുമ്പോൾ പ്രസ്തുത സപ്ലിമെന്ററി ഡിമാൻഡുകളെ ഇന്നത്തെ സഭാനടപടികളിൽ ഉൾപ്പെടുത്തിയിരിക്കുന്നതു പിശകാണ്. ഈ ഡിമാൻഡുകളിൽ ഏതിനെയെങ്കിലും സംബന്ധിച്ചു ഉപക്ഷേപം അയക്കുന്നതിനു യാതൊരു മെംബർക്കും സാധിക്കുന്നതല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടർ വക്കീൽ): സപ്ലിമെന്ററി ഡിമാൻഡുകളെ സംബന്ധിച്ചിടത്തോളം നോട്ടീസു ആവശ്യമുള്ളതായി വ്യവസ്ഥചെയ്തുള്ള ഏതെങ്കിലും ചട്ടമോ സ്ഥിരം ഉത്തരവോ ഉള്ളതായി മെംബർ മഹാശയനു കാണിച്ചു തരുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൭-ാം സ്ഥിരം ഉത്തരവു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടർ വക്കീൽ): ആവശ്യമുള്ള നോട്ടീസു നൽകിയതിനുശേഷം മാത്രമേ ഏതൊരു ഡിമാൻഡും ഹാജരാക്കാൻ പാടുള്ളു എന്നു അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രസ്തുത സ്ഥിരം ഉത്തരവിലെ ൭-ാം വകുപ്പിനെയാണ് ഞാൻ ആധാരമാക്കിയിരിക്കുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടർ വക്കീൽ): സപ്ലിമെന്ററി ഡിമാൻഡുകൾ നോട്ടീസു കൊടുക്കപ്പെടേണ്ടതായ സഭാ നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെന്നു എവിടെ പ്രസ്താവിച്ചിരിക്കുന്നു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മൂന്നാൻ ഡിമാൻഡും സഭയിൽ ഹാജരാക്കേണ്ടതും അപ്രകാരം അതു ഹാജരാക്കപ്പെടുന്ന ദിവസം അത്തൽപ്പര്യവാദം നടത്താൻ പാടില്ലാത്തതും ആകുന്നു, അദ്ധ്യക്ഷൻ വ്യവസ്ഥചെയ്യുന്നതു പോലെ അതു മാറിവിതയ്യണ്ടതാകുന്നു, അതു നോട്ടീസായി വിചാരിക്കപ്പെടാവുന്നതാകുന്നു. ബഡ്ജറ്റിലുള്ള ഏതെങ്കിലും വസ്തുതയെ സംബന്ധിച്ചു വാദപ്രതിവാദം നടത്തണമെന്നുണ്ടെങ്കിൽ അങ്ങനെ ദിവസത്തെ നോട്ടീസു ആവശ്യമുണ്ടെന്നു അതിൽ വ്യവസ്ഥചെയ്തിരിക്കെ എന്റേ സ്നേഹിതനായ ബഹുമതിയുടെ അഭിപ്രായത്തിൽ അപ്രകാരം അതിൽ വിട്ടിച്ചു പറഞ്ഞിട്ടില്ലെങ്കിലും ഡിമാൻഡുകളെ സംബന്ധിച്ചിടത്തോളം മെമ്പറന്മാരുടെ ആലോചനക്കായി അവശ്യമുള്ള സമയം നൽകണമെന്നു സ്പഷ്ടമായി അതിൽ ഉദ്ദേശിച്ചിട്ടുണ്ടെന്നാണു ഞാൻ പറയുന്നതു. അപ്രകാരമല്ലെങ്കിൽ പ്രത്യക്ഷത്തിൽ തന്നെ ന്യായരഹിതമായിട്ടുള്ള ഒരു പ്രവൃത്തി നിയമസഭയിൽ അനുഷ്ഠിക്കപ്പെടുന്നതാണ്. അപ്രകാരമുള്ള ലംഘനങ്ങളിൽ ഉണ്ടായേക്കാവുന്ന ദുർഘടങ്ങളെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കാതെ ചട്ടങ്ങളുണ്ടാക്കിയ അധികൃതന്മാർ പ്രസ്തുത ചട്ടങ്ങളെ രൂപീകരിച്ചു എന്നാണു നാം അനുമാനിക്കേണ്ടതു. സപ്ലിമെന്ററി ഗ്രാന്റുകളെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു അഞ്ചു ദിവസത്തെ നോട്ടീസു ആവശ്യമുണ്ടെന്നു ചട്ടങ്ങളിലെ അന്തർലീനമായിട്ടുള്ളതാകുന്നു.

മി: ജസ്റ്റസ്. പിറവിപ്പെരുമാൾപിള്ള (കുടവടവും വ്യവസായവും, തെക്കു): ൪൫-മതു ചട്ടപ്രകാരം ഉപക്ഷേപങ്ങൾക്കു ദിവസം ഒരു ദിവസം നിശ്ചയിച്ചതിനു ശേഷമേ അവയെപ്പറ്റി വാദപ്രതിവാദം നടത്താവു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൪൫-മതു ചട്ടമനുസരിച്ചു വേറൊരു നിലയിലുള്ള നിലപാടിൽ നിന്നും നോക്കുന്നതായാൽ ബഹുമെംബർ പ്രസ്താവിച്ച അഭിപ്രായം ശരിയായിട്ടുള്ളതായിരിക്കാം. എന്നാൽ പ്രസ്തുത ചട്ടത്തിന്റെ വേറൊരു ഭാഗത്തിനു ശരിയായിട്ടുള്ള സമാധാനം ആവശ്യമുള്ളതാകുന്നു അതുകൊണ്ടാണ് ഓരോ ദിവസവും നടത്തപ്പെടേണ്ടതായ ജോലിയെ സംബന്ധിച്ചിടത്തോളം ദിവാൻ വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാണെന്നു ഞാൻ പ്രസ്താവിച്ചതു. അതിനാൽ ഇതിനു വിപരീതമായി അദ്ധ്യക്ഷൻ ആജ്ഞാപിക്കുന്നില്ലെങ്കിൽ മിസ്റ്റർ രാമൻമേനോൻ കൊണ്ടുവന്നിട്ടുള്ള വാദമുഖം വേണ്ടിടത്തോളം ന്യായമായിട്ടുള്ളതാണു ഈ ഘട്ടത്തിൽ സപ്ലിമെന്ററിഗ്രാന്റുകളെപ്പറ്റി വാദപ്രതിവാദം നടത്താൻ പാടില്ലാത്തതും ആകുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): ഈ സഭയിൽ മുമ്പു ഇതു പോലെ ഒന്നോ രണ്ടോ പ്രാവശ്യം ഉണ്ടായിട്ടില്ലേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുൻപുണ്ടായിട്ടുള്ള ഒന്നോ രണ്ടോ എടുത്തുപറയാൻ എനിക്കു സാധിക്കാത്തതിനാൽ ഞാൻ മനസ്സിലാക്കുന്നു, ഇതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും വ്യക്തിത്വം മുൻപു ഉണ്ടായിട്ടുണ്ടെങ്കിൽ അതെന്താണെന്നു എന്റെ സ്നേഹിതൻ പ്രസ്താവിക്കുന്നപക്ഷം അദ്ദേഹത്തിനോടു ഞാൻ നന്ദിയുള്ളവനായിരിക്കുന്നതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടർ വക്കീൽ): സർ, ൪൫-മതുചട്ടം ആണ്ടുതോറുമുള്ള ബഡ്ജറ്റിനെമാത്രമേ ബാധിക്കുന്നുള്ളു. സപ്ലിമെന്ററി ഡിമാൻഡുകളെസംബന്ധിച്ചിടത്തോളം ൪൫-ാമതു ചട്ടമല്ല മിസ്റ്റർ രാമൻമേനോൻ കൊണ്ടുവന്നിട്ടുള്ള വിഷയത്തെ ബാധിക്കുന്നതു. ൪൬-ാമതുചട്ടത്തെ അദ്ദേഹത്തിന്റെ ശ്രദ്ധയിലേക്കു ഞാൻ കൊണ്ടുവരുന്നു, അതിൽ സപ്ലിമെന്ററി ഗ്രാന്റുകളും അഡിഷനൽ ഗ്രാന്റുകളും ഗ്രാന്റുകൾക്കുള്ള ഡിമാൻഡുകളെപ്പോലെ സഭയിൽ പ്രതിവാദിക്കപ്പെടേണ്ടതാണെന്ന വ്യവസ്ഥചെയ്തിട്ടുണ്ടു. സപ്ലിമെന്ററി ഗ്രാന്റുകൾക്കു പ്രത്യേകമായി നോട്ടീസുവേണമെന്നു യാതൊരു ചട്ടങ്ങളിലൊ സ്ഥിരം ഉത്തരവുകളിലൊ വ്യവസ്ഥചെയ്തിട്ടില്ലാത്തതാകുന്നു.

സപ്ലിമെന്ററി ഡിമാന്റുകൊക്കെ നോട്ടീസുവേണമെന്ന വ്യവസ്ഥചെയ്തിട്ടുള്ള ഏതെങ്കിലും ചട്ടമുണ്ടെങ്കിൽ അതു ഏതാണെന്നു മിസ്റ്റർ പി. കെ. നാരായണപിള്ളയോടു ഞാൻ ആവശ്യപ്പെട്ടു എന്നുവരികിലും അപ്രകാരം ചെയ്യുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു സപ്ലിമെന്ററി ഗ്രാന്റിനെ സംബന്ധിച്ചു ഒരു ഉപക്ഷേപം അയക്കാതെ ആ ഗ്രാന്റിനെപ്പറ്റി ഒരു മെമ്പർക്കു പ്രതിവാദിക്കാൻ അവകാശമുണ്ടോ എന്നു മൈബൈ റൂടപക്ഷൽനിന്നും എനിക്കു അറിഞ്ഞാൽകൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അവകാശമുണ്ട്; അതു കൊണ്ടാണു മിസ്റ്റർ മൈപ്പന്റെ ഉപക്ഷേപം നിയമാനുസരണമായിട്ടുള്ളതെന്നു ഞാൻ പ്രസ്താവിച്ചതു്.

മി: രാമൻമേനോന്റെ എട്ടുത്തുകൂട്ടിയണമെന്നുള്ള ഉപക്ഷേപം നിയമാനുസരണമായിട്ടുള്ളതുതന്നെ എന്നുള്ളതിനെപ്പറ്റിയാണു ഇനി ആലോചിക്കേണ്ടതു്. ഇപ്രകാരമുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം അഞ്ചുദിവസത്തിനു മുൻപായി നോട്ടീസുകൊടുക്കേണമെന്നുണ്ടെന്നു സ്ഥിരം ഉത്തരവിൽ ഒരു വ്യവസ്ഥയുള്ളതു വാസ്തവംതന്നെ.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു്): ഏതെങ്കിലും ഗ്രാന്റുകളെ സംബന്ധിച്ചിടത്തോളം അവയെ എട്ടുത്തുകൂട്ടുന്നതിനോ അവയിലൊ അവയിലുള്ള ഏതെങ്കിലും ഒരു ഇനത്തിലോ കുറവുചെയ്യുന്നതിനോ ഉപക്ഷേപങ്ങൾ ഹാജരാക്കാമെന്നല്ലാതെ ഏതെങ്കിലും ഒരു ഗ്രാന്റു വർദ്ധിപ്പിക്കുന്നതിനോ അതിന്റെ ഉദ്ദേശത്തിൽ ഭേദഗതിവരുത്തുന്നതിനോ പാടില്ലെന്നു ഇപ്പോഴുള്ള ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളവിവരം ഞാൻ മാന്യമെമ്പറെ അറിയിച്ചുകൊള്ളുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി ഒരു ഗ്രാന്റു എട്ടുത്തുകൂട്ടിയുന്നതിനോ കുറവുചെയ്യുന്നതിനോ ശരിയായിട്ടുള്ള നോട്ടീസുകൊടുക്കാതെ ഗ്രാന്റിനെപ്പറ്റിവാദപ്രതിവാദം നടത്തുന്നതിൽ പാടില്ലെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അതേ. ഒരു ചട്ടമുണ്ടു്. മിസ്റ്റർ രാമൻമേനോന്റെ ഉപക്ഷേപം മുഴുവൻ ഗ്രാന്റും എട്ടുത്തുകൂട്ടുന്നതിനാണു്; അതിനാൽ അതിലേക്കു നോട്ടീസു ആവശ്യമുണ്ടു്; അല്പകാരമുള്ള ഒരു ഉപക്ഷേപം കൊല്ലംതോറുമുള്ള ബഡ്ജറ്റു ഡിമാന്റുസമയത്തു ഹാജരാക്കപ്പെടുന്ന പക്ഷം നോട്ടീസുവേണമെന്നു നിർബന്ധിച്ചുകൂടെന്നു സപ്ലിമെന്ററി ഡിമാന്റുകളുടെ സംഗതിയിൽ അദ്ധ്യക്ഷൻ തീരുമാനം ചെയ്യുന്നതിനു സാദ്ധ്യമല്ല. ആ ഘട്ടങ്ങളിൽ അദ്ധ്യക്ഷൻ നോട്ടീസുവേണമെന്നു നിർബന്ധിക്കയില്ല. അങ്ങിനെ ആയിരുന്നു ഈ സഭയിലെ മുൻപിലത്തെ നടപടിയും. എന്തായാലും അല്പകാരമുള്ള ഒരു ഉപക്ഷേപത്തെ അദ്ധ്യക്ഷന്റെ യുക്തംപോലെ അനുവദിക്കാമെന്നുള്ളതാകുന്നു, എന്തെന്നാൽ ആ സ്ഥിതിക്കു ഉത്തരവിനെതന്നെ നോട്ടീസു വേണ്ടുന്നവസ്തുവാണെന്നു അദ്ധ്യക്ഷനു അധികാരമുണ്ടെന്നു വ്യവസ്ഥചെയ്തിട്ടുള്ളതാകുന്നു. അതിനാൽ മിസ്റ്റർ മൈപ്പന്റെ ഉപക്ഷേപം ന്യായാനുസരണമായിട്ടുള്ളതാണെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. മിസ്റ്റർ രാമൻമേനോന്റെ ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളവും ഈ സഭയിലെ നടപടിക്രമങ്ങൾ അനുസരിച്ചു അതും ന്യായാനുസരണമായിട്ടുള്ളതുതന്നെ, എന്തെങ്കിലും ആക്ഷേപം പുറപ്പെടുവിക്കുന്നതായാൽ ആ ആക്ഷേപത്തെ അദ്ധ്യക്ഷനു തടയാമെന്നുള്ളതുകൂടെ.

മി: എം. ശിവരാമപിള്ള (തലശ്ശേരി): ബ്രിട്ടിഷ്ഇന്ത്യയിലെ നിയമസഭകളിൽ എന്തു നടപടിയാണു നടക്കുന്നതെന്നു മെമ്പർക്കു പറയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): ഇവിടെയുള്ളതുപോലെതന്നെ അവിടത്തെയും നടപടി എന്നാണു ഞാൻ വിശ്വസിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (പിറയിൻകീഴ്): ചൈമെമ്പറുടെ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി കുറവുചെയ്യുന്നതിനുള്ള അഡഡസൻ ഉപക്ഷേപങ്ങൾ ഹാജരാക്കാൻ അനുവദിക്കുന്നതിനു ഗവണ്മെന്റു തയ്യാറാണോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): അതു അദ്ധ്യക്ഷന്റെ യുക്തംപോലെയാണു്. എന്തിനു കുറവുചെയ്യുന്നതിനുള്ള ഉപക്ഷേപം? നോട്ടീസുകൊടുക്കാതെതന്നെ നിങ്ങൾക്കു ഡിമാന്റിനെ എതിർക്കാമെല്ലൊ.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സഭയുടെ ആദ്യത്തെയോഗത്തിൽ നടന്ന ഒരു സംഗതിയെ മാന്യമെമ്പറെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. സത്യാഗ്രഹ തടവുകാരെസംബന്ധിച്ചു ഒരു സപ്ലിമെന്ററി ഗ്രാന്റു ആവശ്യപ്പെട്ടപ്പോൾ ആ ഗ്രാന്റു ഒരു പ്രത്യേകദൃഷ്ടാന്തമായി കരുതപ്പെടണമെന്നു സഭയുടെ ഉദ്യോഗസ്ഥന്മാർഭാഗത്തിൽനിന്നും ഉറപ്പുണ്ടായിരുന്നു. അതുപോലെ പ്രസ്തുത ഡിമാന്റു ആവശ്യപ്പെടുകയും ഞങ്ങൾക്കു ശരിയായ നോട്ടീസുണ്ടായിരുന്നില്ലെങ്കിലും ഞങ്ങൾ ആക്ഷേപം പുറപ്പെടുവിക്കയും ചെയ്തപ്പോൾ അതു ഒരു ബാധകമായിത്തീരുന്നതെന്നാണു അഭിപ്രായപ്പെട്ടതു്. ആസമയം അല്പകാരമുള്ള ഒരു നടപടി ഗവണ്മെന്റിൽനിന്നും ഉണ്ടാക്കിത്തീർക്കുന്നതിന്റെ അനൌചിത്യത്തെപ്പറ്റി മിസ്റ്റർ പി. കെ. നാരായണപിള്ള പ്രതിവാദിക്കയും അതിന്റെഫലമായി ആ വിഷയം ഒരു പ്രത്യേക ദൃഷ്ടാന്തമായി കരുതുമെന്നു ഉറപ്പുതരുകയും ചെയ്തുവെന്നുണ്ടായിട്ടുള്ളതുതു്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): എന്റെ ഓർമ്മശക്തി നല്ലതിനല്ലാം ഉപയോഗിച്ചിട്ടും മിസ്റ്റർ എ. കെ. പിള്ള പ്രസ്താവിച്ച സംഗതി ഞാൻ ഓർക്കുന്നില്ല. ആ സപ്ലിമെന്ററി ഗ്രാന്റുസംബന്ധിച്ചുള്ളഡിമാന്റുബഡ്ജറ്റുയോഗത്തിൽതന്നെ ഹാജരാക്കപ്പെടുകയും, അതിനാൽ അതൊരു പ്രത്യേക ദൃഷ്ടാന്തമാണെന്നു പ്രസ്താവിക്കയും ചെയ്തു എന്നാണു ഞാൻ അനുമാനിക്കുന്നതു്. എന്നാൽ അതിനെപ്പറ്റി എനിക്കു തീർച്ചയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒന്നാമതു ചട്ടം (൨)-ാം ഉപചട്ടത്തിനു സംബന്ധിച്ചിടത്തോളം മാന്യമെമ്പറുടെ അഭിപ്രായം എന്താണെന്നു എനിക്കു അറിഞ്ഞാൽകൊള്ളാം. അദ്ധ്യക്ഷന്റെ യുക്തംപോലെ ആ ചട്ടത്തെ ഭേദപ്പെടുത്താമൊ എന്നും കൂടി അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സക്രട്ടേറിയേറ്റ്): ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം പാട്ടമുള്ളതല്ലായിരിക്കാം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): വേറെവല്ല പ്രകാരവും സപ്ലിമെന്ററി ഗ്രാന്റ കഠം കൊടുപ്പെടുന്നതിനു വേറെ ഏതെങ്കിലും വ്യവസ്ഥയുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): നോട്ടീസു നൽകിയതിനു ശേഷം മാത്രമെ ഒരു ഡിമാൻറ ഹാജരാക്കപ്പെടാൻ പാടുള്ള എന്നു ഏതെങ്കിലും ചട്ടത്തിലൊ സ്ഥിരം ഉത്തരവിലൊ വ്യവസ്ഥചെയ്തിട്ടുണ്ടോ എന്നുള്ളതാണെല്ലൊ പ്രതിപാദ്യവിഷയം. സഭയിലെ നടപടിയെ സംബന്ധിച്ചു ഒന്നാമതു ചട്ടത്തിലും പ്രസ്താവിച്ചിട്ടുണ്ട്.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കൃഷിവകുപ്പു, വ്യവസായവും തൊഴിൽ): ൯൯-ാമതു ചട്ടത്തിലും അതിനെപ്പറ്റി ക്ലിപ്തചട്ടത്തിയ്ട്ടുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): ബഡ്ജറ്റസമ്മേളനത്തെപ്പറ്റി മാത്രമാണു അതിൽ പ്രസ്താവിച്ചിട്ടുള്ളതു്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പു, വ്യവസായവും തൊഴിൽ): പ്രസ്തുതഗ്രാൻറകഠം സപ്ലിമെൻററി ഗ്രാൻറകളായവകൊണ്ടു അധികമായ ബഡ്ജറ്റസമ്മേളനത്തിലെ ഗ്രാൻറകളുടെ ഡിമാൻറകളെപ്പോലെ കരുതേണ്ടതാകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ് സക്രട്ടേറിയേറ്റ്): അവ സാധാരണഗ്രാൻറകളെപ്പോലെ സഭയിൽ പ്രതിപാദിക്കപ്പെടേണ്ടതാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): സഭയിൽ നടത്തേണ്ടതായ നടപടികളിൽ ഗ്രാൻറകഠങ്ങളുള്ള ഡിമാൻറകളും ഉൾപ്പെടുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): ഉണ്ടെന്നാണു എൻറെ വിശ്വാസം.

മി: എം. ശിവതാണുപിള്ള (തോവാള): അങ്ങനെയാണെങ്കിൽ മിസ്റ്റർ പി. കെ. നാരായണപിള്ള നിർദ്ദേശിച്ചതിനുപുറം ചട്ടങ്ങൾ അനുസരിച്ചു വേണ്ടുവോളം നോട്ടീസു നൽകാതെയാതൊരു നടപടിയും നടത്താൻ പാടുള്ളതല്ലല്ലൊ.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): ഒയവുചെയ്യേണ്ട ചട്ടമാണെന്നുപറയുമോ?

മി: എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞ ൪-ാം സ്ഥിരം ഉത്തരവിൽ നോട്ടീസുകൂടാതെ യാതൊരു വിഷയവും പ്രതിപാദിക്കാൻ പാടില്ലെന്നു വ്യവസ്ഥചെയ്തിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): എൻറെ കൈവശമുള്ള സ്ഥിരം ഉത്തരവിൻറെ പ്രതിയിൽ അപ്രകാരം പറഞ്ഞിട്ടില്ല. "നോട്ടീസു ആവശ്യമുള്ള യാതൊരുജോലിയും നോട്ടീസിനു ആവശ്യമുള്ള കാലത്തിനു മുൻപായി ഒരു ദിവസത്തേയ്ക്കും വയ്ക്കുൻപാടില്ലാത്തതാകുന്നു" എന്നാണു അതിൽ പറഞ്ഞിരിക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചലും, മേവികളവും): നോട്ടീസുകൂടാതെ സപ്ലിമെൻററി ഗ്രാൻറകഠം ഹാജരാക്കാമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): ഉണ്ടു; അതാണു ന്യായമായ സരണമായിട്ടുള്ളതു്.

മി: കെ. ഐ. ജോസഫ് (മീനച്ചലം, മേവികളവും): അപ്രകാരമാണോ ൯൯-ാമതു ചട്ടത്തിലെ (൨)-ാം ഉപചട്ടത്തെ ഓരുമെമ്പർ വ്യാഖ്യാനിക്കുന്നതു്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): ആ വണ്ണത്തെപ്പറയിയല്ല; നോട്ടീസു വേണമെന്നു പ്രത്യേകചട്ടത്തിൽ പ്രസ്താവിച്ചിട്ടില്ലാത്തസംഗതികളിൽ.

മി: കെ. ഐ. ജോസഫ് (മീനച്ചലും, മേവികളവും): ബഡ്ജറ്റ് വാരപ്രതിവാരങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽ അടങ്ങിയിരിക്കുന്ന പോലുള്ള തത്വത്തെ ഓരുമെമ്പർ ഇപ്രകാരമാണോ വ്യാഖ്യാനിക്കുന്നതു്?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): ബഡ്ജറ്റചട്ടങ്ങളിൽ പൊതുവെ അടങ്ങിയിരിക്കുന്ന തത്വങ്ങൾക്കു അതു ബാധകമായിരിക്കുന്നില്ല. കഴിവുള്ളിടത്തോളം ആവശ്യമുള്ള നോട്ടീസു നൽകേണ്ടതാണെന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണു്. സഭയിൽ നടക്കുന്നതും അപ്രകാരംതന്നെ; മറ്റെന്തെൻറ അപ്രകാരംതന്നെ അനുവർത്തിച്ചുപോരുന്നതും.

മി: കെ. ഐ. ജോസഫ് (മീനച്ചലും, മേവികളവും): മെമ്പറന്മാക്ക് ഒരു ദിവസത്തെ നോട്ടീസെങ്കിലും നൽകേണ്ടതല്ലയൊ എന്നു ഓരുമെമ്പർ വിചാരിക്കുന്നില്ലേ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): അതു ഓരോ പ്രത്യേകസംഗതിയേ അനുസരിച്ചിരിക്കുന്നതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചലും, മേവികളവും): നമ്മുടെ ആലോചനയ്ക്കു വിഷയമായിത്തീർന്നിരിക്കുന്ന ഈ സംഗതിയെ സംബന്ധിച്ചിടത്തോളം അതു നാളത്തേക്കു മാറ്റിവക്കുന്നതല്ല ഉത്തമമെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): സഭയാണു അതിനെപ്പറ്റി ആലോചിക്കേണ്ടതു്; നിയമാനുസരണമാണൊ അല്ലയൊ എന്നുള്ളതിനെപ്പറ്റിയല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും, മേവികളവും): ആവശ്യമുള്ള നോട്ടീസു ഇല്ലാത്തതിനെ അടിസ്ഥാനപ്പെടുത്തിയാണു ഞാൻ ആ ചോദ്യം ചോദിച്ചിട്ടുള്ളതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടേറിയേറ്റ്): അപ്രകാരമാണെങ്കിൽ പായിൻറ ഓഫ് ഓർഡർ ഉൽഭവിക്കുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): പ്രതിവാദിക്കപ്പെടേണ്ടതായ വിഷയം അച്ചടിച്ചുകഴിഞ്ഞാലുടൻ അതിനെ സഭയിൽ ആകുന്നിടത്തോളം വേഗത്തിൽ വിതരണം ചെയ്യുകയായിരുന്നു ഇതുവരെയുള്ള പതിവ്. ഇപ്പോഴത്തെ വിഷയം സംബന്ധിച്ചിടത്തോളം ആ പതിവിനെ നടത്താതെ എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

അദ്ധ്യക്ഷൻ: മിസ്റ്റർ പി. കെ. നാരായണപിള്ള കൊണ്ടുവന്നിരിക്കുന്ന പേയിന്റ് ഓഫ് ഓർഡ്റിനെപ്പറ്റി ആലോചിച്ചു എന്റെ തീരുമാനം ഞാൻ പ്രസ്താവിക്കാം. അതിനിടക്കു നാം തുടങ്ങിയതുപോലെ നമുക്കു മുൻപോട്ടുപോകേണം. ഇപ്പോൾ ഹാജരാകിയിരിക്കുന്ന ഡിമാൻഡുകളെ കുറവുചെയ്യുന്നതിനുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം മെംബറന്മാരുടെ പക്കൽനിന്നു നോട്ടീസു ഞാൻ വേണ്ടെന്നുവയ്ക്കാം.

മി: എ. കെ. പിള്ള (കുന്നത്തൂർ). ഗ്രാന്റിൽ പത്തുരൂപ കുറയ്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഗ്രാന്റു മുഴുവനും കുറവുചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചിട്ടല്ല കുറവുവരുത്തുവാനായി ഒരു നിലയെ ഞാൻ സ്വീകരിക്കേണ്ടതായിരുന്നു. എന്തെന്നാൽ, പ്രസ്തുത ഡിമാൻഡിനു അടിസ്ഥാനമായിരിക്കുന്ന അതുപോലെ കുറവും അനേകം വ്യവസ്ഥയെ നയത്തെ ഞങ്ങൾ അധിക്ഷേപിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബറും ഡപ്യൂട്ടി പ്രസിഡൻറും): ഇതു നടപടിക്രമം അനുസരിച്ചുള്ളതാണോ എന്നു അറിയേണ്ടിയിരിക്കുന്നു. ഒരു സപ്ലിമെൻററി ഗ്രാൻറിനെപ്പറ്റി വാദപ്രതിവാദം നടത്തുമ്പോൾ ഏതെങ്കിലും ഒരു നയത്തെ സംബന്ധിച്ചുള്ള വിഷയത്തെ പ്രതിവാദിക്കാൻപാടില്ല.

അദ്ധ്യക്ഷൻ: സപ്ലിമെൻററി ഗ്രാൻറു സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ ഒരു ട്രോക്കൺ മോഷൻ നിയമാനുസൃതമായിട്ടുള്ളതല്ല.

മി: എ. കെ. പിള്ള (കുന്നത്തൂർപ്പുള്ളി): കുറവുചെയ്യുന്നതുള്ള ഉപക്ഷേപങ്ങളും ഞങ്ങൾക്കു ഹാജരാക്കാമെന്നാണ് അദ്ധ്യക്ഷന്റെ തീരുമാനത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയതു്.

അദ്ധ്യക്ഷൻ: നോട്ടീസു വേണ്ടെന്നുവച്ചു, അത്രമാത്രമേയുള്ളൂ.

മി: എ. കെ. പിള്ള (കുന്നത്തൂർപ്പുള്ളി): അവസാനത്തെ ഇനം ഒഴിച്ചു മറ്റെല്ലാ ഇനങ്ങളേയും ഞാൻ അധിക്ഷേപിക്കുന്നു എന്ന വസ്തുതയായി എനിക്കു പറയാൻ നിവൃത്തിയില്ല. എന്നാൽ, ഒരു റോഡു ഇവിടെയും അവിടെയും റോഡു വേറൊരിടത്തും അനുവദിച്ചു ഗവണ്മെൻറിൽനിന്നും കുണ്ടിച്ചുവയ്ക്കുന്ന ഒരഭ്യർത്ഥനകളെ ഞാൻ കഴിഞ്ഞമായി എതിർക്കുന്നു. ഗ്രാമങ്ങളെ പുനരുദ്ധാരണം ചെയ്യുന്നതിനും നാട്ടിൻപുറങ്ങളിൽ ഗതാഗതസൗകര്യമുണ്ടാക്കുന്നതിനും നമുക്കു വ്യാപ്തിയുള്ള ഒരു നയം വേണമെന്നാകുന്നു; അതിനുപകരം അവിടെയും റോഡ് ഒരു സ്ഥലത്തും കാൽ മൈൽറോഡ് രോ രൊരു ഭാഗത്തും ഉണ്ടാക്കിക്കൊടുക്കുവാണ് ഗവണ്മെൻറു ചെയ്യുന്നതു്. ഓരോ സംഗതിയിലും അപ്രകാരം ചെയ്യുന്നതു ന്യായമായിട്ടുള്ളതായിരിക്കും. സംസ്ഥാനത്തെക്കുള്ള ആവശ്യങ്ങളെ നിറവേറ്റുന്നതിനു കൂടുതൽ വ്യവസ്ഥ ചെയ്യണമെന്നാണ് ഞങ്ങൾ പറയുന്നതു്. ഓരോ പ്രത്യേക ഇനവും ന്യായീകരിക്കത്തക്കതായിരിക്കാം. എന്നാൽ കൂടുതൽ ഇനങ്ങളെ തള്ളിക്കളയുന്നു; അഭിനന്ദ്യ പ്രസ്തുതസംഗതിയെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുള്ള ഒരുപായമാണ് ഏറ്റവും അത്യാവശ്യമായ കുഴപ്പങ്ങളെ എടുത്തുകളയുക എന്നുള്ളതാകുന്നു. അതുകൊണ്ടു ആ ഉദ്ദേശത്തോടുകൂടിയാണു പ്രസ്തുത ഡിമാൻറിനെ ഞാൻ ആക്ഷേപിക്കുന്നതു്; അതല്ലാതെ ഈ ഡിമാൻറിന്റെ ഔചിത്യത്തെ അടിസ്ഥാനപ്പെടുത്തിയല്ല. എന്നാൽ, സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ചു നാം വാദപ്രതിവാദം നടത്തുമ്പോൾ ഏതെങ്കിലും ഒരു നയത്തെപ്പറ്റി എനിക്കു പ്രതിവാദിക്കാൻ പാടില്ലെങ്കിൽ വീണ്ടും പ്രസംഗിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല.

മി: കുട്ടമം പരമേശ്വരൻപിള്ള (അഡിഷനൽ സഹഡ് സക്കാർവക്കിൽ): പ്രസ്തുത ഇനങ്ങൾ വോട്ടു ചെയ്യപ്പെടേണ്ട ലിസ്റ്റിൽ എടുത്തുപോൾ അവയെ അദ്ധ്യക്ഷൻ പ്രത്യേകം പ്രത്യേകമായി വോട്ടിനിടുന്നതാണ്.

മി: പി. കെ. പിള്ള (കുന്നത്തൂർപ്പുള്ളി): ഈ സംഗതിയെക്കുറിച്ചാണ് സഭയുടെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരേണ്ടതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (vi)-ാമത്തെ ഇനം, അതായതു സ്ത്രീകൾക്കുള്ള കോളേജ് കെട്ടിടത്തിൽ കൂടുതൽ സ്ഥലസൌകര്യമുണ്ടാക്കുന്നതിനു 10,000 രൂപ അനുവദിക്കണമെന്നുള്ള ഇനത്തെ എടുത്തുകളയണമെന്നുള്ള ഉപക്ഷേപത്തെ പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഒന്നാമതായി (vi)-മത്തെ ഇനത്തിൽ അടങ്ങിയിരിക്കുന്ന വിലയിനെപ്പറ്റിയുള്ള വിവരങ്ങൾ എന്താണെന്നു ഗ്രഹിക്കാതെ ഈ ഡിമാന്റു വോട്ടുചെയ്യുന്നതിനു ഞങ്ങൾക്കു സാധ്യമല്ല. ബി. എ. കോഴ്സ് മുതലായവ ഇവിടത്തെ സ്ത്രീകൾക്കുള്ള കോളേജിൽ ഏർപ്പെടുത്തുന്നതിനു ആ കെട്ടിടത്തിൽ വേണ്ടുവോളം സ്ഥലസൌകര്യങ്ങളുണ്ടോ എന്നും മറ്റും അന്വേഷിക്കുന്നതിനായി സർക്കാരുകാര്യങ്ങളിൽ നിന്നും ഒരു കമ്മീഷൻ അയച്ചിരുന്നതായി ഞാൻ അറിയുന്നു. ഇപ്പോഴുള്ള ക്ലാസ്സുകൾക്കുതന്നെ സ്ഥലസൌകര്യമില്ലെന്നുള്ള സംഗതിയെ അടിസ്ഥാനപ്പെടുത്തി ബി. എ. കോഴ്സിനു അഫിലിയേഷൻ കൊടുക്കാൻ പാടില്ലെന്നുള്ള മാതൃകയല്ല ഇപ്പോഴുള്ള അഫിലിയേഷനു വിപരീതമായിട്ടുള്ളതെന്നു പ്രസ്തുത കമ്മീഷൻ റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. ഇതിനിടയ്ക്കു—

മി: പി. കെ. നാരായണപിള്ള (ആമ്പലപ്പുഴ): എങ്ങനെ അടിസ്ഥാനപ്പെടുത്തിയാണു മെംബർ ഇപ്രകാരം പ്രസ്താവിക്കുന്നതു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയുടെ കഴിഞ്ഞ യോഗത്തിൽ ഞാൻ ചോദിച്ച ചോദ്യത്തിനു എനിക്കു ലഭിച്ച മറുപടിയെ അടിസ്ഥാനപ്പെടുത്തിയാണ് മേൽപ്രകാരം ഞാൻ പ്രസ്താവിച്ചതു്. റിപ്പോർട്ടു മുഴുവനും മേശമേൽ വച്ചിരുന്നു; അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ പ്രസ്താവിക്കാൻപോകുന്നതും. മേശമേൽ വയ്ക്കപ്പെട്ട സ്റ്റേറ്റുമെൻറു നോക്കിയതിനു ബി. എ. കോഴ്സ് അഫിലിയേറുചെയ്യുന്ന സംഗതിയിൽ വിപരീതമായിട്ടുണ്ടു കമ്മീഷൻ റിപ്പോർട്ടു ചെയ്തിരിക്കുന്നതു്; അതിനു് സ്ഥലസൌകര്യം വർദ്ധിപ്പിക്കുന്നതിലേക്കുമാത്രം 10,000 രൂപ ആവശ്യപ്പെട്ടിട്ടുണ്ടായ ഒരു വലിയ കെട്ടിടം ഉടനടി ഗവണ്മെൻറിൽനിന്നും പണിതുയർത്തിക്കേണ്ടതായ ആവശ്യകത എനിക്കു മനസ്സിലാകുന്നില്ല. ഉടനടി വ

ചുതായ ഒരു സംഖ്യ ആവശ്യപ്പെട്ടതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. പ്രസ്തുതകെട്ടിടത്തിന് ഇതുവരെ ചെലവു ചെയ്തിട്ടുള്ള സംഖ്യ എത്രയാണെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ. ഒരു വലിയ കെട്ടിടം പണികഴിപ്പിക്കുന്നതായാൽ ബി-എ ക്ലാസ്സുകാർക്കും സബ്കലാക്ടർമാർ അഡ്മിനിസ്ട്രേഷൻ നൽകുമെന്നുള്ള വിശ്വാസത്തോടുകൂടി ഒരു മാതൃകാകെട്ടിടം ഗവണ്മെന്റു ചെലവായി പണികഴിപ്പിക്കുന്നു. ഈ കെട്ടിടം പണികഴിപ്പിച്ചതിനുശേഷം ഒരു കമ്മിഷൻ വരുമെന്നു അപേക്ഷിച്ചു ബി-എ ക്ലാസ്സുകാർക്കു അഡ്മിനിസ്ട്രേഷൻ സിദ്ധിക്കുന്നതിനു വേണ്ടുവോളം സ്ഥലസൌകര്യമുണ്ടോ എന്നു നോക്കാൻ ആവശ്യപ്പെട്ടതനുസരിച്ചും ഗവണ്മെന്റിന്റെ യുക്തംപോലെ ആകാമെന്നോ എന്നുള്ള സംഗതി ഞങ്ങൾക്കു അറിഞ്ഞുകൂടാ. ഇപ്രകാരമെല്ലാം അവധാനപൂർവ്വം ചിന്തിക്കേണ്ട പ്രധാനപ്പെട്ട സംഗതികളുണ്ടു. ഇപ്രകാരം സപ്ലിമെന്ററി ഗ്രാന്റായോ ബഡ്ജറ്റിലോ കൊണ്ടുവരപ്പെട്ടതെല്ലാ ഇടകളും നമുക്കു അനുവദിച്ചുകൊടുക്കാൻപാടുള്ളതല്ല. സന്ദർഭോചിതമായിട്ടു തോന്നുന്നപക്ഷം ഇപ്പോഴത്തെ രീതിയിലുള്ള വിദ്യാഭ്യാസത്തിനുവേണ്ടി ചിലവാക്കുന്ന സംഖ്യ അസഹനീയമാണെന്നു ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ വിദ്യാഭ്യാസരീതി വിട്ടു മുന്നോട്ടു കൊണ്ടുപോകുന്നതിനു കൂടുതൽ പണം വ്യയംചെയ്യുന്നതിൽതന്നെ രാജ്യത്തിൽ അഭിപ്രായവ്യത്യാസമുള്ളതാകുന്നു.

സ്ത്രീകൾക്കു പ്രത്യേകമായി ഒരു കോളേജിന്റെ ആവശ്യകതയില്ലെന്നു വേറൊരു ആവലാധിയുമുണ്ടു. ഈ ഇനത്തിൽ ഡിമാൻഡുകൾ കുറവുചെയ്യുന്നതിലേക്കു ഹാജരാക്കപ്പെട്ടതു എന്നാൽ ബഡ്ജറ്റുകാലത്തു അവയെപ്പറ്റി പ്രതിവാദിക്കുന്നതിനു നമുക്കു സാധിക്കാതെ വന്നിട്ടുള്ളതുമായ പലേ ഉപദേശപ്രാർത്ഥനകളേയുംപ്പോലെ മെമ്പർമാർ ഓർമ്മിക്കുന്നപക്ഷം സ്ത്രീകൾക്കുള്ള കോളേജിനെ ഒരു ഒന്നാംഗ്രേഡ് കോളേജാക്കുന്നതിലേക്കു ആ കെട്ടിടത്തിൽ കൂടുതൽ സ്ഥലസൌകര്യമുണ്ടാക്കുന്നതിനുള്ള നിർദ്ദേശത്തോടു വളരെയായ പ്രതികൂലതയുള്ളതായി അവർ നിസ്സംശയമായി മനസ്സിലാക്കുന്നതാണു്. പക്ഷേ ഞങ്ങളുടെ കഷ്ടകാലംകൊണ്ടു ഈ വിഷയത്തെ സംബന്ധിച്ചു് അപ്പോൾ വാഗ്വിവാദം നടത്തി എത്തെങ്കിലുമൊരുപ്രകാരത്തിൽ തീരുമാനിക്കുന്നതിനു ഞങ്ങൾക്കു സാധിച്ചില്ല. പ്രസ്തുതവിഷയത്തെ മെച്ചമായി വിമർശിക്കുന്നതിനു ഈ സഭക്കു് ഇപ്പോൾ സൌകര്യം ലഭിച്ചിരിക്കുന്നു. കെട്ടിടം പൂർത്തിയാക്കുന്നതിനുവേണ്ടി വരുന്ന പരമാവധിയുക എന്താണെന്നപോലും അറിയുന്നതിനു നമുക്കു സാധിച്ചിട്ടില്ല. അതിനെസംബന്ധിച്ചുള്ള വിവരം ഗവണ്മെന്റു നമുക്കു നൽകുന്നുമില്ല. ഇക്കാര്യങ്ങളൊന്നും ഗ്രഹിക്കാതെ ൪൦,൦൦൦ രൂപായ്ക്കോ ൫൦,൦൦൦ രൂപായ്ക്കോ ൬൦,൦൦൦ രൂപായ്ക്കോ ഉള്ള ഒരു സപ്ലിമെന്ററി ഗ്രാന്റു വേണമെന്നു ഗവണ്മെന്റു സഭയോടാവശ്യപ്പെടുന്നതു ഒട്ടും ന്യായമല്ല. ഇപ്രകാരം നാം അനുവദിച്ചു കൊണ്ടിരിക്കയാണെങ്കിൽ അതിന്റെ അവസാനം എന്താണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ ആവശ്യമില്ലാത്തതായ പലേ കെട്ടിടങ്ങളും പണികഴിപ്പിച്ചിട്ടുള്ളതിന്റെ ഫലം എന്താണെന്നു നമുക്കിപ്പോൾ നല്ലവണ്ണം അറിവുള്ളതാണു്. ഇതൊരുസപ്ലിമെന്ററിഗ്രാന്റു അല്ലെന്നും എന്നാൽ ഒരു സപ്ലിമെന്ററിബഡ്ജറാണെന്നുള്ള കൂടി പറയാൻ ഞാൻ തയ്യാറാണു്. ഇതിലേക്കു നടപ്പുവർഷത്തിലെ ബഡ്ജറിൽ ഗവണ്മെന്റു ൫,൦൦൦ രൂപമാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു എന്നുള്ളതിൽ നിന്നും അതു സ്പഷ്ടമാകുന്നതാണു്. അതുകൊണ്ടു സ്ഥലസൌകര്യം വർദ്ധിപ്പിക്കണമെന്നു പറയപ്പെടുന്നകെട്ടിടം സ്ത്രീകൾക്കുള്ള കോളേജിൽ ഇപ്പോഴുള്ള ക്ലാസ്സുകൾക്കോണോ അതല്ല ബി-എ കോഴ്സിനു അഡ്മിനിസ്ട്രേഷൻ സിദ്ധിക്കുന്നതിനാണോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നു അറിയേണ്ടതായിട്ടുണ്ടു്. ഒരു ഉദ്ദേശത്തോടുകൂടിയാണു ഗവണ്മെന്റു പ്രവൃത്തിക്കുന്നതെന്നു എനിക്കു നല്ല നിശ്ചയമുണ്ടു്. അങ്ങിനെയാണെങ്കിൽ സബ്കലാക്ടർമാർ അവരുടെ തീരുമാനത്തെപ്പറ്റി വീണ്ടും ആലോചിച്ചു ബി-എ കോഴ്സു സംബന്ധിച്ചിടത്തോളം ഇപ്പോഴുള്ള ഒരു മാതൃകാ കെട്ടിടം പണികഴിപ്പിച്ചു കൊള്ളുന്നതിനു ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നതായ എന്തെങ്കിലും എഴുതുകയുണ്ടായോ എന്നുള്ള സംഗതി കൂടി അറിയേണ്ടതായിട്ടുണ്ടു്. ഇക്കാരണങ്ങളാൽ (vi)-മത്തെ ഇനത്തിലുള്ള മുഴുവൻ ഡിമാൻഡും എടുത്തുകളയണമെന്നു അഭിപ്രായപ്പെടുന്നു.

മി: എ. കൊച്ചുപ്പൻ (ചീഫ് എഞ്ചിനീയർ): സർ, ആനത്താഴ ചിറ വീണ്ടും പണികഴിപ്പിക്കണമെന്നുള്ള വിഷയം സംബന്ധിച്ചിടത്തോളം ചില സംഗതികൾ എനിക്കു സഭയെ അറിയിക്കേണ്ടതായിട്ടുണ്ടു്. തിരുവനന്തപുരം താലൂക്കിലുള്ള ആനത്താഴ ചിറയെ മിഷൻ സന്ദർശിച്ചു; തിരുവനന്തപുരം മെമ്പർ കൃഷിസേചനക്കമ്മിറ്റിക്കാർ ൫൦൦ ഏക്കർ ആയക്കെട്ടോടുകൂടി അതിനെ ഒരു മൈനർ കൃഷിസേചനക്കുളമായിത്തീർത്തിരിക്കുന്നു. സ്ഥലത്തു ചെന്നു അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി പ്രസ്തുത ചിറയുടെ ആയക്കെട്ടു കമ്മിറ്റിക്കാർ നിശ്ചയിച്ചിട്ടുള്ളതിൽ വളരെ കുറഞ്ഞതാകുന്നതായ കാണപ്പെട്ടു. പ്രസ്തുത ചിറയിൽ ഒഴുകുന്ന വെള്ളം ശേഖരിച്ചു കൃഷിസേചനം ചെയ്യപ്പെടാവുന്നതായ നിലങ്ങളുടെ ആയക്കെട്ടു അണ്ടൂർക്കോണം, പള്ളിപ്പുറം, കഴക്കൂട്ടം, അത്തിപ്പറ്റ എന്നീ നാലു പകുതികളിലും കൂടി ൭ ച്ച. ൻ ൽ ക്കാണ്ടു. സംബന്ധപ്പെട്ട പലേ കുതികളിലും നടത്തപ്പെട്ടതായ മൈനർ കൃഷിയുടെ ഗുണത്തെ ആസ്പദമാക്കി പ്രസ്തുത ചിറയെ പരിഷ്കരിക്കുന്നതു ആശാസ്യകരമായിട്ടുള്ളതാണു്.

കഴിഞ്ഞ കൊല്ലത്തിലുണ്ടായ മോട്ടർ ഗതാഗതത്തിന്റെ വർദ്ധനകൊണ്ടു കോട്ടയം കുമിളി റോഡിന്റെ ഏതാനം ഭാഗങ്ങൾ, പ്രത്യേകിച്ചും ൨൫-ം, ൨൬-ം, ൨൭-ം, ൨൮-ം, ൨൯-ം മൈലുകൾ അറ്റകുറ്റപ്പെടുന്നതിനു ഇടയായി. അതിനെ വേണ്ടുംവണ്ണം സംരക്ഷിക്കുന്നതിനു പ്രസ്തുത റോഡിനുള്ള ഇപ്പോഴത്തെ സംരക്ഷണഗ്രാന്റു ഒട്ടും തന്നെ മതിയാകുന്നില്ല. മേൽ പ്രസ്താവിച്ച മൈലുകളിൽ പ്രത്യേകം റീ ടേറ്റിംഗ് ജോലികൾ നടത്തുന്നതിനു ൫,൦൦൦ രൂപായ്ക്കുള്ള ഒരു അടങ്കൽ തയ്യാറാക്കപ്പെട്ടു. അന്നവലിക്കപ്പെട്ട വരെ ഇനങ്ങളിൽ നിന്നും ഇനം മാറ്റി പ്രസ്തുതജോലിക്കു വ്യവസ്ഥചെയ്യുന്നതിനു നിവൃത്തിയില്ല. അതിനാൽ പെരുമാമുത്തു ബഡ്ജറിലേക്കു ൫,൦൦൦ രൂപായോളമുള്ള ഒരു സപ്ലിമെന്ററി ഗ്രാന്റിന്റെ ആവശ്യകത നേരിട്ടിരിക്കുന്നു.

ഗതാഗതത്തിന്റെ വർദ്ധനകൊണ്ടു തിരുവനന്തപുരം കൊല്ലം റോഡിൽ ഏതാനം ഭാഗം, അതായതു ൪-ം, ൫-ം മൈലുകൾ വളരെ മാർഗ്ഗവമായിത്തീർന്നിരിക്കുന്നു; അതിനാൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രാന്റുകൊണ്ടു് അ

ചിൽ ചേർത്തിട്ട് നിലവിലുള്ളതിനെ ഉപയുക്തമാക്കിത്തീർക്കുന്നതിനു പകരം വൈക്കത്തു തന്നെ പുതിയ ഫ്ലൈ-ഓവറിനോടുചേർന്നു കിടക്കുന്ന മറവുള്ളകെട്ടിടങ്ങളിലും സൗകര്യപ്രദമായിടത്തെല്ലാം സംഗതിയിൽ നിന്നുമാത്രം തന്നെ അതു പ്രയോജനപ്പെടുത്തുന്നതാണ്. ഫ്ലൈ ഓവറിനടുത്തു അവശേഷിച്ചുള്ള ഭൂമിയിൽ നിന്നും ചിലവുനീക്കുന്നതിനു പ്രസ്തുത റോഡിൽ ഇരുവശവും അറുകുറ്റപ്പണികൾ ചെയ്യുന്നതിനും ഇടയായേക്കും. ഇക്കാരണങ്ങളാൽ ഈ റോഡിലെ മേൽ പ്രസ്താവിച്ച ഭാഗം സൗകര്യപ്രദമായിടത്തു ഒരു ഭൂമി ചിലവു കിഴിക്കാതെ ചെയ്യണമെന്നു വിചാരിക്കുന്നു. പ്രസ്തുത ജോലി ധൃതിയിൽ അത്യാവശ്യമായിട്ടുള്ളതിനാൽ പൊതുമരാമത്തു ഇനത്തിൽ സൗകര്യപ്രദമായിടത്തു ഒരു സപ്ലിമെന്ററി ഗ്രാന്റു അനുവദിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ഏകദേശം ഫ്ലൈ അടി വീതിയിൽ വെട്ടുകല്ലു കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതാണ് ആലപ്പുഴ ചേർത്തല ആലുർ റോഡു. എന്നാൽ കഷ്ടം തന്നെ പ്രതീക്ഷിക്കാത്തമോട്ടാർ ഗതാഗതത്തിന്റെ വർദ്ധനമൂലം അതിന്റെ മദ്ധ്യത്തിൽ ഫ്ലൈ അടി വീതിയിലെ ടാ ഇഷ്ടു വരെയുള്ള ഭാഗത്തിൽ ചരളിട്ടുറപ്പിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ പണികഴിച്ചു പൂർത്തിയാക്കിയിട്ടുള്ള ആലപ്പുഴ ചേർത്തല ആലുർ റോഡിൽ ഫ ഇഞ്ചു കനത്തിൽ ചരലുവരെ റിക്കോട്ട ചെയ്യുന്നതിനു ര ഉ,ഫന്നൂറ രൂപാക്കുള്ള ഒരു അടങ്കൽ തയ്യാറാക്കി ഗവർമെന്റിലേക്കു അയക്കപ്പെട്ടിട്ടുണ്ട്. ഈ തുകയിൽ ഫ ഫർലോങ്ങ്-മാത്രത്തെ ബഡ്ജറിൽ ൻ,ഒ ഠ രൂപ എടുക്കാവുന്നതാണ്; അതുമൈൽ ഒന്നുക്കു ഒ ഠ രൂപാ വീതം കൺമൈൽ സംരക്ഷിക്കപ്പെടുന്നതിനുള്ള തുകയാണ്. മേൽപ്പറഞ്ഞ കുറവുണ്ടുകളാൽ ന,ഭ,ന്നൂറ രൂപാക്കുള്ള ഒരു സപ്ലിമെന്ററി ഗ്രാന്റു വേണമെന്നു ഞാൻ അപേക്ഷിക്കുന്നു. പ്രസ്തുത ജോലിയുടെ അത്യാവശ്യകതയെ പരിഗണിച്ചു ഈ തുക ഒരു അഡിഷണൽ ഗ്രാന്റായി അനുവദിക്കപ്പെടേണ്ടതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): (V)-മത്തെ ഇനത്തെ സംബന്ധിച്ചിടത്തോളം ആദ്യത്തെ കോട്ടിംഗ് എപ്പോഴാണു നടത്തിയതു?

മി: എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): കഴിഞ്ഞ ഔദ്യോഗിക വർഷത്തിൽ ഏതാണ്ടു ഭാഗങ്ങൾ ചരളിടപ്പെട്ടു.

ബി-എ ക്ലാസ്സുകൾ ആരംഭിക്കുന്നതിനും ഇന്റർ മീഡ്യേറ കോഴ്സിൽ പ്രകൃതിശാസ്ത്രം പഠിപ്പിച്ചു തുടങ്ങുന്നതിനും അടുത്ത വിദ്യാലയവർഷാരംഭം മുതൽ ബി-എയും പ്രകൃതിശാസ്ത്രവും ഏർപ്പെടുത്തുന്നതിനുള്ള വിഷയം മദ്രാസ് സർവകലാശാല സിൻഡിക്കേറ്റിൽ നിന്നും അനുകൂലമായി ആലോചിക്കപ്പെടണമെങ്കിൽ ഫൻവരി ജൂൺ മാസത്തിനു മുൻപായി പ്രസ്തുത കാര്യങ്ങൾ താഴെപ്പറയുന്ന സ്ഥലസൗകര്യങ്ങളുണ്ടാക്കിക്കൊടുക്കണമെന്നു വിദ്യാഭ്യാസമേലധ്യക്ഷൻ ഗവണ്മെന്റിനെ തെര്യപ്പെടുത്തിയിരിക്കുന്നു:—

(ക) സയൻസ്വിഭാഗം.

(ഖ) കോണിപ്പടിയോടുകൂടിയുള്ള കോണിപ്പടിഹാൾ.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഈ തുക ചിലവാക്കപ്പെടുന്നപക്ഷം സ്ത്രീകൾക്കുള്ള കോളേജിൽ ബി. എ. കോഴ്സു ഏർപ്പെടുത്തുന്നതിനു സർവകലാശാലക്കാർ അനുവദിക്കുമെന്നുള്ള ഗവണ്മെന്റിന്റെ തീർച്ചയുണ്ടോ?

മി: എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): എനിക്കുപറയാൻ നിവൃത്തിയില്ല.

ഏതായാലും സ്ഥലസൗകര്യം ഉണ്ടാക്കികൊടുക്കേണ്ടതു അത്യാവശ്യം തന്നെ.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): വേണ്ട സ്ഥലസൗകര്യം കൊടുത്താൽ സ്ത്രീകൾക്കുള്ള കോളേജിൽ ബി-എ കോഴ്സു ഏർപ്പെടുത്താൻ സർകലാശാലക്കാർ അനുമതിനൽകുമെന്നുള്ളതിലേക്കു ഗവണ്മെന്റിനുറപ്പു ലഭിച്ചിട്ടുണ്ടോ?

മി: എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): അപ്രകാരമായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുത തുക ആവശ്യപ്പെട്ടിരിക്കുന്നതു ഇപ്പോൾ തന്നെ ആരംഭിക്കപ്പെട്ടിട്ടുള്ള കൊട്ടിടം പൂർത്തിയാക്കുന്നതിനോ വേറൊരു പുതിയ കെട്ടിടം പണികഴിപ്പിക്കുന്നതിനോ എന്നു അറിയുന്നതിനു അഗ്രഹിക്കുന്നു.

മി: എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): ഞങ്ങളുടെ പക്കലുള്ള പണം കൊണ്ടു കെട്ടിടത്തിന്റെ ഒരു ഭാഗം മാത്രമേ പണികഴിപ്പിക്കുന്നുള്ളൂ. മദ്ധ്യത്തുള്ള കോണിപ്പടി ഉൾപ്പടെ കെട്ടിടത്തിന്റെ പകുതി പൂർത്തിയാക്കുന്നതിനാണു ഇ ഠ,ഠ ഠ ഠ രൂപ ആവശ്യപ്പെട്ടിരിക്കുന്നതു.

മി: എം. ശിവതാണുപിള്ള (തോവാള): അഫിഡിയേഷനാണോ അതല്ല വാസ്തവത്തിൽ ആവശ്യമുള്ള സൗകര്യമുണ്ടാക്കികൊടുക്കുന്നതിനുവേണ്ടിയാണോ ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു?

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ): കെട്ടിടത്തിൽ സ്ഥലസൗകര്യത്തിന്റെ അത്യാവശ്യമുണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കെട്ടിടത്തിലേക്കുള്ള മുഴുവൻ അടങ്കൽ എന്താണു?

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ): രൂപാ ക,വ ഠ,ഠ ഠ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുവരെ ചിലവാക്കിയിട്ടുള്ള തുക എന്താണു?

മി. എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): കഴിഞ്ഞ ഔദ്യോഗികവർഷാവസാനത്തിൽ ക ഠ,ഠ ഠ ഠ രൂപ ചിലവാക്കിയിട്ടുണ്ടു. നടപ്പുവർഷത്തിൽ ഏകദേശം രൂപ ന ഠ,ഠ ഠ ചിലവാക്കിയിട്ടുള്ളതും ബഡ്ജറിൽ ഫ ഠ,ഠ ഠ രൂപക്കു വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു. കെട്ടിടത്തിന്റെ ബാക്കിയുള്ള ഭാഗം പൂർത്തിയാക്കുന്നതിലേക്കു ഇ ഠ,ഠ ഠ രൂപയുള്ള ഒരു അഡിഷണൽഗ്രാന്റു വേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കെട്ടിടത്തിന്റെ പ്ലാൻ സംബന്ധിച്ചിടത്തോളം മദ്രാസ് സർവകലാശാലയും ഗവണ്മെന്റും തമ്മിൽ എന്തെങ്കിലും ഏർപ്പാടുണ്ടോ?

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ): അതിനെപ്പറ്റി എനിക്കറിവില്ല.

ടി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംപ്ലിമെന്ററിഗ്രാന്റിന്റെ സഹായം കിട്ടാ വുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള കോൺസ്പിരി ഇപ്പോൾ പണികഴിപ്പിച്ചുകൊണ്ടിരിക്കുന്നതായ കെട്ടിടത്തിനും; അതല്ല മുഴുവൻ കെട്ടിടത്തിനും ഗ്രാന്റു കിട്ടിയിരിക്കുന്നുണ്ടോ?

മി: ഏ. ദൈവപ്പൻ (ചീഫ് ഇഞ്ചിനീയർ): പൊതുവിൽ കെട്ടിടത്തിനാണ് ഗ്രാന്റ് അനുവദിക്കുക.

ടി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കെട്ടിടത്തെപ്പറ്റി ഗ്രാന്റനുവദിക്കുന്നതായതൊന്നും ഇല്ല. അതാണെ വാസ്തവമായ ഗ്രഹിച്ചിട്ട്. (ചിരി)

മി: ഏ. ദൈവപ്പൻ (ചീഫ് ഇഞ്ചിനീയർ): ഞാൻ മനസ്സിലാക്കുന്നു.

ടി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): കെട്ടിടത്തെ വ്യവസ്ഥപ്പെടുത്തുന്നതിനെന്നു ഗവർണ്മെന്റ് ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള അഫിഡിയേഷനാണോ?

മി: ഏ. ദൈവപ്പൻ (ചീഫ് എഞ്ചിനീയർ): അതുസംബന്ധിച്ച് എനിക്കൊന്നുമറിവുമില്ല.

ടി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ആപേക്ഷപ്പെട്ടവരിൽനിന്നും ഒരു നാമകൻ സംഭിക്കും.

മി: ഏ. ദൈവപ്പൻ (ചീഫ് എഞ്ചിനീയർ): എനിക്കറിയാൻ പാടില്ല. (ചിരി)

ടി: എം. ശിവതാണുപിള്ള (തോവാള): മുഴുവൻ ജങ്കയും ചിലവാക്കുന്നതിനു ചീഫ് എഞ്ചിനീയർ ഉദ്ദേശിക്കുന്നുണ്ടോ?

മി: ഏ. ദൈവപ്പൻ (ചീഫ് എഞ്ചിനീയർ): മുഴുവൻ ജങ്കയും ചിലവുചെയ്യുമെന്നു മനംപൂർവ്വം ഞാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറയുക എനിക്കു പ്രസ്താവിക്കാൻ സാധിക്കയുള്ളൂ.

ടി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അഫിഡിയേഷൻ കിട്ടുന്നതിനു വേണ്ട സംഭാവനകളിൽ സ്ഥലസൗകര്യങ്ങളും കൂടി ഉൾപ്പെടുന്നില്ലെന്നു മെംബർ വിചാരിക്കുന്നില്ലേ?

മി: ഏ. ദൈവപ്പൻ (ചീഫ് എഞ്ചിനീയർ): ഉണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നത്.

ടി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥലസൗകര്യമില്ലാത്തതിനാലൊ അതല്ല മറ്റുവല്ല കാരണങ്ങളാലൊ അഫിഡിഷേഷൻ അനുവദിക്കായ്കയുണ്ടായത്? വാസ്തവത്തിലുള്ള കാരണമെന്തായിരുന്നു?

മി: ഏ. ദൈവപ്പൻ (ചീഫ് എഞ്ചിനീയർ): എനിക്കു പറയാൻ നിവർത്തിച്ചില്ല.

ടി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): സർ, ചോദ്യച്ചെയ്യാനല്ല ഞാനുദ്ദേശിച്ചത്. ആവശ്യപ്പെട്ടതിനുമുമ്പായി ഈ സംഗതികളെ സംബന്ധിച്ചു പൂർണ്ണവിവരങ്ങൾ തരാൻ സാധിക്കുമോ?

മി: ഏ. ദൈവപ്പൻ (ചീഫ് എഞ്ചിനീയർ): അതിലേക്കു മറുപടിനൽകാൻ എനിക്കു സാധിക്കുന്നില്ല.

അടുത്തകാലത്തു പണികഴിപ്പിക്കപ്പെട്ട ഒരു റോഡിനെ സംബന്ധിച്ചു വിവരങ്ങൾ വേണമെന്നു മിസ്റ്റർ ജി. രാമൻമേനോൻ ആവശ്യപ്പെടുകയുണ്ടായി. അതിലേക്കുള്ള മറുപടി എന്തെന്നാൽ ആ റോഡിൽ ധാരാളമായി മോട്ടോർ ഗതാഗതമുള്ളതും അതിന്റെ ഇപ്പോഴത്തെ സ്ഥിതി പരിശോധിക്കപ്പെട്ടിട്ടില്ലെങ്കിൽ മുൻപു നാം അതിൽനടത്തിയിട്ടുള്ള ജോലികളൊക്കെ നിഷ്ഫലപ്പെട്ടുപോകുമെന്നുമാണ്. ബഡ്ഡറ്റു യോഗാവസരത്തിൽ പ്രസ്തുതറോഡിന്റെ അധികഭാഗവും മോട്ടോർ ഗതാഗതയോഗ്യമാക്കത്തക്കവിധത്തിലുള്ള വിവരം കൃത്യമായിട്ടു അറിഞ്ഞിരുന്നില്ല. ഇപ്പോൾ പ്രസ്തുതറോഡിൽ കൂടുതൽ ജോലി നടത്തപ്പെടേണ്ടതാണെന്നു കണ്ടിരിക്കുന്നു.

പിന്നിട്ട റോഡുകളുടെയും സംബന്ധിച്ചിടത്തോളം ഒരു വ്യാപ്തിയുള്ള നയം വേണമെന്നുള്ളതിനെ സംബന്ധിച്ചു മിസ്റ്റർ ഏ. കെ. പിള്ള പ്രതിപാദിക്കുണ്ടായി. എനിക്കറിയുള്ളിടത്തോളം അതിനെ സംബന്ധിച്ച് ഇപ്പോൾ തീരുമാനമൊന്നും അപ്രകാരം ഒരു നയം ഉള്ളതുകൊണ്ടല്ല. ഓരോ ആവശ്യകതയുടേയും അടിയന്തരസ്വഭാവത്തെ അടിസ്ഥാനപ്പെടുത്തി ഒരു ജോലിക്കു മുമ്പായി മറ്റൊരുജോലി ചെയ്യണമെന്നായി വരും. ആ കാരണത്തിനാണ് ഒരു സപ്ലിമെന്ററി ഡിമാൻഡ് ആവശ്യപ്പെട്ടതുതന്നെ. അടുത്ത ബഡ്ഡറ്റുസമ്മേളനത്തിൽ കൂടുതൽ പണം കിട്ടുന്നതുവരെ ഒൻപതുമാസത്തേക്കു ജോലി നിറുത്തിവയ്ക്കുന്നതു യാതൊരുതരത്തിലും ഉപകരപ്രദമായിരിക്കുന്നതല്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്). സർ, മിസ്റ്റർ നീലകണ്ഠപ്പിള്ളയെ പിൻതാങ്ങുന്നതിനും പ്രസ്തുതപ്രമേയത്തെ എതിർക്കുന്നതിനും എനിക്കു വല്ലതായ സന്തോഷമുണ്ട്. മിസ്റ്റർ ദൈവപ്പൻ മറുപടി നൽകാൻ പാടില്ലാത്ത അമാന്യകം സംഗതികളും വാഗ്ദത്തിവാതങ്ങളിൽ ഇടയായിത്തീർന്നതുകയും അവയ്ക്കു മറുപടി നൽകാൻ സാധിക്കയില്ലെന്നു തദ്ദേഹം മുമ്പടി പറയുകയും ചെയ്തുവല്ലൊ. ഈതിലേക്കുള്ള വിവരങ്ങൾ നൽകുന്നതിരിക്കുന്നപക്ഷം അവകൂടാതെ പ്രസ്തുത ഡിമാൻഡു നാം വോട്ടുചെയ്യുന്നതായി വരും. സിൻറിക്കേറ്റുകാർ കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചുഎന്ന നടുക്കരിയെന്നതായിരിക്കുന്നു. അതിലേക്കും മിസ്റ്റർ ദൈവപ്പൻ മറുപടിനൽകിയില്ല. പിന്നീട് ഇതൊരു വലുതായ ജോലിയാണെന്നും ഏകദേശം ൪൦,൦൦൦ രൂപ ചിലവാക്കിയതിനുശേഷം സർവ്വകലാശാലക്കാർ അഫിഡിയേഷൻ നൽകുമോ ഇല്ലയോ എന്നുള്ള സംഗതിയെപ്പറ്റി നമുക്കറിയേണ്ടതായിരുന്നു. അതിലേക്കും തൃപ്തികരമായ ഒരു മറുപടി നമുക്കു സിദ്ധിച്ചില്ല. മിസ്റ്റർ ദൈവപ്പനും മറ്റു ചിലരും വിചാരിക്കുന്നതിൻവണ്ണം ഇപ്പോൾ അത്യാവശ്യമായിട്ടുള്ള കൂട്ടത്തിൽ സ്ഥലസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതു മാത്രമുള്ളൂ എന്നും അഫിഡിയേഷൻ അതിന്റെ ഫലമായിത്തീരുന്നതല്ലെന്നും തോന്നുന്നപക്ഷം ആവശ്യമുള്ളിടത്തോളം സ്ഥലസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനു പണം അനുവദിക്കുന്നതിൽ യാതൊരു ആക്ഷേപവുമില്ലെന്നാണ് എന്റെ അഭിപ്രായം. എന്നാൽ തോരെവിച്ചു ഇതിൽ അന്തർവേചിച്ചിരിക്കുന്ന ഏകദേശം അഫിഡിയേഷനായിരിക്കും അഫിഡിയേഷൻ സിദ്ധിക്കുന്നതെന്നു

ള്ള ഉദ്ദേശത്തോടുകൂടി സ്ഥലസൗകര്യം വർദ്ധിപ്പിക്കുകയും പുതുതായി കെട്ടിടത്തിന്റെ പ്ലാൻ സിൻഡിക്കേറ്റിൽ അയച്ചു അവരതുകൂടി അംഗീകരിപ്പിക്കുകയും, ഇത്രയുമധികം പണം ചിലവാക്കിയതിനുശേഷം സർക്കാരാശുപത്രിയിൽ അഫിലിയേഷൻ നൽകുമെന്നു മെഡിക്കൽ സർക്കാരാശുപത്രിയുടെ പക്ഷൽ നിന്നും ഉറപ്പു വാങ്ങിക്കുകയും ചെയ്യുന്നതാണെന്നാണു ഞാൻ അഭിപ്രായപ്പെട്ടിരുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിർദ്ദേശിക്കപ്പെട്ടിരുന്ന കോളേജ്കാര്യങ്ങളെ പൂർണ്ണമായും തിരസ്കരിക്കുന്നതു സിൻഡിക്കേറ്റിന്റെ ജോലിയിൽ ഉൾപ്പെടുന്നതാണോ?

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും, തെക്ക്): അതു സംബന്ധിച്ചുള്ളതറിവു എനിക്കില്ല. അവർ നമ്മെ സഹായിക്കുന്നതിൽ ഉപേക്ഷവിചാരിക്കുമെന്നു എനിക്കു തോന്നുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഗവൺമെന്റ് സർക്കാരാശുപത്രിയിൽ നിന്നും നേരിട്ടു അഫിലിയേഷൻ ലഭിക്കുന്നതിനു മെംബർക്കു വല്ല ആക്ഷേപവുമുണ്ടോ?

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും, തെക്ക്) അതിനുള്ള സംബന്ധമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. മഞ്ഞാസ്സു സർക്കാരാശുപത്രിയിൽ വീണ്ടുമുള്ള അഫിലിയേഷനെ സംബന്ധിച്ചാണെല്ലാം നാം പ്രതിവാദിക്കുന്നതു.

മി: എം. ശിവതാണുപിള്ള (തോവാള): മഞ്ഞാസ്സു സർക്കാരാശുപത്രിയിൽ നിന്നും കിട്ടുന്നതിനു പകരം ഗവൺമെന്റ് സർക്കാരാശുപത്രിയിൽ നിന്നും നേരിട്ടു അഫിലിയേഷൻ സിദ്ധിക്കുന്നതിൽ വച്ചു മെംബർക്കു വല്ല ആക്ഷേപവുമുണ്ടോ എന്നാണു് എന്റെ ചോദ്യം.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും, തെക്ക്): അതിനെപ്പറ്റി ഞാനിപ്പോൾ ആലോചിക്കുന്നതിനു വിചാരിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): അങ്ങിനെയാണെങ്കിൽ അഫിലിയേഷൻ സിദ്ധിക്കുമോ ഇല്ലയോ എന്നുള്ള വിഷയത്തെപ്പറ്റി ചിന്തിക്കാതെ പ്രസ്തുത കെട്ടിടത്തിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിൽമെംബർക്കു വല്ല ആക്ഷേപവുമുണ്ടോ?

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടവും വ്യവസായവും, തെക്ക്): ചാലപ്രതിവാരത്തിനു അദ്ധ്യക്ഷനായ വിഷയത്തെപ്പറ്റി ചിന്തിക്കുന്നതായാൽ, അഫിലിയേഷനാണു നമ്മുടെ ഉദ്ദേശമെങ്കിൽ സിൻഡിക്കേറ്റുകാർ നമ്മെ നിർബന്ധിക്കുവാനായ ചില ആവശ്യങ്ങളേയും ചില നിബന്ധനകളേയും നാം നിറവേറ്റിക്കൊടുക്കേണ്ടതായിവരും. പ്രസ്തുത കെട്ടിടത്തെ സംബന്ധിച്ചിടത്തോളം സിൻഡിക്കേറ്റുകാർ ആവശ്യപ്പെട്ടിരുന്നതായ ഏതെങ്കിലും നിബന്ധനകളെപ്പറ്റി എനിക്കറിവുള്ളതിൽ ക്ലൃതയായി മിസ്റ്റർ വൈപ്പുന അറിവില്ലെന്നു പ്രസ്താവിക്കുവാൻ ഇടയായതിൽ ഞാൻ മനസ്സാപിക്കുന്നു. ഇതിനും പുറമെ, കഴിഞ്ഞ സർക്കാരാശുപത്രി ഇൻസ്പെക്ഷനിന്റെ റിപ്പോർട്ടിൽ നിന്നും അതായതു ഒരു പ്രൊഫസ്സറുടെ ആവശ്യമായി ഈ സഭയിൽ വയ്ക്കപ്പെട്ട പ്രസ്തുത റിപ്പോർട്ടിന്റെ ഏതാനും ഭാഗത്തിൽ നിന്നും ഈകുറവുകൾ ഇപ്പോൾ അനുഭവിച്ചു പോരുന്ന അഫിലിയേഷൻ കൂടി അവകാശപ്പെടുന്നതിനുണ്ടു്. അപ്രകാരമിരിക്കെ ഈ സഭയിലെ ഉദ്യോഗസ്ഥമെംബറന്മാരിൽ ആരെങ്കിലുമിപ്പോൾ മിസ്റ്റർ വൈപ്പുന്റെ പക്ഷൽ നിന്നോ ഗവൺമെന്റു പ്രതിനിധിയായ മറ്റാരുടെ പക്ഷൽ നിന്നോ യാതൊരു ഉറപ്പും കിട്ടാതെ നാം പ്രസ്തുത ഗ്രാന്റു അനുവദിച്ചു കൊടുക്കുന്നതായാൽ നാമമാത്രമുള്ള ചെക്ക കൊടുക്കുന്നതുപോലെ ആയിത്തീരുമെന്നു ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടു സഭയുടെ ഉദ്യോഗസ്ഥവിഭാഗത്തിൽ നിന്നും ഒരു വാഗ്ദാനം കിട്ടുന്നതുവരെ, എനിക്കു മിസ്റ്റർ നിലകണ്ഠപ്പിള്ളയെ പിൻതാങ്ങുവാൻ നിവൃത്തിയില്ല.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർ, സ്ത്രീകൾക്കുള്ള കോളേജിനു പണികഴിപ്പിക്കുന്നതെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്ന കെട്ടിടത്തെ സംബന്ധിച്ചിടത്തോളം വാലപ്രതിവാരത്തിനു ചോദ്യമായിത്തീർന്നിരിക്കുന്ന ചില സംഗതികളെപ്പറ്റി മിസ്റ്റർ സ്റ്റീഫൻസൺ ഇന്നു ഇവിടെ ഇല്ലാത്തിരിക്കുന്ന സ്ഥിതിക്കു ഞാൻ തന്നെ പ്രസ്താവിക്കുന്നതിനു തുനിക്കാം. സർ, സ്ത്രീകൾക്കുള്ള കോളേജിനെ ഒരു ഒന്നാം ഗ്രേഡു കോളേജായി ഉയർത്തണമെന്നുള്ളകാര്യം എല്ലാവരും സമ്മതിക്കുന്ന ഒന്നാണെന്നാണു എന്റെ വിശ്വാസം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഇല്ല.

മി: കെ. സി. മമ്മൻ മാപ്പിള (കുച്ചവടവും വ്യവസായവും, വടക്ക്): അതെ.

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഏതായാലും തങ്ങളുടെ പുത്രിമാരെ ആൺകുട്ടികൾക്കുള്ള സ്കൂളുകളിലും കോളേജ്കളിലും അയക്കുന്ന മതാചിതാക്കന്മാർ സ്ത്രീകൾക്കുള്ള കോളേജിനെ ഒന്നാം ഗ്രേഡാക്കി ഉയർത്തണമെന്നു അഭ്യർത്ഥിക്കുന്നുണ്ടു്. ഡാക്ടർ മാധവൻപിള്ള തന്നെ അതിലേക്കു എനിക്കുറപ്പു തരുന്നുണ്ടു്. എന്തെന്നാൽ ആൺകുട്ടികൾക്കുള്ള വിദ്യാലയങ്ങളിൽ അധികം പെൺകുട്ടികൾ പഠിക്കുന്ന സ്ഥലങ്ങളിൽപെൺകുട്ടികൾക്കു പ്രത്യേകം വിദ്യാലയങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതെന്നുള്ള വിഷയത്തെപ്പറ്റി ഏകദേശം അമമന്നിക്കുറിനു മുൻപാണു് അദ്ദേഹം പ്രതിവാദിച്ചതു്.

മി: കെ. ഒ.എ. ജോസഫ് (മീനച്ചിലും ദേവികുളവും): ഹൈസ്കൂളുകളെ സംബന്ധിച്ചല്ലെ അപ്രകാരം പ്രസ്താവിച്ചതു്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻ കീഴ്): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ആൺകുട്ടികൾക്കുള്ള ഹൈസ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളും പൂഷപാന ക്കുള്ള കോളേജുകളിൽ പഠിക്കുന്ന സ്ത്രീകൾക്കും തമ്മിൽ വ്യത്യാസമില്ലയോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സംസ്ഥാനത്തിൽ പൊതുവേയുള്ള അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം അങ്ങിനെയല്ല. ഇതിനും പുറമെ ഈ വിഷയത്തെപ്പറ്റി ചിന്തിക്കുന്നതിനു അല്പകാലത്തിനു മുൻപെ ഇവിടെ അയക്കപ്പെട്ട കമ്മിഷൻ ഈ കോളേജിനെ ഒന്നാം ഗ്രേഡായി ഉയർത്തേണ്ട ആവശ്യകതയെപ്പറ്റി മനസ്സിലാക്കിയിട്ടുണ്ടു്. തിരുവിതാംകൂർ ഗവണ്മെന്റിന്റെ ആഗ്രഹത്തോടു അവർ പൂർണ്ണമായി യോജിക്കുന്നുണ്ടെന്നു് അവർ പ്രസ്താവിച്ചു. ഇതിനെപ്പറ്റി കൂടുതലായി പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി: കെ. ഒ.എ. ജോസഫ് (മീനച്ചിലും ദേവികുളവും): കോളേജിനെ ഒന്നാംഗ്രേഡായി ഉയർത്തേണ്ട ആവശ്യകത എന്താണെന്നു ചീഫ് സെക്രട്ടറി പ്രസ്താവിക്കുമോ?

മി: കെ. ജോണ്ട് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർ, അതിന്റെ ആവശ്യകത ഈ നടത്തെന്നസമ്മതിച്ചിട്ടുള്ളതും, കെട്ടിടത്തിനു വേണ്ടി ബഡ്ജറ്റിൽ യോഗത്തിൽ ഫ, ൧൦൦ രൂപ സഭ അനുവദിച്ചിട്ടുള്ളതും ആകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞങ്ങൾക്കു സമയം കിട്ടാത്തതുകൊണ്ടു ഈ ഗ്രാന്റിനെപ്പറ്റി ഞങ്ങൾ വാദപ്രതിവാദം നടത്തിയിട്ടില്ലാത്തതും അതിന്റെ ഗുണം നിങ്ങൾക്കു സിദ്ധിക്കുമാണ്ടായിട്ടുള്ളതുമാണ്.

മി: കെ. ജോണ്ട് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അപ്രകാരമല്ല ഉണ്ടായിട്ടുള്ളതു്. പൊതുമരാമത്തു ഡിമാന്റു വാദപ്രതിവാദം നടത്തപ്പെട്ടു. ഈ സഭയിൽ ആദ്യമായി പ്രതിപാദിക്കപ്പെട്ട ഡിമാന്റു അതുതന്നെ ആയിരുന്നു.

മി: കെ. ഐ. ജോസഫ് (മണക്കുവും-മേവികളുവും): ഇപ്പോഴും പുരുഷന്മാർക്കുള്ള കോളേജുകളിൽ വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥിനികളുടെ സംഖ്യഎന്താണ്?

മി: കെ. ജോണ്ട് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) കൃത്യമായ അറിവു എനിക്കില്ല. മദ്രാസിലുള്ള കോളേജുകളിൽ അനവധി വിദ്യാർത്ഥിനികൾ പഠിക്കുന്നുണ്ടു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി). സ്ത്രീകൾക്കുള്ള കോളേജിൽ എല്ലാവിഷയങ്ങളും പഠിപ്പിക്കുന്നതിനു ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

മി: കെ. ജോണ്ട് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു കാലക്രമേണ ചെയ്യാനെ സാധിക്കയുള്ളു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങിനെയാണെങ്കിൽ പുരുഷന്മാരുടെ സന്നിധിയിൽനിന്നും എത്രയും സ്ത്രീകളേമാത്രമേ മാറിനിറുത്താൻ സാധിക്കയുള്ളു. അതായതു, സ്ത്രീകൾക്കുള്ള കോളേജിൽ എല്ലാവിഷയങ്ങളിലും വിദ്യാഭ്യാസം നൽകുന്നതിനു സാധിക്കാതിരിക്കുന്നിടത്തോളംകാലം ഈദൈവഷ്യം മേലും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ രാജ്യത്തിലെ എല്ലാസ്ത്രീകൾക്കും കോളേജുവിദ്യാഭ്യാസം നൽകാമെന്നു ഗവണ്മെന്റു ഒരിക്കലും പ്രഖ്യാപനം ചെയ്തിട്ടില്ല; പുരുഷന്മാരെ സംബന്ധിച്ചിടത്തോളവും ഗവണ്മെന്റു അപ്രകാരം ചെയ്തിട്ടില്ല. എന്നാൽ കഴിവുള്ളിടത്തോളവും സ്ത്രീകൾക്കു സ്ത്രീകൾക്കുള്ള കോളേജിൽ തന്നെ വിദ്യാഭ്യാസം നൽകണമെന്നാണു ഗവണ്മെന്റിന്റെ ഉദ്ദേശം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഓരോകൊല്ലത്തിലും ഒരു സ്ത്രീയ്ക്കു വിദ്യാഭ്യാസത്തിനു വേണ്ടി എത്ര ചിലവാക്കുന്നു?

മി: കെ. ജോണ്ട് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇതിനെസംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഇപ്പോൾ എന്റെപക്കലില്ലാത്തതിനാൽ മനസ്സാപിക്കുന്നു. സ്ത്രീവിദ്യാഭ്യാസം സംബന്ധിച്ചുള്ള പൊതുവിഷയത്തെപ്പറ്റി ഇന്നു ഇവിടെ വാദപ്രതിവാദം നടത്തുമെന്നു ഞാൻ ഉദ്ദേശിച്ചിരുന്നില്ല.

വാസ്തവത്തിലുള്ള സംഗതി എന്താണെന്നാൽ ഇപ്രകാരം വലിയൊരു തുക ചിലവാക്കിയതിനശേഷം ബി-എ ആണും പ്രകൃതിശാസ്ത്രം ആണും സർവകലാശാലയുമായി അഫിലിയേറു ചെയ്യപ്പെട്ടതോ എന്നുള്ളതാണ്. സർ, ഈ വിഷയത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനു ഇവിടെ അയച്ചിരുന്ന കമ്മീഷന്റെ റിപ്പോർട്ടിന്റെ എത്രയും ഭാഗം സഭ കയിക്കുനോക്കിയിട്ടുണ്ടല്ലോ. സ്ഥലസൌകര്യമുണ്ടാക്കിക്കൊടുക്കേണ്ട സംഗതി മാത്രമാണു ഇപ്പോൾ സഭ ചിന്തിക്കേണ്ടതായിട്ടുള്ളതു്. അതിനെപ്പറ്റി കമ്മീഷനു അപ്പോഴുണ്ടായിരുന്ന അഭിപ്രായം എന്തായിരുന്നു എന്നാൽ അപ്പോഴുണ്ടായിരുന്ന സ്ഥലസൌകര്യം പോരാ എന്നും നൽകപ്പെടാമെന്നു വാഗ്ദാനം ചെയ്തിരുന്ന സ്ഥലസൌകര്യംകൊണ്ടുമാത്രം പോരാ എന്നും ആയിരുന്നു. ഇപ്പോൾ കമ്മീഷനുള്ള ആ അഭിപ്രായത്തെ മാറുന്നതിനുമാത്രമാണ് പ്രസ്തുത കെട്ടിടം നാം പണികഴിപ്പിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതൊരു ആക്ഷേപം മാത്രമേയുള്ളോ?

മി: കെ. ജോണ്ട് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മറ്റു ആക്ഷേപങ്ങൾകൂടി ഉണ്ടായിരുന്നുഎങ്കിലും അവയിൽ മേൽ പ്രസ്താവിച്ച ആക്ഷേപത്തെ സംബന്ധിച്ചാണു ഞാനിപ്പോൾ വാദപ്രതിവാദം നടത്തുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റു ആക്ഷേപങ്ങളെ പരിഹരിക്കുന്നതിനു ഗവണ്മെന്റു നടപടി നടത്തിട്ടുണ്ടോ?

മി: കെ. ജോണ്ട് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അവയെ പരിഹരിക്കാൻ പ്രയാസമുള്ളതല്ല; അവ പരിഹരിക്കപ്പെടുന്നതുമാകുന്നു. സ്ഥലസൌകര്യമില്ലാത്തതാണു പ്രധാനമായിട്ടുള്ള ആക്ഷേപം, അടുത്തകൊല്ലംമുതൽക്കാണു അഫിലിയേഷൻ വേണമെന്നു നാം ആവശ്യപ്പെടുന്നതു്; അപ്രകാരം ചെയ്യുന്നതിനുമുൻപേയി സ്ഥലസൌകര്യം സംബന്ധിച്ചുള്ള ആക്ഷേപം മാറേണ്ടതും പ്രസ്തുത കെട്ടിടം പൂർത്തിയാക്കപ്പെടുന്നതോടുകൂടി പ്രസ്തുത ആക്ഷേപം നിശ്ചയമായിട്ടും ഉണ്ടാവുകയില്ലാത്തതുമാകുന്നു.

കെട്ടിടത്തിന്റെ പ്ലാൻ സർവ്വകലാശാലക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്നുള്ള വിഷയംകൂടി വാദപ്രതിവാദത്തിനിടയിൽ ഉണ്ടായി. അതിനെസംബന്ധിച്ചിടത്തോളം യാതൊരുനിയമവുമില്ലാത്തതാണ്. പ്ലാനുകൾ കാലേകൂട്ടി പരിശോധിച്ചു അവയെ അംഗീകരിക്കേണ്ട ജോലി അവർ ഏറ്റെടുചെയ്യുമെന്നു ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. കമ്മീഷൻ വീണ്ടും വന്നു സന്ദർശിക്കുമ്പോൾ എല്ലാ ആക്ഷേപങ്ങളും പരിഹരിക്കപ്പെട്ടിരിക്കണം; അതാണു അവർക്കു വേണ്ടതു്.

മി: എസ്സ്. പീരുവിപ്പെരുമാൾപിള്ള (കുഴുവടവും-വ്യവസായവും, തെക്കു്): വൃത്താകാരമായ മുറികളിൽവച്ചു തേക്കണ്ണാടിയുടെ സഹായം മൂലം ചില പരിശോധനകൾ നടത്തുന്നതിനുപകരം ആ പരിശോധനകൾ ചതുരാകാരമായിട്ടുള്ള മുറികളിൽവച്ചു നടത്തുന്നതായിട്ടില്ലെ എന്നു മെമ്പർ പ്രസ്താവിക്കുമോ?

മി: കെ. ജോണ്ട് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): എനിക്കു പറയുവാൻ നിവൃത്തിയില്ല.. പക്ഷെ അതിനെപ്പറ്റി മെമ്പർക്കു വിവരമുണ്ടായിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആരോടെങ്കിലും ആലോചിച്ചിട്ടാണോ പ്ലാൻകാര്യം നിശ്ചയിച്ചത്?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വിദ്യാഭ്യാസവകുപ്പുമന്ത്രിയോടും കോളേജുകളിലെ പ്രിൻസിപ്പാളന്മാരോടും ആലോചിച്ചാണ് അവ തയ്യാറാക്കപ്പെട്ടത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസവകുപ്പ് ഒരു വിഭാഗമാണോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വിദ്യാഭ്യാസം സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു വിഭാഗം തന്നെയാണ് വിദ്യാഭ്യാസത്തിനു വേണ്ട ഉപകരണങ്ങൾ എന്തെല്ലാമാണെന്ന അദ്ദേഹത്തിനു അറിവുള്ളതുമാകുന്നു.

മി. എ. കെ. പിള്ള (കുന്നാംഗപ്പള്ളി): സ്ത്രീകൾക്കുള്ള കോളേജിനെ ആർട്ട്സ് കോളേജായിട്ടോ സയൻസ് കോളേജായിട്ടോ ആക്കുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): തൽക്കാലം ബി-എയ്ക്കു വേണ്ടതായ ആർട്ട്സ് കോളേജായിരിക്കുന്നതാണ്.

മി: എ. കെ. പിള്ള (കുന്നാംഗപ്പള്ളി): ഇതിനുശേഷം ഒരു സയൻസ് കോളേജുകൂടി വേണമെന്നു ഗവണ്മെന്റ് ആവശ്യപ്പെടുമെന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അപ്രകാരം നമുക്കാശിക്കാം. കാലക്രമേണ അപ്രകാരമുണ്ടാകാം.

കോളേജുകൾക്കു പണികഴിക്കപ്പെടുന്ന കെട്ടിടങ്ങളുടെ പ്ലാനുകൾ സർക്കാരാശുപത്രിയിലെ ഡോക്ടർ മുൻപേകൂട്ടി അംഗീകരിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. നേരേമറിച്ചു കെട്ടിടങ്ങളുടെ പണി പൂർത്തിയായതിനുശേഷം വേണ്ട ഉപകരണങ്ങളെല്ലാം അവയിലുണ്ടോ എന്നു പരിശോധിക്കാൻ അവർ കമ്മീഷൻ അയക്കുകയായിരിക്കാം.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കൃഷിവടവും, വ്യവസായവും തെക്ക്): മെമ്പന്മാരുടെ പക്കൽ നിന്നും—

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എന്റെ വാചകം പൂർത്തിയാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനുശേഷം മെമ്പർ എന്തു ചോദ്യം ചോദിക്കണമെന്നു ആഗ്രഹിക്കുന്നുവോ അതു ചോദിക്കാവുന്നതാണ്. കമ്മീഷൻ അയക്കപ്പെട്ടപ്പോൾ അവർ യാതൊന്നു ആക്ഷേപവും പുറപ്പെടുവിക്കരുതു; സർക്കാരാലോചിക്കേണ്ടതു വേണ്ടുന്നതാണ്. പ്ലാനുകളും എസ്റ്റിമേറുകളും മുൻപേകൂട്ടി അംഗീകരിക്കണമെന്നു ഡോക്ടർ സർക്കാർ ആശുപത്രിയോ എന്നുള്ള കാര്യം എനിക്കു വളരെ സംശയമാണ്. അതിനാൽ കമ്മീഷൻ വരുമ്പോൾ സ്ഥലസൗകര്യത്തെ സംബന്ധിച്ചിടത്തോളം അവർ യാതൊരു ആക്ഷേപവും പുറപ്പെടുവിക്കാതിരിക്കുന്നതിനു കോളേജിന്റെ ആവശ്യത്തിലേക്കായി ഒരു കെട്ടിടം പണികഴിപ്പിച്ചു പൂർത്തിയാക്കണമെന്നാണു ഗവണ്മെന്റ് ആശിക്കുന്നതു. ചീഫ് ഇഞ്ചിനീയരോടും കോളേജുകളിലെ പ്രിൻസിപ്പാളന്മാരോടും ആലോചിച്ചിട്ടാണു പ്ലാനുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു. അതുകൊണ്ടു പ്രസ്തുതകോളേജിനെ ഒന്നാംഗ്രേഡായി ഉയർത്തുന്നതിലേക്കു കെട്ടിടം മതിയാകയില്ലെന്നുള്ള ആക്ഷേപം കമ്മീഷണർ പുറപ്പെടുവിക്കയില്ലെന്നാണ് എന്റെ വിശ്വാസം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു പ്രിൻസിപ്പാളന്മാരോടാണു ആലോചിച്ചിട്ടുള്ളതു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സയൻസുകോളേജിലെ പ്രൊഫസന്മാരോടും ചേഡിപ്രിൻസിപ്പാളോടും ആലോചിച്ചു എന്നാണെ എന്റെ വിശ്വാസം. അതിനാൽ സർക്കാരാലോചകർ അഹിഡിയേഷൻ അനുവദിക്കുമോ എന്നുള്ള സംശയത്തെപ്പറ്റി ഗവണ്മെന്റിൽനിന്നും ഉറപ്പുതരുന്നതിനു സാധിക്കയില്ലെങ്കിലും ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന മനോഹരമായ കെട്ടിടം പൂർത്തിയാകുമ്പോൾ സ്ഥലസൗകര്യമില്ലെന്നുള്ള കാരണത്തിന്മേൽ യാതൊരു വിവേകമുള്ള കമ്മീഷണും എതിർക്കയില്ലെന്നു ഗവണ്മെന്റിനു പ്രത്യാവിക്കാൻ സാധിക്കും.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കൃഷിവടവും വ്യവസായവും, തെക്ക്): മനോഹരമായ ഇവിടെ ഉദ്ദേശിച്ചിട്ടുണ്ടോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർക്കാരാലോചകർക്കു പ്ലാനുകൾ അയച്ചുകൊടുക്കുന്നതിലേക്കു വല്ല നടപടികളുമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അപ്രകാരം നടപടിയുള്ളതായി ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസകാര്യങ്ങളെ സംബന്ധിച്ചിടത്തോളം അപ്രകാരമൊരു നടപടിയുണ്ടെന്നുള്ളതായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയില്ലെന്നാണു ഞാൻ വിശ്വസിച്ചിരിക്കുന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോഴത്തെ നമ്മുടെ കോളേജിനെ സംബന്ധിച്ചിടത്തോളം അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇല്ല.

മി: കുണ്ടിപ്പുള്ളിയിൽ അബ്ദുൽ രാമൻപിള്ള (കൊല്ലം): അംഗീകരണത്തിനായി സർക്കാരാലോചകർക്കു പ്ലാൻ അയച്ചുകൊടുക്കുന്നതിൽ എന്തെങ്കിലും ആക്ഷേപമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കോളേജുതുറക്കുമ്പോൾ, അതായതു അടുത്ത ജൂണിയിലെങ്കിലും കെട്ടിടം പൂർത്തിയാക്കേണമെന്നായിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു മാറിവയ്ക്കുന്നതിൽ എന്തെങ്കിലും ദോഷമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ദോഷമുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അടുത്തകൊല്ലമായ് മാസത്ത് തന്നെ അങ്ങിനെയെന്നല്ല എന്തെങ്കിലും നിർബന്ധമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിന്റെയും സംബന്ധപ്പെട്ടജനങ്ങളുടേയും ആഗ്രഹം അതാണ്.

മി: കെ പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇനിമേലിൽ കമ്മീഷൻ വന്നു ഈ വിഷയത്തെപ്പറ്റി അടുത്ത മാവിയിൽതന്നെ വീണ്ടും അന്വേഷണം നടത്തുന്നതാണെന്ന ഇപ്പോൾ എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). ഒരു കമ്മീഷൻ അയക്കണമെന്നു ഗവണ്മെന്റു സംബന്ധപ്പെട്ടവരോടു ആവശ്യപ്പെട്ടിട്ടുള്ളതും എന്നാൽ അതിനുള്ള ഇതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതും കൊണ്ടാണ്.

മി: ജി. രാമൻതമ്പിനാൻ (മാവേലിക്കര യൂ, കാർത്തികപ്പള്ളിയും): ഈ പണംകൊണ്ടു കെട്ടിടം മുഴുവനും തീർക്കാൻ സാധിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). ഈ പണം രണ്ടേകെട്ടിടത്തിന്റെ പകുതിയെങ്കിലും തീർക്കാൻ സാധിക്കുമെല്ലാ എന്നു മിസ്റ്റർ വൈപ്പുൻ പ്രസ്താവിച്ചിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): കാര്യേജിനോടു ഹോസ്റ്റൽ പണികഴിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ഹോസ്റ്റൽ ഫീസ് പ്രാട്ടുകളെ സംബന്ധിച്ചിടത്തോളം മുൻപു വന്നിരുന്ന കമ്മീഷൻ തൃപ്തിപ്പെട്ടതാ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇല്ലെന്നാണല്ലോ ശ്രദ്ധിക്കേണ്ടത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു ഇപ്പോഴത്തെ കാര്യപരിപാടിയിൽ ഹോസ്റ്റലിനു വ്യവസ്ഥചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു മേലാൽ ആലോചിക്കപ്പെടുന്നതുണ്ട്; അപ്പോൾ അതിനെ സംബന്ധിച്ചു സഭയുടെ പോട്ടചെയ്യാവുന്നതാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും, വ്യവസായവും, വടക്ക്): സർ, സഭയിലെ അനാള്യാ ഗസ്ഥമെംബറാന്മാരിൽ ചിലർ സ്ത്രീകൾക്കുള്ള കാളേജിനെ സംബന്ധിച്ചിടത്തോളം പ്രസ്താവിച്ച അഭിപ്രായംതന്നെയാണ് മറുള്ള നമ്മെളെക്കുമുള്ളതു എന്നൊരു തെറ്റിദ്ധാരണ ഉണ്ടാകുവാനുണ്ടായേക്കാവുന്നതാണ്. ആ തെറ്റിദ്ധാരണയെ തടയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഈ പട്ടണത്തിലെ സകലസാമഗ്രികളോടുമുള്ള സ്ത്രീകളുടെ ഒരു ന്നോം ഗ്രേഡുകാളെങ്കിലുണ്ടായിരിക്കണമെന്നുള്ള അത്യാവശ്യമാണ്. അനവധി പണം ചിലവാക്കി രണ്ടു ന്നാംഗ്രേഡുകാളേജുകളും പുരുഷന്മാരുടെ ആവശ്യത്തിലേക്കു പണികഴിപ്പിച്ചിട്ടുണ്ട്.

മി: ഏം. ശിവതാണുപിള്ള (തോവാള): സ്ത്രീകൾക്കുള്ള കാളേജിനെ ന്നാംഗ്രേഡായി ഉയർത്തുന്നതിൽ വലുതായ ആക്ഷേപമുണ്ടെന്നു മെംബർ വിചാരിക്കുന്നതായി ഞാൻ മനസ്സിലാക്കട്ടെ?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും, വ്യവസായവും, വടക്ക്): ചില മെംബറന്മാരുടെ പ്രസ്താവനകളിൽനിന്നും ഞാൻ ചിലതെല്ലാമേ ഊഹിച്ചു. മെംബർക്ക് ഊഹിക്കുന്നതിൽ സ്വതന്ത്രമുള്ളതാണ്. സ്ത്രീകൾക്കായിട്ടുള്ള കാളേജിനെ ന്നാംഗ്രേഡാക്കുന്നതിൽ ചിലർക്കു ആക്ഷേപമുണ്ട്. സ്ത്രീകളുടെകാളേജിനു ന്നാംഗ്രേഡാക്കുന്നതു ഏറ്റവും പ്രധാനമായിട്ടുള്ളതാണ്. ഇപ്പോൾതന്നെ ധാരാളം വിദ്യാർത്ഥിനികൾ മദ്രാസിൽപോയി അവിടത്തെ സ്ത്രീകളുടെ കാളേജുകളിൽ പ്രവേശനം ലഭിക്കുന്നതിനു വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആർട്ട്സുകാളേജിലും സയൻസുകാളേജിലും ഇക്കൊല്ലം പഠിക്കുന്ന വിദ്യാർത്ഥിനികളുടെ സംഖ്യയും കഴിഞ്ഞകൊല്ലവും അതിനു മുൻപിലത്തെകൊല്ലവും പഠിച്ചിരുന്ന വിദ്യാർത്ഥിനികളുടെ സംഖ്യയും തമ്മിൽ മെംബർ താരതമ്യപ്പെടുത്തി നോക്കിയിട്ടുണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക): അന്വേഷണത്തിലാണ് നടത്തുന്നതു എന്റെ ജോലിയല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ മുന്നുകൊല്ലങ്ങളിൽ സയൻസുകാളേജിലും ആർട്ട്സുകാളേജിലും പഠിച്ചിരുന്ന വിദ്യാർത്ഥിനികളുടെ സംഖ്യ എന്തായിരുന്നു എന്നുള്ളതിനെ സംബന്ധിച്ചു മെംബർക്കു വല്ല വിവരവുമുണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വാവസായവും, വടക്ക്): ഇല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളും): സ്ത്രീകളുടെ കാളേജുകളിൽ സ്ഥലസൌകര്യമില്ലാ എന്നുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസം നിരുത്തിയിട്ടുള്ള വിദ്യാർത്ഥിനികളുണ്ടോ

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): അതെ, ഉണ്ട്. എത്രയെണ്ണമുണ്ട്. മദ്രാസ്സിൽ ചെന്ന അപേക്ഷ എഴുതുകയും വേണമെന്നു എന്നെപേക്ഷിക്കുകയും അപേക്ഷിച്ചിട്ടുള്ളതായി അനേകം ഉദാഹരണങ്ങളുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). തിരുവനന്തപുരത്തുള്ള ആർട്ട്സുകാളേജിൽ പ്രവേശനം ലഭിക്കാത്ത ഒരൊറ്റ ഉദാഹരണം മെംബർ പ്രസ്താവിക്കുമോ?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്). അനേകം മാതാപിതാക്കന്മാർ അവരുടെ പെൺകുട്ടികളെ സ്ത്രീകൾക്കുള്ള കാളേജുകളിൽതന്നെ പഠിപ്പിക്കണമെന്ന ആഗ്രഹിക്കുന്നു എന്നാണു ഞാൻ പറയുന്നതിന്റെ സാരം.

ശ്രീ. പി. കെ. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആർട്ട്സുകോളേജ് യൂണിയനിലെ പ്രാസംഗിക ഒന്ന് ചുരുക്കി വിദ്യാഭ്യാസത്തിനു അനുകൂലിച്ചു പ്രസ്താവിച്ചു എന്നുള്ള സംഗതി മെമ്പർക്ക് അറിവുണ്ടോ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): ഇല്ല, അതിനെപ്പറ്റി ഞാൻ അറിഞ്ഞിട്ടില്ല.

ശ്രീ: കുറ്റിപ്പള്ളിൽ രാഘവൻപിള്ള (കൊല്ലം): തെഴിലില്ലാത്തതായ മേഡി ഗ്രാഡ്വേറ്റുകൾ ഇപ്പോഴുണ്ടോ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): ഉണ്ട്. പുരുഷന്മാരുടെ ഇടയിലും തൊഴിലില്ലാത്ത അനേകം ഗ്രാഡ്വേറ്റുകളുണ്ട്; അതുകൊണ്ട് അവരുടെ വകയായി കോളേജുകൾ പാടില്ലെന്നു അർത്ഥമാകുന്നുണ്ടോ? ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ശരിയായിട്ടുള്ളതാണോ അല്ലയോ എന്നതിനെപ്പറ്റിയും, ആവശ്യമുള്ളതിൽ കൂടുതൽ ഗ്രാഡ്വേറ്റുകളുള്ളതുകൊണ്ട് ഇപ്പോഴത്തെ വിദ്യാഭ്യാസരീതി നിറുത്തൽ ചെയ്യണമോ എന്നുള്ളതിനെക്കുറിച്ചും വാഗ്വിവാദം നടത്തുന്നതിലേക്കല്ല നാം ഇവിടെ കൂടിയിരിക്കുന്നത്, അതിനെപ്പറ്റി ചിന്തിക്കാനോ ഡാക്ടർ മാധവൻപിള്ള വ്യക്തമായി പ്രസ്താവിച്ചതുപോലെ ധാരളം അദ്ധ്യാപികമാരുടെ പെൺകുട്ടികളെ പുരുഷന്മാർക്കുള്ള കോളേജുകളിൽ അയക്കുന്നതിനു വിസ്സമ്മതമുള്ളതുകൊണ്ടും.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോളേജുകളിലെ പെൺകുട്ടികൾ ഇടയ്ക്ക് പഠിക്കുന്നതിന് അപേക്ഷപോലുണ്ടോ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): ഇതെന്നുണ്ടോ ഞാൻ വിചാരിക്കുന്നുണ്ട്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർതന്നെ അതു അപേക്ഷിക്കുന്നുണ്ടോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവിൽ വേറെ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ എന്നു മെമ്പർ പ്രസ്താവിക്കുമോ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): ധാരാളം അപേക്ഷകൾ അപേക്ഷിക്കുന്നുണ്ട്. ഉദാഹരണമായി, ഞാൻതന്നെ അതിനെ അപേക്ഷിക്കുന്നു. അതിനെപ്പറ്റി ആലോചിക്കാതെ പലേ കാരണങ്ങളാലും തിരുവിതാംകൂറിൽ സ്ത്രീകൾക്കുള്ള ഒരു ഇന്റർമീഡിയറ്റ് കോളേജിന്റെ ആവശ്യകതയുണ്ടെന്നു തർക്കമില്ല, അതുമായി ആവശ്യമുള്ള സ്ഥലസൗകര്യമില്ല.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സന്ദർഭത്തിൽ ചിലവിന്റെ കാര്യത്തെപ്പറ്റി ചിന്തിക്കേണ്ടതായിട്ടില്ലേ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): ഇക്കാര്യത്തിനു ആവശ്യമുള്ള പണം ചിലവാക്കാൻ നമ്മുടെ രാജ്യത്തിനു സാധിക്കും.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാർത്ഥിനികളെ സംബന്ധിച്ചിടത്തോളം ആളുകൾക്ക് ആണ്ടിൽ സ്കോ രൂപയോളം ചിലവാകുന്നുണ്ടെന്നുള്ള വിവരം മെമ്പർക്ക് അറിയാമോ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): അതു അപ്രകാരമായിരിക്കാം.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിലും ലേഡീസും): സ്ത്രീകളുടെ ആവശ്യത്തിനു ഒരു ലാക്കാളേജിന്റെ ആവശ്യമുള്ളതായി മെമ്പർ വിചാരിക്കുന്നുണ്ടോ?

ശ്രീ: കെ സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): അതിപ്പോഴുള്ള സമയമാകുമ്പോൾ എന്റെ അഭിപ്രായം അപ്പോൾ പുറപ്പെടുവിക്കാം. സ്ത്രീകൾക്കുള്ള കാര്യത്തിൽ ഒന്നാംഗ്രേഡായി ഉയർത്തുന്നതിനു ഗവണ്മെന്റു ചെയ്യുന്ന എല്ലാ ശ്രമങ്ങളും ഞാൻ അഭിനന്ദിക്കുന്നതെന്നുചെയ്യുന്നു. സിൻഡിക്കേറ്റിലുള്ള മെമ്പറന്മാർ യോഗ്യന്മാരാണെന്നും അഫിലിയേഷൻ വേണമെന്നു തിരുവിതാംകൂർ ഗവണ്മെന്റു അപേക്ഷിക്കുമ്പോൾ അവർ എതിർക്കയില്ലെന്നും നമുക്ക് അനുമാനിക്കാം. ഇതിനിടയിൽ പുറമെ അങ്ങിനെ സാധാരണയായി ചെയ്യാവുന്നതിവിടില്ല. പ്ലാന്റുകൾ ഡിപ്പോർട്ടുചെയ്തു അംഗീകരിക്കപ്പെടുന്നതിനു കോളേജുകൾ സിൻഡിക്കേറ്റുകൾക്ക് അയച്ചുകൊടുക്കുക പതിവില്ലെന്നു എന്റെ സ്വന്ത പരിചയത്തിൽ നിന്നുതന്നെ അറിയാം. ആവശ്യമുള്ള സ്ഥലസൗകര്യം അധികാരസ്ഥന്മാർ നൽകേണ്ടതും സയൻസുലാബുകൾ കമ്മീഷൻ ചെയ്യുകയും ചെയ്യുന്നു.

ശ്രീ. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): കെട്ടിടങ്ങൾ പൂർത്തിയാക്കപ്പെട്ടതിനുശേഷം സയൻസുലാബുകൾ അഫിലിയേഷൻ നൽകുന്നതിനുള്ള ഒബ്സർവേഷനുകൾ ഉണ്ടോ എന്നു മെമ്പർക്ക് അറിവുണ്ടോ?

ശ്രീ: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): എനിക്കു അറിവില്ല, കെട്ടിടം പൂർത്തിയാക്കപ്പെട്ടതിനുശേഷം മാത്രമേ കമ്മീഷൻ കോളേജുകളെ പരിശോധിച്ചിട്ടുള്ളു എന്നും അതിനുശേഷം അവർ അനുവദിക്കുന്നതിനു നിറുത്തിയിട്ടുണ്ടു എന്നുമാണു ഞാൻ പ്രസ്താവിച്ചത്. പ്രസ്തുതസ്ഥാപനത്തിനു ഹേതുഭൂതമായിരിക്കുന്നതു തിരുവിതാംകൂർ ഗവണ്മെന്റായിരിക്കുന്നതുകൊണ്ടും സിൻഡിക്കേറ്റിലുള്ള മെമ്പറന്മാർ യോഗ്യന്മാരായതുകൊണ്ടും സയൻസുലാബുകളിൽ നിന്നും അഫിലിയേഷൻ നൽകുന്നതിൽ അവർ ബുദ്ധിമുട്ടിക്കുകയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ട് സപ്ലിമെന്ററി ഗ്രാന്റിനുള്ള ഡിമാന്റിനെ ഞാൻ ബഹുമായി പിൻതാങ്ങുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): ഫ-ം,ഡ-ം,ന-ം,ന്യ-ം ഇനങ്ങളോടുകൂടെ ര-ം ള-ം ഡിമാന്റു ഇനങ്ങളെ സംബന്ധിച്ചിടത്തോളം പ്രതിഷേധാഭിപ്രായം പുറപ്പെടുവിക്കണമെന്നു ഞാൻ അഭ്യർഥിക്കുന്നു. സർ, പ്രസ്തുത ഇനങ്ങളും സംബന്ധിച്ചിടത്തോളമുള്ള ആക്ഷേപങ്ങളെല്ലാം തുച്ഛീകരമായി പ്രതിവാഗിക്കപ്പെട്ടുകഴിഞ്ഞുവായി. അതിനാൽ ആ ഇനങ്ങളെ സംബന്ധിച്ചിടത്തോളം ആക്ഷേപം പറയുന്നതിനു യാതൊരുകാരണവും ഞാൻ കണ്ടെന്നില്ല. എന്നാൽ ര-ം ള-ം ഇനങ്ങളും സംബന്ധിച്ചിടത്തോളം ചീഫ് ഇഞ്ചിനീയരുടെ പക്കൽ നിന്നും തൃപ്തികരമായ യാതൊരു സമാധാനവും കിട്ടിയിട്ടില്ല. അതിനാൽ പ്രസ്തുത ഇനങ്ങളെ എഴുതുന്നതിനു ഞാൻ ധൈര്യപ്പെടുന്നു. സർ, അല്പകാലത്തിനുമുൻപുവരെ നാഗർകോവിൽ സെഗർകുഞ്ചുകളും സംബന്ധിച്ചിടത്തോളം ചേർത്തലതാലൂക്കിനോടു ഗവണ്മെന്റിനോടും തന്നെ അനുകമ്പയുണ്ടായിരുന്നില്ല, റോഡുകൾ

വെട്ടിക്കുറയ്ക്കേണ്ടിവന്നിട്ടുണ്ടെന്നുള്ളതാണ് കാരണം. അവശ്യപ്രവൃത്തികളെപ്പോലും അതിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന രീതിയിലുള്ള പുതിയ വ്യവസ്ഥകൾ ഇപ്പോഴത്തെ ആവശ്യങ്ങളെ നിറവേറ്റുന്നതിനോ എന്നെ ബന്ധിച്ചു പറയുന്നതിനോ കഴിയുന്നില്ല. എന്തെന്നാൽ ഓരോ മൂലധന ശ്രമക്രിയയ്ക്കുവേണ്ടി മന്ത്രിയെ ഇല്ലായ്മ ചെയ്യാൻ സാധിക്കുന്നതല്ലെന്നുപറയുന്നതിൽ ഞാൻ കേട്ടിട്ടുണ്ട്, മിസ്റ്റർ സ്പെൻസർ പോലും ഇക്കാര്യത്തിൽ എന്നോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനും പുറമെ വെള്ളം കെട്ടിനിൽക്കുന്ന ഒരു പ്രദേശമുണ്ട് ചേറ്റലത്തുകുടക്ക്, അതുകൊണ്ടു എത്രയൊക്കെ മോടിയാക്കിയാലും ചരിച്ചിട്ടാപ്പിച്ചാലും ഒട്ടും തന്നെ ഫലമുണ്ടാകയില്ല. അതുകൊണ്ടു ജലഗതാഗതത്തെ സംബന്ധിച്ചുടനടിയാലോചിച്ചു നടപടികൾ സ്വീകരിക്കേണ്ടതാവശ്യമാണെന്നും അതു ശരിയാകുമെന്നും തൽപ്രയോജനപ്പെടുത്തുന്നതിൽ പിന്നെ അടുത്തകാലത്തു അതിൽ നിന്നുകൊണ്ടുചെയ്യേണ്ട ആവശ്യം നേരിടുകയില്ലെന്നും ചീഫ് ഇഞ്ചിനീയർ നമുക്കുറപ്പുതന്നില്ലാതെ —

മി: ശിവരാമപ്പണിക്കർ (ചേർത്തല): ഇതിലേക്കു കൂടുതൽപണം അനുവദിക്കപ്പെടണമെന്നു മെമ്പർ അഭിപ്രായപ്പെട്ടുണ്ടോ?

മി: എം. ശിവതാണുപിള്ള (തോവാള): ഒരിക്കലുമില്ല. പ്രസ്തുത റോഡിന്റെ ആവശ്യകതയും ഉപയോഗവും അതിൽ ഉപയോഗിക്കുന്നവരുടെ ദുരിതവും പണത്തിനുവേണ്ടിയുള്ള മുറവിളിയും കഴിഞ്ഞ ഒന്നരദിവസത്തിൽ അനവധിപ്രാവശ്യം ഞാൻ പറഞ്ഞുകഴിഞ്ഞു. അതായതു കഴിഞ്ഞ ഒന്നരദിവസത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ഉച്ചയ്ക്കുപുറമെ ഒരു മുപ്പതു രൂപയിലധികം റിക്കോട്ടുചെയ്യാം. അതു ശരിയാകുമെന്നും അപ്രകാരം ചെയ്യുന്നതിൽ പിന്നെ അടുത്തകാലത്തു അതിൽ നിന്നുകൊണ്ടുചെയ്യേണ്ട ആവശ്യം നേരിടുകയില്ലെന്നും ചീഫ് ഇഞ്ചിനീയർ നമുക്കുറപ്പുതന്നില്ലാതെ —

മി: കെ. സി. മമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പ്): ഇതു മാത്രമേ കരമാസ്തുക്കളായിട്ടുള്ളു എന്ന വിവരം മെമ്പറെക്കൊണ്ടറിയിക്കാമോ?

മി: എം. ശിവതാണുപിള്ള (തോവാള): വേനൽക്കാലമടുക്കുമ്പോൾ കുടിയിരുപ്പുള്ള വിവിധം എനിക്കറിയാം, പ്രസ്തുതകരമാസ്തുക്കളും ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണെന്നും ഇപ്പോഴത്തെ അവസ്ഥയിൽ അതു ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നും ചീഫ് ഇഞ്ചിനീയർ നമ്മെയുപദ്രവിപ്പാൻ തുടങ്ങിയപ്പോൾ അതു ഇപ്പോൾ ഈ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ഉച്ചയ്ക്കുപുറമെ നൂറ്റമ്പതു രൂപയോളം ചിലവാക്കത്തക്കവണ്ണം പ്രസ്തുത റോഡ് അത്ര അത്യാവശ്യമായിട്ടുള്ളതാണെന്നു ചീഫ് ഇഞ്ചിനീയർ സമ്മതിച്ച

ശ്രീ: എം. ശിവശങ്കരപ്പിള്ള (ദേവികുളം): ഏതായാലും അതിന്റെ ഉപയോഗിക്കുന്നതിനു തടസ്സമുണ്ടായിരുന്നില്ലെങ്കിൽ ഉപയോഗിക്കുന്നതിനുമില്ലായിരുന്നു. അതു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതല്ല.

ശ്രീ: പി. ശിവരാമപ്പണിക്കർ (കോഴഞ്ചേരി): ഗതാഗതത്തിനല്ലെ അതുദ്ദേശിക്കപ്പെട്ടിരിക്കുന്നതു?

ശ്രീ: എം. ശിവശങ്കരപ്പിള്ള (ദേവികുളം): അതെ.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മോട്ടോർ തൊഴിലാളികളുടെ പ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്ന ഈ ചോദ്യത്തിനുശേഷം മറ്റുമെമ്പർമാർക്കുണ്ടോകുന്നതുള്ളൂ?

ശ്രീ: എം. ശിവശങ്കരപ്പിള്ള (ദേവികുളം): വിസ്തരത്തിൽ അല്ല. റോഡുകളുടെ ആവശ്യമില്ലാതിരുന്നപ്പോഴായിരുന്നു മോട്ടോർ ഗതാഗതം വളർന്നുവന്നതാണ്.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചോദ്യത്തിനുശേഷം ഏതെങ്കിലും ഒരു മെമ്പർമാർ പോയിട്ടുണ്ടോ?

ശ്രീ: എം. ശിവശങ്കരപ്പിള്ള (ദേവികുളം): ഒരിക്കൽ അവിടെ ഞാൻ പോയിട്ടുണ്ട്; അതുകൊണ്ടാണ് അതു രേഖപ്പെടുത്തി നിൽക്കുന്ന ഒരു സ്ഥലമാണെന്നും അവിടെ താമസിക്കുന്ന ആളുകൾക്കു പ്രത്യേകതരം കഷ്ടപ്പാടുകളുണ്ടെന്നും ഞാൻ മനസ്സിലാക്കിയതു. അതുകൊണ്ടു ടൌൺ പ്ലാനിംഗ് ചെയ്യുന്ന ശാസ്ത്രീയമായ ശേഷം പ്രസ്തുത തീരുമാനത്തിൽ ആരോഗ്യം വരുത്തുന്നതിനുള്ള ചീഫ് ഇഞ്ചിനീയർ സജ്ജീകരിച്ചു തരുന്നപക്ഷം എനിക്ക് ആക്ഷേപമൊന്നുമില്ല.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മിസ്റ്റർ സ്പീക്കർ, ഈ ചോദ്യത്തിനും ആനത്തലവട്ടത്തിനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ആനത്തലവട്ടത്തിനു പുനരുദ്ധാരണം സംബന്ധിച്ചിടത്തോളമാണു ആക്ഷേപം പുറപ്പെടുവിച്ചതു. തിരുവനന്തപുരം താലൂക്കിനോടു താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം സംസ്ഥാനത്തിലുള്ള മറ്റു താലൂക്കുകളും സമമായി കരുതുന്നില്ലെന്നാണു അദ്ദേഹം വിചാരിക്കുന്നതു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തൈക്കാടുപക്കം വടക്കൻ താലൂക്കും സംബന്ധിച്ചിടത്തോളം ആളുജോലിക്കാരെക്കൂടി കിട്ടിടങ്ങാൻ ചിലവിടുന്ന പൈസയിന്റെ താരതമ്യത്തെപ്പറ്റി മെമ്പർക്കു അറിവുണ്ടോ?

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതിനെപ്പറ്റിയൊന്നും എനിക്കറിയാൻ പാടില്ല. ആനത്തലവട്ടത്തിന്റെ സംബന്ധിച്ചാണു ഞാൻ പ്രസ്താവിക്കുന്നതു. ഗവർണ്മെന്റിൽ നിന്നും ഒരു കൃഷിസേചനക്കമ്മീഷനിയെ നിയമിച്ചു, താലൂക്കിന്റെ കൃഷിസേചനത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനാണു കമ്മീഷനിയെ നിയമിച്ചതു. അതിലെ അദ്ധ്യക്ഷൻ ഡിവിഷൻ എക്സ്ക്യൂട്ടിവ് ഇഞ്ചിനീയരായിരുന്നു. ഏ, ഠ ഠ ഫ്ലിക്കോളും നിലങ്ങളിൽ വെള്ളം സംഭരിക്കത്തക്കതായ ചെറുപ കുളങ്ങൾ മണ്ണുകൊണ്ടു നിർമ്മിക്കുന്നതായി കമ്മീഷനിക്കാർ കണ്ടുപിടിച്ചു. ഒരു കാലത്തുണ്ടായിരുന്നതും ഇപ്പോഴില്ലാതെയുമായ ഏ ഠ ഠ ഫ്ലിക്കോളും സ്ഥലത്തു ജലം സംഭരിച്ചിരുന്നതുമായ അനേകം മനോഹരമായ കൃഷി സേചനക്കുളങ്ങൾ ഇപ്പോൾ കാടുമൂടിയും അവർ കണ്ടുപിടിച്ചു. ഈ വിഷയത്തെപ്പറ്റി കഴിഞ്ഞ കൊല്ലത്തിലെ സമ്മേളനവുമായി ബന്ധപ്പെടുത്തിയ സമയത്തുണ്ടായ എന്റെ പ്രസംഗത്തിൽ പ്രതിവാദിക്കുകയുണ്ടായി. ഇതിനെപ്പറ്റി അപ്പോൾ ഞാൻ പ്രസ്താവിച്ചതിന്റെ ഫലമായിട്ടാണു ഇപ്പോൾ ഈ ഡിമാന്റു മിസ്റ്റർ സ്പീക്കർ ഫാഷനാക്കിയിട്ടുള്ളതെന്നു പ്രസ്താവിക്കാൻ ഞാൻ തയ്യാറില്ല. എന്നാൽ സംസ്ഥാനം ഒട്ടുക്കുള്ള കൃഷിസേചനക്കുളങ്ങളെ സംബന്ധിച്ചിടത്തോളം ഗവർണ്മെന്റു അംഗീകരിക്കുന്നുണ്ടെന്നുള്ളതിനു തെളിവു കാണിക്കാൻ വേണ്ടിയാണു പ്രസ്തുത ഡിമാന്റു ഫാഷനാക്കിയിട്ടുള്ളതെന്നാണു ഞാൻ വിശ്വസിക്കുന്നതു. (ശ്രീ: പി. കെ. നാരായണപിള്ള: പീരുമേട്ടിൽ ഇതുപോലെ ഒരു കുളം കുഴിച്ചിട്ടുണ്ടു) ചിലപ്പോൾ ഒരു ലക്ഷം പേരെയോളം നിലങ്ങളുള്ള ഈ രാജ്യത്തിൽ നൂറോ ഇരുനൂറോ വില പിടിക്കുന്ന നെല്ലു ആണ്ടുതോറും ഇരക്കുമതി ചെയ്യുന്നതു എന്നും, ഒരു കാലത്തുണ്ടായിരുന്നതും എന്നാൽ ഇപ്പോൾ നശിച്ചുപോയിട്ടുള്ളതുമായ എല്ലാ കുളങ്ങളുടെയും അവയുടെ പൂർവ്വസ്ഥിതിയിൽ ആക്കുന്നപക്ഷം ഈ ഇറക്കുമതിക്കു ആവശ്യം വേരിടുകയില്ലെന്നാണു എന്റെ ദൃഢമായ വിശ്വാസമെന്നും ഈ സഭയിൽ തന്നെ ഞാൻ പ്രസ്താവിച്ചിട്ടുള്ളതാകുന്നു. ചീഫ് ഇഞ്ചിനിയരോടാലോചിച്ചു മീഡിയം മിഡിൽ——ഇന്നിൽക്കുറഞ്ഞ പ്രാധാന്യം——ആനത്തലവട്ടം സന്ദർശിച്ചു. അപ്പോൾ അവിടെയുള്ള അനേകം ജനങ്ങൾ ആ സ്ഥലത്തുകൂടുകയും പ്രസ്തുത ചിറയുടെ അറ്റകുറ്റപ്പണികൾ തീർക്കുന്ന പക്ഷം അവരുടെ ആവശ്യത്തിലേക്കു ഒരു ഇടങ്ങഴി നെല്ലുപോലും വാങ്ങിക്കേണ്ട ആവശ്യം നേരിടുകയില്ലെന്നു അവർ പ്രസ്താവിക്കയും ചെയ്തു. പ്രസ്തുത ചിറ പോയിപ്പോയതു ഞണപോക്കയുള്ളതാണു, അതിന്റെ മൂന്നു ഭാഗങ്ങളും കുന്നുകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. നാലാമതൊരു വശത്തു ഒരു ചിറയാണുള്ളതു. അതിനെ ഗവർണ്മെന്റിൽനിന്നും പതിച്ചുകൊടുത്തു. ഏ ഠ ഠ ഫ്ലിക്കോൽ കൂടുതൽ നിലങ്ങൾക്കു പ്രസ്തുത ചിറയിലെന്നിന്നും ജലം കിട്ടിക്കൊണ്ടിരുന്നു.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു കാലത്തേക്കാണു പ്രസ്താവിക്കാൻ കഴിയുക?

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കൂടും നശിക്കുന്നതിനു മുൻപായിട്ടു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉദ്ദേശമായിട്ടുള്ള തീയതി എന്താണെന്നു പറയാൻ സാധിക്കുമോ?

ശ്രീ: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എനിക്കു പറയാൻ സാധിക്കയില്ല. അതു എന്നാണു പതിച്ചുകൊടുത്തതെന്നു ചാർജ്ജ് ഓഫീസ്സർ ഡിപ്പാർട്ടുമെന്റിൽ നിന്നും നിങ്ങൾക്കു കണ്ടുപിടിക്കാവുന്നതാണ്.

ശ്രീ: എം. ശിവശങ്കരപ്പിള്ള (ദേവികുളം): ഇപ്പോഴത്തെ ജീർണ്ണാവസ്ഥ തുടങ്ങിയിട്ടു എത്ര കാലമായി?

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എനിക്കു പറയാൻ സാധിക്കയില്ല. അതു പ്പോൾ ജീർണ്ണാവസ്ഥയിലാണിരിക്കുന്നതു. ഒരുപക്ഷേ അനേകകൊല്ലങ്ങളായി അതു ഉപേക്ഷിക്കപ്പെട്ടിരുന്നതായിരിക്കും. അതെങ്ങിനെയാണു ഞാൻ അറിയുന്നതു? അതെപ്പോൾ പതിച്ചു കൊടുക്കപ്പെട്ടു എന്നുള്ള വിവരം ചാർജ്ജ് ഓഫീസ്സർ ഡിപ്പാർട്ടുമെന്റിൽ നിന്നും നിങ്ങൾക്കു കണ്ടുപിടിക്കണം.

ചിന്തയും ഡിപ്പാർട്ടുമെന്റിന്റെ മെമ്മോലെപ്പുണ്ട് ഉടനെ തന്നെയോ പണി കഴിക്കപ്പെട്ട ചിറ കൂടി പണിയിച്ചു കൊടുക്കപ്പെടും. ചിറ്റൂർ നെല്ലുപോലും കൂടി ഉണ്ടാകുന്നു. ആനയുടെ പിന്നെയും അത്രയും ആനച്ചാരും നടക്കുന്ന സ്ഥലം എന്നാണ്. ഈ ചിറ തുടരണം ഇപ്പോൾ മിണ്ണാവസ്ഥയിൽ കിടക്കുകയാണ്, അറിഞ്ഞിടത്തോളം കിട്ടിയിടത്തോളം ഉറപ്പുള്ള ചിറയാണ് ഇപ്പോൾ ശ്രദ്ധിക്കപ്പെടുന്നതിപ്പോൾ ഇപ്പോൾ ഇപ്പോൾ ഇ

ല്ല. കുറഞ്ഞ പക്ഷം കോളേജുകളിലെങ്കിലും വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകുകയാണു്. എന്തുകൊണ്ടു് ഗവൺമെന്റ് അവിടെ വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകാതിരിക്കുന്നതിനുള്ള യാതൊരു കാരണവും കാണിച്ചിട്ടില്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): മാന്യപ്രതിനിധികളുടെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസം സംഗതിയുള്ള ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരു കെട്ടിടത്തിൽത്തന്നെ പഠിപ്പിക്കുന്നതിന് മേംബർക്ക വല്ല ആക്ഷേപവുമുണ്ടോ?

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ ചോദ്യംചോദിച്ച മെംബർതന്നെ അതിന്റെ സംബന്ധം എനിക്കണോ പറയുന്നതായാൽ അതിലേക്കുള്ള മറുപടി ഞാൻപ്രസ്താവിക്കാം; അല്ലെങ്കിൽ മറുപടി പറയാൻ ഞാൻ മുതിരുന്നില്ല. അവരെ ഒരു കെട്ടിടത്തിൽത്തന്നെ ഇരുത്തിപഠിപ്പിക്കുന്ന സംഗതിയെസംബന്ധിച്ചു വാഷ്പതിവാരം നടക്കുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): ആൺകുട്ടികൾക്കുള്ള സ്കൂളുകളിൽ സ്ഥലസൌകര്യമുണ്ടെങ്കിലുള്ള പെൺകുട്ടികളുടെ അടിസ്ഥാനപ്പെടുത്തി സ്ത്രീകൾക്ക പ്രത്യേകമൊരു കോളേജിന്റെ ആവശ്യകതയില്ലെന്നാണോ മേംബർ അഭിപ്രായപ്പെടുന്നതു്?

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരേകാമ്പസിൽത്തന്നെ പുരുഷന്മാരെയും സ്ത്രീകളേയും പഠിപ്പിക്കുന്ന അനുവദിക്കുന്നതിൽവച്ചു ഇപ്പോൾ ഒരു ദോഷവും ഉണ്ടാകുന്നില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. ബി. എ ക്ലാസ്സുകൾ സംബന്ധിച്ചിടത്തോളം യാതൊരു ദോഷവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതാണു എന്റെ അഭിപ്രായം. ഈനിലയ്ക്കു സ്ത്രീകൾക്ക പ്രത്യേക പള്ളികൂടംഎന്നല്ല എല്ലാതരത്തിലുമുള്ള പ്രത്യേക സ്ഥാപനങ്ങൾ വേണമെന്ന കാലക്രമേണ ജനങ്ങൾ ആവശ്യപ്പെടുമെന്നാണു ഞാൻ വിചാരിക്കുന്നതു്. അപ്രകാരമുള്ള ശ്രമങ്ങൾക്ക നാം ഉത്സാഹിക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം.

ശ്രീ: എ. കെ. പിള്ള (കുന്നാംതടപ്പള്ളി): ഇല്ല വിദ്യാർത്ഥികളേയും വിദ്യാർത്ഥിനികളേയും സ്റ്റാഫിനേയും പറ്റിയുള്ള ഒരു പ്രസ്താവനയല്ലെ?

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഇതു സ്റ്റാഫിനേയും സംബന്ധിച്ചുള്ള ഒരു പ്രസ്താവനയാണു്: എന്തെന്നാൽ ക്ലാസ്സുള്ള സമയങ്ങളിൽ അവക്ക വിദ്യാർത്ഥികളെ വേണ്ടപ്രകാരം ശ്രദ്ധിക്കുന്നതിനു സാധിക്കുന്നില്ലെന്നു ആരോപണമുണ്ടു്. പ്രത്യേകകോളേജുകൾ സ്ഥാപിക്കുന്നതുകൊണ്ടു അതിനുയാതൊരു പരിഹാരവുമുണ്ടാകുന്നതല്ല, എന്തെന്നാൽ കുട്ടികൾക്കും ക്ലാസ്സിനു പുറത്തുവച്ചും കുട്ടികളോടു ചെയ്യാവുന്നതാണു്. മേൽപ്രസ്താവിച്ച കാരണങ്ങളോടു ഡിമാന്റ് അനുവദിക്കുന്നതിനു യാതൊരാവശ്യവും ഞാൻ കാണുന്നില്ല. അവധാനപൂർവമായചിന്തയുടെ ഫലമായി ഇപ്പോഴത്തെ വിദ്യാഭ്യാസരീതി തൃപ്തികരമാണെന്നും പ്രസ്തുതകാര്യത്തിനെ മന്ദം മന്ദം പ്രോഗ്രസ്സുചെയ്യേണ്ട ആവശ്യമാണെന്നും കാണുന്നപക്ഷം അതിനെപ്പറ്റി അപ്പോൾ ആലോചിക്കാമെന്നുള്ളതാണു്. ഇപ്പോഴത്തെ സ്ഥിതിനോക്കിയതിൽ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപം ഞാൻ പിൻതാങ്ങുന്നു.

ശ്രീ: എ. കെ. പിള്ള (കുന്നാംതടപ്പള്ളി): ഈ ഗ്രാന്റ് അനുവദിക്കുന്നതിൽ നമ്മുടെ നടത്തയേയും ആത്മാഭിമാനത്തേയും നാം ബലിഷ്ഠീകരിക്കയല്ലചെയ്യുന്നതു്?

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മിസ്റ്റർ എ. കെ. പിള്ളയുമായി ഏകദേശം ഞാൻയോജിക്കുന്നുണ്ടു്.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ഈ വിഷയത്തെസംബന്ധിച്ചിടത്തോളം മറുകക്ഷിക്കാരുടെ ശക്തിയും ഇല്ലപോരായ്മയുമെന്നുള്ള അഭിപ്രായത്തിനറിയാമോ? നമുക്ക് അറിവുള്ളടത്തോളം അപ്രകാരമാണു്.

ശ്രീ: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): വിമൻസ്കോളേജിലെ ആവശ്യത്തിനുള്ള കെട്ടിടം പണിവകയ്ക്ക 8,000 രൂപാ അനുവദിക്കാൻ പാടില്ലെന്നു ശ്രീ: കെ. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. വിമൻസ് കോളേജിലും ബോയിസ് കോളേജിലും പഠിച്ചു വെള്ളക്കാരന്നിട്ടുള്ള സ്ത്രീധാരാളം പേരുകൾ ഇപ്പോൾതന്നെ വളരെയുണ്ടു്. അവക്ക തൊഴിലില്ലെന്ന ഗവണ്മെൻറുതന്നെ സമ്മതിക്കുന്നുണ്ടു്. ഇനിയും അവരുടെ സംഖ്യയെ വർദ്ധിപ്പിച്ചു തൊഴിലില്ലാതാക്കി പിന്നീടു അതിനെ പരിഹരിക്കുന്നതിനു ഒരു കമ്മീഷനിയെ ഏർപ്പെടുത്തുന്നതിനേക്കാൾ ഇപ്പോഴത്തെ ഈ പരിഷ്കാരം വേണ്ടെന്നുവയ്ക്കുകയാണു നല്ലതു്.

ശ്രീ: സി. പി. തരകൻ (കുന്നത്തൂനാടു): സ്ത്രീകളെ കോളേജിൽ പഠിപ്പിക്കാൻ പാടില്ല എന്നൊരു ചട്ടം ഏർപ്പെടുത്തിയതിൽ നന്നായിരിക്കുമോ?

ശ്രീ: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): അങ്ങിനെ ഞാൻ പറയുന്നില്ല. സ്ത്രീകൾക്കായിട്ടു പ്രത്യേകം ഒരു കോളേജ് വേണമെന്നേ പറയുന്നുള്ളൂ. അതുകൊണ്ടു ഇപ്പോഴത്തെ രീതിയെ തുടർന്നു കൊണ്ടുപോയാൽ മതിയെന്നാണു എന്റെ അഭിപ്രായം. ഇപ്പോഴത്തെ രീതിയെ തുടർന്നാൽ തന്നെയും ധാരാളം പേർ പഠിക്കാൻ തയ്യാറാകുമെന്നു മിസ്റ്റർ മാത്തൻമാപ്പിള അഭിപ്രായപ്പെട്ടതു ഏതുനിലക്കും അനുഭവമാണ്. പുരുഷന്മാരുടെയിടയിലും വിദ്യാഭ്യാസം സിദ്ധിച്ചു തൊഴില്ലാതെ നടക്കുന്നവർ ധാരാളമുണ്ടെന്നും ഇപ്പോഴത്തെ വിദ്യാഭ്യാസരീതി മോശമാണെന്നും ഈ കൌൺസിലിൽ പലരും പ്രസ്താവിക്കയും ഗവണ്മെൻറു ആ അഭിപ്രായം സ്വീകരിക്കയും ചെയ്തു കഴിഞ്ഞിരിക്കുന്നു. മിസ്റ്റർ ജോസഫ് പറഞ്ഞതുപോലെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതി മാറിയതിനു ശേഷം പ്രത്യേകം കോളേജ് സ്ത്രീകൾക്കായി ഏർപ്പെടുത്തിയാൽ മതിയാകുന്നതാണ്. ഈഅഭിപ്രായത്തോടുകൂടി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): സർ, നാമെല്ലാ ഇനത്തിൻ പെടിയുള്ള ഡിമാന്റ്, അതായതു സ്ത്രീകൾക്കുള്ള കോളേജ്കെട്ടിടത്തിൽ സൌകര്യങ്ങളും വർദ്ധിപ്പിക്കുന്നതിലേക്കുള്ള ഡിമാന്റിനെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും, ആകുന്നിടത്തോളം പ്രത്യേകം കോളേജുകൾ വേണ്ടതാണ്. ക്ലാസ്സുമുറികളിൽവച്ചു പെൺകുട്ടികളെ വിദ്യാർത്ഥികൾ പലപ്പോഴും അപമാനിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ടു്.

മി: എം. ശിവതാണുപിള്ള (തോവാള): അതിനെ സംബന്ധിച്ചു ഒരഭിപ്രായം നടത്തുന്നതിനു മെംബർ തയ്യാറാകണോ? ഈ വിഷയത്തിൽ പെൺകുട്ടികളുടെ അഭിപ്രായം എന്താണെന്നു അറിയാൻ മെംബർ തയ്യാറാണോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മത്സരത്തിനു ഞാൻ തയ്യാറാണ്; എന്നാൽ അവരുടെ അഭിപ്രായം അറിഞ്ഞു തീരുമാനിക്കുന്നതിനു ഞാൻ തയ്യാറില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംബന്ധപ്പെട്ട ആൺകുട്ടികളും ശിക്ഷിക്കപ്പെടട്ടെ?

മി: എം എൻ. പിള്ള (തിരുവനന്തപുരം): പ്രിൻസിപ്പാൾ അവരെ ശിക്ഷിച്ചിട്ടുണ്ടായിരിക്കാം.

മി: കെ. ഐ. ജോസഫ് (മീനച്ചലം മേവിക്കളവു): പ്രത്യേകം കോളേജുകൾ സ്ഥാപിക്കപ്പെടുന്നപക്ഷം അപമാനിക്കുന്ന സമ്പ്രദായം നിൽക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതേ; എന്നാണു ഞാൻ വിചാരിക്കുന്നതു്.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പെൺകുട്ടികൾ തണ്ടിൽ വഴക്കു പിടിക്കുന്നതു മെംബർ കേട്ടിട്ടുണ്ടോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ആൺകുട്ടി മറ്റൊരു ആൺകുട്ടിയെ അവരോടു നിശ്ചയമായി മെംബർ കേട്ടിട്ടില്ലയോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതിനു വ്യത്യാസമുള്ളതുകൊണ്ടു.

മി: എസ്. പിരവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, ഓക്കു): ഓരോ ആൺകുട്ടിക്കും ഓരോ പെൺകുട്ടിക്കും ഒരു കോളേജു വീതം ഉണ്ടായിരിക്കുന്നതായാൽ ഈ ബുദ്ധിമുട്ടു തീരുന്നതല്ലേ? പ്രത്യേകം പ്രത്യേകമുള്ള വിദ്യാഭ്യാസത്തെ ഹൈക്കോർണ്ണാ ഗവൺമെന്റും ആക്ഷേപിച്ചിട്ടുള്ളതായി മെംബർക്കു അറിവുണ്ടോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്നതിനു ഞാൻ തയ്യാറില്ല. പ്രസ്തുതപ്രശ്നം നാം മുൻപു തന്നെ തടങ്ങിയിട്ടുള്ളതാണ്; താമസിയാതെ കെട്ടിടം പണി പകുതിയോളം പൂർത്തിയാക്കുന്നതാണെന്നു ചില്ലർ സെക്രട്ടറി പ്രസംഗത്തിൽനിന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇതു കിടന്നുകൊണ്ടിരിക്കയാണ്; അതിനെ ഇപ്പോഴത്തെ നിലയിൽ നടത്തണമോന്നാണു നിങ്ങളും പറയുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) വൈദ്യസംബന്ധമായിട്ടു ക്ലാസ്സുവിദ്യാഭ്യാസത്തിനേക്കാൾ ന്യൂനതയെന്തുണ്ടെന്നു മെംബർ പ്രസ്താവിക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ തയ്യാറില്ല. അതിനെപ്പറ്റിയുള്ള ഗ്രന്ഥങ്ങൾ മെംബർക്കു ആവശ്യപ്പെടുന്നപക്ഷം എനിക്കു വിരോധമില്ലാത്തതാണ്. (ചിരി) അതിനാൽ സർവ്വകലാശാലക്കമ്മീഷൻ സ്ത്രീകൾക്കു സ്ഥാപനത്തെ അംഗീകരിക്കുമോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി നാം അറിഞ്ഞിട്ടാവശ്യമില്ല. നാംതന്നെ കാര്യവും നിർവ്വഹണവുമെല്ലാം കഴിയുന്നിന്നു ആവശ്യമുള്ള സ്വാധീനതകയ്യടക്കി കൊടുക്കേണ്ടതാണു്.

മി: ഏസ്സ്. പിരവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, ഓക്കു): എവിടെയെങ്കിലും സ്ത്രീകൾക്കു പ്രത്യേകമെഡിക്കൽ കോളേജുള്ളതായി മെംബർ പ്രസ്താവിക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഉണ്ട്; ഡൽഹിയിൽ ഒരു കോളേജുള്ളതായി എനിക്കറിയാം. അതിനാൽ പ്രസ്തുത ഡിമാൻറിനെ അനുകൂലിക്കുന്നതിനും ചുണ്ടിക്കഴിഞ്ഞു വരുന്ന കെട്ടിടത്തെ പൂർത്തിയാക്കുന്നതിനും എല്ലാമെംബന്മാരോടും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): ഇവിടെ ഇപ്പോൾ വാദവിഷയമായിരിക്കുന്നതിൽ രണ്ടു വിഷയങ്ങളെ സംബന്ധിച്ചും അല്പം പറയണമെന്നു ഞാൻ വിചാരിക്കുന്നു. അതിൽ ഒന്നു പ്രധാനമായ റോഡിനെ സംബന്ധിച്ചാണ്. ഈ റോഡിനു സംബന്ധിച്ചു ഇനിയും പണം ചിലവാക്കേണ്ട ആവശ്യമില്ല എന്നു പറയുന്ന മിസ്റ്റർ ശിവതാണുപിള്ളയുടെ അഭിപ്രായത്തോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ചേർത്തലതാഴെത്തിനു വളരെ ആസന്നമായുള്ള സ്ഥലങ്ങൾ തൈക്കാട്ടുശ്ശേരിയെ സംബന്ധിച്ചു പ്രധാനമെങ്കിലും നിയമസഭയിലും ഉള്ള മെംബറന്മാർ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): ഈ റോഡുപണി കഴിപ്പിക്കണമെന്നു ആവശ്യമില്ലെന്നു ഞാൻ ഒരു കാലും പ്രസ്താവിച്ചിട്ടില്ല. അതിലേക്കുള്ള അത്യാവശ്യകതയെപ്പറ്റി ഉള്ളതുകൊണ്ടുമാത്രമേ കാണാൻ ആവശ്യപ്പെട്ടുള്ളൂ.

മി: സി. പി. തരകൻ (കുന്നത്തുനാടു): ആവശ്യത്തെ സംബന്ധിച്ചു എനിക്കു അല്പം പറയാൻ ഉണ്ട്. ഈ റോഡ് ചേർത്തലക്കാരുടെ ആവശ്യത്തിനുമാത്രമല്ലാ നിശ്ചയിച്ചിട്ടുള്ളതു്. തിരുവനന്തപുരത്തുനിന്നും കൊച്ചിവരെയുള്ള തമിഴ് റോഡിനേക്കാൾ ഒരു ഷോർട്ടാണു ഈ റോഡു്. അതിനാൽ ഇതു വളരെ പ്രധാനമായിട്ടുള്ളതാണെന്നുള്ള പ്രത്യക്ഷത്തിൽ അറിയാവുന്നതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): കായൽ വഴിഗതാഗതം ചെയ്യുന്നതിനു സൌകര്യം ഉണ്ടോ?

മി: സി. പി. തരകൻ (കുന്നത്തുനാടു): ഉണ്ടു്. കായൽ വഴി സൌകര്യം ഉണ്ടെന്നുള്ളതുകൊണ്ടു റോഡുവേണ്ടെന്നു പറയുന്നതിൽ താൽപര്യമില്ല. അതിനാൽ ഈ ആവശ്യത്തിലേക്കുവേണ്ടി ഗവണ്മെന്റിൽനിന്നും ആവശ്യപ്പെടുന്ന പണം അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം. പിന്നെ ഒന്നുപറയാൻ ഉള്ളതു ഗവൺമെന്റിനെപ്പറ്റിയാണ്. കോളേജു ക്ലാസ്സുകളിൽ പെൺകുട്ടികളേയും ആൺകുട്ടികളേയും ഒരുമിച്ചു പഠിപ്പിക്കുന്നതു നല്ലതല്ലെന്നുള്ള തത്കാലത്തെ അഭിപ്രായത്തെപ്പറ്റി ഒരു ഇൻറർമീഡിയറേറ് ഗവൺമെൻറ് കോളേജു ഇവിടെ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. ഗവണ്മെന്റു ഇതുവരെ അനുവദിച്ചിട്ടുള്ളപക്ഷം ഈ കാര്യത്തിലേക്കു വേണ്ടിയാണ്. ഈ രണ്ടുകൂട്ടരേയും ഒരുമിച്ചു പഠിപ്പിക്കുന്നതിൽ വിപരീതാഭിപ്രായമുണ്ടെങ്കിൽ അതുമായി ഇൻറർ മീഡിയറേറ ഗവൺമെന്റ കോളേജുതന്നെ നിർത്തേണ്ടതാണ്. എന്നാൽ ഈ അഭിപ്രായം നാം സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നതുകൊണ്ടു ഈ കോളേജിനെ ഒരു ഫസ്റ്റ്ഗ്രേഡ് കോളേജ് ആക്കുന്ന വിഷയത്തിൽ വിപരീതാഭിപ്രായം പറയുന്നതു ശരിയല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): വിദ്യാഭ്യാസം സംബന്ധമായ തർക്കങ്ങൾ ഇന്നപ്പോൾമാറിവരുന്നതിനെപ്പറ്റി മെമ്പർക്ക് അറിവുണ്ടോ?

മി: സി. പി. തരകൻ (കുന്നത്തൂനാട്ട്). ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): കോളേജുക്ലാസ്സുകളിലുള്ള വിദ്യാർത്ഥിനികളും ഇൻറർമീഡിയറേറ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥിനികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നത്?

മി: സി. പി. തരകൻ (കുന്നത്തൂനാട്): ഇൻറർമീഡിയറേറ ക്ലാസ്സിൽ ഉള്ള സ്ത്രീകൾക്ക പ്രത്യേകം കോളേജു കെട്ടിക്കണമെന്നതിൽ എനിക്കഭിപ്രായമില്ല. അതുപോലെതന്നെ അതിനേക്കാളും അത്യാവശ്യമുണ്ടോ അതിനേക്കാളും ആവശ്യം അതിനു മുകളിലുള്ള ക്ലാസ്സിലെ കുട്ടികൾക്കു കോളേജുണ്ടാക്കുന്നതിലും ഉണ്ട്.

മി: കുറ്റിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): ഇപ്പോഴത്തെ വിദ്യാഭ്യാസരീതി തൃപ്തികരമാണോ?

മി: സി. പി. തരകൻ (കുന്നത്തൂനാട്): ഇപ്പോഴത്തെ വിദ്യാഭ്യാസരീതി തൃപ്തികരമല്ലെന്നു വിചാരിച്ചു ഇനിമേലും കോളേജും ഹൈസ്കൂളും ആവശ്യമില്ലെന്നു പറയുന്നതു ശരിയല്ല.

മി: കുറ്റിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): അതുകൊണ്ടു ഈ വിഷയത്തിൽ കൂടുതൽ പണം ചിലവാക്കണമെന്നാണോ അഭിപ്രായം.

മി: സി. പി. തരകൻ (കുന്നത്തൂനാട്): വിദ്യാഭ്യാസത്തിന്റെ വകയ്ക്കായി കൂടുതൽ പണം ചിലവാക്കേണ്ടതു ആവശ്യമാണ്. അതിൻറെ രീതിയെസംബന്ധിച്ചു നോക്കേണ്ട ആവശ്യമില്ല.

മി: കുറ്റിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ രീതിയെ മാറിയതിനുശേഷം കോളേജിൻറെ ആവശ്യത്തിയാൽ പോരെ?

മി: സി. പി. തരകൻ (കുന്നത്തൂനാട്): പോരാ. ഒന്നാംഗ്രേഡു ആക്കുകയെന്നേവേണം. അതിനായി ആ വകയ്ക്കുള്ള പണം അനുവദിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

മി: സി. പി. താമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): സർ, സ്ത്രീകൾക്കുള്ള കോളേജിനെ ഒന്നാം ഗ്രേഡുകോളേജാക്കുന്നതിനു സ്ഥലസൗകര്യമുണ്ടാക്കുന്നതിലേക്കുള്ള ഡിമാൻറിനെ ഞാനും ബഹുമായി പിൻതാങ്ങുന്നു. നമ്മുടെ ഇപ്പോഴത്തെ സാമുദായികസ്ഥിതിയെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ കോളേജുകളിലും ഹൈസ്കൂളുകളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുമിച്ചു വിദ്യാഭ്യാസം നൽകുന്നതു നമുക്കു സാദ്ധ്യമല്ലെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾക്കുള്ള ഹൈസ്കൂളുകളുടെ മെർജർഭൂരം കൊണ്ടു ആൺകുട്ടികളേയും പെൺകുട്ടികളേയും നമ്മുടെ ഹൈസ്കൂളുകളിൽ നിർബന്ധപൂർവം പഠിപ്പിക്കുന്നതിൽവച്ചുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഒട്ടും ചില്ലറയല്ലാത്തതും അതിനെപ്പറ്റി സംസ്ഥാനമൊട്ടുക്ക പൊതുവായ അഭിപ്രായഭിന്നതകളും ഇടയായിത്തീർന്നിട്ടുള്ളതും ആകുന്നു. (കുറച്ചു കൂടി ഉച്ചത്തിൽ സംസാരിക്കാൻ അപേക്ഷിക്കുന്നു)

മി: കുറ്റിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): പെൺകുട്ടികൾക്കുള്ള ഹൈസ്കൂളുകൾ എത്രയുണ്ടു?

മി: സി. പി. താമസ്സ് (നിയമിക്കപ്പെട്ട മെമ്പർ). അധികമില്ല. പെൺകുട്ടികൾക്കുള്ള ഹൈസ്കൂളുകൾ ധാരാളമില്ലാത്തതുകൊണ്ടു നാം മേൽപ്പറഞ്ഞ ബുദ്ധിമുട്ടു അനുഭവിച്ചുപോരുന്നു.

മി: കുറ്റിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): ഹൈസ്കൂൾ ക്ലാസ്സുകളിൽ ഗോമസിനേയും ബയോളജിസ്സിനേയും ഒന്നിച്ചു പഠിപ്പിക്കുന്നതായിട്ടു മെമ്പർക്കറിയാമോ?

മി: സി. പി. താമസ് (നിയമിക്കപ്പെട്ടമെമ്പർ): അതു പലവിധമായ വൈഷമ്യങ്ങൾക്ക ഇടയാക്കിത്തീർക്കുന്നു. ഈ ബുദ്ധിമുട്ടുകൾക്ക പുറമെ ആൺകുട്ടികളുടെ വിദ്യാലയങ്ങളിൽ പെൺകുട്ടികൾ പഠിക്കുമ്പോൾ അസ്വാതന്ത്ര്യം മൂലം അവർ ബുദ്ധിമുട്ട അനുഭവിക്കുന്നതായി എന്റെ അനുഭവത്തിൽ തന്നെ അറിയാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രസ്തുതവിദ്യാലയങ്ങളിൽ വേണ്ടുവോളം പെൺകുട്ടികളില്ല എന്നതു പരമ്പരമോ?

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെമ്പർ): പെൺകുട്ടികൾ അധികമുള്ള സ്ഥലങ്ങളിൽ ആൺപള്ളിക്കൂടങ്ങളേക്കാളേറെ പെൺപള്ളിക്കൂടങ്ങളാവശ്യമെന്നപക്ഷം വൈഷമ്യമില്ലാതാകും. എന്നാൽ അപ്രകാരമല്ല ഇപ്പോഴത്തെ അവസ്ഥ. എനിക്കറിവുള്ളടത്തോളം സ്വാതന്ത്ര്യമില്ലാത്ത ഒരു അവസ്ഥയിൽ സ്ത്രീകൾ കിടന്നു കഴഞ്ഞുന്നു. അതുമൂലം അവരുടെ ബുദ്ധിക്ക ഹാനി സംഭവിക്കുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്രകാരം അവർ പ്രയോജിച്ചിട്ടുണ്ടോ?

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെമ്പർ). ആൺപള്ളിക്കൂടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളെപ്പറ്റി എനിക്കറിയാവുന്നതിൽനിന്നും കോളേജുകളിലെ അവസ്ഥ എന്തായിരിക്കുമെന്നു എനിക്ക അനുമാനിക്കാവുന്നതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): സ്വാതന്ത്ര്യസമരത്തിലോ സ്വാതന്ത്ര്യത്തിന്റെ വില മതിപ്പുണ്ടാകുന്നതു എന്നുള്ള തത്വം മെമ്പർക്ക് അറിയാമോ?

മി: സി. പി. തമസ് (നിയമിക്കപ്പെട്ട മെമ്പർ): സ്വാതന്ത്ര്യസമരത്തിലായി അവർക്ക സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ല.

ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ നമ്മുടെ സാമുദായികസ്ഥിതി ഇപ്പോഴുള്ള മാതിരി ഇരിക്കുംകാലം പ്രത്യേകം കോളേജുകളും ഹൈസ്കൂളുകളും ഉണ്ടായിരിക്കുന്നതു അത്യാവശ്യമായിട്ടുള്ളതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്രകാരമുള്ള യാതൊരു വൈഷമ്യങ്ങളും ഇല്ലെന്നുള്ള വിവരം മെമ്പർക്ക് അറിവില്ലെ?

മി: സി. പി. താമസ് (നിയമിക്കപ്പെട്ടമെമ്പർ): അതിനാൽ സ്ത്രീകൾക്കുള്ളകോളേജിനെ ഒരു ഒന്നാംഗ്രേഡു കോളേജ് ആക്കുന്നതിലേക്ക കൂടുതൽ സ്ഥലസൌകര്യമുണ്ടാക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രസ്തുതഡിമാൻറിനെ ഞാൻ ബലമായി പിൻതാങ്ങുന്നു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്യ കാര്യങ്ങളിൽ പറിക്കുന്നതിനു സ്ഥലംവിട്ടു പോകുന്ന ആൺകുട്ടികളില്ലെ?

ശ്രീ: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): ഇവിടെ സ്ഥലസൗകര്യമില്ലാത്തതുകൊണ്ടല്ലേ.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുസംബന്ധിച്ചുള്ള മെംബറിന്റെ അറിവു വളരെ കുറവാണ് (ചിരി).

ശ്രീ: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): നമ്മുടെ പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം മദ്രാസ് പട്ടണം തിരുവനന്തപുരം പട്ടണത്തിന്റെ പകുതി ശോഭനസൗകര്യമുള്ള ഒരു പട്ടണമല്ല. ഉന്നതവിദ്യാഭ്യാസത്തിനായി മദ്രാസിൽപോകേണ്ടിവരുന്ന അനേകം സ്ത്രീകൾ ശരീരസൌഖ്യമില്ലാതെ തിരിച്ചുവരുന്നതു കണ്ടിട്ടുള്ളതിന്റെ വളരെ സങ്കടം തന്നെയാണ്. ഉന്നതവിദ്യാഭ്യാസം നമ്മുടെ പെൺകുട്ടികൾക്കു സാഹസമായിട്ടുള്ളതൊന്നുമല്ലെന്നു തെളിക്കുകയാണല്ലൊ. അതിനുംപുറമെ ശരീരസൌഖ്യത്തിനു ഒട്ടുംതന്നെ പ്രാധാന്യം നോടിയിട്ടില്ലാത്ത മദ്രാസ് മുതലായ പട്ടണങ്ങളിൽ അവർക്കു പോകേണ്ടിയുമിരിക്കുന്നു. അതുകൊണ്ടു സ്ത്രീകൾക്കുള്ള കാളേജിനെ ആകുന്നിടത്തോളം വേഗത്തിൽ ഒന്നാംശ്രേഡാക്കേണ്ടതും അതിലേക്കു ആവശ്യമുള്ള പണത്തിനു നാം തക്കം പുറപ്പെടുവിക്കാൻ പാടില്ലാത്തതും ആകുന്നു.

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ര-ം, ഒ-ം ഇനങ്ങളിൽ ഉൾപ്പെട്ട ഡിമാന്റിനെപ്പറ്റി എന്റെ അടുത്തിരിക്കുന്ന മെംബർ മിസ്റ്റർ ശിവരാമപിള്ള ആക്ഷേപിക്കുന്നതിൽ ഞാൻ വളരെ മനസ്താപിക്കുന്നു. രണ്ടു കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു അദ്ദേഹം ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത റോഡിനു ആവശ്യപ്പെട്ടിരിക്കുന്ന പണംകൊണ്ടു അതിനെ ശരിയായിട്ടുള്ള അവസ്ഥയിൽ വച്ചുകൊണ്ടിരിക്കാൻ സാധിക്കുമോ എന്നുള്ള സംശയമാണ് ആദ്യത്തെ കാരണമെന്നാണു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നത്. ആലപ്പുഴ-ചേർത്തല അയിരൂർ റോഡിനു കൂടുതൽ പണം അനുവദിക്കുന്നതിനു അദ്ദേഹം തയ്യാറാണോ എന്നു ഞാൻ ചോദിച്ചു. യാതൊരു ഇളയും അനുവദിക്കാൻ അദ്ദേഹം തയ്യാറില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അദ്ദേഹം ഉദ്ദേശിച്ചതല്ല അദ്ദേഹം പ്രസ്താവിച്ചതെന്നാണു ഞാൻ മനസ്സിലാക്കിയതു്. പ്രസ്തുതറോഡു പ്രാധാന്യമുള്ള ഒന്നാണോ എന്നുള്ളതിലേക്കു ചീഫ് ഇഞ്ചിനീയർ ഉറപ്പു പറഞ്ഞില്ല എന്നുള്ളതാണു അദ്ദേഹത്തിന്റെ രണ്ടാമത്തെ ആക്ഷേപം. എന്നാൽ അദ്ദേഹത്തിന്റെ പ്രസ്താവന വിശ്വസിക്കേണ്ടതാണോ എന്നറിയുന്നതിലേക്കു അദ്ദേഹത്തോടു ഒരു ചോദ്യം ചോദിച്ചതിൽ അദ്ദേഹത്തിന്റെ ജീവിതകാലത്തിനിടയിൽ ഒരു പ്രാവശ്യം ചേർത്ത താലൂക്ക സന്ദർശിച്ചിട്ടുണ്ടോയിരുന്നു അദ്ദേഹത്തിന്റെ മറുപടി. അതു വാസ്തവമാണെങ്കിൽ ഇപ്രകാരമുള്ള ഒരു സംശയം അദ്ദേഹത്തിനുണ്ടാകയില്ലായിരുന്നു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെംബറെ വിശ്വസിക്കുന്നതിൽ അദ്ദേഹത്തിനെന്തെങ്കിലും സംശയമുണ്ടോ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു ഉത്തരം നൽകേണ്ടതായ ഒരുചോദ്യമല്ല.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഈ സഭയിലെ ഒരു മെംബറെപ്പറ്റി ദുഷിപ്പിച്ചു പറയുന്നതല്ലെ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ ഞാൻ വിചാരിക്കുന്നില്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): തെങ്ങുവ്യക്ഷങ്ങൾ ഉണ്ടാകുന്നതും മറ്റുള്ളവയുള്ള ആളുകളുള്ളതുമായ വലിയ മണൽപ്രദേശങ്ങളും ഞാൻ കണ്ടിട്ടുണ്ട്.

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തലയല്ല; മറ്റു വല്ല സ്ഥലവുമാണ്. മണൽപ്രദേശങ്ങളിൽ തെങ്ങുവച്ചാൽ ഫലം ഉണ്ടാകയില്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): ഉച്ചസമയത്തു ആളുകൾക്കു അവിടെ നടക്കാമോ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പാടില്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): അതു മണൽപ്രദേശമായതുകൊണ്ടല്ലെ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതെ.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): ഒരു തോട്ടം വെട്ടിയിട്ടുണ്ടെന്നും ഒടുവിൽ അതു ഉപേക്ഷിക്കപ്പെട്ടു എന്നും മെംബർക്ക അറിവുണ്ടൊ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉണ്ടു്.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): എന്തുകൊണ്ടാണു അതു ഉപേക്ഷിക്കപ്പെട്ടതു്?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അധികച്ചിലവുകൊണ്ടോ, തോടിനേക്കാൾ റോഡു അധികം ഉപകാരപ്രദമായി കാണപ്പെട്ടു. അതുകൊണ്ടു ഡിപ്പാർട്ടുമെണ്ടും ഗവണ്മെൻറും അനേകവിചിന്തനം ചെയ്തതെ അടിസ്ഥാനപ്പെടുത്തിയും ഈ വിഷയത്തെപ്പറ്റി ക്ലിപ്തൽവിവരമുള്ള ആളുകളുമായി ആലോചിച്ചതിനുശേഷവുമാണു ശരിയായിട്ടുള്ളതാണെന്നും തോന്നിയതിന്റെ ഫലമായും ഒരു റോഡു കൂടെകൂടി നല്ലതാണെന്നു നിശ്ചയിച്ചു. റോഡിന്റെ ആവശ്യകതയില്ലെന്നായിരുന്നു ഇതുവരെ അവർ വിചാരിച്ചിരുന്നതു. ഒരു റോഡുണ്ടാക്കുന്നതു സാധ്യമാകുമെന്നും അവർ വിചാരിച്ചിരുന്നു. ഇപ്പോൾ ചേർത്തലയിലും ഒരു റോഡുണ്ടാകുന്നതു സാധ്യമാണെന്നു അവർ മനസ്സിലാക്കി. ഞങ്ങൾക്കു ഇപ്പോൾ ഒരു റോഡുണ്ട്. അതു ഇപ്പോഴത്തെ രണ്ടു കരുത്താക്കന്മാരുടെ പ്രയത്നംകൊണ്ടാണ്. അതിലേക്ക് ശിവനെ അനുമോദിക്കുന്നതിനു ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): പ്രസ്തുത റോഡ് അതു പ്രാധാന്യമുള്ള ഒന്നാണൊ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റോഡിന്റെ പ്രധാന്യത്തെപ്പറ്റി അറിഞ്ഞതിനു ശേഷമല്ല തോട്ടിന്റെ പണി നിറുത്തിവച്ചതു. ഒൻപതുവർഷത്തെ റോഡിന്റെ പ്രാധാന്യത്തെപ്പറ്റി അറിയുമായിരുന്നു.

തിരുവിതാംകൂർ ഭാഗത്തേക്കു പ്രസ്തുതയാത്രക്കുഎവിടെയാണ് സ്ഥിതിചെയ്യുന്നതെന്നു മെമ്പർ മനസ്സിലാക്കേണ്ടതായാൽ കച്ചവടം സംബന്ധിച്ചുള്ള അതിന്റെ പ്രാധാന്യത്തെയെ അദ്ദേഹം അറിയുമായിരുന്നു. മലബാർതീരത്തുള്ള രണ്ടു പ്രധാനതുറമുഖങ്ങളുടെയും കൊച്ചിയുടേയും അലപ്പുഴയുടേയും മധ്യേയാണ് ഈ താലൂക്ക സ്ഥിതിചെയ്യുന്നത്.

ശ്രീ: എം. ശിവതാണുപിള്ള (തൊവാള): തോട്ടകളിൽക്കൂടിയും കച്ചവടം നടത്തുന്നുപാടില്ലയോ?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): തോട്ടകളും മുഖേനയും റോഡുകളും മുഖേനയും കച്ചവടം വർദ്ധിപ്പിക്കേണമെന്നുള്ളതാണ്. അക്കാര്യത്തിനു കൊണ്ടു ഞങ്ങൾക്കു ഒരു റോഡുണ്ടാക്കാൻ പാടില്ലെന്നു അർത്ഥമാകുന്നില്ല. തോട്ടകളുള്ളതുകൊണ്ടു റോഡുകളും മുഖ്യമായിരിക്കുന്നതിനെ അഭിവൃദ്ധിയിൽ കൊണ്ടു വരാവുന്നതാണ്.

റോഡുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ അവ പണിഴിപ്പിക്കപ്പെടുന്നപക്ഷം കച്ചവടം അഭിവൃദ്ധിയിൽ കൊണ്ടുവരുമെന്നാണു ഞാൻ വിചാരിക്കുന്നു. അതു പോലെ തന്നെ തോട്ടകളും ആവശ്യമുള്ള സ്ഥലങ്ങളിൽ അവയെ വെട്ടുന്നതായാൽ കച്ചവടം വർദ്ധിപ്പിക്കാം. ഇതിൽക്കൂടുതലായ മറുപടി ആ ചോദ്യത്തിനു നൽകിയ്ട്ടായശ്യമില്ലയെന്നു.

ശ്രീ. എം. ശിവരാണുപിള്ള (തൊവാള): ഒരു റോഡിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങൾ എങ്ങിനെയാണു മനസ്സിലാക്കുന്നതു?

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു സ്ഥലത്തു നിന്നും മണൽ പ്രദേശം പോലെയുള്ള മറ്റൊരു സ്ഥലത്തേക്കു പോകേണ്ടതിനു ബുദ്ധിമുട്ടുള്ളതായി തോന്നുമ്പോൾ അതിന്റെ ആവശ്യകതയെപ്പറ്റി അവർ മനസ്സിലാക്കുന്നു. ആളുകൾക്കു വള്ളങ്ങളിൽ പോകാമായിരിക്കാം. എന്നാൽ ഉരു മുതലുകളിൽ പോകുന്നതിനു റോഡുകളും ആവശ്യമാണ്. ആലപ്പുഴ ചേർത്തല അതിർ റോഡിൽ കഞ്ഞിക്കുഴി മൈൽ നീളത്തിലാണു സ, ൦ ൦ ൦ രൂപ നിശ്ചിവച്ചിട്ടുള്ളതു. ഒരുപ്പെടുത്തുകവണ്ണം അതൊരു വലിയ സംഖ്യ അല്ല. മെമ്പർ ചേർത്തലയിൽ പോയി വണ്ടി മാർഗ്ഗേണ സഞ്ചരിച്ചു നോക്കുന്നപക്ഷം പ്രസ്തുതറോഡു അനുവദിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം മനസ്സിലാക്കുന്നതാണ്. മിസ്റ്റർ ശൈവപ്പൻ മുൻപു തന്നെ പ്രസ്താവിച്ചതിനെപ്പറ്റി താലൂക്കിന്റെ പ്രസ്തുത ഭാഗത്തു മോട്ടോർ ഗതാഗതം ഇടക്കാലത്തിൽ വളരെ വർദ്ധിച്ചിട്ടുണ്ട്. അതു ഇപ്പോഴത്തെ ചേർത്തല പട്ടണത്തിന്റെ വർദ്ധനയുടെ ഒരു അടയാളമായി കരുതപ്പെടേണ്ടതാണ്. അതിനാൽ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന ഇരുട്ടേ പ്രാധാന്യത്തേയും ചേർത്തലയാലുകിൽ പ്രസ്തുത റോഡിന്റെ ആവശ്യകതയും ഗവൺമെന്റ് സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സ്—ത്രീ ഇനത്തെ സംബന്ധിച്ചിടത്തോളം, അവരെയും സ്ത്രീകൾക്കുള്ള കാളേജിൽ സ്ഥല സൌകര്യം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം എനിക്കു, അല്പം പറയാതിരിക്കാൻ മനസ്സുവരുന്നില്ല. കാളേജ് വിദ്യാഭ്യാസത്തിനു വേണ്ടി ചിലവാക്കുന്ന പണത്തിൽ ഒരു കാരണവശാലും വർദ്ധിപ്പിക്കുന്നതിനെ ഞാൻ ആക്ഷേപിക്കുന്നതെന്നു ചെയ്യുന്നു. എന്തെന്നാൽ അതു തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കുന്നു. പിന്നെ അതിനെപ്പറ്റി ഇപ്പോൾ ചിന്തിക്കുന്നതു കൊണ്ടു ഫലമില്ലെന്നാണു എന്റെ അഭിപ്രായം. സ്ത്രീകൾക്കുള്ള കാളേജ് ഒന്നാംമുറക്കുണ്ടെന്നുള്ള കാര്യം ഒന്നാമതായി കൊല്ലങ്ങൾക്കു മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ളതാണു. ആ കാളേജിൽ സയൻസ് ക്ലാസ്സ് ഏർപ്പെടുത്തുന്നതിനേക്കുറിച്ചു പണം ആവശ്യപ്പെട്ടപ്പോൾ ഞാൻ ഈ സഭ അനുവദിച്ചു കൊടുത്തു. ഡിപ്പാർട്ടുമെന്റിന്റേയും ഗവണ്മെന്റിന്റേയും മഹിമയെ വർദ്ധിപ്പിക്കുന്നതിനായിട്ടു അഫിലിയേഷൻ സംബന്ധിച്ചു പ്രസ്തുത കാളേജിൽ പലേ കാര്യങ്ങളും ചെയ്യണമെന്നുള്ള ആക്ഷേപം സർക്കുലാശാലക്കാർ പുറപ്പെടുവിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കേണ്ടതു ആവശ്യമായിട്ടുള്ളതാണ്. ഇതൊക്കെയും സമയാസമയങ്ങളിൽ സംഭരിച്ചു കൊടുക്കേണ്ടതാണ്; അല്ലെങ്കിൽ അതു ഡിപ്പാർട്ടുമെന്റിനും ഗവണ്മെന്റിനും ആക്ഷേപകരമായിട്ടുള്ളതായിരിക്കും.

ശ്രീ: കുറുപ്പിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): മഹിമയെ വച്ചു കൊണ്ടിരിക്കാൻ മന്ത്രിമാരെന്നോ മെമ്പർ ഇയിന്ന സ്ഥാനം നൽകുന്നതു.

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല) അതുകൊണ്ടു അവരെ മഹിമവച്ചു കൊണ്ടിരിക്കേണ്ടതിനു നമുക്കു ആവശ്യമായിട്ടുള്ളതുണ്ട്. പ്രസ്തുത കാളേജിനെ ഒന്നാം മുറക്കുന്നതിൽ വച്ചുണ്ടാകുന്ന ഗുണങ്ങളെപ്പറ്റി പ്രഭിപാദിച്ചിട്ടു നമുക്കിപ്പോൾ ആവശ്യമില്ല. അതു അനുവദിക്കപ്പെട്ട പോയതുകൊണ്ടു അഭിനന്ദനം രേഖപ്പെടുത്തിയാക്കേണ്ടതു നമ്മുടെ കർത്തവ്യമാണ്.

ശ്രീ. എ. കൊച്ചപ്പൻ (ചീഫ് ഇഞ്ചിനീയർ): സർ, ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള പണം കൊണ്ടു പോയാലും നല്ല സ്ഥിതിയിൽ വച്ചു കൊണ്ടിരിക്കുമെന്നും അടുത്ത കാലത്തെങ്ങും അതിലേക്കു പണം ചിലവാക്കേണ്ടി വരികയില്ലെന്നും ഉറപ്പു കിട്ടുമെന്നുണ്ടെങ്കിൽ മിസ്റ്റർ ശിവരാണുപിള്ള ആവശ്യപ്പെട്ടിരിക്കുന്നതു, ഒരിലേക്കും മറുപടി നൽകുന്നതിൽ കൂടുതലായി യതൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം ആവശ്യപ്പെട്ടതു ഉറപ്പു നൽകാൻ എനിക്കു സാധിക്കുന്നതിനാൽ ഞാൻ മനസ്സാപിക്കുന്നു. നാം ഇപ്പോൾ പണി നടത്തിച്ചിട്ടുള്ള റോഡുകളെ അറ്റകുറ്റമില്ലാതെ വച്ചു കൊണ്ടിരിക്കണമെങ്കിൽ അതിലേക്കു നാം പണം ചിലവാക്കേണം. കൂടുതൽ പണം ആവശ്യമുണ്ടെന്നു കാണുന്നപക്ഷം അതു അനുവദിക്കുന്നതിൽ സഭ ആക്ഷേപം പുറപ്പെടുവിക്കുമില്ലെന്നാണു ഞാൻ വിചാരിക്കുന്നു.

പ്രസ്തുത റോഡിന്റെ പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം എല്ലാവരും സമ്മതിക്കുന്നുണ്ട്. ജനസംഖ്യയിലും മറ്റെല്ലാതരത്തിലും മുൻപോട്ടു വരുന്ന അലപ്പുഴക്കും ഈ റോഡ് അത്യാവശ്യമായിട്ടുള്ളതാണ്.

അദ്ധ്യക്ഷൻ: അനന്തരാഴ്ചിലെയ യീണ്ടും പണികഴിപ്പിക്കുന്നതിനു വു, ൦ ൦ ൦ രൂപ സഭ അനുവദിച്ചതായി ഞാൻ കരുതുന്നു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞങ്ങൾ വോട്ടു ചെയ്യുന്നതിനു മുൻപു വാദപ്രതിവാദത്തിനു ഇടയായിട്ടുണ്ടിന്ന് വിഷയത്തെപ്പറ്റി അദ്ധ്യക്ഷന്റെ റൂളിംഗ് എന്താണെന്നു പ്രസ്താവിക്കുന്നതല്ലേ നല്ലതു.

അദ്ധ്യക്ഷൻ: അതിലേക്കു എനിക്കു അല്പം സമയംവേണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു തയ്യാറാക്കാതെ അദ്ധ്യക്ഷൻ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു.

അദ്ധ്യക്ഷൻ: അതിനെപ്പറ്റി ചിന്തിക്കുന്നതിനു കുറെ സമയം ആവശ്യമുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു എപ്പോഴും തയ്യാറാക്കും.

അദ്ധ്യക്ഷൻ. അടുത്ത ദിവസം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വോട്ടിനു ഇട്ടുകയാണെങ്കിൽ വോട്ടിംഗിന്റെ ഫലം എന്തായിരിക്കും.

അദ്ധ്യക്ഷൻ: വോട്ടു വോട്ടിംഗിനെ ബാധിക്കുന്നതല്ല.

ഗ്രാന്റു വോട്ടിനിട്ടുകയും അതു പാസ്സാക്കുകയും ചെയ്തു.

പിന്നിട് താഴെപ്പറയുന്ന ഡിമാന്റുകളെ പ്രത്യേകം പ്രത്യേകം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു:—

(i) കോട്ടയം കുമിളിറോഡിൽ ക.ഗ.ങ.ച.ഛ.ജ.ഝ.ഞ.ട.ഠ.ഡ.ഢ.ണ.ത.ഥ.ദ.ധ.ന.പ.ഫ.ബ.ഭ.മ.യ.ര.ല.വ.ശ.ഷ.സ.ഹ.ള.ഴ.റ മൈലുകളിൽ പ്രത്യേകമായുള്ള റീകോട്ടിംഗ്ജോലികൾ ... ... രൂപ ക,൦൦൦.

(ii) തിരുവനന്തപുരം പൊല്ലം റോഡിൽ ങ.ഞ (സ്പ്രത്തൽ എട്ടുവരെ ഫർലാങ്ങുകൾ) ന്യം മൈലുകൾ മൊറൽ ചെയ്യുന്നതിനു ... ... രൂപ ന്യ,൯൫൦.

(iii) ആലപ്പുഴ ചേർത്തല അയിരൂർ റോഡിലെ ക.൦ മുതൽ ക.ഘ വരേയും ക.ങ മുതൽ കൻ വരേയും മൈലുകൾ ചരലിട്ടു ഉറപ്പിക്കുന്നതിനു ... ... രൂപ ന.൪,൦൦൦

(iv) ആലപ്പുഴ ചേർത്തല അയിരൂർ റോഡിൽ ക മുതൽ കൻ വരെ മൈലിൽ റീകോട്ട ചെയ്യുന്നതിനു ... . രൂപ ന.൭,൯൯൦.

അദ്ധ്യക്ഷൻ: സ്ത്രീകൾക്കുള്ള കോളേജ് കെട്ടിടം വലുതാക്കുന്നതിനു ൪൦,൦൦൦ രൂപയ്ക്കുള്ള ഡിമാന്റു ഞാൻ വോട്ടിനിടുന്നു.

ഉപക്ഷേപം ഭൂരിപക്ഷപ്രകാരം പാസ്സാക്കപ്പെട്ടു.

മി: കെ, ജോജ് (ഗവർണ്ണർന്റെ ചീഫ് സെക്രട്ടറി): ഞാൻ പേപ്പർ അവശ്യപ്പെടുന്നു.

മി: എം. ശിവതാണുപിള്ള (തേവള്ള): നടപടി സംബന്ധിച്ചു ഒരു തീരുമാനം ഉണ്ടാകേണ്ടിയിരിക്കുന്നു. അതായതു അനുകൂലിക്കുന്ന ഒരു സമയത്തു പോരം ആവശ്യപ്പെടാമോ എന്നുള്ളതാണ്.

അദ്ധ്യക്ഷൻ: ഏതൊരു മെമ്പറിനും പോരം ആവശ്യപ്പെടാമെന്നുള്ളതാണ്, പോരം എടുക്കുകയും അതിന്റെഫലം താഴെപ്പറയുന്പ്രകാരമായിരിക്കുകയും ചെയ്തു:...

അനുകൂലിച്ചുവർ ന൩.

ക.	മി:	ഐ. സി. ചാക്കോ	ഘ൦.	,,	എം. എൻ. പിള്ള.
ഘ.	,,	പാർത്ഥസാരിയൻ	ഘക.	,,	ആർ. പത്മനാഭൻ.
ന.	,,	ആർ. ധനക്കോടിപ്പിള്ള	ഘഘ.	,,	കുഞ്ഞാലം പരമേശ്വരൻപിള്ള.
ഭ.	,,	കെ. ജാജ്ജ്	ഘന.	,,	ഡബ്ലിയു. എച്ച്. പിറ്റ്.
ങ,	,,	പി. ഹബിബ്മഹമദ്	ഘഭ.		ക്രിസ്റ്റസ്. പുന്നൻ ല്യൂക്കോസ്.
ന.	,,	എ. ജെ. ജാൺ	ഘങ.		മി: കെ. എൻ. രാമസ്വയ്യർ,
൭.	,,	എൻ. വി. ജോസഫ്	ഘന.		റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ.
ഖ.	,,	സി. പി. ഒക്കാച്ചുകുഞ്ഞുപിള്ള			
ൻ.	,,	പി. എൻ. കൃഷ്ണപിള്ള	ഘ൭.	മി:	എസ്. സി. എച്ച് റാബിൻസൺ,
കം.	,,	ടി. കുമാരപിള്ള	ഘഖ.	,,	കെ. ശിവരാമപ്പണിക്കർ.
കക.		ഡക്ടർ എൻ. കുഞ്ഞൻപിള്ള	ഘന.	,,	എം. ശിവതാണുപിള്ള.
കഘ.	മി:	തരിയൻകുഞ്ഞിരാമൻ	ന൦.	,,	വി. സുബ്ബയ്യർ.
കന.	,,	സി. വി. കുഞ്ഞിരാമൻ	നക.	,,	എസ്സ്. സുബ്രഹ്മണ്യക്കരയാളർ.
കങ.	,,	എൻ. എ. മുഹംപേർഡ്	നഘ.	,,	സി. പി. തരകൻ.
കഭ.	,,	കെ. മാധവൻപിള്ള	നന.	,,	സി. പി. താമസ്സ്.
കന.	,,	കെ. സി. മാമ്മൻമാപ്പിള	നങ.	,,	കെ., കെ. താമസ്സ്.
കൗ.	,,	കല്ലൂർ നാരായണപിള്ള	നഭ.	,,	പി. തോമതിനായകംപിള്ള.
കഘ.	മി:	പി. കെ. നാരായണപിള്ള.	നന,	,,	എ. വൈപ്പൻ.
കൻ.	,,	എൻ. നീലകണ്ഠപിള്ള.			

പ്രതികൂലിച്ചുവർ. ൭

ക.	മി:	കെ. ഐ. ജോസഫ്.	ങ.	,,	എസ്സ്. പിറവിടപ്പുതമാടംപിള്ള.
ഘ.	,,	എൻ. കെ. കൃഷ്ണപിള്ള.	ന.	,,	ജി. രാമൻതമ്പാൻ.
ന.	,,	കെ. പി. നിലകണ്ഠപ്പിള്ള.	൭.	,,	കൊണ്ടിപ്പുള്ളിയിൽ ആർ. രാമൻപിള്ള.
ഭ.	,,	എ. കെ. പിള്ള.			

നിഷ്പക്ഷവാദികൾ—ആരുമില്ല.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

ബഹുദ്ധക്ഷണത്തിനു ക—ഭ ൪-ന സഭ പിരിയുകയും വീണ്ടും ഘ—ഭ ങ-ന കൂടുകയും ചെയ്തു.

ഡിമാന്റു vi—വനം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർ വേറ്റർ): സർ, ഡിമാന്റു vi—വനം ഇനത്തിൽ ക,൪൦൦ രൂപായിൽ കവിയാത്ത ഒരു ഗ്രാന്റു അനുവദിക്കണമെന്നു അപേക്ഷിക്കുന്നു. ഈ ഇക രാജകീയ

വൃക്ഷങ്ങളിന്മേലുള്ള കൂടി വില തിരുമാനിക്കുന്നതിനു അനുവദിച്ചിട്ടുള്ള പ്രത്യേക സ്റ്റാഫ് തുടരുന്നതിലേക്കുണ്ട അവശ്യപ്പെട്ടിരിക്കുന്നു. കൂടി വില അവകാശങ്ങൾ ഏകദേശം രണ്ടര ലക്ഷം രൂപയോളം വർദ്ധിച്ചിട്ടുണ്ട്; ആ വക അവകാശങ്ങളെപ്പറ്റി ധ്രുതഗതിയിൽ തീരുമാനമുണ്ടാക്കുന്നതിലേക്കു ക്ലാ ൦൧–ൽ കൂടുതലായി ഏഴു ക്ലാർക്കുമാരെ നിയമിച്ചിട്ടുള്ളവിവരം സഭയ്ക്കു അറിയാവുന്നതാണ്. ക്ലാ ൦൧–ൽ അവസാനത്തിലും ക്ലാ ൦൨–ാ മാണ്ടിലും കൂടി ക്ലാ ൦൨,൦൦൦ രൂപായോളമുള്ള അധികാരങ്ങളെപ്പറ്റി സ്റ്റാഫ് തീർച്ച ചെയ്തിട്ടുള്ളതാണ്. ഇനിയും ഏകദേശം ഒരു ലക്ഷത്തിന്റെ അധികാരത്തിനായിട്ടും രൂപയോളം കൊടുത്തു തീർക്കേണ്ടതായിട്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. അതിനാൽ ഈ വർഷത്തിൽകൂടി പ്രസ്തുത സിൽബന്ധിച്ചുള്ള ജോലികൾ തുടരേണ്ടതു് അത്യാവശ്യമായിട്ടുള്ളതും അതിലേക്കു ക്ലാ,൪൦൦ രൂപ അധികമായി ആവശ്യമുള്ളതും കൂടുന്നു.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഡിമാൻറ viii—രജിസ്ട്രേഷൻ.

മി: കെ. ജോൺ (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സർ, കൂടുതലായി വരുന്ന അഡിഷണൽ ടേബററി സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിക്കുന്നതിനു ഡിമാൻറ viii രജിസ്ട്രേഷൻ ഇനത്തിൽ ക്ലാ ,൩൨൭ രൂപയിൽ കവിയാത്ത ഒരു ഗ്രാൻറ് വേണമെന്നു അപേക്ഷിക്കുന്നു. (ക) തോന്നയ്ക്കൽ, (ഖ) കവളങ്ങാട്, (ഗ)കോതമംഗലം, (ഘ) വക്കല, (ങ) പത്തനംതിട്ട, (ച) ചെപ്പാട്, (ഛ) പന്തളം, (ജ) കരുനാഗപ്പള്ളി എന്നീസ്ഥലങ്ങളിലാണ് ആഫീസുകൾ തുറക്കണമെന്ന് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിലുള്ള പല ആഫീസുകളിലും രജിസ്ട്രാക്കപ്പെടുന്നതിനു കൊണ്ടു വരുന്ന പ്രമാണങ്ങളുടെ സംഖ്യയിൽ വലുതായ വർദ്ധനയുണ്ടാകുന്നു എന്നു രജിസ്ട്രേഷൻ ഡയറക്ടർ റിപ്പോർട്ടു ചെയ്യുന്നു. ഈ അവസ്ഥ ഈ കൊല്ലത്തിൽ പ്രത്യേകമായിട്ടുള്ളതല്ല. കഴിഞ്ഞ കൊല്ലത്തിലും അപ്രകാരം തന്നെയായിരുന്നു. അതിനാൽ ഫലമായി തക്കകാലത്തേക്കു അഞ്ചു സബ്രജിസ്ട്രാർ ആഫീസുകൾ തുറന്നുകൊള്ളുന്നതിനു കഴിഞ്ഞകൊല്ലത്തിൽ ഗവണ്മെൻറ് അനുവദിച്ചതിൽ ബാക്കിയുള്ള തുകയും നൽകി ചാലക്കുടിപുരം, മൂവാറ്റുപുഴ, റാന്നി, കിടങ്ങൂർ, രാമപുരം എന്നീസ്ഥലങ്ങളിലായിരുന്ന പ്രസ്തുത ആഫീസുകൾ തുറക്കപ്പെട്ടിട്ടുണ്ട്. അവയെ ഇക്കൊല്ലത്തിലും ഇടതടവുകൊണ്ടിരിക്കയാണ് ചെയ്യുന്നതു്. ഇപ്രകാരം ചെയ്തിട്ടിട്ടുള്ള ജോലി വർദ്ധിച്ചുകൊണ്ടിരിക്കയാണു ചെയ്യുന്നതെന്നു കാണപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു ഒരു സബ് രജിസ്ട്രാരെക്കൊണ്ടു ജോലി നിർവഹിക്കാൻ സാധിക്കാത്ത ആഫീസുകളിലെ ജോലി ലഘൂകരിക്കുന്നതിനു പുതിയ ആഫീസുകൾ തുറക്കണമെന്നു ഡയറക്ടർ നിർദ്ദേശിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ആഫീസുകൾ താൽക്കാലികമായിട്ടുള്ളവയോ സ്ഥിരമായിട്ടുള്ളവയോ?

മി: കെ. ജോൺ (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ കൊല്ലത്തിൽ ബാക്കിയുള്ള കാലത്തേക്കു താൽക്കാലികമായിട്ടുള്ള ആഫീസുകളാണ്. നെടുമങ്ങാടും മാരനല്ലൂരുമുള്ള രണ്ടു ആഫീസുകളിലെ ജോലി ലഘൂകരിക്കുന്നതിലേക്കാണ് വെള്ളനാടു ആഫീസു സ്ഥാപിക്കുന്നതു്. ഈ രണ്ടു ആഫീസുകളിലും ക്ലാ ൦൧–ൽ ചെയ്തിരുന്ന ആധാരങ്ങളുടെ സംഖ്യ യഥാക്രമം ൧,൦൦൦—൯,൦൦൦–ം ആയിരുന്നു, ഇതിൽ നിന്നു തന്നെ ഈ രണ്ടു ആഫീസുകളിലുമുള്ള ജോലി ലഘൂകരിക്കേണ്ടതാണെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ. നെടുമങ്ങാട്ടുള്ള പ്രിൻസിപ്പൽ ആഫീസിൽ നിന്നും വെള്ളനാടു, ആര്യനാടു, പെരുങ്കടവിള, ഉഴമലയ്ക്കൽ, മണ്ണാക്കര, എന്നീ പകുതി ദേശവും മാരനല്ലൂർ ആഫീസിൽ നിന്നും കുളത്തൂരമ്മൽ പകുതിദേശവും പുതിയ സബ്ഡിസ്ട്രിക്ടിൽ ചേർക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. മേൽ പ്രസ്താവിച്ച രണ്ടു ആഫീസുകളിലേയും ജോലി ലഘൂകരിക്കത്തക്കവണ്ണം ഈ പകുതികളെ പോറ അടുത്തുള്ള ഏതെങ്കിലും ആഫീസുകളോടു ചേർക്കുന്നതിനു സാധ്യമല്ല. അതുകൊണ്ടു വെള്ളനാടു ഒരു പുതിയ ആഫീസു ആവശ്യമുണ്ട്.

അടുത്തതു തോന്നയ്ക്കലാണ്. ഇതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു കഴക്കൂട്ടവും ആറ്റിങ്ങലും സബ് രജിസ്ട്രാർ ആഫീസുകളിലെ ജോലി ലഘൂകരിക്കുന്നതിലേക്കാണ്. പ്രസ്തുത രണ്ടു ആഫീസുകളിലേയും ജോലിഭാരം കുറയ്ക്കുന്നതിനു ഒരു പുതിയ ആഫീസു തോന്നയ്ക്കൽ ആരംഭിക്കേണ്ട ആവശ്യമുണ്ട്.

അടുത്തതു വക്കലയാണ്. നാവായിക്കുളത്തും ചിറയിൻകീഴുമുള്ള ആഫീസുകളിലെ ജോലി ലഘൂകരിക്കുന്നതിനും തങ്ങളുടെ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൻ ഇപ്പോൾ ചടയമംഗലത്തു പോകേണ്ടിയിരിക്കുന്ന എന്ന ആവലാധിപ്പെട്ട വേലന്നൂർ പകുതിയിലെ ജനങ്ങൾക്കും സൌകര്യങ്ങൾ നൽകുന്നതിനുമാണ് പ്രസ്തുത ആഫീസു തുടങ്ങിയിട്ടുള്ളതു്. ഇതു ജനങ്ങൾക്കു വളരെ അസൌകര്യമായിട്ടുള്ളതാണ്. വക്കലയിൽ ഒരു ആഫീസു തുടങ്ങുന്ന പക്ഷം പ്രസ്തുത അസൌകര്യം ഇല്ലാതാകും.

അടുത്തതു കരുനാഗപ്പള്ളിയാണ്. അടുത്തുള്ള ചവറ, കരുനാഗപ്പള്ളി എന്നീസ്ഥലങ്ങളിലെ രണ്ടു ആഫീസുകളിലുള്ള ജോലി ലഘൂകരിക്കുന്നതിനാണ് ഈ ആഫീസിന്റെ ഉദ്ദേശം. ക്ലാ ൦൧ൽ ചവറയിൽ ൯,൯൦൦ പ്രമാണങ്ങളും കരുനാഗപ്പള്ളിയിൽ ൭,൦൦൦ പ്രമാണങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിനാൽ കരുനാഗപ്പള്ളിയിൽ ഒരു അഡിഷണൽ ആഫീസു ഉടനടി തുറക്കേണ്ടതാണ്.

അടുത്തതു ചേപ്പാടാണ്. ഇതിന്റെ ഉദ്ദേശം കായംകുളത്തും കാർത്തികപ്പള്ളിയിലുമുള്ള സബ് രജിസ്ട്രാർ ആഫീസുകളിലെ ജോലി ലഘൂകരിക്കുന്നതിനാണ്. അവിടെ ൯,൯൦൦ പ്രമാണങ്ങളിൽ കൂടുതൽ രജിസ്ട്രാക്കപ്പെട്ടിട്ടുണ്ട്. അതിനാൽ അധികാരമാറ്റി മാറ്റുന്നതു മൂലം പ്രസ്തുത ആഫീസുകളിലെ ജോലി ലഘൂകരിക്കപ്പെടുന്നതല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരു സബ് രജിസ്ട്രാക്ക് ശരാശരി എത്ര പ്രമാണങ്ങൾ രജിസ്ട്രാക്കാം?

മി: കെ. ജോൺ (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ആണ്ടിൽ ഒരു സബ് രജിസ്ട്രാക്ക് ൫,൪൦൦ പ്രമാണങ്ങളിൽ കൂടുതലായി രജിസ്ട്രാക്കുവാൻ സാധിക്കയില്ലെന്നാണ് പറയപ്പെടുന്നതു്.

മി: കെ. എം. ജോസഫ് (മന്ത്രിയും ദേവികുളവും): ഒരു ജില്ലയിലെ ഏതു പ്രമാണത്തിനും രജിസ്റ്റ്രേഷനാകാം?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞാൻ പറഞ്ഞ രീതിയിൽ നിന്നു വ്യത്യാസപ്പെടുത്തണമെന്നുള്ള അഭിപ്രായമാണ് ഗവണ്മെന്റിനുള്ളത്. ചെങ്ങന്നൂരും കുന്നത്തൂരുമുള്ള ആഫീസുകളിലെ ജോലി കുറവു ചെയ്യുന്നതിനു വേണ്ടിയാണ് ഇതു ചെയ്യുന്നത്. കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ടയിലേക്ക് ചേർത്തുകൊണ്ടു കുന്നത്തൂർ ആഫീസിൽ അല്പം ജോലി കൂടുവാനുണ്ട്. എന്നാൽ വേണ്ടത്ര ജോലിക്കുറവുണ്ടായിട്ടില്ല. അതുപോലെ പത്തനംതിട്ട ഒരു ആഫീസു തുടങ്ങുന്നപക്ഷം ഇവിടെ രണ്ടു ആഫീസുകളിലേയും ജോലി കുറയുന്നതാണ്. അടൂരുള്ള പത്തനംതിട്ട അഡിഷണൽ ആഫീസാണ്. ഇതുദ്ദേശിച്ചിരിക്കുന്നത് പത്തനംതിട്ട ആഫീസിലെ ജോലി മാത്രം കുറയ്ക്കുന്നതിനാണ്. കഴിഞ്ഞ കൊല്ലത്തിൽ ഒരു താൽക്കാലിക ആഫീസു താനിയിൽ ആരംഭിച്ചു. ഫ്രീ ഓഫ് കോസ്റ്റായ കച്ചമായ ൻ മാസത്തിനിടയിൽ മൂവായിരത്തിഅഞ്ഞൂറു പ്രമാണങ്ങൾ അവിടെ രജിസ്റ്റർചെയ്തു. താനിയിൽ ഒരു ആഫീസു തുടങ്ങിയെന്നു വരികിലും ഫ്രീ ഓഫ് കോസ്റ്റിന്റെ രജിസ്റ്റരാക്കപ്പെട്ട പ്രമാണത്തിന്റെ സംഖ്യ ഏകദേശം ആയിരുന്നു. അതിനാൽ പത്തനംതിട്ടയിൽ ഒരു അഡിഷനൽ ആഫീസ് ഇപ്പോഴെന്നാവശ്യമില്ലെന്നാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബ്രിട്ടിഷ് ഇന്ത്യയിൽ ഒരു സബ്രജിസ്ട്രാരുടെ ആഫീസിൽ ശരാശരി എത്ര പ്രമാണങ്ങളാണ് രജിസ്റ്റരാക്കപ്പെട്ടിരുന്നതെന്നു അറിയാമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അറിഞ്ഞുകൂടാ.

അവസാനമായിട്ടുള്ള കോടതിമേലധികാരിയുടെ മൂവാറ്റുപുഴ സബ്രജിസ്ട്രിആഫീസിലുള്ള ജോലി ലഘൂകരിക്കുന്നതിനാണ് അവിടെയൊരു ആഫീസു സ്ഥാപിക്കണമെന്നാവശ്യപ്പെടുന്നത്. ഫ്രീ ഓഫ് കോസ്റ്റ് മൂവാറ്റുപുഴ ആഫീസിൽ രജിസ്റ്റരാക്കപ്പെട്ട പ്രമാണങ്ങളുടെ എണ്ണം ൩,൪൦൦ ആയിരുന്നു. ആരിക്കുപകരിച്ചിട്ടുള്ള ഇനങ്ങളുടെ പ്രയോഗത്തിനായുള്ള അപേക്ഷയുടെ ഫലമായി പ്രസ്തുതപകുതി മൂവാറ്റുപുഴക്കു വീണ്ടും മാറ്റപ്പെട്ടു. ഇതുമൂലം മൂവാറ്റുപുഴയിൽ രജിസ്റ്റരാക്കപ്പെടുന്ന ആധാരങ്ങളുടെ എണ്ണം വർദ്ധിക്കുന്നതാണ്. അതിനാൽ പ്രസ്തുതപുതിയതായി വടക്കൻ പകുതിക്കാരിലുള്ള ജനങ്ങളുടെ സൌകര്യത്തിനും മൂവാറ്റുപുഴയിലുള്ള ആഫീസിലെ ജോലി ലഘൂകരിക്കുന്നതിനുമായി കോടതിമേലധികാരി ഒരു പുതിയ ആഫീസു തുടങ്ങുന്നതിനുദ്ദേശിച്ചിരിക്കുന്നു. സബ് രജിസ്ട്രാർ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): തെക്കൻ തിരുവിതാംകൂറിലുള്ള തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നിവിടങ്ങളിലെ സബ്രജിസ്ട്രി ആഫീസുകളിലെ ആരുടെയെങ്കിലും ൫,൪൦൦ പ്രമാണങ്ങളിൽ കൂടുതലായി രജിസ്റ്റരാക്കപ്പെട്ടിട്ടുണ്ടെന്നുണ്ടോ ചീഫ് സെക്രട്ടറി പ്രസ്താവിക്കുന്നു?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏതെങ്കിലും ഒരു ആഫീസിൽ ൫,൪൦൦ പ്രമാണങ്ങളും രജിസ്റ്റരാക്കപ്പെടുന്ന എന്നറിഞ്ഞയുടൻതന്നെ ഒരു സബ്രജിസ്ട്രിആഫീസു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ പ്രസ്താവിച്ചസ്ഥലങ്ങളിൽ ജോലി കുറക്കേണ്ടതായിട്ടുണ്ട്. ഏകദേശം ൩,൪൦൦ പ്രമാണങ്ങളും രജിസ്റ്റരാക്കപ്പെട്ടിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): അതിൽ അടങ്ങിയിരിക്കുന്ന കത്തുകളെസംബന്ധിച്ചാണ് ഞാൻ പ്രസ്താവിച്ചത്. ൫,൪൦൦ പ്രമാണങ്ങളിൽ കൂടുതലായി രജിസ്റ്റരാക്കപ്പെടുന്ന ഏതെങ്കിലും ഗവണ്മെന്റിൽനിന്നും ഒരു പുതിയ ആഫീസു സ്ഥാപിക്കാനുദ്ദേശമുണ്ടോ എന്നാണ് ചോദിച്ചത്?

മി കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നല്ല കാഴ്ചശക്തിയും സൌകര്യവുമുള്ള ഒരു സബ്രജിസ്ട്രാക്ക് അതിൽകൂടുതൽ ജോലിചെയ്യാൻ സാധിക്കുന്നതാണ്. എന്നാൽ ൩,൪൦൦ൽ കവിയുമ്പോൾ അല്പകാലം ചെയ്യുന്നതിനപ്പുറം തീച്ചയായും സാധിക്കുന്നതല്ല.

മി: എം. ശിവതാണുപിള്ള (തോവാള): കൽക്കുളം, വിളവങ്കോട് എന്നിതാലൂക്കുകളിലെ കണക്കുകൾ അപേക്ഷിച്ചിട്ടില്ലേ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). അതിനെപ്പറ്റി പ്രസ്താവിക്കുന്നതിനു എനിക്കിപ്പോൾ സാധിക്കുന്നില്ല. എന്നാൽ ഞാൻ പറഞ്ഞ എട്ടു ആഫീസുകളിൽ ജോലി ലഘൂകരിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): നാഞ്ചിനാടു വെള്ളാളറൂലേക്കുൻ പാസ്സാക്കിയിട്ടുള്ളതിനെപ്പറ്റിയും തെക്കൻ തിരുവിതാംകൂറിൽ കൂടുതൽ ആഫീസുകളുടെ ആവശ്യകതയുണ്ടെന്നും ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) ആവശ്യമുണ്ടായിരിക്കാം. എന്നാൽ ഇപ്പോഴതത്ര അത്യാവശ്യമായിട്ടുള്ളതല്ല: അല്ലാത്തപക്ഷം അതിനെപ്പറ്റി ഡയരക്ടർ ഉപാർശ ചെയ്തുമായിരുന്നു. ഡിപ്പാർട്ടുമെന്റ് മേലധികാരിയുടെ ഉപാർശയനുസരിച്ചുമാത്രം നാം തീരുമാനിക്കണം.

മി: എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റ് അതു ആവശ്യപ്പെടുമോ?

മി കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി: കൂടുതൽ ചിലവിനു ഇടയായിത്തീരുന്ന നിർദ്ദേശങ്ങളെ ഗവണ്മെന്റ് ആവശ്യപ്പെടേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ആവശ്യാധികം ഉണ്ടായിട്ടുണ്ടോ എന്നു ഗവണ്മെന്റ് അന്വേഷിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അന്വേഷിക്കാം.

മി എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതൊരു താൽക്കാലികമായിട്ടുള്ള ഏർപ്പാടാണോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നായർ റഗുലേഷൻറെയും ഈഴവ റഗുലേഷൻറെയും പ്രവർത്തനംകൊണ്ടാണോ ആധാരങ്ങളുടെ സംഖ്യയിൽ വർദ്ധനവുണ്ടായിട്ടുള്ളത്?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). പ്രധാനമായി അതുകൊണ്ടല്ല. റ്റ്രേഷനറി പ്രവർത്തനംകൊണ്ടും ഉണ്ടായിട്ടുണ്ട്. ഓഡിറ്റുകാരെ ഓഫീസുകളിൽ ഇടയ്ക്കിടയ്ക്കു അയയ്ക്കുമ്പോൾ രജിസ്റ്ററുകൾ തയ്യാറാക്കുന്ന ആധാരങ്ങളുടെ സംഖ്യയിൽ വർദ്ധനവുണ്ടാകുന്നതുകൊണ്ടാണ്.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): അഡിഷനൽ സബ് രജിസ്റ്റ്രാർ ആഫീസുകൾ വേണമെന്നു ആവശ്യപ്പെടുന്ന പ്രദേശങ്ങളും നായന്മാരും ഈഴവരും അധിവസിക്കുന്ന സ്ഥലങ്ങളാണെന്നു മെംബർക്ക് അറിയാമോ? ഇതിൽ മതക്കാരുടെ തിരുവിതാംകൂർ ഉൾപ്പെട്ടിരുന്നതുകൊണ്ടല്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ.

മി: കൊണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): കൊല്ലം കുടുക്കിൽ പെരിനാട്ടുപകുതിയിൽ പുതുതായി ഒരു സബ് രജിസ്ട്രാർ ആഫീസു വേണമെന്നു ജനങ്ങൾ ആവശ്യപ്പെടുന്നതായിട്ടു അറിയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർ, എനിക്കു കേൾക്കാൻ പറ്റിയില്ല.

മി: കൊണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): അവിടെ സബ് രജിസ്ട്രാർ ആഫീസു ആവശ്യപ്പെടുന്നതായി ഗവണ്മെന്റു അന്വേഷിച്ചിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവധാനപൂർവം ചിന്തിച്ചതിനുശേഷം അവശ്യപ്പെടുന്ന തൊന്നുപക്ഷം ഒരു സബ് രജിസ്ട്രാർ ആഫീസു ഗവണ്മെന്റു ഉറക്കുന്നതാണ്. ഔദ്യോഗസ്ഥന്മാരും ഒരു സബ് രജിസ്ട്രാർ ആഫീസുവേണമെന്നു ജനങ്ങൾ ആഗ്രഹിക്കുമായിരിക്കാം. എന്നാൽ അപ്രകാരം ചെയ്യുന്നതിനു സൗകര്യമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരഞ്ഞെടുപ്പുറോൾസിന്റെ കട്ടവിലത്തെ പ്രസിദ്ധീകരണത്തെ സംബന്ധിച്ചിടത്തോളം ചില ആവശ്യങ്ങളുള്ളതാണ്, ആ സംഗതി ഇതിൽ ഉൾപ്പെടുന്നുണ്ടോ എന്നു എനിക്കറിയാൻപാടില്ല. എന്തെന്നാൽ പോക്കുവരവുകേസ്സുകളുടെ തീർപ്പിനെക്കുറിച്ചുള്ള തീരുമാനത്തെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും ഉത്തരവാദിയാണ്. അതിനെപ്പറ്റി ഞാൻ പ്രതിവാദിക്കയാണെങ്കിൽ ഓർഡറിലാകുമിരിക്കുമോ?

അദ്ധ്യക്ഷൻ: ഇല്ല, ഇല്ല: ഇതുമായി യാതൊരുസംബന്ധവുമില്ലാത്തതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭേദഗതിയിന്മേൽ ഒരു ഡിവിഷൻ ആവശ്യപ്പെടുന്ന പക്ഷം അതിനെ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാമെന്നായിരുന്നു എന്റെ ഉദ്ദേശം. അതിലേക്കു രജിസ്ട്രേഷനം പ്രധാനമായിട്ടുള്ളതാണ്.

അദ്ധ്യക്ഷൻ: അവർക്കും സംഘടിപ്പിക്കാൻ എത്രത്തോളം ബുദ്ധിമുട്ടുണ്ടെന്നു പ്രദർശിപ്പിക്കണമെന്നു എനിക്കു നിശ്ചയമില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പെരിനാട്ടുള്ള ജനങ്ങൾ ഗവണ്മെന്റിനു ഹർജി ബോധിപ്പിച്ചിട്ടുള്ളവിവരം മെംബർക്ക് അറിയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു സംബന്ധിച്ചുള്ള റിക്കാർഡുകൾ ഇപ്പോൾ എന്റെ കൈവശമില്ലാഞ്ഞതിനാൽ മെംബർക്ക് മറുപടി നൽകുന്നതിനു എനിക്കിപ്പോൾ സാധിക്കുന്നതല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പെരിനാട്ട് ഒരു സബ് രജിസ്റ്റ്രാർ ആഫീസു ഉറക്കുണ്ടെന്നാണെന്നു കണ്ടു അവിടത്തെ ജനങ്ങൾ ഗവണ്മെന്റിലേക്കു ഹർജിബോധിപ്പിച്ചിട്ടുണ്ടെന്നു ഞാൻ പറയുന്നതിനെ മെംബർ വിശ്വസിക്കുമോ? അവിടെ ഒരു സബ് രജിസ്ട്രാർ ആഫീസു സ്ഥാപിക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനു ഗവണ്മെന്റിനു ഭാവമുണ്ടോയെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതുസംബന്ധിച്ചുള്ള മെംബറുടെ ക്ലേശവനയെ ഞാൻ സ്വീകരിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള ഒരു വിഷയത്തിൽ കൂടുതൽ ചിലവുണ്ടാകുന്ന നിർദ്ദേശങ്ങളെ ക്ഷണിച്ചുവരുത്തുന്നതു ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ശരിയല്ലെന്നു ഞാൻ മെംബറെ ധരിപ്പിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൂടുതൽ ചിലവു വാസ്തവത്തിൽ ഞാൻ ക്ഷണിച്ചുവരുത്തുന്നില്ല. ജനങ്ങളുടെ സങ്കടങ്ങളെ ക്ലേശവിച്ചുകൊണ്ടുള്ള ഒരു ഹർജി ബോധിപ്പിച്ചിട്ടുണ്ട്. അവിടത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിൽനിന്നു അന്വേഷണം നടത്തുമോയെന്നു അറിയാൻമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): തീർച്ചയായും അന്വേഷണം നടത്തുന്നതാണ് ആ ഹർജി റിപ്പോർട്ടിനായി രജിസ്ട്രേഷൻ ഡയറക്ടർക്ക് അയക്കപ്പെട്ടതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): ഒരു സബ് രജിസ്ട്രാരുടെ ആഫീസുവേണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടല്ലേ എന്നാൽ ഡിപ്പാർട്ടുമെന്റിൽ അധികം ജോലിയുള്ളതുകൊണ്ടാണ് എന്നു ഞാൻ മനസ്സിലാക്കട്ടെ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റിൽ അധികം ജോലിയുണ്ട്. ഇപ്പോഴുള്ള ആഫീസുകൾകൊണ്ടു മതിയാകുന്നില്ലെന്നു ജനങ്ങൾക്കുതന്നെ തോന്നിയിരിക്കുന്നതും അതുകൊണ്ടു അവർ വളരെ ബുദ്ധിമുട്ടി അനുഭവിച്ചു വരുന്നതും കാരണം. അതല്ല ഒരുകാര്യമെങ്കിൽ: ആഫീസുകളിലെക്കുറിച്ചു നടത്തപ്പെടാൻ പാടില്ലാത്തവിധത്തിൽ അതു അധികരിച്ചിരിക്കുന്നതിനെ, അതിനെ മറികടക്കുന്നതിനു വേണ്ടിയുള്ള ഈ ആഫീസുകളെ സ്ഥാപിക്കേണ്ടിയിരിക്കുന്നതും കാരണം. ഇതാണു പ്രധാനകാരണം.

മി: എം. ശിവതാണുപിള്ള (തോവാള): ജോലി അധികമായിരിക്കുന്നതുകൊണ്ടു മാത്രമാണോ ഈ ആഫീസുകൾ സ്ഥാപിക്കപ്പെടുന്നതു?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ. അതിനെസംബന്ധിച്ചു ഞാൻ തീർത്തുമായി പ്രസ്താവിച്ചു.

മി: എ. ജെ. ജോൺ (തൈക്കാട്): പഴയ സബ് രജിസ്ട്രാർ ആഫീസുകളെയും മാറ്റിയിട്ടുതുകൊണ്ടു അല്പം അസൗകര്യങ്ങൾ നേരിട്ടിട്ടില്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോൾതന്നെ അതു പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും അതിനെസംബന്ധിച്ചു ഒരു പരസ്യം അയച്ചിട്ടുണ്ടെന്നുമാണ് ഞാൻ വിചാരിക്കുന്നതു.

മി: എ. ജെ. ജോൺ (വയ്യാം): പണമടച്ചിട്ടുണ്ടോ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കു നിശ്ചയമില്ല.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഏതു സബ്രജിസ്ട്രാർക്കച്ചേരി മുതലായി ചുരക്കാൻപോകുന്നു? ഏതു സബ്രജിസ്ട്രാരോടാണ് നിയമിക്കുന്നുണ്ട്?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏട്ടു സബ്രജിസ്ട്രാർമാരെ നിയമിക്കുന്നുണ്ട്.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): കൂടുതലായിട്ടു ചുരുപേർ വേണ്ടി വരും?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏട്ടു സബ്രജിസ്ട്രാർമാരും ഓരോ ഗുമസ്തന്മാരും വേണം.

മി. തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഈ നിയമം ഇപ്പോൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പ്രാബല്യം കുറഞ്ഞ വകുപ്പിൽനിന്നും നടത്തുമോ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു ആലോചിക്കേണ്ടകാര്യമുണ്ട്.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതിനെപ്പറ്റി യാതൊന്നും ആലോചിച്ചിട്ടില്ലേ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മിക്കവാറും ഈ നിയമനങ്ങളെല്ലാം, സബ്രജിസ്ട്രാരുടെ നിയമനം കഴിച്ചു, രജിസ്ട്രേഷൻ ഡയറക്ടരാണ് ചെയ്യുന്നത്.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതിനായിരുന്നാലും, അതിൽ പ്രാതിനിധ്യം കുറഞ്ഞ വകുപ്പാക്കുന്നതെന്തുകൊണ്ടാക്കുമോ?

മി. കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആലോചിക്കാം.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഏതൊക്കെ ആളുകളെയാണ് ഗവണ്മെന്റുദ്യോഗസ്ഥന്മാരായി നിയമിക്കുന്നത്?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അങ്ങിനെയൊന്നും നിശ്ചയിച്ചിട്ടില്ല. ഫോണ്സ്ഥിൽ പാസ്സായതിനുശേഷമാണല്ലോ നിശ്ചയിക്കേണ്ടതു.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇപ്പോൾ യാതൊന്നും ആലോചിച്ചിട്ടില്ലേ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ കാര്യത്തെപ്പറ്റി ഇപ്പോൾ യാതൊന്നും ആലോചിച്ചിട്ടില്ല.

മി: തരിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മറ്റെന്തെങ്കിലും ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചോ?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോൾ ആലോചിക്കുന്ന വിഷയമല്ലല്ലോ.

മി കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പത്തനംതിട്ടയിൽ നിശ്ചയിക്കുന്ന സബ്രജിസ്ട്രാർ ആഫീസ് കോന്നിയിലേക്കു മാറ്റണമെന്നു സൌകര്യമാണെന്നറിയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). പൊതുക്കൌകര്യത്തെസംബന്ധിച്ചു ശ്രദ്ധയായിട്ടു ആലോചിച്ചു പൊതുജനങ്ങൾക്കു സൌകര്യമായസ്ഥലത്തു സ്ഥാപിക്കുന്നതിനു തീരുമാനിച്ചുകൊള്ളാമെന്നാണ് ഡയറക്ടർ ഗവണ്മെന്റിലേക്കു എഴുതിഅയച്ചിട്ടുള്ളതു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കുന്നിക്കുളത്തിയും). ഇതിനെസംബന്ധിച്ചു ഒരു ടോക്കൺ ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: അതു സാധ്യമല്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കുന്നിക്കുളത്തിയും): എന്നാൽ ഞാൻ ഉപക്ഷേപപ്രസ്താവമായി തിക്കുന്നു; അപ്രകാരം ചെയ്യുന്നതു പുതിയ സബ്രജിസ്ട്രാരന്മാരുടെ കച്ചേരികൾ ഇരിക്കുന്നതുസംബന്ധിച്ചു ചില സംഗതികൾ ഗവണ്മെന്റിനെ ഓർമ്മിപ്പിക്കുന്നതിലേക്കാണ്. ആളുമായി ഒന്നരറൊട്ടി രജിസ്ട്രാരന്മാരെ നിയമിക്കുന്നതു സാമ്പത്തികമല്ലെയോ എന്നു ഗവണ്മെന്റു ചിന്തിക്കേണ്ടതാണ്. നാഗരീകം സിദ്ധിച്ചിട്ടുള്ള രാജ്യങ്ങളിൽ അപ്രകാരം ചെയ്യുവാനുണ്ട്. ഇവിടെ കഴിഞ്ഞ മുന്നുകൊല്ലങ്ങൾക്കുള്ളിൽ ഗവണ്മെന്റിന്നു അനേകം പുതിയ നിയമനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അപ്രകാരം പ്രവർത്തിച്ചിട്ടുള്ളതിന്റെ കാരണം ചിലവുകഴിച്ചു ബാക്കി ധാരാളം പണം കൈവശമിരിക്കുന്നതുകൊണ്ടാണ്. ഈപ്രകാരം കെട്ടിയിരിക്കുന്നപണം ആകസ്മികമായ മറ്റു സംഗതികൾക്കായി ഉപയോഗിക്കപ്പെടുന്നതൊ എന്നാണു നാം ചിന്തിക്കേണ്ടതു. രജിസ്ട്രേഷൻ സ്ഥിതി നോക്കുമ്പോൾ അതിലേക്കു ആവശ്യമുള്ളതിൽ കൂടുതലായി ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരുടെ വമ്പിച്ച വളരെ തൊന്തരവുമായ ആലോചനയ്ക്കു വിഷയമായിത്തീരുന്നു; അതിനാണു നാഗരീകം സിദ്ധിച്ചിട്ടുള്ള മറ്റുരാജ്യങ്ങളിൽ ചെയ്യുവരുന്നതിനുള്ളതും ഓരോരോ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു സബ്രജിസ്ട്രാരന്മാരുടേയും മറ്റുഗവണ്മെന്റുദ്യോഗസ്ഥന്മാരുടേയും സംഖ്യ വീണ്ടും വർദ്ധിപ്പിക്കാതിരിക്കുന്നതിനും ഗവണ്മെന്റു ശ്രമിക്കുന്നതു.

ഗോദവർമ്മസംഗതി ഈ കാര്യത്തിൽ ആലോചിക്കേണ്ടതായിട്ടുണ്ടു; എന്തെന്നാൽ, പുതിയ സബ്രജിസ്ട്രേരന്മാരുടെ കച്ചേരികൾ സ്ഥാപിച്ചുസംബന്ധിച്ചു, അതായതു അധികാരത്തിൽനിന്നും നീണ്ടുപോകുന്നതു രാജ്യത്തിലെ പലഭാഗങ്ങളിലുള്ള അനേകം ജനങ്ങൾക്കു വളരെ അസൌകര്യങ്ങൾ നേരിട്ടിട്ടുള്ളതാണ്. ഇതിനുദാഹരണമായി വെളിപ്പെടുത്തുന്നതു കോതമംഗലം സബ്രജിസ്ട്രാർക്കച്ചേരിയുടെ അധികാരപ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന കോതമംഗലത്തുകാരുടെ അതിനു മുമ്പുള്ള മാറാക്കടവു, അതിനു മുമ്പുള്ള വാഴക്കുളം, അവിടെനിന്നു ഏകദേശം മുപ്പതു മൈൽ ദൂരത്തുള്ള മൂവാറ്റുപുഴയിലേക്കുള്ള വഴിയൊരുവിധ ഗതാഗതത്തിനും വഹിതമായ ബുദ്ധിമുട്ടിന്നു ഇടയായി. എന്തെന്നാൽ മുൻപിലത്തേക്കാൾ കൂടുതൽദൂരം അവർ യാത്രചെയ്യേണ്ടിവന്നു.

പന്തളത്തു ഒരു സബ് രജിസ്ട്രാരുടെ കച്ചേരി തുറക്കണമെന്നുള്ള നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അധികാരാധിക്യത്തിനിന്നും പന്തളത്തേക്കു മാറേണ്ടതിനാൽ ആയിരിക്കും ജനങ്ങൾ അപേക്ഷിച്ചിട്ടുള്ളതായി ഞാൻ അറിയുന്നു.

ഈ സന്ദർഭത്തിൽ ജനങ്ങളുടെ സൌകര്യങ്ങളെമാത്രം അടിസ്ഥാനപ്പെടുത്തി അധികാരാധിക്യത്തിൽ കുറച്ചുപ്പെടുത്തുന്നപക്ഷം യാതൊരുതരിമാനവും ഉണ്ടാക്കുന്നതിനു സാധ്യമല്ലെന്നു ചിലപ്പോൾ പറയുന്നുണ്ട്. അതിനോടുകൂടി ഞാൻ യോജിക്കുന്നില്ല. പലേ സബ് രജിസ്ട്രാർകച്ചേരികളുടെ അധികാരാതിർത്തി മാറ്റുന്നതിനുമുൻപായി ജനങ്ങളുടെ സൌകര്യത്തെപ്പറ്റി ഗവൺമെൻറ് അന്വേഷിക്കേണ്ടതാണ്. ഇതാണു ഗവൺമെൻറിന്റെ ദൃഷ്ടിയിൽ എനിക്കു കൊണ്ടുവരേണ്ടതായ രണ്ടാമത്തെ സംഗതി.

വേണ്ടാത്തകാര്യങ്ങളുടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. അനേകം സബ് രജിസ്ട്രാറന്മാർ ചുണ്ടിച്ചുപറഞ്ഞ രേഖന്നാസങ്ങളുടെ ഫലമായി ജനങ്ങൾക്കു വലുതായ വഴുത്തിനും സങ്കടത്തിനും ഇടവരുന്നു എന്ന ഈ സഭയിൽ സങ്കടം പറഞ്ഞിട്ടുണ്ട്. സബ് രജിസ്ട്രാന്മാരുടെ കച്ചേരികൾ വർദ്ധിപ്പിക്കുന്നതുകൊണ്ടു ജനങ്ങൾക്കുള്ള സങ്കടം വർദ്ധിച്ചേക്കാം. അതുകൊണ്ടു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ കീഴ്ദ്യോഗസ്ഥന്മാരുടെ നടപടിചൂശകങ്ങളും കൈക്കൂലി മുതലായവയും പരിഹരിക്കുന്നതിനു വേണ്ടുന്ന പ്രവർത്തിക്കാമെന്നുള്ള ഗവൺമെൻറിന്റെ കഴിഞ്ഞവണക്കത്തെ വാഗ്ദാനം നിറവേറേണ്ടതാകുന്നു. ഈ സംഗതികളെ ഗവൺമെൻറിന്റെദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉപക്ഷേപപ്രമേയം ഞാൻ എതിർക്കുന്നു.

മി: കല്ലൂർ നാരായണപിള്ള (പ്രമേയംതിട്ടി): സബ് രജിസ്ട്രാന്മാരുടെ ജോലിയെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഒരു ദിവസം ൪ മുതൽ ൬ വരെ ആധാരങ്ങളെ സാക്ഷിപ്പെടുത്തുന്നതിനു യാതൊരു പ്രയാസവുമില്ല. എന്നാൽ ആഫീസിൽ ചുമതലയായി രജിസ്റ്റർ ആക്കുന്ന ആധാരങ്ങളെയെല്ലാം ക്രമപ്രകാരമായി തിരിയെകൊടുക്കുന്നതിനു നിവൃത്തിയില്ലാതെവരുന്നു. സ്വന്തം ആധാരം കൊടുക്കുന്നതിനു യാതൊരുപ്രയാസവുമില്ല. ജോലിചെയ്യുന്നതിനു ക്ലാർക്കന്മാർ അത്യാവശ്യമാണ്. അതിനാൽ കൂടുതൽ രജിസ്ട്രേറന്മാരെ നിയമിക്കുന്നതിനെക്കാൾ കൂടുതൽ ക്ലാർക്കന്മാരെ നിയമിച്ചാൽ ജോലി എളുപ്പം തീർക്കാവുന്നതാണ്. അതിനാൽ കൂടുതലായി സബ് രജിസ്ട്രാറന്മാർ ആവശ്യമില്ലെന്നാണ് എൻറെ അഭിപ്രായം.

മി: കെ. ജോസ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): "സർ, മിസ്റ്റർ രാമൻമേനോൻ ചില സംഗതികളെപ്പറ്റി പ്രസ്താവിച്ചതിലേക്കു മറുപടി നൽകേണ്ടിയിരിക്കുന്നു. കൂടുതൽ നിയമനങ്ങൾ സൃഷ്ടിക്കുന്നതിനെസംബന്ധിച്ചാണു അദ്ദേഹത്തിൻറെ മുന്നാമത്തെ ആക്ഷേപം. പരീക്ഷണാർത്ഥം ഓണററി സബ് രജിസ്ട്രാന്മാരെ നിയമിക്കണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നു; അപ്രകാരമുള്ള നിയമനം പൊതുജനങ്ങൾ ഇഷ്ടപ്പെടുമോ എന്നുള്ളതു സഭയെന്നു തീരുമാനപ്പെടുത്തേണ്ടതാണ്. അതു ഇഷ്ടപ്പെടുകയില്ലെന്നാണു ഞാൻ തീർച്ചയായും വിചാരിക്കുന്നത്.

സബ് രജിസ്ട്രാന്മാരുടെ കച്ചേരികളുടെ അധികാരാതിർത്തിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞതവണ ഞങ്ങൾ കുറെ അധീക്ഷനൽ ആഫീസുകൾ സ്ഥാപിച്ചപ്പോൾ പലേ ആഫീസുകളുടേയും അധികാരാതിർത്തിയിൽ മാറ്റം വരുത്തിയെന്നാണ് മിസ്റ്റർ രാമൻമേനോൻറെ പരാതി. അതു ഒഴിച്ചുകൂടാൻപാടില്ലാത്തതായിരുന്നു. പുതിയ ആഫീസുകൾ സൃഷ്ടിക്കപ്പെടുമ്പോൾ അധികാരാതിർത്തിയിൽ മാറ്റം സംഭവിക്കുന്നു; അപ്രകാരം ചെയ്യുമ്പോൾ ചില ആളുകൾക്കു ബുദ്ധിമുട്ടു നേരിട്ടേക്കാം. എന്നാൽ, അധികാരാതിർത്തികളിൽ ചിലതും ചില മാറ്റങ്ങളുണ്ടാക്കി അവയെ പൂർവ്വസ്ഥിതിയിൽ ആക്കിയതോടുകൂടി ആ സങ്കടങ്ങൾ പരിഹരിക്കപ്പെട്ടു.

ജനങ്ങളുടെ ആഗ്രഹങ്ങൾ ഇന്നവയാണെന്നു അറിയുന്നതിനെ സംബന്ധിച്ചിടത്തോളം അപ്രകാരം ചെയ്യുന്നതിനു യാതൊരു ആക്ഷേപവുമില്ലെന്നുതന്നെയാണ്. എന്നാൽ മിസ്റ്റർ രാമൻമേനോൻ സൂചിപ്പിച്ചിട്ടുള്ളപോലെ അപ്രകാരം ചെയ്യുന്നപക്ഷം രജിസ്ട്രേഷൻ ഡയറക്ടർ ബുദ്ധിമുട്ടിപ്പോകും; എന്തെന്നാൽ എല്ലാവരുടേയും അപേക്ഷപോലെ പ്രവൃത്തിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നതല്ല. ഞാൻ മുൻപു പ്രസ്താവിച്ചുപോലെ പ്രസ്തുത കച്ചേരികളുടെ അധികാരാതിർത്തിയെപ്പറ്റി അന്വേഷിക്കാമെന്നും സംബന്ധപ്പെട്ട ജനങ്ങൾക്കു കഴിവുള്ളിടത്തോളം അസൌകര്യം നേരിടാതിരിക്കത്തക്ക വിധത്തിൽ ഓരോന്നിനേയും സ്ഥാനം ക്രിയപ്പെടുത്താമെന്നും ഡയറക്ടർ സമ്മതിച്ചിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആധ്യാരങ്ങൾ രജിസ്റ്റർചെയ്യുന്ന ആളുകളുടെ വാസസ്ഥലങ്ങളിൽവച്ചു അവയെ രജിസ്റ്റാക്കുന്നതിനു സൌകര്യം കൊടുക്കേണ്ട വിഷയത്തെപ്പറ്റി ഗവണ്മെൻറു ചിന്തിച്ചിട്ടുണ്ടോ?

മി: കെ. ജോസ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അപ്രകാരം ചെയ്യുന്നതിലേക്കു ഇപ്പോൾ ചില ചട്ടങ്ങളുള്ളതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിലേക്കു കൂടുതൽ സൌകര്യങ്ങൾ നൽകുന്നതിനു സാധ്യമുണ്ടോ? അതിനെപ്പറ്റി ഗവണ്മെൻറു ചിന്തിച്ചിട്ടുണ്ടോ?

മി: കെ. ജോസ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതിനെപ്പറ്റി ഗവണ്മെൻറു ഇതുവരെ ചിന്തിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റു വാദപ്രതിവാദത്തിൽ അതിനെപ്പറ്റി പ്രസ്താവിച്ചു എന്നാണു ഞാൻ ഓർക്കുന്നതു; ആ വാദപ്രതിവാദത്തെ അടിസ്ഥാനപ്പെടുത്തി നടപടി നടത്തുന്നതാണ്.

മി: കുറണ്ടിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): ആ ആലോചനയിൽ ൨,൫൦൦ ആധാരത്തിൽ കുറവായിട്ടു ജോലിയുള്ള സബ് രജിസ്ട്രാർ കച്ചേരികളും ഉണ്ടോ?

മി: കെ. ജോസ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സ്വല്പം ചില കച്ചേരികളുണ്ടായിരിക്കാം; അവയുടെ ലിസ്റ്റ് എൻറെ പക്കലില്ല. എന്നാൽ അക്കാരണത്തെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത ഉദ്ദ്യോഗങ്ങളും നാം അനുവദിക്കാതിരിക്കുന്നതു അല്പം മുൻപു മിസ്റ്റർ രാമൻമേനോൻ പ്രസ്താവിച്ച വൈഷമ്യം നേരിടുന്നതാണ്. അങ്ങിനെയാണെങ്കിൽ പലേ സബ് രജിസ്ട്രാറന്മാരുടെ കച്ചേരികളുടെ അധികാരാതിർത്തി മാറേണ്ടതായിവരും.

മി കുറണ്ടിപ്പുള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): അധികാരാതിർത്തി മാറി പരിഷ്കരിക്കുന്നപക്ഷം കൂടുതൽ സബ് രജിസ്ട്രാർകച്ചേരി ഇല്ലാതെ കഴിക്കാമോ എന്നു ആലോചിച്ചിട്ടുണ്ടോ?

മി: കെ. ജാണ്ണ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) അങ്ങനെയാണെ ഞാൻ ഇപ്പോൾ പറഞ്ഞത്. ൪,൫൦൦ പ്രമാണങ്ങളിൽ കവറായി രജിസ്റ്ററാക്കപ്പെട്ടതു ഏതെങ്കിലും കച്ചേരികളുടെയോ ഇല്ലയോ എന്നു പറയുന്നതിനു വേണ്ട റിക്കാർഡുകൾ ഇപ്പോൾ എൻറെ പക്കൽഇല്ല. എന്നാൽ അപ്രകാരമുള്ള ചില കച്ചേരികളുണ്ടായിരിക്കാം; അക്കാരണത്തെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത അഡിഷനൽ കച്ചേരികളെ നാം സ്ഥാപിക്കാതെപക്ഷം ഇപ്പോഴുള്ള കച്ചേരികളുടെ അധികാരാതിർത്തികൾ മാറേണ്ടതായിവരികയും അതുമൂലം ജനങ്ങൾക്കു വലുതായ അസൌകര്യവും നേരിടുകയും ചെയ്യുന്നതാണ്. ഈ കാൽകാണിക കച്ചേരികൾ തുടർന്നുപ്പെടുന്നപക്ഷം അതു ബുദ്ധിമുട്ടിനു ഇടവരുത്തുന്നതല്ല.

മി: രാമൻതമ്പിനോടൻറെ അടുത്ത ആക്ഷേപം പന്തളത്തുള്ള സബ്ജഡിസ്ട്രാരുടെ കച്ചേരിയുടെ സ്ഥാനത്തെ സംബന്ധിച്ചാണ്. അതിനെപ്പറ്റി ചില ആവശ്യങ്ങളുണ്ടായിട്ടുള്ളതു, എല്ലാ കക്ഷികൾക്കും സൌകര്യം കൊടുക്കുന്നതിനു വിധത്തിൽ പന്തളത്തുതന്നെ ഒരു സൌകര്യമായ സ്ഥലത്തു അതിനെ സ്ഥാപിച്ചു അവിടെത്തിക്കിടയുണ്ടായിത്തീർന്നിട്ടുള്ള അസൌകര്യങ്ങളെ മാറിക്കൊടുക്കാമെന്നു മിസ്റ്റർ വെങ്കിട്ടരാവു റിപ്പോർട്ടു ചെയ്തിട്ടുള്ളതും ആകുന്നു. ഏതുകാര്യവും ഭംഗിയും ഉത്തമമായ രീതിയിൽ അല്പേഹം പ്രവർത്തിക്കുന്നതാണ്. എല്ലാ ജനങ്ങളുടേയും ആവശ്യങ്ങളെ നിറവേറുന്നതിനു സാധിക്കുന്നതുവരെയും; എന്നാൽ ആകുന്നിടത്തോളം അപ്രകാരം അല്പേഹം പ്രവർത്തിക്കുന്നതാണ്.

കൈയ്യൂരി മുതലായ തോന്ന്യാസങ്ങളെപ്പറ്റി ഞാൻ പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല; എന്തെന്നാൽ അടുത്തകാലത്തുതന്നെ അതിനെപ്പറ്റി വാല്പേതിവാളം നടത്തിയിട്ടുള്ളതുകൊണ്ട്.

കുടുതൽ ക്ലാർക്കന്മാരെ നിയമിച്ചു സബ്ജഡിസ്ട്രാറന്മാരുടെ കച്ചേരികളിലെ ജോലിത്തിരക്കു കുറയ്ക്കുവാൻ പാടില്ലയോ എന്നു മിസ്റ്റർ കല്ലൂർ നായരണപിള്ള ചോദിക്കയുണ്ടായി. അതിനെപ്പറ്റി ഡയറക്ടർ ചിന്തിച്ചിട്ടുള്ളതിനും, തൻറെ അഭിപ്രായത്തിൽ ഒരു കൊല്ലത്തിൽ ആറായിരം പ്രമാണങ്ങളോളം രജിസ്റ്റർ ചെയ്യുന്ന ഒരാഫീസു സബ്ജഡിസ്ട്രാക്കു സാധിക്കുന്നതല്ലെന്നു അല്പേഹം റിപ്പോർട്ടു ചെയ്തിട്ടുള്ളതും ആകുന്നു. ക്ലാർക്കന്മാരുടെ സഹായംകൊണ്ടു ജോലിത്തിരക്കു ലഘൂകരിക്കപ്പെടുമോ എന്നുള്ള വിഷയത്തെപ്പറ്റി അല്പേഹം ചിന്തിച്ചിട്ടുള്ളതും അതിൻറെ ഫലമായിട്ടു ജോലിത്തിരക്കുള്ള ചില കച്ചേരികളിൽ കുടുതലായ് ഓരു ക്ലാർക്കന്മാരെ നിയമിക്കേണ്ടതാണെന്നു അല്പേഹം നിർദ്ദേശിച്ചിട്ടുള്ളതും ആകുന്നു. നിർഭാഗ്യവശാൽ അതിനെപ്പറ്റി പൂർണ്ണമായി ചിന്തിച്ചു കുടുതൽ ഗ്രാൻറിനു ഈ സമയോട് അപേക്ഷിക്കുന്നതിനു ഗവണ്മെൻറിനു സാധിക്കാതെ വന്നിട്ടുള്ളതും അടുത്തയോഗത്തിൽ അതിലേക്കായി അപേക്ഷിക്കേണ്ടതായിവരുമെന്നു ഞാൻ വിശ്വസിച്ചുപോരുന്നതും ആകുന്നു. പ്രസ്തുതവിഷയത്തെപ്പറ്റി ചിന്തിച്ചപ്പോൾ ഓരോ പ്രാവശ്യവും ഒരുപോലെ ഒരുപോലെ ശരിയും ഒപ്പുവയ്ക്കേണ്ടതായ സബ്ജഡിസ്ട്രാക്കുടെ ജോലിയും ലഘൂകരിക്കപ്പെടേണ്ടതായിരിക്കുകൊണ്ടു ഏതുമാനം ചില ക്ലാർക്കന്മാരെ നിയമിച്ചു ഇപ്പോഴുള്ള ജോലിത്തിരക്കു കുറവുചെയ്യാൻ സാധിക്കുമെന്നില്ലെന്നു കണ്ടു എനിക്കതെ ഞാൻ പറയുന്നതിൻറെ അർത്ഥം.

മി സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആയിരത്തിൽ കുടുതൽ പ്രമാണങ്ങൾ രജിസ്റ്റാക്കപ്പെട്ടന്ന ഇനിയും സബ്രജിസ്ട്രാർ കച്ചേരികളുണ്ടോ?

മി. കെ. ജാണ്ണ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇല്ലെന്നാണ് തോന്നുന്നത്; എന്തെന്നാൽ, അതിനെപ്പറ്റി ഡയറക്ടർ ഗവണ്മെൻറിനെറ ശ്രദ്ധിയിൽ കൊണ്ടുവന്നിട്ടില്ല.

ഡിമാൻറ് സഭയിൽ വോട്ടിനിടുകയും അതു പാസ്സാക്കുകയും ചെയ്തു.

ഡിമാൻറ് xiv—കൃഷിയും മത്സ്യവ്യവസായവും.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ഡിമാൻറ് xiv-കൃഷിയും മത്സ്യവ്യവസായവും ഇനത്തിൽ ക്രൂവ്വരുപയിൽ കവിയാത്ത ഒരു സപ്ലിമെൻററി ഗ്രാൻറ് വേണമെന്നു ഞാൻ അപേക്ഷിക്കുന്നു. പൊതുവെ ഈ ഇനത്തെമാത്രം അടിസ്ഥാനപ്പെടുത്തി ദീർഘമായ പ്രസംഗങ്ങളും നടത്തുന്ന ബുദ്ധിമുട്ടിൽ നിന്നും അന്യോഗ്യസ്ഥ സാമാജികന്മാരായ എൻറെ സ്നേഹിതന്മാരെ ഒഴിവാക്കുന്നതിലേക്കു പ്രസ്തുത ഗ്രാൻറിനെറ ആവശ്യകത എന്താണെന്നു ചുരുക്കത്തിൽ പ്രസ്താവിക്കുന്നതു ഉത്തമമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പുഞ്ചനിലങ്ങളെ ഉഴുന്നതുസംബന്ധിച്ചു പരീക്ഷണം നടത്തുന്നതിലേക്കാണ് പ്രസ്തുതഗ്രാൻറ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു. തങ്ങളുടെ നിലങ്ങളെ ഉഴുന്നതു സംബന്ധിച്ചുള്ള വൈമുഖ്യങ്ങളെപ്പറ്റി കൃഷിചെയ്യുന്ന പുഞ്ചകൃഷിക്കാരെ അറിയാവുന്നതാണ്. ഈ നിലങ്ങളെ നല്ലവണ്ണം ഉഴുന്നതായാൽ അതിൽനിന്നു നല്ല വിളവെടുക്കാമെന്നും അവർക്കു അറിയാം. വർഷത്തിൽ ഏകദേശം എട്ടു മാസക്കാലം പുഞ്ചനിലങ്ങളിൽ വെള്ളത്തിനടിയിലാണെന്നും, തുലാമാസത്തിലൊ വൃശ്ചികമാസത്തിലൊ വെള്ളം ഇറക്കിക്കളഞ്ഞു വിത്തു വിതച്ചു മീനം അവസാനത്തിലൊ മേടം അവസാനത്തിലൊ വിളവെടുത്തു വരുന്നു എന്നും സഭയിലെ മിക്ക അംഗങ്ങൾക്കും ഒരുപക്ഷെ അറിയാമായിരിക്കാം. വെള്ളമില്ലാതെ ഉഴുകുന്നതിനു സൌകര്യപ്പെടുമെങ്കിൽ വിളവെടുത്തുകഴിയുന്നതു മുതൽ വർഷകാലം ആരംഭിക്കുന്നതിനു മുൻപുവരെയുള്ള കാലം മാത്രമുള്ളു; എല്ലുമുറിയെ ഉഴുതിട്ടുണ്ടെങ്കിലും നല്ലതിനെണ്ണം ഉഴുന്നതിനു ഈ സമയം മതിയാകുന്നില്ല. ഇതിനുംപുറമെ പ്രസ്തുതകാലത്തിനിടയിൽ തന്നെ വല്ല സമയങ്ങളിലും മഴയുണ്ടായി എന്നും വന്നേക്കാം; അങ്ങിനെ സംഭവിക്കുമ്പോൾ കന്നുകാലികളെക്കൊണ്ടോ യന്ത്രത്തിൻറെ സഹായംകൊണ്ടോ പ്രസ്തുത നിലങ്ങളെ ഉഴുന്നതിനു അസാധ്യമായിത്തീരുന്നു. ഈ സംഗതി കൃഷിക്കാരെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇതിലേക്കൊരു നിവൃത്തിമാർഗ്ഗമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നിലങ്ങൾ വെള്ളത്തിനടിയിൽ കിടക്കുമ്പോൾ ഉപയോഗപ്പെടുത്താവുന്നതായ ഒരു മോട്ടോർ പമ്പിനെയുടെ മാതൃക ഉണ്ടാക്കുന്ന ആവശ്യത്തിലേക്കു ൪൦൦ രൂപ സംഖ്യാം കൊടുക്കുന്നതാണെന്നു ഗവണ്മെൻറ് പ്രത്യുപായം ചെയ്തിരുന്നു. മത്സരത്തിനായി പമ്പു മാതൃകകളും അയക്കപ്പെട്ടു; പ്രസ്തുതമാതൃകകളെ പരിശോധിക്കുന്നതിനും സമ്മാനം നൽകപ്പെടുന്നതിനു അർഹതയുള്ള ഏറ്റവും ഉത്തമമായ മാതൃകയെ അവയിൽ നിന്നു തിരഞ്ഞെടുക്കുന്നതിനും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു കമ്മിറ്റിയെ ഗവണ്മെൻറിൽനിന്നും നിയമിക്കപ്പെട്ടു. എല്ലാ മാതൃകകളേയും പ്രസ്തുത കമ്മിറ്റി പരിശോധിക്കുകയും, അവയിൽ രണ്ടെണ്ണം ഉപയോഗിക്കത്തക്കവയും പ്രായോഗികമായിട്ടുള്ളവയും ആണെന്നു അവർ കണ്ടെത്തുകയും, മറ്റുള്ളവയിൽ അനേക ന്യൂനതകളുണ്ടാ

യിരുന്നുചെങ്കിലും അവയെല്ലാം തള്ളിക്കളയുകയും ചെയ്തു. കമ്മിറ്റിക്കാർ അംഗീകരിച്ച രണ്ടു മാതൃകകളെ അവർ ഗവണ്മെന്റിലേക്കു അയച്ചു. അവയിൽ ഏതെങ്കിലും പ്രായോഗികമായി ഉപയോഗപ്പെടുത്താവുന്ന ക്ലപ്തമായി അവക്കു അഭിപ്രായപ്പെടുന്നതിനു വേണ്ടി ഉപയോഗപ്പെടുത്തുവാനുള്ള മാതൃകകളുണ്ടാക്കി അവയെ പരിക്ഷിച്ചുനോക്കേണ്ടതാണെന്നു അവർ റിപ്പോർട്ടു ചെയ്തു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): കമ്മിറ്റിയിൽ വിദഗ്ധന്മാരായി ആരെങ്കിലുമുണ്ടായിരുന്നോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ഉണ്ടായിരുന്നു. പ്ലാന്റേഷൻ ഇഞ്ചിനീയർ മിസ്റ്റർ ജാൺകുയ്ത്ത്, വ്യവസായ ഇഞ്ചിനീയർ, കൃഷിഡയറക്ടർ എന്നീ അളുകളും കമ്മിറ്റിയിലുണ്ടായിരുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): പ്രസ്തുത മാതൃകകളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ക്ലപ്തമായി അഭിപ്രായപ്പെടുന്നതിനു അവക്കു സാധിച്ചില്ലെ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): അവക്കു സാധിച്ചില്ല. അവർ അംഗീകരിച്ച രണ്ടു മാതൃകളും നല്ലതാണെന്നും, പ്രസ്തുത ആവശ്യത്തിനു അവയെ ഒരുപോലെ ഉപയോഗപ്പെടുത്താമെന്നും, എന്നാൽ അവർ ഒരു ക്ലപ്തമായ അഭിപ്രായം പുറപ്പെടുവിക്കുന്നതിനു മുൻപു പ്രായോഗികമായിട്ടുപയോഗപ്പെടുത്താവുന്ന മാതൃകകളുണ്ടാക്കി പരീക്ഷിച്ചു നോക്കേണ്ടതാണെന്നും അവർ വിചാരിച്ചു.

ശ്രീ: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): വെള്ളത്തിനടിയിലുള്ള നിലങ്ങളും ഉഴുകുന്നതിനു മറ്റേതെങ്കിലും മാതൃക കൃഷിഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ കണ്ടുപിടിച്ചിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): അവർ കണ്ടുപിടിച്ചിട്ടില്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള). ഡിപ്പാർട്ടുമെന്റിൽ വിദഗ്ധന്മാരില്ലയോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): കലപ്പകളുണ്ടാക്കുന്നതിനില്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): കൃഷിവ്യവസായ വകുപ്പിനു വിദഗ്ധന്മാരില്ലെ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ശാസ്ത്രീയ കൃഷിവ്യവസായത്തെപ്പറ്റി കർഷകന്മാരെ ഉണർത്തിക്കുന്നതിലേക്കു വിദഗ്ധന്മാരുണ്ട്.

ശ്രീ: എം. ശിവതാണുപിള്ള (തോവാള). ഉണർത്തുന്നതിനു എണ്ണവിദഗ്ധൻ, പുണ്ണാക്കു വിദഗ്ധൻ മുതലായവരെ പോലെയുള്ള വിദഗ്ധന്മാർ ഡിപ്പാർട്ടുമെന്റിൽ ഇല്ലയോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): പുണ്ണാക്കു വിദഗ്ധനായി ഒരാളുണ്ടെങ്കിൽ അയാൾക്കു പുണ്ണാക്കു ഉപയോഗിക്കുന്നതിനെ സംബന്ധിച്ചു, അതായതു വിത്തു വയ്ക്കുന്നതിലേക്കു അതിനെ ഭൂമിയിൽ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നു മാത്രമേ കർഷകന്മാരെ ഉണർത്തിക്കുന്നതിനു സാധിക്കയുള്ളു.

ശ്രീ: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പ്രസ്തുതപ്രയുടെ പ്രത്യേക സ്വഭാവത്തെപ്പറ്റി എങ്കിലും വിവരം മെമ്പർക്ക് തരാൻ സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ഈ മാതൃകകളുടെ പ്രായോഗിക ഉപയോഗത്തെപ്പറ്റി യാതൊരു കൃത്യം ക്ലപ്തമായ അഭിപ്രായം പറയാൻ സാധിക്കയില്ലെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ഇവ കടലാസ്സുകളിൽ സ്കെച്ചുകൾ മാത്രമെയുള്ളു, ഉപയോഗപ്പെടുത്തുന്നു മാതൃകകളുണ്ടാക്കി ഉപയോഗിച്ചു നോക്കിയല്ലാതെ ക്ലപ്തമായി പറയുവാൻ യാതൊരുത്തനും സാധിക്കുന്നതല്ല, അതാണു കമ്മിറ്റിക്കാർ ശുപാർശചെയ്തിട്ടുള്ളതും.

ശ്രീ: എം ശിവതാണുപിള്ള (തോവാള): മാതൃക ഉണ്ടാക്കിയതിനുശേഷമായിരിക്കുമോ അഭിപ്രായമുള്ള പരീക്ഷണം നടത്തുന്നതിനു ആവശ്യപ്പെടുന്നതു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ഞാൻ അതിനെ സംബന്ധിച്ചു പ്രതിവാദിക്കാൻ പോകയാണ്. ഒരു മോട്ടാർ ബോട്ടിനോടു ഒരു കുതിരകലപ്പ തോല്പിക്കുന്നതിന്റെ മുഖത്തിൽ ഇടിച്ചു എടുപ്പിക്കണമെന്നാണ് ഉദ്ദേശം. പുഞ്ചനിലങ്ങളിൽ ഉഴുകുന്ന സംഭ്രമായം കണ്ടു അനിഷ്ടപ്പെടുവർക്ക് അതിപ്പോൾ എങ്ങനെയാണു നടത്തുന്നതെന്നു മനസ്സിലായിട്ടുണ്ടായിരിക്കണം. കനകാധിക്യമുള്ള കലപ്പയിലെ കെട്ടി അവയെ വെള്ളത്തിൽ അടിച്ചിറക്കുന്നു; അവ അങ്ങോട്ടുമിങ്ങോട്ടും നീന്തുകയും അതുമൂലം കലപ്പ മണ്ണിൽ കുത്തിമണ്ണു ഇളക്കുകയും ചെയ്യുന്നു. ഇപ്രകാരമാണു പുഞ്ചനിലങ്ങളെ ഇപ്പോൾ ഉഴുതുവരുന്നതു. പ്രസ്തുത ഭൂമികളെ കൂടുതൽ നല്ലതിനുവേണ്ടി ഉഴുകുന്നപക്ഷം അവയിൽനിന്നും ഇപ്പോൾ കിട്ടിവരുന്നതിൽ കൂടുതൽ വിളവു കർഷകന്മാർക്ക് എടുക്കാമെന്നുള്ളതാകുന്നു. ഒരു മോട്ടാർ ബോട്ടിനോടു തോല്പിച്ചു ഇടാവുന്നതായ ഒരു കലപ്പ കണ്ടുപിടിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു. കനം കുഴികളുള്ള ഭൂമികളെ ഉഴുതുകവെണ്ണം ആലോചിക്കപ്പെട്ടിട്ടുള്ളതായിരിക്കണം.

ശ്രീ: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മോട്ടാർ ബോട്ടിന്റെ വില ഏതാണ്ടു രൂപയിൽ ഉൾപ്പെട്ടിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ഇല്ല, അതിനെപ്പറ്റി ഞാൻ പ്രസ്താവിക്കാൻ പോകയാണ്. രണ്ടു മാതൃകകളേയും ഉണ്ടാക്കുന്നതിനും അവയുടെ പ്രയോഗത്തെപ്പറ്റി പ്രക്ഷണം നടത്തുന്നതിനുമാണ് പ്രസ്തുതതുക ആവശ്യപ്പെട്ടിരിക്കുന്നതു. ആവശ്യപ്പെട്ടിരിക്കുന്നതുക ഗവണ്മെന്റു വിലവാങ്ങുന്നതും മാതൃകയും ഗവണ്മെന്റിന്റെ മുതലായിരിക്കുന്നതും ആകുന്നു. ഇവയെ കണ്ടുപിടിച്ചുവരിൽ ഒരാൾ ഉപയോഗിക്കാവുന്ന ഒരു മാതൃകയുണ്ടാക്കുന്നതിനു അയാളുടെപക്കൽ പണമില്ലെന്നു പറയുകയും അതിനാൽ ആ ജോലി ഗവണ്മെന്റുതന്നെ നടത്തണമെന്നു കമ്മിറ്റിയോടു അപേക്ഷിക്കയും ചെയ്തിട്ടുള്ളതുകൊണ്ടു, അവയുണ്ടാക്കുകയാണെങ്കിൽ യന്ത്രം അവയുടെ മുതലായിത്തീരുന്നതാണ്. ഏകദേശം ൨,൫൦൦ രൂപയുണ്ടെങ്കിൽ അവയുടെ മാതൃകകൾ ഉണ്ടാക്കപ്പെടാമെന്നു കമ്മിറ്റിക്കാർ വിചാരിച്ചു. യന്ത്രങ്ങളുടെ ഉപയോഗത്തെപ്പറ്റി പ്രക്ഷണങ്ങൾ നടത്തുന്നതിനു ഏകദേശം ൫൦൦ രൂപ വേണമെന്നും അവർ ആവശ്യപ്പെട്ടു. ഇപ്രകാരം മൊ-

രൂപയുടെ 11,000 രൂപയാണ്. എന്നാൽ കണ്ടെപിടിച്ചുവരിൽ ഒരുദ്യോഗമായി ആലോചിച്ചുപ്പോൾ ഉണ്ടാകുന്ന ചെലവുകളും ഗവൺമെന്റിന്റെ മുതലായിത്തീരുമെന്നതാണെന്നുള്ള വ്യവസ്ഥയിന്മേൽ ഉറപ്പെടുത്തി തുടർന്നു നടപടി അയാൾ പറയുന്നു. അതു അയാളുടെയായിരുന്നുകൊണ്ടാണ് അയാൾപറയുന്നതു.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിലും, തോടികളും): ഇതിലേയ്ക്കു ഒരു വായ്പകൊടുത്തു സഹായിക്കുവാൻ ഗവർണ്മെന്റിനു ഉദ്ദേശമുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): മറ്റുള്ളവരുണ്ടാക്കുന്ന തുപോലെ ആർക്കും വായ്പകൊടുക്കുന്നതിനുള്ള സ്ഥാവരവസ്തുക്കളില്ല. അതിനാൽ അയാളുടെപേരിൽനിന്നും പണം ഇടപാടുകാരൻ ഗവർണ്മെന്റിനു നിന്ന് ഈടില്ലെങ്കിൽ പണം സമ്പാദിപ്പാൻ പ്രയാസപ്പെടുമെന്നു തോന്നുന്നു.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിലും, തോടികളും): മറ്റൊരാളുടെ ജാമ്യത്തിന്മേൽ ഗവർണ്മെന്റിൽനിന്നും പണം കൊടുക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): ജാമ്യം നിൽക്കുന്നതിനു അയാൾക്കു യാതൊരു സ്വത്തുമില്ല.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിലും, തോടികളും): അയാളുമായി ആലോചനനടത്തിയിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): അതെ; അയാളുമായി ആലോചിച്ചിട്ടുണ്ട്. മാത്രമുണ്ടാക്കുന്നതിനു 2,000 രൂപയും അതിന്റെ പ്രവർത്തനത്തെ പരിശോധിച്ചു നോക്കുന്നതിനു 500 രൂപയും അയാൾ ആവശ്യപ്പെടുന്നു; മാത്രമല്ല ഗവർണ്മെന്റിന്റെ മുതലായിരിക്കുന്നതുമാണ്.

കുമിരിപ്പാടുകൾ അപ്പപ്പോൾ നിർദ്ദേശങ്ങളെ ഇടയ്ക്കിടെ ഡിവിഷനലപ്പീസറുടെ ബോഡിലേക്കു അയയ്ക്കുകയും വേണ്ടുന്നിടത്തു അതിനെ അംഗീകരിക്കയും ചെയ്തിട്ടുള്ളതാകുന്നു.

ബഡ്ഡറ്റ് അടുക്കൽ ചർച്ചയ്ക്കെടുത്തപ്പോൾ ഇതിനെപ്പറ്റി ആലോചിക്കുന്നതിനായിട്ടാണ് അന്നത്തെ ദ്രോസ്മസംഗ്രഹികന്മാരായ എന്റെ സ്നേഹിതന്മാർ ചോദിച്ചതായിരിക്കും. ഇക്കാര്യത്തെപ്പറ്റി അപ്പോൾതന്നെ എഴുത്തുകുത്തിൽ ഇരിക്കുകയായിരുന്നു, നിർഭാഗ്യവശാൽ ഗവർണ്മെന്റിലേക്കും ഡിവിഷനലപ്പീസറുടെ ബോഡിലും അയക്കപ്പെട്ടില്ല. ബഡ്ഡറ്റ് അടുക്കൽ ചർച്ചയ്ക്കെടുത്തപ്പോൾ അവസരം ഉണ്ടാക്കുകയും പബ്ലിക്കിയിട്ടില്ലായിരുന്നു. കൂടാച്ചലത്തിന്മേൽപ്പോലുണ്ടായ ഡിവിഷനലപ്പീസറുടെ ബോർഡു ക്ലൂഷേഷനും ഗവർണ്മെന്റു അതിനെ സ്വീകരിച്ചിട്ടുമാണ്. നടപ്പുവർഷത്തിലേക്കുള്ള എന്റെ ബഡ്ഡറ്റിൽ പ്രസ്തുത സംഗതിക്കായിട്ടൊരു വ്യവസ്ഥയും ചെയ്യുന്നതിനു എനിക്കു സാധിച്ചില്ല.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (കിടങ്ങിൽകീഴ്): ലോകത്തിൽ ഏതെങ്കിലും സ്ഥലത്തു ഇപ്രകാരമുള്ള കലപ്പ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): ഇല്ല. ഇതുപോലുള്ള ഭൂമി ലോകത്തിൽ വേറെ ഏതെങ്കിലും സ്ഥലത്തുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ചുരങ്ങിയതു എത്രയടിവെള്ളം വേണ്ടിവരും?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): എത്രയടിവെള്ളം ഉണ്ടായിരുന്നാലും അതിൽ ഉഴാം.

ശ്രീ: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): രണ്ടടിവെള്ളമുണ്ടായിരുന്നാൽ മതിയോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): രണ്ടരയടിയെങ്കിൽ എത്രയടിവെള്ളം ഉണ്ടായിരുന്നാലും ഉഴാം.

ശ്രീ: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മോട്ടാർബോട്ടുകൊണ്ടു പോകുന്നതിനു വെള്ളം ധാരാളം വേണ്ടേ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): ധാരാളം അനുവദിച്ചുള്ള ബോട്ടായിരുന്നാൽ 2 അടിവെള്ളം ഉണ്ടായിരുന്നാലും മതി.

ശ്രീ: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അപ്പോൾ ആമാതിരി ഒരു ബോട്ടുണ്ടാക്കണം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): ഇപ്പോൾ പരിശോധിക്കാനായിട്ടു ഒരു ബോട്ടു വാടകയ്ക്കു എടുക്കാനാണ് നിശ്ചയിച്ചിട്ടുള്ളതു.

ഇതിനെപ്പറ്റി എന്റെ സ്നേഹിതൻ ഒരുചോദ്യം ചോദിക്കയുണ്ടായി. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന തുകയിൽ മോട്ടാർബോട്ടിന്റെ വില ഉൾപ്പെട്ടിട്ടില്ല. ഒരു മോട്ടാർബോട്ടു കൂടിക്കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (കിടങ്ങിൽകീഴ്): അപ്രകാരമുള്ള ഒരു കലപ്പയുണ്ടാക്കുന്നതിനു സംഖ്യമുണ്ടെങ്കിൽ പുഞ്ചകൃഷിക്കാരനു സാധിക്കുന്നതാണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): ഇല്ല. പരീക്ഷണം സഫലമായിത്തീരുകയാണെങ്കിൽ വെള്ളം ഇറങ്ങുകയുന്നതിനുമുമ്പു ഓയിൽ യന്ത്രങ്ങളും വച്ചുകൊണ്ടിരിക്കുന്നതുപോലെയുള്ള കമ്പനികാരും ഉണ്ടാകുന്നതും അവർ അതിനെ ക്ലിക്കുകൊടുക്കുന്നതും ആകുന്നു. ഇതിലേക്കു ഒരു കലപ്പയോ രേട്ടോ മോർബോട്ടോ ഉണ്ടാക്കുന്നതിനോ വിലകൊടുക്കുവാനോ ഒരാളുകൂടിക്കാരനും സാധിക്കുന്നതല്ല. ഇതൊരു പരീക്ഷണം മാത്രമേ ആകുന്നുള്ളു. അതു ഫലിക്കയോ ഫലിക്കാതിരിക്കയോ ചെയ്യാവുന്നതാണ്.

ശ്രീ: പി. കെ. പിള്ള (കരുനാഗപ്പള്ളി): താഴ്ചയില്ലാത്തസ്ഥലങ്ങളിൽ പ്രസ്തുത കലപ്പ ഉപയോഗിക്കുന്നതിനു സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): അതെ; അതു തന്നതോതനെ ശരിപ്പെടുന്നതായ ഒരു കലപ്പയാണ്.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരീക്ഷണവും മാതൃകകളും തവണയിൻ സഭയിൽ ഫാമാക്കുന്നതിനു മുൻപായി വല്ലതുകിലും യോഗ്യതസമ്പാദിച്ചിട്ടുള്ള വിദഗ്ധനെ കാണിച്ചിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ), തിരുവിതാംകൂറിൽ സിദ്ധിക്കുന്നതായ വിദഗ്ധന്മാർ കമ്മിറ്റിയിൽ അടങ്ങിയിട്ടുണ്ടായിരുന്നു.

മി. ഏ. ശിവതാണുപിള്ള (തോവാള): തിരുവിതാംകൂറിലെ പുരോഭിവൃദ്ധിയെ മുൻനിറുത്തിയും വിദ്യാഭ്യാസത്തിന്റെ ആവശ്യത്തെ കുറെക്കൂടി വിശദീകരിച്ചുള്ളവനുമായി, ഈ വിഷയത്തെപ്പറ്റി ആലോചിച്ചിട്ടില്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ); അല്ല.

മി. ഏ. ശിവതാണുപിള്ള (തോവാള): പരിക്ഷണത്തെപ്പറ്റി ഡയറക്ടർ ഉത്പ്പാദനം ഞാൻ വിചാരിക്കട്ടെ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): അതിനുമുമ്പേ വെഡിച്ചിട്ടതേയാവൂ എന്നിക്ക ഉറപ്പുണ്ടായിരുന്നില്ലെങ്കിൽ ഒരു മാതൃകയുണ്ടാക്കി അതിനെ പരീക്ഷിച്ചുനോക്കണമെന്നതിനെപ്പറ്റിയാണല്ലോ ഇപ്പോൾ പ്രസ്താവനയിൽ ഞാൻ സഭയോട് അപേക്ഷിക്കുകയില്ലായിരുന്നു. ഒരു പരീക്ഷണം നടത്തണമെന്നു കമ്മിറ്റിയിലെ അംഗങ്ങൾ അഭിപ്രായപ്പെട്ടതാണ്. അതുകൊണ്ടാണ് ഇതു വിജയകരമായി പരിണമിക്കുമോ ഇല്ലയോഎന്നു കൃത്യമായി അറിയുന്നതിനു മുൻപു ഒരു മാതൃകയുണ്ടാക്കി അതിനെ പരീക്ഷിച്ചുനോക്കണമെന്നു അവർ ശുപാർശ ചെയ്തിരുന്നത്.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിഡയറക്ടർ മുമ്പുതന്നെ പരീക്ഷിച്ചുനോക്കണമെന്നു പറയുന്ന മാതൃകവ്യവസ്ഥകളിൽനിന്നും പിൻമാറിയിട്ടില്ലെങ്കിൽ കണ്ടുപിടിയ്ക്കാൻ പോകുന്ന മാതൃകയുമായി താരതമ്യപ്പെടുത്തുന്നതിനായി എന്തു വ്യത്യാസം കണ്ടേക്കുന്നു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): പുഴുക്കളെക്കുറിച്ചു നല്ലതായിട്ടുള്ളതെന്നു തീർച്ചപ്പെടുത്തുന്നതിൽ കുറ്റിരിക്കുന്നതു സംബന്ധിച്ചിട്ടില്ല. പരോക്ഷമായും പുഴുക്കളും പുഴുക്കളെപ്പറ്റി നല്ലതായിട്ടുള്ളതുമാണ്. അല്ലാതെയും രണ്ടോ മൂന്നോ മാതൃകകളുണ്ടാക്കണമെന്നു കമ്മിറ്റിയിലെ ഗ്രൂപാർശ ചെയ്തിട്ടുള്ളതാണ്.

മി. കുറുപ്പിള്ളിയിൽ കുട്ടി. രാമൻപിള്ള (ചെറുപ്പം) ഈ ഡിസ്പെൻസറിയിൽ എക്സ്പെർട്ട് ഡോക്ടറല്ലേ താനും?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): മെസ്സേഴ്സ് ജോൺ കുര്യൻ, ഫെനിയൻ പറയിയ എക്സിസ്റ്റന്റുമാർ ഇഞ്ചിനിയർ; അപ്പോൾ അദ്ദേഹം സർവീസിലിരുന്നിരുന്ന—അടുത്തകാലത്തുവരെ വ്യവസായഇഞ്ചിനിയരായിരുന്ന കെ. പി. പി. മേനോൻ, ഞാൻ ഇവരെല്ലാം കമ്മിറ്റിയിലെ അംഗങ്ങളായിരുന്നവർ. ഞങ്ങളും ഉദ്യോഗസ്ഥരെപ്പോലെതന്നെയാണിരുന്നത്. മിസ്റ്റർ പോത്തൻ—അദ്ദേഹം ആലപ്പുഴയിലുള്ള ഏതോ ഒരു കമ്പനിയിൽ ഒരു ഇഞ്ചിനീയർ ആയിരുന്നു എന്നാണ് എന്റെ വിശ്വാസം— ഒരു പ്രൈവറ്റായി കൃഷിക്കാരനായ ചാലയിൽ വീട്ടിൽ മിസ്റ്റർ രാമകൃഷ്ണപിള്ളർ ഇവരായിരുന്നു അന്നത്തെ അംഗങ്ങൾ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗ്രാന്റു പിടിച്ച അറിവുള്ള യാതൊരാളിനേയും വിദഗ്ദ്ധാഭിപ്രായം ബിരുദ പരിശോധിച്ചിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): അതിനെപ്പറ്റി ഞാൻ അന്വേഷിച്ചിട്ടില്ല; ഒരുപക്ഷേ ഇല്ലായിരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വ്യവസ്ഥകളിൽനിന്നും പിൻമാറിയ കണ്ടുപിടിത്തക്കാരന്റെ മാതൃകയ്ക്കും ഒരു ഡോക്ടർബോട്ടിന്റെ സഹായം അത്യാവശ്യമാണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യുവ്യവസായഡയറക്ടർ): ഉണ്ട്.

മി. കെ. സി. മാത്തൻമാപ്പിള (കുട്ടനാടും വ്യവസായവും; വടക്ക്): ഈ പരീക്ഷണം വിജയകരമായി പരിണമിക്കുന്നപക്ഷം കുട്ടനാട്ടിലെ പുഞ്ചകൃഷിക്കാർക്ക് അതൊരു വലുതായ സഹായമായിത്തീരുന്നതാണെന്നു വിശ്വസിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡിമാന്റ് സഭയിൽ വോട്ടിനിടുകയും അതുപാസ്സാക്കുകയും ചെയ്തു.

ഗ്രാന്റ് അനുവദിക്കപ്പെട്ടു.

ഡിമാന്റ് XVI—മെഡിക്കൽ ഡിപ്പാർട്ടുമെന്റ്.

മിസ്സസ് എം. പുന്നൻലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്). സർ, ഡിമാന്റ് XVI—മെഡിക്കൽ ഡിപ്പാർട്ടുമെന്റ് ഡിമാന്റ് ഇനത്തിൽ 3,83,000 രൂപയിൽ കവിയാതെയുള്ള ഒരു സപ്ലിമെന്ററി ഗ്രാന്റുവേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

തോവാളയിൽ ഒന്നും, ഇടതായിൽ വേറൊന്നും ഇങ്ങനെ രണ്ടുഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനായിട്ടാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നത്. നടപ്പുവർഷത്തിൽ ബാക്കിയുള്ള ഏഴുമാസങ്ങളിലേക്കുണ്ട് ഈ ചിലവുണ്ടായിരിക്കുന്നത്. ഇതുപോലെയുള്ള ഡിസ്പെൻസറികൾക്കു കഴിഞ്ഞതവണ ചിലവുചെയ്യുകൊണ്ടിരുന്നതിൽ അല്പം കൂടുതലായിട്ടുള്ള ചിലവു ഈ ഓരോഡിസ്പെൻസറികൾക്കും ആവശ്യപ്പെട്ടിരിക്കുന്നതുംകൊണ്ടുവുന്നതാകുന്നു. രണ്ടു സബ്അസ്സിസ്റ്റൻറ് സർജന്മാരുടെ പകരം രണ്ടു അസിസ്റ്റൻറ് സർജന്മാരെ നിയമിക്കുന്നതിനുദ്ദേശിച്ചിരിക്കുന്നതുകൊണ്ടാണ് ഇതു വേണ്ടിവന്നിരിക്കുന്നത്. പുതിയരണ്ടു അസിസ്റ്റൻറ് സർജന്മാരേയും ഈ ഡിസ്പെൻസറികളുടെ ചാർജ്ജുവഹിക്കുന്നതിനു നിയമിക്കുന്നതാണെന്നു ഞാൻ പറയുന്നതായി മനസ്സിലാക്കരുത്. അസിസ്റ്റൻറ് സർജന്മാരുടെ ഗ്രേഡിൽ രണ്ടു അളുകളെക്കൂടി നിയമിക്കുന്നു എന്നു മാത്രമെ അർത്ഥമാക്കുന്നുള്ളൂ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിലപുതിയ ഡിസ്പെൻസറികൾ ഇക്കഴിഞ്ഞതിലേക്കു ഗ്രാന്റനുവദിച്ചിട്ടുള്ളവയാണു എങ്കിലും ചെയ്യുമെന്നു പൊതുജനാരോഗ്യ മിനിസ്റ്റരുടെപ്രസ്താവനയിൽനിന്നും അറിഞ്ഞതുകൊണ്ടാകാം.

മിസ്സസ് എം. പുന്നൻലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അവയുടെ പണം ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുവരെയും യാതൊരു നടപടിയും നടത്താതിരുന്നതിന്റെ കാരണമെന്താണ്?

മിസ്സസ് എം. പുന്നൻലൂക്കോസ് (സീനിയർ സർജൻ, വിമൻസ്മെഡിക്കൽ സർവീസസ്): നടപടിനടത്തിക്കൊണ്ടിരിക്കയാണ്. ഡിസ്പെൻസറികൾക്കുള്ള ഔഷധസാമഗ്രികൾ ഇതുവരെ തയ്യാറായിട്ടില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഡിസ്പെൻസറികൾ എന്നാരംഭിക്കപ്പെട്ടും?

മിസ്സസ് എം. പുന്നൻലൂക്കോസ് (സീനിയർ സർജൻ, വിമൻസ്മെഡിക്കൽ സർവീസസ്): ചിലതു രണ്ടു മാസത്തിൽ കവഞ്ഞ കാലത്തിനിടയിൽ ഉദ്ഘാടനം ചെയ്തതാണ്.

ശ്രീ. ജി. രാമൻതമ്പിനോൻ (മാവേലിക്കര തെക്കേക്കുറ്റിപ്പുള്ളിയും): ഈ ഉപക്ഷേപത്തെയും നോൻ ഏതിർക്കുന്നു. (ചിരി.) രോഗികളെ നൽകുന്ന വൈദ്യസഹായത്തിൽ നാടൻവൈദ്യന്മാരുടെ പ്രയോഗങ്ങളും ഉപയോഗിക്കുന്നതിനുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ ഉദ്ദേശം. വ്യാധികളുടെ ചികിത്സയിൽ ഇടക്കാലത്തുണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പറ്റി തിരുവിതാംകൂറിലുള്ള വൈദ്യന്മാർക്കുപോലും അറിവുണ്ടില്ലെന്നാണ് മനസ്സിലായി എനിക്കു പ്രസ്താവിക്കാനുള്ളത്. ഏതൊരു നോയിക്കും തന്നെയാണ്. എങ്കിലും, എന്റെ അനുഭവത്തിൽപ്പെട്ടിട്ടുള്ള പലതുദാഹരണങ്ങൾ കൊണ്ടു എനിക്കു ഇപ്രകാരം പ്രസ്താവിക്കാതെ നിവൃത്തിയില്ല. ഇതിനുദാഹരണമായി എന്റെ ഗ്രാമത്തിനു സമീപത്തുള്ള ഒരു ഗർഭിണി മലശോധനക്കുള്ള ഒരു മരുന്നു കിട്ടുന്നതിനു ആശുപത്രിയിൽപോയി, ഡോക്ടർ പരിശോധിച്ചതിനുശേഷം മലശോധനക്കുള്ള മരുന്നു കൊടുത്തു.

ശ്രീ. വി. സബ്ബൂർ (നിയമനിർവ്വഹണസഭാംഗം, ഡെപ്യൂട്ടിദിവാൻജി): സർ, ദേവദാരുയും ഇടകുടിച്ചും രണ്ടുവട്ടം സ്റ്റൂൾസ്പരികൾ സ്ഥാപിക്കുന്നതിനുള്ള ഗ്രാന്റിനെപ്പറ്റിയാണ് നാം ഇപ്പോൾ പ്രതിപാദിക്കുന്നത്.

ശ്രീ. വി. രാമൻതമ്പിനോൻ (മാവേലിക്കരയും കാന്തിയുപ്പിയും): ശരിയായിട്ടുള്ള ചികിത്സാ സമ്പ്രദായങ്ങളെപ്പറ്റി നമ്മുടെ വൈദ്യന്മാർ കേട്ടുണ്ടെന്നും അറിവുണ്ടെന്നുമുള്ള കാര്യം ഡിസ്പെൻസറികളുടെ സ്ഥാപനം വ്യവഛിപ്പിക്കുന്നതുകൊണ്ട് അതൊരുവലിയസഹായത്തിനുപകരം ഒരു ബാധ്യതയായിപരിണമിക്കുന്നതാണ്.

ഞാൻ പ്രസ്താവിച്ച ഉദാഹരണത്തെ തുടരാം, സ്ത്രീ മലശോധനകളുള്ള മരുന്നു കുടിച്ചു. അടുത്തദിവസം അവർക്കു യാതൊരു മലശോധനയുണ്ടായി. (ചിരി.) മലശോധനനിന്നില്ല. മൂന്നാം ദിവസം അവരെ ആശുപത്രിയിൽ കൊണ്ടുപോയി. വഴിക്കും മലശോധനയുണ്ടായി. (ചിരി.) ആശുപത്രിയിലെത്തിച്ചു അവർക്കു ഇനിവേറൊരു ഉദാഹരണം കൂടി പ്രസ്താവിക്കാം. അടുത്തുള്ളിക്കുടത്തിലെപ്പറ്റിച്ചുകൊണ്ടുവന്ന ഒരു വിദ്യാർത്ഥിനിയെ സംബന്ധിച്ചാണ്. ഭയങ്കരമായ തലവേദനയുണ്ടായി. ഒരു വൈദ്യൻ അവളെ ചികിത്സിച്ചു. അടുത്ത ആഴ്ചയിലെ ദിവസത്തിനകം അവളും മരിച്ചു. പക്ഷവാതം തുടങ്ങിയിട്ടു. ഒരു പക്ഷം അടുത്തുനിന്നിരുന്നതുകാരണം. ഇവ എന്റെ അറിവിൽ ഉപട്ട ചില ഉദാഹരണങ്ങളാണ്. അശ്രദ്ധയായി മരുന്നു നൽകുന്നതു മൂലം വശപ്പെടുത്തിയിട്ടുള്ള ആപത്തുകൾക്കും ചിലപ്പോൾ മരണത്തിനു കൂടിയും ഇടയായിത്തീർന്നിട്ടുള്ള മറ്റു ഉദാഹരണങ്ങളുമുണ്ട്.

ഈ സന്ദർഭത്തിൽ വൈദ്യസംബന്ധമായിട്ടുള്ള ഒരു വലിയ വിദഗ്ധൻ എഴുതിട്ടുള്ള ഒരു പുസ്തകത്തിൽ നിന്നും ഏതാനും ഭാഗം വായിക്കണമെന്നു ഞാൻ അഭ്യർഥിക്കുന്നു. ഡാക്ടർ ഓസ്ലർ ആണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്; ഡബ്ലിയു. എസ്സ്. ബാർട്ടിന്റെ ജാൺ ഹാപ്കിൻസ് സർവകലാശാലയിൽ മെഡിസിനിയാമെഡിക്കാ എന്ന വിഷയത്തിൽ പ്രൊഫസറായിരുന്ന, ഇപ്പോൾ അദ്ദേഹം ഓക്സ്ഫോർഡ് സർവകലാശാലയിൽ ഒരു പ്രൊഫസറാണ്, താഴെപ്പറയുന്ന പ്രകാരം അതിൽപ്രസ്താവിച്ചിരിക്കുന്നു.

"ഇപ്പോഴുള്ള വൈദ്യശാസ്ത്രജ്ഞന്മാർ താന്തോന്നി ഔഷധവും കൊടുത്തിട്ടാവശ്യമില്ലെന്നാണ് വിചാരിച്ചുപോരുന്നത്. എന്നാൽ, ഒരു തലമുറയ്ക്കു മുൻപു ഔഷധങ്ങളും കൊടുത്തില്ലെങ്കിൽ പ്രസ്തുതതൊഴിലിൽ ഏർപ്പെട്ടിരുന്നവർക്കു ആ തൊഴിലിൽ ജയം സമ്പാദിക്കുന്നതിനു സാധ്യമല്ലായിരുന്നു എന്നു മാത്രമല്ല അപ്രകാരം പ്രവൃത്തിക്കുന്നതു രക്ഷയായിട്ടുള്ളതും ശാസ്ത്രീയമായിട്ടുള്ളതും ആയിരുന്നു എന്നു അധികം വിചാരിക്കുമ്പോലും ചെയ്തിട്ടില്ലായിരുന്നു. വാസ്തവത്തിൽ ഔഷധം ആവശ്യമില്ലാത്തഘട്ടങ്ങളിൽ പോലും ഔഷധങ്ങളും ഔഷധപ്രയോഗങ്ങളും കൊടുത്തു രോഗിയേയും രോഗിയുടെസ്നേഹിതന്മാരേയും തൃപ്തിപ്പെടുത്തേണ്ടതായിട്ടുള്ള അനേകം കേസ്സുകളും ഇപ്പോഴും ഉള്ളതാണ്. ഇതിനു പുറമെ, ഔഷധത്തിന്റെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഫലം സിദ്ധിക്കുന്നതിനു ആശയോടുകൂടി കാത്തിരിക്കാൻ വേണ്ടി മനസ്സിനുത്സാഹം നൽകപ്പെടേണ്ട സംഗതികളിൽ അപ്രകാരം ചെയ്യേണ്ടതായും ഇരിക്കുന്നു. അപ്രകാരമുള്ള ഉത്സാഹം തന്നെയാണ് വാസ്തവത്തിൽ രോഗാതുരനു ഉണ്ടാക്കുന്നതു. തങ്ങൾ മുൻപു അഭ്യസിച്ചിട്ടുള്ള പരിതഃസ്ഥിതിയെ മറക്കാൻ സാധിക്കാത്തതായ ചിലവൈദ്യന്മാർ ഇപ്പോഴുണ്ട്. എന്നാൽ വ്യത്യാസം വളരെ ഉണ്ടായിട്ടുണ്ട്. "സ്വാഭാവികമെന്നു മുൻപു പറഞ്ഞുപോന്നിരുന്ന മാംസങ്ങളുടെ അതായതു ആഹാരം, വ്യായാമം, കുളി മുതലായവയെ അടിസ്ഥാനപ്പെടുത്തിയാണ് വ്യാധികൾക്കുള്ള ഇപ്പോഴത്തെ ചികിത്സയും നടത്തിവരുന്നതു. അപ്രകാരമുള്ള ചികിത്സാരീതി എളുപ്പമായ പോഷണം കൊണ്ടും, രക്തത്തിന്റെ കുട്ടലായിട്ടുള്ള ഒഴുക്കുകൊണ്ടും, കഫം മുതലായവയെ പുറത്തു കളയുന്ന വഴികളിലെല്ലാം രക്തം ഓടിക്കൊണ്ടിരിക്കുന്ന ഞരമ്പുകളിലെല്ലാം ഉള്ള തടസ്സങ്ങളെ ഇല്ലാതാക്കുന്നതുമൂലവും സ്വാഭാവികശക്തികൊണ്ടു തന്നെ നിലനിൽക്കുന്നതിനെ ആത്മീകൃതമാക്കുന്നു.

"സന്നിപാതജ്വരമാണ് ഇതിനുദാഹരണമായുള്ള ഒരു പ്രധാനരോഗം. മാംസംകീറി രക്തം കളയുക, ഛർദ്ദിപ്പിക്കുക, അത്യധികമായ മലശോധനയുണ്ടാക്കിപ്പിക്കുക, ആൻറിമൊണിയും രസവും കൊടുക്കുക മുതലായ മറ്റനേകം ശക്തിമത്തായ സമ്പ്രദായവും ഒന്നായിരുന്നപക്ഷത്തൻപതാം ശതാബ്ദത്തിന്റെ പ്രാരംഭത്തിലെയിലെ പ്രസ്തുതവ്യാധിയെ ചികിത്സിച്ചുവന്നിരുന്നതാണ്. എന്നാൽ ഇപ്പോഴാകട്ടെ രോഗിക്കു യാതൊരു ഔഷധവും കൊടുക്കാതെ രോഗിയെ കേവലം പിന്തുടർന്നും ശരിയായിആഹാരാദികളും കൊടുത്തുമാണ് ചികിത്സനടത്തിവരുന്നതു. പരിസ്ഥിതിയേയും വിയന്നായിലേയും വൈദ്യവിദഗ്ധന്മാരുടെ അൽഭുതകരമായ പരീക്ഷണങ്ങളും ഫോളിയോപ്പതി ചികിത്സാസമ്പ്രദായത്തിലെ നിരന്തരവും എന്നാൽ ആക്ഷേപത്തിന് ഇടയായിത്തീർന്നിട്ടുള്ള മാത്രകളും അണ് ഇതിനുള്ള കാരണങ്ങളെന്നുള്ളതിൽ സംശയമില്ല. ഹോമിയോപ്പതി സമ്പ്രദായം അനുസരിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള ഇലോശകതികുറഞ്ഞ ഔഷധങ്ങളും രോഗശമനമുണ്ടാക്കുന്നതു ഒരുപക്ഷേ അതിനെ തൊഴിലാക്കിവച്ചുകൊണ്ടിരിക്കുന്നയാതൊരുത്തനും സമ്മതിക്കയില്ല. ഇപ്രകാരമായിരുന്നാലും മറുവൈദ്യ

ടെ അടുക്കൽ ഗ്രിനും ഫിട്ടിക്കറിയിട്ടുള്ളതിൽ ക്ലൂട്ടയായി ഹോമിയോപ്പതി വൈദ്യന്മാരുടെ അടുക്കൽ നിന്നും ഫിട്ടമറിയിട്ടില്ലാത്തവരുണ്ട്. ഇതിൽ നിന്നും ഒരുകാര്യം മാത്രമെ നാം മനസ്സിലാക്കേണ്ടതായിട്ടുള്ളൂ. അതായത് അധികം മനുഷ്യരും രണ്ടു മൂന്നു വ്യാധികൾക്കൊണ്ടാ ഉപയോഗപ്പെട്ടുത്തിവന്നിരുന്നതു തുവ്വ്യാധികളെ സംബന്ധിച്ചിടത്തോളം ഗുണഫലവും ചെയ്തുവന്നിരുന്നില്ലാ എന്നുള്ളതാണ്.

അതിനാൽ, ആപൽക്കരങ്ങളായിട്ടുള്ള മരുന്നു കൊടുക്കുന്ന പഴയസമ്പ്രദായങ്ങളെ തങ്ങളുടെ മെഡിക്കൽ ഉദ്യോഗസ്ഥന്മാർ അനുകരിക്കുന്നതിനുപകരം വ്യാധികളുടെ ചികിത്സയിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള അഭിവൃദ്ധിയെ മനസ്സിലാക്കിയായിരുന്നും പ്രവർത്തിച്ചിട്ടുള്ളതിൽ ഡിസ്പെൻസറികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനെക്കാളും ഹോസ്പിറ്റലുകൾ ഏർപ്പെടുത്തുന്നതല്ല ഏറ്റവും സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു അഭ്യർത്ഥിക്കുന്നു. നേരെമറിച്ചു അതു ജനങ്ങൾക്കൊരു ബാധയായി തീരുന്നതാണ്. ഡിസ്പെൻസറികളിൽ ഉണ്ടായിട്ടുള്ള വർദ്ധന മനുഷ്യർക്കുള്ള വ്യാധികളെ കുറയ്ക്കുന്നതിനു പകരം അവയെ വർദ്ധിപ്പിക്കുമാണ് ചെയ്തിട്ടുള്ളൂ.

വിദ്യാഭ്യാസപ്രചരണത്തെപ്പറ്റി ശ്രീമാന്മാരിൽ പ്രത്യേകം ചെയ്യപ്പെട്ടിട്ടുള്ള പ്രസ്താവനയുടെ ചികിത്സാവകുപ്പിൽ നിന്നും ഇതിനുള്ള കാരണമെന്താണെന്നു മനസ്സിലാക്കാൻ പ്രയാസമില്ലാത്തതാകുന്നു. വിവേകബുദ്ധിയില്ലാതെവിടുമായ ഔഷധങ്ങളുടെമേൽത്തിൽ കുത്തിച്ചെലുത്തുന്നതുകൊണ്ടാണ് ഗൌരവതരങ്ങളായ അപത്തുകൾക്കു ഇടയായിത്തീരുന്നതു. വിഷമായ ഔഷധങ്ങളെ ഒരിക്കലും കൊടുത്തുകൂടാത്തതാകുന്നു. മറ്റനേകം സംഗതികളേപ്പറ്റിയും എനിക്കു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. എന്നാൽ സമയം അധികമില്ലാത്തതുകൊണ്ടു ഇപ്രയും പറഞ്ഞു അവസാനിപ്പിക്കുന്നു.

മി. എ. കെ. പിള്ള (കുമരനാശാട്ടുള്ളി): എന്റെ സ്നേഹിതൻ മിസ്റ്റർ ജി. രാമൻമേനോൻ പ്രസ്താവിച്ച അഭിപ്രായങ്ങളോടു യോജിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഭോഗികളുടെ ഉചിതമായവണ്ണം ചികിത്സിക്കേണ്ടതിനെപ്പറ്റി ജനങ്ങളും ഗവണ്മെൻറും വളരെ ഗാഢമായി ആലോചിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ദുഃസമ്പ്രദായം കഥകഴിക്കുന്നതിനുവേണ്ടി നമ്മുടെ അനേകം ഡോക്ടന്മാർക്കുതന്നെ മിനക്കെടുന്നില്ലെന്നുള്ളതിലേക്കു സംശയമില്ല. ഇവ സംബന്ധപ്പെട്ട ആളുകൾക്കു ദുഃഖകരവും കേൾക്കുന്ന നമ്മുടെ രസകരവുമാണ്. എന്നാൽ ഈ വിഷയത്തെപ്പറ്റി മറ്റൊരുവിധമായി ചിന്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഒരു പ്രത്യേകതരം ചികിത്സയുടെ ഗവണ്മെൻറ് എല്ലാസഹായങ്ങളും ചെയ്യുന്നുണ്ട്. എന്നാൽ ആ സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം നല്ലതിനല്ലാതിരുന്നാലും അതിൽ പരീക്ഷണങ്ങൾ നടക്കുന്നതിനുള്ള ജീവിതകാലം മുഴുവനും ചിലവാക്കിയിട്ടുള്ളവരായ ആളുകൾതന്നെ ചികിത്സാവിഷയത്തിൽ നമുക്കുള്ള ധാരണകളെ പുലർത്തേണ്ടതാണെന്നു അഭിപ്രായപ്പെട്ടിട്ടും നാം മൌനം ഭജിക്കുന്നു എന്നുള്ളതാണ് ഈ ശക്തിയെ തടുക്കുന്നതിനു തക്കതായ സാധിച്ചിട്ടില്ലെങ്കിലും പുതുതായി പരീക്ഷണങ്ങൾ നടത്തുന്നതിനുവേണ്ട സൌകര്യങ്ങൾ നൽകുന്നതിനു സാധിക്കുന്നതാണെന്നു മിസ്റ്റർ ജി. രാമൻമേനോൻ ഗവണ്മെൻറിനെ ഇതാണറിയിച്ചിരിക്കുന്നു. 'ഹോമിയോപ്പതിക്ക്' സംപ്രദായമുണ്ട്; ഗവണ്മെൻറ് അതിനെ പരീക്ഷിച്ചു നോക്കട്ടെകാര്യം? അതൊന്നു മോശവും ചെയ്യുന്നതല്ല.

മി: എം. ശിവതാണുപിള്ള (തോവാള): പ്രസ്തുത ഡാപ്പുമെംബറുടെ സ്നേഹിതനാക്കൊ അതുകൊണ്ടുള്ള അഭിപ്രായം നിർദ്ദേശിക്കുന്നു?

മി: എ. കെ. പിള്ള (കുമരനാശാട്ടുള്ളി): അതുകൊണ്ടു ഇപ്രകാരം വിനോദകരമായിട്ടല്ലാതെ ഈ വിഷയത്തെപ്പറ്റി ഗവണ്മെൻറ് ഗൌരവമായി അലോചിക്കുമെന്നു ഞാൻ ബഹുമായി വിശ്വസിക്കുന്നു; എന്തെന്നാൽ അതു ജനങ്ങളുടെ ജീവരക്ഷയെ ബാധിക്കുന്ന ഒരു വിഷയമാണ്.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): സർ, ഡാക്ടറന്മാർ ചികിത്സാവിഷയത്തിൽ അല്പം പ്രത്യേകം വേണ്ടത്തറിവു സമ്പാദിക്കേണ്ട ആവശ്യകതയെപ്പറ്റി ഈ സഭയെ അറിയിച്ചതുകൊണ്ടു മിസ്റ്റർ ജി. രാമൻമേനോനോടു ഞാൻ വളരെ നന്ദിയുള്ളവളായിരിക്കുന്നു. ഇവരെ പ്രധാനമായിട്ടുള്ളതാണെന്നു ഞാൻ സമ്മതിക്കുന്നു; എന്നാൽ പ്രസ്താവനാ ഈ സഭ അനുവദിക്കുന്നതിരിക്കാൻ അതൊരു കാരണമായിത്തീരുന്നതല്ല. മിസ്റ്റർ രാമൻമേനോൻ പ്രസ്താവിച്ച ഉദാഹരണങ്ങളേ വാസ്തവത്തിൽ വളരെ പരിതാപകരമായിട്ടുള്ളവതന്നെയാണ്. എന്നാൽ ഇവയെ സംബന്ധിച്ചുള്ള ഒരു തീരുമാനമുണ്ടാക്കുന്നതിനു പ്രസ്തുത കേസ്സുകളുടെ കാരണങ്ങളെന്താണെന്നു നാം അന്വേഷിക്കേണ്ടതായ ട്ടുണ്ട്. അല്ലാതെ ലൈസന്നു നമ്മുടെ രാജ്യത്തുള്ള ജനങ്ങളുടെ രോഗശമനത്തിനുവേണ്ടി, നമ്മുടെ ഡാക്ടറന്മാരും മെഡിസിനുകളും ചെയ്യുന്ന അൽഭുതകരമായ ജോലിയെ വർണ്ണിക്കാൻ പ്രയാസമാണ്.

മി: എം. ശിവതാണുപിള്ള (തോവാള): ചികിത്സാവിഷയത്തിൽ പ്രകൃതിഗ്രാമങ്ങളിൽ വൈദ്യശാലകളുടെ ഒരു പ്രധാനസ്ഥാനമുണ്ടെന്നു മെംബർക്കു അഭിപ്രായമോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ്മെഡിക്കൽ സർവ്വീസസ്): ഉണ്ട്.

ഔഷധങ്ങളുടെ സഹായം കൊണ്ടു മാത്രമല്ലരോഗശമനമുണ്ടാകുന്നതെന്നു വൈദ്യസംബന്ധമായതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ദിവസേന മനസ്സിലാക്കുന്നുണ്ട്. വ്യാധികളെ ചികിത്സിക്കുന്നതിനു പ്രകൃതിയുടെ സഹായവും ആവശ്യമുണ്ട്. എന്നാൽ ഇതിൽ നിന്നു സംസ്ഥാനത്തിലെ മെഡിക്കൽ ഡിപ്പാർട്ടുമെൻറ് ഇപ്പോൾ ജോലിചെയ്തുവരുന്നതിലുള്ള മിസ്റ്റർ രാമൻ മേനോൻ പൊതുവിൽ തീരുമാനിച്ചതു എപ്രകാരമാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ശസ്ത്രക്രിയസംബന്ധിച്ചുള്ള വിദഗ്ധൻ, കണ്ണുസംബന്ധിച്ചുള്ള വിദഗ്ധൻ എന്നിങ്ങനെയുള്ള എത്ര വിദഗ്ധന്മാരെ ഇപ്പോൾ ജനറൽ അഡ്മിനിസ്ട്രേഷനിൽ നിയമിച്ചിട്ടുണ്ട്?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഞാൻ പ്രതിപാദിക്കുന്ന വിഷയവുമായി ഇതിനു യാതൊരു സംബന്ധവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ചിലഉദ്യോഗസ്ഥന്മാരെ ചിലസ്ഥലങ്ങളിൽ നിയമിക്കുകയോ മാറ്റുകയോ ഇതു വിഷയവുമായി സംബന്ധമുണ്ടാകുന്നതാണ്. ഉദ്യോഗസ്ഥന്മാരിൽ അനേകം വിദ്യാസമ്പന്നരാണ്; എന്നാൽ പിന്നോക്കമുള്ള ജനങ്ങൾ ആശുപത്രിയിൽ വിദ്യാസമ്പന്നരില്ല.

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സപ്ലിസസ്): ഇത് എന്റെ വിഷയത്തിൽ ഉൾപ്പെട്ടതല്ല; ശ്രീമതി പിള്ളയുടെ അനുവാദത്തിൽ ഞാൻ അവരുടെ ചോദ്യത്തിനുത്തരം വിശദീകരിക്കാം.

മി. ടി. രാ. കൃഷ്ണപിള്ള (കൽക്കുളവും വിളവകോടും): ശരിയാണ്, ഇടയ്ക്കു ഈ സ്ഥലങ്ങളിൽ പ്ലേഗ് പ്രത്യക്ഷപ്പെടുന്നതിനാൽ ഡിസ്പെൻസറികൾ തുറക്കേണമെന്നുള്ള ആവശ്യമുണ്ടോ?

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ആ സ്ഥലങ്ങളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ജനങ്ങൾ ഗവണ്മെന്റിലേക്ക് എഴുതിക്കൊണ്ടിരിക്കുന്നുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): ഉൾനാടുകളിലുള്ള ജനങ്ങൾക്ക് വൈദ്യസഹായം ചെയ്യുന്നതിനു ട്രിപ്പോലി സർജൻസിൽ നിന്നും മുക്താണ് ചെയ്യുവരുന്നത്? പട്ടണങ്ങളിൽ ധാരാളം ആശുപത്രികളുണ്ട്. വിദ്യാഭ്യാസമില്ലാത്തവരും ഏർപ്പെട്ടുത്തുകയും ചെയ്യുന്നു. എന്നാൽ ഉൾനാടുകളിലെ ജനങ്ങൾക്കു വൈദ്യസഹായം കിട്ടുന്നില്ലെന്നു ബോധ്യപ്പെടുത്തുന്നതിനുള്ള മാർഗ്ഗം അറിയാമോ?

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് സീനിയർസർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഈ സഭയിൽ നിന്നും ഇടക്കാലത്തു അനുവദിച്ചിട്ടുള്ള വിസ്പെൻസറികളിൽ മിക്കതും ഉൾനാടുകളിലാണ്. ഉൾനാടുകളിൽ വൈദ്യസഹായം നൽകുന്നതിലേക്ക മെഡിക്കൽ ബോർഡുകാർ ഗവണ്മെന്റിലേക്ക ഒരു നിർദ്ദേശം അയച്ചിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): ഉൾനാടുകളിൽ പല സ്ഥലത്തും വൈദ്യസഹായം കിട്ടുന്നില്ലെന്ന ജനങ്ങൾ ഗവണ്മെന്റിനെ അറിയിച്ചു കൊണ്ടിരിക്കുന്നുണ്ടോ?

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്: ഉണ്ട്; ചിലപ്പോഴങ്ങളിൽനിന്നും കൂടിക്കൂടി കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): മേക്കോട് എന്ന സ്ഥലത്തു മലമ്പനി ധാരാളം ഉണ്ടെന്നും അതിലേക്ക വൈദ്യസഹായം ആവശ്യമാണെന്നും ഇൻവെസ്റ്റിഗേഷൻ ആഫീസർ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ മെഡിക്കൽ സർവീസസ്): മേക്കോട് മലമ്പനി കൂടുതലായി മസ്റ്റ്യുറൽ ഇൻവെസ്റ്റിഗേഷൻ ആഫീസർ റിപ്പോർട്ട ചെയ്തിട്ടുണ്ട്,

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): മേക്കോട് മലമ്പനിധാരാളമുള്ള സ്ഥലമാണെന്നു ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ്മെഡിക്കൽ സർവീസസ്): ഉണ്ട്; അതുതന്നെയാണു ഞാൻ പറഞ്ഞതും.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): ഇതിനെ സംബന്ധിച്ച് ആ സ്ഥലത്തുള്ളവരെ വൈദ്യസഹായം ചെയ്യണമെന്നു പ്രത്യേകമായി അറിയിച്ചിട്ടുണ്ടോ?

മിസ്സസ് എ. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ മെഡിക്കൽ സർവീസസ്: മെംബർ എന്നെ വിവരം സമർപ്പിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): ഈ ഡിസ്പെൻസറികളും തുറന്നുവയ്ക്കുന്നതിൽ പ്രധാനമായിട്ടു ഗവണ്മെന്റു നോക്കുന്ന നയമെന്താണ്?

മിസ്സസ് എ. പുന്നൻല്യൂക്കോസ്(സീനിയർസർജൻ, വിമൻസ മെഡിക്കൽ സർവീസസ്): ജനങ്ങളും അപേക്ഷിക്കുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങളും വാസ്തവമായിട്ടുള്ളവയാണോ എന്നു അറിയുന്നതിലേക്ക മെഡിക്കൽ ബോർഡുകാരുടെ അഭിപ്രായം ഗവണ്മെന്റു ശ്രദ്ധിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവകോടും): ഇപ്പോൾ തെക്കൻ തിരുവിതാംകൂറിലെ ഉൾനാടുകളിൽ പല സ്ഥലത്തും കാളറാബീസം ഉള്ളതായി അറിയാമോ? ഉണ്ടെങ്കിൽ അതിലേക്ക ഗവണ്മെന്റു എന്തു ചെയ്തിരിക്കുന്നു?

മിസ്സസ് എം പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അറിയാം, ഗവണ്മെന്റിനു അറിയാം. കാളറാബീജം സംബന്ധിച്ചു രണ്ടു ഉദ്യോഗസ്ഥന്മാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

മി. ടി കുമാരപിള്ള (കൽക്കുളവും വിളവകോടും): സ്പെഷ്യൽ ആഫീസർമാരെ അങ്ങിനെ നിയമിച്ചിട്ടുണ്ടോ?

മിസ്സസ് എം പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസുമെഡിക്കൽ സർവീസസ്). ഉണ്ട്. സർ, അതുതന്നെയാണു ഞാൻ ഇപ്പോൾ പറഞ്ഞതും മെംബർക്ക കേൾക്കാൻ പാടില്ലെന്നു തോന്നുന്നു.

മി: ടി. കുമാരപിള്ള (കല്ലുളവും-വിളവകോടും); കാളറാ ബീജം ഉണ്ടെങ്കിൽ അതു ഏതു വിധത്തിലാണ ഗവർണ്മെന്റിനു അറിവു കിട്ടിയതു?

മിസ്സസ് എം. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഇപ്പോൾ തഹശിൽദാരുടെ സാന്നിധ്യത്തിൽ കമ്മീഷണർമാർ ഗവർണ്മെന്റിനെ അറിയിക്കുന്നു.

മി: ടി. കുമാരപിള്ള (കല്ലുളവും-വിളവകോടും): കല്ലുളം തഹശിൽദാർ അതിനെപ്പറ്റി എഴുതി അയച്ചിട്ടുണ്ടോ?

മിസ്സസ് എം. പുന്നൻ ല്യൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം കല്ലുളം തഹശിൽദാർ റിപ്പോർട്ട ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിവില്ല.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): തഹസീൽദാരോട് ചോദിച്ചതിൽ അതിനെപ്പറ്റി എഴുതി അയച്ചിട്ടുണ്ടെന്നു പറയുന്നു. ഉദ്യോഗകളിൽ പലസ്ഥലത്തും വൈദ്യസഹായം ആവശ്യപ്പെട്ടുണ്ട്. ഉദ്യോഗാട്ടെ ജനങ്ങളിൽ കരം കൂട്ടുതൽ കൊടുക്കുന്നുണ്ട്.

ഇതിന്റെ ആവശ്യകതയെപ്പറ്റി അവിടെയുള്ള ജനങ്ങളും പ്രജാസഭയിലും നിയമസഭയിലും അറിയിച്ചിട്ടുണ്ട്. എന്നാൽ അഞ്ചോ ആറോ മാസം കഴിഞ്ഞു അതിനെപ്പറ്റി ഒരു അന്വേഷണവും കഴിച്ചു അങ്ങിനെയുള്ള ഒരു സഹായം അവിടെ ആവശ്യമില്ലെന്നു തീരുമാനിക്കുകയും ചെയ്യുന്നു. ഒരു ദേശത്തിന്റെ പൊതു മുതൽ ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കു വിനിയോഗിക്കണമെന്നു ഗവർണ്മെന്റ് അറിയുന്നുണ്ടോ?

മി: സി. പി. രാമൻ (കന്നത്തുനാട്): സപ്ലിമെന്റിറ്റിസ്റ്റിന്റെ ഈ ഖണ്ഡനത്തിനു മേജർ ഒരു പ്രസംഗം ചെയ്യുന്നതു നടപടി അനുസരിച്ചു ശരിയായിട്ടുള്ളതാണോ?

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): ഇതു ഒരു പ്രസംഗം ആണെന്നു ഞാൻ വിചാരിക്കുന്നില്ല. ചോദ്യമാണ്.

മിസ്സസ് എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ. വിമൻസ് മെഡിക്കൽ സർവ്വീസസ്): സർ, തെക്കൻ തിരുവിതാംകൂറിൽനിന്നും അപേക്ഷകരും വന്നിട്ടുള്ളപ്പോഴൊക്കെ അവരെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്.

മി: കെ. പി. നിലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്ലേഗുജോലി സംബന്ധിച്ചു മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ആരെയെങ്കിലും ദേവികുളത്തു അയച്ചിട്ടുണ്ടായിരുന്നോ?

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): ഉദ്യോഗകളിലുള്ള പൊതുജനങ്ങളുടെ ആരോഗ്യരക്ഷയെ സംബന്ധിച്ചു ഗവർണ്മെന്റ് വേണ്ടതു ശരിയായി ചെയ്യുന്നു എന്നു വിചാരിക്കുന്നുണ്ടോ?

മിസ്സസ് എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസ്): ഉണ്ട്, ഗവർണ്മെന്റിൽ നിന്നും നിശ്ചയമായിട്ട് വളരെയൊക്കെ ചെയ്യുവരുന്നുണ്ട്.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): അങ്ങിനെ വിചാരിക്കുന്നുണ്ടെങ്കിൽ പൊതുജനങ്ങൾ ഗവർണ്മെന്റിനോട് വൈദ്യസഹായം ആവശ്യമുണ്ടെന്ന് അപേക്ഷിക്കുകയും പ്രജാസഭയിലും നിയമസഭയിലും വാദിക്കുകയും ചെയ്യുമോ?

മിസ്സസ് എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ. വിമൻസ് മെഡിക്കൽ സർവ്വീസസ്): മെമ്പർ മേക്കോട്ടിനെപ്പറ്റി വിചാരിക്കുകയാണ്. മേക്കോട് ഒരു ഡിസ്പെൻസറി അത്യാവശ്യമായിട്ടുള്ള കാര്യമാണെന്ന് ഒരുപക്ഷേ മെമ്പർ തന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. മേക്കോട് എന്ന സ്ഥലം കുഴശേഖരത്തു നിന്നും നാലു മൈൽ മാത്രമെ അകലമുള്ളു എന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി അവിടെ ഒരു പ്രത്യേക ഡിസ്പെൻസറി സ്ഥാപിക്കേണ്ടതിനെപ്പറ്റി ആവശ്യകതയിലുള്ള അഭിപ്രായത്തെ ഡർബാർ ഫിസിഷ്യൻ അഭിപ്രായപ്പെട്ടു. അതുകൊണ്ട് പ്രാവശ്യം കുഴശേഖരത്തുള്ള മെഡിക്കൽ ആഫീസർ മേക്കോട് സന്ദർശിച്ചു അവിടെയുള്ള ജനങ്ങൾക്കു വൈദ്യസഹായം നൽകി വരുന്നുണ്ട്.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): ഈപ്പോൾ അതു നടന്നവരുന്നുണ്ടോ?

മിസ്സസ് എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസസ്): നടന്നു വരുന്നുണ്ടെന്നാണ ഞാൻവിചാരിക്കുന്നത്.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): കുഴശേഖരം മെഡിക്കലാഫീസർ ആഴ്ചയിൽ രണ്ടു തവണ മേക്കോട് എന്ന സ്ഥലത്തു പോകുന്നുണ്ടോ?

മിസ്സസ് എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസസ്): മേക്കോട് മാത്രമല്ല പോകുന്നത്.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): ഇപ്പോഴും പോകുന്നുണ്ടോ? മുമ്പു അങ്ങിനെ പോയിക്കൊണ്ടിരുന്നു. അവിടെ സമ്പന്നനിയന്ത്രണ വകുപ്പ് അല്ലാതെ മരിക്കുന്നവരുടെ കുഴശേഖരത്തെങ്കിലും ഒരു അറിവു മെഡിക്കൽ ഡിപ്പാർട്ടുമെന്റിനു സിദ്ധിച്ചിട്ടുണ്ടോ? മലമ്പനി സംബന്ധമായ കുഴിമോഷക്കാരുടെ ഇടയിലാണ് ഉണ്ടാകുന്നതു എന്നുള്ള വിവരം ഗവർണ്മെന്റിനു അറിയുമോ?

മിസ്സസ്. എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസസ്): ഉണ്ട്, മെഡിക്കൽ ആഫീസർ പ്രസ്തുത സ്ഥലങ്ങളെ സന്ദർശിക്കുന്നുണ്ട്. സാധുക്കളുടെ ഇടയിൽ മലമ്പനി ഉണ്ടാകുന്നതിനെപ്പറ്റിയുള്ള വിവരം ഗവർണ്മെന്റിനു അറിയാം.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): മലമ്പനിയെ തടയുന്നതിനു എന്തു സഹായമാണു ചെയ്യുന്നത്? കുഴശേഖരം അടുത്താണെന്നു പറഞ്ഞു. മേക്കോടിനിന്നും കുഴശേഖരത്തേക്കു രണ്ടു നാഴിക ദൂരമുണ്ട്, മലമ്പനി പിടിച്ച സാധുക്കൾക്കു ഇത്ര ദൂരം പോകുന്നതിനു സാധിക്കുമെന്നു ഗവർണ്മെന്റ് വിചാരിക്കുന്നുണ്ടോ? സാധുക്കളുടെ ആരോഗ്യത്തെ സംരക്ഷിക്കേണ്ടതു ഗവർണ്മെന്റിന്റെ ധർമ്മമല്ലെ?

മിസ്സസ് എം. പൊന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസസ്): ഈ വിഷയത്തെപ്പറ്റി പല പ്രാവശ്യം അവധാനപൂർവ്വം ചിന്തിച്ചിട്ടുള്ളതും അതിലേക്കുള്ള തീരുമാനം ഉണ്ടായിട്ടുള്ളതും ആകുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): ഉദ്യോഗിലുള്ളവരുടെ ആരോഗ്യരക്ഷയെ സംബന്ധിച്ചു വേണ്ടതു ചെയ്യുന്നതിനുതകുന്ന ഒരു സ്കീം ഗവർണ്മെന്റിലേക്കു അയച്ചിട്ടുണ്ടോ?

മിസ്സസ് എം. പൂന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസസ്): ഉണ്ടു; ഉദ്യോഗകളിൽ വൈദ്യസഹായം ചെയ്യുന്നതിലേക്കുള്ള പദ്ധതി ഗവർണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണെന്നുള്ള വിവരം ഞാൻ മുമ്പുണ്ടായിരുന്നു അറിയിച്ചിട്ടുള്ളതാണ്.

മി; ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): അതു അടുത്ത കാലത്തെങ്കിലും നിയമസഭയിൽ ആലോചനയ്ക്കു വരുമോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അപ്രകാരം ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും-വിളവങ്കോടും): ഞാൻ ഇതുസംബന്ധിച്ചു ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ കാരണം പൊതുജനങ്ങളുടെ കഷ്ടപ്പാടുകൾ അറിയുന്നതിനുവേണ്ടിയാണെന്നുള്ളതാണ്. ഇങ്ങനെ മലമ്പനി പിടിച്ചു ബുദ്ധിമുട്ടുന്ന സാധുക്കളുടെ കഷ്ടം കാണുവാൻ ഗവർണ്മെന്റ് മേലാലെങ്കിലും വേണ്ടുന്ന അന്വേഷിച്ചു പ്രവർത്തിക്കുമോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): സാധുജനങ്ങളുടെ ഈ ആവശ്യകതയെ സംബന്ധിച്ചടത്തോളം ഗവർണ്മെന്റ് അശ്രദ്ധ കാണിക്കുന്നില്ലെന്നു ഞാൻ പ്രസ്താവിക്കയാണല്ലോ ചെയ്തത്. ഡിസ്പെൻസറികൾ ആവശ്യമുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്നു മിസ്റ്റർ കുമാരപിള്ള എന്നെ അറിയിക്കുകയും അതിനെപ്പറ്റി ചിന്തിച്ചിട്ടില്ലാത്തിരിക്കയും ചെയ്യുന്ന പക്ഷം ആ വിഷയത്തെപ്പറ്റി അന്വേഷണം നടത്തുന്നതാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ജനങ്ങളുടെ അപേക്ഷയെ ഭണ്ഡാരമായിട്ടു നോക്കാം. സ്പെഷ്യലാഫീസർ ഓരോ സ്ഥലത്തേയും സംഗതികൾ പരിശോധിച്ചു റിപ്പോർട്ടു ചെയ്തിട്ടുള്ള സ്ഥിതിക്കു ജനങ്ങളുടെ അപേക്ഷ പ്രത്യേകമായിട്ട് ആവശ്യമുണ്ടോ?

മിസ്സസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ചെറുതിരുവിതാംകൂറിൽ മേക്കോട് മുതലുള്ള മറ്റു പല സ്ഥലങ്ങളിലും മലമ്പനിയുള്ളതായി സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ ആഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മറ്റു സ്ഥലങ്ങളുടെ കൂട്ടത്തിൽ മേക്കോടും കൂടി ഉൾപ്പെടുത്തിട്ടുണ്ടോ?

മിസ്സസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഉണ്ട്, മേക്കോട് അല്ലാതെ റിപ്പോർട്ടു ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ഒന്നുമാത്രമാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതിനു ഗവർണ്മെന്റ് എന്തുചെയ്യും?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അതിനു മുമ്പായി ആഫീസുകളിൽനിന്നും അമ്പൽ ആഫീസുകളിൽ നിന്നും കൊതുകുപ്പോടികൾ കിൽക്കുന്നതിനു കൂട്ടത്തിൽ സൌകര്യമുണ്ടോ ഗവർണ്മെന്റിൽനിന്നും ചെയ്തിട്ടുള്ളതും ഈ പ്രദേശങ്ങളിൽ ചിലതിനു സന്ദർശിക്കുന്നതിനു ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുള്ളതും ആകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മേക്കോടുനിന്നും അമ്പൽ ആഫീസിലേക്കു ധാരാളം ദൂരമുണ്ടെന്നു അറിയാമോ?

മിസ്സസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): മേക്കോടു പോലെ സ്ഥലങ്ങളിൽ ഒന്നു മാത്രമേ അകന്നുള്ളു അതുപോലെ മലമ്പനിയുള്ള മറ്റു സ്ഥലങ്ങളുമുണ്ടു. അവ ഈ ആഫീസുകളിൽ നിന്നും വളരെ അകലെയല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെന്റ് ഈ വിഷയത്തെപ്പറ്റി ഒന്നു കൂടി ആലോചിക്കുമോ?

അദ്ധ്യക്ഷൻ: വാലവിഷയവുമായി യാതൊരു സംബന്ധവുമില്ലാതെ സംസാരിക്കുന്നതെന്തിനാണ്? ഈ ഡിസ്പെൻസറികൾ ആവശ്യമുണ്ടോ എന്നും അതിലേക്കുള്ള ചിലവു പോട്ടെ ചെയ്യപ്പെടണമോ എന്നുമാണ് വാദവിഷയത്തിനു ഹേതുവായിരിക്കുന്ന സംഗതി.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ അതിനു വിപരീതം പറയുന്നില്ല. അതുപോലെ മറ്റു സ്ഥലങ്ങളും ഉണ്ട്. ഗവണ്മെന്റ് അവയെ കൂടി അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നത്.

മി: തരിയൂർ കുഞ്ഞിതൊമ്മൻ (മുവാറ്റുപുഴയും തൊടുപുഴയും): എനിക്കുചിലതു സംസാരിക്കാനുണ്ട്. വടക്കൻ തിരുവിതാംകൂറിൽ വളരെ ആസ്പത്രികൾ ആവശ്യമുണ്ട്

അദ്ധ്യക്ഷൻ: നിങ്ങൾ പ്രസംഗിക്കാൻ പോകുന്നു ഒരു ചോദ്യം ചോദിക്കാൻ പോകുന്നോ?

മി: തരിയൂർകുഞ്ഞിതൊമ്മൻ (മുവാറ്റുപുഴയും തൊടുപുഴയും): എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ളയെപോലെ എന്റെ സംസാരം ഒടുവിൽ ഒരു ചോദ്യരൂപത്തിൽ അവസാനിപ്പിക്കാം. (ചിരി)

അദ്ധ്യക്ഷൻ: മെംബർ ആസനസ്ഥയായി.

മി: തരിയൂർ കുഞ്ഞിതൊമ്മൻ (മുവാറ്റുപുഴയും തൊടുപുഴയും): മിസ്റ്റർ കുമാരപിള്ളയ്ക്കു മറുപടി പറയുന്നതിനു മുമ്പു തന്നെ ഞാൻ എഴുന്നേറ്റു നിൽക്കയാണ്. തൊടുപുഴയിൽ ആസ്പത്രിയുടെ ആവശ്യം ധാരാളമുള്ള സ്ഥലങ്ങളുണ്ട്. അതു ചോദിക്കാതിരിക്കാൻ നിവൃത്തിയില്ല.

അദ്ധ്യക്ഷൻ: മെംബർ ആസനസ്ഥയായി, അതുകൊണ്ടു ചോദ്യം ചോദിക്കാൻ നിവൃത്തിയില്ല.

മി: തരിയൂർ കുഞ്ഞിതൊമ്മൻ (മുവാറ്റുപുഴയും തൊടുപുഴയും): തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ എന്ന സ്ഥലത്തു വല്ല മെഡിക്കൽ സഹായവും ചെയ്തിട്ടുണ്ടോ എന്നാണ് എന്റെ ചോദ്യം.

അദ്ധ്യക്ഷൻ: ഇല്ല.

ഇതിനു ശേഷം ഡിമാൻഡു വോട്ടിനിടുകയും ഗ്രാന്റു അനുവദിക്കുകയും ചെയ്തു.

ഡിമാൻഡു XIX—ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകളും.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റു സെക്രട്ടറി): സർ, ഡിമാൻഡു XIX—ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റു ഇനത്തിൽ, ൦൦൦ രൂപയിൽ കവിയാത്തതായ ഒരു ഗ്രാന്റു വേണമെന്നു ഞാൻ അപേക്ഷിക്കുന്നു. പരസ്യസഹായസംഘങ്ങളുടെ ഓണറി ഓർഗനൈസന്മാരുടെ സഞ്ചാരച്ചെലവിലേക്കു കഴിഞ്ഞ കൊല്ലത്തിൽ കൊടുക്കുന്നതിനേക്കാളധികമായ പണത്തിനു പരസ്യസഹായസംഘം രജിസ്ട്രാരുടെ പക്കൽനിന്നു കിട്ടിയിരിക്കുന്ന ബില്ലുകൾക്കായിട്ടാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഞ്ചാരപ്പടിക്കാരാണോ?

മി. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): അതെ.

മി: സി. പി. തോമസ്സ് നിരീക്ഷിക്കപ്പെട്ട മെംബർ): സഞ്ചാരപ്പടിക്കുടിശ്ശിക യെന്നുവെച്ചാൽ എന്താണു പറയുന്നത്?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): അതെ.

ക ഠ വ-മാണ്ടേത്തക്കുള്ളതാണ്. ആണയുടെ കഴിഞ്ഞകൊല്ലത്തേക്കുള്ളതാണ്, ഇക്കൊല്ലത്തിലേക്കുള്ള തല്ല.

മി: തരിയൻ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എത്ര ഓർഗണൈസറന്മാരുടെ സഞ്ചാരപ്പടിയാണ് ഈ ക, ഠ വ രൂപാ അനുവദിച്ചിട്ടുള്ളത്?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): കുറേ പേരുണ്ടെന്നുതോന്നുന്നു. ക ഠ വ രൂടെ ബിൽ ഇപ്പോൾ വന്നിട്ടുണ്ട്.

മി: തരിയൻ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അവർ എപ്പോഴാണ് സഞ്ചരിച്ചത്?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): അവർ കുറേ മുമ്പായാണ് സഞ്ചരിച്ചത് ഇപ്പോഴല്ല.

മി: തരിയൻ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇവരാരെങ്കിലും ഒരോ ഇൻസ്പെക്ടർമാരേയും മറ്റും നിയമിക്കുവാൻ വേണ്ടിയാണോ ചെയ്യുന്നത്.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): അല്ല അവരുടെ ചുമതലയല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഇത് കഴിഞ്ഞ കൊല്ലത്തിന്റെ കുടിശ്ശികയാണെന്നു പരികിൽ ഈ കഴിഞ്ഞ ബഡ്ജറ്റിൽ വ്യവസ്ഥചെയ്തതാണ് എന്നു തോന്നുന്നു.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): കഴിഞ്ഞകൊല്ലത്തിന്റെ അവസാനത്തിലേക്ക് അനുസരിച്ചുള്ള പണം കൊടുത്തുതീർന്നു എന്നാണ് വിചാരിച്ചിരുന്നത്, എന്നാൽ കഴിഞ്ഞ ആണ്ട് അവസാനത്തിനു മുൻപായി പ്രസ്തുത ബില്ലുകൾ അയക്കുന്നതിനുള്ള കൊണ്ട് പണം അനുവദിച്ചു കൊടുക്കണമെന്നു പിന്നീട് രജിസ്ട്രാർ അപേക്ഷിച്ചു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഇങ്ങിനെ കഴിഞ്ഞ ബഡ്ജറ്റിനു കൊള്ളിക്കേണ്ടതല്ല എന്നു കൊണ്ടാണെന്നാണ് എൻറെ ചോദ്യം.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി); ക ഠ വ-ൽ പണം അനുവദിച്ചിരുന്നു എന്നുള്ള അതു മുഴുവനും ചിലവാക്കപ്പെട്ടിട്ടില്ല. ചില ആളുകൾക്കു കുടിശ്ശികയിടേണ്ടതായിട്ടുണ്ടായിരുന്നു, അവർ ഈ പ്രസമയത്തു അപേക്ഷിച്ചില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും); ഇപ്രകാരമുള്ള പണം മുമ്പു തന്നെയോ ഈ സമയങ്ങളിലോ അല്ലെ കൊടുത്തു തീർക്കുന്നത്.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി); സഞ്ചാരപ്പടി മുതലായുള്ള പണം അവയുടെ ബില്ലുകൾ ഹാജരാക്കപ്പെട്ട് ആവശ്യമായ പാസ്സാക്കുമ്പോൾ ആണ് കൊടുക്കുന്നത്. അല്ലാതെ മുൻകൂട്ടിയിട്ടല്ല കൊടുക്കുന്നത്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): കഴിഞ്ഞകൊല്ലം കഴിഞ്ഞ ബഡ്ജറ്റ് വരുമ്പോഴേക്കുള്ള സമയം പ്രസ്തുത ബില്ലുകളെപ്പറ്റി ഉദ്ദേശിച്ചിരുന്നതല്ലെന്നാണല്ലോ പ്രസ്താവിക്കുന്നത്. കഴിഞ്ഞ കൊല്ലത്തിലെ അവയെപ്പറ്റി രജിസ്ട്രാരുടെ ഓഫീസിൽ കെണ്ടുവന്നിരുന്നില്ല.

മ. പി. എൻ കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി); അതെ ആയിരുന്നു, അവസാനത്തിലേ, അവയെ ബഡ്ജറ്റുകയ്യാറാക്കി പാസ്സാക്കിയതിനു ശേഷമാണ് ഇതിനെപ്പറ്റി രജിസ്ട്രാർ ഗവണ്മെൻറിനെ ഓർമ്മിയിൽ കൊണ്ടുവന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ); ഇതിലേക്കുള്ള അവകാശം ആരംഭിച്ചിട്ട് എത്രകാലമായി?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി); കഴിഞ്ഞകൊല്ലം ധനുമാസം മുതലുള്ളതും മകരമാസംമുതലുള്ളതും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പോൾ കൊടുക്കേണ്ടതായ എന്നു കൊണ്ടാണ്.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): എന്തെന്നാൽ അപ്പോൾ ആവശ്യപ്പെട്ടില്ല. ഡിമാൻറ് വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

ഡിമാൻറ് XXI-അഞ്ചൽ ഡിപ്പാർട്ടുമെൻറ്.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി): സർ, ഡിമാൻറ് XXI-അഞ്ചൽ ഡിപ്പാർട്ടുമെൻറ് ഇനത്തിൽ ക ഠ രൂപായിൽ കവിയാത്ത ഒരു അഡിഷനൽ ഗ്രാൻറ് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കൊട്ടാരക്കര അഞ്ചൽ ആഫീസിൽ പ്രധിമാസം ക ഠ രൂപയിലും കുടി രൂപായിലും കുടുതൽ അഡിഷനൽ ക്ലാർക്കുകളെ നിയമിക്കുന്നതിനാണ് ഈ പണം ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത തുക ബഡ്ജറ്റിലുള്ളതല്ലെന്നാണ്. പ്രസ്തുത അഡിഷനൽ ക്ലാർക്കുമാരെ നിയമിക്കുന്നതിൽ കഴിഞ്ഞ നടപ്പു വർഷത്തിൽ ബാങ്കിയുള്ള കുറച്ചധികം വേണ്ടി വരുന്നു. അതായത് ക ഠ രൂപായിൽ കവിയാത്തതായ ഒരു തുക ബഡ്ജറ്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് ഇനത്തിൽ ബാക്കിയുള്ള പണത്തിൽ നിന്നും എടുത്തു കൊള്ളാമെന്നു അഞ്ചൽ സൂപ്രണ്ടു റിപ്പോർട്ടുചെയ്തിരിക്കുന്നു. എന്നാൽ ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു പ്രസ്തുത തുക അനുവദിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു. ഈ രണ്ടു അഡിഷനൽ ക്ലാർക്കുമാരേയും നിയമിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചിടത്തോളം വോട്ടു ചെയ്യുന്നതിലേക്കു സഭയ്ക്കു ഒരു സന്തോഷം നൽകണമെന്ന് ഗവണ്മെൻറ് ആഗ്രഹിക്കുന്നു. എന്തെന്നാൽ പ്രസ്തുത ചിലവു ആണ്ടു തോറും ഉൽഭവിക്കുന്നതാ

ണ്ട്, കൊട്ടാരക്കര അഞ്ചൽ ആഫിസിൽ ചെല്ലുമ്പോൾ പ്രതി ഒപ്പം ഒരു രൂപാ ഇന്നലെയുണ്ടായിരുന്നു എന്നു പറഞ്ഞു രൂപാ തന്നിട്ടുണ്ടെന്നു പറഞ്ഞു. ഈ സംഭവത്തിനു ശേഷം ഇന്നലെ നടന്നതായി പറയപ്പെട്ട അഞ്ചൽ വിചാരണയെപ്പറ്റി പ്രതിയുടെ സഹായത്താൽ പ്രസ്തുത സിൽബന്ധികളുടെ സംബന്ധം ക്രിയകഴിക്കപ്പെടുകയുണ്ടായി. അതിനു ശേഷം ഈ ആഫീസിലെ ജോലി വളരെ കഴിഞ്ഞതിനുശേഷമാണ് അഞ്ചൽ വിചാരണ നടത്തിയത്. കഴിഞ്ഞ വേനൽ കാലത്തിനു മുമ്പേ കണക്കുകൾ അവതരിപ്പിക്കപ്പെട്ടത് ഓഗസ്റ്റിനും സെപ്തംബറിനും ഇടയ്ക്കായിരുന്നു, കൊല്ലത്തു നിന്നു കൊണ്ടുവന്ന കണക്കുകൾ ആയാൽ ഏതാണ്ട് ഡിസംബർ നിന്നു കൊണ്ടുവന്ന കണക്കുകൾ ആയാൽ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലത്തിനിടയിലും കൊട്ടാരത്തിൽ നിന്നുള്ള രജിസ്റ്റർ ഉൾപ്പെടികളുടെ എണ്ണം കൊല്ലത്തിൽ നിന്നുള്ളതിനേക്കാൾ കുറവായിരിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഈ ജോലിക്കായി പുറമെ കൊടുക്കേണ്ട പ്രധാന സാർട്ടിംഗ് സ്ലേഷനാണെന്നും അതിന്റെ കീഴിൽ വരുന്ന സബ് ആഫിസുകളുടെയെന്നും ഒക്കെ കേൾക്കേണ്ടതാണ്. അതു പ്രധാന സാർട്ടിംഗ് സ്റ്റേഷനായതുകൊണ്ടു അവിടെ കൂടുതൽ ജോലിയുണ്ടെന്നുള്ളതും ആയതു വളരെയുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്. രാത്രി 9 മണിമുതൽ 3 മണിവരെയും മെയിൽ കൊണ്ടുവരുന്നതും അവയെ സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും അയയ്ക്കുന്നതും കൊണ്ടുപോകുന്നതും, ചെയ്യേണ്ടതും മറ്റുമായ സബ് ആഫിസുകളിലേയ്ക്കുള്ള മെയിലുകൾ രാത്രി പുറപ്പെടുവിക്കുന്നതും, കോട്ടയം വയിനിലെ പല ആഫീസുകളിലുള്ള ഉരുപ്പടികൾ കൊണ്ടുവരുന്ന വടശ്ശേരിക്കര മെയിൽ രാത്രി ഒൻപതു മണിക്കും വന്നുചേരുന്നതും, ഇവരണ്ടും തരംതിരിച്ചു പുസ്തകത്തിൽ പതിച്ചു തയ്യാറാക്കി വച്ചു കൊണ്ടിരിക്കേണ്ടതായിട്ടുണ്ട്, തിരുവനന്തപുരത്തുനിന്നുള്ള മെയിൽ രാത്രി പതിനൊന്നരമണിക്കു വരുന്നതും കൊണ്ടുവരപ്പെടുന്നതായ ഉരുപ്പടികളെ തരംതിരിക്കേണ്ടതും കോട്ടയം വയിനിലേക്കുള്ളവയെ രാവിലെ പതിനൊന്നുമണിക്കു മുമ്പോട്ടാർക്കാർമാഗ്ഗം അയയ്ക്കേണ്ടതും ഉണ്ട്. രാവിലെ പന്ത്രണ്ടുമണിക്കു ചെങ്കോട്ടയിൽ നിന്നുള്ള മെയിൽ വരുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും മേവികളും): 2 രൂപായ്ക്കായിട്ടാണോ ടിർഡ്വേയ് ഈ പ്രസംഗം നടത്തുന്നത്?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടുസെക്രട്ടറി): ആവശ്യപ്പെടുമായിക്കൊണ്ടിരിക്കുന്ന ഒരു പിശുക്കിന്റെ ഗുണഗണങ്ങളെപ്പറ്റി വാഗ്വൈഭവത്തോടെ നടത്തുന്നതിനുപകരം ഒരു കൈകൊടുക്കും ഈ സഭയെന്നുള്ളതാണ് എന്റെ ഉദ്ദേശമെന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടു. ആ പിശുക്കു ഇരുപതു രൂപയിൽ കവിഞ്ഞിട്ടുള്ളതാണെന്നു കണക്കു കൂട്ടിനോക്കിയാൽ മനസ്സിലാകുന്നതാണ്. 2 രൂപയോടു കൂടി രൂപ കൂട്ടണം, അതിനെ പന്ത്രണ്ടുകൊണ്ടു ഗുണിക്കണം. പിന്നിട് അതിനെ അവസാനമില്ലാതെ ഗുണിക്കണം എന്തെന്നാൽ ഈ പിശുക്കു എല്ലാ കാലത്തേക്കുമുണ്ടാകുന്നതാണ്.

മി: എം. ശിവതാണുപിള്ള (തോപ്പാളി): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അത്യാവശ്യമെന്തെങ്കിലുമുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടു സെക്രട്ടറി): അതു വളരെ അത്യാവശ്യമായിട്ടുള്ളതാണ്. ആ വിഷയത്തെ പറ്റി ഞാൻ പ്രതിവാദിക്കാൻ പോകയാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ ഏതുവിധത്തിലാണു ജോലി നടത്തുന്നതു? ഇപ്പോൾ എന്തെങ്കിലും കുടിശ്ശികയുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടുസെക്രട്ടറി): കുടിശ്ശികയെപ്പറ്റിയുള്ള ഒരു കാര്യമല്ല ഇതു. അതുപോലെ ആവർത്തിച്ചുണ്ടാകുന്ന സംഗതിയുമല്ല. അതൊരു പിശുക്കിന്റെ ഒരു മാറ്റിവും അസൌകര്യവുമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൊട്ടാരക്കരയിൽ മാത്രമെ ജോലിയിൽ അധികമായിട്ടുള്ളവരുണ്ടായിട്ടുള്ളു എന്നാണെന്നു അഭിപ്രായം?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടു സെക്രട്ടറി), അതെ, മറ്റു സ്ഥലങ്ങളേക്കാൾ അധികം കൊട്ടാരക്കരയിൽ കൂടുതലായി പ്രഥമദൃഷ്ടിയിൽത്തന്നെ കാണപ്പെടുന്നതാണ്. അതിനെപ്പറ്റിയും ഞാൻ പ്രസ്താവിക്കാൻ പോകുന്നുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൊട്ടാരക്കരയിലും മറ്റു സ്ഥലങ്ങളിലുമുള്ള ജോലിയെപ്പറ്റി തരംതിരിച്ചുള്ള ഒരു കണക്കു മെമ്പർ തരുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടു സെക്രട്ടറി): ഫൈനൽ വർഷികറിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുമ്പോൾ താരതമ്യപ്പെടുത്തുന്ന കണക്കുകൾ കിട്ടുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മറ്റുള്ള അഞ്ചൽ ആഫീസുകളിൽ ചെയ്യപ്പെടുന്നജോലിയെ സംബന്ധിച്ചുള്ള ഒരറിവു ഞങ്ങൾക്കു തരേണ്ടതല്ലെ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടുസെക്രട്ടറി): ഫൈനൽ-നുശേഷം കൊട്ടാരക്കര അഞ്ചൽ ആഫീസിൽ ഉണ്ടായിട്ടുള്ള ജോലി പരിശോധിപ്പെടുത്തിയിട്ടുള്ള ഒരു കണക്കു നൽകിയിട്ടുള്ളതാകുന്നു. ആവശ്യമുള്ളപക്ഷം വേറെ ചില ആഫീസുകളിലെ കണക്കുവിവരങ്ങളും കൂടി ഞാൻ നൽകാം. പ്രത്യേകകാരണങ്ങളെ അടിസ്ഥാനപ്പെടുത്തി കൊട്ടാരക്കര അഞ്ചൽ ആഫീസു സംബന്ധിച്ചിടത്തോളം മാത്രം സിൽബന്ധികളെ വഹിപ്പിക്കണമെന്നാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഇപ്പോഴേജോലി വഹിച്ചിട്ടുള്ള അഞ്ചൽ ആഫീസുകളുടെയും എണ്ണംകൂടി ഞങ്ങൾക്കു അറിയേണ്ടതായിട്ടില്ലെ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടുസെക്രട്ടറി): ഇപ്പോഴെ ജോലി വർഷിച്ചിട്ടുള്ള അഞ്ചൽ ആഫീസുകൾ സംസ്ഥാനത്തിൽ ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജോലി വഹിച്ചുതുടങ്ങിയിട്ടു എത്രകാലമായി?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടു സെക്രട്ടറി): ഫൈനൽ-നു ശേഷം ജോലി നിരന്തരമായി വഹിച്ചുവരുന്നുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉദ്ദേശം എണ്ണൂറോ ആയിരമോ ആണ് ജോലി അധികമായി വഹിക്കാൻ ഉടനടിയായത്?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഫിഗർ ഓസ്കില്ലേഷൻ മൂവാണ്. കോട്ടാരക്കര അഞ്ചൽ ആഫീസിനെ രണ്ട് സെൻട്രൽ സോർട്ടിംഗ് സ്റ്റേഷൻ ആയിട്ടാണ് ജോലി വഹിച്ചുതുടങ്ങി,

മി: പി കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ജോലി ഇപ്പോഴത്തെ സിൽബന്ധിച്ചാൽ ഇവരുടെ നോക്കിപണിയെന്നില്ലെ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി ഞാൻ പ്രസ്താവിച്ചതായി കരുതുന്നു. ഞാൻ പറഞ്ഞതിനെ നിങ്ങൾക്ക് സാധാരണയായി ശ്രദ്ധിച്ചതുകൊണ്ട് അവിടത്തെ സിൽബന്ധിച്ചിടത്തോളം ഇപ്പോഴത്തെ ജോലി നിർവഹിക്കാൻ സാധിക്കാതെ വരുന്നതു എങ്ങനെയെന്നു ഞാൻ പറഞ്ഞുവല്ലോ.

ഞാൻ ചൂണ്ടിച്ചുപോലെ രാവിലെ മുന്നുമണിക്ക് ചെങ്കോട്ടയിൽനിന്നുള്ള മെയിൽ വന്നുചേരുന്നു. പിന്നീട് വടക്കൻമെയിൽ മുതലായവയിൽ വന്നിട്ടുള്ള ഉരുപ്പടികളെ തരംതിരിച്ചു കയ്യാറാക്കി പ്രസ്തുതമെയിലിൽത്തന്നെ തിരുവനന്തപുരത്തേയ്ക്ക് അയക്കണം. കാലത്തു് ആറുമണിക്കു മുമ്പായി സബ് ആഫീസുകളിലേക്കുള്ള ഉരുപ്പടികളും അയയ്ക്കപ്പെടേണ്ടതുമുണ്ട്. ഈ ജോലിയെല്ലാം തീർന്നതിനശേഷം പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിന്റെ ഏർപ്പാടുകളും മുമ്പായ ജോലികളും നിർവഹിച്ചിട്ടു അഞ്ചൽ മാസ്റ്റർക്കു് അയാളുടെ ക്ലാർക്കിനും ഉറങ്ങാൻ എപ്പോഴാണ് സമയമുള്ളതെന്നു ഞാനറിയുന്നതായിട്ടാണ്. അതിലേക്കു സന്ദർഭമുണ്ടെന്നു യിചാരിക്കപ്പെടുന്ന എങ്കിലും എഴുത്തുകുറവു മുതലായവയെ ശരിയായ മേൽവിചാരം കൂടാതെ കാലതാമസപ്പെടുത്തി പൊതുജനങ്ങൾക്കു് അസൌകര്യമുണ്ടാക്കിത്തീർക്കുന്നതായിരിക്കും അതിന്റെ അപരിഹാര്യമായ ഫലമെന്നു അഞ്ചൽമാസ്റ്ററെ എന്നെ അറിയിച്ചിരിക്കുന്നു. കമ്മീഷൻസ്-ന്റെ പരിഷ്കാരത്തിനശേഷം ജോലി വഹിച്ചിട്ടുള്ള ചില അഞ്ചൽ ആഫീസുകളിലെ സിൽബന്ധികളെ വഹിപ്പിക്കണമെന്നു ഞാൻ മേൽസൂചിപ്പിച്ചതു നിർദ്ദേശിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ഈ ശുപാർശകളിൽ പലതിനേയും പിൻവലിക്കയാതെ വകുപ്പുകൊണ്ടിരിക്കയാണ്. അതായതു, ഡിപ്പാർട്ടുമെണ്ടിനെ പരിഷ്കരിക്കുന്നതിനായിട്ടു ഒരു സംഘടനയുണ്ടായതിനുശേഷം ഈ ശുപാർശകളെപ്പറ്റി വിശദമായി ആലോചിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി അവയെ വച്ചുതാമസിപ്പിക്കയാണ്. അഞ്ചൽ ഉരുപ്പടികളും മേൽവിചാരിക്കുവാൻ കൊടുക്കുന്ന അഞ്ചൽശിപായിമാരുടെ ശമ്പളവും എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രമേയത്തോടു ഏതുദ്ദേശത്തോടുകൂടി ഞാൻ ബഡ്ജറ്റു വാദപ്രതിവാദസന്ദർഭത്തിൽ ഹാജരാകിയിരുന്നുവോ അതിനെ സഭ അനുവദിച്ചിട്ടുള്ളതും അതുകൊണ്ടു ഇപ്പോഴത്തെ പദ്ധതി, അതായതു കൊട്ടാരക്കര അഞ്ചൽ ആഫീസു സംബന്ധിച്ചിടത്തോളമുള്ള പ്രത്യേകപരിഷ്കാരം പ്രത്യേകകാരണങ്ങളാൽ സ്വീകരിക്കപ്പെടാവുന്നതാണ്. പൊതുജനങ്ങളുടെ സൌകര്യത്തെ ഓർത്തും ശരിയായിട്ടുള്ള ജോലി നിർവഹണത്തെ അടിസ്ഥാനപ്പെടുത്തിയുമാണ് അപ്രകാരം ഉദ്ദേശിച്ചിരിക്കുന്നതു്. അതിനാൽപ്രസ്തുതഡിമാന്റു സഭ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). കൊട്ടാരക്കര അഞ്ചലാഫീസിൽ എത്ര ശിപായിമാരുണ്ട്? അവർക്കു ഓരോരുത്തർക്കുമുള്ള ശമ്പളം എന്താണ്?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി). ശിപായിമാരുടെ സംഖ്യ എന്താണെന്നു ഇപ്പോൾ കൃത്യമായി ഞാൻ ഓർക്കുന്നില്ല. എന്നാൽ ഇപ്പോഴത്തെ ഡിമാന്റു ക്ലാർക്ക് സിൽബന്ധികളെ സംബന്ധിച്ചാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു ഓരോരുത്തർക്കും പ്രതിമാസം 20 രൂപ വീതം ശമ്പളമുള്ള രണ്ടു ക്ലാർക്കന്മാരെ നിയമിക്കണമെന്നാണോ അർത്ഥമാക്കേണ്ടതു?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): അല്ല; പ്രതിമാസം 20 രൂപ ശമ്പളമുള്ള ഒരു ക്ലാർക്കും പ്രതിമാസം 15 രൂപ ശമ്പളമുള്ള വേറൊരു ക്ലാർക്കും.

മി: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): കൊട്ടാരക്കര അഞ്ചൽ ആഫീസിനെമാത്രം ഇതു കൂട്ടത്തിൽ എടുത്തു വേണമെന്നു പറയാനുള്ള കാരണമെന്തു്?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): കൊട്ടാരക്കര അഞ്ചൽ ആഫീസിൽ അസാധാരണമായ നിലയിൽ ജോലി വർദ്ധിച്ചിരിക്കുന്നതുകൊണ്ടാണ്.

മി: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): അവിടെമാത്രം എന്തുകൊണ്ടു ജോലി വർദ്ധിച്ചു?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു് ഒരു മെയ്ൻ സ്റ്റേഷനാണ്.

മി: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): ഇതുപോലെ മറ്റു പല സ്ഥലങ്ങളുമുണ്ടെന്നു അറിയാമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): മെയ്ൻ സ്റ്റേഷനായി ഒന്നുമാത്രമേ ഉണ്ടായിരിക്കൂ എന്നു വിവക്ഷിയുള്ളു. പലേ മെയ്ൻ സ്ഥലങ്ങളുമുണ്ടായിരിക്കാൻ സാധിക്കുന്നതല്ല.

മി: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): വേറെ മെയ്ൻ സ്റ്റേഷൻ ഉണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): സംസ്ഥാനത്തിന്റെ ആ ഓഗത്തു് അതാണ് മെയ്ൻ സ്റ്റേഷനായിട്ടുള്ളതു്, വേറെ സ്ഥലങ്ങളിൽ ഒന്നാംക്ലാസ്സു ആഫീസുകളുണ്ടു്; ഉദാഹരണമായി തിരുവനന്തപുരം തന്നെയിരിക്കുന്നു.

മി: കുറണ്ടിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം): തിരുവനന്തപുരത്തും ജോലി കൂടുതലുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): തിരുവനന്തപുരം ആഫീസിലേക്കു ഞാൻ ഗ്രാന്റു ആവശ്യപ്പെട്ടിരിക്കുന്നതു്.

മി: എ. കെ. പിള്ള (കുന്നാംഗപ്പള്ളി): സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു. അല്പമുകരമായി തന്നേയ്ക്കാം; എന്തെന്നാൽ അതിന്റെ ഭാഗം വളരെ ചെറുതാണ്. ഇതിനപ്പുറത്തെ അയ്യസംബന്ധിച്ചുള്ള സകല വിവരങ്ങളും നമുക്കു തരുന്നതിലേക്കു മിസ്റ്റർ നീലകണ്ഠപ്പിള്ള വളരെ ബുദ്ധിമുട്ടിയിരിക്കുന്നു. വിവരങ്ങൾ നൽകി

യതിനേക്കുറിച്ചാണ് ഞാൻ നടത്തിയുള്ളൂവെന്നുപറയുന്നു. എങ്ങനെ നീതിപീഠത്തിന്റെ ഗൗരവത്തെ അടിസ്ഥാനപ്പെടുത്തിയല്ല ഞാൻ അതിനെ എതിർക്കുന്നത്. അഞ്ചൽ കോർഡിനേറ്ററും അസോസ്സിയേഷന്റെ പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധയുണ്ടാകണമെന്നും ഗവൺമെന്റിനോടു ആവശ്യപ്പെടുകയുണ്ടായി. ഈ സഭയിൽനിന്നും പാസ്സാക്കപ്പെട്ട പ്രമേയത്തെ ഗവൺമെന്റ് വകവയ്ക്കുന്നതേയില്ല. അഞ്ചൽ ആഫീസുകളെ സംബന്ധിച്ചിടത്തോളം എന്തെന്നെ ചെറുതായിരുന്നാൽപോലും അതു സഭയോടു ചോദിക്കുന്നതിനു യാതൊരുവകുപ്പുമില്ലെന്നാണ് ഞാൻ പറയുന്നത്. (മിസ്റ്റർ എം. ശിവതാണുപിള്ള ഹിയർ, ഹിയർ) അഞ്ചൽ ആഫീസുകളെ സംബന്ധിച്ചിടത്തോളം ഒരു കാര്യമെപോലും ചോദിക്കുന്നതിനു ഗവൺമെന്റിനു യാതൊരു അവകാശവുമില്ലെന്നു ഞാൻ ഒന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഈ സഭയിൽനിന്നും പാസ്സാക്കപ്പെട്ട ഈ പ്രമേയത്തെ അവർ നടപ്പിലാക്കുമോ എന്നുള്ളതുകൊണ്ടോന്നുമല്ല അവരോടു സമാധാനം ചോദിക്കുന്നതിനു നമുക്കു കാരണമുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുകൊണ്ടു ഞാൻ ആദ്യം പ്രസ്താവിച്ചതിനുള്ള എന്റെ ന്യായം ഈ പ്രത്യേകവിഷയത്തെപ്പറ്റിയല്ല പക്ഷേ ഒരു പൊതുവിഷയത്തെ സംബന്ധിച്ചാണ് എന്നോർക്കണം. അതിനാൽ അതിനെ ഞാൻ എതിർക്കുന്നു. അതിനെസംബന്ധിച്ചുള്ള തീരുമാനം എന്താണെന്നുള്ള സമയത്തെ തീരുമാനപ്പെടുത്തണമെന്നുമാണ്.

മി: എം. ശിവതാണുപിള്ള (തേവലക്കര): മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു എന്നു പ്രസ്താവിക്കുന്നതിനുമുൻപായി ഈ സഭയുടെ അനേകം ഗവൺമെന്റുകാര്യാലയങ്ങളോടു ഗവൺമെന്റു ചെയ്തുവരുന്ന കടമയെപ്പറ്റി എന്നെ ഓർമ്മിപ്പിച്ചതിൽ ഞാൻ അദ്ദേഹത്തോടു നന്ദിപറഞ്ഞുകൊള്ളുന്നു. സർ, കാർഡിനേറും കോപ്പിൻറും വിലകൂടുവാനുള്ള ഈ സമയത്തിനിടയ്ക്കു ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതുപോലെ തന്നെ, എന്റെ ഓർമ്മശരിയായിട്ടുള്ളതാണെങ്കിൽ ഒരു പ്രശ്നത്തിനു ചോദിനേറും കാർഡിനേറും വിലകൂടുവാനുള്ള പ്രസ്തുത പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഇപ്പോഴും അതുപോലെ ചിന്തിച്ചുകൊണ്ടിരിക്കയാണെന്നുള്ള ആവിഷയത്തെ സംബന്ധിച്ചിടത്തോളം അധികാരം വഹിക്കുന്ന ഗവൺമെന്റു മെമ്പർ ഒരു പ്രശ്നത്തിനു മറുപടി പ്രസ്താവിക്കയുണ്ടായി. പ്രസ്തുത പ്രമേയത്തെപ്പറ്റി അടുത്തകാലത്തുണ്ടായതന്നെ അനുകൂലമായ ഒരു തീരുമാനമുണ്ടാക്കുന്നതായാണെന്നുള്ള ഗവൺമെന്റു മെമ്പർ ഉറപ്പുതരുന്നപക്ഷം ഈ ഡിമാൻറു അനുവദിക്കുന്നതിൽ എനിക്കു യാതൊരു ആക്ഷേപവുമില്ലാത്തതാണ്. ഇപ്രകാരം പ്രസ്താവിച്ചുകൊണ്ടു ഞാൻ ഡിമാൻറിനെ എതിർക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാനും ഉപക്ഷേപത്തെ പിൻതുണയ്ക്കുന്നു. കൊട്ടാരക്കര അഞ്ചലാഫീസിലുള്ള അധികമായ ജോലി ചെയ്യുന്നതിനു അവിടെ കൂടുതൽ സിൽബന്ധികളുടെ അവശ്യമുള്ളതുകൊണ്ടാണ് ഞാൻ ഗ്രാൻറിനെ പിൻതാങ്ങുന്നത്. കൂടുതലായ ജോലിയുടെ സ്വഭാവം എന്താണെന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള പ്രസ്താവിച്ചിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തേവലക്കര): സിൽബന്ധികളെ വർദ്ധിപ്പിക്കുന്നതിനുപകരം ജോലി കുറവുള്ളസ്ഥലങ്ങളിൽനിന്നും സിൽബന്ധികളെ മാറ്റാമെന്നുള്ള സംഗതി മെമ്പർ ആലോചിച്ചിട്ടുണ്ടോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആവശ്യമുള്ളതിൽ കൂടുതലായി സിൽബന്ധികളുള്ള ഒരു ദൃഷ്ടാന്തംപോലും എനിക്കു കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. പലവിധത്തിൽ കൊട്ടാരക്കരഅഞ്ചൽ ആഫീസിലുള്ള ജോലി വഹിച്ചുവരികയാണ്. രാത്രി പതിനൊന്നരമണിക്കു കൊല്ലത്തെത്തുന്ന ഒരു മെയിൽ തിരുവനന്തപുരം-കൊല്ലം വഴിയായി വരുന്നതായ വേറൊരുതീവണ്ടിയുണ്ട്. ഈ ഓരോ തീവണ്ടിയിലും അഞ്ചൽആഫീസു സിൽബന്ധികളെ തരംതിരിച്ചേയ്ക്കേണ്ടതായിട്ടുണ്ട്. പ്രസ്തുതതീവണ്ടികളിൽ കൊട്ടാരക്കരക്കു കൊണ്ടുവരുന്ന എഴുത്തുകളെ തരംതിരിച്ചു വടക്കുനിന്നും വരുന്ന മേലാർ. കാവുകോണാഫീസു അവർ അയയ്ക്കേണ്ടതായിട്ടുണ്ട്. രാത്രി ഏകദേശം എട്ടുമണിസമയത്താണ് ഒരു മോട്ടോർകാർ കൊട്ടാരക്കരയിൽ വന്നുചേരുന്നത്. ഏകദേശം നാലുമണിവരെ അതു അവിടെ താമസിക്കും. വടക്കു അയയ്ക്കപ്പെടേണ്ടതായ എല്ലാ എഴുത്തുകളേയും ഈ കാർ മുഖാന്തരമാണ് അയയ്ക്കേണ്ടതു. ഇതിനുംപുറമെ ചടയമംഗലത്തേക്കു അയയ്ക്കേണ്ടതായ അഞ്ചൽ ഉരുപ്പടികളെ തയ്യാറാക്കേണ്ടതായിട്ടുണ്ട്. അതിനാൽ മിസ്റ്റർ നീലകണ്ഠപ്പിള്ള പ്രസ്താവിച്ചതിനുള്ള കൊട്ടാരക്കര ഒരു മദ്ധ്യസ്ഥലമാണ്. സ്റ്റാമ്പുകൾ വാങ്ങുന്നതിനും എഴുത്തുകൾ രജിസ്റ്റർചെയ്യപ്പെടുന്നതിനും മറ്റുമായി കൊട്ടാരക്കര അഞ്ചൽആഫീസിൽ പോകുന്ന ജനങ്ങൾക്കു വളരെ അസൌകര്യങ്ങളും നേരിടുന്നുക്കവിധമാണ് അവിടെയുള്ള ജോലി അത്ര അധികമാണെന്നു എനിക്കറിയാം. ഞങ്ങൾക്കു ഒരു ശിപായിമാത്രമേയുള്ളൂ. അയാൾ എഴുത്തുകൾ കൊണ്ടുപോകണം; പകൽസമയം അയാസാനിക്കുന്നതിനുമുൻപു അയാൾ ആ ജോലി തീർക്കണം. അതുകൊണ്ടു തീവണ്ടി രാത്രിസമയം കൊട്ടാരക്കരയിൽ എത്തുന്നതുകൊണ്ടുമാത്രം ഞങ്ങൾക്കു എഴുത്തുകൾ കിട്ടുന്നില്ല. ഒരു ശിപായിമാത്രം ഉള്ളതുകൊണ്ടു ചിലപ്പോൾ അടുത്തദിവസം പതിനൊന്നരമണിക്കു മാത്രമേ ഞങ്ങൾക്കു എഴുത്തുകിട്ടാൻ സാധിക്കുന്നുള്ളൂ. ഉൾനാടുകളിൽ ഒരാഴ്ചയും ചിലപ്പോൾ പക്ഷം പതിനഞ്ചുനാഴിക അകലെയുള്ള സ്ഥലങ്ങളിൽ മറ്റു ശിപായിമാർ പോകേണ്ടതായിട്ടുണ്ട്. അതിനാൽ പ്രസ്തുത അഞ്ചൽ ആഫീസിൽ ജോലി വർദ്ധിച്ചിരിക്കുന്നതിനല്ല, ക്ലാർക്കന്മാരെ വർദ്ധിപ്പിക്കുന്നതിനാവണമെന്നു മെമ്പർക്കു അറിയാമോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ക്ലാർക്കന്മാരുടെ സംഖ്യ അത്യാവശ്യമുള്ളിടത്തോളമില്ലെന്നുള്ളതുകൊണ്ടു ചില ആഫീസുകളിൽ ശിപായിമാർ ആഫീസിൽതന്നെ ജോലിചെയ്യുകയുണ്ടെന്നു നമുക്കറിയാം. അതിനാൽ സമയാസമങ്ങളിൽ എല്ലാ ശിപായികളേയും പുറത്തയക്കുന്നില്ല. മിക്ക ആഫീസുകളിലും ഇപ്രകാരമാണ് നടക്കുന്നതും. മറ്റു കാരണങ്ങളെപ്രതിപാദനപ്പെടുത്തി ഉപക്ഷേപത്തെ മിസ്റ്റർ പി. കെ. പിള്ള എതിർക്കുന്നതിനോടു ഞാൻ യോജിക്കുന്നുണ്ടെങ്കിലും പ്രസ്തുത ചിലവിനെ സംബന്ധിച്ചിടത്തോളം ഈ അഞ്ചൽ ആഫീസിൽ കൂടുതൽ സിൽബന്ധികളെ നിയമിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതുതന്നെ. ഞാൻ കൊട്ടാരക്കരക്കാരനാണ്. അവിടെയുള്ള അഞ്ചൽ ആഫീസിന്റെ പൂർണ്ണവിവരങ്ങളെപ്പറ്റി എനിക്കറിവുണ്ട്. അതിനാൽ ഗ്രാന്റിനെ ഞാൻ പിൻതുണയ്ക്കുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി): എനിക്ക് കൂട്ടിച്ചായി യാതൊന്നും പറയാനില്ല. എന്തെന്നാൽ ഞാൻ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം അതിൻറെ ഗുണത്തെപ്പറ്റി യാതൊരാക്ഷേപവും തർക്കിച്ചിട്ടില്ല. സഭയിലെ അനഭ്യുദയാംശങ്ങളുടെ നിലയെ സംബന്ധിച്ചിടത്തോളം അതു ന്യായീകരിക്കത്തക്കതല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. വിഷയങ്ങളുടെ ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സാധാരണ അവഗണന ഈ സഭ തീരുമാനിക്കാറുണ്ടായിരുന്നത്.

ഉപക്ഷേപം വോട്ടിനിടുകയും അതു പാസ്സാക്കപ്പെടുകയും ചെയ്തു.

നിയമനിർമ്മാണം.

തിരുവിതാംകോട്ടുഖനികളും ധാതുക്കളും

ബിൽ.

മി: കയ്യുമ്മാ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടറി): സർ, സിലക്ട് കമ്മിറ്റി ക്കാരൽ റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്ന തിരുവിതാംകോട്ടു ഖനികളും ധാതുക്കളും ബില്ലിനെപ്പറ്റി വീണ്ടും അ ഭിപ്രായപ്പെടേണ്ടതായിരിക്കുന്നു. കഴിഞ്ഞയോഗത്തിൽ രൂപ ഖണ്ഡങ്ങളെപ്പറ്റി നാം ചർച്ചിച്ചിട്ടുള്ളതാണ്. ബില്ലിനെപ്പറ്റിയുള്ള ആലോചന തുടരേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: കെ. പീർ. മേനോൻ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഉപക്ഷേപത്തെ ഞാൻ പി ൻതാങ്ങുന്നു.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

ഖണ്ഡം രൂ൨.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗസറ്റിൽ പ്രസിദ്ധംചെയ്തിരുന്ന ബില്ലിലെ പ്രസ്തുത ഖണ്ഡം എടുത്തുകളഞ്ഞു. അതിനെപ്പറ്റിയാണ് ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഖണ്ഡത്തെ ചേർക്കേണ്ടതിനെ സംബന്ധിച്ചാ ണ്ട ഉപക്ഷേപം. ബിൽ ഹാജരാക്കിയ ആദ്യം തന്നെ നിർദ്ദേശിച്ചതിനുള്ളിലുള്ള ഖണ്ഡത്തെ സംബന്ധിച്ചിട ത്തോളം അതിനെ ഉപേക്ഷിക്കണമെന്നു പ്രത്യേക കമ്മിറ്റിക്കാർ ശുപാർശചെയ്തിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കു ന്നു, അതുകൊണ്ടു ഭേദഗതിയുടെ ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം അതിനെ സാധൂകരിക്കുന്നതിനു വലു തായിട്ടുള്ളതൊന്നും അധികമുണ്ടെന്നു തോന്നുന്നില്ല. താഴെപ്പറയുന്നതാണ് പ്രത്യേകകമ്മിറ്റിക്കാർ എടുത്തുകളയ ണമെന്നു ശുപാർശചെയ്തിട്ടുള്ള ഖണ്ഡം:—

"ഏതെങ്കിലും കഴിയോ പ്രവർത്തനമോ ഈ റഗുലേഷനിലെ അർത്ഥത്തിൽ ഉൾപ്പെടുന്നതായ ഒരു ഖനി ആണോ എന്നുള്ളതിനെ സംബന്ധിച്ചു എന്തെങ്കിലും തർക്കം ഉൽഭവിക്കുന്നപക്ഷം ആ സംഗതിയെപ്പറ്റി ഗവ ണ്മെൻറ് തീരുമാനിക്കാവുന്നതും, ഗവണ്മെൻറ് ചീഫ് സെക്രട്ടറി ഒപ്പിട്ടിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് അതിലേക്കു ള്ള വാദ്യറ ഒരു തീരുമാനം ആയിരിക്കുന്നതും ആകുന്നു."

ഈ ഖണ്ഡമാണ് എടുത്തുകളഞ്ഞിട്ടുള്ളത്. പ്രത്യേകകമ്മിറ്റിക്കാരുടെ റിപ്പോർട്ടിലെ ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം എൻറെ സ്നേഹിതൻ സ്വീകരിച്ചിട്ടുള്ളതും അതുകൊണ്ടു അതിനെപ്പറ്റി ഞാൻ വാദപ്ര തിവാദം നടത്തേണ്ട ആവശ്യമില്ലാത്തതും ആകുന്നു. ആ ഖണ്ഡത്തിനുപകരം താഴെപ്പറയുന്നതു ചേർക്കപ്പെട ണമെന്നു ഞാൻ നിർദ്ദേശിക്കുന്നു. അതായതു, വ്യാപാരാഭ്യുന്നതിയുടെ അവസാനത്തിൽ രൂപമതു ഖണ്ഡ മായി ചേർക്കണം; ൻപാം അദ്ധ്യായത്തിൻറെ ആദ്യഭാഗമല്ല. ശിക്ഷകളെയും നടപടിയേയും പറ്റി പ്രതിപാദി ക്കുന്ന വ്യാപാരാഭ്യുന്നതിയുടെ അദ്ധ്യായത്തിൻറെ അവസാനത്തിൽ ചേർക്കണം. അവിടെ ഞാൻ നിർദ്ദേശിക്കുന്നതുപോലെയുള്ള ഒരു ഖണ്ഡം ആവശ്യമാണെന്നു ഞാൻ ബഹുമായി അഭിപ്രായപ്പെടുന്നു.

മി: കയ്യുമ്മാ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സെക്രട്ടറി): സർ, മെമ്പർ ഭേദഗതി ഹാജരാക്കുന്നതിനുമുൻപു നടപടിക്രമത്തെ സംബന്ധിച്ചു എന്തെങ്കിലും അല്പം പ്രസ്താവിക്കാനുണ്ട്. നിർദ്ദേശിക്ക പ്പെട്ടിട്ടുള്ള ഭേദഗതി പ്രസ്തുത ഖണ്ഡത്തിൻറെ വ്യാപ്തിയിൽ ഉൾപ്പെടുന്നില്ല. രൂപമേതത്തെ സ്ഥിരം ഉത്തരവു താഴെപ്പറയുംപ്രകാരമാണ്:—

(൪). "ഏതൊരു ഖണ്ഡത്തെയോ ഉപക്ഷേപത്തെയോ സംബന്ധിച്ചാണോ ഭേദഗതി ഹാജരാക്കപ്പെടുന്നത് ആ ഭേദഗതി ആ ഖണ്ഡത്തിൻറെയൊ ഉപക്ഷേപത്തിൻറേതോ വിഷയത്തിൻറെ വ്യാപ്തിയിൽ ഉൾപ്പെട്ടിരി ക്കേണ്ടതും അതുമായി സംബന്ധമുണ്ടായിരിക്കേണ്ടതും ആകുന്നു."

താഴെപ്പറയുംപ്രകാരമാണ് പ്രത്യേകകമ്മിറ്റിക്കാർ റിപ്പോർട്ടുചെയ്തിരിക്കുന്ന രൂപമേതത്ത ഖണ്ഡം:—

"വല്ല പ്രദേശത്തെയോ, ഖനിയേയൊ, ഖനികളുടെ ഗ്രൂപ്പിനേയൊ, വർഗ്ഗത്തേയൊ, ഖനിയുടെ വല്ല ഭാ ഗത്തേയോ, വല്ല ആളുകളുടെ വിഭാഗത്തേയൊ, ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളിൽനിന്നോ, വല്ല പ്ര ത്യേക വ്യവസ്ഥകളിൽനിന്നോ ഗവണ്മെൻറിനു ഗസറ്റിൽ പരസ്യംമൂലം ഒഴിവാക്കാവുന്നതാകുന്നു."

പകരം ചേർക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഖണ്ഡം ഇപ്പോഴത്തെ രൂപമതു ഖണ്ഡവുമായി യാ തൊരു സംബന്ധവുമില്ലാത്തതാണ്; അതുകൊണ്ടു രൂപമതു സ്ഥിരം ഉത്തരവു ഇവിടെ ഉപയോഗിക്കണമെ ന്നും പ്രസ്തുതഭേദഗതി നടപടിക്രമം അനുസരിച്ചുള്ളതല്ലെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു പറയാനുള്ളതിനെ പ്രസ്താപിച്ചതിനുശേഷം ഞാൻ എൻറെ സ്നേഹിതൻറെ ആക്ഷേപത്തിനു സമാധാനം പറഞ്ഞുകൊള്ളാം. ആദ്യമായിട്ട് ഭേദഗതി ഞാൻ ഹാജരാക്കാം.

അദ്ധ്യക്ഷൻ: ഈ മെമ്പറുടെ ആക്ഷേപത്തിനു സമാധാനം പറയുന്നതിനു മുൻപു ഭേദഗതി നിങ്ങൾക്കു ഹാജരാക്കാൻപാടില്ലാത്തതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭേദഗതി സഭയിൽ ഹാജരാക്കപ്പെടുന്നതിനുമുൻപു ന ടപടിക്രമം സംബന്ധിച്ചുള്ള ഒരു ആക്ഷേപം എൻറെ സ്നേഹിതനു പുറപ്പെടുവിക്കാൻപാടില്ല. ഭേദഗതി യെ അദ്ധ്യക്ഷൻ തള്ളിയിട്ടില്ല. അതു അച്ചടിച്ചു സഭയിൽവച്ചു കഴിഞ്ഞിരിക്കുന്നു. അതിനെ സഭയിൽ ഹാ

ജാക്കണത്തിന് എന്നിക്ക സ്വാതന്ത്ര്യമുണ്ട്. അതിനാശ്രയിച്ചും ആകുന്നിടത്തോളം ശക്തിയോടുകൂടി അതിനെ എതിർസ്റ്റിതന്ന് എതിർക്കുവാനാണ് എന്നാൽ അതിനുവൻപായി അതിനെപ്പറ്റി ശ്രദ്ധിക്കുവൻപോലില്ലാത്ത അഭിപ്രായത്തിനെ പറയുവൻ അവകാശമില്ലാത്തതാകുന്നു.

അദ്ധ്യക്ഷൻ: ഏതു ഖണ്ഡത്തെ സംബന്ധിച്ചാണ നിങ്ങൾ ഭേദഗതി കൊണ്ടുവരുന്നതെന്നു വ്യക്തമായി നിങ്ങൾ പ്രസ്താവിക്കണം

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെസംബന്ധിച്ചിടത്തോളം പ്രാരംഭ ആക്ഷേപത്തെപ്പറ്റി ഞാൻ പറയുന്നതിനെ അദ്ധ്യക്ഷൻ ശ്രദ്ധിക്കുമെങ്കിൽ ഞാൻ വിളിക്കുവൻ കഴിയുന്നതാണ്.

അദ്ധ്യക്ഷൻ: അതെ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആദ്യത്തെ ബില്ലിൽ ഉണ്ടായിരുന്ന ഖണ്ഡം എടുത്തുകളയണമെന്നാണ് എന്റെ ഉപക്ഷേപം. അതിനുപകരം വേറെ ഖണ്ഡം ചേർക്കണമെന്നാണ ഞാൻ പറയുന്നത്; അതായത് വേറൊരു വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്ന ൻ-ാം അദ്ധ്യായത്തിന്റെ ഭാഗമായിട്ടല്ല എന്നാൽ വ-ാം അദ്ധ്യായത്തിന്റെ ഒരു ഭാഗമായിട്ടാണ ചേർക്കേണ്ടത്.

അദ്ധ്യക്ഷൻ: അപ്പോൾ ഒരു പുതിയ വിഷയമാണ നിങ്ങൾ പ്രതിപാദിക്കുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): അതു മിക്കവാറുമെല്ലാം നോക്കപ്പെട്ടുന്നപക്ഷവും ഏതൊരു ഖണ്ഡത്തെയാണോ അതു സംബന്ധിക്കുന്നത് അതിലെ വ്യവസ്ഥയിൽ ഉൾപ്പെട്ടുന്നില്ല. അതൊരു പുതിയ വിഷയമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു മുൻപുള്ള ഒരു അദ്ധ്യായവുമായി സംബന്ധമുള്ളതാകുന്നു

മി: എസ്സ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അതു ബില്ലിന്റെ ഒരു ഭേദഗതി അല്ലയെ ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ബില്ലിന്റെ ഒരു ഭേദഗതിതന്നെയാണ്. അതു ഈ പ്രസ്തുതഖണ്ഡത്തിന്റെ ഒരു ഭേദഗതിയല്ല. അതിനെ വ-ാം അദ്ധ്യായവുമായി സംബന്ധിപ്പിക്കണമെന്നു ഞാൻ പ്രസ്താവിച്ചതിനാലും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

അദ്ധ്യക്ഷൻ: ഭേദഗതിയെ പ്രതിപാദിച്ചു നിങ്ങൾ നോട്ടീസുകൊടുത്തിട്ടുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ട്. അതു അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ട്. "മൂന്നാം ഖണ്ഡത്തെയും എടുത്തുകളഞ്ഞു താഴെപ്പറയുന്നതിനെ വ-ാം അദ്ധ്യായത്തിന്റെ അവസാനത്തിൽ ഒരു പുതിയ ഖണ്ഡമായി ചേർക്കണം." എന്നു വ്യക്തമായി നോട്ടീസ് കൊടുത്തിട്ടുണ്ട്. അതിൽ കൂടുതലായി നിർവ്വാഹമില്ലാത്തതാകുന്നു. അതിനെ വ-ാം അദ്ധ്യായത്തിന്റെ ഒരു ഭാഗമായിട്ടാണ് ഉൾപ്പെടുത്തേണ്ടതു്. അതിൽ ചേർക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുന്നതു കൂടുതലായിട്ടുള്ള ഒരു ഖണ്ഡമാണ്.

മി: എസ്സ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഒരു ഖണ്ഡം പകരം ചേർക്കപ്പെടുന്നതോ, കൂടുതലായി ചേർക്കപ്പെടുന്നതോ ചെയ്യുന്നതു ബില്ലിനെ ഭേദഗതിപ്പെടുത്തുന്നതല്ലെ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ. നാം ബില്ലിൽ കൂടുതലായി ചേർക്കുന്നു. അവയെല്ലാം ഭേദഗതികളാണെന്നുണ്ട്. ചട്ടങ്ങളിലും സ്ഥിരം ഉത്തരവുകളിലും ഭേദഗതികളെപ്പറ്റി മാത്രമേ പ്രതിപാദിച്ചിട്ടുള്ളു; കൂടുതലായി ചേർക്കുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടില്ല. അതിനാൽ ശിക്ഷകളേയും നടപടിയേയും പറ്റി പ്രതിപാദിക്കുന്ന അദ്ധ്യായത്തിൽ ഇതിനെ പുതിയ ഖണ്ഡമായി കൂട്ടിച്ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും), കൂടുതലായി ചേർക്കപ്പെടുന്നതും ഒരു ഭേദഗതിയല്ലെ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങിനെതന്നെയാണു ഞാനും അഭിപ്രായപ്പെടുന്നത്. ഒരു ഭേദഗതിയെന്നുമാത്രമെ അതിനും പേരു കല്പിക്കാൻ സാധിക്കയുള്ളു. അതുകൊണ്ടാണ് ഇതിനെ വ-ാം അദ്ധ്യായത്തിന്റെ ഒരു ഭാഗമായി ചേർക്കേണ്ടതാണെന്നു ഞാൻ പറയുന്നത്. വ-ാം അദ്ധ്യായത്തിന്റെ അവസാനത്തിൽ താഴെപ്പറയുന്നതിനെ പുതിയ ഖണ്ഡമായി പകരം ചേർക്കണം:—

ശിക്ഷകളേയും നടപടിയേയും സംബന്ധിച്ചാണ് വ-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ൻ-ാം അദ്ധ്യായത്തിൽ വേറൊരു വിഷയത്തെപ്പറ്റിയാണ പ്രതിപാദിച്ചിരിക്കുന്നത്. ബില്ലിൽ ആദ്യമുണ്ടായിരുന്ന പുതിയ ഖണ്ഡമാണ് എടുത്തുകളയണമെന്നു ഞാൻ അഭിപ്രായപ്പെട്ടിത്.

അതിനാൽ യാതൊരുതരത്തും മുന്നറിവുകൊടുക്കാതിരുന്നിട്ടില്ലെന്നു കാണിക്കാൻ വേണ്ടി പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശത്തെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള സമാധാനം നൽകിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ബില്ലിന്റെ ഒരു പ്രത്യേകഭാഗത്തെ ഏതെങ്കിലും കൂട്ടിച്ചേർക്കുന്നതും ഒരു ഭേദഗതി തന്നെയാണ്. അതിനാൽ ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി നടപടി ക്രമം അനുസരിച്ചുള്ളതാണു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): ഇതൊരു പുതിയ വിഷയമാണെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള സമ്മതിക്കുന്നു. അതു ഏതു ഖണ്ഡത്തിനുള്ള ഭേദഗതിയാണെന്നുള്ളതിനെപ്പറ്റിയാണ നാം ഇതി തീരുമാനിക്കേണ്ടത്.

മി: എസ്സ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഖണ്ഡങ്ങളേതെയാണ് ബില്ലിനേയാണ നാം ഭേദപ്പെടുത്തുന്നത്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): ഖണ്ഡങ്ങളെയൊന്നും ബില്ലിനേയാണ് നാം ഭേദപ്പെടുത്തുന്നത്; അതാണ മിസ്റ്റർ നാരായണപിള്ളയുടെ ഉപക്ഷേപം. പ്രത്യേകകമ്മിറ്റിക്കാരാൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ബില്ലിനെ ഉടനിന് ആലോചിക്കണമെന്നുള്ളതാണ് സഭയിൽ ഹാജരായിട്ടുള്ള എന്റെ ഉപക്ഷേപം; അതിനെ സഭ അനുവദിച്ചു അതുകൊണ്ടു ബില്ലിൻറവ്യാപ്തിയിൽ ഉൾപ്പെടാത്തതുതിയ ഖണ്ഡങ്ങളെ തിച്ചു ചായും കൊണ്ടു വരാൻ പാടുള്ളതല്ല.

മി: എസ്സ്. പിരപ്പിള്ളൈമാരംപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഇതിലേക്കുള്ള തുകയെ ടുത്ത "ശിങ്കവിരാമംകോട്ട ഖനികളും ധാതുക്കളും ബിൽ സംബന്ധിച്ചു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതി" എന്നാ ണെന്നും ഖണ്ഡങ്ങളും അതല്ലെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): പ്രത്യേകകമ്മറിക്കാരാൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ബില്ലാണ് ഇപ്പോഠം ആലോചനയിൽ ഇരിക്കുന്നത്; ബില്ലുമായി സംബന്ധമുള്ള ഖണ്ഡങ്ങളെ പുതിയ ഖണ്ഡങ്ങളിലായി ചേർക്കാവുന്നതാണ്; പക്ഷെ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടാത്തതായ യാതൊരു ഖണ്ഡവും നടപടി ക്രമത്തിനു വിരുദ്ധമായിട്ടുള്ളതാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): സുവ്യക്തമായ സ്ഥിതിക്ക് ഉത്തരവിനെ ഞാൻ ചാമ്പെബെയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അതിൽ താഴെപ്പറയും പ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു:—

"എങ്കിലും ഒരു ബില്ല് ആലോചനയ്ക്ക് എടുക്കപ്പെടേണ്ടതാണെന്നുള്ള ഒരു തീരുമാനത്തെ നടപ്പാക്കുന്നതിനു സ്വീകരിക്കുന്നപക്ഷം ആവിഷ്കരിച്ചിട്ടുള്ള ഒരു ഭേദഗതിയെ എങ്കിലും മെംബറിനു നിർദ്ദേശിക്കാവുന്നതാണ്."

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): അതെ; അതു യാഥാർത്ഥ്യം തന്നെ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): ആ സ്ഥിതിക്ക് ഉത്തരവിൻ പ്രകാരമുള്ള ബില്ലു സംബന്ധിച്ച് ഒരു ഭേദഗതിയൊന്നു വരുന്നതിന് ഒരു മെംബറിന് അധികാരമില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): ഇല്ല. എല്ലാ ഭേദഗതിയുമല്ല, എന്തെന്നാൽ, ഭേദഗതികളുടെ വ്യാപ്തിയെ സംബന്ധിച്ചിടത്തോളം പൊതുവേയുള്ള സ്ഥിതി ഉത്തരവുണ്ട്. അതുകൂടാതെ പുതിയ ഖണ്ഡങ്ങളും ആവശ്യമുണ്ടെന്നുള്ളപക്ഷം അതിനു പരിഗണിച്ചിട്ടുള്ള നടപടി എന്താണെന്നു സ്പഷ്ടപ്പെടുത്തുന്ന നാലാം സ്ഥിതി ഉത്തരവുണ്ട്. അതു പ്രത്യേകപ്രകാരമാണ്:—

"(ക) പ്രത്യേകകമ്മിറ്റിക്കു താഴെ ഏതെങ്കിലും ഒരു ബില്ല് സംബന്ധിച്ചുള്ള അവസാന റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം ചാർജ്ജ് വഹിക്കുന്ന മെംബർക്ക്,

"(i) പ്രത്യേകകമ്മറിക്കാരാൽ സമർപ്പിക്കപ്പെട്ട ബില്ല് പരിശോധനയ്ക്ക് എടുക്കപ്പെടണമെന്നു ആവശ്യപ്പെടാവുന്നതാണ്; എന്നാൽ മെംബറന്മാരുടെ ഉപയോഗത്തിനായി ഏഴു ദിവസത്തേക്കു റിപ്പോർട്ടിന്റെ ഒരു പ്രതി കിട്ടത്തക്കരീതിയൊ ബില്ല് ആദ്യമായി പ്രസിദ്ധം ചെയ്തതിനുശേഷം ഏഴിയാത്തിരിക്കയൊ ചെയ്യുന്നപക്ഷം അയാളുപരിശോധനയ്ക്ക് എടുക്കുന്നതിൽ ഏതൊരു മെംബർക്കും ആക്ഷേപിക്കാവുന്നതാണ്; അപ്രകാരമുള്ള ആക്ഷേപം, അദ്ധ്യക്ഷൻ തന്റെ അധികാരത്തെ ഉപയോഗപ്പെടുത്തി ആ ഉത്തരവിനെ തൽക്കാലം നിവർത്തിച്ചു റിപ്പോർട്ടിനെ പരിശോധനയ്ക്ക് എടുക്കൽ അനുവദിക്കുന്നപക്ഷം സ്വീകരിക്കപ്പെടാവുന്നതുകൊണ്ടു" അതല്ലെങ്കിൽ,

"(ii) (എ) കാലാവധി കൂടാതെയൊ,
(ബി) പ്രത്യേകഖണ്ഡങ്ങളെയൊ ഭേദഗതികളെയൊ മാത്രം സംബന്ധിച്ചൊ,
(സ) ബില്ലിൽ ചില പ്രത്യേകം വ്യവസ്ഥകളൊ കൂടുതൽ വ്യവസ്ഥകളൊ ചേർക്കണമെന്നുള്ള ഉപദേശങ്ങളോടു കൂടിയൊ ബില്ലിനെ വീണ്ടും കമ്മിറ്റി ചെയ്യുന്നതിനു ചാർജ്ജ് വഹിക്കുന്നതിനു മെംബർക്ക് ആവശ്യപ്പെടാവുന്നതാണ്".

"(ഖ) ചാർജ്ജ് വഹിക്കുന്ന മെംബർ ബില്ലിനെ പരിശോധനയ്ക്ക് എടുക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്നപക്ഷം ഒരു ഭേദഗതി എന്ന സ്ഥാനത്തിൽ ബില്ലിനെ വീണ്ടും കമ്മിറ്റി ചെയ്യേണ്ടതാണെന്ന് ഏതൊരു മെംബർക്കും ആവശ്യപ്പെടാവുന്നതാണ്".

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): ബില്ലിൽ ഭേദഗതിവരുത്തുന്നതിനു സ്വീകരിച്ചുള്ള സ്ഥിതി ഉത്തരവു ബാധകമായിരിക്കുന്നുണ്ടൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): ഏതൊരു ഭേദഗതിയും ഹാജരാക്കപ്പെടാവുന്നതാണ്; എന്നാൽ അതു പ്രത്യേക കമ്മിറ്റിക്കാർ റിപ്പോർട്ടു ചെയ്തിട്ടുള്ള ബില്ലിന്റെ ഏതെങ്കിലും ഖണ്ഡത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്,

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): പ്രസ്തുത ഭേദഗതി സ്വീകൃതമായ ഖണ്ഡത്തിൽ ഉൾപ്പെട്ടുന്നില്ലെന്നു സമ്മതിക്കുന്നപക്ഷവും അതിനെ ബില്ലിന്റെ ഒരു പ്രത്യേക ഖണ്ഡമായി ഉൾപ്പെടുത്തുന്നതിനു എന്തെങ്കിലും ആക്ഷേപമുണ്ടൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): പ്രത്യേക കമ്മിറ്റിക്കാർ റിപ്പോർട്ടു ചെയ്തിരിക്കുന്ന ബില്ലിന്റെ വ്യാപ്തിയിൽ അതു ഉൾപ്പെടുന്നപക്ഷം ഉണ്ടായിരിക്കാം; എന്നാൽ സ്വീകൃതമായ ഖണ്ഡത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുത ഭേദഗതി നടപടിക്രമം അനുസരിച്ചുള്ളതല്ല.

അദ്ധ്യക്ഷന്റെ അനുമതിപ്രകാരം എനിക്ക് ഒരു വാക്കു കൂടി പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. ഭേദഗതി ഒരു പുതിയ ഭേദഗതിയാകുന്നതായി മിസ്റ്റർ പി. കെ. നാരായണപിള്ള സമ്മതിച്ചിട്ടുള്ളതാകുന്നു. ഇതിനും പൂർവമെ അതിന്റെ ഫലം വളരെ ഗൌരവമായിട്ടുള്ളതായിരിക്കും. പ്രസ്തുത ഖണ്ഡം മൂലം തങ്ങളുടെ ഉദ്യോഗസ്ഥന്മാരാൽ ചെയ്യപ്പെടുന്ന ഉപദ്രവകരങ്ങളായ പ്രവൃത്തികൾക്കു ശരണമെന്നിനെ ഉത്തരവാദികളാക്കിത്തീർക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. അതുകൊണ്ടു നിയമതത്വങ്ങളിൽ മരുവലുതായ ഭേദഗതി അതുമൂലം ഉണ്ടാകുന്നതാണെന്ന പ്രഥമദൃഷ്ടിയിൽതന്നെ മനസ്സിലാക്കാവുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്നേഹിതൻ പറഞ്ഞതിനു മറുപടിയായി അല്പം ഞാൻ പ്രസ്താവിച്ചു കൊള്ളട്ടെ?

അദ്ധ്യക്ഷൻ: ആവാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭേദഗതി ബില്ലിന്റെ ഉദ്ദേശത്തിലും വ്യാപ്തിയിലും ഉൾപ്പെട്ടിരിക്കണമെന്നാണ് എന്റെ സ്നേഹിതന്റെ ആക്ഷേപം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ):- ബില്ലിലെ ഖണ്ഡങ്ങളുടെ വ്യാപ്തിയിലും ഉൾപ്പെട്ടിരിക്കേണ്ടതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അല്പമായ പ്രസ്താവിച്ചിരിക്കുന്നതുപോലെ ബില്ലിലെ ഖണ്ഡങ്ങളുടെ വ്യാപ്തിയിലും ഉൾപ്പെട്ടിരിക്കേണ്ടതാണ്." സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാരെ കൈക്കൂലിയായ പരിതോഷികങ്ങളും ചായപാടി ക്രമങ്ങളെയും പറ്റിയാണ് ഇപ്പോൾ ഭരിക്കുന്ന ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആ വിഷയത്തിനെപ്പറ്റി റഫറൻസിന്റെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനാൽ ചെയ്യപ്പെടുന്നതായ നടപടി സംബന്ധിയും ആലോചിക്കപ്പെടേണ്ടതാണ്. സംബന്ധപ്പെട്ട ഉദ്യോഗസ്ഥനാൽ കൈയ്യിലുള്ള എന്തെങ്കിലും പ്രവൃത്തിയെക്കുറിച്ചോ നടപടിയെക്കുറിച്ചോ ഗവണ്മെന്റിന് ആവശ്യം കൂടാതെ ഉത്തരവാദം പറയേണ്ടിവന്നാൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റിനോ മേലധികാരിയോ നേരെ നടപടി നടത്താൻ വ്യവസ്ഥയുണ്ടായിരിക്കേണ്ടതാണ്. അപ്രകാരമുള്ള മറ്റു മുൻകരുതൽ, ഭേദഗതിയും ഈ ഉദ്ദേശവുമായി സംബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനെ കൊടുത്തിട്ടുള്ള വലിയ അധികാരങ്ങളെ പരിഗണിച്ച്, അത്യാവശ്യമായിട്ടുള്ളതാകുന്നു. എന്തെന്നാൽ അവയ്ക്ക് ഉപയോഗപ്പെടുത്തേണ്ടതിന് ആവശ്യപ്പെടുന്ന യുക്തങ്കിലും ധാരാളം ഉണ്ടായേക്കാം സംശയം ജനിക്കുന്നതായാൽ ജനങ്ങളുടെ ഗുണത്തിനും കൂടി കഴിച്ചുകൂട്ടുന്നതിന് അവയ്ക്ക് അധികം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളെ ആസ്പദമാക്കി പൊതുജനങ്ങൾക്കോ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനോ അപായം ഉണ്ടാകുമെന്നുള്ള പക്ഷം സംസ്ഥാനത്തിലെ ജനങ്ങളുടെ രക്ഷയും സ്വാതന്ത്ര്യത്തിനെയും നിലനിർത്തുന്നതിലേക്ക് അപ്രകാരമുള്ള ഉദ്യോഗസ്ഥനെ നടക്കുന്നതിനു പ്രത്യേകിയും വ്യവസ്ഥ വേണ്ടതാകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): ബില്ലിലെ ഈ ഭാഗം ഖണ്ഡത്തിൽ അതിലേക്ക വ്യവസ്ഥയുള്ളതാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു തന്നെയാണ് ഞാൻ ഇവിടെയും വ്യവസ്ഥചെയ്തിട്ടുള്ളത്". അതിനാൽ അതു ഈ ഭാഗമുള്ള ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നുകൊണ്ടു ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടാതിരിക്കുന്നില്ല. അപ്രകാരമിരിക്കെ അതു ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നില്ലെന്നുള്ളകാരണത്തെ അടിസ്ഥാനപ്പെടുത്തി എന്റെ ഭേദഗതിയെ സംബന്ധിച്ചിടത്തോളം എന്തു ആക്ഷേപമാണ പുറപ്പെടുവിക്കുവാനുള്ളത്? അതു ബില്ലിൽ ഉൾപ്പെടുത്തിട്ടുണ്ടെന്നു ബഹുമെമ്പർ തന്നെ ഇപ്പോൾ പ്രസ്താവിച്ചു കഴിഞ്ഞു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): ഗവണ്മെന്റുദ്യോഗസ്ഥന്മാരെ സംബന്ധിച്ചാണ ഗവണ്മെന്റിനെ സംബന്ധിച്ച ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിച്ചുകൂട്ടുന്നതിനു ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നെങ്കിൽ ഗവണ്മെന്റുതന്നെ ഉത്തരവാദിത്വമായിത്തീരുന്നതിൽ എന്തു ആക്ഷേപമാണുള്ളത്? ഗവണ്മെന്റു തിരുമായിട്ടു പൊരുത്തപ്പെടാൻ കാണിക്കേണ്ടതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): അതു ഭേദഗതിയുടെ ഗുണദോഷങ്ങളെപ്പറ്റി പ്രതിപാദിക്കേയാണ ചെയ്യുന്നത്

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരമുള്ള ഡിപ്പാർട്ടുമെന്റിന്റെ താന്തോന്നിത്തത്തേയോ ഗവണ്മെന്റിന്റെപ്രവൃത്തിയേയോ ഉൾപ്പെടുത്തുന്നതിനേക്കാണ് ഇങ്ങിനെയൊരു ഭേദഗതി ഹാജരാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നത്. അതിനാൽ അതു ബില്ലിന്റെവ്യാപ്തിയിൽ ഉൾപ്പെടുന്നില്ലെന്നുള്ള കാരണത്തെ അടിസ്ഥാനമാക്കികൊണ്ടു വന്നിരിക്കുന്ന ആക്ഷേപം അടിസ്ഥാനരഹിതമാക്കിട്ടുള്ളതാണെന്നു ഞാൻ പ്രസ്താവിച്ചു കൊള്ളുന്നു. ഇതുകൂടെ എനിക്കുപറയേണ്ടതുള്ളൂ.

മി: കെ, ഐ, ജോസഫ് (മീനച്ചിലും ഭേദഗതിയും): പ്രസ്തുതബില് ബാധിക്കുന്നതായ ജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു മിസ്റ്റർ പി. കെ. നാരായണപിള്ള നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി വളരെപ്രധാന്യമുള്ളതാണ്. ഈ ഭേദഗതി ആലോചിക്കപ്പെടുന്നതിൽ ബഹുമെമ്പർ വൈരം നടപടി സംബന്ധമായ ഒരു ആക്ഷേപംകൊണ്ടു വന്നിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): നടപടി ക്രമത്തെ സംബന്ധിച്ചാണോ മെമ്പർ പ്രസ്താവിക്കുന്നത്?

മി: കെ, ഐ, ജോസഫ് (മീനച്ചിലും ഭേദഗതിയും): അതെ, നടപടിക്രമത്തെ സംബന്ധിച്ചാണ ഞാൻ സംസാരിക്കുന്നത്. ഈ ഘട്ടത്തിൽ ഒരു ഖണ്ഡത്തെ മാത്രം ഭേദപ്പെടുത്തുകയെന്നല്ലാതെ ബില്ലുമുഴുവനും ഭേദപ്പെടുത്താൻ പാടില്ല എന്നുള്ള കാരണം അടിസ്ഥാനപ്പെടുത്തി പ്രസ്തുതഭേദഗതി ആലോചിക്കപ്പെടാൻ പാടില്ലെന്നു ബഹുമെമ്പർ ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നു. ഈ അഭിപ്രായം ശരിയായിട്ടുള്ളതാണെന്നു സമ്മതിക്കുന്നപക്ഷവും ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുള്ള രണ്ടാമതു ഖണ്ഡത്തെയാണ മിസ്റ്റർ നാരായണപിള്ള എടുത്തുകാട്ടുണമെന്നു ആവശ്യപ്പെടുന്നത്. അതുതന്നെപ്പറ്റിയും പ്രകാരമാണ്:

"ഏതെങ്കിലും കഴിയെ പ്രവർത്തനമോ ഈ റഫറേഷന്റെ അർത്ഥത്തിൽ ഉൾപ്പെടുന്നതായ ഒരു വസ്തുവിനെ എന്നുള്ളതിനെ സംബന്ധിച്ചു എന്തെങ്കിലുംതർക്കം ഉൽഭവിക്കുന്നപക്ഷം ആ സംഗതിയെപ്പറ്റി ഗവണ്മെന്റു തീരുമാനിക്കാവുന്നതും ഗവണ്മെന്റു ചീഫ് സെക്രട്ടറി മുഖാന്തിരമുള്ള ഒരു സർട്ടിഫിക്കറ്റു അതിലേക്കുള്ള വാദമുറപ്പു ഒരു തീരുമാനം ആയിരിക്കുന്നതും ആകുന്നു"

അതിനാൽ റഫറേഷന്റെ പ്രവർത്തനവുമായി സംബന്ധിക്കുന്ന ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരും അതുമൂലം ബാധിക്കപ്പെടുന്നതായ അവകാശങ്ങളുടെ ഉടമസ്ഥന്മാരായ ജനങ്ങളും തമ്മിൽ ഉണ്ടാകാവുന്നതർക്കങ്ങളെയിത്രമാനിക്കേണ്ട സംഗതിയുമായി ഈ രണ്ടാമതു ഖണ്ഡം സംബന്ധപ്പെട്ടതുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): ആ ഖണ്ഡം പ്രത്യേക കമ്മിറ്റിക്കാർ റിപ്പോർട്ടു ചെയ്തിട്ടുള്ള ബില്ലിൽ ഇല്ലാത്തതാണ്.

അദ്ധ്യക്ഷൻ: പ്രത്യേക കമ്മിറ്റിക്കാരാൽ പുതുക്കപ്പെട്ട പ്രസിദ്ധം ചെയ്തിട്ടുള്ള ബില്ലിൽ ഒരിടത്തും ഈ ഖണ്ഡം കണപ്പെടുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ടണ്ണേറിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ബില്ലിൽ ഈ ഖണ്ഡം ഇല്ലാത്തതാണ്.

മി: പി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ, ഡിപ്യൂട്ടിപ്രസിഡന്റ്): പ്രത്യേകകമ്മിറ്റിക്കാരാൽ പുതുക്കപ്പെട്ടിട്ടുള്ള ബില്ലിനെ സംബന്ധിച്ചു മാത്രമെ നാം വാദപ്രതിവാദം നടത്തേണ്ടതായിട്ടുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചട്ടം അനുസരിച്ചു അവസാനമായി തീർച്ചയാക്കിയിട്ടുള്ള ബിൽ അച്ചടിച്ചു മെംബറന്മാർക്കു വിതരണം ചെയ്യണമെന്നാകുന്നു. അപ്രകാരം ചെയ്തിട്ടില്ലെന്നാണു തോന്നുന്നത്.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അസിസ്റ്റന്റ് ഹെഡ് സെക്രട്ടർ വക്കീൽ): ഇപ്രകാരം അപ്രകാരം ചെയ്തിട്ടില്ലെന്നും എന്നാൽ അതൊരു ഏഴര മാസങ്ങൾക്കു മുൻപു ചെയ്തിട്ടുണ്ടെന്നും ഏതിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ആ ആക്ഷേപത്തെപ്പറ്റി എനിക്കറിവില്ല. എന്റെ വാദമുഖം ഇതാണ്. ഭേദഗതി സംബന്ധിച്ചുള്ള നോട്ടീസ് ഈയടുത്തിൽ പുതുക്കപ്പെട്ട ബിൽ അനുസരിച്ചു തയ്യാറാക്കിയിട്ടുള്ള ഖണ്ഡം പറയുന്നതിനു പകരം മിസ്റ്റർ പി. കെ. നാരായണപിള്ള ആദ്യത്തെ പ്രസിദ്ധീകരണം അനുസരിച്ചു രൂപമായുള്ള ഖണ്ഡമെന്ന് അവിചാരിതമായി പ്രസ്താവിച്ചുപോയിട്ടുണ്ടെങ്കിൽ അതൊരു തെറ്റിദ്ധാരണയായ കാര്യമായിട്ടുള്ളതും അദ്ധ്യക്ഷൻ അതു മാപ്പു ചെയ്യാവുന്നതും ആകുന്നു.

അദ്ധ്യക്ഷൻ: നിങ്ങളുടെ പ്രസംഗം വിഷയവുമായിസംബന്ധമില്ലാത്തതാണ്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതിയും പ്രത്യേകകമ്മിറ്റിക്കാരാൽ പുതുക്കപ്പെട്ടിട്ടുള്ള ബില്ലിലെ ഏതെങ്കിലും വ്യവസ്ഥയും തമ്മിൽ എതെങ്കിലും സംബന്ധമുണ്ടോ എന്നാണ് വാദപ്രതിവാദത്തിലിരിക്കുന്നവാദമുഖം.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അഡ്വക്കേറ്റ് ജനറൽ ഭേദഗതിയെ മിസ്റ്റർ പി. കെ. നാരായണപിള്ള രൂപമായുള്ള ഖണ്ഡമായി ചേർത്തു പോയിരിക്കാം; അപ്രകാരമാണെങ്കിൽ അദ്ധ്യക്ഷൻ അതിനെ മാപ്പു ചെയ്യേണ്ട അനിവാര്യമായ ഹാജരാക്കുന്നതിനു അദ്ദേഹത്തെ അനുവദിക്കേണ്ടതുമാകുന്നു.

അദ്ധ്യക്ഷൻ: ഈ കമ്മിറ്റിയുടെ ഒരു മെംബർ പറഞ്ഞതുതന്നെയാണെന്നു വിചാരിക്കാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ മിസ്റ്റർ നാരായണപിള്ളയുടെ സൂക്ഷ്മക്കുറവിനാൽ വന്നു പോയിട്ടുള്ളതുതന്നെയാണെങ്കിൽ ഞാൻ പറയുന്നതെന്തെന്നാൽ.....

അദ്ധ്യക്ഷൻ: അടുത്തടുത്തതായിട്ടു രണ്ടു പ്രസ്താവനകളുണ്ടായി. നിങ്ങൾ ഒന്നു എടുത്തു പറയുകയും മറ്റതിനെ വിട്ടുകളയുകയും ചെയ്യുന്നു. അച്ചടിച്ചപ്രതികൾ കൊടുത്തിട്ടില്ലെന്നുള്ള നിങ്ങളുടെ പ്രസ്താവനയെ പിൻവലിക്കണമെന്നു ഞാൻ ആധ്യാപിപ്പിക്കുന്നു. അവവിതരണം ചെയ്യപ്പെട്ട എന്നു ഒരു മെംബർ കൂടെപ്പറഞ്ഞതായി പ്രസ്താവിച്ചിരിക്കുന്നു.

മി: കെ. ഐ ജോസഫ് (മീനച്ചലും ദേവികുളവും): ഈ സംബന്ധിച്ചു ഞാൻ തക്കം പുറപ്പെടുവിച്ചിട്ടില്ല.

അദ്ധ്യക്ഷൻ: നിങ്ങൾ അപ്രകാരം ചെയ്തു. അതിന്റെ പുറമെ മിസ്റ്റർ പി. കെ. നാരായണപിള്ള അപ്രകാരം പ്രസ്താവിച്ചു എന്നു നിങ്ങൾ സൂചിപ്പിക്കുകയും ചെയ്തു.

മി: കെ ഐ ജോസഫ് (മീനച്ചലും ദേവികുളവും): അച്ചടിച്ചപ്രതികൾ കൊടുത്തിട്ടില്ലെന്നു ഞാൻ പ്രസ്താവിച്ചില്ല. വാസ്തവത്തിൽ അതിനെക്കുറിച്ചു ഒരു പ്രസ്താവനയും ഞാൻ ചെയ്തിട്ടുമില്ലാകുന്നു. അതു വിതരണം ചെയ്യപ്പെട്ടിട്ടില്ലെന്നു മാത്രം മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചു എന്നും അതിനാൽ അതു ഭേദഗതിക്കാരന്റെ പക്കലുള്ള ഒരു വീഴ്ചയാണെന്നുമാണ് ഞാൻ പറഞ്ഞിട്ടുള്ളൂ. ആ വിഷയത്തെപ്പറ്റി ഗൗരവിക്കേണ്ട ആവശ്യകതയില്ല; സ്വാധീനമുള്ള സ്ഥിതിക്കു ഉത്തരവനുസരിച്ചു ബിൽ സംബന്ധമായുള്ള ഏതെങ്കിലും ഭേദഗതി ഹാജരാക്കപ്പെടുന്നതിനു മിസ്റ്റർ പി. കെ. നാരായണപിള്ളക്കോ മറ്റെങ്കിലും മെംബറിനോ അവകാശമുണ്ടെന്നാണ് എന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ: വിഷയത്തെ സംബന്ധിച്ചു നിങ്ങൾ സംസാരിക്കേണ്ടപക്ഷം നിങ്ങൾ സംസാരിക്കുന്നതിനു അനുവദിക്കാൻ എനിക്കു നിർവ്വാഹമില്ല. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതിയും പ്രത്യേക കമ്മിറ്റിക്കാരാൽ പുതുക്കപ്പെട്ടിട്ടുള്ള ഒരു ബില്ലിലെ വ്യവസ്ഥയുമായി. എന്തെങ്കിലും സംബന്ധമുണ്ടോ എന്നുള്ളതു മാത്രമാണ് ഇപ്പോൾ വാദമുഖം.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): സ്വാധീനമുള്ള സ്ഥിതിക്കു ഉത്തരവനുസരിച്ചു ബിൽ സംബന്ധമായി ഏതൊരു മെംബർക്കും എന്തു ഭേദഗതിയും ഹാജരാക്കാവുന്നതാണെന്നു പ്രത്യേകഖണ്ഡങ്ങൾ മാത്രമായുള്ളതല്ലെന്നു ഈ വിഷയത്തെപ്പറ്റി അദ്ധ്യക്ഷൻ ഒരു അവസാനവിധികല്പിക്കുന്നതിനു മുൻപായി ഇക്കാര്യംകൂടി അദ്ദേഹം ആലോചിക്കണമെന്നു മാത്രമെ എനിക്കു പ്രസ്താവിക്കാനുള്ളൂ.

മി: പി കെ നാരായണപിള്ള (അമ്പലപ്പുഴ): പ്രത്യേകകമ്മിറ്റിക്കാരാൽ തീർച്ചപ്പെടുത്തപ്പെട്ടബില്ലിൽനിന്നും അച്ചടിച്ചപ്രതികൾ വിതരണം ചെയ്യപ്പെട്ടില്ല എന്നുള്ള പ്രസ്താവനയെ സംബന്ധിച്ചടത്തോളം അപ്രകാരം ഞാൻ ചെയ്തിട്ടുണ്ടെന്നു മിസ്റ്റർ സുബ്ബയ്യരുടെ പക്കൽ നിന്നും ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഈ പ്രതിമാത്രമേ എന്റെ കയ്യിൽ ഞാൻ കാണുന്നുള്ളൂ. അതിനെ അടിസ്ഥാനപ്പെടുത്തിമാത്രം അപ്രകാരം ചെയ്തിട്ടില്ലെന്നാണ് ഞാൻ പ്രസ്താവിച്ചതിൽ ഞാൻ മനസ്ഥാപിക്കുന്നു. അതിനെ സംബന്ധിച്ചിടത്തോളം എനിക്കുതെറ്റിപ്പോയതിൽഞാൻ മനസ്താപിക്കുന്നു.

അദ്ധ്യക്ഷൻ: വീണ്ടും ഒരു പ്രതി നിങ്ങൾക്കു അയച്ചു തരുന്നതിനു ഞാൻ സെക്രട്ടേറിയറ്റിൽ ഏർപ്പാടുചെയ്യാം. മിസ്റ്റർ നാരായണപിള്ളയുടെ ഈ വിഷയത്തെപ്പറ്റി ഞാൻ ആലോചിച്ചു നാളെ നാം നിയമനിർമ്മാണജോലി ആരംഭിക്കുന്നതിനു മുൻപായി ഒരു വ്യവസ്ഥ നൽകുന്നതാണ്.

അടുത്തദിവസം ഫെബ്രുവരി മാസം വീണ്ടും കൂടുന്നതിലേക്കു സഭ പിരിഞ്ഞു.

പി. എൻ. കുഞ്ഞുപിള്ള
നിയമസഭാ സെക്രട്ടറി.

അനുബന്ധം.

തിരുവിതാംകൂർ നിയമസഭ.

സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിറ്റി, ൧൯൩൫.

ചൊവ്വാഴ്ച, ൧൭ നവംബർ ൧൯൩൫
൧൯൩൫ വൃശ്ചികം ൧൭-ാം തീയതി.

നിയമസഭയുടെ ൧൯൩൬-ാമാണ്ടത്തേക്കുള്ള സ്റ്റാൻഡിംഗ്ഫിനാൻസുകമ്മിറ്റി ൧൭ൻ൫ നവംബർ മാസം ൧൯-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ൨-൧൫ ന് പുത്തൻകച്ചേരിയിൽ കിഴക്കേ മുറിയിൽ വച്ചുകൂടി. താഴെ പറയുന്ന മെമ്പറന്മാർ ഹാജരുണ്ടായിരുന്നു:—

എം. ജി. വാട്ട്സ് എസ്ക്വയർ, ബി. എ., ബാരിസ്റ്റർ. ആറ്റ്-ലാ, ദിവാൻ. അദ്ധ്യക്ഷൻ.
പി. കെ. നാരായണപിള്ള എസ്ക്വയർ, ബി. എ., ബി. എൽ.
കെ. മാധവൻപിള്ള എസ്ക്വയർ, എൽ. എം. ആൻറ എസ്സ്.
എസ്സ്. പിരവിപ്പെരുമാൾപ്പിള്ള എസ്ക്വയർ.
കെ. ജോർജ്ജ് എസ്ക്വയർ, ബി. എ.
കെ. എൻ. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ., ബി എൽ.
എൻ. നീലകണ്ഠപിള്ള എസ്ക്വയർ, ബി. എ., ബി. എൽ. കൺവീനർ

൧. ആനക്കുഴി ചിറപരിഷ്കരിക്കപ്പെടുന്നതിലേക്ക പൊതുമരാമത്തു ഇനത്തിൽ ൧൯൩൬-ലെ ബഡ്ജറ്റിൽ വ,൫൦൦ രൂപ കൂട്ടിച്ചേർത്തായി അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു. ദിവാൻ പ്രസ്തുത കൂട്ടുതൽ സംബന്ധിച്ചു എന്ത ബന്ധത്തിന്റെ ബാഹുല്യമായി അതിനെ പുനരുദ്ധാരണം ചെയ്യേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണെന്നു കരുതുന്നില്ലെന്നും അഭിപ്രായം പ്രസ്താവിച്ചു. അതിന്റെ ഉപയോഗത്തെപ്പറ്റി മിസ്റ്റർ മാധവൻപിള്ളയും വളരെ പ്രശംസിച്ചു പറഞ്ഞു.

൨. മിസ്റ്റർ കുഞ്ഞൻനാടാർമേട്ടാർബോട്ടുടമ്മക്കാരുടെ ഉപയോഗിക്കാനുള്ള മണ്ണുമാന്തുകപ്പലിനെ നന്നാക്കുന്നതിനും അതിന്റെ പ്രയോഗത്തിനുമായി കൃഷിമുതലായ വ്യവസായഇനത്തിൽ ൧൯൩൬-ാം മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ൧൫,൦൦൦ രൂപ കൂട്ടിച്ചേർത്തായി അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു,

൩. കോട്ടയം കുമിളി റോഡിൽ ൫,൫൦൦ മുതൽ ൭,൫൦൦ എന്നീ മൈലുകളിൽ പ്രത്യേകം റിക്കോട്ടിംഗ് ജോലികഴിക്കുന്നതിലേക്ക പൊതുമരാമത്തു ഇനത്തിൽ ൧൯൩൬-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ൫,൦൦൦ രൂപ കൂട്ടുതൽ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു.

൪. തിരുവനന്തപുരം കൊല്ലം റോഡിൽ ൪൦ (നാല്പതിൽ വച്ചരെ ഫർലോങ്ങുകൾ) നാം മൈലുകൾ മെറൽചെയ്യപ്പെടുന്നതിലേക്ക പൊതുമരാമത്തു ഇനത്തിൽ ൧൯൩൬-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ നു,൯൫൦ രൂപ കൂട്ടുതൽ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു.

൫. ആലപ്പുഴ ചേർത്തല അയിരൂർ റോഡിൽ ൫൦-മുതൽ ൫൫-വരെയും നാല-മുതൽ ൫൯-വരേയും മൈലുകൾ ചരളിട്ടുറപ്പിക്കുന്നതിനു പൊതുമരാമത്തു ഇനത്തിൽ ൧൯൩൬-ാമാണ്ടത്തെ ബഡ്ജറ്റിൽ നു൫,൦൦൦ രൂപ കൂട്ടുതൽ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു.

൬. ആലപ്പുഴ ചേർത്തല അയിരൂർ റോഡിൽ ൧ മുതൽ ൧൯ വരെ മൈലുകൾ റീകോട്ടിംഗ് ചെയ്യുന്നതിനും ഉറപ്പിക്കുന്നതിനും പൊതുമരാമത്തു ഇനത്തിൽ ൧൯൩൬-ാമാണ്ടത്തെ ബഡ്ജറ്റിൽ നു൭,൯൫൦ രൂപ കൂട്ടുതൽ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു.

൭. കുടിയകുടിപ്പുരകളിൽനിന്നും രാജകീയവൃക്ഷങ്ങളെ വെട്ടിയെടുത്തതിലേക്കുള്ള കുടിവിധി കൊടുത്തുതീർക്കുന്നതു സംബന്ധിച്ചു നിയമിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽസ്റ്റാഫിനെ തുടരുന്നതിലേക്കു വേണ്ടതായ ഇനത്തിൽ ൧൯൩൬-ാമാണ്ടത്തെ ബഡ്ജറ്റിൽ ൧,൫൦൦ രൂപ കൂട്ടുതൽ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു.

൮. സ്ത്രീകൾക്കുള്ള കാളേജുകെട്ടിടത്തിൽ കൂട്ടുതലായി കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നതിനു ൫൦,൦൦൦ രൂപ കൂട്ടുതൽ വേണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ യുക്തിനിണ്ണും പരിശോധിച്ചു. കൂട്ടുതൽ കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നതു സംബന്ധിച്ചുള്ള പ്ലാൻ സയ്ക്കലാശാലക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്നും അവർ അഫിഡിയേഷൻ അനുവദിക്കുമോ എന്നും അറിയുന്നതിലേക്ക മിസ്റ്റർ പിരവിപ്പെരുമാൾപിള്ള ആഗ്രഹിച്ചു. ചട്ടങ്ങൾ അനുസരിച്ചു അഫിലിയേഷൻ അനുവദിക്കുന്നതു സംബന്ധിച്ചു പ്ലാനുകൾ സയ്ക്കലാശാലക്കാർ അംഗീകരിക്കേണ്ടതായിട്ടില്ലെന്നും ആവശ്യമുള്ള സ്ഥലസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു മാത്രമേ അവർ ചെയ്യേണ്ടതായിട്ടുള്ളൂ എന്നും ദിവാൻ മറുപടി പറഞ്ഞു. മേസ്സേഴ്സ് പി. കെ. നാരായണപിള്ളയും കെ. മാധവൻപിള്ളയും ഈ അഭിപ്രായത്തോടു യോജിച്ചു. കഴിഞ്ഞ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിനെ പരിഗണിച്ചും ഈ വകയായിട്ടുള്ള ഇക ചിലവുകഴിച്ചതിന്റെ ശേഷവും സയ്ക്കലാശാലക്കാർ സ്ത്രീകൾക്കുള്ള കാളേജിനുവേണ്ട അഫിലിയേഷൻ കൊടുക്കണമെന്നുള്ളതിലേക്ക ഗവണ്മെൻറിൽനിന്നു ഉറപ്പുവൻകാത്തതിനെ അഭിസ്ഥാനപ്പെടുത്തിയും മിസ്റ്റർ പിരവിപ്പെരുമാൾപിള്ള പ്രസ്തുത നിർദ്ദേശത്തോടു അനുകൂലിച്ചില്ല; എന്നാൽ ഈ വിഷയത്തെ ഭൂവകാര്യസഭയുടെ ഒഴിവിൽ കൊണ്ടുവരണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം കമ്മിറിക്കാർ യോജിച്ചു

൯. തോവാളയിൽ ഒന്നും ഇടതാവയിൽ വേറൊന്നും ഇങ്ങനെ രണ്ടു ഡിസ്പെൻസറികൾ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തെ കമ്മിറിക്കാർ സ്വീകരിച്ചു. അടുത്തകാലത്തു അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പുതിയ ഡിസ്പെൻസറികളിലും സബ് അസിസ്റ്റൻറ് സർജന്മാരെ മാത്രമേ നിയമിച്ചിട്ടുള്ളൂ എന്നും പ്രസ്തുത രണ്ടു ഡി

അസ്സൻസറികളും സ്ഥാപിക്കപ്പെട്ടപ്പോൾ അസിസ്റ്റന്റ് സർജന്മാരുടെ ഗ്രേഡിൽ ആളുകളെ നിയമിക്കുന്നതിനും മിസ്റ്റർ കെ. മാധവൻപിള്ള നിർദ്ദേശിച്ചു. കമ്മിറ്റി ഇതിനോടു യോജിക്കയും തുടർന്നുകൊടുത്തിരിക്കുന്നതിനുപുറമെ കഴിഞ്ഞ കഴിഞ്ഞ വർഷങ്ങളിൽ ചില ചിലവുകൾക്കായി കഴിഞ്ഞ വർഷത്തെ മെഡിക്കൽബഡ്ജറ്റിൽ കൂടുതലായി ൪,൪൪൦ രൂപ അനുവദിക്കയും ചെയ്തു:—

സിൽബന്ധികൾ.

൧൦-൨൪-൨൦൦ രൂപ സ്കെയിലിൽ പ്രതിമാസം ൧൦ രൂപാ ശമ്പളത്തിൽ ൨ അസിസ്റ്റന്റ് സർജന്മാർ.

൨൦-൧൨-൨൪-൧/൨ ന൦ രൂപ സ്കെയിലിൽ ൨൦ രൂപ ശമ്പളത്തിൽ ൨ കമ്പൌണ്ടർമാർ.

൨൦-൧൨-൨൪-൧/൨-ന൦ രൂപ സ്കെയിലിൽ ൨൦ രൂപ ശമ്പളത്തിൽ ൨ സൂചികർമ്മിണികൾ.

൯-൧/൪-൧൫ രൂപ സ്കെയിലിൽ ഓരോരുത്തർക്കും ൯ രൂപ ശമ്പളത്തിൽ ൨ ശിപായിമാർ.

ഓരോരുത്തർക്കു വീട്ടു രൂപ ശമ്പളത്തിൽ ൨ ഭൃത്യകാർ.

പ്രതിമാസം ൨൦ രൂപ വീതം തൽചിലവു്.

൫൦. പരീക്ഷണാർത്ഥം ൧൮൮൨ മകരം ൧-നു മുതൽ താഴെ കൊടുത്തിട്ടുള്ള എട്ടു സ്ഥലങ്ങളിൽ സബ്രജിസ്ട്രാർ കച്ചേരികൾ ആരംഭിക്കുന്നതിലേക്കുള്ള നിർദ്ദേശം കമ്മിറ്റിക്കാർ സ്വീകരിച്ചു.

(൧) തോന്നയ്ക്കൽ.
(൨) വെള്ളനാട്.
(൩) കോതമംഗലം.
(൪) വക്കം.
(൫) പത്തനംതിട്ട.
(൬) ചെറുപുഴ.
(൭) പന്തളം.
(൮) കരുനാഗപ്പള്ളി.

ഇതിലേക്കു രജിസ്ട്രേഷൻ ഇനത്തിൽ ൧൮൮൨-൮൩നെത്തെ ബഡ്ജറ്റിൽ കൂടുതലായി ൧,൩൨൨ രൂപാ അനുവദിക്കണമെന്നുള്ള നിർദ്ദേശത്തോടു കമ്മിറ്റിക്കാർ യോജിക്കയും ചെയ്തു.

അഡിഷനൽ സബ്രജിസ്ട്രാർകച്ചേരികൾ സ്ഥാപിക്കുന്നതു താൽക്കാലികമായിട്ടേ പാടുള്ളു എന്നും, സബ്രജിസ്ട്രാർ കച്ചേരികളിലെ ജോലിത്തിരക്കു കുറയ്ക്കുന്ന കാര്യത്തെപ്പറ്റി അവധാനമായി ചിന്തിക്കേണ്ടതാണെന്നും ഈ സന്ദർഭത്തിൽ മിസ്റ്റർ പി. കെ. നായരണപിള്ള പ്രസ്താവിച്ചു. പ്രസ്തുത സബ്രജിസ്ട്രാർ കച്ചേരികളുടെ അധികാരാതിർത്തി സംബന്ധിച്ചിടത്തോളം അതിനുള്ള തീർച്ച രജിസ്ട്രേഷൻ ഡയരക്ടർതന്നെ ചെയ്താൽ മതിയാകുന്നതാണെന്നു മിസ്റ്റർ കെ. മാധവൻപിള്ള അഭിപ്രായപ്പെട്ടു.

൫൧. ൧൮൮൨-ൽ ഏതാനും മാസങ്ങളിലേക്കു പരസ്പരസഹായസംഘം ഓണറിങ്ഓർഗണൈസറുടെ ശമ്പളത്തിലേക്കായിട്ടുള്ള സപ്ലിമെന്റൽ ൧൮൮൨-൮൩നെത്തെ ബഡ്ജറ്റിൽ കൂടുതലായി ൨,൦൦൦ രൂപ അനുവദിക്കേണ്ടതാണെന്നുള്ള നിർദ്ദേശം കമ്മിറ്റിക്കാർ സ്വീകരിച്ചു.

൫൨. കൊട്ടാരക്കരയിലുള്ള അഞ്ചൽ ആഫീസിൽ പ്രതിമാസം ൨൦ രൂപയിലും ൧൫ രൂപയിലും കൂടുതലായിരുന്നു ക്ലാർക്കന്മാരെ നിയമിക്കുന്നതിനും അതിലേക്കു അഞ്ചൽ ഇനത്തിൽ ൧൮൮൨-൮൩നെത്തെക്കുള്ള ബഡ്ജറ്റിൽ കൂടുതലായി ൨൦ രൂപ അനുവദിക്കുന്നതിനുമുള്ള നിർദ്ദേശത്തെ കമ്മിറ്റിക്കാർ സ്വീകരിച്ചു; ഇതിലേക്കു കൂടുതലായി ചിലവാകുന്ന ഈ ൧൮൮൨-൮൩നു അഞ്ചൽ ഡിപ്പാർട്ടുമെന്റു ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയിൽ എസ്റ്റാബ്ലിഷ്മെന്റു ചാർജ്ജുമിനത്തിൽ ചിലവാകാതെയിരുപ്പുള്ള തുകയിൽനിന്നും ഉപയോഗിച്ചുകൊള്ളാമെന്നു വ്യവസ്ഥചെയ്തു.

എൻ. നീലകണ്ഠപ്പിള്ള കൺവീനർ,
സ്റ്റാൻഡിംഗ്ഫിനാൻസുകമ്മിറ്റി, ഹാജർക്കച്ചേരി,
തിരുവനന്തപുരം,
൧൯ നവംബർ ൧൮൮൨.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)
T. RAMALINGAM PILLAI.
Head Translator to Government.

തിരുവിതാംകോട്ട് നിയമസഭ.

രണ്ടാമത്തെ സഭ.

ഒന്നാമത്തെ സെക്ഷൻ—1101 മകരം.

(അഫിഷ്യൽ റിപ്പോർട്ട്).

വാല്യം XII നംബർ 2.

1101 ഡിസംബർ 1926-ക്ക് 1101 വൃശ്ചികം 1-ാന്- വ്യാഴാഴ്ച.

സഭ മണി 11 അടിച്ചു 12 മിനിട് ആയപ്പോൾ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ കൂടി. ദിവാൻ എം. ഇ. വാട്സ് എസ്ക്വയർ ബി. എ, ബാർ അട്ലാ അധ്യക്ഷം വഹിച്ചു.

മി: പി. സുബ്ബയ്യർ (ഗവണ്മെണ്ട് നിയമിച്ച മെംബർ): (ഡെപ്യൂട്ടി പ്രൊസിഡെണ്ട്): സർ, പി. രാജഗോപാലാചാര്യരുടെ ദുഃഖകരവും അപ്രതീക്ഷിതവും ആയ മരണ വാർത്ത ഇന്ന രാവിലെ കേട്ട വിവരം ഈ സഭയെ അറിയിക്കേണ്ടതു എന്റെ വിഷാദകരമായ ധർമ്മം ആയിരിക്കുന്നു. അദ്ദേഹം ഏഴു കൊല്ലം എന്ന ദീർഘകാലത്തേക്ക ഈ രാജ്യത്തിലെ ദിവാൻജി ആയിരുന്നു 1100 വൃശ്ചികം മാസം മേടമാസത്തിൽ ആ സ്ഥാനം ഒഴിഞ്ഞു. അദ്ദേഹത്തിനോടു തിരുവിതാംകോട്ടിലെ ജനങ്ങൾ അത്യന്തം വളരെ കടപ്പെട്ടവരായിരിക്കുന്നു. അദ്ദേഹത്തിന്റെ അതിനിശ്ചയബുദ്ധിയും വിവിധമായിട്ടുള്ള കാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള സാമർത്ഥ്യവും അതുകളേയും സംഗതികളേയും യഥാസ്ഥിതിയിൽ ധരിക്കുന്നതിനുള്ള പ്രശസ്തമായ ശക്തിയും അദ്ദേഹം കാണുന്നതിനു ഇടയായിട്ടുള്ളവരോടെല്ലാം കാണിച്ചു വന്ന മര്യാദയും അദ്ദേഹത്തിനെ തിരുവിതാംകോട്ടിലെ ജനതതിയുടെ ഹൃദയത്തിനു വളരെ അടുപ്പമാക്കിയും അവരുടെ ആദരബഹുമാനങ്ങളിൽ വളരെ ഉന്നത സ്ഥാനത്തെ നല്കുകയും ചെയ്തിട്ടുണ്ട്. ഈ രാജ്യത്തിലെ ദിവാന്റെ നിലയിൽ അദ്ദേഹം ഉത്കർഷത്തിനായി അദ്ദേഹം വളരെ പ്രവർത്തിച്ചിട്ടുണ്ട്. ജാതിമത ഭേദമെന്നിയെ സകല സമുദായങ്ങളും വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതിനുള്ള ധീരത അദ്ദേഹത്തിനേ ഉണ്ടായിരുന്നൊള്ളു എന്നുള്ള ഏകസംഗതിമാത്രം ഇവിടെ ഞാൻ പ്രസ്താവിച്ചാൽ മതി. ഈ രാജ്യത്തിലെ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞതിൽ പിന്നീട് അദ്ദേഹം മദ്രാസ് ഗവണ്മെൻറിലെ എക്സിക്യൂട്ടിവ് കൌൺസിൽ മെംബറും അതിൽ പിന്നീട് മദ്രാസിലെ പരിഷ്കൃതനിയമസഭയുടെ പ്രഥമാധ്യക്ഷനും ആയിത്തീർന്നു. അദ്ദേഹം ദീർഘകാലത്തേക്ക ഗവണ്മെൻറുദ്യോഗസ്ഥൻ ആയിരുന്നു എന്നു വരികിലും അദ്ദേഹം സ്വാതന്ത്ര്യഹൻ ആയ പ്രൊസിഡെണ്ട് ആയിരുന്നു എന്നു നാം കണ്ടിട്ടുള്ളതിൽ നിന്നു നാം അറിയുന്നുണ്ട്. അദ്ദേഹം നിയമസഭാധ്യക്ഷന്മാരിൽ വച്ചു അത്യന്തം ശ്രേഷ്ഠൻ ആയിരുന്നു. ഏതാള്കളുടെ ഗുണത്തിനായി സഭ ഉളവിഷ്ടമായിരിക്കുന്നുവൊ ആ ജനതതിയുടെ ഗുണങ്ങളെ പരിരക്ഷിക്കുവാനുള്ള വിധത്തിൽ അദ്ദേഹം സകോശ്ശം നിർവഹിച്ചു. അദ്ദേഹത്തിന്റെ തന്ത്രത്താലും നിഷ്പക്ഷതയാലും അദ്ദേഹം സകലകക്ഷികളുടേയും വിശ്വാസത്തിനു പാത്രമായി. ആ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞതിൽ പിന്നീട് അദ്ദേഹം ഇൻഡ്യാസ്റ്റേറ്റ് സെക്രട്ടറിയുടെ സഭയിലെ ഒരു സാമാജികൻ ആയി. അദ്ദേഹം ഞാൻ പ്രസ്താവിച്ചുള്ള പോലെ ദീർഘകാലത്തേക്ക സക്കാരുദ്യോഗസ്ഥൻ ആയിരുന്നു എന്നു വരുകിലും അദ്ദേഹത്തിനു സ്വാതന്ത്ര്യം അനുസരിച്ചു പ്രവർത്തിക്കുന്നതിനുള്ള ധൈര്യം ഉണ്ടായിരുന്നു. അതനുസരിച്ചാണ് പബ്ലിക് സർവീസ് കമ്മിഷന്റെ മുൻപാകെ സാക്ഷിയായി അദ്ദേഹം മൊഴി കൊടുത്തതു്. ഇൻഡ്യയിൽ പ്രാദേശിക ഗവണ്മെണ്ടുകളുടെ ഘടനയെക്കുറിച്ചു സ്വതന്ത്രാഭിപ്രായം വെളിവാക്കിപ്പറയാൻ അദ്ദേഹം ശങ്കിച്ചില്ല. അദ്ദേഹത്തിനു സ്വാതന്ത്ര്യധീരത ഉണ്ടായിരുന്നു എന്നുള്ളതിനു ഇതു ഒരു ദൃഷ്ടാന്തം ആകുന്നു. ബ്രിട്ടീഷിൻ ഭൂമിയിലും തിരുവിതാംകോട്ടിലും രണ്ടിടത്തും അദ്ദേഹം ദീർഘകാലം ഉദ്യോഗത്തിലിരുന്നു. അദ്ദേഹം ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞതിൽ പിന്നീടും തിരുവിതാംകോട്ടിലെ കാര്യങ്ങളിൽ വളരെ താത്പര്യം അദ്ദേഹം കാണിച്ചു വന്നു. അദ്ദേഹം നാം കണ്ടിട്ടുള്ള അത്യന്തം ശ്രേഷ്ഠബുദ്ധിയുള്ള ഇൻഡ്യാക്കാരിൽ ഒരാളും നാം അറിഞ്ഞിട്ടുള്ള ഏറ്റവും സമർത്ഥരായ രാജ്യഭരണതന്ത്രജ്ഞന്മാരിൽ ഒരാളും ആണെന്നു നിർവ്വാദം എനിക്കു പറയുവാനുണ്ട്. ഇൻഡ്യാരാജ്യം ഭൂമിയുടെ അദ്ദേഹത്തിന്റെ അഭാവത്തെക്കുറിച്ചു ദീർഘകാലം വ്യസനിക്കും. അദ്ദേഹത്തിന്റെ കുടുംബത്തിലെ അംഗങ്ങൾക്കു ഉണ്ടായിട്ടുള്ള വ്യസനത്തിൽ നമ്മുടെ ഹാർദ്ദമായ അനുഭാവത്തെ പ്രകടിപ്പിക്കേണ്ടതു നമ്മുടെ ധർമ്മം ആകുന്നു.

പ്രൊസിഡെണ്ട്: മാന്യരെ! മിസ്റ്റർ സുബ്ബയ്യർ ഈ സഭയെ അറിയിച്ചതായ ദുഃഖവാർത്ത ഇവിടെ സന്നിഹിതരായിരിക്കുന്ന ഓരോരുത്തരേയും വ്യസനിപ്പിക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നതു പോലെ നിങ്ങൾക്കെല്ലാവർക്കും തോന്നുന്നുണ്ടെന്നുള്ളതിനു എനിക്കു സംശയം ഇല്ല. സർ, പി. രാജഗോപാലാചാര്യർക്കു ശക്തിമത്തായ വ്യക്തിവിശിഷ്ടതയും അപാരമായ ബുദ്ധിശക്തിയും വലിയ ധൈര്യവും ഉണ്ടായിരുന്നു. ഈ മഹത്തായ വിശിഷ്ടലക്ഷണങ്ങൾ ഈ രാജ്യത്തിലെ രാജ്യഭരണത്തിൽ മാഞ്ഞുപോകാത്ത വിധം പതിഞ്ഞിട്ടുണ്ട്. തിരുവിതാംകോട്ടിൽ ഏഴു കൊല്ലം കാലത്തേക്കുള്ള അദ്ദേഹത്തിന്റെ ഉദ്യോഗനിർവ്വഹണത്തിനായി ഈ നാട്ടിലെ ജനങ്ങൾ അത്യധികം കടപ്പെട്ടിരിക്കുന്നു; അപ്രകാരം കടപ്പെട്ടിരിക്കേണ്ടതും തന്നെ; തിരുവിതാംകോട്ടിൽ അനേകം ദിവാൻജിമാർ ഉണ്ടായിരുന്നു. കഴിഞ്ഞ ശതവർഷത്തിൽ ഉള്ള ദിവാൻജിമാരിൽ സർ. പി. രാജഗോപാലാചാര്യർ മഹാന്മാരായ മൂന്നു പേരിൽ ഒരാളായി ഗണിക്കാവുന്നതാകുന്നു. അദ്ദേഹത്തിന്റെ നേരെ നമുക്കുള്ള ബഹുമാനത്തിന്റേയും നമ്മുടെ വ്യസനത്തിന്റേയും ചിഹ്നമായി യോഗം ഇന്നത്തേക്കു നിർത്തിവെക്കണം എന്നും നമ്മുടെ അനുഭാവത്തെ അദ്ദേഹത്തിന്റെ കുടുംബത്തെ അറിയിക്കയും ഈ സഭയുടെ പ്രൊസീഡിങ്ങ്സിൽ ഒരു ഭാഗമായി രേഖപ്പെടുത്തുകയും ചെയ്യണം എന്നും ഞാൻ നിർദ്ദേശിക്കുന്നു.

നാം ഇപ്പോൾ പിരിഞ്ഞു നാളെ കാലത്തു പതിനൊന്നരമണിക്കു യോഗം കൂടാം.

പിറെറ ദിവസം പതിനൊന്നരമണിക്കു കൂടുന്നതിനായി സഭ 12 മണി അടിച്ചു 12 മിനിട് ആയപ്പോൾ പിരിഞ്ഞു.

നിയമസഭാ സെക്രട്ടറി,
പി. എൻ. കൃഷ്ണപിള്ള.

തിരുവിതാംകോട്ട നിയമസഭ.

രണ്ടാമത്തെ സഭ.

ഒന്നാമത്തെ സെക്ഷൻ—1 1 0 3.

(അഫിഷ്യൽ റിപ്പോർട്ട്).

വാല്യം XII നംബർ 1.

1 1 0 3 ഇടവം 9 ഡിസംബർ 1927- 1 1 0 3 വൃശ്ചികം 5 നു- വെള്ളിയാഴ്ച.

സഭ പതിവനുസരിച്ചു മണി അടിച്ചു മുപ്പത്തിരണ്ടു മിനിട്ടായപ്പോൾ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വീണ്ടും കൂടി. പ്രൈസിഡെണ്ടു് അഗ്രാസനം വഹിച്ചു.

പ്രൈസിഡെണ്ടു്: സഭ ഇന്നലെ അപ്രതീക്ഷിതമായി മാറേണ്ടി വന്നതിനാൽ അത്യാവശ്യമായി ഇന്നലത്തേക്കു വച്ചിരുന്ന ചോദ്യങ്ങൾക്കു മറുപടി പറയപ്പെടും. അതിൽ പിന്നീടു ഇന്നത്തേക്കുള്ള ചോദ്യങ്ങൾക്കു മറുപടി പറയുന്നതാണു്. ഇന്നലത്തേക്കുള്ള മറുപടികൾക്കും ഉപചോദ്യങ്ങൾ ചോദിക്കുന്നതിനു മെംബർമാർക്കു അധികാരം ഉണ്ടായിരിക്കുന്നതാണു്.

പ്രശ്നങ്ങളും മറുപടികളും.

തിരുവനന്തപുരത്തിനും ചിറയിൻകീഴിനും മദ്ധ്യേ ഒരു ഡിസ്പെൻസറി സ്ഥാപിക്കുക.

ഫസ്റ്റു മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): തിരുവനന്തപുരത്തിനും ചിറയിൻകീഴിനും ഇടക്കു വല്ല സ്ഥലത്തും ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിൻറെ ആശാസ്യതയെപ്പറ്റി ഗവണ്മെണ്ടു് ചിന്തിച്ചിട്ടുണ്ടോ?

മ: പി. എൽ. കൃഷ്ണപിള്ള (ഗവണ്മെണ്ടു് സെക്രട്ടറി): നാട്ടുംപുറങ്ങളിൽ വൈദ്യസഹായം നല്കുന്നതിനു ഒരു സാമാന്യപദ്ധതി ആലോചനയിൽ ഇരിക്കുന്നു. പുത്തൻതോപ്പിൽ ഒരു ഡിസ്പെൻസറി തുറക്കുന്ന വിഷയം അതിനോടുകൂടി ആലോചിക്കപ്പെട്ടതാണു്.

പരുത്തിപ്പള്ളിയിൽ ഒരു ഡിസ്പെൻസറി തുറക്കുക.

ഫ 9. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നെടുമങ്ങാടു താലൂക്കിൽ പരുത്തിപ്പള്ളിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെപ്പറ്റി മെഡിക്കൽ സെർവീസ് ഭരണസഭ വല്ലതീർച്ചയും ചെയ്തിട്ടുണ്ടോ എന്നു ഗവണ്മെണ്ടു് ദയവുചെയ്തു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): നാട്ടുംപുറങ്ങളിൽ വൈദ്യസഹായം നല്കുന്നതിലുള്ള ഒരു സാമാന്യപദ്ധതി ആലോചനയിൽ ഇരിക്കുന്നു. പരുത്തിപള്ളിയിൽ ഒരു ഡിസ്പെൻസറി തുറക്കുന്ന വിഷയം അതിനോടൊന്നിച്ചു ആലോചിക്കപ്പെട്ടുന്നതാണ്.

വാമനപുരം ഭരതന്നൂർ ട്രേസ്.

ഫ 10. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വാമനപുരം—ഭരതന്നൂർ ട്രേസിനെ ഒരു വണ്ടി പോകത്തക്ക റോഡാക്കി മാറ്റാൻ തിരുവനന്തപുരം എക്സിക്യൂട്ടിവ് എഞ്ജിനീയർക്കൊരു എസ്റ്റിമേറ്റു തയ്യാറാക്കിച്ചു വരുത്തിയോ എന്നും ഗവണ്മെണ്ടു് സമയം പാഴുമോ? അങ്ങനെയാണെങ്കിൽ കഴിയുന്നതും വേഗത്തിൽ പണി ആരംഭിക്കണമെന്നു സമയം ഉത്തരവു ചെയ്യുമോ?

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ടു് സെക്രട്ടറി): അടങ്കൽ തയ്യാറാക്കിട്ടില്ല, അതു തയ്യാറാക്കുന്നതിനു ചീഫ് എഞ്ജിനീയർ ഡിവിഷൻ ആഫീസറോടു ഏർപ്പാടു ചെയ്തു കഴിഞ്ഞിരിക്കുന്നു.

ഡബിൾഷിഫ്ട് പദ്ധതി.

ഫൻ. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): തിരുവിതാംകോട്ടിലുള്ള പ്രാഥമികപള്ളിക്കൂടങ്ങളിൽ ഡബിൾഷിഫ്ട് പദ്ധതിയോടുകൂടിയിട്ടുള്ളതാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു ഒരു റിപ്പോർട് വരുത്തി മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): വിദ്യാഭ്യാസഡയറക്ടരിൽ നിന്നും ഗവണ്മെൻറിനു ഒരു റിപ്പോർട് കിട്ടി; ഗാഢമായ ആലോചനയിൽ പിന്നീടു ഫൻ 1 1 0 3 കാലാവർഷാരംഭം മുതൽ ആ പദ്ധതി നിർത്തലാക്കുന്നതിനു ഉത്തരവു ചെയ്തിരിക്കുന്നു. റിപ്പോർട് മേശപ്പുറത്തു വയ്ക്കുന്നതിനുള്ള ആവശ്യം ഗവണ്മെണ്ടു് കാണുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആരുടെ റിപ്പോർട്ടിൻമേലാണു് ഈ ഡബിൾഷിഫ്റ്റു് പദ്ധതി അത്യാമായി നടപ്പാക്കിയതു്?

മി: കെ. ജാർജ് (ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): വിദ്യാഭ്യാസഡയറക്ടരുടെ റിപ്പോർട്ടിന്മേൽ പരിശോധനാർത്ഥം അതു നടപ്പാക്കപ്പെട്ടു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): മുൻപിരുന്ന പള്ളിക്കൂടം ഇൻസ്പെക്ടരുടെയോ ഇപ്പോഴത്തെ ഇൻസ്പെക്ടരുടെയോ അഭാവത്തിൽ ഗ്രാമാർശയിന്മേലാണു് ഇപ്രകാരം ചെയ്തതു്?

മി: കെ. ജാർജ് (ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): മുൻപിരുന്ന പള്ളിക്കൂടം ഇൻസ്പെക്ടരുടെയും പാർശ്വനിന്മേൽ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമോ അതോ വേറെ വല്ലസ്ഥലത്തുനിന്നു എടുത്തതോ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഈ പദ്ധതി വേറെ എവിടെയൊ നടപ്പുണ്ടായിരുന്നു. ബാംബെയിൽ ആണെന്നു തോന്നുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അവിടെയും അതു പരാജയത്തിൽ ആണോ കലാശിച്ചതു?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): എനിക്കു പറയാൻ കഴിയുകയില്ല. ഇവിടെ അതു ശരിപ്പെട്ടുന്നില്ല എന്നതെളിഞ്ഞിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ കാര്യത്തെസംബന്ധിച്ചുള്ള എല്ലാ രേഖകളെയും ഗവണ്മെന്റു വേണ്ടപോലെ വിചിന്തനം ചെയ്യുമൊ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അതെ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വിദ്യാഭ്യാസഡയറക്ടർ ഇപ്പോൾ ഇക്കാര്യത്തെപ്പറ്റി എന്തു പറയുന്നു?

മി: കെ. ജാജ്. (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അതു ഇപ്പോൾ പരാജയമായി തെളിഞ്ഞിരിക്കുന്നതായി പറയുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതു എന്തുകൊണ്ടു?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഡബിൾഷിഫ്ട് പദ്ധതി നടപ്പിൽ ഇരുന്ന പള്ളിക്കൂടങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുതുടങ്ങി. മലയാളം പള്ളിക്കൂടം ഇൻസ്പെക്ടരും പള്ളിക്കൂടം അസിസ്റ്റന്റു ഇൻസ്പെക്ടർമാരിൽ ഭൂരിഭാഗവും ഹെഡ്മാസ്റ്റർമാരിൽ ഭൂരിഭാഗവും ഈ പദ്ധതിയെ അനുകൂലിക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇതിനാൽ ഹെഡ്മാസ്റ്റർമാർക്കു അല്പം അസൌകര്യത്തിനിടയായി എന്നുള്ളതിനാൽ അല്ലയൊ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അങ്ങനെ ആയിരിക്കാം. എന്നാൽ അവർക്ക് അതിനു ഒരു അലവൻസു കിട്ടുന്നുണ്ട്. സ്വന്തം അസൌകര്യത്തിനാണു ഉണ്ടായിരുന്നതെങ്കിൽതന്നെയും ഹെഡ്മാസ്റ്റർ അലവൻസിനെ കുറിച്ചു അതു സഹിക്കേ എന്ന ഊഹിച്ചുകൊള്ളുവെന്നതാണു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നാലും, അഞ്ചും വയസ്സുമായകുട്ടികളുടെ ബുദ്ധിക്കു ദിവസേന ഉടർച്ചയായി അഞ്ചുമണിക്കൂറിനേരം വിദ്യ നല്കുന്നതിനാൽ ഉണ്ടാകുന്ന ക്ഷീണത്തെപ്പറ്റി ഗവണ്മെണ്ടു വേണ്ടപോലെ ചിന്തിച്ചുവോ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അതെ. നേരേമറിച്ചു മെംബർ പറയുന്നവയെക്കാൾ ഗൌരവതരമായ മറ്റു പ്രതികൂലങ്ങൾ ഉണ്ടു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കുട്ടിയുടെ ബുദ്ധിക്കു ഉണ്ടാകുന്ന ക്ഷീണം അഗണ്യമായിട്ടുള്ളതാണോ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അതു തീരെ അഗണ്യമായിട്ടുള്ളതല്ല. എന്നാൽ ഡബിൾഷിഫ്ട് പദ്ധതിയാൽ ഉണ്ടാകാവുന്ന അനുകൂല്യങ്ങളെക്കാൾ പ്രതികൂല്യങ്ങൾ ഗൌരവമേറിയവയായിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുപോയതിനാൽ മാത്രമാണൊ പദ്ധതി പരാജയമായി പരിണമിച്ചതു?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അല്ല. വേറെയും അനേകം പ്രതിബന്ധങ്ങൾ ഉണ്ടു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിനു പ്രതിബന്ധം എന്താണുള്ളതു?

മി. കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): പദ്ധതിയെ നിവൃത്തമാക്കുന്നതിനു ഉത്തരവു ചെയ്തുകഴിഞ്ഞിരിക്കുന്നതിനാൽ അതിനു അവശ്യം ഇല്ല എന്നു ഗവണ്മെണ്ടു വിചാരിച്ചു. എന്നാൽ മെംബർക്കു റിപ്പോർട്ടുകാണണം എന്നുണ്ടെങ്കിൽ മേശം അവസാനിക്കുന്നതിനുമുമ്പിൽ അതിനെ മേശപ്പുറത്തു വയ്ക്കുന്നതിനു നടപടി നടത്താം. *

നവീക സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്.

ബ. മി: എ. ജെ. ജാൺ (വയ്ക്കം): കൻസന്റ ആഗസ്റ്റ് മാസം- ചോദിച്ച നക്ഷത്രംനംബർ ചോദ്യത്തിനും (വാല്യം IX നമ്പർ ന) കൻവെൻഷ്യിൽ സെപ്തംബർ- ചോദിച്ച നക്ഷത്രംനംബർ ചോദ്യത്തിന്റെയും (വാല്യം X നമ്പർ ൻ) മറുപടികളെ ഗണിച്ചു താവീക സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പു ഗവണ്മെണ്ട് ഉടയവുചെയ്തു മേശപ്പുറത്തു വയ്ക്കുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): സ്പെഷ്യൽആഫീസരുടെ റിപ്പോർട്ടിന്റെ ഒരു പ്രതി മെംബർക്കു കൊടുത്തിട്ടുണ്ടു.

പള്ളിപ്പുറം—കടുത്തുരുത്തിറോഡു.

ക. മി: എ. ജെ. ജാൺ (വയ്ക്കം) പള്ളിപ്പുറം-കടുത്തുരുത്തിറോഡ് നന്നാക്കുന്നതിനെപ്പറ്റി കൻവെൻഷ്യെ ത്രിമുഖ പ്രജാസഭയിൽ വയ്ക്കം താലൂക്കുമെംബർ ചെയ്ത നിവേദനത്തിന്മേൽ ഗവണ്മെന്റു എന്തു നടപടി നടത്തി എന്നു ഉടയവുചെയ്തു പറയുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): നിവേദനത്തെപ്പറ്റി റിപ്പോർട്ടിനായി ചീഫ് എൻജിനീയർക്കു അയച്ചിരിക്കുന്നു.

---

* വാല്യം IX നംബറിനുള്ള അനുബന്ധം നോക്കുക.

വയ്ക്കും താഴുക്കിൽ ഉള്ള തോട്ടംതൊഴിലാളികളുടെ.

൨൨. മി: എ. ജി. ജാൺ (വയ്ക്കം): പ്രജാസഭയുടെ ൨൨-മത്തെ യോഗത്തിലെ ക്രമ നമ്പർ നിശ്ചയനത്തിനു മിഡ്വാൻജി പറഞ്ഞ മറുപടിയെ സംബന്ധിച്ചു വയ്ക്കം താഴുക്കിൽ ഉള്ള തോട്ടക്കൂടെ ഇപ്പോഴത്തെ സ്ഥിതിയും അവയെ നന്നാക്കുന്നതിനുള്ള മാർഗ്ഗങ്ങളെയും പറ്റി അന്വേഷണം നടത്തുന്നതിനു ഒരു സ്പെഷ്യൽ ഉദ്യോഗസ്ഥനെ നിയമിക്കുമോ എന്നു ഗവർണ്ണമെന്റിന്റെ സമയം പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): ഇപ്പോൾ ഒരു സ്പെഷ്യൽ ഓഫീസരുടെ ആവശ്യം ഇല്ലെന്നും തോട്ടകളെ നന്നാക്കുന്നതു ഓരോന്നായി നടത്തപ്പെടുന്നു എന്നും ചീഫ് എൻജിനീയർ ബോധിപ്പിച്ചിരിക്കുന്നു. ഗവർണ്ണമെന്റ് ചീഫ് എൻജിനീയരുടെ അഭിപ്രായത്തെ സ്വീകരിക്കുന്നു.

പുനപ്പുര മലയാളം മിഡിൽസ്കൂൾ.

൨൩. മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): (എ) പുനലൂരിലുള്ള മലയാളം മിഡിൽസ്കൂൾ തൃപ്തികരമല്ലാത്ത ഒരു സ്ഥലത്തു കെട്ടിപ്പൊക്കിയിരിക്കുന്നു എന്നുള്ളതു പരമാർത്ഥമാണോ എന്നും,

(ബി) അങ്ങനെയാണെങ്കിൽ അതിനെ യോജ്യമായ ഒരു സ്ഥലത്തേക്കു മാറ്റുന്നതിനു വല്ല നടപടിയും നടത്തിട്ടുണ്ടോ എന്നും ഗവർണ്ണമെന്റ് സമയം പറയുമോ?

മി. കെ. ജാക്ക് (ഗവർണ്ണമെന്റ് ചീഫ്സെക്രട്ടറി):

(എ) അല്ല.

(ബി) (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ച് ഇതു ഉത്തരിക്കുന്നില്ല. എന്നിരുന്നാലും വേറെ കാരണങ്ങളാൽ പള്ളിക്കൂടത്തെ മറ്റൊരു സ്ഥലത്തേക്കു മാറ്റുന്നവിഷയം ആലോചനയിൽ ഇരിക്കുന്നു.

ഹനുമാൻനഴിക്കു കരക്കെയുള്ള പാലം.

൨൪. മി: എസ്. (പിറവിപ്പെരുമാൾപിള്ള കുച്ചുവടവും വ്യവസായവും, തെക്ക്): (എ) ക്ഷാമകാലത്തിൽ ജനങ്ങൾക്കു അവരുടെ നിത്യോപയോഗത്തിനു വേണ്ട സാമാനങ്ങൾ വാങ്ങിക്കാൻ ഹനുമാൻനഴികടന്നുപോകേണ്ടിയിരിക്കുന്നു എന്നു ഗവർണ്ണമെന്റിന് അറിയാമോ?

(ബി) ആയിക്കുടിയിലും ശാസ്താംകോട്ട കായലിലും ഒഴുകുന്ന ആറുകൾക്കുകുറുകെ ഈ സ്ഥലത്തു ഒരു പാലം ഇല്ലാത്തതിനാലും ആണ്ടുതോറും വെള്ളപ്പൊക്കകാലത്തു അളുകൾ മുറിച്ചുപോകുന്നതിനാലും ഈ വിഷയം വിചാരിക്കുന്നതിനു ഗവർണ്ണമെന്റിനു സൗകര്യമുണ്ടോ?

(സി) അങ്ങനെയാണെങ്കിൽ ഈ ആപത്തിനെ തടുക്കുന്നതിനു ഗവർണ്ണമെന്റ് എന്തു നടപടിയാണ് എടുത്തിട്ടുള്ളത് എന്നു സമയം പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): (എ) ജനങ്ങൾക്കു കൂടക്കൂടെ നഴികടക്കേണ്ടിയിരിക്കുന്നു എന്നു കാണിച്ചു ഹർജികൾ കിട്ടിട്ടുണ്ട്.

(ബി) ഗവർണ്ണമെന്റിനു അറിവില്ല.

(സി) ആയിക്കുടിയിൽ ഹനുമാൻനഴിക്കു കരക്കു ഒരു പാലം കെട്ടുന്നതിനു വേണ്ട അടങ്കൽ തയ്യാറായിവരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും-തെക്ക്): (എ) മറ്റൊരാളെക്കൊള്ള മറുപടിയെസംബന്ധിച്ചിടത്തോളം ഹർജികൾകൂടാതെ പ്രജാസഭയിൽ നിവേദനങ്ങളും ഉണ്ടായിട്ടുണ്ടോ എന്ന മെംബറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): മെംബർ തന്നെ അറിവിനെ ഞാൻ സ്വീകരിച്ചുകൊള്ളാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): മറ്റുകൂടി നിയമസഭയ്ക്കു ചോദ്യങ്ങൾ അയക്കാമെന്നുള്ളതിനാൽ എന്നറിഞ്ഞുകൊള്ളാം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): അതു മെംബറുടെ ചോദ്യത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): (ബി) മറ്റൊന്നിനുള്ള മറുപടിയെസംബന്ധിച്ചിടത്തോളം തന്നെ മറുപടി സന്തുഷ്ടികരമെങ്കിൽ സ്ഥാപിച്ചുതരണമോ എന്നറിഞ്ഞാൽകൊള്ളാം,

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): നിശ്ചയമായും

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): ഞാൻ മെംബറെ എതിർക്കുന്നു. "ആയിക്കുടിയിലും ശാസ്താംകോട്ട കായലിലുംകൂടി ഒഴുകുന്നഹനുമാൻനഴികടക്കുവാൻ പാലങ്ങളൊന്നും ഇല്ല. വണ്ടികളിലും കാൽനടയായും ഉള്ള സകല ഗതാഗതവും നദീതടത്തിൽകൂടി വേണ്ടിയിരിക്കുന്നു. ആണ്ടുതോറും വെള്ളപ്പൊക്കത്തിൽ അളുകൾ മരിച്ചുപോകുന്നു. മേലാൽ വരാവുന്ന ആപത്തുകളെ തടുക്കുന്നതിനായി രണ്ടു പാലങ്ങൾ പണിയിക്കണം" എന്ന പ്രജാസഭയുടെ കഴിഞ്ഞ യോഗത്തിൽ മിസ്റ്റർ ലക്ഷ്മണകയാളർ അവതരിപ്പിച്ച നിവേദനത്തിലേക്കു മെംബറുടെ ശ്രദ്ധയെ തിരിച്ചുകൊള്ളട്ടെ.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): ഒരു മെംബർ മറ്റൊരുകിടയും വിവരം അറിയിക്കുമ്പോൾ അതു അയാളുടെ ഉറപ്പോടെയുള്ളതല്ലാതെ ഗവർണ്ണമെന്റിന്റെ ഉത്തരവാദിത്തമില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്). അങ്ങനെയാണെങ്കിൽ സർ, ഗവർണ്ണമെന്റിനു അതിനെപ്പറ്റി യാതൊരു വിചാരവുമില്ല എന്നു ഞാൻ മനസ്സിലാക്കിക്കൊള്ളട്ടെയോ? മെംബർക്കു ഉത്തരവാദിത്വം ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല വാദവിഷയം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവർണ്ണമെന്റ് സെക്രട്ടറി): ഗവർണ്ണമെന്റിനു യാതൊരു അറിവും ഇല്ല. അതാണ് ഉത്തരം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചുവടവും വ്യവസായവും, തെക്ക്): മെംബറുടെ നിവേദനത്തെ മതിയായ അറിവായി ഗവർണ്ണമെന്റ് ഗണിച്ചിട്ടില്ല എന്നാണോ ഞാൻ മനസ്സിലാക്കിക്കൊള്ളേണ്ടത്?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): അതേ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): നിയോജനങ്ങൾ ആയിട്ടല്ലാതെ വേറെ ഏതു രീതിയിൽ ആണ ഗവണ്മെൻറിനെ അറിയിക്കേണ്ടതു എന്ന മെംബറിൽ നിന്ന എനിക്കറിഞ്ഞാൽകൊള്ളാം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഗവണ്മെൻറിനു കിട്ടുന്ന അറിവു സത്യമാണോ എന്ന അന്വേഷണം നടത്തിയതിൽപിന്നെ ഗവണ്മെണ്ടു അതു സ്വീകരിക്കുന്നു.

മി: എസ്. പിറവിപെരുമാൾ പിള്ള (കച്ചവടവും വ്യവസായവും, തെക്ക്): പ്രജാസഭയിൽ ചെയ്ത ഈ നിവേദനം ഗവണ്മെൻറിനു മേൽനടപടി നടത്താൻ മതിയാകുന്ന ഒന്നല്ല എന്നാണോ മെംബറിൽ നിന്നും ഞാൻ മനസ്സിലാക്കേണ്ടതു ?

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെൻറ് സെക്രട്ടറി): അതു ഗവണ്മെണ്ടു നടപടി നടത്തുന്നതിനു മുമ്പിൽ കൊണ്ടുവന്നിട്ടുള്ള ഒരു കായ്യമാകുന്നു. എന്നാൽ സ്വീകരിക്കാൻ ഉള്ളതല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഗവണ്മെണ്ടു സ്വീകരിക്കുന്ന അറിവു ഏതാണെന്നു എനിക്കു മെംബറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെൻറ് സെക്രട്ടറി): തങ്ങളുടെ ഉദ്യോഗസ്ഥന്മാരുടെ അന്വേഷണത്തിന്മേൽ സ്ഥാപിതമായ അറിവിനെ.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഗവണ്മെൻറിനു അന്വേഷണം നടത്താൻ ഇതു മതിയായ അറിവാണോ എന്നു മെംബറിൽനിന്നും എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി): അതു ഒരു ഉപചോദ്യമല്ല.

പ്രസിഡൻറ്: മി: പിറവിപെരുമാൾ പിള്ള, നിങ്ങളുടെ ചോദ്യങ്ങളിൽ ക്രാസു ചോദ്യങ്ങളുടെ ധ്വനി ക്രമത്തിലധികമായി കാണപ്പെടുന്നു എന്നു ഞാൻ ശങ്കിക്കുന്നതിനാൽ അതു നടപടിക്രമത്തിനു വിരുദ്ധമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): എനിക്കു അതു ഉദ്ദേശം ഇല്ല എന്നു ഞാൻ സമർപ്പിച്ചുകൊള്ളുന്നു. ഞാൻ ഉപചോദ്യങ്ങൾ ചോദിക്കുന്നതേ ഉള്ളു.

പ്രസിഡൻറ്: അതു വ്യക്തമായും ക്രാസു ചോദ്യം ചെയ്യുകയാണ്. അതുകൊണ്ടു ചോദ്യം ചെയ്യുന്നതിനുള്ള അവകാശത്തെ ഉപയോഗപ്പെടുത്തുന്നതായിരിക്കുന്നു.

പബ്ലിക്ലൈബ്രറി കമ്മിറ്റിയുടെ യോഗങ്ങൾ.

൨൩. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം പബ്ലിക് ലൈബ്രറിയെ സംബന്ധിച്ചിടത്തോളം താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറ് സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറി കമ്മിറ്റി ആണ്ടിലെത്രയും നടത്തേണ്ടതായ യോഗങ്ങളുടെ എണ്ണത്തെ പറ്റിയുള്ള വല്ലതും ചട്ടം ഉണ്ടോ എന്നും,

(ബി) കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കിടയിൽ (൧൯൦൦ മുതൽ ൧൯൦൨വരെ) ഏതെങ്കിലും യോഗം നടത്തുകയോ വിളിച്ചുകൂട്ടുകയോ ചെയ്തുവോ എന്നും അവ എത്ര എന്നും,

(സി) കടലാസുകൾ ഓരോരുത്തർക്കും കൊടുത്തയച്ചു കായ്യങ്ങൾ നടത്തുന്നതിനു ഗവണ്മെണ്ടു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും,

(ഡി) ആണ്ടിലൊരു യോഗങ്ങൾ നടത്തണം എന്നു ഗവണ്മെണ്ടു ക്ലിപ്തപ്പെടുത്തുമോ എന്നും.

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ടുസെക്രട്ടറി): (എ) ഉണ്ടു. കമ്മിറ്റി ആണ്ടിൽ കുറഞ്ഞതു രണ്ടു തവണയും ജേക്കേ നടത്തിപ്പിനായി ആണ്ടറി സെക്രട്ടറിക്കു ആവശ്യമാണെന്നു തോന്നുന്ന മറ്റു സമയങ്ങളിലും കൂടേണ്ടതാണെന്നു ചട്ടം പറയുന്നു.

(ബി) അതെ. കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കിടയിൽ ആറു യോഗങ്ങൾ നടന്നു.

(സി) ഇല്ല. എന്നാൽ കടലാസുകൾ കൊടുത്തയച്ചും കായ്യങ്ങൾ നടത്തുന്നതു ലൈബ്രറിയിലെ ചിരകാലമായിട്ടുള്ള നടപടിയായിരിക്കുന്നു.

(ഡി) (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ഓച്ചിറയിൽ ഒരു റോഡ് പുറംപോക്കിനെ പറ്റിയുള്ള കേസ്.

൨൩൯. മി: ജി. രാമൻമേനോൻ (മാവേലിക്കര തെക്കുള്ളിയും): മിഥുനമാസത്തിൽ ഓച്ചിറ കളിയും ചന്തയും നടക്കുന്ന കാലത്തു താത്കാലികമായി കടകൾ കെട്ടുന്നതിനായി ഓച്ചിറയുടെ റോഡിനും കിഴക്കുവശത്തുള്ള ഇടങ്ങിയ പുറമ്പോക്കുസ്ഥലത്തെ പി. ഡബ്ലിയു. ഡി. അധികാരികൾ ബലം പ്രയോഗിച്ചു പറഠി പറമ്പിപ്പെട്ട കിവാൻജിക്കും ചീഫ് എഞ്ചിനീയർക്കും ഓച്ചിറയ്ക്കു പുറമുള്ള കരക്കാരിലെ നിവാസികളും ഓച്ചിറയുള്ള റോഡിനെ തൊട്ടുകിടക്കുന്ന വസ്തുക്കളുടെ ഉടമസ്ഥന്മാരിൽ ചിലരുമടക്കം ൧൯൦൧ ഉടവരിൽ അയച്ച ഹർജിയെപറ്റി എന്തു നടപടി നടത്തി എന്നു ഗവണ്മെണ്ടു സദയം പറയുമോ?

(൨) കളിയും ചന്തയും നടക്കുന്ന കാലത്തു വലിയ ആൾക്കൂട്ടവും ജന്തുക്കളും വാഹനങ്ങളും ആ സ്ഥലത്തു കൂടുമ്പോൾ ഒരു വശത്തു റോഡിനേയും മറുവശത്തു കുടിവക പറമ്പുകളേയും തൊട്ടുകിടക്കുന്ന ആ പുറമ്പോക്കു സ്ഥലം അനുഭവത്തിൽ വച്ചുകൊള്ളുന്നതു നിമിത്തം പൊതുജനങ്ങൾക്കുണ്ടാകുന്ന വലിയ അസൌകര്യത്തിനും ആപത്തിനും താത്കാലികമായിട്ടുള്ള കടകൾ തകർക്കുന്നതിനു തങ്ങളുടെ സ്ഥലം ഉപയോഗമില്ലാത്തതാക്കിത്തീർക്കുന്നതു നിമിത്തം തൊട്ടുകിടക്കുന്ന വസ്തു ഉടമസ്ഥന്മാർക്കു ഭയങ്കരമായ നഷ്ടത്തിനും നിർമ്മാനസ്വഭാവമായ നാശത്തിനും കാരണമായി തീരുന്നു എന്ന ഗവണ്മെൻറിനു അറിയാമോ ?

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): (എ) ദിവാൻജിക്കു കൊടുത്ത ഹർജി ചീഫ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർ കൊടുത്തതു എക്സിക്യൂട്ടിവ് എഞ്ചിനീയർക്കും റിപ്പോർട്ടിനായി അയക്കപ്പെട്ടു. ഓച്ചിറകളി ഉത്സവം സംബന്ധിച്ചു ജനങ്ങളുടെ സൌകര്യത്തിനായി മതിയാകുന്നിടത്തോളം സ്ഥലം ഒഴിച്ചിട്ടിട്ടുണ്ടു. പുറമ്പോക്കുസ്ഥലത്തിൻറെ ഒരു ഭാഗം താത്കാലികമായ കടകൾ കെട്ടുന്നതിനായി കച്ചവടക്കാർക്കു ലേലം ചെയ്തു വാടകയ്ക്കു കൊടുത്തു എന്നു ചീഫ് എഞ്ചിനീയരുടെ റിപ്പോർട്ടിൽ നിന്നു കാണുന്നു.

(ഡ) മേൽപടി നിഷേധമായിട്ടുകണ്ടു.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ചോദ്യത്തിന്റെ (ഡ)-ാം ഭാഗത്തിന്റെ ഗവണ്മെന്റ് നിഷേധരൂപത്തിൽ മറുപടി പറയുന്നു. റോഡിനെ തൊട്ടുകിടക്കുന്ന പുറമ്പോക്ക സ്ഥലം മേലാം ചെയ്യുകയുണ്ടായതിൽ ജനങ്ങൾക്ക ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ആണ ഈ വിഷയം പ്രതിപാദിക്കുന്നത്. ഈ കാര്യത്തിൽ ഉപദ്രവം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവർതന്നെ—അതായത എക്സിക്യൂട്ടീവ് എഞ്ചിനിയരും അദ്ദേഹത്തിന്റെ കീഴ്ജീവനക്കാരും—അയച്ച റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയല്ലേ ഗവണ്മെന്റ ഇക്കാര്യത്തിൽ തീർച്ച ചെയ്തിട്ടുള്ളത് എന്ന എനിക്കറിഞ്ഞാൽ കൊള്ളാം.

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഗവണ്മെണ്ട ഈ വിഷയത്തിൽ ഒരു തീർച്ചയും ചെയ്തിട്ടില്ല.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർ അല്ലാതെ വേറെ വല്ല ഉദ്യോഗസ്ഥന്മാരും ഈ സ്ഥലം പരിശോധിച്ചുവോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ട സെക്രട്ടറി): മറുപടി അവിടെ പറഞ്ഞിട്ടുണ്ട്.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ജനങ്ങൾക്കുള്ള ഉപദ്രവം ഈ ഉദ്യോഗസ്ഥന്മാർ നിന്നാണ ഉണ്ടായതു എന്നുള്ളതിനെ കരുതി വേറെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ദുഃഖിതം ഗവണ്മെണ്ട് സ്വയം ഒരു അന്വേഷണം നടത്തുമോ?

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ട സെക്രട്ടറി): പൊതുജനങ്ങൾക്ക യാതൊരു ബുദ്ധിമുട്ടുകളുണ്ടായിട്ടില്ല; നേരെ മറിച്ച പൊതുജനങ്ങൾക്ക കൂടുതൽ സൌകര്യം നല്കപ്പെട്ടു എന്നാണ ഗവണ്മെണ്ടിലേക്ക കിട്ടീട്ടുള്ള റിപ്പോർട്ട്. ഇങ്ങനെയാണെങ്കിലുള്ള ഏതെങ്കിലും ഉപദ്രവം ഉണ്ടായിട്ടുണ്ടെങ്കിൽ അതു ഒരു വസ്തുതാസ്ഥാനമാണ എന്ന സംഗതിയിൽ നിന്നും കാണാവുന്നതാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): റോഡിനോട് തൊട്ടുകിടക്കുന്ന പുറമ്പോക്കുകളിലേക്ക ചോകാതെതന്നെ കടകളായി ഉപയോഗിക്കാവുന്നതായ ഇടങ്ങളായി കിടക്കുന്ന സ്ഥലങ്ങളും ഗവണ്മെന്റിന്റെ വകയായും കുടിവകയായും ധാരാളം ഉണ്ടല്ലോ ഗവണ്മെണ്ടിനു ഇതിനെപ്പറ്റി എന്തു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): പൊതുജനങ്ങൾക്ക യാതൊരു ബുദ്ധിമുട്ടുകളുണ്ടായിട്ടില്ല എന്നാണ ഗവണ്മെണ്ടിനു കിട്ടീട്ടുള്ള അറിവ്. കടകൾ കെട്ടുന്നതിനു വേറെ സ്ഥലം ഉപയോഗിക്കണമെന്നാണെങ്കിൽ ഉപദേശിക്കാൻ മെംബർ ആഗ്രഹിക്കുന്നു എങ്കിൽ അദ്ദേഹം അതു സ്ഥലത്തുള്ള അധികാരികൾക്ക എഴുതി അയയ്ക്കേണ്ടതും അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കുന്നതിൽ അവർ അലസരായി കാണപ്പെട്ടാൽ പിന്നീട ഗവണ്മെണ്ടിനോടു അപേക്ഷിക്കാവുന്നതും ആകുന്നു.

വയസ്സു കുറയ്ക്കുന്നതിനു സർക്കാർ ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിട്ടുള്ള അപേക്ഷകൾ.

൨൭. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്):

(എ) തങ്ങളുടെ സർവ്വീസ് പുസ്തകത്തിൽ ആദ്യമായി എഴുതീട്ടുള്ള വയസ്സിനെ കുറയ്ക്കണമെന്ന് ക്ലാർക്ക, ക്ലാർക്ക, ക്ലാർക്ക ഈ ആണ്ടുകളിൽ സർക്കാർ ഉദ്യോഗസ്ഥന്മാരിൽ നിന്നു എത്ര അപേക്ഷകൾ കിട്ടീട്ടുണ്ട് എന്നും,

(ബി) ഈ അപേക്ഷകളെ സ്വീകരിക്കയോ ആലോചിക്കയോ ചെയ്യുവാൻ എന്തു അടിസ്ഥാനത്തിന്മേൽ ആണ് എന്നും,

(സി) ക്ലാർക്ക, ക്ലാർക്ക, ക്ലാർക്ക ഈ കൊല്ലങ്ങളിൽ വയസ്സു കുറയ്ക്കുന്നതിനു കിട്ടിയ അപേക്ഷകളിൽ ഏതു എണ്ണം അനുവദിക്കപ്പെട്ടു എന്നും എതു എണ്ണം തള്ളപ്പെട്ടു എന്നും എതു എണ്ണം ഗവണ്മെണ്ടിൽത്തീർപ്പുയാകാതെ കിടക്കുന്നു എന്നും,

(ഡി) ഈ അപേക്ഷകളിന്മേൽ തെളിവു ശേഖരിക്കപ്പെടാറുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ സ്വഭാവം എന്താണെന്നും,

(ഇ) വയസ്സു കുറയ്ക്കുന്നതിനുള്ള അപേക്ഷകൾ ശരിയല്ല എന്നു കാണിക്കുന്നതിനു ജനങ്ങൾ കൊടുക്കുന്നതായ മറു വിധത്തിൽ ഉള്ളതുതന്നെയോ ഉള്ള തെളിവുകളേയോ നിവേദനങ്ങളേയോ അപേക്ഷകളേയോ പറ്റി ആലോചിക്കാൻ ഗവണ്മെണ്ടു ഒരുക്കമുണ്ടോ എന്നും,

ഗവണ്മെണ്ട് ദയവു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) നാലുതപേക്ഷകൾ,

(ബി) ശരിയായവയസ്സിനെപ്പറ്റി തീരെ അവിതർക്കിതമായ തെളിവുകൊണ്ടുവന്നാൽ അല്ലാതെ അപേക്ഷകൾ അനുവദിക്കപ്പെടുന്നില്ല.

(സി) ഒന്ന് അനുവദിക്കപ്പെട്ടു; രണ്ടെണ്ണം തള്ളപ്പെട്ടു, ഒന്നു ഗവണ്മെൻറിനു തീർച്ചയാക്കാതെ കിടക്കുന്നു.

(ഡി) അതെവയസ്സിനേപറ്റി വിശ്വാസനീയമായ സർട്ടിഫിക്കറുകളോ ജാതകങ്ങളോ.

(ഇ) എഴുത്തു പരിശോധനയിൽ തെളിയിക്കപ്പെട്ട കയ്യക്ഷരത്തിലാണ് ഗവണ്മെൻറ ഈ അപേക്ഷകളെ അനുഭവിയേട്ടോടി വീക്ഷിക്കുന്നു. ഒരു തീർച്ചയിൽ എത്തുന്നതിനു അത്യാവശ്യമായിട്ടുള്ളതു അവർക്കു മറ്റു തെളിവുകളേൽ കൂടുതലാണെന്നു തെളിയിക്കുന്നതിനുള്ള തെളിവു ആവശ്യമല്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ജനങ്ങൾ സ്വയമേവ ഗവണ്മെന്റിന്റെ സമക്ഷംകൊണ്ടുവരാം എന്നുപറയുന്നതെളിവിനെ എന്തിനായിട്ടാണ് വേണ്ടെന്നു പറയുന്നത്? ഈ മറുപടിയുടെ (ഇ) ഭാഗത്തെ സംബന്ധിച്ചാണ്.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതാവശ്യം ഇല്ല. വയസ്സുകുറയ്ക്കുന്നതിനു അപേക്ഷിക്കുന്നതാരും ഗവണ്മെൻറിനു തൃപ്തിവരത്തക്കവണ്ണം പൂർണ്ണ മായി തെളിവുകൊടുക്കേണ്ടിയിരിക്കുന്നതിനാൽ ഗവണ്മെൻറിനു ആ തെളിവുകൊടുത്തതന്നെ തീർച്ചചെയ്യാൻ കഴിയുന്നതാണ്;

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപേക്ഷ തെറ്റായിട്ടുള്ളതാണെന്ന അറിയാവുന്ന പൊതുജനങ്ങളോ മറ്റാരെങ്കിലുമോ ഗവണ്മെന്റിന്റെ സമക്ഷത്തെത്തിവുകൊടുക്കാമെന്ന സ്വയമേവ മുമ്പോട്ട വരികയാണെങ്കിൽ ഗവണ്മെന്റു അതിനെ പ്രതികൂലഭാവത്തിൽ വീക്ഷിക്കുന്നതെന്തിന്?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു ആവശ്യമില്ലാത്തതുകൊണ്ടുതന്നെ, അങ്ങനെ ഒരു സഹായംകൂടാതെ തന്നെ തങ്ങളുടെ സമക്ഷം ഇരിക്കുന്ന റിക്കാർഡുകളിൽ നിന്നു ഗവണ്മെന്റിനു ഒരു തീർപ്പിൽ എത്താൻ കഴിയും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഇരുവശത്തും ഉള്ളതെളിവുകളെ താരതമ്യപ്പെടുത്തുന്ന ഒരു കാര്യം അല്ലേ.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മറുപടിയിൽ പറയുന്നതുപോലെ വസ്തു മാറുന്നതിനുള്ള എല്ലാ അപേക്ഷകളേയും ഗവണ്മെന്റു അതുപ്രകാരം തീർക്കുകയും ഭാവിയിൽ എഴുതിത്തള്ളുന്നതുതന്നെ ശരിയായിട്ടുള്ളതെന്നു ഊഹിച്ചുകൊള്ളുകയും ചെയ്യുന്നു.

തിരുവനന്തപുരം മുൻസിപ്പൽ സഭാപ്രസിഡന്റ് കൌൺസിലർമാരെ
പ്പറ്റി എഴുതിയറിപ്പോർട്ട്.

൨൫. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം മുനിസിപ്പൽ സഭയിലെ ഇപ്പോഴത്തെ പ്രസിഡന്റ് കൌൺസിലർമാർക്ക് പ്രതികൂലമായി വല്ല റിപ്പോർട്ടും അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ റിപ്പോർട്ടും അതിന്മേൽ ഗവണ്മെന്റ് ചെയ്ത തീർപ്പും മേശപ്പുറത്തു വയ്ക്കുമോ എന്നും ഗവണ്മെന്റു സഭയെ പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): അങ്ങനെ ചില കൌൺസിലർമാരെപ്പറ്റി റിപ്പോർട് ചെയ്തിട്ടുണ്ട്. റിപ്പോർട് രഹസ്യമായിട്ടുള്ളതുകയാൽ എഴുത്തുകുത്തുകളും മേശപ്പുറത്തു സ്വീകരിക്കാവുകയല്ല.

വോട്ടുചെയ്യുന്നതിനെപ്പറ്റി തിരുവനന്തപുരം മുനിസിപ്പൽ സഭയിലെ ഔദ്യോഗികകൌൺസിലർമാക്ക് ഉപദേശങ്ങൾ.

൨൬. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വോട്ടുചെയ്യുന്നതിനെ സംബന്ധിച്ചു തിരുവനന്തപുരം മുനിസിപ്പൽ സഭയിലെ ഔദ്യോഗികമെംബർമാർക്ക് ഗവണ്മെന്റു വല്ല ഉപദേശങ്ങളും കൊടുത്തിട്ടുണ്ടോ എന്നുണ്ടെങ്കിൽ ആ കത്തിന്റെ ഒരു പ്രതിമേശപ്പുറത്തുവയ്ക്കുമോ എന്നും ഗവണ്മെന്റു സഭയെ പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): ചോദ്യത്തിന്റെ ഒന്നാമത്തെഭാഗത്തിനുള്ള ഉത്തരം നിഷേധാത്മകമാണു. അതുകൊണ്ടു രണ്ടാമത്തെഭാഗത്തിൽ ഉള്ള ചോദ്യം ഉണ്ടാവുന്നില്ല.

ഇംഗ്ലീഷ്പള്ളിക്കൂടം ഇൻസ്പെക്ടർ ചെയ്ത നിയമനങ്ങൾ

൨൭. മി: ഫ്രെ. ജി. ജാൺ (വയ്ക്കം) ഇപ്പോഴത്തെ ഇംഗ്ലീഷ്പള്ളിക്കൂടം ഇൻസ്പെക്ടർ ചാർജ് ഏറ്റെടുത്തതിൽ പിന്നീടു നടത്തിട്ടുള്ളനിയമനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പട്ടിക ഗവണ്മെന്റ് ഓഫീസുവഴി മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

കുവൈത്തിൽ ഒരു ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിക്കുക.

൨൮. മി: എ. ജി. ജാൺ (വയ്ക്കം): അസൌകര്യമുണ്ടാക്കുകയില്ലെങ്കിൽ കുവൈത്തിൽ ഒരു ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റ് സഭയെ അറിയിക്കുമോ?

(എ) ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിക്കുന്നതിനായി കിട്ടിയ അപേക്ഷകളുടെ എണ്ണം

(ബി) അപേക്ഷകന്മാരുടെ പേരും യഥാക്രമം അവരുടെ അപേക്ഷകളുടെ തീയതിയും.

(സി) എല്ലാ അപേക്ഷകളും അസിസ്റ്റൻറ് ഇൻസ്പെക്ടർക്ക് അയച്ചുവോ?

(ഡി) എഡുക്കേഷൻകോഡു അനുസരിച്ചു അപേക്ഷകരിൽ അർഹരായി ഏറ്റവുമധികം ഗാഢസ്ഥന അയക്കണം.

(൨) ഇതിനു എതെങ്കിലും വ്യതിചലനം ഉണ്ടായിരുന്നുവോ? ഉണ്ടായിരുന്നുവെങ്കിൽ അതിനുണ്ടായിരുന്ന അനുഭവമുണ്ടാകുക.

(എഫ്) ഈ ഓരോ അപേക്ഷയിന്മേലും അസിസ്റ്റണ്ട് ഇൻസ്പെക്ടർ നടത്തിയ നടപടി.

(ജി) ഏതെങ്കിലും പള്ളിക്കൂടം സ്ഥാപിക്കുന്നതിനു അസിസ്റ്റണ്ട് ഇൻസ്പെക്ടർ ഏതെങ്കിലും തടസ്ഥാപനം ഉണ്ടാക്കിട്ടുണ്ടോ ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം.

(എച്ച്) ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ഏതെങ്കിലും സ്ഥലങ്ങൾ പരിശോധിച്ചുവോ ഉണ്ടെങ്കിൽ ഏവ.

(ഐ) ഇൻസ്പെക്ടർ ഏതെങ്കിലും അപേക്ഷകൻ പറഞ്ഞ സ്ഥലംസന്ദർശിക്കാതെ വിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏവ; എന്തുകൊണ്ടു?

(ജെ) ഇൻസ്പെക്ടർ ഏതെങ്കിലും റിപ്പോർട്ട ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം.

(കെ) മറ്റുള്ള അപേക്ഷകളെ തള്ളാൻ ഉള്ള കാരണങ്ങൾ.

(എൽ) ഡയറക്ടർ ആ സ്ഥലം സന്ദർശിക്കുകയും കാര്യങ്ങളും സമീപസ്ഥലങ്ങളിലുള്ള നാട്ടുഭാഷാ പ്രാഥമിക പള്ളിക്കൂടങ്ങളിലും മിഡിൽസ്കൂളുകളിലും എത്തുകൊടുക്കയും പഠിക്കുന്ന എന്നു തീർച്ചവരുത്തുകയും ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അദ്ദേഹം വിദ്യാർത്ഥികളുടെഎണ്ണം തീർച്ചപ്പെടുത്തിയപള്ളിക്കൂടങ്ങളുടെ പേരുകളും.

(എം) വിദ്യാർത്ഥികളുടെ എണ്ണം തീർച്ചപ്പെടുത്താതെ ഡയറക്ടർ വിട്ടിട്ടുള്ള പള്ളിക്കൂടങ്ങളുടെ പേരുകളും അതിനുള്ള കാരണങ്ങളും.

(എൻ) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പള്ളിക്കൂടത്തിനു ഏറ്റവും സമീപത്തുള്ള പള്ളിക്കൂടവും രണ്ടിനും തമ്മിൽ ഉള്ളദൂരവും.

(ഒ) കൊച്ചുകുട്ടികളും ആ പള്ളിക്കൂടത്തിൽ എത്തുന്നതിനുമുൻപ് അവർ കടന്നുപോകേണ്ടതായി മിക്കുന്ന തോടുകളുടേയും നദികളുടേയും എണ്ണം.

(പി) ഡയറക്ടരുടെ തീർപ്പും അങ്ങിനെ ചെയ്യുന്നതിനുള്ള കാരണങ്ങളും.

(ക്യൂ) മറ്റുള്ള അപേക്ഷകരും തള്ളിയതൊ അങ്ങനെയാണെങ്കിൽ അതിനെ അപേക്ഷകന്മാരെ തെറ്റിയറിപ്പെടുത്തിയ കത്തുകളുടെ നമ്പരും തീയതിയും.

(ജെ) അനുവദിക്കില്ലെന്നുള്ള പ്രതീക്ഷണത്തിന്മേൽ ആരെങ്കിലും അങ്ങനെ ഒരു പള്ളിക്കൂടം നടത്തുന്നതായി ഡയറക്ടർക്കു അറിയാമോ എന്നും അറിയാമെങ്കിൽ ആ പള്ളിക്കൂടത്തിൽ എത്രപേർ പഠിക്കുന്നുഎന്നും,

(കെ) അനുവദിച്ച പള്ളിക്കൂടത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം,

(ൽ) പള്ളിക്കൂടങ്ങളെ സാധാരണമായി അംഗീകരിക്കുന്നതിനുള്ള നടപടിസ്ഥാനം.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി):

(എ) ഒന്നുമുതൽ

	(ബി) അപേക്ഷകന്റെ പേര്		അപേക്ഷതീയതി
(എ)	മി: എ. എൻ. വേലുപ്പിള്ള, ആമ്പല്ലൂർ വീട്ട്, കുന്നടി		ഫെബ്രുവരി-മാർച്ച്
(ബി)	ടി	ടി	ഫെബ്രുവരി-മാർച്ച്
(സി)	ടി	ടി	മാർച്ച്-ഏപ്രിൽ
(ഡി)	റെവ: ഫാദർ: ഫിലിപ്പ്മടം, വികാരി, കുത്താപ്പിള്ളി, കൊച്ചേരി		ഫെബ്രുവരി-മാർച്ച്
(ഇ)	ഫാദർ ജേക്കബ്, അസിസ്റ്റന്റ വികാർ	ടി	രീയതിയില്ല.
(എഫ്)	റെവ. ഫാദർ, തോമസ് വികാരി	ടി	മാർച്ച്-ഏപ്രിൽ
(ജി)	മി: യോഹന്നാൻ മത്തായി, പള്ളിക്കാട്ടുവീട്ട്, കുറുപ്പേരി		മാർച്ച്-ഏപ്രിൽ
(എച്ച്)	ടി	ടി	മാർച്ച്-ഏപ്രിൽ

(ഐ) മി: മന്ദത്തു കെ. പത്മനാഭപിള്ള, ജനറൽ സെക്രട്ടറി, നായർസർവീസ് സൊസൈറ്റി — മാർച്ച്-ഏപ്രിൽ

(ജെ) മി: എ. എൻ. വേലുപ്പിള്ള അല്ലേഹത്തിന്റെ മുമ്പ് അപേക്ഷകളിലും ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർക്ക് അയച്ചു; അല്ലേഹം ആദ്യത്തെ രണ്ടിനേയും കോട്ടയത്തുള്ള ഇംഗ്ലീഷ് പള്ളിക്കൂടം അസിസ്റ്റന്റ ഇൻസ്പെക്ടർക്ക് റിപ്പോർട്ടിനായി അയച്ചു. മൂന്നാമത്തേതിനു അസിസ്റ്റന്റ ഇൻസ്പെക്ടരോട് ചോദിക്കാതെ അല്ലേഹം തന്നെ തീർച്ചചെയ്തു.

റെവ ഫാദർ: ഫിലിപ്പ്മടം അല്ലേഹത്തിന്റെ അപേക്ഷയെ കോട്ടയംഇംഗ്ലീഷ്സ്കൂൾ അസിസ്റ്റന്റ് ഇൻസ്പെക്ടർക്ക് അയച്ചു.

ഫാദർജേക്കബ്, അസിസ്റ്റൻവികാരിയും അല്ലേഹത്തിന്റെ അപേക്ഷയെ അസിസ്റ്റന്റ ഡയസ്പെക്ടർക്ക് അയച്ചു.

റവ ഫാദർ: തോമസിന്റേയും മി: യോഹന്നാൻ മത്തായിയുടേയും അപേക്ഷകൾ ഡയറക്ടർക്ക് അയക്കപ്പെട്ടിരുന്നു. അവ ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർക്ക് അയച്ചു. അല്ലേഹം അതിനെ കോട്ടയത്തുള്ള ഇംഗ്ലീഷ്സ്കൂൾ അസിസ്റ്റന്റ ഇൻസ്പെക്ടർക്ക് റിപ്പോർട്ടിനായിഅയച്ചു.

മി: മന്ദത്തു പത്മനാഭപിള്ള അല്ലേഹത്തിന്റെ അപേക്ഷയെ ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർക്ക് അയച്ചു; അല്ലേഹം അതിനെ അസിസ്റ്റന്റ ഇൻസ്പെക്ടർക്ക് അയച്ചിരുന്നില്ല.

(ഡി) ഇംഗ്ലീഷ്പള്ളിക്കൂടം ഇൻസ്പെക്ടർക്ക് അയച്ചിരുന്നില്ല.

(ഇ) ചോദ്യം വ്യക്തമായിരിക്കുന്നില്ല. യാതൊരുചോദ്യത്തിൽനിന്നും വ്യതിചലനവും ഉണ്ടായിരുന്നില്ല.

(എഫ്) പുത്തൻ പള്ളിക്കൂടങ്ങൾക്കായി നിശ്ചയിച്ച എല്ലാസ്ഥലങ്ങളേയും അസിസ്റ്റന്റ ഇൻസ്പെക്ടർ പരിശോധിച്ചു തനിക്കയച്ച എല്ലാഅപേക്ഷകളിന്മേലും ഇൻസ്പെക്ടർക്ക് റിപ്പോർട്ടയച്ചു.

(ജി) കവാലത്തിനു പടിഞ്ഞാറുഭാഗം കുന്നടിഎന്നസ്ഥലത്തു മി: എ. എൻ. വേലുപ്പിള്ള ഒരു പള്ളിക്കൂടം സ്ഥാപിക്കുന്നതിനു ശ്രമപ്രയത്നം ചെയ്തുവരുന്നതിനാൽ കവാലം പള്ളിയിലെ വികാരിയുടെ അസിസ്റ്റന്റ വികാരിയും ആയ റെവ ഫാദർ: ഫിലിപ്പ്മടവും ഫാദർ ജേക്കബും അപേക്ഷിച്ചിരുന്ന പള്ളിക്കൂടംസ്ഥാപിക്കുന്നതിനു അസിസ്റ്റന്റ ഇൻസ്പെക്ടർ തടസ്ഥം പറഞ്ഞിരുന്നു. റെവ: ഫാദർ: തോമസിന്റെ കീഴിൽ കവാലത്തു ഒരു പള്ളിക്കൂടം ആരംഭിക്കുന്നതിനു അല്ലേഹം ശ്രമപ്രയത്നംചെയ്തു. പള്ളിഅധികാരികൾ ഒരു പള്ളിക്കൂടം ആരംഭിക്കാൻ ആലോചിക്കുന്നു എന്നകാരണത്തിന്മേൽ മി: യോഹന്നാൻ മത്തായി അല്ലേഹത്തിന്റെ അപേക്ഷയെ പിൻവലിച്ചിരുന്നതിനാൽ അല്ലേഹത്തിന്റെ അപേക്ഷയെപ്പറ്റി ശ്രമപ്രയത്നംചെയ്യപ്പെട്ടിരുന്നില്ല.

(എച്ച്) ഇംഗ്ലീഷുപള്ളിക്കൂടം ഇൻസ്പെക്ടർ എല്ലാസ്ഥലങ്ങളേയും പ്രത്യേകമായി സ്ഥലങ്ങൾ പേരിയ നാട്, കുന്നടി, കുന്നത്തൂർ, ചായിൽ, പള്ളിക്കാട്ട എന്നിവ ആയിരുന്നു.

(ഐ) മറുപടി നിഷേധമായിട്ടാണ്.

(ജെ) ഇൻസ്പെക്ടർ ഓരോഅപേക്ഷയേയും പറ്റി പ്രത്യേകംപ്രത്യേകം ചിന്തിച്ചു, റവ ആരംഭം മുതൽ പ്രിപ്രൈമറിക്ലാസ്സുകളോടു ഫാദറും ഉള്ളതായി കാണപ്പെടുന്ന ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ തുടങ്ങികൊള്ളുന്നതിനു നായർ സർവീസുസൊസൈറ്റി ജനറൽ സിക്രട്ടറിക്ക അനുവാദം കൊടുക്കണമെന്നു ശ്രമപ്രയത്നംചെയ്തു.

(കെ) മി: യൊഹന്നാൻ മത്തായി അല്ലേഹത്തിന്റെ അപേക്ഷ പിൻവലിച്ചു (ജി) ഭാഗത്തിനുകൊടുക്കുക.

മി: എ. എൻ: വേലുപ്പിള്ള നിശ്ചയിച്ചസ്ഥലം പുളിംകുന്നിൽ ഇപ്പോഴത്തെ ഇരിക്കുന്ന പള്ളിക്കൂടത്തിനു വളരെ സമീപത്തായിരുന്നതിനാൽ ഇൻസ്പെക്ടർ അല്ലേഹത്തിന്റെ അപേക്ഷയെ ശ്രമപ്രയത്നം ചെയ്തിട്ടില്ല. താഴെപറയുന്ന കാരണങ്ങളാൽ കവാലം പള്ളിവികാരിയുടെ അപേക്ഷയെ പറ്റി അല്ലേഹം ശ്രമപ്രയത്നം ചെയ്യുന്നതിരുന്നു.

(i) പുളിംകുന്നിൽ ഇപ്പോഴത്തെ ഉള്ള പള്ളിക്കൂടം മറ്റൊൻകത്തോലിക്ക്ക്രിസ്ത്യാനികളുടെ ഭവനത്തിൽ ഇരിക്കുന്നു. അതേ പക്ഷത്തിൽ അവരുടെ ഭവനത്തിൽ വേറൊരു പള്ളിക്കൂടംകൂടി ആരംഭിക്കാൻ അനുവദിക്കുന്നതു മറ്റു സമുദായങ്ങളോടുനീതിയായി പെരുമാറുന്നതായിരിക്കുന്നതല്ല.

(ii) പുളിംകുന്നിൽ ഉള്ള പള്ളിക്കൂടം സവർണ്ണഹിന്ദുവിദ്യാർത്ഥികൾക്ക അവരുടെഉച്ചക്ഷണത്തിനു വേണ്ടസൗകര്യം നല്കുന്നില്ല, അവിടെ വിദ്യാർത്ഥിനികൾക്ക പ്രവേശനം അനുവദിച്ചിട്ടില്ല.

(iii) മണിമലയാറിന്റെ വലത്തെകരയിൽ സ്ഥിതിചെയ്യുന്ന കാവാലം നായന്മാർ തിങ്ങിപാർക്കുന്നും സർക്കാർവകയായ ഒരു മലയാളം മിഡിൽസ്കൂളും സഹായധനം വാങ്ങുന്ന ഒരു ക്രൈസ്തവപള്ളിക്കൂടവും ഉള്ളതുമായ ഒരുസ്ഥലമാകുന്നു.

(iv) കുറേക്കാലം പള്ളിവികാരി പള്ളിക്കൂടം സ്ഥാപിക്കാൻ ഉദ്ദേശിച്ച മണിമലയാറിന്റെ ഇടതുകര കയറിൽ ഉള്ള കുന്നുംമേൽ എന്നസ്ഥലത്തു വളരെ കുറച്ചുമാത്രം വീടുകളേ ഉള്ളൂ. അവിടെ പൂർണ്ണമായ ഒരു പ്രാഥമികപള്ളിക്കൂടം ഇല്ലതാനും.

(v) ഈ രണ്ടുസ്കൂളും നിൽക്കുന്നതുകൊണ്ടു കാവാലത്തുള്ള ഹിന്ദുവിദ്യാർത്ഥികൾക്കു അക്കരയ്ക്കു പോകുന്നതിനു മണിമലയാറു കടക്കേണ്ടതു അത്ര രക്ഷയായിട്ടുള്ളതല്ല. അവരുടെ ഈ സങ്കടം മുമ്പൊരിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെടുകയും ഇംഗ്ലീഷ് നിർബന്ധവിഷയമായി പഠിപ്പിക്കപ്പെടുന്ന സക്കാർവക ഒരു മലയാളം മിഡിൽസ്കൂൾ അവിടെ കൊടുക്കുകയും ചെയ്തു. ആ പള്ളിക്കൂടം ഇപ്പോഴും അവരുടെ ആവശ്യങ്ങളെ നിവൃത്തിക്കുന്നതിനു മതിയായ്കാതെ നിന്നിരിക്കുന്നു. ഇംഗ്ലീഷ് പള്ളിക്കൂടം അവശ്യം വേണ്ടിവന്നിരിക്കുന്നു.

(vi) കാവാലത്തു ഒരു പള്ളിക്കൂടം സ്ഥാപിച്ചാൽ അതു ആപ്പകുരിയുടെ വടക്കുഭാഗത്തു നിന്നു വിദ്യാർത്ഥികളെ ആകർഷിക്കുന്നതായിരിക്കും. തന്നിമിത്തം തെക്കേ പകുതിയിൽ ഇരിക്കുന്ന പുളിങ്കുന്നിൽ ഉള്ള പള്ളിക്കൂടത്തിനു സാരമായ ഹാനിയൊന്നുമുണ്ടാകയില്ല.

(എട്ട്) അതേ, ഡയറക്ടർ സ്വയം ചെന്നു കാണുകയും കാവാലത്തുള്ള മലയാളംമിഡിൽ സ്കൂളിൽ എത്രവിദ്യാർത്ഥികൾ പഠിച്ചിരുന്നു എന്നു തിട്ടപ്പെടുത്തിക്കൊള്ളുകയും ചെയ്തു. അദ്ദേഹം സന്ദർശിച്ച കാവാലത്തു പള്ളിക്കൂടത്തിൽ ഒരു രണ്ടു കുട്ടികൾ പഠിച്ചിരുന്നു. ചുവടെച്ചേർത്തിരിക്കുന്ന വിവരം കാവാലം പള്ളിക്കൂടങ്ങളിൽ നിന്നു കിട്ടിയതാണു്.

	പഠിച്ചിരുന്ന വിദ്യാർത്ഥികളുടെഎണ്ണം
പ്രാഥമിക പള്ളിക്കൂടം. കാവാലം വടക്ക്	൭൭
ഈ പള്ളിക്കൂടം കാവാലം തിരക്കു	൩൭
പെൺകുട്ടികൾക്കുള്ള പ്രാഥമിക പള്ളിക്കൂടം: കാവാലം	൫൦

(എട്ടു) ഒരു വീടുയിൽ എണ്ണുന്നതിനു ഈ വിവരം ആവശ്യമില്ലാത്തതിനാൽ മറ്റു പള്ളിക്കൂടങ്ങളിലും പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ എണ്ണം അന്വേഷിച്ചറിഞ്ഞില്ല.

(എൻ) നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പള്ളിക്കൂടത്തിനു ഏറ്റവും സമീപത്തുള്ള പള്ളിക്കൂടം ൨൦൦ ഗജം അകലെയുള്ള പ്രാഥമിക പള്ളിക്കൂടം ആകുന്നു; ഏറ്റവും അടുത്തുള്ള ഇംഗ്ലീഷ്മിഡിൽസ്കൂൾ ൫൫൫൦ ഗജം കൂടുതൽ അകലെയുള്ള പുളിങ്കുന്നിൽ ആകുന്നു.

(ഒ) കുടക്കേണ്ടതൊട്ടകളുടെയും നടികളുടെയും എണ്ണംവിദ്യാർത്ഥികളുടെ താമസസ്ഥലമനുസരിച്ചുള്ളതിയും കുറഞ്ഞും ഇരിക്കുമെന്നുള്ളതിനാൽ ഇപ്പോഴത്തെ ഒരുപടിപരയാൻ നിവൃത്തിയില്ല.

(പി) നായർ സർവീസ്സൊസൈറ്റിയുടെ കീഴിൽ ഒരു പള്ളിക്കൂടം ആരംഭിക്കുന്നതിനു ഡയറക്ടർ അനുവാദംകൊടുത്തതിനുള്ള കാരണങ്ങളിൽ പ്രധാനമായിട്ടുള്ളവ താഴെ പറയുന്നവയാകുന്നു.

(i) കാവാലത്തുള്ള മലയാളം മിഡിൽസ്കൂളിലെ കുണക്കുകളിൽ നിന്നു ഈഴവരുടെ കുട്ടികളെ ക്രൊംകുട്ടികൾഅല്ലാത്തവർ ക്ലേശത്തൽ ആണെന്നു കാണപ്പെട്ടു.

(ii) റൊമൻകത്തോലിക്കാരുടെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പെൺകുട്ടികളെച്ചേർക്കുന്നില്ല.

(iii) ഇപ്പോൾ ഏറ്റവും അടുത്തുള്ള ഇംഗ്ലീഷ് മിഡിൽസ്കൂൾ കുട്ടനാടിലത്തരുടെ ആകുന്നു.

(iv) ഒരു ഇംഗ്ലീഷ് പള്ളിക്കൂടത്തിനു കുറെക്കാലമായി ശ്രമിച്ചുവരുന്നതും നടിയുടെ കാവാലത്തുള്ളവരും ആകുന്നു.

(ക്യൂ) ഒന്നാംഭാഗം. അതേ

രണ്ടാം ഭാഗം ഡയറക്ടരുടെ ഫൈൽ ൪-൨൦ നമ്പർ-നംബർ ഇങ്ങനെയുള്ളതാണു. അതിന്റെ അപേക്ഷ അനുവദിക്കാൻ ഇടയില്ല എന്നു മിസ്റ്റർ എ. എൻ. വേലുപ്പിള്ളയെ തെറിയപ്പെടുത്തിയിരുന്നു.

സ്ഥലത്തുള്ള വിദ്യാഭ്യാസാവശ്യങ്ങൾ പുളിംകുന്നിൽ ഉള്ള ഇംഗ്ലീഷ് മിഡിൽസ്കൂൾ നിവർത്തിച്ചിരുന്നതിനാൽ കുന്നുമേലിൽ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്ഥാപിക്കുന്നതിനു അനുവാദം കൊടുക്കാൻ നിവൃത്തിയില്ല എന്നു ഡയറക്ടരുടെ ഫൈൽ ൪-൨-൧൯-ാം നംബർ ഇങ്ങോസ്മൂലം കാവാലം പള്ളിയിലെ വികാരിയെ കത്തറിയപ്പെടുത്തിയിരുന്നു.

മിസ്റ്റർ യോഹന്നാൻ മത്തായി അദ്ദേഹത്തിന്റെ അപേക്ഷയെ പിൻവലിച്ചിരുന്നതിനാൽ അക്കാലത്തുവേറെ അപേക്ഷകന്മാർ ആരും ഉണ്ടായിരുന്നില്ല. (ജി) ഭാഗം നോക്കുക. ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർ സ്ഥലം കാണുമ്പോൾ അവരുടെ സ്ഥലത്തു ഒരു ഇംഗ്ലീഷ് പള്ളിക്കൂടം തുറക്കുന്നതിനു ശുപാർശ ചെയ്യാൻ തനിക്കു കഴിവില്ലെന്നും കാവാലം പള്ളിയിലെ വികാരിയോടും അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ചിലരോടും പറകയും അപ്പോൾ പ്രാഥമിക പള്ളിക്കൂടങ്ങൾ മതിയാകുന്നതിനാൽ ആ സ്ഥലത്തു ഒരു പ്രാഥമികപള്ളിക്കൂടം ഏർപ്പെടുത്തുന്നതിനു ഉപദേശിക്കുകയും ചെയ്തിരുന്നു.

നായർസർവീസ്സൊസൈറ്റിയുടെ കീഴിൽ ഒരു പള്ളിക്കൂടം തുറക്കുന്നതിനു അനുവാദംകൊടുത്തപ്പോൾ മിസ്റ്റർ എ. എൻ. വേലുപ്പിള്ളിയുടേയോ കാവാലംപള്ളിയിലെവികാരിയുടേയൊ യാതൊരു അപേക്ഷയുമതീതു മാകാതെ കിടന്നിരുന്നില്ല.

(ആർ) ഒന്നാംഭാഗം—അതേ.

രണ്ടാംഭാഗം ൫൦ വിദ്യാർത്ഥികൾ പഠിച്ചിരുന്നതായി ബോധിപ്പിച്ചിരിക്കുന്നു.

(എസ്) ശ്രീ.

(ടി) ഡിപ്പാർട്മെന്റിലെ അനുവാദത്തിന്മേൽ ആരംഭിക്കയും തൃപ്തികരമാം വണ്ണം നടത്തുകയും ചെയ്തുപോരും പള്ളിക്കൂടങ്ങളെ ഈംഗീകരിക്കുന്നതാണു്.

മിസ്: എ. ജെ. ജാൺ (വയ്യം) (ബി)യുള്ള മറുവടിയെ സംബന്ധിച്ചിടത്തോളം ക-ം, ൨-ം,൩-ം ഖണ്ഡികകൾ ഒരേപള്ളിക്കൂടത്തെ സംബന്ധിച്ചുള്ളതാണോ, എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) സഭയുടെ മുമ്പിൽ ഇരിക്കുന്ന വിഷയങ്ങളിൽ നിന്നും അങ്ങനെയാണ് തോന്നുന്നത്.

മി: എ. ജെ. ജാൺ (വയ്ക്കം) ഴ - , ഒ- സ്- ഒരേ പള്ളിക്കൂടത്തിനെസംബന്ധിച്ചുള്ളതാണോ എന്നു നിഞ്ഞാൽകൊള്ളാം.

മി: കെ. ജാജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി) ഒരേ പള്ളിക്കൂടത്തെത്തന്നെ സംബന്ധിക്കുന്നില്ല എങ്കിലും ഒരേ സ്ഥലത്തുള്ള പള്ളിക്കൂടങ്ങളെ സംബന്ധിച്ചാണെന്നുവരാം.

മി: എ. ജെ. ജാൺ (വയ്ക്കം) ഗവണ്മെൻറിനു അതിനെപറ്റി വല്ലവ്യക്തമായ അറിവുള്ളതാണോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) ഇവിടെപറഞ്ഞതിൽ കൂടുതലായി ഒന്നും ഇല്ല.

മി: എ. ജെ. ജാൺ (വയ്ക്കം) അപേക്ഷയിൽ സ്ഥലം പറഞ്ഞിരുന്നൊ എന്നതിനെപ്പറ്റി നിന്നും എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി) സഭയുടെ മുമ്പിൽ പറയപ്പെട്ടിട്ടുള്ളതല്ലാതെ ഒഴിച്ചു അതിനെ സംബന്ധിച്ചു ഗവണ്മെൻറിനു യാതൊരു അറിവും ഇല്ല.

മി: എ. ജെ. ജാൺ (വയ്ക്കം) അപേക്ഷയിൽ സ്ഥലം പറഞ്ഞിരുന്നൊ എന്നാണ് എന്റെ ചോദ്യം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) എനിക്കറിവില്ല.

മി: എ. ജെ. ജാൺ (വയ്ക്കം) കോഡനുസരിച്ചു സ്ഥാനം അപേക്ഷയിൽപറഞ്ഞിരിക്കേണ്ടതല്ലേ.

മി: കെ. ജാർജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി) കോഡ്നിർബന്ധിക്കുകയാണെങ്കിൽ അതുപറഞ്ഞിരിക്കണം.

മി: എ. ജെ. ജാൺ (വയ്ക്കം) ഗവണ്മെൻറിനു അതിനെപറ്റി യാതൊരു അറിവുംഇല്ലേ.

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) ഗവണ്മെൻറിന്റെ പക്കൽ അപേക്ഷകരിൽ നിന്നു ഇല്ല.

മി: എ. ജെ. ജാൺ (വയ്ക്കം) മിസ്റ്റർ കെ. പത്മനാഭപിള്ളയുടെ അപേക്ഷയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു അദ്ദേഹത്തിന്റെ അപേക്ഷ എപ്പോൾകിട്ടിഎന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) ഗവണ്മെൻറിനു അദ്ദേഹത്തിന്റെ അപേക്ഷ കിട്ടിയില്ല.

മി: എ. ജെ. ജാൺ (വയ്ക്കം) ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർക്ക് അദ്ദേഹത്തിന്റെ അപേക്ഷ എപ്പോൾകിട്ടി എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) അതിപ്പോൾ പറഞ്ഞിട്ടുണ്ട്.

മി: എ. ജെ. ജാൺ (വയ്ക്കം) അപേക്ഷനീയതി ക്ഷ ഠ ഥ-ഉ-വുന- ആണെന്നും മിസ്റ്റർ മന്നത്തു പത്മനാഭപിള്ള അദ്ദേഹത്തിന്റെ അപേക്ഷയെ ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർക്കയച്ചു എന്നും അദ്ദേഹം അതിനെ അസിസ്റ്റൻറ് ഇൻസ്പെക്ടർക്ക അയച്ചില്ല എന്നും ഇവിടെ പറയപ്പെട്ടിരിക്കുന്നു. ഇൻസ്പെക്ടർക്ക അദ്ദേഹത്തിന്റെ അപേക്ഷ എപ്പോൾ കിട്ടിയെന്നു അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) ക്ഷ ഠ ഥ-ഉ-വുന- യിൽ പിന്നെ ഒന്നോ രണ്ടോ ദിവസം കഴിഞ്ഞിട്ടായിരിക്കണം.

മി: എ. ജെ. ജാൺ (വയ്ക്കം) ഇൻസ്പെക്ടർ സ്ഥലംമാറ്റം പറിശോധിച്ചപ്പോൾ അദ്ദേഹത്തിന്റെ പക്കൽ പത്മനാഭപിള്ളയുടെ അപേക്ഷയുണ്ടായിരുന്നുവോ?

മി: കെ. ജാജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി) ഞാൻ അങ്ങനെ പറഞ്ഞില്ല. അപേക്ഷയിൽ ക്ഷ ഠ ഥ-ഉ-വുന- വച്ചിരിക്കുന്നു. അപേക്ഷഅന്നു തന്നെ കിട്ടിയിരിക്കാം.

മി: എ. ജെ. ജാൺ (വയ്ക്കം) അഞ്ചൽവഴി മാണൊഅയക്കപ്പെട്ടത്.

മി: കെ. ജാജ് (ഗവണ്മെൻറ്ചീഫ്സെക്രട്ടറി) എനിക്കറിഞ്ഞുകൂടാ.

മി: എ. ജെ. ജാൺ (വയ്ക്കം): എന്റെ ചോദ്യത്തിന്റെ (ജി) ഭാഗത്തിനുള്ള മറുപടി "കോവാലത്തിന്റെ വളരെ സമീപം മി: എ. എൻ. വേലുപ്പിള്ളക്ക ഒരു പള്ളിക്കൂടത്തിനു ശുപാർശ ചെയ്തുപോയിരിക്കുന്നതിനാൽ കാവാലം പള്ളിയിലെ വികാരിയും അസിസ്റ്റൻറധികാരിയും ആയ റെവ. ഫാദർഫിലിപ്പും റെവ. ഫാദർ ജേക്കബും അപേക്ഷിച്ചപള്ളിക്കൂടം ഇറക്കുന്നതിനു അസിസ്റ്റൻറ ഇൻസ്പെക്ടർ തടസ്ഥം പറഞ്ഞു. റെവ. ഫാദർ താമസിന്റെ കീഴിൽ കാവാലത്തു ഒരു പള്ളിക്കൂടം ഇറക്കുന്നതിനു അദ്ദേഹം ശുപാർശചെയ്തു" എന്നാകുന്നു. അതിന്റെ അർത്ഥം എന്താണെന്നു എനിക്കറിഞ്ഞാൽ കൊള്ളാം. കുവാലത്തിനു സമീപം കുന്നടിയിൽ മി: വേലുപ്പിള്ളക്ക് ഒരു പള്ളിക്കൂടം അനുവദിക്കപ്പെട്ടതിനാണ് റെവ. ഫാദർ ഫിലിപ്പിനും റെവ. ഫാദർ ജേക്കബ്ബിനും ഒരു പള്ളിക്കൂടം ഇല്ലെന്നു പറയപ്പെട്ടു. റെവ: ഫാദർ. താമസ് അപേക്ഷിച്ചതിനാൽ വേറെ ഒരു പള്ളിക്കൂടം അനുവദിക്കപ്പെട്ടു. ഇതിന്റെ അർത്ഥം എന്താണ്?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): വിഷമം എന്താണെന്നു എനിക്ക മനസ്സിലാകുന്നില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): മറുപടിയിൽ പറഞ്ഞിരിക്കുന്നു "അസിസ്റ്റൻറ ഇൻസ്പെക്ടർ" ...

മി: കെ. ശിവരാമപ്പണിക്കർ (കോന്നി): ഞാൻനടപടിക്രമത്തെപ്പറ്റി ഒരു ചോദ്യം ചോദിക്കുന്നു. ഇവിടെ പറഞ്ഞ മറുപടി വായിക്കുന്നതിനു മെമ്പർക്ക അധികാരമുണ്ടോ?

പ്രസിഡണ്ട്: അല്ല കഴിഞ്ഞ യോഗത്തിലൊ അതിനുമുമ്പുള്ള യോഗത്തിലൊ ഞാൻ ഉത്തരവുചെയ്ത ഒരു വിഷയമാകുന്നു. മെമ്പർക്ക വായിക്കാൻ അധികാരമില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): (എച്ച്) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ഇൻസ്പെക്ടർ ഇവിടെ പറഞ്ഞിട്ടുള്ള സ്ഥലങ്ങളെ മാത്രമെ പരിശോധിച്ചുള്ളൂ എന്ന എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇൻസ്പെക്ടർ എല്ലാസ്ഥലങ്ങളും പരിശോധിച്ചു എന്നു പറയപ്പെട്ടിരിക്കുന്നു.

മി: എ. ജെ ജാൺ (വയ്ക്കം): ഇൻസ്പെക്ടർ പെട്ടിനാട്ട, കുന്നടി, ചാലയിൽ, വള്ളിക്കോട്ട ഈ സ്ഥലങ്ങളിലുള്ള സ്ഥാനങ്ങളെ പരിശോധിച്ചു എന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നു.

മി: കെ. ജാൺ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതെ. അപേക്ഷയിൽ പറഞ്ഞിരുന്ന സ്ഥാനങ്ങൾ അവമാത്രമായിരിക്കണം.

മി: എ, ജെ. ജാൺ (വയ്ക്കം): (കെ) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം മി: യോഹന്നാൻ മത്തായി അളേഹത്തിൻറ അപേക്ഷയെ ഏതെങ്കിലും രൂപാന്തരമായ അപേക്ഷ മൂലമാണോ പിൻവലിച്ചു എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ ജാൺ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): പിൻവലിച്ചതു രേഖാമൂലമാണോ മുഖപ്രിയാണോ എന്നു എനിക്കറിഞ്ഞുകൂടാ.

മി: എ ജെ. ജാൺ (വയ്ക്കം): അപേക്ഷ ഏതു തീയതിയിൽ പിൻവലിക്കപ്പെട്ടു എന്നതിനെപറ്റി ഗവണ്മെൻറിനു വല്ല വിവരവും ഉണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാൺ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി: എ. ജെ. ജാൺ (വയ്ക്കം): (കെ) (മ) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ഒരേസമുദായത്തിനു ഒരേ പ്രകൃതിയിൽ ഒന്നിലധികം പള്ളിക്കൂടം കൊടുക്കുന്നതിൽ എന്തു അനീതിയാണു ഉള്ളതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാൺ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): പേരെ ഒരു സമുദായത്തിനു ഒരു പള്ളിക്കൂടം കിട്ടുകയില്ല എന്നുള്ളതുതന്നെയാണ് അനീതി.

മി: എ. ജെ. ജാൺ (വയ്ക്കം): മാറുള്ള സമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്കു ഏതെങ്കിലും പള്ളിക്കൂടത്തിലെ പ്രവേശനം നിഷേധിക്കപ്പെടുന്നുണ്ടോ?

മി: കെ. ജാൺ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): കാംഗ്രീകരണം എല്ലാ സമുദായത്തിലും പെട്ടവിദ്യാർത്ഥികൾക്കും പ്രവേശനം നിഷേധിക്കപ്പെടുന്ന എന്ന വ്യവസ്ഥയിന്മേൽ ആകയാൽ അവക്കു പ്രവേശനം ഇല്ലെന്നു പറയപ്പെടുകയില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): ഒരു പ്രത്യേക സമുദായത്തിനുമാത്രമുള്ള പള്ളിക്കൂടങ്ങൾ മാത്രമേ അനുവദിക്കയുള്ളു എന്ന വല്ല ചട്ടവും ഉണ്ടോ?

മി: കെ. ജാൺ (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): സമുദായ സംബന്ധമായ കാര്യം ഒന്നും ഇല്ല. ആവശ്യമുള്ളപ്പോൾ സ്ഥലത്തെക്കു പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തികൊടുക്കുന്നതേയുള്ളു.

മി: എ. ജെ. ജാൺ (വയ്ക്കം): എന്നാൽ അനീതി എവിടെ?

മി: കെ. ജാൺ (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഒരു പള്ളിക്കൂടംകൂടി അനുവദിച്ചാൽ ഒരു പള്ളിക്കൂടം ഏർപ്പെടുത്തുന്നതിനു ഉദ്ദേശിക്കുന്ന വേറെ ഒരു സമുദായത്തിനു അങ്ങനെ ചെയ്യുന്നതിനുള്ള അവസരം കിട്ടാതാധീനമാകുന്നു. നിവൃത്തിയുള്ളിടത്തോളം പള്ളിക്കൂടങ്ങൾ മറെറ സമുദായങ്ങൾക്കുകൂടി വീതിച്ചുകൊടുക്കുന്നതു നന്നായിരിക്കും.

മി: എ. ജെ. ജാൺ (വയ്ക്കം): പള്ളിക്കൂടങ്ങൾക്കും സമുദായം അനുസരിച്ചുള്ള പ്രാതിനിധ്യം ഉണ്ടോ?

മി: കെ. ജാൺ (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അങ്ങനെയല്ല. അതു ന്യായത്തെ സംബന്ധിച്ചു ഒരു കാര്യമാകുന്നു.

മി: എ. ജെ. ജാൺ (വയ്ക്കം): പുതിയകുന്നപള്ളിക്കൂടത്തിൽ ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള പുരകൾ ഇല്ല എന്ന സവർണ്ണ ഹിന്ദുവിദ്യാർത്ഥികളിൽ നിന്നും വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ എന്ന (ii)-ാംഭാഗത്തെ സംബന്ധിച്ചിടത്തോളം എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ. അതു ഇൻസ്പെക്ടർ കണ്ടുപിടിച്ചതായിരിക്കണം.

മി: എ. ജെ. ജാൺ (വയ്ക്കം): സവർണ്ണഹിന്ദുക്കൾക്കു ഉച്ചഭക്ഷണത്തിനുള്ള പുരകൾ കെട്ടിതീരണമെന്നു ഇൻസ്പെക്ടർ പള്ളിക്കൂടം അധികാരികൾക്കു എഴുതീട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി: എ. ജെ. ജാൺ (വയ്ക്കം): (iii)-ം ഭാഗത്തെ സംബന്ധിച്ചിടത്തോളം കാവാലത്തിൻറെ മൊത്തം ജനസംഖ്യ എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്കു പറയാൻ കഴിയുകയില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): അതു നായന്മാർ തിങ്ങിപാർക്കുന്ന ഒരു സ്ഥലമാണെന്നു എങ്ങനെയാണു പറഞ്ഞതു?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇൻസ്പെക്ടർക്കു കിട്ടിയ വിവരം അങ്ങനെയാണ്.

മി: എ. ജെ. ജാൺ (വയ്ക്കം): ആ അറിവിനുള്ള അടിസ്ഥാനം എന്താണ്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെയുള്ള വിവരങ്ങൾക്കു സാധാരണമായുള്ള അടിസ്ഥാനം സ്ഥലത്തുള്ള അന്വേഷണമാണ്.

മി: എ. ജെ. ജാൺ (വയ്ക്കം): അതിൻറെ അർത്ഥം?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇൻസ്പെക്ടർ സ്ഥലത്തു പോയി അന്വേഷണം നടത്തിയതിൽനിന്നു മനസ്സിലാക്കി.

മി: എ. ജെ. ജാൺ (വയ്ക്കം): (v)-ാം ഭാഗത്തെ സംബന്ധിച്ചിടത്തോളം വളരെ കുറച്ചുവീടുകളെ ഉള്ളു എന്നു ഇൻസ്പെക്ടർ എങ്ങനെ അറിഞ്ഞു എന്നും അദ്ദേഹം ആ സ്ഥലം ചുറിനോക്കിട്ടുണ്ടോ എന്നും എനിക്കറിഞ്ഞാൽ കൊള്ളാം.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): മെംബർ ക്രാസുചെയ്യുന്നതുപോലെയല്ലേ ചോദ്യംചോദിക്കുന്നത് എന്ന് ഞാൻ സംശയിക്കുന്നു.

പ്രസിഡന്റ്: ഞാൻ അദ്ദേഹത്തിനെ പ്രത്യേകം ശ്രദ്ധിച്ചുവരികയാണ്.

മി: എ. ജെ. ജാൺ (വയ്ക്കം): അതിന്റെ അടിസ്ഥാനം എന്താണെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഞാൻ മുൻപു പറയുന്ന അടിസ്ഥാനം തന്നെ.

മി: എ. ജെ. ജാൺ (വയ്ക്കം): (v)-ാം ഭാഗത്തിനു മറുപടിയിൽ മണിമലയാറു കടക്കുന്നതു സുരക്ഷിതം അല്ല എന്നും അവക്ക് അതിനുള്ള ആവശ്യകത ഇല്ല എന്നും പറയപ്പെട്ടിരിക്കുന്നു. വിദ്യുത്പ്രവാഹരയിൽ ഉള്ള പള്ളിക്കുടത്തിൽ വരുന്നതിനു നികിടക്കേണ്ടതായിരുന്നാൽ അതു സുരക്ഷിതമാണോ?

പ്രസിഡണ്ട്: മെംബർ വിവരം അല്ല ചോദിക്കുന്നതു്, അഭിപ്രായം ആണ്.

മി: എ: ജെ: ജാൺ (വയ്ക്കം): വിദ്യുദ്യോസന്ധയറ്റർ കാവാംചുറ്റുള്ള പള്ളിക്കുടങ്ങളിൽ എല്ലാംകൂടി എത്ര കുട്ടികൾ പഠിക്കുന്നു എന്നു അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എം) ഭാഗത്തിനുള്ള മറുപടി നോക്കുക.

മി: എ. ജെ. ജാൺ (വയ്ക്കം): അദ്ദേഹം കാവാംചുറ്റുള്ള ഗ്രാൻറ പള്ളിക്കുടത്തിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നു അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): എനിക്കറിവില്ല. അദ്ദേഹം എത്ര കുട്ടികൾ വീതം പഠിക്കുന്നു എന്നു അന്വേഷിച്ചറിഞ്ഞിട്ടുള്ള പള്ളിക്കുടങ്ങൾ ഇവയാണെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. ജെ. ജാൺ (വയ്ക്കം): ഇവ സർക്കാർ പള്ളിക്കുടങ്ങൾമാത്രമാണു. അദ്ദേഹം ഗ്രാൻറു പള്ളിക്കുടങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നു അന്വേഷിച്ചുറിഞ്ഞിട്ടുണ്ടോ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി: എ. ജെ. ജാൺ (വയ്ക്കം): കാവാംചുറ്റു കിഴക്കുഭാഗം മലയാളം മിഡിൽസ്കൂളുകൾ ഉണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

പ്രസിഡൻറ്: മെംബർ വിവരങ്ങൾ തരുന്നതുപോലെ വിവരങ്ങൾ ആവശ്യപ്പെടുന്നതുപോലെ?

മി: എ. ജെ. ജാൺ (വയ്ക്കം): (ആർ), (എസ്). ഈ ഭാഗങ്ങൾക്കുള്ള മറുപടിയെ അപേക്ഷിച്ചു ഇക്കരയിലും അക്കരയിലും ഉള്ള പള്ളിക്കുടങ്ങളിൽ പഠിക്കുന്നതായി പറയപ്പെട്ടിരിക്കുന്ന കുട്ടികളുടെ എണ്ണത്തിൽനിന്നു കുന്നമ്മലിൽ ഒരു പള്ളിക്കുടം അനിവാര്യമായി ആവശ്യമായിരിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അതു അഭിപ്രായസംബന്ധമായ ഒരു ചോദ്യമാണ്.

മി: എ. ജെ. ജാൺ (വയ്ക്കം): ഏതെങ്കിലും സ്ഥലത്തു ഗവണ്മെണ്ട് ഒന്നിലധികം പള്ളിക്കുടം അനുവദിച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഈ ചോദ്യത്തിൽ നിന്നു ഉത്ഭവിക്കുന്നതായിതോന്നുന്നില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): കാവാംചുറ്റുള്ള പള്ളിയിടവ അധികാരികൾ തങ്ങൾക്കു ഗവണ്മെൻറിൽനിന്നും ധനസഹായം ഒന്നും ആവശ്യം ഇല്ലെന്നു ഗവണ്മെണ്ടിനോടു പറഞ്ഞിട്ടുണ്ടോ?

മി: കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) എനിക്കറിഞ്ഞുകൂടാ.

പ്രസിഡണ്ട്: മി: ജാണിന്റെ ഈ ചോദ്യത്തെ ചോദ്യങ്ങൾക്കുള്ള ലിസ്റ്റിൽ ചേർക്കാൻ സമ്മതിച്ചതു അതു ഒരു ചോദ്യം എങ്ങനേയുള്ളതായിരിക്കാൻ പാടില്ല എന്നുള്ളതിനു സുവ്യക്തമായ ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനായിട്ടാകുന്നു. ഇതു നിശ്ചയമായും ചോദ്യംചെയ്യുന്നതിനുള്ള അധികാരത്തെ ദുരുപയോഗിക്കുകയാണു. ഇപ്രകാരമുള്ള കാര്യങ്ങൾ ഇടസ്ത നടക്കുന്നതായാൽ മെംബർമാർ ഇപ്പോൾ അനുഭവിക്കുന്നതും ചില മെംബർമാർ ദുരുപയോഗപ്പെടുത്തുന്നതുമായ സ്വാതന്ത്ര്യത്തേയും അധികാരത്തേയും നിയന്ത്രിക്കേണ്ടിവരും എന്നുള്ളതിൽ എനിക്കു ഒട്ടും സംശയമില്ല. അവ ഇന്നവയാണെന്നു കൂടെ കൂടെ നിങ്ങൾക്കു കാണാവുന്നതാണു. ഒന്നു ക്രമത്തിലധികം അതി പരീക്ഷകമായിട്ടുള്ളതും വിവരങ്ങൾ അറിയണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടെ ചോദിക്കപ്പെടാത്തതുമാണ്. എന്നാൽ ഏതെല്ലാംപ്രകാരത്തിൽ ഒളിയമ്പുകൾ പ്രയോഗിക്കാമോ അതിനുവേണ്ടി മാത്രമാണു അവ ചോദിച്ചിട്ടുള്ളതു; ഇപ്രകാരമുള്ള ചോദ്യങ്ങൾ മൊത്തം ചോദിക്കുന്നതായാൽ നിശ്ചിതചട്ടങ്ങൾമൂലം അവയെ തടയേണ്ടിവരും. ഞാനുദ്ദേശിക്കുന്ന ഒരുതരം ചോദ്യങ്ങൾ ഉണ്ട്. ഈ അളവിനെമാത്രം സംബന്ധിച്ചുള്ളതാകുന്നു. ഉദാഹരണത്തിനായി ഇന്ന ഒന്നരണ്ടെണ്ണം ഞാൻ അനുവദിച്ചിട്ടുണ്ട്. വെറും അളവിനെ സംബന്ധിച്ചുള്ളതുമായ ചോദ്യങ്ങൾ മേലും തുടരുന്നതായാൽ അവയെ നിശ്ചയമായി വിലക്കേണ്ടതായിത്തീരും. ഇത്തവണ എൻറെമുമ്പിൽവന്ന ഈ ചോദ്യങ്ങളിൽ മിയ്യാവയും ഞാൻ അനുവദിച്ചില്ല. എന്നാൽ പൊതുകാര്യങ്ങളിൽ താത്പര്യവും ഉത്സാഹവും വാസ്തവത്തിൽ ഉള്ള മെംബർമാർ ഇപ്രകാരമുള്ള ചോദ്യങ്ങളെ നിശ്ചിതമായ ചട്ടങ്ങൾ ലംഘനിക്കുകയായി വിലക്കേണ്ടിവരുമെന്നുള്ളതിനെ മനസ്സിലാക്കിക്കൊള്ളുന്നതിനു ഒരോ മാതിരിയിലും ഉള്ള ഒന്നരണ്ടു ചോദ്യങ്ങളെ പ്രത്യക്ഷമായ ഉദാഹരണമായിരിക്കുന്നതിനുവേണ്ടി ഞാൻ അനുവദിച്ചിട്ടുണ്ട്.

നാടു. ആളായനികുതിക്കായി ആളെയെ തിട്ടപ്പെടുത്തൽ.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സ്ട്രീറ്റിക്കിൻഡ്യയിൽ കിടക്കുന്ന ആളായം തിരുവിതാംകോട്ടിൽ കൊണ്ടുവരപ്പെട്ടാലും ഇല്ലെങ്കിലും തിരുവിതാംകോട്ടിൽ ആളായനികുതിക്കായി കണക്കാക്കപ്പെടുന്നതായി ആളായനികുതി ചുമത്തപ്പെട്ടിട്ടുള്ളവരിൽനിന്നു വളരെയായ പരാതിയുണ്ട് എന്നു ഗവണ്മെൻറിനു അറിയാമോ? ഗവണ്മെണ്ടിനു അതിനെപ്പറ്റി അറിവില്ല എന്നുവരുകിൽ അതിനെപ്പറ്റി മനോവേഷണം നടത്തുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): അങ്ങനെയുള്ള പ്രതിസന്ധിയും ഉള്ളതായി ഗവണ്മെന്റിനു അറിഞ്ഞുകൂടാ. ആലായനികളിൽ കള്ളക്കടത്തുകാരുടെ നടപടികളും ഗ്രഡിഷ്യൽനടപടികളും ആഴ്ചയിൽ സകടുള്ള കക്ഷികളുടെ ഫൈക്കോടതിവരെ അപ്പീൽ പ്രോഡിപ്പിക്കുന്നതിനു അവകാശം ഉണ്ട്. ഗവണ്മെന്റ് അന്വേഷണം നടത്തുന്നതിലുള്ള ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

നം. ചെക്കുകളെ മുദ്രവിലയിൽനിന്നു ഒഴിവാക്കൽ.

മി: എസ്. പിരിവിപെരുമാൾപിള്ള (കുച്ചവടവും വ്യവസായവും മന്ത്രി); (എ) സ്റ്റാമ്പ് ആക്ടിൽ ചെക്കുകളെ മുദ്രവിലയിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെന്റിനു അറിയാമൊ?

(ബി) അതുപോലെയുള്ള ഒരു ഒഴിവാക്കൽ ഇവിടെയും നല്കുന്നതിനെപ്പറ്റി ഗവണ്മെന്റു ചിന്തിക്കുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻസ്സെക്രട്ടറി); (എ) അറിയാം.

(ബി) ആവിഷയം ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

നം. ആയുർവ്വേദകോളേജിൽ പുതുതായി ക്ലാസുകൾ ഏർപ്പെടുത്തുന്നതു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) (എ) ചരക-ശുശ്രുത ബഡ്ജറ്റിൽ വച്ചു (എച്ച്) ഡ-ൽ പണം ഉൾപ്പെടുത്തിയതനുസരിച്ചു നേത്രരോഗചികിത്സയും വിഷചൈദ്യവും പഠിപ്പിക്കുന്നതിനു ആയുർവ്വേദ കോളേജിൽ സ്പെഷ്യൽ ക്ലാസുകൾ ആരംഭിച്ചുവൊ?

(സി) അങ്ങനെയാണെങ്കിൽ ക്ലാസുകൾ ഏർപ്പെടുത്തിയതു ഏതുതീയതിമുതൽ

(ഡി) ഇല്ലെങ്കിൽ ഗവണ്മെന്റു ഒരിക്കൽ അനുവദിച്ച ക്ലാസ്സു തുടങ്ങാതിരിക്കാൻ കാരണമെന്തു?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർണ്മെന്റ് സെക്രട്ടറി): (എ) ഇല്ല.

(ബി) ഏതാഗത്തിനുള്ള ചോദ്യത്തെ അപേക്ഷിച്ചു ഇതു ഉന്നയിക്കുന്നില്ല.

(സി) പുനരാലോചനചെയ്തതിൽ സ്പെഷ്യൽക്ലാസുകൾ ഏർപ്പെടുത്തുന്നതിനുള്ള ആവശ്യകതയെപ്പറ്റി ഗവണ്മെന്റിനുബോധ്യമായിട്ടില്ല.

നം. ചില സബ്രജിസ്ട്രാർ കച്ചേരികളുടെ സ്ഥാനങ്ങളും അധികാരാതിർത്തിയും.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). (എ) മാവേലിക്കര താലൂക്കിൽ താഴെ കാണുന്ന സബ്രജിസ്ട്രാർകച്ചേരിയെ കരിപ്പുഴ എന്നതിലും സ്ഥലത്തേയ്ക്കു, മാറണമെന്നു ഏതെങ്കിലും നിർദ്ദേശം ഗവണ്മെന്റിനുണ്ടോ രെജിസ്ട്രേഷൻ ഡയറക്ടറുടേയൊ ആലോചനയിൽ ഉണ്ടോ എന്നും,

(ബി) മാവേലിക്കരതാലൂക്കിൽ പ്രതിപാദിച്ചിരിക്കുന്ന കരിപ്പുഴയിൽ തട്ടയെ സംബന്ധിച്ചുള്ള സബ്രജിസ്ട്രാർഅധികാരത്തെ കുന്നത്തൂർ സബ്രജിസ്ട്രാർ കച്ചേരിയുടെ അധികാരത്തിനായിൽ മറ്റൊരുതരത്തിലും ആഫീസിലേക്കു മാറാൻ ഏതെങ്കിലും നിർദ്ദേശം ഉണ്ടോഎന്നും,

(സി) ഏതെങ്കിലും പ്രസ്തുതസ്ഥലത്തെ ജനങ്ങളുടെ ഹിതത്തേയും സൌകര്യങ്ങളേയും ബാധിക്കുന്ന അപ്രകാരമുള്ള മാറ്റങ്ങളും നടപ്പാക്കുന്നതിനുമുമ്പു സംബന്ധപ്പെട്ട ജനങ്ങളുടെ അഭിപ്രായങ്ങളും സൌകര്യങ്ങളും ഗവണ്മെണ്ട് അറിഞ്ഞുകൊള്ളുമോ എന്നും;

ഗവണ്മെണ്ട് സഭയെ പറയുമോ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) മറുപടി നിഷേധമായിട്ടാകുന്നു.

(ബി) മറുപടി സന്തോഷപ്രദത്തിനു ആകുന്നു.

(സി) കച്ചേരികളുടെ സ്ഥാപിക്കുന്നതിലും കച്ചേരികളുടെ അധികാരാതിർത്തിയെ മാറ്റുന്നതിലും പ്രധാനമായി നോക്കുന്നതു ജനങ്ങളുടെ സൌകര്യം തന്നെയാകുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) (സി) ഭാഗത്തിനുള്ള മറുപടിയിൽ സംബന്ധിച്ചടത്തോളം നിർദ്ദേശിച്ചിട്ടുള്ള മാറ്റം നടപ്പാക്കുന്നതിനു എന്ന സംബന്ധപ്പെട്ട ആളുകളിൽനിന്നു ഗവണ്മെണ്ടിനോ രെജിസ്ട്രേഷൻ ഡയറക്ടർക്കോ ഏതെങ്കിലും ഹർജി കിട്ടിട്ടുണ്ടോ എന്ന മെംബറിൽ നിന്നും എനിക്കറിഞ്ഞുകൊള്ളാം.

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): മുമ്പൊരിവസം സംഹ്രിമെൻറിഗ്രാൻറിനെ സംബന്ധിച്ചു ഞാൻ ഒരു മറുപടി പറഞ്ഞു; മെംബർ ദയവുചെയ്തു അതു മനസ്സിലാക്കിക്കൊള്ളുക.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (സി) ഭാഗത്തിനുള്ള മറുപടിയിൽ കച്ചേരികളുടെ സ്ഥാനം നിശ്ചയിക്കുന്നതിലും അധികാരാതിർത്തി മാറ്റുന്നതിലും പ്രധാനമായി ശ്രദ്ധിക്കപ്പെട്ടതു പൊതുജനസൌകര്യമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ കാര്യത്തിൽ ഗവണ്മെണ്ടു തട്ടയിലെ ജനങ്ങളുടെ സൌകര്യം ഇന്നതാണെന്നു അറിഞ്ഞിട്ടുണ്ടൊ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): പുത്തൻ സബ്രജിസ്ട്രാർക്കച്ചേരി ഇനിയും ആരംഭിച്ചിട്ടില്ല. രെജിസ്ട്രാർകച്ചേരി ആരംഭിക്കുമ്പോൾ ഡയറക്ടർ യുക്തംപോലെ വേണ്ട നടപടി നടത്തുന്നതാണു. ജനങ്ങളുടെ സൌകര്യം അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഡയറക്ടർ നിശ്ചയമായും സ്വീകരിച്ചു എത്രത്തോളം പ്രവർത്തിക്കാമോ അതുപോലെ ചെയ്യുമെന്നു ഞാൻ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജനങ്ങളുടെ സൌകര്യത്തെ സംബന്ധിച്ചടത്തോളം ഏതുകാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു ഒരു തീർച്ചയുണ്ടാക്കുന്നതു?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഡയറക്ടർ പല പ്രകൃതികളിൽപ്പോയി വിവരങ്ങൾ ശേഖരിക്കും.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജനങ്ങളുമായി ആലോചിക്കുന്നതിനു ഏതെങ്കിലും പൊതുയോഗങ്ങൾ നടത്തിട്ടുണ്ടൊ?

മി: കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഇല്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജനങ്ങളുടെ സൌകര്യം എന്താണെന്നു തീർച്ചപ്പെടുത്തിക്കൊള്ളുന്നതിനായിട്ടു ഗവണ്മെൻറ് വല്ല ഉത്തരവും അയച്ചുവൊ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഡ്രൈവർമാർ അതുചെയ്യുകയില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കുത്തിക്കപ്പള്ളിയും): ഒരു പൊതുയോഗത്തിൽവച്ചു ഞങ്ങളുടെ സൌകര്യവും എന്തെന്നു അറിയുകയും എല്ലുകൊണ്ടു ചെയ്യാൻ പാടില്ല എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞങ്ങളോടു ആഗ്രഹം ഇന്നതെന്നറിയുന്നതിനു ഒരു പൊതുയോഗം വിളിച്ചുകൂടാമെന്നു ഗവണ്മെന്റിനു പറയുന്നതു ചെയ്യാൻ കഴിയുകയില്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കുത്തിക്കപ്പള്ളിയും): ഡിസ്പെൻസർമാർക്കുതന്നെ അതായതു സബ്രജിസ്ട്രാർക്കോ ഡിസ്ട്രിക്ടുരജിസ്ട്രാർക്കോ ഡയറക്ടർക്കുതന്നെയോ ഒരു പൊതുയോഗം വിളിച്ചുകൂട്ടാമല്ലോ.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പൊതുജനങ്ങൾക്കു ഡയറക്ടറെ കണ്ടു കാര്യങ്ങൾപറയാമെല്ലോ എന്നാണു ഞാൻ പറയുന്നതു്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കുത്തിക്കപ്പള്ളിയും): അധികാരസ്ഥിതിക്കു മാറ്റം ഉണ്ടെന്നതു തന്നെ പലപ്പോഴും ജനങ്ങൾ മുൻകൂട്ടി അറിഞ്ഞു എന്നതുതന്നെ ശരിയല്ല.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു ഗവർമെന്റിൽ പരസ്യപ്പെടുത്തുവുന്നതാണു്.

മി. ജി. രാമൻമേനൊൻ (മാവേലിക്കരയും കുത്തിക്കപ്പള്ളിയും): സാധുതണയായി കാര്യം നടന്നതിൽ പിന്നീടുമാത്രമേ ജനങ്ങൾ അറികയുള്ളൂ.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു സബ്രജിസ്ട്രാർക്കുചുറ്റി അനുവദിച്ചിട്ടുണ്ടെന്നു മുന്നറിവു ഉണ്ടായിരിക്കും.

സന്നു. ഒരു താലൂക്കിൽ ചന്തയായിട്ടില്ലാത്ത സ്ഥലങ്ങളുമായി ബന്ധപ്പെട്ടുള്ള പരിശോധന.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞാണ്ടു വിലപ്പോയ ചാരായത്തിന്റെ തുക ഏറെവും കുറവായിരുന്നു ഏതുതാലൂക്കിലോ ആ താലൂക്കിൽ മാത്രമെങ്കിലും ചാരായംവിലാത്ത സ്ഥലങ്ങൾ ആക്കുന്നതിനോ അല്ലെങ്കിൽ ഒരാഴ്ചയിൽ മിവസംഒരുക്ക രണ്ടുകുപ്പിയിൽ കൂടുതൽ ചാരായം ചില വാഹാത്തസ്ഥലങ്ങളിൽ ഉള്ള ഷാപ്പുകളെ നിറുത്തൽ ആക്കുന്നതിനോ ആശാസ്യമായ ഗവണ്മെണ്ട് പക്ഷം ആലോചിച്ചുവരുവാ എന്നു സഭയെ പറയുമോ?

മി. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആ വിഷയം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

നു. കല്ലറയിൽ ഒരു ചന്ത ഏർപ്പെടുത്തൽ.

മി. എ. ജെ. ജോൺ (വയ്യാറ്റു) വയ്യാറ്റുകല്ലറയിൽ ഒരു ചന്ത ഏർപ്പെടുത്തുന്നതിനെപ്പറ്റി ഏതെങ്കിലും നിവേദനങ്ങൾ കിട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു നടപടി നടത്തി എന്നും ഗവണ്മെണ്ട് സഭയെ പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): വയ്യാറ്റുകല്ലറയിൽ ഒരു ചന്ത ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെണ്ടിനു യാതൊരു നിവേദനവും കിട്ടീട്ടില്ല; എന്നാൽ മാൻഡ്രെവെസ്സുവും ആരോഗ്യനികേതിയും കമ്മിഷണർ അയച്ച ഒരു റിപ്പോർട്ടിൽനിന്നും കോട്ടയം ദിവാൻപേഷ്ക്കാർക്ക് ചില അപേക്ഷകരും കിട്ടിട്ടുണ്ടെന്നും അദ്ദേഹം തൽസംബന്ധമായ അന്വേഷണങ്ങളും നടത്തിവരുന്നു എന്നും കാണുന്നു.

സന്നു. മിസ്റ്റർ അഹമ്മദ്പിള്ള പ്രജാസഭയിൽ ചെയ്ത നിവേദനങ്ങളിന്മേൽ ഉള്ളനടപടി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു):—ആറാങ്ങൽ പട്ടണത്തിന്റെ ആവശ്യങ്ങളെപ്പറ്റി മുനിസിപ്പൽ കൌൺസിൽമെമ്പർ മി. അഹമ്മദ്പിള്ള ചെയ്ത നിവേദനങ്ങളിന്മേൽ ഗവണ്മെണ്ട് എന്തുനടപടിയാണു സ്വീകരിച്ചതു എന്നു ദയവുചെയ്തു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) ആറാങ്ങലിൽ ഒരു ഒന്നാംക്ലാസുമജിസ്ട്രേട്ടുകോടതി സ്ഥാപിക്കണം എന്നുള്ള മി. അഹമ്മദ്പിള്ളയുടെ നിവേദനത്തെസ്സംബന്ധിച്ചിടത്തോളം നെടുമങ്ങാട്ടു ഒരു മുൻസിഫ്-ഒന്നാംക്ലാസ്സു മജിസ്ട്രേട്ടുകോടതി ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നതിനാൽ അതു ആവശ്യം ഇല്ലെന്നു തീച്ചപ്പെടുത്തി. മുനിസിപാലിറ്റിയെ സംബന്ധിക്കുന്ന അദ്ദേഹത്തിന്റെ നിവേദനത്തിലെ മറ്റു വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ട് മുനിസിപ്പൽ സഭയുടെ അഭിപ്രായത്തിനും നിർദ്ദേശങ്ങൾക്കുംഎഴുതി അയച്ചിട്ടുണ്ടു്.

ശ്രീപ്പട്ടി നദിയിലുള്ള കടവുകയുള്ള പാലം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു):— കോതയാർ പ്രോജക്ടു് ഡിവിഷണിൽ ബാലരാമപുരം റോഡിൽ മാമ്പഴപ്പട്ടി തടിയിൽ ഉള്ള പാലം ഇനിയും വാഹനങ്ങളുടെ ഗതാഗതത്തിനു ഉതകത്തക്കവണ്ണം നന്നാക്കപ്പെടാത്തതു് എന്തുകൊണ്ടു എന്നു ഗവണ്മെണ്ടു് സഭയെ പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഈ വിഷയം ആലോചനയിൽ ഇരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): പാലം എപ്പോൾ പൊളിഞ്ഞുപ്പോകുന്നതിൽ ഒഴികിപ്പോയി എന്നു മെമ്പറിൽ നിന്നും എനിക്കറിഞ്ഞാൽ കൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ആ വിവരം ഇപ്പോൾ ലഭ്യം അല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ഈ വിഷയത്തിൽ എതു കാലമായിഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നു മെമ്പറിൽ നിന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഗവർണ്മെണ്ടിന്റെ ആലോചനയിൽ അല്ല കപ്പാലം മരാമത്തു ഡിപ്പാർട്ട്മെണ്ടിന്റെ ആലോചനയിൽ അത്രേ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): അതു എതു കാലമായി ഡിപ്പാർട്ടുമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നു പറഞ്ഞാൽ കൊള്ളാം.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഇപ്പോൾ എനിക്ക പറയാൻ നിവൃത്തിയില്ലാ.

മി: പിരപ്പിപ്പുമാർപിള്ള (കച്ചവടവും വ്യവസായവും-മന്ത്രി): സർ, ഞാൻ നടപടിക്രമത്തെ സംബന്ധിച്ചു ഒരു കാര്യം പറഞ്ഞുകൊള്ളുന്നു. "കെ. പി. ഡിവിഷനിൽ ബാലരാമപുരം റൊഡിൽ മാളുപെട്ടി നദിയിൽ ഉള്ള പാലം ഇനിയും വാഹന ഗതാഗതത്തിനു ഉതകുന്നതരത്തിൽ പുനർനിർമ്മിച്ചിട്ടില്ലാത്തതു എന്തു കൊണ്ടു എന്നു ഗവണ്മെന്റു സഭയെ പറയുമോ" എന്നാണ് എടൻറ ചോദ്യം. "ഈവിഷയം ആലോചനയിൽ ഇരിക്കുന്നു" എന്നാകുന്നു മറുപടി. മെംബറിൽ നിന്നും കൂടുതൽ വിവരങ്ങൾ ചോദിച്ചറിയണം എന്നു ഞാൻ അഭ്യർത്ഥിച്ചതിൽ എന്തിനുള്ള ബുദ്ധിമുട്ടാണ് എന്നറിയുന്നില്ല.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ആലോചനയിൽ ഇരിക്കുന്ന കാര്യത്തെ സംബന്ധിച്ചു മെംബർക്കു വിവരം കുറഞ്ഞു എന്നുണ്ടെങ്കിൽ ഞാൻ ഇത്രയും പറയാം. നദിയുടെ മറുവശത്തു ഒരു റോഡ് പൊട്ടുന്നതുകൊണ്ടും സൌകര്യമായ സ്ഥലം ഉണ്ട്. ആലോചനയിൽ അഥവാ അന്വേഷണത്തിൽ ഇരിക്കുന്ന വിഷയം ഒരു പാലം കൊടുക്കണമോ വേണ്ടയോ എന്നുള്ളതാകുന്നു. അന്വേഷണത്തിന്റെ ഫലം ഇനിയും ഗവർണ്മെണ്ടിനു കിട്ടീട്ടില്ല.

മി: എസ്. പിരപ്പിപ്പുമാർപിള്ള (കച്ചവടവും വ്യവസായവും തെക്കു): പാലം എപ്പോൾ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയി എന്നും അതു എത്ര കാലമായി ഡിപ്പാർട്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നും ആണ എനിക്കറിയേണ്ടതു.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടു സെക്രട്ടറി): ആ വിവരം എനിക്കിപ്പോൾ പറയാൻ കഴിയുകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (പിറയിൻകീഴ്): അനേകം ചോദ്യങ്ങൾക്കും അങ്ങനെയുള്ള അവ്യക്തമായ മറുപടികൾ-അതായതു വിഷയം ആലോചനയിൽ ഇരിക്കുന്നു എന്നുള്ള മറുപടികൾ-പറയുന്നു. അതു പലപ്പോഴും ജനങ്ങളുടെ ആലോചനയിലും ഇരിക്കാം. അതുകൊണ്ടു ചോദ്യങ്ങൾക്കു ഇപ്രകാരം അവ്യക്തമായ മറുപടി പറയരുതു എന്നാണു ഞാൻ പറയുന്നതു.

പ്രൈസിഡണ്ട്:—ഇതാണതിൽ ഒഴിവാടം. സെക്രട്ടറിമാരെക്കൊണ്ടു മറുപടികൾ തയ്യാറാക്കുന്ന ഡിപ്പാർട്ടുമെണ്ടു മേലധികാരികൾക്കോ ചോദ്യം ചൊദിക്കുന്ന ആളുകളുടെ അന്തർഗതം എന്താണെന്നോ അദ്ദേഹത്തിനു ആവശ്യമുള്ള കൂടുതൽ വിവരം എന്താണെന്നോ പറയാൻ കഴിയുകയില്ല. ഉപചോദ്യങ്ങൾ ഒരു ഒരേ കാര്യപ്പെട്ടതുണ്ടു എന്നോ ആയ ആരെ ഉത്തരം മുട്ടത്തക്കവണ്ണം ബുദ്ധിമുട്ടിക്കുന്നു എന്നോ ഉള്ളതായി പരിണമിക്കുന്നു. വിവരങ്ങൾ കൊടുക്കുന്നതിലുള്ള വാസ്തവമായ ബുദ്ധിമുട്ടു അതാകുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ കാര്യത്തെ ഗണിക്കുമ്പോൾ ചോദ്യങ്ങളെ സംബന്ധിച്ചുള്ള മേലുവൻ വിവരങ്ങളും തങ്ങളുടെ കൈവശം ഉള്ളതിനാൽ ഡിപ്പാർട്ട്മെണ്ട് മേലധികാരികൾ തന്നെ ഉപചോദ്യങ്ങൾക്കു മറുപടി പറയുന്നതു കുറെ കൂടി നന്നായിരിക്കുകയില്ലയോ?

പ്രൈസിഡണ്ട്: അടുത്ത സമ്മേളനത്തിലേക്കു വേണ്ടി ചട്ടങ്ങളേയും സ്ഥിരം ഉത്തരവുകളേയും വീണ്ടും പരിശോധിക്കുന്നതിനു മുമ്പിൽ പറ്റുമോ എന്നാലോചിക്കാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളിൽ ഒന്ന് അതാകുന്നു.

൪൦. കാഞ്ഞിരപ്പള്ളി താലൂക്കിൽ ചില പകുതികളിൽ ഗതാഗതത്തിനുള്ള സൌകര്യങ്ങൾ.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): കായൽ കര മുതൽ കായംകുളം-നങ്ങ്യാർകുളങ്ങര റോഡിലും കായംകുളം-മാവേലിക്കര റോഡിലും ചെന്നുചേരത്തക്കവണ്ണം കിഴക്കൊട്ടു തപാക്കുന്നതായി ഒരു ഒറവണ്ടി പോകത്തക്ക റോഡ് എങ്കിലും ഇല്ലാത്തതു നിമിത്തം കണ്ടല്ലൂർ, കീരിക്കാട്, മുതുകുളം, ചിങ്ങോലി ഈ പകുതികളിലെ ജനങ്ങൾക്കു യാത്ര ചെയ്യുന്നതു സംബന്ധിച്ചും ഉൽപന്നവും വിളവുകളും കടത്തികൊണ്ടുപോകുന്നതുസംബന്ധിച്ചും ഉണ്ടാകുന്ന കഷ്ടങ്ങളേയും നഷ്ടങ്ങളേയും പരിഹരിക്കുന്നതിനു ഗവർണ്മെണ്ടു എന്തു നടപടി നടത്തീട്ടുണ്ടെന്നു സഭയെ പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെണ്ടു സെക്രട്ടറി): കായംകുളം കായലിൽ നിന്നു കായംകുളം നങ്ങ്യാർ-കുളങ്ങര റോഡിൽ ചെന്നുചേരുത്തക്കവണ്ണം വണ്ടി പോകുന്ന രണ്ടു റോഡുകൾ വെട്ടുന്ന വിഷയം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

൪൧. ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കൽ.

മി: എം. ശിവതാണുപിള്ള (തോവാള): (എ) ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിൽ സമുദായിക പ്രാതിനിധ്യ സംബന്ധമായ വല്ല നയവും ഉണ്ടോ എന്നും,

(ബി) അങ്ങനെയാണെങ്കിൽ ക്രിസ്ത്യാനികളും തമിഴരും യഥാക്രമം അവകാശപ്പെടാവുന്നതായി കാവൽ ജാമണ്ടു മുതൽ എത്ര ഒഴിവുകൾ ഉണ്ടായി എന്നും,

(സി) അങ്ങനെയുള്ള ഉദ്യോഗങ്ങൾക്കു കാവൽ ജാമണ്ടു മുതൽ തെക്കൻ തിരുവിതാംകോട്ടെ തമിഴ് ക്രിസ്ത്യാനികളിൽ എത്രപേരെ നിയമിച്ചു എന്നും,

(ഡി) ഡിസ്ട്രിക്ട് ജഡ്ജിമാരുടെ ഒഴിവുകളിൽ വെള്ളാള സമുദായത്തിൽ നിന്നും വിശേഷിച്ചും വെള്ളാളർ ജാതിയിൽ നിന്നും പിരിഞ്ഞതിനാൽ ഉണ്ടാകുന്ന ഒഴിവുകളായാൽ ആളുകളെ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും;

(ഇ) ആളിങ് ദിവാൻജിയേയും ആക്ടിങ് ദിവാൻജിയേയും പോലെ കണ്ടതായ തെക്കൻ തിരുവിതാംകോട്ടെ തമിഴ് ക്രിസ്ത്യാനികളിൽ പ്രബലന്മാർ ചേന്ന് ഡെപ്യൂട്ടേഷനോ യാതൊരു മറുപടിയും ഉണ്ടായിട്ടില്ല എന്നതങ്ങൾക്കു അറിയാമോ എന്നും;

(എഫ്) മേലിൽ തെക്കൻ തിരുവിതാംകോട്ടെ തമിഴ് ക്രിസ്ത്യാനികളുടേയും തമിഴരുടെയും അവകാശങ്ങളെ ഗണിക്കുമോ എന്നും;

ഗവർണ്മെണ്ട് ദയവുചെയ്തു പറയുമോ?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി). (എ) വക്കീൽമാരിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന മുൻസീഫരെ സംബന്ധിച്ചിടത്തോളം കായ്ക്ഷമതയ്ക്കു, ഹാജരിനുതുല്യരിക്കുന്നിടത്തോളം സമുദായിക പ്രാതിനിധ്യവും ഗണിക്കപ്പെടുന്നുണ്ട്.

(ബി) കഴിവുള്ള മുൻസീഫ്മാരുടെ ഇടയിൽ പല ഒഴിവുകളും ഉണ്ടായിരുന്നു. ഇപ്പോഴില്ലാം വക്കീലന്മാരിൽ നിന്നും അതിട്ടുള്ളതു. ഇവയിൽ സാധാരണമായി നാലിൽ ഒന്നിനു ക്രിസ്ത്യാനികൾക്കു അവകാശപ്പെടാവുന്നതാണ്, ആറാം എട്ടിക്കുന്ന കായ്ത്തിനു തഴിലരെ ഒരു പ്രത്യേകസമുദായമായി ഗണിക്കപ്പെട്ടിട്ടില്ല.

(സി) ഒന്നു.

(ഡി) അങ്ങനെയുള്ള ഒഴിവുകൾവരുന്നാറാം ആവിശ്യത്തെ പറ്റി ചിന്തിക്കുന്നതുണ്ട്.

(ഇ) ഡൈച്ചട്ടുണ്ടാൻ കൊച്ചിത്തമെന്നൊറിയൽ കൗൺസിലിന്റെ കൂടി ആലോചനയിൽ ഇരിക്കുന്നു.

(എഫ്) (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഇതു ഉത്തരവിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തൊവാള): വക്കീൽമാരിൽ നിന്നും ആറാം നിശ്ചയിച്ചതായ ഈ പല ഒഴിവുകളിൽ എത്ര എണ്ണം ക്രസ്ത്യൻ സമുദായത്തിനു കൊടുക്കപ്പെട്ടു എന്നു ചീഫ് സെക്രട്ടറിയിൽ നിന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ്ജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ആവിവരം ഫയലിലെ ഞാൻ കാണുന്നില്ല എന്നുള്ളതിൽ വ്യസനിക്കുന്നു.

മി: എം. ശിവതാണുപിള്ള (തൊവാള): "ഭാവിയിൽ സാധാരണമായി നാലിൽ ഒന്നിനു ക്രിസ്ത്യാനികൾക്കു അവകാശപ്പെടാവുന്നതാണ്" എന്ന മറുപടിയെയും (സി) ഭാഗത്തിനുള്ള "ഒന്നു" എന്നതിനേയും ചേർത്തിക്കുന്നതായാൽ നമുക്കു തിരുവിതാംകോട്ടെ ക്രിസ്ത്യൻ സമുദായത്തിനുള്ള ഔദ്യോഗികമായ മതിയാകുന്നതാണെന്നു ചീഫ് സെക്രട്ടറി ഗണിക്കുന്നതായോ എന്ന അദ്ദേഹം വ്യക്തമായി പറയുമോ?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): അതു അഭിപ്രായത്തെ സംബന്ധിച്ചു ഒരു വിഷയമാകുന്നു. ഈ മറുപടി സമുദായം മുഴുവനായും സംബന്ധിക്കുന്നതാകുന്നു. അതിൽ ഒന്നു ക്രിസ്ത്യാനികൾക്കു അവകാശപ്പെടാവുന്നതാണു, അതായതു എല്ലാ ക്രിസ്ത്യാനികളും.

മി: എം. ശിവതാണുപിള്ള (തൊവാള) സർക്കാർ ഉദ്യോഗങ്ങളിൽ ആറിലൊന്നു തങ്ങളുടെ സമുദായത്തിനു മതിയായിടത്തോളം പ്രാതിനിധ്യം ഇല്ലെന്നു തോന്നുന്നിരുവിതാംകോട്ടെ തമിഴ് ക്രസ്ത്യാനികൾക്കിടയിൽ വാസ്തവമായ സങ്കടം ഉണ്ടെന്നു ഗവണ്മെണ്ടിനു അറിഞ്ഞുകൂടായോ?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) അതെ—അപ്രകാരം നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടു.

മി: എം. ശിവതാണുപിള്ള (തൊവാള) തെക്കൻ തിരുവിതാംകോട്ടെ ക്രസ്ത്യാനികളെ മറ്റുള്ള ക്രസ്ത്യാനികളുടെകൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനാൽ അവർക്കു സർക്കാർസേവനത്തിൽ മതിയായിടത്തോളം പ്രാതിനിധ്യം കിട്ടുന്നില്ലെന്നു നിങ്ങൾ അറിയുന്നില്ലയോ?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) അവരെ അങ്ങനെ ഉൾപ്പെടുത്തുന്നതിനാൽ നിയമനങ്ങൾ അവർക്കില്ലെന്നു പറയപ്പെട്ടിട്ടില്ല.

മി: എം. ശിവതാണുപിള്ള (തൊവാള): അവസരം ഉണ്ടാകുമ്പോൾ ഗവണ്മെണ്ട് ഈവകയായ അവകാശങ്ങളെപ്പറ്റി ഗണിക്കുന്നതു കൊണ്ടും ആയുദ്യോഗം ചൊല്ലുന്നതുള്ളവരും ആയ ആളുകളെ ജനിപ്പിച്ചിട്ടുണ്ടെന്നു ഗവർണ്മെന്റിനു അറിയാമോ?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) ഗവണ്മെണ്ടിനു അറിയാമെന്നു പറയുന്നതിൽ എനിക്കു സന്തോഷമുണ്ടു.

മി: എം. ശിവതാണുപിള്ള (തൊവാള) തമിഴ് സമുദായത്തെ പ്രത്യേകമായി ഗണിക്കാത്തതു എന്തുകൊണ്ടെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) മലയാളീക്കു എതിരായി തമിഴ് എന്നല്ലകാട്ടും. സമുദായങ്ങളെ ഭാഷയെ അടിസ്ഥാനപ്പെടുത്തി പിരിക്കപ്പെടുന്നില്ല.

മി: എം. ശിവതാണുപിള്ള (തൊവാള) ഭാഷയിനേൽ അല്ലെങ്കിൽ മതത്തിനേൽആണു അതിനെ സ്ഥാപിച്ചിരിക്കുന്നതു? അതിനെ മതത്തിനേൽ സ്ഥാപിച്ചിരിക്കുന്നപക്ഷം അല്ലെങ്കിൽ ജാതിയിനേൽ സ്ഥാപിച്ചിരിക്കുന്നതോ?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) അതു ഒരുപോലെ ചോദ്യംചെയ്കയാണു. അഭ്യസർക്കാർ ഉദ്യോഗത്തിനായി സമുദായങ്ങളെപിരിച്ചിരിക്കുന്നവിഷയം മുഴുവനേയും പറ്റി പറയുന്നു. നാം സർക്കാർ ഉദ്യോഗത്തിനു ആറാംഎടുക്കുന്നതിനെപറ്റി പറയുമ്പോൾമാത്രമേ അതുചെയ്കയുള്ളു.

മി: എം. ശിവതാണുപിള്ള (തൊവാള) സമുദായിക പ്രാതിനിധ്യവിഷയത്തെ ഗവണ്മെണ്ടു എതുതത്വത്തിനേൽ ആണു സ്വീകരിച്ചിരിക്കുന്നതു?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) മെമ്പറുടെ ചോദ്യം ക്ലൂഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിനെമാത്രം സംബന്ധിച്ചുതാണു. ഇതും ഒരുപോലെവിഷമംആണ്.

മി: എം. ശിവതാണുപിള്ള (തൊവാള) തമിഴ്സമുദായത്തെ ഒരു പ്രത്യേകവിഭാഗമായി ഗണിക്കാത്തതു എന്തുകൊണ്ടു എന്നുഎനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) അതിനുള്ളകാരണം ഇപ്പോൾ എനിക്കുകണ്ടുപിടിക്കുവാൻ കഴിയുന്നില്ല.

മി: എം. ശിവതാണുപിള്ള (തൊവാള) സർക്കാർസേവനത്തിനു ആറാംഎടുക്കുന്നതിൽ സാമുദായികപ്രാതിനിധ്യത്തെ ഗവണ്മെണ്ടു അംഗീകരിക്കുന്നില്ല എന്നാണോ ഞാൻ മനസ്സിലാക്കികൊള്ളേണ്ടതു?

മി: കെ. ജാജ്ജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി) അതു ഭരണനയസംബന്ധമായ ഒരു പൊതുവിഷയം ആകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള) സാമുദായിക പ്രതിനിധ്യത്തെപ്പറ്റിയുള്ള നിയമനങ്ങൾ ചെയ്യുമ്പോൾ തമിഴരുടെ കാര്യങ്ങളെപ്പറ്റി ഗവണ്മെന്റ് മയവുചെയ്തു പരിഗണിക്കുമോ?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അതിനെപ്പറ്റി പരിഗണിച്ചുവരുന്നുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള) ഇതിന്റെ മിസ്റ്റർ കോലപ്പപിള്ള എന്നും മിസ്റ്റർ കുറാലഖി ഗംപിള്ള എന്നും രണ്ടു ഡിസ്ട്രിക്ട് ജഡ്ജിമാർ സർക്കാരുദ്യോഗത്തിൽനിന്നും പിരിഞ്ഞു എന്ന ഗവണ്മെന്റിനു അറിയാമൊഎന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അറിയാം.

മി: എം. ശിവതാണുപിള്ള (തോവാള) ഓഫീയിൽ ഡിസ്ട്രിക്ട് ജഡ്ജിമാരുടെ ഒഴിവുകാം വരുമ്പോൾ ഗവണ്മെന്റ മയവുചെയ്തു തമിഴരുടെ കാര്യം ഗണിക്കുമോ?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) ഓഫീയിൽ ഒഴിവുകാം വരുമ്പോൾ ആവിഷയത്തെ പറ്റി ആലോചിക്കുന്നതാണെന്നു അച്ചടിച്ചുവിട്ടിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള) ഒരു സൈപ്പ്ട്ടേക്ഷൻ ഗവണ്മെന്റിനേയും കൈകൊടുതിയേയും കണ്ടിട്ടു എത്രകാലമായി?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) ഒരുകൊല്ലത്തിലധികം എന്നുതോന്നുന്നു.

മി: എം. ശിവതാണുപിള്ള (തോവാള) സൈപ്പ്ട്ടേക്ഷനെസംബന്ധിച്ചുള്ള തീർച്ച ഗവണ്മെന്റ് മയവുചെയ്തു ഉടനെപ്പറയുമോ? അവർക്ക് ഒരു ഇണ്ടാസുകൊടുത്തിട്ടില്ല എന്നു ഗവണ്മെന്റിനു അറിയാമോ?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) മുമ്പായിൽ ഒരുമറുപടികൊടുക്കപ്പെട്ടു എന്നു എനിക്കു തോന്നുന്നു. സൈപ്പ്ട്ടേഷൻ പക്കരം ജോലിനോക്കിയിരുന്ന ദിവാൻജിയുടെ പക്കൽ ഒരു ഹർജികൊടുത്തു; ആ സമയത്തു ഞാനും ഉണ്ടായിരുന്നു. എന്തൊ മറുപടിപറഞ്ഞുഎന്നു എനിക്കോർമ്മയുണ്ട്:

മി: എം. ശിവതാണുപിള്ള (തോവാള) "എങ്ങാഗത്തിനുള്ള മറുപടിയൊന്നിച്ചു ഇതു ഉടനെവിടുന്നില്ല" പ്രീന്റ (എഫ്) ങാഗത്തിൻറെ മറുപടിയിൽ കാണുന്നു. സർക്കാർജോലിക്കു ആൾഎടുക്കുന്നതിൽ തമിഴരും പ്രത്യേകമായി കരുതപ്പെടേണ്ട ഒരു സമുദായമാണെന്നു ഗവണ്മെന്റ് ഓഫീയിൽ മയവുചെയ്തു പരിഗണിക്കുമൊ?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അവരെ ഒരുപ്രത്യേകസമുദായമായി കരുതുന്നുസംശയം എങ്ങനെ ആയിരുന്നാലും ഗവണ്മെന്റ് അവരുടെ അവകാശങ്ങളെ പരിഗണിക്കും.

മി: എം. ശിവതാണുപിള്ള (തോവാള) സർക്കാർജോലിക്കു ആൾഎടുക്കുന്നകാര്യത്തിൽ ക്രിസ്ത്യൻഎന്നൊ മയർഎന്നൊ ബ്രാഹ്മണൻഎന്നൊ ഗണിക്കപ്പെടുന്നതുപോലെ അവരെ ഒരു പ്രത്യേകസമുദായമായി ഗണിക്കാൻ കഴിവില്ല എന്നാണൊ ചീഫ്സിക്രട്ടറിയുടെ വാക്കുകളിൽ നിന്നുഞാൻ മനസ്സിലാക്കികൊള്ളേണ്ടതു?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) ആവാദത്തിനു ഇപ്പോൾ ഒരുമറുപടിപറയാൻ എനിക്കു നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള) ചീഫ്സെക്രട്ടറിക്കു എന്തുകൊണ്ടു ആചോദ്യത്തിനു മറുപടിപറയാൻനിവൃത്തിയില്ലഎന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതു ഒപ്പെട്ടനു മറുപടിപറയാൻ നിവൃത്തിയില്ലാത്ത ഒരുവലിയവിഷയം ആകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള) നിയമനങ്ങൾക്കു തമിഴരുടെ അവകാശങ്ങളെ ഗവണ്മെന്റ് സദയം ഗണിക്കുമൊ?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): തമിഴർ പ്രത്യേകമായ ഒരുസമുദായത്തിൽ പെട്ടവരായി കരുതി അവരുടെ അവകാശത്തെ ഗണിക്കണമെന്നാണു നിങ്ങളുടെ അപേക്ഷ. അതു വിപുലമായ ഒരു വിഷയംആകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള) ഏതുസ്ഥിതിയിൽ ഇരുനാൽആണു ഒരുപ്രത്യേകം ഇനംആളുകളെ പ്രതിനിധ്യം അർഹിക്കുന്ന ഒരു പ്രത്യേകസമുദായമായി ഗണിക്കാവുന്നതു എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അതു ഇപ്പോൾ മറുപടിപറയാൻ കഴിവില്ലാത്ത ഒരു വലിയ വിഷയംആകുന്നു. തോരെ ഒരു ഭാവത്തിൽ ഒരുമിനിട്ടിന്റെ മുമ്പു അതേചോദ്യം ചോദിച്ചു. അതു വിപുലമായ ഒരു വിഷയമാണെന്നു ഞാൻ മറുപടിപറഞ്ഞു.

മി: എം. ശിവതാണുപിള്ള (തോവാള) സർക്കാരുദ്യോഗത്തിനു ആൾഎടുക്കുന്നകാര്യത്തിൽ തമിഴർ സമുദായവും പ്രത്യേകമായി ഗണിക്കപ്പെടാൻ അർഹിക്കുന്ന ഒരു സമുദായം ആണെന്നു ഗവണ്മെന്റ് മയവുചെയ്തു കരുതുമൊ?

മി: കെ. ജാഞ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെമ്പർ അങ്ങനെകരുതുന്നുഎന്നുള്ളതിനെ ഞാൻ സ്വീകരിച്ചുകൊള്ളുന്നു.

സർക്കാർ ഉദ്യോഗസ്ഥർക്കു നിയമനം.

൪൨. മി: ടി. കുമാരപിള്ള (കൽകുളവും വിളവങ്കോടും) ൭൫൦ രൂപയ്ക്കുമേൽ ശമ്പളമുള്ള സംസ്ഥാനത്തിലെ സർക്കാരുദ്യോഗങ്ങൾക്കു ഈരാജ്യത്തിൽ ജനിച്ചുവളർന്നവരെ അല്ലാതെ വിദേശിയരെ നിയമിക്കുന്നതിനുള്ള കാരണംഎന്തെന്നു ഗവണ്മെന്റു മയവുചെയ്തു പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സർക്കാർ ഉദ്യോഗത്തിൽ ൭൫൦ രൂപാക്ക മേൽശമ്പളമുള്ള ഉദ്യോഗങ്ങൾക്കും ഈ രാജ്യത്തിൽ ജനിച്ചുവരെയല്ലാതെ വിദേശിയരെയും നിയമിക്കുന്നതിനെ മെമ്പർക്കു പ്രസ്താവത്തെ ഗവണ്മെന്റ് സമ്മതിക്കുന്നില്ല. വിദേശിയരെ നിയമിക്കുമ്പോൾ സംസ്ഥാനത്തിന്റെ വിശേഷാൽ ഗുണത്തിനാണു അങ്ങനെ ചെയ്യുന്നതു എന്നുഗവണ്മെന്റ് കരുതുന്നതുകൊണ്ടത്രേ അങ്ങനെ നിയമിക്കുന്നതു.

വെള്ളിയപള്ളിയിൽ പരസ്പരസഹായസംഘങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ.

൪൩. മി: എ. ജെ. ജാൺ (വണ്ടൂർ) (എ) മീനച്ചൽതാലൂക്കിൽ വെള്ളിയപള്ളിയിൽ ഒരു പരസ്പരസഹായസംഘം സ്ഥാപിക്കപ്പെടുന്നതു സംബന്ധിച്ചു:

(എ) ആദ്യത്തെ അപേക്ഷയുടെ തീയതി എന്തെന്നും

(ബി) ഈ അപേക്ഷയെസംബന്ധിച്ചു രജിസ്ട്രാക്ക് കിട്ടിയ റിമൈൻഡറുകളുടെ എണ്ണം എത്രയെന്നും

(സി) രജിസ്ട്രാർ സ്ഥലത്തുചെന്ന എങ്കിലും അന്വേഷണം നടത്തിയൊഎന്നും നടത്തിയെങ്കിൽ അതി ന്റെഫലം എന്തെന്നും

(ഡി) ഈ അപേക്ഷഅനുവദിച്ചുവൊ, എന്നും, അനുവദിച്ചുഎങ്കിൽ തീയതി എത്രതന്നും, ഇല്ലെങ്കിൽ കാ രണംഎന്തെന്നും.

(ഇ) ഇതിൽപിന്നീട് എങ്കിലും പ്രത്യേകമായ അപേക്ഷ രജിസ്ട്രാക്ക് കിട്ടിട്ടുണ്ടോഎന്നും, ഉണ്ടെങ്കിൽ അതിന്റെതീയതി എന്താണെന്നും,

(എഫ്) രണ്ടാമത്തെ അപേക്ഷ അനുവദിച്ചുവൊ എന്നും, അനുവദിച്ചുഎങ്കിൽ അനുവദിച്ചതീയതി എ ന്താണെന്നും

(ജി) രണ്ടാമത്തെ അപേക്ഷ തീർച്ചചെയ്യുഎങ്കിൽ ആദ്യത്തെഅപേക്ഷയെ തീർച്ചചെയ്യാതിരിക്കു ന്കാരണം എന്തെന്നും ഗവണ്മെണ്ടു് ദയവുചെയ്യുമോ?

(ഘ) വെള്ളിയപള്ളിയിൽ പരസ്പരസഹായസംഘങ്ങൾ രജിസ്ട്രർ ചെയ്യുന്നതിനുള്ള രണ്ടു അപേക്ഷ കളേയും സംബന്ധിച്ച്

(എ) ആദ്യത്തെ അപേക്ഷയിലും രണ്ടാമത്തെ അപേക്ഷയിലും ഓരോസമുദായത്തിൽനിന്നും എത്ര പേർ ഉണ്ടായിരുന്നു എന്നും:

(ബി) ആദ്യത്തെ അപേക്ഷയിൽ ഒപ്പിട്ടിരുന്നവരുടെ ഷെയ്കുകളുടേയും റിമൈൻഡർകളുടെയും പകർ പ്പു മേശപ്പുറത്തു വയ്ക്കുമോ എന്നും ഗവണ്മെണ്ടു് സമയം പറയുമോ.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറു സെക്രട്ടറി): (ക) (എ) ക്ഷ ാറ വൃശ്ചികം വസംഖ.

(ബി) ഒന്നുംഇല്ല.

(സി) ഇല്ല.

(ഡി) അതെതീയതിയിൽ (ക്ഷ ാറ വ-ഴ-വസ) പന്തളത്തിൽ ഒരു പരസ്പരസഹായസംഘത്തിനു വേറെ ഒരു അപേക്ഷയുണ്ടായിരുന്നതിനാലും ആ സ്ഥലത്തു രണ്ടു കക്ഷികൾക്കും ഉണ്ടെന്നും രണ്ടിൽ ഏതെങ്കിലും ഒരപേക്ഷ അനുവദിക്കപ്പെട്ടാലതായാൽ ഇതുകക്ഷികളും തമ്മിൽ ഉള്ളവ ക്കു വലിയകക്ഷിവഴക്ക ഇല്ലാത്തതായ ഒരു സംഘം രൂപീകരിക്കാൻ യൂനിയൻ ആഗ്രഹിക്കുന്നു എന്നും പരസ്പരസഹായസംഘം രജിസ്ട്രാക്ക സ്ഥലത്തെ യൂനിയൻ ബോധിപ്പിച്ചിരുന്നതിനാൽ അപേക്ഷ അനുവദിക്കപ്പെട്ടില്ല. അപേക്ഷ അതിനാൽ യൂണിയൻ കൈവശത്തിൽതന്നെ വച്ചിരുന്നു.

(ഇ) രജിസ്ട്രാർക്കു പ്രത്യേകമായ ഒരപേക്ഷകിട്ടിയിട്ടില്ല എന്നാൽ വെള്ളിയപള്ളിയിൽ ഒരുസംഘത്തി നുള്ള ഒരപേക്ഷയെ സംബന്ധിച്ചു യൂണിയൻ ശുപാർശ ചെയ്തു. ഈ ശുപാർശരജിസ്ട്രാക്കു കൺവ ൻഷനു കിട്ടി.

(എഫ്) ഈ അപേക്ഷ പരസ്പരസഹായസംഘം രജിസ്ട്രാർ കൺവ ൻഷനു അനുവദിച്ചു.

(ജി) (എ) മാതൃത്തിനുള്ള മറുപടി നോക്കുക.

(ഘ) (എ) അപേക്ഷയുടെ അസലുകൾ സ്ഥലത്തുള്ള യൂണിയനിന്റെ പക്കൽ ആയതിനാൽ വിവ രം ലഭ്യം അല്ലെന്നു രജിസ്ട്രാർ ബോധിപ്പിച്ചിരിക്കുന്നു.

(ബി) കടലാസ് മേശപ്പുറത്തു വയ്ക്കുന്നതു ആവശ്യം ഗവണ്മെൻറു കാണുന്നില്ലാത്തതിനാൽ അപേക്ഷി ക്കേയത്തിൽ ആകുന്നു.

മീനച്ചൽ താലൂക്കിൽ പരസ്പരസഹായസംഘങ്ങൾ.

൪൪. മി: എ. ജെ. ജോൺ (വയ്ക്കം) (എ) മീനച്ചൽ താലൂക്കിൽ എത്ര പരസ്പരസഹായ സംഘങ്ങൾ ഉണ്ടെന്നും,

(ബി) സാമുദായികസംഘങ്ങൾ എത്രയെന്നും ഓരോ സമുദായത്തിനും എത്ര ഉണ്ടെന്നും.

(സി) മീനച്ചൽ ഉള്ള യൂണിയൻ രൂപീകൃതം ആയതു എപ്പോൾ എന്നും, യൂണിയനിന്റെ കീഴിൽ ഉള്ള സംഘങ്ങൾ എത്രയെന്നും; യൂണിയനിൽ ഉൾപ്പെട്ടിട്ടുള്ളതായി ഓരോ സമുദായത്തിനും ചേർന്ന സംഘങ്ങൾ എത്ര എന്നും.

(ഡി) യൂണിയനിന്റെ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമെന്നും.

(ഇ) ഇൻസ്പെക്ടർമാരുടേയും അണ്ടർ ആർഗനൈസറന്മാരുടേയും പേരുകൾ എന്തെന്നും

(എഫ്) കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കിടയിൽ (ക്ഷ ാറ വ-ക്ഷ ാറ വ) മീനച്ചിൽ താലൂക്കിൽനിന്നും പരസ്പരസഹായസംഘങ്ങൾ രജിസ്ട്രർചെയ്യാൻ എത്ര അപേക്ഷകൾ കിട്ടീട്ടുണ്ടെന്നും അവയിൽ അനുവദിച്ചതു എത്രഎന്നും,

(ജി) തള്ളിയ അപേക്ഷകൾ എത്രയെന്നും അവയ്ക്കുള്ള കാരണങ്ങൾ എന്തെന്നും

(എച്ച്) തള്ളിയ അപേക്ഷകളിൽ ഒപ്പിട്ടിരുന്നവരിൽ ഭൂരിപക്ഷം ഏതുസമുദായത്തിൽ ഉൾപ്പെട്ടവർ എന്നും

(കഎ) മീനച്ചൽതാലൂക്കിൽ ഓരോസമുദായത്തിലും ജനങ്ങൾ എത്രയുണ്ടെന്നും

ഗവണ്മെണ്ടു് സമയം പറയുമൊ.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെണ്ടു സെക്രട്ടറി) (എ) ൪൪

(ബി) വ— നായർ വ ക്രിസ്ത്യാനികൾ ഇ മുസ്ലീം ക

(സി) ക്ഷ ാറ ക-ക്ഷ ാറ വ൪൪- യൂണിയനിൽ ചേർന്ന സംഘങ്ങൾ സ ക; ഇവയിൽ വ എണ്ണം നായർ സംഘങ്ങളും ന എണ്ണം ക്രിസ്ത്യൻസംഘങ്ങളും പ്പ എണ്ണം എല്ലാവർഗ്ഗക്കാരും ചേർന്നവയും ആകുന്നു.

(ഡി) മെമ്പർസ്സ് എം. കെ. ഗോപാലപിള്ള
കെ. ഇ. ശിവരാമൻനായർ
കെ. സി. മാത്യു
ചുമ്മാരുവക്കി
ഒ. പി. ദേവസ്യ
പി. ഗോവിന്ദപ്പിള്ള
എം. കെ. രാമകൃഷ്ണൻ

(ഇ) ഇൻസ്പെക്ടർ മിസ്റ്റർ പി. ഗോപാലൻ നായർ ബി എസ്സും, പരസ്പര സഹായസംഘം ആണറി ആർഗനൈസർ മിസ്സിസ് സി. ഇ. ജോസഫും.

(എഫ്) ഈ ആവശ്യകരം കിട്ടി; അവയിൽ നമ്പ എണ്ണം ഈവഴി തപ്പെട്ടു. ശേഷം ഫാറം എണ്ണവും പല ഓഫീസുകളിലായി തീർച്ചയാകാതെ കിടക്കുന്നു.

(ജി) ഒന്നും ഇല്ല.

(എച്ച്) (ഇല്ല) ഗോത്തിനുള്ള മറുപടിയെ അപേക്ഷിച്ച് ഇതു ഉണ്ടാവുന്നില്ല.

(ഐ) മെമ്പർ തിരുവിതാംകോട്ട അസൻസസ് റിപ്പോർട്ട് നോക്കിക്കൊള്ളുക.

പരസ്പരസഹായയൂണിയനുകൾ.

൪൩. മി: എ. ജെ. ജോൺ (വണ്ടൂർ) (എ) സംസ്ഥാനത്തിൽ ഉള്ള പരസ്പരസഹായ യൂണിയനുകളുടെ മൊത്തം എണ്ണം എത്ര എന്നും.

(ബി) ഈ യൂണിയനുകളിലെ മാനേജിംഗ് കമ്മിറ്റി മെംബർമാരുടെ പേരുകളും,

(സി) ഓരോ യൂണിയനും ഉൾപ്പെട്ട സംഘങ്ങളിൽ ഗ്രാമീണവും ഏതു സമുദായത്തിൽപ്പെട്ടവരുടെ വാണെന്നും

(ഡി) യൂണിയൻറെ ബൈലാകളിൽ അതിൻറെ ശ്രദ്ധാശ കൂടാതെ യാതൊരു സംഘവും രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് ഏതെങ്കിലും ഉത്തരവോ സർക്കുലരോ ഉണ്ടോയെന്നും ഗവണ്മെൻറ് അറിവു ചെയ്തു പറയുമോ

മി: പി എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി) (എ) ആറു പ്രാദേശികാപരിശോധക യൂണിയനുകളും ഒരു അസൻസ്സൻ പരസ്പരസഹായ സ്ഥാപനവും.

(ബി) പരസ്പരസഹായസംഘം രജിസ്ട്രാരുടെ പക്കൽ നാളതുവരെയുള്ള വിവരം ലഭ്യമല്ല.

(സി) ഓരോ യൂണിയനിലും ഉൾപ്പെട്ടസംഘങ്ങളിൽ ഗ്രാമീണവും എല്ലാസമുദായത്തിലുള്ളവരും ചേർന്നും പ്രത്യേകസമുദായക്കാരുടെയുമുണ്ടെന്നുള്ളതും ആകുന്നു.

(ഡി) യൂണിയൻറെ ബൈലാർശ കൂടാതെ യാതൊരു സംഘവും രജിസ്റ്റർ ചെയ്യരുതെന്ന യാതൊരു ഉത്തരവോ സർക്കുലരോ ഇല്ല. "പുത്തൻ സംഘങ്ങളുടെ രൂപീകരണം" യൂനയനുകളുടെ വ്യക്തമായ ഉദ്ദേശങ്ങളിൽ ഒന്നാകയാലും എല്ലായൂണിയനുകളും ഈ ജോലി നടത്തുന്നതിനു തയാറുള്ളവരായിരിക്കുന്നതിനാലും പുത്തൻ സംഘങ്ങൾക്കുള്ള അപേക്ഷകരം നിയമന യൂണിയനുകളുടെ അഭിപ്രായത്തിനായി അയക്കപ്പെടുന്നു.

പരസ്പരസഹായസംഘങ്ങളുടെ ആണറി ആർഗനൈസർമാർ.

൪൪. മി: എ. ജെ. ജോൺ (വണ്ടൂർ) താഴെ പറയുന്ന സംഗതികളുടെ കാര്യത്തിനു ഗവണ്മെൻറ് ദയവുചെയ്തു വിവരങ്ങൾ തരുമോ?

(എ) പരസ്പരസഹായം ഡിപ്പാർട്ടുമെൻറിൽപ്പെട്ട ആണറി ആർഗനൈസർമാരുടെ മൊത്തം എണ്ണം.

(ബി) ഓരോ സമുദായത്തിലുംപെട്ടവരുടെ എണ്ണം

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ)യും (ബി)യും-ആണറി ആർഗനൈസർമാരുടെ നിയമനം ഫാറം സൂത്രൽ നിർത്തലാക്കിയിരിക്കുന്നു എന്നുപറയാം. ഫാറം-ൽ അവരുടെ സഞ്ചാരപടിക്കായി യാതൊരു തുക്കും ഉൾപ്പെട്ടത്തിട്ടില്ല. ഫാറം അപ്രമാണത്തിൽ താഴെകാണിച്ചിരിക്കുന്നപ്രകാരം ഏഴു ആണറി ആർഗനൈസർമാർ ഉണ്ടായിരുന്നു.

നായർ	൩
ക്രിസ്ത്യാനികൾ	൪
ചെരമർ	൧
അരയർ	൧
ഈഴവർ	൨
വെള്ളാളർ	൧
ബ്രാഹ്മണർ	൨

സ്കൂൾ ഓഫീസർമാർ പരീക്ഷക്കു ചോദ്യങ്ങൾ സർട്ടിഫിക്കറ്റ് കൊടുക്കരുതെ.

൪൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും തോട്ടമണ്ണാടും)

(എ) സ്കൂൾ ഫയിനൽ പരീക്ഷക്കു ചോദ്യങ്ങൾ എല്ലാകേന്ദ്രങ്ങളിലും സർട്ടിഫിക്കറ്റുകൊടുക്കുന്നതു നിർത്തലാക്കിയതു എപ്പോഴെന്നു ഗവണ്മെൻറ് ദയവുചെയ്തു പറയുമോ.

(ബി) ഈ നടപടി നിർത്തൽ ചെയ്യുന്നതിനാൽ എന്തു ഗുണങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു എന്നും ദയവുചെയ്തു പറയുമോ.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി):

(എ) മെമ്പർ സൂചിപ്പിച്ച നടപടി താഴെ പറയുന്ന കാര്യങ്ങൾകൊണ്ട് നിർത്തലാക്കി.

ഫാറം പരീക്ഷകൾ പരീക്ഷാർത്ഥികരമായി കാണപ്പെടുന്നവിദ്യാർത്ഥികളെമാത്രമേ പരീക്ഷയിൽ ചേർക്കുവെന്നു ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസ സർട്ടിഫിക്കറ്റു പരീക്ഷക്കു വിദ്യാർത്ഥികളെ അയക്കുന്നതു സംബന്ധിച്ചുള്ള എഡ്യുക്കേഷൻ കോഡിലെ ഫാറം ൨-ാം ചട്ടത്തിൽ പറഞ്ഞിരുന്നു. തന്നിമിത്തം അനേകം വിദ്യാർത്ഥികളെ ഹൈസ്കൂൾ പരീക്ഷക്കയച്ചിരുന്നില്ല.

ഗൺഫഡ്-ൽ ഈ ചട്ടം മാറ്റപ്പെട്ടു. സാധാരണമായി പരീക്ഷയ്ക്കു ക്ലാസിൽ പഠിച്ചിരുന്ന എല്ലാകുട്ടികളും ചേരാൻ അനുവദിക്കേണ്ടതാണെന്ന് പ്രതീക്ഷിക്കപ്പെടുന്ന എണ്ണമുള്ളിടത്തോളം ഫെഡ് മാസ്റ്റർമാക്ക് ഉത്തരവുകൾ അയച്ചുപ്പെട്ടു. ഇതിന്റെ ഫലമായി പള്ളിക്കൂടത്തിൽ കിട്ടിയമാക്കുകളും പിന്നീടു പബ്ലിക് പരീക്ഷയിൽ കിട്ടിയമാക്കുകളും നിശ്ചയിക്കപ്പെട്ടിടത്തോളം തൃപ്തിയായ അഭിവൃദ്ധിയുള്ളവർ എന്നോ പാഠ്യപദ്ധതിയനുസരിച്ചു തൃപ്തിയായവണ്ണം പഠനപൂർത്തിവന്നിട്ടുള്ളവർ എന്നോ ഗണിക്കപ്പെടാൻ പാടില്ലാത്ത അനേകം കുട്ടികൾ പരീക്ഷയിൽ ചേർന്നിരുന്നു. കോഡിലെ ക്ലോ എ ചട്ടം അനുസരിച്ചു അവർക്ക് സർട്ടിഫിക്കേറ്റുകൾ കൊടുക്കാവുന്നതല്ല.

(ഖ) മുൻപു പതിവായിരുന്നതുപോലെ അഭിവൃദ്ധി തിരയുന്നതിനുദ്ദേശമായിട്ടുള്ളവർക്ക് സർട്ടിഫിക്കേറ്റുകൾ കൊടുക്കപ്പെടുന്നില്ല എന്നുള്ളതു ശരിതന്നെയാണോ ഇതിൽനിന്നുള്ള ഫലം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): തങ്ങൾക്കു കാലക്ഷേപമാർഗ്ഗത്തിനായി രാജ്യംവിട്ടു പോകുകയാണെന്നു അധികാരികളെ തൃപ്തിപ്പെടുത്താൻ ഒരുക്കമുള്ള വിദ്യാർത്ഥികളുടെ വിഷയത്തിൽ ഗവണ്മെന്റു ദയവുചെയ്തു വ്യത്യസ്തമായ ഒരു പദ്ധതി സ്വീകരിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അങ്ങനെ ചെയ്യാം.

മാനുവൽ ട്രെയിനിംഗ് ഉപാദ്ധ്യായന്മാരുടെ ശമ്പള സ്കെയിലിന്റെ കാലാവധിക്രമം.

൪൫. മി: എ. ജെ. ജാൺ (വയ്ക്കം) മാനുവൽ ട്രെയിനിംഗ് ഉപാദ്ധ്യായന്മാരെ സംബന്ധിച്ചിടത്തോളം ഈ സ്കെയിൽ പദ്ധതി എഴുതി അയക്കുന്നതിനു വിദ്യാഭ്യാസ ഡയറക്ടരോടു ഉത്തരവു ചെയ്യുമോ എന്നും അങ്ങനെയാണെങ്കിൽ അദ്ദേഹം അങ്ങനെയുള്ള പദ്ധതി ഏതെങ്കിലും സമർപ്പിച്ചുവൊ എന്നും ഗവണ്മെന്റു സഭയം പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉവ്വ്.

മി: എ. ജെ. ജാൺ (വയ്ക്കം): ഡയറക്ടർ റിപ്പോർട്ട എപ്പോൾ സമർപ്പിച്ചു എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഗൺഫഡ്-ൽ മാറിപ്പോയ ഡയറക്ടർ അയച്ചു.

മി: എ. ജെ. ജാൺ (വയ്ക്കം): ഗവണ്മെന്റു അതിനെ പറ്റിയാലോചിച്ചുവൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉവ്വ്.

മി. എ. ജെ. ജാൺ (വയ്ക്കം): ഗവണ്മെന്റു അവസാനമായ ഉത്തരവു കൊടുത്തുവൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി). ഉവ്വ്.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു ശമ്പളക്കൂട്ടൽ.

൪൬. മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തെ ഭേദപ്പെടുത്തുന്നതിനായുള്ള കമ്മിറ്റിറിയുടെ റിപ്പോർട്ടിനെപ്പറ്റി ആലോചിച്ചുവൊ എന്നു ഗവണ്മെന്റു സഭയം പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): റിപ്പോർട്ട് ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): റിപ്പോർട്ടിനെപ്പറ്റി ആലോചന തുടങ്ങുന്നതിൽ ഉള്ള താമസം നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്ക വലുതായ സങ്കടത്തിനു കാരണമായിതീരുന്നു എന്നു ഗവണ്മെന്റിന് അറിയാമൊ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതു പ്രധാനപ്പെട്ട ഒരു വിഷയം ആകയാൽ ആലോചനയ്ക്കു കുറെ സമയം വേണ്ടിവരും. ഇപ്പോഠം അതു വിദ്യാഭ്യാസഡയറക്ടർക്ക അദ്ദേഹത്തിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): റിപ്പോർട്ടിനെപ്പറ്റിയുള്ള ആലോചന എപ്പോൾ പൂർത്തിയാകുമെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): കാലം ക്ലിപ്തപ്പെടുത്തി പറയാവുന്നതല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അടുത്ത ബഡ്ജറ്റു യോഗത്തോടുകൂടി എങ്കിലും കമ്മിറ്റിറിയുടെ റിപ്പോർശയിന്മേൽ നടപടി നടത്തപ്പെടുമൊ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റും അങ്ങനെ പ്രതീക്ഷിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): റിപ്പോർട്ടിനെപ്പറ്റി ആലോചന പൂർത്തിയായ ഉടനെ അതു സഭയിലെ മെംബർമാരുടെ അഭിപ്രായത്തിനായും അയക്കപ്പെടുമൊ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): റിപ്പോർട്ട് സഭയുടെമുമ്പിൽ വയ്ക്കുന്നതാണ്.

മുൻസീഫ്മാരുടെ നിശ്ചയത്തെപ്പറ്റിയുള്ള പ്രമേയം.

൪൭. മി: പാപ്പാ ഡാനിയൽ (ഗവണ്മെന്റു നിയമിച്ച മെംബർ): വക്കീലന്മാരിൽ നിന്നും നിയമിക്കപ്പെടുന്ന മുൻസീഫ്മാരുടെ ശതമാനം ഇനിയും കൂട്ടുന്നതു അഭിലഷണീയമായിരിക്കുന്നു എന്ന പ്രാർത്ഥിച്ചു തിരുവിതാംകോട്ടെ ബാർ അസോസിയേഷനിൽനിന്നും ഏതെങ്കിലും പ്രമേയം കിട്ടിട്ടുണ്ടൊ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി) : മറുപടി നിഷേധമാകുന്നു.

മുനിസിപ്പൽഗ്രൂപ്പുചേയ്ൻ ഭേദഗതി.

൪൮. മി: കൊണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): (എ) മുൻസിപൽ തിരഞ്ഞെടുപ്പു കേസുകാര്യവിചാരിച്ചു വന്നതാണെന്ന അറിയാമൊ എന്നും,

(ബി) അങ്ങനെ നടപ്പുള്ള കേസുകളിൽ ജയിക്കുന്ന കക്ഷികാര്യക്കു കോടതിചിലവു കൊടുക്കുന്നതുക്കവണ്ണം ചട്ടങ്ങളെ ഭേദപ്പെടുത്തുകയും ഭേദഗതികരിക്കയും ചെയ്യുന്നതിനു ആലോചിക്കുന്നുണ്ടൊ എന്നും,

ഗവണ്മെന്റ് സഭയം പറയുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) മറുപടി നിഷേധമാണു.

(ബി) (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഇതു ഉണ്ടാവുകയില്ല.

അനുബന്ധം.

ന. ഭ .ം നമ്പർ ചോദ്യത്തിനുള്ള മറുപടി കാണിക്കുക.

നമ്പർ	നിയമിക്കപ്പെട്ട ആളിന്റെ പേര	ജാതി	ഉദ്യോഗ്യത	മുമ്പു സ്ഥാനത്തിനുപേക്ഷ നിയമിച്ച എന്ത്	നിയമനത്തിനു കാരണമായ ഒഴിവു	ശമ്പളം രൂ	റിമാർക്ക്
൧	മിസ്റ്റർ കൃഷ്ണഅയ്യർ	ബ്രാഹ്മണൻ	ഗ്രൂപ്പുസർട്ടിഫിക്കേറ്റ്	ആക്ടിംഗ് ഡ്രായിംഗ് മാസ്റ്റർ ഇ-മി-സ്കൂൾ ഫറിപ്പാട	പകരം	...	നാട്ടുരാജ്യാശാഖയിൽനിന്നും പ്രമോഷൻ ചെയ്തു സ്ഥലംമാറി
൨	,, എസ്. ഭഗവതിപിള്ള	വെള്ളാളൻ	തത്തുല്യപ്പെട്ട പരിജ്ഞാനം	ആക്ടിംഗ് സ്കിൽമാസ്റ്റർ ഇ-ഫൈ-സ്കൂൾ മാത്താണ്ഡം	ടി	...	ടി
൩	,, ആർ. അനന്തനാരായണയ്യർ	ബ്രാഹ്മണൻ	ടി	ടി ഇ-മി-സ്കൂൾ തക്കല	ടി	...	ടി
൪	,, എം. പദ്മനാഭയ്യർ	ടി	ഇ-സ്കൂ-ലി-സ	ആക്ടിംഗ് ക്ലാർക്ക, ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ ആഫീസു	ടി	൨ ൦	അവധി എടുത്ത ഒഴിവിൽ പകരം ഇല്ല ലിനോക്കിവരുന്നു
൫	,, എ, കേശവൻആശാരി	കമ്മാളൻ	ടി	ആക്ടിംഗ് ക്ലാർക്ക ഇ-ഫൈസ്കൂൾ, കൊല്ലം	ടി	൨ ൦	ടി
൬	,, ഉപ്പുണ്ണൻ	മറവൻ	...	പ്യൂൺ ഇ-ഫൈസ്കൂൾ, കോട്ടാർ	സ്ഥിരം	൯	
൭	,, നാരായണപിള്ള	നായർ	...	ടി കായംകുളം	ടി	൯	
൮	,, മത്തപിള്ള	ടി	...	ടി കൊല്ലം	പകരം	൯	
൯	,, അയ്യപ്പൻപിള്ള	ടി	...	ടി ഇരണിയൽ	ടി	൯	
൧൦	,, പരമേശ്വരൻപിള്ള	ടി	...	ടി ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ആഫീസു	ടി	൯	അവധി എടുത്ത ഒഴിവുകളിൽ പകരം നോക്കിവരുന്നു
൧൧	,, രാമൻപോറ്റി	ഭട്ടബ്രാഹ്മണൻ	...	ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ആഫീസിൽപ്യൂൺ	ടി	൯	
൧൨	,, പത്മനാഭപിള്ള	നായർ	...	ടി ടി	ടി	൯	
൧൩	,, എ. കെ. നാരായണക്കുറുപ്പു	ടി	ഗ്രൂപ്പുസർട്ടിഫിക്കേറ്റ്	ആക്ടിംഗ് ഡ്രായിംഗ്മാസ്റ്റർ, ഇ-മി-സ്കൂ അമ്പലപ്പുഴ	ടി	൨ ൪	
൧൪	,, ഗോവിന്ദപ്പിള്ള	ടി	...	ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ആഫീസു പ്യൂൺ	ടി	൯	
൧൫	,, എസ്. ശ്രീനിവാസൻപോറ്റി	ഭട്ടബ്രാഹ്മണൻ	ഇ-സ്കൂ-ലീ-സും ടൈപ്പ്റൈറ്റിംഗ് ഹയർ	ടി ആക്ടിംഗ് ക്ലാർക്ക്	ടി	൨ ൦	
൧൬	, പി. ശങ്കരപ്പിള്ള	നായർ	...	പ്യൂൺ, ഇ-ഫൈ-സ്കൂൾ നെയ്യാറ്റിൻകര	ടി	൯	
൧൭	,, എൻ. പരമേശ്വരൻപിള്ള	ടി	...	ടി ഇ-മി-സ്കൂൾ കോതമംഗലം	ടി	൯	
൧൮	,, സന്താനിയാൻമൂപ്പൻ	മറവഹിന്ദു	...	ടി ഇ-ഫൈ-സ്കൂൾ പറവൂർ	ടി	൯	

പ്രൊസിഡന്റ്: മിനിസ്റ്റേഴ്സ് നടപടിക്രമത്തെ സംബന്ധിച്ചുള്ള കാര്യമാണ് പറഞ്ഞുതുടങ്ങിയത്, അതു ചെയ്യുന്നതിനെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ട്. മിസ്റ്റർ പി. കെ. നാരായണപിള്ള ചോദിച്ചതിനെപ്പറ്റി മറുപടി സപ്ലിമെന്ററി ഡിമാന്റുകളെ സംബന്ധിച്ചു കൊടുക്കണമെന്നു മുന്നറിയിപ്പുതന്നു. പറഞ്ഞുവല്ലോ. സപ്ലിമെന്ററി ഗ്രാന്റുകളെപ്പറ്റി മുന്നറിയിപ്പു കൊടുക്കണമെന്ന ചട്ടങ്ങളിലെവിടെയും ഇപ്പോൾ ഒരു വ്യവസ്ഥയും ഇല്ല. സമയത്തു മുൻകൂട്ടി മുന്നറിയിപ്പു നിർബന്ധിക്കപ്പെട്ടിട്ടും ഇല്ല. മിനിസ്റ്റേഴ്സ് സപ്ലിമെന്ററി ഡിമാന്റുകളെ സംബന്ധിച്ചുചെയ്ത അവ നടപടിക്രമത്തിനനുസരണമായിരുന്നു എന്നു തന്നെ ഞാൻ ഉത്തരവു ചെയ്തിട്ടുണ്ടായിരിക്കുന്നു. മേലുള്ള കാര്യങ്ങൾക്കുകൂടി ഏതെങ്കിലും മുന്നറിയിപ്പു ഉണ്ടായിരിക്കണം എന്നുള്ള അപേക്ഷയുടെ ന്യായത്തെ എനിക്കു അറിഞ്ഞുവാൻ കഴിയും. അതു കൊണ്ടു നിവൃത്തിയുള്ളപ്പോൾ എല്ലാം സപ്ലിമെന്ററി ഡിമാന്റുകളും പറഞ്ഞു മുന്നു ദിവസത്തെ മുന്നറിയിപ്പു എങ്കിലും കൊടുക്കണം എന്നും അങ്ങനെയുള്ള മുന്നറിയിപ്പു കൊടുക്കുന്നതിനു നടപ്പുകളിലുടനീളം നടപ്പാക്കുന്നതിനായി ശ്രമിക്കേണ്ടതാണെന്നും ഞാൻ ഉത്തരവു ചെയ്യുന്നു. എന്നാൽ ഈ മുന്നറിപ്പിനുള്ള മുഴുവൻ സമയവും തരാൻ കഴിവില്ലാത്ത വിധം അടിയന്തിരകാര്യങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളും ഉണ്ടായിക്കൂടാ എന്നു മെമ്പർമാർക്കും നന്നായും അറിയാമല്ലോ. നേരെ മറിച്ചു ഇതുവരെ സപ്ലിമെന്ററി ഡിമാന്റുകളും വിട്ടുകളയുന്നതിനെ സംബന്ധിച്ചുള്ള ഉപക്ഷേപങ്ങൾക്കു മുന്നറിയിപ്പു ഉണ്ടായിരിക്കണമെന്നുള്ള അവകാശത്തെ ഗവണ്മെന്റു ഉപേക്ഷിച്ചിട്ടുമുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം മേലാൽ സപ്ലിമെന്ററി ഗ്രാന്റുകൾക്കു മുന്നറിയിപ്പു നിവൃത്തിയുള്ളിടത്തോളം കൊടുക്കപ്പെടുമെന്നുള്ളതു കൊണ്ടു കൂടുതലൊന്നും വിട്ടുകളയുന്നതിനോ ഉള്ള ഉപക്ഷേപത്തിനു കൂടിയും മുന്നറിയിപ്പു കൊടുക്കേണ്ടതാണെന്നുള്ളതു ന്യായമായിട്ടുള്ളതാകുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ ഒരു ദിവസത്തെ മുന്നറിയിപ്പു കൊടുത്താൽ മതിയാകുമെന്നു എനിക്കു തോന്നുന്നു. എന്നാൽ ഇതുവരെ നടന്നുവന്നതുപോലെ പ്രത്യേകസന്ദർഭങ്ങളിലും അസാധാരണമായിട്ടുള്ള കാരണങ്ങളിന്മേൽ മേലും നിവൃത്തിയുള്ളിടത്തെല്ലാം അനുദ്യോഗിക കക്ഷിയിൽ നിന്നും വേണ്ട മുന്നറിയിപ്പു വേണ്ടെന്നു വയ്ക്കുന്നതിനു പ്രസിഡന്റിനു കഴിയുന്നതായിരിക്കും.

ഉത്തരവിനുള്ള മറ്റെ സംഗതി രൂപം വകുപ്പിനുള്ള മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ഭേദഗതി സമ്മതിക്കത്തക്കതാണോ എന്നുള്ളതാണ്. പേജ് നമ്പർ സ്ഥിരഉത്തരവു (മ) ന്നസരിച്ചു ഓരോ ഭേദഗതിയും ഏതുവകുപ്പിനോടു ചേർന്നതു ആ വകുപ്പിനോടു സംബന്ധപ്പെട്ടതായും ആ വകുപ്പിന്റെ വ്യാപ്തിയിൽ ഉൾപ്പെട്ടതായും ഇരിക്കണം. രൂപം വകുപ്പു നിർദ്ദിഷ്ട ഭേദഗതിയും പൂർണ്ണമായും വ്യത്യസ്തമായ രണ്ടു വിഷയങ്ങളെ സംബന്ധിച്ചുള്ളവയാകുന്നു. ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഭേദഗതി നടപടിക്രമം അനുസരിച്ചുള്ളതല്ല.

ഖനികളും ധാതുക്കളും ബിൽ.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാത്തിക്കപ്പള്ളിയും): രൂപം വകുപ്പിനെ എടുത്തുകളയേണ്ടതിനെപ്പറ്റി രണ്ടാമതൊരു ഭേദഗതി കൊണ്ടുവരാൻ എനിക്കു അവകാശം ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കൃഷ്ണസ്വാമി പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സക്രട്ടറിവകയിൽ): ഒരു വകുപ്പിനെ വിട്ടുകളയുന്നതിനു മാത്രമായുള്ള ഭേദഗതി നടപടിക്രമത്തിനു അനുസരണമായിട്ടുള്ളതല്ല എന്നു കഴിഞ്ഞ യോഗത്തിങ്കൽ ഉത്തരവു ചെയ്യപ്പെട്ടിട്ടുണ്ട്. ഭേദഗതി ഒരു വകുപ്പിനു ഏതെങ്കിലും മാറ്റങ്ങൾ വരുത്തുന്നതായിരിക്കണം. അല്ലാതെ നിഷേധാത്മകമായ അഭിപ്രായശക്തിയുള്ള ഒന്നായി മാത്രമായിരിക്കരുതു. കഴിഞ്ഞ തവണ ഡെപ്യൂട്ടിപ്രൊസിഡന്റ് ആ രോഗം എടുത്തു വാഴിച്ചിട്ടുണ്ടെങ്കിൽ ഉത്തരവു ചെയ്തു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാത്തിക്കപ്പള്ളിയും): ഈ ഭേദഗതികൊണ്ടു ഏല്ലാം ബില്ലിനാകുന്നു, വകുപ്പുകൊണ്ടുമാത്രമല്ല, അതുകൊണ്ടു നിങ്ങൾ പൊതുജനസൌകര്യത്തെ ഗണിക്കേണ്ടതാണെന്നുമെനിക്കഭിപ്രായമുണ്ടെന്നു.

പ്രൊസിഡന്റ്: മിസ്റ്റർ ജി. രാമൻമേനോൻ, സിലക്ട്കമ്മിറ്റിയിലെ ജോലികൊണ്ടു തീർത്തതിൽപിന്നീടു കൂടുതലായി വന്ന ഭേദഗതികളെ സിലക്ട്കമ്മിറ്റിയിലെ പോലെ അത്രത്തോളം പരിചിന്തനം ചെയ്യാനും പരിശോധിക്കാനും കഴിയുന്നതല്ല എന്നുള്ള ചെറിയകാരണത്തിന്മേൽ സിലെക്ട്കമ്മിറ്റി റിപ്പോർട്ടു അയച്ചതിൽ പിന്നീടുള്ള ഭേദഗതികൊണ്ടു സിലെക്ട്കമ്മിറ്റി റിപ്പോർട്ടു അയക്കുന്നതിനു മുമ്പുള്ള ഭേദഗതികളിൽ നിന്നു വിത്യസ്തമായി പ്രത്യേകമായ ഒരു നിലയിലാണെന്നുള്ളതു കൂടി നിങ്ങൾ ആലോചിക്കേണ്ടതുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും, തെക്കു): സർ, സിലക്ട്കമ്മിറ്റിറിപ്പോർട്ടു അയച്ചതിൽ പിന്നീടു മാത്രമേ ഭേദഗതികൊണ്ടു ചെയ്യാൻ നിവൃത്തിയുള്ളുവല്ലോ.

പ്രൊസിഡന്റ്: അതിൽ പിന്നീടു മാത്രം തന്നെ, അതു കൊണ്ടാണു ഒരു വകുപ്പിനെ മുഴുവൻ എടുത്തുകളയണം എന്നുള്ളതിനെപ്പറ്റി ആലോചിക്കാൻ പാടില്ലാതെ വരുന്നതു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്കു): സർ, ചിലവകുപ്പുകളെ എടുത്തുകളയുന്നതു ബില്ലിനെ ഭേദപ്പെടുത്തും.

പ്രൊസിഡന്റ്: ഒരു വകുപ്പിന്റെ ചില ഭാഗങ്ങളെ മാത്രം അല്ലാതെ അതിനെ പൂർണ്ണമായി വിട്ടുകളയുന്നതല്ല.

മി: സി. പി. തരകൻ (കുന്നത്തുനാടു): അതിനു പ്രതിഷേധമായി വോട്ടു ചെയ്യാൻ ഞങ്ങൾക്കു അധികാരം ഇല്ലേ?

മി: കൃഷ്ണസ്വാമി പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി വകയിൽ): പേജ് നംബർ സ്ഥിരഉത്തരവു (ഥ)-ൽ ഇപ്രകാരം പറയുന്നു:

"നിഷേധാഭിപ്രായശക്തി മാത്രം ഉള്ള ഒരു ഭേദഗതി അനുകരിപ്പിക്കാൻ പാടുള്ളതല്ല"

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാത്തിക്കപ്പള്ളിയും): ഒരു പ്രത്യേകവകുപ്പിനെ അല്ലാതെ മുഴുവൻ ബില്ലിനും സംബന്ധിക്കുന്നതായാൽ മാത്രമേ നിഷേധാഭിപ്രായ ശക്തി അതിനുണ്ടാകുകയുള്ളു, അങ്ങനെയുള്ള എടുത്തുകളയുന്നതിനും കാരണങ്ങളും പറയുന്നതിനുമെമ്പർമാർക്കു അധികാരം ഉണ്ടായിരിക്കേണ്ടതുണ്ട്, ചില

കൂപ്പിനെ എതിരായി വോട്ട ചെയ്യുന്നതിനു മെംബർമാർക്ക അധികാരം ഉണ്ട്. അനുകൂലമായോ പ്രതികൂലമായോ കാരണങ്ങളും അറിയാതെ അതിനെ എതിരായി ഞങ്ങൾ വോട്ട ചെയ്യുന്നതെങ്ങനെയാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സക്കാർ വക്കീൽ): അതിനുമേൽ പറയാനുള്ളതു പറയുന്നതിനു അദ്ദേഹത്തെ അനുവദിക്കുവുന്നതാണെന്നു എനിക്കു തോന്നുന്നു.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും തെക്കു): ആ വകുപ്പു പഠിച്ചാലോചനത്തിനായി വരുമ്പോൾ നമുക്കു അതിനെ എതിർക്കുവുന്നതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലിടങ്ങളും): ഈ പ്രത്യേക സംഗതിയിൽ ഇതു ഒരു വകുപ്പിന്റെ ഒരു പ്രത്യേകഭാഗത്തെ എടുത്തുകളയുന്നതാണ്. അല്ലാതെ വകുപ്പു മുഴുവനെയും അല്ല.

പ്രൊസിഡിങ്ങ്സ്: നാം രണ്ടാമത്തെ ഭേദഗതിയെപ്പറ്റിയാണു പറഞ്ഞു കൊണ്ടിരിക്കുന്നതു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേലിടങ്ങളും): ഞാൻ ആദ്യത്തെ ഭേദഗതിയെ ഉദ്ദേശിച്ചു പറഞ്ഞതിനായി വ്യസനിക്കുന്നു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). നാലാമത്തെ ഭേദഗതിയെപ്പറ്റി പറയട്ടെയോ?

പ്രൊസിഡിങ്ങ്സ്: അതുകാം.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെപ്പറയുന്ന ഭേദഗതിക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

ഒന്നാമത്തെ വ്യത്യസ്തത്തിൽ താഴെപറയുന്ന പദങ്ങൾ വിട്ടുകളയണം.

"ഈ റഗുലേഷന്റെ മറ്റൊരു വകുപ്പുകളുടെയും വ്യാപ്തിയിൽ നിന്നും അതു ക്ലർക്ക ഒഴിവാക്കപ്പെട്ടിരുന്നാൽ അല്ലാതെ,"

രണ്ടാം വകുപ്പു ഇങ്ങനെയാക്കുന്നു.

"ഈ റെഗുലേഷന്റെ എല്ലാ വകുപ്പുകളുടെയുമോ ഏതെങ്കിലും പ്രത്യേകവകുപ്പിന്റെയോ വ്യാപ്തിയിൽ നിന്നും ഏതെങ്കിലും പ്രദേശത്തെയോ, ഖനിയേയോ, ഖനി കൂട്ടത്തേയോ, വഗ്ഗത്തേയോ, ഖനിയുടെ ഏതെങ്കിലും ഭാഗത്തെയോ അല്ലെങ്കിൽ ഏതെങ്കിലും വഗ്ഗത്തിൽപെട്ട ആളുകളേയോ ഗവർണറിൻ പരസ്യം മൂലം ഗവണ്മെന്റിനു ഒഴിവാക്കാവുന്നതാണു".

"എന്നാൽ അതു ഈ റഗുലേഷന്റെ മറ്റു എല്ലാ വകുപ്പുകളുടേയും വ്യാപ്തിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നാൽ അല്ലാതെ യാതൊരു പ്രദേശമേ, ഖനിയോ ഖനി കൂട്ടമോ ഏതെങ്കിലും ഇനത്തിൽ പെട്ട ഖനികളോ രണ്ടാം വകുപ്പിന്റെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കപ്പെടാവുന്നതല്ല',

ഒന്നാമത്തെ ക്ലിപ്തത്തെ സംബന്ധിച്ചാണ് ഞാൻ ഭേദഗതി കൊണ്ടു വരുന്നതു. ഇപ്പോൾ ഇരിക്കുന്ന നിലയ്ക്കു ഗവർണ്മെന്റിനു ഏതു ഖനിയേയും മറ്റുള്ള എല്ലാവകുപ്പുകളുടേയും വ്യാപ്തിയിൽ നിന്നു തീരെ ഒഴിവാക്കിയാൽ പിന്നെ അതിനെ രണ്ടാം വകുപ്പിന്റെയും വ്യാപ്തിയിൽ നിന്നു ഒഴിവാക്കുന്നതിനും അധികാരം ഉണ്ട്. രണ്ടാം വകുപ്പു ഖനികളിൽ കുട്ടികളേയും സ്ത്രീകളേയും ജോലിക്കു ഏർപ്പെടുത്തുന്നതിനെ പറ്റിയാകുന്നു. രണ്ടാം വകുപ്പിൽ ഇപ്രകാരം പറയുന്നു.

രണ്ടാം വകുപ്പിൽ ഇപ്രകാരം പറയുന്നു.

"യാതൊരു ഖനിയിലും യാതൊരു കൂട്ടിയേയും വേല ചെയ്യിക്കയാകട്ടെ ഭൂമിക്കടിയിൽ ഉള്ള യാതൊരു ഖനിയുടേയും യാതൊരു ഭാഗത്തിലും യാതൊരു കുട്ടിയെയാകട്ടെ സ്ത്രീയെ ആകട്ടെ വന്നു നിൽക്കാൻ അനുവദിക്കുകയാകട്ടെ ചെയ്യുകൂടാ"

വല്ല ഖനിയേയും മറ്റെല്ലാ വകുപ്പുകളുടേയും വ്യാപ്തിയിൽ നിന്നും ഒഴിവാക്കുന്നതിനു ഗവണ്മെന്റു എതെല്ലാം അധികാരം തന്നെ ഉള്ളതായി പറയുന്നതായിരുന്നാലും യാതൊരു ഖനിയേയും ഈ വകുപ്പിന്റെ വ്യാപ്തിയിൽ നിന്നും ഒഴിവാക്കരുതു എന്നാണു ഞാൻ സമർപ്പിക്കുന്നതു. അതു കൊണ്ടു ഒന്നാമത്തെ വ്യത്യസ്തത്തിൽ "ഈ മറ്റുലേഷന്റെ" എന്നു തുടങ്ങിയ ഭാഗത്തെ വിട്ടുകളയണം എന്നാണു ഞാൻ പറയുന്നതു. വ്യത്യസ്തം കേവലം ഇപ്രകാരം ആയിരിക്കും.

"യാതൊരു പ്രദേശമോ ഖനിയോ ഖനികൂട്ടമോ പ്രത്യേകവഗ്ഗത്തിൽ പെട്ട ഖനികളോ രണ്ടാം വകുപ്പിന്റെ വ്യാപ്തിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതല്ല"

മറ്റു എല്ലാ വ്യവസ്ഥകളും ഊർജ്ജിതമില്ലാതാക്കപ്പെട്ടുപോയാലും ഈ പ്രത്യേക വ്യവസ്ഥ ഊർജ്ജിതമില്ലാതാക്കരുതു. ഖനികളിൽ സ്ത്രീകളേയും കുട്ടികളേയും വേലയ്ക്കു ആക്കുകയോ ഭൂമിക്കടിയിൽ ഉള്ള ഖനിയുടെ ഏതെങ്കിലും ഭാഗത്തിൽ സന്നിഹിതരായിരിക്കാൻ അനുവദിക്കുകയോ ചെയ്യുന്നതിനെപ്പറ്റിയുള്ള ഈ വ്യവസ്ഥ യാതൊരു കാരണവശാലും ഊർജ്ജിത രഹിതമാക്കപ്പെടാൻ അനുവദിക്കരുതു. ഭേദഗതിയുടെ ഉദ്ദേശം അതാകുന്നു. ഞാൻ വകുപ്പു മുഴുവനേയും എടുത്തുകളയണം എന്നറിയിച്ചിരുന്നു. എന്നാൽ അതു നടപടിക്രമത്തിനു അനുസരണം അല്ലെന്നു ഉത്തരവു ചെയ്യപ്പെട്ടുപോയി. ഒഴിവാക്കുന്നതിനുള്ള അധികാരം അവകാശപ്പെട്ടുലും രണ്ടാം വകുപ്പിൽ നിന്നും ഒഴിവാക്കികൊടുക്കരുതു. ഭേദഗതിയുടെ ഉദ്ദേശം അതാകുന്നു. ഇഴ പ്രസംഗത്തോടുകൂടി ഭേദഗതിയെ സഭയുടെ പഠിച്ചാലോചനക്കായിവിട്ടിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഒഴിവാക്കലിനുള്ള ഏതെങ്കിലും വ്യവസ്ഥ എന്തുകൊണ്ടാണ് ആവശ്യമായിട്ടുള്ളതെന്നു ഞാൻ പറഞ്ഞാൽ കായ്ഞ്ഞിരിന്റെ കിടപ്പിനെ തെളിയിക്കുമായിരിക്കും 'ഖനി'' എന്ന പദത്തിനു ഈ ബില്ലിൽ ചേർത്തിരിക്കുന്ന അർത്ഥവിവരണത്തെ മെംബറന്മാർ ദയവുചെയ്തു നോക്കുന്നതായാൽ ഖനി എന്നാൽ താഴ്വരയെ ഗണ്യമാക്കാതെ ഭൂമിക്കടിയിലായാലും അല്ലാതേയോ ഉള്ള ഒരു കഴിക്കുന്നതാണെന്നു അവർ കാണുന്നതാണ്. വിവരണം ഇങ്ങനെയാണ്:

"ഖനി" എന്നാൽ ധാതുക്കൾക്കായി അന്വേഷിക്കുന്നതോ ധാതുക്കളെ എടുക്കുന്നതിനോ ആയി പണി നടത്തിയിരുന്നിടുകയോ നടത്തിവരികയോ ചെയ്യപ്പെടുന്നതായി ഭൂമിക്കടിയിൽ ഉള്ളതോ അല്ലാത്തതോ ആയ കു

ചി എന്ന അർത്ഥമാക്കുന്നതും ഖനിക്ക് ഉള്ളതോ അവിടെ തൊട്ടുകിടക്കുന്നതോ അതിനോട് ചേർന്നതോ ആയ തറയ്ക്കുമുകളിലോ അടിയിലോ ഉള്ള എല്ലാപണികളും യന്ത്രങ്ങളും ദ്രാവഴികളും ടൈഡ്രൈകളും ഉൾപ്പെടുന്നതും ആകുന്നു."

മണ്ണുപാതി എടുത്തിട്ടുള്ള ഏതുകഴിയും അടിവരെ താഴ്ത്തു എന്നുതന്നെയായിരുന്നാലും ഖനി ആകുമെന്നുവരുകിൽ അടുത്തുണ്ടാകുന്ന ചോദ്യം ഖനികളെ സംബന്ധിച്ചു ഈ ബില്ലിൻപ്രകാരം ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ നിയന്ത്രണങ്ങളും ആ കഴികളേയും സംബന്ധിക്കുന്നതാണോ എന്നുള്ളതാണ്. ഖനികളെ സംബന്ധിച്ചിടത്തോളം അവയുടെമേൽ ഏർപ്പെടുത്താവുന്നതായി അനേകം നിയന്ത്രണങ്ങളും ഉണ്ടെന്നു ബില്ലിനെപരിശോധിച്ചു മനസ്സിലാക്കിയാൽ കാണാവുന്നതാണ്. ഉദാഹരണമായി ഫാക്ടറീസ് ആക്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഇപ്പോൾ ഉള്ളതായ ഒരു ഖനിയുടെ കയ്യുത്തിൽ ഈ റെഗുലേഷൻ നടപ്പിൽവരുന്ന തീയതിമുതൽ ഒരു മാസത്തിനുള്ളിലും പുതായ ഒരു ഖനികൂടെ കയ്യുത്തിൽ ഖനനപ്രവൃത്തി ആരംഭിക്കുന്നതുതൊട്ടു മൂന്നുമാസത്തിനുള്ളിലും നടത്തുവാൻ പോകുന്ന ഓരോ ഖനിയെ സംബന്ധിച്ച് നിശ്ചയിക്കപ്പെടുന്ന ഓരോവിവരവും അടുത്തുള്ള ഒരു നോട്ടീസ് ബോർഡിന്മേൽ പതിക്കുന്നതും ആ നോട്ടീസിന്റെ ഒരു പകർപ്പു ഖനിയുടെയും ഉടമസ്ഥനോ ഏജന്റോ മാനേജരോ മേശപ്പുറത്തുവെക്കുന്നതും ആയിരിക്കണം."

പിന്നെ ഒരു വ്യവസ്ഥ ഫാക്ടറി-വകുപ്പിൽ കാണുവാനുണ്ട്. ഫാക്ടറി വകുപ്പിനനുസരിച്ചു വിജ്ഞാപനമായ ഒരു മാനജർ ഉണ്ടായിരിക്കുന്നതുകൊണ്ട്. ഇപ്രകാരത്തെ വേറെയും നിയന്ത്രണവ്യവസ്ഥകൾ ഉണ്ട്. ഉദാഹരണമായി ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഖനികളിലെ പ്രവൃത്തി നടത്തിക്കേണ്ടതുകൊണ്ട്, പ്രവേശനത്തിൽ മലമൂത്രവിസർജ്ജനസ്ഥലങ്ങൾ ഉണ്ടായിരിക്കണം. ഖനികളിൽ പണിയെടുക്കുന്ന മണ്ണുവെട്ടുകാരുടെയും പണിയെടുക്കുന്ന അളുകളുടെയും സംബന്ധിച്ചു രജിസ്റ്ററുകൾ വച്ചിരിക്കണം. ഈ നിയന്ത്രണങ്ങളിൽ ചില സ്ത്രീകളുടെയും കുട്ടികളുടെയും വേലക്കു നിയമിക്കുന്നതിനെ സംബന്ധിച്ചുള്ളതാകുന്നു. ഓരോ കഴിയും ഖനിയാണെന്നു മെംബർമാർ കരുതുന്നതായാൽ ഈ നിയന്ത്രണങ്ങളെ നിഷ്കർഷയായി ഉൾപ്പെടുത്തിയാൽ എത്ര സങ്കടകരമായിരിക്കുമെന്ന് അവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി നമ്മുടെരാജ്യത്തിൽ സർവ്വസാധാരണമായ ഒരു ഇഷ്ടിക കഴിയെ എടുക്കുകയുക. വിവരണം ഫാക്ടറിച്ചു അതു ഒരു ഖനിയായിരിക്കും. അങ്ങനെയുള്ള ഒരു ഇഷ്ടിക കഴിക്ക എല്ലാനിയന്ത്രണങ്ങളേയും സംബന്ധിക്കുന്നതായാൽ അതു എത്രത്തോളം സങ്കടകരമായിരിക്കും? ഒരു സാണ്ണക്കുടിവെട്ടിയെടുക്കുന്ന ഒരു ചെറിയസ്ഥലം ഒരു ഖനിയായിരിക്കും. ആ കഴിക്ക അടി ചതുരവും നൂ അടി താഴ്ചയും മാത്രം ഉള്ളതാണെങ്കിലും ഈ നിയന്ത്രണങ്ങൾ എല്ലാം അതിനു സംബന്ധിക്കും. ഒഴിവാക്കുവാനുള്ള അധികാരം ഇല്ലായിരുന്നു എങ്കിൽ ഈ നിയന്ത്രണങ്ങൾ എല്ലാം കൂടികൊണ്ടും സംബന്ധിപ്പിക്കുന്നതായിരിക്കും, അതുകൊണ്ടു മുന്നടി ചതുരവും മുന്നടി താഴ്ചയും ഉള്ള ഒരു കല്ലുവെട്ടുവാൻകഴിയെ പോലെയുള്ള സ്ഥലങ്ങളിൽ യാതൊരു സ്ത്രീയും കുട്ടിയെയും വേലക്കുനിയമിക്കുവാൻപാടില്ല എന്നുവരും. അങ്ങനെയുള്ള സ്ഥലങ്ങളിൽ വേലക്ക് ആരും ഇല്ലാതെവരുമ്പോൾ സ്ത്രീകളും കുട്ടികളും വേലചെയ്യുമെന്നു എങ്ങനെ താങ്ങാം വിശ്വസിക്കുന്നു? അങ്ങനെയുള്ള സ്ഥലങ്ങളിൽ മുഴുപ്പാം സ്ത്രീകളും കുട്ടികളും വേലചെയ്യുമെന്നു, അവർ ആ വിധത്തിൽജീവനോപായം തേടിക്കൊള്ളാൻ അവരെ അനുവദിക്കുന്നതിൽ യാതൊരുവിരോധവും ഉണ്ടായിരിക്കുവാനുമില്ല. ഖനിയുടെ വിവരണം വളരെ വ്യാപ്തിയെ ഒന്നാകയാണ്ടാക്കുവാനുള്ള ഉപക്രമങ്ങൾ ഉണ്ടാകുന്നതിനുവേണ്ടിയുള്ള കാരണങ്ങളിന്മേൽ ഒഴിവാക്കിക്കുവാനുള്ള അധികാരം നാം വച്ചിരിക്കുന്നതുകൊണ്ടു ഒരു ഖനിയെ ഏതുകൂട്ടിലും നിയന്ത്രണത്തിലാക്കുവാൻ എല്ലാ നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കിക്കുന്നതിനുള്ള വ്യാപ്തിയെ അധികാരത്തെ മറ്റുള്ള നിയന്ത്രണങ്ങളെ നിലനിർത്തിക്കൊണ്ടു സ്ത്രീകളെയും കുഞ്ഞുങ്ങളെയും വേലക്കു നിയമിക്കുന്ന നിയന്ത്രണത്തെ നീക്കാനായിമാത്രം ഉപയോഗപ്പെടുത്തിയേക്കാമെന്നുള്ളതിനാൽ ഒരു ഖനിയെ മറ്റെല്ലാ നിയന്ത്രണങ്ങളിൽനിന്നുംകൂടി ഫാക്ടറീസ് ആക്ടിൽനിന്നും ഒഴിവാക്കിയിട്ടില്ലെങ്കിൽ അതിനെ സ്ത്രീകളെയും കുട്ടികളെയും വേലചെയ്യുന്നതിനെപ്പറ്റിയുള്ള നിയന്ത്രണത്തിൽനിന്നും ഒഴിവാക്കുന്നതെന്നുള്ള അഭിപ്രായം ഉണ്ടായിരിക്കയുള്ളൂ എന്നു ക്ലബ് വ്യവസ്ഥചെയ്തിരിക്കുന്നു.

മി: ജി. രാമൻനായർ (മേലധികാരികളും കാൽനടക്കപ്പള്ളിയും): ഇപ്പോഴത്തെ ഭേദഗതി സ്ത്രീകളെയും കുട്ടികളെയും വേലചെയ്യുന്ന നിയമിക്കുന്ന വകുപ്പിനെമാത്രമേ സംബന്ധിക്കുന്നുള്ളൂ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈസ്ക്കാൽവകയിൽ): പൂർണ്ണമായും അങ്ങനെയല്ല. ഈ സഭ അനുവദിച്ചതനുസരിച്ചുള്ള ഭേദഗതിവകുപ്പു ഇങ്ങനെയാകുന്നു.

"ഏതൊരു ഖനിയിലും യാതൊരു കുട്ടിയേയും വേലചെയ്യുന്നു നിയമിക്കയോ ഉപേക്ഷിക്കയിൽ ഉള്ളതായ യാതൊരു ഖനിയുടേയും ഏതുകഴിയും ഭാഗത്തു യാതൊരുകുട്ടികളേയും സ്ത്രീയെയും സന്നിഹിതരായിരിക്കുന്നതിന് അനുവദിക്കുകയൊ ചെയ്യുകൂടാ".

അങ്ങനെയാണെന്നവരികിൽ ഒരു കല്ലുവെട്ടാൻകഴിയെപോലെയുള്ള അതു സാധാരണമായ ഒരു സ്ഥലത്തു ഒരു സ്ത്രീ സന്നിഹിതയായിരിക്കാൻ പാടില്ല എന്നു കാണുവുന്നതാണ്. ഒരു ഖനി മാനേജ്മെന്റ് വ്യവസ്ഥകളിൽനിന്നു ഒഴിവാക്കത്തക്കസ്ഥിതിയിൽ ആയിരിക്കുന്നില്ല എന്നവരികിൽ സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ചുനിയന്ത്രണത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള അധികാരം ഗവർണ്മെന്റിനു വേണ്ടെന്നില്ല. ഇതിനുപുറമെ ഒഴിവാക്കലിനു ഇപ്പോൾ ഈ വകുപ്പു ഖനികളെപ്പറ്റിയുള്ള പരമവ്യാപ്തമായ വിവരണത്തോടു വളരെയടുപ്പിച്ചുകാണുന്നതുകൊണ്ടു ഭേദപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്ന വ്യത്യസ്തവകുപ്പു വാസ്തവത്തിൽ സ്ത്രീകളോടും കുട്ടികളോടും ഗുണത്തിനായിട്ടാണെന്നു കാണാവുന്നതാണ്. ഇതിനു ശരിയായ ബ്രിട്ടിഷ് ഇൻഡ്യൻനിയമത്തെപ്പറ്റിയുള്ള ജയിൻസ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ ഏതൽസംബന്ധമായി സഭയെ വായിച്ചുകേൾപ്പിക്കുന്നതു ഉചിതമായിരിക്കും എന്നു എനിക്കു തോന്നുന്നു. അതിലും ഖനി എന്നാൽ അതിന്റെ താഴ്ച എത്രത്തോളം ആയിരുന്നാലും വെട്ടിതാഴ്ത്തിട്ടുള്ള ഒരു കഴിയെന്ന് അർത്ഥമാക്കിയിരിക്കുന്നു. പഴയ ഇൻഡ്യൻ നിയമം അനുസരിച്ചു ഒരു കഴി ഖനിയാകണമെങ്കിലും അതിന്റെ താഴ്ച ൬൦ അടിയിൽ കുറയാതെയിരിക്കേണ്ടതാണ്. ആ വിവരണം അനുവർത്തിക്കുന്നതായി കാണപ്പെട്ടു. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന പുതിയ നിയമത്തിൽ "ഖനി" എന്നതിനെ ഇപ്പോൾ സ്വാധീനമുള്ളതും ഇരിക്കുന്ന ബില്ലിൽ വിവരിച്ചിരിക്കുന്നതുപോലെതന്നെ വിവരിച്ചിരിക്കുന്ന "ഖനി" എന്നതിന്റെ വിവരണത്തെ അപേക്ഷിച്ച് ഇൻഡ്യൻ നിയമകർത്തൃസഭയിലെ ജയിൻസ് കമ്മിറ്റി ഇപ്രകാരംപറയുന്നു:—

"ശ്രമിക്കളിലുള്ള കഴിവുകളെ ആളിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തുന്നു എന്നും അതിലേക്കു ആളിനു സംബന്ധിക്കുന്നു അനാവശ്യവും അപ്രകൃതവും ആണെന്നും വാഴിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി മാന്വൽ ലീസ്, സ്ലേറ്റ്, ചുണ്ണാമ്പുകല്ല്, കളിമണ്ണ് ഇവ കൊട്ടിയെടുക്കുന്നവരിലായി ഒരു അടിയിൽ കുറവായി താഴ്ത്തുള്ള ചെറിയ കല്ലുകൊല്ലാൻകഴികയും ചെയ്താൽ ഉൾപ്പെട്ടുപോകും; ഇവയുടെ നിയന്ത്രണമേതാണം അനിവാര്യം ആണെന്ന മാത്രമല്ല അതാതു വ്യവസായത്തിന്റെ ശ്രേണത്തിനു ഹാനികരമായി ബാധിക്കയും ചെയ്യുന്നുമുണ്ട്. അതു ഫലവത്തായിരിക്കണം എന്നുണ്ടെങ്കിൽ അനാവശ്യമായി അമിതവ്യയകരമായ ജീവനക്കാരെ നിയമിക്കേണ്ടതു് ആവശ്യമായിത്തീരുകയും ചെയ്യും. ഒരു ആക്ടുപോകുക്കൂടാതെ ശക്തിയെ ഞങ്ങൾ പൂർണ്ണമായി മനസ്സിലാക്കുകയും ഒരു കഴികളെ ഒരു ആളിൽ ഉൾപ്പെടുത്തിക്കൂടാ എന്നു നിശ്ചയിക്കയും ചെയ്യുന്നതോടുകൂടി അത്ഥവിവരണത്തിൽനിന്നു ഒഴിവാക്കാൻ പാടില്ലാത്ത കഴികളെ ഒഴിവാക്കുന്നതിനും ഒഴിവാക്കേണ്ട എല്ലാവരത്തിലുമുള്ള കഴികളേയും ഒഴിവാക്കുന്നതിനും ഉള്ളതുപ്പിക്കുമായ ഒരു അത്ഥവിവരണം കണ്ടുപിടിക്കുന്നതു് അസാധ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു. അതുകൊണ്ടു ഒരു അടിയിൽ കവിയാത്ത വലുപ്പമുള്ള ഇഷ്ടിയുടെ ഉല്പാദനമായാലും വ്യാപിക്കാത്തതും ആയ എല്ലാ കഴിവുകളേയും ഒന്നോടു നിയന്ത്രണത്തിനു ഒഴിവാക്കുന്നതായ ഇപ്പോഴത്തെ നിയമത്തിൽ ഉള്ള വകുപ്പിനെ വച്ചുകൊണ്ടിരിക്കുന്നതിനെ സമ്മതിക്കുന്നതു ഞങ്ങൾക്കു യുക്തിയില്ല. ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ബില്ലിലെ വകുപ്പിലെ ഒന്നാംഭാഗത്തിൽ അടങ്ങിയിക്കുന്ന വിപുലമായ അത്ഥവിവരണത്തെ വച്ചുകൊണ്ടിരിക്കുകയും ഒരു ആളിലെ എല്ലാ വ്യവസ്ഥകളേയുമോ ഏതെങ്കിലും വ്യവസ്ഥകളേയുമോ സംബന്ധിച്ചുള്ളതല്ലാത്ത പ്രത്യേകമായ ഖനികളേയും പ്രാപ്യമായുള്ളതിൽനിന്നു ഖനികളേയും മന്ത്രി വകുപ്പനുസരിച്ചു ഗവർണർ ജനറൽ ഈ കൌൺസിലിലേക്കു ഒഴിവാക്കിക്കൊള്ളുന്നതിനായി വിട്ടേക്കയും ചെയ്യുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു."

പിന്നീടും അവർ പറയുന്നതെന്തെന്നാൽ:—

"ഏതെങ്കിലും കഴികളെ ആളിലെ വ്യാപ്തിയിൽ ഉൾപ്പെടുത്തുന്നതിനും എന്നാൽ ഉൾപ്പെടുത്തിക്കൂടാ എന്നും പരിശ്ലേഷിക്കുന്നതിനു കായ്യനിർവഹകരായ അധികാരികൾക്കു വിപുലമായ വിവേചനാധികാരം അനുവദിക്കുന്നു എന്നുള്ള അഭിപ്രായം ഞങ്ങളുടെ നിർദ്ദേശത്തിനെതിരായിട്ടുള്ളതായിട്ടു ഞങ്ങൾ സമ്മതിക്കുന്നു. ഒരു രാജ്യത്തിൽ വിഭിന്നഭാഗങ്ങളിൽ വളരെ ഭിന്നങ്ങളായ അവസ്ഥാഭേദങ്ങൾ അനുസരിച്ചു ഖനനമേലിക്കാം എന്നതിനെ എന്നതിനെ പറ്റിയും ഞങ്ങൾ ആലോചിച്ചിട്ടുണ്ടു. ഈ നിയന്ത്രണത്തിൽ ന്യായമായി ഉൾപ്പെടുത്തേണ്ടതായ ഏതു കഴികളെ ഒഴിവാക്കുന്നതായ ഫലം നിശ്ചയമായും ഉണ്ടാകുന്നതായ കൂട്ടരിൽ അതിഭിമാനമായ അത്ഥവിവരണം രൂപിപ്പിക്കുന്നതിനേക്കാൾ ഈ ശിഥിലത അനുവദിക്കുന്നതു് അധികം നല്ലതെന്നു ഞങ്ങൾക്കു ബോധ്യം വന്നിരിക്കുന്നു".

കൂട്ടികളെ പണിക്കാക്കുന്നതിനെ സംബന്ധിച്ച നിയന്ത്രണവും സ്ത്രീകളുടെ സാന്നിധ്യവും ഉൾപ്പെടുന്നതായ മറ്റെല്ലാ നിയന്ത്രണങ്ങളിലും നിന്നു പ്രത്യേകം ചില കൂട്ടികളെ ഒഴിവാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കേണ്ടതു ജനരക്ഷയ്ക്കും ചെറുതായ വ്യവസായങ്ങളുടെ ശ്രേണത്തിനും എത്രത്തോളം ആവശ്യമാണെന്നു ഇതിനു നിന്നു കാണുന്നതാണ്. എന്നാൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും സംബന്ധിച്ചുള്ള നിയന്ത്രണത്തെ ദൃഢീകരിക്കുന്നതിൽ ആകട്ടെ പൂർണ്ണസ്വാതന്ത്ര്യം ഗവണ്മെന്റിനു് ആഗ്രഹിപ്പെടുന്നില്ല. എന്നാൽ ഗവർണ്മെന്റിനു് ഏതാനും അധികാരം വേണ്ടതുണ്ടു. ഖനിയസംബന്ധിച്ച സകല നിയന്ത്രണങ്ങളിൽനിന്നും ഒരു കഴിവിനെ ഒഴിവാക്കുന്നതിനു ഗവണ്മെന്റിനു അധികാരമുണ്ടായിരുന്നാലും പോലും സ്ത്രീകളേയും കുഞ്ഞുങ്ങളേയും പണിക്കാക്കുന്നതിനെ സംബന്ധിച്ച ഒരു നിയന്ത്രണത്തെ യാതൊരുകാരണവശാലും നീക്കുകയരുതു് എന്നാണു മിസ്റ്റർ രാമൻമേനവന്റെ ഭേദഗതിയുടെ സാരാംശം. ഈ ഭേദഗതിയുടെ അംഗീകരണം നിഷ്ഠുരശാൽ ദോഷകരമായിത്തീരുമെന്നു പണിക്കുടിവകാശം കഴിക്കേണ്ടിയിരിക്കുന്ന സ്ത്രീകളുടെ നേക്കു അത്തിരിയും ക്രൂരമായിത്തന്നെയും കാണിക്കുന്നതായിരിക്കും എന്നു എനിക്കുതോന്നുന്നു. ഒരു ഖനി അഗാധമായിരിക്കയോ മറ്റു വിധത്തിൽ അപകടപൂർവഹമായിരിക്കയോ ചെയ്യുന്നതായാൽ അവരെ ബഹിഷ്കരിക്കേണ്ടതുതന്നെ എന്നു ധരിക്കാൻ എനിക്കു കഴിയും. അങ്ങനെയല്ലാതെ അവർ ദേഹശ്രമം ചെയ്തു പണിമുടക്കുന്ന കാലം കഴിക്കാൻ സമ്മതിക്കാവുന്നതാണ്. ഇക്കാര്യത്തിലേക്കു ഒഴിവാക്കലിനുള്ള അധികാരം ആവശ്യം ആകുന്നു. എന്നാൽ യാതൊരു കാര്യത്തിലും സ്ത്രീകളെ മാത്രം സംബന്ധിക്കുന്നതായ നിയന്ത്രണത്തെ എടുത്തേതീരു എന്നു ഗവണ്മെന്റ് ആഗ്രഹിപ്പെടുന്നില്ല. അതുകൊണ്ടു ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റെല്ലാനിയന്ത്രണങ്ങളിലും നിന്നു ഖനിയെ ഒഴിവാക്കാവുന്നതായാൽ മാത്രമേ ഈ പ്രത്യേക നിയന്ത്രണത്തെ ശിഥിലമാക്കേവു എന്നുള്ള ക്ലിപ്തം ഞങ്ങൾ ചേർത്തിട്ടുണ്ടു്. അതുകൊണ്ടു ഈ വ്യവസ്ഥ വളരെ ഗുണകരം ആണെന്നു് എനിക്കു തോന്നുന്നു. ബില്ലിൽ ഉള്ള വകുപ്പിനെ ആദിയിൽത്തന്നെ അംഗീകരിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

മി: എ. കെ. പിള്ള (കുതനാംപ്പുള്ളി): സർ, ഞാൻ ഈ വകുപ്പിനെ എതിർക്കയും എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻമേനവനെ വളരെ ബഹുമായി പിൻതുണക്കയും ചെയ്യുന്നു. മറ്റു നിയന്ത്രണങ്ങളെ ഇതിനോടുകൂടി ചാരമംബന്ധിച്ചു താരതമ്യപ്പെടുത്തുമ്പോൾ ഇതു് അവശ്യം ഇല്ലാതായിട്ടാണ് അദ്ദേഹം താരതമ്യപ്പെടുത്തുന്നതു്. ഒരു കഴി ഖനിയോ അല്ലയോ എന്നു പറയുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഗവണ്മെന്റിനുണ്ടു്.

മി: കുര്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൈഡ്സക്രട്ടറിമാർ): അദ്ദേഹം പറഞ്ഞതു തെറ്റിനെ ഞാൻ തിരുത്തട്ടെയോ? അങ്ങനെ പറയാൻ ഗവർണ്മെന്റിനു സ്വാതന്ത്ര്യം ഇല്ല.

മി: എ. കെ. പിള്ള (കുതനാംപ്പുള്ളി): ഈ വകുപ്പിനു അനുകൂലമായി ബഹുമെമ്പർ പറഞ്ഞ പ്രസംഗത്തിൽ നിന്നു എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിടത്തോളം കുട്ടികളെ ഏതെങ്കിലും ഖനികളിൽ പണിക്കു ഏർപ്പെടുത്താവുന്നതാണെന്നു ഗവണ്മെന്റു പറയേണ്ടതാണ്" എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ അതിനെ ആക്ഷേപിക്കുന്നു. കുഞ്ഞുങ്ങളെ ഏതൊരു ഖനിയിലും പണിയെടുപ്പിക്കുന്നതു എന്നുള്ള ബഹുമായ നീതിക്കു മറ്റു മനുഷ്യർ എന്നപോലെ ഗവർണ്മെന്റും ഉൾപ്പെട്ടിരിക്കണം. അദ്ദേഹം ഒരു ന്യൂനതയുള്ള അത്ഥവിവരത്താൽ സംരക്ഷി

ക്കപ്പെട്ടിരിക്കുന്നു. ഖനികളല്ലാത്തവയുടെ ഇടയിൽ ഖനി ഉണ്ട്. ഖനി എന്നതിനെ ശരിയായ അർത്ഥവിവരണം ഉണ്ടാക്കുന്നതു സാധ്യം അല്ല എന്നു മിസ്റ്റർ പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചു. ഖനി എന്നതിനു ശരിയായ അർത്ഥവിവരണം ഉണ്ടാക്കാൻ ഗവണ്മെന്റിനു കഴിവില്ലാതിരുന്നതുകൊണ്ടും ഒരു ന്യൂനത ഉണ്ടായിരുന്നതുകൊണ്ടും അദ്ദേഹം ഒരു തെറ്റായ അർത്ഥവിവരണത്തെ നീതീകരിക്കാൻ പോവുകയായിരുന്നു. ബ്രിട്ടിഷിൻഡ്യയിൽ ബിസ്സിനെറ ഉത്തരവാദിത്വം വഹിച്ചിരുന്ന ഉദ്യോഗസ്ഥ മേധാവിയോടു അദ്ദേഹം ഉദ്ധരിച്ചു പറഞ്ഞു, താൻ അതു അംഗീകരിക്കാൻ സന്നദ്ധൻ അല്ല. ബ്രിട്ടീഷിൻഡ്യയിലെ ഭരണം നടത്തുന്നവർ പലപ്പോഴും അവിടെയുള്ള പ്രവർത്തിക്കുന്നു. വിസ്തൃതമായ പ്രദേശം സംരക്ഷിക്കും എന്നുള്ളതിൽ അവർ പ്രതീക്ഷിക്കുന്നു. ജഗദ്ഗുരു കുമാരനല്ലൂരപ്പൻ ചെല്ലുന്നതു എന്നുള്ളതിൽ ആശ്രയപ്പെട്ടാൽ അവർ സന്നദ്ധരാണ്. ഈ നിർദ്ദേശം സമ്മതിക്കുന്നതിനു സന്നദ്ധനല്ല. അദ്ദേഹം 'ഖനി' എന്ന പദത്തിനു ശരിയായ അർത്ഥവിവരണം കൊടുക്കുകയാണെങ്കിൽ അതു അംഗീകരിക്കുന്നതിനു ഞാൻ സന്നദ്ധൻ ആണ്. 'ഖനി' എന്നതിനു ശരിയായ അർത്ഥവിവരണം നിർദ്ദേശിക്കുന്നതിനു അദ്ദേഹം സന്നദ്ധൻ അല്ല എന്നു വരികിൽ—

മി: എം. ശിവതാണുപിള്ള (തലവാള): ഭൂമിയുടെ മുകളിൽ ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തിലേക്കു സ്ത്രീകളും കുഞ്ഞുങ്ങളും മണൽ തലച്ചുമടായി കൊണ്ടുപോകുന്നതിനു സമ്മതിക്കുന്നതിനു വല്ല ആക്ഷേപവും മെമ്പർക്കുണ്ടോ?

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): എനിക്കു ആക്ഷേപം ഉണ്ടായിരിക്കാം, എന്നാൽ അതു ഇതിൽനിന്നു ഉരുത്തിരിക്കുന്നില്ല. സ്ത്രീകൾ ഖനികളിൽ പണിചെയ്യുന്നു എന്ന ഗവണ്മെന്റിനു സഭയും പ്രതീക്ഷിക്കുന്നതു വളരെ ക്രൂരം ആയിരിക്കും എന്നാകുന്നു ലാർമെബറുടെ പ്രധാനപ്പെട്ട എതിർവാദം എന്നതുമാത്രമേ എനിക്കു പറയുവാനുള്ളു. ഭൂമിയുടെ മുകളിൽ വേണ്ടുവോളം സ്ഥലം ഉണ്ടു. അവർക്കു അവിടെയുപജീവനം കഴിക്കാം, അന്തർഭൗമരാജ്യങ്ങളിൽ അവർ ചെന്നു പണിയെടുക്കണം എന്നുള്ള ആവശ്യം ഇല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറിക്കിൽ): ഖനി അന്തർഭൗമമായിരുന്നെങ്കിൽ കൊള്ളാം എന്നില്ലാ എന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): അതു ഞാൻ സമ്മതിക്കുന്നു. അതു ഖനിയാണെന്നുവരികിൽ അവിടെ സ്ത്രീകളും കുഞ്ഞുങ്ങളും പണിയെടുക്കാൻ സമ്മതിച്ചുകൂടാ.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഈ രാജ്യത്തു അനേകം ദേശങ്ങളിൽ ഇഷ്ടികകൊത്തി എടുക്കുന്നതിനുള്ള കുഴികൾ ഉണ്ടു എന്നു മെമ്പർക്കു അറിയാമോ?

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): അവയെ ഖനി എന്നു വിവരിക്കുന്നതു വളരെ തെറ്റാണ്. ഒരു ഖനി ഒരു അടിത്തട്ടുള്ളതായിരുന്നാലും അതിൽ സ്ത്രീകളെ പണിക്കായി തീരെ നിയമിച്ചുകൂടാ.

മി: കയ്യാലം പരമേശ്വരൻപിള്ള അഡീഷണൽ (ഹെഡ്സെക്രട്ടറിക്കിൽ): തിരുവിതാംകോട്ടിൽ മോണസൈറ്റ് മണൽ എടുക്കുന്ന സ്ഥലത്തെ ഘടിയുടെ തരം എന്തെന്നു മെമ്പർക്കു അറിയാമോ?

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): എനിക്കു അതുസംബന്ധിച്ചു അറിഞ്ഞിട്ടാവശ്യമേയില്ല. സ്ത്രീകളേയും കുഞ്ഞുങ്ങളേയും പണിക്കാക്കരുതു എന്നു നാം സമ്മതിക്കുന്നതായാൽ യാതൊരു ഖനിയേയും അതു നിയന്ത്രണങ്ങളിൽനിന്നു വിടുവിക്കുന്നതിനുള്ള യാതൊരു സ്വാതന്ത്ര്യവും ഗവണ്മെന്റിനു ഉണ്ടായിരുന്നുകൂടാ. ഒരു പ്രത്യേക കുഴിയിൽ വല്ല രാജദ്രോഹവും ചുമത്താമോ പാടില്ലയോ എന്നു പറയുന്നതിനു പൂർണ്ണസ്വാതന്ത്ര്യം ഗവണ്മെന്റിനു ഉണ്ട്. എന്നാൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും ജോലിക്കു ആക്കുവാൻ സമ്മതിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഗവണ്മെന്റിനു ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): 'ഖനി' എന്ന പദത്തിന്റെ അർത്ഥവിവരണത്തിൽ വല്ല ന്യൂനതയും ഉണ്ടു എന്നാരോപണം മെമ്പർക്കുണ്ടോ?

മി: എം. കെ. പിള്ള (കുന്നാഗപ്പള്ളി): ഖനി എന്ന പദത്തിന്റെ അർത്ഥവിവരണത്തിൽ വല്ല ന്യൂനതയും ഉണ്ടെന്നുവരികിൽ ആ ന്യൂനതയെ പരിഹരിപ്പിക്കേണ്ടതു ലാർമെബറുടെ കടമയാകുന്നു. എന്നാൽ ന്യൂനതയുള്ളതുകൊണ്ടു അതു ഇത്ര ലക്ഷ്യമുള്ള നീതികരണം ആയുകയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറിക്കിൽ): എത്രത്തോളം അധികം ആളുകളുള്ള കൂടികളിൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും ജോലിക്കുകൊവാൻ സമ്മതിക്കാം എന്നാണ് ആ മെമ്പർ തീർത്തുചോദിക്കുന്നതു.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): സ്ത്രീകളേയും കുഞ്ഞുങ്ങളേയും ജോലിക്കാക്കിയേക്കുടാ.

മി: എം. ശിവതാണുപിള്ള (തലവാള): അതു ദോഷമല്ലേ?

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): ഞാൻ അങ്ങനെ വിശ്വസിക്കുന്നില്ല. ജോലിയെടുത്തു കാലംകഴിക്കേണ്ടിയിരിക്കുന്ന സ്ത്രീകൾക്കു ഭൂമിയുടെ മുകളിൽ ഉപജീവനമാർഗ്ഗം തേടാൻ കഴിയുമ്പോൾ അവർ ഖനിയിൽ ജോലിചെയ്യണം എന്ന ആവശ്യപ്പെടുന്നതു ക്രൂരതയാണെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ 'കൂടി' എന്നതിനെറ അർത്ഥവിവരണം അംഗീകരിക്കുന്ന യാതൊരു സംഗതിവശാലും ഒരു കൂടിയെ ജോലി എടുക്കാൻ സമ്മതിച്ചുകൂടാ എന്നു ഞാൻ പറയുന്നു.

മി: എം. ശിവതാണുപിള്ള (തലവാള): സർ, വളരെ വൃസനത്തോടുകൂടി ഞാൻ മെമ്പറുടെ പിൻതാങ്ങുന്നു. (ചിരി) ഞാൻ മിസ്റ്റർ എം. കെ. പിള്ളയുടെ വാക്കിനെ ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വാക്കിനെറ അർത്ഥവിവരണമെന്നു എനിക്കു തോന്നുന്നു. അദ്ദേഹത്തിനു വല്ല ശങ്കയുണ്ടോ എന്നു കാണുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹം ആകട്ടെ ഒരു വിഷയത്തിലെന്നും മനസ്സാന്നിധ്യം കൈവിടാത്ത പ്രകൃതമുള്ള പ്രകൃതിയായിരുന്നു. കഷ്ടതരമുതലായ ധാരാളം കച്ചവടരീതിയും കഴിച്ചുകൂട്ടാവുന്ന കുഴികൾ ഭൂമിയുടെ മുകളിൽ ഉണ്ടെന്നുള്ള വിഷയത്തെ ഖനി എന്ന പദത്തിനു വിപുലമായ അർത്ഥവിവരണം ഉണ്ടാക്കുന്നതിലുള്ള വിഷമത്തെ ഖനി മെമ്പർ നല്ലവണ്ണം ചൂണ്ടിക്കാണിച്ചു. അവയിൽ ഏതാനുംതന്നെ യന്ത്രങ്ങളും ചേർക്കേണ്ടിയിരിക്കും. മോണസൈറ്റും ഒരു ധാതുവാണല്ലോ. അതിനെക്കുറിച്ചുള്ള ഭേദഗതിയെ അനുവദിച്ചതായ മെമ്പർ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചതുപോലെ ഏതാനും നിയന്ത്രണങ്ങളും ചേർക്കാൻ ശ്രമിച്ചു. കന്യാകുമാരിമുതൽ കൊല്ലം പരയുള്ള പ്രദേശങ്ങളിൽ ഒട്ടുക്ക മോണസൈറ്റ് മണൽ ഒരു ധാതുവായി

ണിക്കപ്പെട്ടിരിക്കുന്ന എന്നും അവിടങ്ങളിൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും ആശ്രയകരമായവിധത്തിൽ ജോലിചെയ്യുന്നതിനാക്കി വരുന്ന എന്നും മിസ്റ്റർ എ. കെ. പിള്ള ഒഴികെ ഈ സഭയിലെ എല്ലാ സാമാജികന്മാർക്കും അറിയാം. അവർക്ക് മണൽ ഒരു സ്ഥലത്തു നിന്നു വേറൊരുസ്ഥലത്തേക്കു കൊണ്ടിടുന്ന ജോലിയേ ഉള്ളു. അവർക്കു ഉപജീവനം കിട്ടുന്നതും കഴിയും. ഏതാദൃശോദാഹരണങ്ങളും അനേകങ്ങളും പറയാം. കുഞ്ഞുങ്ങളും സ്ത്രീകളും ജോലിയെടുക്കാൻ സമ്മതിക്കാതിരിക്കുന്നതു അതുപോലുള്ള ഖനികളിൽ അത്യന്തം ആശ്രയകരമായിരിക്കുമ്പോൾ വളരെ കഷ്ടമാണ്. വിഷമം അർത്ഥവിവരണത്തെ സംബന്ധിച്ചാണ്. ലാമെംബറെ കുറച്ചപ്പെട്ട അതാതു ഒരു അർത്ഥവിവരണം നല്കുന്നതിനു മിസ്റ്റർ എ. കെ പിള്ളക്കു കഴിയുമെങ്കിൽ ഈ ബില്ലിൻറെ പരിധിയിൽനിന്നു ഒഴിവാക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനു നല്കുന്നതായ ഈ വകുപ്പിനെ എടുത്തുകളയുന്നതിനു ലാമെംബർ സന്തോഷപൂർവം ഉടൻ പ്രവർത്തിക്കും. സർ, ഇതാണ് എൻറെ വാദം. ഇതു ഒരു ഖനിയുടെ പ്രവർത്തനത്തിൽനിന്നു ഒഴിവാക്കുന്നതിനു ഗവണ്മെൻറിനു അധികാരം കൊടുക്കുന്നതിനു അർത്ഥവിവരണത്തിൽ ഉദ്ദേശിച്ചിരിക്കുന്നതുകൊണ്ടല്ല. എന്നാൽ ഞാൻ മേൽപ്രസ്താവിച്ച ഉദാഹരണങ്ങളും ഉൾപ്പെടുന്നതായി ഒരു വിപുലമായ അർത്ഥവിവരണം ഉണ്ടാക്കുന്നതു സാദ്ധ്യം ആയുന്നതുകൊണ്ടാകുന്നു. സഭ നിയമനിർമ്മിതിയിലും നിയമനിർമ്മാതാക്കളാൽ ആവരണം ചെയ്യാൻ പാടില്ലാത്ത അവസരങ്ങളും അവസ്ഥകളും ഉണ്ടായിരിക്കും. അതുകൊണ്ട് ഓരോ ചട്ടവും അതിൻറെ തന്നെ വ്യവസ്ഥയാൽ വ്യക്ത്യാധിഷ്ഠിതമായി തരംതിരിയിക്കപ്പെട്ടതായി പറയപ്പെടുന്നു. അതുകൊണ്ടു ഫലപ്രദമായ അളിച്ചുവിടൽ ഉണ്ടാകുന്നതിനും അധികാരങ്ങൾ ഏതെങ്കിലും വകുപ്പിൽ ഈ സഭയിലെ സാമാജികന്മാർ ഈ നിയന്ത്രണം കൊണ്ടു തൃപ്തിപ്പെടേണ്ടതായിരിക്കുന്നു, അതിനാൽ ഈ വിഷയത്തിൻറെ ഗുണദോഷപ്രതിപാദനം സ്ട്രിക്ടിഷിൻ്റ്യൂർ നിയമനിർമ്മാതാക്കളുടെ ജോയിൻറ് കമ്മിറ്റിയിൽ നടത്തിയ കാലത്തു് ആ കമ്മിറ്റി പറഞ്ഞതായ വിവിധവാങ്മയങ്ങളെ എടുത്തു കാണിക്കാൻ ലാമെംബർ പ്രസ്താവിച്ചു എനിക്കു പൂർണ്ണമായി കാണാൻ സാധിക്കും. അതു സ്ട്രിക്ടിക്കിൻ്റ്യുയിൽ നിന്നു കൊണ്ടു രക്ഷിതാക്കന്മാരുടെ കാരണമെന്തെന്നും ഒരിസ്ഥാനമാക്കി അതിനെ അവഗണിച്ചുകൊണ്ടുള്ള കാരണമല്ല എൻറെ കണ്ണിനില്ല അവർ വാദം വാസ്തവത്തിനു. ബില്ലിലെ ഏതാനും വകുപ്പുകളുടെ പ്രവർത്തനത്തെ നാം വിയോജിക്കേണ്ടിയിരിക്കുന്നു എന്നുള്ളതു സത്യം തന്നെ. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ ഏതാനും കായ്യങ്ങൾ നമ്മെ വിസ്മരിക്കുന്നതായിട്ടുണ്ട്. വസ്തുതകളെ നാം ചിന്തിച്ചിരിക്കുന്നതായിട്ടുണ്ട്. വസ്തുതകളെ നാം അഭിമുഖീകരിക്കുകതന്നെ വേണം. മിസ്റ്റർ രാമൻമേനവൻ തൻറെ ഭേദഗതിയെ ഈ സഭ അതിനെതിരിക്കുന്നതുകൊണ്ട് എനിക്കതൊന്നുമല്ല. ലാമെംബറും ഇതുപോലെ അഭിപ്രായമുള്ളവനാണെന്നു എനിക്കു തോന്നുന്നു. എന്നാൽ ചില സാഹചര്യങ്ങളിൽ ഈ ഒഴിവാക്കൽ വേണമെന്നു ലാമെംബർ വിചാരിക്കുന്നു. അതുകൊണ്ടുതന്നെ വ്യസനപൂർവം ലാമെംബറുടെ പിൻതുടരുന്നതായി ഞാൻ പറഞ്ഞുള്ളൂ. ഗവണ്മെൻറിനു വിശാലാധികാരങ്ങൾ കൊടുക്കണമെന്നു മിസ്റ്റർ രാമൻമേനവൻ ആശങ്കിക്കുന്നതായിരിക്കുമെന്നു ലാമെംബറും അഭിപ്രായപ്പെടുന്നതായി അവലംബിക്കുന്നു. ഏതുപക്ഷം അപേക്ഷിക്കുന്നതിൽ ഇവിടെയും ഒഴിവാക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനു ഉണ്ടായിരിക്കണം. ഒഴിവാക്കുന്നതിനുള്ള വിശാലാധികാരങ്ങൾ ഇതു നടപ്പാക്കുന്നതായാൽ ഈ അധികാരം ഗവണ്മെൻറിനെ ഉപയോഗിക്കണമെന്നതിനെ മിസ്റ്റർ രാമൻമേനവൻ സമ്മതിക്കാതിരിക്കുന്നതു് എന്തുകൊണ്ടെന്നു ധരിക്കാൻ എനിക്കു കഴിയും. മറ്റൊരു വകുപ്പുകളിലും നിന്നു ഖനികളെ ഒഴിവാക്കേണ്ടിയിരിക്കുന്നതായാൽ മാത്രമേ ഈ വകുപ്പു സംബന്ധിപ്പിക്കുന്നുള്ളു.

മി: പി. കെ. പിള്ള (കുന്നാംഗപ്പള്ളി): അവിടെ പ്രയോഗിച്ചിരിക്കുന്ന എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കുന്നതിനു ഗവണ്മെൻറിനു പൂർണ്ണമായി സാധ്യമാണ്. അതുകൊണ്ടു അതിയയ്യ്യോ യാതൊരു ദുർഘടവും ഉണ്ടായിരിക്കാൻ ഇടയില്ല.

മി: എം. ശിവരാമപിള്ള (തോപ്പാള): നിശ്ചയമായും ഇല്ല. ഈ വകുപ്പ് ഈ പരിധിയിൽ, ബില്ലിലെ ഏതാനും വകുപ്പുകളിൽ നിന്നു ഖനികളെ ഒഴിവാക്കുന്നതിനു ഗവർണ്മെൻറിനു ശക്തമാക്കുന്നു. ബില്ലിലെ ഏതാനും വകുപ്പുകളുടെ പ്രവർത്തനത്തിൽനിന്നു ഖനികളെ ഒഴിവാക്കുന്നതിനു ഗവണ്മെൻറിനു ശക്തമാക്കുന്ന ഒരു സാമാന്യ വകുപ്പു നാം നിർദ്ദേശിയ്ക്കുന്നു. ആ അധികാരപ്രയോഗം വകുപ്പു മറന്നുകൊണ്ടു പ്രവർത്തനത്തെ ഇല്ലായ്മ ഒഴിവാക്കുന്നതായാലും സ്ത്രീകളേയും കുഞ്ഞുങ്ങളേയും ജോലിക്കുക്കുന്നതിനെ നിയന്ത്രിക്കുന്നതായ ഫാക്ടറി വകുപ്പിൻറെ പ്രവർത്തനത്തിൽനിന്ന് എടുപ്പുപണികൾ ഒഴിവാക്കാൻ ഗവണ്മെൻറിനു കഴിയില്ല. ഈ ബില്ലിലെ ഏതാനും വകുപ്പുകളുടെ പ്രവർത്തനത്തെ ഒഴിവാക്കുന്നതായാലും സ്ത്രീകളേയും കുഞ്ഞുങ്ങളേയും ജോലിക്കുക്കുന്നതിനെ നിയന്ത്രിക്കുന്നതായ ഫാക്ടറി വകുപ്പിൻറെ പ്രവർത്തനത്തിൽനിന്ന് എടുപ്പുപണികൾ ഒഴിവാക്കാൻ ഗവണ്മെൻറിനു കഴിയില്ല. ഈ ബില്ലിലെ ഏതാനും വകുപ്പുകളുടെ പ്രവർത്തനത്തെ ഒഴിവാക്കുന്നതായാലും സ്ത്രീകളേയും കുഞ്ഞുങ്ങളേയും ജോലിക്കുക്കുന്നതിനെ നിയന്ത്രിക്കുന്നതായ ഫാക്ടറി വകുപ്പിൻറെ പ്രവർത്തനത്തിൽനിന്ന് ഖനികളെ

ളെ ജോലിക്കു കൊണ്ടിനെ സംബന്ധിച്ചുള്ള നിയന്ത്രണങ്ങളെ നിക്കണ്ടുന്നതിനുള്ള അധികാരം ഒരു ഗ്രാമ ലേഖനാൽ ഗവണ്മെന്റിനു സിദ്ധിക്കുന്നു. അതുകൊണ്ടു പ്രസ്തുത പ്രമേയത്തിൽ പറയുന്ന അധികാരം ഗവർണ്മെന്റിനു ഉണ്ടായിരിക്കേണ്ടതാണ് എന്നുള്ളതു പ്രകടമാകുന്നു. ഫ്രീഡം സ്നേഹിതനു ചൂണ്ടിക്കാണിച്ചതായ ഏതാനും നിർദ്ദോഷകാര്യങ്ങളിൽ യാതൊരു ദുർഘടവും ഉണ്ടാകുന്നില്ല എന്നവരും. ഈ കാരണംകൊണ്ടു മാത്രമേ അതുകൊള്ളുന്നുള്ളു. മറ്റുള്ളവയുടെ കഥ എന്താണ്? അധ്യക്ഷന്റെ ഖനികളിൽ കുട്ടികളെ ജോലിക്കുക്കുന്നതായ്ത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതിനു അധികാരം ഗവണ്മെന്റിനു എന്തിനുവിടുക്കണം? ഒരു നിയന്ത്രണമേർപ്പെടുത്തുന്നതിനു ഗവണ്മെന്റിനു പ്രതിബന്ധമുണ്ടാക്കുന്നതു എന്തെന്നാണ് അദ്ദേഹം? പ്രസ്തുതോചനീയമായ കാര്യം എന്നു ഞാൻ അറിയിക്കുന്നു. ചില പ്രത്യേകകാര്യങ്ങളിൽ ആപത്തുണ്ടാകുവാൻ പാടില്ല എന്നു പറയുന്നതുകൊണ്ടു ഫലം ഇല്ല. ഇവിടെ ബില്ലിൽ ചെയ്തിരിക്കുന്ന അർത്ഥവിവരണത്തിന്റെ സഹായത്തിൽ ഖനികളിലെ തരവും ഗതിയുമനുസരിച്ചു നിയന്ത്രണങ്ങൾ ഉണ്ടാകുന്നതിനു അധികാരം ഗവണ്മെന്റിനു നൽകുന്നതിനു പ്രതിബന്ധമുണ്ടാക

മി: എം. ശിവതാണുപിള്ള (കോവളം): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ബില്ലിൽ ചേർത്തിരിക്കുന്ന പല നിയന്ത്രണങ്ങളോടും ഉദ്ദേശത്ത മെംബർ അംഗീകരിക്കുന്നുണ്ടോ എന്നു അദ്ദേഹത്തിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) നിശ്ചയമായും.

മി: എം. ശിവതാണുപിള്ള (കോവളം): അപകടകരമായ ജോലി ചെയ്യുന്ന ആളുകളുടെ സൗഖ്യത്തിനും സദാചാരത്തിന്റെയും സംരക്ഷണത്തിനു വേണ്ടിയുള്ള അവസ്ഥാഭേദങ്ങളെ പരിഹരിക്കയോ ഇല്ലാതാക്കുകയോ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടിട്ടുള്ളതായിട്ടല്ലയോ എന്നു മെംബറിരുന്നിനു അറിയേണ്ടിയിരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതിലേക്കുമാത്രമല്ല.

മി: എം. ശിവതാണുപിള്ള (കോവളം): ഈ വകുപ്പുകളുടെ പ്രവർത്തനത്തിനു നിന്നു ഒഴിവാക്കേണ്ടതു ആവശ്യമായിത്തീർന്നിരിക്കുന്ന പ്രത്യേകാവസ്ഥാഭേദങ്ങളും ഉള്ളപ്പോൾ ഈ ഭേദികാരം ഗവണ്മെൻറിനെക്കൊടുക്കുന്നതു ന്യായം ആണെന്നു മെംബർക്കു ഊഹിക്കുവാൻ കഴിയുകയില്ലയോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ പ്രത്യേകാവസ്ഥ ഇന്നതാണെന്നു തൃപ്തികരമായി വിവരിച്ചു പറയപ്പെട്ടില്ല. ഈ വകുപ്പു അനുസരിച്ചു ഏതു സംഗതിയും പ്രത്യേകാവസ്ഥയായിത്തീരാം.

മി: എം. ശിവതാണുപിള്ള (കോവളം) ഈ അവസ്ഥാ ഭേദങ്ങളും ഈ ബില്ലിലെ പല വകുപ്പുകളിൽ വിവരിക്കപ്പെട്ടിട്ടില്ലയോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇല്ല അതു തന്നെയാണു വേണ്ടതു്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വകുപ്പു): വല്ല പ്രത്യേകപദ്ധതിയോ പദ്ധതിയുടെയോ ചേർത്തിട്ടോ എടുത്തിട്ടോ ഒരു ഭേദഗതി ചെയ്തു മിസ്റ്റർ പി. കെ. നാരായണപിള്ള വിവരിച്ചതു പോലുള്ള ആപത്തു നേരിടാതെ പരിരക്ഷിക്കുന്നതു ഗവണ്മെന്റാണെന്നു മറ്റു മെംബറിൽനിന്നു അറിയാൻ എനിക്കു ആഗ്രഹം ഉണ്ടു്.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). സർ തോമസ്വിയത്തെപ്പറ്റിയോചിക്കുന്നതിൽ ഏതാനും പ്രയാസങ്ങൾ ഞങ്ങൾക്കുണ്ടു്. ഒന്നാമതും നാം വേർപിരിച്ചു കഴിഞ്ഞിരിക്കുന്ന എന്നുള്ളതാണു്. അതിനെന്റെ ഇപ്പോഴത്തെ നിലയിൽ ഖനിയുടെ ഏതങ്കിലും ഭാഗത്തു കുട്ടികളെ ജോലിക്കാക്കുന്നതിനെയും തടയുന്ന അടിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും സാന്നിധ്യത്തെയും അതു നിരോധിക്കുന്നു, ആ ഭേദഗതിപറയുമ്പോൾ ചൂണ്ടിക്കപ്പെട്ട വന്നിരുന്ന കാലത്തു തന്നെയും അതിനു മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള പ്രതിപ്രായം പറഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ പ്രതിപ്രായത്തിനു ജയമുണ്ടായില്ല. ഈ സഭ അതു അവഗണിച്ചു.

നാം ഓർമ്മിക്കേണ്ടതായ മറെറാരു സംഗതി ഇതാകുന്നു. ഭേദഗതിക്കുള്ള പ്രതിപ്രായവാദം അധികം വിശാലമായ അടിസ്ഥാനത്തിൽ മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞിട്ടുണ്ടു്. ഒഴിവാക്കൽ എന്ന മുഴുവൻ വിഷയത്തേയും കുറിച്ചു ബ്രിട്ടീഷിൻഡ്യയിലെ സെലക്ട്കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങളും അദ്ദേഹം വായിച്ചു കേൾപ്പിച്ചു. ബിൽ സംബന്ധിക്കുന്നതായ ഭിന്ന പ്രദേശങ്ങളിൽ ജോലിയുടെ രീതി ശീതോഷ്ണാവസ്ഥമുതലായവയിൽ ഭിന്നസ്ഥിതിഭേദങ്ങളും ഉണ്ടു് എന്നുള്ള വസ്തുതയാൽ ബ്രിട്ടീഷിൻഡ്യയിൽ ഒഴിവാക്കൽ എന്ന മുഴുവൻ വിഷയവും നീതികരിക്കാൻ പ്രയാസപ്പെട്ടു. ഇവിടെ ഈ വിഭിന്നത്വം ഇല്ല. ഇവിടെ രാജ്യത്തിലെ മിക്കഭാഗങ്ങളിലും ശീതോഷ്ണാവസ്ഥ ഏകരീതിയിൽ ഭവിക്കുന്നു. നമുക്കു പരമശീതോഷ്ണമായ സ്ഥലവും ചൂടുകാലം ആണ്. കൂലിവേലക്കാരുടെ സ്ഥിതിയാകട്ടെ ഇവിടെ രാജ്യം ഒട്ടുക്കു ഏറക്കുറെ ഒരേനിലയിലായിരിക്കുന്നു. അതുകൊണ്ടു മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളയുടെ ആക്ഷേപം തിരുവിതാംകോട്ടിലേക്കു സാധുവാകുന്നതല്ല.

ഒഴിവാക്കൽ എന്ന പ്രശ്നത്തെ കുറിച്ചാകട്ടെ എനിക്കു ഏതാനും വാക്കുകൾ പറയാനുണ്ടു്. ഒഴിവാക്കൽ നീതിന്യായത്തിൽ തെറ്റാണു്. ഒരു നിയമം അനുവദിച്ചു കഴിഞ്ഞാൽ യുക്തമായ ഒഴിവാക്കലും സമ്മതിച്ചുകൂടാ. അങ്ങിനെയുള്ള ഒഴിവാക്കൽ അനുവദിക്കുന്നതായാൽ അതു പക്ഷപാതിത്വത്തിനു ഇടയാകും. മറെറാരു ഖനികാരനെ ദോഷാവരത്തക്കവിധത്തിൽ ഏതാനും ഖനികാരനെ ദോഷം ചെയ്തു എന്നു വരാം. നിർദ്ദേശിച്ചതുപോലെ ബിൽ മുഴുവനേറെയും പ്രവർത്തനത്തിൽനിന്നു സ്ത്രീകളെയും കുട്ടികളേയും ജോലിക്കാക്കുന്നതിനുപ്പെടെ ഒരു ഖനിയെ ഒഴിവാക്കി എന്നിരിക്കട്ടെ.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമിച്ച മെംബർ ഡെപ്യൂട്ടിപ്രസിഡെണ്ടു്): ശിക്ഷാനിയമത്തിലെ പൊതുവ്യുത്പന്നങ്ങളെറദ്ദാക്കണം എന്നു എന്റെ സ്നേഹിതൻ വാദിക്കുന്നുണ്ടോ? അവശ്യ എടുത്തുകളയണം എന്നു അദ്ദേഹം ആവശ്യപ്പെടുന്നുണ്ടോ?

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ത്രീകളേയും കുട്ടികളേയും ജോലിക്കാക്കുന്നതുപ്പെടെ എല്ലാവ്യവസ്ഥകളിലും ഇന്നു ഒരു ഖനിയെ ഒഴിവാക്കുന്നതായാൽ അതു മറെറാരു ഖനികളെ അപേക്ഷിച്ചു വളരെ മേന്മയായ നിലയിൽ ഭവിക്കുന്നു. എന്നുള്ളതാണു് പ്രസ്തുതവിവാദവിഷയം എന്തുകൊണ്ടെന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കും മറെറാരുവരെ അപേക്ഷിച്ചു കൂലി കുറവാണു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഗവർമെൻറ് വക്കീൽ): സ്ത്രീകളേയും കുട്ടികളേയും ജോലിക്കാക്കുന്നതിൽ നിശ്ചയിക്കുന്ന നിയന്ത്രണം ഹേതുവായിട്ടാണോ അവർക്കു കുറഞ്ഞതിനു കൂലി ലഭിക്കുവാൻ ഇടയാകുന്നതു്?

മി: ജി. രാമൻ മേനവൻ (കാർത്തികപ്പള്ളിയും മാവേലിക്കരയും): അതു മാത്രമല്ല കാരണം അവർ ഏറെടുക്കുന്ന ജോലിയും കുറവാണു്.

ഈ ആലോചനകളെല്ലാം ഇരിക്കട്ടെ ഒഴിവാക്കലിനുള്ള അധികാരം ജനഹിതത്തിനു വിരുദ്ധം ആകുന്നു. പ്രത്യേകിച്ചും ജനപ്രതിനിധികളുടെനേരെ ഉത്തരവാദിത്വം ഇല്ലാത്ത ഗവണ്മെൻറിന്റെ കയ്യിൽത്തന്നെ പക്ഷപാതം പറക്കാൻ ഇടയുണ്ടു്. അമിതമായ വിവേചനം നടത്തുന്നതായിത്തീരും അതുകൊണ്ടു ഇപ്പോഴത്തെ സ്ഥിതിക്കു ഈ നിർദ്ദേശങ്ങളെ എല്ലാം നാം വലുതായി എതിർക്കുകതന്നെ വേണം.

വിഷയത്തിന്റെ ഈ ഒറ്റഭാഗത്തെ സംബന്ധിച്ചു ഗണോദ്ദേശ്യപ്രതിപാദനം നടത്തുന്നതിനു ഒരു അവസരം എനിക്കു നഷ്ടപ്പെടുവാൻ ഞാൻ ഒട്ടും ഇഷ്ടപ്പെടാതെ നോക്കു കൃതജ്ഞതയുള്ളവൻ ആയിരിക്കുന്നു. ഒഴിവാക്കൽ തീരെ സമ്മതിച്ചു കൂടാ എന്നു ഞാൻ വിചാരിക്കുന്നു. രണ്ടാമതൊരു ഒഴിവാക്കൽകൂടെയും ആവശ്യം ഇല്ല. അതുവിടുക.

എന്നാലെന്നാലുമല്ല വല്ല പൊതുവായ അത്യാവശ്യവും ഉണ്ടാകുമ്പോൾ അപ്രകാരം ഉള്ള വല്ല ഒഴിവാക്കലും ഗവണ്മെന്റു രേഖാമൂലപ്രമേയമായി നൽകുന്നതാകുന്നു.

അപ്രകാരം ഉള്ള വല്ലപൊതുവായ അത്യാവശ്യവും ഉണ്ടെന്നുവരികിൽ മറ്റു റെഗുലേഷനുകൾ അനുസരിച്ചു അപ്രകാരം ചെയ്യുന്നതിനു വിശാലമായ അധികാരം ഗവണ്മെന്റിനുണ്ട്. നിലവിലുള്ള മറ്റുറെഗുലേഷനിലെ ഓരോ കുപ്പന്റുസിനെച്ചൊല്ലിയും വല്ല പൊതുവായ അത്യാവശ്യവും ഉണ്ടെന്നു വരികിൽ ഗവണ്മെന്റിനു നടപടി നടത്തുവാൻ കഴിയുന്നതാണ്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നമ്മുടെ സകല വിഭാഗങ്ങളേയും തൃപ്തിപ്പെടുത്തുവാൻ തക്കവണ്ണം സജ്ജീകരിക്കേണ്ടതായ മുഖ്യകാരണം ഉണ്ടാകുമ്പോൾ ഗവണ്മെന്റിനു വിശാലാധികാരം കൊടുക്കുന്നതിൽ ഞങ്ങൾക്കു വിരോധം ഇല്ല. എന്നാൽ ഈ വിശേഷമായ ഒഴിവാക്കലിനെ പൂർവ്വവ്യവസ്ഥകൾ നഷ്ടപ്പെടുവാൻ സമ്മതമില്ലാതിരിക്കുന്നവരുടെ അഭിപ്രായപ്പെടുത്തുന്നതിനെ സാധാരണമായിട്ടൊരുവശ്യം ഇല്ല. (മിസ്റ്റർ ശിവതാണുപിള്ള സ്ത്രീകളേയും കുട്ടികളേയും ഒരിക്കലും സജ്ജീകരിക്കാറില്ല.) പൊതുവായ അത്യാവശ്യം ഉണ്ടാകുമ്പോൾ ഗവണ്മെന്റിനു നടപടി നടത്താവുന്നതായി മറ്റു നിയമവ്യവസ്ഥകൾ ഉണ്ട്. മൂലവൻ വകുപ്പും ആവശ്യം ഇല്ലാത്ത സ്ഥിതിക്കു സ്ത്രീകളേയും കുട്ടികളേയും ജോലിക്കാക്കുന്ന കാര്യത്തിനു വ്യവസ്ഥയുടെ സംബന്ധിച്ചുള്ള സംഗതി മാറ്റുന്നതു ആവശ്യമില്ലാത്തതത്രെ.

ഖനികളിൽ യാതൊരു ഭാഗത്തിലും കുട്ടികളെ ജോലിക്കു നിർത്തുകൂടാ എന്നുള്ളതിനു ഏതാനും കാരണങ്ങൾ പറയപ്പെട്ടു. ആ വ്യവസ്ഥയുടെ ഗുണദോഷനിർണ്ണയം ചെയ്യുകാലത്തു ആകാര്യങ്ങൾ വിശദീകരിക്കപ്പെടട്ടെ. കുട്ടികളേയും സ്ത്രീകളേയും തൊഴിലിൽ ജോലിക്കാക്കുന്നതിനു ആക്ഷേപവാദം ഉണ്ടായി, ആ വാദങ്ങളെ ഇവിടെ പറയേണ്ടതില്ല. ഒഴിവാക്കലിനുള്ള അധികാരം ഗവണ്മെന്റു ആവശ്യപ്പെടുന്നതു കുട്ടികളുടെയും സ്ത്രീകളുടേയും ഉന്നതിയുടേയും ഗുണത്തിനുവേണ്ടിയാണെന്നു കാരണം പറയപ്പെട്ടു. ഇപ്പോൾ തിരുവിതാംകോട്ടിൽ അപ്രകാരം ഉള്ള യാതൊരു ആവശ്യകതയും ഇല്ല എന്നു ഞാൻ അറിയിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും പല വിധത്തിലും ഉള്ള അനേകം ജോലികൾ ഉപ്പോൾ കിട്ടുന്നുണ്ടു. നമ്മുടെ രാജ്യത്തിൽ ഖനികൾ അനേകം ഇല്ല എന്നുള്ളതും സ്ത്രീകളേയും കുട്ടികളേയും ജോലിക്കാക്കണമെന്നതിനുള്ള ആവശ്യകത ഉണ്ടാക്കിട്ടില്ല എന്നുള്ളതും സുവിദിതം ആണ്. ബ്രിട്ടീഷിന്ത്യയിൽ ആ വിധം നടപടിയെ നിർത്തലാക്കിച്ചതായ അവസ്ഥാഭേദങ്ങൾ എല്ലാം തന്നെയായിരുന്നതും ഇവിടെ ആ വിധം ആവശ്യകത ഇല്ല എന്നു ഞാൻ അറിയിക്കുന്നു. അതുകൊണ്ടു ഞാൻ ഈ ഭേദഗതി വേണ്ടതാണെന്നു നിർബന്ധിക്കയും മൂലവൻ വകുപ്പിനും ഭൂതിക്കുലമായി അഭിപ്രായം പറഞ്ഞു അതിനെ തള്ളിക്കളയണമെന്നു മെമ്പർമാരോടു അപേക്ഷിക്കയും ചെയ്യുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ). ഈ വകുപ്പു വളരെ വിശാലമായ അധികാരങ്ങൾ ഗവണ്മെന്റിനു നൽകുന്നു എന്നും ഈ നിയമം മൂലവും നിശ്ചയപ്പെടുത്തുകയുണ്ടായിട്ടുള്ള ഓരോ വകുപ്പിനെ ഗവണ്മെന്റു ഉപയോഗിച്ചേക്കാം എന്നും മിസ്റ്റർ രാമൻ മേനവൻ പറയുന്നു, ഈ ബിൽ അവതരിപ്പിച്ചതു ഗവണ്മെന്റാണെന്നും യാതൊരു അനുദ്യോഗസ്ഥാഭംഗമെങ്കിലും അല്ല എന്നും ഉള്ള വസ്തുതയെ ഞാൻ ഈ സഭയെ സ്മരിപ്പിക്കുന്നു എന്നു മാത്രമെ ഇതു സംബന്ധമായി എനിക്കു പറയാനുള്ളൂ. അതു അകമാനം അവിവേകമായ ഒഴിവാക്കലുകൾ കൊണ്ടു ഈ നിയമത്തെ ഗവണ്മെന്റു നിഷ്ഫലമാക്കിയേക്കും എന്നു ഗണിക്കുന്നതു കേവലം മിഥ്യാഭീതിയായിരിക്കും. ഏതെങ്കിലുപദേശമായി ഇതിൽ കൂട്ടിച്ചേർക്കുന്നതാണെന്നു എനിക്കു പറയാനില്ല. "ഖനി" എന്ന പദത്തിനു അർത്ഥവിവരണം പറഞ്ഞിരിക്കുന്ന വിധത്തെ ആലോചിച്ചതിൽ ഏതാനും കുഴികളെ മൂടിവാങ്ങുന്നതിനു അധികാരം ഗവണ്മെന്റിനു ഇല്ലാതിരുന്നാൽ വലിയ കഷ്ടങ്ങൾ നേരിടും എന്നു ഈ ഭേദഗതിയെ അനുകൂലിച്ച മെമ്പർമാരിൽ ചിലർ അഭിപ്രായപ്പെടുകയുണ്ടായി, എന്നു വരികിലും മുകളിൽ ഉള്ള ഖനികൾ എന്നപോലെ പ്രത്യേക ഇനത്തിൽ ഉള്ള ഖനികളെ ഒഴിവാക്കുന്നതിനു വ്യവസ്ഥ ചെയ്താൽ മതിയാകും എന്നു നിർദ്ദേശിക്കപ്പെട്ടു. അങ്ങനെ ചെയ്യുന്നതു ഉചിതം എന്നു ഞാൻ അറിയിക്കുന്നു. മുകളിലുള്ള ഖനികളെ ഒഴിവാക്കേണ്ട മറ്റു ഖനികൾക്കൊ സജ്ജമായ തിരുവണം പറയുന്നതു സാധ്യം അല്ല. അതിരിക്കട്ടെ, രണ്ടടിയെയും മൂന്നടിയെയും പത്തടിയെയും തനിയും താഴ്ചയുള്ളതായിരിക്കുന്ന ഒരു കുഴിയിൽ ജോലിചെയ്യുകാലം കഴിയാൻ ഒരു സ്ത്രീയേയും കുട്ടിയേയും സമ്മതിക്കുന്നതിൽ എന്തു വിരോധം ഉണ്ടെന്നു മനസിലാക്കുവാൻ എനിക്കു കഴിയുന്നില്ല.

മി: ടെ. ശിവതാണുപിള്ള (തോവാള): ഖനികളിൽ സ്ത്രീകളേയും കുട്ടികളേയും ജോലിയെടുക്കാൻ സമ്മതിക്കാം എന്നുള്ളതിനെക്കുറിച്ചു വല്ലതും ലാ മെംബർക്കു അറിയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): തൽസംബന്ധമായി വേണ്ട ഉപദേശം ഗവണ്മെന്റിനു നൽകുന്നതിനു വിദഗ്ദ്ധന്മാർ ഉണ്ടായിരിക്കും.

മി: ടെ. ശിവതാണുപിള്ള (തോവാള): കേവലം സ്ത്രീയാണോ ഗണനീയമായുള്ളതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു ഓരോ ഖനിയുടേയും സ്വഭാവത്തെ ആശ്രയിച്ചിരിക്കും.

സ്ത്രീകൾ പുരുഷന്മാരോടൊപ്പം തൊഴിലെടുക്കാൻ യാതൊരു കാരണത്താലും സമ്മതിച്ചു കൂടാ എന്നു ബലവത്തായ വാദം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ത്രീകൾ ആണുങ്ങളോടൊപ്പം ജോലിയെടുക്കേണ്ടതായ ധാരാളം തായ നിലജനസമുദായത്തിനു പ്രാപിക്കുവാൻ കഴിയുമെങ്കിൽ ഞാൻ അതിനു ആക്ഷേപം പറയുകയില്ല. എന്നാൽ ഈ പ്രശ്നത്തിനു മറ്റൊരു പക്ഷം കൂടിയുണ്ട്. സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം സമവേതനങ്ങളും സമാവസരങ്ങളും നഷ്ടപ്പെടുന്നതിനു ആധുനിക കാലത്തു ഗ്രോഗ്രിട്ടിന്നിൽ ഒരു പ്രസ്ഥാനം നടക്കുന്നുണ്ടെന്നു ഞാൻ പറയുന്നതു ഈ സഭയ്ക്കു രസാവഹം ആയിരിക്കും. ഇക്കാര്യത്തിലേക്കായി "ഓപ്പൺ ഡോർ കൌൺസിൽ" എന്നൊരു സംഘടനപോലും ചെയ്തിരിക്കുന്നു. ഈ സഭയുടെ ഉദ്ദേശം സ്ത്രീകൾ ജോലി ചെയ്യുന്ന കാര്യത്തിൽ നിഷ്ക്ക

തിബന്ധരായിരിക്കണം എന്നും പുരുഷന്മാരോടൊപ്പം രക്ഷാവിധികർ അവക്കുണ്ടായിരിക്കണം എന്നും ജോലിക്കുള്ള സൗകര്യഭേദങ്ങൾ, നേരം, ശമ്പളം, പ്രവേശനം, പരിശീലനം ഇവയെ സംബന്ധിച്ചുള്ള നിയമങ്ങളും ചട്ടങ്ങളും ജോലിയുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കണം എന്നും ജോലിയെടുക്കുന്നയാളിന്റെ സ്ത്രീപുരുഷഭേദത്തെയല്ല ആശ്രയിച്ചിരിക്കുന്നതു എന്നും സ്ഥാപിക്കാൻ ആകുന്നു. ഈസഭാ എല്ലാ ട്രേഡ്‌യൂണിയനിലേക്കും പൊതുതാല്പര്യസംരക്ഷണത്തിനുവേണ്ടി സമൂഹങ്ങൾക്കും ഒരു സർക്കുലർ അയച്ചിട്ടുണ്ട്.

മി: എ. ഡി. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): സർ, ലാ മെമ്പർ ഏതുമാത്രത്തിനു നിന്നു പറയുന്നു എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): എസ്റ്റേറ്റ് കുറിപ്പുകളിൽ നിന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): സർ, ഞാൻ ഒടപടിപ്രമേത്തെപ്പറ്റി ഒന്നു കാര്യം പറയാൻ എഴുന്നേൽക്കുന്നു. വർത്തമാനപ്പത്രങ്ങളിൽ നിന്നു ഇവിടെ വായിച്ചു കേൾപ്പിക്കണമോ?

മി: കുഞ്ഞാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഓപ്പൺ ഡോർ പ്രൗൺ സിലിന്റെ ഉദ്ദേശ്യം എന്താണെന്നു ഞാൻ വിവരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഒരു വർത്തമാനപ്പത്രത്തിൽ നിന്നാണെന്നു വരികിൽ അതു ഞാൻ തട്ടിക്കും.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ എന്റെ കുറിപ്പുകളിൽനിന്നു വായിക്കുന്നുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): മെമ്പർക്കു ഈ വിവരമെവിടെനിന്നു കിട്ടി എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ പത്രങ്ങളിലും പുസ്തകങ്ങളിലും വായിച്ചിട്ടുണ്ട്. അതു എന്റെ സ്വന്തമായി ഇവിടെ പറയുകയാണ്. യഥാർത്ഥ വർത്തമാനപ്പത്രത്തിലും നിന്നല്ല; ലൈബ്രറിവിച്ചു സർക്കുലർ ഇതാകുന്നു:—

"വ്യാപാരവേല ശാലാരെഗുലേഷനെ ഏകീകരിക്കുന്നതിനും ഭേദപ്പെടുത്തുന്നതിനും ഒരു ബിൽ നവംബർ മാസത്തിൽ ജനസമക്ഷം കൊണ്ടുവരും എന്നു ഗവണ്മെന്റ് വാഗ്ദാനം ചെയ്തിരിക്കുന്നു. ബില്ലിലെ വകുപ്പുകളിലും വ്യവസായികാവസ്ഥകളെ നിയമനിർമ്മിതികൾക്കുള്ള നന്നാക്കണം എന്നുള്ളതായ ഉദ്ദേശ്യത്തെ ഗ്രഹിക്കുന്നതിൽ ബില്ലിന്റെ തത്ത്വത്തിലും ഈ പുതിയ ബിൽ വാർത്തമാനികവും ഭാവിഭദ്രവും ആയ ആവശ്യങ്ങളെ ഗണിക്കയും പഴയ സമ്പ്രദായത്തെയും കേവലം മാറ്റുവിനെയും ദ്യോതിപ്പിക്കുന്നതായ നീതിതത്ത്വങ്ങളെ ഉപേക്ഷിക്കയും ചെയ്യണം എന്നുള്ളതു അത്യാവശ്യം ആകുന്നു.

ഫാക്ടറി ബിൽ ആയ അടുത്ത കാലത്തുണ്ടായ ബിൽ സ്ത്രീകളെ കുട്ടികളോടും ചെറുപ്പക്കാരോടും ഒന്നിച്ചു ഇനം തിരിക്കയും പ്രായം ചെന്ന പുരുഷന്മാരെയും സ്ത്രീകളേയും ഭിന്നമായ വിധത്തിൽ പെരുമാറുകയും ചെയ്യുന്നതായ ആധുനികാനുചിതമായ നീതിയെ ശാശ്വതമാക്കി. ചുരുക്കിപ്പറയുന്നതായാൽ അതിൽ സ്ത്രീകയ്യായം തികയാത്തയാളായി തരം തിരിക്കയും യാതൊരു പുരുഷനും നഷ്ടപ്പെടുന്നതിനു സമ്മതിക്കാത്തതായ അധികാരാവകാശം, സകലതരേയും ഗുണത്തിനുള്ള സാമാന്യപരിരക്ഷണത്തിനുപ്പെട്ട, സ്വയം ഇഷ്ടംപോലെ സ്വീകരിക്കുന്നതിനുള്ള അവകാശം ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നു. ഈ നീതി ഏതുരീതിയിലെ തത്ത്വത്തിനും അഭിപ്രായത്തിനും യോജിച്ചതല്ല. അതു ഭൂതകാലത്തുക്കു ചേർന്നതാണ്. ആധുനികനിയമനിയിതിയിൽ നീക്കരിക്കത്തക്ക സ്ഥാനം അതിനു ഇല്ല. വ്യവസായ കാര്യത്തിൽ സ്ത്രീകളെ ചെറുപ്പക്കാരോടും കുട്ടികളോടും ഒന്നിച്ചു തരം തിരിക്കുന്നതിനെ മേൽ അനുവർത്തിക്കുന്നതു മറ്റു ജീവനോപാധികളിൽ സ്ത്രീകളുടെ ഉത്തമമായ ഗുണത്തിനു ദോഷകരവും അനീതിയും ആയി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതായ ഒരു നീതിതത്ത്വത്തെ പുലർത്തുകയാകുന്നു. പൗരന്മാരായും ഭാര്യമാരായും അമ്മമാരായും വിശിഷ്ടവൃത്തി നടത്തുന്നവരായും തുല്യാവസ്ഥയാകുന്ന സ്ത്രീകളുടെ സ്ഥിതികളെയും അവസരങ്ങളേയും അത്യധികം തന്നാണ്കിട്ടുള്ളതു. ഗൃഹിണിയായും മാതാവായും സാധാരണത്തിൽ സ്ത്രീകളുടെ ജോലിയും വ്യവസായ ശാലകളിലുള്ളവരും ഓരോ തൊഴിൽചെയ്യുന്നവരും ആയ സ്ത്രീകളുടെ ജോലിയും പരസ്പരം വളരെ ഭിന്നമായുള്ളവയാണ്. അവരുടെ ജോലി പരസ്പരം മാറുവാൻ ചെയ്യാൻ പാടില്ല. എന്നാൽ പുരുഷനു തുല്യമായ സ്ഥാനം ഉള്ളതുപോലെയുള്ള ഗുണം എല്ലായിടത്തും എല്ലായ്പോഴും ഒന്നുപോലെ തന്നെയാകുന്നു. വ്യവസായശാലകളിൽ ജോലി ചെയ്യുന്ന സ്ത്രീയെ കുട്ടികളോടുംചെറുപ്പക്കാരോടും തുല്യമാക്കിവയ്ക്കുന്നതു അവർക്കു ജോലി ചെയ്യുന്ന ഒരു പുരുഷനു തുല്യമായ സ്ഥാനം ഇല്ലാതാക്കുകയാണ്. ഇതു പരിരക്ഷണം അല്ല നിയന്ത്രണം അത്രേ. അതു വാസ്തവത്തിൽ ഉള്ള പരിരക്ഷണങ്ങളെ അതാവിതു തുല്യസ്ഥാനത്തെ അവർക്കു ഇല്ലാതാക്കുകയുകയുകയ

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): ഇല്ല. ഇപ്പോൾ ഇല്ല. തങ്ങൾക്ക ജോലിചെയ്തു വിവേകമനുഭവത്തോട്ടുകൂടിയ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്ന എന്നു സ്ത്രീകൾ മനസ്സിലാക്കുമ്പോൾ അങ്ങനെയായിരിക്കും.

മി. എം. ശിവരാമപിള്ള (തോവാള): ലൂക്കായ്ത്തിൽ വിദ്യുതശക്തിയായ ചേഡി ഫോണുകളെ അഭിപ്രായം പറയുവാൻ ഈ സഭ അനുവദിക്കുമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): പ്രസിഡൻറ്സ്സമ്മതിച്ചില്ലാതെ അങ്ങനെ ചെയ്യാൻ പാടില്ല. എന്നു കൊണ്ടെന്നാൽ ഞാൻ മുപടി പറഞ്ഞു വരികയാണ്.

ഒരു കുഴിയിൽ വെള്ളത്തെ കരേണത്തായും സ്ത്രീകൾ ജോലി ചെയ്യുവാൻ പാടില്ല എന്ന വാദത്തിനു ഈ മറുവശം ഉണ്ട്; സമുദായിക വ്യവസ്ഥാഭേദങ്ങളെ തടുക്കാൻ നമുക്കു കഴിയുകയില്ല, സ്ത്രീകളും കുട്ടികളും ജോലി ചെയ്തു കൂടാ എന്നു നാം എത്ര തന്നെ ആഗ്രഹിക്കുന്നവരായാലും വാസ്തവത്തിൽ അവർ ജോലി ചെയ്യുവാൻ നിർബന്ധിതരാകുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): ഈ അവസ്ഥകൾ നമ്മുടെ നാട്ടിൽ ഇപ്പോഴേ ഉണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): മെമ്പർ പറഞ്ഞതു എനിക്കു മനസിലാകുന്നില്ല. സ്ത്രീകളും കുട്ടികളും ജോലിചെയ്യാൻ സമ്മതിക്കുവാനും സമ്മതിക്കാതിരിക്കുവാനും ആണെങ്കിൽ അവരെ സകലവിധ കഴികേടിലും നിന്നു തീരെ വഹിയ്ക്കുന്നതിനും എന്നുള്ളതിനു പ്രത്യേകകാരണം ഇല്ല എന്നു എനിക്കഭിപ്രായമുണ്ട്.

മി: ഏ. കെ. പിള്ള (കുമാരപുരം): ഖനികളിൽ കുട്ടികളെ ജോലിക്കെടുക്കുന്നതിനെ വരിസം വക്കുന്നു തടയുന്നുണ്ടെന്നു ഞാൻ മെമ്പറെ ഓർമ്മിപ്പിക്കട്ടെയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർ വക്കീൽ): അക്കാരണം കൊണ്ടല്ല തന്നെയാണു പറിച്ചിന്നതായ ഒഴിവാക്കലിനായി ഞാൻ അപേക്ഷിക്കുന്നത്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): വരിസം കൊടുപ്പിലെ കാരണങ്ങളെ വീണ്ടും മിസ്റ്റർ പരമേശ്വരൻപിള്ള പറയുന്നതു സമ്മതിക്കുവാനാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): ഞാൻ ഈ കാരണങ്ങളെ ആവർത്തിച്ചുപറയുന്നില്ല. സ്ത്രീകളെക്കുറിച്ചു പറഞ്ഞിട്ടുള്ളതായ ശക്തിവാദം ഏതൽകാലോചിതം അല്ല എന്നും അതുദ്യോഗത്തിലെ ഈതരഭോഗങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു എന്നും അവിടെ സ്ത്രീകൾ പുരുഷന്മാരെപോലെ സമാവകാശങ്ങൾ അനുഭവിക്കപ്പെടുന്നു എന്നും മാത്രമെ ഞാൻ പറയുന്നുള്ളൂ. തറയ്ക്കടിയിലുള്ളതോ അല്ലാത്തതോ ആയ സകലകഴിയും ഉൾപ്പെടുത്തുവാനുള്ള 'ഖനി' എന്ന പദത്തിന്റെ അർത്ഥവിവരണം അതു വിപുലമായിട്ടുള്ളതാണെന്ന വരികിൽ ഉചിതസംഗതികളിൽ നിയന്ത്രണങ്ങളെ എടുത്തുകളയുന്നതിനുള്ള അധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കേണ്ടതു ആവശ്യം തന്നെ. ഈ ഭേദഗതി സമ്മതിക്കപ്പെടുന്നതായാൽ ലങ്കിക്കുന്ന ഫലം കുഴിയായിട്ടുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കു ജോലി ഒരിക്കലും കിട്ടുകയില്ല എന്നുള്ളതുമാത്രം ആയിരിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭൂമിയുടെ ഉപരിഭാഗത്തുള്ള ഖനികളിൽ അവരെ ജോലിക്കാക്കാവുന്നതാണ്. അഗാധമുള്ള ഖനികളിൽ പാടില്ല.

മി: ശിവരാമപ്പണിക്കർ (ചേർത്തല): അടിയിൽ ഒരുകുറിപ്പുചേർക്കുന്നതിൽ വല്ല ആക്ഷേപവും മെമ്പർക്കുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): അങ്ങനെയുള്ള ഒരു ഭേദഗതി ഇപ്പോൾ സഭാസമക്ഷം ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ഖണ്ഡത്തിന്റെ സാരം മുകളിലുള്ള ഖനികളിൽ ജോലിചെയ്യുന്ന സ്ത്രീകളേയും കുട്ടികളേയും ഒഴിവാക്കുന്നതിനു മാത്രം ആണെന്നു കേവലം കുണിക്കാനായി ഒരു അടിക്കുറിപ്പുചേർക്കുന്നതിൽ വല്ല ആക്ഷേപവും അദ്ദേഹത്തിനു ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): നിയന്ത്രണങ്ങളെ എടുത്തുകളയുമോ എന്നുള്ളതു ഖനിയുടെ ആകപ്പാടെയുള്ള സ്വഭാവത്തെ ആശ്രയിച്ചിരിക്കും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒഴിവാക്കുന്നതിനെ ബാധിക്കുന്നതായി വിവിധാവസ്ഥകളും ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): ഉണ്ട്. മുകളിലുള്ള ഖനികളെയും ആഴത്തേയും ഉദാഹരണത്തിനു മദ്ധ്യം ഞാൻ പ്രസ്താവിച്ചതേയുള്ളൂ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മുകൾവശത്തുള്ള ഖനികളിലെന്നപോലും ജോലിയെടുക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആപൽകരമായി തീരാവുന്ന ഉദര സ്ഥിതികളെയും മെമ്പർക്കു ഊഹിക്കാൻ പാടില്ലയോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): ഇപ്പോൾ അതു എനിക്കു ഊഹിക്കാൻ കഴിയുകയില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ വകുപ്പിനെ ഭൂതലൽ പരിച്ഛിന്നമാക്കുന്നതിൽ വല്ല ആക്ഷേപവും ഓ മെമ്പർക്കുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): അതിനെ അധികം പരിച്ഛിന്നമാക്കുന്നതു സാദ്ധ്യം അല്ല. മറ്റേതു ഖനിയുടെ സ്ഥിതി ഭിന്നമായിരിക്കാം. ചില ഖനികളിൽ ഭൂമിയിൽ നിന്നും ആറടിയൊ പത്തടിയൊ താഴ്ചയിൽ പോലും ജോലിയെടുക്കുന്നതിനു സ്ത്രീകളെയും കുട്ടികളേയും സമ്മതിക്കുന്നതു ആക്ഷേപകരമായിരിക്കാം. എന്നാൽ അതേകാലത്തുതന്നെ അതുത്തരാളം അഗാധം അല്ലാത്ത മറേ ഖനികളിൽ അതു ആക്ഷേപകരമായിത്തീരാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുകൊണ്ടു പ്രസ്തുത വകുപ്പനുസരിച്ചു ഗവർണ്മെൻറിനെ യല്ലപ്പെടുന്ന അധികാരം വളരെ വിശാലം ആകുന്നതു മാ മെംബർ വിചാരിക്കുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): വിശാലമായിരിക്കാം. എന്നാൽ വളരെ ആവശ്യവും വളരെ ഗുണകരവും ആണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ മൂഴുവൻ വകുപ്പിൻറെയും സാരാംശം വിസ്തരിക്കപ്പെട്ടു കയും ഇതു ഒരുപയോഗപ്പെടുത്തുകയും ചെയ്യുന്നതാകുമെന്നു മാ മെംബർ വിചാരിക്കുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ): അതുപോലെ ഈ സഭ ഒരു ബിൽ അവതരിപ്പിച്ചു ഈ വകുപ്പ് എടുത്തുകളയുന്നതാണല്ലൊ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു ബന്ധുവിനെ തല്ലുകയും അതിനെ ആപത്സൂചകമാകുന്നതു മായിട്ടതിനു ബന്ധുവും ഇല്ല എന്നു മാ മെംബർ വിചാരിക്കുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അസിഷനൽ ഹെഡ്സക്കാർവക്കീൽ): അതു ഒരു സംഗതിമാത്രമല്ല. മറനേകം സംഗതികളും ഉണ്ട്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ ഭേദഗതിവേണം എന്നു നിർബന്ധിക്കുന്നതു ഭേദഗതി പോട്ടിച്ചിടുകയും അതു തള്ളപ്പെടുകയും ചെയ്യും.

മി: എ. കെ. പിള്ള (കുന്നത്തൂർ): ആരും വിവരം അറിയണം എന്നു നാൻ ആവശ്യപ്പെടുന്നു. ആരും വിവരം നിർണ്ണയിച്ചതിൽ അതു താഴെ വിവരിക്കുംപോലെയായിരുന്നു.

അനുകൂലിക്കും ൨൭.

ക.	മി: എ. ജെ. ജോൺ	൨൦.	മി: ഡെ. പി. നീലകണ്ഠപ്പിള്ള
ഖ.	മി: എൻ. വി. ജോസഫ്	൨൧.	മി: എ. കെ. പിള്ള
ഗ.	മി: സി. പി. കൊച്ചുകുഞ്ഞുപിള്ള	൨൨.	മി: എസ്. പി. പിപേരുമാൾപിള്ള
ഘ.	മി: ടി. കുമാരപിള്ള	൨൩.	മി: ജി. രാമൻമേനവൻ
ങ.	മി: തരിയത്തുകുഞ്ഞിരത്തമ്മൻ	൨൪.	മി: കരണിപ്പുള്ളിൽ കെ. രാമൻപിള്ള
ച.	മി: കെ. മാധവൻപിള്ള	൨൫.	മി: കെ. ശിവരാമപ്പണിക്കർ
ഛ.	മി: കെ. സി. മാമ്മൻമാപ്പിള	൨൬.	മി: എൻ. കെ. കൃഷ്ണപിള്ള
ജ.	മി: കല്ലർനാരായണപിള്ള	൨൭.	മി: സി. എൻ. ഇപ്പൻനമ്പൂരി
ൻ.	മി: പി. കെ. നാരായണപിള്ള		

പ്രതികൂലിക്കും ൨൬.

ക.	മി: ഐ. സി. ചാക്കോ	൨൬.	എസ്. സി. എച്ച്. റബിൻസൺ
ഖ.	മി: ധനക്കോടിപ്പിള്ള	൨൭.	മി: എ. മെവപ്പൻ
ഗ.	മി: കെ. ജാർജ്	൨൮.	മി: പാഠം ഡാനിയൽ
ഘ.	മി: ഗോമതിനായകംപിള്ള	൨൯.	മി: കെ. ഐ. ജോസഫ്
ങ.	മി: പി. എൻ. കൃഷ്ണപിള്ള	൩൦.	മി: സി. കേരളവർമ്മകോയിത്തമ്പുരാൻ
ച.	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൩൧.	മി: സി. വി. കുഞ്ഞുരാമൻ
ഛ.	മി: എൻ. നിലകണ്ഠപ്പിള്ള	൩൨.	മി: എൽ. എ. ചാംപാർഡ്
ജ.	മി: കയ്യാലം പരമേശ്വരൻപിള്ള	൩൩.	മി: ആർ. പത്മനാഭൻ
ൻ.	മിസസ്സ് എം. പുന്നൻലൂക്കോസ്	൩൪.	മി: എം. ശിവതാണുപിള്ള
൨൫.	മി: വി. എൻ. രാമസുബ്ബയ്യൻ	൩൫.	മി: പി. സുബ്ബയ്യർ
൨൬.	റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ	൩൬.	മി: എസ്. സുബ്രഹ്മണ്യകരയാളർ
		൩൭.	മി: സി. പി. തരകൻ

നിഷ്പക്ഷനിലെ ൭.

മി: എസ്. സുബ്രഹ്മണ്യപിള്ള.

മി: കെ. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ മൂഴുവൻ ഖണ്ഡത്തേക്കുറിച്ചും സഭയുടെ അഭിപ്രായം അറിയണം എന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡണ്ടു്: കഴിഞ്ഞ യോഗത്തിൽ നാം ൪൨-ാം വകുപ്പിൻറെ അവസാനം വരെ അഭിപ്രായം പറഞ്ഞുതീർച്ചപ്പെടുത്തി: ൪൩-ാം വകുപ്പിനെ പറ്റി സഭയുടെ അഭിപ്രായം പറയണമായി ഞാൻ അപേക്ഷിക്കുന്നു.

ബില്ലിലെ ൪൩-ാംവകുപ്പു ബില്ലിലെ ഒരംശം ആയിരിക്കണം എന്നുള്ള പ്രശ്നത്തെക്കുറിച്ചു സഭയുടെ അഭിപ്രായംഅറിഞ്ഞതിൽ ൩൪പേർ അനുകൂലികളും ൭ അധം പ്രതികൂലിയും ആയിരുന്നതിനാൽ അനുമതിക്കപ്പെട്ടു.

ഈ വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പു ൪൩.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ)൪൩-ാം വകുപ്പിനു ഭേദഗതിയാതൊന്നും ഇല്ല. ആ വകുപ്പ് വോട്ടിനിടാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ബില്ലിലെ ൪൩-ാം വകുപ്പു ബില്ലിലെ ഒരംശം ആയിരിക്കണം എന്നുള്ള പ്രശ്നത്തെക്കുറിച്ച് സഭയുടെ അഭിപ്രായം അറിഞ്ഞതിൽ ൩൪പേർ അനുകൂലികളും ൪പേർ പ്രതികൂലികളും ആയിരുന്നതിനാൽ അനുമതിക്കപ്പെട്ടു.

ഈ ഭേദഗതി ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പ് 5.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഞാൻ താഴെ ചേർക്കുന്ന ഭേദഗതി അവതരിപ്പിക്കുന്നു,

5-ാം വകുപ്പിന്റെ അവസാനത്തിൽ താഴെ ചേർക്കുന്ന ക്ലോസ് ചേർക്കണം:

"എന്നാൽ വല്ലയാളുടെയും മുമ്പിലുണ്ടാകുന്ന നിയമപ്രകാരം ഉള്ള അന്തരത്തിൽ പ്രഥമദൃഷ്ടിയിൽ ഉപരോധം ഉണ്ടായിട്ടുള്ളപക്ഷം എല്ലാസംഗതികളിലും ഈ വിധം ഉത്തമവിശ്വാസം തെളിയിക്കേണ്ടതായ ഭാരം ആ വിധം ഉപരോധം ഉണ്ടാക്കുന്ന ആളിനുള്ളതായിരിക്കും."

5-ാം വകുപ്പ് ആകട്ടെ ഇപ്രകാരം ഇരിക്കുന്നു:—

"ഈ റെഗുലേഷൻ അനുസരിച്ചു ഉത്തമവിശ്വാസമായി പ്രവർത്തിക്കുവാനായി ഉദ്യോഗസ്ഥന്മാർക്കു പൂർണ്ണമായ പരിരക്ഷണം നല്കുവാൻ ഉദ്ദേശിക്കുന്ന വകുപ്പ് ആകുന്നു ഈ റെഗുലേഷൻ അനുസരിച്ചു ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളിൽ കടുകിടയോ വളരെ കുറവായോ ചേരുവാനും ഉപദ്രവവും ഉണ്ടായേക്കാമെന്നു മുമ്പാവസരത്തിൽ ഇവിടെ മൂണ്ടിക്കാണിക്കപ്പെട്ടു. ധാരാളം ഉദ്യോഗസ്ഥന്മാർ ആരിയുന്നതിൽ അവർ തമ്മുടെ ശ്രമിയുടെ നശിപ്പിക്കാൻ ഇടയാകാം. ഖനികൾ ഇരുക്കുന്നതിനിടയ്ക്കു അയൽ വസ്തുക്കളുടെ ഇടക്കേണ്ടിവന്നേക്കാം. ഇതെല്ലാം ഈ റെഗുലേഷൻ അനുസരിച്ചു സംഭവിക്കുവാനുണ്ട്. ഈ വ്യവസ്ഥകളെയെല്ലാം ഇതിനുമുമ്പിലെടുത്തു അനുവദിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു ജനങ്ങൾക്കു ഏതാനും പരിരക്ഷണം നല്കുന്നതു അത്യാവശ്യം തന്നെ. ഉദ്യോഗസ്ഥന്മാർക്കു പരിരക്ഷണം ആവശ്യം ആയിരിക്കാം. അതിലേക്കു വ്യവസ്ഥ നാം ചെയ്തുകഴിഞ്ഞിരിക്കുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സ്ക്കാർവക്കീൽ): ഗവർമെന്റുകളോ മറ്റുകളോ തൂക്കുന്നതു ഉത്തമവിശ്വാസത്തിന്മേൽ ചെയ്തിരുന്നാൽ അതിനുവേണ്ടി വല്ല തുകയ്ക്കുവേണ്ടിയും കേസ്സുണ്ടാകുമോ?

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും) : കുഞ്ഞാലം ഉത്തമവിശ്വാസത്തിൽ ചെയ്തിരുന്നാൽ അവരെ സഹിക്കുതന്നെ വേണം. ആ പ്രശ്നത്തെ കുറിച്ചു അത്രമാത്രമേ എനിക്കു പറയേണ്ടതുള്ളൂ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): അതിലേക്കു പ്രതിഫലം ആവശ്യം ഇല്ലയൊ?

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): പ്രതിഫലം നിശ്ചയമായും ആവശ്യം തന്നെ: അതിലേക്കു വ്യവസ്ഥ മുമ്പിലേ ചെയ്തിട്ടുണ്ട്.

എന്റെ ഭേദഗതിക്കു ആധാരമായകാരണങ്ങളിന്മേൽ ആണ് മി: പി. കെ. നാരായണപിള്ള മറ്റൊരു ഭേദഗതിക്കു അറിയിപ്പുകൊടുത്തതു. എന്നാൽ അയാളുടെപ്പെട്ടുപോയി. ആ ഭേദഗതിയുടെപ്പെട്ടുപോയിരിക്കുന്നസ്ഥിതിക്കു ജനങ്ങൾക്കെത്രമാത്രം പരിരക്ഷണം നാം നൽകേണ്ടതു അത്യാവശ്യം ആകുന്നു. ഈ ഭേദഗതിയിലൂടെ ഞാൻ ആവശ്യപ്പെടുന്നതു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ഉത്തമവിശ്വാസത്തെ തെളിയിക്കുന്നതിനുള്ള ഭാരം ഉണ്ടായിരിക്കണം എന്നുള്ളതത്രെ. എന്നാൽ ഉത്തമവിശ്വാസത്തിന്മേൽ കുറ്റങ്ങാരം നടത്തപ്പെട്ടിരുന്നാൽ ഉത്തമവിശ്വാസം തെളിയിക്കുന്നതിനു തീരെ പ്രയാസം ഉണ്ടായിരിക്കയില്ല. എന്നാൽ നിയമപ്രകാരം എന്നും പറഞ്ഞു ഉദ്യോഗസ്ഥന്മാർ അന്യായമായി കുടികിടപ്പുകാരെ ഒഴിപ്പിച്ചേക്കാം. ഇങ്ങനെയുള്ള കുറ്റങ്ങാരം നേരിടുന്നതിനുവേണ്ടിയാണു ഈ വ്യവസ്ഥചേർക്കണം എന്നു ഞാൻ നിർദ്ദേശിക്കുന്നതു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ) നിയമപ്രകാരം ഉള്ള അന്തരത്തിൽ പ്രഥമദൃഷ്ടിയുപദ്രവം എന്നതിനു മുന്നാമത്തെ ഉദാഹരണത്തിൽ മെമ്പർ ചെയ്തുപറയും പ്രകാരം വരികിൽ അങ്ങേഹത്തിന്റെ ആശയം ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞേക്കാം.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): അങ്ങനെയുള്ള വ്യവഹാരങ്ങളിൽ എല്ലാം സാധാരണമായി നീതിന്യായക്കോടതികളിൽ നടത്തിവരുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): ഒരു നീതിന്യായക്കോടതി തടവുശിക്ഷ വിധിക്കുന്നതായാൽ അതു നിയമസംബന്ധമായ അർത്ഥത്തിൽ ഉപദ്രവം ആകുമൊ?

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഇതു പ്രസ്തുതവിഷയത്തിനു സംബന്ധപ്പെട്ടതേയല്ല: ഈ ഭേദഗതി ഈ റെഗുലേഷൻ അനുസരിച്ചു ഉദ്യോഗസ്ഥന്മാർ നടത്തുന്ന പ്രവൃത്തികളെ സംബന്ധിക്കുന്നു. കോടതികൾ വിധിക്കുന്ന തടവു ശിക്ഷയെ അല്ല. (ചിരി)

എന്റെ ഭേദഗതിക്കു അവലംബമായി ഈ ബില്ലിലെ തന്നെ മറ്റൊരു ഭാഗം വായിച്ചു കേൾപ്പിക്കാം അതു 3-വ്വാം വകുപ്പാണ്.

വല്ലയാളും ഈ റെഗുലേഷൻ അനുസരിച്ചു കൊടുക്കേണ്ടിയിരിക്കുന്ന വല്ല പ്ലാനോ, തവണക്കണക്കോ, അറിയിപ്പോ, രെജിസ്റ്ററോ, റിക്കാർഡോ, റിപ്പോർട്ടോ, നിശ്ചിതപ്രകാരത്തിലോ വിധത്തിലോ കാലത്തിലോ, കാലത്തിനുള്ളിലോ ന്യായമായ സമാധാനംകൂടാതെ (ഇതു തെളിയിക്കേണ്ട ഭാരം അയാളിൽ തന്നെയായിരിക്കും) കൊടുക്കാതിരുന്നാൽ അയാൾക്കു ഇരുനൂറു രൂപയോളം വരുവാനുള്ള പിഴശിക്ഷ വിധിക്കേണ്ടതാകുന്നു."

ജനങ്ങൾ ഈ റെഗുലേഷൻ അനുസരിച്ചു നടക്കാതിരുന്ന വകയ്ക്കു അവർക്കു വിധിക്കേണ്ട ശിക്ഷയുടെ കാര്യത്തിൽ ന്യായമായ ഒഴികഴിവുണ്ടു എന്നു തെളിയിക്കേണ്ട ഭാരം അയാളെന്നു വാഴിക്കുന്ന കക്ഷിയ്ക്കു ആകുന്നു. സർക്കാരുദ്യോഗസ്ഥന്മാരെയും അതേ നിലയിൽ ചെയ്യണം എന്നു മാത്രമാണു എന്റെ ഭേദഗതിയിൽ ഞാൻ ആവശ്യപ്പെടുന്നതു. അവരുടെ പ്രവൃത്തികളിൽ ജനങ്ങൾക്കു പ്രഥമദൃഷ്ട്യാ ദോഷം ഉണ്ടെന്നു കാണുന്ന സംഗതികളിൽ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൻ തന്നെയാണു ഇരിക്കേണ്ടതു. . ഇതുകൂടി പറഞ്ഞു ഈ ഭേദഗതിയെ സഭയുടെ പരിശോധനയ്ക്കായി ഞാൻ സമർപ്പിക്കുന്നു.

മി: കൊണ്ടിപ്പുള്ളിൽ അർ. രാമൻപിള്ള (കൊല്ലം): ഞാൻ ആ ഭേഗതിയെ പിൻതുണയ്ക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സബ്ക്കോർ വക്കീൽ): സർ, ഞാൻ ഈ ഭേഗതിയെ എതിർക്കുന്നതിനായി എഴുന്നിൽക്കുന്നു. മി: രാമൻപിള്ള ഉദ്ദേശിക്കുന്ന ഉപകൃവങ്ങൾക്കു ഒഷ്ടാനുമേതം ആയി അദ്ദേഹം പറഞ്ഞതു് ഖനികർമ്മം ഉണ്ടോ എന്നു ആരായുന്നതിനായി വസ്തുവിൽ പ്രവേശിക്കുന്നതു് ഉപകൃവം ആണെന്നും ഖനി പ്രവൃത്തിതന്നെയും ഉപകൃവം ആണെന്നും ആയിരുന്നു. ഖനികർമ്മം ഉണ്ടൊ എന്നു ആരായുന്നതിലേക്കായി പ്രവേശിക്കുന്ന കാര്യത്തിൽ ആകട്ടെ പ്രതിഫലം കൊടുത്തതിൽ പിന്നീടു മാത്രമെ അപ്രകാരം ചെയ്യാൻ പാടുള്ളു. അന്യന്റെ വസ്തുവിൽ പ്രവേശിക്കുന്നതു് ഉത്തമവിശ്വാസത്തിൽ ആയാലും അല്ലെന്നു വരികിലും നിയമപ്രകാരം ഉള്ള അവസ്ഥയിൽ ഉപകൃവമല്ലെന്നു തൽക്കാലം കരുതിക്കൊള്ളുക. അങ്ങനെയായാലും ഗവർമ്മെണ്ടു് പ്രതിഫലം കൊടുക്കണം. അതിലേക്കു വ്യവസ്ഥ നാം വകുപ്പിൽ ഇതിനു മുമ്പിലെ ചെയ്തിട്ടുണ്ടു്. ഖനിവകുപ്പുവക്കീൽക്കായി വല്ല ഭൂമിയും വിലയ്ക്കു വാങ്ങണം എന്നു ഗവർമ്മെണ്ടു് ആവശ്യപ്പെടുമ്പോൾ ഉപകൃവം എന്നു പറയപ്പെട്ടുന്ന പ്രവൃത്തി ഉത്തമവിശ്വാസത്തിന്മേൽ ചെയ്തതായാലും അല്ലെന്നു വരികിലും, പ്രതിഫലം കൊടുക്കപ്പെട്ടണം. ഈ വിധത്തിൽ ഉള്ള ഒരു ഉപകൃവം ഉണ്ടാകുമ്പോൾ ഉത്തമവിശ്വാസം എന്നുള്ള വാക്കു ഉപയോഗിക്കുന്നതേയില്ല. അതുകൊണ്ടു ഈ ഭേഗതി അക്കാര്യത്തിലേക്കു തീരെ സംബന്ധമില്ലാത്തതാണ്. എന്നാൽ ഈ റെഗുലേഷന്റെ പ്രവർത്തനത്തിന്റെ ഫലമായി ഖനനം ഉപകൃവങ്ങൾ ഉണ്ടായേക്കാവുന്നതാണ്. ഞാൻ നിയമാർത്ഥങ്ങളിൽ പരിയുള്ള ഉപകൃവങ്ങളെക്കുറിച്ചു് സംസാരിക്കുന്നില്ല. എന്നാൽ സാധാരണ അർത്ഥങ്ങളിൽ ഉള്ള ഉപകൃവങ്ങളെ കുറിച്ചു മാത്രമേ പറയുന്നുള്ളു. ഈ ഉപകൃവങ്ങളുടെ കൂട്ടത്തിൽ തെറ്റു വരുത്തും ഉപകൃവം ഉണ്ടാക്കിയ ആളിൽ ആയിരിക്കണം എന്നു മി: രാമൻ മേനവൻ ആവശ്യപ്പെടുന്നായിരിക്കാം, എന്നാൽ അതിനുമുമ്പു ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഭേഗതിയുടെ സാരം എന്താണെന്നു സഭയുടെ പരിശോധനയ്ക്കായി ഞാൻ സമർപ്പിക്കാം. അതിൽ നിയമാർത്ഥത്തിൽ പ്രഥമദൃഷ്ട്യാ ഉള്ള ഉപകൃവങ്ങളെക്കുറിച്ചു പറയുന്നു, നിയമാർത്ഥത്തിൽ പ്രഥമദൃഷ്ട്യാ ഉള്ള ഉപകൃവം എന്താണെന്നു ഞാൻ ചോദിച്ചതിൽ പിന്നീടും മി: രാമൻ മേനവൻ വിവരിച്ചിട്ടില്ല. ഉപകൃവം എന്നതിന്റെ ശരിയായ അർത്ഥം നോക്കുന്നതായാൽ അതിനു സദാ ഒരു അവകാശവുമായി സംബന്ധം ഉണ്ടു്. ഉപകൃവം എന്നർത്ഥമുള്ള ഇൻജുറി എന്ന ഇംഗ്ലീഷ് പദം ആകട്ടെ അല്ല എന്നർത്ഥമുള്ള ഇൻ എന്നും അവകാശം അല്ലെങ്കിൽ നീതി എന്നർത്ഥമുള്ള ജസ് അല്ലെങ്കിൽ ജൂറിസ് എന്നും പദങ്ങളും ചേർത്തു് രൂപീകരിക്കപ്പെട്ടിട്ടുള്ളതാണു്. അതുകൊണ്ടു് ഈ റെഗുലേഷൻ അനുസരിച്ചും ഈ നിയമം അനുസരിച്ചും ഗവർമ്മെണ്ടിനു സിദ്ധിച്ചിട്ടുള്ള അധികാരം അനുസരിച്ചും —പ്രകൃതഭേദമനുസരിച്ചു പറയുന്നതായാൽ ഈ നിയമം അനുസരിച്ചു ഈ നിയമത്തിൽ വിധിച്ചിരിക്കുംപടി വല്ലതും ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ ചെയ്യുന്നതായാൽ അതു ഉപകൃവം ആയിരിക്കാൻ ഇടയില്ല. ഈ ബില്ലിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി വല്ലതും ചെയ്യുന്നതായാൽ മാത്രമേ ഉപകൃവം ഉണ്ടാകുന്നുള്ളു. ഈ ബില്ലിലെ വ്യവസ്ഥയ്ക്കു വിരുദ്ധമായി വല്ലതും ചെയ്യുന്നതായാൽ അങ്ങനെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻ പ്രഥമദൃഷ്ട്യാ അതിനു ശിക്ഷാർഹൻ ആകുന്നു. അതിലേക്കു വ്യവസ്ഥ ചെയ്തിട്ടും ഉണ്ടു്. ഇതുകൊണ്ടു ഈ ഭേഗതി തീരെ അനാവശ്യമാകുന്നു.

ഉപകൃവം എന്ന പദത്തിനു സാധാരണമായുള്ള അർത്ഥത്തിൽ ഒരാൾക്കു നിയമാനുസരണം എന്തു വിധം ഉപകൃവം ചെയ്യാൻ കഴിയും എന്നു ഇപ്പോൾ നമുക്കു ക്ഷണനേരം ആലോചിക്കാം. ബില്ലിന്റെ ഉദ്ദേശം തൊഴിലാളിയുടേയും മുതലാളിയുടേയും ക്ഷേമത്തിനായും ക്ഷേമക്കേർപ്പെടുത്തുന്ന ആളിനെയും ഇടയ്ക്കു നിന്നുകൊണ്ടു തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ശരിയായ ഏർപ്പാടുകൾ അനുസരിച്ചു ജോലി നടത്തിക്കുന്നതിനു നിബന്ധിക്കുന്നതിനും ക്ഷേമക്കാരുമായി പൊരുത്തപ്പെടുന്ന കാര്യത്തിൽ മറ്റു നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ആണെന്നു ഞാൻ മുമ്പിലെ വിവരിച്ചു പറഞ്ഞുവല്ലോ. ഉദ്യോഗസ്ഥന്മാർക്കു ഏതാനും അധികാരങ്ങൾ കൊടുത്തിട്ടുണ്ടു്. അവർക്കു ഈ നിയമം അനുസരിച്ചു ഏതാനും കാര്യങ്ങൾ ചെയ്യാനും ഉണ്ടു്. അതു ക്ഷേമവേല ചെയ്യുന്നവരുടെ ഗുണത്തിലേക്കായി മാത്രം ആണു്. ഇതിനു ദൃഷ്ടാന്തം പറയാം 4 ഇ (ക) വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഈ റെഗുലേഷനിലേയോ ഇതനുസരിച്ചു ഉണ്ടാക്കിട്ടുള്ള ചട്ടങ്ങളിലേയോ ബൈലാസ്കളിലേയോ ഉത്തരവുകളിലേയോ വ്യക്താർത്ഥമായ വല്ല വ്യവസ്ഥയാലും വിപരീതമായി വ്യവസ്ഥചെയ്തിരിക്കുന്ന വല്ല സംഗതിയിലും വല്ല ഖനിയൊ അതിലെ വല്ല ഭാഗമോ ഖനിയുടമയെ അതിന്റെ നിയന്ത്രണത്തേയോ കാര്യവിചാരത്തേയോ മേനുത്തവത്തേയോ സംബന്ധിച്ചതോ അവയിൽ ഉള്ളതോ ആയ വല്ല കാര്യമാകട്ടെ, വസ്തുവാകട്ടെ, ഏർപ്പാടാകട്ടെ ആളുകളുടെ ജീവനോ രക്ഷയ്ക്കോ ആപത്കരമാണെന്നോ വല്ലയാളുകൾക്കുടയും ശരീരോപദ്രവം വരുത്തുന്നതാകുമെന്നോ വരുത്താൻ എളുപ്പമുള്ളതാണെന്നോ ആയവണ്ണം തോന്നുകയോ ഇൻസ്പെക്ടർക്കു തോന്നുന്നപക്ഷം അയാൾ ഖനിയുടെ ഉടമസ്ഥനോ ഏജന്റിനോ കാര്യവിചാരക്കാരനോ രേഖാമൂലം അറിയിപ്പു കൊടുക്കാവുന്നതും ഖനിയൊ അതിൻമേലാഫീസൊ, കാര്യമൊ, വസ്തുവൊ ഭേദപ്പെടുത്തേണ്ട വിധത്തിൽ ആപത്കരമോ സുരക്ഷിതമുള്ളതോ ആയിരിക്കുന്നു എന്നു നോട്ടീസിൽ വിവരിക്കേണ്ടതും നോട്ടീസിൽ ഇപ്പറഞ്ഞപ്രകാരത്തിയിരിക്കുവാനുള്ള കാലാവധിക്കകം അതിനെ പരിഹരിക്കണം എന്നും ആവശ്യപ്പെടേണ്ടതും ആകുന്നു."

അതേവകുപ്പു (2) ഉപവകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.)

"വല്ലഖനിയിലൊ അതിന്റെ വല്ലഭാഗത്തിലോ ജോലിക്കാരെയിരിക്കുന്ന വല്ലയാളുടേയും ജീവനോ രക്ഷയ്ക്കു ഉടനടിയായ ആപത്തുണ്ടാകുമെന്നു ഇൻസ്പെക്ടർ അഭിപ്രായപ്പെടുന്നതായാൽ തന്റെ അഭിപ്രായത്തിനുള്ള കാരണങ്ങളുടെ വിവരം അടങ്ങിയതായ രേഖാമൂലമായ ഒരു ഉത്തരവിനാൽ, ആ ആപത്തു നീക്കുന്നതുവരെ ആ ഖനിയിലൊ അതിന്റെ ഏതെങ്കിലും ഭാഗത്തൊ അവയ്ക്കുടനടിയായൊ ജോലിക്കാരെ ഇടാവൂ എന്നു നിരോധിക്കാവുന്നതാകുന്നു."

4 വ (സി) വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"വല്ല ഖനിയുടെയൊ അതിന്റെ ഭാഗത്തിന്റെയൊ അവസ്ഥയേയും സ്ഥിതിയേയും പറ്റിയും അതിലെ യാതൊരുപകരണത്തേയും ഖനിയെസംബന്ധിച്ചു തൽക്കാലം നടപ്പിൽ ഇരിക്കുന്ന മൈനേഴ്സ് ചട്ടങ്ങളുടെ കാര്യക്ഷമതയെപ്പറ്റിയും ഖനിയിലൊ ഖനിക്കുള്ളിലൊ ജോലിക്കാക്കിയിരിക്കുന്ന ആളുകളുടെ രക്ഷയെസംബന്ധി

ച്ചു സകലകാര്യങ്ങളെക്കുറിച്ചും ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും അവയെ പരിശോധിക്കയും ചെയ്യാവു ന്നതാകുന്നു''

ബ. (ബി) വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''ഇൻസ്പെക്ടർ തനിക്കു യുക്തമെന്നു തോന്നുന്ന അസിസ്റ്റണ്ടുമാരോടുകൂടി പകലോ രാത്രിയൊ ന്യായമായ എല്ലാസമയങ്ങളും വല്ല ഖനിയേയൊ അതിന്റെ മാപത്തേയൊ പരിശോധിക്കാവുന്നതും എന്നാൽ ഖനിയുടെ പ്രവർത്തനത്തെ അന്യായമില്ലാതെ തടസ്സപ്പെടുത്തുന്നവിധത്തിൽ അപ്രകാരം ചെയ്യുകൂടാത്തതും ആകുന്നു.''

ഷോഡിശത്തെ നന്മയെ ക്കരുതി സാധാരണനിയമങ്ങൾ പ്രഥമദൃഷ്ട്യാ ഉപദ്രവങ്ങളും ഉദ്യോഗസ്ഥന്മാർ ചെ യ്യുന്നതാകുന്നു ഈ വകുപ്പുകളിൽനിന്നു കാണപ്പെടുന്നതാകുന്നു. ഈ നിയമനിർമിതിയോടു വല്ലധനലാഭവും ഉണ്ടാക്കണംഎന്നു ഗവർണ്മെണ്ട് ആഗ്രഹിപ്പെടുന്നില്ല. അതു രോഗസംബന്ധമായ യാതൊരു കാര്യത്തിലേക്കും ഗവണ്മെൻറ് ആശ്രയിപ്പെടുന്നില്ല. ഈ റഗുലേഷൻ അനുസരിച്ചു പലവിധശക്തിയുള്ള അധികാരങ്ങളും ഉ ദ്യോഗസ്ഥന്മാർക്കും പ്രത്യേകിച്ചും ഇൻസ്പെക്ടർക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും കൊടുത്തിരിക്കുന്നതു തൊഴിലാളികളു ടെ ഗുണത്തെക്കരുതിമാത്രമാണു്,

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ആവകുപ്പു ഉപദ്രവങ്ങളും ഉണ്ടാക്കുന്നി ല്ലെന്നു ഞാൻ ചാരമേബോധ പൂർവ്വികണിക്കുന്നുണ്ടോ?. ചുണ്ടവ്യവസ്ഥ മറ്റുവിധം ഉപദ്രവങ്ങൾക്കും സംബ ന്ധിക്കാം എന്നുള്ളതു് സംശയപ്പെടുന്നുണ്ടോ?

മി: കൃഷ്ണപ്പൊ പരമേശ്വരൻപിള്ള (അഡീഷനൽ ഹോം സെക്രട്ടറി ടു ഗവർണ്മെൻറ്) അങ്ങനെയാണെങ്കിൽ ഭേദഗതി നിരാർത്ഥകമാണു്. ഈ വകുപ്പുകൾ അനുസരിച്ചു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ നിയമവിരുദ്ധമായി പ്രവർത്തിക്കയില്ല. അവർനിയമാനുസൃതമായി പ്രവർത്തിക്കുന്നവരെ ന്യായീകരിക്കുകയുള്ളൂ. ഇപ്പോഴുള്ള പ്രയാസങ്ങളെ ഭേദഗതിയിലൂടെ ഉപദ്രവം ഉണ്ടാക്കാൻ ഇടയില്ല. ചെയ്യുന്നതായ മാറ്റം ഉപദ്രവം സാധാരണനാർത്ഥത്തിൽ ഉള്ളതേയുള്ളൂ. തൊഴിലാളികളുടെക്ഷേമത്തിനായും ഈ നിയമനിർമിതിയുടെ ഉദ്ദേശത്തെ സാധിപ്പിക്കുന്നതിനായും ഗവണ്മെൻറ് ഉദ്യോ ഗസ്ഥന്മാർക്കു പ്രവർത്തിക്കാൻ വിശാലാധികാരങ്ങൾ കൊടുക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ സ്വന്തം ജോലിയിടത്തുന്നുകയ്യേത്തിനു മാത്രമേവധത്തിലും വിഘ്നം വരുത്തുകയൊ ശങ്കജനിപ്പിക്കയൊ ചെയ്യരുതു്. ഈ നിയമം ഉണ്ടാക്കുന്നതിൽ ഗവണ്മെൻറിന്റെ പ്രധാനോദ്ദേശ്യം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഗവ ണ്മെൻറിൽനിന്നു പ്രവർത്തിക്കുകയെന്നുള്ളതാകുന്നു. ആ ഉദ്ദേശത്തോടുകൂടി അനേകം കാര്യങ്ങളും ചെയ്യാം, ഉദാഹ രണമായി ചിലപ്പോൾ ചില ഖനികളുടെ പ്രവർത്തനത്തെ അവശ്യം നിറുത്തിക്കാം, ഇതു ഖനിയുടെ ഉടസ്ഥനു ഉപദ്രവമായിരിക്കാം, ഇങ്ങനെ വിചാരിക്കുന്നതായിരിക്കാം, ഇതിലേക്കു ഉദ്യോഗസ്ഥനെ കോർട്ടിൽവലിച്ചുകൊണ്ടുപോകി ഉത്തമവിശ്വാസം തെളിയിക്കാൻ ഈ ഭേദഗതിനോടു ആവശ്യപ്പെടേണ്ടതാണൊ? തൊ ഴിലാളികളുടെ ക്ഷേമത്തിനുവേ വി പ്രവേശിക്കുന്നതിനു വിശാലമായ അധികാരം ഉദ്യോഗസ്ഥന്മാർക്കു ഉണ്ടായിരിക്കണം, അവരുടെ പേരിൽകേസികാം നീതീകരിക്കാൻ പാടില്ലാത്തവിധം സിവിൽ വ്യവഹാരംകൊടുക്കുന്നതിനു ഇടയാക്കാൻ പാടില്ല. ഉദ്യോഗസ്ഥന്മാരെ മുതലാളികളുടെ ആയുധങ്ങളാക്കരുതു്. വല്ല ഉദ്യോ ഗസ്ഥന്മാരും പ്രവൃത്തിയിൽ അയാൾക്കു ഉത്തമവിശ്വാസം ഇല്ലാതിരിക്കയും അയാളുടെ പ്രവൃത്തികൾ നിയമ വിരുദ്ധമാണെന്നു തെളിയുകയും ചെയ്യുന്നതായാൽ അയാളുടെപേരിൽ സിവിലായൊ ക്രിമിനലായൊ വ്യവഹാര പ്പെടുന്നതിനു നിയമം അനുവദിക്കുന്നു, അതുകൊണ്ടു ഈ ഭേദഗതി ഒന്നുകിൽ നിരർത്ഥകം അല്ലെങ്കിൽ ബില്ലി ന്റെ ഉദ്ദേശത്തിനെതിരായും വിരുദ്ധംഎന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സഭയുടെ അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രസിഡെണ്ട് ഈ ഭാഗം വകുപ്പു ബില്ലിലെ ഒരു അംശം ആയിരിക്കണം എന്നാകുന്ന ചോദ്യം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഈവകുപ്പു ബില്ലിൽചേർക്കപ്പെട്ടു.

വകുപ്പു ൪൩,

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): താഴെ ചേർത്തിരിക്കുന്നതു് ൪൩-ാം വകു പ്പിന്റെ (൧)-ാം ഉപവകുപ്പിനു പകരം ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

"വല്ല ശാലയും ആരോഗ്യത്തിനാകട്ടെ വല്ല ഖനിയും ഫലവത്തായി നടത്തിക്കുന്നതിനാകട്ടെ ഈ റെഗുലേഷൻ അനുസരിച്ചുള്ള മരുവല്ല കായ്ത്തിലേക്കും ആകട്ടെ വല്ല ഭൂമിയുടെ ഉപരിഭാഗത്തെ ആകട്ടെ അവയെ സംബന്ധിച്ചുകൊണ്ട അവകാശങ്ങളും ആവശ്യമാണെന്ന വിചാരിക്കുന്നപക്ഷം എല്ലാം ഗവർൺമെണ്ടു് മതിയായ പ്രതിഫലം കൊടുത്തു് ഗവണ്മെൻറും വസ്തുവകമസ്ഥനും തമ്മിൽ ഉണ്ടാക്കുന്ന ഉടമ്പടിപ്രകാരം വസ്തുവകമസ്ഥനിൽനിന്നു് ഗവണ്മെൻറിനു് ആ ഭൂമിയെയും അതുസംബന്ധിച്ചുള്ള അ അവകാശങ്ങളേയും വിലയ്ക്കു വാങ്ങുന്നതായിരിക്കുന്നു. ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി മുഖാന്തരം കൊടുക്കുന്ന ഒരു സർട്ടിഫിക്കറ്റ്, വസ്തു വിലയ്ക്കു വാങ്ങൽ ആവശ്യം ആണെന്നുള്ളതിനു തികച്ചും തെളിവായിരിക്കുന്നതാകുന്നു. അങ്ങനെ വിലയ്ക്കു വാങ്ങുന്നതു് അകാലത്തു നാർവിത്തിൽ ഇരിക്കുന്ന ഭൂമി വിലയ്ക്കു വാങ്ങുന്നതിനുള്ള റെഗുലേഷനുകളിലെ വ്യവസ്ഥകൾക്കു വിധേയമായി നടത്തേണ്ടതാണു്. ഭൂമി വിലയ്ക്കു വാങ്ങുന്നതിനുള്ള റെഗുലേഷൻ അനുസരിച്ചു് ഒരു കമ്പനിക്കു ചെയ്യുവാൻ എപ്പോഴും എല്ലാ വകുപ്പുകളും ഈ നടപടികളിലും പ്രയോഗപ്പെടുവിക്കാവുന്നതാകുന്നു".

ഈ ഭേദഗതിയെ പറ്റിയാലോചിക്കുന്നതിൽ ഏറ്റവും കാര്യമുള്ളതായി വിധിക്കപ്പെടാനുള്ളതു്. വല്ല ഭൂമിയുടെയും ഉപരിഭാഗത്തെ സംബന്ധിച്ചുള്ള അവകാശങ്ങൾക്കു ഭൂമിയുടെതന്നെയും ഉള്ള അവകാശത്തിലുള്ള വ്യത്യാസം നാം ശ്രദ്ധിക്കുന്നതു രണ്ടും വകുപ്പു (ക)-ൽ ഉപവകുപ്പിൽ ഇപ്രകാരം കാണുന്നു:—

"വല്ല ശാലയും ആരോഗ്യത്തിനാകട്ടെ വല്ല ഖനിയും ഫലവത്തായി നടത്തിക്കുന്നതിനായി ആരാധനയിനാകട്ടെ ഈ റെഗുലേഷൻ അനുസരിച്ചുള്ള മരുവല്ല കായ്ത്തിലേക്കും ആകട്ടെ വല്ല ഭൂമിയുടെ ഉപരിഭാഗത്തെ സംബന്ധിച്ചുള്ള അവകാശങ്ങളും ആവശ്യമാണെന്ന വിചാരിക്കപ്പെടുമ്പോൾ എല്ലാം ഗവണ്മെണ്ടു് മതിയായ പ്രതിഫലം കൊടുത്തതിനേൽ, ഗവണ്മെൻറിനു യുക്തം എന്നു തോന്നിടത്തോളവും തോന്നുന്ന കാലത്തേക്കും അപ്രകാരം ഉള്ള അവകാശത്തെ ഗവണ്മെണ്ടു് വിലയ്ക്കുവാങ്ങുവുന്നതാകുന്നു. ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി ഒപ്പിട്ടിട്ടുള്ള മേലുദ്ധരിച്ചതായ സർട്ടിഫിക്കറ്റ് അതിൽ പറഞ്ഞിരിക്കുന്ന വല്ല അവകാശവും വിലയ്ക്കു വാങ്ങുന്നതിനു ആവശ്യമാണെന്നുള്ളതിലേക്കു തീർച്ചയായ തെളിവായിരിക്കുന്നതും അപ്രകാരം വിലയ്ക്കുവാങ്ങുന്നതിനുള്ള അവകാശത്തെ യാതൊരു സിവിൽ കോർട്ടും വിസ്മരിച്ചുൻപാടില്ലാത്തതും ആകുന്നു".

ഉപവകുപ്പു് ഇപ്പോൾ ഇരിക്കുന്നനിലയിൽ ജനങ്ങൾക്കു വളരെ ആപത്കരം ആകുന്നു. ജനങ്ങൾക്കു മുഖ്യമായ ആപത്തു് ഭൂമിയെത്തന്നും വിലയ്ക്കുവാങ്ങാതെ അതിൻറെ ഉപരിഭാഗത്തു വിശാലം അവകാശത്തെമാത്രം വിലയ്ക്കുവാങ്ങുന്നതിനു ഗവണ്മെണ്ടു് അവകാശപ്പെടുന്ന അധികാരം ആകുന്നു. ഇതിനു ഉദാഹരണം പറയാം. ഒരു കുടിയാനു ചേർന്നതായ ഒരു വസ്തു അയൽപക്കത്തുള്ള ഖനിയിൽ വെള്ളം തേകി വെളിയിലാക്കുന്നതിലേക്കു ആവശ്യം ആണെന്നു ഗവണ്മെൻറിനു പറയാവുന്നതാണു്. അതായിരിക്കട്ടെ, വെള്ളം തേകി വെളിയിൽകളയുന്നതിനുള്ള അവകാശം മാത്രമേ അവർക്കു വേണ്ടൂ, ആ ഭൂമിയവണ്ടാ; ഈ വിധം കുറെ അംശംമാത്രം വിലയ്ക്കുവാങ്ങുന്നതുനിമിത്തം എത്രത്തോളം അവിടെ ചേദം ആളിലാക്കുക ഉദ്ദേശം എന്നു നമുക്കു അറിയാം. ഗവണ്മെണ്ടു് ഗുണപ്രദമായ ഈ സംഗതി വേണ്ടെന്നുവയ്ക്കണം എന്നു ഞാൻ പറയുന്നില്ല. അങ്ങനെയുള്ള കായ്ത്തുകളിൽ ഗവണ്മെണ്ടു് ഭൂമിയിന്മേലുള്ള ഏകദേശാംശമുപയോഗ അവകാശങ്ങളുമാത്രം അല്ല ആ ഭൂമിമുഴുവനും വിലയ്ക്കുവാങ്ങണം എന്ന മാത്രമേ ഞാൻ പറയുന്നുള്ളൂ.

മറ്റൊരു ദോഷം ഇതാണ്. ഒരു വസ്തുവിനേൽ ഏതാനും അവകാശങ്ങളേ ആവശ്യം ആകുന്നുള്ളൂ എന്നു പറയുന്നതിനുള്ള അധികാരം ഗവണ്മെണ്ടു് അവകാശപ്പെടുന്നു, ആ അവകാശങ്ങളും സിദ്ധിക്കുന്നതിനു് എത്രയും പ്രതിഫലം ഗവണ്മെണ്ടു് കൊടുക്കയും ചെയ്യുന്നു. വസ്തുവകമസ്ഥൻ സന്തോഷിക്കയോ ചെയ്യട്ടെ ആ വസ്തുവത്തന്നെ വിലയ്ക്കുവാങ്ങുന്നതിനു് അപ്രകാരം ഉള്ള ഏകദേശാംശം വിലയ്ക്കുവാങ്ങുന്നതിനാൽ ഉണ്ടാകുന്നതിനെ അധികാരം ഗവണ്മെൻറിനു കൊടുക്കണം എന്നാകുന്നു ഞാൻ നിർദ്ദേശിക്കുന്നതു്. ഇന്ന പ്രതിഫലത്തിനു വസ്തുവിന്മേലുള്ള അവകാശം വിട്ടുതരാം എന്നു അയാൾ സമ്മതിക്കുന്നതുകൊണ്ടു് അപ്പോൾ ഗവണ്മെൻറിനു ഭൂമി വിലയ്ക്കുവാങ്ങാൻ സ്വാതന്ത്ര്യം ഉണ്ടു്. അയാൾ സമ്മതിക്കുന്നില്ലെന്നുവരുകിൽ ഭൂമിയിന്മേൽ ഖണ്ഡനം അവകാശങ്ങളെ മാത്രമല്ല ഭൂമിയുടെ നേരും വിലയ്ക്കുവാങ്ങുന്നതിനുള്ള സ്വാതന്ത്ര്യം മാത്രമേ ഗവണ്മെൻറിനു ഉണ്ടായിരിക്കാവൂ.

ഖനങ്ങൾക്കുള്ള മറ്റൊരു ആപത്തു് അപ്രകാരം വിലയ്ക്കുവാങ്ങുന്നതായ ഗവണ്മെൻറിനുള്ള അധികാരത്തെ ചൊല്ലി സിവിൽകോർട്ടിനും ചോദ്യംചെയ്യാൻ പാടില്ലാ എന്ന ഈ വകുപ്പിൻറെ ഒരു ഭാഗത്തു് അവകാശപ്പെടുന്ന അധികാരം ആണ്. ഇതും വസ്തുവകമസ്ഥരായ കുടിയാന്മാർക്കു വലുതായ ആപത്തുതന്നെ, അങ്ങനെ വിലയ്ക്കു വാങ്ങുന്നതെല്ലാം പൊന്നുംവിലയെന്നു റെഗുലേഷൻ അനുസരിച്ചു് ആധാരിക്കണം എന്ന വ്യവസ്ഥചെയ്തു ഈ ഭേദഗതിയെ അകാരവിക്കാൻ ഞാൻ ആവശ്യപ്പെടുന്നു. ഇതു മിസ്റ്റർ പി കെ. നാരായണപിള്ളയുടെ പക്കൽ നിന്നു ഗ്രഹിച്ചതാണു്. വെള്ളം തേകി വെളിയിൽ കളയുന്നതിനോ ചാലകീറാം വരിയിടുന്നതിനോ ഉള്ള അവകാശം മുതലായി വസ്തുവിന്മേൽ ഏതാനും അവകാശങ്ങളുടെ മാത്രമല്ലാ ഭൂമിയെത്തന്നെ വിലയ്ക്കുവാങ്ങിച്ചുകൊള്ളാം എന്നു നിർബന്ധിക്കുന്നതായാൽ മാത്രമേ ഈ ഭേദഗതി ഫലവത്താകൂ.

ഈ ഭേദഗതിയെ സംബന്ധിച്ചായി അറിഞ്ഞിരിക്കേണ്ട മറ്റൊരു സംഗതി ഇപ്പോൾ ഇരിക്കുന്നനിലയിൽ ഈ വകുപ്പു വല്ല ഭൂമിയേയും ഉപരിഭാഗത്തെ സംബന്ധിച്ചു അവകാശങ്ങൾക്കുമാത്രമേ വ്യവസ്ഥ ചെയ്യുന്നൊള്ളു എന്നുള്ളതാണു്, ഒരു ഖനിക്കും ഒരു കുടിയാൻറെ വകയായ ഭൂമിയിൽ അടിയിൽ ദൂരം വയ്ക്കുന്നതിനുള്ള അധികാരം ചേർക്കേണ്ടിയിരിക്കും എന്നുവരാം. ഇതുകൂടി വയ്ക്കേണ്ട ആവശ്യമുള്ള എന്നിരുന്നാലും അതിലേക്കും പ്രതിഫലം കൊടുക്കേണ്ടതുണ്ടു്. ഈ വകുപ്പു ഇതിലേക്കു വ്യവസ്ഥചെയ്യുന്നില്ല. ജനങ്ങൾക്കു നേരിടുന്ന ഈ ആപത്തുകളെ പരിഹരിക്കുന്നതിനാകുന്ന ഈ ഭേദഗതി ഞാൻ നിർദ്ദേശിച്ചിട്ടുള്ളതു.

അവസാനമെന്നെ ഞാൻ പറഞ്ഞിരിക്കുന്നതു് വല്ല ഭൂമിയിലും അതിന്മേലും അതിൻറെ ഉപരിഭാഗത്തെ അവകാശങ്ങളും ആവശ്യമാണെന്നു വിചാരിക്കപ്പെടുമ്പോൾ എന്ന ഇടങ്ങിയാണു് അതിൽ ദൂരം ഉണ്ടാക്കുന്നതിനുള്ള അവകാശത്തെയും ഉപരിഭാഗത്തിന്മേലുള്ള അവകാശങ്ങളേയും ഭൂമിയെത്തന്നെയും വിലയ്ക്കുവാങ്ങുന്നതിനു അതു വ്യവസ്ഥചെയ്യുന്നുണ്ടെന്നുള്ളതുതന്നെ, അതിൽപിന്നിട ഭൂമിയെ വിലയ്ക്കുവാങ്ങുന്നതിനും അതി

നേരിൽ ഫ്ലീക്കാശാ പരമേശ്വരൻപിള്ള വിഷയം പറഞ്ഞതിനും തമ്മിൽ ഭേദം ഞാൻ ചെയ്തിരിക്കുന്നു. ട്രഷറിയിലുള്ള അവകാശങ്ങളിൽ കൈവച്ചു മാത്രമേ ഗവൺമെന്റിനു മുതലുകളൊക്കെ ഏറ്റെടുക്കുകയില്ലെന്നുള്ള സമ്മതിച്ചുകൊണ്ടു മാത്രമേ അതിനുള്ള അധികാരം ഗവൺമെന്റിനു ഉണ്ടാക്കിക്കൊടുത്തു. ട്രഷറികൾ അതിനു സമ്മതിക്കുന്നില്ലെന്നുള്ള കാര്യം ഗവൺമെന്റിനു, ഏതാനും അവകാശങ്ങളൊഴിച്ചുമുള്ള മുതലുകൾ ഏറ്റെടുക്കുന്നതിനുള്ള അധികാരം മാത്രം ഉണ്ടായിരിക്കുവാൻ പ്രവർത്തിക്കുന്നതിനു മുമ്പ് ഇപ്പോൾ ട്രഷറിയിലിരിക്കുന്ന ഇപ്രകാരത്തിലുള്ള മുതലുകൾ കൈവിട്ടുപോകുന്നതിനുള്ള നടപടി ഗവൺമെന്റു സ്വീകരിക്കുന്നതിനുവേണ്ടി ഈ വകുപ്പിൽ ഒരു ഭേദഗതി ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടിയാണു ഞാൻ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ പ്രമേയം പാസ്സാക്കുന്നതിനുള്ള ഭൂരിപക്ഷം ഈ സഭയിൽ ഉണ്ടെന്നുള്ള കാര്യത്തിൽ എനിക്കു സംശയമില്ല

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാഞ്ഞിക്കപ്പള്ളിയും): ഭേദഗതിവേണ്ടതാണെന്നു ഞാൻ തീർച്ചപ്പെടുത്തുന്നു.

ഭേദഗതിയെക്കുറിച്ചു അഭിപ്രായം അറിഞ്ഞതിൽ മൂന്നുപേർ അനുകൂലികളും ഇരുപതു പേർ പ്രതികൂലികളും ആയി കാണുകയാൽ അതു തള്ളപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) താഴെ ചേർത്തിരിക്കും പോലെ ഭേദപ്പെടുത്തണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഷെഡ്യൂൾ വകുപ്പിൽ "അപ്രകാരം വിലയ്ക്കു വാങ്ങുന്നതിനുള്ള അവകാശത്തെ യാതൊരു സിവിൽ കോർട്ടും വിസംവദിച്ചു കൂടാ" എന്ന പദങ്ങൾക്കു പകരം താഴെ കൊടുത്തിരിക്കുന്നതു ചേർക്കണം:—

"അപ്രകാരം വിലയ്ക്കു വാങ്ങുന്നതു അക്കാലത്തു ഉത്തരിതത്തിൽ ഇരിക്കുന്ന പൊന്നും വില റെഗുലേഷനു അനുയോജ്യമായി വേണ്ടതാകുന്നു; പൊന്നും വില റെഗുലേഷൻ അനുസരിച്ചു് കണക്കിക്കേണ്ട എല്ലാവക കാര്യങ്ങളും ആ വിധം നടപടികളിൽപ്പെടുത്തിക്കാവുന്നതാകുന്നു"

ഷെഡ്യൂൾ വകുപ്പിലെ ഒടുവിലത്തെ വാചകം ഇപ്രകാരം ആകുന്നു:—

"ഗവണ്മെൻറ് ചീഫ് സെക്രട്ടറി ഒപ്പിട്ടിട്ടുള്ള രേഖാമൂലമായ സർട്ടിഫിക്കറ്റ് അതിൽ പറഞ്ഞിരിക്കുന്ന വല്ല അവകാശവും വിലയ്ക്കു വാങ്ങുന്നതിനു ആവശ്യമാണെന്നുള്ളതിലേക്കു തീർച്ചയായ തെളിവായിരിക്കുന്നതും അപ്രകാരം വിലയ്ക്കു വാങ്ങുന്നതിനുള്ള അവകാശത്തെ യാതൊരു സിവിൽകോർട്ടും വിസംവദിക്കുവാൻ പാടില്ലാത്തതും ആകുന്നു"

എൻറെ ഭേദഗതി "അപ്രകാരം വിലയ്ക്കു വാങ്ങുന്നതിനുള്ള അവകാശത്തെ യാതൊരു സിവിൽകോർട്ടും വിസംവദിക്കുവാൻ പാടില്ല" എന്നുള്ളതിനു പകരം താഴെ എഴുതിയിരിക്കുന്നതിനെ ചേർക്കണം എന്നാകുന്നു. അതാവിതു: "അപ്രകാരം വിലയ്ക്കു വാങ്ങുന്നതു അക്കാലത്തു ഉത്തരിതത്തിൽ ഇരിക്കുന്ന പൊന്നും വില റെഗുലേഷനു അനുയോജ്യമായി വേണ്ടതാകുന്നു. പൊന്നും വില റെഗുലേഷൻ അനുസരിച്ചു കണക്കിക്കേണ്ട എല്ലാവകാര്യങ്ങളും ആ വിധം നടപടികളിൽ പൂർത്തിപ്പെടുത്തിക്കാവുന്നതാകുന്നു.

യാതൊരു വസ്തുവും വിലയ്ക്കു വാങ്ങുന്നതിനു ഗവണ്മെൻറിനുള്ള അവകാശത്തെ യാതൊരു സിവിൽകോർട്ടും വിസംവദിച്ചുകൂടാ എന്ന ഇപ്പോഴത്തെ വകുപ്പിൽ ഉള്ള വ്യവസ്ഥ വളരെ ക്രൂരമായ വ്യവസ്ഥയാണ്. ഇതിൻറെ ഫലം ഇപ്രകാരം ആയിരിക്കും: ഗവണ്മെൻറിലെ കാര്യനിർവ്വാഹകൻ ആയ ഒരു ഉദ്യോഗസ്ഥൻ, അയാളോ അയാളുടെ മേലധികാരികളോ ധാരാളം മദ്യമായിരിക്കുന്നു എന്നു നിശ്ചയിക്കുന്ന പ്രസ്തുതവും കൊട്ടാരമെന്നു പറഞ്ഞു കൊണ്ടു വല്ല കുടിയാനവൻറെയും ഏതു വസ്തുവിനേയും വിലയ്ക്കു വാങ്ങുവാൻ നടപടി നടത്തുവാന്നതാണ്. അങ്ങനെയുള്ള അവകാശങ്ങൾ ഗവണ്മെൻറോ ഗവണ്മെൻറുദ്യോഗസ്ഥന്മാരോ സമ്പാദിച്ചുവയ്ക്കുകയൽ യാതൊരു സിവിൽകോർട്ടും അതിൽ പ്രവേശിക്കാൻ പാടില്ലാ.

മി: കുട്ടിപ്പം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സ്ക്കാർ വക്കീൽ): അങ്ങനെയല്ല. മെംബർ രണ്ടാമതത്തെ ഉപവകുപ്പിനെ നോക്കുക.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നടപടിക്കുള്ള ഉദ്യോഗസ്ഥന്മാരെയും വില നിർണ്ണയിക്കുന്നതിനേയും കുറിച്ചു എന്തു പറയുന്നു? വില നിശ്ചയിക്കുന്നതിൻറെ കാര്യത്തിൽ ആരൊക്കെ നിശ്ചയിക്കേണ്ടതു എന്നുള്ളതിനെ കുറിച്ചു ഈ ബില്ലിൽ യാതൊന്നും പറഞ്ഞിട്ടേയില്ല. എൻറെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻ പിള്ള തന്നെയും പറഞ്ഞിട്ടുള്ളതു പോലെ വസ്തു വിലയ്ക്കു വാങ്ങുകയുന്നതിലേക്കു നടക്കുന്ന പൊന്നും വില റെഗുലേഷൻ ഉണ്ടു്. ഇവിടെ വിലയ്ക്കു വാങ്ങുവാൻ ശ്രമിക്കുന്നതു വസ്തു മഴുവനേയും അല്ലാ, വസ്തുവിൽ ഏതാനും ഭാഗങ്ങളിൽ ഏതാനും അവകാശങ്ങളെ മാത്രം ആകുന്നു. അതു കൊണ്ടു പൊന്നും വില റെഗുലേഷനെ ഇവിടെ സംബന്ധിപ്പിക്കാൻ പാടില്ല. അതുകൊണ്ടു പൊന്നും വില റെഗുലേഷനിലെ വ്യവസ്ഥകളും ഈ ബിൽ അനുസരിച്ചുള്ള നടപടികളും തമ്മിൽ സംബന്ധിപ്പിക്കുവാനുതകുന്നതാണോ എന്നുള്ളതു വിശദമായിരിക്കുന്നു. ഉദ്ദിഷ്ട വസ്തു വിലയ്ക്കു വാങ്ങുന്നതു കൊണ്ടു ക്ലേശം ഉണ്ടാകുന്ന കക്ഷിക്കു പൊന്നും വില റെഗുലേഷൻ അനുസരിച്ചു മുതലാനം വരുത്തുന്നതിനു മുമ്പായിട്ടു ഉദ്യോഗസ്ഥൻറെ മുൻപാകെ കൊണ്ടു വരാവുന്നതാണ്. ആ ഉദ്യോഗസ്ഥൻ ഒരു കക്ഷിക്കു പ്രതികൂലമായി തീർച്ച ചെയ്താൽ അയാൾക്കു സിവിൽ കോടതിയിൽ പരിശോധനയ്ക്കായും ഒടുവിൽ ഹൈക്കോടതിയിൽ അപ്പീലും ബോധിപ്പിക്കാൻ അവകാശം ഉണ്ടു്. ഇപ്രകാരം ഈ റെഗുലേഷൻ ഉദ്ദേശിക്കുന്നതു വസ്തുവിൻറെ ഉപരിഭോഗത്തെ സംബന്ധിച്ചുള്ള അവകാശങ്ങളെ വിലയ്ക്കു വാങ്ങുന്നതിനു ഗവണ്മെൻറിനെ അധികാരം നടത്തുകയാകുന്നു. ഒരു വസ്തുവിൻറെ പ്രധാനോപയോഗം അതിൻറെ ഉപരിഭോഗത്തെ സംബന്ധിച്ചുള്ളതാണ്. ട്രിച്ചിനാപ്പള്ളിയിൽ കൽക്കരിയോ ഇരുമ്പോ ഖനികർമ്മത്തിനായി ഭൂമികളും പാട്ടത്തിനു കൊടുക്കാറുണ്ടു്. ഇവിടെ സാധാരണമായി അപ്രകാരം ഉള്ള പാട്ടവകാശങ്ങളെ കുറിച്ചു മനസ്സും പ്രതിപാദിക്കുന്നില്ല. നമ്മുടെ വസ്തുവിനെ നാം പ്രധാനമായി ഉപയോഗിക്കുന്നതു, വസ്തുവിൻറെ ഉപരിഭാഗത്തു വൃക്ഷാദികളും നട്ടുപിടിപ്പിക്കുന്നതിനും പാർക്കാൻ വീടുകളും പണിയുന്നതിനും മറ്റും ആകുന്നു. ഒരു വസ്തുവുടമസ്ഥനു വസ്തുവിനുള്ള പ്രധാനോപയോഗത്തെ ഈ ബിൽ അനുസരിച്ചു വിലയ്ക്കു വാങ്ങുന്നതിനു ശ്രമിച്ചുപരുന്നു, അങ്ങനെ വിലയ്ക്കു വാങ്ങുന്നതിൽനിന്നു അനേകം ദുർഘടങ്ങൾ ഉണ്ടാകാം. ഉദാഹരണമായി ഒരേക്കർ വിസ്താരമുള്ള വസ്തുവിൽ ഉപരിഭോഗത്തിൽ മുക്കാൽ ഏക്കർ ഖനി പ്രവൃത്തികൾക്കായി ഗവണ്മെണ്ടു വിലയ്ക്കുവാങ്ങുന്നതായിരിക്കാം.

പൊന്നുംവില റെഗുലേഷൻ അനുസരിച്ചു വസ്തുവിൻറെ മുക്കാൽ പങ്കു ഗവണ്മെണ്ടു വിലയ്ക്കു വാങ്ങുന്നതായാൽ, തൻറെ വസ്തുവിൽ അധികാംശവും ഗവണ്മെൻറു എടുത്തിരിക്കുന്നതുകൊണ്ടു തൻറെ ഗൃഹം തീരെ നിരുപയോഗമായി തീർന്നിരിക്കുന്നു എന്നും ഗവണ്മെണ്ടു് ആ ഗൃഹത്തുകൂടി വിലയ്ക്കു വാങ്ങേണ്ടതാണെന്നും അങ്ങനെ ചെയ്യാൽ തനിക്കു ആ പണം വാങ്ങി പുതുതായി ഗൃഹം കെട്ടി സുഖമായി പാർക്കുവുന്നതാണെന്നും ഉടമസ്ഥനു പറയാവുന്നതാണ്. ഉപരിഭോഗത്തിനുള്ള അവകാശം മുഴുവനും ഗവണ്മെണ്ടു് എടുക്കുന്നതായാലും അതിലേക്കായതൊന്നും വിപ്രസ്ഥയും ഈ റെഗുലേഷൻ അനുസരിച്ചു ഇല്ല. അതു കൊണ്ടു വസ്തുവിനാൽ ഉപരിഭോഗത്തിനുള്ള അവകാശത്തു മാത്രം വിലയ്ക്കു വാങ്ങുന്നതിനു ഗവണ്മെൻറു് ഉദ്ദേശിക്കുന്നു എന്നു വരികിൽ പൊന്നുംവില

റെഗുലേഷൻ അനുസരിച്ചു ഒരു കക്ഷിക്ക് ലഭ്യമായ എല്ലാ അവകാശങ്ങളും ഈ റെഗുലേഷൻ അനുസരിച്ചും ലഭ്യമായിരിക്കണം. പൊന്നംവില റെഗുലേഷനിലെ വ്യവസ്ഥകളെ ഈ റെഗുലേഷൻ അനുസരിച്ചുള്ള നടപടികൾക്കു നിഷ്ഠമാം സംബന്ധിപ്പിക്കുന്നതുകൊണ്ട് ഒരു കാര്യനിർവ്വാഹകോദ്യോഗസ്ഥന്റെ യാതൊരു വിപരീതമായ തീർച്ചയേയും ഉത്തരവിനേയും കുറിച്ചു ഡിസ്ട്രിക്ട് കോടതിയിലും ഹൈക്കോടതിയിലും വിചാരിച്ചു, ജയം നേടാവുന്നതാണ്, നിശ്ചയം തന്നെ; അതുകൊണ്ടു ഈ റഗുലേഷനാൽ ഉളവിഷ്ടമായ വിധത്തിൽ അവകാശങ്ങൾ വിലയ്ക്ക് വാങ്ങുന്നതിനെ സംബന്ധിച്ചു ഈ റെഗുലേഷൻ അനുസരിച്ചുള്ള നടപടികൾ കഴിയുന്നിടത്തോളം പൊന്നംവില റെഗുലേഷനിലെ വ്യവസ്ഥകൾക്കനുയോജ്യമായിരിക്കണം. പ്രത്യേകം ഏതാളശാവകാശങ്ങൾ നഷ്ടപ്പെടുന്നില്ലെന്ന വരികിൽ അവയ്ക്ക് അർഹതയുള്ള കക്ഷികൾ അനുഭവിക്കാൻ ഇടയാക്കുന്നതായ ആപത്തു ഉണ്ടാകും എന്നു ഞാൻ ആശങ്കിക്കുന്നു. അതുകൊണ്ടു ഈ ഭേദഗതിയെ സഭ അംഗീകരിക്കണം എന്നു ഞാൻ നിർബന്ധിക്കുന്നു.

മി: കല്യാൺ നാരായണപിള്ള (പത്തനംതിട്ട): ഞാൻ അതു പിൻതാങ്ങുന്നു.

മി: കുട്ടപ്പം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടർക്കിൽ): ഞാൻ ഇതിനു മുമ്പിലെവിടെ വരിച്ചു പറഞ്ഞതുപോലെ പൊന്നംവില റെഗുലേഷനനുസരിച്ചു വിലക്കു വാങ്ങുന്നതുമുതലായ വസ്തുവിനെയാണ്. ഈ ബില്ലിൽ അടിച്ചിരിക്കുന്നതായുള്ള സാമാന്യേന ഒരു ഖനിയെ വിജയപ്രദമായി പ്രവർത്തിപ്പിക്കുന്നിയിൽ ഏകദേശാവശ്യകാശങ്ങളുമാത്രം വിലക്കുവാങ്ങുന്നതിനു അധികാരം ഉണ്ടായിരിക്കണം എന്നാകുന്നു. ഖനി പ്രവർത്തനം തുടർന്നുകൊണ്ടിരിയിക്കുന്ന നടക്കുന്നത്. ഉപരിഭാഗത്തുള്ള വസ്തുക്കൾ വല്ലവരും അനുഭവിച്ചുവരുന്നു. അതുകൊണ്ടു ഉപരിഭാഗത്തുള്ള അവകാശങ്ങളെ വിലയ്ക്കുവാങ്ങുന്നതു ആവശ്യം തന്നെയാണെന്നും, ഇതു ഒരുപകാരണമായി പറയുന്നുണ്ടല്ലോ. സംഭാവ്യമായ സകലസംഗതികളേയും അടച്ചു ഞാൻ പറയുന്നില്ല. പൊന്നംവില റെഗുലേഷനിൽ വ്യവസ്ഥചെയ്തിരിക്കുന്നതു വസ്തു മുഴുവനേയും വിലയ്ക്കുവാങ്ങുന്നതിനും അതിനു വില നിർണ്ണയിക്കുന്നതിനും ആകുന്നു എന്നുള്ളതുകൊണ്ടു അതിൽ നിശ്ചയിച്ചിരിക്കുന്ന നീതിതത്വങ്ങൾ സംബന്ധിക്കയില്ല. ഇക്കാരണത്താൽ പൊന്നംവില റഗുലേഷനിലെ വ്യവസ്ഥകളെ സംബന്ധിപ്പിക്കുന്നതു അശക്യം ആകുന്നു. അക്കാരണത്തിലേക്കു, "മതിയായപ്രതിഫലം" എന്ന വിപുലമായ വാക്യം ഭേദഗതി ചേർത്തിരിക്കുന്നതു. അതുകൊണ്ടു ഓരോസംഗതിയിലും ശരിയായതു എന്തു എന്നു കോടതികൾ ആലോചിക്കും. മിസ്റ്റർ നാരായണപിള്ള നിർദ്ദേശിച്ചതായ സകല ഉദ്ദേശങ്ങളും സാധിക്കാത്ത അതു തടസ്സം.

പ്രതിഫലത്തിന്റെകൊടുത്തിൽനുകട്ടെ, കക്ഷികൾ തന്നെ യോജിച്ചു സമ്മതിക്കാവുന്നതാണ്; അല്ലെങ്കിൽ ഓരോകൊടുത്തിന്റെയും സ്വഭാവത്തെ ഗണിച്ചു കോടതികൾ തീർച്ചചെയ്യാവുന്നതാണ്. അതിലേക്കും വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന പ്രധാന നീതിതത്വം എന്തെന്നാൽ വസ്തു വിലയ്ക്കു വാങ്ങുന്നതിനുള്ള അവകാശം ഗവണ്മെന്റിനു ഉണ്ടായിരിക്കണം എന്നും ആ അവകാശം തീർച്ചയായുള്ളതും സിവിൽകോടതികളിൽ ചോദ്യപ്പെടാൻ പാടില്ലാത്തതും ആയിരിക്കണം എന്നും ആകുന്നു. ഈ പൊന്നംവിലറഗുലേഷനും അംഗീകൃതമായ ഒരു നീതിതത്വം ആണ്. പൊന്നംവില റഗുലേഷനിലെ സ്വാംശകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"(ക) വല്ല പ്രത്യേകവസ്തുവും ഒരു പൊതുക്കാര്യത്തിലേക്കു ആവശ്യപ്പെട്ടിരിക്കുന്നു എന്നു ഗവണ്മെന്റു കണ്ടുബോധം എല്ലാം അക്കാര്യം കാണിച്ചു ഒരു പ്രഖ്യാപനം ഗവണ്മെന്റ് ചീഫ്സെക്രട്ടറിയുടെ ഒപ്പോടുകൂടി ചെയ്യണം.

"(ഖ) ആ പ്രഖ്യാപനത്തെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണം; അതിൽ വസ്തു കിടക്കുന്ന താലൂക്കും പകുതിയും എതുകാര്യത്തിലേക്കു ആവശ്യപ്പെടുന്നിരിക്കുന്നു എന്നും അതിന്റെ ഏകദേശവിസ്തീർണവും ആ സ്ഥലത്തിന്റെ പ്ലാൻ ഉണ്ടെങ്കിൽ ആ പ്ലാൻ എവിടെചെന്നാൽ കാണാമെന്നും വിവരിച്ചിരിക്കണം.

ഈ സ്ഥിതിക്കു അതനുസരിച്ചും ആ അവകാശത്തെപ്പറ്റി സിവിൽകോടതിക്കു തർക്കിച്ചുകൂടാ. ഒരു വസ്തു പൊതുക്കാര്യങ്ങൾക്കായി ആവശ്യപ്പെട്ടിരിക്കുന്നു എന്നു ഒരു പ്രഖ്യാപനം ഗവണ്മെന്റു ചെയ്തുകഴിഞ്ഞാൽ അതു തീർച്ചയായിട്ടുള്ളതാണെന്നു ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. ഈ ബില്ലിൽ വിധിക്കാൻ പോകുന്ന യിതു തത്വവും അതിൽ കൂട്ടത്തലായി കരാറാനും അല്ല. അതുകൊണ്ടു തന്നെ വിലയ്ക്കുവാങ്ങുന്നതിനുള്ള അധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കേണ്ടതാണെന്നും ആ അധികാരം അപവർജനീയമായിരിക്കേണ്ടതാണെന്നും ഈ സഭ സമ്മതിക്കണം എന്നു ഞാൻ ആശംസിക്കുന്നു. ആ നീതിതത്വം സമ്മതിക്കപ്പെടുകയും ഒരു നിയന്ത്രിതമായ ബാധ്യത മാത്രം ഗവണ്മെന്റു സമ്പാദിക്കാവുന്നതാണെന്നുള്ളതു ഈ സഭ സമ്മതിക്കയും ചെയ്യുന്നതായാൽ മതിയായ പ്രതിഫലം എന്തായിരിക്കണംഎന്നു പരിച്ഛേദിക്കുന്നതിനു ഏതു അധികാരസ്ഥനാരേയും നിയമിക്കുന്നതായിവ്യവസ്ഥചെയ്യുന്നതിൽ യാതൊരാക്ഷേപവും എനിക്കില്ല. ഇപ്പോഴത്തെസ്ഥിതിയിൽതന്നെയും ഇതു ഡിസ്ട്രിക്ടുകോടതിയുടെ ഇഷ്ടംപോലെയാകുന്നു. മതിയായ പ്രതിഫലം എന്തായിരിക്കണം എന്നുപരിച്ഛേദിക്കുന്നതിനായി മറ്റു വല്ല ഉദ്യോഗസ്ഥന്മാരും ഈ സഭ നിശ്ചയിക്കുന്നതായാൽ എനിക്കു ആക്ഷേപം ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഉദ്യോഗസ്ഥന്മാരെ നിങ്ങൾ എവിടെ പറഞ്ഞിട്ടുണ്ട്.

മി: കുട്ടപ്പം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടർക്കിൽ): ഭേദഗതി 3-ാം വകുപ്പു (ഖ)-ം ഉപവകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"വിലക്കുവാങ്ങുന്നതിൽ ചെല്ലുന്നതുള്ള പ്രതിഫലം ഉടയസ്ഥന്മാർതമ്മിലോ അങ്ങനെ യോജിപ്പു വരാത്തപക്ഷം ആ വസ്തു ഏതു ഡിസ്ട്രിക്ട്കോടതിയുടെ അധികാരാതിർത്തിയിൽ സ്ഥിതിചെയ്യുന്നുവോ അതിലെ തീർപ്പിയാലോ നിശ്ചയിക്കുവാനുന്നതാകുന്നു.

എന്നാൽ പ്രതിഫലത്തുക നിശ്ചയിക്കുന്നതിനേക്കാൾ വല്ല പ്രത്യേകമായ അധികാരസ്ഥനയും നിശ്ച യിക്കണം എന്ന ഈ സഭ വിചാരിക്കുന്നതായാൽ എനിക്ക് അതിനെപ്പറ്റി ഒന്നും ഇല്ല. വസ്തു വിലക്കു വാങ്ങുന്ന തിനു അധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കേണ്ടതിനും അങ്ങനെയുള്ള അധികാരത്തെ വിവരിക്കണം എന്നും ആകുന്നു സഭ ആവശ്യപ്പെടുന്നു എന്നുവരികിൽ—

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയല്ല. വസ്തു വിലയ്ക്കുവാങ്ങേണ്ടതായ ആവ ശ്യം ഗവണ്മെന്റിനു ഉണ്ടാകുമ്പോൾ അങ്ങനെ ചെയ്യുന്നതിനു ഗവണ്മെന്റിന്റെ അധികാരത്തെ ഞാൻ വിവരി ച്ചില്ല. എന്റെ ഭേദഗതി ആ അധികാരത്തെ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല. തീരെ അങ്ങനെയല്ല. ഈ കാര്യത്തെ വിവരിക്കുന്നതിനു സിവിൽകോടിനെ അധികാരപ്പെടുത്തുന്നതായ പൊന്നംവിള റെഗുലേഷനിലെ വ്യ വസ്ഥ ഇതിഭേദഗതം സംബന്ധിക്കണം എന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ.

മി: കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിയേറ്റ്): ഈ ബില്ലിലെ വ്യവസ്ഥ പൊന്നംവിള റെഗുലേഷനിലെ വ്യവസ്ഥകളുമായി യോജിച്ചിരിക്കണം എന്നു അഭിപ്രായം ആവശ്യപ്പെടുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവ കഴിയുന്നിടത്തോളം പൊന്നംവിള റെഗുലേഷ നിലെ വ്യവസ്ഥകൾക്കു തന്നെ യോജിച്ചിരിക്കണം എന്നു നിങ്ങൾക്കു പറയാം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വകയിൽ): അതായിരിക്കും, പ്രതിഫലം കഴിയുന്നിടത്തോളം പൊന്നംവിള റെഗുലേഷനിലെ വ്യവസ്ഥകളെയനുസരിച്ചിരിക്കുന്ന വിധത്തിൽ നിശ്ചയിക്കാവുന്നതാണെന്നു എനിക്ക് ഇതിനു യാതൊരാക്ഷേപവുമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കണം എന്നു വിചാരിക്കുക. ഡിസ്ട്രിക്ട് കോടതിയിലെ തീർപ്പു അവസാനത്തീർപ്പായിരിക്കണമെന്നു നിങ്ങൾ പറയുന്നതായാൽ എനിക്കു അങ്ങനെ ചെയ്യാൻ നിവൃത്തിയില്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വകയിൽ): അതു അവസാനത്തീർച്ച യാകണമെന്നു പറഞ്ഞിട്ടില്ല. ഹൈക്കോടതിയിൽ അപ്പീൽ ചെയ്യാം എന്ന (സ)-ാമത്തെ ഉപവകുപ്പു വ്യക്തമാക്കി പറയുന്നു. മതിയായ യാതൊരു പ്രതിഫലവും കൊടുക്കാതെയൊന്നും യാതൊരാളുടേയും അവകാശങ്ങളെ സ്വീക രിക്കണം എന്നു ഗവർമെണ്ടിനു ആവശ്യപ്പെടുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു പറമ്പിന്റെ ഒരംശം പിറകുപോയാൽ അതിലെ മറ്റെ അംശത്തിൽ എഹം ശരിയായി സ്ഥിതിചെയ്യുകയില്ലെന്നു തച്ചുശാസ്ത്രത്തിൽ വിശ്വസിക്കുന്ന ചിലരുടെ ഇട യിൽ ഒരു വിശ്വാസം ഉണ്ടു് എന്നു മെമ്പർക്കു അറിയാമോ? അങ്ങനെയുള്ള കാര്യത്തിൽ ആ അംശംകൂടി വി ലയ്ക്കു വാങ്ങുന്നതിനു ഗവർമെണ്ടു് സന്നദ്ധരാണോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറി വകയിൽ): അക്കാര്യത്തിൽ ഞാൻ ഒരു വിദഗ്ദ്ധൻ ആണെന്നു ഭാവിക്കുന്നില്ല. ആ വാദം ശരിയാണെന്നു കോടതികൾ കണക്കാക്കുന്നതായാൽ അപ്പോൾ അതിലേക്കു പ്രതിഫലം കോടതി കൊടുക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും): എന്റെ ഭേദഗതി അവതരിപ്പിച്ച സമയം ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ഇതിലുള്ള വൈഷമ്യം മൂലധനം ഉണ്ടാകുന്നതു വസ്തുവിന്റെ ഉപരി ഭാഗത്തിൽ ഏതാനും അവകാശങ്ങളുള്ള വിലയ്ക്കു വാങ്ങുന്നതിനും വസ്തുവിനെത്തന്നെ വിലയ്ക്കു വാങ്ങുന്നതിനും തമ്മിൽ യാതൊരു വ്യത്യാസവും ഗവർമെണ്ടു് ഉണ്ടാക്കീട്ടില്ല എന്നുള്ളതിൽ നിന്നാകുന്നു. എന്റെ ഭേദഗതി സമ്മതിച്ചാൽ മി: പരമേശ്വരൻപിള്ളയ്ക്കു വൈഷമ്യം പൂണ്ടിക്കാണിക്കാൻ യാതൊരു അവസരവും ഉണ്ടായിരു ന്നിരിക്കയില്ല നിശ്ചയം. എന്നാൽ അതു തള്ളപ്പെട്ടുപോയതുകൊണ്ടു ഗവർമെണ്ടും ഈ സഭയും തത്സംബന്ധ മായി വൈഷമ്യപ്പെടുന്നു, കഴിയുന്നിടത്തോളം പൊന്നംവിളറെഗുലേഷനെ ഉന്മൂലിതപ്പെടുത്തണം എന്നു നാം നിർബന്ധിക്കേതന്നെ വേണം. അതു പൂർണ്ണമായി സംബന്ധിപ്പിക്കാൻ സാധ്യം അല്ലാതിരിക്കാം. പ്രതിഫല ത്തുക നിശ്ചയിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ആ റെഗുലേഷനിലെ വ്യവസ്ഥയെ സംബന്ധിപ്പിക്കാൻ ഗവർമെണ്ടിനു മനസ്സുണ്ടു് എന്നു മി: പരമേശ്വരൻപിള്ള പറഞ്ഞു, എന്നാൽ അവശ്യം ഉള്ളതു അത്രമാത്രം അല്ല. മി: പി. കെ. നാരായണപിള്ള പറഞ്ഞതുപോലെ വസ്തുവിൽ മുകൾ പക്ഷമാത്രമെ ഗവർമെണ്ടിനു ആവശ്യമുള്ളൂ എന്നു വരാം. എന്നാൽ പൊന്നംവിളറെഗുലേഷൻ അനുസരിച്ചു ശേഷം ഉള്ള വസ്തുടി ഗവർ മെണ്ടു് എടുത്തുകൊള്ളണം എന്ന ഉടമസ്ഥനു നിർബന്ധിക്കാം. അതിലേക്കു ഇവിടെ നടക്കുംപോലെ വ്യ വസ്ഥ ചെയ്യാം. അതിലേക്കും വ്യവസ്ഥ ചെയ്യേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്കു മി: നാരായണപിള്ള അവത രിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കയും മി: പരമേശ്വരൻപിള്ള സൂചിപ്പിച്ച ഭാഗം ഇനിയുണ്ടാകുന്നതിനു പറ്റിയപ്രമായ പരിരക്ഷണം അല്ല എന്നു അറിയിക്കയും ചെയ്യുന്നു.

മി: സുബ്ബയ്യർ (ഗവണ്മെണ്ടു് നിയമിച്ച മെംബർ): സർ, ഈ ബിൽ അവതരിപ്പിച്ച കാലത്തു ഈ വകുപ്പു എഴുതിച്ചേർത്തതിലേക്കു ചുരുങ്ങലപ്പെട്ട ഒരാൾ എന്ന നിലയിൽ ഞാൻ ഈ വകുപ്പിന്റെ വ്യാപ്തിയെ സംബ ന്ധിച്ചുള്ള ഭീതിനാം തെറ്റിദ്ധാരണയെ ദൂരീകരിക്കാംഎന്നു തോന്നുന്നു. (ക)-ം ഉപവകുപ്പിന്റെ പ്രധാനഉദ്ദേശ്യം വസ്തുവിനെയല്ല വസ്തുവിൽവല്ല അവകാശവും ഗവണ്മെണ്ടു വിലയ്ക്കു വാങ്ങുന്നതിനു അതുതന്നെയും സ്ഥിരമായൊ ക്കിപ്പകാലത്തേക്കെയോ അധികാരംനല്കുന്ന ഇനങ്ങളുതാണെന്ന എന്റെസ്നേഹിതൻ ഉദ്ദേശകാരണവിവരണത്തി ൽ നിന്നു വിവരിച്ചുപറഞ്ഞുവല്ലോ. അതു ഇക്കാര്യത്തിലേക്കായി ആയുരുമായിരിക്കാം. ഒരു സ്ഥലത്തു ധാര ളമെന്നു മുൻകൂട്ടി അറിഞ്ഞിരുന്നാൽ അതുണ്ടോ എന്നു ആരായുകയാണു് ഈ വകുപ്പു ഉദ്ദേശിക്കുന്നതു്. ഈ കാ ര്യം വാഭലമായിവിചിച്ചാൽ വിലയ്ക്കുവാങ്ങേണ്ടുന്നതായ ആവശ്യമേഇല്ല: വിലയ്ക്കു വാങ്ങി ആവശ്യം ഇല്ലാ എന്നു വരികിൽ ആവസ്തുവിന്റെ ഉപരിഭാഗത്തുള്ള അവകാശം വിട്ടു പിരിയുന്നതിനു ആളുകാലത്തു വിമനസ്കനായി രിക്കുമ്പോഴുള്ള ഉടമസ്ഥനു വസ്തു മടക്കി കിട്ടുന്നു. നിർബന്ധമായി വിലയ്ക്കു വാങ്ങുന്നതായ കാര്യമേ അവിടെയി ല്ല. ഒരു വലിയ ഇക നിങ്ങളുപയോഗമായി വിലയ്ക്കുമായി കൊടുത്തു വസ്തുവിലയ്ക്കു വാങ്ങുന്നതിനുള്ള അനാവ ശ്യച്ചിലവു ഗവർമെണ്ടു വഹിക്കേണ്ടിവരുകയും ഇല്ല. അതുകൊണ്ടാണു "വസ്തുവിൽ യാതൊരവകാശവും' എന്നു പറഞ്ഞിരിക്കുന്നതു്. ആ അവകാശത്തെ എന്റെ സ്നേഹിതൻ മി. പി. കെ. നാരായണപിള്ള സമ

തിക്കുന്നതും ഉണ്ട്. "അതിൽ വിവരിച്ചിരിക്കുമ്പോലെ മറ്റു യാതൊരു കാരണവും വിചാരിക്കുന്നതു കൊണ്ടും അതിനെ അവസാനത്തിൽച്ചായ്ക്കുന്നതിനു തെളിവായിരിക്കണം" എന്നുള്ള ഭാഗംപോലെ ആ വകുപ്പിലേക്കു യാതൊരാക്ഷേപവും അദ്ദേഹത്തിനു ഇല്ല. അദ്ദേഹത്തിന്റെ ആക്ഷേപം "അങ്ങനെ വിചാരിക്കുന്നതിനുള്ള അവകാശത്തെ യാതൊരു സിവിൽകോർട്ടും വിസമ്മതിക്കാൻ പാടില്ല" എന്ന ഇടയുന്ന ഭാഗത്തിലേക്കു ആകുന്നു. അതു നാം വച്ചുകൊണ്ടിരുന്നാലും എടുത്തുകളഞ്ഞാലും ഫലം ഒന്നുതന്നെയില്ല. എടുത്തുകാണിച്ചതു കൊണ്ട്, ചീഫ് സെക്രട്ടറിയുടെ സെർട്ടിഫിക്കേട് അവസാനത്തീർച്ചയാണെന്നു പറഞ്ഞുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അക്കാര്യത്തിന്റെ അവസാനമായി അതിനെ സല്പേരിൽ വിശദീകരിക്കാം" അങ്ങനെ വിചാരിക്കുന്നതിനുള്ള അവകാശത്തെ യാതൊരു സിവിൽ കോടതിയും വിസമ്മതിച്ചുകൂടാ" എന്ന വാക്കുകൾ ചേർന്നിരിക്കുന്നതാണ്. ഇതു പെറ്റീഷനിലെ റെസ്പോണ്ടന്റ് അപേക്ഷിച്ചു ഗവർണ്മെന്റു ചീഫ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തുന്ന അറിയിപ്പിനെ പിന്നാലെ സംഭവിക്കുന്നു. അതിനെ എടുത്തുകളയുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകും എന്നു എനിക്കു തോന്നുന്നില്ല.

പിന്നീട് മി: പി. കെ. നാരായണപിള്ള ചൂണ്ടിക്കാണിക്കുന്നതു ഗ്രൂപ്പിക്കുന്ന ഏകസംഗതി ഡിസ്ട്രിക്ട് കോടതിയിൽ അപേക്ഷിക്കേണ്ടതു ആരാണ് എന്ന മാത്രം കൂടുതലാണ്. 'ഇക്കാര്യത്തിലേക്കായി ഗവർണ്മെന്റു അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ മുഖേനയാകണം' എന്നുള്ള പരിഷ്കാരം (ഡ)-ാം ഉപവകുപ്പിൽ ചേർക്കുന്നതു കൂടുതൽ നന്നായിരിക്കും. അങ്ങനെയുള്ള പല പരിഷ്കാരങ്ങളും അദ്ദേഹം വേണ്ടെന്നുവെച്ചിരുന്നാൽ എല്ലാം ശരിയാകും. ഒരു കോടതി സ്വയമേവ യാതൊന്നിലും പ്രാധാന്യമായി പ്രവൃത്തി തുടങ്ങൻ പാടില്ല എന്ന നമ്മുടെ ഇഷ്ടിമുറയിൽ ഇതും പെടുന്നുണ്ട്. മറ്റു വല്ലതും പ്രവർത്തിപ്പിക്കണം. പ്രവർത്തിപ്പിക്കണമെന്നു ആരു എന്നാണ് പ്രശ്നം. "ഇക്കാര്യത്തിലേക്കായി ഗവർണ്മെന്റു അധികാരപ്പെടുത്തുന്ന വല്ല ഉദ്യോഗസ്ഥനും അപേക്ഷിക്കുമ്പോൾ" എന്നുള്ള പരിഷ്കാരം (ഡ)-ാം ഉപവകുപ്പിൽ നാം ചേർക്കുന്നതായാൽ മതിയാകും. അതുപോലെ തിരുവിതാംകൂർ ഡിസ്ട്രിക്ട് കോടതിയിലും അപ്പീൽ ഹൈക്കോടതിയിലും ആകുകൊണ്ടു (ഡ-)ം (ന്ന)-ം ഉപവകുപ്പുകളുടെ ഫലത്തെ എന്റെ സ്നേഹിതൻ മി: പി. കെ. നാരായണപിള്ള ഗ്രഹിച്ചിട്ടില്ല എന്നു തോന്നുന്നു. കൂടിക്കിടപ്പിന്റെ ബാധ്യതയെ സംബന്ധിച്ചിടത്തോളം അതു ശരിയായ രക്ഷാവിധിയാണോ എന്നു വിചാരിക്കുന്നു, യാതൊരു അനീതിയും നടത്തപ്പെടുകയും ഇല്ല. ആ സ്ഥിതിക്കു പൊന്നംവിലയെഹ്ലേഷനിലെ വ്യവസ്ഥകളെ ചേർത്തതിനു എന്നുള്ള ആവശ്യമുണ്ടോ എന്നു എനിക്കു തോന്നുന്നില്ല.

ആവശ്യം ഉണ്ടെന്നുവരികിൽ താഴെ ചേർക്കുന്ന പരിഷ്കാരം ചേർക്കാവുന്നതാണ്:—

"ഡിസ്ട്രിക്ട് കോടതി കഴിയുന്നിടത്തോളം പൊന്നംവില മെഹ്ലേഷനിലെ വ്യവസ്ഥകളും അനുസരിച്ചു നടത്തേണ്ടതാകുന്നു."

എന്റെ സ്നേഹിതനു ആക്ഷേപം ഇല്ല എന്നുവരികിൽ താഴെ ചേർത്തിരിക്കുന്നതിനെ (ഡ)-ാം ഉപവകുപ്പിൽ ചേർക്കണം എന്നു ഞാൻ അവതരിപ്പിക്കാം.

"ഇക്കാര്യത്തിലേക്കായി ഗവർണ്മെന്റു അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷിക്കുമ്പോൾ ആകട്ടെ സങ്കടമുള്ള കക്ഷി അപേക്ഷിക്കുമ്പോൾ ആകട്ടെ"

ഈ രണ്ടും ചേർത്താൽ എന്റെ സ്നേഹിതന്റെ ഉൽക്കണ്ഠയെ അപഹരിക്കും. ഭാഗ്യവശാൽ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ കാര്യവും സുരക്ഷിതമായിരിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു നടപടിയെ സംബന്ധിച്ചുമാത്രമാണ്. "ഒരു കക്ഷിക്കു ലഭ്യമായ എല്ലാ വാദങ്ങളും" എന്നുംമറ്റും പേർത്ത വാചകത്തെ കുറിച്ചു എന്തു പറയുന്നു?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെംബർ) (ഡിപ്യൂട്ടി പ്രെസിഡണ്ട്): അതിലേക്കു താഴെ എഴുതിയിരിക്കുന്നതിനെക്കൂട്ടി ചേർക്കാം—

"അതിൽ പിന്നീടു പൊന്നംവിലയെഹ്ലേഷനിലെ വ്യവസ്ഥകളും കഴിവുള്ളിടത്തോളം സംബന്ധിക്കുന്നതാകുന്നു."

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറ്റൊരാൾതന്നെ മെംബറെ സംസാരിക്കാൻ സന്നദ്ധരല്ലാതിരിക്കുകൊണ്ടു എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യരുടെ നിർദ്ദേശം സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനാണു. അതുകൊണ്ടു അദ്ദേഹം വ്യാഖ്യാനിച്ചതിൻപ്രകാരം താഴെ എഴുതിയിരിക്കുന്നതിനെ (ഡ)-ാം ഉപവകുപ്പിൽ ചേർക്കണം എന്ന എന്റെ സ്വന്തം ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

"ഇക്കാര്യത്തിലേക്കായി ഗവണ്മെന്റു അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ അപേക്ഷയിന്മേലൊ അല്ലെങ്കിൽ സങ്കടമുള്ള കക്ഷിയുടെ അപേക്ഷയിന്മേലൊ"

ഇങ്ങനെ ഭേദപ്പെടുത്തിയനിലയിൽ (ഡ)-ാം ഉപവകുപ്പു ഇപ്രകാരം ആയിരിക്കും.

വിധ്വംസനാജ്ഞയുടെ ഫലമായി ചെയ്യേണ്ടതായ പ്രതിഫലം ഉഭയസമ്മതത്താലോ അങ്ങനെ ഉടമ്പടിയുണ്ടായിട്ടില്ലാത്തപക്ഷം ഇക്കാര്യത്തിലേക്കായി ഗവണ്മെന്റു അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അപേക്ഷയിന്മേലൊ സങ്കടമുള്ളകക്ഷിയുടെ അപേക്ഷയിന്മേലൊ, ആ ജില്ലയിലെ ഡിസ്ട്രിക്ട്കോർടിന്റെ അധികാരപരിധിയിൽ കിടക്കുന്നവോ ആ കോർടിലെ വിധിയാലൊ തീർച്ചപ്പെടുത്തുവാനാകുന്നു. അങ്ങനെ അപേക്ഷിക്കുമ്പോൾ പിന്നീടു കോടതികളിലെ മുൻപാകെയുള്ള നടപടികളിൽ പൊന്നാ വില റെഹ്ലേഷനിലെ വ്യവസ്ഥകളും കഴിവുള്ളിടത്തോളം സംബന്ധിക്കുന്നതാകുന്നു."

പ്രെസിഡെണ്ട്: ആ തിരുത്തിൽ [illegible] ഉള്ള കൂട്ടത്തൽ ഭാഗവും നിങ്ങൾ ഉൾപ്പെടുത്തുമൊ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെല്ലാം അതിൽ വന്നു ചേരും.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചമെംബർ) (ഡെപ്യൂട്ടി പ്രെസിഡണ്ട്): ഞാൻ ഈ ഭേദഗതി പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹൊഡ്സക്രാർ വക്കീൽ): ഞാൻ ഈ ഭേദഗതി അംഗീകരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എതിർ കക്ഷിയിൽ ഉള്ള എന്റെ സ്നേഹിതൻ അംഗീകരിക്കുന്ന സ്ഥിതിക്ക ഈ വിഷയത്തെക്കുറിച്ച് ഇതിൽ കൂടുതലായി പ്രതിപാദിക്കുന്നതിനു വല്ല ആവശ്യവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രൊസിഡെണ്ട്: ഭേദഗതിപ്പെടുത്തിയ സ്ഥിതിയിൽ 9 (c) വകുപ്പു ബില്ലിന്റെ അംശമായിരിക്കുന്നതിനു സഭ സമ്മതിക്കുന്നു എന്നു ഞാൻ ധരിക്കട്ടെയോ?

ഉപക്ഷേപം സമ്മതിക്കപ്പെടുകയും വകുപ്പു ബില്ലിൽ ചെർക്കപ്പെടുകയും ചെയ്തു.

രണ്ടാം വകുപ്പു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെ എഴുതിയിരിക്കുന്നതിനെ രണ്ടാം വകുപ്പായി കൂട്ടിച്ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു:—

"ഈ റഗുലേഷനിലെ 9 (c) വകുപ്പോ 9 (b) വകുപ്പോ അനുസരിച്ചു ഉണ്ടാകീട്ടുള്ള വല്ല ചട്ടവും തിരുവിതാംകോട്ടു നിയമസഭയിൽ ശ്രദ്ധിപക്ഷത്താൽ അനുവദിക്കപ്പെടുന്ന ഒരു പ്രമേയത്താൽ ഭേദപ്പെടുത്തുകയോ റദ്ദാക്കപ്പെടുകയോ ചെയ്യാവുന്നതാകുന്നു."

9 (c) 9 (b) വകുപ്പുകൾ ഈ റഗുലേഷൻ അനുസരിച്ചു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു അവശ്യം ഉള്ള അധികാരം, തിരുവിതാംകോട്ടു ഗവണ്മെന്റിനു കൊടുക്കുന്നു.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): ഞാൻ നടപടി കായ്ക്കു തെ സംബന്ധിച്ചു ഒരു കാര്യം പറയുന്നതിനായി എഴുന്നേല്ക്കുന്നു. ഈ ഭേദഗതി ഈ സഭയുടെ കൃത്യങ്ങൾ അധികമാക്കുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടു ഇതു സിദ്ധികരിയും അല്ല. ഈ സഭയ്ക്കു ഭരണസ്ഥാനത്തുനിന്നും ഗവണ്മെന്റ് നടപ്പാക്കിയ ചട്ടങ്ങളോടു ചിലതെങ്കിലും കൃത്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ആ കൃത്യങ്ങളിൽ ചിലതു പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അധികാരം ആകുന്നു. പ്രമേയം ഒരു ഉപദേശമേ ആകുന്നുള്ളു. അതിനു ബന്ധിക്കുന്നതായ ശക്തി ഇല്ല. എന്നാൽ ഈ ഭേദഗതിയുടെ ഈ സഭ അവതരിപ്പിക്കുന്ന പ്രമേയത്തിൽ ബന്ധിക്കുന്നതായ ഫലം ഉണ്ടു എന്നു നിർദ്ദേശിക്കുന്നു. അതു ഈ സഭയുടെ കൃത്യങ്ങൾ വർദ്ധിപ്പിക്കുക ആകുന്നു; അതു ഈ സഭ ചെയ്യുകൂടാ. ആ സ്ഥിതിക്കു ഈ ഭേദഗതി നടപടിക്രമത്തിനു വിരുദ്ധം ആകുന്നു.

പ്രൊസിഡെണ്ട്: ഈ സഭയുടെ ക്രമനടപ്പു, ഉള്ള വ്യവസ്ഥകൾ അനുസരിച്ച് അതിന്റെ തന്നെ അധികാരങ്ങളെ സംബന്ധിച്ചുകൊണ്ടുള്ള ഈ സഭ പയ്യോളോചിക്കാൻ പാടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതി അവശ്യകർത്തവ്യമായുള്ളതല്ല. അതിൽ "ചെയ്യാവുന്നതാകുന്നു" എന്നേ പറയുന്നുള്ളു. ചട്ടങ്ങളിൽ ഏതിനെയും സംബന്ധിച്ച് ഏതു പ്രമേയങ്ങളും പാസ്സാക്കുന്നതിനു ഈ സഭയ്ക്കു സ്വാതന്ത്ര്യം ഉണ്ട്. ഒരു പ്രമേയം അവതരിപ്പിക്കുന്നതു അധികാരികളുടെ പ്രവൃത്തിയാണെന്നു പറയാൻ പാടില്ല.

മി: പി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രൊസിഡെണ്ടു): അങ്ങനെയാണെങ്കിൽ ഒരു പ്രമേയം അവതരിപ്പിക്കുവാൻ ഉള്ള അധികാരം നിങ്ങൾക്കു ഇല്ല എന്നു പറയേണ്ടതായ ആവശ്യം എന്തു? ആ സ്ഥിതിക്കു അങ്ങനെ പറയാൻ നിങ്ങൾ ആവശ്യപ്പെടുന്ന കാരണം എന്തു?

പ്രൊസിഡെണ്ട്: ഒരു പ്രമേയം റഗുലേഷൻ അനുസരിച്ച് ഉപദേശം അല്ലാതെ മറ്റൊന്നും അല്ല. എന്നാൽ നിങ്ങളുടെ ഭേദഗതിയാകട്ടെ അതു ഗവണ്മെൻറിനെ ബന്ധിക്കുന്നതാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചെയ്യാവുന്നതാണെ എന്നു ഞാൻ പറയുന്നു.

പ്രൊസിഡെണ്ട്: 'ചെയ്യാവുന്നതാണ്' എന്നതിനു നിയമവാക്യത്തിൽ "ചെയ്യേണ്ടതാണ്" എന്ന അർത്ഥം പലപ്പോഴും ഉണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറ്റവരല്ല അധികാരസ്ഥന്റെയും അധികാരത്തെ ബലാക്രമിക്കുന്ന എന്നുള്ളകാരണത്തിന്മേൽ പ്രൊസിഡെണ്ട് ഇതിനെ നിരാകരിക്കയാണെങ്കിൽ അതു അവതരിപ്പിക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

വകുപ്പു 5.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): ബില്ലിലെ 5-ം വകുപ്പു കഴിഞ്ഞ വാര പ്രതിവാരത്തിൽ പൂർണ്ണമായി പ്രതിവാദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സഭാസമക്ഷം വയ്ക്കാനും ഭേദഗതികളും അവതരിപ്പിക്കുന്നതാണെന്നു അക്കാലത്തു ഞാൻ പില ഉറപ്പുകളും പറഞ്ഞിരുന്നു. ഞാൻ ആവശ്യപ്പെട്ട ഭേദഗതികളും എഴുതി മെംബർമാർക്ക് അയച്ചിട്ടും ഉണ്ട്. 5-ം വകുപ്പിനു ആദ്യത്തെ ഭേദഗതി ഇതാകുന്നു:—

ഇപ്പോഴത്തെ 5-ം വകുപ്പിനു 5-ം വകുപ്പിന്റെ (a)-ം ഉപവകുപ്പായി നമ്പർ ചേർക്കയും താഴെ എഴുതിയിരിക്കുന്നതിനെ (b)-ം ഉപവകുപ്പായി ചേർക്കയും ചെയ്യണം:—

(എ) "ഈ റഗുലേഷനിലെ കാര്യത്തിലേക്കായി 'ധാതു' എന്ന പദത്തിൽ സാധാരണ മണൽ, സാധാരണ കളിമണ്ണു, ചീക്കല്ലു, ചരൽക്കല്ലു ഇവ ഉൾപ്പെടുന്നതല്ല."

(ബി) നമ്മുടെ ഗവണ്മെണ്ടു അതാതുകാലം ഉണ്ടാക്കുന്ന ചട്ടങ്ങളാൽ വല്ല വസ്തുവിനെയും ഈ റഗുലേഷനിലെ കാര്യങ്ങൾക്കായി ധാതുവല്ല എന്നു പ്രഖ്യാപിക്കാവുന്നതാകുന്നു."

മി: ജി. രാമൻനായർ (മാവേലിക്കരയും കായംകുളവും): കരിങ്കല്ലുകൂടി ഉൾപ്പെടുന്നതു ഭേദിക്കേണ്ടതിയമല്ലയൊ.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): അല്ല അതു വിവരിച്ചു പറയാം.

"ധാതു" എന്നതിന്റെ അർത്ഥവിവരണത്തെക്കുറിച്ചുള്ള വാഗ്വാദവിവാദം ഈ സഭയിൽ നടന്നപ്പോൾ ഈ റഗുലേഷന്റെ പ്രധാനോദ്ദേശ്യം ഇവിടുത്തെ കാലക്രമത്തിലുള്ള സ്ഥിതിഭേദങ്ങളെ ക്രമപ്പെടുത്തുന്നതിനാണെന്ന വസ്തുത ഈ സഭയുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചു. ധാതുവിന്മേൽ ഉള്ള ഉടമസ്ഥാവകാശം ധാതുവെ സംബ

സ്ഥിച്ചുള്ള രാജകീയവിളംബരം എന്ന മറൊരു നിയമത്തൽ ഇതിനുമുമ്പിലെ പ്രതിപന്നമായിട്ടുണ്ട്. നമ്മുടെ പ്രധാനോദ്ദേശ്യം കൂലിവേലക്കാരുടെ സ്ഥിതി ഭേദങ്ങൾക്കു വ്യവസ്ഥചെയ്യുന്ന ആകുന്നു. അതുകൊണ്ടു "ധാളുക്കാം" എന്ന പദത്തിനും വന്നിരിക്കുന്ന "ചെയ്കാം" എന്ന പദത്തിനു, ഒരു വ്യാപിയെ അർത്ഥം കല്പിക്കേണ്ടുന്ന ആവശ്യം ആയിരുന്നു. ധാളുകാം എന്ന വിധിക്കുന്നതായ നിയന്ത്രണങ്ങൾ, കട്ടിമണ്ണും ചിരട്ടയും വെട്ടിയെടുക്കുന്ന കഴികൾക്കും സാമാന്യേന സംബന്ധിപ്പിക്കുവാനുദ്ദേശമുണ്ടായിരുന്നുപോലും തോന്നുന്നില്ല. അതുകൊണ്ടു "ധാളുക്കാം" എന്ന പദത്തിൽനിന്നു വിട്ടുപോവാനുദ്ദേശമുണ്ടായിരുന്നതുകൊണ്ടു അതുകൊണ്ടു അങ്ങനെയുള്ള വെട്ടുകഴികൾക്കുമേൽ "ചെന്നീ" എന്നതിനുശേഷം വിട്ടുപോവുന്നതാണെന്നും ഒരു ഉറപ്പു ഞാൻ പറഞ്ഞു. ചരിക്കല്ലിനെയും വിട്ടുതാൻപോടില്ലയോ എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻമേനവൻ ചോദിച്ചു. ബില്ലിന്റെ പ്രയോഗാദ്ദേശ്യം കൂലിവേലക്കാരുടെ സ്ഥിതിഭേദങ്ങളെ ക്രമപ്പെടുത്തുന്നതിനാണെങ്കിലവരിൽ കരിക്കല്ലിനെ പെടുത്തിക്കൂടാ. കരിക്കല്ലു വെട്ടി എടുക്കുന്നതിൽ വെടിമരുന്നുപയോഗിച്ചു പാറകൾ പൊട്ടിക്കേണ്ടിയിരുന്നു. വലിയ പാറകല്ലുകളെ ചെറിയ കഷണങ്ങളാക്കി പൊടിക്കേണ്ടതും ഇതിനകം ഈ പ്രവൃത്തികൾ നടത്തിക്കുന്നവരുടെ സ്ഥിതി നിയന്ത്രണം ഇല്ലാതെ വിടപ്പെടേണമെന്നു എല്ലാപ്പോഴും ഉദ്ദേശമുണ്ടായിരുന്നില്ല. അതുകൊണ്ടു ധാളുകാരുടെ കൂട്ടത്തിൽ നിന്നു കരിക്കല്ലിനെ വിടുവാണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല. അതുവിട്ടുതന്നാലും കരിക്കല്ലു വെട്ടി കയറ്റുകന്ന കഴി ഒരിക്കലും 'ചെന്നീ'യാചിരിക്കാൻ ഇടയില്ല. അപ്പോൾ സ്വീകരിക്കാം എന്നുള്ളതുകൊണ്ടു വിടുന്നു എന്നു ജോലി എടുക്കാവുന്നതാണ്; അതിൽ യുക്തമായ നിയന്ത്രണവും ഏർപ്പാടുന്നതിനു ഗവർണ്മെന്റിനു സാധിക്കുന്നതും അല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കൂലിവേല സംബന്ധമായി ഒരു നിയമം ഉണ്ടാക്കി അതിൽ അക്കാര്യത്തിലേക്കും വ്യവസ്ഥചെയ്യുന്നതിനു ഗവർണ്മെന്റിനെ തടയുന്നതായി വല്ലതും ഉണ്ടോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): അതു ഒരു ഭിന്നസംഗതിയാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഭേദഗതി എന്നു അവശ്യപ്പെട്ടുള്ള 'ചെന്നീ' എന്ന പദത്തിന്റെ അർത്ഥവിപരണത്തെ എന്തു കാരണത്തൽ അതു വ്യാപിയും അനാധ്യയേ വിശ്വേവും ആക്കണം എന്നു നിശ്ചയിച്ചു എന്നുള്ളതായിരുന്നു. കൂലിവേലക്കാരെ സംബന്ധിച്ചു നിയമങ്ങൾ ഉണ്ടാക്കുന്നതിനു ഗവർണ്മെന്റിനെ തടയുന്നതായി വല്ലതും ഉണ്ടായിരുന്നുവോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): ഇതു ഭിന്നസംഗതിയാണ്. നാം അതിനെ ഇപ്പോൾ പ്രതിപാദിക്കേണ്ട ആവശ്യം ഇല്ല.

ധാളു എന്നതിന്റെ അർത്ഥവിവരണം ചെയ്തില്ലാ എന്നവരികിൽ കല്ലിമണ്ണും ചിരൽവെട്ടി എടുക്കുന്ന കഴികളും 'ഖനി' എന്ന ഇനത്തിൽ ഉൾപ്പെട്ടുപോകും എന്നും അവയ്ക്കു നിയന്ത്രണങ്ങൾ ഗവർണ്മെന്റ് ഗ്വർപ്പെടുത്തുന്നും എന്നും ഈ സഭ ശങ്കിച്ചു അതുകൊണ്ടു ഒരു ഭേദഗതി അവതരിപ്പിക്കാം എന്നു ഞാൻ സമ്മതിച്ചു. മിസ്റ്റർ രാമൻമേനവന്റെ പ്രശ്നത്തിനുകൂടെ 'ധാളുക്കാം' എന്നതിൽനിന്നു കരിക്കല്ലിനെ ഒഴിവാക്കുന്നതു ആപത്കരം തന്നെയിരിക്കും എന്നു ഞാൻ പറയുന്നു. കരിങ്കൽ വെട്ടിയെടുക്കുന്ന സ്ഥലം കരിക്കല്ലും ഖനിയായിരിക്കാൻപാടില്ലെന്നുവരികിൽ ഈ ബില്ലിനാൽ നിശ്ചയിക്കപ്പെടുന്ന വ്യവസ്ഥകളിലും നിയന്ത്രണങ്ങളിലും യാതൊന്നും സംബന്ധിക്കയില്ല.

ഏതു സാധനത്തെയും ധാളുവായി ഇത്തംതിരിക്കുന്നതിൽ നിന്നു ഗവർണ്മെന്റ് ഒഴിവാക്കാവുന്നതാണെന്നു മറൊരു വകുപ്പു, (ബി) വകുപ്പു ഞാൻ ചേർത്തിരിക്കുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി):

ഞാൻ ഈ ഭേദഗതി അനുകൂലിക്കുന്നു

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഡാളുത്തെ വകുപ്പു ബില്ലിന്റെ അംശമായിരിക്കണം എന്നുള്ള പ്രശ്നം സഭയുടെ അഭിപ്രായംനോക്കി അനുവദിക്കപ്പെട്ടു.

ഈ വകുപ്പു ബില്ലിൽചേർക്കപ്പെട്ടു.

രണ്ടാം വകുപ്പു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറിക്കിൽ): സർ, ഞാൻ മറൊരുഭേദഗതി അവതരിപ്പിക്കാനായി എഴുനേല്ക്കുന്ന ഇതു രണ്ടാംവകുപ്പിനെ സംബന്ധിച്ചുണ്ട് ബില്ലിലെ രണ്ടാം വകുപ്പു ധാളുക്കാം ആയിവരുന്നതിനെ സംബന്ധിച്ചുള്ളതാകുന്നു. ആയുന്ന കാര്യത്തിലേക്കായി ഒരു ഉദ്യോഗസ്ഥൻ വസ്തുവിൽ പ്രവേശിക്കുമ്പോൾ കൊടുക്കേണ്ടതായ പ്രതിഫലത്തിനു ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. രണ്ടാംവകുപ്പു ഇതാകുന്നു.

"രണ്ടാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ മേൽപറഞ്ഞ വിധത്തിൽ ഉള്ള പ്രവൃത്തികൊണ്ടുമൂലം ഇടയാക്കാവുന്നതായ വല്ല നഷ്ടത്തിനും പ്രതിഫലം കൊടുക്കയോ കൊടുക്കാം എന്നു പറകയോ അപ്രകാരം പ്രയോഗിക്കുന്ന കാലത്തു ചെയ്യാവുന്നതാകുന്നു. ഞങ്ങനെ കൊടുക്കാം എന്നു പറയുന്ന തുകയുടെ മുറിയായ്മയെക്കുറിച്ചു തർക്കപ്പെടുന്ന സംഗതിയിൽ ആ തർക്കം തീർക്കുവാൻ വസ്തു ഏതു ഡിവിഷനിൽ കിടക്കുന്നുവോ ആ ഡിവിഷനിലെ ദിവാൻപേഷ്കാരുടെ തീർച്ചയായി അയാളും അയക്കേണ്ടതാകുന്നു. അങ്ങനെയുള്ള തീർച്ച അവസാനത്തീർച്ചയായിരിക്കുന്നതും അതനുസരിച്ചു പണം കൊടുക്കേണ്ടതും ആകുന്നു".

ഈ വകുപ്പിനെ സംബന്ധിച്ച് ഏതാനും ആക്ഷേപങ്ങൾ പൂരപ്പെടുവിക്കപ്പെട്ടു. ഒന്നു ദിവാൻപേഷ്കാരുടെ തീർച്ച അവസാനത്തീർച്ചയാക്കപ്പെട്ടിരിക്കുന്നു എന്നും അതു ജനഹിതത്തിനു വിരുദ്ധമായി വന്നേക്കാം എന്നും അതുകൊണ്ടു സിവിൽകോടതികളിൽ അപ്പീലു ബോധിപ്പിക്കുന്നതിനുള്ള അവകാശത്തിനുമേൽ വ്യവസ്ഥ ചെയ്യുന്നും എന്നും ആയിരുന്നു.

മറൊരാക്ഷേപം പ്രയോഗിക്കുന്നകാലത്തു നഷ്ടങ്ങൾ എല്ലാം ഗൺപിൽകൂട്ടി അറിയാൻ ഇടയാകുമെന്നും ഗൺകൂട്ടി അറിയാതായിരുന്ന നഷ്ടങ്ങൾക്കു മാത്രമേ പ്രതിഫലം കൊടുക്കാം എന്നു ഉദ്യോഗസ്ഥൻ പറയാവുന്നതാണെന്നും അതിൽപിന്നീടു മറ്റു നഷ്ടങ്ങളും ഉണ്ടാകാം എന്നും ആയിരം നഷ്ടങ്ങൾക്കു പ്രതിഫലം

കൊടുക്കുന്നതിനുള്ള അധികാരസ്ഥന്മാരെക്കുറിച്ചു വ്യവസ്ഥ ചെയ്തിട്ടില്ലാ എന്നും അതുകൊണ്ടു സിവിൽകോടതിക്കു അപ്പീൽ ബോധിപ്പിക്കുവാൻ അനുവദിക്കുന്നതായാൽ ദിവാൻപേഷ്കാരുടെ തീർപ്പിനു അയക്കുന്നതു അത്രയുമായിരിക്കയില്ല എന്നു ഞാൻ പറഞ്ഞു. ദിവാൻപേഷ്കാരുടെ തീർപ്പിനെ കക്ഷികൾ അംഗീകരിച്ചപ്രകാരം എന്നുള്ള ഇക്കാര്യം ദിവാൻപേഷ്കാരുടെ തീർപ്പിനുവേണ്ടി അയക്കുന്നതു ഉപയോഗമായിരിക്കാവുന്നതാണെന്നു മെംബർമാരിൽ ചിലർ വിചാരിച്ചു. അതിലേക്കും ഞാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇപ്രകാരം മുന്നു കാര്യങ്ങൾക്കു ഞാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

(ക) പ്രാരംഭത്തിൽ മുൻപിൽകൂട്ടി അറിഞ്ഞിട്ടില്ലാത്ത നഷ്ടങ്ങൾക്കു പ്രതിഫലത്തിനു വ്യവസ്ഥ ചെയ്യുന്നതിനും;

(ഖ) പ്രതിഫലത്തുക ദിവാൻപേഷ്കാർ നിശ്ചയിക്കുന്നതിനു കക്ഷികൾ സമ്മതിച്ചപക്ഷം എന്നുള്ളതു കൊണ്ടു അപ്രകാരം ചെയ്യുന്നതിനും;

(ഗ) പേഷ്കാരുടെ തീർപ്പു കക്ഷികൾ അംഗീകരിച്ചില്ല എന്നുവരികിൽ സംഗതി സിവിൽകോടതിയിലെ തീർപ്പുകൾക്കായി അയക്കുവാൻ വ്യവസ്ഥചെയ്യുന്നതിനും ആകുന്നു.

ഈ ഉദ്ദേശങ്ങളെ താഴെ ചേർത്തിരിക്കുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(ക) ആദ്യത്തെ വാചകംകഴിഞ്ഞു അടുത്ത വാചകത്തിനു പകരം താഴെ എഴുതിയിരിക്കുന്നതു ചേർക്കണം.

"മുൻകൂട്ടി അറിയാവുന്ന നഷ്ടത്തിന്റെ വിവരങ്ങളും ആ നഷ്ടത്തിന്റെ കാര്യത്തിലും കൊടുക്കാം എന്നു പറയുന്ന തുകയും കാണിച്ചു് ഒരു പട്ടിക എഴുതി തന്റെ കത്തോടു ചേർത്തു അയയ്ക്കേണ്ടതും ആകുന്നു. ദിവാൻപേഷ്കാരൊ അദ്ദേഹത്തിനാൽ അധികാരപ്പെടുത്തപ്പെട്ടാൽ അദ്ദേഹത്തിന്റെ കീഴിലുള്ള വല്ല ഡിവിഷൻ അസിസ്റ്റന്റോ തഹശീൽദാരോ പ്രതിഫലത്തുക തീർച്ചപ്പെടുത്തുകയും അതനുസരിച്ചു പണം കൊടുക്കയും ചെയ്യേണ്ടതാകുന്നു".

(ഖ) ഇപ്രകാരം ഭേദഗതിചെയ്യപ്പെട്ട ൪-ാം വകുപ്പിനെ ൪-ാം വകുപ്പു (ക) ം ഉപവകുപ്പാക്കുകയും താഴെ ചേർത്തിരിക്കുന്നതിനെ (ഖ)-ം ഉപവകുപ്പായി ചേർക്കയും ചെയ്യണം:—

"ഇതിനുമുമ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നിശ്ചയിക്കുന്നതുകയെക്കുറിച്ചു തൃപ്തിപ്പെടാത്ത ഏതു കക്ഷിയും പ്രതിഫലത്തുകകൊടുക്കാം എന്നു പറഞ്ഞകാലത്തു മുൻപിൽകൂട്ടി അറിയപ്പെട്ടിരുന്ന നഷ്ടത്തെ സംബന്ധിച്ചോ അപ്രകാരം മുൻപിൽകൂട്ടി അറിഞ്ഞിട്ടില്ലാത്ത നഷ്ടത്തെ സംബന്ധിച്ചു ശരിയായ പ്രതിഫലത്തുക നിശ്ചയിക്കയും വിധിച്ചുകൊടുക്കയും ചെയ്യുന്നതിലേക്കു സിവിൽകോടതികളിൽ വ്യവഹാരപ്പെടുന്നതിൽനിന്നു ഈ വകുപ്പിൽ ഉള്ള യാതൊന്നും അയാളെ തടയുന്നില്ല",

ഈ ഭേദഗതിയെ സഭാഹിതമായി ഗണിക്കയും അംഗീകരിക്കയും ചെയ്യും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഡപ്യൂട്ടി സെക്രട്ടറി): ഞാൻ ഈ ഭേദഗതി പിൻതാങ്ങുന്നു.

മി: വി. സുബ്ബയ്യർ (ഡയറക്ടർ നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രേസിഡെണ്ടു്): ഉദ്ദേശിച്ചിരിക്കുന്ന ഉപവകുപ്പു ഇപ്രകാരം ആകുന്നു:—

"ഇതിനുമുമ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നപ്രകാരം നിശ്ചയിക്കുന്ന തുകയെക്കുറിച്ചു തൃപ്തിപ്പെടാത്ത ഏതു കക്ഷിയും പ്രതിഫലത്തുക കൊടുക്കാം എന്നു പറഞ്ഞകാലത്തു മുൻപിൽകൂട്ടി അറിയപ്പെട്ടിരുന്ന നഷ്ടത്തെസംബന്ധിച്ചോ അപ്രകാരം മുൻപിൽകൂട്ടി അറിഞ്ഞിട്ടില്ലാത്ത ചേതത്തെ സംബന്ധിച്ചോ ശരിയായ പ്രതിഫലത്തുക നിശ്ചയിക്കയും വിധിച്ചുകൊടുക്കയും ചെയ്യുന്നതിലേക്കു സിവിൽകോടതികളിൽ വ്യവഹാരപ്പെടുന്നതിൽനിന്നു ഈ വകുപ്പിൽ ഉള്ള യാതൊന്നും അയാളെ തടയുന്നില്ല."

നഷ്ടം മുമ്പിലേ ഉണ്ടായിരിക്കണം എന്നു എനിക്കുതോന്നുന്നു. മേൽവരാൽപോകുന്ന നഷ്ടത്തിനു നഷ്ടപരിഹാരം യാതൊരുകോർട്ടും വിധിക്കയില്ല "വല്ല പ്രവൃത്തിയാലും ഉണ്ടാക്കപ്പെട്ട നഷ്ടത്തെസംബന്ധിച്ചു" എന്ന നടപ്പു വകുപ്പിൽ ചേർക്കുന്നതു നല്ലതെന്നു തോന്നുന്നു.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): "അതുപോലുള്ള നഷ്ടം ഉണ്ടാകുമ്പോൾ", എന്നു ആവശ്യം ഉണ്ടെങ്കിൽ നടക്കുമല്ലോ.

പ്രെസിഡെണ്ടു്: അതിനെക്കുറിച്ചു് ഇത്രമാത്രമേ എനിക്കു പറയാനൊള്ളു. ഇപ്പോൾ ഇരിക്കുന്ന നിലയിലും ഇപ്രകാരം മാറിയാലും രണ്ടുവിധത്തിലുള്ള നഷ്ടങ്ങളേയും അതു ഉൾപ്പെടുത്തുകയില്ല. ഒന്നു പണം കൊടുക്കാം എന്നു പറയുന്നകാലത്തു മുൻപിൽകൂട്ടി അറിഞ്ഞിരിക്കുന്ന നഷ്ടമാണു്. മറേറതു അതിനും പുറമെയുള്ള നഷ്ടമാണു്. ഇപ്പോൾ ഇരിക്കുന്ന നിലയിലും ഒഡപ്പുട്ടിപ്രെസിഡെണ്ടു് നിർദ്ദേശിച്ചതുപോലെയും നഷ്ടത്തിനു പ്രതിഫലം കൊടുക്കാം എന്നു പറയുന്നകാലത്തു പ്രതിഫലത്തിന്റെ അന്തയോജ്യത അതാവിതു മുൻകൂട്ടി അറിയാവുന്ന നഷ്ടം അല്ലെങ്കിൽ പിന്നീടു ഒരു ദശയിൽ ഉണ്ടാകുന്ന നഷ്ടം ഇവരണ്ടിൽ ഒന്നായുള്ളതു. ഇവരണ്ടിനും നാം വ്യവസ്ഥ ചെയ്യേണ്ടതാണെന്നു എനിക്കു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അന്വേഷിപ്പു): നഷ്ടം മുൻപിൽകൂട്ടി അറിയപ്പെട്ടതൊ അറിയപ്പെടാത്തതൊ ആണു്. ഇവ രണ്ടും മിസ്റ്റർ കൃഷ്ണപരമേശ്വരൻപിള്ള അവതരിപ്പിച്ച ഭേദഗതിയിൽ ഉൾപ്പെട്ടിരിക്കുന്നു. നഷ്ടം സംഭവിച്ചതിൽ പിന്നീടു മാത്രമേ വ്യവഹാരം കൊടുക്കാൻ നിവൃത്തിയുള്ളു എന്നു മിസ്റ്റർ സുബ്ബയ്യർ വിചാരിക്കുന്നതായി തോന്നുന്നു. മിസ്റ്റർ പരമേശ്വരൻപിള്ളയുടെ ഭേദഗതി ഈ വിചാരത്തെ നിഷേധിക്കുന്നില്ല.

ആദ്യം നിശ്ചയിച്ചസ്ഥിതിയിൽ ഭേദഗതി അനുവദിക്കപ്പെട്ടു.

പ്രെസിഡെൻറ്: ഭേദപ്പെടുത്തിയ സ്ഥിതിയിൽ ൪-ം വകുപ്പു ബില്ലിന്റെ അംശമായിത്തീരുന്നു എന്നാക്കുന്ന പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു ഭേദപ്പെടുത്തിയ സ്ഥിതിയിൽ ഈ വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഭേദപ്പെടുത്തിയസ്ഥിതിയിൽ ഉള്ള ഈ ബില്ലിനെ പിന്നീടുള്ള ഒരു സമയോഗത്തിൽ സ്വീകരിച്ചു അനുവദിക്കണം എന്നു ഞാൻ ഇപ്പോൾ ഔദ്യോഗികമായി അഭിപ്രായപ്പെടുന്നു.

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): [illegible] അവതരിപ്പിക്കുന്നു.

പ്രൈസിഡന്റ്: സഭ ഈ ഉപക്ഷേപം അംഗീകരിക്കുന്നതായി ഞാൻ ധരിക്കുന്നു.

ഉപക്ഷേപം സഭയാൽ അംഗീകരിക്കപ്പെട്ടു.

കൂലിവണ്ടി റെഗുലേഷനെ ഭേദഗതിപ്പെടുത്തുന്നതിനുള്ള ബിൽ.

മി: കണ്ടാമം പരമേശ്വരൻ പിള്ള (അഡിഷനൽ ഫെഡ്സക്രട്ടർ വക്കിൽ): കൂലിവണ്ടി റെഗുലേഷനെ ഭേദഗതിപ്പെടുത്തുന്നതിനുള്ള ബില്ലിനെക്കുറിച്ചു പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട് ഞാൻ സമർപ്പിക്കയും കമ്മിറ്റി അനുവദിച്ചസ്ഥിതിയിൽഉള്ള ബില്ലിനെ പരിശോചനത്തിനായി സ്വീകരിക്കണം എന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) ഞാൻ അതു അനുകൂലിക്കുന്നു.

പ്രൈസിഡണ്ട്: ഈ ഉപക്ഷേപം സഭ സ്വീകരിക്കുന്നതായി ഞാൻ ധരിക്കുന്നു.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

വകുപ്പു ൧.

പ്രൈഡിഡണ്ട് ൧-ാമതെതവകുപ്പു ബില്ലിന്റെ ഭാഗമായിരിക്കണം എന്നാകുന്ന പ്രശ്നം,

ഉപക്ഷേപം അനുവദിക്കപ്പെട്ടു. ൧-ാംവകുപ്പു ബില്ലിൽ ചേക്കപ്പെട്ടു.

വകുപ്പു ൨.

മി: പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്) ഇന്നു പ്രഖ്യാപിച്ചവിധിയനുസരിച്ച് എന്റെ ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളാമെന്നു അറിയിക്കുന്നു.

പ്രൈസിഡണ്ട്: ൨-ാംവകുപ്പു ബില്ലിലെ ഭാഗമായിരിക്കണം എന്നാകുന്ന പ്രശ്നം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും- തെക്ക്): ഞാൻ ൨-ാം വകുപ്പിനെ എതിർക്കുന്നു.

സഭയുടെ അഭിപ്രായം ചോദിച്ചതിൽ ൪൪-പേർ അനുകൂലികളും ൭-പേർ പ്രതികൂലികളും ആകയാൽ ഇതു അനുവദിക്കപ്പെട്ടു.

വകുപ്പു ബില്ലിൽചേർക്കപ്പെട്ടു.

വകുപ്പു ൩.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്). ഞാൻ താഴെ ചേർത്തിരിക്കുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"(ആ)-ം (ന)-ം ഉപവകുപ്പുകളെ വിട്ടേക്കണം"

സാർ (ആ)-ം (ന)-ം ഉപവകുപ്പുകൾ വിട്ടേക്കണമെന്നു അഭിപ്രായപ്പെട്ടതിൽ എന്റെ ഉദ്ദേശം ഇതിലേക്കു വ്യവസ്ഥ ൧൯-ാം വകുപ്പിൽ ഇപ്പോഴെ ഉള്ളതുകൊണ്ടാകുന്നു. അതിലെ (ന)-ാം ഉപവകുപ്പു ഇപ്രകാരം ആകുന്നു:—

"കൂലിക്കു വിടുന്നതിനായി നിലുന്നതോ സഞ്ചരിക്കുന്നതോ ആയ ഓരോ കൂലിവണ്ടിയും മാടിക്കുന്ന വണ്ടിക്കാരൻ അങ്ങനെയുള്ള ലിസ്റ്റിൻറെയും പട്ടികയുടെയും ഒരു പ്രതി വച്ചുകൊള്ളേണ്ടതും വള്ള പേലീസാഫീസുകളിലെയും പരിശോധനയ്ക്കായോ വാടകക്കു എടുത്തയാളുടേതായോ യാത്രക്കാരന്റേതായോ അറിവിനായോ ചോദിച്ചാവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതും അതിൽ വീഴ്ച ചെയ്യുകൽ പത്തുരൂപായ്ക്കു കവിയാത്ത പിഴക്കു പാത്രമായിത്തീരുന്നതും ആകുന്നു".

൩-ാം ഉപവകുപ്പ്, ഓരോ കൂലിവണ്ടിയുടേയും വണ്ടിക്കാരൻ വണ്ടിയിൽ മറെറാരുതകിടുകൂടി ചേർത്തിരിക്കേണ്ടതാണെന്നു ആവശ്യപ്പെടുന്നു.

൩-ാം ഉപവകുപ്പു ഇപ്രകാരം ആണ്.

"ഓരോരോ കൂലിവണ്ടിയിലും അങ്ങനെയുള്ള ഒരു തകിടു ചേർച്ചിരിക്കേണ്ടതും അങ്ങനെയുള്ള വല്ലതകിടിലും അച്ചടിച്ചിരിക്കുന്നതിൽ വല്ലോരേയും അവ്യക്തമായിതീർക്കയോ മാഞ്ഞുപോകുകയോ ചെയ്യുമ്പോൾ എല്ലുംകൂടി അതിനെ മാറി പുതിയതകിടു വണ്ടിയിൽ എല്ലാവരും കാണത്തക്കസ്ഥലത്തു വീണ്ടും പതിക്കേണ്ടതും ആകുന്നു."

കൂലിയും ഓരോസ്ഥലങ്ങൾതമ്മിൽഉള്ള ദൂരവും വിവർമായി കാണിക്കുന്ന ഒരു പട്ടികവച്ചുകൊണ്ടിരിക്കുന്നതിനും വണ്ടിക്കാരൻ ൧൯-ാം വകുപ്പിലെ (ന)-ാം ഉപവകുപ്പനുസരിച്ചു നിർബന്ധിതനായിരിക്കുന്നു. അതുകൊണ്ടു ൩-ാംവകുപ്പു അനുസരിച്ചു അയാൾ വിലയ്ക്കുവാങ്ങേണ്ടിയിരിക്കുന്ന തകിടു ആയശ്രമത്തിൽ കൂടുതലാണ് അതുകൂടുതൽ ആണെന്നുതന്നെയുമല്ല വണ്ടിക്കാരനു പൊതുവെ ചിലവാകുന്നു. ഈയാൾ വിലയ്ക്കുവാങ്ങേണ്ടതായിരിക്കുന്ന ഈ തകിട്ടിൽ പട്ടികയിൽ അടങ്ങിയിരിക്കുന്നതിൽ കൂടുതലായി യാതൊരുവിവരവും ഉണ്ടായിരിക്കുന്നും ഇല്ല. ൧൯-ാം വകുപ്പു (൨)-ാം ഉപവകുപ്പു ഇപ്രകാരം ആകുന്നു.

'ലിസ്റ്റുകൊടുക്കും പട്ടികകൊടുക്കും പ്രതികും ഓരോ പ്രതിക്കും നാലുചക്രംവീതം ഫീസ് ഒടുക്കിയാൽ എല്ലാആപേക്ഷകർക്കും കൊടുക്കുന്നതുണ്ട്."

അതുകൊണ്ടു തകിട്ടിന്റെ ഉദ്ദേശം ൧൯-ാം വകുപ്പിലെ (൮)-ാം ഉപവകുപ്പിനാൽ മുമ്പിലെ സിദ്ധമായിരിക്കുന്നു. ആ ഉപവകുപ്പു ആകട്ടെ ലിസ്റ്റും പട്ടികയും വണ്ടിയിൽവച്ചുകൊണ്ടിരിക്കണം എന്നു നിർബന്ധിക്കുന്നു. അതുകൊണ്ടു വണ്ടിക്കാരൻ മറെറാരു തകിടുവച്ചുകാണ്ടിരിക്കണം എന്നു നിർബന്ധിക്കുന്നതുകൊണ്ടു ലിസ്റ്റിൽ വണ്ടിക്കാരൻ മുമ്പിൽ കൊണ്ടുപോകുന്നതായവിവരം തകിട്ടിൽകൂടി കൊണ്ടുപോകുന്നതിനായി ഏതുപ്രകാരംകൂടി അയാൾ കൈകൊള്ളേണ്ടിയിരിക്കുന്നു. അതുകൊണ്ടു (ആ)-ം (ന)-ം ഉപവകുപ്പുകൾ വിട്ടേക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഞാൻ ഈ ഭേദഗതി അനുകൂലിക്കുന്നു. മേലാൽ വണ്ടിക്കാരൻ രണ്ടുകാണ്ഡങ്ങൾ വച്ചുകൊണ്ടിരിക്കണം എന്നു ഈ ഭേദഗതി വ്യക്തമാകുന്നു. ഒന്നു ഒരു ഇങ്ങുകടലാസും മറെറാന്നു ഒരു തകിടും ആണ്. കടലാസിൽ വിവരമായ സംഗതികൾ അടങ്ങിയിരിക്കുന്നു. അതി

ലേക്ക വില അയ്യാംകൊട്ടക്കണം. ചെമ്പുത്തകിട്ടം അയ്യാം വിലക്കുവാങ്ങിക്കണം എന്നാൽ അതിൽ യാതൊരു കൂട്ടുതൽ വിറവും ഇല്ല. അതു കേവലം അലങ്കാരമായി വച്ചുകൊണ്ടിരിക്കേണ്ടതേയുള്ളു. അതുകൊണ്ടു ഡ്രൈവരുടെ മേൽച്ചുമത്തുന്ന ഈ കൂട്ടുതൽ ഭാരം അനാവശ്യം ആണെന്നതോന്നുന്നു. അതുകൊണ്ടു ഞാൻ ഈ ഭേദഗതിക്കൂടി പിൻതാങ്ങുന്നു.

മി: എം. ശിവതാണുപിള്ള (തോപ്പാളി) താന്റെ ഉപക്ഷേപത്തെ പിൻതാങ്ങണം എന്ന ഒരു മെംബർ മറെറാരു മെംബറെ നിർബന്ധിക്കാമോഎന്നുള്ള സംഗതിയെക്കുറിച്ചു ഒരു തീർച്ചയായ ഉത്തരവു അധ്യക്ഷൻ നിൽക്കുന്ന ചോദിക്കേണ്ടിയിരിക്കുന്നു. (ചിരി).

മി: കുഞ്ഞാപ്പ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർവക്കീൽ). ഈ ഭേദഗതിയുടെ പ്രയോക്താവു സഭാം വകുപ്പ് (ന) ം ഉപവകുപ്പിന്റെ ഉദ്ദേശത്തെയും ഇപ്പോഴത്തെ (ഭ)-ാം ഉപവകുപ്പിന്റെ ഉദ്ദേശത്തെയും ശരിയായി ഗ്രഹിച്ചിട്ടില്ല എന്നു ഞാൻ ആശങ്കിക്കുന്നു. സഭാം വകുപ്പിലെ (ഭ)-ാം ഉപവകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"അങ്ങനെയുള്ള ലിസ്റ്റിനു പട്ടികകൊടുക്കും പകർപ്പുകൾ ഓരോ പ്രാവിശ്യം നാലുചക്രം ഫീസ്കൊടുത്താൽ എല്ലാ അപേക്ഷകന്മാർക്കും കൊടുക്കുന്നതാകുന്നു"

ലിസ്റ്റും പട്ടികയും സഭാം വകുപ്പിലെ (ഫ)-ം ഉപവകുപ്പിൽ താഴെപറയുംപ്രകാരം വിവരിച്ചിരിക്കുന്നു.

"രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ സഭ-ാം വകുപ്പു അനുസരിച്ചു പ്രസിദ്ധപ്പെടുത്തുന്ന കുലികളുടെ ലിസ്റ്റ് ഇംഗ്ലീഷിലും മലയാളത്തിൽ മറെറാ നാട്ടുഭാഷകളിലും തയ്യാറാക്കിയും ഏതേതുസ്ഥലങ്ങളിൽനിന്നു ഏതേതു പ്രധാനസ്ഥലങ്ങൾവരെ കൂലിവണ്ടികൾ സഞ്ചരണമായി ഓടുന്നുവൊ അവയ്ക്കുതമ്മിലുള്ള ദൂരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ആലിസ്റ്റുകളോടുകൂടി കച്ചക്കും ചെയ്യേണ്ടതാകുന്നു."

ഈവിധം ലിസ്റ്റ് ഒരു വലിയ ലിസ്റ്റ് എന്നു പറയാവുന്നതാണ്. അതിനു കൂലിവിവരം മാത്രമല്ല വിവിധസ്ഥലങ്ങൾതമ്മിൽ ഉള്ള ദൂരങ്ങളും കാണിച്ചിരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): ലിസ്റ്റുകളിൽ കൂലിവിവരം അടങ്ങിയിരിക്കുന്നവൊ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: കുഞ്ഞാപ്പ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർവക്കീൽ) അതിൽ കൂലിവിവരം ദൂരവിവരവും അടങ്ങിയിരിക്കുന്നവൊ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു. നേരെമറിച്ചു തകളിൽ അടങ്ങിയിരിക്കുന്നതാവിതു.

"രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ (ഫ)-ം ഉപവകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന കൂലികളുടെ സംഗ്രഹവും തയ്യാറാക്കിച്ചു കവടിയിട്ടതകിട്ടുകളിൽ അച്ചടിപ്പിക്കേണ്ടതും അങ്ങനെയുള്ള തകിട്ടുകളും ഓരോതകിട്ടിനും എട്ടുചക്രംവീതം ഫീസ് കൊടുക്കുമ്പോൾ എല്ലാ അപേക്ഷകന്മാർക്കും കൊടുക്കുന്നതും ആകുന്നു."

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഇവരണ്ടിനും തമ്മിൽഉള്ള വ്യത്യാസം എന്തെന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: കുഞ്ഞാപ്പ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കീൽ) തകിട്ടിൽ സംഗ്രഹമേയുള്ളു. അതും കൂലിയുടെമാത്രം. എന്നാൽ കടലാസ്സിൽ ആകട്ടെ വിവിധസ്ഥലങ്ങൾതമ്മിൽഉള്ള ദൂരവും കൂലിയെസംബന്ധിച്ചു വിവരമായ സംഗതികളും അടങ്ങിയിരിക്കുന്നു. തകിട്ടിൽ കൂലിയുടെ സംഗ്രഹമാത്രമേയുള്ളു. അതു യാത്രക്കാർക്കു എളുപ്പത്തിൽ കാണാവുന്നവിധം വണ്ടിയിൽ പ്രധാനപ്പെട്ടസ്ഥലത്തു ഉറപ്പിച്ചുവച്ചിരിക്കയും വേണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അയ്യാം അതു അകത്തു വച്ചുകൊണ്ടിരിക്കാമോ?

മി: കുഞ്ഞാപ്പ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): നാം ഇപ്പോൾ പയ്യാലോചിച്ചു വരുന്ന ബില്ലിൽ അനുസരിച്ചു ഡ്രൈവർ തകിടിനെ എല്ലാരും കാണത്തക്ക സ്ഥലത്തു ഉറപ്പിച്ചു വച്ചിരിക്കണം എന്ന നിർബ്ബന്ധം ആകുന്നു. എന്നാൽ കടലാസ് അങ്ങനെ വച്ചിരിക്കേണ്ട.

മി: എം. ശിവതാണുപിള്ള (തോപ്പാളി): ഡ്രൈവർ ആ കടലാസുവച്ചു കൊണ്ടിരിക്കണം എന്നു നിർബ്ബന്ധിക്കുന്നതെന്തിനു.

മി: കുഞ്ഞാപ്പ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): അതിൽ എല്ലാ വിവരങ്ങളും അടങ്ങിയിരിക്കുന്നതുകൊണ്ടു: തകിട് സ" ... ട ആകൃതിയിൽ ചെറിയതാണ്. ഏതു യാത്രക്കാരനും എളുപ്പത്തിൽ കാണത്തക്കവണ്ണം അതു വണ്ടിക്കുപുറത്തു ഉറപ്പിച്ചുവച്ചിരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): സഭാം വകുപ്പ് (ന)-ം ഉപവകുപ്പിനെ ഈ സഭാംഗങ്ങളുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടു വരട്ടയോ? അതിപ്രകാരം ആകുന്നു:

"കൂലിക്കു വിട്ടുന്നതിനായി നിൽക്കുന്നതൊ സഞ്ചരിക്കുന്നതൊ ആയ ഓരോ കൂലി വണ്ടിയും ഓടിക്കുന്നവണ്ടിക്കാരൻ അങ്ങനെയുള്ള ലിസ്റ്റിന്റേയും പട്ടികയുടേയും ഒരു പ്രതി കൂടെകൊണ്ടുണ്ടായിരിക്കയും വല്ല പൊലിസാഫീസന്മാരുടേയും പരിശോധനയ്ക്കുവേണ്ടിയൊ വാടകയ്ക്കു എടുക്കുന്ന ആളുടേയൊ യാത്രക്കാരന്റേയൊ അറിവിനായൊ ചോദിച്ചാവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതും അതിൽ വീഴ്ച സംഭവിച്ചാൽ പത്തുരൂപായിൽ കവിയാത്ത പിഴയ്ക്കു പാത്രമാകുന്നതും ആകുന്നു"

മി: കുഞ്ഞാപ്പ പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): വണ്ടി വാടകക്കു എടുക്കുന്നയാൾ അതിനെ കുറിച്ചു ഒന്നിക്കയും അതു ഡ്രൈവർ കാണിക്കേണ്ടതാണെന്ന നിർബന്ധിക്കുന്നതായ നിയമത്തെ ഓർമ്മിക്കയും ചെയ്യുന്നതായാൽ വാടകക്കു എടുക്കുന്നയാൾക്കു നിശ്ചയമായും അതു കാണണം എന്നു ചോദിക്കാം. നേരെ മറിച്ചു തകിട്ടിനെ വണ്ടിക്കകത്തു എല്ലാവർക്കും കാണാവുന്ന സ്ഥലത്തു ഉറപ്പിച്ചു വച്ചിരുന്നാൽ യാത്രക്കാരൻ ഉടനടി അതു കാണും.

മി: കെ. ശിവരാമപ്പണിക്കർ (കോത്തല): കടലാസ് പ്രാട്ടുകൂട്ടിൽ ചേർത്തുവയ്ക്കാൻ പാടില്ലാത്തവിധം അതു വലുതാണൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ് സക്കാർ വക്കീൽ): അതേ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പേപ്പർ ശരിയായ വിധം വച്ചു കൊള്ളേണ്ടതു വണ്ടിക്കാരന്റെ കുറ്റം അല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ് സക്കാർ വക്കീൽ): അതു ഡബ്ലുടത്തും ഉറപ്പിച്ചു വച്ചിരിക്കണം എന്ന ചട്ടപ്രകാരം നിർബന്ധം ഇല്ല. അതു അയാളുടെ കൈവശം ഇരുന്നാൽ മതിയാകും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറ്റിനെ കൊണ്ടു കൂടുതൽ ഉപയോഗം എന്താണ്?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഫൊഡ് സക്കാർ വക്കീൽ): കുലിയേയും വിവിധ സ്ഥലങ്ങളും തമ്മിലുള്ള ദൂരത്തേയും സംബന്ധിച്ച വിവരമായ അറിവു അതിൽ അടങ്ങിയിരിക്കുന്നു. ഉദാഹരണമായി തിരുവനന്തപുരത്തു നെയ്യിൽപെ സ്റ്റേഷനിൽ നിന്നു മണക്കാട്ടേക്കും മണക്കാട്ടിനു നിന്നുവല്ലത്തേക്കും മറ്റും ഭാരം അറിയാൻ നിശ്ചയിക്കുവാൻ കഴിയും. നേരേ മറിച്ചു ആളുടെ തൂക്കം മണിക്കൂറിനു ഒരു രൂപാ നൈൽ ഒന്നുക്കു വീതമോ മറ്റോ ആണോ എന്നുള്ള കാര്യം മാത്രമേ ചിറ്റിൽ ഉള്ളു.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും-തെക്കു). ഈ സ്ഥിതിക്കു ചിറ്റിൽ അടക്കിട്ടില്ലാത്ത യാതൊന്നും തകിടിൽ ഇല്ലല്ലൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ് സക്കാർ വക്കീൽ): ഇല്ല. ചിറ്റിൽ അടങ്ങിയിരിക്കുന്ന വാടകയുടെ മാത്രം സംഗ്രഹമേയാകുന്നുള്ളു അതു്.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൈസിഡണ്ട്): ഇക്കാര്യത്തിൽ ഒരു ഉർഡ്വടം ഞാൻ കാണുന്നു. ഭേദഗതി (ഭ)-ം (ന്യ)-ം ഉപവകുപ്പുകളെ വിട്ടേക്കണം എന്നാണ്. ഇതിൽ നാം ഇപ്പോൾ സംസാരിച്ചു വരുന്നതായ (ര)-ം ഉപവകുപ്പിനെ കുറിച്ചു ഒന്നും ഇല്ല. (ര)ം ഉപവകുപ്പിൽ വാടകയുടെ ചുരുക്കം തയ്യാറാക്കി കവടിയിട്ട തകിടിൽ അച്ചടിച്ചു വയ്ക്കണം എന്നും അതിലേക്കു വണ്ടിക്കാർ ഏഴു ചക്രം കൊടുക്കണം എന്നും പറഞ്ഞിരിക്കുന്നു. ആ ഉപവകുപ്പു പോരാത്തതാണെന്നു ബാധിക്കപ്പെട്ടിരിക്കുന്നു.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും-തെക്കു): ഓരോ വണ്ടിക്കാരനും ഇതുവച്ചു കൊണ്ടിരിക്കണം എന്നു നിർബന്ധിക്കുന്നതു (ര)-ം ഉപവകുപ്പല്ല (ഭ)-ം ഉപവകുപ്പാണ്. എന്നുപബന്ധിതമായ ഡെപ്യൂട്ടി പ്രൈസിഡണ്ടിനോടു ഞാൻ ചൂണ്ടിക്കാണിക്കട്ടയോ?

മി: വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രൈസിഡണ്ടു): എന്നാൽ വില കൊടുക്കണം എന്നുള്ളതു (ര)-ം ഉപവകുപ്പനുസരിച്ചു തന്നെയാണ്. (ര)-ം ഉപവകുപ്പു ഇപ്പോകാരം തന്നെ.

"രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ക-ം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന കൂലികളുടെ ഒരു സംഗ്രഹവും തയ്യാറാക്കിച്ചു് കവടിയിട്ടതകിടുകളിൽ അച്ചടിപ്പിക്കേണ്ടതും അങ്ങനെയുള്ള തകിടുകൾ ഓരോ തകിട്ടിനും ഏഴു ചക്രം ഫീസ് കൊടുക്കുമ്പോൾ എല്ലാ അപേക്ഷകന്മാർക്കും കൊടുക്കേണ്ടതും ആകുന്നു"

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും-തെക്കു): ബില്ലിൽ വ്യവസ്ഥചെയ്തിരിക്കും പോലെ ഡ്രൈവർ തകിടു ഉറപ്പിച്ചു വച്ചില്ലെന്ന വരികിൽ അയാളെ ശിക്ഷാർഹൻ ആക്കുന്നതു (ന്യ)-ം ഉപവകുപ്പാണെന്ന ഞാൻ ഡെപ്യൂട്ടിപ്രൈസിഡെൻറിനോടു ചൂണ്ടിക്കാണിക്കട്ടയോ?

മി: വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൈസിഡെൻറു): എനിക്കു അത് അറിയാം. രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ അതു ഡ്രൈവർക്കു കൊടുക്കേണ്ടതാണെന്നും ഡ്രൈവർ ഏഴു ചക്രം കൊടുക്കേണ്ടതാണെന്നും (ര) മതത്ത ഉപവകുപ്പു പറയുന്നു എന്നാണ് എന്റെ വാദം. തകിടു വാങ്ങിച്ചതിൽ പിന്നീടു ഡ്രൈവർ എന്തു ചെയ്യണം എന്നു മാത്രമേ (ഭ)-ം ഉപവകുപ്പു പറയുന്നൊള്ളു.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും-തെക്കു): ഡ്രൈവർ അപേക്ഷിക്കുമ്പോൾ മാത്രമേ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ കൊടുക്കേണ്ടതുള്ളു എന്നു (ര)-ം ഉപവകുപ്പു പറയുന്നു.

പ്രൈസിഡെൻറ്: ഡ്രൈവർ അപേക്ഷിക്കേണ്ടതാകുന്നു എന്നു നാം പറയുന്നു.

മി. എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും-തെക്കു): (ര)-ം ഉപവകുപ്പല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പണ്ടിതരായ ഡെപ്യൂട്ടിപ്രൈസിഡെൻറ് ഒരു ഭരണവിധാനമണ്ഡലം വിശദീകരിക്കയാകുന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. നിർബന്ധിക്കുന്ന വകുപ്പു ര അല്ല ഭ ആകുന്നു, ര-ം വകുപ്പു പറയുന്നു.

"(ര)-ം ഉപവകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന കൂലികളുടെ ഒരു സംഗ്രഹം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തയ്യാറാക്കിക്കയും അച്ചടിപ്പിക്കയും ചെയ്യേണ്ടതാകുന്നു എന്നാണ്.

എന്നാൽ ഒരാൾ അപേക്ഷിക്കുന്നതായാൽ ഫീസ് ഏഴുചക്രം അയിരിക്കുന്നതും അതു് അയാളിൽനിന്നു് ഈടാക്കേണ്ടതും ആകുന്നു. എന്നാൽ വാസ്തവത്തിൽ ഉള്ള നിർബന്ധശക്തി ഭ-ംവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ശിക്ഷയാകുന്നു. ആ വകുപ്പിനാണ് എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പുരമാർപിള്ളയുടെ ക്ഷേപം പറയുന്നതു്. അക്കാരണത്താൽ ഞാൻ അദ്ദേഹത്തിനോടു യോജിക്കുന്നില്ല. എല്ലുകൊണ്ടെന്നാൽ തകിടു് ഉറപ്പിച്ചുവച്ചിരിക്കണം എന്നുള്ളതു ജനങ്ങളുടെ സൌകര്യത്തിലേക്കു വളരെ പ്രധാനവും ആവശ്യവും ആകുന്നു. ഇതിനു ഭ ചക്രമേ ചിലവൊള്ളു. എന്നാൽ യാത്രചെയ്യുന്നവരും പ്രൈവർമാർ ഒരു ലിസ്റ്റു വച്ചു കൊണ്ടിരുന്നേതീരു എന്നു വ്യവസ്ഥയുള്ളതായി അറിയാൻ പാടില്ലാത്തവരും ആയ ജനങ്ങൾക്കു ഇതുവളരെ ഉപകാരമാകുന്നു. എന്നാൽ അതിനെ വണ്ടിയിൽ പ്രധാനപ്പെട്ട ഒരുസ്ഥലത്തു വച്ചിരുന്നാൽ എല്ലാവക്കും കാണുകാണാൻ കഴിയും.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): ഒരു പുതിയതകിടും അതിനുവിലയും വേണ്ടതാണെന്നു നിർബന്ധിക്കുന്നതിനുപകരം ഇതിനെത്തന്നെ ഉറപ്പിച്ചു വയ്ക്കുന്നതിൽ വല്ല ആക്ഷേപവും മെംബർക്ക് ഉണ്ടോ എന്നു എനിക്ക് അറിയേണ്ടിയിരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): തീരുമായില്ലാ ഏതെങ്കിലും ഒന്ന് ഉറപ്പിച്ചുവച്ചിരിക്കണം എന്നേയുള്ളൂ. ഈതിന വ്യവസ്ഥചെയ്യിട്ടില്ലാത്തസ്ഥിതിക്കു ജനഹിതത്തെ കരുതി അതു ചെയ്യേണ്ടതുകൊണ്ടു അതുകൊണ്ട് ആ വകുപ്പ് ഉണ്ടായിരിക്കുന്നതുനന്നായിരിക്കണം.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): തകിടും ഉണ്ടായിരിക്കണമെന്നുള്ളതിലെ പണ്ഡിതരായ ചാമെംബർ പറഞ്ഞ യുക്തിവാദം എനിക്കു പിടികിട്ടുന്നില്ല. തകിട്ടിലും ഉണ്ടായിരിപ്പാണതെന്നു വിചാരിച്ചുകൊണ്ടിരിക്കുന്ന അതേ വിവരങ്ങൾ തന്നെ അടങ്ങിയിരിയ്ക്കുന്നതായ ഒരു പിസ്റ്റ് വച്ചുകൊണ്ടിരിപ്പാൻ നമുക്കാവശ്യപ്പെടുന്നതു (ക്ര)ംഉപവകുപ്പനുസരിച്ചു ഒരോ രെജിസ്ട്രാരും നിർബന്ധിതനായിരിക്കുന്നു. തകിട്ടിൽ ഉള്ളതായ ക്ലൂടതരമായ വിവരങ്ങൾ പിസ്റ്റിലും ഉണ്ട് എന്നുള്ള കാരണത്തെമാത്രം അടിസ്ഥാനപ്പെടുത്തി മിസ്സിൽ ഉള്ളതായ വിവാഹത്തിൽ ഒരംശമാത്രം അടങ്ങിയിരിക്കുന്ന മറൊരു തകിടുവച്ചുകൊണ്ടിരിക്കുന്നതായി ഫ്ലീചക്രം കൊടുക്കണമെന്നു ആവശ്യപ്പെട്ടു ഡ്രൈവറെ ശിക്ഷിക്കേണ്ടിയിരിക്കുന്നു. ക്ലൂടതൽകരം ഡ്രൈവർ കൊടുക്കണം എന്നു ആവശ്യപ്പെടുന്നതു വളരെ കഷ്ടം ആണെന്നു എനിക്കു തോന്നുന്നു.

മി: എം. ശിവതാണുപിള്ള (തോപ്പേള്): അദ്ദേഹത്തിനു ആക്ഷേപം ഉള്ളതു ക്ലൂപിവണ്ടിയിൽ പിസ്റ്റ് പതിച്ചിരിക്കുന്നതിനൊ ഫീസ് ആവശ്യപ്പെടുന്നതിനൊ എന്നു എനിക്കു അറിയേണ്ടിയിരിയ്ക്കുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഞാൻ പറഞ്ഞതു മെംബർ ധരിച്ചുഎന്നു വിശ്വസിക്കുന്നു. തകിട് ഉറപ്പിച്ചു വയ്ക്കുന്നതിനായി ഫീസ് ആവശ്യപ്പെടുന്നതിനെ ഞാൻ ആക്ഷേപിയ്ക്കുന്നു.

മി: എം. ശിവതാണുപിള്ള (തോപ്പേള്): ഫീസു ചുമത്തുന്നതിനേക്കാൾ ക്ലൂപിവണ്ടിയിൽ തകിട് ഉറപ്പിച്ചുവയ്ക്കുന്നതിലേക്കാ ആക്ഷേപം എന്നാണ്ണ് അദ്ദേഹത്തിനു എന്നു എനിയ്ക്കു അറിയേണ്ടിയിരിയ്ക്കുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): രണ്ടാമതേതിനു യാതൊരാക്ഷേപവും എനിക്കില്ല.

മി: എം. ശിവതാണുപിള്ള (തോപ്പേള്). തകിട്ടിനു ഫീസു ആവശ്യപ്പെടുന്നതിനെ മെംബർ ആക്ഷേപിയ്ക്കുന്നുവൊ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അതേ, തകിടുകൊടുക്കായിരുന്നുവേങ്കിൽ ഫീസു ചുമത്തുന്നതിനെ ഞാൻ ആക്ഷേപിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ദേഹം വിവരിയ്ക്കുന്ന ഈ തകിടുകൊടുക്കുന്ന കാലത്തിൽ ഒടിക്കൽമാത്രമെ വിലയ്ക്കു വാങ്ങിയേക്കേണ്ടിയുള്ളു എന്നു ഞാൻ മെംബറോടു പറയട്ടയൊ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവുംവ്യവസായവും തെക്ക്): അല്ല, അങ്ങനെയല്ല ആതിലെ കവിടി പുതുക്കിക്കുണ്ണം കളഞ്ഞുപോയാൽ അപ്പോൾ വിലകൊടുത്തു വാങ്ങിക്കണം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വല്ലവരും മോഷ്ടിച്ചുകൊണ്ടുപോയി എന്നിരിക്കട്ടെ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): തകിട് ഉറപ്പിച്ചു വച്ചിരിക്കുന്നതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ള ഫലം വാടകക്കാരൻ വണ്ടി ഉപയോഗിച്ച കാലത്തേക്ക് എന്തു വാടകകൊടുക്കണമെന്നു അറിയുന്നതിനായിട്ടാകുന്നു. നമ്പർ കാണുകയുള്ളൂ ഉദ്ദേശിച്ചിരിക്കുമ്പോലെ ലിസ്റ്റുകുണ്ടിക്കാൻ അയാൾക്കു വണ്ടിക്കാരനോട്ട് ആവശ്യപ്പെടുകയും അതിൽനിന്നു വാസ്തവത്തിൽ വാടക എന്തു എന്നു സ്വയം ബോധ്യപ്പെട്ടുകൊള്ളുകയും ചെയ്യാവുന്നതാണ്.

മി: കെ. ഐ. ജോസഫ് (ജീനച്ചുമും ദേവികുളവും): അതു നിങ്ങൾക്ക് വേണ്ട എന്നു ഡ്രൈവർ പറഞ്ഞാലോ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ശിക്ഷയുണ്ട്. ഈ നിർബന്ധത്തിനു പിന്നിട്ട തകിട് ഉറപ്പിച്ചു വയ്ക്കുവിരുന്നാൽ വാടകക്കാരനു ഒന്നുംചെയ്യാൻ കഴിയുകയില്ല.

മി. കെ. ഐ. ജോസഫ് (ജീനച്ചുമും ദേവികുളവും): അതേ. അതിൽപിന്നീട് നടപടിനടത്താൻ മറ്റുദ്യോഗസ്ഥന്മാർ ഉണ്ടല്ലൊ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അങ്ങനെയായാലും വാടകക്കൊടുക്കുന്നവൻ "മറ്റുദ്യോഗസ്ഥന്മാരോട്" അപേക്ഷിക്കണം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയൊരു ലിസ്റ്റുണ്ട് എന്നു വാടകക്കൊടുക്കുന്ന സാധാരണയാൾക്കു അറിഞ്ഞുകൂടാ എന്നുള്ള വസ്തുത ബഹുമാനപ്പെട്ട സ്നേഹിതൻ വിസ്മരിക്കുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ ഒരുപക്ഷെ അദ്ദേഹം എല്ലാനിബന്ധനകളും തൃപ്തിയാകുംവണ്ണം നിറവേറിയിട്ടില്ലെങ്കിൽ രജിസ്റ്റർ ചെയ്യുകയില്ല. അതുകൊണ്ടു വണ്ടിക്കാരൻ മറൊരാളുടെ കൊടുക്കണം എന്നും മറൊരാളുടെ തകിട് വച്ചുകൊള്ളണമെന്നും ആവശ്യപ്പെടുകയുണ്ടാകുന്നുള്ളൂ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാമാന്യേന തിരക്കായി വണ്ടി വാടകയ്ക്കുവിടാൻ ഇടയുണ്ടെന്നു വണ്ടിക്കാർ വിചാരിക്കുന്നതായ ഒരു ദിവസത്തിൽ ഒരു വണ്ടിക്കാരൻ ഒരു വണ്ടിയിലെ തകിടിനെ ഉപയോഗപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാറിവയ്ക്കുകയും തനിക്കു തകിടില്ലാത്തതു നിമിത്തം തന്റെ വണ്ടി വണ്ടിപ്പുരയിൽ നിർത്തിവയ്ക്കുവാനെപോടുള്ള എന്നും അയാളെ കയ്യുവശാൽ നിർബന്ധിക്കയും ചെയ്യുന്നതായാൽ ആപത്തുണ്ടായേക്കാമൊ എന്നു മെംബറിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): അങ്ങനെയൊന്നുണ്ട്, മ റൊരു ഗ്രർമ്മേടം കൂടിയുണ്ട്. വണ്ടിക്കാർ വിഴുപ്പു വാങ്ങിക്കേണ്ടിയിരിക്കുന്നതായ ചിസ്റ്റിനുള്ള വിചയ്ക്കുപുറമെ ഏഴുചക്രുക്കൂടി അവർക്കൊടുക്കുവാൻ നിർബന്ധിതരായ അധികച്ചിലവും ഉണ്ടെന്നു അങ്ങനെയാണ് എനിക്കു തോന്നുന്നു.

മി: എം. ശിവതാണുപിള്ള (തോവാള) അതു നാലുചക്രം ആക്കിയാൽ മെംബക്ക് തൃപ്തിയാകുമോ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ചിലപ്പോഴൊക്കെ മിച്ചമുള്ള ഒരു കാലണ്ണു ഫീസൊന്നും ഇല്ലാതാക്കാൻ നമുക്കു സാധ്യമാണ്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർവക്കിൽ): വഴിയാത്രക്കാക്ക് എളുപ്പത്തിൽ കണ്ടറിയാവുന്നതിലേക്കായി തകിടു വണ്ടിയിൽ എല്ലാവക്കും കാണാവുന്നസ്ഥലത്തു് ഉറപ്പിച്ചു വയ്ക്കണ്ടതു് ആവശ്യമാണെന്നു പ്രായേണ എല്ലാവരും സമ്മതിച്ചിട്ടുണ്ടെന്നു. പട്ടികയും വാടകയും ഇവയും കാണിക്കുന്നതായ പുസ്തകം ഉണ്ടായിരിക്കേണ്ടതു് ഉറപ്പിച്ചുവച്ചുകൂടാത്തതെന്തു് എന്നാണു മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ ചോദ്യം. അതു് ഒരു വലിയ സാധനമാണ് അതുകൊണ്ടു് അതിനെ ഉറപ്പിച്ചുവയ്ക്കാൻ നിവൃത്തിയില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): അതിനൊരു വലിപ്പം എന്തായിരിക്കണം?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): അതെനിക്കു അറിഞ്ഞുകൂടാ അതു വലിയതാണ്. അതു വാങ്ങിയാൽ ഉറപ്പിച്ചു വച്ചിരിക്കാൻ വ്യവസ്ഥയില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): ലിസ്റ്റ് ഉറപ്പിച്ചുവയ്ക്കുവാനുള്ള വിധത്തിൽ വല്ല ഭേദഗതിക്കും നിങ്ങൾ നിർദ്ദേശിക്കുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): ഇല്ല; ഈ വകുപ്പു ഉണ്ടായിരിക്കുന്നതു വളരെ ആവശ്യം അങ്ങനെയെന്നു എനിക്കു തോന്നുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്). സർ, ആവശ്യകത ഞാൻ കാണുന്നില്ല-ഭേദഗതി വേണ്ടാഎന്നു ഞാൻ നിർബന്ധിക്കുന്നു.

ഭേദഗതിയെപ്പറ്റി സഭയുടെ അഭിപ്രായം ഗ്രഹിച്ചതിൽ മൂന്നുപേർ അനുകൂലിക്കും ഇരുപത്തെട്ടുപേർ പ്രതികൂലിക്കും ആയിരുന്നതിനാൽ അതുതള്ളപ്പെട്ടതായി പ്രഖ്യാപിച്ചിക്കപ്പെട്ടു.

പ്രൊസിഡൻറ്:-മൂന്നാം വകുപ്പു ബില്ലിനെ അംശം ആയിരിക്കണം എന്നാക്കുന്ന പ്രശ്നം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്കാർ വക്കീൽ) ബിൽ അടുത്ത ഒരു യോഗത്തിൽ സ്വീകരിച്ചു പാസ്സാക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർൺമെൻറ് സെക്രട്ടറി) ഞാൻ അതു പിൻതാങ്ങുന്നു.

ഉപേക്ഷപം വോട്ടിനിട്ടതിൽ പാസ്സായി.

പ്രൊസിഡൻറ്: നാളെ കാലത്തു പതിനൊന്നരമണിക്കു കൂടുന്നതിനായി നാം ഇപ്പോൾ പിരിയാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാളെ സർക്കാർ കാര്യമോ അനുദ്യോഗസ്ഥകാര്യമൊ നാം നടത്തേണ്ടതു?

പ്രൊസിഡൻറ്: അനുദ്യോഗസ്ഥകാര്യം.

സഭായോഗം പിറ്റേദിവസം പതിനൊന്നരമണിക്കു കൂടുന്നതിനായി രാവകുന്നേരം അഞ്ചുമണിക്കു പിരിഞ്ഞു.

പി. എൻ. കുഞ്ഞുപിള്ള,
നിയമ സഭാ സെക്രട്ടറി.

അനുബന്ധം

തിരുവിതാങ്കോട്ടു കുഡി വണ്ടി റഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

ഹാവുൻമാജെസ്റ്റി സ്സംറഗുലേഷൻ ആയ കുഡിവണ്ടി റഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബില്ലിനായി നിയുക്തമായ പ്രത്യേക കമ്മിട്ടിയിലെ അംഗങ്ങൾ ആയ താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ ബില്ലിനെ പറ്റി ആലോചിച്ചു് ഞങ്ങളുടെ ഈ റിപോർട് ഇപ്പോൾ സമർപ്പിക്കുന്നു; ഞങ്ങൾ ഭേദപ്പെടുത്തിയ വിധത്തിൽ ഉള്ള ബില്ലും ഇതിനോടൊന്നിച്ചു ചേർത്തിരിക്കുന്നു.

വകുപ്പു ൨.

ക. വണ്ടിക്കാക്ക് ബാഡ്ജ് കൊടുക്കുന്നവകയ്ക്കു ഫീസ് ചുമത്തേണ്ടെന്നു പൊലീസ് കമീഷണർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടു ഈ വകുപ്പു വിട്ടുകളഞ്ഞു പിന്നീടുള്ള വകുപ്പുകൾക്കു പുതിയ നംബർ ചേർക്കുകയുണ്ടായി.

വകുപ്പു ൪ (പുതിയ വകുപ്പു ൩)

ഡ. (എ) (൪)-ാം ഉപവകുപ്പിൽ 'തയ്യാറാക്കി' എന്നതിനു മുമ്പായി "ഇംഗ്ലീഷിലും സ്ഥലത്തെ നാട്ടുഭാഷയിലും" എന്നു ചേർക്കണം.

(ബി) അതേ ഉപവകുപ്പിൽ അപേക്ഷകന്മാർ എന്നതിനു മുൻപിൻ ഉള്ള 'എല്ലാ' എന്ന വാക്കു് വിട്ടുകളയണം.

വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതാവശ്യമായിരിക്കുന്നതുകൊണ്ടും ബില്ലിനെ തള്ളിപ്പെടുത്തിട്ടില്ലാ എന്നു ഞങ്ങൾ വിചാരിക്കുന്നു.

ഡബ്ലിയു. എച്ച്. പിടേ
കെ. പരമേശ്വരൻപിള്ള
ആർ. രാമൻപിള്ള
കെ. ഐ. ജോസഫ്
കെ. കെ. തോമസ്
എം. എൻ. പിള്ള

ഉത്തരവിൻ പ്രകാരം
ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

ഫോർട്ട്കോച്ചേരി തിരുവനന്തപുരം,
ക്രൻവ 9 സെപ്തംബർ 1904.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർനിയമസഭ.

രണ്ടാമത്തെസഭ.

കമ്മറ്റി-രണ്ടാമത്തെ യോഗം.
(ആദ്ധ്യക്ഷ്യംവഹിച്ചത്:)

ഡിസംബർ സംഖ്യകൾ കമ്മറ്റിയുടെ മുമ്പാകെ വച്ചു-ചർച്ചയിലിരുന്ന സഭാപേക്ഷ കമ്മറ്റിയുടെ അഭിപ്രായത്തിനായി വിട്ടുകൊണ്ടുള്ള പ്രമേയം പാസ്സാക്കി.

ചോദ്യങ്ങളും ഉത്തരങ്ങളും.

പരസ്പരസഹായസംഘരജിസ്ട്രാർമാർ.

ദിവാൻ മി: കെ. മാധവൻപിള്ള (വിദ്യാഭ്യാസ-ഗതാഗതമന്ത്രി):

(ക) കഴിഞ്ഞ പന്ത്രണ്ടുവർഷക്കാലത്തിൽ (കൺസൊളിഡേറ്റഡ് എന്നു ഉദ്യോഗസ്ഥന്മാർ പരസ്പരസഹായസംഘം രജിസ്ട്രാർ ഉദ്യോഗം വഹിച്ചു പോന്ന ഗവർണ്മെന്റ് ഭൃത്യന്മാരായിരുന്നുവോ?

(ഖ) അയാൾ എത്രപേർക്ക് എത്രകാലത്തേക്ക് ഗവർണ്മെന്റ് ചിലവിന്മേൽ പരിശീലനം നൽകീട്ടുണ്ട്?

(ഗ) പരിശീലനം കഴിഞ്ഞശേഷം, ഈ ഉദ്യോഗസ്ഥന്മാർ ഓരോരുത്തരും എത്രകാലം രജിസ്ട്രാരുദ്യോഗം വഹിച്ചിട്ടുണ്ട്?

(ഘ) ഓരോരുത്തരുടെ കയ്യിലുമുള്ള രജിസ്ട്രാരുദ്യോഗം അവസാനിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

(ങ) പരസ്പരസഹായസംഘം രജിസ്ട്രാരുദ്യോഗം വഹിച്ച ചില ഉദ്യോഗസ്ഥന്മാരോപ്പിലോ അമേരിക്കയിലോ ഉള്ള പരസ്പരസഹായസംഘങ്ങളുടെ ഭരണനിർവ്വഹണത്തെപ്പറ്റി പ്രായോഗികപരിചയം സിദ്ധിച്ചിട്ടുണ്ടായിരുന്നോ?

(ങ്ങ) അങ്ങനെയുള്ള പരിചയം തിരുവിതാംകൂറിനു ഉപകാരപ്രദമായിരിക്കുമോ ഇല്ലയോ എന്നു ഗവർണ്മെന്റ് ആലോചിച്ചിട്ടുണ്ടോ?

മി: പി. ജി. കൃഷ്ണപിള്ള (ഗവർണ്മെന്റ് സെക്രട്ടറി): (ക) ആവ്.

(ഖ) ഒന്നു, മി: സി. തോമസ്സിപ്പിള്ള നാലുമാസത്തേക്കും മി. ആർ. ഭാസ്കരപിള്ള ആറു മാസത്തേക്കും.

(ഗ)-ം (ഘ)-ം മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

(ങ) ഇല്ല.

(ങ്ങ) ഇല്ല.

പിരിച്ചയക്കപ്പെട്ട അദ്ധ്യാപകന്മാരുടെ വെർണാക്കുലർ സ്കൂൾ ചീഫ് ഇൻസ്പെക്ടർചെയ്ത നിയമനങ്ങളും.

(ങ്ങ) മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ വെർണാകുലർസ്കൂൾ ചീഫ് ഇൻസ്പെക്ടർ ഇടയിടെ നടത്തിട്ടുള്ള ചില ഫുർപ്പാട്ടുകളെ സംബന്ധിച്ചു, താഴെ ആവശ്യപ്പെടുന്നവിവരങ്ങൾ ഒരു പട്ടികയുടെ രൂപത്തിൽ ഗവർണ്മെന്റ് മറുപടിയായി തരുമോ?

(ക) ഉദ്യോഗത്തിൽ നിന്നു പിരിച്ചു വിട്ട ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ഡിപ്പാർട്ടുമെന്റിൽ അവരുടെ സർവീസും അവരുടെ ജാതിയും;

(ഖ) ഇപ്രകാരം പിരിച്ചുവിട്ട അദ്ധ്യാപകന്മാരുടെ കൂട്ടത്തിൽനിന്നു നിയമിച്ചവരുടെ എണ്ണവും അവരുടെ സർവീസും ജാതിയും;

(ഗ) ഇപ്രകാരം പിരിച്ചുവിട്ട അദ്ധ്യാപകന്മാരിൽ ഇപ്പോഴും ഉദ്യോഗംകിട്ടാതെയുള്ളവരുടെപേരുകളും ജാതിയും സർവീസും;

(ഘ) അദ്ധ്യാപകന്മാരെ ഇപ്രകാരം പിരിച്ചുവിട്ടതിന്റെശേഷം, പുതിയ നിയമനങ്ങളും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ, ആ നിയമനങ്ങളുടെ എണ്ണവും അതിനുള്ള കാരണങ്ങളും.

(ങ) പിരിച്ചുവിട്ടവരിലോ പുതിയ അപേക്ഷകന്മാരിലോ ഉള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ. പെട്ടവരിൽ ഏതുപേക്ഷ് ഇപ്പോഴും ഉദ്യോഗം കിട്ടാതെ ഇരിക്കുന്നു.

മി: കെ. ജോജ്ജ് (ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): (കൺവെൻഷൻ-ന്യൂ) സ്കൂൾ വർഷത്തിന്റെ അവസാനത്തിൽ രണ്ടു മാസം മുൻ ദിവസം മുൽ രണ്ടു വർഷം കഴിഞ്ഞു മാസം വരെവിവസംവരെ ആയിട്ടാണ് സർവീസുള്ള രണ്ടു അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടു. അങ്ങനെയുള്ളവരുടെ ഒഴിവുകളിൽ ആളെ നിയമിച്ചിരുന്നവരെയും കഴിഞ്ഞ മാസത്തിൽ കുറച്ചു മാത്രം. ആളെ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരിൽ ചിലരേയും മേൽപറഞ്ഞ സംഖ്യയിൽ ഉൾപ്പെടുത്തീട്ടില്ല. ഈ രണ്ടു അദ്ധ്യാപകന്മാരുടെ ജാതിവിവരം കാണിക്കുന്ന ഒരു പട്ടിക ഇതോടുചേർത്തിട്ടുണ്ട്,**

(ഖ) പട്ടികയുടെ "ബി" വരിയിൽ പിരിച്ചു വിട്ടവരിൽ നിന്നു നിയമിച്ചവരുടെ ജാതിവിവരം ചേർത്തിരിക്കുന്നു. ഈ ആളുകൾ മൂന്നു മാസം ഒന്നുമുതിവസം മുൽ രണ്ടു വർഷം കഴിഞ്ഞു മാസം വരെ വിവസം വരെ സർവീസുള്ളവരാണ്.

(ഗ) ഈ ചോദ്യത്തിന്റെ വിവരം ഡിപ്പാർട്ടുമെന്റു വഴിയായി ശേഖരിച്ചുവരുന്നു.

(ഘ) പുതിയനിയമനങ്ങളുടെ എണ്ണം കഴിഞ്ഞു ആകുന്നു. ഈ നിയമനങ്ങൾക്കുള്ള കാരണങ്ങളിൽ ചിലതു താഴെ പറയുന്നവയാണ്.

---

*അനുബന്ധം കനോക്കുക. **അനുബന്ധം ഖനോക്കുക.

i. സമുദായ പ്രാതിനിധ്യം.

ii. സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ ഗവണ്മെന്റ് സർവീസിൽ എടുത്തത്.

iii. വിദ്യാഭ്യാസം പിന്നാക്കമായുള്ള സ്ഥലങ്ങളിലെ ആളുകളെ നിയമിച്ചത്.

iv. യോഗ്യതകുറഞ്ഞവരെ വിട്ടു യോഗ്യത അധികമുള്ളവരെ നിയമിച്ചത്.

(ഒ) ഫിഫ്ത്ത് ഫോമിൽ ഫസ്റ്റ് ഫോം വരെ ആശാരിവശ്ശേരിൽ പെട്ടവരും യോഗ്യതയുള്ളവരുമായി നല്ല പേരുടെ അപേക്ഷകരും വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർക്ക് കിട്ടിയിരുന്നു. ഈ അപേക്ഷകന്മാരിൽ നാലുപേർക്ക് വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർതന്നെ ഉദ്യോഗങ്ങൾകൊടുത്തു. ശേഷമുള്ളവരിൽ ഫിഫ്ത്ത് പേരുടെ പേരുകൾ അവർക്ക് ഉദ്യോഗം കൊടുക്കണമെന്നുള്ള ഉപദേശത്തോടുകൂടി കീഴുദ്യോഗസ്ഥന്മാർക്ക് അയച്ചുകൊടുത്തിട്ടുണ്ടോ എന്നും അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ശേഷം വന്ന അപേക്ഷകരും ഫയൽ ചെയ്തു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ രണ്ടാംഭാഗത്തിന്റെ മറുപടിയെസംബന്ധിച്ച് ഇവിടെ പറഞ്ഞകാരണങ്ങളിൽ ഉൾപ്പെട്ടതെന്തായാലും വല്ലനിയമനവും ഉണ്ടായിട്ടുണ്ടോ എന്നുപറയുമോ?

മി. കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) : അതു എനിക്കു പറയാൻ സാധിക്കുമെന്നില്ല. ഇവ കാരണങ്ങളിൽ ചിലതാണ്. നിയമനങ്ങൾക്കുള്ള കാരണങ്ങളിൽ താഴെപറയുന്നവ ഉൾപ്പെടും, എന്നാണ ഡയറക്ടർതന്നെറിപ്പോർട്ട്, എല്ലാ കാരണങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല.

മി: കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുതിയതായി ചെയ്തിട്ടുള്ളനിയമനങ്ങളിൽ എത്ര ബ്രാഹ്മണരും എത്ര ഈഴവന്മാരും ഉണ്ടെന്നുപറയുമോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കുപറയാൻ സാധിക്കയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞായിരത്തൊള്ളായിരത്തിരുപത്തിരണ്ടിലും കഴിഞ്ഞായിരത്തിരുപത്തിമൂന്നിലും പുതിയതായി നിയമിച്ചിട്ടുണ്ടെന്ന് ഉദ്ദേശമായിട്ടെങ്കിലും മെമ്പർക്കു പറയാൻ കഴിയുമോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉദ്ദേശമായിട്ടും പറയാൻ സാധിക്കയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : നിയമനങ്ങളുടെ ജാതിനിർണ്ണയിച്ചു ഒരു പട്ടികയുണ്ടാക്കേണമെന്നായിരുന്നു എൻറെചോദ്യം. അതിനുള്ളമറുപടിയിലുടനീളമില്ല. അനന്തസ്ഥലത്തിൽ "എ"യിലും "ബി"യിലും കണ്ടുപോരുന്ന ഈഴവന്മാരെന്നു കാണുന്നു. അതു നിയമനങ്ങളുടെ പട്ടികയല്ലയോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) : അല്ല. എയിൽ കാണുന്നതു പിരിച്ചയക്കപ്പെടുന്നതുടെ എണ്ണമാണ്. ബി-യിൽ കാണുന്നതു പിരിച്ചയച്ചവരിൽ നിന്നു നിയമിച്ചിട്ടുള്ളവരുടെ എണ്ണമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പേരെ നിയമിച്ചപ്പോൾ എന്തു തത്വം അനുസരിച്ചാണു നിയമിച്ചത്? കാരണങ്ങൾ നാലാംഭാഗത്തിൽ പറഞ്ഞിട്ടുണ്ട്. ഈ നായന്മാരെ നിയമിച്ചതിനുള്ള കാരണങ്ങൾ ഈ നാലു കാരണങ്ങളിൽ ഏതെങ്കിലും ആയിരിക്കുമോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവ കാരണങ്ങളിൽ ചിലതാണ്. വേറെയും കാരണങ്ങൾ ഉണ്ടാകുമായിരിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെയുള്ള കാരണങ്ങൾ എന്താണെന്നു പറയുമോ? ഗവണ്മെന്റ് ചില കാരണങ്ങൾ കൊടുത്ത അവസ്ഥയ്ക്ക് എല്ലാ കാരണങ്ങളും കൊടുക്കയല്ലായിരുന്നോ ഉത്തമം?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ കാരണങ്ങളാണ ഡയറക്ടർ ഗവണ്മെന്റിലേക്ക് എഴുതി അയച്ചിട്ടുള്ളത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടെ പറഞ്ഞ കാരണങ്ങളിൽ ഉൾപ്പെടാത്ത നിയമനങ്ങൾ ഉണ്ടെങ്കിൽ അവയെ നീതീകരിക്കുന്ന കാരണങ്ങൾ ഉണ്ടോ എന്നു പറയുമോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കാരണങ്ങൾ സംസ്കൃതമല്ലെന്നു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഫോർത്ത് ഫോറം അദ്ധ്യാപകന്മാരെ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗം കൊടുക്കാതെ നിറുത്തുന്നതിനു വല്ല കാരണവുമുണ്ടോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒഴിവുകൾ വരുമ്പോൾ അവരെ നിയമിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചെയ്തിട്ടുള്ള നിയമനങ്ങൾക്കു പറഞ്ഞ കാരണങ്ങൾ ഈ പിരിച്ചയക്കപ്പെട്ട അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ബാധകമാകാത്തതു എന്തുകൊണ്ടാണെന്നു പറയുമോ? പിരിച്ചയക്കപ്പെട്ട അദ്ധ്യാപകന്മാരിൽ അനേകംപേർ ഗ്രാജ്വേറ്റുകളുള്ളവർ ഉള്ളതായി കാണുന്നു.

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്. കാരണങ്ങൾ അവർക്കും ബാധകമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ധ്യാപകന്മാരെ പുതിയതായി നിയമിക്കുമ്പോൾ ഇൻസ്പെക്ടർ ഗൌനിക്കേണ്ട ചില സംഗതികൾ ഗവണ്മെന്റ് പറഞ്ഞിട്ടുണ്ട്. ആ കാരണങ്ങൾ പിരിച്ചയക്കപ്പെട്ട അദ്ധ്യാപകന്മാരെയും ബാധിക്കാത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വീണ്ടും നിയമിച്ചതും പല സമുദായങ്ങളിൽ നിന്നാകയാൽ ആ കാരണങ്ങൾ അവർക്കും ബാധകമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പറഞ്ഞ കാരണങ്ങൾ പുതിയ അദ്ധ്യാപകന്മാർക്കു മുറിയായി ചേരുന്നതല്ലെന്നു കണ്ടുകൊണ്ടോണ്ടാ പുതിയ അദ്ധ്യാപകന്മാരെ നിയമിച്ചത്? പറഞ്ഞ കാരണങ്ങൾ പിരിച്ചയക്കപ്പെട്ട അദ്ധ്യാപകന്മാർക്കു ചേരുന്നതാണെന്നതിനാൽ അവരുടെ എണ്ണം വിസ്തരിച്ചിട്ടാണോ എന്നു പറയുമോ?

മി: കെ. ജോസ്സ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) അല്ല, ഏല്ലാ കാര്യത്തിലുമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പറഞ്ഞ കാരണങ്ങൾ പിരിച്ചയക്കപ്പെട്ട അദ്ധ്യാപകന്മാരെ ബാധിക്കുമെന്നും പുതിയഅദ്ധ്യാപകന്മാരെ ബാധിക്കയില്ലെന്നും പറയുന്നതു അർത്ഥം എങ്ങനെയാണു നീതീകരിക്കുന്നതു?

മി: കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സെക്കണ്ടറി സ്കൂൾ ചീഫ് ഇൻസ്പെക്ടർ ചെയ്യുന്നതിനെപ്പറ്റിയും എല്ലാം ഇപ്പോൾ ഗവണ്മെന്റ് പരിശോധിച്ചുവരുന്നു. ഇതിനെപ്പറ്റി ഈ ഘട്ടത്തിൽ നിന്നധികം പറയാൻ നിവൃത്തിയില്ല. അതിനാൽ ഞാൻ വ്യസനിക്കുന്നു.

അദ്ധ്യാപകന്മാരുടെ നിയമനം കണ്ടിക്കുന്ന ചട്ടിക.

൪൪. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികളും ഗവണ്മെന്റ് ഉദ്ദേശിക്കുന്നുവോ എന്നു പറയുമോ?

(എ) കഴിഞ്ഞ ഇടവപ്പാതിയിൽ കഴിഞ്ഞ മീനമാസത്തിനുമുമ്പായി സെക്കണ്ടറി സ്കൂൾ ഇൻസ്പെക്ടർമാരുടെ നിയമനം നിർത്തലാക്കിയതിനെപ്പറ്റി;

(ബി) ഡിപ്പാർട്ടുമെന്റൽ സ്കൂളുകളിൽ ആളിനെ സർവീസ്സിലായതിനുശേഷം അങ്ങനെ നിയമിച്ചിട്ടുണ്ടെങ്കിൽ, അവരുടെ എണ്ണം;

(സി) കഴിഞ്ഞ മീനത്തിനു മുമ്പു് അപേക്ഷ ചെയ്തിരുന്നവരും അപ്പോൾ പരിഗണിക്കപ്പെട്ടവരും പിന്നീടു് സ്ഥിരമായ ഉദ്യോഗം കൊടുത്തിട്ടില്ലാത്തവരും ആയ അദ്ധ്യാപകരുടെ എണ്ണം.

മി. കെ. ജോജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഉവ്വു.

(ബി) ഒന്നുമില്ല.

(സി) ഗവണ്മെന്റ്-ൽപ്പരം അദ്ധ്യാപകരുടെ സ്ഥലമാറ്റം കൊടുത്തിട്ടില്ല.

സഹായധനം വാങ്ങുന്ന സാങ്കേതിക സ്കൂളുകൾ.

൪൫. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ കുറച്ചു കാലത്തിൽ വ്യവസായഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഓരോ കായികളിലും ഉണ്ടായിരുന്ന സഹായധനം വാങ്ങുന്ന സാങ്കേതിക സ്കൂളുകളുടെയും ഉടമസ്ഥന്മാരുടെയോ മാനേജർമാരുടെയോ പേരും ഓരോരുത്തർക്കും കൊടുക്കുന്ന സഹായധനവും കാണിക്കുന്ന ഒരു പട്ടിക ലയവയിൽ വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ട പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

എസ്. എം. ആർ. വി. സാങ്കേതികവിദ്യാലയത്തിന്റെ സൂപ്രണ്ടായി
മിസ്റ്റർ ടി. എം. ചാക്കോയെ നിയമിച്ചതു്.

൪൬. മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): താഴെ പറയുന്ന സംഗതികളും ഗവണ്മെന്റ് ലയവയിൽ പറയുമോ?

(എ) നാഗർകോവിൽ എസ്. എം. ആർ. വി. സാങ്കേതിക വിദ്യാലയത്തിന്റെ സൂപ്രണ്ടായി മിസ്റ്റർ ടി. എം. ചാക്കോയെ നിയമിക്കാനുണ്ടായ സംഗതികളും;

(ബി) മി: ടി. എം. ചാക്കോയുടെ യോഗ്യതകളും എന്താണു്? അവരെ മദ്രാസ് ഗവണ്മെന്റിന്റെ നേയ്ത്തു മദ്ധ്യപരീക്ഷയോടു താരതമ്യപ്പെടുത്തിയാൽ എങ്ങനെയിരിക്കും?

(സി) എസ്. എം. ആർ. വി. വിദ്യാലയത്തിന്റെ സൂപ്രണ്ടായിട്ടോ സഞ്ചാരനേയ്ത്തുപാഠ്യായനായിട്ടോ നേയ്ത്തുകാരായിട്ടോ ആളുകളെ നിയമിക്കുന്നതിനും നേയ്ത്തു വിദഗ്ദ്ധന്റെ അഭിപ്രായം ചോദിക്കാറുണ്ടോ?

(ഡി) എസ്. എം. ആർ. വി. സാങ്കേതികവിദ്യാലയത്തിന്റെ സൂപ്രണ്ടായി തമിഴ് അറിയാവുന്ന ഒരാളെ നിയമിക്കണമെന്ന കാണിച്ചു് നാഗർകോവിലിലെ ജനങ്ങളും ഗവണ്മെന്റിനും വ്യവസായഡയറക്ടർക്കും ഫർജിനായ കൊടുത്തിട്ടുണ്ടോ?

(ഇ) (ഡി) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടു് എന്നാണെങ്കിൽ ആ ഫർജിപ്രകാരം എന്തു നടപടി സ്വീകരിച്ചു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (എ) നേയ്ത്തു അദ്ധ്യാപകന്മാരുടെയും എസ്. എം ആർ. വി. വിദ്യാലയസൂപ്രണ്ടിന്റെയും ശമ്പളം ഒന്നാണു. അവർക്കു മാറാം കൊടുക്കുന്നതിനു വ്യവസായഡയറക്ടർക്കു അധികാരവും ഉണ്ടു്. മാറത്തിനു പ്രത്യേകകാരണങ്ങളും വേണമെന്നില്ല.

(ബി) മി. ടി. എം. ചാക്കോയുടെ യോഗ്യതകളും താഴെകാണിച്ചിട്ടുള്ള പ്രകാരമാണു്,

(എ) ഇ. എസ്. എൽ. സർട്ടിഫിക്കറ്റ്.

(ബി) കോഴിക്കോട് ഗവണ്മെന്റ് നെയ്ത്തുശാലാ സർട്ടിഫിക്കേറ്റ്,

(സി) രണ്ടുവർഷത്തെ ഡിപ്ലോമയും രണ്ടുവർഷത്തെ ഡിപ്ലോമയും സിറ്റി ആൻഡ് ഗിൽഡ് പരീക്ഷകളും.

ഈ പരീക്ഷകളും മദ്രാസ് ഗവണ്മെന്റിന്റെ നെയ്ത്തു മദ്ധ്യപരീക്ഷയെക്കാളും ഉന്നതമാണ്.

(ബി) നെയ്ത്തുശാലയെ സംബന്ധിച്ചുനിയമനങ്ങളും ചെയ്യേണ്ടവിഷയത്തിൽ ക്ലാസുകളും കൊടുക്കുന്നതും വ്യവസായഡയറക്ടർ സാധാരണയായി നെയ്ത്തു വിദഗ്ദ്ധനോടു ആലോചിക്കാറുണ്ടു്.

(ഡി) ഉണ്ടു്.

(ഇ) ഫർജിയെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചു. എന്നാൽ സാങ്കേതിക യോഗ്യതയുള്ളതും തമിഴ് അറിയുന്നതുമായ ആരെയും ആ സ്ഥാനത്തേക്കു നിയമിക്കുന്നതിനു കഴിഞ്ഞില്ല.

ഇംഗ്ലീഷ് മീഡിയം സ്കൂൾ ഹെഡ്മാസ്റ്റർമാർ.

൪൭. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കോട്ടാരക്കരയും കുന്നത്തൂരും): താഴെപറയുന്ന വിവരങ്ങളും ഗവണ്മെന്റുദ്ദേശിക്കുന്നുവോ?

(എ) താഴെപറയുന്ന യോഗ്യതയുള്ളവർ ഹെഡ്മാസ്റ്റർമാരായി ഇരിക്കുന്ന സംസ്ഥാനത്തെ ഗവണ്മെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ എണ്ണം;

---

* അനുബന്ധം III നോക്കുക.

(ഗ) ഒന്നാംഗ്രേഡ് ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാർ;

(ഘ) രണ്ടാംഗ്രേഡ് ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാർ;

(ങ) അണ്ടർഗ്രാഡ്വേറ്റുകൾ;

(ബ) ഒരു മുന്നു തരം ഹെഡ്മാസ്റ്റർമാരുടെ ശമ്പളസ്കെയിൽ;

(സി) ഇംഗ്ലീഷ് മീഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗ്യതകളും ശമ്പളവും വച്ചു ചട്ടത്തിൻ പ്രകാരവും നിർണ്ണയപ്പെട്ടിട്ടുണ്ടോ?

(ഡി) സ്ഥാനസമതുലിതമുള്ള സ്കൂളുകളുടെ ഹെഡ്മാസ്റ്റരായി പലഗ്രേഡിലുള്ള അദ്ധ്യാപകന്മാരെ നിയമിക്കുന്നതു എന്തു തത്വമനുസരിച്ചാണു?

മി: കെ. ജോജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) (ക) 9.

(ഖ) 8.

(ഗ) 8.

(ബ) (ക) രൂപാ 40-4-60.

(ഖ) രൂപാ 80-5/2-90-5/2-100.

(ഗ) രൂപാ 70-4/2-90-5/2-100 (അപ്പർസ്കൂൾ)

(സി) ഇംഗ്ലീഷ് മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗ്യതകൾ ക്ലിപ്തപ്പെടുത്തി പ്രത്യേകചട്ടങ്ങളൊന്നുമില്ല. എന്നാൽ ഇതുൻ ഇംഗ്ലീഷ് മിഡിൽസ്കൂളുകളുടെ ഹെഡ്മാസ്റ്റർമാരായി കഴിവുള്ളവരെയും ട്രെയിൻഡ് ബി. എ. ക്കാരെ നിയമിക്കണമെന്നു ഗവണ്മെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ടു. അപ്രകാരമുള്ള ഹെഡ്മാസ്റ്റർമാരുടെ ശമ്പളം ക്ലിപ്തപ്പെടുത്തുന്നതിനുള്ള ചട്ടം ഇപ്പോൾ ഇല്ല.

(ഡി) സ്കൂളുകളുടെ പ്രധാന്യവും സർവീസിന്റെ സൌകര്യങ്ങളും ഗണക്കിച്ചു ഫുൾസ്റ്റാൻഡേർഡിലുള്ള സ്കൂളുകളിൽ പലഗ്രേഡിലുള്ള അദ്ധ്യാപകന്മാരെ ഹെഡ്മാസ്റ്റർമാരായി നിയമിക്കാറുണ്ടു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (സി) ഭാഗം ചോദ്യത്തിന്റെ മറുപടിയസംബന്ധിച്ചു മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാരായി ട്രെയിൻഡ്ഗ്രാഡ്വേറ്റരിനെ നിയമിക്കണമെന്നു ഗവണ്മെന്റ് പറഞ്ഞിട്ടുള്ള അഭിപ്രായം അനുസരിച്ചുപ്രവർത്തിക്കാൻ ഡിപ്പാർട്ടുമെന്റിനു കഴിഞ്ഞിട്ടില്ലയോഎന്നു പറയാമോ?

മി: കെ ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അവർ ആ ചട്ടപ്രകാരം പ്രവർത്തിക്കുന്നുണ്ടു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എന്നാൽ (എ) ഭാഗം ചോദ്യത്തിന്റെമറുപടികൊണ്ടു അദ്ധ്യാപകന്മാരുടെ ഒന്നാംഗ്രേഡിലുള്ള ബി. എ. ക്കാരെമാത്രംകൊണ്ടുനടത്തുകയെന്നുള്ളതുകൊണ്ടാണോ?

മി: കെ. ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): കഴിവുള്ളടത്തോളം അവർ ചട്ടപ്രകാരം പ്രവർത്തിക്കുന്നുണ്ടു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ട്രെയിൻഡ് ബി. എ. ക്കാരുടെ ട്രെയിനിങ്ങുകൊണ്ടുകൂടുതലായ ബി. എ. ക്കാരുടെ നിയമനത്തിൽ അസമത്വം കാണുന്നു എന്നതാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: കെ. ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): നിയമനങ്ങൾ നടത്തുന്നതു പരിഗണിക്കുന്നവരുടെ പ്രാധാന്യവും സർവീസിന്റെ സൌകര്യങ്ങളും അനുസരിച്ചാണെന്നും പറഞ്ഞുവല്ലോ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗ്യതകൾ ക്ലിപ്തപ്പെടുത്തുന്ന ഒരു ചട്ടമില്ലയോ?

മി: കെ. ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ശമ്പളസ്കെയിൽ വ്യത്യസ്തമായിട്ടുള്ളതാണ്. അവർക്കുവേണമെന്നു നിശ്ചയിച്ചിട്ടുള്ളയോഗ്യതകളും വ്യത്യസ്തമായിട്ടുള്ളതാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവർക്ക വേണ്ടുന്നയോഗ്യത ക്ലിപ്തപ്പെടുത്തിട്ടുണ്ടോ എന്നാണു എന്റെ ചോദ്യം.

മി: കെ. ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ആ ചോദ്യത്തിന്നു ഇപ്പോൾ കൃത്യമായുത്തരം പറയാൻ തോന്നുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കാരണമുണ്ടു. മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗ്യതകൾ ഗവണ്മെന്റ് ക്ലിപ്തപ്പെടുത്തണമെന്നാണു എന്റെ ആവശ്യം.

മി. കെ. ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മറെറാരു ചോദ്യം ചോദിക്കാതുതന്നെ മെമ്പർക്കു ഇതു ചോദിക്കാവുന്നതാണല്ലോ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എങ്കിൽ ഇംഗ്ലീഷ് മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാർക്കുവേണ്ടുന്ന യോഗ്യതകൾ എന്തൊക്കെയെന്നുള്ളതു ഗവണ്മെന്റിന്റെ ഭാഗത്തുനിന്നു ക്ലിപ്തപ്പെടുത്തുമോയെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി: കെ. ജോജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റ് അതിനെപ്പറ്റി വിദ്യാഭ്യാസഡയറക്ടരോടു ആലോചിക്കുന്നതാണ്.

അണ്ടർ ഇംഗ്ലീഷ് സൈസ്കൂൾ ഹെഡ്മാസ്റ്റർ.

ഖവ. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുമോ?

(എ) അണ്ടർ ഇംഗ്ലീഷ്സൈസ്കൂൾ ഹെഡ്മാസ്റ്ററെ അദ്ദേഹത്തിന്റെ ഒരു അസിസ്റ്റൻറ് മാസ്റ്റർ അപകീർത്തിപ്പെടുത്തിയെന്നു പറയുന്നതു വാസ്തവമാണോ?

(ബി) ആ ഹെഡ്മാസ്റ്ററെക്കുറിച്ചു ചില പരാതികൾ ചില വർഷങ്ങൾക്കു മുമ്പു കിട്ടിയശേഷം അവിടെ നിന്നുമാറിപ്പോകാനുണ്ടായ കാരണങ്ങൾ സർക്കാരിന്നു അറിവുണ്ടോ?

(സി) ആ ഹെഡ്മാസ്റ്ററുടെ സ്ഥലം മാറ്റത്തിനുശേഷം അവിടെ ഹെഡ്മാസ്റ്ററും അസിസ്റ്റന്റുമാസ്റ്റർ തമ്മിൽ ഉണ്ടായിട്ടുള്ള സംഘർഷങ്ങളും ഇപ്പോഴത്തെ അദ്ധ്യാപകരിൽ ചിലർ അവിടെ നിന്നുമാറണം എന്നുള്ള അപേക്ഷയും കണക്കിലെടുത്തു ഹെഡ്മാസ്റ്ററെ അവിടെ നിന്നുമാറ്റാൻ ഉദ്ദേശമുണ്ടോ?

(ഡി) ഈ വിഷയത്തെ സംബന്ധിച്ചു ഗവണ്മെന്റിലേക്കു കിട്ടിയിട്ടുള്ള പരാതികൾ എന്തൊക്കെയാണെന്നും അവയിന്മേൽ ഗവണ്മെന്റു വിദ്യാഭ്യാസഡയറക്ടർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) അടുക്കു ഹൈസ്കൂൾ ഹെഡ് മാസ്റ്ററെ ആ സ്കൂളിലെ ഒരു അസിസ്റ്റന്റുമാസ്റ്റർ അടിക്കുകയും ചെയ്തതായി കാണിച്ചുള്ള ഒരു പരാതിക്കുശേഷം വിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ടു ചെയ്തിരുന്നു.

(ബി) ഉവ്വ്.

(സി) മേൽപ്പറഞ്ഞ സംഭവത്തിന്റെ പേരിൽ ഗവണ്മെന്റും വിദ്യാഭ്യാസഡയറക്ടറും ഹൈസ്കൂൾ ഹെഡ്മാസ്റ്ററെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ഡി) ആ സംഭവത്തെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്യാൻ വിദ്യാഭ്യാസഡയറക്ടറോടു ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടുകൊണ്ടു മേൽ നടപടികൾ ഒന്നും ആവശ്യമില്ലെന്നു തോന്നുകയാൽ നിശ്ചയം നിക്കാർഡുചെയ്തു.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) മാസം മറുപടിയെ സംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടർ എടുത്തതെളിവിന്റെ സ്വഭാവം എന്താണെന്നു പറയുമോ?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): തെളിവിന്റെ സ്വഭാവത്തെപ്പറ്റി ഇവിടെ അറിവില്ല. അന്വേഷണം കഴിച്ചു റിപ്പോർട്ടു ചെയ്യാൻ ഡയറക്ടർ ഇൻസ്പെക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം റിപ്പോർട്ടു ചെയ്തിട്ടുമുണ്ട്. അദ്ദേഹം പറഞ്ഞ തെളിവിനെപ്പറ്റി ഇവിടെ യാതൊരറിവുമില്ല.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സംഭവത്തെപ്പറ്റി അദ്ദേഹം സ്കൂൾ അദ്ധ്യാപകന്മാരോടു മൊഴി വാങ്ങിട്ടുണ്ടോ?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ചില മൊഴികൾ എടുത്തിട്ടുണ്ടെന്നു തോന്നുന്നു.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഹെഡ്മാസ്റ്ററുടെ മൊഴി അന്നു അദ്ദേഹം എടുത്തതോ?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഹെഡ്മാസ്റ്ററുടെ സമാധാനം വാങ്ങി. ആ മൊഴിയുടെ രൂപത്തിൽ എടുത്തോ എന്നുള്ളതു എനിക്കറിവില്ല.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈക്കാര്യത്തിൽ പെട്ട അസിസ്റ്റന്റുമാരോടു ഇതിനെ സംബന്ധിച്ചു അദ്ദേഹം ചോദിച്ചുവോ?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അദ്ദേഹം അതും ചെയ്തിട്ടുണ്ടെന്നു തോന്നുന്നു.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആ അസിസ്റ്റന്റദ്ധ്യാപകൻ ഇപ്പോഴും അവിടെത്തന്നെയുണ്ടോ?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇല്ല. അദ്ദേഹം അവിടെ ഇല്ല.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അദ്ദേഹത്തെ അവിടെനിന്നു സ്ഥലം മാറ്റിയതു എപ്പോഴാണ്?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ആ സംഭവം നടന്ന ഉടൻ തന്നെയുണ്ട്.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മാറ്റത്തിനു കാരണമെന്തായിരുന്നു?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അന്യോന്യം രസമില്ലാത്ത രണ്ടു അദ്ധ്യാപകന്മാരെ അവിടെ വെച്ചുകൊണ്ടിരിക്കുന്നതു അഭിലഷണീയമല്ലാത്തതിനാൽ അപ്രകാരം ചെയ്തു.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇങ്ങനെ ആ രണ്ടു അദ്ധ്യാപകന്മാർ തമ്മിൽ രസമില്ലെന്നു ഗവണ്മെന്റിനു അറിവുണ്ട്, അല്ലേ?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉണ്ട്, ആ സംഭവം കഴിഞ്ഞു അല്പം വൈകിയപ്പോൾ.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആരോടെങ്കിലും കാരണമന്വേഷിച്ചോ?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു മനസ്സിലിരിപ്പുണ്ട്. ഡയറക്ടർ പറഞ്ഞ അന്വേഷണം കഴിച്ചോ എന്നു നിശ്ചയമില്ല?

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഹെഡ്മാസ്റ്ററും അസിസ്റ്റന്റുമായുള്ള തർക്കത്തിൽ കൈയേറ്റമായി പരിണമിച്ചില്ലെന്നു പറഞ്ഞുവല്ലോ.

പ്രസിഡന്റു: മറ്റൊരു ചോദ്യം കൊണ്ടു പൊതുജനങ്ങൾക്കു എന്തു ഗുണമുണ്ടാകുന്നതെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ള വിവരം എന്താണെന്നും മെമ്പർ മുമ്പായി സൂചിപ്പിക്കുമോ? പൊതു ജനങ്ങളുടെ ഗുണത്തെ സംബന്ധിച്ചു സംശയമുള്ളതാണ് ചോദ്യങ്ങൾക്കു വിഷയമാകേണ്ടതു. ഈ പൊതുജനങ്ങളെ സംബന്ധിച്ചുള്ള ഒരു കാര്യമാണെന്നു നിങ്ങൾക്കു സൂചിപ്പിക്കാൻ കഴിയാത്തപക്ഷം നിങ്ങളുടെ ചോദ്യത്തിനു അനുവാദം നൽകാൻ നിവൃത്തിയില്ല.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ പൊതുജനങ്ങളെ സംബന്ധിച്ചുള്ളതാണ്.

അദ്ധ്യക്ഷൻ: ഇതു മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കുന്നു. അതു രണ്ടു ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള ഒരു വിഷയമായിട്ടുമാത്രമേ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിനെ സംബന്ധിച്ചു ഒരു പൊതുനടപടിക്രമം ഉടനിയിരുന്നു.

അദ്ധ്യക്ഷൻ: അതു രണ്ടുദ്യോഗസ്ഥന്മാരെ സംബന്ധിച്ചു ഒരു പ്രശ്നമായിട്ടാണെന്നു എനിക്കു തോന്നുന്നില്ല. ഒരു ചോദ്യം അനുവദിക്കാൻപോലുമില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (സ) ഭാഗം മറ്റൊരിടത്തെ സംബന്ധിച്ചു വിദ്യാഭ്യാസ ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ പ്രത്യേകിച്ചെന്തെങ്കിലും അഭ്യൂഹങ്ങളോടു കൂടിയോ എന്നു പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർ, ഈ ചോദ്യത്തിനു മറുപടി പറയണമോ?

പ്രസിഡന്റ്: പറയണമെന്നു അഭിപ്രായമില്ല.

വിദ്യാഭ്യാസപരിഷ്കരണക്കമ്മീഷൻ.

൩൯. മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) സഭയിൽ മേശപ്പുറത്തു വച്ച ചോദ്യത്തിനു മറുപടിയായി, കഴിഞ്ഞ സ്റ്റാർ വർഷത്തിന്റെ (ഏപ്രിൽ-മാർച്ച്) അവസാനത്തിനു മുമ്പായി ഒരു വിദ്യാഭ്യാസക്കമ്മീഷനെ നിയമിക്കുന്ന കാര്യം ഗവണ്മെന്റ് തീർച്ചയാക്കുമെന്നു ഗവണ്മെന്റ് ചീഫ് സെക്രട്ടറി പറഞ്ഞുവോ?

(ബി) ഗവണ്മെന്റ് തങ്ങളുടെ അഭിപ്രായം പിന്നീടു മാറ്റിപ്പറയുകയുണ്ടായോ? അതിനുള്ള കാരണമെന്തു?

(സി) വിദ്യാഭ്യാസ പരിഷ്കരണ ഇൻഡ്യയിലെ പല സ്ഥാനങ്ങളിലെയും അധികാരസ്ഥന്മാരുടെ ഗാഢമായ അഭിപ്രായത്തെ വിഷയീകരിച്ചിട്ടുണ്ടെന്നുള്ള സംഗതി ഗവണ്മെന്റിനു അറിവുണ്ടോ?

(ഡി) തങ്ങളുടെ ഇപ്പോഴത്തെ ഉദ്ദേശം ഇക്കാര്യത്തിൽ എന്താണെന്നു നിശ്ചിതമായ ഒരു മറുപടി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) വിദ്യാഭ്യാസപുരോഗതിയെ പരിശോധിക്കുന്നതിനു ഒരു കമ്മിറ്റിയെയോ വേറെ വല്ല ആളുകളെയോ നിയമിക്കുന്ന കാര്യം സ്റ്റാർവർഷാവസാനത്തിനു മുമ്പായി തീർച്ചയാക്കാൻ കഴിയുമെന്നു ഗവണ്മെന്റ് പ്രത്യാശിക്കുന്നു എന്നാണു അന്നു മറുപടി പറഞ്ഞതു.

(ബി) ഇല്ല.

(സി) ഉണ്ടു.

(ഡി) ഏപ്രിൽ ൧൬ ആഗസ്റ്റ് സംഭാഷണത്തെ നിയമസഭയോഗത്തിൽ വിദ്യാഭ്യാസം സംബന്ധിച്ചു അഭിപ്രായവിഭിന്നതയുണ്ടായപ്പോൾ മിസ്റ്റർ പെയ്ജ് പ്രസ്താവനയെ മൈനിസ്റ്റർ ശ്രീമതിയുടെ വിഷയിരവിഷ്കരിച്ചു കൊള്ളുന്നു.

വിദ്യാഭ്യാസപരിഷ്കരണം.

൩൯൦. മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): ഒരു കമ്മിറ്റിയുടെയോ മറ്റു വല്ല ആളുകളുടെയോ ഈ സംസ്ഥാനത്തെ വിദ്യാഭ്യാസക്രമം പരിഷ്കരിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമെന്നു കഴിഞ്ഞ സഭയിൽ ചെയ്ത വാഗ്ദാനം നടപ്പിൽ വരുത്തുന്ന കാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു എന്നു ഗവണ്മെന്റ് ദയവായി പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ സംഗതി ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

കോടതികൾ പൂജപ്പുരയിൽ മാറിസ്ഥാപിക്കുന്ന കാര്യം.

൩൯൧. മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) ഹൈക്കോടതിയോ വേറെ ഏതെങ്കിലും സിവിൽ കോടതിയോ പൂജപ്പുരയിലേക്കു മാറിസ്ഥാപിക്കുന്നതിനു ഗവണ്മെന്റ് ആലോചിക്കയോ വല്ല നടപടിയും സ്വീകരിക്കയോ ചെയ്തിട്ടുണ്ടോ?

(ബി) ഗവണ്മെന്റിനു അങ്ങനെയൊരു ആലോചനയുണ്ടെങ്കിൽ അതിനെപ്പറ്റി ഈ സഭയ്ക്കുള്ള അഭിപ്രായം പറയുന്നതിനു ഒരവസരം കൊടുക്കുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഹൈക്കോടതി ഉൾപ്പെടെ തിരുവനന്തപുരത്തുള്ള എല്ലാ സിവിൽ കോടതികളും സ്ഥാപിക്കത്തക്ക വണ്ണം ഒരു കെട്ടിടം ഉണ്ടാക്കണമെന്നതു അതു പൂജപ്പുരയിൽ ആയിരുന്നാൽ കൊള്ളാമെന്നും ഹൈക്കോടതി ശുപാർശചെയ്തിട്ടുണ്ട്. കാര്യം ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ബി) ശുപാർശ സ്വീകരിക്കയാണെങ്കിൽ കെട്ടിടത്തിനു പണം അനുവദിക്കാൻ ആവശ്യപ്പെട്ടുസമയം അതിനെപ്പറ്റി വിശദ്രീതിയിലുള്ള നടത്തുവാൻ സഭയ്ക്കു അവസരം ലഭിക്കുന്നതാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സിവിൽകോടതികളെല്ലാം ഒരു സ്ഥലത്തായിരുന്നാൽ എന്തെങ്കിലും ഗുണമുണ്ടെന്നുള്ള സങ്കല്പത്തിന്മേലായിരിക്കുമോ ഹൈക്കോടതി ശുപാർശചെയ്തിട്ടുള്ളതു.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ, ഹൈക്കോടതിക്കെട്ടിടത്തിൽ ഹൈക്കോടതിക്കാര്യങ്ങൾ ഇപ്പോൾ സ്ഥലം പോരെന്നു അവർ പറയുന്നു. കോടതികൾ നഗരത്തിന്റെ പല ഭാഗങ്ങളിൽ ആയിരിക്കുന്നതുകൊണ്ടു വ്യവഹാരികൾക്കും വക്കീലന്മാർക്കും അസൗകര്യങ്ങളും ഉണ്ടെന്നും അവർ പറഞ്ഞിട്ടുണ്ടെന്നാണു് എന്റെ ഓർമ്മ.

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): [illegible] അന്വേഷിച്ചു ഉത്തരവുണ്ടാക്കുന്നതു നല്ലതാണെങ്കിൽ സംസ്ഥാനത്തിൽ മറ്റു സ്ഥലങ്ങളിലുള്ള കോടതികളിലും ഒരേസ്ഥലത്തുതന്നെ ഇതുപോലെയുള്ള ഗുണപ്രദമായിരിക്കയില്ലയോ എന്നു ഗവൺമെന്റു് ദയവുചെയ്തു അന്വേഷിച്ചറിയുമോ?

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അതാവശ്യം വേലം പ്രത്യേകമാണു്. ശ്രീമൂലം പുരയുടെ വടക്കു ഭാഗത്തു തിരുവനന്തപുരത്തു വ്യവഹരിച്ചുവരുന്ന വക്കീലന്മാർക്കും ഇതുപോലെ അടച്ചുകെട്ടുകയുള്ളതാണോ ഉദ്ദേശം?

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): മറ്റു സ്ഥലങ്ങളിലേ വക്കീലന്മാരെ സംബന്ധിച്ചു് അവിടത്തെ സിവിൽകോടതികൾ ഒന്നിച്ചു ഒരു സ്ഥലത്തായിരിക്കുന്നതു് അവർക്കു സൌകര്യപ്രദമായിരിക്കയില്ലയോ എന്നു ഗവൺമെന്റു് ദയവുചെയ്തു ചോദിച്ചറിയുമോ?

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അങ്ങിനെയും ഒരാലോചന ഉണ്ടെന്നു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): കോടതികളെല്ലാം ഒരേസ്ഥലത്തു ആക്കുന്നതിനു മുമ്പു മറ്റു ഗവൺമെന്റു ദയവുചെയ്തു അഭിപ്രായം ചോദിച്ചിട്ടുണ്ടോ?

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അവർ ചോദിച്ചിട്ടില്ല.

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): അതുകൊണ്ടാണെന്നു തോന്നുന്നു സംസ്ഥാനത്തു മറ്റു സ്ഥലങ്ങളിൽ ഉള്ള സിവിൽകോടതികളെല്ലാം ഒന്നിച്ചു ഒരു മദ്ധ്യസ്ഥലത്തുകൊണ്ടുവരാൻ ഇഷ്ടപ്പെടുന്നതു എന്നു ഗവൺമെന്റു് ദയവുചെയ്തു അന്വേഷിച്ചറിയുന്നതുനന്നായിരിക്കുമെന്നു ഞാൻ പറഞ്ഞതു്.

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ഇതിന്റെ ആരംഭാവസ്ഥയിൽ ഹൈക്കോടതിക്കു വിട്ടുകൊടുക്കയാണു് ഉത്തമം. അധികമായ അഭിപ്രായം ശേഖരണങ്ങൾ ഹൈക്കോടതിതന്നെ ചെയ്യുന്നതിനു വേണ്ടി പ്രവർത്തിക്കും.

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): സിവിൽകോടതികളെല്ലാം ഒരു സ്ഥലങ്ങളിലായി തിരുവനന്തപുരത്തെ വ്യവഹാരികൾക്കും വക്കീലന്മാർക്കും അസൌകര്യമുണ്ടെങ്കിൽ ആ അഭിപ്രായം സംസ്ഥാനത്തുള്ള മറ്റു സിവിൽകോടതികൾക്കും ബന്ധിക്കുന്നതായിരിക്കയില്ലയോ?

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ആ കോടതികൾ ഇരിക്കുന്ന സ്ഥലനിവാസികളുടെ അസൌകര്യങ്ങളും ഉണ്ടെന്നു ഹൈക്കോടതിക്കു ബോധമായാൽ അക്കാര്യത്തിൽ അവർ വേണ്ട ഭേദഗതിചെയ്യുമെന്നു വിചാരിക്കാവുന്നതാണു്.

മി: പി. കെ. നാരായണപിള്ള (ആലപ്പുഴ): വിഷയത്തിന്റെ ആ വശത്തെപ്പറ്റി ഹൈക്കോടതി ആലോചിച്ചിട്ടുണ്ടോ എന്നു ഗവൺമെന്റു അന്വേഷിക്കുമോ?

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അപ്രകാരം അന്വേഷിക്കുന്നതിനു വിരോധമില്ല.

നാഗർകോവിലിൽ മൂന്നാംക്ലാസ്സുമജിസ്ട്രേട്ടുകോടതിയുടെസ്ഥാപനം.

ബഹു. മി: എ.സ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു്): ശ്രീമൂലപ്രജാസഭയുടെ വടക്കേയറ്റത്തെ യോഗത്തോടടുത്തിരുന്നപ്പോൾ ഞാൻ ചോദിച്ചിരുന്ന ചോദ്യത്തിനു ഗവൺമെന്റു ചെയ്തിട്ടുള്ളതായ നടപടി എന്തെല്ലാമാണെന്നു ഗവൺമെന്റു ദയവായി പറയുമോ?

മി: കെ. ജോജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): കൺവന്റു സർവ്വീസംബന്ധമായ വിഷയത്തിനു ഗവൺമെന്റു തീരുമാനം ഒന്നാംതീയതി വരുംവരെയുള്ള പ്രസിദ്ധപ്പെടുത്തീട്ടുള്ള കൺവന്റു നവംബർ മാസം ഒന്നാംതീയതി വരുംവരെയുള്ള ഡിസ്പാച്ചുകൾ ആർ. ഡിസ്പാച്ചുകൾ, നമ്പർ സ/വന്യ-നമ്പർ പ്രൊസീഡിംഗ്സ് ഡിസംബർ വായിച്ചുനോക്കണം.

ബഹു. മി: എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, നടപടിക്രമസംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. എനിക്കറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത ചില പ്രൊസീഡിംഗ്സ് വായിച്ചുനോക്കണമെന്നാണു മറുപടി. അതിപ്പോൾ വായിച്ചുനോക്കി ഉപചോദ്യങ്ങൾ ചോദിക്കുന്നതു എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല.

പ്രസിഡന്റ്: ഗസറ്റിലും പ്രസിദ്ധപ്പെടുത്തുന്ന വിവരങ്ങളെല്ലാം പൊതുജനങ്ങൾക്കുള്ളതാണ്.

ബഹു: എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): അതിപ്പോൾ എന്റെ കയ്യിൽ ഇല്ല. ലൈബ്രേറിയിലും ഇല്ല. ഈ മറുപടി എനിക്കു കിട്ടിയതു ഇതുപോലുള്ളതിന്നിടയിൽനിന്നു മാത്രമാണ്.

പ്രസിഡന്റ്: അതു നിങ്ങളുടെ കയ്യിലാണ്. നിങ്ങൾ ചില വിവരം ആവശ്യപ്പെട്ടു ഗവൺമെന്റു അതു് എവിടെ ഉണ്ടെന്നു പറഞ്ഞുതന്നു. അതു പൊതുജനങ്ങളുടെവകയുമാണ്.

ബഹു: എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, അതു അപ്രകാരമാണ്. എന്നാൽ സഭയിൽ വയ്പാനാഗ്രഹിക്കുന്നില്ലാതെ ഒരുദ്യോഗസ്ഥൻ സൂക്ഷിക്കയില്ലെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: നിങ്ങൾ ചോദിക്കുന്നതു കയ്യുമായിട്ടുണ്ടെങ്കിൽ ആ വിവരം എവിടെ ഉണ്ടെന്നു പറഞ്ഞുതന്നു. പ്രവൃത്തികളുമായിട്ടും മറ്റുകയ്യുപോലെയും ആ വിവരം നോക്കിയെടുക്കാമല്ലോ.

ബഹു: എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഈ മറുപടിനിമിത്തം എനിക്കു് ഉപചോദ്യം ചോദിക്കാൻ സാധിക്കുന്നില്ലെന്നുമാത്രമേ ഞാൻ ബോധിപ്പിക്കുന്നുള്ളു.

അനുബന്ധം I.

ഇപ്രാവശ്യം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗകാലവും	ഉദ്യോഗം അവസാനിക്കാൻ കാരണം
ക. മി: സി. ഗോവിന്ദപ്പിള്ള ബന്ധു-സ്ഥാനം മുതൽ ക്ലാസ്-ക്ലാസ്സ് വരെ ഉദ്യോഗം വഹിച്ചു.	സീനിയർ ഡിവിഷൻ അസിസ്റ്റന്റായി കയറാം കൊടുത്തു മറവണ്ണിപ്പിള്ളമെൻറിലേക്കു തിരിച്ചയച്ചു.
ഖ. മി: എ. വെങ്കിട്ടരാമയ്യർ ക്ലാസ്-ക്ലാസ്സ് മുതൽ ക്ലാസ്-ക്ലാസ്സ് വരെ ഉദ്യോഗം വഹിച്ചു.	മിസ്റ്റർ ഗോവിന്ദപ്പിള്ള അവധികഴിഞ്ഞു മടങ്ങിവന്നതിനാൽ ഉദ്യോഗം അവസാനിച്ചു.

൩. മി: എൻ. കുഞ്ഞുശങ്കർ ക-ക-ക-ഠ൯൩ ഗുരൽ ഡ൯-വ-ക-ഠ൯൩ വരെ ഉദ്യോഗം വഹിച്ചു.	പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറ് ചാർജ്ജുള്ള ദിവാൻപേഷ്കാരായി ഉദ്യോഗം വഹിച്ചു. അദ്ദേഹത്തെ തിരുവനന്തപുരം ഡിവിഷൻ ദിവാൻപേഷ്കാരെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമായി നിയമിക്കയാൽ ഉദ്യോഗം അവസാനിച്ചു.
൪. മി: വി. എസ്. കേശവയ്യർ ന-വ-ക-ഠ൯൩ മുതൽ ന-ക-ക-ഠ൯൩ വരെ ഉദ്യോഗംവഹിച്ചു.	കൊല്ലം ആക്ടിംഗ് ദിവാൻപേഷ്കാരും ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമായി നിയമിച്ചതിനാൽ.
൫. മി: എം. വി. സുബ്രഹ്മണ്യയ്യർ ര-ക-ക-ഠ൯൩ മുതൽ ഡ-ന്യ-൯൩ വരെ ഉദ്യോഗം വഹിച്ചു.	കൊല്ലം ആക്ടിംഗ് ദിവാൻപേഷ്കാരും ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമായി നിയമിച്ചതിനാൽ.

അനുബന്ധം II.

൧൯൨൦ ചോദ്യത്തിൻറെ മറുപടി നോക്കുക.

	ഏ.	ബി.
നായന്മാർ	ക൩൫	൪൪
മുഴി ബ്രാഹ്മണർ	ഡ൯	ക൨
ഈഴവർ	ഡ൦	൨൪
മഹമ്മദീയർ	ക൪	൫ക
ക്രിസ്തീയർ	ഡ	ക
തമിഴന്മാർ	ക്ക	൪൯
മറ്റെൻകാതൊലിക് ക്രിസ്ത്യാനികൾ	൫	൫
പ്രോട്ടസ്റ്റൻറ് ക്രിസ്ത്യാനികൾ	ഡ	ഡ
പണ്ടാരം	ക	ക
തുരുത്തി	ര	ട
വാണിയർ	ര	ന
ക്ഷൗരകൻ	൪	ര
നാടാന്മാരും നാടാർക്രിസ്ത്യാനികളും	ൻ	൫
മറവർ	ക	ക
അരയൻ	ന	ന
കാക്കിലൻ	ക	ക
യോഗീശ്വരൻ	ക	ക
അമ്പലവാസി	ക	ക
ക്ഷത്രിയൻ	ക	ക
മറവഹിന്ദുക്കൾ	ക	ക
വാണിയൻ	൪	ക
കണിയാൻ	ഡ	ക
മലയാളിബ്രാഹ്മണൻ	ന	ഡ
വെള്ളത്തേടൻ	൭	൪
ചെട്ടി	ഡ	ഡ
ഇന്നേനർ	ഡ	ഡ
ഈഴവസ്ത്രി	ക	ക
കൊങ്കണബ്രാഹ്മണൻ	ക	ക
സൌരാഷ്ട്ര	ഡ	ക
ചോഴിയർ	ക	ക
ആശാരി	ക	ക
പറയൻ	ക	ക
ചേരമർ ക്രിസ്ത്യാനികൾ	ക	...
നമ്പ്യാർ	ക	...
ഉണ്ണിത്താൻ	ഡ	...
ചിഷാരത്തി	ഡ	...
ചിന്ദു (വഴ്ഗം പറയാത്തതു)	ക	...
സിറിയൻ ക്രിസ്ത്യൻ	ഡ	...
ക്രിസ്ത്യാനികൾ (വഴ്ഗം പറയാത്തതു)	൪൫	൯
ജാതിയെപ്പറ്റിവിവരംകിട്ടാത്തതു	ഡ൫	ക൭
	൫൫	൫൫
	൫൩൫	ഡ൫൭

അനുബന്ധം III.

ടേബിൾ നമ്പർ ചോദ്യത്തിന്റെ ക്രമം—ടി നാടുകടത്തൽ,
സാങ്കേതിക വിദ്യാലയങ്ങളുടെ പേരും താലൂക്കും ഉടമസ്ഥന്റെ പേരും പി ടി—പാഠശാലയുടെ
കൊട്ടാരം ഗ്രാന്റും കാണിക്കുന്ന പട്ടിക.

നമ്പർ	വിദ്യാലയത്തിന്റെ പേര	താലൂക്ക്	ഉടമസ്ഥന്റെ പേര്	ഗ്രാന്റ്
ക	ഭഗവതിവിലാസം നെയ്ത്തുശാല	അഞ്ചൽശ്രീ	എസ്. ഹരിഹരയ്യർ	കക്ലി
ഖ	ശ്രീകൃഷ്ണവിലാസം നെയ്ത്തുശാല	ടി	ആർ. പത്മനാഭൻ	കഒ
ഗ	പുതുക്കാം അനാഥവ്യവസായശാല	ടി	റവ: എസ്. ടേലർ	ഘ ം
ങ	നെയ്യൂർ നെയ്ത്തുശാല	കുട്ടനാട്	പി. കൃഷ്ണപിള്ള	ന ം
ച	വെ. എം. സി. എ. വ്യവസായശാല	വിളവങ്കോട്	ജെ. ജേക്കബ്സ്	കഘ നീ
ഛ	ധർമ്മവിലാസം നെയ്ത്തുശാല	നെയ്യാറ്റിൻകര	എം. ഇസ്രയേൽ	കഇ
ജ	ചാന്നി ടി	ടി	പി. ആർ വില്യംസ്	കകക്ലി
ഝ	തിരുപുരം ടി	ടി	എം. ജോസഫ്	ഘ ം
ഞ	കോടമ്പാക്കം ടി	ടി	എ. ഫെറ്റ്രസ്	കഇ
ട	പുത്തൻകോട്ട ടി	ടി	ബി. നല്ലസ്വാമി	ഘ ം
ഠ	ചെമ്പൂർ ടി	ടി	പി. രാഗുനാഥൻ	കഒ
ഡ	സെൻറ് ജോസഫ് ടി	ടി	എലിയാസ് റോക്കി	കഈ
ഢ	ശ്രീവേലായുധവിലാസം ടി	ടി	കെ. വേലായുധപണിക്കർ	കഉ
ണ	സെൻറ്ജോസഫ് വ്യവസായശാല	തിരുവനന്തപുരം	എം. സി. പീറ്റൊ	കഇ
ത	ആർ. വി. പ്രായിംഗ് ആൻറ് വെയിൻറിംഗ് സ്കൂൾ	ടി	കെ. പത്മനാഭൻതമ്പി	നഒ
ഥ	ശ്രീരാമവിലാസം നെയ്ത്തുശാല	ടി	വി. നാരായണൻ	കഇ
ദ	ശ്രീയേശു ആശ്രമം ടി	ടി	എ. ഐസക്	കഇ
ധ	ആടറിക്കൽ ടി	ചിറയിൻകീഴ്	എസ്. അനന്തകൃഷ്ണയ്യർ	നഒ
ന	ഭഗവതിവിലാസം ടി	ടി	കെ. ശിവശങ്കരപ്പിള്ള	കഇ
പ	ഷൺമുഖവിലാസം ടി	ടി	എം ശങ്കരപ്പിള്ള	കഇ
ഫ	കവലയൂർ ശ്രീകൃഷ്ണവിലാസം ടി	ടി	രൂവ്വ-ാം പരസ്പരസഹായസംഘം പ്രസിഡൻറ	കഇ
ബ	ശ്രീനാരായണപവിലാസം ടി	ടി	കെ. എൻ. കുഞ്ഞുകൃഷ്ണൻ	കഇ
ഭ	നസറെത്ത് അനാഥശാല	കൊല്ലം	സിസ്റ്റർ എം. അൽഫീരാ	ഘ ഇ
മ	മങ്ങാട്ട നെയ്ത്തുശാല	ടി	കെ. ജി. നീലകണ്ഠൻ	കഇ
യ	ഓണാട്ടുകര നെയ്ത്തുശാല	മാവേലിക്കര	എൻ. രാമൻപിള്ള	നം
ര	കേതിവിലാസം ടി	ടി	കെ. നാരായണപിള്ള	കഇ
റ	രവിവർമ്മ ചിത്രമെഴുത്തുവിദ്യാലയം	ടി	എം. മാധവമേനോൻ	രം
ല	സേതു പാർവ്വതിവിലാസം നെയ്ത്തുശാല	അമ്പലപ്പുഴ	എം. എൻ. വേലായുധമേനോൻ	കഇ
വ	സി. എം. എസ്. വ്യവസായശാല	കോട്ടയം	വെ. ആഡ്ം. ഡിക്കൽ ടി. കെ. ബെഞ്ചമിൻ	നഒ
ശ	പാമ്പാടി നെയ്ത്തുശാല	ടി	വി. കുഞ്ഞൻ	കഇ
ഷ	കുമാരവിലാസം ടി	ടി	എം. എൻ. നാരായണമേനോൻ	കഇ
സ	സി. എം. എസ്. വ്യവസായശാല	ചങ്ങനാശേരി	എ. എൻ. നൈനാൻ	കം
ഹ	സെൻറ്ജോസഫ് നെയ്ത്തുശാല	ടി	റെവ. മാത്യൂപുരക്കൽ	നം
ള	സി. എം. എസ് ടി	തിരുവല്ലാ	റെവ. എസ്. ഫണ്ട്	ഉ
ഴ	പടിഞ്ഞാറെത്തറ ടി	ടി	കെ. എബ്രഹാം	കഇ
റ	ഇടത്തിക്കോട്ട ടി	ടി	നാരായണപിള്ള	കഇ
റ	മുളക്കുഴ പരോമായം ടി	ടി	മൂലൂർ എസ്. പത്മനാഭപണിക്കർ	കഇ
റ	ഭഗവതിവിലാസം ടി	ചേർത്തല	എ. മോഹൻദാസ മേനോൻ	കഇ
റ	കയറുവ്യവസായശാല ടി	ടി	പി. ജെ. കുഞ്ഞപിരാന്തരകൻ	ഘ ഒ നീ
ഠ	ശ്രീകൃഷ്ണവിലാസം നെയ്ത്തുശാല	നെടുമങ്ങാട്	എ. കൃഷ്ണപിള്ള	കഇ

സാങ്കേതികവിദ്യാലയങ്ങളുടെ പേരും താലൂക്കും ഉടമസ്ഥന്റെപേരും ക്ര ൦ന-൦൦
മുതലായതിനെ സംബന്ധിച്ചുള്ള ഗ്രാന്റുകൾ കാണിക്കുന്ന പട്ടിക.

നമ്പർ	വിദ്യാലയത്തിന്റെ പേര	താലൂക്ക	മാനേജരുടെ പേര്	ഗ്രാന്റുതുക
ക	ശ്രീകൃഷ്ണവിലാസം നെയ്ത്തുശാല	അരുവിപ്പുറം	ആർ. സുബ്രഹ്മണ്യൻ	ക
ഖ	പുതുതലം അനന്തപദ്മനാഭവിലാസം ശാല	കി	റെവ. എസ്. വേലുമണി	ഖ ൦
ഗ	നെയ്ത്തുശാല	കല്ലുമല	പി. കൃഷ്ണപിള്ള	ന.൫
ഘ	റെവ. എം. സി. എ. വ്യവസായശാല	വിളവങ്കോട്	ജെ. ജേക്കബ്ദാസ്	ക൬
ങ	ധർമ്മവിലാസം നെയ്ത്തുശാല	നെയ്യാറ്റിൻകര	എം. ഇസ്രായേൽ	ക൫
ന	ചാണിനെയ്ത്തുശാല	നെയ്യാറ്റിൻകര	പി. ആർ. വിൽസൺ	ന.൫
ഩ	തിരുപുരം കി	കി	എം. ജോസഫ്	ന.൦
വ	കോടങ്കാ കി	കി	എ. അന്ത്രോസ്	ന.൦
ശ	മുതലാളി കി	കി	ബി. വല്ലൂന്നി	ന.൦
ഷ ൦	ചെമ്മൂർ കി	കി	പി. മാധ്യനായർ	ന.൦
സ ക	സെന്റ്ജോസഫ് കി	കി	എലിയസ് റോച്ചി	ന.൦
ഹ ഖ	ശ്രീവേലായുധവിലാസം കി	കി	കെ. വേലായുധപണിക്കർ	ന.൧
ക്ഷ ഗ	സെന്റ് ജോസഫ് വ്യവസായശാല	തിരുവനന്തപുരം	എം. സി. പിറാറാ	ന.൦
ക ഘ	ആർ. വി. ട്രെയിങ്ങ് അണ്ടു പെയിൻറിങ്ങ് വിദ്യാലയം	കി	കെ. പത്മനാഭൻതമ്പി	ന.൫
ക ങ	ശ്രീരാമവിലാസം നെയ്ത്തുശാല	കി	വി. നാരായണൻ	ക൫
ക ന	ശ്രീപദ്മനാഭപുരം കി	കി	എ. മൈസക്ക്	ക൫
ക ഩ	ശ്രീകൃഷ്ണവിലാസം കി	നെടുമങ്ങാട്	എ. കുഞ്ഞുപിള്ള	ക൫
ക വ	കുറിങ്ങൽ കി	ചിറയിൻകീഴ്	എസ്. അനന്തകൃഷ്ണയ്യർ	ന.൫
ക ൻ	ഗോവർധവിലാസം കി	കി	കെ. ശിവശങ്കരപ്പിള്ള	ക൫
ഖ ൦	ഷൺമുഖവിലാസം കി	കി	എം. ശങ്കരപ്പിള്ള	ക൫
ഖ ക	കുലശ്ശേഖർ ശ്രീകൃഷ്ണവിലാസം കി	കി	ശ്രീ ഉ-ാനസർ പരസ്പരസഹായസംഘം പ്രൈസിഡെൻറ്	ക൫
ഖ ഖ	ശ്രീനാരായണവിലാസം കി	കി	കെ. എൻ. കുഞ്ഞുകൃഷ്ണൻ	ക൫
ഖ ന	നസറെത്ത് അനാഥശാലയും വ്യവസായശാലയും	കൊല്ലം	സിസ്റ്റർ എം. അൽഫീരാ	ക൫
ഖ ശ	മങ്ങാട്ടനെയ്ത്തുശാല കി	കി	കെ. ജി. നീലകണ്ഠൻ	ക൫
ഖ ള	ഓണാട്ടുകര കി	മാവേലിക്കര	എൻ. രാമൻപിള്ള	ശ൫
ഖ ന	ആർ. വി. പെയിൻറിങ്ങ് സ്കൂൾ	കി	എം. മാധവമേനോൻ	ശ ൦
ഖ ഩ	ശ്രീചിത്തിരവിലാസം വ്യവസായശാല		കെ. പി. ഗോവിന്ദൻ ആശാരി	ക൫
ഖ വ	സി. എം. എസ്. വ്യവസായശാല	കോട്ടയം	റെവ. ആർച്ച്ഡീക്കൻ ടി. കെ ചെറിയാൻ	൫ ൦
ഖ ൻ	പാമ്പാടി നെയ്ത്തുശാല	കി	വി. കുഞ്ഞൻ	ക൫
ഗ ൦	കുമാരവിലാസം കി	കി	എം. എൻ. നാരായണമേനോൻ	ക൫
ഗ ക	സേതുപാർവ്വതിവിലാസം കി	അമ്പലപ്പുഴ	എം. എൽ. വേലായുധമേനോൻ	ക൫
ഗ ഖ	സി. എം. എസ്. വ്യവസായശാല	തിരുവല്ല	റെവ. ജി. ഹാണ്ട്	ക൫
ഗ ഗ	പടിഞ്ഞാറെത്തറ നെയ്ത്തുശാല	കി	ആർ. ഏബ്രഹാം	ക൫
ഗ ഘ	ഇരുത്തിക്കാട് കി	കി	നാരായണപിള്ള	ക൫
ഗ ങ	മുളക്കഴപത്തോലയം കി	കി	മൂപ്പർ ഏ.സ്സ്. പത്മയാപ്പേണിക്കർ	ക൫
ഗ ന	കല്ലൂപ്പാറ സെൻറ് മേരീസ് നെയ്ത്തുശാല	കി	ഡി. വറുഗീസ്	ക൫
ഗ ഩ	ശ്രീനാരായണവിലാസം കി	കി	എസ്. ദിവാകരൻ	ക൫
ഗ വ	സെൻറ് പേട്രിക്സ് നെയ്ത്തുശാല	പീരുമേട്	ഒ. ഫാദർ ലൂസിയൻ	ന.൦
ഗ ൻ	ഇരവൂർ കി	ചേർത്തല	കെ. ജി. പത്മനാഭപിള്ള	ക൫
ങ ൦	ഗോവർധവിലാസം കി	കി	എ. ഗോപാലമേനോൻ	ക.൫
ങ ക	കയറുവ്യവസായശാല	കി	പി. ജെ. കുഞ്ഞവിരാതരകൻ	ക.൦.൫
ങ ഖ	സെൻറ് ജോസഫ് നെയ്ത്തുശാല	ചങ്ങനാശേരി	റെവ. മാത്യു പുരക്കൽ	ന.൫
ങ ഗ	സെൻറ് തോമസ് വ്യവസായശാല	കുന്നത്തുനാട്	റെവ. തോമസ് പുണ്ടോട്ട്	ക൫

പൊതുതെരഞ്ഞെടുപ്പിനെ സംബന്ധിച്ച പ്രമേയങ്ങൾ.

ചേർക്കോട്ടുകോണത്തുകിൽ മത്സ്യബന്ധനം സംബന്ധിച്ചുള്ള പ്രമേയം.

അഭ്യൂഹകുമാർ: ഒന്നാമത്തെ പ്രമേയം മിസ്റ്റർ സുബ്രഹ്മണ്യൻപോറ്റിയുടെ പേരിലാണല്ലോ കാണുന്നതു്, അദ്ദേഹം ഹാജരില്ലാത്തതിനാൽ പ്രമേയം പിൻവലിച്ചതായിവിചാരിക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മിസ്റ്റർ കുഞ്ഞൻപോറ്റി ഹാജരില്ലാത്തതുകൊണ്ടും അദ്ദേഹം വാഗ്ദാനം ചെയ്ത കാര്യം നടക്കുമെന്നു അറിവില്ലാത്തതുകൊണ്ടും പ്രമേയം പ്രധാന്യമുള്ളതു തന്നെയാകകൊണ്ടും കഴിഞ്ഞപ്രാവശ്യത്തെ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അതിനു അടങ്ങിടുള്ളതുപോലെ നവരണ്ടാമതു സിക്കിച്ചുതന്നെയും അതിനെപ്പറ്റി ചർച്ചചെയ്യുന്നതിനു നടപടിയുണ്ടാകുന്നതിനും വേറെ ഏതെങ്കിലും ഒരു മെമ്പർ അതിനെ ഏറ്റെടുക്കുന്നതിനെപ്പറ്റി പ്രസിഡൻറ് അറിയിച്ചുകൊള്ളാം?

പ്രസിഡൻറ്: കഴിയുമെന്നു തോന്നുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ കുഞ്ഞൻപോറ്റിക്കു അപേക്ഷിച്ചിട്ടുണ്ടോ?

പ്രസിഡൻറ്: [illegible] വിചാരിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപേക്ഷിച്ചിട്ടുണ്ടോ എന്നു അറിയണമെന്നേ ഉള്ളൂ.

പ്രസിഡൻറ്: അപേക്ഷിച്ചിട്ടില്ല.

മെമ്പർ ഹാജരില്ലാതിരിക്കുമ്പോൾ [illegible] പറയുന്ന പ്രമേയം പിൻവലിക്കുന്നതായി ഗണിക്കപ്പെട്ടിട്ടുള്ളതാണു. "കഴിഞ്ഞ വർഷത്തെ ഉടമ്പടി ക്രമപ്രകാരം ചേർത്തോട്ടുകോണത്തുകിൽ മത്സ്യബന്ധനം വിഷയപരിഗണനാർഹം തന്നെയാണെന്നു കാണുന്നതിനാൽ ഈ സഭ ശുപാർശചെയ്യുന്നു" എന്നുള്ള പ്രമേയം നിരുപാധികം പിൻവലിക്കുന്നു.

പരീക്ഷകളുടെകാലം ഭേദപ്പെടുത്തുന്നതിനെപ്പറ്റിപ്രമേയം

രാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): പ്രമേയം ഹാജരാക്കുന്നതിനു മുമ്പായി ഇതിനെപ്പറ്റി സാരാംശത്തിൽ ഭേദമില്ലാത്തതായുള്ള പ്രമേയങ്ങൾ ഉണ്ടെന്നുള്ളസംഗതി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഒന്നു മിസ്റ്റർ രാമൻമേനവന്റെ പേരിലും മറ്റേതു മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ പേരിലും ആണുള്ളതു്. രണ്ടു പ്രമേയങ്ങളും ആധേകമായ്ക്കൂടുന്നതു ഒന്നിച്ചായിരുന്നാൽ കൊള്ളാമെന്നു തോന്നുന്നുകൊള്ളുന്നു.

പ്രസിഡൻറ്: അപ്രകാരം ചെയ്യുന്നതിനു മെമ്പർമാർക്കു വിരോധമില്ലെങ്കിൽ,

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മുഴുവൻ സമയം അനുവദിക്കുമെങ്കിൽ എനിക്കു വിരോധമില്ല.

പ്രസിഡൻറ്: ഉവ്വു്, മുഴുവൻസമയം—അനുവദിക്കാം.

മി: പി. സുബ്ബയ്യർ (ഗവൺമെൻറ് നിയമനം-ഡിപ്യൂട്ടി പ്രസിഡൻറ്): ആദ്യത്തെ പ്രമേയം അനുവദിക്കുകയും രണ്ടാമതുള്ളതു പിൻവലിക്കുകയും ചെയ്താൽ പിന്നെ രണ്ടാമത്തെ പ്രമേയം കൊണ്ടുവരുവാൻ പാടില്ല. അങ്ങനെയായിരിക്കെ ഇപ്രകാരമായുള്ള പ്രസ്താവന കൂടാതെയുള്ളവ കാണിക്കുന്നതിന്റെ ആവശ്യം കാണുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദ്യത്തെയുള്ളവ കാണിച്ചിട്ടുകൊണ്ടു് എന്തുദ്ദേശമാണു വരേണ്ടതുള്ളൂ?

മി: ജി. രാമൻമേനോൻ (മാവേലിക്കര): താഴെപറയുന്നപ്രമേയം ഞാൻ കൊണ്ടുവരുന്നതിനെക്കൊള്ളുന്നു.

ഈ രാജ്യത്തിലെ വിദ്യാഭ്യാസസ്ഥിതിപ്പോർട്ടുമെൻറിൽനിന്നു നടത്തുന്നപരീക്ഷകളെസംബന്ധിച്ചിട്ടുള്ളതോളം പരീക്ഷകൾ നടത്തുന്നതുകൊണ്ടു മാർച്ചുമാസത്തിൽ നിന്നു ഡിസംബർമാസത്തിലേക്കു മാറ്റുന്നതിനുവേണ്ടുന്നതടപടികൾ അടിയന്തിരമായി നടത്തണമെന്നു ഈ സഭയുടെനാമത്തോടു ശുപാർശചെയ്യുകൊള്ളുന്നു.

ഈ പ്രമേയത്തെപ്പറ്റി ദീർഘസമയം ആലോചിക്കുന്നില്ല. നമ്മുടെ നാട്ടിൽ ഉണ്ണുന്നതിനും കൊടുക്കുന്നതിനും മറ്റും കാലത്തിന്റെ സ്ഥിതിയും അസൗകര്യപ്രദമായ ഓരോ കാലം മിനം മാസങ്ങളുണ്ടെന്നു പലർക്കും അറിയാവുന്ന ഒരു സംഗതിയാണ്, ഫോക്കത്തിന്റെ മറ്റു മാസങ്ങളിലെ സ്ഥിതി എന്തായിരുന്നാലും, നമ്മുടെ നാട്ടിലെ സ്ഥിതി അതാണ്, അതിനാൽ അതു സമ്മതിക്കേണ്ടതും അതിനെപ്പറ്റി ഗൌനിക്കേണ്ടതുമാകുന്നു. ശൈശവപ്രായത്തിലുള്ളവരും ബാലന്മാരും ബാധിക്കുമാറുള്ള ആ സമയത്തെ കാലസ്ഥിതികൊണ്ടുള്ള കഷ്ടതകൾ കൂടാതെ, പരീക്ഷയ്ക്കു തയ്യാറാകുന്ന അദ്ധ്യാപകന്മാർക്കുടി സഹിക്കേണ്ടതായ വരുന്നു പ്രത്യക്ഷത്തിൽതന്നെ നിഷ്ഫലവും നിന്ദ്യവുമായ ഒരു ഏർപ്പാടാകുന്നു, അതു സമൂഹത്തിന്റെ ആരോഗ്യവും ബുദ്ധിശക്തിയും അവയുടെ ഉല്പത്തിസ്ഥാനത്തുവച്ചു തന്നെ നശിപ്പിച്ചു കളയുന്നു, കാലാവസ്ഥകൊണ്ടു ഉണ്ടാകുന്ന രോഗങ്ങൾ നിമിത്തവും മറ്റുകാരണങ്ങൾ നിമിത്തവും നിശ്ചിതം വിദ്യാർത്ഥികൾക്കു കിട്ടേണ്ടുന്നവിധത്തു കിട്ടാതെ പോകുന്നു. ഇപ്പോഴത്തെ നടപ്പിൽ ഇരിക്കുന്ന വ്യവസ്ഥയുടെ ദോഷങ്ങളെ ദീർഘമായി വിവരിച്ചിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ഏർപ്പാടു് ആരംഭിച്ചപ്പോൾ ഞാൻ കാക്കനാടൻപോലെ അന്നു ഞാൻ രേഖസക്കാർ ഉദ്യോഗസ്ഥൻ ആയിരുന്നെങ്കിലും ഞാൻ അതിനു വിരോധം പറഞ്ഞിരുന്നു, എങ്കിലും ആക്ഷേപങ്ങളെല്ലാം ഇതുവരെ നടന്നിരുന്നതും ഇപ്പോഴത്തെ ഇരുപതും എട്ടുമുള്ളതും അതുകൊണ്ടു, കഴിഞ്ഞ പ്രാവശ്യം ഞാൻ ഇതിനെപ്പറ്റി ഒരുചോദ്യവും അയച്ചിരുന്നു എന്നു തോന്നുന്നു, പിന്നീടു അതു ഒരു മറുപടി കിട്ടാതെ കാലഹരണപ്പെട്ടുപോയി. പിന്നീടു ഫലമൊന്നും ഒന്നോ കാണാതെ ഞാൻചിലഹർജികളും അയച്ചു, എന്നാൽ അത്തരത്തിലുള്ള യീയ്യുംചോദ്യംഅയക്കാൻ വിട്ടുപോയി, ഈ പ്രമേയവും കുറെക്കാലം മുമ്പു അയച്ചിരുന്നു ഓരോ യോഗത്തിനും പുതുക്കിയയച്ചു കൊണ്ടിരുന്നു, ഇപ്പോഴാണ് അതൊന്നു കണ്ടുപിടിക്കാൻ കിട്ടുവീണതു്, ഇപ്പോഴത്തെ പരീക്ഷാകാലത്തിനു പ്രതികൂലമായി ഈ രാജ്യത്തെ പ്രധാന പുരുഷന്മാർ അഭിപ്രായം പറഞ്ഞിട്ടുണ്ടു്, ഇപ്പോഴുള്ളതു നിശ്ചയിച്ച വ്യവസ്ഥയെ സാധുകരിക്കാൻ തൻ തിന്നുന്ന ഉപ്പിനു വിശ്വസ്തയായതൊന്നു അഭ്യുപകരമെങ്കിലും ശ്രമിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല.

ഇനി പഴയവ്യവസ്ഥ പുനഃപ്രതിഷ്ഠിക്കുന്നതിനുള്ള പ്രയാസങ്ങളെപ്പറ്റി പറയാം, അവയെ കാണിക്കേണ്ടതാണു്, പുതിയ പരീക്ഷകൾ നടത്തിയിരുന്നതു ഡിസംബറിലായിരുന്നു, ഉപദ്രവകരമായ വ്യവസ്ഥ നടപ്പിൽ വരുത്തിയതു ചില വർഷങ്ങൾക്കു മുമ്പാണു്, അതുകൊണ്ടു എൻറെ വാദം മറ്റു പുതിയ വ്യവസ്ഥ

നടപ്പിൽ വരുത്തണമെന്നല്ല, സുഖപ്രദമായിരുന്ന പഴയ വ്യവസ്ഥ പുനർജീവിപ്പിക്കണമെന്നു മാത്രമാണ്. ക്ലാസ് സ്വീകരിച്ചുതുടങ്ങുന്നതുകൊണ്ടു നമ്മുടെ സ്കൂൾവർഷവും ഈ മാസത്തിൽ തന്നെ ആരംഭിച്ചിട്ടില്ലെങ്കിൽ പരിഷ്കരണം സംബന്ധിച്ചിടത്തോളം നമ്മുടെ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും മൂന്നുമാസം യഥാർത്ഥ പ്രയോജനമുണ്ടാകുമെന്നു പറയുകയായിരിക്കും. ഇതു പരമാർത്ഥമായിരുന്നാലും അല്ലെങ്കിലും ഇപ്പോളുള്ള വ്യവസ്ഥകൊണ്ടു അവർക്കുണ്ടാകുന്ന ശാരീരികവും മാനസികവും അദ്ധ്യാത്മികവും ആയ ദോഷങ്ങളെക്കാൾ പ്രധ്യവസ്ഥ എന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. മേൽ സൂചിപ്പിച്ച സമയനഷ്ടം അത്ര കാര്യമായി ഗണിക്കാവുന്നതല്ലെന്ന് എനിക്കു തോന്നുന്നു.

ഈ നഷ്ടം ബാധിക്കുന്നത് സ്കൂൾഫൈനൽപരീക്ഷ കഴിഞ്ഞു കോളേജിൽ പഠിക്കാൻ പോകുന്നവരെ മാത്രമായിരിക്കും. മദ്രാസ് സർവകലാശാല ഇപ്പോൾ അവരുടെ പരീക്ഷകൾ നടത്തുന്നത് ഏപ്രിൽ അല്ലെങ്കിൽ ഒക്ടോബർ മാസങ്ങളിലാണ്. നമ്മുടെ ഇംഗ്ലീഷ് സ്കൂൾ കൊണ്ടിനൽവിദ്യാർത്ഥികൾ ഡിസംബർമാസത്തിൽ പരീക്ഷക്കുചേരുന്നതിനാൽ അവരുടെ പരീക്ഷാഫലം മാർച്ചുമാസത്തിൽ പുറത്താകും. ഒരുമാസത്തിലധികം അവർക്കു കോളേജിൽ ചേരാം. അതുകൊണ്ടു സമയനഷ്ടം എന്നപറയത്തക്ക മൂന്നുമാസത്തേയുണ്ട്. നാം സൂക്ഷിച്ചു പ്രവർത്തിച്ചാൽ ഈ നഷ്ടം ഒഴിവാക്കാമെന്ന മാത്രമല്ല പ്രത്യുത ഗൌനിക്കുന്നപക്ഷം ഒരു രണ്ടുമാസത്തെ ലാഭം നമുക്കു കിട്ടുന്നുമുണ്ട്. പരീക്ഷ സപ്തംബറിലോ ഒക്ടോബറിലോ നടത്തുന്നതുകൊണ്ടു ദോഷമൊന്നുമില്ല. മഴ നിമിത്തം ആ മാസങ്ങളിൽ ഇവിടെ തണുപ്പുള്ള കാലമാണല്ലൊ. ക്ലാസ് സർവകലാശാല ഇപ്പോൾ ആണ്ടിൽ രണ്ടുതവണ പരീക്ഷകൾ നടത്തുന്നുണ്ടല്ലൊ. ഇവ നടത്തുന്നത് മാർച്ചിലും സപ്തംബർമാസത്തിലും ആകുന്നു. നമ്മുടെ വിദ്യാർത്ഥികളിൽ അധികപേരെയും ഒക്ടോബർമാസത്തിലെ പരീക്ഷക്കു ചേർക്കുന്നതായ വണ്ണം ഏർപ്പാടു ചെയ്യാവുന്നതാണ്. ഇങ്ങനെ ചെയ്താൽ മുൻപറഞ്ഞ നഷ്ടത്തിനു പരിഹാരം വരുത്താകുന്നതാണ്. എന്നുമാത്രമല്ല, സാർകലാശാലയോടു ബന്ധപ്പെടുത്തുന്നതിനുവേണ്ടി നമ്മുടെ ചില വിദ്യാർത്ഥികൾക്കെങ്കിലും ചില മാസങ്ങൾ ലാഭമാക്കിക്കൊടുക്കുവാനും ചെയ്യാം. യഥാർത്ഥത്തിൽ ഈ സംഗതി പ്രയോഗത്തിൽ വരുത്തുമ്പോൾ പ്രയാസങ്ങൾ ഉണ്ടാകയില്ല. ഒരിക്കൽ നാം പരീക്ഷകൾ ഡിസംബറിൽനിന്ന് മാർച്ചുമാസത്തിലേക്കു മാറ്റി; എന്നാൽ അതു നമ്മുടെ ബാലികാബാലന്മാരുടെ ശാരീരികവും മാനസികവും അദ്ധ്യാത്മികവുമായ ഗുണത്തെ ഉദ്ദേശിച്ചല്ലായിരുന്നു. ഇപ്പോൾ നമുക്ക് ആ വ്യവസ്ഥയെ അവരുടെ ഗുണത്തിനുവേണ്ടി തിരിച്ചു ഭേദപ്പെടുത്താം. ക്ലാസിയാൽ ഭരണകർത്താക്കൾക്കുള്ള സമയനഷ്ടവും അസൌകര്യവും സഹിക്കേണ്ടിവരുമെന്നേയുള്ളൂ. എന്നാൽ ഈ കഷ്ടവും അസൌകര്യവും സഹിക്കുന്നതു നല്ലതായിരിക്കും; എങ്ങനെന്നാൽ, ഈ മാറ്റംകൊണ്ടു നമ്മുടെ ബാലികാബാലന്മാർക്കു ശാരീരികവും മാനസികവും അദ്ധ്യാത്മികവും ആയ അഭിവൃദ്ധി ഉണ്ടാകുമല്ലൊ. ഇതൊരു ലഘുവായ കാര്യമല്ല.

ഗവൺമെൻറ് ഈ പ്രമേയത്തിൻറെ തത്വത്തെ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഡിസംബർമാസം ഒരു പുണ്യമാസമാണെന്ന് ഇവിടെ അഭിപ്രായം ഇല്ല. സർവകലാശാലാധികാരികളോട് ആലോചിച്ചതിനുശേഷം, സെപ്തംബർമാസത്തിലോ ഒക്ടോബർമാസത്തിലോ പരീക്ഷ നടത്തുകയാണ് ഉത്തമമെന്നു കണ്ടാൽ അങ്ങനെ ചെയ്യാം. വിദ്യാർത്ഥികൾ കൂട്ടത്തോടെ അദ്ധ്യാനിക്കേണ്ടതു പരീക്ഷയുടെ കാലത്താണ്. ആ കാലം ആണ്ടിലെ തണുപ്പും സുഖപ്രദവുമായ കാലത്തായിരിക്കണമെന്നേയുള്ളൂ. സ്കൂൾഫൈനൽ പരീക്ഷയുമായി സംബന്ധിച്ചില്ലാത്ത മറ്റു പരീക്ഷകളെ സംബന്ധിച്ചു യാതൊരു പ്രയാസവുമില്ല. ആ പരീക്ഷയുടെ കാര്യത്തിൽ ആരോഗ്യം അപേക്ഷിക്കാതെതന്നെ ആവശ്യമുള്ള ഭേദഗതികൾ ഗവൺമെൻറ് ഉടൻതന്നെ ചെയ്യാവുന്നതാണ്. ഇംഗ്ലീഷ് സ്കൂൾഫൈനൽ പരീക്ഷയുടെ കാര്യത്തിൽ ആവശ്യമുള്ള മാറ്റം സർകലാശാലാധികാരികളോട് ആലോചിച്ചു കഴിയുന്നതും വേഗത്തിൽ വരുത്തേണ്ടതാകുന്നു.

മദ്രാസ്സർവകലാശാലയുടെ പരീക്ഷകൾക്കുകൂടി മറ്റേതെങ്കിലും പരീക്ഷകൾക്കോകൂടി വളരെ പ്രാധാന്യം കല്പിച്ചിട്ടായാലും ഇല്ലെന്നു ഞാൻ ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു. നമ്മുടെ യുവാക്കൾക്കു ശരിയായ വിദ്യാഭ്യാസം നൽകണമെന്നുള്ളതാണ് പ്രധാനകാര്യം. നമ്മുടെ സ്കൂളുകളിൽനിന്നു ഇറങ്ങുന്ന വിദ്യാർത്ഥികൾക്കു വേണ്ടുവോളം കായികക്ഷമതയുള്ളവരുമായിരുന്നാൽ ഗവൺമെൻറ് കോളേജ് അധികൃതന്മാരോ കൊടുക്കുന്ന സാക്ഷ്യപത്രങ്ങളെക്കാൾ അല്പകാലംകൊണ്ടു സർകലാശാലകൾ കൊടുക്കുന്ന സാക്ഷ്യപത്രംപോലെതന്നെ ബഹുമാനിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യും. വൈദ്യം, എഞ്ചിനീയറിങ്ങ് മുതലായ സാങ്കേതികവിഷയങ്ങളിലും നമ്മുടെ യുവാക്കളെ പരിശീലിപ്പിക്കുന്നതിനു നമുക്കു കഴിയുന്നതാണ്. ഇതിനു നമ്മുടെ നാട്ടിൽ ഉള്ള വിശുദ്ധ സ്ഥാനമെന്താണ് അവയ്ക്ക് ആവശ്യമുള്ള പ്രായോഗികപരിശീലനം കൊടുപ്പിക്കുകയും ആ വിഷയങ്ങളിൽ ഉള്ള പരീക്ഷകൾക്കു പഠിക്കുന്നതിനുള്ള വഴി കാണിച്ചുകൊടുക്കുകയും ചെയ്താൽ മതിയാകുന്നതാണ്. ഞാൻ പറയുന്നതു ഒരു സൂചനമാത്രമായിട്ടാണ്. പ്രമേയം നടപ്പിൽ വരുത്തുന്നതിനു ഈ സൂചന സ്വീകരിക്കണമെന്നില്ല. പ്രമേയം സ്വീകരിക്കണമെന്ന് ഈ സഭയോടും ഗവൺമെൻറിനോടും ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സർ, അടുത്തയായി ബാലാറിൽ വന്നിട്ടുള്ള പ്രമേയവും ഇതും ഒന്നുതന്നെയാകയാൽ മിസ്റ്റർ രാമൻമേനവൻറെ പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു.

മദ്രാസ്സിലെ കോളേജുകളിൽ പരീക്ഷാകാലം രണ്ടുമാസമായിരുന്നു. ഈ കാലം ഏറിയകാലമായിട്ടു നടന്നുകൊണ്ടുവരികയായിരുന്നു. അതിൽപിന്നീടു പരീക്ഷാകാലം മാർച്ച് (കംഭം) മാസത്തിലേക്കു മാറ്റിനിശ്ചയിച്ചിട്ടുള്ള ഒരു മാസമാണ് മാർച്ചുമാസം. ഈ മാസത്തിൽ പകൽസമയത്തുള്ള ചൂടും രാത്രികാലത്തുള്ള ഉഷ്ണവുംകൊണ്ടു പ്രായംകുറഞ്ഞിയവരുടെ കഥപറഞ്ഞിനേപ്പോലും ക്ലേശപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ കഥപിന്നെ ചോദിക്കേണ്ടതുണ്ടോ? പകലും രാത്രിയും മുഷിഞ്ഞിരുന്നു പഠിച്ചു ഈ പരീക്ഷാകാലങ്ങളിൽ അതിക്ലേശം സഹിക്കേണ്ടിവരുന്ന വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി ഏറ്റവും പരിതാപകരമാണ്, പരീക്ഷാവിജയികളായ വിദ്യാർത്ഥികളുടെ ശരീരസ്ഥിതി എത്ര കഷ്ടമായ നിലയിലാണെന്ന് എനിക്കു നല്ലവണ്ണം അറിയാവുന്നതാണ്. സാധാരണ തെങ്ങിനു കാറ്റ് എന്നപോലെയാണ് ബാധിക്കുന്നതുപോലെ ഏറ്റവും പ്രയോജനകരമായ വി

ട്യൂട്ടോറിയൽ ക്ലാസ്സുകൾ നടത്തുന്നതിനുള്ള ഉത്തരവാദിത്തം ഏതു കോളേജിനാണ് നൽകിയിരിക്കുന്നത്. ഓണറബിൾ മെമ്പർ ഇപ്പോൾ ചോദിച്ചതുപോലെ ഓരോ കോളേജിലും ഓരോ

മി: സി. പി. തോമസ് (ഗവൺമെന്റ് തിയറ്റനം): ഈ പരീക്ഷ നവംബർ ഡിസംബർ മാസത്തിൽ ആക്കുന്നതിനേക്കാൾ ജനുവരി മാസത്തിൽ ആക്കുന്നതുകൊണ്ടു തരക്കേടുണ്ടോ?

അദ്ധ്യക്ഷൻ: മിസ്റ്റർ തോമസ്, നിങ്ങൾ മലയാളം ഇംഗ്ലീഷിൽ സംസാരിക്കണം.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പരീക്ഷാമാസം ജനുവരി മാസത്തിൽ ആക്കുന്നതുകൊണ്ടും തരക്കേടില്ല.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): സർ, ഈ പ്രമേയത്തിന്റെ ആലോചനയിൽ ദീർഘസമയം വ്യയം ചെയ്തിട്ടുവേണ്ട എന്നില്ലെന്നുള്ള മുഖവുരയോടുകൂടിയാണ് മിസ്റ്റർ രാമൻമേനോൻ പ്രമേയം ഹാജരാക്കിയതു. ഇപ്പോഴാകട്ടെ കുറെക്കാലത്തേക്കാകട്ടെ ഈ വിഷയത്തെപ്പറ്റി വാദം ചെയ്വാൻ തന്നെ ന്യായമില്ലെന്നു ഞാൻ ഇപ്പോൾ പറയാൻപോകുന്നതിൽനിന്നു വ്യക്തമാകുന്നതാണ്. പരീക്ഷാകാലം മാച്ച് ഏപ്രിൽ മാസങ്ങളിൽനിന്നു ഉടൻതന്നെ ഡിസംബർമാസത്തിൽ ആക്കണമെന്ന മിസ്റ്റർ രാമൻ മേനോൻ ചെയ്ത പ്രസംഗമല്ലോ, ഈ മാറ്റത്തിനു അനുകൂലിക്കാത്ത അദ്ധ്യാപകൻ അവൻതിന്നുന്ന ഉപ്പിനോടോപ്പും യോഗ്യനല്ലെന്നു അദ്ദേഹം പറഞ്ഞു. മിസ്റ്റർ രാമൻമേനോൻ പറയുന്ന പ്രമാണപ്രകാരം നോക്കിയാൽ ലോകത്തിലെ ഗണിതജ്ഞരെ ഗണിക്കപ്പെടണമെന്നുള്ള ആഗ്രഹിക്കുന്നവരായെട്ടുനേകം അദ്ധ്യാപകന്മാരെ തങ്ങൾ തിന്നുന്ന ഉപ്പിന്നു യോഗ്യതയില്ലാത്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടുപോകുന്നതാകുന്നു.

സർ, ഈ ഈ വിഷയത്തെപ്പറ്റി ഗവൺമെന്റ് സഹതാപത്തോടെ ആലോചിക്കണമെന്നു മിസ്റ്റർ രാമൻ മേനോൻ ബോധിപ്പിച്ചു. ഈ വിഷയത്തെപ്പറ്റി എനിക്കു സഹതാപമില്ലെന്നു ആരും വിചാരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ മിസ്റ്റർ രാമൻ മേനോനും മിസ്റ്റർ കല്ലൂർ നാരായണപിള്ളയും പറഞ്ഞ കാരണങ്ങളാലും മറ്റു ചില കാരണങ്ങളാലും പരീക്ഷാകാലം മാച്ച് ഏപ്രിൽമാസങ്ങളിൽനിന്നു ഡിസംബർമാസത്തിലാക്കണമെന്നുള്ള പ്രമേയത്തോടു തന്നെയാണു മദ്രാസ് സർവ്വകലാശാലാസെനേറ്റിൽ ഹാജരാക്കിയതു്. എന്നാൽ ആദ്യത്തെ പ്രാവശ്യം എനിക്കു അതിനെ സംബന്ധിച്ചു സെനേറ്റിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. എനിക്കു സെനേറ്റിൽ വളരെ പേരുടെ ആനുകൂല്യം ലഭിക്കയും പിന്നീടു കൂടുതലായിപോയി എന്നതാൻ വിചാരിക്കയും ചെയ്തുകൊണ്ടിരുന്നപ്പോൾ മരിച്ചുപോയ സർ വി. സി. ദേശികാചാരി എഴുന്നേറ്റശക്തിമത്തായി ഒരു പ്രസംഗം ചെയ്തു കാര്യത്തിന്റെ സ്ഥിതി കേവലം മോശപ്പെട്ടതിക്കളഞ്ഞു് എനിക്കു ഇപ്പോഴും നല്ല ഓർമ്മയുണ്ടു്. അദ്ദേഹം മിസ്റ്റർ രാമൻമേനവന്റെ വാദങ്ങളെല്ലാം ഖണ്ഡിച്ചു വിദ്യാർത്ഥികളുടെ നിലയിൽനിന്നു നോക്കിയാൽ ഏറ്റവും അസൗകര്യപ്രദമായകാലം ഡിസംബർ ജനുവരിമാസക്കാലം തന്നെന്നു സ്ഥാപിച്ചു. വിദ്യാർത്ഥികൾ ജലദോഷം പിടിച്ചു മൂക്കിൽനിന്നും കണ്ണിൽനിന്നും ഒലിപ്പിച്ചുകൊണ്ടു പരീക്ഷയ്ക്കുവന്നു ഉത്തരമെഴുതാൻ നിർബന്ധിക്കരുതെന്നു അദ്ദേഹം വർണ്ണിച്ചു. അദ്ദേഹത്തിന്റെ പ്രസംഗംകേട്ട സെനേറ്റംഗങ്ങൾ മതി മറന്നു ഇരുപതു വർഷത്തേക്കു സ്വീകരിച്ച വ്യവസ്ഥതന്നെമതിയെന്നു തീർച്ചയാക്കി. മദ്രാസ് സെനേറ്റിൽ ഈ വിഷയം വാദത്തിനു വന്നപ്പോൾ ഇങ്ങനെയാണു കാര്യങ്ങൾ സംഭവിച്ചതു്. ഈ സമയംകൊണ്ടു് ഇൻഡ്യയിലെ മറ്റുസർവ്വകലാശാലകളും മദ്രാസ് സർവ്വകലാശാലയെ അനുകരിക്കയാൽ ഇപ്പോൾ ഇൻഡ്യയെ സംബന്ധിച്ചേടത്തോളം, വിദ്യാഭ്യാസവർഷം ജൂണിലോ ജൂലായിലോ ആരംഭിച്ചു മാച്ച് മാസത്തിൽ അവസാനിക്കുന്നു.

നമ്മുടെ വിദ്യാലയങ്ങളെസംബന്ധിച്ചേടത്തോളം, ഈദേശം ഉണ്ടാക്കിയാൽ, പരീക്ഷാകാലം മാച്ച്-ഏപ്രിലിൽനിന്നു ഡിസംബർമാസത്തിലാക്കിയാൽ മദ്രാസ് സർവ്വകലാശാലയോടൊ മറ്റേതെങ്കിലും സർവ്വകലാശാലയോടോ യോജിപ്പിച്ചിട്ടുള്ള കോളേജുകളിൽ ചേരുവാൻ ആഗ്രഹിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾ വേറെ ഇരിക്കേണ്ടിവരുന്നകാലം മൂന്നുമാസത്തോളം മാത്രമേ വരികയുള്ളുഎന്നു മി: രാമൻമേനവനും മി: കല്ലൂർ നാരായണപിള്ളയും പ്രസ്താവിക്കയുണ്ടായി. ഈ വാദം എനിക്കുഗ്രഹിക്കാൻ കഴിയുന്നില്ലെന്നു പറഞ്ഞുകൊള്ളുന്നു. പരീക്ഷകഴിഞ്ഞാൽ പരീക്ഷാഫലം പുറത്താകുന്നതിനു ഒരു ആഴ്ചയേ സാധാരണയായി അനുവദിക്കാറുള്ളു.

മി: എം. ശിവതാണുപിള്ള (തേവാള): വിഷയത്തിനനുകൂലമായികൊണ്ടുവന്ന വാദങ്ങൾ മരിച്ചുപോയ മി: വി. സി. ദേശികാചാരി ഖണ്ഡിച്ചുകളഞ്ഞു എങ്കിൽ ആവിഷയംതന്നെ വീണ്ടും ആലോചനയ്ക്കെടുപ്പിക്കാൻ ഉണ്ടായപ്രത്യേകകാരണം എന്തെന്നു മെംബർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൽ): വാദം പൂർത്തിയാകുന്നതുവരെ ക്ഷമിച്ചിരിക്കണമെന്നുള്ള ഉത്തമപ്രമാണത്തെ മി: ശിവതാണുപിള്ള സ്വീകരിക്കുമെങ്കിൽ ഈ ചോദ്യം ഇപ്പോഴും ചോദിക്കയില്ല. മി: രാമൻമേനോന്റെ നിലയും എന്റെനിലയും തമ്മിൽ താരതമ്യപ്പെടുത്തിക്കാണിക്കാമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. മറ്റുപ്രദേശങ്ങളിലെ കാലാവസ്ഥ "ഏതായിരുന്നാലും ഈ സംസ്ഥാനത്തെസംബന്ധിച്ചു നാം ഒരു തീർച്ചയുണ്ടാക്കണം". എന്നു മി: രാമൻമേനോൻ പറഞ്ഞുകൊണ്ടു തിരുവിതാംകൂറിന്റെ സ്ഥിതിയും മറ്റുപ്രദേശങ്ങളുടെ സ്ഥിതിയും തമ്മിൽ വ്യത്യാസമുള്ളതെന്നു മി: രാമൻമേനോൻതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. മദ്രാസ് സർവ്വകലാശാലയോടു യോജിപ്പിച്ചിട്ടുള്ള കോളേജുകളുള്ള മറ്റുപ്രദേശങ്ങളിലെ കാലാവസ്ഥ മാർച്ചും ഏപ്രിലും മാസങ്ങളിൽ തിരുവിതാംകൂറിൽഉള്ള കാലാവസ്ഥയിൽനിന്നു വ്യത്യസ്തമാണെന്നാകുന്നു അദ്ദേഹത്തിന്റെ നില. ഇതിനെപ്പറ്റി സ്പഷ്ടമായ ഒരു പ്രമാണം എടുത്തുപറവാനില്ല: മി: ശിവതാണുപിള്ളയുംമറ്റും അല്പം ക്ഷമിച്ചിരിക്കുമെങ്കിൽ ഇതിനെപ്പറ്റി ഞാൻ ഉടൻതന്നെ പറഞ്ഞുകൊള്ളാം. അപ്പോഴും അദ്ദേഹത്തിന്റെ നിലയെ നിസ്സാരമാക്കാൻ സംഗതിയില്ല. മി: രാമൻമേനോന്റെയും മി: കല്ലൂർ നാരായണപിള്ളയുടെയും പ്രമേയങ്ങളും ഇപ്പോഴത്തെസ്ഥിതിയിൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, പ്രായോഗികമല്ലെന്നു ഞാൻ പറയുന്നതു എന്റെ മുൻഅഭിപ്രായത്തിനു വിപരീതമല്ല. പരീക്ഷാകാലം മേടപ്പെട്ടെന്നുകാര്യത്തിൽ ഭൂരിപക്ഷം മുന്നിട്ടുപ്രവർത്തിക്കേണ്ടതു സർവ്വകലാശാലയാവേണമെന്നാണു എന്റെഅഭിപ്രായം. ഞാൻ സ്വീകരിച്ചിട്ടുള്ളനിലയോടു യോജിച്ചു വിദ്യാർത്ഥികളുടെ മുഖത്തിലും ആരോഗ്യത്തിലും അദ്ധ്യാപകന്മാക്ക മറ്റുള്ളവരെപ്പോലെതന്നെ താല്പര്യം ഉണ്ടായിരിക്കാൻ ഉടയതമ്പുരാനുള്ള സംഗതിയോടു യോജിച്ചും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം നല്ലനമ്പരിലായിൽ ഏർപ്പെട്ടിരിക്കുന്ന ഞങ്ങൾക്കു ഈകാര്യം ശരിയായവിധത്തിൽ തീർച്ചയാക്കണമെന്നു മറ്റു സമാജംമാജികന്മാരെക്കാൾ താല്പര്യം കുറവാകണമെന്നു വിചാരിക്കാൻ ന്യായമില്ലെന്നു കാണിക്കാൻ മാത്രമാണു ഞാൻ ഇത്രപറയുന്നതു്. എന്നാൽ ഈ വിഷയത്തെപ്പറ്റി ആലോചിക്കുന്നതു

നിരർത്ഥകമായ പ്രമാണങ്ങൾ അനുസരിച്ചില്ല. അതു പ്രായോഗികമാണോ എന്നുനോക്കിട്ടുവേണം, സ്റ്റുഡിവിങ് സർട്ടിഫിക്കേറ്റുപരീക്ഷ സംസ്കൃതശാലാവക പരീക്ഷകളോട് സംബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു നാം ഓർക്കണം. ഒരുനിലയിൽ അതു ഒരു വിദ്യാഭ്യാസ പദ്ധതിയുടെ അവസാനവും വേറൊരു അർത്ഥത്തിൽ അതുപോലൊരു പദ്ധതിയുടെ സംസ്കൃതശാലാവിദ്യാഭ്യാസത്തിന്റെ ആരംഭവും ആകുന്നു. മിഡിവർഷങ്ങൾക്കുമുമ്പു ആ പരീക്ഷയിൽ ജയിച്ചവർ കോളേജിൽ ചേർന്നുപഠിക്കാറില്ലായിരുന്നു എന്നാൽ ഇപ്പോൾ തിരുവിതാംകൂറിലും മദ്രാസ്പ്രേസിഡൻസിയിലും ആപരീക്ഷയോടുകൂടി വിദ്യാഭ്യാസം മതിയാക്കുന്നവരുടെ ശതമാനം കേവലം നിസ്സാരമാണ്. അതുകൊണ്ട് ഇപ്പോൾ ആപരീക്ഷ ജയിക്കുന്നവരിൽ അധികംപേരുടേയും ഉദ്ദേശം ഉടൻ തന്നെ കോളേജിൽ ചേർന്നു പഠിക്കയാണെന്നുള്ളതു് അനുമാനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു വിദ്യാഭ്യാസവർഷവും പരീക്ഷാകാലവും ക്ലാസ് സംസ്കൃതശാലാ ടേപ്പെട്ടതാത്തപക്ഷം, നമ്മുടെ വിദ്യാർത്ഥികൾ സ്വസ്ഥമായി ലിഖിതമായ ഒരു കാലം കോളേജിൽ ചേരാമെന്നുള്ള പ്രതീക്ഷയിൽ കഴിക്കേണ്ടിവരും. ഈ പ്രതീക്ഷാകാലം മൂന്നുമാസത്തിൽ കൂടിപ്പോകയില്ലെന്നു മി: രാമൻമേനവനും മി: കുഞ്ഞൻ നാരായണപിള്ളയും സങ്കല്പിക്കുന്നു എന്നു ഞാൻ അല്പം മുമ്പു പറഞ്ഞുവല്ലൊ. വിദ്യാർത്ഥികളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഹാനികരമായിരിക്കുമെങ്കിൽ ഈ നഷ്ടം സഹിക്കാൻ താൻ ഒരുക്കമാണെന്നും മി: രാമൻമേനവൻ പറയുകയുണ്ടായി. വിദ്യാർത്ഥികളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഹാനികരമെങ്കിൽ ഇതു വലിയ നഷ്ടമാണെന്നു കരുതാൻ പാടില്ലെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ പ്രതീക്ഷാകാലം വിദ്യാർത്ഥികളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഹാനികരമായിരിക്കുമെന്നു നിങ്ങൾക്കു വിചാരമുണ്ടോ? പരീക്ഷകൾ ഡിസംബർമാസാവസാനത്തിൽ നടത്തിയാൽ ജനവരിമാസത്തിന്റെ ഒടുവിലായിരിക്കും പരീക്ഷാഫലം പ്രസിദ്ധം ചെയ്യുന്നതു്. എങ്കിൽ പ്രായത്തിലുള്ളവർ സ്വസ്കൃതശാലാ പരീക്ഷകൾക്കു കൂടിയിരുന്നപ്പോൾ ഇതായിരുന്നു പതിവു. ഫൻ ർ ഒ-ാമങ്ങിനു മുമ്പു പരീക്ഷകൾ നടത്തിയിരുന്നു ഡിസംബറും ജനവരിയും മാസങ്ങളിലായിരുന്നു എന്നുതോന്നുന്നു. ഉത്തരക്കടലാസ്സുകൾ നോക്കുന്നതിനും മാർക്കുകൾ ശ്രമീകരിക്കുന്നതിനും പരീക്ഷാഫലം പ്രസിദ്ധം ചെയ്യുന്നതിനും അക്കാലത്തു് അഞ്ചാറാഴ്ചകൾ വേണ്ടിവന്നു. ഇങ്ങനെ പരീക്ഷകൾ ഡിസംബർമാസം മദ്ധ്യത്തിൽ നടത്തിയാൽ ഫെബ്രുവരി ഫ-ാമങ്കക്കു മുമ്പായി പരീക്ഷാഫലവും പുറത്താകും. മദ്രാസ് സർവകലാശാല വിദ്യാഭ്യാസവർഷം ഇപ്പോൾ നടത്തുന്നതുപക്ഷം, നമുക്കു അതിനെ ഇപ്പോൾപ്പറഞ്ഞ സെപ്തംബർ മാസത്തിൽ പഠനം ആരംഭിക്കാമെന്നു പറയുകയുണ്ടായി. അങ്ങിനെ മൂന്നു അദ്ധ്യയനകാലം വീതം ആറു അദ്ധ്യയനകാലങ്ങൾ തുടർച്ചയായി ഉണ്ടായിരിക്കണമെന്നു മാത്രമേ സർവകലാശാലയ്ക്കു നിർബ്ബന്ധമുള്ളു. സെപ്തംബർ മാസത്തിൽ തുടങ്ങി സെപ്തംബർ മാസത്തിൽ അവസാനിക്കുന്ന ഒരു അദ്ധ്യയനപദ്ധതി സ്വീകരിക്കുന്നതിനു തിരുവിതാംകൂറിലെ കോളേജുകൾക്കു പ്രയാസമുണ്ടാകയില്ല. എന്നാൽ മദ്രാസിലെ ചില പരീക്ഷകൾക്കുള്ള ഈ സൌകര്യം എല്ലാ പരീക്ഷകൾക്കും ഉണ്ടെന്നു തെളിയിക്കുമെങ്കിൽ ഇതൊരു നിവൃത്തിമാർഗ്ഗം തന്നെയാണ്. എല്ലാവിഷയങ്ങൾക്കും എല്ലാതരം പരീക്ഷകൾക്കും ഒരു സെപ്തംബർ പരീക്ഷ ഇല്ലെന്നുള്ള സംഗതി മി: രാമൻമേനവനു അറിവുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. ഇപ്പോൾതന്നെ ഓണേഴ്സ് പരീക്ഷ സെപ്തംബർ മാസത്തിൽ ഇല്ല. അപ്രകാരംതന്നെ എൻജിനീയറിങ്ങ്, മെഡിസിൻ മുതലായ കലാപരീക്ഷകൾക്കും ഇല്ല. കലാവിഷയങ്ങൾ പഠിപ്പിക്കുന്ന കോളേജുകളിലും വിദ്യാഭ്യാസവർഷം ആരംഭിക്കുന്നതു ആർട്സും സയൻസുംകോളേജുകളിലെ പോലെ തന്നെയാണ്. അതുകൊണ്ടു, കലകൾ പഠിപ്പിക്കുന്ന കോളേജുകളിൽ ചേരാൻ ആഗ്രഹിക്കുന്നവർക്കു ആ കോളേജുകളിൽ പഠനം ആരംഭിക്കുമ്പോൾ ചേരാൻ സാധിക്കയില്ല. അടുത്ത വർഷം പഠനം ആരംഭിക്കുന്നതുവരെ കാത്തിരിക്കണം. ഇങ്ങനെ ഫെബ്രുവരി ഫ-ാമങ്കയോടുകൂടി പരീക്ഷയിൽ ജയിച്ചു എന്നറിയുന്നവർ അതിന്റെ പിറകെ വർഷം മുഴുവൻ ഫ-ാമങ്കവരെ അല്ലെങ്കിൽ ഏകദേശം എട്ടു മാസകാലം പ്രയോജനമൊന്നും ചെയ്യാതെ കാത്തിരിക്കണം. കലാവിദ്യകൾ അഭ്യസിപ്പിക്കുന്ന കോളേജുകളിലും സാധാരണ കോളേജുകളിലും ഒരു പരീക്ഷ കഴിഞ്ഞു മറെറാരു പരീക്ഷയ്ക്കുള്ള അഭ്യസനം തുടങ്ങുന്നതിനു കുറഞ്ഞതുമൊന്നു വേണ്ടുന്നവർക്കു പ്രയോജനം നല്കുന്ന കാര്യത്തിൽ പ്രയോജനം അനുഭവിക്കേണ്ടുന്ന പ്രധാനാദ്ധ്യാപകന്മാർ വിമുഖന്മാരാണെന്നു എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. അവർ അനുകൂലിക്കുന്നതു വിദ്യാലയങ്ങളിൽനിന്നു പുതുതായി ഇറങ്ങിവരുന്നവരെയാണു, പഠിച്ചതു മറന്നുകളയാൻ അവസരം കിട്ടിയവരെ പുതിയതും ഭാരവും പ്രയാസപ്പെടുത്തിയതും ആയ ഒരു പദ്ധതിയിൽ പ്രയോജിപ്പിക്കാൻ അവർക്കു മനസ്സുണ്ടാകയില്ല. ഇക്കാര്യത്തിലെ ഒരു വൈഷമ്യം അതാണ്. അതുകൊണ്ടു തിരുവിതാംകൂറിൽ ഒരു സെപ്തംബർ പദ്ധതി ഇൻറർമീഡിയറിനും ബി. എ. യ്ക്കും അല്ലാതെ മറെറാരു പരീക്ഷയ്ക്കും സ്വീകരിക്കാൻ സൌകര്യമില്ല.

മറെറാരു ചില സംഗതികളും നിങ്ങൾ ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇക്കാലത്തു ഇൻഡ്യാഗവണ്മെൻറും മറെറ അധികാരസ്ഥന്മാരും വേറെ ചില പരീക്ഷകൾ നടത്തുന്നുണ്ടു്, ആ പരീക്ഷകൾക്കു നമ്മുടെ വിദ്യാർത്ഥികളും ചേരണമെന്നു നമുക്കും ആഗ്രഹമുണ്ടാകാതിരിക്കയില്ല. ഉദാഹരണമായി, ഐ. സി. എസ്സും എഫ്. സി എസ്സും പരീക്ഷകളും വനം വകുപ്പിലും മറെറ ഇമ്പീരിയൽ വകുപ്പുകളിൽ പ്രവേശനം ലഭിക്കുന്നതിനു വേണ്ട പരീക്ഷകളും പറയാം. സർവകലാശാലാപരീക്ഷകൾ മാസ്സും ഏപ്രിലും മാസങ്ങളിലും അവസാനം നടത്തുന്നതെന്നുള്ള സങ്കല്പത്തിന്മേൽ ആ പരീക്ഷകൾക്കുശേഷമാണു ഈ തിരഞ്ഞെടുപ്പു പരീക്ഷകൾ നടത്തുന്നതു്. സർവകലാശാല പരീക്ഷകളുടെഫലം പ്രസിദ്ധപ്പെടുത്തി ആറുമാസത്തിനുള്ളിൽ ഈ പരീക്ഷകൾ നടത്തുന്നു. നമ്മുടെ പരീക്ഷകൾ ഡിസംബർ മാസത്തിലേക്കു നമ്മുടെ വിദ്യാർത്ഥികൾ സപ്തംബർ പരീക്ഷയ്ക്കു ചേർന്നാൽ മതിഎന്നുവച്ചാൽ അവരുടെ പരീക്ഷാഫലം ഡിസംബറിലാണു പ്രസിദ്ധം ചെയ്യുന്നതു. അതായതു്, തിരുവിതാംകൂറിലെ കോളേജ് വിദ്യാർത്ഥികൾ സപ്തംബർമാസത്തിലെ ബി. എ. പരീക്ഷയ്ക്കു ചേർന്നാൽ ക്രിസ്തുമസ്കാലത്തു് അവരുടെ വിജയത്തെപ്പറ്റി അറിയും. അപ്പോൾ അവർക്കു് ഈ തിരഞ്ഞെടുപ്പു പരീക്ഷകൾക്കുചേരാൻ അപേക്ഷകൾ അയക്കാൻ സാധിക്കയുമില്ല. ഒരു കൊല്ലം വയസ്സുകഴിഞ്ഞാലേ പ്രവേശനം അനുവദിക്കാത്തതും അയിച്ചാൽ എല്ലാവരും മോഹിക്കുന്ന വലിയ ഉദ്യോഗങ്ങൾക്കു് അവകാശം കൊടുക്കുന്നതുമായ ഈ തിരഞ്ഞെടുപ്പു പരീക്ഷകൾക്കു് നമ്മുടെ വിദ്യാർത്ഥികൾക്കു ചേരാനുള്ള അവസരം ഇ

ഒരു നൈയുള്ള കാലതാമസം വരുത്തി നഷ്ടപ്പെടുത്താൻ നിങ്ങൾക്ക മനസ്സാണോ എന്നുള്ളതു ഗൌരവമായി ആലോചിക്കണമെന്നു ഞാൻ മെംബർമാരോടു അപേക്ഷിച്ചുകൊള്ളുന്നു. മി: രാമൻമേനോനും മി: കല്ലൂർ നാരായണപിള്ളയും പറഞ്ഞതിൽനിന്നു നഷ്ടം നിസ്സാരമായി വിചാരിക്കാൻ ഇടയുള്ളതുകൊണ്ടു ഈ വിഷയത്തെപ്പറ്റി മെംബർമാർ ബുദ്ധിപൂർവം ആലോചിക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതു പ്രത്യേകബുദ്ധിശാലികളായ ചിലരെയല്ലാതെ എല്ലാ വിദ്യാർത്ഥികളെയും സംബന്ധിക്കുന്നതല്ലെന്നു പറയുമായിരിക്കും. ഫൈനാൽക്ലാസ്സിൽ ജയിച്ചുകിട്ടിയാൽ മതി എന്നു വിചാരിക്കുന്ന ബി. എ. വിദ്യാർത്ഥികളെ ഈ പരീക്ഷകർക്കു ചേർക്കാൻ ഇടയില്ലെന്നും അവരാണു ഭൂരിഭാഗം വിദ്യാർത്ഥികളെന്നും ഉള്ളതുകൊണ്ടു 'ചില സമർത്ഥന്മാർക്കുവേണ്ടി എന്തിനാണു നിയമമുണ്ടാക്കുന്നതു'' എന്നു പറയുമായിരിക്കും. എന്തുനിയമമുണ്ടാക്കിയാലും അതു സമർത്ഥന്മാർക്കും സാധാരണക്കാർക്കും ഒരുപോലെ ബാധകമായിരിക്കുന്നതായിരിക്കണം. ഐ. സി. എസ്. പരീക്ഷജയിച്ചവരുടെ മിസ്റ്റർ നോക്കിയാൽ അതിൽ സാധാരണ ബി. എ. ക്കാരും ഓണേഴ്സ് ബി. എ. ക്കാരും ജയിച്ചിട്ടുള്ളതായികാണാം. സപ്തംബർ പരീക്ഷയ്ക്കു ചേരുന്നവർക്ക സപ്തംബർ പരീക്ഷഇല്ലെന്നുള്ള സംഗതിയും ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അതു നിങ്ങൾ ഓർമ്മയിൽ വെക്കേണ്ടുന്ന ഒരു സംഗതിയാണ്. മദ്രാസ് സർവകലാശാലാ പരീക്ഷകളുടെ കാലത്തോടു യോജിച്ചുതന്നെയാണു മറ്റു കലാശാലാ പരീക്ഷകളും നടത്തുന്നതെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. നഷ്ടം സഹിക്കാൻ ഒരുക്കമുണ്ടെങ്കിൽ ആ നഷ്ടം എത്രത്തോളം ഉണ്ടെന്നു ചോദിക്കുമായിരിക്കാം. ആദ്യവർഷം അതു ഒരു വർഷത്തിലധികമായിരിക്കാം. മാച്ചുമാസത്തിലെ പരീക്ഷ പാസ്സാകുന്ന ഒരാൾ പിന്നെ ആഞ്ചിൽ പഠിത്തം ആരംഭിക്കുന്നതുവരെ കാത്തിരിക്കേണ്ടിവരും.

കോളേജിലെ ഒന്നാമത്തെ അദ്ധ്യയനകാലം വളരെ ദീർഘമായിരിക്കും. അദ്ധ്യയനം ആരംഭിക്കുന്നതു ഏകദേശം ഡിസംബർ കഴിഞ്ഞാൻ ആയിരുന്നാൽ മാച്ചുമാസത്തിൽ നടന്ന ആദ്യപരീക്ഷയ്ക്കു കോളേജിൽ പൂട്ടാൻ സാധിക്കയില്ല. പരീക്ഷകർ ഡിസംബർമാസത്തിൽ നടത്തിയിരുന്നകാലത്തെന്നപോലെ ഏപ്രിൽ മാസം മദ്ധ്യംവരെയൊ ചിലപ്പോൾ മെയിമാസം ആരംഭം വരെയൊ അദ്ധ്യയനം നടത്തിക്കൊണ്ടു പോകേണ്ടിവരും. വിദ്യാർത്ഥികളെ മെയിമാസത്തിലും ഏപ്രിൽമാസാവസാനത്തിലും പഠിക്കാൻ പറയുന്നതോ മറ്റു കാലങ്ങളിൽ മദ്രാസ് സർവകലാശാല നടത്തുന്ന അവസാനപരീക്ഷകർക്കു പഠിക്കാൻ പറയുന്നതോ ഏതാണു അധികം ദോഷകരം എന്നു ഞാൻ നിങ്ങളോടു ചോദിച്ചുകൊള്ളുന്നു. ഇതെന്തു വിഷമസ്ഥിതിയാണ് എന്നു ഞാൻപറയുന്നു. മദ്രാസ് സംസ്ഥാനത്തിലും തിരുവിതാംകൂറിന്റെ ചില ഭാഗങ്ങളിലും ആണ്ടിന്റെ അദ്ധ്യുണ്ണമായ ഭാഗം മാച്ചുമാസമല്ല, ആ മാസം കഴിഞ്ഞതാണു. കാലസ്ഥിതിയെ സംബന്ധിച്ചുള്ള തെറ്റായ അഭിപ്രായങ്ങളെപ്പറ്റി എനിക്കു പരിചയമുള്ളതുകൊണ്ടു ഓരോസ്ഥലത്തും പല മാസങ്ങളിലുമുള്ള ചൂടിന്റെ കണക്കുകൾ ഞാൻ പരിശോധിച്ചുനോക്കി. തിരുവനന്തപുരത്തു ഡിസംബർ ക-ാംനു- ചൂട വ്യ ഡിഗ്രിയും ഡിസംബർ ക ങ-ാംനു- വ്യ ഡിഗ്രിയും മാച്ച് ക-ാംനു- വുവ ഡിഗ്രിയും ആകുന്നു. അതായതു ഡിസംബർ മാസത്തിൽ ചൂട മാച്ചുമാസത്തേക്കാൾ ച ഡിഗ്രികുറവാണു. മാച്ചു ക ങ-ാംനു- ചൂട വ ഡിഗ്രിവരെ വഷ്ടിച്ചു ഉഷ്ണം അധികമായി ഏപ്രിൽ ക-ാംനു- വു ഡിഗ്രിയോളം വരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻ കീഴ്): ഈ കണക്കുകൾ ഏതു വർഷത്തേതാണെന്നു പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): കുറെ വർഷങ്ങളുടെ ശരാശരി എടുത്തതാണ്. അകാലമഴകൊണ്ടും മറ്റും ചിലവർഷങ്ങളിൽ അല്പാല്പം വ്യത്യാസം കണ്ടേക്കാം. മറ്റു സ്ഥലങ്ങളെ സംബന്ധിച്ചും, ഞാൻ ഈ കണക്കു എടുത്തിട്ടുണ്ട്. ഏപ്രിൽ ക ങ-ാംനു-ത്തെ ചൂട കണക്കിൻപ്രകാരം വുവ ഡിഗ്രിയും മേ ക ാംനു- വുര ഡിഗ്രിയും ജൂലായി ക-ാംനു- വുക ഡിഗ്രിയും ആകുന്നു. ഇതുകൊണ്ടു ജൂലായി ക-ാംനു-യാണ് ഏറ്റവും ചൂട കൂടുതലുകാലം എന്നു പറയാം. പ്രമേയ കർത്താവു സങ്കല്പിച്ചുള്ള പോലെ, ഡിസംബറിനെക്കാൾ ജൂലായിമാസം തണുപ്പായിരിക്കുന്നതിനുള്ള കാരണത്തെ സംബന്ധിച്ചു ഒരു ഭൂമിശാസ്ത്രപാഠം പഠിപ്പിക്കാൻ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മദ്രാസ് സംസ്ഥാനത്തെ സംബന്ധിച്ചു മിസ്റ്റർ രാമൻ മേനവന്റെ അഭിപ്രായം തെറ്റിയായിരിക്കാം. ഡിസംബർ ക ാംനു- അനന്തപ്പൂരിൽ ചൂട വു ം- മദ്രാസിൽ വു ം- തിരുനാപ്പള്ളിയിൽ ന ക-ം മധുരയിൽ വുൻ-ം ഡിഗ്രി ആയിരുന്നു. ഡിസംബർ ക ങ-ാംനു-യും ഈ സ്ഥലങ്ങളിൽ ചൂട മിക്കവാറും ഇങ്ങനെ തന്നെ ആയിരുന്നു. മാച്ചു ക-ാംനു- മദ്രാസിൽ വുൻ-ം തിരുനാപ്പള്ളിയിൽ ന ഴ-ം മധുരയിൽ ന വ-ം ഡിഗ്രികും ആയിരുന്നു. മാച്ചു ക വു-ാംനു- മദ്രാസിൽ ന ം-ം തിരുനാപ്പള്ളിയിൽ ന വു ട്ടീ-യും മധുരയിൽ ന ട്ടീ-യും ഡിഗ്രികും ആയിരുന്നു. ഏപ്രിൽ ക-ാംനു- മദ്രാസിൽ ന ക-ം തിരുനാപ്പള്ളിയിൽ ക ം ക-ം മധുരയിൽ ക ം ം ട്ടീയും ആയിരുന്നു. ഏപ്രിൽ ക ങ-ാംനു- മദ്രാസിൽ ന ന്മം തിരുനാപ്പള്ളിയിൽ ക ം വ-ം മധുരയിൽ ക ം ക-ം ആയിരുന്നു. മെയി ക-ാംനു- മദ്രാസിൽ ന ഴ-ം തിരുനാപ്പള്ളിയിൽ ന ഴ-ം മധുരയിൽ വു വ-ം ജൂലായി ക-ാംനു- മദ്രാസിൽ ന ന്നു-ം തിരുനാപ്പള്ളിയിൽ ന ന്നു-ം മധുരയിൽ ന ഴ-ം ആയിരുന്നു. മിസ്റ്റർ ജി. രാമൻമേനോൻ സങ്കല്പിച്ച പ്രകാരം തിരുവിതാംകൂറിൽ ഉഷ്ണാധിക്യം ഉള്ളതു കൊണ്ടു മീനം മാസങ്ങളിലാണെന്നു കാലാവസ്ഥക്കണക്കുകൾ കൊണ്ടു കിട്ടുന്നതില്ലെന്നു കാണിക്കാൻ മാത്രമാണു ഞാൻ ഈ കണക്കു എടുത്തു പറഞ്ഞതു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): പരീക്ഷാകാലം നിശ്ചയിച്ചപ്പോൾ കാലാവസ്ഥ കണക്കുകൾ നോക്കിയിരുന്നോ എന്നു മെംബർപറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡിസംബറും ജനവരിയും മാസങ്ങളിൽ ഉഷ്ണം എത്രയാണെന്നു മെംബർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): ഡിസംബറിലെയും മറ്റു മാസങ്ങളിലെയും കണക്കു ഞാൻ പറഞ്ഞുഎന്നതോന്നുന്നു. ജനവരി മാസത്തെ കണക്കു ഞാൻ എടുത്തിട്ടില്ല. അതു ഞാൻ പറഞ്ഞ സംഖ്യകൾക്കു മദ്ധ്യേയായിരിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ ഉണ്ണായിക്കും ഉള്ളൂർ എട്ടു മാസങ്ങളിലേക്കുണ്ടാ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): അതിനെപ്പറ്റി ഇപ്പോൾ പറയുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു വിദ്യാർത്ഥി സ്റ്റേറ്റ് സ്കോളർഷിപ്പ് പരീക്ഷ ജയിച്ചു ശേഷം കോളേജിൽ ചേരുന്നതിനു മുമ്പായി എത്രനാളിനുള്ളിൽ താമസം ഉണ്ടാകുന്നു മെമ്പർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): പരീക്ഷാഫലം പബ്ലിഷ് ചെയ്തതിനു പതിനഞ്ചു ദിവസത്തിനകമാണ് സാധാരണയായി പ്രവേശനം കൊടുക്കുന്നത്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോഴത്തെ സ്റ്റേറ്റ് സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് മാസത്തിലല്ലേ പരീക്ഷയുള്ളൂ ചേരുന്നതു? അവരെ കോളേജിൽ ചേർക്കുന്നതു ജൂലായിമാസത്തിലുമല്ലയോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ). ജൂൺമാസത്തിലാണു ചേർക്കുന്നത്. തിരുവിതാംകൂറിൽ കോളേജുകൾ അധികവും ജൂൺമാസത്തിലാണ് തുറക്കുന്നത്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്പോൾ പരീക്ഷ നടത്തുന്നതു ഡിസംബർമാസത്തിലായി അതുകൾ ജൂൺവരെ എത്ര നാൾ അയാൾ കാത്തിരിക്കേണ്ടിവരും.

റാവുബഹദൂർ കെ. വി രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പാൾ): സാധാരണയായിഅതു രണ്ടുമാസം താമസിക്കേണ്ടിവരും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോൾ കോടതിപരീക്ഷ മുന്നുമാസത്തിലും കാത്തിരിക്കേണ്ടിവരുന്നില്ലയോ എന്നപറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): ഉണ്ട്. പിന്നെ അതു അവധിക്കാലമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇങ്ങനെ അവസരം ഏതുമാസം നഷ്ടമാകുന്നതു?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): സർ, എന്നെ ഇപ്പോൾ എല്ലായിടങ്ങളും ചെല്ലുകയാണ് ചെയ്യുന്നത്, സമയക്കുറിപ്പുതിട്ടില്ലെങ്കിൽ ഈ വിഷയത്തെപ്പറ്റിയുള്ള ഏതു എതിർചോദ്യങ്ങൾക്കും തൃപ്തികരമായ മറുപടിപറവാൻ എനിക്കു കഴിയും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ മെമ്പറിനോട് ഏതുചോദ്യം ചെയ്തതല്ല ചെയ്യുന്നത്. അദ്ദേഹത്തിൽനിന്നു ചില വിവരങ്ങൾ കിട്ടണമെന്നേ എനിക്ക് ആഗ്രഹമുള്ളൂ.

റാവുബഹദൂർ കെ വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പൽ): നമ്മുടെ വിദ്യാർത്ഥികളും ഈ മാറ്റം കൊണ്ടുള്ള ഗുണം സിദ്ധിക്കാത്ത വിദ്യാർത്ഥികളും തമ്മിൽ ഒരു മുഴുവർഷം നടത്തേണ്ടിവരുന്നതാണെന്നുള്ളതു നാം ആലോചിക്കണം. കോളേജിൽ ചേരുന്നതിനുമുമ്പാകുന്ന ആറുമാസക്കാലത്തെ വ്യത്യാസം ഉദ്ദേശം ഒരുവർഷം വരിക്കുന്നതിനും സമസ്റ്റേൻഡ്യൂസർവീസുകളിൽ ചേരുന്നതിനും സമസ്റ്റേൻഡ്യൂപരീക്ഷകൾക്കു കൂടുന്നതിനും ഉള്ള ഉദ്യമങ്ങളിലും ഗണ്യമായവ്യത്യാസം വരുത്തുന്നതാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കര യും, കാഞ്ഞിരപ്പള്ളിയും): മാർച്ചുമാസത്തേയും ഡിസംബർമാസത്തേയും ശരാശരി ചൂടിന്റെ കണക്കു കാണിക്കുന്ന കണക്കുകൾ മെമ്പർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പൽ): ഞാൻ അതു പറഞ്ഞു കഴിഞ്ഞു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും, കാഞ്ഞിരപ്പള്ളിയും): ഓരോ പ്രത്യേകതീയതികളിലെ കണക്കാണു പറഞ്ഞതു. അതു മാസത്തിലെ ശരാശരി അല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പൽ): മാസത്തിന്റെ മദ്ധ്യസ്ഥിതിയിൽ ശരാശരിയും അതു കണക്കുകൾ തന്നെ ആയിരിക്കും എന്റെ മുറിയിൽ ഒരു തെർമോമീറർ ഉള്ളതു ഞാൻ എല്ലാദിവസവും നോക്കാറുണ്ട്. അതിൽ ചൂടിന്റെ കണക്കിൽ പറയത്തക്ക യാതൊരു വ്യത്യാസവും മൂവർ മാസകാലത്തു ഞാൻ കണ്ടിട്ടില്ല. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, കാലസ്ഥിതിക്ക് ഒരു പ്രത്യേകതയുണ്ടെന്നുള്ള സംഗതി എല്ലാവരും ഗണിക്കുന്നില്ല. രാവും പകലും തമ്മിലുള്ള വ്യത്യാസം ഉ ഡിഗ്രിയിൽ കൂടാറില്ല. ഒരിക്കൽ ചൂട് ഉ ഠ ഡിഗ്രി ആയിരുന്നെങ്കിലും സാധാരണയായി ഉ ഒ ഡിഗ്രിയിൽ കൂടുകയൊ ൻ ഠ ഡിഗ്രിയിൽ കുറയുകയോ ചെയ്യാറില്ല. ഇവിടെ വ്യത്യാസം ഇല്ലാതിരിക്കുമ്പോൾ മദ്രാസ് സംസ്ഥാനത്തു ചില സ്ഥലങ്ങളിൽ ചിലപ്പോൾ ര ഠ ഡിഗ്രിവരെ വ്യത്യാസം ഉണ്ടാകും. ഇതുനിമിത്തം ഗ്രണ്ടൂർ, മദ്രാസ്, അനന്തപ്പൂർ, തിരുനൽവേലി മുതലായ സ്ഥലങ്ങളിലെ ചൂട് ഫ ഠ ഡിഗ്രിയും അതിൽകൂടുതലും ആകാറുണ്ട്. ചിലസ്ഥലങ്ങളിൽ ചൂട് വളരെ കുറഞ്ഞിരിക്കും. അവിടെ ൽ ഡിഗ്രിയോളം കുറഞ്ഞിട്ടുണ്ട്. പലസ്ഥലങ്ങളിലേയും ശരാശരി ചൂട് നോക്കിയതിനുശേഷം ഞാൻ മദ്രാസ് സെക്രട്ടറിൽ എന്റെ പ്രമേയം ഹാജരാക്കിയപ്പോൾ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, പരീക്ഷാകാലം ഏതുതന്നെയായാലും വേണ്ടതില്ലെന്നു സമ്മതിക്കുകയും തിരുവിതാംകൂറിനു വേണ്ടിയല്ല മദ്രാസ് സംസ്ഥാനത്തിനു ആകപ്പാടെ വേണ്ടിയാണ് പ്രമേയം ഹാജരാക്കിയതെന്നു വാദിക്കുകയും ചെയ്തു.

സെനറ്റിൽ ഈ പ്രമേയം ഹാജരാക്കിയതിനു വേറൊരു കാരണവും ഉണ്ടായിരുന്നു. ഇപ്പോൾ ഇൻഡ്യാകൌൺസിൽ മെമ്പറായിരിക്കുന്ന ഡാക്ടർ പണ്ഡിത്തപ്പെയുടെ സൂചന അനുസരിച്ചുമാണ് അതു ഹാജരാക്കിയതു. ഇംഗ്ലണ്ടിൽ വച്ചു നടത്തുന്ന ചില പരീക്ഷകൾക്കു പണ്ടത്തെ സംപ്രദായപ്രകാരം ഡിസംബറിൽ നടത്തിയ പരീക്ഷകൾ ജയിക്കുന്നവർക്ക് ചേരാൻ സൌകര്യമുണ്ടായിരുന്നു. അതിനൊരു തടസ്സമുണ്ടാക്കാനായിരിക്കണം പരീക്ഷാകാലം ഏപ്രിൽ മാസത്തിലാക്കിയതെന്നും അദ്ദേഹം വിചാരിച്ചു. അതിന്റെ പൂർണ്ണവിവരങ്ങൾ ഇപ്പോൾ ഓർമ്മയില്ല. എങ്കിലും ആ കാലത്തു അദ്ദേഹം കാട്ടുങ്ങളുടെ സ്ഥിതി എയിക്ക് ബോദ്ധ്യപ്പെടുത്തിത്തന്നു. ഞാൻ പ്രമേയം ഹാജരാക്കുകയും ചെയ്തു. എന്തായാലും ഈ കാര്യത്തിൽ ഒരു തീർച്ചയുണ്ടാക്കാൻ നമുക്കു സാധിക്കുകയില്ല. നമ്മുടെ ഇംഗ്ലീഷ് വിദ്യാഭ്യാസമെല്ലാം മദ്രാസ് സർവകലാശാലയുടെയും മറ്റു സർ

കൊച്ചോലകളുടെയും വിദ്യാഭ്യാസപദ്ധതിയെ ആശ്രയിച്ചാണിരിക്കുന്നത്. അവരുടെ പല്പതിയെയും വിദ്യാഭ്യാ സവർഷത്തെയും ഭേദപ്പെട്ടതുന്നതുപോലെ മാറ്റുക്കാനും ചെയ്യാൻ കഴികയില്ല. നമ്മുടെ നാട്ടുഭാഷാപരീക്ഷകളു ടെ സംഗതി എന്താണെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. വിദ്യാർത്ഥികൾ മലയാളം സ്കൂളിൽ നിന്നു ഇംഗ്ലീഷ് സ്കൂളുകളിലേക്കും ഇംഗ്ലീഷ്സ്കൂളുകളിൽ നിന്നു മലയാളം സ്കൂളുകളിലേക്കും വണ്ടം പോയുമിരിക്കുന്നതുകൊണ്ട് അവിടെയും ഭേദങ്ങളൊന്നും ചെയ്യാൻ നിവൃത്തിയില്ല. ഇനിയും, ഞാൻ മുമ്പു പറഞ്ഞപ്രകാരം വിദ്യാഭ്യാസവർഷം ജനുവരിമുതൽ ഡിസംബർവരെ ആക്കിയാൽ ഉണ്ണാധിക്യം ഉള്ള ഏപ്രിൽ മേയ്മാസങ്ങളിൽ ജോലിചെയ്യുന്നും ക്ലാസുപരീക്ഷകളും മേയിമാസത്തിൽ നടത്തേണ്ടിവരികയും ചെയ്യുന്നതാണ്.

അവസാനമായി എനിക്കുപറവാനുള്ളതു സെപ്തംബർ പരീക്ഷകളുടെ കാര്യത്തെപ്പറ്റി ആലോചനയിൽ ഇരിക്കുന്നതേയുള്ളു എന്നുള്ളതാണ്. അവയെപ്പറ്റി പ്രബലമായ ഏതിരഭിപ്രായം ഉണ്ട്. അവയുപ്പികരമല്ലെന്നുള്ളതുകാരണത്തിനെപ്പറ്റി കേവലം വേണ്ടെന്നുവയ്ക്കാനും ഇടയുണ്ട്. ഇക്കാരണങ്ങളാൽ ഇങ്ങനെ ഒരഭിപ്രായം പാസ്സാക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നും, അതിന്റെ ഉദ്ദേശം അനുസരിച്ചു യാതൊരുദ്ദേശവും വരുത്താൻ നമുക്കുനിവൃത്തിയില്ലെന്നുമുള്ള ഓർമ്മിച്ചുകൊള്ളുന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു. ആണ്ടിന്റെ ഈകാലയുള്ള മാറ്റങ്ങൾകൊണ്ടുള്ളതിലധികം വിദ്യാർത്ഥികൾക്കു ദോഷം പിടിപെടുന്നുഎന്നുള്ള സങ്കല്പം അടിസ്ഥാനരഹിതമാണെന്നും ഞാൻ എന്റെ അനുഭവംകൊണ്ടു ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ചിലർവിചാരിക്കുന്നപോലെ ഡിസംബർമാസം ആരോഗ്യപ്രദമാണെന്നു എനിക്കു അനുഭവമായിട്ടില്ല. മറ്റുള്ളകാലങ്ങളെക്കാൾ ഇപ്പോഴാണു അവധിക്കുള്ള അപേക്ഷകൾ അധികം വരുന്നതു. ഉംബഴിഞ്ഞിറ്റെ സെപ്തംബർ കയ്യിപോലെവന്ന അവധിക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനു പൂർണ്ണസ്വാതന്ത്ര്യം കൊടുക്കാം.

പ്രസിഡന്റ്: നിങ്ങളുടെ സമയംകഴിഞ്ഞിരിക്കുന്നു എന്നുതോന്നുന്നു.

റാവുബഹദൂർ കെ. പി. രങ്കസ്വാമിഅയ്യങ്കർ (ആർട്സ് കോളേജ് പ്രിൻസിപ്പാൾ): എനിക്കു ഒരുമിനിട്ടുകൂടിമതി.

പ്രസിഡന്റ്: നിങ്ങൾ ഇപ്പോൾതന്നെ ആറുമിനിട്ടു അധികം പൂർത്തിരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): പരീക്ഷാകാലം ഡിസംബർമാസത്തിലാക്കിയാൽ സിദ്ധിക്കുന്ന ഗുണങ്ങൾ മി: രാമൻമേനോൻ വിവരിച്ചുവല്ലോ അതിശയോക്തിയൊന്നുമില്ലെന്നു എനിക്കു തോന്നുന്നു. ഈരീതിയിൽമാറ്റംചെയ്തതിനുമുമ്പും പിമ്പും രോഗങ്ങളുടെ സ്ഥിതിഎന്തായിരുന്നുവെന്നു കണ്ടുപിടിക്കുന്നതിനു അദ്ദേഹമുണ്ടാക്കട്ടെ മി: കല്ലൂർ നാരായണപിള്ളയാകട്ടെ ഒരുകണക്കും ഹാജരാക്കിയിട്ടില്ല. പുതിയവ്യവസ്ഥ നടപ്പിൽവരുത്തിയശേഷം അങ്ങുമിങ്ങും ചിലർക്കു ബുദ്ധിഭ്രമം പിടിച്ചുഎന്നോ തലവേദനയുണ്ടായിഎന്നോ കേട്ടറിഞ്ഞിട്ടുള്ളതായി പറഞ്ഞുകൊണ്ടു; അതുകൊണ്ടു സംഭവിച്ചസ്ഥിതിയെന്നോ പഴയവ്യവസ്ഥ നടപ്പിലിരുന്നപ്പോൾ അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്നോ വരികയില്ല. മി: രങ്കസ്വാമിഅയ്യങ്കാർ കൊണ്ടുവന്നവാദങ്ങൾ ഈ മാറ്റത്തിനനുകൂലമായി പറഞ്ഞവയെങ്കിലും കേവലം ഖണ്ഡിച്ചുകളഞ്ഞിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസപദ്ധതിയെ മദ്രാസ് സർവ്വകലാശാലാ പദ്ധതിയോടു യോജിപ്പിച്ചുകൊണ്ടുപോകേണ്ടതുകൊണ്ടു. നമ്മുടെ പരീക്ഷകളും നമ്മുടെകോളേജുകളും മദ്രാസിനോടു ബന്ധിക്കപ്പെട്ടിരിക്കുന്നകാലത്തോളം പരീക്ഷാകാലം മാർച്ച് ഏപ്രിൽ മാസങ്ങളിൽനിന്നു ഡിസംബർമാസത്തിലാക്കിയാൽ വളരെദോഷങ്ങൾ ഉണ്ടാകാനിടയുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെംബർ വിദ്യാർത്ഥി ആയിരുന്നപ്പോൾ പരീക്ഷാകാലം എപ്പോഴായിരുന്നുഎന്നു പറയുമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): ഡിസംബർമാസത്തിൽ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സ്കൂൾഫൈനൽ ഒഴിച്ചുള്ള ക്ലാസ്സുകളുസംബന്ധിച്ചു കാലമാറ്റംവരുത്തി സ്കൂൾഫൈനൽവിദ്യാർത്ഥികളുടെ പരിശ്രമം ദീർഘിപ്പിക്കുന്നതിനു മെമ്പർക്കു വിരോധമുണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): ഇരുമാറ്റത്തേക്കും അനുകൂലമായി വാദങ്ങൾകൊണ്ടുവരാൻ കഴിയും. എന്നാൽ മാറ്റംകൊണ്ടുണ്ടാകുമെന്നു പറയുന്നഗുണങ്ങൾ കേവലം സങ്കല്പങ്ങളാണെന്നാണ് എനിക്കുതോന്നുന്നതു. എങ്കിലും, ഈ സങ്കല്പിതഗുണങ്ങൾപോലും തക്കമില്ലാത്ത ദോഷങ്ങളൊട്ടുണ്ടാകുന്നതിനെപ്പറ്റി നിസ്സാരങ്ങളുണ്ട്. അതുകൊണ്ട് ഞാൻ മി: രാമൻമേനവനെയും മി: നാരായണപിള്ളയുടെയും പ്രമേയങ്ങൾക്കു പ്രതികൂലമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പരീക്ഷാകാലം ഡിസംബറിൽ ആക്കണമെന്നു വാദിച്ച മന്ത്രിതന്നെ അതേ വിഷയം ഇന്നിവിടെ ഹാജരാക്കിയപ്പോൾ അതിനു പ്രതികൂലമായി വാദിച്ചതു മനുഷ്യരുടെ സ്വഭാവത്തിന്റെ നാനാരൂപത്തിന്റെ ഒരു ലക്ഷ്യമാകുന്നു. എനിക്കു ഗ്രഹിപ്പാൻ കഴിഞ്ഞേടത്തോളം, അദ്ദേഹം പറഞ്ഞ പ്രധാനകാരണം ഡിസംബർ ജനുവരി മാസങ്ങളിൽ പരീക്ഷയ്ക്കു ചേരുന്ന വിദ്യാർത്ഥികൾ ആറുമാസം പഠിക്കുമില്ലാതെ കാത്തിരിക്കേണ്ടതാണ്. മൂന്നുമാസം കാത്തിരുന്നാൽ മതിയെന്നു മി: രാമൻമേനവനും മി: കല്ലൂർ നാരായണപിള്ളയും പറഞ്ഞതു എങ്ങനെയാണെന്നു മനസ്സിലാകുന്നില്ലെന്നു അദ്ദേഹം ആക്ഷേപിക്കയും ചെയ്തു. എന്നാൽ ആ മെംബർതന്നെ ആറുമാസക്കാലം എന്നു പറഞ്ഞതു് ഏതുനെയാണെന്നുള്ളതു എനിക്കും ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലെന്നു ഞാനും പറഞ്ഞുകൊള്ളുന്നു. ഇതിനെപ്പറ്റിയുള്ള കണക്കു കൂട്ടുന്നതിനു ഏളുപ്പമുണ്ട്. എന്തെന്നാൽ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു പരീക്ഷകൾ ഏപ്രിൽമാസത്തിൽ നടത്തുന്നതിന് പകരം ഡിസംബറിൽ നടത്തണമെന്ന മാത്രമാണ്. ഇവയ്ക്കു മദ്ധ്യേയുള്ള കാലം മൂന്നു മാസമത്രേ, അതുകൊണ്ടു കൂട്ടത്തൽ വരുന്ന കാലം മൂന്നുമാസമാണ്. ഹൈസ്കൂളിൽ ഏഴു വർഷവും നാട്ടുഭാഷാസ്കൂളിൽ നാലഞ്ചുവർഷവും കഴിച്ചു ഒരു വിദ്യാർത്ഥിക്ക് ഈ മൂന്നുമാസം കൂടി കാത്തിരിക്കുന്നതിൽ തരക്കേടൊന്നും ഉണ്ടാകുമില്ല പതിനൊന്നു വർഷം പഠിത്തത്തിൽ കഴിച്ച വിദ്യാർത്ഥിയോടാണ് മൂന്നു മാസം കാത്തിരിക്കാൻ പറയുന്നതു്. ഈ വിദ്യാർത്ഥിക്കും അയാളുടെ മാതാപിതാക്കന്മാർക്കും ആശ്വാസമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. തന്റെ പുത്രൻ കോളേജിൽ പോകുന്നുൽ എന്താണു പഠിക്കേണ്ടതെന്നുള്ളതും ആലോചിക്കുന്നതിനും അതിനു വേണ്ടുന്ന ചെലവു മുണ്ടാക്കുന്നതിനും അവസരം ഉണ്ടാകും. വിദ്യാർത്ഥിയുടെ ശരീരപോഷണവും ആവശ്യമുണ്ട്.

ഇങ്ങനെ കഷ്ടപ്പെടുന്നതിനേക്കാൾ കുറെ സമയം കിട്ടുന്നതു സന്തോഷമായിരിക്കും. അതുകൊണ്ടു ഈ നഷ്ടം നിമിത്തം ദുഃഖിക്കാനില്ല. ഈ സമർത്ഥനായ ഒരു വിദ്യാർത്ഥിയുടെ കാര്യത്തിൽ ഈ താമസം സങ്കടകാരണമായിരിക്കാം, എന്നാൽ നാം ആലോചിക്കുന്നതു സാധാരണ വിദ്യാർത്ഥികളുടെ കാര്യമാണ്. അവർക്കിതു ഒരു ആശ്വാസമായിരിക്കും എന്നാണ് എന്റെ വിശ്വാസം.

മാർച്ച്, ഏപ്രിൽ, മെയ് ഈ മാസങ്ങളിലെ കാലാവസ്ഥ എന്താണെന്നു കാണിക്കുന്നതിനു അദ്ദേഹം നമ്മുടെ പേരെ ശ്രദ്ധിച്ചു. ഈ മാസങ്ങളിൽ അല്പം ഉഷ്ണാധിക്യം ഉള്ളതായി അദ്ദേഹം സമ്മതിച്ചു. എന്നാലും സാമുദായികയുള്ള പ്രയോജനത്തിന്റെ ഉദ്ദേശം മാർച്ച്, ഏപ്രിൽ, മെയ് ഈ മാസങ്ങളിലുണ്ടാകുന്ന ഉഷ്ണം കുറഞ്ഞ ഒരു കാലത്തു പരീക്ഷകൾ നടത്തണമെന്നുള്ള മാത്രമേയുള്ളു. ഡിസംബർ, ജനുവരി ഈ മാസങ്ങളിൽ ചൂടു അത്രയ്ക്കു പാടുണ്ടാക്കുന്നതാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഈ രണ്ടു കാലങ്ങളേയും തുലനപ്പെടുത്തിനോക്കിയാൽ മതി. ഇങ്ങനെ ചെയ്കയാൽ ഡിസംബർ മാസം എല്ലാമായിരിക്കും. ഇതു തന്നെയാണു വിദ്യാഭ്യാസ കമ്മീഷൻ ഉണ്ടാക്കുന്നതിനു മുമ്പു നിശ്ചയിച്ചിരുന്ന കാലവും.

മി: എം. പി. പരമേശ്വരമേനോൻ പിള്ള (വ്യാപാരവും വ്യവസായവും, തനിക്ക്): ക്ലാസ്സുകളിലെ പഠിത്തം രാത്രിയാക്കുന്നതിനെ കുറിച്ചു അഭിപ്രായമുണ്ടോ എന്നു പറയുമോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ ചെയ്യുന്നതു ഏതിടത്തെയാണു നടക്കുന്നതെന്നു കേട്ടിട്ടുണ്ട്. ആ വ്യവസ്ഥ നമ്മുടെ നാട്ടിൽ നടപ്പിൽ വരുത്തുന്നതുമാണെന്ന് എനിക്കറിഞ്ഞുകൂടാ.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ്കോളേജു് പ്രിൻസിപ്പാൾ): തിരുവനന്തപുരത്തു മാർച്ച് ഫാഷനിലെ ചൂടു ഡിസംബർ മാസത്തിലെ ചൂടിനേക്കാൾ കൂടുതലാണെന്നാണ് അദ്ദേഹത്തിനു അറിവുണ്ടോ എന്നു മി: ശിവരാമപ്പണിക്കർ പറയുമോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അല്ല, അല്പം പ്രത്യേകതയായിരുന്നിരിക്കാം. നമ്മുടെ അനുഭവം നോക്കിയിട്ടാണ്. അതു സമ്മതിക്കാതെ നിവൃത്തിയില്ല. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ ഇവയാണു കഠിനോഷ്ണമുള്ള മാസങ്ങൾ. അപ്പോൾ പഠിക്കുന്നതിനു വിദ്യാർത്ഥികൾക്കു വളരെ ബുദ്ധിമുട്ടുണ്ട്. പരീക്ഷാകാലത്തു ഇരിക്കുന്നതിനു സുഖമില്ലാത്തതിനാൽ പുറത്തുപോകിരിക്കാൻ അവർ നിർബന്ധിതരാകുന്നതും ഫർട്ടപോലും ധരിക്കാതെ അരിശനഗ്നന്മാരായിവരുന്നതും കാണുന്നതു അദ്ധ്യാപകന്മാരായ ഞങ്ങൾക്കു മാത്രമാകുന്നു. കാളേജിനോടടുത്തു ഹോസ്റ്റലിൽ പാർക്കുന്ന തന്റെ ശിഷ്യന്മാർക്കു രാത്രിയിൽ പഠിക്കുന്നതിനു എത്രപ്രയാസമുണ്ടെന്നു പ്രിൻസിപ്പാളായ മാന്യനെബോധ്യപ്പെടുത്തിയതുകൊണ്ടു പരീക്ഷകൾ ഡിസംബർമാസത്തിൽ നടത്തുന്നതിനു അടുത്തകാലത്തു നിശ്ചയിച്ചതും സമ്മതിച്ചതെന്നു, സെനറ്റിൽ ഇങ്ങനെയൊരു പ്രമേയം അദ്ദേഹം കൊണ്ടുവന്നതിനു അതായിരുന്നിരിക്കണം കാരണം. ആ പ്രമേയം അവിടെ പാസ്സാക്കാൻ അദ്ദേഹം നിർബന്ധിക്കാത്തതു എന്തുകൊണ്ടാണെന്നു അറിയുന്നില്ല. മെമ്പറിനു പ്രത്യേകാഭിപ്രായമുണ്ടെങ്കിൽ മദ്രാസ്സിനെ പറ്റിയും ഇങ്ങനെയൊരു പ്രമേയം പാസ്സാക്കി മദ്രാസിലും തിരുവിതാംകൂറിലും പരീക്ഷകാലം മൈഗ്രേറ്റുചെയ്യാൻ കഴിയും. ഇക്കാരണങ്ങളാൽ മിസ്റ്റർ രാമൻമേനോനും മിസ്റ്റർ കല്ലൂർനാരായണപിള്ളയും കൊണ്ടുവന്ന പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: പി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇപ്പോഴുള്ള ക്രമപ്രകാരം നമ്മുടെ വിദ്യാർത്ഥികൾക്കു സുഖമുണ്ടാക്കാൻ അനുവദിച്ചിട്ടുള്ള കാലം സാധാരണത്തിനേക്കാൾ അനുഭവിക്കുന്നുണ്ടെന്നുമാകയാൽ ഞാൻ മി: രാമൻമേനവനേയും മി: കല്ലൂർ നാരായണപിള്ളയുടെയും പ്രമേയങ്ങൾക്കു പ്രതികൂലമാണ്. ഏപ്രിലും മേയും മാസങ്ങളാണു സംവത്സരത്തിന്റെ അനുഭവിക്കാവുന്നതിൽ കൂടുതൽ അനുഭവപ്പെടുന്നതു. വിദ്യാർത്ഥികൾക്കു സുഖമുണ്ടാകാൻ അവധിയിട്ടിട്ടുള്ളതും ഈ മാസത്തിലാണ്. ഈ അവധിക്കാലത്തിന്റെ ഉപയോഗത്തെ മദ്ധ്യവേനൽ അവധി എന്നാണല്ലോ, അതു കാലത്തു നമ്മുടെ വിദ്യാർത്ഥികൾ മാനസിക അദ്ധ്വാനം കൂടാതെ സ്വസ്ഥമായിരിക്കുമെന്നാണ് യുക്തി. മി: പി. ശിവരാമപ്പണിക്കർ (ചേർത്തല): ഈ പ്രമേയം മദ്ധ്യവേനൽ അവധി അനുവദിക്കുന്നതിനു വിഘാതമായിരിക്കുമെന്നുള്ളതു മെമ്പറിനു അറിയാമോ എന്നു അദ്ദേഹം പറയുമോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മെമ്പർ എന്റെ വാക്കു ക്ഷമയോടുകൂടി കേട്ടാൽ അതിനും അദ്ദേഹത്തിനു എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ഇപ്പോഴുള്ള വ്യവസ്ഥപ്രകാരം മദ്ധ്യവേനൽ അവധി ആരംഭിക്കുന്നതിനുമുമ്പായി പരീക്ഷകളെല്ലാം കഴിഞ്ഞിരിക്കും. അതാണു സംവത്സരത്തിന്റെ അനുഭവിക്കാവുന്നതിൽ കൂടുതൽ മായകാലം. പിന്നിട്ടു വിദ്യാർത്ഥികളുടെ പഠിത്തം ആരംഭിക്കുന്നതു അവധികാലത്തിന്റെ അവസാനമായി മഴക്കാലത്തിന്റെ ആരംഭത്തിലാണ്. പരീക്ഷയ്ക്കു മുഴുവൻ പഠിച്ചുകൊണ്ടുള്ള ബുദ്ധിമുട്ടുകൾക്കുശേഷം വിദ്യാർത്ഥികളുടെ മനസ്സിനു സ്വസ്ഥതയ്ക്കുവേണ്ടുന്നതാണ് അവധിക്കാലം നിശ്ചയിച്ചിട്ടുള്ളതു. സംവത്സരത്തിന്റെ അനുഭവിക്കാവുന്നതു പൂർണ്ണസ്വസ്ഥതയനുഭവിച്ചതിനുശേഷം ആ കാലം അവസാനിക്കാറാകുമ്പോൾ വിദ്യാർത്ഥികൾ വീണ്ടും പഠിത്തം തുടങ്ങുന്നു, ഈ വ്യവസ്ഥയാണ് വിദ്യാർത്ഥികൾക്കു ഏറ്റവും യോജിച്ചതു. ആ ഒരു പ്രത്യക്ഷകാരണത്താൽ ഇപ്പോഴത്തെ വ്യവസ്ഥയാണ് ഉത്തമമെന്നും അതു മാറേണ്ട ആവശ്യമില്ലെന്നും ആണ് എന്റെ അഭിപ്രായം.

ഇനി പരീക്ഷാകാലം ഡിസംബർമാസത്തിലാക്കുന്നതിനെപ്പറ്റി ചിന്തിച്ചാൽ, സംവത്സരത്തിന്റെ തണുപ്പുള്ളതിയും അസുഖപ്രദമായ മാസം, പ്രത്യേകമായി തിരുവിതാംകൂറിൽ, ഡിസംബർമാസം ആകുന്നു എന്നു ഞാൻ വിചാരിക്കുന്നു. വിഷൂചിക, വസൂരി മുതലായ രോഗങ്ങളും ഡിസംബർമാസത്തിലാണ് ആരംഭിക്കുന്നതു്, തിരുവിതാംകൂറിന്റെ മറ്റുഭാഗങ്ങളിലെ സ്ഥിതി എന്തായിരുന്നാലും, മലയിൻകീഴിലെ വിഷൂചിക ഡിസംബർമാസത്തിൽ ആരംഭിക്കുന്നു. ഇതു എല്ലാ ആണ്ടിലും ഉണ്ടാകാറുണ്ട്.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം ഡിപ്യൂട്ടിപ്രൊസിഡിൻസ്): കൊല്ലത്തിലെ സ്ഥിതിയും ഇതുതന്നെയല്ലേ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതേ, പിന്നെയും ഇതുകൂടി ഫ്ലൂവൻസാ രോഗമുള്ള കാലമാണ്. ഇക്കാരണങ്ങളാലും രോഗങ്ങളുള്ള ഈ മാസങ്ങളിൽ വിദ്യാർത്ഥികൾക്കു ലഘുവായ ജോലിയെ ഉണ്ടാ

യിരിക്കാവു എന്നുള്ളതുകൊണ്ടും പരീക്ഷാസമയം ഡിസംബർമാസത്തിലാക്കുന്നതിനു ഞാൻ പ്രതിഷേധിയാണ്. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പ്രതിഷേധിക്കുന്നു.

മി: എ. കെ. പിള്ള (കുട്ടനാടപ്പള്ളി): എന്റെ ഉത്തമസ്നേഹിതന്മാരായ മിസ്റ്റർ രാമൻമേനോന്റെയും മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെയും അഭിപ്രായത്തോടു യോജിക്കാൻ കഴിയാത്തതിൽ ഞാൻ വ്യസനിക്കുന്നു. ഇങ്ങനെ ഒരു പ്രമേയം പാസ്സാക്കി വിദ്യാർത്ഥികളെ സഹായിക്കണമെന്നും എനിക്കു ആഗ്രഹമുണ്ടെങ്കിലും ഇങ്ങനെ ഒരു പ്രമേയം പാസ്സാക്കിയതുകൊണ്ടു പ്രയോജനമൊന്നുമില്ലെന്നാണ് എന്റെ അഭിപ്രായം. ഡിസംബർമാസം സുഖമുള്ള ഒരു മാസം അല്ലെന്നു ഞാൻ സമ്മതിക്കുന്നു. കാര്യത്തിന്റെ യോഗ്യതായോഗ്യതകളെപ്പറ്റിയോ കോമഡിസ്ഥാനെ പറ്റിയോ ഞാൻ വാദിക്കാൻ വിചാരിക്കുന്നില്ല. പാഠത്തിനുവേണ്ടി ഞാൻ അതു സമ്മതിച്ചുകൊടുക്കാം. എന്നാൽ പ്രമേയം പാസ്സാക്കിയതുകൊണ്ടു അതു സുഖപ്രദമാകുമോ? പഞ്ചാംഗത്തിൽനിന്നു ഡിസംബർ മാസം എടുത്തുകളയാൻ കഴിയുമോ? ഈ രാജ്യത്തിലെ പഞ്ചാംഗത്തിൽനിന്നു എടുത്തു കളഞ്ഞാലായിരിക്കും. എന്നാൽ അതിൽ ഉന്നതമായ പ്രകൃതിയുടെ പഞ്ചാംഗത്തിൽനിന്നു എടുത്തുകളയാമോ? നമുക്കു അതു കഴിയുകയില്ല. അതുകൊണ്ടു ആണ്ടു മുഴുവനും ഓരോമാസത്തിലും നാം ജീവിച്ചിരിക്കണം. ആ മാസം സുഖപ്രദമല്ലെന്നു സമ്മതിച്ചാലും വിദ്യാർത്ഥികളുടെ മേൽ അതിന്റെ ഫലമെന്താകുന്നു മാത്രമേ ആലോചിക്കേണ്ടതായിട്ടുള്ളൂ. പ്രമേയത്തിന്നനുകൂലമായ പ്രാസംഗികന്മാർ പറഞ്ഞുകേട്ടതു ആ മാസം പരീക്ഷയ്ക്കു വിദ്യാർത്ഥികൾ വളരെ മുങ്ങിക്കുളിച്ചു പഠിക്കണമെന്നാണു. അതായതു പരീക്ഷയ്ക്കുവേണ്ടി വിദ്യാർത്ഥികൾ ആ മാസം അനാവശ്യധ്യാനം ചെയ്തു പഠിക്കണമെന്നും പരീക്ഷജയിക്കണമെങ്കിൽ വളരെ മുങ്ങിക്കുളിച്ചു പഠിക്കണമെന്നുള്ള അഭിപ്രായത്തെ നാം അനുമോദിക്കണമെന്നാണ് അതിന്റെ അർത്ഥം സർ, ആ അഭിപ്രായം ഞാൻ സമ്മതിക്കുന്നില്ല. പരീക്ഷകൾ തീരെ വേണ്ടെന്നുവയ്ക്കണമെന്നു ഏതെങ്കിലും മെംബർക്കു അഭിപ്രായമുണ്ടെങ്കിൽ അതിനോടു ഞാൻ തിക്കുയാതും യോജിക്കും. എന്നാൽ പരീക്ഷകൾ ഇപ്പോഴത്തെ പോലെതന്നെ നടക്കണമെന്നും പരീക്ഷകൾ വിദ്യാർത്ഥികളുടെ മനസ്സിന്നൊരു കൊട്ടുക്കണമെന്നും പറഞ്ഞാൽ അതു സമ്മതിക്കാൻ കഴിയാത്ത ഒരു കാര്യമാണു. ഇങ്ങനെയുള്ള ഒരു കണ്ടുപിടുത്തമായ അനുകൂലിക്കുന്നതെന്നു ഞാൻ മെംബർമാരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): പരീക്ഷാകാലത്തു വിദ്യാർത്ഥികൾ പ്രയേണ അധികം അധ്വാനിക്കേണ്ടിവരുന്നു എന്നുള്ളതുകൊണ്ടാണോ?

മി: എ. കെ. പിള്ള (കുട്ടനാടപ്പള്ളി): പരീക്ഷയുടെകാലം നിമിത്തമല്ല പരീക്ഷയുടെ സ്വഭാവം നിമിത്തമാണു. പരീക്ഷയുടെ സ്വഭാവം ഭേദപ്പെട്ടെങ്കിൽ വിദ്യാർത്ഥികൾ ഏതു സമയത്തും പരീക്ഷയ്ക്കു ഒരുങ്ങിയിരിക്കത്തക്കവണ്ണമുള്ള വ്യവസ്ഥചെയ്യണം. അപ്പോൾ പക്ഷം ആ വിദ്യാഭ്യാസംകൊണ്ടു പ്രയോജനമില്ല. പോകിച്ചാൽ മുപ്പടി പറയാൻ എപ്പോഴും ഒരുങ്ങിയിരിക്കുന്ന വിദ്യാഭ്യാസം ആകുന്നു വിദ്യാഭ്യാസം. പരീക്ഷാസമയത്തു അധ്വാനം അധികമായി വേണ്ടിവരുന്ന പരീക്ഷ പ്രകൃതിവിരുദ്ധമായ പരീക്ഷയാകുന്നു. അതാണു ഞാൻ ആക്ഷേപിക്കുന്നതു.

മി: എം. ശിവതാണുപിള്ള (തോവാള): പരീക്ഷകൾ ഉള്ളേടത്തോളം ഈ മാറ്റത്തെ സംബന്ധിച്ചു മെംബർക്കു വല്ല വിരോധവുമുണ്ടോ?

മി. എ. കെ. പിള്ള (കുട്ടനാടപ്പള്ളി): ഇന്നു നാം പാസ്സാക്കുന്ന പ്രമേയം ഇന്നത്തേക്കു മാത്രം ഉള്ളതല്ല. അതു നാളത്തേക്കും ബാധകമാണു. ഞാൻ ഇവിടെ സന്നിഹിതനായിരിക്കുന്നതു ഇപ്പോഴത്തെ ദോഷത്തിനു ഒരു തൽക്കാലപരിഹാരം ഉണ്ടാക്കുന്നതിനല്ല; ദോഷംതന്നെ ഇല്ലാതാക്കുന്നതിനാണു്, അതു അടുത്തപ്രാവശ്യം ഇങ്ങനെയുള്ള പരീക്ഷയുടെ ഇങ്ങനെയുള്ള വിദ്യാഭ്യാസവും നടത്തിക്കൊണ്ടു പോകുന്നതു രാജ്യത്തിന്റെതന്നെ ദോഷമാകുന്നു. പരീക്ഷ്യയോഗ്യതയുടെ ഉന്നണ്ടും അയിരിക്കുന്നതു. കാളേജിലൊ സ്കൂളിലൊ പഠിച്ചുകൊണ്ടു ഒരു വിദ്യാർത്ഥിക്കു ലഭിച്ചിട്ടുള്ള ജ്ഞാനത്തിന്റെ ഒരു പ്രദർശനം മാത്രമാണു് അതെന്നു പറയും. ഈ അഭിപ്രായം അനുസരിച്ചു് എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തിലടങ്ങിയഅഭിപ്രായംസ്വീകരിക്കാൻ ഞാൻ തയ്യാറില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പരീക്ഷയെ സംബന്ധിച്ചു് അധ്വാനംകൂടുതൽ ഉണ്ടാകുന്നതെന്നു മാത്രമേ മെമ്പർക്കു അഭിപ്രായമുള്ളു എങ്കിൽ പരീക്ഷാകാലം ഡിസംബർ മാസത്തിലാക്കുന്നതിനെന്തിനാണു മേംബർ വിരോധം പറയുന്നതെന്നു പറയുമോ?

മി: എ. കെ. പിള്ള (കുട്ടനാടപ്പള്ളി): പരീക്ഷയെ സംബന്ധിച്ചു എനിക്കു മാറ്റുന്നതും ഡിസംബർ എന്നും ഒരു വ്യത്യാസമില്ല. അതിനു ഏതു മാസവും ഒരു പോലെ തോന്നുമാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മാർച്ചു് മാസം ഡിസംബറിനെക്കാൾ നല്ലതല്ലയോ?

മി: എ. കെ. പിള്ള (കുട്ടനാടപ്പള്ളി): എല്ലാ മാസങ്ങളേയും ഒത്തുചേർത്തു നോക്കണം, ഒരു മാസത്തെപ്പറ്റി പ്രത്യേകമായി പരാതിപറയാൻ കാരണമില്ല. അജ്ഞന്മാരായ സഹോദരന്മാരെ മൂഢതകൊണ്ടു പഠിപ്പിക്കാൻ ഈ സഭ ഒരു ക്ലാസ്സാക്കാൻ എനിക്കു ആഗ്രഹമില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരുദിവസം കഠിനാധ്വാനം ചെയ്തിട്ട രാത്രിയിലും ജോലി ചെയ്യാൻ മെമ്പർക്കു മനസ്സുണ്ടാകുമോ എന്നു പറയുമോ?

മി: എ. കെ. പിള്ള (കുട്ടനാടപ്പള്ളി): പല സംഗതികളെപ്പറ്റിയും എന്നോടു എതുചോദ്യംചെയ്താൽ എനിക്കു മുപ്പടിപറയാൻ കഴിയും. എന്നാൽ അതിന്നു സമയമില്ലെന്നേയുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): മെമ്പറിന്നു നോട്ടീസുവേണമെന്നാണോ പറയുന്നതു്.

മി: എ. കെ. പിള്ള (കുട്ടനാടപ്പള്ളി): വിദ്യാർത്ഥികൾക്കു ഒട്ടുവളരെ അധ്വാനം നൽകുന്ന പരീക്ഷകളെ അനുമോദിക്കാൻ എനിക്കു കഴിയുകയില്ല. അങ്ങനെയുള്ള പരീക്ഷകളെ ഭേദപ്പെട്ടതത്തണം. ആ അഭിപ്രായംവച്ചുകൊണ്ടു ഒരു തൽക്കാലശമനമായി പരീക്ഷാകാലം മാർച്ചിൽനിന്നു ഡിസംബർ മാസത്തിലേക്കു മാറ്റുന്നതുകൊണ്ടും നമുക്കു സന്തോഷിക്കാമെന്നു എനിക്കു തോന്നുന്നില്ല. ഓരോ വിദ്യാർത്ഥിക്കും അധ്വാനമാസം നഷ്ടമാകുമെന്നു എതിർഭാഗം പ്രസംഗിച്ചുമെമ്പർ യുക്തിയായും കാര്യമായും ആ സംഗതി തെളിയിച്ചുവല്ലോ. ഓരോ

വർഷവും പരീക്ഷയ്ക്കുചേരുന്ന വിദ്യാർത്ഥികളുടെ എണ്ണം ആലോചിച്ചാൽ സമുദായത്തിനു പൊളുപായി എ ത്ര നഷ്ടമുണ്ടെന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാര്യങ്ങളെ സംബന്ധിച്ചു സംക്ഷേപമായിരുന്നാൽ നഷ്ടമെ ന്താണു വരുമെന്നുമുണ്ടോ? രണ്ടുപ്രാവശ്യം വിദ്യാർത്ഥികൾക്കു കഷ്ടനഷ്ടങ്ങൾ വരുത്തുന്നതിനു പകരം ഒരു സംവത്സരമാണ്. ഈ വിഷയത്തെപ്പറ്റി ഇങ്ങനെ ആലോചിക്കുന്നതു അല്പ ബുദ്ധിയുടെ ലക്ഷണമാണ്. മദ്രാസ് സർവ്വകലാശാലയും ഓറിയന്റൽ സ്റ്റഡീസിൽവെച്ചും ഇൻഡ്യൻനാഷണൽ കോൺഗ്രസ്സും മറ്റുമാണ് ഇൻഡ്യയുടെ മറ്റു ഭാഗങ്ങളോടു നമ്മെ യോജിപ്പിക്കുന്നതു. അതുകൊണ്ടു മദ്രാസ് സർവ്വകലാശാലയിൽ നിന്നു നാം വേർപെടുന്നതു ശരിയല്ല. എന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു യോജിച്ചാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹമുണ്ടെങ്കിലും ഒരുമിച്ചുപോകുന്നതിനും അതിനനുകൂലിക്കാൻ ഞാൻ തയ്യാറില്ല.

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): പരീക്ഷാഫലം സംബന്ധിച്ചു വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ എനിക്കറിയാം. ഞാൻ അവരോടു സഹതപിക്കയും ചെയ്യുന്നു. മദ്രാസ് സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിൽ സമീകരിച്ചിട്ടുള്ള പദ്ധതിയിൽനിന്നു നമുക്കിപ്പോൾ ഒഴിഞ്ഞുപോകാൻ നിവൃത്തിയില്ലെന്നും പരീക്ഷാഫലം രേഖപ്പെടുത്തുന്നതിനും സ്റ്റുഡിയവർഷം മാറ്റുന്നതിനും മദ്രാസ് സർവ്വകലാശാലയും സെനറ്റും മറ്റും നമുക്കു സമ്മതിപ്പിക്കേണ്ടതിയുന്നതുവരെ നമ്മുടെ പരീക്ഷാകാലം രേഖപ്പെടുത്തരുതെന്നും മി: രങ്കസ്വാമി അയ്യങ്കാർ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. മറ്റു സർവ്വകലാശാലകളിലും—

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോഴത്തെ പരീക്ഷാകാലം വിദ്യാർത്ഥികൾക്കു കൂടുതൽ അദ്ധ്യയനത്തിനിടയാക്കുന്നില്ലെന്നാണോ താങ്കളിന്റെ അഭിപ്രായം?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): ബുദ്ധിമുട്ടുകളുള്ളപ്പറ്റി എനിക്കറിയാം. എന്നാൽ മറ്റു വശത്തുള്ള വിഷമതകളും കൂടി ആലോചിച്ചുനോക്കിയാൽ ഭേദഗതിചെയ്യാൻ നമുക്കു നിവൃത്തിയില്ലെന്നു കാണുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രമേയം പാസ്സാക്കിയാൽ നമ്മുടെ വിദ്യാലയങ്ങൾക്കു മദ്രാസ് സംസ്ഥാനത്തെ മറ്റു വിദ്യാലയങ്ങളോടു യോജിപ്പില്ലാതെ വരുമെന്നാണോ താങ്കളിന്റെ അഭിപ്രായം?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): ദീർഘസമയത്തെ വാദത്തിനു കാരണമായ സമയനഷ്ടംമുതലായുള്ള വിഷമതയാണ് സംഭവിക്കുന്നതു. കൂടാതെ വരുവാനിരിയ്ക്കുന്ന പരീക്ഷകൾക്കു ചേരാൻ നമ്മുടെ സമർത്ഥന്മാരായ വിദ്യാർത്ഥികൾക്കു സാധിക്കയില്ല. ഇതുകൊണ്ടുണ്ടാകാവുന്ന നഷ്ടവും ഈ കാര്യത്തിൽ വിഷമതയ്ക്കു കാരണമാക്കുന്നുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പതിനൊന്നുവർഷം തുടർച്ചയായി കഠിനപ്രയത്നം ചെയ്യുവർക്കു മുന്നുമാസത്തെ സ്വസ്ഥത അധികമായിപ്പോയി എന്നു താങ്കളിന്റെ അഭിപ്രായമുണ്ടോ?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): അധികമാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ യഥാർത്ഥത്തിൽ അതു മുന്നുമാസത്തിലധികമായിരിക്കും. മി: രങ്കസ്വാമിഅയ്യങ്കാർ പ്രസ്താവിച്ചുപോലെ രണ്ടാഴ്ചത്തെ പരീക്ഷകൾ ഡിസംബർമാസത്തിൽ നടത്തി ഫെബ്രുവരിയൊ മാർച്ചോ മാസത്തിൽ പള്ളിക്കൂടങ്ങൾ തുറന്നാൽ ആണ്ടിന്റെ ഒസ്താഭാഗത്തു നാം ജോലിചെയ്യേണ്ടിവരുമെന്നുള്ളതുണ്ട്. പരീക്ഷാകാലം നിമിത്തം വല്ല ഗുണവും ചെയ്യുന്നുണ്ടെങ്കിൽ രണ്ടിലെ ഏറ്റവും അസുഖപ്രദമായകാലത്തു വിദ്യാർത്ഥികൾ പഠിക്കേണ്ടിവരുന്നതിനാൽ അതു നഷ്ടപ്പെട്ടുപോകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വല്ല കാരണത്താലും മദ്രാസ് സംസ്ഥാനത്തു പരീക്ഷാകാലം ഡിസംബർമാസത്തിലേക്കിയാൽ നമ്മുടെ പരീക്ഷാകാലവും മേടപ്പുട്ടുത്തുന്നതിനു കമ്മിറ്റി സമ്മതിക്കുമോ?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): എന്നാലും കുറെ പ്രയാസം ഉണ്ടാകും. സ്റ്റഡീവർഷം മേടപ്പുട്ടുത്തിയാൽ ഇതിനു പരിഹാരമുണ്ടാകുമെന്നു തോന്നുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഒരു റാങ്കെടുത്തുചോദ്യം ചോദിക്കാമോ എന്നു ചോദിക്കുമോ? രണ്ടുകാരണങ്ങൾ മാത്രമാണ് ഈ പ്രമേയത്തെപ്പറ്റി സംസാരിപ്പാൻ എന്നെ പ്രേരിപ്പിക്കുന്നത്. ഒന്നാമതു മി: രങ്കസ്വാമിഅയ്യങ്കാരുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കെ ഒന്നിലധികം അവസരത്തിൽ അദ്ദേഹം പരീക്ഷാകാലം മാർച്ചുമാസത്തിൽ നിന്നു ഡിസംബർ മാസത്തിലേക്കു മാറുന്നതിനു അനുകൂലമായിരുന്നു എന്നു പറഞ്ഞതു കേട്ടപ്പോൾ ഞാൻ സന്തോഷിച്ചു. ആ നില വീട്ടുന്നതിനു അദ്ദേഹം പറഞ്ഞ ഒന്നാമത്തെ കാരണം മരിച്ചുപോയ മി: കേശികാചാരിയുടെ വാക്കുകൾ കേട്ടു തനിക്കു ബോദ്ധ്യമായി എന്നാണ്. അദ്ദേഹം അതു പറഞ്ഞതുടനെതന്നെ ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം വിശ്വസിച്ചുപോയി. അങ്ങനെയായിരുന്നെങ്കിൽ അതേ വിഷയത്തെന്നു വീണ്ടും രണ്ടാമതായിൽ അദ്ദേഹം ചൊല്ലുവാൻ ഇടയായതു എങ്ങനെയാണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ സഭ ഓർക്കുന്നുണ്ടായിരിക്കുമല്ലൊ?

വൈസ്പ്രസിഡന്റ് കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): സർ, മി: വി. സി. കേശികാചാരിയുടെ വാദങ്ങളും കേട്ടു എനിക്കു ബോദ്ധ്യംവന്നുഎന്നു പറഞ്ഞതായി ഞാൻ ഓർക്കുന്നില്ല. അദ്ദേഹത്തിന്റെ വാദങ്ങൾകേട്ടു സെനറ്റർ മയങ്ങിപ്പോയി.

മി: എം. ശിവരാണുപിള്ള (തോവാള): ഏതായാലും മെമ്പറിന്റെ അഭിപ്രായം സെനറ്റിന്റെ ഭൂരിപക്ഷം സ്വീകരിക്കാതെ പോയതുകൊണ്ടുതന്നെ വാദങ്ങളുടെ സാധുത്വം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിയില്ല. ഇപ്പോഴും എനിക്കുമനസ്സിലാകുന്നതു മെമ്പറിന്റെ സ്വന്ത അഭിപ്രായം ഒരു മാറ്റം ആവശ്യമാണെന്നായിരുന്നു. ഈ സഭയിൽ പ്രസ്താവിച്ചതു കേട്ടിട്ടു എനിക്കു അങ്ങിനെയെടുക്കേണ്ടതായിരുന്നു.

മെമ്പർ പറഞ്ഞ കാരണങ്ങളിൽ മി: കേശികാചാരികൊണ്ടുവന്ന എന്നു പറഞ്ഞകാരണങ്ങൾക്കുപുറമെ, വേറെവല്ല പ്രത്യേകകാരണങ്ങളും ഉണ്ടായിരുന്നോ? പ്രമേയം സെനറ്റിന്റെമുമ്പാകെ ആലോചനയ്ക്കുവന്നപ്പോൾ മി: കേശികാചാരികൊണ്ടുവന്നവാദങ്ങൾ ഡിസംബർമുതൽ ജൂലായിവരെയുള്ള കാലമിർഘവും മദ്രാസപരീക്ഷകൾക്കു ചേരുന്നതിനു വിദ്യാർത്ഥികൾക്കു ഉണ്ടാക്കികൊടുക്കേണ്ടുന്ന സൌകര്യങ്ങളും ആയിരുന്നിരിക്കണം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): ആ വിഷയം മെസനേറിന്റെ ആലോചനയ്ക്കുവന്നപ്പോഴും മറ്റു സെനേറ്റുകളും ആ കാര്യത്തിൽ ഒന്നും പ്രവർത്തിച്ചിട്ടുണ്ടായിരുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): സ്വന്തം അഭിപ്രായം ഭേദപ്പെടുത്താൻ മെമ്പറിനെ പ്രേരിപ്പിച്ച കാരണങ്ങൾ ഇവയാണെങ്കിൽ അദ്ദേഹത്തോട് യോജിക്കാൻ എനിക്ക അസാദ്ധ്യമാകുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: എ. കെ. പിള്ള ഈ പ്രശ്നമെത്രത്തോളം തെറ്റിദ്ധരിച്ചിട്ടുള്ളതായി തോന്നുന്നതാണ്, രണ്ടാമതായി കുറിക്കൊണ്ടതും. ഞാൻ ഒരു ദൃഷ്ടാന്തം പറയാം. വിഷൂചിക, മഹാമാരി മുതലായ മാരകരോഗങ്ങൾ മനുഷ്യരുടെ ഇടയിൽപടർന്നുപിടിക്കുമ്പോൾ മി: എ. കെ. പിള്ള ചെയ്യാൻ ആഗ്രഹിക്കുന്നതു രോഗം ബാധിച്ചവർക്കെല്ലാം ഔഷധമായി കൊടുക്കേണ്ടതു എന്ന ആലോചിക്കയല്ല, രോഗത്തിന്റെ സ്വഭാവം എന്താണ്, അതു വ്യാപിക്കുന്നതു എങ്ങനെയാണ്, എന്നുള്ളതിനെപറ്റിയുള്ള അന്വേഷണമാണ്. കുട്ടിനാട്ടിൽ നടപ്പിലുള്ള ഞാൻ ഉടനടിചെന്ന രോഗശമനത്തിനുവേണ്ടുന്ന ഔഷധങ്ങൾ ശേഖരിക്കയായിരിക്കും ചെയ്യുന്നതു. പ്രമേയത്തിന്റെ സാരം മി: എ. കെ. പിള്ള ഗ്രഹിച്ചിട്ടില്ലെന്നു സ്പഷ്ടമാണ്. പരീക്ഷയിൽ ജയിക്കുന്നതിനു വിദ്യാർത്ഥികൾ അദ്ധ്വാനം ചെയ്യേണ്ടുണ്ടോ വേണ്ടയോ എന്നുള്ള കാര്യം അവരുടെ പരീക്ഷാകാലം അടുക്കുമ്പോൾ അവർക്ക് കുറച്ചുകൂടി സൗകര്യപ്രദമായ കാലത്താക്കണമെന്നു മാത്രമാണ് പ്രമേയത്തിന്റെ താല്പര്യം.

പരീക്ഷകൾ കേവലം നിറുത്തിക്കളയണമെന്നു മി: എ. കെ. പിള്ള അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. എന്നാൽ ഇപ്പോൾ അതിനിന്നും ഒഴിയാൻമാർഗ്ഗമില്ല. വിദ്യാർത്ഥികൾ പരീക്ഷയ്ക്കു ചേരാതെ നിവൃത്തിയില്ല. മാത്രമല്ല, ഏപ്രിൽ മാസങ്ങളെക്കാൾ സൗകര്യപ്രദമായതു ഡിസംബർ ജനുവരി മാസങ്ങളാണെന്നു നമുക്കു ബോദ്ധ്യപ്പെടണമെങ്കിൽ ശരീരത്തിനും മനസ്സിനും ഉല്ലാസം കുറഞ്ഞിരിക്കുന്ന ആ കാലത്തു പരീക്ഷയ്ക്കു ചേരത്തക്കവണ്ണം വേണ്ടുന്ന സൗകര്യങ്ങൾ അവർക്ക് ഉണ്ടാക്കിക്കൊടുക്കുകയാണു നമ്മുടെ ധർമ്മമാകുന്നു. കൈസ്സൂരിലെ വിദ്യാർത്ഥികൾക്കെങ്കിലും പരീക്ഷാകാലം മേലെപ്പെടുത്തികൊടുക്കാൻ കഴിയുമെങ്കിൽ അധ്വാനഭാരം വിദ്യാർത്ഥികൾ പരീക്ഷയ്ക്കിരിക്കേണ്ടുന്നതു ഡിസംബറോ ജനുവരിയോ മാസത്തിൽ ആക്കുകയും ആറാം ഫാറം വിദ്യാർത്ഥികളുടെ പഠനകാലം അവർക്ക് ശരിയായ പഠിപ്പും ലഭിക്കത്തക്കവണ്ണം കുറെ ദീർഘിപ്പിക്കയും ചെയ്യാവുന്നതാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ധ്യാപകന്മാർ അവരെ പതിനെട്ടുമാസം പഠിപ്പിക്കാൻ തയ്യാറുണ്ടായിരിക്കുമോ?

മി: എം. ശിവതാണുപിള്ള (തോവാള): വിദ്യാർത്ഥികളുടെ കാര്യത്തിൽ അദ്ധ്യാപകന്മാർക്കു താല്പര്യമുണ്ട്. ഇതു വിദ്യാർത്ഥികളുടെ ഗുണത്തിനും രാജ്യത്തിന്റെ അഭിവൃദ്ധിക്കും ആവശ്യമാകയാൽ ഒരാണ്ടുകൂടി പഠിപ്പിക്കാൻ അദ്ധ്യാപകന്മാർക്കു താല്പര്യം ഉണ്ടായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു. സ്കൂൾഫൈനൽക്ലാസ്സ് ഒഴികെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷാകാലം ഡിസംബറോ ജനുവരിയോ മാസത്തിലാക്കണമെന്നുള്ള ഭേദഗതിയോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. ആ മാസങ്ങളിലെ കാലാവസ്ഥ അഭിലഷണീയമല്ലെങ്കിൽ വിദ്യാർത്ഥികൾക്കു അത്തരത്തിലും അശ്വസുഖക്കുറവും ഇല്ലാത്ത വേറൊരുസമയം മെമ്പർ കണ്ടുപിടിക്കണമെന്നും, അപേക്ഷിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): വെർണാക്യുലർ സ്കൂളുകളിൽ നിന്നു ഇംഗ്ലീഷ്സ്കൂളുകളിൽചേരാൻ വരുന്ന വിദ്യാർത്ഥികളുടെ പ്രയാസത്തിനു മെമ്പർ ചൂണ്ടുപലകയാണ് ഉണ്ടാക്കാമെന്നു വിചാരിക്കുന്നു? വെർണാക്യുലർ സ്കൂളുകൾക്കും ഒന്നും ഇംഗ്ലീഷ്സ്കൂളുകൾക്കു ഒന്നും ഇങ്ങനെ രണ്ടുസ്കൂൾവർഷങ്ങൾ ഉണ്ടാക്കാമെന്നു മെമ്പർ നിർദ്ദേശിക്കുന്നുണ്ടോ?

മി: എം. ശിവതാണുപിള്ള (തോവാള): ഇല്ല, അങ്ങനെയൊന്നും ചെയ്യണമെന്നു എനിക്കു വിചാരമില്ല. അഞ്ചാംഫാറംവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവരെ നവംബർ സിസംബറിൽ പരീക്ഷിക്കട്ടെ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ: (ആർട്സ്സ്കോളേജ് പ്രിൻസിപ്പൽ): രണ്ടുതരം സ്കൂളുകൾക്കു രണ്ടുവ്യത്യസ്തസ്കൂൾവർഷം നിശ്ചയിക്കണമെന്നാണോ മെമ്പറിന്റെ യുക്തിപൂർവ്വമായ അഭിപ്രായം?

മി: എം. ശിവതാണുപിള്ള (തോവാള): യുക്തിയുണ്ടോപോലും ഇല്ലയോപോലും, ഒരു ക്ലാസ്സിൽ പഠിതം ശരിയായി പൂർത്തിയാകത്തക്കവണ്ണം പഠനകാലം ദീർഘിപ്പിക്കണമെന്നാണു ഞാൻ പറയുന്നതു.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കരിത്തിപ്പള്ളിയും): ഈ വിഷയം പ്രാധാന്യമേറിയ ഒന്നാകുന്നു ഈ സഭാസാമാജികന്മാർ, പ്രത്യേകമായി അനദ്യോഗസ്ഥമെമ്പർമാർ, കരുണയുണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുന്നു. മി: രങ്കസ്വാമി അയ്യങ്കാർ പറഞ്ഞതുപോലെ, ഈ വിഷയത്തിന്റെ പ്രായോഗികനിലയെപ്പറ്റി ചിന്തിക്കേണ്ടതാണെന്നു ഞാനും വിചാരിക്കുന്നു. ഞാൻ കാര്യം തെറ്റിദ്ധരിച്ചിട്ടില്ലെങ്കിൽ മി: എ. കെ. പിള്ള അതിനെപറ്റി ഒരു സങ്കല്പിത വ്യവസ്ഥയിലാണ് ആലോചിക്കുണ്ടെന്നു പറയുന്നു. യഥാർത്ഥസ്ഥിതികളെപ്പറ്റി ആലോചിക്കാതെ സങ്കല്പിതസ്ഥിതിയെപ്പറ്റി ആലോചിക്കണമെന്നു പറയുന്നതു നിരർത്ഥകമാകുന്നു. ഇതിനെപ്പറ്റി ദീർഘമായ ഒരു വിമർശനംചെയ്യണമെന്നു എനിക്കു ഒരാഗ്രഹമുണ്ട്. എന്നാൽ സമയക്കുറവു അതിനു അനുവദിക്കുന്നില്ല. അതുകൊണ്ടുവിഷയത്തിന്റെ പ്രായോഗികനിലയെപ്പറ്റി മാത്രമേ ഞാൻ വിമർശനം ചെയ്യാൻ വിചാരിക്കുന്നുള്ളൂ.

മദ്രാസ് സർവ്വകലാശാലയോടു നമുക്കുള്ള ബന്ധമാണ് മാറാത്തിനുള്ള പ്രധാന പ്രതിബന്ധമായികൊണ്ടുവന്നിട്ടുള്ളതു്. ഇതിന്റെ പ്രായോഗികനിലയെപറ്റി നമുക്കു ചിന്തിക്കാം. ദൂരപക്ഷത്തിനു തടസ്സം ഫൈറ്റും കൂടുതൽ ഗുണം എന്നുള്ള തത്വമായിരിക്കണംഇതിന്റെഅടിസ്ഥാനം. ഇംഗ്ലീഷ് സ്കൂളുകളിൽ നൈംക്ലാസ്സു മുതൽ സ്കൂൾഫൈനൽക്ലാസ്സുവരെയും, മലയാളം സ്കൂളുകളിൽ ഏഴാംക്ലാസ്സുവരെയും ഏഴുലക്ഷം വിദ്യാർത്ഥികളെ ഈ വാദം ബന്ധിക്കുന്നതാണ്. സർവകലാശാല പരീക്ഷകളും ചില മതം വിദ്യാർത്ഥികളെ മാത്രമേ സംബന്ധിക്കുന്നുള്ളൂ. ഐ. സി. എസ്സും പ്രൊവിൻഷ്യൽ സർവീസും പരീക്ഷകളും ചിലവ്യക്തികളെ സംബന്ധിച്ചു

മാതൃകയുള്ളവരാണ്. ഇവിടെ പ്രായോഗിക രംഗത്തു നിന്ന് എന്തായിരിക്കണമെന്ന് ഞാൻ സമാസമ്മതികാരനോട് ചോദിക്കുന്നു. ആരും മാസശമ്പളം നൽകിവരിച്ചു ഒരു തലമുറയുടെ ആത്മാഭിമാനത്തിനു നാം നഷ്ടപ്പെടുത്തിയിരിക്കുന്നു കൂടാ വൃക്തികളുടെയും ചില ശക്തിപ്രകടിപ്പിക്കുടെ ഉണ്ടാകി നഷ്ടപ്പെടുത്തുകയോ ഏതു നാം ചെയ്യേണ്ടത്? ഈ സന്ദർഭത്തിലാണ് നാം ആലോചിക്കേണ്ടത്? മറുള്ളവർ ചെയ്യുന്ന പ്രവൃത്തിയുടെ ഫലം അനുഭവിച്ചുകൊണ്ടിരുന്ന ചുരുക്കം ചില ഐ. സി. എസ് കാരോ പ്രോവിൻഷ്യൽ സർവീസുകാരോ ചെയർമൻഡസ്റ്റ് വീസുകാരോ ഉള്ളതിനേക്കാൾ കൂടാ അധികം സുഖശീതിചെയ്യുന്ന ജോലിക്കാരുള്ളതാണ് സമൂഹത്തിനും രാജ്യത്തിനും കൊണ്ടുവരുന്ന കൊണ്ടുവരുന്നതിനും അധികം ഗുണം ചെയ്തിട്ടുള്ളത് എന്നു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കുഞ്ഞുപോറ പരമേശ്വരൻപിള്ള (അഡിഷണൽ രജിസ്ട്രാർ ജനറൽ) : പ്രതിനിധികൾ കൊടുക്കുന്ന പേപ്പറുകൾ നെയ്യുന്നതെന്നാണോ ഡിസംബർ 31-ാം തീയതി ചെയ്യുന്നത്?

മി: ജി. രാമൻതമ്പിനോൻ (ഗാനവേദികരയും കാത്തിക്കപ്പുള്ളിയും) : അങ്ങനെയുള്ള വിഷയങ്ങളിൽ പ്രസംഗിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. പ്രായോഗിക വിദ്യാഭ്യാസത്തിനെപ്പറ്റിയാണ് ഞാൻ ചിന്തിക്കുന്നത്. ഏതു തൊട്ടുകൂടായ്മയാണ് ഒരു സംഗതിക്കു ബാധിക്കുന്നത്. എങ്ങനെയാണ് ബാധിക്കുന്നത് എന്നുള്ളതിനെപ്പറ്റിയും ഞാൻ ചിന്തിക്കുന്നു. നാം സർവപ്രധാനമായി ചിന്തിക്കേണ്ടത് അനാകാംക്ഷിതമായ വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തെപ്പറ്റിയാണ്. ഒരാളിന്റെ വിലയിരുത്തൽ എണ്ണുവാനുള്ള ചുരുക്കം ചിലരുടെ മോഹം സാധിച്ചുകിട്ടാൻ നാം കയ്യുടെ ഉണ്ടാക്കിക്കൊടുക്കരുതല്ല. നാം ചെയ്യേണ്ടത്,

സംഗതികളുടെ പ്രായോഗികനിഷ്പക്ഷതയാണ് അതു എന്റെ അഭിപ്രായത്തിനനുകൂലമായിരിക്കുന്നതാണ്. ഇന്നികാലാവസ്ഥയായ സംബന്ധിച്ചു മിസ്റ്റർ അയ്യങ്കാർ പറഞ്ഞ ചിലസംഗതികളെപ്പറ്റി ചുരുക്കമായി ആലോചിക്കാം. അവിടെ എന്റെ നില കുറച്ചുകൂടി ബലം കൂട്ടുന്നതാകുന്നു. പ്രായോഗികമായ സംഗതികളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വാദങ്ങളെ എനിക്കഖണ്ഡിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ശാസ്ത്രീയ വിഷമമായ വാദങ്ങളെ ഖണ്ഡിക്കാൻ കൂടുതൽ ബുദ്ധിമുട്ടാണ്. മി: അയ്യങ്കാർ പറഞ്ഞകണക്കുകൾ ഓരോ പ്രദേശത്തിന്റെയും കണക്കുകളുടെ വ്യത്യാസമാണ്. കണക്കുകൾ ശരാശരി എടുത്തു പറഞ്ഞിരുന്നാൽ കൂടുതൽ പ്രയോജനമുണ്ടാകുമെന്നു ഞാൻ ഏറ്റം ചോദ്യങ്ങളും കൊണ്ടു സൂചിപ്പിച്ചിട്ടും ഉണ്ട്. എന്റെ സ്നേഹിതൻ ഡോക്ടർ മാധവൻപിള്ള ഈ വിഷയത്തെപ്പറ്റി പ്രസംഗിച്ചിരുന്ന എങ്കിൽ ആരോഗ്യത്തിനു ഹാനികരമായിട്ടുള്ള കാലാവസ്ഥയിൽ ചില സ്ഥലങ്ങൾ ഉണ്ടാകുന്ന മാറ്റങ്ങളും അല്ല. കാലാവസ്ഥയിൽ കുറച്ചുദിവസങ്ങളോളം തുടർന്നു നിൽക്കുന്ന അല്പസ്വല്പ മാറ്റങ്ങളാണ് എന്ന നമ്മോടു പറയുമായിരുന്നു. ഇങ്ങനെയുള്ളകാലാവസ്ഥകളാണ് ദോഷം ചെയ്യുന്നത്. മദ്രാസിലും മദ്രാസ് സംസ്ഥാനത്തെ ചിലപട്ടണങ്ങളിലും കാലാവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടാകാറില്ല. അവിടെയുള്ള ജനങ്ങൾ അതുപരിചയിച്ചിട്ടുള്ളവരുമാകുന്നു. നമ്മുടെവിദ്യാർത്ഥികൾ ഇവിടെയുള്ള മാറ്റങ്ങളോടു ശീലിച്ചിട്ടുള്ളവരാണ്. വർഷത്തിന്റെ അത്യുഷ്ണകാലത്തു സുഖം എടുക്കാനാണ് പരിചയിച്ചിട്ടുള്ളത്. സ്ഥാനത്തെ ആരോഗ്യത്തെസംബന്ധിച്ച കണക്കുകൾ നോക്കിയാലും ഇതിന്റെ ആവശ്യം പ്രത്യക്ഷമായികാണാം. കുംഭം മീനം മാസങ്ങളിൽ ഉഷ്ണം വർദ്ധിക്കുന്നതാണ്, ആ കാലത്താണ് നമ്മുടെ നാട്ടിൽ വസൂരിമുതലായരോഗങ്ങൾ ഉണ്ടാകുന്നതും, എന്നാൽ ഡിസംബർമാസത്തിൽ അങ്ങനെയല്ല. പകർച്ചവ്യാധികൾപോലും കുറവാണ്. ഈ സംഗതികളെല്ലാം ആലോചിച്ചാൽ നമ്മുടെ ബാലികാബാലന്മാരെ ഈ വിഷമരോഗത്തിൽ നിന്നു വിമുക്തരാക്കാൻ നാം കൈക്കൊള്ളുന്ന യത്നം ചെയ്യേണ്ടതാണെന്നു സ്പഷ്ടമാകുന്നതാണ്.

ഈ പ്രമേയം കൊണ്ടു പ്രായോഗികമായ ഗുണങ്ങളൊന്നും ഉണ്ടാകുമില്ലെന്നു ഒരു പക്ഷം കേട്ടു. അങ്ങനെയല്ല. ഇപ്പോൾ വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തുന്നരോഗകാരണങ്ങളിൽ നിന്നു അല്പം അകന്നുമാറിനിൽക്കുന്നതിനു വിദ്യാർത്ഥികൾ പരീക്ഷയ്ക്കു എല്ലാംയ്യോഴും ഒരുങ്ങിയിരിക്കേണ്ടവരാകണമെന്നും പ്രത്യേകപരീക്ഷയുടെയും ആവശ്യമില്ലെന്നും ചിലർ പറയുമായിരിക്കാം. എന്നാൽ അതൊക്കെയും പ്രമാണമാണ്. ഓരോ വർഷവും പരീക്ഷകന്മാർ അതൊന്നും നോക്കാറില്ല. മി: പരമേശ്വരൻപിള്ള സൂചിപ്പിച്ച പ്രകാരം പരീക്ഷകരെല്ലാവരും പോകണമെന്നു പറയുന്നില്ല. എന്നാൽ ഈ പരീക്ഷകരെ നിലനിർത്തികൊണ്ടുപോകുന്ന കാര്യത്തിലും അവരെനടത്തുന്നതിലും തങ്ങളുടെ ആരോഗ്യത്തിനു ഹാനിതട്ടാൻ ഇടയില്ലാത്തവിധത്തിൽ വിദ്യാർത്ഥികൾക്കു സ്വസ്ഥമായും സൈരമായും പഠിക്കാൻ കഴിയുന്ന കാലത്തായിരിക്കണം.

ചില പരീക്ഷകരെ സംബന്ധിച്ചു നമ്മുടെ വിദ്യാർത്ഥികൾക്കു ചിലമാസങ്ങൾ നഷ്ടമാകുകയെങ്കിലും ചിലവയെ സംബന്ധിച്ചു അല്പം ഗുണവും ഉണ്ടാകുമെന്നു മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ സമ്മതിച്ചു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്.

നമ്മുടെ ബാലികാബാലന്മാർ ഉഷ്ണാധിക്യമുള്ള രാത്രികളിൽ കഠിനജോലിചെയ്യുകയും മണ്ണെണ്ണ വിളക്കുകളുടെ മുമ്പിൽ (ഇതാണല്ലോ ഇപ്പോഴത്തെ സ്ഥിതിയിൽ നമ്മുടെ ദിനചര്യ) രാത്രിയുടെ അധികഭാഗവും ഉണർന്നിരിക്കയും ആണ്ടിന്റെ ഉഷ്ണാധിക്യം ഉള്ള കാലത്തിൽ അനേകദിവസം തുടർച്ചയായി വിഷമിച്ചു പഠിക്കയും ചെയ്യാൻ ഇടവരുത്തുന്നതു അവരുടെ ആരോഗ്യത്തെ ഹനിക്കുന്നതിനിടയാക്കുന്നതാണ്. ഡിസംബർമാസത്തിൽ ഉഷ്ണം മാർച്ച് മാസത്തേതിനേക്കാൾ കുറവാണെന്ന പരിചയമുണ്ടാകുന്നതും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ കണക്കുകൊണ്ടു തെളിയുന്നതും ആകുന്നു. ഡിസംബർ മാസം ഫാറൻഹൈറ്റ് ഉഷ്ണം വരെ 90 ഡിഗ്രികൾക്കു മേലേയും ഫാറൻഹൈറ്റ് വരെ 60 ഡിഗ്രികൾക്കു മേലേയും മാർച്ച് മാസം ഫാറൻഹൈറ്റ് വരെ 90 ഡിഗ്രികൾക്കു മേലേയും ഫാറൻഹൈറ്റ് വരെ 60 ഡിഗ്രികൾക്കു മേലേയും ആയിട്ടാണ് മാറി മാറി കാണുന്നതു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): മാർച്ചുമാസത്തെ കണക്കു മെമ്പർ പറഞ്ഞതു എത്രയാണെന്നു പറയുമോ?

മി: ജി. രാമൻതമ്പിനോൻ (ഗാനവേദികരയും കാത്തിക്കപ്പുള്ളിയും): 90 ഫാറൻഹൈറ്റ് ഡിഗ്രികൾക്കു മേലേയും.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): അല്ല, വൈകുന്നേരം ആകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എണ്ണമറ്റ മിറർ കൊണ്ടാണ് കണക്കെടുത്തതെന്നു പറയുന്നത് (ചിരി)?

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കുന്തിപ്പുഴയും): ഡിസംബർമാസത്തെക്കാൾ മാർച്ച് മാസത്തിലാണ് വ്യത്യാസം അധികമുള്ളത്. ഉഷ്ണക്കൂടുതലും മാർച്ച് മാസത്തിലാണ്.

സിൻഡിക്കേറ്റ് ഡിസംബർമാസത്തിൽ രണ്ടുപ്രാവശ്യം കൂടുന്നതിനെ മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ സമ്മതിച്ചിട്ടുണ്ട്. ഉഷ്ണത്തിന്റെ കൂടുതലല്ല, മാറ്റം കൊണ്ടു മേഹത്തിനുണ്ടാകുന്ന അനേകോപദ്രവങ്ങളാണ് കാര്യമായി ഗണിക്കേണ്ടത്. ഉഷ്ണക്കൂടുതൽ അല്പമായിരുന്നാലും ദീർഘകാലം നിലനിന്നാൽ ആരോഗ്യത്തിനു ഹാനികരമാണെന്നു മുമ്പേ വൈദ്യന്മാർ തന്നെ പറയും. ഉചിതമായ രീതിയിൽ ആലോചിച്ചാൽ മറ്റൊരു സംഗതികളും നിസ്സാരങ്ങളാകുന്നു. അതുകൊണ്ടു പ്രമേയം പാസ്സാക്കണമെന്നു എനിക്കു നിർബന്ധമുണ്ട്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): ഒരു പ്രമേയം ഇവിടെ സ്വീകരിച്ചുവെങ്കിലും അതു പ്രയോഗത്തിൽകൊണ്ടു വരുന്നതിനുള്ള പ്രയാസങ്ങളെ ഞാൻ വിവരിച്ചശേഷവും അതു വോട്ടിനിടണമെന്ന് മിസ്റ്റർ രാമൻമേനോൻ നിർബന്ധിക്കുന്നതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. പ്രമേയം പാസ്സാക്കുന്നതു മൂഢത്വമായിരിക്കുന്നതാണ്. സഭ അപ്രകാരം ചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം ഈ സഭ സ്വീകരിക്കുന്നതു ഇനിയൊരിക്കൽ മെമ്പർ ഇതേ പ്രമേയം സെനേറ്റിൽ ഹാജരാക്കുമ്പോൾ ഒരനുകൂലസംഗതിയായിരിക്കയില്ലയോ എന്നു ചിന്തിച്ചു കൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): ഇവിടത്തെ എന്റെ നിലയേയും സെനേറ്റിൽ ഞാൻ അവലംബിച്ചു നിലയേയും സംബന്ധിച്ചു എന്തൊരു വിധാനമുള്ളതായി എനിക്കു തോന്നുന്നു. ഇന്നത്തെ എന്റെ നിലയും മദ്രാസ് സംസ്ഥാനത്തിലെ പല പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെയും ഇവിടത്തെ കോളേജുകളിൽ പഠിക്കുന്നവരുടെയും ഗുണത്തെ ഉദ്ദേശിച്ചു പരീക്ഷാകാലം മാറ്റേണ്ടതുണ്ടെന്നുള്ള പ്രമേയം ഞാൻ ഹാജരാക്കിയപ്പോഴത്തെ എന്റെ നിലയും തമ്മിൽ വൈപരീത്യമുള്ളതായി ഞാൻ സ്മരിക്കുന്നു.

ഞാൻ സെനേറ്റിൽ പ്രമേയം ഹാജരാക്കിയ കാലത്തു മദ്രാസ് സർവകലാശാലയെക്കുറിച്ചുള്ള അഭിപ്രായം എല്ലാസർവകലാശാലകളും സ്വീകരിച്ചിട്ടില്ലായിരുന്നു. മദ്രാസ്സർവകലാശാലയോടു അനുകരിച്ചു തന്നെയിൻഡ്യാഗവണ്മെന്റുവക പരീക്ഷകളുടെയും സമയം ഭേദപ്പെട്ടതായിട്ടില്ലായിരുന്നു. അതിനേറ്റശേഷം ഇൻഡ്യാഗവണ്മെന്റു പരീക്ഷകളുടെ സമയവും ഇൻഡ്യയിലെ എല്ലാസർവകലാശാലകളുടെയും കോളേജ് വർഷാരംഭവും അവസാനവും മദ്രാസ് സർവകലാശാലയുടെതിനോടു യോജിപ്പിച്ചു. അതുകൊണ്ടു നമുക്കതിരായി ഇപ്പോൾ ഉള്ളപ്രയാസം പണ്ടത്തെത്തിൽ കൂടുതൽ ആകുന്നു. മദ്രാസ്സർവകലാശാലാസമുദ്ദിഷ്ടകന്മാരെ സംബന്ധിച്ചേടത്തോളം, കാലാവസ്ഥയിൽ വലിയ മാറ്റങ്ങളും തിരുവിതാംകൂറിനെക്കാൾ എത്രയോ അധികം ഉള്ളപ്രദേശങ്ങളിൽ നിന്നു പലരുണ്ടെന്നുവരികിലും പരീക്ഷാകാലം മാറുന്നതിനു പണ്ടത്തെത്തിലധികം അനുകൂലമായിരിക്കും. എന്നാൽ നിർഭാഗ്യവശാൽ പരീക്ഷാകാലത്തെ സംബന്ധിച്ചുമദ്രാസ് സംസ്ഥാനത്തിന്റെ നില അനന്യമല്ല. മദ്രാസ്സർവകലാശാലയെസംബന്ധിച്ചു നമുക്കുള്ള പ്രയാസംതന്നെ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളെ സംബന്ധിച്ചു അവക്കുണ്ട്. അതുകൊണ്ടു മദ്രാസ് സർവകലാശാലയെയും ഇൻഡ്യയുടെ മറ്റു ഭാഗങ്ങളെയും ബാധിക്കുന്ന ഒരു മാറ്റം നമുക്കവരുത്തുവാൻ പാടില്ല. കായ്ഫലത്തിനു നാം കാക്കാൻ നാംഎന്തുതന്നെ ശ്രമിച്ചാലും ഇൻഡ്യാ എന്നപേരുള്ള മഹാരാജ്യത്തിന്റെ ഒരു നിസ്സാരഭാഗമാണു നാം എന്നുള്ളതു നാം ഓർക്കണം. നാം ഇവിടെ ചെയ്യുന്നതെന്തെങ്കിലും ഇൻഡ്യയുടെ മറ്റു ഭാഗങ്ങളെ ബന്ധിക്കയോ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽ നടപ്പിൽ വരികയോ ചെയ്യുന്നതല്ല, (മിസ്റ്റർ എ. കെ. പിള്ള: ഹീയർ ഹിയർ)ഇതുകൊണ്ടു ഞാൻ എന്റെ പ്രാരംഭപ്രസംഗത്തിൽ നിങ്ങളെ ഗ്രഹിപ്പിക്കാൻ ശ്രമിച്ച ഒന്നാമതായതും സർവ്വപ്രധാനവുമായ സംഗതി, ഇപ്പോഴത്തെ സ്ഥിതിയിൽ മദ്രാസ് സർവകലാശാലക്കാർ ഒരു പ്രമേയം പാസാക്കി പരീക്ഷകളുടെ സമയം ഭേദപ്പെടുത്തിയാൽ, അതുകൊണ്ട് അങ്ങനെ ഒരു പ്രമേയം തിരുവിതാംകൂർനിയമസഭ പാസാക്കുന്നതിനേക്കാൾ അധികം പ്രയോജനമുണ്ടാകയില്ല. അതു മറ്റു സർവകലാശാലകളെ ബന്ധിക്കയില്ല, ഇൻഡ്യാഗവണ്മെന്റു അവരുടെ മത്സരപ്പരീക്ഷകളെ സംബന്ധിച്ചുണ്ടാക്കീട്ടുള്ള വ്യവസ്ഥകളേയും ബന്ധിക്കയില്ല. ഈ സഭ സൂചിപ്പിക്കേണ്ടതായ ഒരു സംഗതി ഇക്കാര്യത്തിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്കുണ്ടെന്നു പറയുന്ന പ്രയാസങ്ങളും അസൌകര്യങ്ങളും അധികവും യഥാർത്ഥങ്ങളല്ല. അവ സങ്കല്പങ്ങൾ മാത്രമാണ്. കാലാവസ്ഥയുടെ ഒരാണ്ടിൽ തന്നെ തമ്മിലുള്ള രാത്രിയെക്കാൾ വലിയമാറ്റങ്ങൾ ഉണ്ടാകുന്ന അനന്തപുരം, ഗുണ്ടൂർ, മദ്രാസ്, തൂശിനാപ്പള്ളി, മധുര, തിരുനൽവേലി മുതലായ സ്ഥലങ്ങളിലെ വിദ്യാർത്ഥികളോടാണ് ഞാൻ അധികവും സഹതപിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാലാവസ്ഥയിൽ വലിയ മാറ്റങ്ങളും ഉണ്ടാകുന്നതു ആന്ധ്രാസർവകലാശാലയോടുചേർന്ന ആന്ധ്രാമദ്ധ്യസ്ഥർക്കളിൽ ആകയാൽ നമ്മുടെ കാര്യങ്ങളെ ആന്ധ്രാസർവകലാശാലയോടു സംഘടിപ്പിച്ചു ആവശ്യമായ സഭയിലേക്കു ഉണ്ടാക്കുന്നതു നന്നായിരിക്കയില്ലയോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): കോളേജ്വർഷത്തിന്റെ ആരംഭാവസാനങ്ങളെ സംബന്ധിച്ചും പരീക്ഷാകാലത്തെ സംബന്ധിച്ചും എന്നുവേണ്ട മറ്റെല്ലാസംഗതികളിലും ആന്ധ്രാസർവകലാശാല മദ്രാസ് സർവകലാശാലയെ ആണ് അനുകരിക്കുന്നത്. അവരുടെ പരീക്ഷകൾക്കുപോലും വേനൽച്ചൂടുകുറഞ്ഞകാലമായ്കയാൽ ഇല്ല. അവർ മദ്രാസ് സർവകലാശാലയിൽനിന്നു ചോദ്യകടലാസുകൾ അയച്ചുകൊടുക്കയും അവർ ഉത്തരക്കടലാസുകൾ നോക്കിമാർക്കിടുന്നതിനു കുറെ പരീക്ഷകന്മാരെനിയമിക്കയും മാത്രമാണ് ചെയ്യുന്നതു. കോളേജ്കളിൽ ടൈം ടേബിളുകൾ അവസാനിക്കയും ചെയ്യുന്നതിലും പരീക്ഷണീയദിവസങ്ങൾ കായ്ത്തിലും ഇപ്പോൾ മദ്രാസ് സർവകലാശാലയും ആന്ധ്രാസർവകലാശാലയും തമ്മിൽ യാതൊരുവ്യത്യാസവും ഇല്ല.

ഈ മാറ്റംകൊണ്ടു യാതൊരുശ്വാസവുണ്ടാകുമെന്നില്ലെന്നു ഞാൻ പറയുന്നില്ല. ചില സ്ഥലങ്ങളിലുള്ളവർക്ക് അല്പം ആശ്വാസം ഉണ്ടായി എന്നുവരാം. ഈ കാര്യത്തിൽ നാം ചെന്നുമുട്ടുന്ന ഭാരമില്ലാത്ത ഒരു മതിലിന് മേലാണ്, ഇൻഡ്യാ ഒട്ടുക്കുള്ള എല്ലാ സർക്കലാശാലകളും ഇൻഡ്യാഗവണ്മെന്റും പല പരിഷ്കരണങ്ങളും മദ്രാസ് സർവ്വകലാശാലയെ അനുകരിച്ചു നടത്തപ്പെട്ടതാണ്, നമുക്കു യാതൊരു നിവൃത്തിമാർഗ്ഗവുമില്ല. പരീക്ഷകൾനിമിത്തം നമ്മുടെ കുഞ്ഞുങ്ങൾക്ക് അത്യാപത്തു ഉണ്ടാകുന്നുണ്ടെങ്കിൽ അവരുടെ ആരോഗ്യം ആലോചിച്ചു വിദ്യാഭ്യാസംപോലും വല്ലയാണ് ഉത്തമം. ഈ സമയത്തിൽ ഒരു പ്രയോജനപ്രദമായ പരിഷ്കാരത്തിനായുള്ള യാതൊന്നും സാധിക്കുന്നില്ല. ഇൻഡ്യയിൽ മറ്റപ്രദേശങ്ങളിലെ കോളേജ് വർഷാന്ത പരീക്ഷയിലധികമായുള്ള ആവശ്യംപോലെ തന്നെ പ്പെട്ടെന്നു നമുക്കു കഴിയുകയില്ല. മുന്നാമതായി സ്ഥലത്തു ഞാൻ ഇക്കാര്യത്തെപ്പറ്റി സംസാരിച്ചപ്പോൾ ഈ മാറ്റത്തിനുള്ള കാരണങ്ങളെപ്പറ്റി എന്നോട് അപ്പോൾ ചോദിക്കുകയുണ്ടായി, അവയെ ഇവിടെ വിസ്തരിക്കാൻ കഴിയുകയില്ല. പല കാരണങ്ങളും പറയുകയും പല കാരണങ്ങളും ഉണ്ടെന്നു വിചാരിക്കയും ചെയ്തിട്ടുണ്ട്. അവയെയെല്ലാമായാലും ഇൻഡ്യയിലെ എല്ലാ സർവ്വകലാശാലകളും ഒരേ കാലേജ് വർഷവും പരീക്ഷകൾക്കു മിക്കവാറും അടുത്തടുത്തകിടക്കുമാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടു ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു മാറ്റം ഉണ്ടാക്കണമെങ്കിൽ അതിനു ഇൻഡ്യയിലെ എല്ലാ സർവ്വകലാശാലകളുടെയും അനുമതി ഉണ്ടായിരിക്കണം. ഒരു സർവ്വകലാശാലയുടെ അനുമതി പോര, എന്തായാലും, ഇങ്ങനെയൊരു മാറ്റം എത്രതന്നെ അഭിലഷണീയമായിരുന്നാലും ഒരു പ്രയോജനപ്രദമായി അതു സാധിപ്പിക്കാൻ കഴിയുകയില്ല.

ഇനി എനിക്കു പറയാനുള്ളതു, ഉണ്ണുന്നതിനും ഉണ്ണുന്നതിനുമുള്ള കാലത്തെയും രണ്ടുപ്രകാരമായുള്ള ഡിസംബർ ജനുവരിമാസങ്ങളിലായുള്ള കാലാവസ്ഥയെപ്പറ്റിയാണ്. ഞാൻ നിങ്ങളുടെ ചൂടിന്റെ ഒരു കണക്കുപറഞ്ഞുവല്ലൊ. അതിനുശേഷം വർഷത്തിലുള്ള കാലാവസ്ഥ കണിക്കുന്ന ഒരു പടം എന്റെ ഒരു സുഹൃത്തു തയ്യാറാക്കിത്തന്നിട്ടുണ്ട്. അതു മി: കല്ലൂർ നാരായണപിള്ളയും മി: രാമൻമേനവനും വന്നുകണ്ടെങ്കിൽ എനിക്കവരുടെ സന്തോഷം ഉണ്ടായിരുന്നേനെ എങ്കിലും എനിക്കപറയാനുള്ളതു ഈ കാര്യത്തിൽ നോക്കേണ്ടസേർവ സ്വാധാനസംശയി ചൂടിന്റെ കൂട്ടത്തിലോ കുറവോഅല്ലെന്നുള്ളതാണ്, പരീക്ഷകൾ വിദ്യാർത്ഥികൾക്കു അധികംഅദ്ധ്വാനം കൊടുക്കുന്നുഎന്നതാണ് വിചാരിക്കേണ്ടതെന്നു മി: എ. കെ. പിള്ള പറഞ്ഞതു എത്രയോ പരമാർത്ഥമാണ്. കാളേജ് വർഷത്തിന്റെ അവസാനത്തിൽ ഉള്ള അവസാനപരീക്ഷയ്ക്കു പുറമേ ആണ്ടുമുഴുവനും വേറെ പരീക്ഷകൾക്കും വിദ്യാർത്ഥികൾ ഒരുങ്ങേണ്ടതായിട്ടുണ്ട്. ആണ്ടവസാന പരീക്ഷകൾക്കുള്ളതുപോലെ തന്നെ ഈ പരീക്ഷകൾക്കും വിദ്യാർത്ഥികൾ ജാഗ്രതയോടുകൂടി പഠിക്കണം. വിദ്യാർത്ഥികൾ തിരഞ്ഞെടുപ്പു പരീക്ഷയ്ക്കു, അവസാനപ്പരീക്ഷയ്ക്കുള്ളപോലെ അദ്ധ്വാനിച്ചു പഠിക്കുന്നില്ലെന്നു വിചാരിക്കാൻ സംഗതിയില്ല. പരീക്ഷകൾ ആണ്ടുമുഴുവനും ഉണ്ട്. പാഠ്യക്രമവും ആണ്ടുമുഴുവനും ഉണ്ട്. അതുകൊണ്ടു വിദ്യാർത്ഥികൾക്കു ആണ്ടുമുഴുവനും അദ്ധ്വാനം ചെയ്യേണ്ടിയിരിക്കുന്നു.

ഇനിയും മി: സി. പി. തോമസ് പ്രസ്താവിച്ച പ്രകാരം, പ്രമേയപ്രകാരംപരീക്ഷാകാലത്തിൽ മാറ്റംവരുത്തിയാൽആണ്ടിലെ ഒന്നാമത്തെ ടെറമിൽ ഫിപ്രിൽ മേയ്മാസങ്ങൾക്കുള്ളിൽ ഉപരിപ്പെട്തേണ്ടിവരും. അതു വിദ്യാർത്ഥികൾക്കു വലിയ കഷ്ടകരമായിരിക്കയുംചെയ്യും. പ്രമേയപ്രകാരംതന്നെ ആണ്ടിന്റെ അവസ്സാനകാലം ഫിപ്രിൽ മെയ്മാസങ്ങളാണല്ലൊ. എന്നുമാത്രമല്ല, ഇപ്പോഴുള്ളപ്രകാരം കൊളേജ് വർഷത്തിൽ രണ്ടുടേമിനു പകരം അതു മൂന്നുടേമായുമേ ഉണ്ടായിരിക്കാൻ ഇടയുള്ളൂ. ഒന്നാമത്തെടേം ജനുവരിമാസത്തിന്റെ മൂന്നാമാഴ്ചയിൽഇടങ്ങി ഫിപ്രിൽ മൂന്നാമത്തെയൊ നാലാമത്തെയൊ ആഴ്ചവരെയൊ ഒരുപക്ഷേ മെയ്മാസം ഒന്നാം ആഴ്ചവരെയൊ നീർവിപ്പിച്ചു അവസാനിപ്പിക്കേണ്ടിവരും. രണ്ടാമത്തെടേം ജൂലൈ നോമത്തെ ആഴ്ചയിലോമറ്റൊ ആരംഭിച്ചു ഡിസംബർ ഒന്നാമത്തെ ആഴ്ചവരെ നടക്കുന്നുപോയി അവസാനിപ്പിക്കേണ്ടിയും വരും. ഇതിനിടയ്ക്കുള്ള ഒരു വിട്ടുതൽ ഉണ്ടായിരിക്കയില്ല. ഇങ്ങനെ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അദ്ധ്വാനം ഇപ്പോഴത്തേതിൽ അധികമായിരിക്കും. ഞാൻ ഇപ്പോൾ സംസാരിക്കുന്നതു എന്റെ ഔദ്യോഗികനയമായി സ്വീകരിച്ചുള്ളതല്ലെന്നു സന്തോഷത്തോടുകൂടിയുള്ളതുകൊണ്ടു പറഞ്ഞുകൊള്ളുന്നു. ഞാൻ സംസാരിക്കുന്നതു പഴയവ്യവസ്ഥപ്രകാരം വിദ്യാഭ്യാസകാലം കഴിച്ചുവരുന്നതും പഴയവ്യവസ്ഥപ്രകാരവും പുതിയവ്യവസ്ഥപ്രകാരവും വിദ്യാർത്ഥികളെ പഠിപ്പിച്ചിട്ടുള്ളവരുന്നതും നിലയിൽ ആകുന്നു. എന്റെകുട്ടികളും നമ്മുടെ സ്ത്രീകളിലും മേൽപ്പെട്ടുകളിലും വിദ്യാഭ്യാസം ചെയ്തുവരുന്നുണ്ട്. ഇപ്പോൾ നമ്മുടെ ആലോചനയിൽ ഇരിക്കുന്ന വിഷയത്തിന്റെ സംഗതിയിൽ എനിക്കു മറ്റുള്ളവരെക്കാൾ താല്പര്യം കുറവല്ല. പരീക്ഷാകാലം ഡിസംബറിൽനിന്നു ഫിപ്രിൽമാസത്തിലേക്കായുള്ളതുകൊണ്ടു നമ്മുടെ വിദ്യാർത്ഥികളുടെ ആരോഗ്യത്തിനു ഹാനിവരുത്തുന്നുള്ള പ്രസ്താവത്തെ ഞാൻ കേവലം നിഷേധിക്കുന്നു. ഞാൻ അദ്ധ്യാപകനായിട്ടു ഇപ്പോൾ പത്തു വർഷമായിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതിയെ ഞാൻ സൂക്ഷ്മതയോടുകൂടി നോക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ വിദ്യാർത്ഥികളുടെ കായ്ത്തിൽ ഞാനൊരു വ്യത്യാസവും കണ്ടിട്ടില്ല. പണ്ടത്തെ വിദ്യാർത്ഥികൾ കായബലമുള്ളവരായിരുന്നെന്നും ഇപ്പോഴത്തെ വിദ്യാർത്ഥികൾ ബലഹീനന്മാരാണെന്നും എനിക്കു പറയാൻ കഴിയുകയില്ല. മി: രാമൻമേനോൻ വിദ്യാർത്ഥി ആയിരുന്നകാലത്തെ പരീക്ഷാസമയം ഒരു അത്യന്തമകലത്തായിരുന്നിട്ടും അദ്ദേഹം അഭ്യവസ്ഥകൊണ്ടുണ്ടായ ഒരു കായബലം ഉള്ളമനുഷ്യനാണെന്നുള്ളതായി വിചാരിക്കാനുള്ള എനിക്കു തോന്നുന്നില്ല. ചിലരിലുണ്ടാകുന്നതുപോലെ ഒരു സാധാരണ പ്രയത്നം ഉണ്ടാക്കാൻ പാടില്ല. വിദ്യാർത്ഥികളുടെ ആരോഗ്യത്തിൽനിന്നു പ്രമാണങ്ങൾ രൂപീകരിക്കാൻ സാധിക്കയില്ല ഓരോരിടത്തെ ഒരുഭാഗത്തെ കാലാവസ്ഥപൊട്ടെന്നു മേൽപ്പട്ട മറ്റൊന്നാക്കുന്നുകൊണ്ടു വിദ്യാർത്ഥികളുടെ ആരോഗ്യത്തിനും മോശമായിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. വിഷൂചിക മസൂരിമുതലായ രോഗങ്ങൾ നമ്മുടെ വിദ്യാർത്ഥികളെ അധികമായി ബാധിക്കുകാണുന്നില്ല. അവക്ക് ഇൻഫ്ലുവെൻസാ പിടിപെടുവാനുള്ള എന്നാൽ അതു ആണ്ടുമുഴുവനും ഉള്ള ഒരു രോഗമാണ്. കഴിഞ്ഞ രണ്ടുവർഷങ്ങളായി വിഷൂചിക ബാധിച്ചോ വസൂരിപിടിപെട്ടോ ഏതെങ്കിലും ഒരു വിദ്യാർത്ഥി മരിച്ചതായി എനിക്കറിവില്ല. ഈ പകർച്ച രോഗങ്ങൾ സാധാരണയായി വിദ്യാർത്ഥികളെ ബാധിക്കാറില്ല.

എന്നസംബന്ധിച്ചിടത്തോളം, ഈ മാറ്റത്തിനു എനിക്കു വിരോധമില്ല. ഈ മാറ്റം പ്രയോഗത്തിൽ വരുത്തുന്നതിനു അനേകം പ്രയാസങ്ങൾ ഉണ്ടെന്നോണ എന്റെ വാദം. ഇൻഡ്യാ ഗവണ്മെന്റുവക മത്സരപ്പരീക്ഷകളുടെ തീയതിയിടപ്പെട്ടതുൻ നിങ്ങൾക്കു സൗകര്യമില്ല. അതുകൊണ്ടു ഈ മാറ്റമുണ്ടാക്കിയാൽ സമർത്ഥന്മാരായ ഒരു തലമുറയുടെ—ഒരുപക്ഷെ ഒന്നിലധികം തലമുറയുടെ-ഭാവിനന്മയെ വലിഞ്ഞുകെട്ടിയെയ്തിരിക്കുംചെയ്യുന്നതു്. അതുനമ്മുടെ രാജ്യത്തിനും വിദ്യാർത്ഥികൾക്കും വലിയനഷ്ടവും ആയിരിക്കും. അന്യരെ സംബന്ധിക്കുന്ന ബഹിഷ്കരിക്കാൻ പ്രയാസമില്ല. ഇൻഡ്യാഗവണ്മെന്റു പരീക്ഷയ്ക്കു നാം ചേരുന്നില്ലല്ലോ, അതുകൊണ്ടു അല്പം ചിലവിദ്യാർത്ഥികളും ഐ. സി. എസ്. പരീക്ഷയോ ഇൻഡ്യാഗവണ്മെന്റു വക മറ്റു മത്സരപ്പരീക്ഷകളെ ജയിക്കുന്നതിനെക്കാൾ പൊതുവെയുള്ള വിദ്യാർത്ഥികളുടെ ആരോഗ്യമോണ പ്രധാനമായിക്കരുതേണ്ടതെന്നു നുക്കു പറയാൻ പ്രയാസമില്ല. വിദ്യാർത്ഥികൾക്കാണ് അതുകൊണ്ടുള്ളുറ്റണം. ഈ ഗ്രന്ഥം സിദ്ധിക്കാൻ ഉൽപ്പമോയിമാത്രം അവക്കു കിട്ടുന്ന അവസരത്തെ നാം ഇല്ലായ്മചെയ്യുന്നതു ന്യായമായിരിക്കുമോ? ഈ പരീക്ഷകളിൽ ചെരുന്നതിനെപ്പറ്റി പല നിബന്ധനകളും ഉണ്ടാക്കീട്ടുണ്ട്. ഇതുവയസ്സിൽ കുറയരുതെന്നും ഇരുവയസ്സിൽ കൂടരുതെന്നും മാറ്റം ക്ലിപ്തപ്പെട്ടതീട്ടുണ്ട്. സമർത്ഥന്മാരായ നമ്മുടെ യുവാക്കന്മാർക്കു ഐ. സി. എസ്., എഫ്. ആർ. എസ്. മുതലായ പരീക്ഷകൾക്കു ചേരാനുള്ള അവസരം നഷ്ടമാക്കുന്ന ഈ മാറ്റം നാം ഉണ്ടാക്കുന്നതു ന്യായമാണോ?

മലയാളവും ഇംഗ്ലീഷും വിദ്യാലയവകുപ്പുകളെ സംബന്ധിച്ചു, ഈ പരിഷ്കാരസമയം മാറുന്നതിനാലുണ്ടാകുന്ന ഫലം എന്തായിരിക്കുമെന്നുള്ളതാണു് എനിക്കു ഇനിപറയാനുള്ള ഒരു സംഗതി. മലയാളം സ്കൂളുകളും ഇംഗ്ലീഷ്സ്കൂളുകളും തമ്മിൽ സംഘടിപ്പിക്കുന്നകാര്യം ഏ. പ്പോഴെങ്കിലും പ്രാധാന്യം പ്രാപിക്കാവുന്ന ഒരു വിഷയമാകുന്നു. അവയെ സംഘടിപ്പിക്കുന്നകാര്യത്തെപ്പറ്റി പലപ്പോഴും കേട്ടിട്ടുണ്ടായിട്ടുണ്ടു്. പണച്ചെലവുണ്ടാക്കിത്തീർത്തുമൊരുണ്ടാക്കുന്നതിനു വേണ്ടിയൊ അങ്ങനെയുള്ള ഇന്നല്ലെങ്കിൽ നാളെ ആലോചനയ്ക്കെടുക്കേണ്ടിവരും. രണ്ടു തരം വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരെയും കേവലം വ്യത്യസ്തമായ പരീക്ഷാകാലങ്ങളും സ്കൂൾവർഷങ്ങളും ഉണ്ടാക്കി നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുഴപ്പമുണ്ടാക്കണമെന്നു നിങ്ങൾക്കു ആഗ്രഹമുണ്ടോ? പ്രമേയത്തിന്റെ മൗചിത്യവും അനൗചിത്യവും ആലോചിക്കാതെയും ഇവിടെ പ്രമേയം പാസ്സാക്കിയതുകൊണ്ടു ഇൻഡ്യയുടെ മറ്റുഭാഗങ്ങളിലെ സ്ഥിതിക്കുവല്ല ദോഷം ഉണ്ടാകുമോഎന്നു ചിന്തിക്കാതെയുംതന്നെ പ്രമേയം നടപ്പിൽ കൊണ്ടുവരുന്നതിനു ഇപ്രകാരമുള്ള പ്രയാസങ്ങൾഉണ്ടു. വാദത്തിനുവേണ്ടി ഇവസമ്മതിച്ചാലും പ്രയോഗത്തിൽ കടന്നുപോകാൻ കഴിയാത്തഗുരുതരമായ പ്രയാസങ്ങൾഉണ്ടു. ഈ സഭയുടെ വോട്ടുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ല. നാം ബന്ധിച്ചുകിടക്കുന്ന മദ്രാസ് സർക്കാരാശ്രയിച്ചും ഇൻഡ്യായുടെ ശേഷം ഭാഗങ്ങളിലും ആവശ്യമുള്ള ഭേദങ്ങൾ വരുത്തുവാൻ ഈ സഭയുടെ തീർച്ചയ്ക്കു കഴിയുകയില്ലെന്നിരിക്കെ ഈ പ്രമേയത്തെ ഗവണ്മെന്റു സ്വീകരിക്കുന്നതു ന്യായമായിരിക്കുമോഎന്നു സഭ ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയം പാസ്സാക്കിയാൽ ഗവർണ്മെന്റു അതുസ്വീകരിക്കുമോഎന്നൊരു സംശയം പറയുന്നതു ഈ വാദത്തോടു സംബന്ധമുള്ള ഒരു സംഗതിയാണോഎന്നു പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൽ): സഭയുടെ എതിർഭാഗത്തുനിന്നുണ്ടായ ഇതുപോലെയുള്ള ഒരു സൂചനയുടെ മറുപടിയായിമാത്രം ഞാൻ ഇതുപറഞ്ഞതാണ്. ഒരു പ്രമേയം പാസ്സാക്കിയാൽ ഗവണ്മെന്റു അതിനെ സ്വീകരിച്ചു് അതിൻ പ്രകാരം പ്രവർത്തിക്കുമെന്നു വിചാരിക്കാനെ സഭയ്ക്കു അവകാശമുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഭപാസ്സാക്കുന്ന പ്രമേയങ്ങളെനുസരിച്ചു ഗവണ്മെന്റു പ്രവർത്തിക്കാറില്ലെന്നും സഭ ഈ പ്രമേയം പാസ്സാക്കിയാൽ മറ്റു പ്രമേയങ്ങളുടെ കാര്യത്തിലെന്നുപോലെ ഇതിന്റെ കാര്യത്തിലും പ്രവർത്തിക്കാതിടയില്ലെന്നും ഈ സഭയിൽ പൊതുവേ ഒരു പരാതിയുണ്ടെന്നേ എന്റെ സ്നേഹിതൻ സൂചിപ്പിച്ചതിനെപറ്റിയാണ് ഞാൻ ധൈര്യപൂർവ്വം പറഞ്ഞതു്.

പ്രസിഡന്റു: അങ്ങനെയൊരു സൂചനയുണ്ടാകണമെന്നു മി: രങ്കസ്വാമിഅയ്യങ്കാർ വിചാരിച്ചുഎന്നു എനിക്കു തോന്നുന്നില്ല. മറ്റാരുടെയൊ അഭിപ്രായത്തിനു മറുപടിയായി പറഞ്ഞതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഭപാസ്സാക്കുന്നപ്രമേയങ്ങളെപ്പറ്റി പൊതുവായിട്ടും എല്ലാം ഉൾപ്പെട്ടുത്തിയുമാണ് മി: രങ്കസ്വാമി അയ്യങ്കാർ സംസാരിച്ചതു്. അതിനു ഈ വാദത്തോടുബന്ധമൊന്നുമില്ല.

പ്രസിഡന്റു: അതിനു വാദവിഷയത്തോടു ബന്ധമില്ല. എന്നാൽ വേറൊരുമെംബറിന്റെ അതിനോടു സംബന്ധമില്ലാത്തപ്രസ്താവനയോടു തീർച്ചയായും സംബന്ധപ്പെട്ടതാകുന്നു.

മി: ഏ. കെ. പിള്ള കരുനാഗപ്പള്ളി: മെംബർ ഉദ്ധരിച്ചതു അങ്ങുള്ളതിന്റെ വാക്കുകളിൽനിന്നു ഇവിടെയിരിക്കുന്ന ഞങ്ങൾ മനസ്സിലാക്കിയതു-പ്രമേയം പാസ്സാക്കിയാൽ അതുപ്രകാരം പ്രവർത്തിക്കുന്നതിനു ഗവണ്മെന്റിനു പ്രയാസമുണ്ടാകുമെന്നാണ്, അതു ഗവണ്മെന്റിനെ സംബന്ധിച്ചു ഒരു വിഷമസ്ഥിതിക്കു ഇടയാക്കുന്നതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൽ): അതാണ് ഞാൻ പറഞ്ഞതു്. ഈ പ്രമേയം പാസ്സാക്കുന്നതു ഈ സഭയെസംബന്ധിച്ചും ഗവണ്മെന്റിനെസംബന്ധിച്ചും ന്യായമായിരിക്കയില്ല.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): മെംബർ പറഞ്ഞതു പ്രമേയം പാസ്സാക്കിയാലും ഗവണ്മെന്റു അതുസ്വീകരിക്കയില്ലെന്നു സൂചിപ്പിക്കയല്ലായിരുന്നോഎന്നു പറയുമോ?

റാവുബഹദൂർ കെ. വി രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പാൽ): അല്ല.

മി: എം. ശിവതാണുപിള്ള (തേവാള): അഭിപ്രായം എന്താണ്.—

അദ്ധ്യക്ഷൻ: മെംബർ ഇരുന്നുകഴിഞ്ഞു.

മി: ജി. രാമൻമേനോൻ (മാവേലിക്കര യും കായംകുളവും): ഈ കാര്യത്തെപ്പറ്റി അഭിപ്രായമാരാഞ്ഞു ഗവണ്മെന്റു.—

മി: എം. ശിവതാണുപിള്ള (തോവാള): മി: രാമൻ മേനോന്റെ മരുമകൻകഴിഞ്ഞു. ഇപ്പോൾ സംസാരിക്കുന്നതു മുനിംപ്പാലിറ്റിയാണ്.

പ്രസിഡൻറ്: പ്രമേയം വോട്ടിനിടണമെന്നു നിർബന്ധമുണ്ടോ ഇല്ലയോ എന്നാണ് അദ്ദേഹം ചോദിക്കുന്നതു.

മി. ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പരിക്ഷാകേന്ദ്രം തുടങ്ങിയതിനെ ആരോഗ്യപ്രദമായ ഒരു സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള പ്രമേയം കൊണ്ടുവരുന്നതിനെ ഗവണ്മെൻറ് സമ്മതിക്കുന്നപക്ഷം, പ്രമേയം പാസ്സാക്കണമെന്ന് എനിക്കു നിർബന്ധമില്ല.

പ്രസിഡൻറ്: അങ്ങനെ സമ്മതിച്ചതായി എനിക്കറിവില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ പ്രമേയം പാസ്സാക്കണമെന്ന് എനിക്കു നിർബന്ധമുണ്ട്.

പ്രമേയം സഭയുടെ വോട്ടിനിടുകയുണ്ടായി. കൂടുതൽ അനുകൂലമായും വന്നു-പേർ പ്രതികൂലമായും വോട്ടുചെയ്കയാൽ അനുകൂലിച്ചുള്ള വോട്ടുകൾ എണ്ണിക്കപ്പെട്ടു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ദേവസ്വത്തിലേക്കു കണക്കെടുക്കണമെന്നു അപേക്ഷിക്കുന്നു.

വോട്ടെടുത്തതിൽ സഭയുടെ കൂന്നിച്ചുപ്രകാരം പിരിഞ്ഞു.

അനുകൂലം. ൧൨.

൧. മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള
൨. ടി എൻ. കെ. കൃഷ്ണപിള്ള
൩. ടി ടി. കുമാരപിള്ള
൪. ടി കേ. മാധവൻപിള്ള
൫. ടി ജി. നാരായണപിള്ള
൬. ടി കല്ലൂർ. നാരായണപിള്ള
൭. മിസ്റ്റർ പി. കെ. നാരായണപിള്ള
൮. ടി കെ. പി. നീലകണ്ഠപിള്ള
൯. ടി എം. എൻ. പിള്ള
൧൦. ടി ജി. രാമൻമേനോൻ
൧൧. ടി കെ. ശിവരാമപ്പണിക്കർ
൧൨. ടി എം. ശിവതാണുപിള്ള

പ്രതികൂലം. ൨൩.

൧. മിസ്റ്റർ. ഐ. സി. ചാക്കോ
൨. ടി ആർ. ധനുക്കോടിപ്പിള്ള
൩. ടി കെ. ജോസ്
൪. ടി പി. തോമതിനായകംപിള്ള
൫. ടി പി. എൻ. കൃഷ്ണപിള്ള
൬. ഡോക്ടർ എൻ. കുഞ്ഞൻപിള്ള
൭. മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ള
൮. ടി കയ്യാലം പരമേശ്വരൻപിള്ള
൯. മിസ്സസ് എം. പുന്നൻ മൂക്കോസ്
൧൦. മിസ്റ്റർ. കെ. എൻ. രാമസ്വയ്യർ
൧൧. റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൧൨. മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ
൧൩. ടി എ. പൈപ്പൻ
൧൪. മിസ്റ്റർ പാർ ഡാനിയേൽ
൧൫. ടി എ. ജെ. ജോൺ
൧൬. ടി കെ. ഐ. ജോസഫ്
൧൭. ടി സി. കേരളവർമ്മകോയിൽതമ്പുരാൻ
൧൮. ടി സി. വി. കുഞ്ഞുരാമൻ
൧൯. ടി തയ്യൂർ കുഞ്ഞിക്കുട്ടൻ
൨൦. ടി എൽ. എ. ലാംബാർഡ്
൨൧. ടി കെ. സി. മാമ്മൻമാപ്പിള്ള
൨൨. ടി ആർ. പരമന്നാടാർ
൨൩. ടി എ. കെ. പിള്ള
൨൪. ടി വി. സുബയ്യർ
൨൫. ടി എം. സുബ്രഹ്മണ്യപിള്ള
൨൬. ടി സി. പി. തോമസ്

നിഷ്പക്ഷം. ൪.

മി: എസ്. പിറവിപ്പെരുമാൾപിള്ള
,, കുമരിപ്പള്ളി ആർ. രാമൻപിള്ള
,, സി. പി. തമ്പാൻ
,, സി. കുഞ്ഞൻനമ്പൂരിപ്പാട്.

സഭ വോട്ടുക്ഷണത്തിന്നായി ഉച്ചയ്ക്കിരിഞ്ഞു ൫-൪൭ നു പിരിഞ്ഞു ൬-൩൦ നു വീണ്ടും കൂടി.

ഈ സംസ്ഥാനത്തു പുകയില കൃഷിചെയ്യുക.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെ പറയുന്ന പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഈ രാജ്യത്തു പുകയിലകൃഷിക്കുള്ള തടസ്ഥങ്ങൾ നീക്കം ചെയ്യുവാനും അതിന്റെ കൃഷിപ്രോത്സാഹിപ്പിക്കുവാനും ചെയ്യണമെന്നു ഈ സഭ ഗവണ്മെൻറിനോടു പ്രാർത്ഥിക്കുന്നു.

തിരുവിതാംകൂറിൽ ധാരാളം പലകൃഷികൾ ഉള്ളതുകൊണ്ടു പുകയിലകൃഷിയെ പ്രോത്സാഹിപ്പിച്ചിട്ടായിട്ടു ഇല്ലെന്നു ചിലർ വിചാരിച്ചേക്കാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): പുകയിലകൃഷിക്കു പറ്റിയസ്ഥലങ്ങൾ തിരുവിതാംകൂറിൽ ഉണ്ടോ എന്നു മെമ്പർ പറയുമോ?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): എവിടെയാണെന്നു പറയുമോ?

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനെപ്പറ്റി പിന്നീടു പറയാം, തിരുവിതാംകൂറിൽ പല സ്ഥലങ്ങളും പുകയിലകൃഷിക്കു യോഗ്യമാണെന്ന് എനിക്കറിയാം.

തിരുവിതാംകൂറിൽ പുകയിലകൃഷി വിരോധിച്ചിട്ടുള്ളതു കൊണ്ടു ഇവിടത്തെ ജനങ്ങൾക്കു ആണ്ടു തോറും 60 ലക്ഷം രൂപാ നഷ്ടപ്പെടുന്നുണ്ട്. ഇപ്പോഴത്തെ സാംപത്തിക സ്ഥിതി നോക്കിയാൽ ഇതു മാജ്യത്തിനു ഭയങ്കരമായ ഒരു നഷ്ടമാണ്. ഈ സംഖ്യയിൽ ഗവണ്മെൻറിലേക്കു 40 ലക്ഷം രൂപയേ കിട്ടുന്നുള്ളു. കൃഷിവകുപ്പുകാർക്കും പുകയിലകൃഷിക്കാരിൽ രാജ്യത്തിനു പുറമെയുള്ള മല്ലാളിമാർക്കും കൊടുക്കുന്ന രൂപാ കുറഞ്ഞ പക്ഷം ഇരുപതോ മുപ്പതോ ലക്ഷം വരും. ആകെപ്പാടെയുള്ള സംഖ്യ ഇങ്ങനെ 60 ലക്ഷമാണ്. ഈയിനത്തിൽ നിന്നു ഗവണ്മെൻറിലേക്കു കിട്ടുന്ന സംഖ്യ നഷ്ടപ്പെടുത്താതെ തന്നെ ഈ രാജ്യത്തു പുകയിലകൃഷി ഗവണ്മെൻറിനു അനുവദിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യാവുന്നതാണ്. ഇതിൻറെ കൃഷി ലൈസൻസ് പ്രകാരമേ പാട്ടമുള്ള എന്നു നിശ്ചയിക്കയും ഉല്പന്നത്തിൻറെയും ഏലത്തിൻറെയും സംഗതിയിൽ ചെയ്തു വരുന്നതു പോലെ കൃഷി ചെയ്യുമ്പോഴുള്ള പുകയിലയ്ക്കു ഒരു ചുങ്കം ചുമത്തി വസൂലാക്കുകയും ഗവണ്മെൻറിനു ചെയ്യാവുന്ന ഒരു കാര്യമാണ്.

ഇപ്പോൾ ആലോചിക്കുന്ന മാറ്റങ്ങൾ വരവിൽ അല്പം കുറവു വന്നാലും ഗവണ്മെൻറിനു അതു സഹിക്കാവുന്നതാണ്. ഇപ്പോൾ 60 ലക്ഷം രൂപാ വരുന്നുണ്ട്. പുകയിലയിൽ നിന്നുള്ള ആദായം 20, രണ്ടു ലക്ഷം രൂപയാകുമെന്നുണ്ട്. ഈയിനത്തിൽ കുറവു വന്നാലും അതു വകയിൽ കുറവുണ്ടായിരിക്കയില്ല. സ്വന്തം നാട്ടിലെ പുകയിലകൊണ്ടു ജനങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നതിനു കുറെക്കാലം വേണ്ടിവരും. കുറെ വർഷങ്ങളോളം പുകയില ഇറക്കുമതി ചെയ്യാതിരിക്കയില്ല. എന്നാൽ ഇവിടെ പുകയിലയുടെ കൃഷി പ്രോത്സാഹിപ്പിച്ചാൽ ഇറക്കുമതിപ്പുകയിലയുടെ ഉപയോഗം ക്രമേണ കുറഞ്ഞുവരും. അതായതു സമയത്തെ സ്ഥിതിയനുസരിച്ചു ഇന്നാട്ടിലുണ്ടാകുന്ന പുകയിലയിൽ നിന്നു ന്യായമായ ഒരാദായം ഗവണ്മെൻറിനു വസൂലാക്കാവുന്നതാണ്.

പുകയിലയുടെ ഉപയോഗം മനുഷ്യർക്ക് ദോഷകരമാണെന്നുള്ള സംഗതി ലോകമെങ്ങുമാകാനുള്ള മാറ്റമാക്കാൻ ഗവണ്മെൻറിനു അവകാശമില്ല. ഗവണ്മെൻറു ആ സംഗതിയെ അടിസ്ഥാനമാക്കി പ്രവർത്തിക്കയാണെങ്കിൽ ഒരുമാതിരിയായിട്ടല്ലാതെ പുകയില വിൽക്കാൻ സമ്മതിക്കരുതു. എന്നാൽ, ഗവണ്മെൻറു അങ്ങനെ ചെയ്യുന്നില്ല. നേരേ മറിച്ചു അതു കൊണ്ടുള്ള ആദായം വിചാരിച്ചു ഗവണ്മെൻറു അതിൻറെ വില്പന പ്രോത്സാഹിപ്പിക്കയാണു ചെയ്യുന്നതു്. ലൈസൻസോടുകൂടെ പുകയിലക്കച്ചവടം അനുവദിക്കുന്ന കാലത്തോളം ലൈസൻസോടുകൂടെ തന്നെ അതിൻറെ കൃഷിയും അനുവദിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ അതു കൃഷിചെയ്യാൻ അനുവദിക്കണമെന്നില്ല. അല്ലാത്തപക്ഷം ഗവണ്മെൻറു ഇവിടത്തെ ജനങ്ങൾക്കു നഷ്ടം വരുത്തി വിദേശിയരെപ്രോത്സാഹിപ്പിക്കയായിരിക്കും. തീർച്ചയായും ഒരു ഗവണ്മെൻറു ഇങ്ങനെ ചെയ്യാൻ പാടില്ലാത്തതാകുന്നു.

തിരുവിതാംകൂറിൽ പുകയിലകൃഷിചെയ്യാൻ സാധിക്കുമോഎന്നൊരു ചോദ്യത്തിനവകാശമുണ്ട്. തിരുവിതാംകൂറിൻറെ അനേകഭാഗങ്ങളിൽ പുകയില സാമാന്യം നന്നായി വളരുമെന്നും മുമ്പു അവിടങ്ങളിൽ പുകയില വളരുന്നവരായിരുന്ന എന്നും അവർ പുകയിലച്ചെടികളെയെല്ലാം ഗവണ്മെൻറിൻറെ ഉപദേശപ്രകാരം ഉദ്യോഗസ്ഥന്മാർ കുരുതിക്കൊടുത്തു നശിപ്പിച്ചുകളകയാണുചെയ്തതു് എന്നും എനിക്കു അറിയാം. ഇതിൻറെ അനുഭവസാക്ഷികളായ വൃദ്ധന്മാർ പറഞ്ഞാണു് ഞാൻ ഇതറിഞ്ഞിട്ടുള്ളതു്. (തൊടുപുഴെ ഞാൻ സഞ്ചരിച്ചിരുന്നപ്പോൾ അവിടെ അങ്ങുമിങ്ങും പുകയില വളർന്നുനിന്നിരുന്നതു കണ്ടിട്ടുണ്ടു്. ആ പുകയില വളരെവീര്യമുള്ളതാണു്. അതു സമൃദ്ധിയായി കിട്ടുമെങ്കിൽ വളരെപ്പേർ അതുപയോഗിക്കാതിരിക്കയില്ല. അതു നിയമവിരുദ്ധമാണെന്നു എനിക്കറിയാം).

കളകളേയും പ്രയോജനമില്ലാത്തതാണെന്നു തോന്നുന്ന മൃഗങ്ങളെയും പക്ഷികളെയും കണ്ടമാനം നശിപ്പിക്കുന്നതു പലപ്പോഴും ദോഷകരമായിരിക്കും. പുകയിലച്ചെടി ഒരു കളയാണെന്നു ചിലർ പറയുമായിരിക്കും. എന്നാൽ അതിനെ നാട്ടിൽനിന്നു കേവലം നശിപ്പിച്ചുകളയുന്നതുദോഷകരമാണ്. പ്രകൃതിയിൽ കളകൾക്കും ന്യായമായ ഒരു സ്ഥാനം ഉണ്ട്. ഒരു അതിർകവിഞ്ഞുപോയാൽമാത്രമേ അതുകൊണ്ടു ദോഷമുള്ളു. ചില കളകൾക്കു മണ്ണിൽനിന്നു ദുഷ്ക്രമമായ സാധനങ്ങളെ ഏടുത്തുകളയാനും ചില കളകൾക്കു മണ്ണിനെ പ്രയോജനമുള്ള ചെലകാര്യങ്ങൾ ഉപയുക്തമാക്കിത്തീർക്കാനും കഴിയും. ഞാൻ പറഞ്ഞതു സത്യമാണെന്നു ഡാക്ടർ കണ്ണൻപിള്ള സാക്ഷീകരിക്കുമെന്നു വിശ്വസിക്കുന്നു.) ചില പക്ഷികളെ നശിപ്പിക്കുമ്പോൾ ദോഷകരമായ ചില ജന്തുക്കൾ വർദ്ധിച്ചുവരുന്നതായി കണ്ടിട്ടുണ്ട്. ഈ രാജ്യത്തു പുകയില കൃഷിചെയ്താൽ തെങ്ങുരോഗത്തിനു പരിഹാരമായിട്ടോ അതിൻറെ കായ്ഫലം കുറയ്ക്കുന്നതിനു മാറ്റമായിട്ടോ ശീരാൻ സംഗതി ഉണ്ടെന്നു ആശിക്കാൻ കാരണമുണ്ട്. മനുഷ്യർ തിന്നാതെ എറിഞ്ഞുകളയുന്ന പുകയിലയുടെ കായ തെങ്ങിൻറെ തലകൽ വെച്ചാൽ തെങ്ങിനെ ഉപദ്രവിക്കുന്ന ചില പുഴുക്കൾ നശിച്ചുപോകുമെന്നും തെങ്ങിനു കേടുപറ്റാതെ അവയെ നശിപ്പിക്കാൻ വേറെമാർഗ്ഗമില്ലെന്നും പലർക്കും അനുഭവമായിട്ടുള്ള ഒരു സംഗതിയാണ്. ചിലർ അതുപയോഗിച്ചിട്ടു ഗുണം കണ്ടിട്ടുമുണ്ട്. പുകയിലകൃഷിയെ പ്രോത്സാഹിപ്പിച്ചാൽ പുകയിലയോ അതിൻറെ തിന്നാത്ത ഭാഗങ്ങളോ അങ്ങനെ ഉപയോഗിക്കുന്നതിനു സൗകര്യമായിരിക്കും. ഇപ്പോൾ പുകയിലയുടെ വില അമിതമാണ്. ഏതു വിധത്തിലും പുകയിലകൃഷി മറ്റു കൃഷികൾക്കും ഉപകാരപ്രദമായിരിക്കും. ഇതിനുംപുറമേ ജനങ്ങൾ പുകയില ഉപയോഗിക്കുന്ന കാലത്തോളം ഞാൻ ആരംഭത്തിൽ പ്രസ്താവിച്ച 60 ലക്ഷം രൂപയും ലാഭമായിരിക്കും.

അതുകൊണ്ടു രാജ്യത്തിൻറെ ഇപ്പോഴത്തെ സ്ഥിതിക്ക് ഇവിടെ പുകയിലകൃഷി അനുവദിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുണ്ടതു ഗവണ്മെൻറിനെ സംബന്ധിച്ചു് ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു ധർമ്മമാകുന്നു. അങ്ങനെ അവർ ഉടനടുത്തു ചെയ്യാത്തപക്ഷം രാജ്യത്തിൻറെനേരെ അവിശ്വസ്തത കാണിക്കുന്നു എന്നുള്ളതിനേക്കാൾ അവരുടെമേൽ ന്യായമായി ആരോപിക്കാവുന്നതാണ്. ഈ രാജ്യത്തിൻറെസ്ഥിതി പണ്ടു് ഇപ്പോഴുള്ളതുതന്നെ ആയിരുന്നാലും ജനങ്ങൾ ധാരാളമായി ഉപയോഗിക്കയും ധാരാളമായി വിദേശങ്ങളിൽനിന്നു ഇവിടെ ഇറക്കുമതിചെയ്യാൻ ഗവണ്മെൻറു അനുവദിക്കയും ചെയ്യുന്നതും ഈ നാട്ടിൽ വളരുന്നതും ആയ സമ്പത്തുകളെ ഇവിടെ കൃഷിചെയ്യാൻ അനുവദിക്കാതിരിക്കുന്നതു രാജ്യത്തിൻറെ ഇപ്പോഴത്തെ സ്ഥിതിക്കു കേവലം ആത്മഹത്യയാകുന്നു. ഇറക്കുമതിചെയ്യുന്ന പുകയിലയ്ക്കു ചുങ്കം ചുമത്തുകയും അതു കൃഷിചെയ്യാൻ അനുവദിക്കാതിരിക്കു

ും ചെയ്യുക എന്നുള്ളതാണ് ഏറ്റവും കൂടുതലായ ഈ വസ്തുവിന്റെ ഉപയോഗം കുറയ്ക്കാൻ ഗവണ്മെന്റ് ചെയ്യുന്ന ഏറ്റവും വലിയ കാര്യമായിരിക്കും. പുകയിലകൃഷിക്ക് ലൈസൻസുവാങ്ങണമെന്നു വ്യവസ്ഥചെയ്യുന്നതിനാൽ ഇപ്പോളുള്ളതിനേക്കാൾ വളരെ കുറച്ചു പുകയിലയേ ഇനി കൃഷിചെയ്യുകയുള്ളൂ എന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം. ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുമ്പ് ഈ പുകയിലയെല്ലാം നശിപ്പിച്ചുകളയുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനുള്ള ഒരു ബില്ല് ഈ സഭയിൽ കൊണ്ടുവരുന്നതാണ്. ഈ ബില്ലിന്റെ കരടുരൂപം ഇപ്പോൾ തന്നെ പ്രചരിപ്പിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ ഉദ്ദേശ്യം പുകയിലകൃഷി നിരോധിക്കുകയല്ല, അതിനെ നിയന്ത്രിക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യം നിറവേറ്റ

തുക്കുറിൽ വളരുമെന്നുള്ളതാണ്. എന്നാൽ തിരുവിതാംകൂറിൽ വളരുന്നപുകയില പാകംചെയ്യുന്നതിൽ അതിന്റെ വീര്യവും രുചിയും ജനങ്ങൾ സാധാരണ ഉപയോഗിച്ചു പരിചയിച്ചിട്ടുള്ളതിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കും. ബ്രിട്ടിഷ് ഇൻഡ്യയിൽ പുകയിലകൃഷിചെയ്യുന്നിടത്തു വായു ഈർപ്പമില്ലാത്തതാണ്. അവിടെ മഴകുറവുമാണ്. പുകയില ശരിയായി വളരുന്നതിന് ഇതു അത്യന്താപേക്ഷിതമാണ്. മി: രോമതിനായകംപിള്ള പ്രസ്താവിച്ച സ്ഥലങ്ങളിൽ മഴ സു ഠ ഇഞ്ചിൽ കൂടുവാണ്. അവിടെ പുകയിയ്ക്കു ജലസേചനം കഴിയുകയും വേണം. തിരുവിതാംകൂറിൽ പുകയിലകൃഷിക്കു പറ്റിയതായ സ്ഥലം ഉണ്ടെന്ന് എനിക്കുതോന്നുന്നില്ല. സു ഠ ഇഞ്ചു മഴയുള്ള തെക്കൻതിരുവിതാംകൂറിൽ, നാഗർകോവിലിൽ മഴ ൫ ഠ, ൫ ൪, ഇഞ്ചുണ്ട്. മണ്ണു പുകയിലകൃഷിക്കു പറ്റിയതല്ല. അവിടത്തെ മണ്ണു നെൽകൃഷിക്കാണു പറ്റിയതു. പുകയിലകൃഷിക്കു പറ്റിയ വല്ലസ്ഥലവും ഉണ്ടെങ്കിൽ അതു ആതുവാരമെഴിക്കോടാണ്. ആതുവാരമെഴിക്കും തോവാളയ്ക്കും മദ്ധ്യേ പറന്നകിടക്കുന്നകുറെ ഭൂമിഉണ്ട്. അതു കോതയാർ ജലപദ്ധതിയിൽ ഉൾപ്പെട്ടതല്ല. അവിടെ നല്ലപുകയില കിട്ടുകയില്ലെങ്കിലും പുകയിലകൃഷി അവിടെ ചെയ്യാമായിരിക്കും. അവിടെയും കൃഷിചെയ്യുവാൻ സ്ഥലം കൊടുക്കുവാനുള്ള. കണ്ണാടക്കുളിയിൽ മണൽപ്രദേശത്തു ധാരാളംകോരി പുകയിലകൃഷി ചെയ്യുന്നുണ്ട്. അവിടെ നാഗർകോവിലിനേക്കാൾ അധികം മഴയുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെക്കൻ കണ്ണാടക്കുളിയോ വടക്കൻ കണ്ണാടക്കുളിയോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും വ്യവസായവും ഡയറക്ടർ): തെക്കൻ കർണ്ണാടകജില്ലയാണ്. അവിടെ ഇങ്ങനെയാണു ചെയ്യുന്നതു. ഇലവർഷം കഴിഞ്ഞാലുടനെ വിത്തുവിതച്ചിട്ട് ഇടവപ്പാതിക്കുമുൻപു വിളവെടുക്കും. ഇതുതന്നെയാണു വിയ്യൂരിലും. ഉണ്ണികാലത്തു വെള്ളം കോരിനനയ്ക്കും, കൃഷിചെയ്യുന്നതു കടൽതീരത്തോടു അടുത്തപ്രദേശങ്ങളിലാണ്, വെള്ളംകിട്ടുന്നതിനു രണ്ടടിമുഴിച്ചാൽമതി, മണ്ണിൽ അവർ ധാരാളം വളവും ചേർക്കും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജാപ്പാണരുടെ മുറയെന്നുപറയുന്നതെന്നു മെംബറിനു പറയാൻ കഴിയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മൃഗ്യവ്യവസായവും ഡയറക്ടർ): കണക്കു എന്റെ കൈവശം ഇല്ല. എന്നാൽ തിരുവിതാംകൂറിലേതിനെക്കാൾ വളരെ കുറവാണെന്നാണ് എനിക്കു തോന്നുന്നതു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുകാലവർഷമുള്ള പ്രദേശത്തല്ലയോ സ്ഥിതിചെയ്യുന്നതു്?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതെന്നു തോന്നുന്നില്ല.

ഞാൻ ആരംഭത്തിൽ പറഞ്ഞപ്രകാരം പുകയിലകൃഷിക്കു വായുവിൽ ഈർപ്പമില്ലാത്തസ്ഥലംവേണം. പച്ചിയ പാകംചെയ്യുന്നതിനും കാലാവസ്ഥപറ്റിയതായിരിക്കണം. ആതുവാരമെഴിയൊട്ടു അടുത്തപ്രദേശമേ ഞാൻ നോക്കീട്ടു അതിനു പറ്റിയതായിട്ടുള്ളൂ. എന്നാൽ അവിടെ വേനൽകാലത്തു ജലസേചനം നടത്തുന്നതിനു പ്രയാസമുണ്ട്.

ഇതിനുപുറമേ, പുകയില കൃഷിക്കു വളരെ വളം വേണം. സാധാരണ ഫലപ്രദമായ സ്ഥലത്തു ഒട്ടവളരെ വളം ചേർക്കണം. പുകയില കൃഷിചെയ്യുന്നവർ ഒരേക്കർ ഭൂമിയിൽ ൧ ഠ ത്രുപയ്ക്കുള്ള കന്നുകാലി വളവും നാല്പതു മുതൽ ൫ ഠ വരെ രൂപയ്ക്കു കൃത്രിമ വളവും ചേർക്കാറുണ്ടെന്നും ഞാൻകേട്ടിട്ടുണ്ടു ൧ ഠ രൂപയാണെന്നു മാണു എന്റെ അറിവു. പുകയില കൃഷി ഇക്കായ്ത്തിൽ കരിമ്പു കൃഷിക്കു തുല്യമാണ്. ഒരാൾ ഏക്കറൊന്നിനു ൧ ഠ രൂപ മുടക്കി കൃഷിചെയ്താൽ വ ഠ രൂപ, അതായതു, ചിലവു നീക്കി ൧ ൫ രൂപ ലാഭം കിട്ടും. ഇവിൽ നിന്നുള്ള ലാഭമാണു പുകയില കൃഷിക്കു തിരഞ്ഞെടുക്കുന്ന സ്ഥലം കൃത്രിമമായി വിളവു വർദ്ധിപ്പിക്കാൻ കഴിയുന്നതായിരിക്കണം. നിലം തട്ടിതട്ടാക്കി നിരപ്പാക്കണം. പിന്നെ അധികം വളം ചേർക്കയും കൂടക്കൂടെ നനയ്ക്കുകയും ചെയ്യണം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരേക്കർ സ്ഥലത്തു എത്രമാത്രം പുകയില ഉണ്ടാകുമെന്നു പറയാമോ?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു മണ്ണിന്റെ ഗുണത്തെയും കാലാവസ്ഥയേയും ആശ്രയിച്ചിരിക്കും. ശരിശരി ൧ ഠ ഠ റാത്തൽ ആയിരിക്കും എന്നു പറയാം. നിലം ഫലപുഷ്ടിയുള്ളതും വളരെ വളം ചേർക്കുന്നതുമായാൽ അതിലധികം കിട്ടിയെന്നു വരാം.

മി: എ. കെ. പിള്ള (കുമരനാശാപ്പള്ളി): കാസർഗോഡിനും ഉല്ലാട പാലത്തിനും മദ്ധ്യേ കിടക്കുന്ന സ്ഥലം തെക്കൻ കണ്ണാടക ജില്ലയുടെ സമമാണെന്നു മെംബർക്കറിയാമോ?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആയിരിക്കാം. കൃഷിക്കാർ വിത്തു വിതച്ചു വേനൽ കാലത്തു വെള്ളം കോരും.

മി: എ. കെ. പിള്ള (കുമരനാശാപ്പള്ളി): കൃഷിക്കാക്ക് വല്ല ലാഭവും കിട്ടുമോ.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കിട്ടും.

തിരുവിതാംകൂറിൽ പുകയില കൃഷിക്കു പറ്റിയ നിലം കുറച്ചേയുള്ളു. വെള്ളം കോരുന്ന കായ്യം പ്രയാസവുമാണ്. അതുകൊണ്ടാണു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പുകയിലകൃഷി സുസാധ്യമല്ലെന്നു ഞാൻ പറഞ്ഞതു്. ഞാൻ ആദ്യം പറഞ്ഞ പ്രകാരം പുകയിലകൃഷി ചെയ്യാൻ ഏക്കറൊന്നിനു ൧ ഠ ത്രുപാകണ്ടു മുടക്കുകയും കൃത്രിമമായി വിളവു വർദ്ധിക്കാൻ എല്ലാസ്സൌകര്യം വേണ്ടതു ചെയ്തുകൊണ്ടിരിക്കയും ചെയ്താൽ ലാഭം കിട്ടും.

മി: എ. കെ. പിള്ള (കുമരനാശാപ്പള്ളി): പുകയിലകൃഷി ഇത്ര പ്രയാസമാണെങ്കിൽ അതിനുള്ള തടസ്ഥം നീക്കികൊടുക്കയാണതു എന്നു കൊണ്ടാണ്. അതിന്റെ കൃഷി എന്തിനു വിരോധിക്കുന്നു.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ പുകയില കൃഷിയുടെ ശാസ്ത്രീയവശത്തെപ്പറ്റിയാണു പറയുന്നതു്. പുകയിലകൃഷിക്കു ഈർപ്പമില്ലാത്ത വായുവും വളരെ വളവുംവേണം. കൃഷി സേചനത്തിനു സൌകര്യം വേണം. വിളവു നന്നാക്കുന്നതിനു അധികം പണവും മുടക്കണം. ഞാൻ ആരംഭത്തിൽ പറഞ്ഞു പോലേ, പുകയില കൃഷിക്കു പറ്റിയതായിട്ടു ആതുവാരമെഴിക്കും തോവാളയ്ക്കും

മദ്ധ്യേയുള്ള സ്ഥലമേ ഞാൻ നോക്കീട്ട കാണുന്നുള്ളൂ. പുകയില കൃഷിക്ക ബ്രിട്ടിഷ് ഇൻഡ്യയിലെപ്പോലെ തിരുവിതാംകൂറിൽ ഗവണ്മെൻറ വക ഭൂമികാ ഇല്ല. ഞാൻ പറഞ്ഞ ഭൂമികാ അതുങ്കിയിലാണ് സ്ഥിതി ചെയ്യുന്നത്. അതു കടികളുടെ പേരിൽ പതിഞ്ഞതുമാണ്. ആരെങ്കിലും പുകയില കൃഷി ചെയ്യണമെന്നു വിചാരിച്ചാൽ അതിനു വേണ്ടുന്ന ഭൂമി തൻറെ അധീനത്തിൽ ഉണ്ടാകയില്ല. കൃഷി അനുവദിച്ചാൽ അതു ഒന്നോയി കിടക്കുന്ന ഭൂമിയിലായിരിക്കണം. പലരേയും പുകയില കൃഷി ചെയ്യാൻ അനുവദിച്ചാൽ പുകയില വ്യാജമായി കൃഷി ചെയ്യാൻ ഇടയുണ്ട്. ഒന്നായി കിടക്കുന്ന ഭൂമിയിൽ സൈസൻസിൻ പ്രകാരം കൃഷി ചെയ്യാൻ അനുവദിക്കുമേ പാടുള്ളൂ. പുകയിലകൃഷിക്ക പറ്റിയതായി ഒന്നായി കിടക്കുന്ന വിശാല ഭൂമികാ ഞാൻ കണ്ടിട്ടില്ല. പുകയില കൃഷിയുടെ ശാസ്ത്രീയമായ വശം നോക്കിയാലും ഗവണ്മെൻറിൻറെ മുതലെടുപ്പ നോക്കിയാലും അതനുവദിക്കുന്നതു അഭിലഷണീയമായിരിക്കയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): മുപ്പന്തലിനും തോവാളയ്ക്കും മദ്ധ്യേ കിടക്കുന്ന സ്ഥലത്ത്നു ഫാം ഏക്കർ പിസ്സിൻറ്റുമെന്നു ഡയറക്ടർക്ക അറിവുണ്ടോ?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ട്. അവ ഗവണ്മെൻറ ഭൂമികാ അല്ല. അവിടെ ചോളവും മറ്റു ക്ഷേണസാധനങ്ങളും കൃഷി ചെയ്തു വരുന്നു. ജനങ്ങാ അവിടെ യോജിച്ചു പുകയില കൃഷി ചെയ്തുയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ആവശ്യത്തിനായി അതു ഗവണ്മെൻറിലേക്ക എടുത്തുകൂടയോ?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു പ്രയോഗികമാണോ എന്നു തീർച്ചയാക്കാൻ ഞാൻ ഈ സബ്ജക്ട വിട്ടിരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ആ ഭൂമികാ തരിശായി കിടക്കയല്ലേ ചെയ്യുന്നത്?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും വ്യവസായവും ഡയറക്ടർ): അവയെ തരിശായി ഇട്ടിട്ടില്ല. അവിടെ ചോളം കൃഷി ചെയ്യുന്നുണ്ട്. അതൊരു പ്രധാന ക്ഷേണസാധനവുമാണ്.

ഇനിയും വേറൊരു പ്രയാസം ഉണ്ട്. പുകയിലകൃഷിക്ക വെള്ളം ആവശ്യമാണ്. അവിടത്തെ കിണറുകാ ആഴം കുടിയതും അകന്നു.

മി: കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ജലസേചനം കൂടാതെ പുകയില കൃഷി അസാദ്ധ്യമാണെന്നു ഡയറക്ടർ തീർച്ചയായി വിചാരിക്കുന്നുണ്ടോ?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ജല സേചനം കൂടാതെ പുകയിലകൃഷി ചെയ്തു ഒരു തരം പച്ചിലയുണ്ടാക്കാൻ കഴിയുമെന്നു തീർച്ചയാണ്. അതു പാകം ചെയ്തു നല്ലപുകയിലയാക്കാമോ എന്നുള്ളതു സംശയമാണ്.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക) അതാണ് എനിക്ക അറിയേണ്ടതു:

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): പുകയില പാകം ചെയ്യുന്നതിനു തക്കതായ കാപാവസ്ഥ വേണം. മണ്ണിൽ വെള്ളം കെട്ടി നിന്നാൽ വിളവു ചീത്തയായി പോകും. ജാപ്പാണ്ടുത്തു നിന്നു നമുക്ക കിട്ടുന്ന പുകയില ഒന്നാന്തരമാണ്. ആ തരം പുകയില ബ്രിട്ടിഷ് ഡിസ്ട്രിക്റ്റുകളിൽ നിന്നു കിട്ടുകയില്ല. ആ സ്ഥലത്തുള്ള ഒരു തരം അണ്ണ ജീവികാ മൂലം ഉണ്ടാകുന്ന പുളിപ്പു നിമിത്തമാണ ഒന്നാന്തരം പുകയില കിട്ടുന്നതു. തിരുവിതാംകൂറിൽ അതില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേഖലകളും) : ഇക്കാര്യത്തിൽ അദ്ദേഹത്തിനു വല്ല പരിചയവുമുണ്ടോ.

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ പുകയില കൃഷി ചെയ്തു നോക്കീട്ടില്ല. പുസ്തകങ്ങളിൽ പഠിച്ചിട്ടും മറ്റുള്ള പറഞ്ഞു കേട്ടിട്ടും ഉള്ളതാണ ഞാൻ പറയുന്നത്. പുകയില കൃഷി സ്ത്രീ മൂലം പ്രജാസഭയിൽ നിവേദന വിഷയം ആയിരുന്നു. ഒരു പരീക്ഷനടത്തണമെന്നു അന്നു ഗവണ്മെൻറ വിചാരിച്ചു. ജാപ്പാണ്ടുത്തു പുകയില കൃഷി നടത്തുന്ന സമ്പ്രദായം പഠിച്ചു വരാൻ ഒരാളെ അയക്കണമെന്നു ഞാൻ ശുപാർശചെയ്തു. പിന്നീടു ഇക്കാര്യത്തിൽ ഒന്നും ചെയ്യേണ്ടതായിട്ടില്ലെന്നു തീരുമാനിച്ചു.

മി: എം. ശിവതാണുപിള്ള (തോവാള): പനഗുടിക്ക സമീപം പുകയില കൃഷി ചെയ്യുന്നുണ്ടെന്നു മെംബർക്കറിയാമോ.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ); അറിയാം. അതെനിക്കറിയാം. എന്നാൽ അവിടെ പുകയിലയ്ക്കു പുകം ഇല്ല.

മി: എം. ശിവതാണുപിള്ള (തോവാള): മുതലെടുപ്പിൽ കുറവുതരമെന്നുള്ളതു കൊണ്ടു പുകയിലകൃഷി അനുവദിക്കാൻ പാടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതും ആലോചിക്കേണ്ട ഒരു സംഗതിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുളിപ്പിച്ചു പാകംചെയ്യണം എന്നു പറഞ്ഞുവല്ലൊ, അപ്രകാരം പാകപ്പെടുത്തുന്നതിൻറെ സമ്പ്രദായം എന്താണെന്നു പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതൊരു സാങ്കേതികസംഗതിയാണ്. അതിനെപ്പറ്റി പറയുകയാണെങ്കിൽ സാധാരണക്കാക്ക ഗ്രഹിക്കാൻ കഴിയാത്ത അണുജീവികളുടെ പേരുകളും മറ്റനേകം സാങ്കേതികസംജ്ഞകളും ഞാൻ ഉപയോഗിക്കേണ്ടിവരും.

മി: എൽ. എ. ബാബോർഡ് (തോട്ടക്കാർ); സമാരുയിൽ എട്ടു സംവത്സരത്തിലൊരിക്കൽ പുകയില കൃഷി ചെയ്യുന്നുണ്ട്. അവിടെ ജലസേചന സൌകര്യങ്ങാ ഇല്ല.

ഡോക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അവിടെ മഴ എത്രയുണ്ട്?

മി: എൽ. ചാമ്പാർഡ് (തോട്ടക്കാർ): ഏകദേശം 8 ഇഞ്ച്.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എപ്പോഴാണ് അവർ കൃഷിചെയ്യുന്നത്?

മി: എൽ. എ. ചാമ്പാർഡ് (തോട്ടക്കാർ): വേനൽക്കാലത്തു അവർ വളരെ പണം ചെലവുചെയ്തു ധാരാളം വളംചേർക്കും,

ഡോക്ടർ എം. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ചില്ലാം മണ്ണിന്റെ ഗുണത്തെ അഭ്യൂഹിച്ചിരിക്കും. തിരുവിതാംകൂറിലെ മണ്ണിനു സാധനങ്ങൾ ഗ്രഹിച്ചുവയ്ക്കുന്നതിനുള്ള ശക്തി കുറവാണ്.

മി: എൽ. എ. ചാമ്പാർഡ് (തോട്ടക്കാർ): എന്നാൽ അവിടെ എട്ടു സംവൽസരത്തിലൊരിക്കലെ കൃഷിചെയ്യാവുള്ളു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകക്ക്): ഏക്സൈസ് കമ്മിഷണരുടെയാകട്ടെ, കൃഷിഡയറക്ടരുടെയാകട്ടെ, പാടങ്ങൾ കെട്ടി പുകയിലകൃഷി കേവലം വിരോധിക്കേണ്ടതാണെന്ന് എനിക്കു ബോധ്യം വന്നിട്ടില്ല. സമുദ്രനിരപ്പിൽ ജലസേചനംകൂടാതെ പുകയിലകൃഷി ചെയ്യുന്നുണ്ടെന്നു മി: ചാമ്പാർഡ് പറഞ്ഞുവല്ലോ. എനിക്കറിയേണ്ടിയിരുന്ന ഒരു കാര്യം ജലസേചനം കൂടാതെ പൂകിലകൃഷി കേവലം അസാദ്ധ്യമാണോ എന്നായിരുന്നു.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും വ്യവസായവും ഡയറക്ടർ): തിരുവിതാംകൂറിലെ മണ്ണു അല്പദിവസം മഴപെയ്യാതിരുന്നാൽ ഉണങ്ങി വരണ്ടുപോകുന്നതും വെള്ളംകോരാതിരുന്നാൽ ചെടികൾ ഉണങ്ങിപോകുന്നതും അതുകൊണ്ടു കൃഷിക്കു ജലസേചനം ആവശ്യമാണെന്നു ഞാൻ അനുഭവംകൊണ്ടു അറിഞ്ഞിട്ടുള്ളതാണ്. സമുദ്രനിരപ്പിലെ മണ്ണിനു ഒരു മഴപെയ്യുമ്പോൾ അധികം നാളത്തേക്കു നനവുണ്ടായിരിക്കും.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകക്ക്): ഡോക്ടർ കുഞ്ഞൻപിള്ളയോടു പെട്ടെന്നു സംസാരിക്കാൻ ആവശ്യപ്പെട്ടതുകൊണ്ടു അതിനായിവേണ്ട ഒരുക്കത്തോടെ വരാൻ കഴിഞ്ഞിട്ടില്ലായിരിക്കാം എന്നു ഞാൻ വിചാരിക്കുന്നു.

നമ്മുടെ രാജ്യത്തു ചില സ്ഥലങ്ങളെങ്കിലും വിത്തെടുത്തു പുകയില കൃഷിചെയ്യുന്നതു സാധിക്കുമോ എന്നു പരീക്ഷകൻ നടത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പൂനയിലോ പത്മനാപുരമോ പോലെയുള്ള ഒരു മദ്ധ്യപ്രദേശത്തു ഒരേടത്തു ഒരു തിരഞ്ഞെടുത്തു അവിടെ പരീക്ഷകൻ നടത്തണം.

മി: എം. ശിവരാമപിള്ള (കരാവാള): ഉപ്പന്തലിനും കരാവാളയ്ക്കും മദ്ധ്യേയുള്ള സ്ഥലത്തെ മണ്ണിന്റെ സ്വഭാവം ഇപ്പോൾ പുകയിലകൃഷി ചെയ്യുവരുന്ന പനമ്പഡിയിലെ മണ്ണിന്റെ സ്വഭാവംതന്നെ ആണെന്നു അനുഭവത്തിന്നറിയാമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകക്ക്): മെംബർ പറയുന്നതു ഞാൻ സമ്മതിക്കുന്നു. ഏക്സൈസ്ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടുകൂടി കൃഷിഡിപ്പാർട്ടുമെന്റ് ഈ സംഗതിയിൽ പൂർണ്ണമായ പരീക്ഷകൾ നടത്തണമെന്നാണ് ഞാൻ പറയുന്നതു. നമ്മുടെ രാജ്യത്തോടു തൊട്ടുകിടക്കുന്ന കോയമ്പത്തൂരും തിരുനൽവേലിയും ഡിസ്ട്രിക്റ്റുകളിലുള്ളവർ പുകയിലകൃഷിചെയ്തു വളരെ ലാഭമെടുക്കുന്നുണ്ടെന്നുള്ള അറിവു നമ്മെ വളരെ ആശിപ്പിക്കുന്ന ഒരു സംഗതിയാണു, ഒരു വർഷംകൊണ്ടു നൂറിന്നു നൂറു ലാഭം കിട്ടുന്ന എന്തെങ്കിലും കൃഷി തിരുവിതാംകൂറിൽ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ബ്യൂഹം തെയിലയും കൊണ്ടു ലാഭമുണ്ട്. എന്നാൽ അവയ്ക്കു വളരെക്കാലത്തെ താമസമുണ്ട്. ഇതു കുറഞ്ഞകാലംകൊണ്ടു ഇതു അധികം ലാഭം കിട്ടുമെങ്കിൽ കൃഷിക്കാരുടെ മുതലുണ്ടാകാതിരിക്കയില്ല. തിരുവിതാംകൂറിലെ അതിനു ഒരു പ്രയാസവും ഉണ്ടാകയില്ല. കൃഷികൊണ്ടു ലാഭമുണ്ടെന്നു നിശ്ചയമുണ്ടെങ്കിൽ കൃഷിചെയ്യുന്നോക്കാൻ ധാരാളം ആളുകൾ ഉണ്ടാകുമെന്നുള്ളതിനു തർക്കമില്ല.

പുകയിലകൃഷി കേവലം വിരോധിക്കുന്നതിനു ന്യായമായ ഒരു വാദവും ഇവിടെ കൊണ്ടുവന്നിട്ടില്ല. ഇതിനുമുമ്പുതന്നെ പ്രജാസഭയിൽ നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടെന്നും കുറെവർഷങ്ങളായി പ്രജാസഭയിൽ അതു ചർച്ചയായി കൊണ്ടുവന്നു കൊണ്ടിരിക്കുന്നുണ്ടെന്നും ഡോക്ടർ കുഞ്ഞൻപിള്ള പറഞ്ഞുവല്ലോ. ഡിപ്പാർട്ടുമെന്റിന്നു ഇക്കാര്യത്തിൽ വേണ്ട പരീക്ഷകൾ നടത്തുന്നതു നന്നായിരിക്കും. പരീക്ഷകൾ വിജയപ്രദമാണെന്നു കണ്ടാൽ ജനങ്ങൾ ആ കൃഷിയിൽ ഏർപ്പെടുന്നതിനുമുമ്പുതന്നെ ചട്ടങ്ങൾ ഉണ്ടാക്കണം. ഈ പ്രസ്താവനകളോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): പ്രമേയത്തിന്നനുകൂലമായി എനിക്കും താഴെ പറയാൻപോകുന്ന സംഗതികളെപ്പറ്റി പ്രസ്താവിക്കാനുണ്ട്. സഭയുടെ ഏതുഭാഗത്തുനിന്ന സംസാരിച്ച മെംബർ ഏതാനും ചില കാരണങ്ങൾ പറഞ്ഞുകൊണ്ടാണോ പ്രമേയത്തെ പ്രതിക്ഷേപിച്ചതു. ഒന്നാമത്തെകാരണം തിരുവിതാംകൂറിലെ മണ്ണും കാലാവസ്ഥയും പുകയിലകൃഷിക്കു പറ്റിയതല്ലെന്നാണ കൃഷി വിരോധിക്കുന്നതിനുള്ള കാരണം അതാണെങ്കിൽ അതിനെപ്പറ്റി ഗവണ്മെന്റിനു ഉൽക്കണ്ഠയുണ്ടാകുവാൻ കാര്യമില്ലാത്തതാണ്. പുകയില വളരുകയില്ലെങ്കിൽ അതിന്റെ കൃഷിവിരോധിക്കുന്നതിന്റെ ആവശ്യം എന്താണ്? ശാസ്ത്രീയമായിട്ടോ സാങ്കേതികമായിട്ടോ എനിക്കു തിരുവിതാംകൂറിൽ പുകയില ഉണ്ടാകുമോ ഇല്ലയോ എന്നു പറയാൻ സാധിക്കയില്ല. എന്നാൽ പണ്ടത്തെ ആളുകൾ താമൂകിൽ കുറെക്കാലമായി പുകയില അല്പാല്പം കൃഷിചെയ്തുവന്നിരുന്നു എന്നുള്ളതു എനിക്കറിയാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൃഷിക്കാരെ ഗവണ്മെന്റു പിടിച്ചേല്പിയ്ക്കുന്നില്ലേ?

മി: എൻ. വി. ജോസഫ് (പറവൂർ): ഇതൊന്റെ സ്വന്തം ഒന്നിയിൽ ഉള്ളതല്ല.

സമ്പത്തികനിലയിൽ നോക്കിയാൽ ഈ കൃഷി ലാഭമുള്ളതല്ലെന്നു കമ്മിഷണർ പറഞ്ഞുവല്ലോ. ലാഭമുണ്ടോ ഇല്ലയോഎന്നുള്ളകാര്യം തീരുമാനിക്കേണ്ടതു കൃഷിക്കാർതന്നെ വിട്ടുകൊടുക്കേണ്ടതാണ് നല്ലതെന്നു എനിക്കുതോന്നുന്നു. കൃഷിലാഭമുള്ളതല്ലെങ്കിൽ ആ വ്യവസായം താനേതന്നെ ഇല്ലാതായികൊള്ളും. അതുകൊണ്ടും ഗവണ്മെന്റിനു ഉൽക്കണ്ഠപ്പെടുവാൻകാരണമില്ല. ഗവണ്മെന്റിന്റെ വിരോധത്തിനു ഈ രണ്ടു കാരണങ്ങളാണ് അടിസ്ഥാനമെങ്കിൽ ആ കാരണങ്ങൾ സാരമായിട്ടുള്ളവയല്ല.

പിന്നെയുള്ളതു മുതലെടുപ്പിന്റെ കാര്യമാണ്. അതു തീർച്ചയായും കണ്ടുപിടിക്കേണ്ട ഒരു പ്രധാനസംഗതിയാണ്. പുകയിലകൊണ്ടു 10 ലക്ഷം രൂപ ഗവണ്മെന്റിനു കിട്ടുന്നുണ്ടെന്നു മി: രാമൻ നായർ പറയു

ന്നു. കൃഷി നിരോധിക്കാതെ തന്നെ ആ സംഖ്യ ഗവണ്മെന്റിലേക്കു കിട്ടാൻഒരുമിഷ്ടമില്ലേ? പുകയില കൃഷിക്കു കൈസൻസ് ഏർപ്പെടുത്തിയോ ഏക്കറൊന്നിനു ഒരു രൂപാ ചുമത്തിയോ വേറെ വല്ലവിധത്തിലോ ആ സംഖ്യ വസൂലാക്കാൻ സാധിക്കയില്ലയോ? വിചാരിച്ചാൽ എടുത്തുകൂടാഞ്ഞിട്ടുമല്ല. ആ സംഖ്യ പിരിച്ചുകൂടായെ? ഇതു പരിശോധിക്കുമായോ ന്യായമാണെന്നാണ് എന്റെ അഭിപ്രായം.

വിഷമമുള്ള മറ്റൊരുസംഗതി, കൃഷിയുടെ മേലന്വേഷണവും വ്യാജച്ചുരുക്കില്ലാതെ സൂക്ഷിക്കുന്നതുമാണ്. ഈ വിഷയം ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചാൽ നന്നായിരിക്കുമെന്നു തോന്നുന്നു. ഒരു സംഘാംഗവിട്ടു കൃഷിചെയ്യണമോ എന്നതിനെ പൊതുയോഗത്തിലുള്ള സ്വാതന്ത്ര്യത്തെ ഈ കാരണങ്ങൾകൊണ്ട് ഇല്ലാതാക്കാൻ പാടില്ല. പുകയിലകൃഷി വിരോധിക്കുന്നതിനു ഗവണ്മെന്റിനു ഇവയെല്ലാതെ വേറെകാരണങ്ങൾ ഉണ്ടോ എന്നു എനിക്കറിയില്ല. ഈ പ്രസ്താവനയോടുകൂടി ഞാൻ മി: രാമൻ മേനോന്റെ പ്രമേയത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി: തയ്യുള്ളകണ്ടിത്തെക്കമ്മാർ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻ ഈ പ്രമേയത്തെ ബഹുമായി പിൻതാങ്ങുന്നു. ഈ വർഷം മുൻപു അതായതു് ക്രൻവെഷൻ നവംബർ മാസത്തിൽ ഇതേ പ്രമേയം ഞാൻതന്നെ ഈ കൌൺസിലിന്റെ അവതരിപ്പിച്ചിരുന്നു. പക്ഷേ ആ പ്രമേയം കുറെക്കൂടി വിശാലമായിരുന്നു. തേക്കു, ഈട്ടി, ചന്ദനം, പുകയില ഇവയോ മുക്കാലുമുന്നു തോന്നുന്ന മറ്റുചെടികളോ വൃക്ഷങ്ങളോ കൃഷിചെയ്യുന്നതിനും, കൃഷിചെയ്യുന്നതാനമുട്ടിച്ചോ ഉണ്ടായേക്കാവുന്ന ജനങ്ങൾക്കു സ്വാതന്ത്ര്യമായി ഉപയോഗപ്പെടുത്തുന്നതിനും സ്വാതന്ത്ര്യം നൽകണമെന്നായിരുന്നു ഞാൻ അവതരിപ്പിച്ച പ്രമേയം. എന്നാൽ ആ പ്രമേയം പാസ്സാക്കുന്നതിനു സാധിച്ചില്ല. തേക്കു തടിയുടെ കാര്യത്തിനുമാത്രം ഉടനെ ഒരു കമ്മറ്റി ഏർപ്പെടുത്തി. അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായതുമില്ല.

ക്രൻ വക്കുന്നതിലധികം രൂപാ കഴിഞ്ഞവർഷം കോയമ്പത്തൂർ, യപ്പാണം മുതലായ വിദേശ പുകയിലയുടെ മേൽചാർജ്ജം ഇനത്തിൽ വരവുണ്ട്. വിലയായി എത്രയോ ലക്ഷം പോയിരിക്കണം. ഈ കർഷകരാജ്യത്തിലെ ജനസംഖ്യാനുപാതികമായ ദാരിദ്ര്യത്തിൽ പതിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ളവരുടെ പണമാണ് വിദേശത്തേക്കു പോയിക്കൊണ്ടിരിക്കുന്നത്. ഈ രാജ്യത്തു ജനസംഖ്യ വർദ്ധിച്ചുവരുന്നതനുസരിച്ചു ഓരോ പൌരനും കൃഷിക്കുള്ള ഭൂമി കുറഞ്ഞു കുറഞ്ഞു വരുന്നുഎന്നും തന്നിമിത്തം ദാരിദ്ര്യം അധികരിച്ചുവരുന്നു എന്നുള്ള കാര്യം സുസ്പഷ്ടമാണ്. ഈ രാജ്യത്തു ഏതൊരു കൃഷിചെയ്താണ് ജനങ്ങൾക്കു ആദായകരമായിട്ടു ചെയ്യാൻ സാധിക്കുന്നത്? ജനങ്ങളുടെ ക്ഷേമം എന്നുമാത്രം കൃഷിചെയ്യലാണ് വർദ്ധിക്കുക? ഇതുകളെപ്പറ്റി ആലോചിച്ചു വേണ്ടുന്നതുപോലെ കാര്യപ്പെടുത്തുന്നതിനുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് ഇപ്പോൾ തന്നെ കൃഷിഡിപ്പാർട്ടുമെന്റ്. നൂതനമായ കൃഷികളെ ഈ രാജ്യത്തു വ്യാപരിപ്പിക്കുന്നതിൽ ഫിനാൻസും ജനങ്ങളുടെ കൂടി ഈ ഡിപ്പാർട്ടുമെന്റ് വന്നിരുന്നു എന്നാണ് പ്രത്യുപകാരം ചെയ്യുവതന്നത്.

ഈ രാജ്യത്തു എന്തുകൃഷിചെയ്യാം, ആ കൃഷിയെ എങ്ങനെ അഭിവൃദ്ധിപ്പെടുത്താം എന്നുനോക്കുന്നതിനു ധനവ്യയം ചെയ്തു കൃഷിഡിപ്പാർട്ടുമെന്റ് വഴി പരിശ്രമിച്ചുവരുന്ന ഗവണ്മെന്റ് ഉന്നയിക്കുന്ന സ്ഥലങ്ങളിൽ കൃഷിചെയ്യാൻപാടില്ലാ എന്നായിരുന്നു കൃഷികളെ ചെയ്യാൻ പാടില്ലാ എന്നെല്ലാം നിയന്ത്രണങ്ങളുണ്ടാക്കി ജനങ്ങളുടെ കൃഷി സ്വാതന്ത്ര്യത്തെ തടഞ്ഞു ജനങ്ങളെ കൃഷിവിഷയങ്ങളിൽ അധഃപതിപ്പിക്കുന്ന നയം ഗവർമെന്റിനു ശരിയല്ല. ഇപ്പോൾ തന്നെ മലയോരങ്ങളിൽ പുകയില ധാരാളം കൃഷിചെയ്യാം. മലവാസികൾ ഇപ്പോൾ പുകയിലകൃഷി ചെയ്യുന്നുണ്ട്. പാക്ഷേ പ്രാകൃതമായരീതിയിൽ ആയിരിക്കും അവർ കൃഷിചെയ്യുപയോഗിക്കുന്നത് എന്നാൽ ഫൈസ്സ് ഡിപ്പാർട്ടുമെന്റുകാരും ഫാറസ്റ്റുകാരും അതിനു സമ്മതിക്കാതെ പുകയിലെ നശിപ്പിച്ചുകളയുന്നു. ഈ രാജ്യത്തു പുകയില കൃഷിചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം നൽകിയാൽ നമുക്കാവശ്യമുള്ള പുകയില ഇവിടെതന്നെ കൃഷിചെയ്യുകൊടുക്കുവാൻ സാധിക്കും. ഇക്കൊല്ലം പുകയില മേൽചാർജ്ജിൽ നിന്നു ലക്ഷത്തിലധികം രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. അടുത്തകൊല്ലത്തിൽ ഇതിലും വർദ്ധിക്കും. അങ്ങനെ അഭിവൃദ്ധിയുണ്ടാകുന്നതോടുകൂടെ പോകുന്നപണത്തിന്റെ തുകയും വർദ്ധിക്കും. ഇതിനെ തടയേണ്ടതു അത്യാവശ്യമാണ്.

അതിനാൽ ഈ പ്രമേയത്തെ കൃഷിക്കാരുടെ സ്വാതന്ത്ര്യത്തെയും രാജ്യത്തിന്റെ ക്ഷേമത്തെയും ഉദ്ദേശിക്കുന്നവരായ അല്പമില്ലാതെ ഉദ്ദേശിക്കുന്നവരോ ആയ മാന്യജനപ്രതിനിധികൾ എല്ലാവരും ഏകകണ്ഠമായി പിൻതാങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗവണ്മെന്റും തന്നെയും ഇതിൽ അനുകൂലാഭിപ്രായം കൈക്കൊണ്ടു പോരുന്നുണ്ടാൻ ഇടയായതുകൊണ്ടു ഈ പ്രമേയത്തെ സ്വീകരിക്കേണ്ടതാണ്. പുകയിലകൃഷി ഇവിടെ ചെയ്യുന്നപക്ഷം കൂടുതൽ മേൽചാർജ്ജ് ഇനത്തിലുള്ള മുതലെടുപ്പ് കൂടുമായിരിക്കാം. അങ്ങിനെവരുമ്പോൾ പുകയിലകൃഷിചെയ്യുന്ന ദേശത്തിന്റെ നിരക്ഷരവ്യവസ്ഥയ്ക്കു നിവൃത്തിക്കുന്നതിനു പരിഹാരമുണ്ടാക്കാം.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവിടെ ഉണ്ടാകുന്ന പുകയില മുഴുവനും കരം വയ്ക്കാതെയല്ലേ?

മി: തയ്യുള്ളകണ്ടിത്തെക്കമ്മാർ (മൂവാറ്റുപുഴയും തൊടുപുഴയും): കൃഷി അഭിവൃദ്ധിപ്പെട്ടതിനുശേഷം മാത്രമേ കരം ചുമത്താവൂ. കൃഷി ആരംഭിക്കുന്നതിനുമുമ്പുതന്നെ കരം ഏർപ്പെടുത്തിയാൽ കൃഷി വർദ്ധിക്കയില്ല.

ഇവിടെ പുകയിലകൃഷി അഭിവൃദ്ധിപ്പെടുന്നതനുസരിച്ചു പുറത്തുനിന്നും വരുന്ന പുകയിലയുടെ മീതെ ചുങ്കം ചുമത്തണം. അങ്ങിനെ ചുങ്കംകൊണ്ടു ഗവണ്മെന്റ് ചെലവെടുപ്പിനും നാട്ടിലെ കൃഷി വർദ്ധനയ്ക്കും സഹായമായിരിക്കും. പിന്നെ കൃഷിചെയ്യുന്നതിനെ സംബന്ധിച്ചും ഇങ്ങനെയായിരുന്നു. മുമ്പു ഇവിടെ പിന്നെ സ്വാതന്ത്ര്യമായിട്ടു കൃഷിചെയ്യാൻ പാടില്ലായിരുന്നു. ഇപ്പോൾ അതു ജനങ്ങൾക്കു സ്വാതന്ത്ര്യമായിട്ടു കൃഷിചെയ്യാൻ അവകാശമുണ്ടാക്കുകയും ഈ നിയമത്തിൽ ഒരു നല്ല സംഖ്യ ഗവണ്മെന്റിനു ആദായമായി ചേർക്കുകയും ചെയ്യുന്നുണ്ട്. അതുപോലെതന്നെ കരമുള്ളതിനെയും കാണുക. പണ്ടു ഇവിടെ കരമുള്ള കൃഷിചെയ്യാൽ ഗവണ്മെന്റിൽ പിടിച്ചിടുകയാണായിരുന്നു. അതു ജനങ്ങൾക്കു സ്വാതന്ത്ര്യമായി കൃഷിചെയ്യാൻ വിട്ടുകൊടുത്തതിനുശേഷം തന്നെ ഇനത്തിൽ ഗവണ്മെന്റിനു പൂർവ്വാധികം ആദായം ഉണ്ടായിട്ടുണ്ടു. പണ്ടു മുക്കുകടിശ്ശീല എന്നു ഏർപ്പാടുണ്ടായിരുന്നു

ക്കുന്നകാലംപോലെ മുളക തപോണ്ടറിനെ കിട്ടുന്നില്ലെങ്കിൽ ആ ഇനത്തിൽ ഒരു നല്ല സംഖ്യ തിരുവയറ്റിൽ മിച്ചമുണ്ടാകും. സർക്കി, മധ്യവർത്തിവിന്റെ കാലത്താണ് കുമരകത്തെ മനുഷ്യർക്ക സ്വാതന്ത്ര്യമായി കൃഷിചെയ്യാൻ അനുവദിച്ചത്. ഏലം വി. പി. മാധവറാവുവിന്റെ കാലത്തും.

പുകയിലകൃഷി നടപ്പിൽവരുത്തുന്നതിനുവേണ്ടി ഗവണ്മെന്റിന് അല്പം കരം നഷ്ടംവന്നാലും ഒടുവിൽ നല്ല ആദായം ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഈ സാധനം ഇവിടെ ജനങ്ങൾ ഉപയോഗിച്ചു ശീലിച്ചുപോയതുകൊണ്ട് ഇനിയും വിദേശങ്ങളിലേക്ക പോകുന്നതുകൊണ്ട് കുടിവരവിനെ മാർഗ്ഗമുള്ളതുകൊണ്ടും രാജ്യരക്ഷയെ ഉദ്ദേശിക്കുന്നവരെല്ലാവരും ഈ രാജ്യത്തെയ്യാതന്ത്ര്യമായ പുകയില ഇവിടെ കൃഷിചെയ്യാൻ സ്വാതന്ത്ര്യം നൽകണമെന്നുള്ള പ്രമേയത്തെ പിന്താങ്ങിപ്രോത്സാഹമായി അനുകൂലിക്കേണ്ടതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പുകയിലയുടെ വിലയായി എത്ര രൂപ വിദേശങ്ങളിലേക്ക പോകുന്നുണ്ട്?

മി: തയ്യിൽ കുഞ്ഞിക്കൃഷ്ണൻ (മുഹമ്മ പുഴയും തൊട്ടുപുഴയും): കഴിഞ്ഞകൊല്ലത്തെ എക്സ്പോർട്ട് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഈ വക്ഷത്തിൽ ചിൽവാനം രൂപയാണ് എന്നു കാണുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു നമ്മുടെ രാജ്യത്തിലെ വരവാണ്. പുകയിലയുടെ വില അതിലും വളരെ കൂടുതലാണെന്നറിയാമോ?

മി: തയ്യിൽ കുഞ്ഞിക്കൃഷ്ണൻ (മുഹമ്മ പുഴയും തൊട്ടുപുഴയും): കൂടുതലായിരിക്കാം, അതുകൊണ്ടു പുറത്തേക്ക പോകുന്ന കുരുമുളകിനെപോലെ തടയേണ്ടതാവശ്യമാണ്.

മി: എം. ശിവതാണുപിള്ള (തോവാള): സർ, ഈ പ്രമേയത്തിനനുകൂലമായി അല്പം സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യംതന്നെ എക്സൈസ് കമ്മിഷണരുടെ പ്രസംഗം സഭയുടെ മനസ്സിൽ പതിയത്തക്കതായിരുന്നു എന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളുന്നു. അദ്ദേഹത്തിന്റെ പ്രസംഗം വളരെ ചമത്കാരമായിരുന്നു എന്നു മാത്രമല്ല, എനിർഭാഗ്യവശാനിന്നു ആക്ഷേപം പൂർണ്ണപ്പെട്ടപ്പോൾ അദ്ദേഹം യാതൊരു അക്ഷമതയും കാണിച്ചില്ല. എങ്കിലും വിഷയത്തിന്റെ ഗൗരവത്തിൽപെട്ട ഭാഗത്തെപ്പറ്റി അദ്ദേഹം ഒന്നും പ്രസ്താവിച്ചില്ല. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധയായി ഗ്രഹിച്ചു എങ്കിൽ അദ്ദേഹം പറഞ്ഞത് ഈ രാജ്യത്തു പുകയിലകൃഷിക്ക അവശ്യംവേണ്ട സ്ഥലം ഇല്ലെന്നായിരുന്നു. ഒരു ഫ്ലക്കർ സ്ഥലത്തു ഒരു കണ്ടി പുകയിലയേ ഉണ്ടാകത്തുള്ളു എന്നും ഈ നാട്ടിൽ ആണ്ടൊന്നാക്ക ഇരുപതിനായിരം കണ്ടി പുകയില വിലവാകുന്നുകൊണ്ട് മേല്പറഞ്ഞ തോതിൽ ഉല്പാദനം ഇവിടത്തെ ആവശ്യത്തിനുവേണ്ടുന്ന പുകയില വിളയുന്നതിന്ന് ഇരുപതിനായിരം ഫ്ലക്കർ ഭൂമി വേണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഈ വാദം ശരിയല്ലെന്നു കൃഷിമന്ത്രിയുവ്യവസായസംഘടകർ തന്നെ കാണിച്ചുതരുകൊണ്ടു ഞാൻ അതിനായി ഉദ്യമിക്കണമെന്നില്ല. ഒരേക്കർ സ്ഥലത്തു ഒന്നുതൊട്ട് രണ്ടുവരെ കണ്ടിപുകയില ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. വളംചേർത്തു വിളവു വർദ്ധിപ്പിച്ചാൽ അതിലുമധികം പുകയില ഉണ്ടാകും. ആരുവാമൊഴിക്കും തോവാളയ്ക്കും മധ്യേ വിസ്തീർണ്ണമായ ഒരു സ്ഥലം കൃഷി ചെയ്യാതെ കിടപ്പുണ്ടെന്നു കൃഷിഡയറക്ടർ സമ്മതിക്കുന്നതുകൊണ്ടു ഞാൻ അതിനെപ്പറ്റി പറഞ്ഞിട്ടാവശ്യം ഇല്ല. മലകെട്ടുകളും എന്നാൽ ജലാശയം ഉണ്ടാക്കണമെന്നുള്ളതിനെപ്പറ്റി ഒരു പ്രക്ഷോഭനം നടത്തുകയുണ്ടായി. അതിനെപ്പറ്റി ചീഫ് എൻജിനീയർ മി: തെവപ്പന്ത് അറിവില്ലായിരിക്കാം. ഈ ജലാശയത്തിന്റെ ആവശ്യകതയെപ്പറ്റി പ്രജാസഭയിൽ നിവേദനം കൊണ്ടുവരികയും ആ ജലാശയം ഉണ്ടാക്കിയാൽ ആരുവാമൊഴി അരിരോട്ടതോട്ട ഇ,൦൦൦ ഏക്കറും കുറഞ്ഞതു ൫,൦൦൦ ഏക്കർ തോഴുവട്ട ഫ്ലക്കർ ഭൂമി ജലസേചനം ചെയ്വാൻ കഴിയുമെന്നുള്ള വസ്തുത ഗവർമ്മെന്റിനു സ്പഷ്ടീകരിച്ചിട്ടുള്ളതുമാണ്. ആ ഭൂമി മുഴുവനിലും ജലസേചനം നടത്തുന്നതിനു തക്കവണ്ണമുള്ള ജലാശയം മതിയാകുമെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. അടുത്തു കിടക്കുന്ന പ്രിട്ടീഷുസ്ഥലത്തെക്കാൾ മണ്ണിന്റെ സ്വഭാവം കൊണ്ടും മഴ ഗ്രഹണദിവസങ്ങളിലും സമമായ ഭൂമിയാണിതെന്നും ഞാൻ കൃഷിഡയറക്ടരുടെ ഇഷ്ടിയൽ പെട്ടന്നിക്കൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൃഷിസേചനത്തിനുവേണ്ടി മറ്റു വല്ല കാര്യത്തിനുമായി കണ്ട ബോറിംഗ് യന്ത്രംകൊണ്ടു വല്ല ഉപയോഗവുമുണ്ടോ എന്നു മെമ്പർ പറയുമോ?

മി; എം. ശിവതാണുപിള്ള (തോവാള): അതു മംഗലയിൽ പരീക്ഷിച്ചതിൽ പ്രയോജനമുള്ളതായികണ്ടു. അതിൽ അധികം ആഴമുള്ള കിണർ കുഴിച്ചിട്ടാവശ്യം ഇല്ല. നിലം ഉടനീളം അതു പരമാവധിയിലുള്ള തോട്ടം സമമാണ്. കുഴിക്കുന്നവർ ൧൦ അടി ആഴത്തിനു എത്തിയാൽ മതിയാകും, ൪൦ അടി ആഴത്തിൽ വെള്ളമുണ്ടു അനേകം കിണറുകൾ അരുവാമൊഴിയിൽ ഉണ്ട്. പുകയിലകൃഷിക്കു ജലസേചനം ആവശ്യമില്ലെന്നു മി: ലാമ്പാഡ്സ് ഇടയ്ക്കു കയറി പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ചു ഞാൻ അധികം പറഞ്ഞിട്ടാവശ്യം ഇല്ല. ആ പക്ഷമുണ്ടെങ്കിൽ ആരുവാമൊഴി ഭാഗത്തിൽ മുപ്പതു നാല്പതു അടി ആഴത്തിനു വെള്ളം കിട്ടും. പുകയിലയ്ക്കാൾ ജനങ്ങൾക്ക് അധികം പ്രീതി നെല്ല, മരച്ചീനി മുതലായ ഭക്ഷണസാധനങ്ങളോടാണെന്നു മി: തോമത്തിനായകംപിള്ള പറഞ്ഞുവല്ലൊ. എന്നാണ ഈ ജലാശയം ഉണ്ടാകുന്നതെങ്കിലും നെല്ല കൃഷി ചെയ്വാൻ സാധിക്കയില്ല. ജലാശയം ഉണ്ടാക്കിയാൽതന്നെയും അതുകൊണ്ടു ൭,൦൦൦ ഫ്ലക്കറിലധികം ഭൂമി ജലസേചനം ചെയ്വാൻ സാധിക്കുമോ എന്നുറിയാൻ പാടില്ല. ജലസേചനം ആവശ്യമാണെങ്കിൽ നാം, ൪൦ അടി ആഴത്തിൽ വെള്ളം കിട്ടും. എങ്കിലും ആ പദ്ധതി നടപ്പിൽ വരുത്തുന്നതുപക്ഷം അവിടെ മരിച്ചിനി കൃഷി ചെയ്വാൻ അനുവദിക്കുന്നതിനു ഗവർമ്മെന്റിനു എന്താണു വിരോധം? പുകയിലകൃഷി ചെയ്യാൽ ഏറ്റവും ആദായം കിട്ടുമെന്നാണു ഡാക്ടർ കുഞ്ഞൻപിള്ള പറഞ്ഞത്. അതു ശരിയാണെങ്കിൽ നെല്ലും മരച്ചീനിയും കൃഷി ചെയ്വാൻ മുതകുകയും ജലാശയം ഉണ്ടാക്കുന്നതിനു ഉദ്യമിക്കുന്നതിനുപകരം ജനങ്ങളൊട്ട പുകയില കൃഷി ചെയ്വാൻ പറയുന്നതോ? ഇപ്പോഴത്തെന്നെ ചില മലവാസികളും തെക്കൻ കണ്ണാടകത്തിലും പുകയില കൃഷി ചെയ്യുന്നുണ്ട്. അവർ മീനിയോടുകൂടി കൃഷി ചെയ്യുന്നതു സ്വന്തം ഉപയോഗത്തിനായിട്ടാണ്.

മി: എസ്. പിരയിപെരുമാൾപിള്ള (വ്യവസായവും വ്യവസായവും, തെക്ക്): സർ, ഈ കാര്യം അദ്ദേഹം എക്സൈസുകമ്മിഷണരുടെ ഉദ്ധിയിൽ പെട്ടതാണല്ലൊ എന്നുകണ്ടാണെന്നു പറയുമോ?

മി: എം. ശിവതാണുപിള്ള (തോവാള): അതുമിരം പ്രാവശ്യം. എങ്കിലും അതു അതുപോലെ ചെയ്യുവാനുള്ളതാണ് എനിക്ക് ഇതാണു പറവാനുള്ളതു:— അരുവാമൊഴിയിലും അടുത്ത പ്രദേശത്തും മാത്രമല്ല കഴിഞ്ഞുറയ്ക്കു കിഴക്ക

കാര്യത്തും പുകയില കൃഷിക്ക പറ്റിയ നിലമുണ്ട്. അതു ഗവണ്മെന്റു സമ്മതിച്ചാൽ ഈ നാട്ടിലെ ആവശ്യത്തിനു വേണ്ടിടത്തോളം പുകയില കൃഷി ചെയ്യുവാൻ സ്ഥലം ഇല്ല എന്നുള്ള കാരണത്താൽ പുകയിലകൃഷി നിരോധിപ്പാൻ സർക്കാരിനു പാടില്ലാത്തതാണ്: നിരോധന കല്പന ഉർജ്ജിതപ്പെടുത്തുന്നതിനു സർക്കാരിനു വിരോധം കൂടാതെങ്കിൽ—

മി: എസ്. പിറവിപ്പുരമാം പിള്ള (വ്യാപാരവ്യ- വ്യവസായം, തെക്ക്): അതുകൊണ്ടും വ്യാജമുണ്ടാകുകയില്ലയോ? അതു തടുക്കുന്നതിനു ഉദ്യോഗസ്ഥന്മാരും വേണ്ടിവരികയില്ലയോ?

മി: എം. ശിവരാമപിള്ള (തോവാള). വ്യാജം തടുക്കുന്നതിനു ശമ്പളം ഇല്ലാതെ ജോലി ചെയ്യുവാൻ ആളുകളുണ്ടാകുമെന്നു മി: രാമൻ മേനോൻ പറയുമായിരിക്കും.

നിരോധന കല്പന എടുത്തുകളയുന്നതിനുള്ള വിരോധകാരണം ആദായമാണെങ്കിൽ, തക്കശാസ്ത്രപ്രകാരം അതിന്റെ സമാപ്തി ഇങ്ങനെയായിരിക്കും. നെല്കൃഷിയും വിരോധിക്കണം. അതു വിരോധിച്ചാൽ വിദേശങ്ങളിൽ നിന്നും നെല്ലുവരും. അപ്പോൾ റംഗൂൺ നെല്ല മുതലായവയ്ക്കു ചുങ്കം ചുമത്തി വസൂലാക്കണം. ഇല്ല്യ വിദ്വത്പ്രമാണത്തെ പരമപ്രമാണമെന്നില്ലല്ലൊ. എല്ലാ സസ്യത്തിന്റെയും കൃഷി വിരോധിക്കുന്നതു് എന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ. ഇവിടെ പുകയിലകൃഷിക്കു പറ്റിയ മണ്ണും അതിനുവേണ്ടതായ സ്ഥലവുമുണ്ട്. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെ ഉപേക്ഷയാൽ ശരിയായ ജലസേചനസൌകര്യങ്ങൾ ഉണ്ടാക്കാത്തതു നിമിത്തം ഈ വരെയും ഇവിടെ കൃഷി ചെയ്വാൻ ഉപയോഗിച്ചിട്ടില്ലെന്നേയുള്ളു.

മി: എസ്. പിറവിപ്പുരമാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്) നെൽകൃഷി ചെയ്യുന്നതിനു റിസർവ്വ് വനങ്ങൾ വിട്ടുകൊടുക്കണമെന്നു ജനങ്ങൾ മുറവിളി കൂട്ടുന്ന കാര്യം മെംബറിനറിയാമൊ?

മി: എം. ശിവരാമപിള്ള (തോവാള): വേറെയും പലകാര്യങ്ങൾക്കു വനങ്ങൾ വിട്ടുകിട്ടാൻ അവർ ശ്രമിക്കുന്നുണ്ട്. ഓരോ വ്യക്തികളുടെപേരിൽ പതിച്ചുകിട്ടുന്ന ഭൂമികളെ നെൽകൃഷിക്കു് ഉപയോഗിക്കുന്നില്ലെന്നു മാത്രമല്ല പാഴ്ച്ചതിന്റെശേഷം അവയെ മറവുള്ളവക്കു വിറ്റുകളയുന്നില്ലയോ എന്നു് എനിക്കു സംശയമുണ്ട്. ആദായം കുറഞ്ഞുപോകുമെന്നുള്ള സംഗതിയിൽ നാട്ടിൽ വളരുന്ന പുകയിലയ്ക്കു കരംഒഴിവു വേണ്ടെന്നു വയ്ക്കാൻ മി: രാമൻമേനോനു വിരോധമില്ല. പുകയിലയുടെ ഉപയോഗം ദോഷകരമാണു്. അതുകൊണ്ടു ജനങ്ങളുടെ ഗുണത്തിനുവേണ്ടി അതിന്റെ കൃഷി വിരോധിക്കുന്നതാണെന്നു ഗവണ്മെന്റു പറയുന്നതു ഞാൻ സന്തോഷിക്കുന്നു. എന്നാൽ എക്സൈസ് കമ്മീഷണർ വേറൊരുനിലയാണു് അവലംബിച്ചിട്ടുള്ളതു്. അങ്ങനെയാണെങ്കിൽ മദ്യം നിരോധിക്കണമെന്നും സമയത്തും അസമയത്തും ശ്രമിച്ചു കണ്ടുപിടിക്കണമെല്ലൊ. എന്നാൽ പുകയിലയിൽനിന്നുള്ള ആദായം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഒരു ജനങ്ങളെ വേറെവിധത്തിൽ വഹിച്ചുകൊള്ളാൻ മദ്യവർജ്ജകന്മാർക്കു് അതിനുകൊടുക്കുന്നതിൽ വൈഷമ്യം തോന്നുമില്ല.

മി: എസ്. പിറവിപ്പുരമാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): മദ്യത്തിനുപകരം പുകയിലയാക്കാമെന്നുണ്ടോ? മെമ്പറിന്റെ അഭിപ്രായം.

മി: എം. ശിവരാമപിള്ള (തോവാള): മെംബർക്കു, പ്രത്യേകം ആലോചനകൂടാതെ ചോദ്യം ചോദിക്കുമ്പോൾ, ഇങ്ങനെയൊക്കെയും വിചാരിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്.

മൂന്നാലുപ്പിന്റെകാര്യത്തിൽ ഗവണ്മെന്റിന്റെ നില ഉഗ്രമായതാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. വേണ്ടടത്തോളം ഭൂമിയും ഇപ്പോൾ ഈ ആവശ്യത്തിനുകിട്ടുവാൻ ഉണ്ട്. ജലസേചനത്തെപ്പറ്റി വല്ല പ്രയാസവുമുണ്ടെങ്കിൽ, അതു അപരിഹാര്യമല്ല. ഗവണ്മെന്റിന്റെനില അസാധുവാണെന്നു തോന്നുന്നതിനാൽ ഗവണ്മെന്റു സന്തോഷത്തോടുകൂടി പ്രമേയം സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, മി: ഗോമതിനായകംപിള്ളയുടേയും ഡാക്ടർ കുഞ്ഞൻപിള്ളയുടേയും പ്രസംഗങ്ങൾ ഞാൻ ശ്രദ്ധയോടേ കേട്ടുകൊണ്ടിരുന്നു. അവർ മാരേതരത്തിൽ പ്രമേയത്തെ പ്രതികൂലിച്ചുകൊണ്ടുകിലും രണ്ടു പ്രസംഗങ്ങളും ഒന്നിച്ചെടുത്താൽ അവർ പ്രമേയത്തിനനുകൂലമാണ്. തിരുവിതാംകൂറിൽ പുകയില കൃഷിചെയ്യാൻ സാധിക്കയില്ലെന്നു ഡാക്ടർ കുഞ്ഞൻപിള്ള പറയുമ്പോൾ, അതിന്റെ കൃഷി വിരോധിക്കേണ്ടതാവശ്യമാണെന്നാണു മി: ഗോമതിനായകംപിള്ള വാദിക്കുന്നതു്. കൃഷി അസാദ്ധ്യമാണെങ്കിൽ ആ കൃഷി വിരോധിക്കുന്നതിന് അർത്ഥമില്ല. കൃഷി വിരോധിക്കുന്നതു ആവശ്യമാണെങ്കിൽ അതിനു കൃഷി സാദ്ധ്യമായിരിക്കണം. അവരുടെ പ്രസംഗത്തിൽ നിന്നു് അങ്ങനെയൊന്നാണു പ്രമേയത്തിനനുകൂലമാണെന്നു ഞാൻ ഗ്രഹിച്ചു കൃഷിഡിപ്പാർട്ടുമെന്റു് ഈ കൃഷിയെപ്പറ്റി പല പല പരീക്ഷകളും നടത്തിക്കാണിച്ചിരിക്കുന്നു. എന്നാൽ ഈ അവസാനകാലത്തു ഡാക്ടർ കുഞ്ഞൻപിള്ള പണ്ടു പുകയിലയുടെകാര്യത്തിൽ അദ്ദേഹം ഒരു പരീക്ഷയും നടത്തീട്ടില്ലെന്ന പച്ചയായിപറയുന്നു. ഈ നാട്ടിൽ പുകയിലയ്ക്കു് അധികം ചെലവുള്ളതായും സമീപപ്രദേശങ്ങളിൽ അതു കൃഷിചെയ്തുവരുന്നതായും ഇരിക്കെ, തിരുവിതാംകൂറിൽ അതിനു സാദ്ധ്യമല്ലെന്നുള്ള ഒരു പരീക്ഷയെങ്കിലും നടത്തണമെന്നു് അദ്ദേഹം ഡിപ്പാർട്ടുമെന്റുകാരോടു തോന്നാതിരുന്നതുവലിയ കഷ്ടമായിരിപ്പുണ്ടു്. പുകയിലകൃഷി നിരോധിക്കുന്നതിനുള്ള ഒരു കല്പനയുള്ളതുകൊണ്ടു് അതിന്റെ കൃഷി ഇവിടെ സാദ്ധ്യമാണെന്നും ഇവിടെ ആ കൃഷി മുമ്പുണ്ടായിരുന്നതെന്നും സ്പഷ്ടമാണു്. പുകയിലകൃഷി നിരുത്സാഹപ്പെടുത്തണമെന്നു ഗവണ്മെന്റു പറയുന്നതു ഞാൻ സമ്മതിക്കുന്നില്ല. ഇവിടെ പുതിതായോ പെയർ വൃക്ഷമോ ഇല്ല, അതുകൊണ്ടു പീഞ്ഞുണ്ടാക്കുന്നതോ പെയർ വളർത്തുന്നതോ വിരോധിക്കുന്നതായ ഒരു കല്പനയും ഇല്ല. അതുകൊണ്ടു പുകയിലകൃഷി ഇവിടെ സാദ്ധ്യമല്ലെന്നതോ വിരോധിക്കുന്നതായ ഒരു കല്പനയും ഇല്ല. അതുകൊണ്ടു പുകയിലകൃഷി ഇവിടെ സാദ്ധ്യമല്ലെന്നതായിരിക്കണം. അടുത്ത ചോദ്യം അതു് അനുവദിക്കാമോ എന്നാണ്. അതിനെതിരായി രണ്ടു കാരണങ്ങൾ പറഞ്ഞു. ഒന്നാമതു്, അതുമൂലമുള്ള മുതലെടുപ്പു് ഇല്ലായ്മയിലേക്കുമെന്നും രണ്ടാമതായതു്, അതിന്റെ ഉപയോഗം അധികമാകുമെന്നും അതു ദോഷമാണെന്നും ആണ്. ഒന്നാമത്തേതിനെപ്പറ്റി വ്യാജമുണ്ടാകാതെയിരിക്കാൻ ഡിപ്പാർട്ടുമെന്റു വേണ്ട കരുതലുകളും ചെയ്യുന്നുണ്ട്. അതു തടുക്കുന്നതിന് എക്സൈസ്ഡിപ്പാർട്ടുമെന്റിനെപ്പോലെയുള്ള ഒരു ഒന്നാംതരം ഡിപ്പാർട്ടുമെന്റുള്ളപ്പോൾ ഈ വാദത്തിനു യാതൊരുബലവും ഞാൻ കാണുന്നില്ല. അവർക്ക് അതു സാധിക്കയില്ലെന്നു പറയുകയണെങ്കിൽ അവർ കൈയൊഴിഞ്ഞു അതു സമ്മതിക്കുകയുണ്ടുണ്ടാകും. രണ്ടാമത്തെ കാരണത്തെപ്പറ്റി പറയുകയാണെങ്കിൽ, പുകയില ഇപ്പോളും ഉപയോഗിച്ചുവരുന്നു. അതിന്റെ കൃഷിയാണു വിരോധിച്ചിട്ടുള്ളതു്, അതിന്റെ ഉപയോഗമല്ല. ഇപ്പോൾ ഗവണ്മെന്റു പറയുന്നതു് ആദായമെ

ല്ലും വിദേശങ്ങളിൽ പൊയ്ക്കൊള്ളട്ടെ എന്നാണ്. അതാണ പ്രധാനസംഗതി. വ്യാജം തടുക്കാൻ തിവ്വഞ്ചി കാണാത്തതുകൊണ്ട പുകയിലകൃഷി ചെയ്യരുതെന്നാണ പറയുന്നത്. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഞാൻ പുകയില ഉപയോഗിക്കുന്നതിനു വിരോധിയാണ്. എന്നാൽ, നാം ഇവിടെ കത്തിക്കാം ഉണ്ടാക്കാൻ അനുവദിക്കുന്നുണ്ടല്ലോ. കത്തിക്കാം ന്യായമായിട്ടും ന്യായമല്ലാതെയും ഉപയോഗിക്കാം. പുകയില ന്യായമല്ലാത്ത വിധത്തിൽ ഉപയോഗിക്കാൻ സാധിക്കയില്ല. ഇതു ഒരു വലുതുടെ വാക്കുപോലെയിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പുകയില വല്ല നല്ലകാര്യത്തിനും ഉപയോഗിക്കാൻകഴിയുമോ എന്നു പറയുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കറിഞ്ഞുകൂടാ. പുകയിലകൃഷി ഇപ്പോൾ വിരോധിച്ചിരിക്കുന്നു, അതു കൃഷിചെയ്യണമെന്നില്ല തെ ഉപയോഗിച്ചുവരുന്നു എന്നുള്ള സംഗതി നാം പ്രത്യക്ഷമായി കാണുന്നസ്ഥിതിക്കു, കൃഷി അനുവദിച്ചാൽ അതിനേറ ഉപയോഗം വർദ്ധിക്കുമെന്നുള്ള വാദത്തിനു ഒരു വിലയും ഇല്ലെന്നാണ ഞാൻ പറയുന്നത്.

അതുകൊണ്ട് ഈ പ്രയാസം ഞാൻ സഭയുടെ ശ്രദ്ധയിലേക്കു വിശദമാക്കിപ്പറയുകയുള്ളുന്നു. സഭയുടെ ഈ കാര്യത്തിനും ഈ സംഗതി ഹാജരാക്കിയപ്പോൾ ഗവണ്മെന്റ അതിനു പ്രാതിനിധ്യമിക്കണമെന്നുവിചാരിക്കുന്നു. വിളവു കുറഞ്ഞതുകൊണ്ടും കൃഷിചെയ്യാൻ ആരുമുണ്ടാകയില്ലെന്നു പറയുന്നു. എങ്കിലും വിളവു കുറഞ്ഞതുകൊണ്ടും കൃഷിചെയ്യണമെന്ന് അവരോടുതന്നെയും ഡോക്ടർ കുഞ്ഞൻപിള്ള ഉപദേശിച്ചുവരുന്നു. അദ്ദേഹം അപ്രകാരം ഉപദേശിക്കുന്നതെങ്കിലും അദ്ദേഹത്തിനു അക്കാര്യത്തിൽ മീതിയാണെങ്കിലുമെന്നും കാണുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): വിഷയത്തിനേറ ശാസ്ത്രീയവശത്തെപ്പറ്റി മറ്റുമേ ഡോക്ടർ കുഞ്ഞൻപിള്ള സംസാരിച്ചുള്ളു എന്നു മനസ്സിലാകുന്നുവോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): തീർച്ചയായിട്ടും അർത്ഥവത്തായി ഞാൻ അതു സ്വീകരിച്ചിട്ടുള്ളതുകാരണത്തോടാണ്. പുകയിലകൃഷി സാധ്യമാണെന്നു കാണുന്നതുകൊണ്ട അതിനുള്ള തടസ്ഥം നീക്കിക്കിട്ടുവണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്മാക്കർവക്കീൽ): ഇപ്പോൾ അനുവാദംകൊടുത്താൽ ആർക്കും പുകയിലകൃഷി ചെയ്യാൻ സാധിക്കുമെന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കറിഞ്ഞുകൂടാ. ശാസ്ത്രീയപരിജ്ഞാനമില്ലാത്ത നിലയിലാണ ഞാൻ സംസാരിക്കുന്നത്. ഇപ്പോൾ കൊടുക്കുന്ന വാദങ്ങളുടെ അടിസ്ഥാനമനുസരിക്കയാണ ഞാൻ വാദിച്ചത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മി: രാമൻമേനോൻ അവതരിപ്പിച്ച പ്രമേയം നിമിത്തം പ്രത്യക്ഷമായിവന്ന സാഭേരസ്സൗഹൃത്തിൽ എനിക്കൊരു പങ്കെടുക്കാൻ സാധിക്കാതെയുകൊണ്ടു ഞാൻ വ്യസനിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം പ്രമേയത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു മേശമേൽ കൈയടിയെടുന്ന ഒരു കാര്യമാണ്. (ചിരി)

പ്രമേയകർത്താവിനെപറ്റി മിസ്റ്റർ സോമതിനായകംപിള്ള പ്രസംഗിച്ചപ്പോൾ ഈ രാജ്യത്തു പുകയിലകൃഷികേവലം വിരോധിച്ചിട്ടില്ലെന്നു പറഞ്ഞു. അതിനെതിരായി സംസാരിക്കുന്നില്ല. എന്നാൽ വാക്കു മുടന്തുകൊണ്ടിരുന്നപ്പോൾ ഗവണ്മെന്റിൽ നിന്ന് അനുവാദം വാങ്ങിയാൽ പുകയിലകൃഷി ചെയ്യാൻ ആർക്കും സ്വാതന്ത്ര്യം ഉണ്ടെന്ന് എന്റെ സ്നേഹിതൻ മി: പരമേശ്വരൻപിള്ളയും പറഞ്ഞുകൊണ്ടിരുന്നു. അതുകൊണ്ടു, പുകയിലകൃഷി കേവലം വിരോധിച്ചിട്ടുള്ളതുകൊണ്ടല്ല അതുകൊണ്ടിരുന്നും സങ്കടമുള്ളത്. പുകയിലകൃഷി കൃഷിഡയറക്ടർ സൂചിപ്പിച്ചപ്രകാരവും, ശേഖരമെമ്പർമാർ അഭിപ്രായപ്പെടുകയും, വളരെ ലാഭമുള്ള ഒരു കാര്യമാണെങ്കിലും, ആ കൃഷിയിൽ ഏർപ്പെട്ടു ന്യായമായ ഒരു ലാഭമെടുക്കാൻ ഗവണ്മെന്റ എല്ലാസൌകര്യങ്ങളും ഈ രാജ്യത്തെ പ്രജകൾക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടതാകുന്നു എന്നുള്ളതിനു സംശയമില്ല. (മി: ശിവതാണുപിള്ള മധ്യേവായി കുറെ ഉറക്കെ പറയണം).

എന്നാൽ ഈ വിഷയത്തെപറ്റി ഗാഢമായി ചിന്തിക്കേണ്ടതാകുന്നു.

മി: എൻ. വി. ജോസഫ് (പുത്തൂർ): പുകയിലകൃഷിക്കു ലൈസൻസ് കിട്ടുന്നതിനു വല്ല നിബന്ധനകളും ഉണ്ടോ എന്നുപറയുമോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ലൈസൻസ് എന്നുപറയുമ്പോൾതന്നെ നിബന്ധനകൾ ഉണ്ടെന്നാണ് അർത്ഥം.

മി: എൻ. വി. ജോസഫ് (പുത്തൂർ): അതു പണത്തെ സംബന്ധിച്ചാണ്. ലൈസൻസ് കിട്ടുന്നതിനു പണംകൊടുക്കണം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വേറെ വല്ല നിബന്ധനകളും ഉണ്ടോ എന്ന് എനിക്കിപ്പോൾ പറയുവാൻ സാധിക്കയില്ല.

മി: എൻ. വി. ജോസഫ് (പുത്തൂർ): അതറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെപ്പറ്റി വല്ല ചട്ടങ്ങളുണ്ടെങ്കിൽ മെമ്പറിനു വായിച്ചുനോക്കാമല്ലോ. തിരുവിതാംകൂർ പുകയില റഗുലേഷൻ തന്നെയുണ്ട്. അതു അദ്ധ്യയനം ചെയ്യാൻ മെമ്പറിനു സ്വാതന്ത്ര്യം ഉണ്ട്.

ഇങ്ങനെയൊക്കെ ഇരുന്നാലും, പുകയിലകൃഷി ഈ രാജ്യത്തു അഭിവൃദ്ധി പ്രാപിക്കാത്തതു എന്തുകാരണത്താലാണെന്നുള്ള ഒരു ചോദ്യം ഉണ്ടാകുന്നു. ഈ രാജ്യത്തു പുകയില ഉപയോഗിക്കുന്നതു പ്രധാനമായി ഈ മൂന്നു കൂട്ടങ്ങളാകുന്നു.

ഒന്നാമതു, വലിക്കുന്നതിനു്,
രണ്ടാമതു, പുരട്ടുവലി നുനിനു്,
മൂന്നാമതു, മപോടിവലിക്കുന്നതിനു്.

ശ്രീ: വി. സുബ്ബയ്യർ (ഗവണ്മെന്റ് നോമിനി—ഡിപ്പാർട്ടുമെന്റ് പ്രസിഡന്റ്): കീടങ്ങളെ നശിപ്പിക്കുന്ന തിനു.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കീടങ്ങളെ നശിപ്പിക്കുന്നതിലേയ്ക്കായി ചില ചില്ലറ ഉപയോഗങ്ങളും ഉണ്ട്. ആ ഉപയോഗങ്ങളും ന്യായമായി വിചാരിക്കാം. പ്രധാന ഉപയോഗങ്ങളും ഞാൻ പ്രസ്താവിച്ചുവയ്ക്കുന്നു. ഈ അവസരത്തിൽ ഘട്ടങ്ങൾക്കപ്പുറം, അതായത് തിരുനൽവേലിയിൽ ഉണ്ടാകുന്ന പുകയിലയും തിരുവിതാംകൂറിൽ പ്രചരിപ്പിക്കുന്നതുള്ള സംഗതി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): ഇനങ്ങൾ ആ പുകയില വാങ്ങി കയ്പ്പിച്ചു ഉപയോഗിക്കുന്നില്ലയോ?

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇനങ്ങൾക്ക് അതിനോട് താല്പര്യമില്ലെന്നാണ് എനിക്കു തോന്നുന്നത് അതാണ് എന്റെ അനുഭവം.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): വടക്കൻതിരുവിതാംകൂറിലെ അനുഭവം അതാണോ എന്നു പറയുമോ?

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെതന്നെയാണ്. വടക്കൻതിരുവിതാംകൂറിൽ ചുരുക്കം സ്ഥലങ്ങളിൽ കോമ്പനുത്തുരം തിരുനൽവേലിയും പുകയില ഉപയോഗിക്കുന്നുള്ളു. ബ്രിട്ടീഷ്ഇന്ത്യൻ പുകയിലയോടു വിരോധം ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും മാത്രമേ ഉള്ളുഎന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ തെക്കൻ തിരുവിതാംകൂർക്കുപോലും ഈ സമയത്തെ ഒരു മാന്യസന്ദർശകനായ മി: സുബ്രഹ്മണ്യപിള്ള കഴിഞ്ഞ ജൂലിയസം ലഫ്റ്റനന്റ്ഗവർണ്ണരുടെ അവിടുത്തെ പര്യടനസമയത്ത് ആ വിഷയം തെക്കൻതിരുവിതാംകൂറിലും വ്യാപിച്ചുവരുന്നതായി എന്നോടു പറയുകയുണ്ടായി. അതുകൊണ്ടു തിരുവിതാംകൂറിൽ ബ്രിട്ടീഷിന്ത്യൻ പുകയിലയുടെ സമമായ പുകയില ഉണ്ടാക്കാൻ കഴിയാത്തപക്ഷം, പുകയിലയുടെ ഉപയോഗത്തിൽ പ്രധാനമായ ഒരു സംഗതിയിൽ അതായതു മുറുക്കുന്നതിനുള്ള പുകയിലയുണ്ടാക്കാൻ ഇവിടത്തെ കൃഷിക്കാർക്ക് അസാദ്ധ്യമായിരിക്കുമെന്നു വരുന്നു.

ഇനി ചുരുട്ടു വലിയുടെ കാര്യം നോക്കിയാലും ബ്രിട്ടീഷ് ഇൻഡ്യൻ പുകയിലയോട് ഇവിടത്തുകാർക്ക് താല്പര്യം ഉണ്ടോ എന്നു ഞാൻ വളരെ സംശയിക്കുന്നു.

ശ്രീ: ജി. രാമകൃഷ്ണയ്യൻ (മാധവപിള്ളയും കാന്തിക്കുള്ളിയും): അതു വലിയ ധനികന്മാരുടെയും ക്ലിയ നിലയിൽ ജീവിക്കുന്നവരുടെയും ഇടയിൽ മാത്രമല്ലെ ഉള്ളൂ.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ. മോടി ജീവിക്കാരേ അങ്ങനെയുള്ള പുകയിലച്ചുരുട്ടു വലിക്കാറുള്ളു. മറവുള്ളവർ, അതായതു സമാധാരിച്ച സ്ഥിതിയിലുള്ളവർ നിസ്സാരവിലയുള്ള ബീഡിയാണ വലിക്കുന്നത്.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): പുകയില നമുക്കു വിദേശങ്ങളിലേക്കു കയറ്റി അയക്കാമോ?

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ വാദം തീർത്തിട്ട് അതിനെപ്പറ്റി പറയാം.

ഇനി പറയാൻ ബാക്കിയുള്ളതു പുകയില പൊടിയായി ഉപയോഗിക്കുന്നതിനെപ്പറ്റിയാണ്. അക്കാര്യത്തിൽ പല സംഗതികളും ആലോചിക്കാനുണ്ട്. എല്ലാത്തരം പുകയിലയും പൊടിക്കുകൊള്ളാമോ എന്നു എനിക്കു അറിഞ്ഞുകൂടാ. പുകയിലപ്പൊടി ഉണ്ടാക്കുന്നതിനു ഏതോ ചില പ്രത്യേക രീതികളും ഉണ്ട്. തിരുവിതാംകൂറിലെ പരീക്ഷിതപൊടി വലിക്കാർ അവശ്യം വേണ്ടുന്ന പൊടി മദ്രാസിൽ നിന്നു വരുത്തുകയാണു ചെയ്യുന്നത്. ഈ മൂന്നു സംഗതികളും ആലോചിച്ചാൽ, തിരുവിതാംകൂറിലെ പുകയില കൊണ്ടുള്ള ആവശ്യങ്ങൾക്കുതന്നെ തരം പുകയില ഉണ്ടാക്കാൻ തിരുവിതാംകൂറിലെ കർഷകന്മാർക്കു സാധിക്കുമോ എന്നാണു ചിന്തിക്കേണ്ടത്. അതു കൊണ്ടു പുകയില കൃഷിക്കുള്ള തടസ്ഥങ്ങൾ നീക്കി എല്ലാ പൌരന്മാർക്കും സൌജന്യം കൂടാതെ വായു ഉപയോഗിക്കാനുള്ള അവകാശം പോലെ തന്നെ കൃഷി ചെയ്യാൻ അനുവാദം കൊടുക്കുന്നതിനു മുമ്പായി, വിദേശപുകയിലയോടു മത്സരിക്കാൻ നമുക്കു കഴിയുമോ എന്ന ആലോചിക്കേണ്ടതാകുന്നു. അതു കൊണ്ടു ഞാൻ ന്യായമായി ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു, വ്യവസായ ഡയറക്ടരും കൃഷിയും മത്സ്യവ്യവസായവും ഡയറക്ടരും കൂടി യോജിച്ചു ഈ ഉദ്ദേശത്തോടു കുറച്ചു പരീക്ഷകൾ നടത്താൻ ആജ്ഞ നൽകണമെന്നാണ്. ഒരു യുടെ കണക്കും മറ്റും നോക്കി ശരിയായ മണ്ണും നിലവും കിട്ടുമോ എന്നതാണ് ഡയറക്ടർമാരിൽ മുഖ്യനായ വ്യവസായഡിപ്പാർട്ടുമെന്റിനു അന്വേഷിച്ചറിയേണ്ടതാകുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): വ്യവസായ ഡിപ്പാർട്ടുമെന്റിനും ഈ സംഗതിയിൽ ഇടപെടാൻ വല്ല കാര്യവുമുണ്ടോ?

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിലം കുഴിച്ചു നോക്കി അതിനു പറ്റിയ മണ്ണാണോ എന്നറിയാൻ അവർക്കു കഴിയും. ശേഷം പരീക്ഷകനായ ഡാക്ടർ കുഞ്ഞൻപിള്ള നടത്തണമെന്നു ഞാൻ പ്രസ്താവിക്കണം. അദ്ദേഹത്തിന്റെ ശ്രമങ്ങളും വിജയമായാൽ പിന്നീടു വേണ്ടുന്ന പ്രോത്സാഹനം നൽകാം. ഇങ്ങനെ ചെയ്യുന്നതിനു മുമ്പായി കൂടി ചെയ്യാൻ അനുവദിക്കണമെന്നും തടസ്ഥങ്ങൾ നീക്കണമെന്നും പറഞ്ഞതു കൊണ്ടു പ്രയോജനമില്ല, ഇപ്പോളുള്ള സ്ഥിതിയിൽ, പുകയിലയെ സംബന്ധിച്ചു എന്റെ നില ഒരു സംശയ നിലയാണെന്നു ഞാൻ പറഞ്ഞു കൊള്ളുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): പുകയില വിദേശങ്ങളിലേക്കു കയറ്റി അയക്കാൻ അദ്ദേഹത്തിനു സമ്മതിക്കാൻ കഴികയില്ലയോ എന്നു ചോദിച്ചു കൊള്ളുന്നു.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിയും, അങ്ങനെ ചെയ്യുകൊള്ളട്ടെ, എന്നാൽ കയറ്റുമതി ചെയ്യുന്നതിനു വിചാരിക്കുന്നതിനു മുമ്പായി, വിദേശങ്ങളിൽ വിൽക്കാവുന്ന സാധനങ്ങൾ ഉണ്ടാക്കാൻ ഉള്ള ശേഷി ഉണ്ടായിരിക്കണം, അല്ലാതെ നമ്മുടെ നാട്ടിൽ പോരും ആവശ്യപ്പെടാത്ത സാധനങ്ങൾ അല്ല.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): സമീപസ്ഥലങ്ങളിൽ ഉണ്ടാകുന്ന പുകയിലയല്ല, ഇവിടെ ആവശ്യക്കാർ ഇല്ല?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇവിടെ ചില ആവശ്യങ്ങൾക്ക് ഈ പുകയില വേണ്ടതായിരിക്കും, എന്നാൽ എല്ലാ ആവശ്യങ്ങൾക്കും വേണ്ട.

മി: എം. ശിവതാണുപിള്ള (തോവാള): മറ്റു പ്രദേശങ്ങളിൽ അവശ്യം ആവശ്യക്കാർ ഇല്ലെ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇൻഡ്യൻ പുകയിലയ്ക്ക് ഇംഗ്ലീഷിൽ ആവശ്യക്കാർ ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഏറ്റവും പുകയിലയിൽ നിന്നാണു പത്തൊമ്പതു ലക്ഷം രൂപാമുതൽപ്പെട്ട സാധനങ്ങൾക്ക് ഓർഡർ കൊടുത്തിട്ടുള്ളതെന്നു മെമ്പർ പരിശോധിച്ചു നോക്കിയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അധികവും കോയമ്പത്തൂരും ജാപ്പാണവും പുകയിലയിൽ നിന്നാണെന്നു എനിക്കു തോന്നുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): കോയമ്പത്തൂർ തരം പുകയില ഇവിടെ കൃഷി ചെയ്യുന്നതിനു വല്ല വിരോധവും ഉണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതരം ഇവിടെ കൃഷി ചെയ്യാൻ സാധിക്കുമോ എന്നാണു ആലോചിക്കേണ്ടതു്.

മി: എം. ശിവതാണുപിള്ള (തോവാള): പനഗുഡിയിൽ കൃഷി ചെയ്യുന്ന പുകയിലയും കോയമ്പത്തൂരിൽ കൃഷി ചെയ്യുന്ന പുകയിലയും ഒരേ തരമാണെന്നു മെംബറിനറിയാമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു നിശ്ചയമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികൂറും): ഈ കായ്ക്കു സ്വകായ്ക്കു ആളുകൾക്കു വിട്ടുകൊടുക്കുന്നതിനു അടുത്തതിനു വിരോധമുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്വകായ്ക്കുപരീക്ഷണങ്ങൾക്കു വകയുണ്ട്. എന്നാൽ സ്വകായ്ക്കു ആളുകളൊരും മുന്നോട്ടു വന്നു കാണുന്നില്ല. അതെന്തു കൊണ്ടാണെന്നു ചോദിച്ചുകൊള്ളുന്നു. പിരേശുവരെ നോട്ടു മത്സരിക്കുവാൻ അവകാശപ്പെട്ടിയില്ല. ഇവിടെ ഉണ്ടാക്കാൻ കഴിയുന്നതിനു ഇവിടെ തന്നെ വേണ്ടപോലെ കാതെ വന്നേക്കാം.

മി: എസ്. പിറയിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഇവിടെ ഇതു വരെയും ആരും ലൈസൻസിനപേക്ഷിച്ചിട്ടില്ലെന്നു മെംബറിനറിയാമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ, ലാഭമുണ്ടാകുമെന്നു ആരും വിചാരിക്കാത്തതുകൊണ്ടുതന്നെ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികൂറും): കൃഷി കൊണ്ടു ലാഭമില്ലെന്നു വിചാരിച്ചിട്ടാണോ, അഥവാ, ലൈസൻസിനു വേണ്ടുന്ന നിബന്ധനകൾ അനുസരിക്കാൻ പ്രയാസമായിട്ടാണോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ലൈസൻസ് ആവശ്യമുള്ള പല വ്യാപാരങ്ങൾ, വ്യവസായങ്ങൾ മുതലായവ ഉണ്ട്, ജനങ്ങൾ അവയ്ക്കു ലൈസൻസുകൾ എടുക്കുന്നുമുണ്ട്. അതുകൊണ്ടു ഒടസ്ഥമായിരിക്കുന്നതു ലൈസൻസു അല്ല.

മി: എം. ശിവതാണുപിള്ള (തോവാള): ശരിയായി കൃഷി ചെയ്താൽ തിരുവിതാംകൂർ പുകയില മറ്റേതു തരം പുകയിലയോടും സമമായിരിക്കുമെന്നു കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ പറഞ്ഞിരിക്കുന്നു. അങ്ങനെയിരിക്കെ, ആ പുകയിലകൃഷി പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമല്ലയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂർ പുകയില എന്നാണു ഇല്ലാത്തതുകൊണ്ടാൽ അടിസ്ഥാനം തിരുവിതാംകൂർ പുകയിലയെക്കുറിച്ചല്ല പറഞ്ഞതെന്നു തീർച്ചയാണ്. അടിസ്ഥാനം പറഞ്ഞതു വേറെ പുകയിലയെക്കുറിച്ചാണ്.

മി: എം. ശിവതാണുപിള്ള (തോവാള): അല്ല. വളം ചേർത്തും ശരിയായി ജലസേചനം ചെയ്തും വിളവു വർദ്ധിപ്പിക്കുക വഴിയും പുകയില കൃഷി ചെയ്യാൻ പ്രത്യേക സൌകര്യങ്ങൾ കൊടുത്താൽ മറ്റുള്ള പ്രദേശങ്ങളിലുണ്ടാകുന്ന പുകയിലയുടെ സമമായ പുകയില ഇവിടെയും ഉണ്ടാക്കാമെന്നാണ് അദ്ദേഹം പറഞ്ഞതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടർ തന്നെ വല്ല പരീക്ഷണങ്ങളും നടത്തിട്ടുണ്ടോ എന്നും അദ്ദേഹത്തിന്റെ ആ പ്രസ്താവനയുടെ അടിസ്ഥാനം എന്താണെന്നും ഞാൻ അദ്ദേഹത്തിനോടു ചോദിക്കാൻ ഭാവിക്കുകയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): പ്രമേയം തന്നെ ഗവണ്മെന്റു പുകയിലക്കൃഷി പ്രോത്സാഹിപ്പിക്കണമെന്നായിരിക്കെ, മെംബർ ഒരു സംശയനിലയവലംബിച്ചിരിക്കുന്നതു് എന്തിനാണ്?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നല്ലവണ്ണം പുകയില കൃഷി ഇവിടെ ചെയ്യാമെന്നോ അതു കൊണ്ടു ലാഭമുണ്ടാകുമെന്നോ പ്രസ്താവിപ്പാൻ യാതൊരു തെളിവും ഇവിടെ കൊണ്ടു വന്നിട്ടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഏല്ലാ സൌകര്യങ്ങളും കൊടുത്താൽ മതിയായ ലാഭമുണ്ടാകുമെന്നു ഡയറക്ടർ പറഞ്ഞുവല്ലോ. ഡയറക്ടരുടെ സമാധാനം അനുസരിച്ചു പുകയിലക്കൃഷിയ്ക്ക് പ്രോത്സാഹനം നൽകേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമല്ലയോ?

മി: എസ്. പിറയിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ഗവണ്മെന്റിനു മണ്ണുണ്ടാക്കിക്കൊടുക്കാൻ സാധിക്കയില്ലെന്നു മെംബറിനറിയാമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇങ്ങനെയുള്ള ചോദ്യത്തിനു അർത്ഥമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): പുകയിലക്കൃഷിയെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന പ്രമേയത്തിൽ തന്നെ പറഞ്ഞിട്ടില്ലയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയത്തിന്റെ അർത്ഥം അതിൽ തന്നെയുണ്ട്. മെമ്പറിനു തന്നെ പ്രമേയം വായിച്ചുനോക്കി അതിൽ പുകയിലക്കൃഷി പ്രോത്സാഹിപ്പിക്കണമെന്നു പറഞ്ഞിട്ടുണ്ടോ എന്നു യിപ്പോൾ ഓർമ്മിക്കുന്നതാണ്. അതിനു ഞാൻ മുമ്പേ പറഞ്ഞിട്ടാവശ്യം ഇല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ജനങ്ങൾക്ക പുകയിലക്കൃഷി ചെയ്യുന്നതിനപൂർണ്ണസ്വാതന്ത്ര്യം കൊടുത്താൽ വല്ല ദോഷവും വരുവാനുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എന്താണു ദോഷം?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആരെക്കിലും അല്പം ഒരു ചെറിയ സ്ഥലത്തു അതു കൃഷി ചെയ്യുമല്ലൊ. അതു മറപ്പിന്നേൽ മറ്റുള്ളവർ തിരുവിതാംകൂറിലേക്കുവ്യാജപ്പുകയിലകടത്തികൊണ്ടുവരും. പലപ്പോഴും അതുകണ്ടുപിടിക്കാൻ കഴിയാതെവരും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കള്ളും ചാരായവും സംബന്ധിച്ചും ഈ വിഷമമില്ലേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചാരായത്തെ സംബന്ധിച്ചു ഈ വിഷമം ഉണ്ടാകുന്നില്ല എന്തെന്നാൽ, ചാരായം ഉണ്ടാകുന്നവന്നു ലൈസൻസ് വേണം. എന്നാൽ പുകയിലക്കൃഷിക്കാരനു സ്വാതന്ത്ര്യം കൊടുക്കുന്നു. വ്യാജപ്പുകയിലക്കാരനും ആസ്വാതന്ത്ര്യം മതി. എന്നാൽ ഒരുവൻറെ കൈവശം ചാരായം കണ്ടാൽ, അവനു ലൈസൻസ് ഇല്ലാത്തപക്ഷം അതു താൻതന്നെ ഉണ്ടാക്കിയതാണെന്നു പറയാൻ നിവൃത്തിയില്ല. ചാരായത്തിൻറെ കാര്യം വേറെ വിധത്തിലാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ശരിയായ നിരോധനമാർഗ്ഗമാണു കണ്ടുപിടിച്ചിട്ടില്ലെന്നു മാത്രമേ അതിൽ നിന്നതെളിയുന്നുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു പുകയിലകൃഷിക്കു ലൈസൻസ് വേണമെന്നുള്ള നിയമം ആവശ്യമാണ്. ഞാൻ മനസ്സിലാക്കിയേടത്തോളം, അതു ബുദ്ധിപൂർവ്വകമായ ഒരു വ്യവസ്ഥയാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എന്നാൽ എക്സൈസിനെ സംബന്ധിച്ചാണൊ അദ്ദേഹം ആക്ഷേപം പൂർത്തിപ്പെടുത്തിക്കുന്നതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എൻറെ സ്നേഹിതൻ ഞാൻ പറഞ്ഞതു കേട്ടു കൊണ്ടിരിക്കയായിരുന്നു എന്നു വിശ്വസിക്കുന്നു. ഒരിക്കൽ പറഞ്ഞകാരണത്താൽ വീണ്ടും ആവർത്തിക്കാൻ എനിക്കു സാധിക്കയില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വ്യാജപ്പുകയിലമാത്രമണു ദോഷമായി അദ്ദേഹം പറഞ്ഞതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുമാത്രമാണു ദോഷമെന്നു ഞാൻ പറഞ്ഞിട്ടില്ല. ലൈസൻസിനാവശ്യം ഉണ്ടോ എന്നുള്ള ചോദ്യത്തിനു ഞാൻ ഉണ്ടെന്നു മറുപടി പറഞ്ഞു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ജനങ്ങൾക്കു പുകയിലക്കൃഷിചെയ്യാൻപൂർണ്ണസ്വാതന്ത്ര്യം കൊടുത്താൽ എന്താണു ദോഷം എന്നായിരുന്നു എൻറെ ചോദ്യം. വ്യാജപ്പുകയില ഉണ്ടാകുമെന്നു അദ്ദേഹവും പറഞ്ഞു. വേറെ എന്തെങ്കിലും വിരോധം ഉണ്ടെന്നുണ്ടൊ മിസ്റ്റർ നാരായണപിള്ള ഇപ്പോൾ പറയുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ ഈ ഒരു ആക്ഷേപം മാത്രമേ ഉള്ളു എങ്കിലെന്താണ്?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇങ്ങനെ മിസ്റ്റർ നാരായണപിള്ള പ്രമേയത്തിനെതിരാണെന്നു തീർച്ചയാക്കിയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല. പ്രമേയത്തെ പ്രതികൂലിക്കാൻ തീർച്ചയാക്കീട്ടില്ല. പ്രമേയം പാസ്സാക്കിയാലും ഡിപ്പാർട്ടുമെൻറുകാരും മുഖാന്തരം ചിലപരീക്ഷകരും നടത്തിയതിനു ശേഷമേ അതു പ്രയോഗത്തിലാക്കുവാൻ പാടുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): പൂർണ്ണസ്വാതന്ത്ര്യം കൊടുക്കാതിരിക്കുന്നതിന് ഇതല്ലാതെ കാരണം മാത്രമേ ഉള്ളോ എന്നു പറയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഒരു കാരണം മാത്രമല്ല.

മി: എം. ശിവതാണുപിള്ള (തോവാള): മറ്റു കാരണങ്ങൾ എന്താണെന്നു പറയുമോ?

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കുന്നിക്കപ്പള്ളിയും): എക്സൈസ് ഡിപ്പാർട്ടുമെൻറിനെ കഴിഞ്ഞ ഒരു വർഷത്തെ പ്രവൃത്തി നിമിത്തം തെങ്ങിൽനിന്നു മധുരക്കള്ളു ചെത്തുന്നതിനുണ്ടായിട്ടുള്ള തടസ്ഥം പോലെ പുകയിലക്കൃഷിക്കും തടസ്ഥമുണ്ടായിട്ടുണ്ടെന്നു മെംബറിനറിയാമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ രാജ്യത്തു ചുരുക്കം പേരുപോലും പുകയിലകൃഷിചെയ്യുന്നില്ലെന്നാണ് എൻറെ അറിവ്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കുന്നിക്കപ്പള്ളിയും): ഗവണ്മെൻറുദ്യോഗസ്ഥന്മാർ വിള്ളങ്ങൾ ഉണ്ടാക്കുന്നതല്ലയോ അതിനു കാരണം?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർ കരുതിക്കൂട്ടി വിള്ളങ്ങൾ ഉണ്ടാക്കുന്നതായി എതിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): അവർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ?

മി: എസ്. പരമേശ്വരപിള്ള (വ്യാപാരവും വ്യവസായവും, കരക്കു): സത്യം അതിക്രമിച്ചിരിക്കുന്നു എന്നു പറഞ്ഞു കൊള്ളുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിഷ്പ്രയോജനം എന്നാൽ വേണ്ടെന്നു പ്രവർത്തിക്കുന്നതിനു തയ്യാറായുമായ ഒരു നിലയാണ് അവർ അവലംബിച്ചിട്ടുള്ളതു്.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം ഡിപ്പാർട്ടുമെൻറ്): മിസ്റ്റർ പി. കെ. നാരായണപിള്ളയോടു യോജിക്കാനാണ്, എനിക്കു തോന്നുന്നതു, വാളണ്ടറികളല്ലാം ഒരു തിരുമാനത്തിനനുകൂലമാണെ

ങ്കിലും, ഞാൻ പ്രമേയത്തെ എതിർക്കുകയെന്ന ചെയ്യുന്ന ഏതെങ്കിലും ഒരു കാര്യത്തെപ്പറ്റി പറഞ്ഞു കൊള്ളുന്നു. പുകയിലക്കൃഷിക്കുള്ള നിരോധനം എടുത്തുകളയണമെന്നുള്ള പ്രമേയത്തിൽ അല്പമായി ആവശ്യപ്പെടുന്നുണ്ട്. പുകയില റഗുലേഷന്റെ നാലാം വകുപ്പു ഇപ്രകാരമാണ്.

"ഈ റഗുലേഷൻപ്രകാരമോ പുകയിലയെ സംബന്ധിച്ചു ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന വല്ല നിയമത്തിൻപ്രകാരമോ, ഈ റഗുലേഷനോ ആ നിയമമോ അനുസരിച്ചുണ്ടാക്കീട്ടുള്ള ചട്ടങ്ങൾപ്രകാരമോ കൊടുക്കപ്പെട്ടുന്ന അനുവാദം കൂടാതെ ആരും..... പുകയില കൃഷിചെയ്യരുതാത്തതാകുന്നു"

ഇതുകൊണ്ട് ഈ വകുപ്പു പുകയിലക്കൃഷിയെ കേവലം വിരോധിക്കുന്നില്ലെന്നു സ്പഷ്ടമാണ്.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): ആ റഗുലേഷൻ അനുസരിച്ചു ചട്ടങ്ങൾ ഉണ്ടാക്കീട്ടുണ്ടോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്): അതിനെപ്പറ്റി ഞാൻ പറയാൻ പോകുകയാണ്. റഗുലേഷന്റെ സൂക്ഷ്മം വകുപ്പ് ഇങ്ങനെയാണ്:—

"ഈ റഗുലേഷൻ അനുസരിച്ചു നമ്മുടെ മിലാനു നമ്മുടെ അനുയോജ്യമെന്നു തോന്നുന്ന സമയം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(എ) ഈ ചട്ടങ്ങളാൽ തിരുവിതാംകൂറിൽ മുഴുവനുമോ അതിന്റെ ഏതെങ്കിലും പ്രത്യേകഭാഗത്തിലെങ്കിലും പുകയിലച്ചെടി പൂർണ്ണമായി അനുവദിക്കയോ വല്ലചട്ടങ്ങളോ ഫീസോ കൊടുക്കണമെന്നോ വെച്ചുവല്ലനിബന്ധനകളും അനുസരിക്കണമെന്നോ വ്യവസ്ഥചെയ്യുവാനും അതിനെ നിയന്ത്രണം ചെയ്യുവാനും അതുകൊണ്ടു."

ഇങ്ങനെ ഗവണ്മെന്റിനു പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയോ ചിലനിബന്ധനകളോടുകൂടിയോ പുകയിലക്കൃഷിചെയ്യാൻ അനുവദിക്കാവുന്നതാണ്.

മി: എം. ശിവരാമപിള്ള (തോവാള): ഇതു പുകയിലക്കൃഷി സ്ഥിരമായി അനുവദിക്കണമെന്നഗവണ്മെന്റിനോടുള്ള ഒരു ശുപാർശയായിവരികയില്ലയോ.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം ഡിപ്യൂട്ടിപ്രെസിഡന്റ്): തിരുവിതാംകൂർ മുഴുവനുമോ അതിന്റെ ഏതെങ്കിലുംഭാഗത്തോ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയോ ചിലനിബന്ധനകൾ അനുസരിച്ചോ പുകയിലക്കൃഷിയോ വ്യവസായമോ വിൽപനയോ നടത്താൻ അനുവാദം കൊടുക്കുന്നതിനു ഈ വകുപ്പുപ്രകാരം ഗവണ്മെന്റിനു അധികാരമുണ്ട്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഇതിനെപ്പറ്റി ഗവണ്മെന്റ വല്ലചട്ടങ്ങളും ഉണ്ടാക്കീട്ടുണ്ടോഎന്നു മെമ്പർമാർ പറയുമോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ്നിയമനം ഡിപ്യൂട്ടിപ്രെസിഡന്റ്): അതിനെപ്പറ്റി എന്റെ സ്നേഹിതൻ ഗവണ്മെന്റ മെമ്പറിനോടു ചോദിക്കേണ്ടതായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതറിയാതെ മെമ്പർ എങ്ങനെയാണു പ്രമേയത്തെ പ്രതികൂലിക്കുന്നതു?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം ഡിപ്യൂട്ടിപ്രെഡിഡന്റ്): മെമ്പർ അല്പം ക്ഷമയോടുകൂടി ഞാൻ പറയുന്നതുകേട്ടാൽ ഈ ചോദ്യം ചോദിക്കേണ്ടആവശ്യം ഉണ്ടാകയില്ലെന്നു അദ്ദേഹത്തിനു മനസ്സിലാകുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സംഗതികൊണ്ടുമുഴുവനും പറയുന്നതായാൽ ചോദ്യങ്ങൾ ചോദിക്കാൻ ഇടയാകുകയില്ലായിരുന്നു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ്നിയമനം-ഡിപ്യൂട്ടിപ്രെസിഡന്റ്): ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ ഉദ്ദേശം അറിയേണ്ടവിവരങ്ങൾ അറിയാനാണ്. അല്ലാതെ, ചോദ്യംചോദിക്കുന്ന ആളിന്റെ അഭിപ്രായം പ്രോസംപ്റ്റികൾ ഗ്രഹിപ്പിക്കാനല്ല. സംഗതികളുടെനില അത്രത്തോളമായിട്ടുണ്ട്. പ്രയാസം ഒന്നുമില്ലെന്നാണു ഞാൻ പറയുന്നതു. ആവശ്യമെന്നു തോന്നുന്നനിബന്ധനകളോടുകൂടി തിരുവിതാംകൂർമുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗത്തോ പുകയിലക്കൃഷിചെയ്യാൻ പൂർണ്ണസ്വാതന്ത്ര്യം കൊടുക്കയോ ഏതാനും വ്യവസ്ഥകളോടുകൂടി അതു അനുവദിക്കയോ ചെയ്യാൻ ഗവണ്മെന്റിനു അധികാരമുണ്ട്. അടുത്തചോദ്യം, അങ്ങനെ അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കീട്ടുണ്ടോഎന്നാണു. ലൈസൻസ് വാങ്ങിച്ചാൽ പുകയിലക്കൃഷി ചെയ്യാമെന്നാണോ ലാമെമ്പറും ഏക്സൈസ് കമ്മിഷണരും ഏതിനോടു പറഞ്ഞതു. ചട്ടങ്ങൾ ഉണ്ടാക്കീട്ടില്ലെന്നിരിക്കട്ടെ, റഗുലേഷനിൽ ചട്ടങ്ങൾ ഉണ്ടാക്കാമെന്നുള്ള വ്യവസ്ഥയുണ്ടായിരിക്കയും ആചട്ടങ്ങൾ ഉണ്ടാക്കിയാൽ ഒരാൾക്കു ചിലനിബന്ധനകൾ അനുസരിച്ചു പുകയിലക്കൃഷിചെയ്യാമെന്നിരിക്കയും ചെയ്താൽ, ചട്ടങ്ങൾ ഉണ്ടാക്കാത്തതു അതിനുള്ള ആവശ്യം നേരിടാത്തതുകൊണ്ടുമാത്രമാണെന്നാണ് ഞാൻ പറയുന്നതു. ചട്ടങ്ങൾ ഉണ്ടാക്കാമെന്നു വ്യവസ്ഥചെയ്യുന്ന ഒരു വകുപ്പുണ്ടെങ്കിലും, റഗുലേഷൻ പാസ്സാക്കീട്ടു ചട്ടങ്ങൾ ഉണ്ടാക്കാത്തതുകൊണ്ടു ചട്ടങ്ങൾ ഉണ്ടാക്കാത്തതു അതിനാവശ്യം ഉണ്ടായിട്ടില്ലെന്നാണ് അർത്ഥം. അതായതു, പുകയിലക്കൃഷിചെയ്യാൻ അനുവാദത്തിനു അപേക്ഷകന്മാർ ഉണ്ടായിട്ടില്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ മേലന്വേഷണത്തിലും നിയന്ത്രണത്തിലും പുകയിലക്കൃഷിചെയ്യാൻ ആഗ്രഹിക്കുന്നു. അങ്ങനെചെയ്യാൻ എനിക്കു അനുവാദം തരണം" എന്നു ആരും വന്നുപറഞ്ഞിട്ടില്ല. അങ്ങനെ ആരെങ്കിലും ചെയ്തിരുന്നു എങ്കിൽ ഗവണ്മെന്റു അവരുടെ അപേക്ഷയെപ്പറ്റി ആലോചിച്ചു ചട്ടങ്ങൾ ഉണ്ടാക്കുമായിരുന്നു.

മി: സി. പി. തരകൻ (കുന്നുമ്പുറത്തുനാട്): ചട്ടങ്ങൾ ഉണ്ടാക്കാതെ ആർക്കെങ്കിലും അപേക്ഷകൊടുക്കാൻ കഴിയുമോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം ഡിപ്യൂട്ടിപ്രസിഡന്റ്): പുകയിലകൃഷിചെയ്യാൻ ആരെങ്കിലും ഉണ്ടോഎന്നറിയാനായാണ് നാം ഇപ്പോൾ വാദം നടത്തുന്നതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പുകയിലക്കൃഷിചെയ്യാൻ ആരെങ്കിലും ഒരുങ്ങുമുണ്ടോഎന്നറിയാതെ നിരോധനകൽപനഎടുത്തുകളഞ്ഞാൽ അതിന്റെ ഫലം ആപൽജനകമായിരിക്കുമെന്നു എനിക്കുതോന്നുന്നു. അഭിപ്രായമാണ് എന്റെ സ്നേഹിതൻ മി: പി. കെ. നാരായണപിള്ളയും പ്രസ്താവിച്ചതു. പുകയിലയും മദ്യവും തമ്മിൽ യാതൊരുസാദൃശ്യവും ഇല്ല. മദ്യത്തിന്റെ

മിസ്റ്റർ സ്പീക്കർ: ഇപ്പോൾ അഭിപ്രായം പറയേണ്ടതില്ല. ഏതായാലും ചർച്ച തുടരേണ്ടതുണ്ടല്ലോ. അതുകൊണ്ട് ഇപ്പോൾ ഈ ചർച്ച അവസാനിപ്പിച്ചു, അതു സംബന്ധിച്ചുള്ള വോട്ടെടുപ്പിന്റെ നിയന്ത്രണത്തിൽനിന്നും വോട്ടെടുപ്പിന്റെ പിന്നെ എങ്ങനെയുള്ള പ്രവർത്തനമുള്ള വകുപ്പുകളിലും ഈ ഭേദഗതിക്കു പ്രത്യേകിച്ചും ഈ ഭേദഗതിയെപ്പറ്റിയും ഒരാൾക്കു പ്രസംഗിക്കുന്നതിനും ഒരു പ്രസംഗത്തിൽ രണ്ടിലധികം പ്രാവശ്യം സംസാരിക്കുന്നതിനും വിരോധമുണ്ടായിരിക്കുന്നതല്ല. ഒരു കാരണവശാലും നിയന്ത്രിച്ചുകൊണ്ടോ കൊല്ലുകൊണ്ടോ എന്തുകൊണ്ടിലെ ഏതെങ്കിലും ഭേദഗതിയിൽ ഒരു ഭേദഗതിക്കും ഒരു വോട്ടും ചെയ്യുന്നതിനും ഒരു പ്രസംഗത്തിനും ഒരു പ്രസംഗത്തിനും ഒരു പ്രസംഗത്ത

കൃഷിയെ സംബന്ധിച്ചു കായ്ഫലങ്ങളിൽ ഞാൻ ഇരുട്ടിലല്ല. തുടർന്നു നടക്കുകയാണെന്നു ഡിപ്പാർട്ടുമെന്റു പറയുന്നു. ഒരു തീരുമാനത്തിനുവേണ്ടി, തിരുവിതാംകൂറിൽ മുഴുവനുമോ ഭൂമി പുകയിലകൃഷിക്കു പറ്റിയതായിട്ടുണ്ടോ എന്നു ഞാൻ നവംബർ 9-ാം- ഗവണ്മെന്റിനോടു ഒരുചോദ്യം ചോദിച്ചു.

ഈ കായ്ഫലം ഇപ്പോഴും ഗവണ്മെന്റും കൃഷിഡയറക്ടരും എക്സൈസ് കമ്മിഷണരും തമ്മിൽ എഴുത്തുകുത്തിൽ ഇരിക്കുന്നു. പരിക്ഷകളൊന്നും ഇതുവരെ നടത്തീട്ടില്ലത്രെ. അതിനാൽ തിരുവിതാംകൂറിന്റെ ഏതെങ്കിലും ഭാഗം പുകയിലകൃഷിക്കു പറ്റിയതാണോ എന്നു പറയാൻ ഗവണ്മെന്റിന്നിപ്പോഴും സാധിക്കയില്ല".

എന്നായിരുന്നു മറുപടി.

അദ്ധ്യക്ഷൻ: ചോദ്യത്തിനു മറുപടി പറഞ്ഞു മുഴുമിച്ചോ എന്നു നിങ്ങൾ പറയാൻ വിട്ടുപോയിരിക്കുന്നു.

മി: എസ്. പിറപിള്ളൈ (വ്യവസായവും വൃക്ഷങ്ങളും, നെക്കു): ഫർദർ ക്വസ്റ്റ്യൻ ആയിരുന്നു. ലാഭം കിട്ടത്തക്കവണ്ണം ഇവിടെ പുകയിലകൃഷി ചെയ്യാൻ സാധിക്കുമോ ഇല്ലയോ എന്നതു തീരുമാനിപ്പാൻ വേണ്ടവിധം കിട്ടുന്നതിനുമുമ്പു ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരുന്നതു യുക്തമല്ല എന്നുഞാൻ വിചാരിച്ചു. ഇതിനിടയ്ക്കു നിരോധനവുമായി സംബന്ധിച്ചു വല്ല പ്രമാണവും ഉണ്ടോ എന്നു ഞാൻ മിസ്റ്റർ വാൽറോസിനോടു ചോദിച്ചു. യിഷ്ടമായെന്നുമില്ലെന്നും ഞാൻ ഒരു ഓർഡിനൻസിനു ഗവണ്മെന്റിനോടു അപേക്ഷിച്ചാൽ അതു എനിക്കു നൽകുന്നതാണെന്നും അദ്ദേഹവും പറഞ്ഞു. പുകയിലകൃഷിക്കു ഉപയുക്തമായ ഭൂമി ഉണ്ടോ എന്നുള്ള തിനെക്കുറിച്ചു വിവരം എനിക്കു ഗവണ്മെന്റിൽനിന്നും കിട്ടാൻ സാധിച്ചില്ല. അതിനാൽ പുകയിലകൃഷിയുടെ കരമായ ഒന്നാണോ എന്നുള്ളതു് അറിയുന്നതിനു എനിക്കു ഇടയായില്ല. ഇപ്രകാരമെന്തുകൊണ്ടു, ഞാൻ ആദ്യം പ്രസ്താവിച്ചപ്രകാരം ഒരു പ്രമേയം കൊണ്ടുവരാൻ എനിക്കു കഴിഞ്ഞില്ല. ഉപജ്ഞാപകൻ പറഞ്ഞതുപോലെ നീക്കിക്കളയേണ്ട ഒരു നിരോധനം ഇപ്പോൾ ഇവിടെ ഇല്ല. പുകയിലകൃഷിക്കു പറ്റിയ ഭൂമി ഉണ്ടോ എന്നമാത്രമേ അറിയേണ്ടതുള്ളൂ. പരിക്ഷകൾ നടത്തിക്കൃഷിക്കു പറ്റിയതിലേക്കാണെങ്കിൽ ഉപജ്ഞാപകൻ പറഞ്ഞതുപോലെ ചട്ടങ്ങൾ ഉണ്ടാക്കുകയും നിരോധം കേവലം എടുത്തുകളയുകയും ചെയ്യാവുന്നതാകുന്നു. അതുകൊണ്ടു പ്രമേയത്തെ അനുകൂലിക്കാൻ ഞാൻ വഴികാണുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രമേയം അങ്ങനെ തന്നെ സ്വീകരിച്ചാൽ അതിന്റെ അർത്ഥം ഗവണ്മെന്റു ഇല്ലെന്നു വിചാരിക്കുന്ന ഒരു നിരോധം നീക്കം ചെയ്യുന്നു എന്നായിരിക്കുമെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): പുകയിലകൃഷിയെ സംബന്ധിച്ചുള്ള നിരോധത്തിന്റെ സ്വഭാവത്തെപ്പറ്റി ഒരു ഭാഗത്തു തെറ്റിദ്ധാരണയുണ്ടെന്നു ഇന്നത്തെ വാദത്തിൽ നിന്നു പ്രത്യക്ഷമാകുന്നുണ്ടു്. ഉപജ്ഞാപകനും മറ്റു ചില മാന്യമെമ്പർമാരും ഉന്നയിച്ചു കേൾപ്പിച്ച വാചകങ്ങളിൽ നിന്നു പുകയിലകൃഷിയെ കേവലം വിരോധിക്കുന്ന ഒരുത്തരവില്ലെന്നും ഗവണ്മെന്റിൽനിന്നു ഒരു ലൈസൻസ് വാങ്ങേണ്ട ആവശ്യമേയുള്ളു എന്നും നമുക്കിപ്പോൾ മനസ്സിലാകുന്നു. എന്നാൽ പുകയിലകൃഷിക്കു ചിലനിബന്ധനകളോടുകൂടിയ സമ്മതം ഉണ്ടെന്നു സാമാന്യജനങ്ങൾക്കു അറിവില്ലാതിരിക്കുന്നു.

മി: കെ. ശിവരാജപ്പണിക്കർ (ചേർത്തല): ഈ ലൈസൻസു തന്നെ പുകയിലകൃഷിക്കു ഒരു നിരോധനമാകുമെന്നു മെമ്പറിനു അറിയുമോ?

മി: സി. പി. തോമസ് (ഗവണ്മെന്റുനിയമനം): പുകയിലകൃഷി പൂർണ്ണസ്വാതന്ത്ര്യത്തോടെ ചെയ്യുന്നതിനു് അതൊരു തടസ്ഥം തന്നെ ആയിരിക്കാം. എന്നാൽ നാം അറിഞ്ഞിട്ടുള്ളിടത്തോളം ലൈസൻസു കിട്ടുന്നതിനു അസാദ്ധ്യനിബന്ധനകൾ ഇല്ലാത്തസ്ഥിതിക്കു് അതൊരു നിരോധമായി വിചാരിക്കാൻ പാടില്ല. യഥാർത്ഥത്തിൽ ആ കൃഷിവിരോധിച്ചിട്ടില്ല. മിസ്റ്റർ പിറവിപ്രമുഖപിള്ള ഇപ്പോഴും നമ്മേധരിപ്പിച്ചതുപോലെ ഈ പുകയിലകൃഷി ചെയ്യുന്നതിനു സമയവും പണവും മനസ്സും ഉള്ളവർ ആകൃഷിയിൽ ഏർപ്പെടുന്നതുകൊണ്ടും പുകയിലകൃഷിയെപ്പറ്റി വേണ്ടതായ അന്വേഷണങ്ങൾ നടത്തുന്നതിനും പരീക്ഷകൾ നടത്തുന്നതിനും അവയുടെ ഫലം പൊതുജനങ്ങളെ അറിയിക്കുന്നതിനും കൃഷിഡിപ്പാർട്ടുമെന്റിനോടു ആജ്ഞാപിക്കാവുന്നതാകുന്നു. അതുകൊണ്ടു് ഈ വിഷയത്തെപ്പറ്റി ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു ഡെവലപ്പുമെന്റു ബോർഡിനോടു (പരിപോഷണക്കമ്മീറ്റി) ഗവണ്മെന്റു ആവശ്യപ്പെടേണമെന്നു ഞാൻ അപേക്ഷിക്കുന്നു. കൃഷിഡയറക്ടർ സമർപ്പിക്കണമെന്നു പറഞ്ഞ റിപ്പോർട്ടു ധനപരിപോഷണബോർഡു് സമർപ്പിക്കണമെന്നു ആവശ്യപ്പെടുകയാണു ഞാൻ എന്നു എനിക്കു തോന്നുന്നു. പ്രസ്തുതസമിതിയുടെ അദ്ധ്യക്ഷൻ കൃഷിഡയറക്ടർ ആണല്ലോ.

മി: എം. ശിവതാണുപിള്ള (തോവാള): ഡെവലപ്പുമെന്റുബോർഡു എന്നാണുദ്ദേശം?

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): ഉണ്ടു്. പുകയിലകൃഷി ഈ സംസ്ഥാനത്തിനു മാരകമായിരിക്കുമോ എന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തേണ്ടതു ഡെവലപ്പുമെന്റു ബോർഡിന്റെ ഒരു പ്രവൃത്തി ആയിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഡെവലപ്പുമെന്റു ബോർഡിനെയോ കൃഷിഡയറക്ടരുടെയൊ അല്ലെങ്കിൽ കൃഷിഡയറക്ടരുടേയും എക്സൈസ് കമ്മിഷണരുടേയും യോജിച്ചുള്ളതോ ആയ ഒരുറിപ്പോർട്ടു കിട്ടുന്നതുവരെ ഇക്കാര്യത്തിൽ യാതൊന്നും പ്രവർത്തിക്കേണ്ടതായിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രമേയത്തിന്റെ അർത്ഥത്തെപ്പറ്റി ചില തെറ്റിദ്ധാരണകളും ഉണ്ടായിട്ടുള്ളതു നീക്കുചെയ്യുന്നതിനായി ഞാൻ അല്പം പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തു പുകയിലകൃഷി നിരോധിച്ചിട്ടുള്ളതിനെ നീക്കംചെയ്യണമെന്നാകുന്നു ഞാൻ പറഞ്ഞിട്ടുള്ളതു്. നിയമപ്രകാരം ഒരു നിരോധം ഇല്ലായിരിക്കാം, പുന്നാൽ പ്രായോഗത്തിൽ കാണുന്ന തടസ്ഥത്തെപ്പറ്റിയാണു ഞാൻ പറയുന്നതു്. ഈ സംസ്ഥാനത്തു എക്സൈസ് ഡിപ്പാർട്ടുമെന്റു പ്രവർത്തിച്ചുതുടങ്ങീട്ടു 80-ൽ അധികം വർഷമായിരിക്കുന്നു. ഈ കാലമെല്ലാം ആതിനെറ്റപേരു എക്സൈസ്ഡിപ്പാർട്ടുമെന്റിന്റെന്നല്ലായിരിക്കാം കേരളമെന്നോ അതിനെ പ്രൊഹിബിഷ്യൻഡിപ്പാർട്ടുമെന്റെന്നോ വിളിച്ചുവന്നു. ഈഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തി ജനങ്ങളെ പുകയിലകൃഷിയിൽ ഏർപ്പെടുന്നതിനെ തടയുന്നവിധത്തിലായിരുന്നു പുകയിലകൃഷിചെയ്യുവാനുദ്ദേശമുള്ളവർ എക്സൈസ്കാർ പല അവസരങ്ങളിൽചെന്നു് അവിടത്തെകൃഷിയെല്ലാം നശിപ്പിച്ചി

ട്ടുള്ളതായും മേലിൽ അവിടെകൂടി ചെയ്യരുതെന്നു വിലക്കിയിട്ടുള്ളതായും എനിക്കറിവുണ്ട്. അവിടെയുള്ളവർ നാളീകപരിപ്പില്ലാത്തവരാം നിന്മപരിപ്പുണ്ടെങ്കിലുള്ളവരാം ആകയാൽ കൂടി ഉപകരിക്കുകയാണു് ചെയ്യുക. ഇങ്ങനെ പ്രയോഗത്തിൽ പുതിയകൂടിനിരോധം ഉണ്ടെന്നു നമുക്കറിയാം. പുതിയകൂടി വിരോധിച്ചിട്ടില്ലെങ്കിൽ ഗവണ്മെന്റു് ആ വിഷയം ഒന്നാമതു പരസ്യമായി അറിയിക്കണമെന്നു ചട്ടമുണ്ടു്. അപ്പോൾ ഇല്ലെങ്കിലും പുതിയ ഉണ്ടാക്കുകയും വേണ്ടതിനുവേണ്ടി അപേക്ഷിച്ചാൽ പുകയിലകൃഷിചെയ്യാൻ അവരെ ഉത്സാഹിപ്പിക്കണം ചെയ്യുന്നതാകുമല്ലോ. ലൈസൻസുകൂടാതെ പുകയിലകൃഷിചെയ്യുന്നതു കുറ്റമാണെന്നു് ഞാൻ ആവർത്തിച്ചുപറയുന്നതെന്നായിരുന്നു എന്റെ സ്നേഹിതൻ മി: പി. കെ. നാരായണപിള്ളയുടെ ധാരണ.

ഉപ്പിന്റേയും കള്ളിന്റേയും കാര്യത്തിൽ ഉള്ളതുപോലെ ഒന്നു രണ്ടു മൈസൻസുകൊടുത്തു പുകയിലകൃഷിചെയ്യാൻ അനുവദിച്ചാൽ മതിയാകുമെന്നു ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. ഈ സംസ്ഥാനത്തു ലൈസൻസുകൂടാതെ പുകയിലകൃഷിചെയ്യുന്നതു കുറ്റമാണെന്നു് ഞാൻ പറഞ്ഞിട്ടില്ല. പ്രയോഗത്തിലുള്ള നടപടിതന്നെ തുടരണമെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ചെയ്യുന്നതിനു വിരോധമില്ലെന്നാണു് ഞാൻ പറഞ്ഞിട്ടുള്ളതു്. എങ്കിലും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ അതു ഗൗരവമാക്കുന്നില്ല. വ്യവഹാരത്തിനു അധികക്ലേശമുണ്ടാകുന്നതു ലൈസൻസിനുതന്നെ അതു നിർത്തലാക്കുന്നതു നന്നായിരിക്കുമെന്നു് ഞാൻ ഇതിനുമുമ്പു പലപ്രാവശ്യവും പ്രസംഗിച്ചിട്ടുണ്ടു്. ഇപ്പോൾ പിഴയടച്ചാൽ പുകയില വ്യാജമായി കടത്തിക്കൊണ്ടുവന്നതിനെന്നപോലും അതു തിരിച്ചുകൊടുക്കുന്നതിനു പുകയിലയുണ്ടെന്നു പറഞ്ഞാൽ മതിയെന്നുള്ള സ്ഥിതിയാണു് ഇപ്പോൾ നിലവിലിരിക്കുന്നതു്. ഈ നോട്ടീസുതന്നെ അതിനുദാഹരണമാണു്. ഇപ്പോൾ നിലവിലിരിക്കുന്ന ലൈസൻസുകൊടുക്കുന്നതിലും പുകയിലയുടെ കാര്യത്തിലും ചെയ്യേണ്ടതായിട്ടുള്ള ഭേദഗതികൾ നിയമസഭയുടെ അതിനെ നിയന്ത്രണം ചെയ്യുവാനാണു്. സ്വന്തം അധീനത്തിൽ വച്ചുതിന്നാൻമാത്രം ഗവണ്മെന്റു് ജനങ്ങൾക്കു നൽകിവരുന്നു. ലൈസൻസുകൂടാതെ പുകയിലകൃഷിചെയ്യാൻ അനുവദിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ പ്രമേയത്തിന്റെ സാരമായ വിധത്തിൽ അതു എതിരിടുന്നില്ലെന്നു് ഞാൻ അറിയുന്നു. എന്റെ പ്രമേയം ഇപ്പോൾ നിലവിലിരിക്കുന്നതിനനുസരണമായിട്ടുള്ളതു മാത്രമാണു്. (മി. സുബ്ബയ്യർ എന്നാൽ എന്റെ പ്രമേയം പിൻവലിക്കാമല്ലോ) ഈ പ്രയോഗത്തിൽ കൊണ്ടുവരണമെന്നാണെന്നുപറയുന്നതു്. ഈ പ്രമേയത്തിന്റെ സാരാംശത്തെ സ്വീകരിച്ചുവേണ്ടപരിഷ്കരണം നടത്താൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരോടാജ്ഞാപിക്കയും പുകയിലകൃഷിപ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നുള്ള ഗവണ്മെന്റിന്റെ ഉദ്ദേശ്യത്തെപ്രതി പ്രമേയം പിൻവലിക്കാൻ ഞാൻ തയ്യാറാണു് (മിസ്റ്റർ പി. കെ. നാരായണപിള്ള ഹീയർഹീയർ) ഈ പ്രസ്താവങ്ങളോടുകൂടി പ്രമേയം സ്വീകരിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): സർ, ഈ വിഷയത്തെപ്പറ്റി സഭയുടെ എതിർ വശത്തുള്ളവർക്കു എന്തൊ തെറ്റിദ്ധാരണയുണ്ടെന്നു ഞാൻ വിചാരിക്കുന്നു, തെറ്റിദ്ധാരണ ഇതാണു്: പുകയിലകൃഷി ഈ സംസ്ഥാനത്തു കേവലം വിരോധിച്ചിരിക്കയാണെന്നുള്ള ഒരു ധാരണ അവരിൽ എങ്ങനെയൊ കടന്നു കൂടിട്ടുണ്ടു്. ആ തെറ്റിദ്ധാരണ നീക്കുന്നതിനായി കുഞ്ഞാറു്, കൊക്കു, അവിൻ ഇവയുടെ കാര്യത്തിലുള്ളതുപോലെ ഇപ്പോൾ ഉള്ള ചട്ടങ്ങളും പ്രകാരം പുകയിലകൃഷി ഈ നടപ്പിൽ കേവലം പാടില്ലെന്നു വിരോധിച്ചിട്ടില്ലെന്നു ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞിട്ടുണ്ടു്. എങ്കിലും ഈ നിഴലിനോടു യുദ്ധം ചെയ്യാൻ എന്റെ സ്നേഹിതന്മാരിൽ ചിലർ വളരെ വാശി പിടിച്ചു സമയം വ്യയം ചെയ്തതിൽ ഞാൻ വ്യസനിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): അപേക്ഷകൊടുത്തതുകൊണ്ടു മാത്രം ലൈസൻസ് കൊടുക്കുമോ എന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): ഇതുവരെ അപേക്ഷകളൊന്നും വന്നിട്ടില്ല.

അദ്ധ്യക്ഷൻ: കുറച്ചു സംശയത്തെ ഇല്ലാതാക്കിയുള്ള ചോദ്യമാണ് അതു്.

മി: പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): പ്രത്യേകരീതിയിലുള്ള പ്രസംഗംപോലും സ്പഷ്ടമായിരിക്കുന്നില്ല. ലൈസൻസിനൊടുകൂടി പുകയിലകൃഷി അനുവദിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അപ്രകാരമാണു റൂളുണ്ടാക്കുന്നതിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്.

മി കെ. ഐ. ജോസഫ് (മീനച്ചിലും ഭേദികളുവും). ലൈസൻസ് കൊടുക്കുന്നതിനുള്ള നിബന്ധനകളും എന്താണെന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): ഇതുവരെ അപേക്ഷകളൊന്നും കിട്ടിയിട്ടില്ല. അപേക്ഷകളൊന്നും ലഭിക്കാതെ ആ കാര്യം ആലോചിക്കുന്നതെങ്ങിനെയാണു്?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേദികളുവും): അതു അപേക്ഷകൾ കിട്ടുന്നതിനു മുമ്പു ആലോചിക്കേണ്ട ഒരു കാര്യമല്ലയോ?

മി: സി. പി. തരകൻ (കുന്നത്തുനാടു): ഏതുചട്ടപ്രകാരമാണു അപേക്ഷകർ കൊടുക്കേണ്ടതെന്നറിയാതെ എങ്ങനെയാണു ഒരാൾ അപേക്ഷകൊടുക്കുന്നതു്?

മി: പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): അപേക്ഷകർ ലഭിക്കാതെ നിബന്ധനകളെന്തായിരിക്കണമെന്നു നിശ്ചയിക്കാൻ സാധിക്കയില്ല. നിബന്ധനകൾ കൃഷിചെയ്യുന്ന പ്രദേശമനുസരിച്ചു ഭേദപ്പെട്ടിരിക്കാം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേദികളുവും): ലൈസൻസു കൊടുക്കുന്നതിനു വല്ല നിബന്ധനകളും ഉണ്ടോ എന്നാണു് എന്റെ ചോദ്യം.

മി: പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): ഗവണ്മെന്റിന്റെ പ്രത്യേകഅനുവാദത്തോടുകൂടി പുകയിലകൃഷി ചെയ്യാമെന്നാണു് നിബന്ധന.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേദികളുവും): വേറെവല്ല നിബന്ധനകളും ഉണ്ടോ എന്നു പറയുമോ?

മി. പി. ഗോമതിനായകംപിള്ള (അക്കിംഗ് എക്സൈസ് കമ്മീഷണർ): എന്റെ അറിവിൽ ഇല്ല.

ടി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): അപേക്ഷിച്ചിട്ടുള്ളതുകൊണ്ടുമാത്രം ലൈസൻസ് കൊടുക്കുമോ?

മി: പി. ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ) അപേക്ഷകിട്ടുമ്പോൾ ഞാൻ അതിനെപ്പറ്റി ആലോചിക്കാം.

അദ്ധ്യക്ഷൻ: മിസ്റ്റർ ജോസഫ്, ഇല്ലാത്ത ഒരു സ്ഥിതിയെ സംബന്ധിച്ചാണു നിങ്ങളുടെ ചോദ്യം. അപേക്ഷകൻ കിട്ടാതെ ഇതുകാര്യത്തെപ്പറ്റി ആലോചിക്കാൻ സാധിക്കയില്ല. ഇല്ലാതെകാര്യത്തെപ്പറ്റിയാണ് നിങ്ങൾ ചോദ്യം ചോദിക്കുന്നത്. അതുകൊണ്ടു ഞാൻ അതു അനുവദിക്കയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ഇപ്പോൾ നിലവിലുണ്ടായിരുന്നതുകൊണ്ടാണ് ഞാൻ ചോദ്യം ചോദിച്ചതു്.

അദ്ധ്യക്ഷൻ: ചോദ്യം അനുവദിക്കയില്ലെന്നു ഞാൻ പറഞ്ഞുവല്ലോ; അതുകൊണ്ടു അക്കാര്യം അവസാനിച്ചു.

മി: സി. പി. മാത്യു (തൊട്ടാർക്കരയും കുന്നത്തൂരും): റബ്ബർ അവസരിച്ചു വല്ല ചട്ടങ്ങളും ഉണ്ടാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടോ എന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): എന്റെ അറിവിൽ ഇല്ല.

മി: എസ്. പരമേശ്വരപിള്ള (പ്ലാപ്പാനവും വ്യവസായവും, തെക്കു): അപേക്ഷകൾ കിട്ടിയതിനു ശേഷമേ റബ്ബർ ലൈസൻസ്പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കി പ്രസിദ്ധം ചെയ്യുകയുള്ളു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: പി. ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഞാൻ അങ്ങനെ വിചാരിക്കുന്നു. സ്പഷ്ടമായ ആശയം ചൊല്ലാതെ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്താൻ പാടയില്ല. പ്രമേയത്തിന്റെ ഉദ്ദേശം മെമ്പർ സിനോട്ടുടി പുകയിലകൃഷി പ്രചാരത്തിൽ വരുത്തുകയാണെന്നു മിസ്റ്റർ രാമൻ മേനോൻ പറഞ്ഞുണ്ടു. അതുതന്നെയാണു റബ്ബറിലും വ്യവസ്ഥചെയ്തിട്ടുള്ളതു്. അതിനാൽ ഈ പ്രമേയം ഹാജരാക്കേണ്ട ആവശ്യം എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഒരുദ്യോഗസ്ഥൻ പുകയിലയേയുമായി ഇവിടെ ഇരുന്നാൽ സഭയെ ഗ്രഹിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ടു്. ഇവിടെ പുകയില കൃഷിചെയ്യുവാൻ സാധിക്കുമെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ നമുക്കു വേണ്ടത്ര നല്ലവീര്യമുള്ളപുകയിലയാണ്. ഇന്നാട്ടിൽ ഒരിടത്തും ആവശ്യമുള്ളതുപോലെ കേയസ്ഥന്റെ പുകയിലയല്ല. തിരുനൽവേലി പുകയിലയല്ല. ഇവിടെ ആണ്ടൊന്നുക്കു 1000 കണ്ടിനിർത്തൽവലിപുകയിലയെ വരുത്താറുള്ളു; എന്നാൽ, ഇവിടത്തെ മലവിനു വരുത്തുന്ന കോയമ്പത്തൂർ പുകയില 4500 കണ്ടിയാണ്. നല്ലതരം പുകയില ഇന്നാട്ടിൽ കൃഷിചെയ്യാൻ സാധിക്കയില്ലെന്നു ഡോക്ടർ കുഞ്ഞൻപിള്ള പ്രത്യക്ഷമാക്കിക്കഴിഞ്ഞല്ലോ.

മി: സി. പി. തരകൻ (കുന്നത്തൂനാടു): ഡോക്ടർ കുഞ്ഞൻപിള്ള അങ്ങനെ തീർച്ചയായി പറഞ്ഞിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി: പി. ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): അദ്ദേഹം പറഞ്ഞപ്പോൾതന്നെ അതുഞാൻ നോട്ടുചെയ്തിരുന്നു. അധികം ലാഭമുള്ള റബ്ബർ, മരിച്ചീനി, കരുമുളകുതുടങ്ങിയവ കൃഷിചെയ്യാൻ കഴിയുമ്പോൾ കൃഷിചെയ്യാൻ നിശ്ചയമുണ്ടായിട്ടുള്ള സാധനങ്ങൾ കൃഷിചെയ്യാൻ പോകുന്നതു് എന്തിനാണ്?

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): പുകയിലകൃഷികൊണ്ടു നൂറുശതമാനം ലാഭമുണ്ടാകുമെന്നു കൃഷിഡിയറക്ടർ പറഞ്ഞിട്ടില്ലേ?

മി: പി: ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ) അദ്ദേഹം അങ്ങനെപറഞ്ഞു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): അദ്ദേഹം ആഅഭിപ്രായം പറഞ്ഞതു പരീക്ഷകൾ നടത്തിയതെയും മതിയായ അന്വേഷണങ്ങളെയും ആസ്പദമാക്കിയാണെന്നു അറിവുണ്ടോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവുംഡയറക്ടർ): കൃഷിക്കനുകൂലമായ ചിലസ്ഥലങ്ങളിൽ 100 ശതമാനം ലാഭമുണ്ടാകുമെന്നു ഞാൻ പറഞ്ഞു. തിരുവിതാംകൂറിൽ അങ്ങനെ സംഭവിക്കുമോ എന്നു എനിക്കറിഞ്ഞുകൂടാ.

മി: പി. ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ഈവിഷയത്തെ സംബന്ധിച്ചു ഈ സഭയിൽ കാണുന്നഅനുകൂലാഭിപ്രായാധിക്യം നിമിത്തം പുകയിലകൃഷിയെ സംബന്ധിച്ചു പരീക്ഷകൾ നടത്തുന്നതിനു ഗവണ്മെന്റു കൃഷിഡിയറക്ടരോടു ആജ്ഞാപിക്കുന്നതാകുന്നു. അതുകൊണ്ടു ലാഭമുണ്ടാകുമെന്നു കാണുകയും ലൈസൻസിനു അപേക്ഷിക്കുന്നവർ ഉണ്ടാകുകയും ചെയ്താൽ പുകയിലഡെവലപ്മെന്റു സ്കീം വകുപ്പുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ളതെപ്പറ്റി ആലോചിക്കുന്നതാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): ഇതുവരെ ചട്ടങ്ങൾ ഉണ്ടാക്കീട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: പി. ഗോമതിനായകംപിള്ള (ആക്ടിംഗ് എക്സൈസ് കമ്മിഷണർ): ആരംഭത്തിൽതന്നെ ഞാൻ അതു പറഞ്ഞുവല്ലോ.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും). എക്സൈസ്കമ്മിഷണർ തന്നെ ഉറപ്പുകൊണ്ടു ഞാൻ തൃപ്തനായിരിക്കുന്നു. പ്രമേയം പിൻവലിക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: അടുത്തപ്രമേയം മി: ജി. രാമൻമേനോന്റെ പേരിലുള്ളതാണ്.

മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും). ആ പ്രമേയം അവതരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഒഴിവുകൾ നികത്തുന്നതിനുള്ള പ്രമേയം.

കടിയക്കുറുപ്പുചട്ടമ്പിമാരുടെ പേരുകൾ നിർദ്ദേശിക്കുന്നതിനുള്ള കമ്മിറ്റി.

ദിവാൻ ജി. പരമേശ്വരൻപിള്ള (മന്ത്രി, തൊഴിൽ, വ്യവസായം, കൃഷി, കച്ചവടം, പൊതുമരാമത്ത്): ഹരിജനോദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യണം.

ഈ, എസ്, എൽ, സിവിൽ, എന്ന്, എൽ, സിവിൽ പരീക്ഷകൾക്കുള്ള പരീക്ഷകന്മാരുടെ ഒരു ബോർഡു സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രമേയം.

മി. എ ജെ. ജോൺ (തൈക്കം): സർ, ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു. "ഇംഗ്ലീഷ് സ്കൂൾ ഫൈനൽ, മിഡിൽ സ്കൂൾ പരീക്ഷകൾ, സർണാക്കുലർ സ്കൂൾ ഫൈനൽ, സർണാക്കുലർ മിഡിൽ സ്കൂൾ പരീക്ഷകൾ എന്നിവയുടെ പരീക്ഷകബോർഡു സാമാജികന്മാരിലും പ്രധാന പരീക്ഷകന്മാരിലും ഓരോ ശതമാനം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെയിരിക്കണമെന്നും അസിസ്റ്റന്റു പരീക്ഷകന്മാരിൽ രണ്ടു ശതമാനം ഇംഗ്ലീഷ് ഹൈസ്കൂൾ സഹായാദ്ധ്യാപകന്മാരോ വെർണാക്കുലർ ഫൈനൽ സ്കൂൾ ഹെഡ്മാസ്റ്റർമാരോ ആയിരിക്കണമെന്നും ഹൈസ്കൂളുകളിലെന്നിന്നു തിരഞ്ഞെടുക്കുന്ന ബോർഡ് സാമാജികന്മാരിലും പരീക്ഷകന്മാരിലും ഓരോ ശതമാനം പ്രൈവറ്റ് വിദ്യാലയങ്ങളിൽനിന്നുള്ള എട്ടത്തവരായിരിക്കണമെന്നും ഈ സഭയുടെ അഭിപ്രായമാണെന്നറിയിക്കണമെന്നു ഞാൻ ശുപാർശചെയ്യുന്നു."

ഈ, എസ്, എൽ, സി, പരീക്ഷ കാരണം പ്രധാനമായ ഒരു പരീക്ഷമാത്രമല്ല, ഉദ്ദേശങ്ങളിലും സംകേതിക വിദ്യാഭ്യാസങ്ങളിലും പ്രവേശനം കിട്ടുന്നതിനുള്ള ഒരു പരീക്ഷകൂടി ആകുന്നു. വി. എന്ന്, എൽ. സി പരീക്ഷയും മുഖ്യപരീക്ഷയും ഉദ്ദേശങ്ങളിൽ പ്രവേശനം നല്കുന്നപരീക്ഷകൾ ആകുന്നു. അതുകൊണ്ടു ബോർഡ് ഇപ്പോഴത്തെപ്പോലെ കോളേജ് പ്രൊഫസർമാരെക്കൊണ്ടു നിറഞ്ഞുപോകുന്നതായതുകൊണ്ടു, കൊച്ചി സ്കൂൾ ഹെഡ്മാസ്റ്റർമാരേയും അസിസ്റ്റന്റ് മാസ്റ്റർമാരെയും പുറമേയുള്ളവരുടെ മേലന്വേഷണത്തിൽ ജോലി ചെയ്യുന്നവരുടെ നിലയിൽ ആക്കിവയ്ക്കുന്നതു, ഭരണ്യാപകന്മാർചെയ്യുന്ന ജോലിയുടെ അഭിവൃദ്ധിയും ഫലവും പരിശോധിക്കുന്നതിനു അവരേയും സഹപരീക്ഷകന്മാരായി കരുതേണ്ടതാണു. ഇതിനും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ ബോർഡിൽ കേവലം ഉൾപ്പെടുത്തുകയിതുന്നു. പിന്നീടു ഹെഡ്മാസ്റ്റർമാരുടെയോഗങ്ങളിലും പ്രജാസഭയിലും ഹാജരാക്കിയ നിവേദനങ്ങളുടെ ഫലമായി അവരെയും ഉൾപ്പെടുത്തണമെന്നുള്ള തത്വം സിദ്ധരിക്കപ്പെട്ടു.

ഇപ്പോൾ ഓണാരേരിയോ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ ബോർഡിൽഉണ്ട്. അവർ ബോർഡിൽ ഫാജരായിരിക്കുന്നതു കൊണ്ടു കാര്യമായ ഫലമൊന്നും കാണുന്നില്ല. അഭിപ്രായപ്രകടനം ബോർഡിൽ കയ്യുങ്കരേ നടത്താൻ കഴിയുമെന്നും ഉള്ളതു അവർക്കുതന്നെയും ശോകമുള്ളവകയും അതുകൊണ്ടു കൊച്ചിയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതു ആവശ്യമാകുന്നു.

ഒന്നിലും അതിധികവും വിശേഷങ്ങളിൽ ചേർക്കുന്ന ചേർച്ചയുമായ ക്ലാസ്സിനും പാഠപദ്ധതിക്കും ഇവിടത്തെ വിദ്യാഭ്യാസക്രമത്തിനും യോജിച്ചവയല്ലെന്നുള്ള പരാതി അദ്ധ്യാപകന്മാരും അദ്ധ്യാപികമാരും ഇവിടെ എല്ലാകൊല്ലവും പറഞ്ഞുവരുന്നുണ്ടു: ഹെഡ്മാസ്റ്റർമാർക്കു അഭിപ്രായം പറവാൻ അധികാരമുണ്ടായാൽ ഇപ്രകാരം സംഭവിക്കയില്ല. ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരും ഇൻസ്പെക്ടറസ്സും മാത്രം ഹാജരായിരുന്നതുകൊണ്ടുമാത്രം കുറ്റം സാധിക്കുകയില്ല. ഇൻസ്പെക്ടരുടെ നില എല്ലായ്പോഴും പരിശോധകന്റെയും സൂനതകണ്ടുപിടിക്കുന്നവന്റെയും ആയിരിക്കും, യഥാർത്ഥത്തിൽ ജോലിചെയ്യുന്ന ആളിന്റെ നില ആയിരിക്കയില്ല.

1912-ൽ ഈ സംസ്ഥാനത്തിലുണ്ടായിരുന്ന സവണ്മെന്റു ഹൈസ്കൂളുകളുടെ എണ്ണം 10-ും പ്രൈവറ്റ് ഇംഗ്ലീഷ് ഹൈസ്കൂളുകളുടെ എണ്ണം സ്വ-ം ആയിരുന്നു. അതുകൊണ്ടു ഓരോ ശതമാനം എടുത്തിരുന്നപ്പോൾ പ്രൈവറ്റുസ്ഥാപനങ്ങളിൽനിന്നും എട്ടുപേരെയുണ്ടാകുന്നു. ഈ പ്രസ്താവനകളോടുകൂടി ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

മി: വി, സുബ്ബയ്യർ (സവണ്മെന്റു നിയമനം ഉപാദ്ധ്യക്ഷൻ): ബോർഡ് സാമാജികന്മാരുടെ ആകെ എണ്ണം ഇപ്പോൾ എത്രയാണു?

മി: എ. ജെ. ജോൺ (തൈക്കം): ഒൻപതാണെന്നാണു എനിക്കറിവു്.

മി: സി. പി. തരകൻ (കുന്നത്തുനാടു്): ഞാൻ പ്രമേയം പിൻതാങ്ങുന്നു.

മി: എസ്, പിംവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): സർ, മി തരകൻ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ ഇല്ല. (ചിരി)

മി: സി. പി. തരകൻ (കുന്നത്തുനാടു്): (അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽനിന്നു): ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): മി: ജോൺ ഫാജരാക്കിയ പ്രമേയം ഹെഡ്മാസ്റ്റർമാരുടെ യോഗത്തിലും പ്രജാ സഭയിലും നിവേദനപത്രികകളായിട്ടും ഈ സഭയിൽതന്നെ ചോദ്യങ്ങളായിട്ടും കൊണ്ടുവന്നിട്ടുള്ള ആലോചനകളെ പ്രമേയരൂപത്തിൽ-അതിശയോക്തിയായിട്ടുതന്നെ എന്നു പറയാം.-ആക്കിയതാണു്. ഈ വിഷയത്തെപ്പറ്റിയുള്ള നിവേദനങ്ങളെ സംബന്ധിച്ചുള്ള രിക്കാർഡുകൾ നോക്കിയതിൽ ഈ കാര്യം ഈ സഭയിൽ ഇപ്പോൾ അനുകൂലിക്കുന്നവരും അഭിപ്രായവ്യത്യാസമാൽ കാലഗതിയെപ്രാപിച്ച ഒരു മെമ്പർ പരീക്ഷാബോർഡു പുനസ്സംഘടനം ചെയ്യണമെന്നു ഇതിനെപ്പറ്റി ചോദ്യങ്ങളുമുലം നിർദ്ദേശങ്ങളും ചെയ്യുകയും അതിൽ അവർ വളരെ താല്പര്യംകാണിക്കുകയും ചെയ്തിട്ടുള്ളതാകുന്നു എന്നറിയുന്നു. ബോർഡു പുനസ്സംഘടനംചെയ്യുന്നതു അത്യാവശ്യം സഭയുടെ ശ്രദ്ധയിലും വിഷയീകരിപ്പിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ മി: കെ. കെ. തോമസ് മി: ജി. പി തരകൻ, മി: എം. എൻ. പിള്ള, മി: ശിവരാമപ്പണിക്കർ ഇവർ ഉൾപ്പെട്ടവരാകുന്നു. ചരമഗതിയെപ്രാപിച്ച മി: ഇയ്യർഹരിനിലയിൽ അവസരങ്ങളിൽ ഈ കാര്യത്തെ തന്നെ ചോദ്യങ്ങൾക്കുവിഷയമാക്കിയിട്ടുള്ളതാകുന്നു.

ഈ വിഷയത്തെ സംബന്ധിച്ചു പൂർണ്ണമായി തൃപ്തിയില്ലാത്ത പ്രസ്താവനകളും നിർദ്ദേശവും വിദ്യാഭ്യാസകാര്യങ്ങൾ സൂക്ഷ്മാസ്വീകരിക്കാൻപാടില്ലാത്ത പ്രമാണങ്ങളും നിർദ്ദേശങ്ങളും ചിലകേട്ടിട്ടുണ്ടു. ഇപ്പോൾതന്നെ ഇ. എസ്. എൽ സി. പരീക്ഷ സർവകലാശാലാപ്രവേശനത്തിനുള്ളമാർഗ്ഗം മാത്രമായിക്കഴിഞ്ഞതായും ഇൻസ്പെക്ടർമാർക്കു പുറമേ ഹെഡ്മാസ്റ്റർമാരേയും അവരുടെ സഹായാദ്ധ്യാപകന്മാരേയും ബോർഡു സാമാജികന്മാ

രായിരിച്ചു ഹൈസ്കൂൾ വിദ്യാഭ്യാസത്തിലും നാട്ടുഭാഷാവിദ്യാലയപ്രവൃത്തിയിലും പരിചയമുള്ളവർക്ക് പ്രാതിനിധ്യംകൊടുത്താലും പുറമെയുള്ളവരെ പരീക്ഷകന്മാരായി നിയമിക്കുന്നതു നല്ലതല്ലെന്നു മി: ജോൺ പറഞ്ഞതു തന്നെ ഉദാഹരണമായി പറയാം, ബോർഡിൽ ഒരിക്കലും പ്രാതിനിധ്യം ഇല്ലെന്നും, ഉള്ളതുതന്നെ, ഇൻസ്പെക്ടർമാരോ ക്കുന്നതു അദ്ധ്യാപകന്റെ നിലയിലായിരിക്കാതെ പരീക്ഷകന്റെ നിലയിലായതുകൊണ്ടു തിയാജയില്ലെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം സൂചിപ്പിച്ചപ്രകാരം ബോഡ് പുനസ്സംഘടനചെയ്യുന്നതിനു മി: ജോൺ പറഞ്ഞകാരണങ്ങൾ, എനിക്കു മനസ്സിലായപ്രകാരം ഇവയാണ്. അദ്ദേഹത്തിന്റെ പ്രത്യേകആലോചനയെപ്പറ്റി പറയുന്നതിനുമുമ്പായി അദ്ദേഹം പ്രമാണങ്ങളായിപറഞ്ഞ സാമാന്യസംഗതികളെപ്പറ്റി എനിക്കു അല്പം പറയേണ്ടതുണ്ട്. ഇ. എസ്. എൽ. സി. പരീക്ഷയ്ക്കും വി. എസ്. എൽ. സി. പരീക്ഷയ്ക്കും ബോഡിൽഉള്ള പ്രതിനിധികളും പ്രധാനപരീക്ഷകന്മാരും ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റർമാർ മാത്രം ആയിരിക്കണമെന്നും അസിസ്റ്റന്റ് പരീക്ഷകന്മാരായി ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരേയും വെർണാക്കുലർസ്കൂൾ ഹെഡ്മാസ്റ്റർമാരെയും മാത്രമേ നിയമിക്കാവു എന്നും അദ്ദേഹം പറയുന്നു. മി: ജോൺ പ്രത്യക്ഷമായി പറഞ്ഞിലെങ്കിലും, പ്രമേയത്തിന്റെഉള്ളുദ്ദേശം രണ്ടാണ്, പ്രധാനപരീക്ഷകന്മാരും അസിസ്റ്റന്റ് പരീക്ഷകന്മാരും ഹൈസ്കൂൾ അദ്ധ്യാപകന്മാരെയും വിദ്യാഭ്യാസവകുപ്പിലുള്ള ബി. എ. ക്കാരെയും ഇപ്പോൾ ഉള്ളതിലധികം നിയമിക്കണമെന്നാണ് അദ്ദേഹം വിചാരിക്കുന്നതു.

മി: എ. ജെ. ജോൺ (തൈക്കം): വി. എസ്. എൽ. സി. പരീക്ഷയ്ക്കു ഇപ്പോൾ പ്രത്യേകബോഡുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): ഇല്ല, കൺവെരനു ശേഷം ഇല്ല.

നാട്ടുഭാഷാപരീക്ഷകളെ സംബന്ധിച്ചിടത്തോളം, ബി. എ. ക്കാരെല്ലെങ്കിലും നാട്ടുഭാഷാഉത്തരക്കടലാസ്സുകളും പരിശോധിക്കാൻ പ്രാപ്തിയുള്ളവർ ഉണ്ടെന്നു പ്രഥമദൃഷ്ടത്തിൽതന്നെ തോന്നുകയില്ല നിശ്ചയിക്കാവുന്നതാണ്, എന്നാൽ മി: ജോൺ നിർദ്ദേശിക്കുന്ന പരീക്ഷകന്മാരെല്ലാവരും ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരോ വെർണാക്കുലർസ്കൂൾ ഹെഡ്മാസ്റ്റർമാരോ ആയിരിക്കണമെന്നാണ്, ഇപ്പോഴത്തെ വെർണാക്കുലർസ്കൂൾ ഹെഡ്മാസ്റ്റർമാരെല്ലാവരും ബി. എ. ക്കാരാണെന്നാണ് എന്റെ ധാരണ. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ സാമർത്ഥ്യംനേടിയവരായി വിചാരിക്കുന്നവർക്ക് ഇപ്പോൾ വെർണാക്കുലർ ഡിപ്പാർട്ട്മെന്റിലാകണമെങ്കിലും എപ്പോഴെങ്കിലും ഇംഗ്ലീഷ്സ്കൂളുകളിലേക്കു മാറാംകിട്ടാതിരിക്കുന്നതിനാൽ ഇടയുള്ളവർക്കും വിഷമിട്ടുകയാണ് മി: ജോൺചെയ്യുന്നതെന്നു എനിക്കുതോന്നുന്നു.

ഇംഗ്ലീഷിലായാലും നാട്ടുഭാഷയിലായാലും സ്കൂൾ മീഡിയത്തിൽ പരീക്ഷനടത്തുന്നതു പഠിത്തത്തിന്റെ ഗതി മനപ്പൂർവ്വവും പരീക്ഷയുടെ ഗതിമനപ്പൂർവ്വവും അറിവില്ലാത്തവർ ആയിരിക്കുന്നതു ന്യായമല്ല എന്നുള്ളതു അംഗീകരിപ്പാൻ യോഗ്യമാണ് ഈ പ്രശ്നത്തിനു തീർച്ചയുണ്ടാക്കുന്നതിനുമുമ്പായി ഇതിനെപ്പറ്റി കുറെ നിരീക്ഷണം ചെയ്യുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. പരീക്ഷയുടെ വിഷയത്തിൽ മതിയായപരിജ്ഞാനമാത്രമല്ല, പരീക്ഷ്യന്മാർ എത്രത്തോളം പഠിച്ചുവരുന്നിരിക്കുന്നുവെന്നുള്ള അറിവുള്ളവരെ മാത്രമേ പരീക്ഷകന്മാരായിരിക്കാൻ കൊള്ളുകയുള്ളു എന്നു ഡിപ്പാർട്ടുമെന്റിനെ ബോദ്ധ്യപ്പെടുത്താൻ വലിയ വാദം വേണമെന്നു ഞാൻ വിചാരിക്കുന്നില്ല. പരീക്ഷകന്മാരെ ഹൈസ്കൂൾവിദ്യാഭ്യാസത്തിൽനിന്നോ വെർണാക്കുലർ സ്കൂൾ വിദ്യാഭ്യാസത്തിൽനിന്നോ ക്രമത്തിലധികം അറിവുണ്ടായിരിക്കണം. മി: ജോൺ എന്തെല്ലാം എതിർവാദങ്ങൾ പറഞ്ഞാലും ഇ. എസ്. എൽ. സി. പരീക്ഷ സയ്കലാശാലാപ്രവേശനത്തിനുള്ള ഒരു മാർഗ്ഗം മാത്രമാണെന്നുകൂടെ നമ്മുടെ അന്വേഷണം. കുറെക്കാലം മുൻപു് വേറൊരു പ്രമേയത്തെക്കുറിച്ചു സംസാരിക്കാൻ എനിക്കു ഇടയായപ്പോൾ തിരുവിതാംകൂർ സയ്കലാശാലക്കമ്മിറ്റി ശേഖരിച്ചു കണക്കുകൾ പ്രകാരം ഇ. എസ്. എൽ. സി. പരീക്ഷ ജയിച്ചിട്ടു കാളേജിൽ ചേർന്നു പഠിക്കാത്തവരുടെ എണ്ണം ഏറ്റവും നിസ്സാരമാണെന്നു ഞാൻ കാണിക്കയുണ്ടായി, സ്കൂൾ ഫൈനൽ പരീക്ഷ ഏർപ്പെടുത്തിയതിന്റെ ഉദ്ദേശം ആരംഭത്തിൽ എന്തായിരുന്നാലും, ഇപ്പോൾ അതു ജയിക്കുന്നവർക്കു ഉടൻതന്നെ സർക്കാരുദ്യോഗമോ വേറെ വല്ല ജോലിയോ സാങ്കേതികവിദ്യാലയങ്ങളിൽ പ്രവേശനമോ ലഭിക്കുന്നില്ല. സ്കൂൾഫൈനൽ പരീക്ഷയുടെ ഇപ്പോഴത്തെ നിലയിൽ പരീക്ഷ നടത്തുന്നതു സയ്കലാശാലാ പ്രവേശനം നിയന്ത്രണം ചെയ്യുന്ന അധികാരികൾക്കും തൃപ്തികരമായിരിക്കണം, ഇ. എസ്. എൽ. സി. പരീക്ഷ സയ്കലാശാലയുടെ പ്രവേശന പരീക്ഷയായി സ്വീകരിച്ചതു സയ്കലാശാലയാണെന്നുള്ള ധാരണ ഇതു സംബന്ധിച്ചു ഞാൻ പറഞ്ഞുകൊള്ളുന്നു, ഗ്രോസ് സയ്കലാശാല മട്രിക്കുലേഷൻ പരീക്ഷ വേണ്ടെന്നു വച്ചിട്ടില്ല. കഴിഞ്ഞ രണ്ടു വർഷമായി ഇപ്പോഴത്തെ ഇ. എസ്. എൽ. സി. പരീക്ഷ ഉപേക്ഷിച്ചിട്ടു മട്രിക്കുലേഷൻ പരീക്ഷ വീണ്ടും ഏർപ്പെടുത്തണമെന്നുള്ളതിനെക്കുറിച്ചു സയ്കലാശാലയിൽ ഒരു പ്രക്ഷോഭണം ശക്തിമത്തായി നടത്തിവരുന്നു. അതു വാദം ഇപ്പോളും തീരാതെ ആലോചനയിൽതന്നെ ഇരിക്കുന്നു. ഗ്രോസ് സയ്കലാശാലാ അധികൃതന്മാർ മട്രിക്കുലേഷൻ പരീക്ഷ വീണ്ടും ഏർപ്പെടുത്താൻ തീച്ചയാകുന്ന പക്ഷം സ്കൂൾലീവിംഗ്സർട്ടിഫിക്കേറ്റ് സയ്കലാശാലാ പ്രവേശനത്തിനു മതിയായി അവർ സ്വീകരിക്കുമെന്നു ആശിക്കാൻ വഴിയില്ല. ഇ. എസ്. എൽ. സി. പരീക്ഷ ഒരു കൂട്ടർക്കു പരീക്ഷയായി നമുക്കു വച്ചുകൊണ്ടിരിക്കാൻ കഴിയും; എന്നാൽ സയ്കലാശാല അതു സ്വീകരിക്കയില്ല. അതുകൊണ്ടു ഗ്രോസ് സയ്കലാശാലയിൽ നടക്കുന്ന വാദത്തിനിടെ തീച്ച മട്രിക്കുലേഷൻ പരീക്ഷ വീണ്ടും സ്ഥാപിക്കണമെന്നായിരുന്നാൽ, ആ പരീക്ഷയ്ക്കുള്ള പരിക്ഷകന്മാരെ സയ്കലാശാലക്കാർ തന്നെ തിരഞ്ഞെടുത്തു നിയമിക്കുന്നതാകുന്നു. ആ പരീക്ഷയുടെ ബോഡിൽ അസിസ്റ്റന്റ് എക്സാമിനർമാരായി വർ ശതമാനം ഹൈസ്കൂൾ അദ്ധ്യാപകന്മാരോ പ്രധാനപരീക്ഷകന്മാരായി നമ്മുടെ ഹെഡ്മാസ്റ്റർമാരിൽ ർ ശതമാനം ഹെഡ്മാസ്റ്റർമാരോ ഉണ്ടായിരിക്കാൻ ഇടയില്ല. എന്നാൽ ഇതാണു മി ജോൺ ആവശ്യപ്പെട്ടതു്. പ്രമേയത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ഒരു പ്രാതിനിധ്യം അതിന്റെ ശേഷം എങ്ങനെയാണു ചെയ്യുന്നതു് എന്നു അല്പനേരം ആലോചിച്ചു നോക്കുവാൻ സഭയോടു അപേക്ഷിക്കുന്നു. അടുത്തു കിടക്കുന്ന നാട്ടരാജ്യങ്ങളിലെ ഇ. എസ്. എൽ. സി. സർട്ടിഫിക്കേറ്റുകൾ തങ്ങളുടെ മട്രിക്കുലേഷൻ പരീക്ഷയ്ക്കു സമമായി സ്വീകരിച്ചപ്പോൾ നാട്ടരാജ്യങ്ങൾ അങ്ങനെചെയ്യുന്ന ചില വ്യവസ്ഥകളും സയ്കലാശാല ചെയ്യിക്കുന്നു എന്നും ഇതു സംബന്ധിച്ചു പറയേണ്ടിയിരിക്കുന്നു. ഈ പരീക്ഷാകാര്യത്തെ ഈ നാട്ടരാജ്യങ്ങൾക്കുകൂടെ ഒരുപോലെ ഏർപ്പെടുത്തുന്നതിനു സയ്കലാശാലയ്ക്കു ഏല്പിച്ചുകൊടുക്കണമെന്നാണ്

ഇതു വ്യവസ്ഥകളുടെ സമയം. ഈ എസ്. എൽ. സി. പരീക്ഷകൊണ്ടു നമ്മൾക്കു കിട്ടുന്ന ഫലമെന്തു മദ്രാസ് മഹാണർക്കോ മദ്രാസ് സർക്കാരിനോ നമ്മുടെ രാജ്യത്തിനോ ഉണ്ടാകുന്നു എന്നു ചോദിച്ചാൽ ഒന്നുമില്ല. ഈ പ്രസ്താവന നിഷേധിക്കുന്നതിനു ചിലർ ശ്രമിച്ചേക്കാം. ചിലർ ഇതിനെ ശക്തിയുക്തം എതിർത്തേക്കാം. എന്നാൽ ഇതു സത്യമാണെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. ഈ പരീക്ഷയുടെ ഫലമായി നമുക്കു ലഭിക്കുന്നതു ചില സർട്ടിഫിക്കറ്റുകൾ മാത്രമാണ്. ഈ സർട്ടിഫിക്കറ്റുകൾ കൊണ്ടു നമുക്കു ഗുണമുണ്ടോ? ഇതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈ പരീക്ഷ നിർത്തലാക്കുന്നതിനുള്ള പ്രമേയം കൊണ്ടുവരുന്നതിനു ഞാൻ ഉദ്ദേശിക്കുന്നു. ഈ പരീക്ഷ നിർത്തലാക്കുന്നതിനുള്ള കാരണങ്ങൾ ഞാൻ പിന്നീടു പറയാം. ഈ പരീക്ഷയുടെ ഇപ്പോഴുള്ള സ്ഥിതിയിൽ നമുക്കു ഗുണമുണ്ടോ എന്നു പറയുമോ?

ദിവാൻ ബഹദൂർ കെ. വി. രാമസ്വാമി അയ്യങ്കാർ (ഫിനാൻസ് കമ്മിഷണർ): ഈ പരീക്ഷയുടെ സ്വഭാവത്തെപ്പറ്റി ചില അഭിപ്രായങ്ങൾ പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ പരീക്ഷയുടെ ഫലം എന്താണെന്നു ചോദിച്ചാൽ ഒന്നുമില്ലെന്നു പറയുന്നതു ശരിയല്ല. ഈ പരീക്ഷ കഴിഞ്ഞു പുറത്തുവരുന്ന വിദ്യാർത്ഥികളുടെ അനുഭവത്തിൽനിന്നു ഞാൻ പറയുന്നു. എന്നെ പോലെ ഒരു ഉദ്യോഗസ്ഥനെ തെരഞ്ഞെടുക്കുന്നതിനു പരീക്ഷ നടത്തുന്നതിനു പകരം ഏതെങ്കിലും ഒരു കോളേജിൽ രണ്ടുകൊല്ലം പഠിച്ചു ഡിഗ്രി വാങ്ങിയ ഒരാളെ തെരഞ്ഞെടുക്കുന്നതിനു ഞാൻ ഇഷ്ടപ്പെടുന്നു. ഈ പരീക്ഷ നിർത്തലാക്കുന്നതിനുള്ള കാരണങ്ങൾ ഞാൻ പിന്നീടു പറയാം. ഈ പരീക്ഷയുടെ ഇപ്പോഴുള്ള സ്ഥിതിയിൽ നമുക്കു ഗുണമുണ്ടോ എന്നു പറയുമോ?

ദിവാൻ ബഹദൂർ കെ. വി. രാമസ്വാമി അയ്യങ്കാർ (ഫിനാൻസ് കമ്മിഷണർ): ഈ പരീക്ഷയുടെ സ്വഭാവത്തെപ്പറ്റി ചില അഭിപ്രായങ്ങൾ പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): മിലാസ് ബോർഡിൽ എത്ര അദ്ധ്യാപകന്മാർ ഉണ്ടെന്നു പറയുമോ?

രാവുബഹദൂർ: കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പൽ): എനിക്കതുപറയുവാൻ നിവൃത്തിയില്ല.

തോന്നിയപോലെ ശമ്പളം കിട്ടിപ്പോട്ടെന്നെങ്കിലുപറയണമെന്നുള്ള എതിർപ്പിട്ടുള്ള സംഗതിയും ഇന്നു പ്രാധാന്യമുള്ള മാതിരിക്കുവാൻ ഞാൻ ശ്രമിക്കുന്നു.

ഇനി ഈ പ്രമേയത്തിൽ ഒടക്കിടിരിക്കുന്ന കാര്യത്തെപ്പറ്റി ഞാൻ പറയാം. ഞാൻ അല്പം മുമ്പുപറഞ്ഞതുപോലെ ശരിയായി സംഘടനചെയ്തിട്ടുള്ള ഒരു ബോർഡിലും അദ്ധ്യാപക പ്രതിനിധികളും ഉണ്ടായിരിക്കണമെന്നു ബോർഡു കമ്മിറ്റികളിലെല്ലാം നിയമിച്ചിട്ടുണ്ടെങ്കിൽ, പിന്നെയുള്ള സംഗതിയും നിസ്സാരമെന്നു പറയുവാൻ പാടില്ലാത്തതാണ്. ഈ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള രീതിയെപ്പറ്റിയും അഭിപ്രായം ആരായുന്നതിനുള്ള നിർദ്ദേശം ഞാൻ സ്വീകരിക്കുന്നതിനും എനിക്കു വിരോധമില്ല. എന്നാൽ പുറമേനിന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഇതിനെക്കാൾ വിശേഷമായ യാതൊരു രീതിയും ഞാൻ കണ്ടുപിടിച്ചിട്ടില്ല. നാമനിർദ്ദേശം ചെയ്യപ്പെടുന്നവരിൽ ആർട്ട്സ്, സയൻസ്, ലോ, പരീക്ഷകർ, ഇവരുടെ ചോദ്യകർത്താക്കൾ എന്നിവരെ ഒഴിച്ചുനിറുത്തുന്നതു ഏതു വിധത്തിലുള്ള പ്രതിഷേധങ്ങൾ ഉന്നയിക്കുന്നവരോടും സഹകരിക്കുവാൻ എനിക്കു ഒരു വിരോധവുമില്ല. അതുപോലെ ആരെങ്കിലുമുള്ള സംഗതി ഒന്നുകൂടി അന്വേഷിക്കുവാൻ എനിക്കു ഒരു വിരോധവുമില്ല. എന്നാൽ മിലാസ് സ്വയംഭരണാധികാരത്തിൽ പരീക്ഷകർമാരുടെ അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ട്. എന്നാൽ മിലാസ് സ്വയംഭരണാധികാരത്തിൽ പരീക്ഷകർമാരുടെ അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ട്. ചില ജൂഡീഷ്യൽ ഓഫീസർമാരുടെ പേരുകൾ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. പുറമേനിന്നു അതിനെ യോഗ്യതയുള്ള ആളുകളെ കിട്ടാത്തതുകൊണ്ടുമാത്രം അപ്രകാരം ചെയ്യുവാൻ നിവൃത്തിയില്ലാതെ വരുന്നതാണ്. താങ്കളെപ്പോലെ ബോർഡിനെ പുറമേനിന്നു ആരുമില്ലാത്ത കാര്യം ബോർഡംഗങ്ങൾക്കു മിലാസ് സ്വയംഭരണാധികാരത്തിനെ അഭിനന്ദിക്കാൻ ഇടയുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ബോർഡിനെ പ്രവൃത്തിയിൽ ശരിയായ വിശ്വാസം ഉണ്ടാക്കുന്നതിനാണ് പുറമേനിന്നു പരീക്ഷകന്മാരെ കൂടിൽ നിയമിക്കുന്നതിന്റെ ഉദ്ദേശം ഇതാണ്. അദ്ധ്യാപകന്മാർ മാത്രമുള്ള ഒരു ബോർഡിൽ മിലാസ് സ്വയംഭരണാധികാരത്തിനു വിശ്വാസം ഉണ്ടായിരിക്കുമെന്നു വിചാരിക്കുവാൻ തരമില്ല. അവരെ തൃപ്തിപ്പെടുത്തണമെങ്കിൽ ബോർഡിലും പുറമേനിന്നും ആളുകൾ ഉണ്ടായിരിക്കണം. അദ്ധ്യാപകന്മാരും ഉണ്ടായിരിക്കുന്നതുകൊണ്ടു യാതൊരു വിരോധവുമില്ല. ഹെഡ്മാസ്റ്റർമാരുടേയും അദ്ധ്യാപകന്മാരുടേയും സ്ഥാനത്തുനിന്നു നോക്കിയാൽ പ്രധാനപരീക്ഷകന്മാരെ സഹായപരീക്ഷകന്മാരെ ആയാൽ തൽഫലം അവശ്യം ഗുണകരമായിരിക്കുമെന്നുള്ള കാര്യം അഭിപ്രായമില്ലാത്തതായിരിക്കും. പരീക്ഷകന്മാരിൽ ഇരുപത്തിപ്പെട്ടത്തണ്ടിനു മുകളിൽ പ്രായമുള്ളവർ ഹെഡ്മാസ്റ്റർമാരും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുമായി വിദ്യാഭ്യാസപദ്ധതിയുടെ ശരിയായ പരിജ്ഞാനമുള്ളവരായിരിക്കുമെന്ന് അനുഭവംകൊണ്ടു അറിഞ്ഞിട്ടുള്ളതാണ്. ഇതു ഞാൻ ബോർഡിന്റെ അഗ്രാസനാധിപതിയായിട്ടും പ്രധാന പരീക്ഷകനായിട്ടും കണ്ടറിഞ്ഞിട്ടുള്ളതാണ്. സയൻസ്, ലോ പരീക്ഷകളുടെ കാര്യത്തിലും ഇതുതന്നെ ആണ് അനുഭവം. ബി. ഏ. ക്ലാസിൽ പഠിപ്പിക്കുന്ന പരീക്ഷകന്മാർ ഇന്റർമീഡിയറേഷ് ഉത്തരക്കടലാസുകൾ നോക്കുന്ന കാര്യത്തിൽ രണ്ടാംഗ്രേഡ് കോളേജുകളിൽനിന്നു നിയമിക്കുവരെ ഇന്റർമീഡിയറേറ് ക്ലാസുകളിൽമാത്രം പഠിപ്പിക്കുന്നവരെ അപേക്ഷിച്ചു പരീക്ഷകന്മാരെക്കാൾ അധികം ഭയമുള്ളവരാണ്; കൊഹസ്സൂർ അദ്ധ്യാപകന്മാരും ഹെഡ്മാസ്റ്റർമാരും സ്കൂൾഫൈനൽ വിദ്യാർത്ഥികൾ എഴുതുന്ന ഉത്തരങ്ങൾ ഒന്നാംക്ലാസ്സ് ഇന്റർമീഡിയറേറ് വിദ്യാർത്ഥികളുടെ ഉത്തരങ്ങൾപോലെ സമമായിരിക്കണമെന്നാണ് പ്രതീക്ഷിക്കുന്നതു്. പരീക്ഷകളിൽ ഭയങ്കരമായ തോൽവി ഉണ്ടാകുന്നതിനെപ്പറ്റി ആലോചിക്കുമ്പോൾ ഈ സംഗതി ഓർമ്മയിലിരിക്കണമെന്നു വെച്ചുമാത്രമാണ് ഞാൻ ഇതു പറയുന്നതു്, കൊഹസ്സൂരിൽമാത്രം പരിചയമുള്ള ആളുകളുമാത്രം കൊണ്ടു ബോർഡ് സംഘടിപ്പിച്ചാൽ—

മി: സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): ബോർഡ് സാമാജികന്മാരിൽ മൂന്നിലൊരു ശതമാനം ഹെഡ്മാസ്റ്റർമാരായിരിക്കണമെന്നല്ലാതെ എല്ലാവരും ഹെഡ്മാസ്റ്റർമാരായിരിക്കണമെന്ന പ്രമേയത്തിൽ ആവശ്യപ്പെട്ടതായിട്ടല്ലെന്നു മി: രങ്കസ്വാമിഅയ്യങ്കാരുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൽ): ബോർഡിലെ ഒന്നിലധികം പേരുപോരേണ്ടു. ഇതിന്റെ മൂന്നിലൊരു ശതമാനം അധ്യാപകരെന്നു എനിക്കു തോന്നുന്നു. പിന്നെ മൂന്നു ഇൻസ്പെക്ടർമാർ ഉണ്ട്. അവർക്കു കോളേജിലെ പരിചയം അശേഷം ഇല്ല. പിന്നീടുള്ള ആറും അഗ്രാസനാധിപതിയാണ്. അതുകൊണ്ടു അൻപതു ശതമാനം ആളുകൾ ഹെഡ്മാസ്റ്റർമാരായിരുന്നാൽ കോളേജിലെ പരിചയമുള്ള ഒരാളേപോലും ബോർഡിൽ നിയമിക്കാൻ കഴിയുകയില്ലെന്നു കണക്കുകൂട്ടിനോക്കിയാൽ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ് (ചിരി).

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങളും): പ്രമേയത്തിന്റെ അവസാനഭാഗത്തെപ്പറ്റി, അതായതു സഹകാര്യനിർവ്വാഹകസംഘങ്ങൾക്കു പ്രാതിനിധ്യം കൊടുക്കുന്നതിനെപ്പറ്റി മി: രങ്കസ്വാമിഅയ്യങ്കാർക്കു എന്തെങ്കിലും പറയുവാനുണ്ടോ?

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൽ): ഞാൻ അതിനെപ്പറ്റി പറയാൻ താല്പര്യപ്പെടുകയാണ്.

ബോർഡ് ഭരണകർത്തൃസ്ഥാനമായിരിക്കുന്നതു. അദ്ധ്യാപകരുമായിട്ടുള്ള പരിചയംകൊണ്ടും വിദ്യാഭ്യാസവിഷയങ്ങളിലുള്ള പരിജ്ഞാനംകൊണ്ടും കായ്യക്ഷമതയുള്ളവരെയാണ് ബോർഡിൽ പ്രതിനിധികളായി തിരഞ്ഞെടുക്കേണ്ടതു്. പ്രൈവറ്റുവിദ്യാലയങ്ങളുമായുള്ളവരായാലും ഗവണ്മെന്റു വിദ്യാലയങ്ങളിലുള്ളവരായാലും ഉത്തമന്മാരെ ആണ് ബോർഡിൽ ആവശ്യമുള്ളതു്. പ്രൈവറ്റുസ്ഥാപനങ്ങളിൽ നിന്നുമാത്രം ആളുകളെ ചേർത്തു സംഘടിപ്പിച്ചിട്ടുള്ള ഒരു ബോർഡ് എനിക്കു സങ്കല്പിക്കാൻ കഴിയും. പരീക്ഷകന്മാരായിരിക്കുവാൻ ഏറ്റവും യോഗ്യതയുള്ളവർ പ്രൈവറ്റുസ്ഥാപനങ്ങളിലാണുള്ളതെങ്കിൽ, വിദ്യാർത്ഥികളുടെ ഗുണത്തിനായി പരീക്ഷകന്മാരെയെല്ലാം സഹകാര്യസ്ഥാപനങ്ങളിൽ നിന്നുതന്നെ തിരഞ്ഞെടുക്കണം. ഗവണ്മെന്റു വിദ്യാലയങ്ങളിലുള്ളവരെക്കാൾ സാമർത്ഥ്യവും പരിചയവും ഉള്ളവരെ പ്രൈവറ്റുവിദ്യാലയങ്ങളിൽ നിയമിക്കുന്നുണ്ടുപൂർവ്വമായിരിക്കയില്ലെന്നു വിചാരിച്ചിരിക്കുന്നു എങ്കിൽ ആ വിദ്യാലയങ്ങളിൽനിന്ന് ആളുകളെ ബോർഡിൽ നിയമിക്കുന്നതു അഭിലഷണീയമല്ല. മോന്നിയവാസമായി ഒരു തൊഴിൽ നിശ്ചയിക്കുന്നതു നന്നല്ല. എന്നാൽ പ്രമേയം ഹാജരാക്കിയ ആളു

ന്റെ ഉദ്ദേശം ഹൈസ്കൂൾ അദ്ധ്യാപകന്മാരെ ബോർഡിൽ പ്രാതിനിധ്യംകൊടുത്തു. എല്ലാ വിഷയങ്ങളിലേയും പരീക്ഷാകൃത്തിൽ അവരെ പരിചയിപ്പിക്കണമെന്നാണെങ്കിൽ, അതു നല്ലതുതന്നെ. എന്തെന്നാൽ അങ്ങനെ ചെയ്യാൽ ഏതുതൊതിനനസരിച്ചുള്ള ശമ്പളം പറ്റിപ്പിക്കേണ്ടതെന്ന് അവർക്ക് അറിവുണ്ടാകും. എനിക്കുമറ്റൊട്ട വളരെ സഹതാപമുണ്ട് എന്നാൽ അമ്പതു ശതമാനം ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരായിരിക്കണം, എൻപതുശതമാനം ഹൈസ്കൂൾ അദ്ധ്യാപകന്മാരായിരിക്കണമെന്നും ഒരു കണക്കു കൂടിപ്പറഞ്ഞിരുന്നുവെന്നാൽ പിന്നീടു പല പ്രയാസങ്ങളും നേരിടും.

മി. എ. ജെ. ജോൺ (തൈക്കൂടം): ബോർഡ് മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കഴിയുകയില്ലയോ?

റാവുബഹദൂർ കെ. വി. കൃഷ്ണസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): മെമ്പർമാർ ഈ ധികമുള്ള ഒരു ബോർഡിനെ അതിന്റെ ജോലിക്കും വേഗത്തിൽ ചെയ്യാൻ സാധിക്കയില്ല. അതിന്റെ പ്രവൃത്തികളും രഹസ്യമായിരിക്കയുമില്ല. മദ്രാസ് സംസ്ഥാനത്തിൽ ചരിത്രത്തിലും സംസ്കൃതികശാസ്ത്രത്തിലും സൂപ്പോളുടെയുമ്മുകളും ഉണ്ടാക്കുന്നതിന് അഞ്ചു പരീക്ഷകന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഡി. സി. പി. തോമസ് (ഗവണ്മെൻറ് നിയമനം): ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം പരീക്ഷകളുടെ ചോദ്യം വഹിക്കുന്നതു പരീക്ഷാബോർഡും പ്രധാന പരീക്ഷകന്മാരുടെ ജോലിയാണോ എന്നു മെമ്പർ പറയുമോ?

റാവുബഹദൂർ കെ. വി. കൃഷ്ണസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): മി. തോമസ് പൂർണ്ണമായും ശരിയായി ഗ്രഹിച്ചിട്ടില്ലെന്നു തോന്നുന്നു. ബീജഗണിതത്തിൽ പ്രധാന പരീക്ഷകനായിരിക്കുന്ന ഒരാൾ ബോർഡ് മെമ്പർ ആയിരുന്നാൽ അയാൾക്ക് ആ വിഷയത്തിലുള്ള ചോദ്യക്കടലാസ്സിനെപ്പറ്റി പൂർണ്ണ വിവരം ഉണ്ടായിരിക്കും. ചോദ്യങ്ങൾ രഹസ്യമായി വയ്ക്കുന്നതിനെപ്പറ്റി പറയുകയാണെങ്കിൽ, ഇ. എസ്. എൽ. സി. പരീക്ഷയ്ക്കും വി. എസ്. എൽ. സി. പരീക്ഷയ്ക്കും ഒരേ ചോദ്യക്കടലാസല്ല. അനേകം ചോദ്യക്കടലാസുകൾ ഉണ്ടാകും. ഇതിനെ സംബന്ധിച്ച് ഇപ്പോഴത്തെ വ്യവസ്ഥ നല്ലതുതന്നെയാണ്. സാമർത്ഥ്യമുള്ളവരെക്കൊണ്ട് ആലോചിക്കണമെന്നുള്ള ഏർപ്പാടുനിമിത്തം ക്രമക്കേടുകൾ ഉള്ളതു നീങ്ങിപ്പോകുന്നു. ഈ വ്യവസ്ഥ ഉത്തമമായ ഒന്നാണ്, അതുനിമിത്തം പല ന്യൂനതകൾക്കും പരിഹാരം ഉണ്ടാകുന്നു.

എനിക്കു പറയുവാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. സമയംകഴിഞ്ഞതുകൊണ്ട് ഇതിലധികമൊന്നും എനിക്ക് ഒന്നും പറയുവാനില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഈ വിഷയത്തെപ്പറ്റി മിസ്റ്റർ കൃഷ്ണസ്വാമിഅയ്യങ്കാർ പറഞ്ഞതെല്ലാം എനിക്കു കേൾക്കുവാൻ കഴിഞ്ഞില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. സ്കൂൾ ഫൈനൽ പരീക്ഷ ജയിക്കുന്നവരിൽ ശരിപക്ഷവും സ്വീകരിക്കുവാൻ വിദ്യാഭ്യാസത്തിനു പോകുന്നു എന്നു അദ്ദേഹം പറഞ്ഞു എന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ എന്റെ അനുഭവവും ഈ സംസ്ഥാനത്തെ ഹൈസ്കൂൾ വിദ്യാർത്ഥികളെപ്പറ്റി എനിക്കുള്ള അറിവും നേരെ മറിച്ചാണ്. വിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തിലധികം പേർ കോളേജ് വിദ്യാഭ്യാസത്തിനു പോകുന്നില്ലെന്നാണ് ഞാൻ അറിയുന്നത്.

റാവു ബഹദൂർ കെ. പി. കൃഷ്ണസ്വാമി അയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): ശതമാനം പറഞ്ഞതു ജയിച്ച വിദ്യാർത്ഥികളുടെതാണോ തോറ്റവിദ്യാർത്ഥികളുടെതാണോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കോളേജ് പ്രവേശനത്തിന്നർഹതയുള്ള വിദ്യാർത്ഥികളെപ്പറ്റിയാണു ഞാൻ പറയുന്നത്. അവർക്കെല്ലാം പ്രവേശനം നൽകുവാൻ തക്കവണ്ണമുള്ള ധനം നമുക്കില്ല. ഏതായാലും അതു ഗവണ്മെൻറ് സർവീസിൽ പ്രവേശനം ലഭിക്കാനുള്ള ഒരു പരീക്ഷമാത്രമാണ്. കൂടാതെ അതുഹൈസ്കൂളിൽ അവരെ പഠിപ്പിച്ചിട്ടുള്ള വിഷയങ്ങളെല്ലാം അവർ തൃപ്തികരമായവണ്ണം പഠിച്ചിട്ടുണ്ടോ എന്നു അറിയാനുള്ള ഒരു പരീക്ഷയും ആകുന്നു. അതു കൊണ്ട് അവരുടെ പാഠപദ്ധതി പ്രകാരമെല്ലാം അവർ ശരിയായി പഠിച്ചിട്ടുണ്ടോ എന്നറിയാൻ ബോർഡിൽ ചില ഹെഡ്മാസ്റ്റർമാരെയും അദ്ധ്യാപകന്മാരെയും കൂടി ബോർഡ് മെമ്പർമാരായി നിയമിക്കുന്നതു ഉചിതമായിരിക്കും. ശതമാനത്തിന്റെ കാര്യത്തിൽ ഞാൻ മിസ്റ്റർ ജോണിനോടു യോജിക്കുന്നില്ല. പ്രമേയം ഇപ്പോൾ രചിച്ചിരിക്കുന്ന രീതി നോക്കിയാൽ വിദ്യാഭ്യാസവകുപ്പിലുള്ള എല്ലാവരെയും, ഉദാഹരണമായി, മലയാളം നല്ലപോലെ അറിയുന്നവരേയും അതിൽ ഉൾപ്പെടുത്തുകയുമുണ്ടായി. അതിനില്ല എന്നുമാത്രമല്ല, പ്രധാനപരീക്ഷകന്മാരായി ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർമാരെയും പെർണാക്കുലർ സ്കൂൾ ഹെഡ്മാസ്റ്റർമാരെയും നിയമിക്കുന്നതിനു മാത്രമേ പ്രമേയത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളു. മറ്റുള്ള അദ്ധ്യാപകന്മാർക്കും അതിനുള്ള സൌകര്യം ഉണ്ടായിരിക്കണമെന്നതാണ്. സ്കൂൾ ഫൈനൽ പരീക്ഷ സർവകലാശാല വിദ്യാഭ്യാസത്തിനു യോഗ്യതയുണ്ടോ എന്നു നിർണ്ണയിക്കാനുള്ള ഒരു പരീക്ഷമാത്രമല്ല, പാഠപദ്ധതിപ്രകാരം പഠിക്കാനുള്ള മുഴുവനും അദ്ധ്യേതാക്കൾ തൃപ്തികരമാംവണ്ണം പഠിച്ചു തീർത്തിട്ടുണ്ടോ എന്നു നിർണ്ണയിക്കുന്നതുള്ള ഒരു പരീക്ഷയും കൂടിയാണ്. എന്നാണു ഞാൻ പറയുന്നത്. അതുകൊണ്ടു ബോർഡിൽ ഒരു ക്ലപ്തശതമാനം ഹെഡ്മാസ്റ്റർമാരെയും കൂടി നിയമിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇപ്രകാരം തന്നെ പ്രധാന പരീക്ഷകന്മാരുടെ കാര്യത്തിലും, പരിചയമുള്ള ഹെഡ്മാസ്റ്റർമാരേയും സഹായാദ്ധ്യാപകന്മാരേയും കൂടി പ്രധാനപരീക്ഷകന്മാരായി നിയമിക്കേണ്ടതാണ്. സഹായ പരീക്ഷകന്മാരായി ഏതുതരം സ്കൂളുകളിലെയും അദ്ധ്യാപകന്മാരെ നിയമിക്കാവുന്നതായിരിക്കണം. ഇതാണ് എന്റെ അഭിപ്രായം; മിസ്റ്റർ ജോണിന്റെ പ്രമേയത്തിൽ പ്രധാനമായി പറഞ്ഞിട്ടുള്ള ചില കാര്യങ്ങളിൽ ഞാൻ യോജിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാട്ടുഭാഷാ സ്കൂൾ പരീക്ഷകന്മാരുടെ ബോർഡിൽ ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർമാരെ നിയമിക്കുന്നതിനുള്ള ന്യായം എന്താണെന്നു പറയുമോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ അങ്ങനെയൊന്നും പറയുന്നില്ല, അതുകൊണ്ടാകുന്ന പ്രമേയത്തിലെ എല്ലാ സംഗതികളെയും ഞാൻ അനുകൂലിക്കുന്നില്ല എന്നു പറഞ്ഞത്. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യങ്കാരുടെ വാദം...

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ പണിക്കർ വാദത്തിന്റെ ഗതി വിസ്മരിച്ചിട്ടുള്ളതായി തോന്നുന്നു. സമയവുമായി.

അദ്ധ്യക്ഷൻ: നമുക്ക അഞ്ചേകാൽ മണിവരെ ഇരിക്കാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരുടെ പ്രസംഗത്തെ ഞാൻ വിഷ്കരിച്ചിട്ടുണ്ടായിരുന്നു എന്നാണ എന്റെ വിശ്വാസം.

ഈ കാരണങ്ങളാൽ പ്രമേയ തത്വത്തെ ഞാൻ അനുകൂലിക്കുന്നു, എന്നാൽ അതിൽ അടങ്ങിയിട്ടുള്ള എല്ലാകാര്യങ്ങളേയും ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സ്ക്കാർ ബങ്കിൽ): സഭ അഞ്ചുമണിക്കു പിരിയണമെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള ആഗ്രഹിക്കുന്നു എന്നു തോന്നുന്നു.

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥരംഗംബർക്ക കുറച്ചു സമയത്തിനു കൂടി അവകാശമുണ്ട്.

മി: വി. സുബ്ബയ്യർ (ഗവർണ്മെന്റു നിയമനം ഉപാദ്ധ്യക്ഷൻ): അതു ബഡ്ജറ്റിന്റെ കാര്യത്തിലാണ്, പ്രമേയങ്ങളുടെ കാര്യത്തിലല്ല.

അദ്ധ്യക്ഷൻ: പ്രമേയത്തെ സംബന്ധിച്ചു ഉദ്യോഗസ്ഥരംഗംബർ മറുപടി പറഞ്ഞു കഴിഞ്ഞതു കൊണ്ടും പ്രസംഗിക്കാൻ വേറെ ആരും ഇല്ലാത്തതു കൊണ്ടും ഈ വാദം ഇന്നു തന്നെ അവസാനിപ്പിക്കുകയാണ് ഉത്തമമെന്നു ഞാൻ വിചാരിക്കുന്നു.

മി. എ. ജെ. ജോൺ (തൈക്കം): ഉദ്യോഗസ്ഥരംഗംബർ പ്രമേയത്തിന്റെ തത്വം സ്വീകരിക്കയും തൊസ്ക്കുള്ളകാര്യങ്ങൾക്കു മതിയായ പ്രാതിനിധ്യം കൊടുക്കുമെന്നു പറയുകയും ചെയ്തതു കൊണ്ടു ഞാൻ പ്രമേയം പിൻവലിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (അർട്സ് കോളെജ് പ്രിൻസിപ്പൽ): മിസ്റ്റർ ജോൺ പറഞ്ഞ എല്ലാ സംഗതികളും ഞാൻ സ്വീകരിക്കുന്നില്ല. അദ്ധ്യക്ഷനുൾപ്പെടെ എല്ലാവർക്കും ഉണകരമായ വിധത്തിൽ പ്രാതിനിധ്യം കൊടുക്കുന്ന കാര്യം ഗവർണ്മെന്റിന്റെ മനസ്സിൽഉണ്ടായിരിക്കും. ഉദ്ദ്യോഗസ്ഥരുള്ള എൻറ അഭിപ്രായം ഞാൻ പ്രകടിപ്പിച്ചുതേയുള്ളൂ. ഇതു കൊണ്ടു മിസ്റ്റർ ജോൺതൃപ്തിപ്പെടുമെങ്കിൽ പ്രമേയം പിൻവലിക്കാവുന്നതാണ്.

മി: എ. ജെ. ജോൺ (തൈക്കം): പ്രമേയം ഞാൻ പിൻവലിക്കുന്നു.

പ്രമേയം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ ൭൫൯ മണിക്കു വീണ്ടും കൂടുന്നതുമാണ്.

സഭ തൈക്കുന്നേരം ൫.൫ മണിക്കു പിരിഞ്ഞു.

പി. എൻ. കുഞ്ഞുപിള്ള (ഒപ്പു).
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ചോദ്യോത്തര സഭ.

൧൯൨൬-ൽ ജനുവരി യോഗം.

അഡിഷ്യനൽ റിപ്പോർട്ട്.

൧൯൨൬ ഡിസംബർ ൩-ാംനു൨ ൧൯൨൬ വൃശ്ചികം ൨൦-നു തിങ്കളാഴ്ച.

സഭ പകൽ ൧൧-൩൪ മണിക്ക വിക്ടോറിയാ ജൂബിലിടൗൺ ഹാളിൽ വീണ്ടും യോധംകൂടി. ദിവാൻ എം. ഇ. വാട്സ് എസ്ക്വയർ, ബാരിസ്റ്റർ ആറ്റ്ലാ അഡ്രസനധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

വാരക്ലസ്റ്റൻ ഡിപ്പോ അസിസ്റ്റന്റ സൂപ്രണ്ടായി യോഗ്യതയുള്ള ഒരാളെ നിയമിക്കുന്ന കാര്യം.

൯൩൨. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വാരക്ലസ്റ്റൻഡിപ്പോ സൂപ്രണ്ടിന്റെ അസിസ്റ്റന്റ തവെല്യസംബന്ധമായ യോഗ്യതയുള്ള ഒരുകുടുബത്തിനും ഗോവസൂരിപ്രയോഗത്തിനുള്ള ഔഷധം തയ്യാറാക്കുന്നതിനു ശാസ്ത്രീയ അഭ്യസനം അഭ്യാവ്യമാണെന്നും ഗവണ്മെന്റിനു അറിയാമോ? ആ ഉദ്യോഗത്തിനു അതിനെ സംബന്ധിച്ചു പ്രത്യേക ശാസ്ത്രീയ പരിജ്ഞാനം ഉള്ള ഒരു തവെല്യരെ നിയമിക്കേണ്ടതാണെന്ന സാധിട്ടറി കമ്മിഷണറുടെ ശിപാർശ ഗവണ്മെന്റിനു കിട്ടീട്ടുണ്ടോ?

മി. പി. എൻ കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി). വാരക്ലസ്റ്റൻഡിപ്പോവിൽ ജോലിചെയ്യുന്ന സാധിട്ടറി സക്കിം ഓഫീസർ തവെല്യംസംബന്ധിച്ചു യോഗ്യതയുള്ള ഒരാളായിരിക്കണമെന്ന സായിട്ടറികമ്മിഷണർ ഗവണ്മെന്റിലേക്ക ശിപാർശ അയച്ചിട്ടില്ല. ഈ കാര്യത്തെപ്പറ്റി ഗവണ്മെന്റ ആലോചിക്കും.

സ്ത്രീകളും മദ്യശാപ്പുകളും.

൯൩൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-തെടുമങ്ങാടും): (എ) മദ്യശാപ്പുകളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം വിരോധിക്കുന്നതിനെന്തെങ്കിലും സ്ത്രീകൾക്ക മദ്യംവിളമ്പുന്നതിനെയും അതിനുവേണ്ടി യിരുത്തുചെയ്യുന്നതിനെയും അഭിലഷണീയമായപ്പറ്റി ഗവണ്മെന്റ ആലോചിച്ചിട്ടുണ്ടോ?

(ബ) സ്ത്രീകൾക്ക കുടിക്കുപകരം മദ്യംകൊടുക്കാവുന്നതുള്ള സംഗതിയെപ്പറ്റി ഗവണ്മെന്റിനു അറിവുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (എ) കള്ളുഷാപ്പുകൾ നടത്തുന്നതു സാധാരണയായി ഒരു കുടുംബകാര്യമായിട്ടാണ്. അതുകൊണ്ടു ഷാപ്പുകളിൽ സ്ത്രീകൾ കയറുന്നതു പരയുന്നതു ഷാപ്പിനെ സ്ഥാനാക്ക സങ്കടമായിരിക്കും. ശമ്പളംകൊടുത്തു ആളുകളെനിയമിച്ചു ഷാപ്പുകൾ നടത്തുന്നതിനു സാധാരണയായി അയർ പ്രാപ്തിയുള്ളവരല്ലല്ലോ.

വയലുകളിൽ രജാചിചെയ്യുന്ന സ്ത്രീകൾക്ക കള്ളുവിൽക്കുന്നതിനു കള്ളിക്കുന്നതും അവർക്ക സങ്കടമുണ്ടാക്കുന്ന ഒരു സംഗതിയാണ്. എന്തെന്നാൽ അവർ കള്ളുകുടിക്കുന്നതു ഒരു ലഘുവിനോദനമായിട്ടല്ല, ക്ഷീണമോ പാനീയമോ ആയിട്ടാകുന്നു. എന്നുമാത്രമല്ല, അരാധാരൻ കള്ളു അനുവാദപത്രം കൂടാതെ കൈവശം വെക്കയോ കടത്തിക്കൊണ്ടുപോകയോ ചെയ്യാൻ ചട്ടങ്ങളാൽ അനുവദിക്കുന്നുകൊണ്ടു ഒരു നിരോധനകല്പന ഫലത്തിൽകൊണ്ടുവരുവാൻ സാധിക്കയില്ല. അതുകൊണ്ടു മേമ്പറഞ്ഞതിൻറെ അഭിപ്രായം അഭിലഷണീയമായി ഗവണ്മെന്റ വിചാരിക്കുന്നില്ല.

(ബ) മറുപടി നിഷേധത്തിലാണ്.

ആധാരങ്ങൾ താമസംവിനാതന്നെ രജിസ്റ്റർചെയ്യുന്നതിനെപ്പറ്റി.

൯൩൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (എ) പതിവിൻപ്രകാരമുള്ള ഗ്രാമസ്ഥന്മാരോടുകൂടി ഒരു സബ്ബ്രജിസ്ട്രാർ തനിക്കും തൻറെ ഗ്രാമസ്ഥന്മാർക്കും അതിപ്രയത്നംകൂടാതെയും കഷ്ടിക്കാതെ അദ്ധ്വാനശക്തിയും വരാതെയും ഒരാണ്ടിൽ രജിസ്റ്റർചെയ്യുമെന്ന പ്രതീക്ഷിച്ചിട്ടുള്ള ആധാരങ്ങളുടെ കൂട്ടത്തിൽ എണ്ണം എത്രയാണെന്ന ഗവണ്മെന്റ ദയവായി പറയുമോ?

(ബ) ആറുമാസത്തിനുള്ളിൽ ആ സംഖ്യയിൽ പകുതിയിലധികം ആധാരങ്ങൾ രജിസ്റ്റർചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കൂടുതൽസബ്ബ്രജിസ്ട്രാർമാരെയോ സബ്ബോ സബ്ബ്രജിസ്ട്രാർമാരെയോ നിയമിക്കണമെന്ന ഉത്തരവാകുന്നതു അഭിലഷണീയമല്ലയും എന്ന ഗവണ്മെന്റ ദയവായി ആലോചിക്കുമോ?

(സ) സബ്ബ്രജിസ്ട്രാർ ആഫീസുകളിൽ മിനപ്രതി രജിസ്റ്റർചെയ്യാൻ സ്വീകരിക്കുന്ന ആധാരങ്ങളുടെ എണ്ണം ഫാഴരാക്കുന്ന ആധാരങ്ങളുടെ എണ്ണത്തെക്കാൾ വളരെ കുറവാണെന്ന ഗവണ്മെന്റിനറിവുണ്ടോ?

ദി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ) അല്പം ആറം ഏഴും ഗ്രാമസ്ഥന്മാരുള്ള മൂന്നു താലൂക്ക സബ്ബ്രജിസ്ട്രാർ ആഫീസുകൾ ഉണ്ട്. സാധാരണ സന്ദർഭങ്ങളിൽ അവിടെ ൫൦൦൦, ൪൦൦൦, ൩൦൦൦ ഇങ്ങനെ ആധാരങ്ങൾ രജിസ്റ്റർചെയ്യാം.

(ബ) ഇക്കാര്യത്തിൽ ഗവണ്മെന്റ ഒരന്വേഷണം നടത്തും.

(സ) മറുപടി നിഷേധത്തിലാണ്.

കുഷ്ഠാസ്പത്രിമാറ്റി പ്രതിഷ്ഠിക്കുന്നകാര്യം.

൯൩൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (എ) ഈയുമ്പാനയുള്ള കുഷ്ഠരോഗാസ്പത്രിയുടെ അയൽപ്രദേശങ്ങളിൽ കുഷ്ഠരോഗം വ്യാപിക്കുന്നില്ലയോ എന്ന ഗവണ്മെന്റ ദയവായി ഒരു റിപ്പോർട്ട വന്നതി മേശപ്പുറത്തു വയ്ക്കുമോ?

(ബ) ആ ആസ്പത്രി അവിടെ സ്ഥാപിച്ചകാലത്തു കുഷ്ഠരോഗം ഈ പകർച്ചവ്യാധം അല്ലെന്നായിരുന്നു വിശ്വാസം എന്നുള്ള സംഗതി ഗവണ്മെന്റിനറിവുണ്ടോ?

(സ) ഈ രോഗം പകരുന്നതാണെന്നും ആസ്പത്രി പട്ടണത്തോടടുത്താണെന്നും വേണ്ടുകൊണ്ടുള്ള അവിടെ കൂടിക്കാനും കൂളിക്കാനും വെള്ളം കിട്ടുകയില്ലെന്നും കുഷ്ഠരോഗികളുടെ വാസസ്ഥലമാക്കാൻ അവിടം ആകപ്പാടെ തികയുകയില്ലെന്നും ഉള്ള സംഗതികൾ ആലോചിച്ചു കുഷ്ഠരോഗികളുടെ പാർപ്പിനായി തക്ക ഒരു സ്ഥലം ജനബാഹുല്യം ഉള്ള സ്ഥലത്തു നിന്നു കുറെ ദൂരെ എവിടെയെങ്കിലും ഗവണ്മെന്റ ദയവായി തിരഞ്ഞെടുക്കുമോ?

മി. പി. എൻ. കുഞ്ഞപിള്ള (ഗവണ്മെൻറ്സെക്രട്ടറി): (എ) ഉദ്ദേശിക്കുന്ന കിഷ്കാസ്സുതിയുടെ സമീപസ്ഥലങ്ങളിൽ കിഷ്കുരോഗം വ്യാപിക്കുന്നില്ല എന്ന് അന്വേഷണംകൊണ്ടു കിട്ടിട്ടുള്ള അറിവു.

(ബി) രോഗം അല്പമായിട്ടെ പകരുകയുള്ളു എന്നായിരുന്നിരിക്കാം അന്നത്തെ വിശ്വാസം.

(സി) കുന്നത്തൂർതാലൂക്കിൽ കടമൺപകുതിയിൽ കിഷ്കുരോഗികൾക്ക ഒരു വാസസ്ഥലം ഉണ്ടാക്കുന്നതിനും ആലോചനയിലെ ഇരിക്കുന്നു.

മാവേലിക്കര പന്തളംറോഡിൽനിന്നു കുന്നത്തൂർചന്തയിലേക്കുള്ള ഗ്രാമറോഡു വണ്ടിപ്പാതയാക്കുന്നതിനെപ്പറ്റി.

൩൭. മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളിയും): (എ) മാവേലിക്കര പന്തളം റോഡ് രണ്ടാംതരമായിൽനിന്നു കുന്നത്തൂർചന്തയിലൂടെ പോകുന്ന ഗ്രാമറോഡ് ഒരു വണ്ടിപ്പാതയാക്കണമെന്നും റോഡ് ഓവർ വടക്കേയറ്റത്തു കൃഷിക്കു പ്രയോജനമായ ഒരു കലുങ്കുപണിയണമെന്നും ഇവരെക്കര താഴക്കരി ഇവിടങ്ങളിലേയും മാവേലിത്തെരുവിലേയും അടുത്തുള്ള മറ്റുപ്രദേശങ്ങളിലും നാട്ടുകാരുടെ ഇടയിലുണ്ടായിട്ടുള്ള അഭിപ്രായങ്ങളിൻപ്രകാരം ഗവണ്മെൻറ് എന്തു പ്രവർത്തിച്ചു എന്നു മനസ്സിലാക്കി പറയുമോ?

(ബി) ആ റോഡും കലുങ്കും ഇല്ലാത്തതുകൊണ്ടു ജനങ്ങൾ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളെപ്പറ്റി ഗവണ്മെൻറിനു അറിവുണ്ടോ?

(സി) ആവശ്യമുള്ളതാണെങ്കിൽ വേഗത്തിൽ ചെയ്യിക്കണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ്സെക്രട്ടറി): (എ) റോഡു കീഴ്കോടതിക്കുവേണ്ടി വക്കേറ്റുകൾക്കു ഉപയോഗമില്ലാത്തതുമാണെന്നു റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. അപ്പിടെ ഒരു കലുങ്കു കെട്ടുന്നതും അത്യാവശ്യമല്ലെന്നു റിപ്പോർട്ടു കിട്ടിട്ടുണ്ട്.

(ബി) ചീഫ്എൻജിനീയർക്കു ഒരു കത്തു കിട്ടിട്ടുണ്ട്. എന്നാൽ ഗവണ്മെൻറ് കീഴ്വിനേൽ ആ റോഡു വണ്ടിപ്പാതയാക്കുന്നതിനോ കലുങ്കു കെട്ടിക്കുന്നതിനോ ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെടാവന്നിട്ടില്ല.

(സി) രണ്ടാംകാര്യത്തിൻറെ മറുപടിക്കാര്യം ഇതിനു മറുപടി ആവശ്യമില്ല.

തേയിലകൃഷിചെയ്യുന്ന ഭൂമികളും.

൩൮. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ സംസ്ഥാനങ്ങളിലെ തേയിലകൃഷിയെസംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറ് മുമ്പായി അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ?

(എ) ഈ സംസ്ഥാനങ്ങളിലെ തേയിലകൃഷിക്കു പതിച്ചുകൊടുക്കുന്നതിനായി ഗവണ്മെൻറ് തീർച്ചപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണം.

(ബി) തേയിലകൃഷിക്കു പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണം.

(സി) ഈ സംസ്ഥാനങ്ങളിലെ തേയിലകൃഷിക്കു പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾ തിരുവിതാംകൂർകാർക്കോ തിരുവിതാംകൂറിൽ സ്ഥാപിച്ചിട്ടുള്ള കമ്പനികൾക്കോ ഉടമസ്ഥാവകാശമുള്ള ഭൂമിയുടെ വിസ്തീർണ്ണവും യൂറോപ്യന്മാർക്കോ യൂറോപ്പിൽ സ്ഥാപിച്ചിട്ടുള്ള കമ്പനികൾക്കോ ഉടമസ്ഥാവകാശമുള്ള ഭൂമിയുടെ വിസ്തീർണ്ണവും.

(ഡി) തേയിലകൃഷിക്കു പതിച്ചുകൊടുത്തിട്ടുള്ളതിൽ കൃഷിചെയ്യാതെ കിടപ്പുള്ള ഭൂമിയുടെ വിസ്തീർണ്ണം.

(ഇ) (എ) ഭാഗത്തിൽപറഞ്ഞ ഭൂമിയിൽ പതിച്ചുകൊടുക്കാതെ മാറ്റിവെച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം.

(എഫ്) (എ) ഭാഗത്തിൽ പറഞ്ഞ ഭൂമി താഴെപറയുന്ന സാധനങ്ങളിൽ ഏതെങ്കിലുമൊന്നോ അതിലധികമോ കൃഷിചെയ്യാൻ കൊള്ളാമോ? ഉദ്ദേശിക്കുന്നു, മുന്തിരിങ്ങ, റബ്ബർ, വാഴ, നേന്ത്രവാഴ, കാപ്പിൽ, മരച്ചീനി, മലരനല്ല, ചോളം, പഞ്ഞപ്പുല്ല, പയർ, മുതിര, ഉഴുന്നു, ഉള്ളി, പരിപ്പു.

(ജി) തേയിലകൃഷിക്കായി പതിച്ചുകൊടുക്കുന്നസ്ഥലത്തു വേറെ കൃഷികൾ ചെയ്യുവാൻ ഗവണ്മെൻറ് അനുവദിക്കാറുണ്ടോ?

(എച്ച്) (ജി) ഭാഗത്തിൻറെ മറുപടി നിഷേധത്തിലാണെങ്കിൽ അങ്ങനെയുള്ള നിരോധം എടുത്തുകളയുന്നതിൻറെ അഭിലഷണീയതയെപ്പറ്റി ഗവണ്മെൻറ് മുമ്പായി വിചാരിക്കുമോ?

(ഐ) തേയിലകൃഷിക്കു പതിച്ചുകൊടുത്തിട്ടുള്ളതൊ പതിച്ചുകൊടുക്കാവുന്നതോ ആയ ഭൂമികളെ സംബന്ധിച്ചു സാധാരണ പുതുവൺഭൂമികൾക്കില്ലാത്ത വല്ല ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കാറുണ്ടോ?

(ജെ) റിസർവ്വനങ്ങളിൽനിന്നും തേയിലകൃഷിക്കായി ഇനിയും സ്ഥലങ്ങൾ വിട്ടുകൊടുക്കുന്നതു അഭിലഷണീയമോ അല്ലയോ എന്നു ഗവണ്മെൻറ് അന്വേഷണം നടത്തിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ്സെക്രട്ടറി): (എ) തേയിലകൃഷിക്കായി ഭൂമികൾ പ്രത്യേകം തരംതിരിച്ചു വെച്ചിട്ടില്ല.

(ബി) ഫ്രീഹോൾഡ് ഏക്കർ.

(സി) (എ) തിരുവിതാംകൂർകാരോ തിരുവിതാംകൂറിൽ സ്ഥാപിച്ചിട്ടുള്ള കമ്പനികൾക്കോ ഉള്ള ഭൂമി ൪,൯൩൯ ഏക്കർ.

(ഡി) യൂറോപ്യന്മാർക്കോ യൂറോപ്പിൽ സ്ഥാപിച്ചിട്ടുള്ള കമ്പനികൾക്കോ ഉള്ള ഭൂമി ൯,൦൬൩ ഏക്കർ.

(ഇ) ട്രിട്ടീഷ് ഇൻഡ്യൻപ്രജകൾക്കുള്ളഭൂമി നൂറ്റി ൭ ഏക്കർ.

(ഡി) ൯,൯൪,൦൬൩ ഏക്കർ.

(ഇയും എഫ്-ഉം) (എ) ഭാഗം മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു സംഗതിയില്ല.

(ജി) തേയിലകൃഷിക്കു പതിച്ചുകൊടുക്കുന്ന ഭൂമികളിൽ വേറെ സാധനങ്ങൾ കൃഷിചെയ്യാം. പതിച്ചുകൊടുക്കുന്ന ഭൂമിയിൽ ഏതെങ്കിലും ഭാഗത്തു ഏലമൊ റബ്ബറോ കുടുതൽ കൂടുതൽ കരം കൊടുക്കേണ്ടുന്ന മറേതെങ്കിലും സാധനമോ കൃഷിചെയ്യാൽ അങ്ങനെയുള്ള സാധനം കൃഷിചെയ്യുന്നതിനുള്ള പ്രത്യേകകരം ആ ഭാഗത്തിനും ചുമത്താൻ ഗവണ്മെൻറിനു അധികാരമുണ്ടു.

(എഫ്) (ജി) ഓണം മൊറട്ടോറിയംകൊണ്ടു ഈ ചോദ്യത്തിന്നു സംഗതിയില്ല.

(ഐ) ആദ്യത്തെ രണ്ടുവർഷത്തിനുള്ളിൽ പലിശകൂടാതെയിൽ വായ്പകൊടുത്തതിൽ വായ്പക്കാരൻ മരിച്ചുകുടിശ്ശിക വന്നിട്ടുണ്ടെങ്കിൽ മൂന്നുവർഷത്തേക്കു കരം കൊടുക്കണമോഎന്നു തീയിലുകൂടി ഞാനുള്ളപ്പോൾ അന്വേഷിച്ചിട്ടുണ്ടു. മലകളിൽ ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ ഇങ്ങനെ ഞാനുള്ളപ്പോൾ അന്വേഷിച്ചിട്ടുള്ളതു.

(ജെ) മൊറട്ടോറിയം നിലവിലുണ്ട്.

കൃഷിയും വ്യവസായവും ഡിപ്പാർട്ടുമെൻറുകളിലെ കീഴുദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള റിപ്പോർട്ടുകൾ.

സൻ, മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവൺമെന്റു മേടം ഫോറസ്റ്റ് കോടതികൾ കൃഷിയും വ്യവസായവുംഡയറക്ടർമാർ തങ്ങളുടെ എതു കീഴുദ്യോഗസ്ഥന്മാർക്കു വിരോധമായി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ചോദിച്ചുവിവരം സംഗതിമുകയാൽ എതുകീഴുദ്യോഗസ്ഥന്മാർക്കു വിരോധമായി കൃഷിയും വ്യവസായവും ഡയറക്ടറന്മാർ റിപ്പോർട്ടുചെയ്തിട്ടുണ്ടെന്നു പറവാൻ തയ്യാറില്ല

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റിപ്പോർട്ടു സ്വകാര്യമാണെന്നുള്ള സംഗതി വിട്ടിട്ടു ഇങ്ങനെയുള്ള റിപ്പോർട്ടുകളിന്മേൽ നടപടി വരുത്തുവാൻ പ്രവർത്തിക്കുന്നതിനുമുമ്പായി റിപ്പോർട്ടുചെയ്യപ്പെട്ട ഉദ്യോഗസ്ഥനു സമാധാനം പറവാൻ അവസരം കൊടുക്കാറുണ്ടോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): സന്ധർഭം പതിവു അങ്ങനെയാണ്.

തനയ്ത്തുവിദ്യധനേറമേൽ റിപ്പോർട്ട.

൧൦. മി. എ. ജെ. ജോൺ (തൈക്കം): തയ്ത്തു വിദ്യധന വിരോധമായി വ്യവസായഡയറക്ടർ വല്ല റിപ്പോർട്ടും ഗവണ്മെൻറിലേക്കു അയച്ചിട്ടുണ്ടോഎന്നു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ സൻ-ാം നമ്പർ ചോദ്യത്തിൻറെ മറുപടി മെമ്പർ നോക്കണം.

ഇരുപ്പൻയന്ത്രം.

൧൧. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശരിപറയുന്നവിധമോ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ഇരുപ്പൻയന്ത്രം വാങ്ങിയതു എപ്പോൾ? വാങ്ങാൻ കാരണമെന്തു?

(ബി) അതിനു ശേഷം എത്ര ഇരുപ്പുപ്രവൃത്തികൾ നടത്തിട്ടുണ്ട്, ഏതു സ്ഥലങ്ങളിൽ, എത്രയ്ക്കു തോതിൽ?

(സി) തെക്കൻ തിരുവിതാംകൂറിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള വ്യവസായ ഡയറക്ടർ വല്ല പ്പോഴും ഗവണ്മെൻറിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ തെക്കൻ തിരുവിതാംകൂറിൽ ഈ യന്ത്രം കൊണ്ടു വെക്കാനുള്ള കാരണങ്ങൾ എന്താണ്?

(ഡി) അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ തെക്കൻതിരുവിതാംകൂറിൽ ഇല്ലെന്നതന്നെയാണോ ഇപ്പോഴും ഡയറക്ടരുടെ അഭിപ്രായം?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): യാത്രക്കൂലി വെള്ളവും ഉണ്ടോഎന്നു പരിശോധിക്കാനായി ഫൈനൽ ഒക്ടോബർ മാസത്തിൽ ഇരുപ്പൻ യന്ത്രം യാത്രയിച്ചു.

(ബി) (ക) മങ്കലയിൽ തപ്പെരുമാടെടത്ത് ഉണ്ടോ എന്നു പരിശോധിക്കുന്നതിനും (ഖ) മഹാരാജപുരത്തെ ഗവണ്മെൻറു കായ്യനിതോട്ടത്തിലേക്കു വെള്ളം കിട്ടുമോഎന്നു പരിശോധിക്കാനും (ന) പരവൂരും തെട്ടുങ്കാലിനും കൊല്ലം ചുണ്ണാമ്പുകല്ലു ഉണ്ടോ എന്നതൊക്കുന്നതിനുമായി വ്യവസായഡിപ്പാർട്ടുമെൻറിൽനിന്നു ഈ യന്ത്രം കൊണ്ടുപോയിരുന്നു പരീക്ഷണം നടത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) (സി) ഭാഗം മൊറട്ടോറിയംകൊണ്ടു ഈ ചോദ്യത്തിന്നു സംഗതിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ബി) ഭാഗം മൊറട്ടോറിയെ സംബന്ധിച്ചു ഈ പരീക്ഷണങ്ങളിൽ ഏതെങ്കിലും വിജയപ്രദമായിട്ടുണ്ടോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഇവ പരീക്ഷണത്തിനുവേണ്ടി മാത്രം ആയിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തു സംഗതികളെ ആധാരമാക്കിയാണ് ഈ ഇരുപ്പൻ യന്ത്രംകൊണ്ടുള്ള പരിശോധനകൾ നടത്തുന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഒരു ക്ലിപ്പ ആഴത്തിൽ വെള്ളവും യാത്രക്കൂലി കിട്ടുമോ എന്നകണ്ടുപിടിക്കാനായിട്ടാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ഗവണ്മെൻറു സെക്രട്ടറി): യാതൊരന്വേഷണവും കഴിക്കാതെയോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഇവ ആരംഭപരീക്ഷണങ്ങൾമാത്രമാണ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്വേഷിക്കുന്ന സാധനം അവിടെ ഉണ്ടോഇല്ലയോഎന്ന ഒരന്വേഷണവും കഴിക്കാതെയാണോ ഈ പരീക്ഷണങ്ങൾ നടത്തുന്നതെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അന്വേഷണത്തിനു ശേഷമാണ പരീക്ഷണങ്ങൾ നടത്തുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പരീക്ഷണങ്ങളിൽ ഏതെങ്കിലും വിജയപ്രദമായിട്ടുണ്ടോ എന്നുപറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): വിജയപ്രദമാണോ അല്ലയോ എന്നു പറയുന്നതിനു മുമ്പായും പരീക്ഷണം നടത്താനുണ്ടു. മറ്റൊരു ഗവർമെൻറു പരീക്ഷകൊണ്ടുമാത്രമായിട്ടൊന്നും എന്നുപറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യന്ത്രം നാലു സ്ഥലങ്ങളിൽ കൊണ്ടുപോയി ജോലി ചെയ്തു. അതു ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുമ്പോൾ അതിനൊരു വല്ല പ്രവൃത്തിയും ചെയ്തിട്ടായിരിക്കണം. എന്തെങ്കിലുമായതിനോടുകൂടെയാണ യന്ത്രം മാറ്റികൊണ്ടുപോയതെന്നു പറയുമോ?

ശ്രീ. പി. എൻ. കുഞ്ഞപിള്ള (ധനകാര്യസെക്രട്ടറി): പരീക്ഷണങ്ങളുടെ ഫലങ്ങളെപ്പറ്റി ഇപ്പോഴേ ക്കൊന്നും തീർച്ചയായിപറവാൻ കഴികയില്ല. വിജയമാണോ അല്ലയോ എന്നു പറയുന്നതിനു ഈ സ്ഥലങ്ങളിൽ ഇനിയും പരീക്ഷണങ്ങൾ നടത്തണം.

ശ്രീ. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അവർ നടത്തുന്ന പരീക്ഷണങ്ങളുടെ ഫലം ധനകാര്യ വകുപ്പിലേക്കു റിപ്പോർട്ടു ചെയ്യാറുണ്ടോ?

ശ്രീ. പി. എൻ. കുഞ്ഞപിള്ള (ധനകാര്യസെക്രട്ടറി): എതിക്കു തീർച്ചപറയാൻ കഴികയില്ല. അതി നെപ്പറ്റിയുള്ള വിവരം ഇപ്പോൾ എന്റെ പക്കൽ ഇല്ല. ധനകാര്യവകുപ്പിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടായി രിക്കാം.

കൊല്ലം മരപ്പണിശാലാ സൂപ്രണ്ടിന്റെമേൽപരാതി.

൨൨. ശ്രീ. എ. രജ. ജോൺ (കൊല്ലം): കൊല്ലം മരപ്പണിശാലാ സൂപ്രണ്ടിന്റെമേൽ വല്ല പരാതിയും ധനകാര്യവകുപ്പിൽ കിട്ടിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ അവർ അതിനെപ്പറ്റി വല്ല അന്വേഷണവും കഴിച്ചോ എന്നും പറയുമോ?

ശ്രീ. പി. എൻ. കുഞ്ഞപിള്ള (ധനകാര്യസെക്രട്ടറി): ഡിപ്പാർട്ടുമെന്റു മേധാവികാരികൾ കീഴ്ജീവ നക്കാരെപ്പറ്റി അയക്കുന്ന റിപ്പോർട്ടുകൾ രഹസ്യമായിട്ടുള്ളവയാണ്. അതുകൊണ്ടു അവയെപ്പറ്റിയുള്ള വിവരങ്ങൾ പറവാൻ ധനകാര്യവകുപ്പു തയ്യാറില്ല.

കിഫായനം മൂലമുള്ള പരസ്പരസഹായസംഘങ്ങളുടെ സ്ഥാപനം.

൨൩. ശ്രീ. എ. രജ. ജാൺ (കൊല്ലം): താഴെപ്പറയുന്ന സംഗതികൾ ധനകാര്യവകുപ്പിന്റെ ദയവായി പറയുമോ?

(എ) കിഫായനം മുഖാന്തരം വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പരസ്പരസഹായസംഘങ്ങളുടെ എണ്ണം.

(ബി) കിഫായനം മുഖാന്തരം ഓരോ സമുദായത്തിനും വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളുടെ എണ്ണം.

(സി) ഈ കാര്യത്തിനുള്ളിൽ ഓരോ സമുദായത്തിൽനിന്നും വന്നിട്ടുള്ള അപേക്ഷകളുടെ എണ്ണം—

ശ്രീ. പി. എൻ. കുഞ്ഞപിള്ള (ധനകാര്യസെക്രട്ടറി): (എ) കിഫായനം മുഖാന്തരം ഡിസംബർ വരെ സംഖ്യ.

(ബി)	ക്രിസ്ത്യൻ പരസ്പരസഹായസംഘങ്ങൾ		൪൪
	മുസ്ലീം	ൽ	൩൨
	സാംബവർ	ൽ	൨൫
	മറ്റു അധഃകൃതവർഗ്ഗ	ൽ	൧൪
	വിശ്വബ്രാഹ്മ	ൽ	൨൫
	വാള	ൽ	൨൫
	ഈഴവ	ൽ	൧൨
		ആകെ	൨൩൪
(സി)	ക്രിസ്ത്യൻ	ൽ	൨൫
	മുസ്ലീം	ൽ	൨൨
	അധഃകൃതവർഗ്ഗ	ൽ	൧൨
	ചെരമർ	ൽ	൨൫
	നായർ	ൽ	൩൩
	ഈഴവ	ൽ	൧൭൨
		ആകെ	൩൩൯

കുടിയാന്മാരുടെ നിവേദനപ്രകാരം എന്തു പ്രവർത്തിച്ചുഎന്നു്.

൨൪. ശ്രീ. ജി. രാമൻമേനോൻ (മാവേലിക്കര യും കാഞ്ഞിരപ്പള്ളിയും): ജന്മികുടിയാൻ രാഷ്ട്രീയേ തരവെ ചില വ്യവസ്ഥകളെപ്പറ്റിയും നീതിന്യായകോടതികൾ ആ നിയമത്തിന്റെ കൊട്ടത്തിട്ടുള്ള വ്യാഖ്യാനത്തെ പറ്റിയും കുടിയാന്മാർ ചെയ്തിട്ടുള്ള നിവേദനങ്ങളുടെ സംബന്ധിച്ചു എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു ധനകാര്യവകുപ്പിന്റെ ദയവായി പറയുമോ?

ശ്രീ. കെ. ജാജ് (ധനകാര്യചീഫ്സെക്രട്ടറി): ആ കാര്യം ധനകാര്യവകുപ്പിന്റെ പരിഗണയായ ആലോചനയിൽ ഇരിക്കുന്നു. ഒരു രാജിനാമ്മം കണ്ടുപിടിക്കാൻ ഇതരവകുപ്പുകാരുടേയും ഒരു പ്രതിനിധിസംഘം വിളിച്ചുകൂട്ടാൻ ആലോചനയുണ്ട്.

കോടതിയിൽ വ്യവഹാരങ്ങളുടെ താമസം.

൨൫. ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ഇപ്പോൾ കോടതികളിൽ ൫ വർഷമായി തീർച്ചയാക്കാതെ കിടക്കുന്ന സിവിൽ വ്യവഹാരങ്ങൾ ഉണ്ടോഎന്നു ധനകാര്യവകുപ്പിന്റെ ദയവായി പറയുമോ?

(ബി) ഈ സംസ്ഥാനത്തെ ഓരോ ഡിസ്ട്രിക്ട്കോടതിയിലും മുൻസിഫ്കോടതിയിലും ഏഴു വർഷത്തിലധികം പഴക്കമുള്ള വ്യവഹാരങ്ങളുടെ എണ്ണം കാണിക്കുന്ന തരം പട്ടിക ധനകാര്യവകുപ്പിന്റെ ദയവായി മേശപ്പുറത്തു വെക്കുമോ?

(സി) ഈ വ്യവഹാരങ്ങളിൽ എത്രഎണ്ണം വിചാരണ സ്ഥാനം എത്തിട്ടുണ്ട്? ആ സ്ഥാനത്തു എത്തിയ തീയതികൾഏവ?

(ഡി) വിചാരണസ്ഥാനത്തു എത്തിട്ടുള്ള ഈ വ്യവഹാരങ്ങൾ ഇരുവർഷമോ അതിലധികമോ കഴിഞ്ഞിട്ടും അതാ ആ കക്ഷിമാത്രംമുൻസിപ്പുനാത്തെ വിചാരണചെയ്തു തീർച്ചയാക്കാത്തതു എന്തുകൊണ്ടു?

(ഇ) താഴെപ്പറയുന്ന സംഗതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുമോ?

(എ) ഹൈക്കോടതിയുടെ മുമ്പാകെ മൂന്നുമാസത്തെ പരിശോധനയിലിപ്പോൾ കിടക്കുന്ന ഓരോ കോടതിയും തീർപ്പുചെയ്യേണ്ട കേസുകളും ൧൯൫൯, ൧൯൬൦, ൧൯൬൧-ൽ ഓരോ വർഷം താമസമുള്ള കേസുകളും തമ്മിലുള്ള ഇനങ്ങളിൽ കാണിക്കുമോ അതോ ൫ വർഷത്തിലധികം പഴക്കമുള്ള കേസുകൾ എന്ന ഒരിനത്തിൽ കാണിക്കുമോ?

(ബി) രണ്ടിലധികംവർഷം നിലവിലുള്ള കേസുകൾ തമ്മിലുള്ള ഇനങ്ങളിലായി കാണിച്ചുവരുന്നില്ലെങ്കിൽ അങ്ങനെ പഴയ ഇനങ്ങളിലായി കാണിച്ചു ഓരോ കേസിലും താമസത്തിനു കാരണംകൊണ്ടിക്കുന്ന ഒരേ പ്പോട്ടങ്ങൾക്കുന്നതിൻറെ ആവശ്യകതയെപ്പറ്റി ആലോചിക്കുമോ?

(എഫ്) ഈ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗക്കയറ്റംകൊടുക്കുന്ന കാര്യത്തിൽ പഴക്കംചെന്നതും തർക്കമുള്ളതുമായ കേസുകൾ അവർ തീർപ്പുചെയ്തിട്ടുള്ളസംഗതിയും ആലോചിക്കാവുന്നതാണോഎന്നു സർക്കാരിന്റെ ഭാഗത്തുനിന്നു പറയുമോ?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി):

(എ) മറുപടി ഉണ്ടെന്നാണ്.

(ബി) ആവശ്യപ്പെട്ട പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു. *

(സി) ചോദ്യം വ്യക്തമല്ല.

(ഡി) ചോദ്യം വ്യക്തമല്ല.

(ഇ) (എ) മൂന്നുമാസത്തെ പരിശോധനയിലിപ്പോൾ ഓരോകോടതിയും തീർപ്പുചെയ്യാനുള്ള കേസുകളുടെ പട്ടികകാണാം. രണ്ടുവർഷത്തിലധികം പഴക്കമുള്ള കേസുകൾ ഒരിനത്തിലായിട്ടാണ് കാണിക്കുന്നത്.

(ബി) മേലാൽ ഇവയെ വേറേവേറെ കാണിക്കുന്നതിനു ശട്ടംകെട്ടുന്നുണ്ട്. ഓരോ കേസിന്റെയും താമസത്തിനുള്ള കാരണം അതിൽ വിചാരിക്കാൻ സൗകര്യമുള്ളതല്ല.

(എഫ്) ഇല്ല.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ കേസുകളുടെ തീർപ്പിന്റെ ൨൫ വർഷം, ൨൫ വർഷം, ൫൦ വർഷം ഇങ്ങനെയുള്ള ദീർഘകാലതാമസത്തിനുള്ള കാരണങ്ങൾ എന്താണെന്നു സർക്കാരിന്റെ അന്വേഷണം നടത്തിട്ടുണ്ടോഎന്നും പറയുമോ?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): ഓരോ കേസിനേപ്പറ്റിയും ഇല്ല. വ്യവഹാരങ്ങളുടെ താമസത്തെപ്പറ്റി സർക്കാരിന്റെ പൊതുവായി അന്വേഷിക്കുന്നുണ്ട്.

ശ്രീ. എം എൻ. പിള്ള (തിരുവനന്തപുരം): എത്രയോ കേസുകൾ തീർപ്പുചെയ്യാതെ കിടക്കുന്നു. ഒരു കേസ് ൨൫ വർഷം, ചില ൨൯, ചില ൪൫, വേറൊന്ന് ൫൦ എന്നിങ്ങനെകാണുന്നു.

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): അല്ലല്ല. അതു കേസുകളുടെ എണ്ണം കൊടുത്തിട്ടുള്ളതാണ്.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഏഴിലധികംവർഷം പഴക്കമുള്ള കേസുകൾ ഉണ്ട്. നെയ്യാറ്റിൻകര മുനിസിപ്പൽകോടതിയിൽ ഏഴിലധികംവർഷം പഴക്കമുള്ള ൨൪ കേസുകൾ ഉണ്ട്.

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): ഉവ്വ്.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഇതിനേപ്പറ്റി ഹൈക്കോടതിയിൽനിന്നു വല്ല സമാധാനവും സർക്കാരിൽ കിട്ടീട്ടുണ്ടോ?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): ഓരോ കേസിനേപ്പറ്റിയും ഇല്ല. ഈ കേസുകൾ പുനർവിചാരണക്കു റിമാൻഡുചെയ്തുകിടക്കുകയോ, മാറ്റിവെയ്ക്കുകിടക്കുകയോ, ഒരിക്കൽ തീർപ്പായിട്ടു രണ്ടാമതു കയറിൽ എടുത്തതുമാകാം.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ കേസുകൾ തീർപ്പുചെയ്യുന്നതിനുള്ള താമസംനിമിത്തം കക്ഷികൾക്കു വളരെ പ്രയാസം നേരിടുന്നുണ്ടെന്നു സർക്കാരിനു അറിവുണ്ടോ?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): കാലതാമസം ഉണ്ടായാൽ കക്ഷികൾക്കു അസൗകര്യങ്ങളും ഉണ്ടാകുന്നതു സാധാരണയാണ്.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഇതിനു എന്തു പ്രതിവിധിയാണ് സർക്കാരിന്റെ മുമ്പാൻപോകുന്നതു?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): വ്യവഹാരങ്ങളിൽ കാലതാമസമുണ്ടാകുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി സർക്കാരിന്റെ ഹൈക്കോടതിയുമായി എഴുത്തുകുത്തു നടത്തികൊണ്ടിരിക്കുന്നു.

ശ്രീമൂലംപ്രജാസഭാ പരിഷ്കാരം.

൩൨. ശ്രീ. കുണ്ടപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ശ്രീമൂലംപ്രജാസഭയെ പരിഷ്കരിക്കുന്നതിനു വല്ല നടപടിയും നടത്തിട്ടുണ്ടോഎന്നും, ആ പരിഷ്കാരം അടുത്തസമ്മേളനത്തിൽ നടപ്പിൽവരുത്താൻ ആലോചിക്കുന്നുണ്ടോഎന്നും സർക്കാരിന്റെ ഭാഗത്തുനിന്നു പറയുമോ?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): ശ്രീമൂലംപ്രജാസഭയെ പരിഷ്കരിക്കുന്നകാര്യം ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. കുണ്ടപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): പ്രജാസഭാപരിഷ്കാരം സർക്കാരിന്റെ ആലോചനയുടെ വിഷയമായിട്ടു എത്ര സംവത്സരമായി?

മി. കെ. ജോർജ് (സർക്കാരിന്റെ ചീഫ് സെക്രട്ടറി): വർഷങ്ങളായില്ല. സഭയുടെ പരിഷ്കാരം കഴിഞ്ഞസമ്മേളനത്തിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇരിക്കയും ചെയ്യുന്നു.

ശ്രീ. കുണ്ടപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഈ പ്രജാസഭ ഒരു നിയമത്താൽ സ്ഥാപിക്കണമെന്നു സർക്കാരിന്റെ വിചാരിക്കുന്നുണ്ടോ?

---

* അനുബന്ധം നോക്കുക.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു രാഷ്ട്രീയനയരൂപത്തെസംബന്ധിച്ചു പ്രധാന്യമുള്ള ഒരു ചോദ്യമാകുന്നു. ഇപ്പോൾ മറുപടിപറയാൻ സാധിക്കുന്നില്ല.

മി. കുമ്പിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): അടുത്തസമ്മേളനം പരിഗണിച്ചു ചട്ടഭേദഗതി കൂടണമെന്നു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇല്ല, അതുചെയ്യുന്നതു സമയംപോരാ.

പ്രതിനിധിസഭകളിലുംമറ്റും ക്രിസ്ത്യാനികൾക്കും, ഈഴവർ, മഹമ്മദീയർ എന്നിവരുടെ പ്രാതിനിധ്യം.

൩൭. മി. തലിയുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ സംസ്ഥാനത്തെ ജനസംഖ്യയിൽ ഭൂരിപക്ഷക്കാരായ ക്രിസ്ത്യാനികൾക്കും, ഈഴവർക്കും, മഹമ്മദീയർക്കും ഇവിടത്തെ പ്രതിനിധിസഭകളിലും നിയമസഭാനിയമനിർമ്മാണകമ്മിറ്റികളിലും ന്യായമായി അവർക്കു കിട്ടേണ്ടുന്ന പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നു തങ്ങൾക്കറിവുണ്ടോഎന്നു ഗവണ്മെന്റ് ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ശ്രീമൂലപ്രജാസഭയിലും നിയമസഭയിലും പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു ഗവണ്മെന്റ് നിയമനംചെയ്തു വേണ്ടുന്ന പ്രാതിനിധ്യം കൊടുത്തുവരുന്നു.

നിയമസഭയിലെ കമ്മിറ്റികളിലും സഭയിലെ അനൗദ്യോഗികാംഗങ്ങൾമാത്രം അവരുടെ ഇടയിൽനിന്നുതന്നെ അംഗങ്ങളെ തിരഞ്ഞെടുത്തുവരുന്നു. അതുകൊണ്ടു ആക്ഷേപത്തിൽ ഗവണ്മെന്റ് പ്രവേശിച്ചിട്ടില്ലാവശ്യമില്ലാ.

കോട്ടയംഗവൺമെന്റ് ഹൈസ്കൂളിൽ ഒരു സബ്ട്രഷറി സ്റ്റോറാഫീസ് സ്ഥാപിക്കുന്നകാര്യം.

൩൮. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മൂവാറ്റുപുഴ താലൂക്കിലെ ഒരു കേന്ദ്രസ്ഥാനമായ കോട്ടയംഗവൺമെന്റ് ഹൈസ്കൂളിലെ ഓഫീസുകളിലെയും ഹോസ്റ്റലുകളിലെയും ജീവനക്കാരുടെയും ശമ്പളം ഒരാഴ്ചയിൽ കൂടുതൽ താമസിക്കാതെ കൊടുക്കുന്നതിനായി കോട്ടയംഗവൺമെന്റ് ഹൈസ്കൂളിൽ ഒരു സബ്ട്രഷറി സ്റ്റോറാഫീസ് സ്ഥാപിക്കുന്നകാര്യം ഗവണ്മെന്റ് ആലോചനയിൽ ഉണ്ടോഎന്നു ഗവണ്മെന്റ് ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ സംഗതി ആലോചനയിൽ ഇരിക്കുന്നു.

പബ്ലിക് സെർവീസിൽ സാമുദായിക പക്ഷപാതം.

൩൯. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഹജൂർ ആഫീസിലെയും ഡിപ്പാർട്ടുമെന്റ് മേധാവികാര്യാലയങ്ങളിലെയും ഭരണകർത്താക്കന്മാരുടെയും ആഫീസുകളിലെയും നീയമ്ത്രാഗണത്തിൽ പ്രധാനം സാമുദായികപക്ഷപാതത്തിനു വശംവദരാണെന്നും അതുനിമിത്തം പൊതുജനങ്ങൾക്കു സങ്കടമുണ്ടാകുന്നുണ്ടെന്നും ഗവണ്മെന്റിനു അറിവുണ്ടോ എന്നു ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അറിയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അന്വേഷണം നടത്തിയതിനുശേഷമാണോ അറിവില്ലെന്ന ഗവണ്മെന്റ് അഭിപ്രായപ്പെട്ടതു?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇങ്ങനെ പൊതുവെ കുറ്റാരോപണം ചെയ്യുമ്പോൾ എന്താണ് അന്വേഷണം നടത്തേണ്ടതെന്നു അറിഞ്ഞുകൂടാ.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കൌൺസിലിലും അസംബ്ലിയിലും ഇങ്ങനെ ഒരു വാദം നടക്കുന്നുണ്ട്. അതിനെപ്പറ്റി ഗവണ്മെന്ററിയാമോ എന്നുചോദിച്ചിരുന്നു. അറിഞ്ഞുകൂടാ എന്നു മറുപടിപറഞ്ഞിരിക്കുന്നു. അന്വേഷണം നടത്തിയതിനുശേഷമാണോ ഈ മറുപടി പറഞ്ഞതു?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രത്യേകിച്ചൊരന്വേഷണം നടത്തേണ്ട ആവശ്യം ഗവണ്മെന്റ് കണ്ടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അപ്പോൾ അന്വേഷണം നടത്തിട്ടില്ലാ എന്നല്ലേ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അന്വേഷണം നടത്തേണ്ട ആവശ്യം ഉണ്ടെന്നു ഗവണ്മെന്റിനു തോന്നിയിട്ടില്ല.

എയിഡഡ് സ്കൂൾ മാനേജർമാർ.

൩൦. മി. എൻ. കെ. കുഞ്ഞിപിള്ള (നെയ്യാറ്റിൻകര): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) അനേകം ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാർ എയിഡഡ് സ്കൂൾ മാനേജർമാരായിട്ടുണ്ടെന്നു ഗവണ്മെന്റിനു അറിവുണ്ടോ?

(ബി) ഈ അദ്ധ്യാപകമാനേജർമാർ ഡിപ്പാർട്ടുമെന്റധികാരിമാരുമായി എഴുത്തുകുത്തു നടത്തുന്നതിനെ സംബന്ധിച്ചു പ്രത്യേകമായി വല്ല ചട്ടങ്ങളും ഉണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഉവ്വ്.

(ബി) ഇല്ല.

നെയ്യാറ്റിൻകര നിയമസഭാനിയോജകമണ്ഡലത്തിലെ പോളിങ്ങ് സ്റ്റേഷൻ.

൩൫. മി. എൻ. കെ. കുഞ്ഞിപിള്ള (നെയ്യാറ്റിൻകര): താഴെപറയുന്നസംഗതികൾ ഗവണ്മെന്റ് ദയവായി പറയുമോ?

(എ) നെയ്യാറ്റിൻകര നിയമസഭാ നിയോജകമണ്ഡലത്തിലെ വോട്ടർമാർക്കു ആവശ്യമുള്ളടത്തോളം പോളിങ്ങ് സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടു വളരെ അസൌകര്യങ്ങൾ ഉണ്ടെന്നു ഗവണ്മെന്റിനറിയാമോ?

(ബി) ഈ കാര്യത്തെപ്പറ്റി പ്രത്യേകം ചിന്തിച്ചുവരുന്നതിനും അടുത്തപ്രാവശ്യമായി ആ സ്ഥലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), (എ) ഗവണ്മെന്റിനു അറിവില്ല.

(ഡി) നിയമസഭാ തിരഞ്ഞെടുപ്പുചട്ടങ്ങൾ മൂന്നാംഖണ്ഡം സബ്-ഖണ്ഡപ്രകാരം ഓരോ നിയോജകമണ്ഡലത്തിലും പോളിങ്ങ്സ്ഥലങ്ങൾ നിശ്ചയിക്കാനുള്ള അധികാരം ആ മണ്ഡലത്തിലെ തിരഞ്ഞെടുപ്പു നടത്തുന്ന ഉദ്യോഗസ്ഥനാണു്. തനിക്കാവശ്യമെന്നു തോന്നുന്നിടത്തോളം പോളിങ്ങ്സ്ഥലങ്ങൾ നിശ്ചയിക്കാൻ ആദ്ദേഹത്തിന്നധികാരമുണ്ടു്.

അനുബന്ധം.

൭ ഒ-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

ഡിസ്ട്രിക്ട്കോടതികളിൽ ഏഴുവർഷത്തിലധികം കാലം തീർച്ചചെയ്യാതെയിരിക്കുന്ന വ്യവഹാരങ്ങളുടെ എണ്ണം കാണിക്കുന്ന പട്ടിക.

കോടതികൾ	ഏഴുവർഷത്തിലധികം പഴക്കമുള്ള കേസുകളുടെ എണ്ണം	റിമാർക്സ്
നാഗർകോവിൽ	൩൱	ഈ കേസുകളെല്ലാം ക൯ൻ-ക-ു൪-ാമത്തെ വീണ്ടും ഫയലിൽ ചെയ്യുന്നതാ റിമാണ്ടുചെയ്തു കിട്ടിയതോ ആകുന്നു.
തിരുവനന്തപുരം	൨൮	
കൊല്ലം	൮൪	
ആലപ്പുഴ	൪	
കോട്ടയം	൨൫	
പറവൂർ	൭	

അനുബന്ധം.

ഗൺസിപ്പുകോടതികളിൽ ഏഴുവർഷത്തിലധികം കാലം തീർപ്പുചെയ്യാതെകിടക്കുന്ന അസൽ വ്യവഹാരങ്ങളുടെ എണ്ണം കാണിക്കുന്ന പട്ടിക.

൨ ൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

കോടതികൾ	ഏഴുവർഷത്തിലധികം പഴക്കമുള്ള കേസുകളുടെ എണ്ണം	റിമാർക്സ്
താഴത്തകോവിൽ പ്രിൻസിപ്പാൾ	ന	൧൯൩൦-൫-൹ശേഷം റിമാണ്ടുചെയ്തും യിണ്ടും ഫയലിൽചേർത്തവയും അതിൽത്തിമാറിക്കിട്ടിയതുമാണുകുന്ന ഇവമയല്ലാം
ടി അഡിഷണൽ	ന൭	൧൯൩൦-൬-൫ ടി ടി ടി
പത്തനാപുരം പ്രിൻസിപ്പാൾ	ൾ൯	൧൯൩൦-൭-൨ ടി ടി ടി
ടി അഡിഷണൽ	൫	൧൯൩൦-൬൭൭ ടി ടി ടി
കുഴിത്തുറ	൧൨	൧൯൭-൩-൧൫ ടി ടി ടി
നെയ്യാറ്റിങ്കര പ്രിൻസിപ്പാൾ	൧	
ടി അഡിഷണൽ	൧	
ടി മജിസ്ട്രേറ്റ്	൧൪	
തിരുവനന്തപുരം പ്രിൻസിപ്പാൾ	...	
ടി അഡിഷണൽ	൧	
ടി മജിസ്ട്രേറ്റ്	൧	
ആറ്റിങ്ങൽ പ്രിൻസിപ്പൽ	...	
ടി അഡിഷണൽ	...	
കൊല്ലം പ്രിൻസിപ്പൽ	...	
ടി അഡിഷണൽ	...	
കൊട്ടാരക്കര	...	
ടി മജിസ്ട്രേറ്റ്	...	
ചെങ്കോട്ട	ന്ന	൧൯൩൦-ൽ റിമാണ്ടുചെയ്തുകിട്ടിയവ
അടൂർ	൧	
കരുനാഗപ്പള്ളി	...	
കൃഷ്ണപുരം	...	
മാവേലിക്കര	...	
ചെങ്ങന്നൂർ	...	
ചാരിപ്പാട്ട്	൪	൧൯൩൦ കംഞ്ഞിൽ അതുത്തിമാറിക്കിട്ടിയതു
ആലപ്പുഴ പ്രിൻസിപ്പൽ	൭൧	൧൯൭-൧൧-൭-ശേഷം റിമാണ്ടുചെയ്തും വിണ്ടും ഫയലിൽചേർത്തും അതുത്തിമാറിയും കിട്ടിയവ
ടി അഡിഷണൽ	൭	൧൯൩൦-൧൭-൭-ശേഷം റിമാണ്ടുചെയ്തും വീണ്ടും ഫയലിൽചേർത്തും കിട്ടിയവ
ചേർത്തല	൧൪	൧൯൩൦-൧൦-൧൪ ടി ടി
തൈക്കാട്	...	
ടി മജിസ്ട്രേറ്റ്	...	
തിരുവല്ലാ	...	
ചങ്ങനാശ്ശേരി	ന	ഒന്നു ൧൯൭-ൽ അതിത്തിമാറിക്കിട്ടിയതു ശേഷം രണ്ടും ൧൯൩൦-ൽ റിമാണ്ടുചെയ്തുകിട്ടിയതു
കോട്ടയം	...	
കുഞ്ഞിപ്പുരുമ്പി	...	൧൯൩൦-ന-൭-ന ശേഷം റിമാണ്ടുചെയ്തും വീണ്ടും ഫയലിൽചേർത്തും കിട്ടിയവ
മീനച്ചിൽ	൧൪	
ടി മജിസ്ട്രേറ്റ്	൪൯	ഇവയിൽ ൧൫ കേസുകളും ൧൯൭-൪-ൻ-ന ശേഷം റിമാണ്ടുചെയ്തും വീണ്ടും ഫയലിൽചേർത്തും കിട്ടിയവയാണു.
തൊടുപുഴ	...	
മൂവാറ്റുപുഴ	...	
പെരുമ്പാവൂർ	...	
പറവൂർ	...	
ആലുവാ	...	

യോഗം നിരത്തിവയ്ക്കുവാൻ നോട്ടീസ്,

മി. എസ്. പിറവിപ്പുരമാപിള്ള (പ്ലാപ്പൊയും വ്യവസായവും മന്ത്രി): സർ, സഭ നിരത്തിവ യ്ക്കുന്നതുവരെ ഞാൻ ഒരു പ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

(മെമ്പർ പിന്നെ പ്രമേയത്തിന്റെ ഒരു എഴുതിയ പകർപ്പു പ്രസിഡന്റിന്റെമേശൽ കൊടുത്തു.

പ്രസിഡന്റ്. ഒരു ആശയനിരതികളുടെ നിയമിക്കുന്നതിനെ അല്ലാവശ്യപ്പെടുവാൻ പ്രമേയം ചെയ്യുവാൻ യോഗം നിരത്തിവയ്ക്കണമെന്നു—ഇതു ഈ സഭാവിഷയമാണ്—ഒരു പ്രമേയം ഫാ ക്ടറാക്കാൻ വിചാരിക്കുന്നു എന്നു എനിക്കു മനോട്ടിസു കിട്ടിട്ടുണ്ട്. ഇതിനു പറയുന്ന കാരണം—ഞാൻ ഈ ടീക്കുമായ നോട്ടീസിൽനിന്നു ഗ്രഹിക്കുന്നു പ്രധാനകാരണം—ഈ നിയമനത്തിനു ആവശ്യമുള്ള പണം ബഡ്ജ റിൽ ഉൾപ്പെടുത്തിട്ടില്ലെന്നുള്ളതാണ്.

ബഡ്ജറിൽ പണം അനുവദിക്കുന്നതിനുമുൻപു അങ്ങനെയൊരാവശ്യം നേരിട്ടേക്കുമെന്നു ഒരു കാ ര്യം ചെയ്യുന്നതു മാത്രമേയുള്ളു. അതു ഗവണ്മെന്റു ചെയ്യുന്ന ഒരു ഉൽശ്രദ്ധൽ മാത്രമാണ്. ഒരു അത്യാവശ്യം ഒ ന്നിൽ എന്തു ചിലവുണ്ടായിരുന്നാലും ഉടൻ നേരിടുന്നതാണെന്നുള്ള അഭിനിവേശം അതിനു വേണ്ടുന്നപണം പ്രത്യേ കമായി നീക്കിവയ്ക്കുന്നു. ഈ കാരണത്താലാണ് മെമ്പർ ഈ പ്രമേയം ഫാജരാക്കുന്നതെങ്കിൽ അതുതന്നെ കാര ണമല്ലെന്നു ഞാൻ മെമ്പറോടു ഇതുദ്യമായി പറഞ്ഞുകൊള്ളുന്നു.

രണ്ടാമതായി ഉള്ളതാക്കി കിടക്കുന്ന കാര്യം പിരിക്കുന്നതിനു ഇപ്പോഴുള്ളതിൽ കൂടുതൽ ആളുകൾക്കു വശ്യമുണ്ടോ എന്നു ആലോചിക്കേണ്ടുന്നകാര്യവും ഗവണ്മെന്റിന്റെ മുമ്പാകെയില്ലാതാണ്. ഡിപ്പാർട്ട മെന്റിനെ ബന്ധപ്പെടുത്തുന്നതിനോ ആവശ്യമുണ്ടെങ്കിൽ വഴിപ്പിക്കുന്നതിനോ ഒരുദ്യോഗം കൂടെ സൃഷ്ടിക്കേണ്ട തുണ്ടോ എന്നതിൽ ചെയ്യാനുള്ളതുണ്ട്. ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ജോലിചെയ്യിക്കുകയും ഉദ്യോഗസ്ഥന്മാരുടെമേൽ കൂടുതൽജോലി ചുമത്തുകയും ചെയ്യുന്ന ഗവണ്മെന്റിനാണ് ആ ആവശ്യത്തെപ്പറ്റി ചിന്തിക്കാൻയോഗ്യതയുള്ളതും. ഒരു തവണ സ്വീകരിക്കണമെന്നോ ഒരു നയം അംഗീകരിക്കണമെന്നോ പറവാൻ ഒരു പ്രമേ യം കൊണ്ടുവരാൻ സഭയ്ക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ യന്ത്രം ഉപയോഗിക്കയോ യന്ത്രം പൂർത്തിയാക്കയോ ചെയ്യേണ്ടിവരുമ്പോൾ അതിനെപ്പറ്റി ചിന്തിക്കേണ്ടുന്ന ഭാരം ഗവണ്മെന്റിനാണ്. എന്നായാലും ഇതുപോ ലെ അഭിപ്രായത്തിലാകുമെന്നു. ഈ ഒരു സംഭവമായി വിചാരിച്ചാൽതന്നെയും അതു നടത്തിക്കാവുന്നതല്ലെന്നു ഒരു സംശയവുമില്ല. ഇക്കാരണങ്ങളാൽ യോഗം നിരത്തിവയ്ക്കണമെന്നുള്ള പ്രമേയത്തെസംബന്ധിച്ചു സഭയുടെ സമ യം വൃഥാകളയുവാൻ അനുവദിക്കാൻ കഴിയാത്തതിൽ ഞാൻ വ്യസനിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയുടെ യോഗം നിരത്തിവയ്ക്കാൻ കൊണ്ടുവരുന്ന പ്രമേയങ്ങളെപ്പറ്റി ചില സംശയനിരാസം പ്രൊപ്പൊസെന്റിന്റെ ദൃഷ്ടിയിലേക്കു കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. യോഗം നിരത്തിവയ്ക്കുന്നതെന്നു ഒരു പ്രമേയം ഫാജരാക്കുന്നതിനു മുമ്പു അതിനെപ്പറ്റി ചിന്തിക്കുന്നതിനു ഒരു സൗകര്യം ഉണ്ടാകുന്നതിനായി ഒരു നോട്ടീസു കൊടുക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ സഭയുടെ നടപടിപുസ്തകത്തിൽ കാണുന്നതുപോലെ അല്ല ഇപ്പോൾ കാണുന്നതു. ഈ പ്രമേയത്തിന്റെ വിവരം അതിനെപ്പറ്റി ഞാൻ ഗവണ്മെന്റുമായി എഴുത്തുകുത്തു നടത്തിയതുകൊണ്ടാകുമെങ്കിലും യോഗനടപടിയിൽ പ്രസിദ്ധംചെയ്തിട്ടില്ല. അതു സഭയിൽ വായിക്കാത്തതുകൊണ്ടാണെന്നാണ് എന്നോടുപറഞ്ഞതു്.

പ്രസിഡണ്ട്. രണ്ടുവാക്കിൽ ഞാൻ മറുപടിപറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ വിവരിച്ചുപറയാം. യോഗം നിരത്തിവയ്ക്കുന്നതുമായുള്ള പ്രമേയത്തിന്റെ ആദ്യഭാഗം പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ടു ഒരു സങ്കല്പിത യുക്തത തീർക്കുന്നതേയുള്ളു. പ്രമേയത്തിന്റെ പ്രധാനഭാഗവും മെമ്പർ കൊണ്ടുവരുന്ന വാദങ്ങളും വായിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും അ തു അയുക്തവും മെമ്പറിനോടു ന്യായരഹിതമായി പ്രവർത്തിക്കുന്നതുകൂടുന്നു.

പ്രസിഡണ്ട്. പുതുക്കത്തിൽ സംസാരിച്ചു നിങ്ങൾ നിങ്ങളുടെ അർത്ഥം വ്യക്തമാക്കിയിരിക്കുന്നു. അ ധികംപറവാൻ ആവശ്യമില്ല. വ്യക്തമായി ഞാൻ മറുപടിയുംപറയാം. മുമ്പേതായി പ്രൊസിഡണ്ടിന്റെ ഉ ത്തരവിനെപ്പറ്റി ഈ സഭയിൽ ചർച്ചിപ്പാൻപാടില്ല. എന്നാൽ നിങ്ങളുടെയും ഔദ്യോഗിക ഇങ്ങനെയുള്ള പ്ര മേയങ്ങൾ കൊണ്ടുവരുന്നവരുടെയും പ്രയാസം ഇല്ലാതാക്കുന്നതിനായി ഈ സന്ദർഭത്തിൽ ഒരു സംഗതിപറഞ്ഞു കൊള്ളാം വ്യക്തമാക്കിക്കൊള്ളുന്നു. സഭയുടെമുമ്പാകെ വരുപ്പിക്കുന്നതുകൊണ്ടു പ്രസ്താവിക്കപ്പെട്ടകയോ ചർച്ചചെയ്യപ്പെടുകയോ ചെയ്യാത്ത യാതൊരുസംഗതിയും സഭാതീരുമാനങ്ങളുടെ ഭംഗമായി വരുന്നില്ല. ഒരു മെമ്പർ പറയുന്നകാരണങ്ങളും അശാസ്ത്രമായിരുന്നാലും അല്ലെങ്കിലും യുക്തികളും സംഗതിയിൽ സഭയിൽ പ്രൊസിഡണ്ടു പ്ര സ്താവിക്കേണ്ടതാണെന്ന ചിട്ടയുള്ള ഒരു വ്യവസ്ഥ ഉണ്ടായിട്ടുമില്ല. പ്രമേയം ഫാജരാക്കുന്ന ഉദ്ദേശിക്കുന്ന എന്നു മാത്രമേ പ്രസ്താവിക്കേണ്ടതുള്ളു. ഇവിടെ പ്രസ്താവത്തിൽ വരേണ്ടതായ വയ്ക്കാത്തതു പറയാത്ത തായ കാര്യങ്ങൾ പ്രമേയവും നടപടിയുടെ കാര്യമാക്കുവാൻ പാടില്ലാത്തതുകൊണ്ടു.

പൊതുജനങ്ങൾക്കു താല്പര്യമുള്ള വിഷയങ്ങളെപ്പറ്റിയുള്ള പ്രമേയങ്ങൾ.

സ്കോട്ട്ലണ്ടിൽ ഉടമസ്ഥന്മാരുടെ ഭൂമികളിലെന്നു മരങ്ങളും മുൾച്ചെടികളും മുറിച്ചുകളയുന്നതിനെപ്പറ്റിയുള്ള ചട്ട ങ്ങൾ ഗവർമെന്റുപ്രവർത്തിക്കുന്നതുപോലെ.

പ്രസിഡണ്ട്. തയ്യൂർ കുഞ്ഞിക്കൃഷ്ണമേനോൻ ഓണറബിൾ മെമ്പർ നിൽക്കുന്ന ഒന്നാമത്തെ പ്രമേയം നടപ്പാ ക്കുന്നതുകൊണ്ടുള്ള ഫലങ്ങളെപ്പറ്റി ചുരുക്കത്തിൽ പറയുന്നതു കേൾക്കുന്നതാണ്.

സ്കോട്ട്ലണ്ടിൽ ഉടമസ്ഥന്മാരുടെ ഭൂമികളിൽനിന്നു വൃക്ഷങ്ങളും മുൾച്ചെടികളും മുറിച്ചുകൊണ്ടു പോകുന്നതിനു ഫാറസ്റ്റ് ഡി പ്പാർട്ടുമെന്റിൽനിന്നു പാസ്സു വാങ്ങണമെന്നു ഇപ്പോഴുള്ള ചട്ടത്തെ റദ്ദുചെയ്യണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശിപാർശ ചെയ്യുന്നു.

മി. തയ്യൂർ കുഞ്ഞിക്കൃഷ്ണമേനോൻ (ഗുരുവായൂർപുഴയും തൊട്ടപുഴയും): ഓണറബിൾ മെമ്പറിൽ പതിവുള്ളതിൽനിന്നും വൃക്ഷങ്ങളും മുൾച്ചെടികളും മുറിച്ചുകൊണ്ടു പോകുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നു പ്രീ പാസ് വാങ്ങുന്നതുമായുള്ള വ്യവസ്ഥയെ റദ്ദുചെയ്യണമെന്നു ഈ യോഗം ഗവണ്മെന്റിനോടു ശിപാർശചെയ്യു ന്നു. ഇതാണു എന്റെ പ്രമേയം.

ജനങ്ങൾ നികുതികൊടുക്കുന്ന ഭൂമികളിൽ നല്ലതോ കുന്നതോ താഴ്ന്ന മുള്ളുവേലിയുണ്ടാക്കുന്നതോ ആയ കെടികളേയും വൃക്ഷങ്ങളേയും ഇഷ്ടംപോലെ എടുത്തുപയോഗിക്കുന്നതിനു ഓരോരുത്തനും സ്വതന്ത്രമായ അവകാശം പാലിച്ചുപോരേണ്ടതാണ്. ഇപ്പോൾ ആ അവകാശത്തിനു ബാധകമായിട്ടാണ് പ്രീപാസ് വ്യവസ്ഥയിരിക്കുന്നതു. ഈ രാജ്യം ഒരു കർഷകരാജ്യമാണു, കർഷകന്മാരുടെ ന്യായമായ സ്വതന്ത്ര്യാവകാശങ്ങൾ ഗവണ്മെന്റിൽനിന്നും പൂർണ്ണമായി അനുവദിച്ചുകൊടുക്കുന്നു. അവരെ കൃഷി വികസത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതു ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കു അത്യാവശ്യമാണ്, കേരളത്തിനെ ഇൻഡ്യയുടെ അന്നപാത്രമെന്നു വിശേഷിച്ചും പറയുന്നു. ഇൻഡ്യയുടെ തോട്ടമായ കേരളത്തിലെ അഭിപ്രധാനമായ ഭാഗം അടങ്ങുന്ന തിരുവിതാംകൂർ രാജ്യനിവാസികളുടെ തൊഴിൽ കൃഷിയാണ്. ഇവിടത്തെ ഭൂമികളിൽ ധാന്യംമാത്രമല്ല വൃക്ഷങ്ങളും ധാരാളമുണ്ടു. അതുകൊണ്ടാണു ഇൻഡ്യയുടെ തോട്ടമെന്നു പറയുന്നതു. ഭൂമിയുടെ ഫലമാർക്കു അതിലുള്ളധാന്യത്തിനേക്കാൾ മാത്രമല്ലെല്ലാം ഉടമസ്ഥാവകാശമുള്ളതു. പുരയിടങ്ങളിൽ ധാരാളമായി വൃക്ഷങ്ങളുണ്ടു. ഇതുതന്നെ ജനങ്ങളുടെ പ്രകൃതിയും ജീതോഷ്ണസ്ഥിതിയും ധാന്യത്തിനേക്കാൾ വൃക്ഷങ്ങൾക്കു യോജിച്ചവയാണു.

ഇങ്ങനെയുള്ള വൃക്ഷങ്ങളെ ഉപയോഗിക്കാൻ നിവൃത്തിയില്ലെന്നാണു ഈ പ്രീപാസ്വ്യവസ്ഥകൾ നടന്നുവന്നിരിക്കുന്നതു. ഒരു പാസ്സ് വേടിക്കുന്നതിനുള്ള ശ്രമവും അതിനുള്ള കഴുത്തയും എന്തെല്ലാമാണെന്നു അതു അനുഭവിച്ചിട്ടുള്ളവർക്കു നല്ലവണ്ണം അറിയാൻ നിവൃത്തിയുള്ളതു. മലയോരങ്ങളിൽ മാത്രമല്ല സമുദ്രതീരങ്ങളിലും ഈ വ്യവസ്ഥ ഒരുപോലെ ബാധിക്കുന്നുണ്ടു.

ഈ രാജ്യത്തിൽ ഇരിക്കുന്ന പുരയിടത്തിൽ ഉള്ള മുളയുപോലും മുറിച്ചു അടുത്തസ്ഥലത്തേക്കു വണ്ടിയിൽകൊണ്ടുപോകണമെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പാസ്സുവേണമെന്നാണു ചട്ടം. നിസർഗ്ഗവനങ്ങളിലും ഇല്ലാത്ത ചേർത്ത അമ്പലപ്പുഴ ശീതയായ താലൂക്കുകളിലുള്ള ഒരു പുരയിടത്തിൽ തിന്നും തെങ്ങൊ കവുങ്ങിനെയൊ മുളയൊ മുറിച്ചു കരവഴിക്കൊ തോട്ടുവഴിക്കൊ കടത്തിക്കൊണ്ടുപോകണമെങ്കിൽ പാസ്സുവേണം. മുള തച്ചുടയായി വേണമെങ്കിൽ കൊണ്ടുപോകുന്നതിനെന്നതെ ഒഴിവുണ്ടു. മരങ്ങൾക്കു അതുമില്ല. പാസ്സില്ലാതിരുന്നാൽ ഫാസ്സ്ഡിപ്പാർട്ടുമെൻറുകാർ പിടിച്ചുകൂടി കേസാക്കുകയും തൻനിമിത്തം തിരുമനസ്സുകൊണ്ടിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു. ഈ വിധത്തിലുള്ള സ്വതന്ത്ര്യക്കുണ്ട കൊണ്ടുതിക്കു ഇപ്പോഴുമുള്ളതു. എന്നാലും ഗവണ്മെൻറിനു ഈ പ്രീപാസ്സ് വ്യവസ്ഥകൊണ്ടു യാതൊരു ആദായവും ഇല്ലാ. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരിൽ ചിലർക്കു ഇതുകൊണ്ടു കൂലാഭമില്ലെന്നു പറയുവാൻ പാടില്ല. എന്നാൽ ആ വകസംഗതികളെല്ലാം ഇന്നു ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരെ പ്രകോപിപ്പിക്കുന്നതിനുതകുന്ന ഈ വ്യവസ്ഥയെ —കർഷകന്മാരുടെ സ്വാതന്ത്ര്യാവകാശത്തിനു ബാധകമായഈ ദുഷ്പ്രഭയെ —ജനോപകാരത്തെകാംക്ഷിച്ചു ഗവണ്മെൻറു ഉടനടി തകർക്കേണ്ടതാണു. ഉദ്യോഗസ്ഥർക്കു വിശിഷ്യ മലയോരങ്ങളിലേയും ജനങ്ങൾക്കാണ് ഈ പാസ് വ്യവസ്ഥകൊണ്ടു കൂടുതൽ ഉപദ്രവം. ആ സ്ഥലങ്ങളിൽ നിന്നും പ്രജാ സഭയിൽവന്ന മെമ്പന്മാർ പലപ്രാവശ്യങ്ങളിലും ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട് അവരിൽ ചിലരെ ഇവിടെ ഓർമ്മിക്കാം. ശ്രീ വി. പത്മനാഭപുരം മെമ്പർ മി. നാരായണൻ പത്മനാഭൻ, ശ്രീ പ. പത്മനാഭപുരംമെമ്പർ മി. പരമേശ്വരൻപിള്ള, ശ്രീ പ. എൻറെമന്യുസ്സഹിതൻ കൽക്കുളം മെമ്പർ മി. കുമാരപിള്ള, ശ്രീ പ. പത്മനാഭപുരം മെമ്പർ മി. പരമേശ്വരൻ പത്മനാഭൻ ഇവരെല്ലാം ഇതിനെറ ദോഷങ്ങളെപ്പറ്റി വിവരിച്ചു ഈ പ്രീപാസ്സുസമ്പ്രദായം നിർത്തിക്കളയണമെന്നുതന്നെ പറയുകയുണ്ടായി, അതിനുശേഷം ഈ പ്രീപാസുസിസ്റ്റം നിറുത്തിക്കളയണമെന്നു ഗവർമ്മെണ്ടിലേക്കു ശുപാർശചെയ്തു. അപേക്ഷകൊടുത്തു മൂന്നുമാസത്തിനകത്തിൽ പാസുകൊടുക്കണമെന്നായിരുന്നു അതിൽ പറഞ്ഞിരുന്നതു. എന്നിട്ടും വലിയ പ്രയോജനമൊന്നും ഉണ്ടായിരുന്നില്ല. 'ന' മാസത്തിനകം പ്രീപാസ്സുകൊടുക്കണമെന്നുള്ളതിനു പകരം കൊല്ലംകഴിഞ്ഞാലും ഒർവ്യക്തിക്കുപോലും ചിലപ്പോൾ പ്രീപാസ്സു കിട്ടുകയില്ലെന്നായി. ശ്രീ പ. എൻ വീണ്ടും മുൻസിപ്പാലിറ്റിമെമ്പർ മി. പി. എസ്. മണ്ഡനായകംപിള്ള ഈ പ്രീപാസ്സേർപ്പാടു നിറുത്തണമെന്നുപറഞ്ഞു. മൂവാറ്റുപുഴമെംബർ ശ്രീ പൻതന്നയുംപെറണ്ടു. ശ്രീ പൻ-ൽ പത്മനാഭപുരം മുൻസിപ്പാലിറ്റി മെമ്പറും ശ്രീ പ. പൻ കോട്ടപുഴ മെമ്പർ മി. ശങ്കരയ്യരും ശ്രീ പ. പൻ പ. പൻ വിളവങ്കോട്ടുമെമ്പർ മി. അയ്യർ, നാരായണപിള്ളയും ശ്രീ പൻ പ. പൻ കല്ലുളംമെമ്പർ മി. അയ്യപ്പൻപിള്ളമാതേവൻപിള്ളയും ഇതിനെപറ്റിപ്രജാസഭയിൽപ്രസ്താവിച്ചു.

ശ്രീ പൻ പ. പൻ ഇതിന്റെ പരിഹാരത്തിനായി ഒരുകമ്മിറ്റി ഏർപ്പെടുത്തി, അതായതു പ്രീപാസുസിസ്റ്റംകൊണ്ടുള്ള ദോഷങ്ങളെ അന്വേഷിച്ചറിയുന്നതിനു അന്തരുദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരുകമ്മറ്റിയുണ്ടാക്കുന്നു അതു. എന്നാൽ അന്തരുദ്യോഗസ്ഥന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ഇടയിൽ പ്രായം വ്യത്യാസമായിരുന്നതിനാൽ അതുകൊണ്ടു പറയത്തക്ക ഉപയോഗം സിദ്ധിച്ചില്ല. ഇതുപോലെ പ്രജാസഭയുടെ പല യോഗങ്ങളിലും, പല താലൂക്കുകളിലെ മെമ്പറന്മാരും മുൻസിപ്പാലിറ്റി മെമ്പറന്മാരും ഈ പ്രീപാസ്സ്സിസ്റ്റം നിറ്ത്തി കേരളന്മാരുടെ ന്യായമായ സ്വാതന്ത്ര്യത്തെയും അവകാശത്തേയും സംരക്ഷിക്കണമെന്നു ജനങ്ങളുടെ കഷ്ടതകളെ ഗ്രഹിച്ചതാണെന്നും ശക്തിയുക്തമായി പ്രതിഷേധിച്ചിട്ടുണ്ടു. ആ കമ്മിറ്റിയിൽ ഉള്ള വരിൽ മിനാകിപ്പായക്കാരുടെ റിപ്പോർട്ടും ഗവണ്മെൻറിലേയ്ക്കു എഴുതിയയച്ചിട്ടുണ്ടു. എന്നാലും അവർ എന്തഭിപ്രായമാണു രേഖപ്പെടുത്തിട്ടുള്ളതു എന്ന ഇതുവരെ അറിഞ്ഞിട്ടില്ല. അവരുടെ അഭിപ്രായം ജനസാമാന്യത്തിനു ഗുണകരമാണോ അതല്ലാ ദോഷകരമാണോ എന്നതെളിവാക്കാൻ നമുക്കു ഇതുവരെയും ഒരവസരവും കിട്ടിയിട്ടില്ല. അതിനെ കാപ്പി മേശമേൽ വച്ചിട്ടും ഇല്ല. ഈ മിനാകിപ്പായക്കാരും ഭൂനിപക്ഷപ്രതിനിധികളും, ഉദ്യോഗസ്ഥന്മാരും മനസ്സിലാക്കുന്നതിനല്ല അതിനെ മെമ്പറന്മാരുടെ ഇടയിലേക്കും പബ്ലിക്കിടയിലേക്കും ഇടയിലേക്കുവേണ്ടി മേശമേൽവയ്ക്കുന്നതു അന്യാവശ്യമാണു. അങ്ങിനെ ചെയ്യുന്നതുകൊണ്ടു എനിക്കു പിന്നും ഇതുകൊണ്ടുവേറെ യാതൊരു ഫലവുമില്ലായിരുന്നതുതന്നെ. ഇപ്പോഴും ഈ വിഷയത്തിനു ജനസാമാന്യത്തിന്റെ സങ്കടത്തിനു ശമനവും ഉണ്ടായിട്ടില്ല. ജനസാമാന്യത്തിനെ ഒരുപോലെ സങ്കടപ്പെടുത്തുന്ന കാര്യങ്ങളിരിക്കുന്ന എന്നമാത്രമല്ല ജനങ്ങളുടെ അവകാശത്തിനു ബാധകമുണ്ടായിരിക്കുന്നു.

നികുതികൊടുക്കുന്ന പുരയിടങ്ങളിൽനിന്നും വൃക്ഷങ്ങളെമുറിച്ചു സ്വാതന്ത്ര്യമായികൊണ്ടുപോയി ഉപയോഗിക്കാൻ വയ്യാ എന്നവന്നാൽ ചിലന്ന എണ്ണമക്കായാണു ജനങ്ങൾക്കുള്ളതു, വ്യവസായ വിഷയത്തിലുള്ള

സൗകര്യം ഈ രാജ്യത്തു വളരെ കുറവാണ്. അനിയന്ത്രിതമായ വ്യാപാരസ്വാതന്ത്ര്യവും കച്ചവടസ്വാതന്ത്ര്യവും പാശ്ചാത്യരാജ്യങ്ങളിൽ എത്രത്തോളം ആവശ്യമാണോ അത്രത്തോളം ഇൻഡ്യക്കും വിശേഷിച്ചു തിരുവിതാംകൂറിനും അനിയന്ത്രിതമായ കർഷകസ്വാതന്ത്ര്യം അത്യാവശ്യമാണു. ഇവർക്കു കൃഷിയെക്കൊണ്ടല്ലാതെ മറ്റൊരുതരത്തിലും ഉപജീവനമാർഗ്ഗം ഇല്ല. വൃക്ഷങ്ങളെ മുളപ്പിച്ചു ഒന്നും ഗ്രഹിക്കാൻപോടില്ല. അഥവാ അങ്ങിനെ വല്ലപ്പോഴും സാധിച്ചുകിട്ടുന്ന എങ്കിൽ അതു സാധാരണത്തിൻറെ വിലയിൽകവിഞ്ഞു പണംചിലവാക്കിയതെമാത്രമേ സാധിക്കുകയുള്ളു. ഈ മാതിരിയുള്ള ചിലവുകൾ കഴിച്ചു വല്ലതും ഗുണം ഉണ്ടെങ്കിൽ തന്നെ അതു ഉപരോധമാണു. ഈമാതിരിയുള്ള വ്യവസായങ്ങളിലേക്കുള്ള മോഹം കാരണം ഒരുപ്രദേശമോ ട്ടാണിരിക്കുന്നതു. കനത്തരാദായം കൊടുക്കുന്നതിനുവേണ്ടിയാണു ഇങ്ങിനെയുള്ള സംഗതികൾക്കു പോകുന്നതു. ഗവണ്മെൻറിലേക്കു മുതൽപണം ഉള്ളതുകൊണ്ടു, പണമുള്ളജനങ്ങൾ അല്ല ചിലവാക്കുന്നതു ദരിദ്രർ ആഫീസുകൾ സന്ദർശിക്കാറുള്ളതുകൊണ്ടു തന്നെ പാടില്ലായെന്നുപറയുന്നതു വളരെശരിയുമാണ്. എന്നിങ്കിലും ചർ ഡിപ്പാർട്ടുമെൻറിനെക്കാൾ കൂടെ സ്ഥലത്തുള്ളതുകൊണ്ടു ചെയ്യുന്നതുകൊണ്ടു ജനങ്ങൾക്കു കൂടിചെയ്യുന്നതിനു ആ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻറെ അനുവാദം വേണമെന്നുപറയുന്നതും ഇരുഭാഗത്തിനും ഉപദ്രവകരവും കഷ്ടതയുമാണു. അതുകൊണ്ടാണ് ഈ പ്രീഫൈസ് സിസ്റ്റം തിരുവിതാംകൂറിലുണ്ടാകാത്തതു. ഭാഗ്യം.

മി. കരുണാകരപ്പിള്ളയിൽ ആർ. രാമൻപിള്ള (കൊല്ലം) : ഈ പ്രീഫൈസ് സിസ്റ്റം കൊച്ചിരാജ്യത്തുണ്ടോ?

മി. തയ്യിൽ കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും-തൊടുപുഴയും) : കൊച്ചിരാജ്യത്തോ ബ്രിട്ടിഷ്മലബാറിലോ മൈസൂരിലോ ഈ ഏർപ്പാടില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : തോക്കും ഈട്ടിയും ഇതിൽ സംബന്ധിക്കുന്നതുണ്ടോ?

മി. തയ്യിൽ കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും-തൊടുപുഴയും) : ഇല്ല, മുള ഉൾനാടുകളിലെ ജനങ്ങൾക്കുവളരെ അത്യാവശ്യമാണ്. ഒരാൾ മരിച്ചു കഴിഞ്ഞു ചിതയിലിരുത്തിനു പുരക്കെട്ടുന്നതിനുകൊടുക്കുന്നതുവരെയുള്ള ചെലവുകൾ ഉണ്ടെങ്കിൽ സ്വന്തക്കാർ ഉടനടുക്കുന്നതിനു പന്ത്രണ്ടുമാസത്തിനകത്തു അപേക്ഷിച്ചു പാസ്സുമേടിച്ചുവച്ചുകൊള്ളുന്നു. അതുപോലെയുള്ള ആവശ്യങ്ങളുണ്ടെങ്കിൽ വളരെക്കാലത്തിനുമുമ്പേതന്നെ അപേക്ഷിച്ചുകൊള്ളുന്നു. ഒരുപക്ഷേ നാം നമ്മുടെതിരുവിതാംകൂറിൽ സ്വന്തംപുരയിടത്തിലെ വൃക്ഷങ്ങളുടെ ഉപയോഗിക്കാൻ പാടില്ലാത്ത അവസ്ഥയിലായിരുന്നിരിക്കുന്നു. ഇതുകൊണ്ടു ഗവണ്മെൻറിനു യാതൊരു ആദായവുമില്ല. അതുകൊണ്ടു ഈവിധത്തിലുള്ള അസ്വാതന്ത്ര്യത്തെ നിലയിൽക്കൊണ്ടുപോകുന്നതിൽ യാതൊരു ആവശ്യവുമില്ല. ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ ഇപ്പോഴത്തെനാട്ടിൻപുറങ്ങളിൽ ചുറ്റിനടക്കുന്നതിനുള്ളതെറിസർവുസൂക്ഷിക്കുന്നതിനു ശ്രദ്ധാവുക്കളായിക്കാണുന്നില്ല. കൂടിക്കിടപ്പായിടത്തിൽനിന്നും തടികളെ മുറിച്ചുകൊണ്ടുപോകുന്നതിനുസ്വാതന്ത്ര്യമായിഉപയോഗിക്കുന്നതിനുംക്രയവിക്രയംചെയ്യുന്നതിനും മറ്റും കടുപ്പങ്ങളുണ്ടെങ്കിൽ മാത്രമേ ജനങ്ങൾക്കുക്ഷേമം ഉണ്ടാകയുള്ളു. അതുകൊണ്ടുഗവണ്മെൻറിനുമേലാഭമില്ല. ഇന്നമേയുള്ള- ധർമ്മരാജ്യമെന്ന പേർകേട്ടിട്ടുള്ള ഈ രാജ്യത്തെപൗരന്മാർ ഗവണ്മെൻറിൻറെതല്ലുപേടിനേയും ജനങ്ങളുടെരക്ഷയേയും ധ്വംസിക്കുന്നതു എന്നുള്ള അപേക്ഷയോടുകൂടി നിങ്ങളുടെ എല്ലാവരുടെയും സഹകരണത്തിനായി ഈ പ്രമേയത്തെ സമർപ്പിച്ചുകൊള്ളുന്നു.

മി. ആർ. ധനരാജകോമിപ്പിള്ള (വനം കൺസർവേറേറർ): സർ, മിസ്റ്റർ കുഞ്ഞിരാമൻനമ്പ്യാർറ പ്രമേയം ഈ സഭയിൽ ഇപ്പോൾ പുതുമയായി കൊണ്ടുവന്ന ഒന്നല്ല. ഈ വിഷയം പലപ്രാവശ്യം അദ്ദേഹം ഈ സഭാമുഖാകെ കൊണ്ടുവന്നിട്ടുള്ളതാണ്. ഇതുസംബന്ധിച്ചു വനംവകുപ്പു അനുവർത്തിച്ചു സംഖ്യയിൽ കുറവുചെയ്യണമെന്നുള്ള ഉപക്ഷേപംപിള്ളയിൽ അദ്ദേഹം കൊണ്ടുവന്നിട്ടുള്ളതാണ്.

മി. എസ്. പിറവിപ്പുത്തമറ്റംപിള്ള (വ്യാപാരവും-വ്യവസായവും, തനിക) : കൺസർവേറർ പ്രമേയത്തെ സപ്പോർട്ടുചെയ്യുന്നോ പ്രതിഷേധിക്കുന്നോ എന്നു പറയുമോ?

മി. ആർ. ധനരാജകോമിപ്പിള്ള (വനം കൺസർവേറർ): ഞാൻ പറഞ്ഞവസാനിപ്പിക്കുന്നതുവരെ മെമ്പർ ക്ഷമിച്ചിരിക്കണം.

സർ, യജമാനപ്രവൃത്തി സംസ്ഥാനത്തിനുവേണ്ടിയിൽനിന്നു തടിക്കു ആവശ്യക്കാർ വളരെയുണ്ടായിരുന്നു. തടിക്കച്ചവടം ധാരാളമായി നടന്നിരുന്നു എന്നുള്ളതും സത്യംതന്നെ. അക്കാലത്തു ക്രമമായ യാതൊരു ചട്ടങ്ങളും ഇല്ലായിരുന്നു, സ്വകാര്യവ്യക്തികളിലെ തടികുറിക്കുപാസ്സുകൾ കൊടുക്കുന്നതിനപ്പുറമുള്ള നടപടിയും നിലയിലിരുന്നില്ല. ഈ വിഷയത്തെപ്പറ്റി പ്രജാസഭയിൽ അനേകം നിവേദനങ്ങൾ കൊണ്ടുവന്നതിൻറെ ഫലമായി തടികുറിക്കുകടത്തിക്കൊണ്ടുപോകുന്നതിനെ സംബന്ധിച്ചുള്ള നടപടി നിർണ്ണയിച്ചു ഗവണ്മെൻറു ചില ചട്ടങ്ങൾ ഏർപ്പെടുത്തി. ഈ ചട്ടങ്ങൾ ഏഴെട്ടുവർഷം നടപ്പിലിരുന്നു. എന്നാൽ പ്രയോഗത്തിൽ ചില പ്രയാസങ്ങൾ ഉണ്ടായിരുന്നു. ഭൂമി അപേക്ഷകർക്കുതാമസംകൂടാതെ കാണിക്കാൻ പറയുന്നുകാരണം ഒരു സർട്ടിഫിക്കറ്റു ഫോറസ്റ്റാഫീസറുടെ കൊടുക്കണമെന്നുള്ള ചട്ടമായിരുന്നു പ്രയാസത്തിനുള്ള ഒരു കാരണം. പുതിയ പതിവുകളുടെ ആദ്യാവസ്ഥയിൽ മിക്കവാറും ഒരു അപേക്ഷകൻ സ്ഥലത്തിനുള്ള യഥാർത്ഥഉടമസ്ഥനാണോ അല്ലയോ എന്നു അറിവാൻ വനം ഡിപ്പാർട്ടുമെൻറുകാർക്കു പ്രയാസം വരുത്തി. അതുകൊണ്ടു പൊതുജനങ്ങൾ സർട്ടിഫിക്കറുകൾ താമസംകൂടാതെ കൊടുക്കത്തക്കവണ്ണം പലപ്രാവിശ്യം ഡിപ്പാർട്ടുമെൻറിനോടു അപേക്ഷിക്കേണ്ടിവന്നു. ചട്ടങ്ങളുടെ നടത്തിപ്പിൽ ഇങ്ങനെയുള്ള പ്രയാസങ്ങളും ഉണ്ടായി. സ്വകാര്യപാസ്സുകൾക്കു അപേക്ഷിച്ചവരുടെ എണ്ണവും വർദ്ധിക്കയാൽ അതുകൊണ്ടു വനംവകുപ്പുകാർക്കു കൂടുതലായി ഉദ്യോഗജോലിയും കൂടുവല്ലായിരുന്നു. ഇതുനിമിത്തം പാസ്സുകൾ കൊടുക്കുന്ന കാര്യത്തിൽതന്നെ താമസം നേരിട്ടു. എന്നാൽ യജമാനിൻറെ സമാധാനം ഉണ്ടായപ്പോഴും സ്വകാര്യവ്യക്തികളുടെ അപേക്ഷകൾ കുറഞ്ഞു. എങ്കിലും പുതിയ ചട്ടങ്ങളെന്തിനാണു ജനങ്ങൾക്കുണ്ടായതു എന്നുള്ള മുറുമുറുപ്പു പ്രജാസഭയിൽ നിവേദനവിഷയമായി. ഈ സഭയിലും അതു ആലോചനാവിഷയമായി എന്നതോന്നുന്നു. ഇങ്ങനെ സഭാനിരൂപണത്തെ യാതൊരുമെമ്പർമാരും ചാഞ്ഞുവെന്നുകണ്ടപ്പോൾ സീനിയർ മിഡാൻപേഷ്കാരും ഉദ്യോഗസ്ഥമെമ്പർമാരും ഉൾപ്പെട്ട ഒരു കമ്മിറ്റിയെ ഗവണ്മെൻറു നിയമിച്ചു കമ്മിറ്റി ഇക്കാര്യത്തെപ്പറ്റി പ്രത്യേകം ആലോചിക്കുകയും നിവൃത്തിമാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുകയുംചെയ്തു. ഇവരുടെ അഭിപ്രായമായി കമ്മിറ്റി ചില ചട്ടങ്ങൾ ഉണ്ടാക്കി ഗവണ്മെൻറിനേക്ക സമർപ്പിച്ചു. ഗവണ്മെൻറു ആ ചട്ടങ്ങളും

സ്പീക്കറിച്ച് കൺവെൻഷൻ ജനുവരിയിലെ മാസാവസാനത്തിൽ പ്രസിദ്ധപ്പെടുത്തി. അതിൽപിന്നെ ഈ ചട്ടങ്ങൾ നടപ്പിലിരിക്കുന്നു. ഈ ചട്ടങ്ങൾ നിലിലുള്ളതുകൊണ്ടുള്ള സങ്കടമുണ്ടാകുന്നു എന്നു പരാതികളും ഉണ്ടായിട്ടില്ല. കുറെക്കാലമുണ്ടു, ഈ ചട്ടങ്ങൾ നടപ്പിൽ വരുന്നതിയതിനുശേഷം എത്ര അപേക്ഷകൾ വന്നിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർച്ചയാക്കി എന്നും എത്ര അപേക്ഷകൾ കൂടി എത്ര കാലംകൊണ്ടു തീർച്ചയാക്കി എന്നും, ഒരു ചോദ്യം ഉണ്ടായിരുന്നു. ഓരോ ഡിവിഷനിൽനിന്നും വിവരങ്ങൾ വരുത്തി. മിസ്റ്റർ കുഞ്ഞിരാമമേനോൻ റിയോജകമണ്ഡലത്തിലെ വടകര ഡിവിഷനിൽ സ്വകാര്യത്തിനു കടന്നിരുന്നുപോകുന്നതിനു രണ്ടു അപേക്ഷകൾ രണ്ടായിരുന്നു എന്നും അവയെല്ലാം ഉടനടി തീർച്ചയായി എന്നും ഒരു അപേക്ഷയുടെ കാര്യത്തിൽ മാത്രമേ രണ്ടോമൂന്നു തവണ എഴുതുവാനും ഉണ്ടായിരുന്നുള്ളു എന്നിങ്ങനെയാണ് കണ്ടതു. അങ്കമാലിയിൽ ഏഴു പുതിയ അപേക്ഷകൾ കിട്ടി. ഇവയിൽ ഏഴു പുതിയ അപേക്ഷകളും താമസംകൂടാതെ തീർച്ചയാക്കി. ഈ ഏഴു പുതിയ അപേക്ഷകളിൽ ആറെണ്ണത്തിനു മാത്രം കാര്യത്തിൽ മാത്രം രണ്ടോ മൂന്നു മാസത്തെ താമസമുണ്ടായി. ഒരു അപേക്ഷയിൽ ഉന്നിക്കേണ്ട കാര്യത്തിൽ മൂന്നു മാസത്തെ താമസം ഉണ്ടായതു ആ എതിരപേക്ഷ ഉണ്ടായിരുന്നതുകൊണ്ടു അന്വേഷണം നടത്തേണ്ടിവന്നതുകൊണ്ടാണ്. താമസത്തിനു അതുമാത്രമായിരുന്നു കാരണം.

വനംവകുപ്പിനെ സംബന്ധിച്ചടത്തോളം ഞങ്ങൾ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. യാതൊരു സംശയവുമില്ല രണ്ടോമൂന്നുദിവസം താമസമുണ്ടാകുന്നതൊഴിച്ചു ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ അതിലധികം താമസം ഉണ്ടാകുന്നതൊന്നും പുതിയ ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഏതു അപേക്ഷകളുടെയാണെങ്കിലും രണ്ടാമതൊരാൾ പരിശോധിക്കുന്നതിനുവേണ്ടി സർട്ടിഫിക്കറ ഫോമിലാക്കാതിരുന്നാൽ പോസ്സുകൊടുക്കാൻ രേഞ്ചറിനു ഈ ചട്ടങ്ങളിൽ അനുവാദം കൊടുത്തിട്ടുണ്ട്. ഒരപേക്ഷയിൽ സംശയം ഉണ്ടെങ്കിൽ അയാൾതന്നെ പാർവത്യകാരന്റെ അടുത്തുചെന്നു പരിശോധിക്കാവുന്നതാണ്. ഞാൻ മുമ്പു പറഞ്ഞപ്രകാരം കമ്മിറ്റിയുടെ ഒരു തീരുമാനപ്രകാരമാണ് പാണ്ടിമാവു മുറിക്കുന്നതിനും പാർവത്യകാരന്മാർ പുറപ്പെടുവിച്ച ഉടനെ, ക്ലിയർ വന്നാൽ ഫീൽഡ് വിടുന്നതിനുള്ളിൽ അതിനു മേപടി അയച്ചുകൊടുക്കണമെന്നു ഉത്തരവുകളും അയച്ചിട്ടുണ്ട്. ഇങ്ങനെ ഇപ്പോൾ പാർവത്യകാരന്മാരുടെ സർട്ടിഫിക്കറെ വാങ്ങിച്ചുപോകാൻ യാതൊരു സംശയവും ഇല്ല.

ഗവൺമെന്റുദ്യോഗസ്ഥന്മാർ പോസ്സുകൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചു രാജ്യം മുഴുവനും പൊതുവായിൽ ഉൾപ്പെട്ടതാണോ പൊതുവായിൽ ഉൾപ്പെടാത്തതെന്നോ ഇങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. രണ്ടാമതൊരു ഖണ്ഡത്തെ സംബന്ധിച്ചടത്തോളം രണ്ടോമൂന്നുദ്യോഗസ്ഥന്മാർ ഒന്നിച്ചുതന്നെ പോസ്സുകൊടുക്കാൻ റേഞ്ചുദ്യോഗസ്ഥനു അധികാരമുണ്ട്. പൊതുവായിപ്പെടുത്തിയ സ്ഥലങ്ങളെ സംബന്ധിച്ചു റേഞ്ചുദ്യോഗസ്ഥൻ അവകാശത്തെപ്പറ്റി അന്വേഷണം കഴിച്ചു ഒരാഴ്ചയ്ക്കുള്ളിൽ അപേക്ഷ ഡിവിഷൻ ആഫീസിലെയ്ക്കയയ്ക്കുകയും അദ്ദേഹം അപേക്ഷകിട്ടി രണ്ടാഴ്ചയ്ക്കുള്ളിൽ പോസ്സുകൊടുക്കയും ചെയ്യണമെന്നാണു നടപ്പു വ്യവസ്ഥചെയ്തിട്ടുള്ളതു.

ശ്രീ. എ. കെ. പിള്ള (കുന്നാറപ്പള്ളി): ഇവിടെ ഇരിക്കുന്ന ഞങ്ങൾക്കു മെമ്പർ പറയുന്നതൊന്നും കേൾക്കാൻ കഴിയുന്നില്ല.

ശ്രീ. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): ഞാൻ കുണ്ടേടത്തോളം ഫ്ലൂതങ്കിലും കാര്യത്തിൽ താമസമുണ്ടായി എന്നു എനിക്കാക്കട്ടെ ഫ്ലൂതങ്കിലും ഡിവിഷൻ ഉദ്യോഗസ്ഥനുകട്ടെ ഇതുവരെ ഒരു റിപ്പോർട്ടു കിട്ടീട്ടില്ല.

ഉടമസ്ഥൻ തന്റെ സ്വകാര്യസ്വത്തിനെ ഉപയോഗിക്കുന്ന കാര്യത്തിൽ നവങ്ങൾക്കു തടസ്സങ്ങളും ഉണ്ടാക്കി മാറ്റുകയാണു ന്യായമല്ലെന്നു മിസ്റ്റർ കുഞ്ഞിരാമമേനോൻ പറകയുണ്ടായി. ഇതു അതിവിശാലമായ ഒരു വിഷയമാണ്. അതിനെപ്പറ്റി എനിക്കിപ്പോൾ പറയാൻ സാധിക്കയില്ലെന്നു ഞാൻ സമ്മതിക്കുന്നു. കടന്നുകടത്തിക്കൊണ്ടുപോകുന്നതിനുള്ള ചട്ടങ്ങളും തിരുവിതാംകൂറിലോ ഇൻഡ്യയുടെ ഏതെങ്കിലും ഒരു ഭാഗത്തിനോ പ്രത്യേകമായി ഉള്ളതല്ല. സ്വകാര്യസ്വത്തുക്കളിൽനിന്നു തടി കടത്തികൊണ്ടുപോകുന്നതിനപ്പുറമുള്ള കാര്യത്തിൽ പോലും ഇങ്ങനെയുള്ള ചട്ടങ്ങളും ഉണ്ടു. മലബാറിൽ ഇങ്ങനെയുള്ള ചട്ടങ്ങളും ഇല്ലെന്നു ആരോ പറഞ്ഞു.

മദ്രാസ് സംസ്ഥാനത്തുള്ള ഓരോ ഡിസ്ട്രിക്ടിനെസംബന്ധിച്ചും ഇങ്ങനെയുള്ള ചട്ടങ്ങളുണ്ടു. എന്നാൽ വനങ്ങളില്ലാത്ത ചില ഡിസ്ട്രിക്ടുകളെസംബന്ധിച്ചു ഇല്ലായെന്നു. മലബാറിലെന്നസംബന്ധിച്ചു ഇവയ്ക്കു ചട്ടങ്ങളില്ലെന്നുപറയുന്നതു ശരിയല്ല.

മുള മുടന്തിക്കൊണ്ടുപോകുന്നതിനെസംബന്ധിച്ചും മിസ്റ്റർ കുഞ്ഞിരാമമേനോൻ എന്തോ പറകയുണ്ടായി. സ്വകാര്യസ്വത്തുക്കളിൽ മുളയുടെയും അധികവും ഉത്തരതിരുവിതാംകൂറിലാണെന്നു എല്ലാവർക്കും അറിയാമല്ലോ. അവിടെനിന്നു മുള വെട്ടിക്കൊണ്ടുപോകുന്നതിനു വനംവകുപ്പുകാർ യാതൊരുപാധിയിലും തടസ്സമൊന്നില്ല. സർക്കാർവക വനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അവയുടെ സമീപപ്രദേശങ്ങളിൽനിന്നു മുള വെട്ടിക്കൊണ്ടുപോകുന്നതിനെസംബന്ധിച്ചു ചില നിബന്ധനകൾ ഉണ്ടാകുന്നുണ്ട്. അതിനു ഒരു പാസ്സ് ആവശ്യമാകുന്നു. ഉടമസ്ഥനു സ്വന്ത ആവശ്യത്തിനു മുള കൊണ്ടുപോകുന്നകാര്യത്തിൽ പാസ്സ് ആവശ്യമില്ല. വ്യാപാരത്തിനായി മുള വെട്ടിക്കൊണ്ടുപോകുന്നകാര്യത്തിൽമാത്രമേ പാസ്സ് ആവശ്യമുള്ളു.

ശ്രീ. എ ജെ. ജോൺ (കൊച്ചി): കൊച്ചിയിലും മൈസൂരിലും ഇങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടോ?

ശ്രീ. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): ഇങ്ങനെയുള്ള ചട്ടങ്ങൾ കൊച്ചിയിൽ ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല.

ശ്രീ. സി പി. തോമൻ (കുന്നത്തുനാടു): കൊച്ചിയിൽ വനങ്ങളില്ലെന്നാണോ കൺസർവേറർ പറയുന്നതു?

ശ്രീ. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): അധികമില്ല. കുറച്ചും വല്ലതും ഉണ്ടാകുമായിരിക്കാം.

ശ്രീ. കുന്നിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): മൈസൂരിൽ അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടോ?

ശ്രീ ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): മൈസൂർ കന്നടമുതലായ കൂടത്തിരുവിതാംകൂറിലെപോലെ കുന്നായതുകൊണ്ടു ചട്ടങ്ങളുണ്ടെന്നാണ് എന്റെ അറിവു.

മുളയുടെകയ്യുത്തിൽ അതു കച്ചവടത്തിനായി വെട്ടിക്കൊണ്ടുപോകുന്നതിനാണ പാസ്സ് വേണമെന്ന നിർബന്ധമുള്ളത. ഈ സന്ദർഭത്തിൽ സ്വകാര്യവ്യക്തികളിൽ മുള വളരെ കുറവാണന്നുള്ള സംഗതിയും പ്രസ്താവിച്ചുകൊള്ളുന്നു. ചുരുക്കം ചിലപ്പോഴെ മുളയ്ക്ക പാസ്സുകൊടുക്കാൻ സംഗതിഉണ്ടായിട്ടുള്ളു. മുള ബ്രിട്ടിഷ് ഇൻഡ്യയിലേക്കു കടത്തിക്കൊണ്ടുപോകാൻ പാസ്സുകൊടുക്കാൻ രണ്ടു അപേക്ഷകരുമാത്രമേ ഉണ്ടായിട്ടുള്ളു. അതു കച്ചവടത്തിൻമായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതേ പ്രദേശം മുമ്പു ഈ സഭയിൽ വാദത്തിനു വന്നപ്പോഴും കൺസർവേറാക്കോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാക്കോ വല്ല പ്രയാസവും കിട്ടിട്ടുണ്ടോ എന്നു കൺസെർവേറാർ പറയുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): ഇതിനുമുമ്പു ഈ വിഷയത്തെപ്പറ്റി വല്ല ബുദ്ധിമുട്ടും സഭയിൽ പാസ്സായ ട്ടുണ്ടോഎന്നു എനിക്കറിവില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ വാഴ്ത്തിനനുസരിച്ചു അനാവശ്യതാമസം ഉണ്ടാക്കാതെതന്നെ തന്റെ കീഴുദ്യോഗസ്ഥന്മാക്ക കൺസർവേറാർ ഉത്തരവുകൊടുത്തയച്ചിട്ടുണ്ടോ എന്ന് പറയുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): അപേക്ഷകരിൽ ഒരു സംഗതിയിലും നഷ്ടപ്പെടുവാൻ ഇടയാകാതെ താമസിച്ചുപോകാതെതന്നെ ശരണമെന്റ ഉണ്ടാക്കിയ ചട്ടങ്ങളിൽതന്നെ വ്യവസ്ഥചെയ്തിട്ടുണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചട്ടങ്ങളിലെ വ്യവസ്ഥയെകൂടാതെ കാലതാമസം ഉണ്ടാക്കാതെതന്നെ വല്ല പ്രത്യേക ഉത്തരവും കൺസർവേറാർ തന്റെ കീഴുദ്യോഗസ്ഥന്മാക്ക് അയച്ചിട്ടുണ്ടോ എന്ന് പറയുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): അപേക്ഷകരിൽ ഒരു സംഗതിയിലും നഷ്ടപ്പെടുവാൻ ഇടയാകാതെ താമസിച്ചുപോകാതെതന്നെ ശരണമെന്റ ഉണ്ടാക്കിയ ചട്ടങ്ങളിൽതന്നെ വ്യവസ്ഥചെയ്തിട്ടുണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചട്ടങ്ങളിലെ വ്യവസ്ഥയെകൂടാതെ കാലതാമസം ഉണ്ടാക്കാതെതന്നെ വല്ല പ്രത്യേക ഉത്തരവും കൺസർവേറാർ തന്റെ കീഴുദ്യോഗസ്ഥന്മാക്ക് അയച്ചിട്ടുണ്ടോ എന്ന പറയുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): അതിനാവശ്യം ഉണ്ടായിരുന്നില്ല. കഴിവതും അപേക്ഷകരിൽ വന്നതിൽ ആറെണ്ണത്തെസംബന്ധിച്ചു മാത്രമേ താമസമുണ്ടായിരുന്നുള്ളു. ഈ ആറെണ്ണത്തിൽ ഒന്നുമാത്രമേ മൂന്നു മാസം താമസിച്ചുള്ളു. ഈ താമസം ഞാൻ മുമ്പു പറഞ്ഞപ്രകാരം പാസ്സുകൊടുക്കുന്നതിനെതിരായി ഒരു ഹർജി ഉണ്ടായിരുന്നതുകൊണ്ടുമാണ. പാസ്സുകൊടുക്കുന്നതിനുമുമ്പായി ആ അവകാശത്തക്കം അന്വേഷണംകഴിച്ചു തീർച്ചയാക്കേണ്ടിയുംവന്നു.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): പ്രീപാസ്സിനു കാലതാമസംവരുത്തി എന്നു വല്ല റിപ്പോർട്ടും ഡിവിഷൻ ഫാറസ്റ്റാഫീസർ കൺസെർവേറാർക്കയക്കാറുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): അയക്കാറില്ല.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): പിന്നെ എങ്ങിനെയാണ താമസംവരുന്നു എന്നറിയുന്നതു?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): അതിനെ സംബന്ധിച്ചു കൌൺസിലിൽ ചോദ്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ടറിയാം.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): പിന്നീട അതിനെപ്പറ്റി അന്വേഷിച്ചോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): അതിനു അവസരം വന്നിട്ടില്ല.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): ഓരോ സമ്പ്രദായത്തിലും പൊരുത്തക്കേടുണ്ടെന്നു ചോദിച്ചിട്ടുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): പൊരുത്തക്കേടു ഇങ്ങോട്ടു പറയുന്നതിനു വിരോധമില്ല.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): അങ്ങോട്ടു ചോദിച്ചതനുസരിച്ചതിനു പരിഹാരമുണ്ടാക്കേണ്ടതുകൊണ്ടു ഡിപ്പാർട്ടുമെന്റ മേലധ്യക്ഷന്റെ ചുമതലയല്ലേ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): സങ്കടമുണ്ടെന്നറിഞ്ഞാൽഅല്ലേ അന്വേഷിക്കേണ്ട ആവശ്യമുള്ളു.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ വിഷയത്തിൽ സങ്കടമുണ്ടെന്നു കൗൺസിലിലും അസംബ്ലിയിലും ഇടയ്ക്കുപറയുകയും അതിലേക്കു ഒരു കമ്മിറ്റി ഏർപ്പെടുത്തി റിപ്പോർട്ടു സമർപ്പിക്കയുംചെയ്തു. പിന്നെയും അതിൽ സങ്കടമുണ്ടോ എന്നന്വേഷിക്കേണ്ടതു ഡിപ്പാർട്ടുമെന്റ മേലധ്യക്ഷന്റെ ചുമതലയല്ലേ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): ജനങ്ങൾക്കു സങ്കടമില്ലല്ലോ.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): ജനങ്ങൾക്കു സങ്കടമില്ലെന്നു ഡിപ്പാർട്ടുമെന്റിൽനിന്നും റിപ്പോർട്ടുചെയ്യുന്ന പതിവുണ്ടോ?

മി. എം. ശിവതാണുപിള്ള (തോപ്പേള): ചട്ടങ്ങളിൽ ക്ലിപ്തപ്പെടുത്തീട്ടുള്ളതിനുപുറം കാലതാമസം ഉണ്ടായാൽ അതിനു വല്ല പരിഹാരവും ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): കാലതാമസംഉണ്ടായാൽ എന്റെ അടുക്കലോ ഡിവിഷണൽ ഫാറസ്റ്റ് ഉദ്യോഗസ്ഥന്റെ അടുക്കലോ പരാതിപ്പെട്ടാൽമതി.

മി. എം. ശിവതാണുപിള്ള (തോപ്പേള): പാസ്സുകൊടുക്കുന്നതിൽ താമസംനേരിട്ടാൽ കക്ഷികളുടെ സങ്കടനിവാരണത്തിനു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലെന്നുണ്ടോ വിചാരിക്കേണ്ടതു?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസെർവേറാർ): താമസത്തിനു കാരണംകാണിച്ചു കക്ഷിക്കു തന്നെ മറുപടികൊടുക്കണമെന്ന വ്യവസ്ഥചെയ്തിട്ടുണ്ട.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): ബ്രിട്ടിഷിൻഡ്യയിലൊ മലബാറിലൊ ഇങ്ങനെയുള്ള ചട്ടങ്ങളും ഉണ്ടെന്നു കൺസർവേറാർക്കു നിർണ്ണയമുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറാർ): തടി കടത്തിക്കൊണ്ടുപോകുന്നതിനെപ്പറ്റിമാത്രം ചട്ടങ്ങളുണ്ട.

മി. കെ. സി. മാമ്മൻമാപ്പിള (വ്യവോരവും വ്യവസായവും, വടക്കു): കൺസർവേറ്റർ മയവുചെയ്യുന്നതിനെറ ഒരു പകർപ്പെടുപ്പിനിക്കുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഉവ്വ് എന്നാൽ ഇപ്പോൾ ഒക്കെയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ വിഷയത്തോടുസംബന്ധമുള്ള വല്ല ചട്ടങ്ങളും കൺസർവേറ്റർ ഈ സഭയെ വായിച്ചു കേൾപ്പിക്കുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): മല്ലാസ്സിൽ ഓരോ ഡിസ്ട്രിക്ടിലേക്കും തരികടത്തിക്കാണുപോകുന്നതിനെപ്പറ്റി ചട്ടങ്ങളുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇന്നതന്ന വിഷയത്തോടുസംബന്ധമുള്ള ഒരു ചട്ടം അങ്ങേഹം ദയവായി വായിച്ചുകേൾപ്പിക്കുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): നിർഭാഗ്യവശാൽ ആ ചട്ടങ്ങളും ഇപ്പോൾ എൻറെ കയ്പശംഭുല്ല.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): മിസ്റ്റർ കഞ്ഞിത്തൊമ്മൻ പ്രസ്താവിച്ച കമ്മിറ്റി റിപ്പോർട്ടിനെ എന്തു സംഭവിച്ചു?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതു മിനാമിപ്രായക്കാരുടെ കുറിപ്പുകളോടുകൂടെ ഗവണ്മെൻറിലേക്കു സമർപ്പിച്ചു. ഗവണ്മെൻറ് അതു വായിച്ചു രൂപികരിച്ചു ചട്ടങ്ങളാക്കിയശേഷം ഗസറ്റിൽ പ്രസിദ്ധംചെയ്തു, ആ ചട്ടങ്ങളാണ് ഇപ്പോൾ നടപ്പിലിരിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): റിപ്പോർട്ടുതന്നെ പ്രസിദ്ധം ചെയ്യുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): കഴിഞ്ഞപ്രാവശ്യം ഈ സഭയിൽ അക്കാര്യം ഞാൻ പ്രസ്താവിച്ചിരുന്നുവല്ലോ. നിയമസഭതന്നെ നിയമിക്കുന്ന ഒരു കമ്മിറ്റിയുടെ റിപ്പോർട്ടു സഭാമുമ്പാകെ വെച്ചിട്ടാവശ്യം ഇല്ലെന്നാണ് അന്നു പ്രസിഡൻറ് തീരുമാനിച്ചതു.

മി. ഡബ്ലു. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു പ്രസിദ്ധംചെയ്യാം എന്നായിരുന്നു ചോല്യം. അതിനു മറുപടിയായ ഒരുത്തരം പറയാമായിരുന്നു.

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കമ്മിറ്റി മെമ്പറുമാരുടെ മിനാമിപ്രായം കൌൺസിലിൻറെ അറിവിന്നായിട്ടു വെളിപ്പെടുത്തുമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): എനിക്കു വിരോധമില്ല. ഗവണ്മെൻറ് അതിനേൽ ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു. അതുകൊണ്ടു ഗവണ്മെൻറിനോടു ചോദിക്കേണ്ടതാണ്.

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും); അതിപ്പോൾ കൺസർവേറ്ററുടെ കൈവശമുണ്ടോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇല്ല.

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അതു വരുത്തി വായിക്കാമോ?

മി. ആർ. ധനുക്കോഴിപ്പിള്ള (വനം കൺസർവേറ്റർ). അതു ഗവണ്മെൻറിൽ സമർപ്പിച്ചുപോയി. അതിനെപ്പറ്റി സെക്രട്ടേറിയറ്റായിട്ടവനു ചോദിച്ചാൽ പറയാം.

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഗവണ്മെൻറിൻറെ ആളായിട്ടാണോ കൺസർവേറ്റർ ഇപ്പോൾ സംസാരിക്കുന്നതു?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതേ.

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഗവണ്മെൻറിൻറെ അനുവാദത്തോടുകൂടിയാണോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതേ.

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ കാര്യത്തിനു മറുപടിപറയാൻ ഗവണ്മെൻറിൻറെ പ്രത്യേകനുവാദം വേണ്ടേ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): വേണ്ടേ?

മി. തയ്യൂ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഓരോ ചോല്യത്തിനു ഉത്തരംപറയുവാൻ അനുവാദംകിട്ടിട്ടുണ്ടോ ഇല്ലയോ എന്നു മനസ്സിലാക്കിട്ടു ഞങ്ങൾ ചോല്യംചോദിക്കേണ്ടിയിരിക്കുന്നവരല്ലോ. അനുവാദംഉണ്ടായാൽ മറുപടി പറയാമോ?

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): പറയാം.

മി. ഡബ്ലു. സച്ചയ്യർ (ഗവണ്മെൻറ് നിയമസെക്രട്ടറി പ്രോസിക്യൂഡിംഗ്): സർ, ഈ പ്രമേയത്തെപ്പറ്റി അല്പം സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അതിനെ പ്രതിക്ഷിക്കയാണെന്നു പറയാം. ഈ പ്രമേയം നമുക്കു ഒരു ചിരപരിചിതനാണ്. എൻറെ സ്നേഹിതനായ കൺസർവേറ്റർ അതിനെപ്പറ്റി പ്രസ്താവിച്ചില്ലെങ്കിലും ഈ പ്രമേയത്തെപ്പറ്റി നാം ഒരു വർഷത്തിനു മുമ്പു വാദപ്രതിവാദം നടത്തിയിരുന്നു എന്നാണ് തോന്നുന്നതു. ഒരു സംവത്സരത്തിനുള്ളിൽ അതേ പ്രമേയം വീണ്ടും കൊണ്ടുവരാൻ പാടില്ലെന്നില്ലായ്കയാൽ എങ്കിൽ ഈ പ്രമേയം ഇതിനുമുമ്പു ഹാജരാക്കുമായിരുന്നു എന്നാണ് ഞാൻ ധിചാരിക്കുന്നതു. തിരുവിതാംകൂർ നിയമസഭാ കൌൺസിലിംഗ്സിൻറെ അഞ്ചാം പുസ്തകം 8 ാം ഭാഗം 8-ാം വകുപ്പുള്ള പുറങ്ങളിൽ ഈ പ്രമേയത്തെപ്പറ്റിയുള്ള വാദപ്രതിവാദങ്ങളാണ് കാണുന്നതു. അതു അച്ചടിച്ച അന്നുമുതൽ പുറത്തും മുഴുവനും ഉണ്ടു. മിസ്റ്റർ കഞ്ഞിത്തൊമ്മൻറെ വാദങ്ങളും ഞാൻ ശ്രദ്ധിക്കുകയുണ്ടായി. അങ്ങേഹം ഇന്നു കൊണ്ടുവന്ന വാങ്ങലിനെക്കാണുന്നതിനേക്കാൾ ഇപ്പോഴത്തേതു കൊണ്ടുവന്നിട്ടുള്ളതു. പ്രമേയങ്ങളിലുള്ളതായി പുതിയതായി യാതൊന്നും സംഗതിയും അങ്ങേഹം പറഞ്ഞിട്ടില്ല. ഏതുകാലത്തു കൺസർവേറ്റർ അന്നു പ്രഭർത്തിപ്പിച്ചതു ഇന്നും പ്രഭർത്തിപ്പിക്കുക. ഇൻപു പറഞ്ഞ വാദങ്ങളെക്കുറിച്ചുതന്നെയാണ് അങ്ങേഹം ഇന്നും പ്രമേയത്തിനെതിരായി പറഞ്ഞിട്ടുള്ളതു. (മിസ്റ്റർ എം. ജി. വേതനായകപിള്ള കേൾക്കു, കേൾക്കു). പ്രമേയത്തിനു അനുകൂലമായും പ്രമേയത്തിനു പ്രതികൂലമായും മുമ്പു കേട്ട അതേവാദങ്ങൾതന്നെ നാം ഇന്നും കേട്ടു (ചിരി) അതേരീതിതന്നെ ഇന്നും പ്രകടിപ്പിച്ചു പ്രമേയത്തെപ്പറ്റിയുള്ള ആലോചനയ്ക്കു കാലതാമസം വരുത്തു.

മി. പ്രസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): മൻ അവസരത്തിലും തമസർ പ്രമേയത്തെ പ്രതിക്ഷേധിക്കാം എന്നു പറയുമോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): ഞാൻ അതിനെ പ്രതിക്ഷേധിക്കുന്നു എന്നു ഞാനേരത്തെതന്നെ പറഞ്ഞുവല്ലൊ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): മൻ അവസരത്തിലും അല്പമാം പ്രമേയത്തെ പ്രതിക്ഷേധിക്കാം എന്നാണ് ഞാൻ ചോദിച്ചത്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): അതും ഞാൻ പ്രതിക്ഷേധിക്കയാണ് ചെയ്തത്.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): പ്രീപാസ്സ് വിഷയമായി സങ്കടം അനുഭവിക്കുന്ന രാജ്യത്തിലെ ഉദ്യോഗങ്ങളിൽ സഞ്ചരിച്ചു ജനങ്ങളുടെ കഷ്ടത മനസ്സിലാക്കിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): ഉണ്ട്.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): ഉദ്യോഗങ്ങളിൽ സഞ്ചരിച്ചു മനസ്സിലാക്കിട്ടുണ്ടോ?

മി. വിസുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): എൻറെ സ്ഥലത്തുനിന്നും മെയ്യു എടുത്ത് ഫ്രീഹോൾഡ് ഭൂമിയുള്ളൂ.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): ഏകദേശം ഞാൻ കണ്ടിട്ടാണ് പറയുന്നത്.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): എല്ലാഭാഗവും കണ്ടിട്ട് ഇതിനെ അനുകൂലിക്കുന്നതിനോ പ്രതികൂലിക്കുന്നതിനോ പൂരിപ്പെടുകയല്ലേ വല്ലൂ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): അങ്ങനെ എല്ലാഭാഗവും നോക്കേണ്ട ആവശ്യമില്ല.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): ഞങ്ങളുടെ ഡിപ്യൂട്ടിപ്രസിഡണ്ടു ഇങ്ങനെ ഗൌരവമുള്ള സംഗതികളിൽ നല്ലവണ്ണം നോക്കിയേടത്തോളം കുറിപ്പായം പറയാൻ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡെൻറ്): ഈസംഗതി അത്ര ഗൌരവമുള്ളതാണോ എന്നാണ് എൻറെ സംശയം.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): അൻമാനത്തേക്കാൾ അങ്ങനെയുള്ളതല്ലേ പ്രധാനം?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡൻറ്): അങ്ങിനെ ആണെങ്കിൽ പ്രധാനം അതേകമുണ്ട്.

സർ, ഇങ്ങനെ വാദം ദീർഘിപ്പിക്കാൻ കഴിയുമെന്നു എനിക്കു തോന്നുന്നു. എന്നാൽ എനിക്കു ഇതാണ് പറയാനുള്ളതു്. എനിക്കു മി. കുഞ്ഞിരാമൻനായരോടു സഹതാപം ഇല്ലെന്നല്ല. വാദം ഏതെരയും തരത്തെ സംബന്ധിച്ചുള്ളതാണ്. ഈസഭ അതേ വിഷയത്തെപ്പറ്റിതന്നെ പിന്നെയും പിന്നെയുമാദം നടത്തുന്നതിനു വിരോധം ഉണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ വിഷയത്തിനു മതിയായ പ്രാധാന്യം ഇല്ലെങ്കിൽ അങ്ങനെ ചെയ്യുന്നതു യുക്തമല്ല. വാദം സംബന്ധിച്ചു പുതിയസംഗതികൾ പറവാനുണ്ടെങ്കിൽ അതേവിഷയത്തെപ്പറ്റി പിന്നെയും ഉപന്യസിക്കുന്നതുകൊണ്ടു ദോഷമൊന്നുമില്ല. പ്രധാനമായ സ്ഥാപിച്ചതുമുതൽ ഈ വിഷയത്തെപ്പറ്റി രണ്ടു ദിവസം നടന്നുവെന്നാണ് മി. കുഞ്ഞിരാമൻനായർ പറയുന്നതു്. ഇതിനു കൺസർവേറ്റീവുകാരുടെ മേൽപടി ആക്ഷേപത്തിൻറെ ഫലമായി ഒരു കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി അവരുടെ റിപ്പോർട്ടും (കമ്മിറ്റിയിലെ ഭൂരിപക്ഷം സമ്മതിച്ചു) നമ്മുടെ ചട്ടങ്ങളും ഗവണ്മെൻറിലേക്കു സമർപ്പിക്കുകയും ചെയ്തു എന്നും ഗവണ്മെൻറു ആ ചട്ടങ്ങളെ സ്വീകരിച്ചു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയെന്നും ആ ചട്ടങ്ങളെ പ്രകാരം ജനുവരിമാസം ഒന്നാൽ പ്രാബല്യത്തിൽ വരുമെന്നുമാണ് എനിക്കു മനസ്സിലായിട്ടുള്ളതു്.

മി. തയ്യു കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): മല അധികമുള്ള വടക്കൻ തിരുവിതാംകൂറിലുള്ള കമ്മിറ്റി മെമ്പറന്മാർ രണ്ടുപേരും തിന്നാലിപ്രായം രേഖപ്പെടുത്തീട്ടുള്ളതായി അറിയാമോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡൻറ്): അതു കിടക്കട്ടെ എന്നു കൌൺസിൽ പ്രൊസീഡിംഗ്സുകാണുക മാത്രമേ, അതെല്ലാം എനിക്കറിയാം. രണ്ടുമെമ്പർമാർ തിന്നാലിപ്രായക്കാരായിരുന്നു എന്നുമാത്രം ഇപ്പോൾ ഈസംഗതി ചോദിക്കുമായിരുന്നപ്പോഴത്തെ നിയമസഭാ പ്രൊസീഡിംഗ്സിൽ കാണാവുന്നതാണ്. അതെല്ലാം ഇന്നലെരാവിലെ ഞാൻ വായിച്ചിരിക്കുന്നു ഇന്നത്തെ പ്രവൃത്തി വിവരപ്പട്ടിക ഞാൻ ഈ പ്രമേയം കണ്ടപ്പോൾ അതിനെപ്പറ്റി ഞൻ അറിഞ്ഞിട്ടുള്ളപ്രകാരം തോന്നുകയാൽ ഞാൻ പ്രൊസീഡിംഗ്സിൻറെ മൻപുസ്തകങ്ങൾ നോക്കി അതിനെപ്പറ്റി ഒരു വർഷത്തിനു പൂർണ്ണമായി വാദപ്രതിവാദം കഴിച്ചിട്ടുണ്ടെന്നു ഗ്രഹിച്ചു.

നമ്മുടെ സ്വന്തം മുതലിനെ നമ്മുടെ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യാൻ നമുക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നു എൻറെ സ്നേഹിതൻ മി. കുഞ്ഞിരാമത്തമ്പുരാനും അദ്ദേഹത്തിൻറെ അനുകൂലികളും പറയുമായിരിക്കും. എന്നാൽ പൊതുജനത്തിൻറെ ക്ഷേമത്തിനും അധികപ്രയോജനമായ ഉദ്ദേശത്തിനുവേണ്ടി വ്യക്തികളുടെ സ്വാതന്ത്ര്യത്തെ ഗവണ്മെൻറു ചിലനിബന്ധനകളാൽ നിയന്ത്രപ്പെടുത്തേണ്ടതാകുന്നു എന്നാണ് സാധാരണതത്വം. ഈ തത്വമനുസരിച്ചാണ് വനം രക്ഷിക്കുന്നതിനു ഇതുവരെയുള്ള ചട്ടങ്ങളും ഉണ്ടാക്കീട്ടുള്ളതു്. നമ്മുടെ ഇഷ്ടംപോലെ എന്തുംചെയ്യാൻ നമുക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു നമുക്കു തോന്നുമായിരിക്കും. എന്നാൽ തിരുവിതാംകൂറിൽ ഏകദേശം ചതുരശ്രമൈൽ വനങ്ങളുണ്ടെന്നും ഈ വനങ്ങളിൽനിന്നു വ്യാജമായി മുണ്ടകത്തിക്കൊണ്ടുപോകുന്നതിനെ തടയുവാൻ വളരെ പ്രയാസമാണെന്നും ഉള്ള സംഗതി ഓർക്കേണ്ടതാണ്. അങ്ങനെയിരിക്കെ സ്വകാര്യഭൂമികളിൽനിന്നാകട്ടെ ഗവണ്മെൻറുവക വനങ്ങളിൽനിന്നാകട്ടെ തടി കടത്തിക്കൊണ്ടുപോ

ക്കുന്നതിനെ സംബന്ധിച്ചു ചിലനിബന്ധനകൾ ഉണ്ടായിരിക്കേണ്ടതു ആവശ്യമല്ലയോഎന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. വാഹനങ്ങൾ അധികമില്ലാത്ത സ്ഥലങ്ങളിൽ തടികൾ കടത്തിക്കൊണ്ടുപോകുന്നതിനു യാതൊരു തടസ്സങ്ങളുമില്ലെന്നും നിബന്ധനകൾ ഉൾപ്പെടുത്തിയിരിക്കുന്നതു വനങ്ങളുടെ സമീപസ്ഥലങ്ങളിൽ മാത്രമാണെന്നും കൺസർവേറ്റർ നമ്മോടു പറഞ്ഞുവല്ലോ. അങ്ങനെ ഗവർണ്മെന്റിന്റെ നിബന്ധനകൾ ഉണ്ടാക്കിട്ടുള്ളതു വളരെ ന്യായമാകുന്നു.

ഇപ്പോഴത്തെ ചട്ടങ്ങളുടെ നടത്തിപ്പുകൊണ്ടു സങ്കടമുണ്ടെന്നു ആരുടേയും പരാതി കിട്ടിട്ടില്ലെന്നും കൺസർവേറ്റർ നമ്മോടു ഇപ്പോൾ പറഞ്ഞുവല്ലോ. മി. കുഞ്ഞിരാമൻനായരുടെ അഭിപ്രായമെന്നാണ് എനിക്കറിവു ശ്വാസം. പുതിയചട്ടങ്ങൾ പാസ്സാക്കിയതു കൺസർവ്വേഷൻ ഇന്നു പരിമിതസ്വത്തിലാണ്. അതിന്റെശേഷം നാലുവർഷമേ കഴിഞ്ഞിട്ടുള്ളൂ. മി. ധനുക്കോടിപ്പിള്ള പറഞ്ഞ കണക്കുകൊണ്ടു.....

മി. തയ്യിൽ കുഞ്ഞിരാമൻനായർ (കാഞ്ഞങ്ങാടു): മറ്റുരാജ്യങ്ങളിൽ ഏതെങ്കിലും ഗവർണ്മെന്റു പാസ്സുവേണമെന്നു വച്ചിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ്നിയമനം-ഡിപ്യൂട്ടിപ്രസിഡൻറ്): എന്നാണ് മി. ധനുക്കോടിപ്പിള്ള പറയുന്നതു്. എന്തായാലും ഈകാര്യത്തിൽ വളരെ ശ്രദ്ധിക്കുന്നും കാണിച്ചിട്ടുണ്ടു്. ഞാൻ പറയുന്നതു ഇതാണു. മി. കുഞ്ഞിരാമൻനായർ ഇക്കാര്യത്തിൽ വളരെ താല്പര്യം കാണിക്കുന്നു. അല്പമെങ്കിലും താമസമോ ബുദ്ധിമുട്ടുകളോ അല്പമെങ്കിലും അതൃപ്തികളോ ഉണ്ടായിരുന്നെങ്കിൽ കുറേശ്ശേ ശിക്ഷിക്കുകയെങ്കിലും ചെയ്യും അധികാരസ്ഥന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു അദ്ദേഹം മുമ്പന്തിയിലുണ്ടായിരുന്നേനേ. എങ്കിലും പരാതികളൊന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. നേരത്തേറിച്ചു ഫീസുകൾ അപേക്ഷകളിൽ അന്നോ അതോ മഴിച്ചു ശേഷമെല്ലാം യിരുന്നതുസമയത്തിനുള്ളിൽ അനുവദിച്ചുകൊടുത്തു എന്നാണ് കൺസർവേറ്റർ പറയുന്നതു്. അങ്ങനെയിരിക്കെ ഈ വിഷയം പുനരാലോചനയ്ക്കെടുത്തു മുമ്പിലത്തെ വാദങ്ങളെ ആവർത്തിക്കണമോ എന്നു ഞാൻ സംശയിക്കുന്നു. കഴിഞ്ഞ വാദപ്രതിവാദത്തിന്റെ റിപ്പോർട്ടു ഞാൻ മുമ്പു പറഞ്ഞപ്രകാരം എട്ടാംപുസ്തകത്തിലുണ്ടെന്നു തോന്നുന്നു്, അതുകൊണ്ടു ആ വാദപ്രതിവാദം നാം നടത്തിയതു ഫൺഡമെന്റൽ ആയിരുന്നെന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടു എന്തെങ്കിലും പുതിയ സംഗതികളെ പറയാതേയും ഇപ്പോഴത്തെ ചട്ടങ്ങളുടെ പ്രയോഗത്തിൽ ഞങ്ങൾക്കു ഇന്നയിന്ന പ്രയാസങ്ങളെ ഉണ്ടാകുന്നു; ഞങ്ങളെ ഇന്നയിന്ന അതൃപ്തികളുണ്ടെന്നു അറിയിക്കുന്നു; പ്രത്യേകം ഉദ്യോഗസ്ഥന്മാർ ഇപ്പോഴും ഞങ്ങളെ ഉപദ്രവിക്കുന്നു" എന്നു മുതലായ പ്രസ്താവിക്കാതെയും നാം ഈ കാര്യത്തെപ്പറ്റി വീണ്ടും ആലോചിച്ചു സമയം കളയുന്നതു ന്യായമായിരിക്കയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഫൺഡമെന്റലിയിലെ ചട്ടങ്ങളെപ്പറ്റിയാതൊരു പ്രസ്താവവും ഉണ്ടായിട്ടില്ല. മുമ്പു കൊണ്ടുവന്ന യാളുകളുമാതുമേ ഇന്നും കൊണ്ടുവന്നിട്ടുള്ളൂ. മുൻ അവസരത്തിൽ ഈ വിഷയത്തെപ്പറ്റി ദീർഘമായ വാദപ്രതിവാദം നടത്തിയിരിക്കെ മറ്റുവൻ സംഗതികളെപ്പറ്റിയുള്ള ആലോചനയിൽ നാലഞ്ചു മണിക്കൂർസമയം നാം വ്യയംചെയ്തിരിക്കുന്നു, നാം.....

മി. എം. ശിവതാണുപിള്ള (തോവാള): ക്ലിപ്തസമയത്തിനുള്ളിൽ പാസ്സു കൊടുക്കാതെയിരുന്നാൽ അപേക്ഷകന്റെ ഇഷ്ടംപോലെ തടി കടത്തിക്കൊണ്ടു പോകാൻ അധികാരംകൊടുക്കേണ്ടതാണെന്ന മുമ്പവസരത്തിൽ മെമ്പർ പറഞ്ഞിട്ടില്ലയോ എന്നതുമെമ്പർ പറയുമോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ്നിയമനം-ഡിപ്യൂട്ടിപ്രസിഡൻറ്): എന്റെ പ്രസംഗത്തിൽ ഞാൻ അങ്ങിനെ പറഞ്ഞില്ല. മി. ധനുക്കോടിപ്പിള്ളയുടെ പ്രസംഗമദ്ധ്യേ ഞാൻ ഒരു ചോദ്യം ചോദിച്ചു. എന്റെ ഓർമ്മ ശരിയാണെങ്കിൽ അതായിരുന്നു ഞാൻ മി. ധനുക്കോടിപ്പിള്ളയോടു ചോദിച്ച ചോദ്യം.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ ഈ പ്രമേയത്തെ എതിർക്കാൻ നിശ്ചയിച്ചതു എപ്പോഴേക്കെന്നു പറയുമോ? പ്രൊസീഡിംഗ്സ് വായിച്ചുനോക്കിയതിനുശേഷമോ അതിനു മുമ്പോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രസിഡൻറ്). ആ അഭിപ്രായം ഫർണ്ടമെന്റലിൽ കടന്നതു എപ്പോഴാണെന്നു ഞാൻ ശരിയായി ഓർക്കുന്നില്ല. ഇങ്ങനെ ഒരു വിഷയത്തെക്കുറിച്ചു നാം ഇന്നുടെ ആലോചിക്കയുണ്ടായി എന്നു ഇന്നു രാവിലെ എനിക്കു തോന്നി. അതുകൊണ്ടു ഞാൻ പ്രൊസീഡിംഗ്സ് മുഴുവനും വായിച്ചുനോക്കി. പുതിയ ചട്ടങ്ങളുടെ പ്രയോഗത്തെപ്പറ്റി മി. കുഞ്ഞിരാമൻനായർ പൂർണ്ണമായി വല്ലതുംപറവാനുണ്ടോ എന്നറിവാൻ എനിക്കു ആഗ്രഹം ഉണ്ടായി. ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും അദ്ദേഹംപറയുന്നതു നാം കേൾക്കേണ്ടതാണ്. പുതിയ കാരണങ്ങളോന്നും പറയാതേയും ഇപ്പോഴുള്ള ചട്ടങ്ങൾനിമിത്തം ജനങ്ങൾക്കു വല്ല അതൃപ്തികളും ഉണ്ടോഎന്നറിയാതേയും ഈ കാര്യം നാം പുനരാലോചനയ്ക്കെടുക്കുന്നതു എന്തിനാണെന്നു എനിക്കറിഞ്ഞുകൂടാ.

മി. ജി. രാമൻമേനോൻ (മാവേലിക്കര യും കാഞ്ഞിരപ്പള്ളിയും): പുതിയചട്ടങ്ങൾ പാസ്സാക്കിയതിനുശേഷവും പ്രീപാസ്സ് കൊടുക്കുന്ന കാര്യത്തിൽ അതിയായ കാലതാമസം നേരിടുന്നു എന്നു മി. കുഞ്ഞിരാമൻനായർ പറഞ്ഞില്ലയോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ്നിയമനം-ഡിപ്യൂട്ടി പ്രസിഡൻറ്): മി. ധനുക്കോടിപ്പിള്ള പറഞ്ഞതു പേക്ഷിച്ചു മി. കുഞ്ഞിരാമൻനായർ പറയുന്നതു സ്വീകരിപ്പാൻ ഞാൻ തയ്യാറില്ല. ആയിരുന്നു എങ്കിൽപ്പിന്നെ അപേക്ഷകരും ഉണ്ടായിരുന്നതിനാൽ ആറു അപേക്ഷകളുടെകാര്യത്തിൽ മാത്രമേ താമസം ഉണ്ടായിരുന്നുള്ളൂ എന്നാണ് മി. ധനുക്കോടിപ്പിള്ള പറഞ്ഞതു. വല്ല താമസവും ഉണ്ടായാൽ അതു കൺസർവേറുടെടയോ ഗവണ്മെൻറിനേറെയോ ഉദ്ദ്യോഗിൽ കൊണ്ടുവരുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു അപേക്ഷക്കായ്തീർച്ചയാക്കുന്നതിനും രണ്ടാഴ്ചയിധികം താമസംഉണ്ടായാൽ അപേക്ഷകനു അതുകൊണ്ടുമായി ഒരു നിവൃത്തിമാർഗ്ഗം ഉണ്ടായിരിക്കേണ്ടതാണെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ്നിയമനം-ഡിപ്യൂട്ടി പ്രസിഡൻറ്): അതിനെസംബന്ധിച്ചു ചട്ടങ്ങളിൽ ഒരു പരിഹാരമാർഗ്ഗംആവശ്യമുണ്ടെന്നു എനിക്കതോന്നുന്നില്ല. താഴെക്കീഴിലുള്ള ഉദ്യോഗസ്ഥന്മാർ ചട്ടങ്ങളെ അനുസരിക്കുന്നില്ലെന്നു കൺസർവേറെങ്കിൽ അറിയിച്ചാൽ അവരെ ശിക്ഷിക്കുന്നതിനു അദ്ദേഹം സന്നദ്ധനായിരിക്കും. മറ്റെപ്പോഴത്തെയും അതു മതിയെന്നു ഞാൻവിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അപേക്ഷകന്റെ യോഗ്യതയല്ല പരിഗണിക്കുന്നതു്. ഒരു വസ്തുവിന്റെ വിലയിൽ കൂടുതൽ ഉണ്ടായിരിക്കണമെന്നുള്ളതാണു് നിബന്ധന. അതുകൊണ്ടു് ഈ വിഷയത്തിൽ ഒരു ഭേദഗതി വരുത്തുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമോപദേഷ്ടാവു്): അങ്ങനെയൊരു വ്യവസ്ഥയുള്ളതായി ഞാൻ വിചാരിക്കുന്നില്ല. ഡിവിഷനൽ ഫോറസ്റ്റ് ഓഫീസറുടെ ഉദ്യോഗസ്ഥനും കൺസർവേറ്ററും ഗവർണ്മെന്റും ഉണ്ടല്ലോ. അപേക്ഷകനു് ഇവരോടു മുമ്പാകെ ഹർജി ബോധിപ്പിക്കാം. ഞാൻ ഗവണ്മെന്റിന്റെ ഭാഗം പിടിച്ചു സംസാരിക്കയാണെന്നു വിചാരിക്കരുതു്. ഞാൻ ഗവണ്മെന്റുഭാഗം വക്കീലല്ല. അവരുടെ ഭാഗം പിടിച്ചു വാദിപ്പാൻ ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. പുതിയ സംഗതികളൊന്നുമില്ലാതെ ഈ വിഷയത്തെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തി സമയം കളഞ്ഞിട്ടാവശ്യമില്ലെന്നു മാത്രമേ എനിക്കു പറവാനുള്ളൂ.

മി. എം. ശിവതാണുപിള്ള (തോവാള): ഈ സംഗതി സഭയുടെ അഭിപ്രായത്തിനു വിടണമെന്നു് ഒരു നിർദ്ദേശം കൂടി ഞാൻ ഇതിനു മുമ്പിൽ വയ്ക്കുന്നു. കുഞ്ഞിത്തൊമ്മൻ വിചാരിച്ചുറച്ചതെന്നു അതിനെപ്പറ്റി വീണ്ടും വാദപ്രതിവാദം നടത്താൻ മതിയായ കാരണമല്ലയോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമോപദേഷ്ടാവു്): അല്ല.

മി. എം. ശിവതാണുപിള്ള (തോവാള): എവിടെയോ പിശകുണ്ടു് അതുകൊണ്ടല്ലേ അവർ വിചാരിക്കുന്നില്ലയോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമോപദേഷ്ടാവു്): അതു് അവരുടെ മനഃസ്ഥിതിപോലെയായിരിക്കും.

മി. ജി. രാമൻതമ്പോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മി. കുഞ്ഞിത്തൊമ്മൻ കൊണ്ടുവന്ന പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. എങ്കിൽ പ്രസംഗത്തിന്റെ പ്രയാസമുദ്ദേശം മി. സുബ്ബയ്യർ കൊണ്ടുവന്ന വാദങ്ങളെ വിമർശനംചെയ്യുകയുണ്ടു. പുതിയ സംഗതികളൊന്നുമില്ലെങ്കിൽ ഈ പ്രമേയത്തെപ്പറ്റിവീണ്ടും ആലോചിച്ചുസമയം കളയുന്നതു ശരിയല്ലെന്നു മി. സുബ്ബയ്യർ പറഞ്ഞു. ഈ രണ്ടു വർഷത്തിനകത്തിൽ പുതിയ സംഗതികൾ ഉണ്ടായിട്ടുണ്ടെന്നാണു മി. കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചതിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടും ഭേദഗതികൾ വരുത്തിയിട്ടും ഒന്നുമുണ്ടായില്ലെങ്കിൽ മി. കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചതിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. അങ്ങനെ വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ മി. കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചതിൽ കഴമ്പുണ്ടെന്നു തോന്നുന്നു. അങ്ങനെ ഇല്ലാത്തപക്ഷം ഈ പ്രമേയത്തെ വീണ്ടും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴുദ്യോഗസ്ഥന്മാരുടെ ശിക്ഷിമതികളെയും പ്രവൃത്തികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി നടക്കാൻ സമയമുണ്ടാകുമോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു; ഈ പ്രമേയം സഭയിൽ അവതരിപ്പിച്ചപ്പോൾ ഫോറസ്റ്റാക്കിയതിനുള്ള കാരണത്തെന്നെ ഈ വിഷയത്തെപ്പറ്റി മനഃപൂർവ്വം മെമ്പർമാർക്കു സംസാരിക്കാനും അവരുടെ അനുഭവങ്ങളെ പ്രസ്താവിപ്പാനും അവസരം കൊടുക്കണമെന്നാകുന്നു. അതുകൊണ്ടു ഈ പ്രമേയത്തെ വീണ്ടും ഫോറസ്റ്റാക്കിയതു ന്യായമാണെന്നും ആ വിഷയത്തെപ്പറ്റി പുനരാലോചന ചെയ്യാൻ കാരണമുണ്ടെന്നും ഞാൻ വിചാരിക്കുന്നു. ഇതിനുപുറമെ സാധാരണയായി പറവാനുള്ളതെല്ലാം മുമ്പു പറഞ്ഞുകഴിഞ്ഞു എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ പുതിയ ചട്ടങ്ങൾ ഉണ്ടാക്കിയശേഷവും ഉൽസ്ഥിതിക്കു ഭേദംവന്നിട്ടില്ലെന്നുള്ള കാര്യം ഈ സഭയുടെ ഗൗരവമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണു്. ഡിപ്പാർട്ടുമെന്റിൽനിന്നു ചെയ്യുന്ന ക്രമങ്ങൾകൊണ്ടു അപേക്ഷകർ തീച്ചയാക്കുന്ന കാര്യത്തിൽ താമസമില്ലെന്നു കാണുമായിരിക്കാം. എന്നാൽ സഭയുടെ ഈ ഭാഗത്തിരിക്കുന്നവർ ഇതുകൂടെ അനുഭവത്തിലുണ്ടെന്നു വിശ്വസിക്കേണ്ടതുണ്ടു്. കാര്യങ്ങൾ മിക്കപ്പോഴും മുമ്പിലത്തെപ്പോലെതന്നെ അനാസ്ഥസ്ഥിതിയിൽ ഇരിക്കുന്നുവെന്നാകുന്നു എന്റെ അറിവു്. റിസർവ്വുവനങ്ങളിൽനിന്നു ദൂരസ്ഥിതങ്ങളായ പ്രദേശങ്ങളിൽ മുട്ടുകൾ കടത്തിക്കൊണ്ടുപോകുന്നതിനു യാതൊരു തടസ്സവും ഇല്ലെന്നു പ്രസ്താവിച്ചുകൂടുന്നു. ഈ നിബന്ധിച്ചിട്ടുള്ളതു എത്രയാണെന്നു അറിവാൻ ആഗ്രഹമുണ്ടു്. റിസർവ്വുവനങ്ങളിൽനിന്നു പത്തുനാഴികയ്ക്കപ്പുറമുള്ള സ്ഥലങ്ങളിൽ യാതൊരു തടസ്സവും ഇല്ലെന്ന ഒരു ചട്ടമുണ്ടാക്കിയാൽ അതു ന്യായമായിരിക്കും. ഒരു ക്ലിപ്തസമയത്തിനുള്ളിൽ പാസ്സുകൊടുക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. അതുപോലും അതുകൊണ്ടു ജനങ്ങൾക്കൊരു രക്ഷയില്ല. ക്ലിപ്തസമയത്തിനുള്ളിൽ പാസ്സുകൊടുക്കാത്തപക്ഷം പാസ്സില്ലാതെ തടി കടത്തിക്കൊണ്ടുപോകാൻ ജനങ്ങൾക്കു സ്വാതന്ത്ര്യം കൊടുക്കണം. അങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കിട്ടു രേഖാപരമായ സാക്ഷ്യമാണു്. അങ്ങനെയൊരു വ്യവസ്ഥയില്ലെന്നാകുന്നു എന്റെ അറിവു്. മറ്റൊരു കാരണം കൂടാതെ അധികാരസ്ഥന്മാർ പാസ്സുകൊടുക്കാൻ വീഴ്ചചെയ്താൽ തടി കടത്തിക്കൊണ്ടുപോകാൻ ജനങ്ങൾക്കു സൗകര്യമുണ്ടാകത്തക്കവണ്ണം കൊടുക്കണം. പള്ളികൾ സ്ഥാപിക്കാൻ കോടുക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ ൧൦ ദിവസത്തിനുള്ളിൽ ഒരു തീർപ്പു കല്പിക്കാത്തപക്ഷം അപേക്ഷകനു പള്ളി സ്ഥാപിക്കാൻ സ്വാതന്ത്ര്യം ഉണ്ടെന്നു കേട്ടിട്ടുണ്ടു്. അപ്രകാരമൊരു ഗവണ്മെന്റ് നിബന്ധിച്ചിട്ടുള്ള സമയത്തിനുള്ളിൽ പാസ്സു കൊടുക്കാത്തപക്ഷം പാസ്സില്ലാതെ തടി കടത്തിക്കൊണ്ടുപോകാൻ കക്ഷിക്കു അനുവാദം ഉണ്ടായിരിക്കണം. ഇതുമല്ലാതെ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ കൊണ്ടുവന്നിട്ടുള്ള പുതിയ സംഗതികളുണ്ട. പാസ്സുകൊടുക്കുന്നതു ക്ലിപ്തസമയത്തിനുള്ളിൽ കൊടുക്കേണമെന്നാണെന്നു ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ആ ചട്ടപ്രകാരം നടക്കുന്നില്ലെന്നാണു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നതു. അതുകൊണ്ടു നിബന്ധിച്ചിട്ടുള്ള സമയത്തിനുള്ളിൽ പാസ്സുകൊടുക്കാത്തപക്ഷം കക്ഷിക്കു പാസ്സില്ലാതെ തടി കടത്തിക്കൊണ്ടുപോകാമെന്ന ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഒരു കൊല്ലത്തിനുമുമ്പു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഈ മാതിരിയുള്ള ഒരു പ്രമേയം ഇവിടെ ഫോറസ്റ്റാക്കിയ അവസരത്തിൽ ഞാൻ ആ പ്രമേയത്തെ എതിർക്കയാണു ചെയ്തിരുന്നതു്. എന്നാൽ ഒരു കൊല്ലത്തിനുശേഷം പിന്നിട്ടിട്ടുള്ള എന്റെ അറിവും അനുഭവവുംകൊണ്ടു ഇപ്പോഴും ഈ പ്രമേയത്തെ എതിർക്കേണ്ടിയിരുന്നതായി വന്നിരിക്കുന്നു. തിരുവിതാംകൂറിൽ ഉള്ള വനത്തിൽ പേരിൽപാതിവും ഭൂമികൊണ്ടു മുന്നിനമായി തിരിക്കാവുന്നതാണു്. മറ്റൊരു റിസർവ്വ്വനത്തിനുള്ളിൽതന്നെ നാലവശവും റിസർ

വും നടവിൽ പേരിൽപതിവു ഭൂമികളും ഉണ്ട്. പേരിൽപതിവുഭൂമികൾക്കു മുന്നാധാരവും റിസർവുവനങ്ങൾക്കും ഉണ്ട്. മേയാധാരവും റിസർവ്വ് ഇല്ലാത്ത സ്ഥലങ്ങൾക്കും വളരെ കുറവാണ്. ഈ നിലയിലാണ് തിരുവിതാംകൂറിലെ സ്ഥിതി.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുഴയും): അമ്പലപ്പുഴ മൈക്കര മുതലായ സ്ഥലങ്ങളിൽ പാസ്സിന്റെ ആവശ്യമുണ്ടോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞങ്ങിലി പ്ലാവ് മുതലായ വൃക്ഷങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനു യാതൊരു പാസ്സും വേണ്ട. മുളയ്ക്കു പാസ്സുവേണം. അതും വ്യാപാരികൾ വണ്ടിയിൽ കയറ്റിക്കൊണ്ടു പോകുന്നതിനുകൊണ്ടു അതിനുമാത്രമേ പാസ്സുവേണമെന്ന നിർബ്ബന്ധമുള്ളൂ.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുഴയും): വ്യാപാരികൾക്കുമാത്രമേ മുള കൊണ്ടുപോകുന്നതിനു ആവശ്യമുള്ളൂ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മറവുള്ളവർക്കു തലച്ചുമടായിക്കൊണ്ടുപോകാൻ പാസ്സ് വേണ്ട, റോഡിൽക്കൂടെ വണ്ടിയിൽ കൊണ്ടുപോകുന്നെങ്കിൽ മാത്രമേ പാസ്സ് ആവശ്യമുള്ളൂ.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുഴയും): ജന്മമാഗ്രമായും കുടിയാഗ്രമായും കൊണ്ടുപോകുന്നതിനു പാസ്സുവേണമെന്നു മെംബർക്ക് അറിയാമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തലച്ചുമടിനു വേണ്ടെന്നു അറിയാം.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുഴയും): അമ്പലപ്പുഴ ചേർത്തല മുതലായ സ്ഥലങ്ങളിൽനിന്നും തലച്ചുമടായി കൊണ്ടുപോകുന്നതു വളരെ പ്രയാസമാണെന്നു അറിയാമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അമ്പലപ്പുഴ ചേർത്തല ഈ സ്ഥലങ്ങളിൽ മുള ഉണ്ടോ എന്നതാണ് സംശയമാണ്. അമ്പലപ്പുഴ മുളയില്ല.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുയ്യേം): ചേർത്തല മുളയുണ്ടോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതു ചേർത്തല മെംബർ മി: ശിവരാമപണിക്കർ പറയണം.

മി. കെ. ശിവരാമപണിക്കർ (ചേർത്തല): സാധാരണയായിട്ടില്ല.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുഴയും—തൊട്ടപുഴയും): അസാധാരണയായിട്ടെങ്കിലും ഉണ്ടെല്ലോ?

മി. കെ. ശിവരാമപണിക്കർ (ചേർത്തല): ഇല്ല, തീരെ ഇല്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മലകളിൽനിന്നും തേമ്പാവ്, മരുത്, വേങ്ങ മുതലായ വൃക്ഷങ്ങൾ കടത്തിക്കൊണ്ടുപോകുന്നതാണ് പ്രീപാസ്സ് ആവശ്യമുള്ളത്. സ്വന്ത പേരിൽഉള്ള പതിവു ഭൂമികളിൽനിന്നും വൃക്ഷങ്ങൾ അധികം മുറിക്കാതിരിക്കുന്നതിനാണ് ഇപ്പോഴേർപ്പെടുത്തിയ പ്രീപാസ്സ് ഉപയോഗപ്പെട്ട വരുന്നത്.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുഴയും—തൊട്ടപുഴയും): അടുത്ത പുരയിടങ്ങളിൽ കൊണ്ടുപോകാൻ തടസ്സം ഇല്ലല്ലോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഉരുപ്പടിയാക്കിക്കൊണ്ടുപോകുന്നതിനു തടസ്സം ഇല്ലാ എന്നാണ് എന്റെ അറിവ്.

തിരുവിതാംകൂറിലുള്ള റിസർവിനെ പേരിൽപതിവു സ്ഥലങ്ങളിൽനിന്നു വേർതിരിക്കാൻ: രണ്ടരക്ക അരനാഴികമുതൽ വടക്കു അരനാഴികവരെ ഒരു റോഡ് ഉണ്ടായിരുന്നാൽ നന്നായിരിക്കും. ഇപ്പോൾ പത്തോ അൻപതോ തടികളെ റിസർവിൽനിന്നും മുറിച്ചു പേരിൽപതിവു പുരയിടത്തിലേക്കു കടത്തിക്കൊണ്ടുപോകാൻ യാതൊരു പ്രയാസവുമില്ല.

മി. കുരങ്ങിപള്ളി ആർ. രാമൻപിള്ള (കൊല്ലം): അതു സൂക്ഷിക്കുന്നതിനു സഞ്ചായം ഡിപ്പാർട്ടുമെന്റുകാർ ഇല്ലെ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതിലേക്കു ഉദ്യോഗസ്ഥന്മാരുണ്ടെങ്കിലും എല്ലാം കണ്ടുപിടിക്കാൻ സാധിക്കയില്ല.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുഴയും): ഓരോ വേനലിലും ഉള്ള പണപ്പെട്ടിയുടെ അടുത്തും പോലീസുകാർ ഇല്ലാതിരുന്നിട്ടും മോഷണം നടക്കുന്നില്ലല്ലോ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതു ഉടമസ്ഥന്മാർ ശ്രദ്ധയായി സൂക്ഷിക്കുന്നതുകൊണ്ടാണ്.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുയ്യേം): മരം എല്ലായിടത്തുനിന്നും സായാർണമോഷ്ടിച്ചുകൊണ്ടു പോകുമ്പോൾ കേസ് ഉണ്ടാകുന്നില്ലല്ലോ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതിനു തക്കവണ്ണം ആളില്ലാത്തതുകൊണ്ടാണ്.

മി. തയ്യൂർ കുഞ്ഞിരാമൻനായർ (മുഖാരപുയ്യേം—തൊട്ടപുയ്യേം): ഗവണ്മെന്റിൽനിന്നും എല്ലാം സൂക്ഷിക്കുന്നതിനു ആളുകൾ ഉണ്ടെന്നാണല്ലോ പറഞ്ഞത്?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): റിസർവ്വിൽനിന്നും തടി കടത്തിക്കൊണ്ടു പോകുന്നതിനു ഈ സിസ്റ്റം ഇല്ലാഞ്ഞാൽ കൂടുതൽ കസുകുകൾ ഉണ്ടാകുന്നതാണ്. എന്നാൽ ഉരുപ്പടി ആക്കിക്കൊണ്ടു പോകുകയാണെങ്കിൽ അതിനു തടസ്സവും ഇല്ല. പ്രീപാസ്സ് കൊടുക്കുന്നതിനു ഒരാളുള്ളതിൽ ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നതിനു പാവ്വത്യകാരന്മാരുടെ സർട്ടിഫിക്കറും വരണമെന്നുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഇപ്പോൾവനങ്ങളിൽനിന്നും തടികടത്തിക്കൊണ്ടു പോകുന്നതുപോലെയുള്ള ഫ്രാഡ്സ്സ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ അറിഞ്ഞോട്ടുകൂടിയാണെന്നറിയാമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതു എങ്ങിനെയായാലുണ്ടായ വനത്തിൽ നിന്നും റിസർവ്വുദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടിയും ഇല്ലാതെയും തടികൊണ്ടു പോകുന്നതിനു ആലോചിച്ചു പരിചയമുള്ളവർക്കു മാത്രമേ അറിയാവൂ.

എതിക്കുതന്ന ഇത്രമാത്രം പുലിവൽസ്ഥലങ്ങളേ ഉണ്ട്. എന്നെറ അറിവിലും ഞങ്ങളേത്തിലും ഉള്ളസംഗതികളാണ് ഞാൻപറയുന്നത്. എനിക്കുതന്ന വേണ്ടതെങ്കിൽ റിസർവിൽനിന്നും തടിമേടിച്ച് എന്നെറപുരയിടത്തിൽ ഇറക്കാൻസാധിക്കും. ഫ്രാൻസ്സ് ഡിപ്പാർട്ടുമെൻകാക്ക് കണ്ടുപിടിക്കാനുംസാധിക്കയില്ല. ഇതെല്ലാം എനിക്ക അനുഭവമുള്ളതാണ്. ഫ്രീപാസ്സ് സിസ്റ്റം തിരുത്തുകളഞ്ഞാൽ തിരുവിതാംകൂറിലെ പാവപ്പെട്ടവന്മാരുടെ ആവശ്യത്തിനു ഉപകരിക്കാത്ത നിലയിൽ റിസർവിലുള്ള മരങ്ങളുടനം നാമാവശേഷമായിപ്പോകും. ഇപ്പോഴത്തെ ഒരുമാസത്തിനകംകൊണ്ടു പോകത്തക്കവിധത്തിൽ പാസ്സുകിട്ടുന്നുണ്ട്. ഫ്രീപാസ്സിനേസംബന്ധിച്ചു ഞതനമായ റൂൾസ് താമസംകൂടാതെനിപ്പുമായിട്ടാണ് ഉണ്ടായിട്ടുള്ളത്. അതിനുമുമ്പു ഫ്രീപാസ്സുകിട്ടുന്നതെന്നു മുതിരിക്കുട്ടി ചോദിക്കുന്നു. എന്നെറ നിയോജകമണ്ഡലത്തിലുൾപ്പെട്ട റാന്നിപകുതിയിൽതന്നെ.

മി. തയ്യിലകത്തെതൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): ഇപ്പോഴത്തെരൂൾസു വന്നതിനുശേഷം ഫ്രീപാസ്സു വാങ്ങി മെമ്പർതടികൊണ്ടുപോയിട്ടുണ്ടോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഉണ്ട്. കഴിഞ്ഞകൊല്ലത്തിൽ കൊണ്ടുപോയിട്ടുണ്ട്. പാസ്സുകിട്ടാൻ ഒരുമാസത്തിൽ കൂടുതൽ താമസിച്ചിട്ടില്ല.

മി. ജി. രാമൻമേനോൻ (ത്രാവേലിക്കരയും-കാർത്തികപ്പള്ളിയും): അതുപോലെ സാധുക്കൾക്കു സാധിക്കുമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സാധുഎന്നും ധനവാൻഎന്നും ഉള്ളവ്യത്യാസം ഗവണ്മെന്ററിയില്ല. രണ്ടുപേരേയും ഒരുപോലെയാണ് വിചാരിക്കുന്നത്. എന്നെറ നിയോജകമണ്ഡലം റിസർവിനോടുചേർന്നതാണ്. ഫ്രീ പാസ്സു ലഭിക്കുന്നതിനു ഒരുമാസത്തിൽ കൂടുതൽ കാലതാമസം നേരിട്ടിട്ടുള്ളതായി എനിക്കറിവില്ല.

മി. തയ്യിലകത്തെതൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): സ്വന്തപുരയിടത്തിലുള്ള തടിയെ ഉപയോഗിക്കുന്നതിനു ഒരുമാസത്തെതാമസം വിധിക്കുന്ന സിസ്റ്റം അസൌകര്യമുള്ളതല്ലേ? സ്വന്താവശ്യത്തിലുള്ള സാധനങ്ങളെ ഉപയോഗിക്കാമെന്നു ഒരു ഫിർപ്പാട് ഉണ്ടെങ്കിൽ ഒരുമാസം താമസം വരികയില്ലല്ലോ

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സ്വന്തംതടികളെ ഉപയോഗിക്കുന്നതിനു മറ്റൊരാളിന്റെ അനുവാദം വേണ്ടിവരുന്നതല്ലാ എന്നുള്ളതിനോടുത്തോട്ട അതുതന്നെ യോജിക്കുന്നു.

മി. തയ്യിലകത്തെതൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): അതിനുംഒരുമാസത്തെ താമസംകൂടിയേവേണമെന്നു യന്ത്രമല്ലേ അതിലും കഷ്ടമല്ലെ? ഒരുദിയന്തിരത്തിനു തടിപുര പൊളിക്കുന്നു കൂട്ടുന്നതിനു നിവൃത്തിയില്ലല്ലോ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തടിപുരകൂട്ടുന്നതിനു ചേർക്കൽദ്വീപുകളിൽനിന്നും മുള കൊണ്ടുവന്നാലുമതി കൂട്ടാവുന്നതാണ്. ഒരു വിചാരിക്കാനില്ല.

മി. തയ്യിലകത്തെതൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): ഇപ്പോഴത്തെറിസർവിൽ നിന്നല്ലാതെ മറ്റുസ്ഥലങ്ങളിൽനിന്നും കൊണ്ടുപോകണമെങ്കിലും പാസ്സുവേണമെന്നു വന്നിരിക്കുന്നു?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തല്ക്കാലമടുത്തു കൊണ്ടുപോകാമെല്ലാ.

മി. തയ്യിലകത്തെതൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): അധികംകൊണ്ടുപോകണമെങ്കിൽ സാധിക്കയില്ലല്ലോ. അതുകൊണ്ടു ഈ അസൌകര്യത്തിനു ഇങ്ങനെകൊള്ളട്ടെ എന്നാണോ പറയുന്നത്?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അധികമായി കൊണ്ടുപോകണമെന്നുണ്ടെങ്കിൽ പത്തുകുമടായി കൊണ്ടുപോകുമല്ലോ.

ഈ സിസ്റ്റം തിരുത്തൽചെയ്യുവാൻ മാജ്യത്തിനു വളരെഹാനികരമാണെന്നാണ് എന്നെറഅഭിപ്രായം, അതിനാൽ ഞാൻ ഈ പ്രമേയത്തെഎതിർക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഈ പ്രമേയത്തെ പ്രതിക്ഷേധിക്കാൻ വനംകൺസെർവേറന്റെ ഉത്സാഹംകണ്ടിട്ട ഞാൻ ആശ്ചര്യപ്പെടുന്നു. പാസ്സുവേണ്ടെന്നുവച്ചാൽ അദ്ദേഹത്തിന്റെ ജോലിയഥാർത്ഥത്തിൽ വളരെകുറയുന്നതാണു. അദ്ദേഹം നമ്മുടെ വനങ്ങളെ സൂക്ഷിക്കയാണല്ലൊ ചെയ്യുന്നത്,

മി. എം. ശിവതാണുപിള്ള (തോവാള): ഒരുജോലിക്കാരന്റെ ദൃഷ്ടിപഥത്തിൽ നിന്നാണോ മെമ്പർ ഈ പ്രമേയത്തെ നൊക്കുന്നത്?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): പലദിക്കിലെ പഥത്തിൽനിന്നും യാത്രചെയ്യുന്നതിനും നമുക്കുവേണ്ടി ജോലിചെയ്യുന്നതിനും അവരിലധികം പേരുണ്ടായിരിക്കുന്നതിനുമായി നാം ശമ്പളംകൊടുക്കുന്നു. ഫ്രീപാസ്സ് വ്യവസ്ഥയിലും കൺസെർവേറർ നമ്മുടെസമ്പത്തുക്കളെ സൂക്ഷിച്ചുതന്നെ. ഈ വ്യവസ്ഥയിലില്ലെങ്കിൽ ആർക്കുംനമ്മുടെ വൃക്ഷങ്ങളെ മേശ്ചിച്ചുകൊണ്ടുപോകാൻകഴിയും. ഈ വ്യവസ്ഥയുണ്ടായിരുന്നതുകൊണ്ടായിരിക്കുന്നു നമുക്കുസമ്പത്തായി സൂക്ഷിച്ചിരിക്കുന്നതും കാവൽപിള്ളമാരെയൊ നടച്ചിട്ടിരിക്കുന്നതുമില്ല.

മി. കുന്നുപ്പുഴയിൽ ആർ. രാമൻപിള്ള (തെക്കല്ലും): മെമ്പർ പ്രമേയത്തെ പ്രതിക്ഷേധിക്കുന്നോ അനുകൂലിക്കുന്നോ?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): മെമ്പർകുറെക്കൂടിച്ചിന്തിക്കുന്നുണ്ടെന്നു അറിയാം.

കൺസെർവേറർ ഈ പ്രമേയത്തെ പ്രതിക്ഷേധിക്കുന്നതു നമ്മുടെഗുണത്തിനു വേണ്ടിയാണെന്നു ഞാൻവിചാരിക്കുന്നു. ഫ്രീപാസ്സുചട്ടങ്ങൾ ഒരുപ്രാവശ്യം മിസ്റ്റർ കുഞ്ഞിത്തൊമ്മൻ തന്നെവായിച്ചുനോക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ വ്യവസ്ഥ വേണ്ടെന്നു വെക്കുന്നതുകൊണ്ടു നമുക്കു വല്ലഗുണവും ഉണ്ടാകുമെന്നു ഞാൻവിചാരിക്കുന്നില്ല. അതുകൊണ്ടു പ്രമേയത്തെ ഞാൻ പ്രതിക്ഷേധിക്കുന്നു.

മി. പി. കുമാരപിള്ള (കൽക്കുളവും-പിറവംകോട്ടം): മി. കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഫ്രീപാസ്സ് സിസ്റ്റം നിർത്തണമെന്നു ഞാൻ പലഅവസരങ്ങളിലും ശ്രീമൂലം പ്രജാസഭയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ബി. തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അല്ല ഇപ്പോഴത്തെ കൺസർവേറ്റർ ഈ സ്ഥാനത്തു വരുന്നതിനു മുമ്പല്ലെ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതിനുള്ളകാരണം ആ കാലത്തു പ്രീപാസ്സിനു വേണ്ടി അപേക്ഷിച്ചാൽ രണ്ടു മൂന്നു സംവത്സരങ്ങൾ താമസിച്ചുപോസ്സുകിട്ടുകയുള്ളൂ. അതിനുംപുറമെ തടിമുറിച്ചുകിട്ടിയാലുള്ള ആ കെട്ടിടത്തിനുപയോഗിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതിനു പലദിവസങ്ങളും ഉണ്ടു. ഈ സംഗതികളെപ്പറ്റി ഗവൺമെന്റുമായിട്ടു കത്തിടപാടുകൾ നടത്തിയതിന്റെ ഫലമായിട്ടു പലദിവസങ്ങൾക്കുള്ളിൽ ചെയ്തുകൊടുത്തു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതിനു പ്രധാനമായസംഗതി പേരിൽ ചേർത്തിട്ടുള്ള കിടപ്പുഭൂമികളിൽ ഉടമസ്ഥന്മാർക്കുണ്ടായിരിക്കേണ്ടതായ അവകാശത്തിനു ഇതൊരു പ്രതിബന്ധമായിത്തീരുന്നുഎന്നുള്ളതാണ്. അതിനെ ആർക്കും പ്രതിഷേധിക്കാൻ നിവൃത്തിയില്ല. ഇന്നവകാശം സിദ്ധിച്ചിട്ടുള്ളതായ വസ്തുവിലുള്ള വൃക്ഷങ്ങളെ ഉടമസ്ഥനു സ്വാതന്ത്ര്യമായിട്ടുപയോഗിക്കാൻ പാടില്ലെന്നുള്ള ഒരു തടസ്സമാണ് ഇതിലുണ്ട്. മറ്റൊരുസംഗതി ഇവിടെ ആലോചിക്കേണ്ടതു ഈ പ്രീപാസ്സ് എന്തിനുവച്ചിരിക്കുന്നു എന്നുള്ളതിനെപ്പറ്റിയാണ്. പൊതുജനങ്ങളുടെയും അവരുടെ പൊതുവാവശ്യങ്ങളുടെയും ഇണക്കത്തെ ഉദ്ദേശിച്ചാണ് ഇതു ഏർപ്പെടുത്തിട്ടുള്ളതു. ഈ രണ്ടു സംഗതികളേയും തുല്യബലത്തോട്ടുകൂടി നോക്കി അതിനു ഒരുപരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഞാൻ മുമ്പു ഈ കൌൺസിലിൽ അഭിപ്രായപ്പെട്ടതുപോലെ ഫ്രീഹസ്റ്റ് ഗാർഡുകളുടെ സ്റ്റേകൾ റിസർവ്വുത്തിയോടുചേർത്തു സ്ഥാപിക്കണം. റിസർവ്വനടത്തുന്നതൊഴികിടക്കുന്ന ഭൂമികളിൽനിന്നും ആ പ്രദേശത്തിനാവശ്യമെങ്കിൽ പ്രീപാസ്സു വേണ്ടതെന്നവയ്ക്കുയും അതിനിപ്പുറമുള്ള സ്ഥലങ്ങളിൽ പ്രീപാസ്സു വേണ്ടുന്നവയ്ക്കുയും ചെയ്യണം. ടി. കുഞ്ഞിത്തൊമ്മൻ മി. നാരായണപിള്ളയോടു ഒരുചോദ്യംചോദിച്ചു. അതായതു അമ്പലപ്പുഴ, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിലും പാസ്സുവേണ്ടാ എന്നാണ്. സമുദ്രതീരങ്ങളിൽ വസിക്കുന്നവർക്കും ഈ തരത്തിൽ സങ്കടം അനുഭവിക്കേണ്ടിവരുന്നതു നല്ലതല്ല. എന്നായിരുന്നാലും ഈ പ്രീപാസ്സിന്റെ നിർദ്ദേശം നിൽക്കുകയുന്നതു ഒരിക്കലും നന്നായിരിക്കയില്ലെന്നാണ് എന്റെ അഭിപ്രായം. ജനങ്ങൾക്കും അവരുടെ സന്താനങ്ങൾക്കും സങ്കടമില്ലാത്തവിധത്തിൽ വനം ഉപയോഗിക്കണമെങ്കിൽ വനം ഡിപ്പാർട്ടുമെന്റിൽ നിന്നും കാവൽസ്ഥലങ്ങളെ റിസർവ്വനങ്ങളോടു ചേർത്തുസ്ഥാപിക്കയും, റിസർവിനോടു തൊട്ടസ്ഥലങ്ങളിലെനിന്നും തടിതൊണ്ടുവരുന്നതിനു പ്രീപാസ്സുവേണമെന്ന വയ്ക്കുയും ബാക്കിയുള്ള പേരിൽ പതിവുഭൂമികൾക്കു പ്രീപാസ്സു വേണ്ടെന്നവയ്ക്കുയും ചെയ്യണം. പ്രീപാസ്സു കമ്മറിയുടെ റിപ്പോർട്ടു ഗവർമെൻറിലേക്കു സമർപ്പിക്കയും അതിൻപ്രകാരമായി കിലോറാസ് നടപ്പിൽവരുത്തുകയുംചെയ്തു. അതിൽപിന്നീടും ഈ സിസ്റ്റം ജനങ്ങൾക്കു ഉപദ്രവകരമായിരിക്കുന്നു എന്നുള്ളതിനു ഒട്ടനേകങ്ങളെക്കൊണ്ടും മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞുകാണുന്നില്ല.

മി. തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ജനങ്ങൾക്കു ഇപ്പോഴും ആ വിഷയത്തിൽ സങ്കടമുണ്ടെന്നു ഞാൻപറഞ്ഞില്ലെ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ നിയമത്തിൽ ജനങ്ങൾക്കു പൊതുവെ സങ്കടമുണ്ടെന്നു പറയുന്നതുകൊണ്ടു അർത്ഥമെന്റെ യാഥത്ഥ്യമായശക്തിയുടെതന്നെ ഞാൻവിചാരിക്കുന്നില്ല. അങ്ങിനെ സങ്കടമുണ്ടെങ്കിൽ സാധുജനങ്ങളുടെ നേതാവായിട്ടു അതൊക്കെയും സങ്കടമുണ്ടെന്നുള്ള പട്ടിക തയാറാക്കി മി. കുഞ്ഞിത്തൊമ്മനു ഗവർമെൻറിനെ മനസ്സിലാക്കാമായിരുന്നു.

മി. തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അങ്ങിനെയുള്ള അളുകളുടെ പേരുവേണമെങ്കിൽ പറയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അങ്ങിനെചെയ്തിരുന്നതെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു പൂർണ്ണമായിയോജിക്കുന്നതിനു ഞാൻതന്നെ സന്നദ്ധനാകുമായിരുന്നു. എന്റെ കാൺസ്റ്റിറ്റുവൻസിയിലും അതിനടുത്ത പ്രദേശങ്ങളിലും എനിക്കറിവിൽ പെട്ടിടത്തോളം പ്രീപാസ്സിനു സങ്കടക്കാരുള്ളതായിട്ടു കാണുന്നില്ല. അതിനുള്ളകാരണം ഇപ്പോഴത്തെ റൂൾസനുസരിച്ചു പ്രീപാസ്സിനു കാലതാമസമോ, ഡിപ്പാർട്ടുമെന്റുകാരുടെ ഉപദ്രവമോ ഉണ്ടാകുന്നപക്ഷം പ്രീപാസ്സിനു നിശ്ചയമായും ദോഷംവരുമെന്നു സകലജനങ്ങൾക്കും അറിയാം. അതിനാൽകൺസർവേറ്റർ തൽക്കീഴ്ദ്യോഗസ്ഥന്മാർ നിമിത്തം പേരുതിരുമ്പോകാതെ ഇതിനാൽ വേണ്ട ഭേദഗതി ചെയ്യുന്നുഎന്നാണു ഞാൻ വിചാരിക്കുന്നതു. ജനങ്ങൾ ഗവർമെൻസിനു ആയിരിക്കുന്നു, ഗവർമെൻറു ജനങ്ങൾക്കായുമിരിക്കുന്നു. അതുകൊണ്ടു ജനങ്ങളുടെയും ഗവർമെൻസിന്റേയും ക്ഷേമത്തിനു നിയമത്തെ സംരക്ഷിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയിച്ച സമയത്തിനുള്ളിൽ പാസ്സുകിട്ടാതെയിരുന്നാൽ അപേക്ഷകൻ തടിമുറിച്ചു കടത്തിപോകരുതെന്നാണോ പറയുന്നതു?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഒന്നാംപാസ്സിനു അപേക്ഷിക്കുന്നു. റൂൾസിലെയ്യുവസ്ഥപ്രകാരം ചെയ്തുകഴിഞ്ഞാൽ പിന്നിട്ടു തടികൊണ്ടുപോരാമെന്നാണു അദ്ദേഹം ചോദിക്കുന്നതു. അതിനു ഒട്ടനേകത്രപേരെ മറുപടിപറയേണ്ടിയിരിക്കുന്നു. ഒരുപൂരയിടത്തിന്റെ പന്ത്രണ്ടിൽ ഒരുഭാഗം മാത്രം അവകാശമുള്ള ഒരാൾക്കു അതിൽനിന്നും കുറെ തടിമുറിക്കുന്നതിനു ഫ്രീഹസ്റ്റ്ഡിപ്പാർട്ടുമെൻറിനോടു പാസ്സിനപേക്ഷിക്കുന്നു. അയാൾക്കു ശരിയായ അവകാശിയാണോ എന്നു മാൻറവസ്റ്റഡിപ്പാർട്ടുമെന്റിൽ എഴുതിചോദിച്ചതിനു ശേഷമല്ലാതെ അയാൾക്കു പാസ്സുകൊടുക്കാൻ നിവൃത്തിയില്ല.

മി. എസ്. പിരിവിനപ്പുമാപിള്ള (വ്യാപാരവും-വ്യവസായവും, തെക്കു): ഒരുപ്രാവശ്യമുള്ള അപേക്ഷയിന്മേൽ ഒരുപ്രാവശ്യത്തിലധികമുള്ള വാങ്ങലുകൾക്കു പാസ്സുകൊടുക്കാമോ എന്നുപറയുമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതല്ല. വയ്യ് ഇന്നാളുടെ വകയാണെന്നു നിശ്ചയിക്കേണ്ടതു ഫ്രീഹസ്റ്റ്ഡിപ്പാർട്ടുമെൻറുകാരുടെ ജോലിയാണ്.

മി. തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അവകാശം നിർണ്ണയിച്ചതിനു ശേഷമെ പാസ്സുകൊടുക്കാവു എന്നാണൊ പറയുന്നതു?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ റൂൾസെഴുതുന്നകാലത്തു ഞാൻകൂടിഉണ്ടായിരുന്നു. അതിനെ നല്ലപോലെ മനസ്സിലാക്കിട്ടാണ് ഞാൻസംസാരിക്കുന്നതു. അതുകൊണ്ടു കൂടുതൽ പോദിക്കേണ്ട ആവശ്യമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അപേക്ഷയോടുകൂടെ പണ്ടുവിതരണ ആധാരങ്ങളുടെ അയച്ചിരുന്നതും വനംഡിപ്പാർട്ടുമെൻറുകാർ മുനമായിരുന്നാൽ അപേക്ഷകനു എന്താണുനിവൃത്തി മാർഗ്ഗം?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയംകോട്ടം): അതുതന്നെ. തെറ്റാണ്. അതിനെപ്പറ്റിനമ്മ യിട്ടു ഹാജരാക്കാൻ സാധിക്കുമോ?

മി. എം. ശിവതാണുപിള്ള (തോവാള): കക്ഷികൾ തമ്മിലുള്ള തർക്കം ഒരു നിതിന്യായക്കോടതിയിൽ ചിക്കാൻ വിട്ടേക്കയല്ലെ ഉത്തമം?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): ഈക്കാര്യത്തിൽ രേ രണ്ടഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ പുസ്തകങ്ങളിൽ പലതും അവയുടെ കർത്താക്കന്മാരുടെ അഭിപ്രായം എന്തായിരുന്നാലും ഒന്നാന്തരം സഹിതമുള്ളവയല്ല. നമ്മുടെ പാഠപുസ്തകങ്ങൾ പക്ഷപ്രവർത്തനമില്ലാത്ത പുസ്തകങ്ങളിൽനിന്നു മാത്രം തെരഞ്ഞെടുക്കുന്നതിനു പറ്റാതാനും താനും. അങ്ങനെയുള്ള ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കുമോ എന്നാൽ ഇതുതന്നെ ഇംഗ്ലീഷിലുള്ള "ബോഡിലർട്ടൺഹഡ്ലിസ്റ്റ്" എന്ന പാഠമായാലും ഇല്ലുമായ പാഠമായ എഴുതിക്കൊടുത്തുകൊണ്ടാൽ മതിയായിരുന്നു. ഇങ്ങനെയൊരു പുസ്തകംകൊണ്ടു തന്നെ സ്വകാര്യപ്രസിദ്ധീകരണം ചെയ്യാമെന്നു വന്നാൽ ഗവണ്മെന്റിനെ ആരു ചോദ്യംചെയ്തിരിക്കുമോ എന്ന സംശയമാണു. ഇങ്ങനെയുള്ള ഒരു പുസ്തകത്തിന്റെ ഒരു സാധാരണ പ്രസിദ്ധീകരണത്തിനു പറ്റിയ വിലയും ഗവണ്മെന്റിനുണ്ടാകയില്ല. അതുകൊണ്ടു വിദ്യാഭ്യാസവകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കു ഭംഗം വരുത്തുന്നതിൽ ഗവണ്മെന്റിനെ നഷ്ടം നേരിടാൻ ഇടയുണ്ടു. ഒരു പുസ്തകത്തിന്റെ മൂന്നു പ്രതിയിൽ വർക്കധികം ഗവണ്മെന്റിലേക്കു നിർബന്ധിക്കാൻ പാടില്ലാത്തതുകൊണ്ടു പ്രസാധകന്മാർക്കും വലിയ ലാഭമുണ്ടാകയില്ല. പിന്നെ കോടതിയിൽ ഒരു ദേശമാനമോ കുടിക്കാരമെന്നുള്ള നിശ്ചയത്തിലേക്കു അപ്പീൽ ചില പ്രസ്താവങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. ഇതു സംബന്ധിച്ചു ഒരു പ്രസിദ്ധ പ്രസിദ്ധീകരണമായ മിസ്റ്റർ അൺവിൻ ഈയിടെ "പ്രസിദ്ധീകരണത്തിന്റെ ഭാവി" എന്ന പേരായ പുസ്തകത്തെപ്പറ്റി ചില പരാമർശം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിൽ പ്രസിദ്ധീകരണത്തെപ്പറ്റിയിൽ നല്ലതു പ്രസിദ്ധപ്പെടുത്തുന്നവർക്കും പ്രസിദ്ധപ്പെടുത്തുന്നവർക്കും ലാഭകരമായ കിട്ടുന്ന എന്നുള്ള മിഥ്യാബോധത്തെപ്പറ്റി വിശദമായി വിവരിച്ചിട്ടുണ്ടു. വിദ്യാഭ്യാസ സാഹിത്യം സാധുക്കൾക്കും കിട്ടത്തക്കവണ്ണം വിലകുറച്ചു വിറ്റവന്നതു പരം പുസ്തകങ്ങൾ പ്രസിദ്ധം ചെയ്തിട്ടുള്ളവനും പ്രസിദ്ധീകരണ ജോലിയിൽ വിജയിയും ആയ മിസ്റ്റർ അൺവിൻ ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. മെമ്പർമാർ ഈ പുസ്തകം വായിച്ചാൽ ഗവണ്മെന്റ് ഇങ്ങനെയുള്ളതായ കാര്യങ്ങളിൽ കടിയാതിരിപ്പാൻ വേണ്ടി ചെലവുചെയ്യുന്ന എണ്ണമില്ലാത്തതാണെന്നു അറിയാം. ഇതുവിഷയത്തെപ്പറ്റി ഞാൻ ചിന്തയാരംഭിച്ചിട്ടുണ്ടു. എന്റെ അനുമാനം മിസ്റ്റർ അൺവിന്റെ പരിചയത്തോടു യോജിച്ചുകാണുമെന്നു തോന്നുന്നു. എനിക്കു അഭിപ്രായവും സന്തോഷവുമുണ്ടായി.

മി. കെ. ഡബ്ലി. ജോസഫ് (ഗ്രന്ഥകർത്താവും ദേവികുളവും): സർ, പ്രസംഗികൻ പ്രസംഗം ആരംഭിച്ചിട്ടിപ്പോൾ ഒരു മിനിട്ടിലധികം ആയിരിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): സർ അവിടത്തെ ഔദാര്യം അങ്ങനെയാണെങ്കിൽ ഞാൻ നിർത്തിക്കളയാം.

പ്രസിഡന്റ്: ഇപ്പോൾ ഒരു മിനിട്ടു കൂടുതലായി.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): സർ, ഞാൻ നിർത്തിക്കളയാം. പാഠപുസ്തകമാക്കാൻ തങ്ങളെ ശിപാർശചെയ്യുന്ന പുസ്തകങ്ങളും ശരിയായ ഗ്രന്ഥങ്ങളുള്ളവയായിരിക്കണം; അവയുടെവലിപ്പം ഒരുസ്ക്വയർഫർലോങ്കുകൊണ്ടു വിദ്യാർത്ഥികൾക്കു പഠിക്കാൻ കഴിയുന്നതിലധികമോ കുറച്ചോ ആയിപ്പോകരുതു; പുസ്തകങ്ങൾ ന്യായമായവിലയ്ക്കു വിൽക്കുന്നതായിരിക്കണം; വിദ്യാർത്ഥികൾ ചെറുപ്പത്തിലെ കണ്ണാടിഉപയോഗിക്കാൻ ഇടവന്നത്താത്തവണ്ണം കണ്ണിന്നുകേടുവരാതെ വായിക്കത്തക്കതുള്ള അച്ചടിയും ബയണ്ടും ആയിരിക്കണം; വായിച്ചുമടുപ്പിക്കുന്നുപോകാതെ ഇരിക്കത്തക്കവണ്ണവും വായനയിലും സഹകാര്യപ്രാപ്തിയുണ്ടാകത്തക്കവണ്ണവും വിവിധവിഷയങ്ങളടങ്ങിയതായിരിക്കണം എന്നീ സംഗതികളുൾക്കൊള്ളുന്ന പാഠപുസ്തകക്കമ്മറ്റി ആലോചിക്കുന്നുള്ളതെന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കാൻ ശ്രമിച്ചു. എല്ലുമുഴയാളന്മാരായ പുസ്തകങ്ങളും എല്ലാ ആധുനികമുഴയാളന്മാരായ പല്യപുസ്തകങ്ങളും പക്ഷപ്രവർത്തനമുള്ളവരാകകൊണ്ടും, വേലക്കാരെപോലെ ഗ്രന്ഥകർത്താക്കന്മാർക്കും ആവശ്യമുള്ളതിനിന്നും പ്രതിഫലം കിട്ടേണ്ടതാകകൊണ്ടും, ഗ്രന്ഥകർത്താക്കന്മാർ എഴുതുന്ന പുസ്തകങ്ങളെല്ലാം, നല്ലപുസ്തകങ്ങളായാലും, പാഠപുസ്തകങ്ങളാക്കുവാൻ ഇടയില്ലാത്തതുകൊണ്ടും പ്രസിദ്ധംചെയ്യുന്നേരം പാഠപുസ്തകമാക്കാനിടവരാതെ നഷ്ടംവരാതിരിക്കുന്നതും പാഠപുസ്തകമാക്കിയതിനുശേഷം പിന്നീടും അച്ചടിക്കാനുള്ള കാലവിൽ അല്പംകൂടുതലായി മുഴയാളും പാഠപുസ്തകങ്ങൾക്കു വിലയിടിക്കുന്നതിനെപ്പറ്റി ആശ്ചര്യപ്പെടാനില്ല. വിദ്യാവിഷയങ്ങളുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നവർ അതിൻറെ ഉദ്ദേശം കൈതാതെ ഇരുന്നാൽ ഉണ്ടാകാവുന്ന ദോഷങ്ങളെപ്പറ്റിയും ചിന്തിക്കേണ്ടതായിട്ടുണ്ടു. തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ കൈവിട്ടുപോയാൽ വിദ്യാർത്ഥികൾക്കു അവശ്യം കിട്ടേണ്ടുന്ന അറിവു കിട്ടാതെപോകയും അദ്ധ്യാപകന്മാർ നോക്കുകുത്തികൾപോലെയായിത്തീരുകയും ചെയ്യും. ഇതുപോലെതന്നെ പുസ്തകങ്ങൾ അധികമായിപ്പോയാൽ സംക്ഷേപങ്ങളും സംഗ്രഹങ്ങളും ഉണ്ടാകുകയും അവയുടെ ഉപയോഗം വർദ്ധിക്കുകയും ചെയ്യും. അപ്പോൾ ഒരു പുസ്തകത്തിനു പകരം വിദ്യാർത്ഥികൾ സംക്ഷേപങ്ങളും സംഗ്രഹങ്ങളും ഉപയോഗിച്ചുതുടങ്ങുന്നതിന

പുസ്തകത്തിന്റെ വിലയ്ക്കുമപ്പുറത്തുള്ള വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ കൂടി നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ ബില്ലിന്റെ കൊണ്ടുവന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഈ സഭയുടെ മുമ്പാകെ ഇപ്പോൾ ഇരിക്കുന്ന ഈ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഈ ബില്ലിന്റെ ഉദ്ദേശ്യത്തിനുവേണ്ടി ഞാൻ ഒരു ഭേദഗതി കൊണ്ടുവരുന്നുണ്ട്. അതിന്റെ കോപ്പി ഞാൻ ഇപ്പോൾ തന്നെ സഭയുടെ മുമ്പാകെ വയ്ക്കുന്നു. ഈ ഭേദഗതിയുടെ ഉദ്ദേശ്യം പാഠപുസ്തകങ്ങളുടെ വിലയിൽ വരുന്ന വ്യത്യാസങ്ങളും വ്യത്യസ്തതകളും ഒഴിവാക്കുന്നതിനുവേണ്ടിയാണ്. പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ വിദ്യാഭ്യാസവകുപ്പിന്റെ നിയന്ത്രണം ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. ഈ ഭേദഗതിയുടെ കോപ്പി നിയമനിർമ്മാണത്തിൽ വരുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി സഭയുടെ മുമ്പാകെ വയ്ക്കുന്നു. ഈ ഭേദഗതിയുടെ ഉദ്ദേശ്യത്തിനുവേണ്ടി ഞാൻ ഒരു കാര്യം കൂടി പറയുന്നു. ഈ ഭേദഗതിയുടെ കോപ്പി ഞാൻ ഇപ്പോൾ തന്നെ സഭയുടെ മുമ്പാകെ വയ്ക്ക

ക്കുന്നതെങ്ങനെയാണെന്ന അറിവ് കുറഞ്ഞിട്ടില്ല. പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്വം കുറേ വർഷമായിട്ടും ഡയറക്ടർമാരായിട്ടും ഗവൺമെന്റുദ്യോഗസ്ഥന്മാരായിട്ടും ഉള്ളവരിലാണ് നിക്ഷിപ്തമായിരുന്നത്. ഈ പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുക്കുന്നതിനായിട്ട് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റിയുണ്ടാക്കുന്നതിനുള്ള ഈ ഗവൺമെന്റിനെപ്പറ്റിയുള്ള അഭിപ്രായം ഭേദഗതിപ്പെടുത്തുന്നതിനെപ്പറ്റി ഞാൻ മി. രാമൻ മേനോനോടു പൂർണ്ണമായി യോജിക്കുന്നു.

മി. കെ. കെ. ജോസഫ് (തിരുവിതാംകൂർ): ഈ അഭിപ്രായഭേദത്തിൽനിന്നിടത്തോളം മാത്രമേ അദ്ദേഹം അതിനെ ഭേദഗതിപ്പെടുത്തുന്നുള്ളൂ?

മിസ്റ്റർ എ. കെ. പിള്ള (കൊച്ചി): ഈ വ്യത്യാസം ഒഴിയുന്നതോടുകൂടി ഭേദഗതിപ്പെടുത്തുന്നതിനുള്ള നിയമത്തിൽ ഞാൻ അതിനെ ഭേദഗതിപ്പെടുത്തുന്നു. പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതു കമ്മറ്റിക്കുതന്നെ ഏൽപ്പിക്കുന്നതാണ് നല്ലതെന്നും. അവരുടെ പുസ്തകങ്ങളും ഗവൺമെൻറ് സ്വീകരിച്ചുപയോഗിക്കുകയോ ചെയ്യുന്നതാണ് വിഷയം. അവർ അവയെ വിലക്കുകയോ ചെയ്യുന്നതു പറഞ്ഞിട്ടുപോലുമില്ല.

ഒരു പുസ്തകത്തിന്റെ വിലയെപ്പറ്റിയുള്ള എന്റെ പ്രസ്താവനയിൽ ഞാൻ ഉറച്ചുനിൽക്കുന്നു. ഒരു പുസ്തകത്തിന്റെ വിലയെപ്പറ്റി നിശ്ചയിച്ചിട്ടുള്ള സ്ഥാപനമാണ് ഗവൺമെന്റിനുള്ളത്

ക്രൈസ്റ്റുമതങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെയും ഉള്ള ക്ലാസ്സുകളിലെ നാട്ടറിവോ പാഠപുസ്തകങ്ങളെ സംബന്ധിച്ചുമാത്രം. ഇംഗ്ലീഷ് ഭാഷാ പാഠപുസ്തകങ്ങളിലെയോ ചരിത്രം, ഭൂമിശാസ്ത്രം, കണക്ക് മുതലായ വിഷയങ്ങൾക്കുള്ള പാഠപുസ്തകങ്ങളെയോ അല്ല സംബന്ധിക്കുന്നില്ല. വ്യാകരണമൊഴിച്ചുള്ള നാട്ടറിവോ പാഠപുസ്തകങ്ങളെ സംബന്ധിച്ചു മാത്രമാണ് മി. രാമൻമേനവനും ആക്ഷേപം ഉള്ളത്. ഈ ആക്ഷേപത്തിനു പാഠപുസ്തകകമ്മിറ്റിയും അതെയല്ല പാഠപുസ്തക കമ്മിറ്റിയുടെ നടപടിക്രമങ്ങളെയും ഓഹരിക്കാരനാണെന്നും അദ്ദേഹം പറയുകയുണ്ടായി. പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിൽ പാഠപുസ്തകകമ്മിറ്റിയുടെ പ്രവൃത്തികളും എന്തെല്ലാമോ കാരണങ്ങളെ അദ്ദേഹത്തിനു തോന്നിയിട്ടുണ്ടെന്നുള്ള പ്രത്യക്ഷമാണ്. എന്തെന്നാൽ അവരില്ല പാഠപുസ്തകങ്ങളും നിശ്ചയിക്കുന്നതു. അവർ നല്ലപുസ്തകങ്ങൾ സ്വീകരിക്കയും തീരെ പുസ്തകങ്ങളെ ഉപേക്ഷിക്കയും മാത്രമേ ചെയ്യുന്നുള്ളൂ. അവർ തള്ളുകയോ സ്വീകരിച്ചു പുസ്തകങ്ങളുടെ പട്ടികയിൽനിന്നും സർക്കാരിന്റെ അനുമതിയോടുകൂടെ ആയിരിക്കാം, ഡയറക്ടറോ മറ്റോ ഏതെങ്കിലും വിദ്യാഭ്യാസഉദ്യോഗസ്ഥനോ അല്ല പുസ്തകങ്ങളും തിരഞ്ഞെടുത്തു പാഠപുസ്തകങ്ങളായി നിശ്ചയിക്കുന്നതു, അങ്ങനെയിരിക്കെ പാഠപുസ്തകങ്ങളെ തിരഞ്ഞെടുക്കുന്നകാര്യത്തിൽ ഉത്തരവാദിത്വം പാഠപുസ്തകകമ്മിറ്റിക്കാണെന്നു പറയുന്നതു ശരിയല്ല.

മി. ജി. രാമൻനായർ (ദേവികുളവും കുറ്റിക്കുള്ളിയും): നോക്കട്ടെന്നു പറഞ്ഞുവോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പാഠപുസ്തകകമ്മിറ്റി പാഠപുസ്തകങ്ങളെ നിശ്ചയിക്കുന്നു എന്നു പ്രമേയത്തിന്റെ സ്പോൺസർ പറഞ്ഞുവെന്നു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോപ്പാള): അവസാനം തീർച്ച പാഠപുസ്തകകമ്മിറ്റിയുടെ കയ്യിൽ അല്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അല്ല. കമ്മിറ്റിക്കു അയച്ചുകൊടുക്കുന്ന പുസ്തകങ്ങളെ അവർ വിദ്യാഭ്യാസഡയറക്ടരുടെയിലയിൽ വയിച്ചുനോക്കി ഭാഷ യാ രചനാരീതിയോ വിഷയവിവരണമോ വിഷയത്തെക്കുറിച്ചു തീരെയായി തോന്നുന്നതിനെ ഉപേക്ഷിക്കുകയും നല്ലവയെ സ്വീകരിക്കയും സ്വീകരിച്ചവയുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഡയറക്ടർക്കു അയച്ചുകൊടുക്കയുംചെയ്യുന്നു. അവരുടെ ജോലി അതോടുകൂടെ അവസാനിക്കുന്നു.

റവറണ്ടഹർ കെ. വി. ജേക്കബ്സാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): കമ്മിറ്റി ഓരോ പുസ്തകത്തിന്റേയും വിലയുടെകാര്യം ആലോചിച്ചു ഡയറക്ടർക്കു അഭിപ്രായപ്പെടാറുണ്ടോ അപേക്ഷയെന്നും ചെയ്യുന്നില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ട്. അവർ ഓരോ പുസ്തകത്തിന്നും എന്തു വില നിശ്ചയിക്കണമെന്നു ആലോചിച്ചു അഭിപ്രായപ്പെടാറുണ്ട്. അവരുടെ ശിപാർശകളെ ഡയറക്ടർക്ക് അയക്കും.

മി. സി. പി. തോമസ് (ഗവണ്മെന്റ് നിയമനം): വില നിശ്ചയിക്കുന്നകാര്യത്തിൽ പാഠപുസ്തകകമ്മിറ്റിക്കു വല്ല കയ്യും ഉണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓരോ പുസ്തകത്തിന്നും എന്തു വില നിശ്ചയിക്കാമെന്നു അവർ അഭിപ്രായംപറയും.

മി. എം. ശിവതാണുപിള്ള (തോപ്പാള): കമ്മിറ്റി എന്തൊരുക്രമമാണു ചെയ്യുന്നതെന്നു ക്ലിപ്തനിശ്ചയങ്ങളില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ട്. കമ്മിറ്റി ആ നിശ്ചയങ്ങൾ സ്വീകരിച്ചു അവയ്ക്കനുസരിച്ചു അവരുടെ ജോലിചെയ്യുന്നു. ശേഷം ജോലിയെല്ലാം ചെയ്യുന്നതു വിദ്യാഭ്യാസാധികാരികൾതന്നെ.

മി. കുന്നിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): കമ്മിറ്റിക്കാർ സ്വീകരിക്കാത്ത പുസ്തകങ്ങളും ഗവണ്മെന്റിൽനിന്നും സ്വീകരിച്ചിട്ടുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ മെമ്പറായിട്ടുള്ള കാലാവധിക്കുള്ളിനെസംബന്ധിച്ചിടത്തോളം അങ്ങനെ സംഭവിക്കാറില്ല. പാഠപുസ്തക കമ്മിറ്റിമെമ്പർമാർതന്നെ ചിലർ ഗ്രന്ഥകർത്താക്കന്മാരാണല്ലോ. എന്റെ സ്നേഹിതൻ മിസ്റ്റർ ജേക്കബ്സാമിഅയ്യങ്കാർ പ്രസ്താവിച്ചപ്രകാരം അവരുടെ പുസ്തകങ്ങളും ആലോചനയ്ക്കു വരുമ്പോൾ അവർ മൌനം അവലംബിക്കയും ശേഷം മെമ്പർമാർ പ്രസിദ്ധീകരണത്തിനു നിശ്ചയിക്കുന്ന വിലയെ രേഖപ്പെടുത്തുകയും അവർക്കു ന്യായമായി തോന്നുന്ന വില നിശ്ചയിക്കയും ചെയ്യുന്നു. കമ്മിറ്റിയുടെ പൂർവ്വചരിത്രവും കമ്മിറ്റിമെമ്പർമാരായി അവിടെ ചേർന്നിരിക്കുന്ന ഗ്രന്ഥകർത്താക്കന്മാരുടെ തീർച്ചയും അങ്ങനെയാണ്. കമ്മിറ്റിയുടെ ജോലി നിർവഹണത്തെപ്പറ്റിയും പാഠപുസ്തകങ്ങളാകുന്ന പുസ്തകങ്ങളുടെ ഗുണത്തെപ്പറ്റിയും മിസ്റ്റർ രാമൻമേനവനു ആക്ഷേപമൊന്നുമില്ല. മിസ്റ്റർ രാമൻമേനവനെ അനുകൂലിച്ചു സംസാരിച്ച മാന്യന്മാർ ഇപ്പോഴത്തെ വാദത്തോടു യാതൊരു സംബന്ധമില്ലാത്ത ചില പൂർവസംഭവങ്ങളെ പ്രസ്താവത്തിൽ കൊണ്ടുവന്നു പ്രയോജനമില്ലാത്ത പ്രസിദ്ധീകരണങ്ങളെ വിദ്യാഭ്യാസികളുടെ തലയിൽ വെച്ചുകെട്ടുക പതിവായിരുന്നു എന്നു പറകയുണ്ടായി. അവയെ ഇപ്പോൾ ഇവിടെ പറഞ്ഞതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. പണ്ടു തങ്ങൾക്കുണ്ടായിട്ടുള്ള ഇഷ്ടാനിഷ്ടം വല്ലതും സൂചിപ്പിച്ച പാഠപുസ്തകകമ്മിറ്റിയിലെ പ്രമേയ മെമ്പർമാരെ കുറ്റം പറയാനുള്ള ഭാവമായിരിക്കാം. ഈ ഉദ്ദേശംനിമിത്തമല്ലാതെ ആ കാര്യങ്ങൾ പ്രസ്താവിക്കുന്നതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. അതിനെസംബന്ധിച്ചു പാഠപുസ്തകങ്ങളാകുന്ന പുസ്തകങ്ങളുടെ ഗുണത്തെപ്പറ്റി മിസ്റ്റർ രാമൻമേനോൻ ഒരൊറ്റ വാക്കുപോലും പറഞ്ഞുകേട്ടില്ല.

റവറണ്ടഹർ കെ. വി. ജേക്കബ്സാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): ഒന്നാംതരം പാഠ്യവും ഗദ്യവും പുസ്തകങ്ങൾ പാഠപുസ്തകങ്ങളായി നിശ്ചയിക്കണമെന്നോ എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള തന്റെ പരിചയത്തിൽനിന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ എ. കെ. പിള്ളയുടെ പ്രസ്താവത്തെപ്പറ്റി ഞാൻ പറയാൻതോന്നിക്കയാണു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ഏതാണ്ടു ഒന്നാംതരം പാഠ്യവും ഗദ്യവും എന്നു എനിക്കറിഞ്ഞുകൂടാ. എന്നാലും അദ്ദേഹത്തിന്റെ പ്രസ്താവത്തെ ഞാൻ നിഷേധിക്കുന്നു. അദ്ദേഹത്തെ തന്റെ അജ്ഞതകൊണ്ടു ഇങ്ങനെയെഴുതാനിടയായതിനു പരിഹാസം പറഞ്ഞതാണു.

മി. എ. കെ. പിള്ള (കുന്നംകുളപ്പുള്ളി): "എന്റെ അറിവിൽപ്പെട്ടടത്തോളം ഒന്നാംതരം പുസ്തകങ്ങളുമാണു പാഠപുസ്തകങ്ങളാകുന്നില്ല" എന്നാണു ഞാൻ പറഞ്ഞതു. നിങ്ങളുടെ അറിവിൽപ്പെട്ടടത്തോളം എന്നു പറയുന്നതു പ്രൊഫസർമാരുടെ അറിവിൽപ്പെട്ടടത്തോളം എന്നു പറയുന്നതിന്റെ ഒരു രൂപഭേദം മാത്രമാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ, മിസ്റ്റർ എ. കെ. പിള്ളയുടെ അറിവിൽപ്പെട്ടിടത്തോളവും അദ്ദേഹം രാഷ്ട്രീയമായ വിചാരിക്കുന്നവരുടെ അറിവിൽപ്പെട്ടടത്തോളവും. എന്തായാലും അദ്ദേഹം—

മി. എ. കെ പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ പാഠപുസ്തകങ്ങൾ മാറ്റാതെ പുസ്തകങ്ങളുടെ വില കുറയ്ക്കുന്നതിനുള്ള ഏതെങ്കിലും വഴി അവയുടെ ഗ്രന്ഥകർത്താക്കന്മാർ കാണുകയാണെങ്കിൽ അതിനുള്ള ഒരു വഴി പുസ്തകങ്ങളെ കുറച്ചിക്കുട്ടി വിട്ടുകളയുകയാണ് ചെയ്യുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായത്തിൽ ഇന്നത്തെ പുസ്തകമാണ് അന്നാന്തരം എന്ന വിചാരിക്കേണ്ടതെന്നും ആയതിനു പുസ്തകങ്ങളാണ് അന്നാന്തരമായി വിചാരിക്കേണ്ടതെന്നും പറഞ്ഞിരിക്കുന്നുവല്ലോ. അതു വാദമുള്ള ഒരു സംഗതിയാണ്.

മി. എം. ശിവതാണുപിള്ള (തോപ്പാള): മിസ്റ്റർ എ. കെ. പിള്ള 'കാക്കപിടിത്തം' എന്നുപറഞ്ഞതു എന്തണ്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം സ്പഷ്ടമല്ല. അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം ശരിയായി എനിക്കു ഗ്രഹിക്കാൻകഴിയുന്നില്ല. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതിന്റെ അർത്ഥം ഊഹിക്കാനെകഴികയുള്ളൂ. ആയതുതന്നെങ്കിലും ആവശ്യപ്രകാരം കാക്കപിടിച്ചാൽ പിടിച്ചു കാക്കയെ കിട്ടുമെന്നല്ലാതെ വേറെ ഫലമൊന്നുമില്ല. കമ്മിറ്റിയുടെ പ്രവൃത്തി അവർക്കയച്ചുകൊടുക്കുന്ന പുസ്തകങ്ങളെല്ലാം സൂക്ഷ്മതയോടെ പരിശോധിക്കയാണ്. മെമ്പർമാർ അവയെ തങ്ങളായി വിഭാഗിക്കുന്നു. അതുകൊണ്ടു കാക്കപിടിക്കുന്നതിനാൽ ആർക്കും ഫലവുമില്ല ആർക്കും നഷ്ടവുമില്ല. പാഠപുസ്തകമാക്കിയ ഏതെങ്കിലും പുസ്തകത്തിലോ നിർത്തുന്നതിലോ മിസ്റ്റർ എ. കെ. പിള്ള വല്ല ദോഷവും കണ്ടിട്ടുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വാദം ഗ്രഹിക്കാമായിരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ പറഞ്ഞതു ശരിയല്ലെന്നു ഞാൻ പറയുന്നു. എന്നിക്കു വേണ്ടുന്ന അവസരംകിട്ടുമ്പോൾ അതു തെളിയിക്കാൻ കഴിയും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പോഴെന്നിക്കു മിസ്റ്റർ എ. കെ. പിള്ളയുടെ വാക്കുകളെപ്പറ്റി ആലോചിക്കാനും സമയമായിരിക്കും. ഇപ്പോൾ നമ്മുടെ മുമ്പാകെയുള്ളതു തന്റെ അറിവിൽ ഒന്നാന്തരം പള്ളം പാഠപുസ്തകമാക്കുന്നില്ലെന്ന ഒരു അപാകതയുണ്ടെന്നുമാത്രമാണ്. ഷേക്സ്പിയറിനേക്കയോ കാളിദാസനേക്കയോ കുതികളുടെ രണ്ടുമകളാണോ പ്രാഥമികക്ലാസുകളിലേക്കുപറ്റിയ ഒന്നാന്തരം പള്ളം എന്നു നാം ആലോചിക്കേണ്ടതാണ്. അതു ഞാൻ ഈ സഭയിലെ മെംബർമാരുടെ ഇഷ്ടത്തിനു വിടുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കമ്മിറ്റിക്കാരുടെ മുമ്പാകെവന്ന പുസ്തകങ്ങളെ മാത്രമേ തിരഞ്ഞെടുക്കാവു എന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതാണു ഞങ്ങളുടെ ജോലി.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കമ്മിറ്റിക്കാർ മുൻപിലത്തെ ഗ്രന്ഥകർത്താക്കന്മാരുടെ പുസ്തകങ്ങൾ തിരഞ്ഞെടുക്കാവു എന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഞങ്ങളുടെ ജോലിയിൽപ്പെട്ടതേയല്ല. ഞങ്ങൾക്കു അയച്ചുതന്നിട്ടുള്ള പുസ്തകങ്ങളെപ്പറ്റിമാത്രം ഞങ്ങൾ അഭിപ്രായം പറയും. ഞങ്ങളുടെ വഴിവിട്ടുപോയി ഗവണ്മെന്റിനുവേണ്ടി പുസ്തകങ്ങൾ തിരഞ്ഞെടുക്കണമെന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഓരോ ക്ലാസ്സിലേക്കും പാഠപുസ്തകമാക്കണമെന്നുള്ള ശുപാർശയോടുകൂടെ പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് പാഠപുസ്തകക്കമ്മിറ്റി സമർപ്പിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ഞങ്ങളെല്ലു പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നതു. ഇന്നയിന്ന പുസ്തകങ്ങൾ ഇന്നയിന്ന ക്ലാസിലേക്കു പാഠപുസ്തകമാക്കാൻ കൊള്ളാമെന്നുമാത്രം ഞങ്ങൾ പറയുക.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): പക്ഷേ നിങ്ങൾ ഇന്നയിന്ന പുസ്തകങ്ങൾ പാഠപുസ്തകമാക്കണമെന്ന ശുപാർശ ചെയ്യുമായിരിക്കും?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയുമില്ല. ചില പുസ്തകങ്ങൾ ഇന്ന ക്ലാസ്സിലെ പാഠപുസ്തകമാക്കാമോ എന്നമാത്രമേ ഞങ്ങൾ പറയേണ്ടതുള്ളൂ.

അങ്ങനെയിരിക്കെ പാഠപുസ്തകക്കമ്മിറ്റി മുന്നാന്തരം പള്ളം പാഠപുസ്തകമാക്കുന്നില്ല എന്നുള്ള ആക്ഷേപം അടിസ്ഥാനമില്ലാതെയും കമ്മിറ്റിയുടെ ജോലിയെപ്പറ്റി പരിജ്ഞാനമില്ലാതെയും കമ്മിറ്റിയിൽ നടക്കുന്ന ആലോചനാരീതിയെപ്പറ്റി യാതൊരറിവുമില്ലാതെയും ഉണ്ടാവുന്നിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോപ്പാള): മെംബർതന്നെ ഇതിനൊരു ഉദാഹരണം പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വള്ളത്തോളും നാരായണമേനോനേയും കുമാരനാശാനേയും പള്ളം മുന്നാന്തരമാണോ എന്നാണു ചോദ്യം.

മി. എം. ശിവതാണുപിള്ള (തോപ്പാള): ചില പാഠപുസ്തകങ്ങൾ സ്വീകരിക്കുന്നതിനു തടയാണോ? ഉത്തരവാദി എന്നു മെംബർ പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു സാഹിത്യപരിഷ്കാരമായ്ക്കാണു. അതിനിടയ്ക്കു വാദത്തോടു സംബന്ധമുള്ളതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതെന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റിന്റെ പ്രതിനിധിയുടെ നിലയിൽ കമ്മിറ്റി സെക്രട്ടറിക്കാണു പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): അതു ഗവണ്മെന്റിന്റെ ആവശ്യപ്രകാരമോ അപേക്ഷകന്മാരുടെ ആവശ്യപ്രകാരമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റിന്റെ ആവശ്യപ്രകാരം പുസ്തകങ്ങൾ കമ്മിറ്റിക്കു നേരിട്ട് അയച്ചുകൊടുക്കണം.

പുസ്തകങ്ങൾ വായിച്ചുനോക്കാൻ ഞങ്ങളെക്കൊണ്ടു് ആയിരുപ്പുപ്പണിയിക്കുന്നു.

മി. കെ. ഐ. ഉമ്മൻ (മീനച്ചിലും ദേവികുളവും): ഗവണ്മെന്റാണോ ഗ്രന്ഥകർത്താക്കന്മാരാണോ ഈ വില നിശ്ചയിക്കുന്നതു ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാധാരണയായി ഗവണ്മെന്റ് നേരിട്ട് പുസ്തകങ്ങളൊന്നും കമ്മിറ്റിക്കയക്കാറില്ല. പുസ്തകങ്ങൾ ഒരു ഗവണ്മെന്റുദ്യോഗസ്ഥനായ പാഠപുസ്തകക്കമ്മിറ്റിയുടെ കസ്റ്റഡിക്കയച്ചുകൊടുക്കുന്നു. അദ്ദേഹം അവയെ മെംബർമാർക്കു കൊടുത്തയക്കുന്നു.

മി. കെ. ഐ. ഉമ്മൻ (മീനച്ചിലും ദേവികുളവും): ആരുടെ അപേക്ഷപ്രകാരം ഗവണ്മെന്റ് ഈ വിലയ കമ്മിറ്റിക്ക് അയച്ചുകൊടുക്കും ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റിന്റെ പക്കൽ കിട്ടുന്ന പുസ്തകങ്ങളും ഞങ്ങൾക്കയച്ചുതരും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): പാഠപുസ്തകക്കമ്മിറ്റി നല്ലതെന്നഭിപ്രായപ്പെടുന്ന പുസ്തകങ്ങളുമായുമേ പാഠപുസ്തകമായി നിശ്ചയിക്കാവു എന്ന വല്ല ചട്ടവും ഉണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കറിഞ്ഞുകൂടാ. പാഠപുസ്തകങ്ങളുടെ യോഗ്യതകളെപ്പറ്റി മിസ്റ്റർ രാമൻമേനോൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിൽ യാതൊരു പ്രസ്താവനയും ഇല്ല. എന്നൊൽ അദ്ദേഹത്തിന്റെ അനുഭവികവും ഉപപ്പേക്ഷിക്കാവുന്ന പാഠപുസ്തകങ്ങളുടെ യോഗ്യതയെയും പറ്റിയാണ് പുസ്തകങ്ങളെപ്പറ്റി മെച്ചമുണ്ടാക്കുവാൻ ഓരോന്നു പറയുകയും തൽഫലം നിശ്ചയിച്ചിട്ടുള്ള വിലയ്ക്കുള്ള ഗുണം അവയ്ക്കില്ലെന്നു പ്രസ്താവിക്കയും ചെയ്തുകൊണ്ടു് അക്കാരണത്താൽ മിസ്റ്റർ രാമൻമേനോനെ അനുകൂലിക്കുന്നു. മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായത്തിൽ ഇങ്ങനെയാണ്. പുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ മാർഗ്ഗം വളരെ വിഷമമുള്ളതാണ്. അദ്ദേഹം പുസ്തകങ്ങൾക്കു ഒരു യാതൊരു നിശ്ചയിച്ചു. അതൊരു മനഃകൽപ്പിതമായി പ്രയോഗിക്കാമോ ഇല്ലയോ എന്നു അദ്ദേഹം ആലോചിച്ചിട്ടില്ല. മിസ്റ്റർ രാമൻമേനോന്റെ ഈ അഭിപ്രായം പ്രയാസമുള്ള ഒരു സംഗതിയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പൊതുവിദ്യാഭ്യാസമുള്ളിടങ്ങളിൽ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കു ഉപയോഗിക്കേണ്ടുന്ന പുസ്തകങ്ങൾക്കു കൂടുതൽ വില ഇതുപോലെ ആകാവു എന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതു മൈസൂർക്കിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കതിനെപ്പറ്റി യാതൊരറിവും ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കൂടുതൽവില ക്ലിപ്തപ്പെടുത്തീട്ടുള്ളതു ഒരു സോവിയറ് ഗവണ്മെന്റാണു്, നമ്മുടേതുപോലെയുള്ള ഒരു സ്വതന്ത്ര ഗവണ്മെന്റാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെ വില ക്ലിപ്തപ്പെടുത്തുന്ന പോര ഗവണ്മെന്റുകളും ഉണ്ടെന്നു എനിക്കറിയാം. ഈ കാര്യത്തിൽമാത്രം നാം ജർമ്മനിയുടെ ഒപ്പംനിന്നു അനുകരിക്കണമെന്നില്ലെന്നു എനിക്കു മനസ്സിലാകുന്നില്ല. പുസ്തകത്തിന്റെ വില അതിലടങ്ങിട്ടുള്ള സംഗതികളുടെ സ്വഭാവം, ഗുണദോഷമായവയെ ആശ്രയിച്ചിരിക്കും. ഒരുപക്ഷേ ഒരു പുസ്തകത്തെ പാഠപുസ്തകമാക്കുകയും പിന്നൊരാളിൽ അതിനെക്കാൾ നല്ല ഒരു പുസ്തകം ഉണ്ടായി എന്നഭിപ്രായപ്പെടുകയും ചെയ്താൽ ഒരുപക്ഷേ നിശ്ചയിച്ചവിലയെക്കാൾ കുറച്ചുകൊണ്ടുവരിക്കേണ്ടതായിട്ടോ; പുസ്തകങ്ങളുടെ പകർപ്പവകാശം ഗവണ്മെന്റ് വാങ്ങിക്കണമെന്നു ഫ്രഞ്ചുകാരുടെ സ്നേഹിതൻ പറയുന്നുണ്ടായി. അതു ബുദ്ധിപൂർവ്വമായ ഒരഭിപ്രായമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഈയടുത്തിടെ ഗവണ്മെന്റ് ഒരു പുസ്തകത്തിന്റെ പകർപ്പവകാശം വാങ്ങി എന്നിരിക്കട്ടെ പിന്നെയാണിതിനെക്കാൾ നല്ല ഒരു പുസ്തം ഉണ്ടാകുന്നതു. അങ്ങനെയുണ്ടായാൽ ഗവണ്മെന്റ് പുസ്തകങ്ങളുടെപകർപ്പവകാശം വാങ്ങുകയാണോ വേണ്ടതു? അങ്ങനെ ഗവണ്മെന്റ് ചെയ്യാൻതുടങ്ങിയാൽ എവിടെയാണ് അവസാനം? അവർ പുസ്തകനിർമ്മാതാക്കൾ ഓരോ പുസ്തകക്കച്ചവടം നടത്തിക്കൊണ്ടിരിക്കണം. കൃഷിക്കാരിൽപരമാർത്ഥമായ അവർ പുസ്തകക്കച്ചവടക്കാർ ആകണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആരാണ് ആ അഭിപ്രായംപറഞ്ഞതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭയുടെ ഈഭാഗത്തുള്ള ആരൊക്കെയോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതാരാ ഒരു ചോദ്യംചോദിച്ചതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അഭിപ്രായംപറഞ്ഞതാണെന്നു ഞാൻ വിചാരിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർമാർക്ക അവരുടെമനസ്സിൽ ഒരു തോതു് നിശ്ചയിക്കാൻ പാടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആവാം.

മി. എം. ശിവതാണുപിള്ള (തോവാള): അതു് പണമാക്കിപറവാൻ കഴിയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു പുസ്തകത്തിന്റെ സ്വഭാവം, അച്ചടി, പുറങ്കടലാസ്, പടങ്ങൾ, മുതലായവയെ ആശ്രയിച്ചിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): പുസ്തകത്തിന്റെ വിഷയംനോക്കി അതിനൊരുവില നിശ്ചയിക്കരുതെന്നു പാടില്ലയോ എന്നു മെമ്പർ പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വളരെ പ്രയാസമുള്ള ഒരു സംഗതിയാണ്. വിഷയം ക്ലാസിനുപയോഗിച്ചുതുടങ്ങിയിരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): ഓരോ ക്ലാസുകൾക്കു നിശ്ചയിക്കുന്ന പാഠപുസ്തകങ്ങളെ സംബന്ധിച്ചു വിഷയാനുക്രമം ഒരു വിവരണമുണ്ടാക്കാൻ സാധിക്കയില്ലയോ എന്നാണു് ഞാൻ ചോദിച്ചതിന്റെ അർത്ഥം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചെറുപ്രായത്തിൽ വിദ്യാഭ്യാസത്തിന് സാധിക്കയില്ല. ക്ലാസ്സിൽ ഒരു വിഷയം ഇത്രത്തോളം പഠിപ്പിക്കണമെന്നുള്ള കർശന നിയമമില്ലാത്തതിനാൽ ഉത്തമമായ പുസ്തകം പഠപുസ്തകമാക്കണം. ഒന്നാമതായി പുസ്തകത്തിനു വേണ്ടി അധികം വിലകൊടുക്കണമെങ്കിൽ അതു കൊടുക്കാൻ തക്ക നിവൃത്തിയില്ല. എന്നുമാത്രമല്ലാതെ പഠപുസ്തകങ്ങളുടെ വിഷയത്തെ ഇടയ്ക്കിടയ്ക്കോ പഠപുസ്തകങ്ങളുടെ വില താരതമ്യപ്പെടുത്തി നോക്കിയാൽ ഈ കാര്യം നിസ്സംശയമായിട്ടുള്ളതാണ്. മറ്റു പുസ്തകങ്ങൾക്കു, ഉദാഹരണമായി ചരിത്രമോ ഭൂമിശാസ്ത്രമോ ഗണിതശാസ്ത്രമോ പുസ്തകങ്ങൾക്കു നിശ്ചയം എന്നുള്ള വിഷയം കൊടുക്കാൻ ഒരുക്കമുണ്ട്. എന്നാൽ നാട്ടുഭാഷാപുസ്തകങ്ങളുടെ കാര്യത്തിൽ അവയുടെ കർത്താക്കന്മാർ കേരളീയരാണെന്നുള്ള ഒരു ന്യൂനതനിമിത്തം വളരെ കാലപരിശ്രമങ്ങൾചെയ്തു നിശ്ചയം അംഗീകരിപ്പിക്കേണ്ടിവരുന്നു.

മി. എം. ശിവതാണുപിള്ള (തോപ്പാള): അതു ഓഫീസ്സു സഹായം ചെയ്യുകയാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞപ്രാവശ്യം ഗ്രന്ഥകർത്താക്കന്മാർക്ക് ഇരുനൂറു കോപ്പി കൊടുത്തിരുന്നു, ഈവർഷം അവർക്കു അഞ്ചിലധികം കൊടുക്കണം. പ്രസിദ്ധീകരിക്കുന്ന ഇരുന്നൂറിലധികം കോപ്പികളും ഓഫീസ്സിലേക്കു ഇംഗ്ലീഷ്പുസ്തകങ്ങളുപോലെ പരിഗണിച്ചു മറ്റു പ്രസിദ്ധീകരണങ്ങളുപോലെ കോപികളുമെന്നില്ല. ഇതു ഏതാണ്ടൊരു വിശേഷതരം ഔദാര്യത്തിനുള്ള വിലമതിപ്പുതന്നെ ഒഴിച്ചു മനഃപൂർവ്വമോ ഞാൻ പറഞ്ഞുകൊള്ളുന്നു. നാട്ടുഭാഷകളിൽ പുസ്തകങ്ങളെഴുതുന്നവരുടെ പുസ്തകങ്ങൾക്കു അന്യരുടെ ഔദാര്യത്തിനു അനുസരിച്ചു വിലനിശ്ചയിക്കണമെന്നു പറയുന്നതിനെപ്പറ്റി ഞാൻ ഓർമ്മിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചരിത്രം, ഗണിതം, ഭൂമിശാസ്ത്രം എന്നിവയിലധികം പഠിക്കുന്നതിനു വിദ്യാർത്ഥികൾ ഏതെങ്കിലും പ്രത്യേകപുസ്തകങ്ങൾ മേടിക്കണമെന്നു നിർബന്ധമില്ലെന്നും ഇഷ്ടപോലെ അവർക്കു തിരഞ്ഞെടുക്കാൻ ധാരാളം പുസ്തകങ്ങൾ ഉണ്ടെന്നും മിസ്റ്റർ നാരായണപിള്ളയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചിലവിഷയങ്ങൾക്കു പഠപുസ്തകങ്ങൾക്കും നിശ്ചയിക്കാറുണ്ട്. നാട്ടുഭാഷാ പഠപുസ്തകങ്ങളെസംബന്ധിച്ചുമാത്രമേ നിർബന്ധമുള്ളൂ. മറ്റു പഠപുസ്തകങ്ങളുടെകാര്യത്തിൽ, നിർബന്ധമില്ല എന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതു ഞാൻ സമ്മതിക്കുന്നില്ല. അങ്ങനെയുള്ള പഠപുസ്തകങ്ങളുടെ ഒരു രചയിതാവോ പ്രസാധകനോ പഠപുസ്തകങ്ങൾ മാത്രം ഒരു പ്രമേയത്തിനു വിഷയമാക്കി പല സംഗതികളും വിസ്തരിച്ചു. ഇപ്പോൾ ഉള്ളവയും മേലാൽ പ്രസിദ്ധപ്പെടുന്നവയും ആയ എല്ലാ പുസ്തകങ്ങളുടെയും വിലയും ഞാൻ പട്ടികപ്പെടുത്താൻ പാടില്ലാത്ത ഒരു തോതു നിശ്ചയിക്കുന്നതു മുഖേന സ്വപ്നംകാണുകയാണ്. ഈസമയത്തിലധികം ശേഷം മെമ്പർമാരുടെ ക്ഷമയെ ദുരുപയോഗപ്പെടുത്തുന്നതിലുള്ളതിൽ ഞാൻ വ്യസനിക്കുന്നു. എങ്കിലായാലും എനിക്കു കഴിയുംപോലെ ഞാൻ അതിനെ ചുരുക്കിക്കൊണ്ടുവരാം.

മി. എം. ശിവതാണുപിള്ള (തോപ്പാള): ഇംഗ്ലീഷ് പഠപുസ്തകങ്ങളുടെകാര്യത്തിൽ ആക്ഷേപം ഇല്ലാത്തതുകൊണ്ടു നാട്ടുഭാഷാ പഠപുസ്തകങ്ങളുടെ കാര്യത്തിൽ ആക്ഷേപംപറയുന്നതു ന്യായമല്ലെന്നാണോ മെമ്പറിന്റെ അഭിപ്രായം എന്നു മെമ്പർ പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയല്ല, ഇതു കേൾക്കുന്നവരുടെ തെറ്റിദ്ധാരണയാണ് അവയുടെ വില വിതരണം സ്വീകാര്യത എന്നിവയിൽ നാട്ടുഭാഷാ പഠപുസ്തകങ്ങളുടെ വില അതിനടുത്തവയുടെതുപോലെ എന്നാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കുന്നിക്കുളുമുള്ള): അങ്ങനെതന്നെയാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തീർച്ചയായിട്ടും അതുതന്നെ അനുമാനം, ഒരുകാര്യപ്രസ്താവിക്കുന്നതിനു മുമ്പായി മറ്റൊരിടത്തെ ഒഴിച്ചുകൂടുകയാണല്ലോ ചെയ്യുന്നതു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കുന്നിക്കുളുമുള്ള): സർ, പ്രമേയത്തിനെതിരായി പറഞ്ഞ സംഗതികളെ സംബന്ധിച്ചു ചിലതൊന്നായധാരണകൾ നിങ്ങളെന്നു ഞാൻ ഊഹിക്കുന്നു. എങ്കിൽപ്രസംഗം പാഠപുസ്തകങ്ങളിറിയപ്പെടാതെ ഒരാക്ഷേപമാകുന്നതു മിസ്റ്റർ പി. കെ. നാരായണപിള്ള പറയുകയുണ്ടായി, അങ്ങനെയൊരാക്ഷേപവും എന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ കുറെക്കൂടി റിയുടെതാണെന്നു ഞാൻ പറയുന്നില്ലെന്നു ഞാൻ പ്രത്യേകം പറഞ്ഞു. കാര്യത്തിന്റെ സ്ഥിതി ഞാൻ വിവരിച്ചു, അവയെസംബന്ധിച്ചു വല്ലതും ചെയ്യണമെന്നു കാണുന്നുണ്ടു, അതുചെയ്യണം പഠപുസ്തകങ്ങളിറിയപ്പെടാതെ ഞാൻഒരാക്ഷേപവും പറഞ്ഞില്ല. അതുസമ്മതിക്കുകയുള്ള പ്രമേയത്തിന്റെ വ്യാപ്തിയിൽപ്പെടുന്നതല്ല. അതിനെപ്പറ്റി മറ്റൊരുപ്രമേയം വേറൊരവസരത്തിൽ കൊണ്ടുവരേണ്ടതാണു. ചുരുങ്ങിപ്പറഞ്ഞാൽ പ്രമേയം ഒരുസംഗതിയെക്കുറിച്ചായിരിക്കണമെന്നു ഓർക്കണം. ഇപ്രമേയത്തിൽ പല കാര്യങ്ങളും ഉൾപ്പെട്ടിരിക്കയാൽ പ്രസിഡന്റ് അതംഗീകരിക്കയില്ല, അതു മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ഒഴിവിയിൽ പെടുത്താൻ ഞാൻആഗ്രഹിക്കുന്ന ഒരുസംഗതിയാണ്. പഠപുസ്തകങ്ങളിറിയുടെ ഏതെങ്കിലും വിഭാഗത്തോടു, നാട്ടുഭാഷാവിഭാഗത്തോടുകൂടെ വേറെവല്ലവിഭാഗത്തോടുകൂടെ എതിരിക്കയോ മത്സരിപ്പിക്കയുമല്ല, നാട്ടുഭാഷാപഠപുസ്തകങ്ങളുടെ വിലയെപ്പറ്റിയാണു ഞാൻ പറഞ്ഞതു. മറ്റുവിഷയങ്ങളെസംബന്ധിച്ചു പഠപുസ്തകങ്ങളുടെവിലയും പരാതിയായ സങ്കടമോ ഉണ്ടായിരിക്കാംഎന്നു ഞാൻസമ്മതിക്കുന്നു. അങ്ങനെയുള്ള വിഷയങ്ങളെപ്പറ്റിയും ഏതെങ്കിലുംവേർ പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനെപ്പറ്റി എനിക്കു യാതൊരുതരിപ്പോധവുമില്ല, സംഗതികൾ വാസ്തവമാണെന്നു കണ്ടാൽ ഞാൻസന്തോഷത്തോടെ അവയെ അനുകൂലിക്കയുംചെയ്യാം. ഞാൻപറഞ്ഞ കണക്കുകൾ നാട്ടുഭാഷാപഠപുസ്തകങ്ങളുടെ, പ്രത്യേകമായി ചിലക്ലാസ്സുകളിലെ പുസ്തകങ്ങളുടെ, വിലഅധികമാണെന്നാണ് തീർച്ചയാണു. അഞ്ചാംഫാറത്തിൽ നാട്ടുഭാഷാപഠപുസ്തകങ്ങളുടെ വിലതന്നെ ആവശ്യപരിധികമാണു. വേറെയിടങ്ങളിലും വിശദമായി ഒരു ഉദാഹരണമായി ഇംഗ്ലീഷിലെയോ ഭൂമിശാസ്ത്രത്തിലേയോ പഠപുസ്തകങ്ങളേക്കാൾ ഇരുപരധികം വിലയുണ്ടെന്നു ഞാൻപറയുന്നില്ല. അല്ലെ അധികമാണെങ്കിൽ അതിനെപ്പറ്റിയും ആലോചിക്കേണ്ടതാണു. അക്കാര്യത്തിൽ ഞാനിപ്പോൾ ശ്രദ്ധചെലുത്തുവാനുമില്ല.

പുസ്തകങ്ങളുടെവിലയും അവയുടെഎണ്ണവും തമ്മിലുള്ള ബന്ധത്തെസംബന്ധിച്ചു എയിക്കല്യം പറവാനുണ്ടു. പഠപ്രയോഗത്തിലുള്ളതിനാൽ മിക്കപഠപുസ്തകങ്ങളുടെ കാര്യത്തിൽ പല്ലും ഇരുപതിനായിരം, നല്ലും ഇരുപതിനായിരം എന്നിങ്ങനെ നിബന്ധനകൾ ചെയ്തിട്ടുണ്ടു, അങ്ങനെയാണെങ്കിൽ പഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു ഡയറക്ടരോ ഗ

പ്രശ്നത്തിനും പാഠപുസ്തകങ്ങളുടെ വിലയിലെ ഭാരക്കുറവിനും വേണ്ടി സർക്കാർ ചെയ്തിട്ടുള്ള പുസ്തകങ്ങൾ കിട്ടുന്നതിനു ഒരുപ്രയോജനവും ഉണ്ടാകുന്നില്ല. ഇപ്പോൾ പാഠപുസ്തകങ്ങൾ മാത്രം നിശ്ചയിച്ചിട്ടുള്ള വില ഇപ്പോഴത്തെ നിലയിൽ കുറഞ്ഞതായിരിക്കും. രണ്ടാംക്ലാസിലെത്തിന്നു ഇപ്പോൾ മുന്നുപാഠപുസ്തകങ്ങൾ നിശ്ചയിച്ചുകാണുന്നു. ഒന്നുപോര, രണ്ടായാലും മതിയായിരിക്കാം ഇയ്യിടെ പുതുമയെ വീട്ടുവയനയ്ക്കും ഒരുപുസ്തകംഉണ്ടു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): അയ്യയിൽഒന്നു മിസ്റ്റർ രാമൻമേനോന്റെ സ്വന്തം പുസ്തകം അല്ലയോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കുത്തിക്കുപ്പുള്ളിയും): മറ്റുക്ലാസ്സുകളിലും അധികംപുസ്തകങ്ങൾ മൂന്നും നാലും ചിലപ്പോൾ അഞ്ചും വീതം പാഠപുസ്തകങ്ങളായി നിശ്ചയിക്കുന്നുണ്ടു്. അതുവിദ്യാർത്ഥികളുടെ ഭാരം ഉദ്ദേശിച്ചുതല്ലേ എന്നിക്കുതോന്നുന്നു. ഗ്രന്ഥകർത്താക്കന്മാരുടെ ഭാരത്തിനായിരിക്കാം. ഇതിനെഞാൻ പ്രതിഷേധിക്കുന്നു, പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നതിന്റെ പ്രധാനോദ്ദേശം വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കന്മാരുടേയും ഭാരം കുറയിരിക്കണം. ക്ലാസിലെ പഠിത്തത്തിനു ന്യായമായി ആവശ്യമുള്ളതിലധികം അയക്കരുതെന്നു ചെയ്യിക്കരുതു.

ഞാൻനിശ്ചയിച്ച വിലയുടെതോതു കുറെകാണുമായിപ്പോയിഎന്നു എന്റെസ്നേഹിതൻ മി. പി. കെ. നാരായണപിള്ള പറഞ്ഞു. കൂടുതൽവില ഇതുയെ ആകാവു എന്നാണ് ഞാൻപറഞ്ഞിട്ടുള്ളതു. അതുകുറയ്ക്കാൻ ഗവണ്മെന്റിനു സ്വാതന്ത്ര്യമുണ്ടു. പാഠപുസ്തകനിർമ്മാണമുള്ള വിദ്യാഭ്യാസകാര്യം മന്ത്രിയിൽ ചെച്ചുകൊണ്ടിരുന്നാൽ പുസ്തകങ്ങളുടെ വിലകുറയ്ക്കാൻ എളുപ്പത്തിനു കഴിയുമെന്നു ഞാൻ എന്റെപ്രസംഗത്തിൽ പറഞ്ഞു. ഇക്കാര്യത്തിൽ ഗവണ്മെന്റിനു വളരെസ്വാതന്ത്ര്യമുണ്ടു. അതുകൊണ്ടു ആ ആക്ഷേപവും സാധുവല്ലെന്നുവരുന്നു.

പുസ്തകങ്ങളുടെ വലിപ്പത്തെപ്പറ്റിയുള്ള എണ്ണത്തെപ്പറ്റിയും വിലനിശ്ചയിക്കാൻ പാടില്ലെന്നും അവയുടെ ഗുണവും നോക്കേണ്ടതുണ്ടെന്നും ഉള്ളതാണു മെമ്പർ പറഞ്ഞുവല്ലൊ, ഞാനും അതുതന്നെ പറയുന്നു. എന്നാൽ ഗുണത്തെയും ആലോചിച്ചു നിശ്ചയിച്ചിട്ടുള്ള വിലയിൽ നിജപ്പെടുത്തിയ സംഖ്യയ്ക്കുള്ളിൽ വില നിജപ്പെടുത്തിയിട്ടു നല്ലപുസ്തകങ്ങൾ പാഠപുസ്തകങ്ങളാക്കാൻ കഴിയുമെന്നും കൂടെ ഞാൻപറയുന്നു. നല്ലപുസ്തകങ്ങൾ പാഠപുസ്തകങ്ങളാക്കുന്നതിനു എതിരായിപറവാൻ യാതൊന്നുമില്ല. . ബുദ്ധിമുഖാന്ത്യം പ്രയോഗിച്ചിട്ടുണ്ടതേ വലിയ അന്വേഷണം നടത്തിയതുമെല്ലാം എഴുതുവുന്നതാതാ അങ്ങനെവേറെവല്ലുണ്ടോ ഉള്ളപുസ്തകങ്ങളെ സാധാരണയായി പാഠപുസ്തകങ്ങളായി നിശ്ചയിച്ചുഞാൻകണ്ടിട്ടില്ല. രണ്ടുകൂടെപുസ്തകങ്ങളെ ന്യായമായവിലയുള്ള വിലക്കണമെന്നു ഗ്രന്ഥകർത്താക്കന്മാരോടു ആവശ്യപ്പെട്ടാൽ അവർസമ്മതിക്കുമെന്നു എനിക്കനിശ്ചയമുണ്ടു. ഞാൻ മദ്രാസുതമിഴിലെ പുസ്തകങ്ങൾ എഴുതുന്നവനാണു. മുമ്പുഎന്റെ ഒന്നരണ്ടുപുസ്തകങ്ങൾ പാഠപുസ്തകങ്ങളായി ഇരുന്നിട്ടുണ്ടു. ഇപ്പോഴും എന്റെരണ്ടുപുസ്തകം പാഠപുസ്തകമാണ്. എന്റെരുപുസ്തകം ഒന്നിശ്ചിതവിലയുള്ള വിൽ ഞാൻ എഴുതിക്കൊടുത്തതുകൊണ്ടാണു ആപാഠപുസ്തകക്കമ്മിറ്റി മെമ്പർ എന്നോടുചോദിച്ചു. ഉടനെഞാൻ സമ്മതിക്കയും പുസ്തകത്തിൽ പുറങ്ങളുടെ എണ്ണം കൂട്ടി പറഞ്ഞ വിലയ്ക്കു വിൽക്കയും ചെയ്തു. മറ്റു ഗ്രന്ഥകർത്താക്കന്മാരുടേ കാര്യത്തിലും ഏറെക്കുറെയ ഇങ്ങനെതന്നെ ആയിരിക്കും. എന്തെന്നാൽ അങ്ങനെചെയ്യാലും അവർക്കു ഒരു ന്യായമായ ആദായം കിട്ടും, ആ ആദായം തിരിയായി ഉണ്ടാകുന്നതും വിദ്യാർത്ഥികളിൽനിന്നും അവരുടെ രക്ഷകന്മാരിൽനിന്നും അന്യായമായി പിടിച്ചുപറിക്കാത്തുമായിരിക്കയും ചെയ്തു. പുസ്തകങ്ങൾ ഗവണ്മെന്റിൽനിന്നും വാങ്ങി പ്രസിദ്ധംചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടിട്ടില്ല. അങ്ങിനെയും ഒരു അഭിപ്രായം ഇതിനുമുമ്പു ഞാൻ കേട്ടിട്ടുണ്ടു. ഇപ്പോഴത്തെ സമ്പ്രദായം നല്ല അനുഭവമുള്ളതാണെന്നു ഗവണ്മെന്റും പാഠപുസ്തകക്കമ്മിറ്റിയും നിശ്ചയിച്ചിരുന്നതുണ്ടു. അല്ലെങ്കിൽ പുസ്തകങ്ങൾ പാഠപുസ്തകങ്ങളായി എടുക്കുന്നതു എന്റെ പ്രമേയം പൂർണ്ണമായി സ്വീകരിച്ചുവെന്നും ഈ നിബന്ധനപ്രകാരം നടക്കുവുന്നതാണു. എന്തായാലും ഒരുരോ ക്ലാസിലെയും പുസ്തകങ്ങളുടെ വില ഒരു നിശ്ചിതസംഖ്യയിൽ കുടിപ്പോകുന്നതേന്നാരു നിബന്ധനയുണ്ടാക്കുന്നതു അനാവശ്യമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

ഇക്കാര്യത്തിൽ വിദ്യാഭ്യാസമന്ത്രിയുടെ അഭിപ്രായം കൂടി ആലോചിക്കണമെന്നു പറഞ്ഞതിനെസംബന്ധിച്ചു, വിദ്യാഭ്യാസമന്ത്രിയെ അറിയിച്ചിരിക്കുന്ന മോഹി എന്താണെന്നു മി. പി. കെ. നാരായണപിള്ള സ്പഷ്ടമായി വിവരിച്ചു. അതുകൊണ്ടു ഉത്തരവാദിത്വം പ്രധാനമന്ത്രിയായി വഹിക്കേണ്ടുന്ന വിദ്യാഭ്യാസഭാരമുള്ള മന്ത്രിയാണോ ഗവണ്മെന്റോ എന്നാണു പാഠപുസ്തകങ്ങളുടെ വില ഒരു നിശ്ചിതസംഖ്യക്കുള്ളിൽ ആയിരിക്കണമെന്നു കല്പിക്കുന്നതു അവരുടെ ധർമ്മമാണു.

പുസ്തകങ്ങളുടെ വില ഇപ്പോഴത്തേതിൽനിന്നു കുറയ്ക്കുമെന്നു ഇതുസംബന്ധിച്ചു വേറൊരു ഉദ്യോഗസ്ഥനും പറവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. നാട്ടുഭാഷാപുസ്തകങ്ങളുടെ ഒരു ദാരിദ്ര്യമായ തമിഴ്പാഠപുസ്തകങ്ങളുടെ സ്ഥിതിയും പറയാം. ഫിഫ്ത്ത്ഫോറത്തിലുള്ള തമിഴ്പാഠപുസ്തകങ്ങളുടെ വില ഫിഫ്ത്തിനു ഫിഫ്ത്തുകാർക്കും നാലാംഫോറത്തിൽ ഫോർത്തിനു ഫോർത്തുകാർക്കും മൂന്നാംഫോറത്തിൽ തേർഡിനു തേർഡുകാർക്കും ആകുന്നു. മലയാളം പുസ്തകങ്ങളുടെ കാര്യത്തിലും ഇതു തെയ്യുവുന്നതാണു.

അതുകൊണ്ടു ഈ കാര്യത്തിൽ ഒരന്വേഷണം നടത്തേണ്ടതുമാത്രമാണെന്നും ഒരോക്ലാസ്സിലേയും പാഠപുസ്തകങ്ങളുടെ വില നിശ്ചയിക്കേണ്ടതുമാണെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഈ വാക്കുകളോടുകൂടി ഈ പ്രമേയത്തെ സഭ സ്വീകരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പൽ): സർ, മിസ്റ്റർ രാമൻമേനോൻ തന്റെ ഈ പ്രമേയത്തെ സ്ഥാനത്തുനിന്നു അതിശക്തം മുറിപ്പെടുത്തുകൊണ്ടു എതിർക്കുമെന്നു ഞാൻ വിചാരിച്ചിരുന്നതുകൊണ്ടു അധികമൊന്നും പറയുന്നില്ല. പാഠപുസ്തകക്കമ്മിറ്റി ഇപ്പോൾ ശുപാർശചെയ്യുന്ന പുസ്തകങ്ങളുടെ അച്ചടിയും കടലാസും നല്ലതാണെന്നു അദ്ദേഹം സമ്മതിക്കുന്നു. പുസ്തകങ്ങളുടെ ഗുണത്തെപ്പറ്റിയും അദ്ദേഹം ആക്ഷേപിക്കുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേകപുസ്തകം ഉദാഹരണമായി എടുത്തു അതിനു വിലകുടിപ്പോയി എന്നു പറവാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. വിദ്യാർത്ഥികൾ കുറഞ്ഞപ്പോൾ പഠിക്കാതേയും പുസ്തകങ്ങൾക്കു പകരം നോട്ടുകൾ പഠിച്ചു വിദ്യാഭ്യാസം മോശമായിപ്പോകാതേയും ഇരിക്കുന്നതിനു വേണ്ടുവോളം പാഠങ്ങൾ ഉണ്ടായിരിക്കേണ്ടുന്ന ആവശ്യകതയെപ്പറ്റി ഞാൻ പറഞ്ഞതു അദ്ദേഹം നിഷേധിച്ചിട്ടില്ല. ഇവയ്ക്കുപുറമെ ആക്ഷേപംപറവാൻ

അഭിപ്രായത്തിനു സാധിച്ചിട്ടില്ല. ഗ്രന്ഥകർത്താക്കന്മാർക്ക് അന്യായമായ ലാഭം ഉണ്ടാക്കിക്കൊടുക്കാൻ പാഠപുസ്തക കമ്മിറ്റിക്ക് ആഗ്രഹമില്ലെന്ന അഭിപ്രായം സമ്മതിക്കുകയും ചെയ്തിരിക്കുന്നു. മി. രാമൻമേനോനാണും അഭിപ്രായത്തെപ്പോലെ വിചാരിക്കുന്ന ശേഷം ഗ്രന്ഥകർത്താക്കന്മാരും ന്യായമായ ലാഭമെങ്കിലും തൃപ്തിപ്പെടട്ടെ എന്ന അഭിപ്രായം പറഞ്ഞതുകേട്ട ഞാൻ സന്തോഷിക്കുന്നു. കമ്മിറ്റി പ്രസാദിക്കുന്ന ഗ്രന്ഥകർത്താവിനു ന്യായമല്ലാത്ത ലാഭം കിട്ടുന്നതോ, അന്യായമായ ലാഭം എട്ടുകാതിരിക്കാൻ അതിനുത്തരവാദിത്വമുള്ള അധികാരികൾക്കും വേണ്ട ശ്രമം ചെയ്യുന്നതോ എന്ന മാത്രമേ ഇക്കാര്യത്തിൽ നാം ആലോചിക്കേണ്ടതായിട്ടുള്ളൂ. ഞാൻ എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞുപുകാരം പാഠപുസ്തകങ്ങളുടെ യോഗ്യതയെപ്പറ്റിച്ചു അക്കാര്യത്തിൽ പ്രത്യേക അറിവില്ലാത്തെ ഞാൻ വിദ്യാഭ്യാസത്തോടെ അഭിപ്രായങ്ങൾ സ്വീകരിക്കേണ്ടതാണ്. നാട്ടുരാജ്യം പാഠപുസ്തകക്കമ്മിറ്റി വിദ്യാഭ്യാസത്തോടെ ഒരു സംഘംതന്നെയായിരുന്നെങ്കിൽ എനിക്ക് ഇപ്പോൾ അവരിലുള്ള വിശ്വാസം ഇല്ലായിരുന്നോ എന്ന. ഒരു മലയാള പത്രത്തെപ്പറ്റി മിസ്റ്റർ പി. കെ. നാരായണപിള്ള അഭിപ്രായം പറഞ്ഞത് എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള എന്തെല്ലാം ആക്ഷേപപരമായാലും എന്റെ അഭിപ്രായത്തിനു കേടുതട്ടുകയില്ല. ജനാധിപത്യമുള്ള ജർമനിയോടെയും സോവിയറ്റ് റഷ്യയുടെ ഇപ്പോഴത്തെ സ്ഥിതി മുഴുവായി ചില സംഗതികളെപ്പറ്റി മിസ്റ്റർ എ. കെ. പിള്ള വല്ലതും പറഞ്ഞാൽ അതു സ്വീകരിക്കാൻ ഞാൻ തയ്യാറാണു. എന്നാൽ മലയാളപത്രത്തെപ്പറ്റി ഒരു ചോദ്യം ഉണ്ടായാൽ, എന്തിക്കൊണ്ടോ മനഃശിപ്രായം സ്വതന്ത്രപ്പെട്ടുപോയിട്ടുള്ളതുകൊണ്ടായിരിക്കാം, മിസ്റ്റർ നാരായണപിള്ളയുടെ അഭിപ്രായമാണ് ഞാൻ സ്വീകരിക്കയുള്ളൂ. മിസ്റ്റർ നാരായണപിള്ളയും മിസ്റ്റർ കുഞ്ഞിരാമനും അതു നല്ല പത്രമാണെന്നു പറഞ്ഞാൽ അതു അഭിപ്രായമാണ്, മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായം പ്രതികൂലമായിരുന്നാലും, ഞാൻ സ്വീകരിക്കയുള്ളൂ. അങ്ങനെ എഴുതി മഷിപ്പിച്ചു കൊടുക്കാനും ഞാൻ ഒരുക്കമായിരിക്കും.

സർ, ഇങ്ങനെ ഞാൻ എതിർത്തുപറയേണ്ടതായി ബാക്കി അധികം ഇല്ല. ഞാൻ പറഞ്ഞതെല്ലാം സമ്മതിച്ചുതരേണമെന്നും തന്റെ പ്രമേയം സ്വീകരിക്കണമെന്നും മിസ്റ്റർ രാമൻമേനോൻ ആവശ്യപ്പെടുന്നു. തന്റെ പ്രമേയത്തിന്റെ താൻ സൂചിപ്പിച്ചിട്ടുണ്ടെന്നും അതിനുണ്ടായിരുന്ന ന്യൂനതകൾ ഗ്രന്ഥകർത്താക്കന്മാർ മുന്നിയറിക്കുന്നവരാണെന്നും മറ്റും പറഞ്ഞിരിക്കുന്നതിനുപരിയായി ആദ്യം പ്രയോഗിച്ചതും ഈ ഖണ്ഡികയിലും ഗവർണ്മെന്റിലേക്കു വിദ്യാഭ്യാസവകുപ്പിലെ ഏതുപൊതുവിഷയത്തിലും അഭിപ്രായം ആരിൽനിന്നായാലും ഉത്തരവാങ്ങിക്കുവാനുള്ള അധികാരമുണ്ടെന്നും തന്റെ പ്രമേയം സ്വീകരിക്കുന്നപക്ഷം ആ അധികാരം സ്ഥാപിച്ചുറപ്പിക്കുവാൻ ഇടയുണ്ടാകുമെന്നും മറ്റുമാണ്. മിസ്റ്റർ എ. കെ. പിള്ള നമ്മെപ്പോലെ ഈ ഹാളിൽ ഇരുന്നിരുന്ന ഈ മനസ്സോടുകൂടെ, പ്രമേയം പ്രായോഗികമല്ലെന്ന ബോധിച്ചു. എന്നാലും ആ ഗവർണ്മെന്റിനു ബുദ്ധിയോടെ ഓരോരോ കാര്യങ്ങളിൽ പ്രയോജിച്ചു അഭിപ്രായം നിശ്ചയിക്കുവാൻ ശ്രമിക്കുവാനുള്ള ന്യായത്തെ ഒരു ക്ലിപ്തരൂപത്തിലാക്കിയതായിട്ടാണു പറയുന്നു. പ്രമേയത്തിൽ ഗവർണ്മെന്റിന്റെമേൽ ഒരാക്ഷേപം അടങ്ങിക്കിടക്കുന്നതായിട്ടും അദ്ദേഹം സംശയംകൂടാതെ പറയുന്നുണ്ട്. ഈ നിർദ്ദോഷമായി തോന്നുന്ന പ്രമേയത്തിന്റെ ശരിയായ അർത്ഥം ഇതാണെങ്കിൽ പ്രമേയം അവതരിപ്പിച്ചയാളിന്റെയും അനുകൂലിച്ചയാളിന്റെയും അഭിപ്രായങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. മൂലകർത്താവിന്റെയും വ്യാഖ്യാതാവിന്റെയും അഭിപ്രായം സ്വീകരിക്കുന്നകാര്യത്തിലുള്ള ഉത്തരവാദിത്വം ഏൽക്കാണുന്നവർക്കു വാക്കു സൂക്ഷിക്കുന്ന തീർച്ചയായിരിക്കുന്നു.

അന്യായമായ ലാഭം എട്ടുകാതായി നിവർത്തിക്കുകയും കുറ്റക്കാരെ സംരക്ഷിക്കുകയും വേണമെന്നാണെന്ന മി. രാമൻമേനോൻ പറയുന്നതെങ്കിൽ അങ്ങനെ ഇപ്പോൾ ഏർപ്പാടുചെയ്തിട്ടുണ്ട്. ഞാൻ പറഞ്ഞപ്രകാരം ചില സമയങ്ങളിൽ ചില പുസ്തകങ്ങൾക്കു വില അധികമായിപ്പോയിട്ടുണ്ടെന്നു വരാം. അങ്ങനെ സംഭവിക്കാതെ നിവൃത്തിയില്ല. വിഷയവും അച്ചടിയും കടലാസും വലിപ്പവും അതിനെക്കാൾ ഉത്തമമായി അധിനം സമയമായ വേറെ പുസ്തകങ്ങൾ കിട്ടുമോഎന്നുള്ള സംഗതിയും ആലോചിച്ചാൽ ചുരുങ്ങിയും പാഠപുസ്തകങ്ങളുടെ വില അമിതമായി പോയതായി തോന്നുകയില്ല. മിസ്റ്റർ രാമൻമേനവനെപ്പോലെയുള്ളവർ അധികാരികളുടെ ശ്രദ്ധിനിൽ കൊണ്ടുവരുന്നതുകൊണ്ട് ഗവർണ്മെന്റിനും ഡിപ്പാർട്ടുമെന്റിനും വലിയ സഹായമായിരിക്കും. അങ്ങനെയുള്ള ആക്ഷേപം പുറപ്പെടുവിക്കുന്നവരോടു എനിക്കും രസക്ഷയം ഉണ്ടാകയില്ല. ഓരോ ക്ലാസ്സിനു മുന്നും നാലും പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നുണ്ടെന്നും അതു ആക്ഷേപയോഗ്യമാണെന്നും പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പു അങ്ങനെ ചെയ്യുന്നതിന്റെ ഉദ്ദേശമല്ല അങ്ങനെ ചെയ്യുന്നതു ആധുനികവിദ്യാഭ്യാസപദ്ധതിക്കനുസരണമായിട്ടാണെന്നും ആലോചിക്കാതെ ഇപ്രകാരം പറയുന്നതിനുപകരം മിസ്റ്റർ രാമൻമേനോൻ ഞാൻ മുൻപറഞ്ഞപ്രകാരം ഉപയോഗയോഗ്യമായ വിധത്തിലുള്ള വല്ല ആക്ഷേപവും കൊണ്ടുവന്നിരുന്നെങ്കിൽ അതിനു വളരെ വിലയുണ്ടായിരുന്നേനെ. ആധുനിക പാഠപുസ്തകങ്ങളുടെ വിദ്യാഭ്യാസസമ്പ്രദായവുമായുള്ള വിഷയത്തിനെപ്പറ്റി മിസ്റ്റർ രാമൻമേനോന്റെ അഭിപ്രായങ്ങൾ കുറച്ചു പ്രാചീനമായിപ്പോയി എന്നു ഈ സന്ദർഭത്തിൽ ഞാൻ പറയുന്നതിലേക്കു ക്ഷമ യാചിക്കുന്നതിനു അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആധുനിക വിദ്യാഭ്യാസത്തിനടിസ്ഥാനമായ തത്വങ്ങളെല്ലാം അദ്ദേഹം സമ്മതിച്ചില്ലയോ?

റാവുബഹദൂർ കെ. വി. കൃഷ്ണസ്വാമിഅയ്യങ്കാർ (ഡയർക്ടർ കോളേജ് പ്രിൻസിപ്പൽ): തത്വങ്ങളെ അദ്ദേഹം സമ്മതിച്ചു. എന്നാൽ അവയെ ശരിയായി പ്രയോഗിച്ചിട്ടില്ല. അപ്പുറത്തെ ഭൊരായ വ്യവസ്ഥതിനേക്കാണ പ്രമേയം സ്ഥാപിച്ചിട്ടുള്ളതു. പ്രമേയത്തിലുള്ളതിനെപ്പറ്റി സഭയ്ക്കുള്ള അഭിപ്രായം സഭ പ്രകടിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

പരിധിയിലെ എടുക്കുന്നതു നിവർത്തൽചെയ്യാൻ തയ്യാറെടുത്തെയ്യുന്ന ഗ്രന്ഥങ്ങളെപ്പറ്റി അല്പം പ്രസ്താവിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ഗവണ്മെന്റുകാരുടെ ചില പാഠപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നിട്ടുണ്ട്. ആ പാഠപുസ്തകങ്ങളെ സഹായത്തോടുകൂടി ഒരു കമ്പനി പ്രസിദ്ധപ്പെടുത്തിയ പാഠപുസ്തകങ്ങളെക്കാൾ കുറഞ്ഞവിലയ്ക്കു കിട്ടുകയുംചെയ്യും. നാലാംക്ലാസ്സിനു താഴെയുള്ള ക്ലാസ്സുകളിൽ മലയാള ലിപിയല്ലാത്ത ലിപിയങ്ങളിലെ പാഠപുസ്തകങ്ങളെ ഉപയോഗിക്കുന്നതായ ഗവർമെന്റുവരേധിച്ചിട്ടുണ്ടു. കൂടാതെ പാഠപുസ്തകങ്ങളെ നിശ്ചയിക്കുന്നതിനെപ്പറ്റി നാട്ടുരാജ്യം പാഠപുസ്തകക്കമ്മിറ്റിയിലേക്കു മാത്രമല്ല സ്കൂൾഡിപ്പാർട്ടുമെന്റ് പാഠപുസ്തകക്കമ്മിറ്റിയിലും മാറ്റങ്ങളോചെയ്യുവാൻ ആലോചിക്കുന്നുണ്ടു.

ഏഴാം ക്ലാസ്സിൽ പഠിക്കുന്നതിനുള്ള ചോദ്യം ഉണ്ടാക്കാൻ പറഞ്ഞ ഇംഗ്ലീഷ് പാഠപുസ്തകക്കമ്മിറ്റി പ്രൈസിഡൻസിയിലെ ഒരു സ്കൂളിൽ എനിക്കറിവുണ്ട്. ചില സ്കൂൾ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ളവയിൽ വിദ്യാഭ്യാസ ഡയക്ടർ ഒന്നോ രണ്ടോ കൂട്ടിയാലുണ്ട്. വിദ്യാലയങ്ങളോടു നേരിട്ടു സംബന്ധപ്പെട്ടിട്ടുള്ളവരോടു ആലോചിച്ചുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്യുന്നത്. ഒരാണ്ടത്തേയ്ക്കു നിശ്ചയിച്ച പുസ്തകങ്ങൾ അധികമായിപ്പോയി എന്നു കമ്മിറ്റി അംഗങ്ങൾക്കു തോന്നിയാൽ ചിലതായാണ്ടത്തേക്കുള്ള പുസ്തകങ്ങൾ കുറച്ചുകളയും.

ശ്രീ. മിസ്റ്റർ മാമ്മൻമാപ്പിള പറഞ്ഞ നോട്ടീസുകളുടെ കാര്യമാണ്. അവ അധികം വേണ്ടെന്നു പറയുന്നത് പാഠപുസ്തകങ്ങളുടെ കുറവുകൊണ്ടു മാത്രമാണ്. പാഠസഹായികളും നോട്ടീസുകളും പാഠപുസ്തകങ്ങൾ പോലെതന്നെ സ്വാഭാവികമായ ഫലമാണ്. നമ്മുടെ വിദ്യാലയങ്ങളിൽ നോട്ടീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു മിസ്റ്റർ രാമൻമേനവന്റെ അഭിപ്രായം അനുസരിച്ചു ഒന്നോ രണ്ടോ പാഠപുസ്തകം നിശ്ചയിച്ചാൽ മതി. അപ്പോൾ വിദ്യാർത്ഥികൾ പാഠസഹായികൾ രചിക്കുന്നവരേയും നോട്ടീസുകൾ ഉണ്ടാക്കുന്നവരേയും അധികമായി ആശ്രയിക്കേണ്ടിവരും. മിസ്റ്റർ രാമൻമേനോന്റെ പ്രമേയത്തെ സഭ തള്ളിക്കളയുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ജി. രാമൻമേനോൻ (മാവേലിക്കരയും—കാഞ്ഞിരപ്പള്ളിയും): പ്രമേയക്കാരന്റെ ഉദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഗവർമ്മെന്റു തയ്യാറാണോയെന്നു പറയുമോ?

ദിവാൻബഹദൂർ കെ. വി. രംഗസ്വാമിയയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പാൾ): ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ മിസ്റ്റർ രാമൻമേനോൻ നിശ്ശൂന്യമായി മനസ്സിലായിരുന്ന തത്വങ്ങളെ ആധാരമാക്കി രക്കാണ്ടാണെന്നായിരുന്നു ഗവർമ്മെന്റു എല്ലായ്പോഴും പ്രവർത്തിക്കുന്നതെന്നുകൊണ്ടു എനിക്കു പറയാനുള്ളതു.

ശ്രീ. ജി. രാമൻമേനോൻ (മാവേലിക്കരയും—കാഞ്ഞിരപ്പള്ളിയും): പ്രമേയം വോട്ടിനു ഇടണമെന്നു എനിക്കു നിർബന്ധമുണ്ടു.

പ്രമേയം വോട്ടിനിട്ടപ്പോൾ തള്ളിപ്പോയി.

ശ്രീ. ജി. രാമൻമേനോൻ (മാവേലിക്കരയും—കാഞ്ഞിരപ്പള്ളിയും): വോട്ടെണ്ണി എടുക്കണമെന്നു അപേക്ഷിക്കുന്നു.

വോട്ടെണ്ണിയപ്പോൾ സഭ താഴെക്കാണുംപ്രകാരം പിരിഞ്ഞു.

അനുകൂലം ൪൪

ക.	മിസ്റ്റർ കുട്ടൻ നാരായണപിള്ള	ന.	മിസ്റ്റർ ജി. രാമൻമേനോൻ
ഖ.	,, എ. കെ. പിള്ള	ര.	ആർ. രാമൻപിള്ള

പ്രതികൂലം ൫൩.

ക.	മിസ്റ്റർ കെ. സി. ചാക്കോ	കട.	മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ള
ഖ.	,, പാറേ ഡായിയൻ	കന.	,, ആർ. പത്മനാഭൻ
ന.	,, ആർ. ധനശേഖരപിള്ള	കഉ.	,, കുഞ്ഞയ്യം പരമേശ്വരൻപിള്ള
ര.	,, കെ. ജോസ്	കഫ.	,, എസ്. പിറവിപ്പെരുമാൾപിള്ള
ങ.	,, പി. ഗോമതിനായകംപിള്ള	കൽ.	മിസ്സസ് എം. പുന്നൻ ലൂക്കോസ്
ന.	,, പി. ഹബീബ് മഹമ്മദ്	ഫ൦	മിസ്റ്റർ കെ. എൻ. രാമസുബ്ബയ്യർ
ഉ.	,, എൻ. കെ. കുഞ്ഞുപിള്ള	ഫക.	റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
വ.	,, പി. എൻ. കുഞ്ഞുപിള്ള	ഫഖ.	മിസ്റ്റർ എസ്. സി. എക്സ്. റോബിൻസൺ
ൻ.	,, സി. വി. കുഞ്ഞിരാമൻ	ഫന.	,, കെ. ശിവരാമപ്പണിക്കർ
കം.	,, ടി. കുഞ്ഞുപിള്ള	ഫര.	,, വി. സുബ്ബയ്യർ
കക.	ഡോക്ടർ എൻ. കുഞ്ഞൻപിള്ള	ഫങ.	,, എം. സുബ്രഹ്മണ്യപിള്ള
കഖ.	മിസ്റ്റർ എൽ. എ. മമ്പാർഡ്	ഫന.	,, സി. പി. തമ്കൻ
കന.	,, പി. കെ. നാരായണപിള്ള	ഫഉ.	,, സി. പി. തോമസ്
കര.	,, എം. എൻ. പിള്ള	ഫവ.	,, എ. കേവപ്പൻ

നിഷ്പക്ഷം ൩.

ക.	മിസ്റ്റർ എ. ജെ. ജോൺ	ര.	മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള
ഖ.	,, കെ. ഐ. ജോസഫ്	ങ.	,, കെ. പി. നീലകണ്ഠപ്പിള്ള
ന.	,, സി. പി. കൊച്ചുകുഞ്ഞുപിള്ള	ന.	,, എം. ശിവതാണുപിള്ള

പ്രമേയം തള്ളപ്പെട്ടതായി പ്രഖ്യാപനംചെയ്തു.

പിറ്റേദിവസം ഉച്ചയ്ക്കു വീണ്ടും കൂടുന്നതിനായി സഭ വൈകിട്ടു ൪–൦ മണിക്കു പിരിഞ്ഞു.

പി. എൻ. കുഞ്ഞുപിള്ള (ഒപ്പു),
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGOM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

൧൭൩൦മത്തെ സഭ.

൪൩൦മത്തെ യോഗം, ൧൧൨൬

(ഔദ്യോഗികറിപ്പോർട്ട്)

൧൯൨൬ ഫെബ്രുവരി ൧൪-൦൦ തീയതി/൧൧൨൬ മേടം ൧൪-൦൦ തിങ്കളാഴ്ച.

ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ, ബാർ.അറ്റ്-ലായുടെ അദ്ധ്യക്ഷതയിൽ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വച്ച് ൧൧൨൬മണിക്കു സഭകൂടി.

പുതിയ മെംബറന്മാർ.

താഴെ പറയുന്ന പുതിയ അംഗങ്ങളെ സത്യം ചെയ്യിച്ചു.

൧. മിസ്റ്റർ. ടി. പി. രാമസുബ്ബയ്യർ.
൨. മിസ്റ്റർ. ടി. കെ. മാധവൻ നായർ.
൩. മിസ്റ്റർ. എസ്. പരമേശ്വരയ്യർ.

ചോദ്യോത്തരങ്ങൾ.

ജന്മികുടിയാൻ റഗുലേഷൻപ്രകാരമുള്ള സിവിൽ അന്യായങ്ങൾ.

൧൨൪. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ജന്മികുടിയാൻ റഗുലേഷൻ അനുസരിച്ചു കഴിഞ്ഞ മുന്നുകൊല്ലങ്ങൾക്കിടയിൽ (൧൧൦൦-൧൧൦൨) സംസ്ഥാനത്തൊട്ടുക്ക് എത്ര അന്യായങ്ങൾ പതിഞ്ഞിട്ടുണ്ടെന്നും അവയ്ക്കുള്ളിലുംകൂടി ആകെ സല എത്രയുണ്ടെന്നും പറയുന്നതിന് ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

മി: ടി. കെ. മാധവൻ നായർ (ഗവണ്മെൻറ് ആക്ടിംഗ് സെക്രട്ടറി): ൧൧൦൦ തൽ ൧൧൦൨വരെ മുന്നുകൊല്ലങ്ങളിൽ സംസ്ഥാനത്തൊട്ടുക്കു ജന്മികുടിയാൻറഗുലേഷൻ അനുസരിച്ചു പതിഞ്ഞിട്ടുള്ള സിവിൽ അന്യായങ്ങളുടെ ആകെ എണ്ണം ൪൯൫൦ ആയിട്ടുള്ളതിൽ മൊത്തം സല പണം മുന്നുലക്ഷത്തി അറുപത്തിനായിരം ആകുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഇതിൽ കുടിയിറക്കുന്നതിനുള്ള അന്യായങ്ങൾ ഉൾപ്പെട്ടുണ്ടോ എന്നും അതല്ല ഇവയെല്ലാം മിച്ചവാരക്കടിശിക ഈടാക്കുന്നതിലേയ്ക്കുള്ള അന്യായങ്ങളാകുമോ എന്നും പറയുമോ?

മി: ടി. കെ. മാധവൻനായർ (ഗവണ്മെൻറ് ആക്ടിംഗ് സെക്രട്ടറി): ആ വിവരം ആവശ്യമുണ്ടെങ്കിൽ എഴുതിഅയച്ചു വരുത്താം.

കാട്ടാനകൾ വിളവുകളെ നശിപ്പിക്കുന്നതിനെപ്പറ്റി

൧൨൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുങ്ങോട്ടും): (എ) നെടുങ്ങോട്ടാലൂക്കിൽ കാട്ടാനകൾ വിളവുകൾ നശിപ്പിക്കുന്നു എന്നുള്ള വിവരം കഴിഞ്ഞ ൧൧ മാസങ്ങൾക്കിടയിൽ ഗവണ്മെൻറിനെയൊ വ്യവസ്ഥ ഉദ്യോഗസ്ഥന്മാരെയൊ ധരിപ്പിച്ചിട്ടുണ്ടോ, എന്നും അങ്ങിനെ ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തു നടപടിയാണു നടത്തിയിട്ടുള്ളതെന്നും പറയുന്നതിനു ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

(ബി) ആനകൾ വിളവുകൾ നശിപ്പിച്ചിട്ടുള്ളതായ ഭൂമികളിൽനിന്നും ൧൧൦൨-ലേയ്ക്ക് ഈടുകേണ്ടതായ കരം പിരിച്ചെടുത്തിട്ടുണ്ടോ?

(സി) കാലക്രമംകൊണ്ട് ആനകൾ വിളവുകൾ നശിപ്പിക്കപ്പെട്ടതായ ഭൂമികൾക്കുള്ള കരം ഇളവു ചെയ്തുകൊടുക്കുന്നതിലേയ്ക്കു വേണ്ടി റവിഷൻ കൂർസിൽ ഭേദഗതി വരുത്തണമെന്നു ഗവണ്മെൻറിൽനിന്നും ആലോചിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ൧൧൦൨ കർക്കടകം മുതൽ- നെടുങ്ങോട്ടായ്ക ശ്രീമൂലം പ്രജാസഭാമെംബർ മി: എം. സുബ്രഹ്മണ്യപിള്ളയുടെ ഒരു ഹർജിയും, ൧൧൦൩ ചിങ്ങം മുതൽ- ആയ്യനാട് നാണിക്കുഞ്ഞൻറെ വേറെ ഒരു ഹർജിയും ഇങ്ങിനെ രണ്ടു ഹർജികൾ തിരുവനന്തപുരം ഡിവിഷൻ പേഷ്ക്കാർക്ക് കിട്ടിയിട്ടുണ്ട്. ഈ ഹർജികൾ നെടുങ്ങോട്ട തഹശീൽദാർക്ക് അയയ്ക്കുകയും അദ്ദേഹം ഒന്നാംപേഷ്കാരൻറെ വക ആയ്യനാട്ട പകുതിയിലുള്ള ൪ ഏക്കർ നിലങ്ങളിലും രണ്ടാംപേഷ്കാരൻറെ ൭ ഏക്കർ പുരയിടങ്ങളിലുമുള്ളതായ വിളവുകൾ ആനകൾ നശിപ്പിച്ചതായി റിപ്പോർട്ടു ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽപറയപ്പെട്ട സ്ഥലങ്ങളിലെ ൧൧൦൨-ലെ കണ്ടിക്കൂടി ആനകൾ നശിപ്പിച്ചതിനു കരം ഇളവുചെയ്തുകൊടുക്കണോ വേണ്ടയൊ എന്നുള്ള കാര്യം ആലോചനയിൽ ഇരിക്കുന്നതായുള്ളൂ.

(ബി) ഉത്തരം അനുകൂലമായ്പത്തിലാണ്.

(സി) മെംബർ അഭിപ്രായപ്പെട്ടതുപോലെ റവിഷൻ കൂർസിൽ ഭേദഗതികൾ വരുത്തേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നുന്നില്ല. കരം ഇളവു ചെയ്യേണ്ടതായ കാര്യത്തെപ്പറ്റി തരാതരംപോലെ ഗവണ്മെൻറിൽ നിന്നും ആലോചിച്ചു തീർച്ചപ്പെടുത്തുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുങ്ങോട്ടും): ഒന്നാംവകുപ്പിൻറെ മറുപടിയിൽ ഒടുവിലത്തെ മൂന്നു വാചകങ്ങളെ സംബന്ധിച്ചിടത്തോളം കണ്ടിക്കിക്കുള്ള കരം ആ ഭൂമികളിൽനിന്നും പിരിച്ചിട്ടില്ല എന്ന പണ്ഡിതനായ സെക്രട്ടറി ഉറപ്പുള്ളി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ആ വിവരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

G. P. T. 2,437. 150. 2-ാ-1106.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): മറുപടി അക്കാര്യം ആലോചനയിൽ ഇരിക്കുന്നു എന്നാണ്. കരം ഈടാക്കി കഴിഞ്ഞു എങ്കിൽ അതെന്തിനാണിപ്പോൾ ആലോചനയിൽ വച്ചിരിക്കുന്നത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): ഈ രണ്ടാളുകളുടെയും ഹർജി വിചാരണയിലുള്ള വച്ചിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): കരം ഈടാക്കിയോ ഇല്ലയോ എന്നു പറയുന്നതിനു മെമ്പറിനു അറിഞ്ഞുകൂടാ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): വിളവു നശിപ്പിച്ചതിനെപ്പറ്റി ഗവണ്മെൻറിനു റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കരം ഇളവുചെയ്യുകൊടുക്കേണ്ട കാര്യം ആലോചനയിൽ ഇരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഫസ്ലി ഏക്കർ സ്ഥലത്തു വിളവു കാട്ടാനകം നശിപ്പിച്ചു എന്ന റിപ്പോർട്ട് വന്നിട്ടുണ്ടെങ്കിൽ കരം ഇളവു ചെയ്തുകൊടുക്കുന്നതിനു ഉത്തരവ് ഇറക്കുന്നതിനുള്ള താമസം എന്താണ്?

മി: പി. എൻ: കൃഷ്ണപിള്ള (ഗവർമെൻറ സെക്രട്ടറി): അതിനെപ്പറ്റി വിചാരണ നടത്തേണ്ടതായിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): വിളവുകരം നശിപ്പിച്ചു എന്നു റിപ്പോർട്ട് ഗവണ്മെൻറിനു കിട്ടിക്കഴിഞ്ഞു. കരം ഇളവുചെയ്തു കൊടുത്തോ ഇല്ലയോ എന്നാണു ചോദ്യം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): അതു ഹർജിക്കാരൻ കാണിച്ചിട്ടുള്ള ഒരു ഏകദേശം മാത്രമാണ്. ആ ഹർജിയിന്മേൽ ഒരു റിപ്പോർട്ട് വരുത്തി ആലോചിച്ചു ഒരു ഉത്തരവ് ഇടേണ്ടതായിട്ടുണ്ട്.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): വിളവുകരം നശിപ്പിച്ചു എന്നു റിപ്പോർട്ടിൽനിന്നും വിശദമായിട്ടു കാണാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): നശിപ്പിച്ചുപോയതായ വിളവുകരത്തിനു നികുതി കുറവു ചെയ്യണോ വേണ്ടയോ എന്ന കാര്യം ഇപ്പോഴും ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ. ഓരോ കേസും പ്രത്യേകംപ്രത്യേകമായിട്ടു വിചാരണ ചെയ്യേണ്ടതായിട്ടുണ്ട് എന്നു ഞാൻ മെമ്പറിനെ ധരിപ്പിച്ചുകൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഈ കേസിലെ സാഹചര്യം വിളവുകരം വസൂലുവത്തിൽ നശിപ്പിച്ചിട്ടുണ്ടോ ഇല്ലയോ എന്നാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): തഹശീൽദാരന്മാർക്കു നികുതി ഇളവു ചെയ്യുന്നതിനു അധികാരമില്ല. ഈ മാതിരികേസുകളിൽ വിചാരണചെയ്തു മേലധികാരികൾക്കു അവർ റിപ്പോർട്ടയക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. മേൽപ്രസ്താവിച്ച നടപടികൾ നടത്തുന്നതിനു അല്പകാലതാമസം വരുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): കന്നികൃഷിക്കു കരം ഈടാക്കിയോ ഇല്ലയോ എന്നു പറയാൻ നിവൃത്തിയില്ലെന്നാണല്ലോ അദ്ദേഹം പറഞ്ഞത്.

വിളഭൂമികളുടെ തരം തിരിക്കൽ.

ക്രമനം. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഇപ്പോൾ (ക്രമാ൭ നവംബർ) വിളഭൂമികളെ പൊതുതായി തരംതിക്കുന്ന സമ്പ്രദായം നടപ്പിലിരിക്കുന്നു എന്നുള്ള വിവരം ഗവണ്മെൻറിനു നിശ്ചയമോ? അങ്ങിനെ ഉണ്ടെങ്കിൽ ഈ നടപടി നെൽകൃഷിക്ക് എത്രമാത്രം പ്രതിബന്ധമായി തീർന്നിട്ടുണ്ടെന്ന് അന്വേഷിക്കയോ, ക്രമക്കേടായ തരംതിമിക്കൽ നിവൃത്തിവയ്ക്കുന്നതിനു ആവശ്യകതയെപ്പറ്റി ഗവണ്മെൻറ പര്യാലോചിക്കയോ ചെയ്തിട്ടുണ്ടോ?

മി: പി: എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): നായർ റിസർവേഷനും ഈഴവറിസർവേഷനും നടപ്പിൽ വന്നതിൻെറ ഫലമായി വിളഭൂമികളെ ചെറുതുചെറുതായി വിഭജിച്ചുപോരുന്ന സമ്പ്രദായം നടപ്പുള്ളതായി ഗവണ്മെൻറിനറിയാം. ഈ നടപടിയുടെ പുരോഗമനത്തെ നിയന്ത്രിച്ചുകൊണ്ടു കൊണ്ടു തടയേണ്ടതായ കാര്യമായിട്ടില്ലെന്നു ഗവണ്മെൻറ വിചാരിക്കുന്നു. റിസർവേഷൻ നടപ്പിൽകൊണ്ടുവരുന്നതിനു ജനങ്ങൾ ചെയ്യുന്നതായ പ്രവൃത്തികളെ തടയുന്നതു ഉചിതമല്ലെന്നുള്ളതാണ് ഒരു കാരണം. കാലക്രമേണ ചെറിയ ഭാഗങ്ങളും ഒന്നു ചേർന്നു വലുതാകാനുള്ള ലക്ഷണങ്ങളും കണ്ടു തുടങ്ങിയിരിക്കുന്നതുകൊണ്ടു നടപടി താൽക്കാലം ആവശ്യമില്ലെന്നുള്ളതാണ് മറ്റൊരു കാരണം. തൽക്കാലം ഇതേ സംബന്ധിച്ചു യാതൊന്നും ചെയ്യണമെന്നു ഗവണ്മെൻറുദ്ദേശിക്കുന്നില്ല.

കൃഷി ചെയ്യാതെ കിടപ്പുള്ള നിലങ്ങളുടെ വിസ്തീർണ്ണം.

ക്രമ ൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): (എ) തോട്ടകരം, ഓടകരം മുതലായവയ്ക്കു മട വീണതുനിമിത്തം മണ്ണു മൂടി കൃഷി ചെയ്യുന്നതിനു തരമില്ലാതെ കിടക്കുന്നതായ നിലങ്ങൾ തിരുവനന്തപുരം താലൂക്കിൽ ഇപ്പോൾ (ക്രമാ൭ നവംബർ) എത്രമാത്രം ഉണ്ടെന്നു പറയുന്നതിന് ഗവണ്മെൻറിനു ഒരു ഏകദേശമുണ്ടാകുമോ?

(ബ) ഈ നിലങ്ങൾക്കുള്ള കരം ഇപ്പോൾ പിരിക്കുന്നില്ലയോ?

(സ) മണ്ണുമൂടി കൃഷി ചെയ്യാത്തതായ നിലങ്ങളിലെ കുടിശ്ശിക കുറുത്തിനായി അപ്രകാരം അല്ലാതെയുള്ള നിലങ്ങൾ മേലും ചെയ്തു വിളിച്ചിട്ടിട്ടില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ) തിരുവനന്തപുരം താലൂക്കിൽ തോട്ടകരത്തിനും ഓടകരത്തിനും മട വീണതുനിമിത്തം നിലങ്ങൾ ഉപയോഗശൂന്യമായിത്തീർന്നതായി യാതൊരു കൃഷിക്കാരനിൽനിന്നും പരാതി ഗവണ്മെൻറിനു വന്നിട്ടില്ല.

(ബ) അതെ. നികുതി കുറവുചെയ്തുകൊടുക്കണമെന്ന അപേക്ഷ വന്നിട്ടില്ല.

(സ) ഗവണ്മെൻറിനറിവില്ല.

വയലുകളുടെ വരമ്പുകളിൽ വൃക്ഷങ്ങൾ വളർത്തുന്നതിനെപ്പറ്റി.

ക്യൂ. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): വയലുകളുടെ വരമ്പുകളിലും പാടിനും പലമാതിരി വൃക്ഷങ്ങൾ വളർത്തുന്നതിനുവേണ്ടിക്കുന്നതിലും, അവ നിലങ്ങളിലുള്ള വളങ്ങൾ ഇല്ലായ്മ ചെയ്യുന്നതായും ഇരിക്കുന്നു എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(ഖ) അറിയാമെങ്കിൽ നെൽകൃഷിക്ക പ്രതിബന്ധമായിട്ടിരിക്കുന്ന വൃക്ഷങ്ങളുടെ വളർച്ചയെ തടയുന്നതിനുവേണ്ട നടപടിനടത്തേണ്ടുന്നതിനുള്ള ആവശ്യകതയെപ്പറ്റി ഗവർമ്മെൻറ പരിഗണിച്ചിട്ടുണ്ടോ?

(ന) കഴിഞ്ഞരണ്ടുകൊല്ലങ്ങൾക്കിടയിൽ ഈമാതിരിവൃക്ഷങ്ങൾ നെൽകൃഷിക്ക ഹാനികരമായിത്തീർന്നിരിക്കുന്നു എന്നുള്ള വിവരം തിരുവനന്തപുരം ഡിവിഷൻ പെഷ്കാരുടെ അറിവിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അദ്ദേഹം ഇതുസംബന്ധിച്ച് എന്തുനടപടിയാണ് നടത്തിയിട്ടുള്ളത്?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ സെക്രട്ടറി) ഹ-ം. ഖ-ം. സമീപത്തുള്ള ചളിപ്പുനിലത്തിൽനിന്ന ഉടമസ്ഥന്മാരായ കുടികർഷകർ പതിച്ചുകൊടുത്തിട്ടുള്ള നിലങ്ങളുടെ വരമ്പുകളിലും വയലിലും അവർ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതായും അവ ചളിപ്പുനിലങ്ങളിലെ വളത്തെ ഇല്ലായ്മചെയ്യുന്നുവെന്നും ഗവണ്മെൻറിനറിയാം. പുറമ്പോക്കുസ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനെ അനുവദിച്ചിട്ടില്ലെന്നതുതന്നെയല്ല അതിനെ വിപരീതമായി പ്രവർത്തിക്കുന്നവരെ ലാന്റഡ് കൺസർവൻസി റഗുലേഷനനുസരിച്ചു ശിക്ഷിക്കുന്നുമുണ്ട്. വരമ്പുകളിൽ ഇപ്പോഴും ഉള്ളതായ വൃക്ഷങ്ങളെ പാട്ടത്തിനുകൊടുക്കാറുണ്ട്. അങ്ങിനെ കൊടുക്കുമ്പോൾ കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുകൊള്ളുവാനുള്ള വ്യവസ്ഥചെയ്യുന്നുമുണ്ട്.

(ന) ഉണ്ട്. പതിഞ്ഞുപോയിട്ടുള്ള ഭൂമികളെ സംബന്ധിച്ചു നടപടിനടത്തുന്നതിന് അദ്ദേഹത്തിന അധികാരമില്ല.

മലഞ്ചരിവുകളും പതിച്ചുകൊടുക്കുന്നതിനെപ്പറ്റിയുള്ള നിബന്ധനകൾ

ക്യൂ. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) (ക) നെടുമങ്ങാട്താലൂക്കിൽ മലയിടുക്കുകളിൽഉള്ള നിലങ്ങളേയും, അതിനുചുറ്റുമുള്ള മലഞ്ചരിവുകളും പതിച്ചുകൊടുത്തു കൃഷിചെയ്യുന്നതിൻെറ ഫലമായി, മണ്ണുകൊണ്ടു മൂടപ്പെട്ടുപോകുന്ന ചാലുകളും അടഞ്ഞും 'കൃഷിക്ക് ഉപയോഗശൂന്യമായും തീരുന്നു എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(ഖ) അപ്രകാരമുള്ള മലഞ്ചരിവുകളും ചീഫ് എൻജിനീയരുടെയും കൃഷിഡയറക്ടരുടെയും അനുമതി പ്രൊട്ടക്ടിയല്ലാതെ പതിച്ചുകൊടുക്കുന്നതുകൊണ്ടാണിപ്പോൾ ഉത്തരവുകൾ അയയ്ക്കുന്നതിനു ഗവണ്മെൻറിനു മടിയുണ്ടാകുന്നതോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ സെക്രട്ടറി) (ക) വയലുകളുടെ സമീപത്തുള്ള മലഞ്ചരിവുകൾ സാധാരണമായിട്ട വയലുടമസ്ഥന്മാർക്കാണ പതിച്ചുകൊടുക്കുന്നത്. അതുകൊണ്ട് ആവശ്യമുടെ വയലുകൾ മൂടിപ്പോകാതെ വേണ്ടരക്ഷകൾ ചെയ്യുന്നതിന് അവർക്ക സാധിക്കുന്നതാണ്. കൈവശത്തെയും ഭോഗാധീനതയും അടിസ്ഥാനപ്പെടുത്തി മറ്റുവല്ലവർക്കും പതിച്ചുകൊടുക്കേണ്ടതായി വന്നാൽ താഴ്വശത്തുള്ള വയലുകൾ മൂടാതെയും തോട്ടുകൾ ഉപയോഗശൂന്യമാകാതെയും ഇരിക്കുന്നതിലേയ്ക്കു വേണ്ടവ്യവസ്ഥകൾ ചെയ്യാറുണ്ട്.

(ഖ) ഒന്നാംപകുപ്പിൻെറ മറുപടിയിൽനിന്നും മെംബർ ആവശ്യപ്പെട്ടതായ വ്യവസ്ഥകൾ നടപ്പിൽ കൊണ്ടുവരേണ്ട ആവശ്യത്തെപ്പറ്റി ഗവണ്മെൻറിനുതോന്നുന്നില്ല.

ആകെളിംകായൽ പതിവ്.

ക്യൂ. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്) (ക) തിരുവനന്തപുരം താലൂക്കിലുള്ള ആകെളിംകായൽ പതിച്ചുകൊടുക്കണമെന്നുള്ളസംഗതി തിരുവനന്തപുരം ഡിവിഷൻപേഷ്കാർ ആലോചനയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടോ ഇല്ലയോ എന്നുപറയുന്നതിനു ഗവണ്മെൻറിനു ഭാവമുണ്ടോകുമോ?

(ഖ) ഈ കായൽ കൃഷിചെയ്യുന്നതിന പതിച്ചുകൊടുക്കുന്നതുകൊണ്ടു തിരുവനന്തപുരം താലൂക്കിലെ നെൽകൃഷിക്ക് എത്രമാത്രം നഷ്ടമുണ്ടാകുമെന്നുള്ളതിനേയ്ക്കു ചീഫ് എൻജിനീയരുടെയും കൃഷിഡയറക്ടരുടെയും അഭിപ്രായം എഴുതി അയച്ചുവരുന്നുണ്ടെന്നും ആയതുവരുന്നതുവരെ പതിച്ചുകൊടുക്കുന്നതിനെസംബന്ധിച്ചുള്ള നടപടികൾ നിറുത്തിവയ്ക്കുന്നതിനായി ഉത്തരവുകൾ അയയ്ക്കുന്നതിനും ഗവണ്മെൻറിനു ഭാവമുണ്ടോകുമോ?

ടി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറസെക്രട്ടറി) പൊതുവേ അങ്ങിനെയുള്ളതാണ് ഡിപ്പാർട്ടുമെൻറുകാരുടെ അഭിപ്രായപ്രകാരം കൃഷിചെയ്യുന്നതുകൊണ്ടു തരക്കേടില്ലാത്ത ഭാഗങ്ങൾമാത്രം ലേലംചെയ്യണമെന്നു മിവുൻപേഷ്കാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

(ഖ) അപ്രകാരം ചെയ്യാം.

രജിസ്ട്രേഷൻ, സബ്രജിസ്ട്രാർ ഈ ഡിപ്പാർട്ടുമെൻറുകളിൽ സ്ത്രീകളെ നിയമിക്കുന്നതിനെപ്പറ്റി.

ക്യൂ. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്) (ക) കഴിഞ്ഞരണ്ടുകൊല്ലങ്ങൾക്കിടയിൽ (എ ഏ ഠ എ) ബി. ഏ പാസ്സായിട്ടുള്ള ഏതെങ്കിലും സ്ത്രീകൾ സബ്രജിസ്ട്രാർ ഉദ്യോഗത്തിനു അപേക്ഷ അയച്ചിട്ടുണ്ടായിരുന്നോ എന്നും ഉണ്ടായിരുന്നെങ്കിൽ അതിന്മേൽ എന്തു ഉത്തരവാണ് ഇട്ടതെന്നും പറയുന്നതിനു ഗവണ്മെൻറിനു ഭാവമുണ്ടാകുമോ?

(ഖ) പരീക്ഷായോഗ്യതകൾ ഉള്ളസ്ത്രീകളെ അഞ്ചൽവകുപ്പിൽ നിയമിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ഗവണ്മെൻറ ആലോചിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി) (ക) ഉണ്ട്. കഴിഞ്ഞരണ്ടുകൊല്ലങ്ങൾക്കിടയിൽ സബ്രജിസ്ട്രാർ ഉദ്യോഗത്തിനു ഒരു സ്ത്രീമാത്രമുവൊറിൻെറ അപേക്ഷ ഉണ്ടായിരുന്നു. ആളൊന്നുമായിട്ടാരെയും സബ്രജിസ്ട്രാരന്മാരായി നിയമിക്കുക പതിവില്ലാത്തതുകൊണ്ടും ഹയർഗ്രേഡ് രജിസ്ട്രേഷൻ പരീക്ഷ ജയിച്ചവർക്കും, ഡിപ്പാർട്ടുമെൻറിൽ ഗുമസ്തന്മാരായിട്ടുള്ളവർക്കും പ്രൊബേഷണറിസബ്രജിസ്ട്രാരന്മാരായിരുന്നിട്ടുള്ളവർക്കും മാത്രം വച്ചിട്ടുള്ള ഒരു ഉദ്യോഗമാകയാൽ മേൽപറയപ്പെട്ട അപേക്ഷയിൽ ഉത്തരവുചെയ്തിട്ടില്ല.

(ഡ) ആ കായ്ം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

കുരുനാഗപ്പള്ളി കായംകുളം ഈ ആസ്പത്രികളിൽ കുഷ്ഠരോഗികളെ ചികത്സിക്കുന്നതിനെപ്പറ്റി.

ക്ഷ൦ഡ. മി: കെ. മായവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) സ്ഥലത്തുള്ള ആസ്പത്രികളുടെ സമീപം ചികത്സക്കായി കുഷ്ഠരോഗികൾ വന്നുകൂടുന്നത് ഉപദ്രവകരമാണെന്നുകാണിച്ചു കുരുനാഗപ്പള്ളി കായങ്കുളം മുതലായസ്ഥലങ്ങളിലുള്ള ജനങ്ങളുടെ പരാതി ഗവണ്മെന്റിനോ മെഡിക്കൽബോർഡിനോ കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു എന്തുനടപടിയാണ് നടത്തിയിട്ടുള്ളത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി) പരാതികൾ വന്നിട്ടുണ്ട്. കുന്നത്തൂർതാലൂക്കിൽ കടമൺപകുതിയിൽ സൌകര്യമുള്ളസ്ഥലത്തു കുഷ്ഠരോഗികൾക്കുവേണ്ടി ഒരുസ്ഥലം ഏർപ്പെട്ടത്തുന്നകാര്യം ആലോചിച്ചുവരുന്നുണ്ട്.

കൊല്ലത്തു ചരക്കുകൾ കയറുന്നതിനും ഇറക്കുന്നതിനുമുള്ള സൌകര്യത്തെപ്പറ്റി.

ക്ഷ൦ഡ. മി: എസ്. പിറവിപ്രസാദംപിള്ള (കച്ചവടവും വ്യവസായവും തെക്ക്)

(എ) താഴെപ്പറയുന്നവയെപ്പറ്റി ഗവണ്മെന്റിനറിവുണ്ടോ?

(ക) കൊല്ലത്തു ഡയിയപാലക്കടവിനുസമീപമുള്ള റോഡുകൾ തോട്ടവക്കിൽനിന്നും വളരെദൂരെപ്പോക്കത്തിലാണ സ്ഥിതിചെയ്യുന്നത് എന്നും

(ഖ) വള്ളത്തിൽനിന്നും ചരക്കുകൾ ഇറക്കുന്നതിനും വള്ളത്തിലേയ്ക്കു ചരക്കുകൾ കയറ്റുന്നതിനും വളരെ കഷ്ടനഷ്ടങ്ങളും കാലതാമസവും കച്ചവടക്കാർക്കുണ്ടെന്നും.

(ബി) ഈ വകുപ്പിന്റെ മറുപടി അനുകൂലമാണെങ്കിൽ അതിനെസംബന്ധിച്ചു എന്തുനടപടിനടത്തി എന്നുപറയുന്നതിനും ഗവണ്മെന്റിനു ഭയവുണ്ടാകുമോ?

(സി) ഈ വകുപ്പിന്റെ മറുപടി പ്രതികൂലമാണെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതുപ്രവർത്തിക്കുന്നതിനു ഭയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി)

(എ) (ക) റോഡുകൾ തോട്ടനിരപ്പിൽനിന്നും ഉയർന്നാണ്.

(ഖ) ഗവണ്മെന്റ് ആ വിവരം നോട്ടചെയ്തുകൊള്ളുന്നു.

(ബി) ചരക്കുകൾ കയറ്റുന്നതിനും ഇറക്കുന്നതിനുമുള്ള സൌകര്യത്തിനായി വലിയപാലത്തിനു വടക്കുവശം കെട്ടിടങ്ങളോടുകൂടിയ കടവുകളും കൽപ്പടകളും പുറമുതിലുകളും തോടിന്റെ ഇരുവശത്തുമുണ്ട്. കൂടുതൽ കടവുകൾ ആവശ്യമുള്ളപക്ഷം അതു മൻസിപ്പാലിറ്റിയിൽനിന്നും പണിയിക്കേണ്ടതാണ്.

(സി) ഇതിനെപ്പറ്റി ആവശ്യമില്ല.

മി: എസ്. പിറവിപ്രസാദംപിള്ള (കച്ചവടവും വ്യവസായവും തെക്ക്): മറുപടിയുടെ രണ്ടാംഭാഗത്തെ സംബന്ധിച്ചിടത്തോളം വള്ളത്തിലേയ്ക്കു സാമാന്യങ്ങൾ കയറ്റുന്നതിനും അതിൽനിന്നും ഇറക്കുന്നതിനും നേരിടുന്ന താമസംഹേതുവായിട്ടു കച്ചവടക്കാർക്കു വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടെന്നുള്ളതു ഗവണ്മെന്റിന് അറിയുമോ പോലീസില്ലയൊ എന്നു മെംബർ പറഞ്ഞതുശരിയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റ് ആ വിവരം രേഖപ്പെടുത്തിക്കൊള്ളുന്നു എന്നാണ് മറുപടി.

മി: എസ്. പിറവിപ്രസാദംപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഗവണ്മെന്റ് ഈ വിവരം ഇപ്പോഴാണൊ അല്പമായിട്ടു ധരിക്കുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): പൊതുജനങ്ങളും അത്യധികമായ ആസൌകര്യങ്ങളും അനുഭവിക്കുന്നു എന്നുള്ളവിവരത്തിനു ഗവണ്മെന്റിനു നിക്കാർഡുകളും മറ്റുമില്ല. അതുകൊണ്ടു മെംബർ വിവരം ധരിപ്പിച്ചപ്പോൾ അതിനെ രേഖപ്പെടുത്തീട്ടുണ്ട്.

മി: എസ്. പിറവിപ്രസാദംപിള്ള (കച്ചവടവും വ്യവസായവും തെക്ക്): കഴിഞ്ഞതിന്റെ മുൻപിലത്തെ പ്രാവിസയിൽ ഇതൊരു നിവേദനവിഷയമായിരുന്നു എന്നു മെമ്പറിനറിയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): എനിക്കതിനെപ്പറ്റി ഒന്നും പറയാൻ നിവൃത്തിയില്ല.

മി: എസ്. പിറവിപ്രസാദംപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അങ്ങിനെയാണെങ്കിൽ അതൊന്നു അറിവില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ആകുന്നു.

സിവിൽകോടതികളിൽ ഫാജരാക്കുന്ന കണക്കപുസ്തകങ്ങൾ തിരിയെ കിട്ടുന്നതിനുള്ള താമസം.

മി: എസ്. പിറവിപ്രസാദംപിള്ള (കച്ചവടം വ്യവസായം തെക്ക): (ക) സിവിൽകോടതികളിൽ ഫാജരാക്കിയിട്ടുള്ള കണക്കപുസ്തകങ്ങൾ ഉടനടി തിരിച്ചുകൊടുക്കാത്തതുകൊണ്ടും കൊടുക്കാതെ കോടതിയിൽ വച്ചിരിക്കുന്നവയെ ശരിയായവിധത്തിൽ സൂക്ഷിക്കാത്തതുകൊണ്ടും കച്ചവടക്കാർ അനുഭവിക്കുന്ന കഷ്ടതയെപ്പറ്റി ഗവണ്മെന്റിന വല്ല അറിവും ഉണ്ടോ?

(ഖ) മറുപടി പ്രതികൂലമാണെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതുചെയ്യുന്നതിനു ഗവണ്മെന്റിനു ഭയമുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): (ക) ഇരുപത്തിരണ്ടാമത്തെ പ്രാവിസയിൽ ഈ വിഷയത്തെപ്പറ്റി ഒരു നിവേദനം ഉണ്ടായിരുന്നു. അതനുസരിച്ചു ഹൈക്കോടതിയിലേയ്ക്കു എഴുതിച്ചോദിച്ചപ്പോൾ അവർ പരാതി അടിസ്ഥാനരഹിതമാണെന്നു പറയുകയുണ്ടായി. ഇതേസംബന്ധിച്ചു സിവിൽകോർട്ടുകൺഡക്ട് സ്റ്റാറ്റിയൂട്ടം വായിച്ചുനോക്കുന്നതിനു മെമ്പറോടു് ആവശ്യപ്പെട്ടുകൊള്ളുന്നു.

(ഖ) ഒന്നാംഭാഗത്തിന്റെ മറുപടിയിൽനിന്നു ഇതിന്റെ ആവശ്യമില്ല.

കോതയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷനിൽ ജോലിനടത്തുന്നതിനുള്ള ആരംഭത്തിനെപ്പറ്റി.

ക്ഷ൦ഡ. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും):

(എ) കന്യാകുമാരി കോതയാർ പ്രോജക്ട് ഡിവിഷനിലെ ചീഫ്എഞ്ചിനീയരുടെ അനുവദിച്ചിരുന്നുകയിൽ തിരുവിതാംകൂർ ഗവണ്മെന്റു കൊടുക്കുവാനുള്ള തുക എത്രയെന്നും,

(ബി) അപ്രകാരം വിട്ടുനൽകിയപ്പോൾ ഡിവിഷൻ ആഫീസുകളുടെ സമ്പാദനം ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും,

(സി) ഇപ്പോഴത്തെ ഡിവിഷൻ ആഫീസർ കോതയാർ പ്രോജക്ട് ഡിവിഷനിൽ ചാർജ്ജ് ഏറ്റെടുത്തപ്പോൾ കണ്ടെന്നും,

(ഡി) കോതയാർ പ്രോജക്ട് ഡിവിഷനിൽ സംഭാരണയായിട്ട് ഒരു കൊല്ലത്തിൽ എത്ര ഏക്കറോളം പൊതുമരാമത്തുകാർ ഉടമസ്ഥരിൽനിന്നും,

(ഇ) മേൽപറഞ്ഞ ഡിവിഷനിൽ കീഴാനം-ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിൽ എന്തെങ്കിലും ചിലവായിട്ടുണ്ടെങ്കിൽ ചിലവായതുക എത്രയെന്നും, പറയുന്നതിനു ഗവണ്മെന്റിനു ഒരു ബുദ്ധിമുട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): (എ) ൻവ്വ്, കീഴാനം (ബി) അനുവദിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ ഏതാണ്ടൊരു തീരുമാനത്തിലെത്തിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടും ചീഫ് എഞ്ചിനീയർക്കു റിപ്പോർട്ടിനു ഡിവിഷൻ ആഫീസർ കാണിച്ചിട്ടുള്ള ഇപ്രകാരമുള്ള സമ്പാദനം ചോദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(സി) കീഴാനം കുടിശ്ശിക കന്നി-കാലത്തു,

(ഡി) കോതയാർ പ്രോജക്ട് ഡിവിഷനിൽ പോട്ടക്കൃഷി സംബന്ധിച്ചുള്ള പൊതുമരാമത്തു വേലകൾ നടത്തുന്നതു് ഒരുകൂട്ടം ആളുകൾ ആണ്ടുതോറും ഏറ്റുകൊണ്ടിരിക്കുന്നതാണു്, അതായതു കുംഭമാസത്തിൽ ഏറ്റുകൊടുക്കുന്ന ഇടവത്തിൽ ഏല്പിക്കുന്ന ആദ്യത്തെ കൂട്ടർക്കും മിഥുനത്തിൽ അവ അടച്ചിരിക്കുന്ന സമയത്തുണ്ടു്. പോട്ടകൾ കല്ലിട്ടുനിന്നുകൊണ്ടു നടപ്പിലാക്കുന്നതു ഇരുപതുവർഷക്കാലത്തേക്കു ഉടമ്പടിയുണ്ടാക്കുന്നതാണു്. കരിങ്കൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതു് രണ്ടും മൂന്നും കോൺട്രാക്ടുകളിലാണു്:

		രൂപാ
(ഈ)	ചിങ്ങം	ക൯,൨൯൯
	കന്നി	൨൨,൯൫൨
	തുലാം	൨൩,൭൨൫

മി: ടി. കുമാരപിള്ള (കൽക്കുളം വിളവൻകോട്): ക൦൯൯-മുതൽ ക്ക൦൨-വരെ അനുവദിച്ചിട്ടുള്ളതുകയിൽ നിന്നു വളരെ കുറവായി ചെലവാക്കുന്നതിനുള്ള കാരണമെന്തു്?

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അതു ഏതാണ്ടു് ഒരു പുതിയ ചോല്യംപോലെയിരിക്കുന്നു. അനുവദിച്ചു ഇകയിൽനിന്നും കുറച്ചു ചിലവാക്കിയതിനുള്ള കാരണം എന്താണെന്നുള്ളവിവരം ചീഫ് എഞ്ചിനീയരുടെ അടുക്കൽനിന്നും എഴുതിയറിയിച്ചുതരേണ്ടിയിരിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളം വിളവൻകോട്): പോർട്ട് ബി. പണ്ടുണ്ടുമാസക്കാലമായിട്ടു ചിലവുചെയ്തതായ ഇകയിൽ പ്രധാനമായും ഒടുവിലത്തെ ആറുമാസങ്ങളിലുമായി ചിലവാക്കിയതുള്ള കാരണമെന്തു?

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവർമ്മെന്റ് ചീഫ് സിക്രട്ടറി): ബഡ്ജറ്റ് അനുവദിപ്പുകാരം പണികൾ വർഷാരംഭത്തിൽ തുടങ്ങുന്നു. ബഡ്ജറ്റനുവദിപ്പുകാരമുള്ള ഇക ചിലവാക്കുന്നതെന്നുള്ളതിനു ശ്രദ്ധയോടുകൂടി വർഷാവസാനത്തിൽ പ്രതിയിൽ പണംമുഴുവൻ ചിലവാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാർ ശ്രമിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): ഈ വിചാരംകൊണ്ടാണോ കൂട്ടത്തിൽ ഇകയ ചിലവാക്കുന്നതു.

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അതായിരിക്കണം ഒരു കാരണം മറ്റനേകകാരണങ്ങളും ഉണ്ടായിരിക്കാം. അവയെ ആരാഞ്ഞറിയേണ്ടിയിരിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): ഇങ്ങനെ ചിലവാക്കുന്നപക്ഷം ആ വേല നന്നായിരിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ചില വേലകൾക്കു ബഡ്ജറ്റിൽ പണം അനുവദിച്ചിരിക്കും. എന്നാൽ സാമാനങ്ങൾ ശേഖരിക്കുന്നതായ ഭൂമി കൈവശപ്പെടുത്തുകയോ ചെയ്തിട്ടില്ലായിരിക്കും. എല്ലാ വേലകളും വർഷാരംഭത്തിൽ തന്നെ തുടങ്ങാതെ ഇരിക്കുന്നതിനു മറ്റു വല്ല കാരണങ്ങളും കണ്ടേക്കാം. ഏതുപ്രകാരമായാലും ഡിപ്പാർട്ടുമെന്റിന്റെ ഭരണം വർഷാവസാനത്തിനുമുൻപ് മുഴുവൻ തുകയും ചിലവാക്കുന്നതിനാണ്.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ദയവായിട്ടു പറയണം. ക്ക൦൫-മാണ്ടു് ലക്ഷദ്വീപുകളുടെ രൂപ അനുവദിച്ചിട്ടുണ്ടു്, അതിൽ ൩ ലക്ഷത്തിൽ ചിലതാണു് ആദ്യ മാസംകൊണ്ടു് ചിലവായിരിക്കുന്നതു്:

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതുപോലെയുള്ള ഒരു സ്റ്റേറ്റുമെന്റ് സമീപിക്കുമ്പോഴല്ല.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ആദ്യമാസം കഴിഞ്ഞു വേലയാരംഭിക്കുന്നതുകൊണ്ടാണ് ഇങ്ങിനെ ചിലവായിക്കാണുന്നതു എന്നു ഗവണ്മെന്റിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എല്ലാ വേലകളുമായി സംബന്ധിച്ചു ഒന്നു പറയാൻപാടില്ല.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): പോർട്ട് സി ഇതിനു ക്ക൦൫-ൽ ഇത്ര രൂപാ സമനുവദിച്ചതു ചെയ്യാനുള്ള കാരണമെന്തു്?

മി: ടി. പി. രാമസുബ്ബയ്യർ (ഏക്സിക്യൂട്ടീവ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇതു് ചീഫ് എഞ്ചിനീയരോടു ചോദിച്ചറിയേണ്ടിയിരിക്കുന്നു.

കോതയാർ പ്രോജക്ടു് ഡിവിഷനിൽ റോഡുകൾക്കുള്ള തുക അനുവദിപ്പും ചിലവും.

൨൩൯. മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) ക൦൯൫-മുതൽ ക്ക൦൨ വരെ ഈ കൊല്ലത്തിൽ ഓരോ കൊല്ലത്തേയ്ക്കും കോതയാർ പ്രോജക്ടു് ഡിവിഷനിൽ പുതിയ റോഡുകൾ വെട്ടുന്നതി

യാ അനുവദിച്ചിട്ടുള്ള തുകയും വാസ്തവത്തിൽ ചിലവായ തുകയും എത്രയാണെന്ന ഗവണ്മെന്റ് മയവായി പറയുമോ?

(ബി) ഈ അഞ്ചുകൊല്ലങ്ങളിൽ താഴ്ന്ന ജാതിക്കാരുടെ ഉപയോഗത്തിലേക്കായി പുതിയ പാതകൾ വെട്ടുന്നതിന അനുവദിച്ചതും ചിലവായതും ആയ തുകകൾ എത്രയെന്ന പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ മേശമേൽ വച്ചിരിക്കുന്നു.

കോതയാർ പ്രോജക്ട് ഡിവിഷനിലേക്കുള്ള ബഡ്ജറ്റ് അനുവാദങ്ങൾ.

ക്രമ ൭. മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) ഫാൻവു മുതൽ ഫഫാഫ വരെ അഞ്ചുകൊല്ലങ്ങളിൽ കോതയാർ പ്രോജക്ട് ഡിവിഷനിലേക്ക അനുവദിച്ചിട്ടുള്ള തുകകൾ എത്രയെന്ന ഗവണ്മെന്റ് മയവായി പറയുമോ?

(ബി) ഇവയിൽ ഓരൊ കൊല്ലങ്ങളിലും ഒടുവിലത്തെ രണ്ടു കാർട്ടർകളിലും ചിലവായ തുകകൾ എത്രയെന്ന പറയുന്നതിന മയവുണ്ടാകുമോ?

(സി) (എ) ഈ അഞ്ചുകൊല്ലങ്ങളിൽ ഓരോ കൊല്ലത്തിൻറെയും അവസാനത്തിൽ ഏതെങ്കിലും തുകകൾ സറണ്ടർ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ തുക എത്ര?

(ഡി) ഈ അഞ്ചുകൊല്ലങ്ങളിൽ കോതയാർ പ്രോജക്ട് ഡിവിഷനിലേയ്ക്ക അനുവദിച്ച തുകയിൽ നിന്നും മറെ ഡിവിഷനുകളിലെക്ക മാറ്റംചെയ്യപ്പെട്ട തുക എത്രയെന്ന ഗവണ്മെന്റ് മയവായി പറയുമോ?

(ഇ) (എ) ഈ അഞ്ചു കൊല്ലങ്ങളുടേയും അവസാനത്തിൽ കൂടുതൽ അനുവാദം വേണമെന്ന ആവശ്യപ്പെട്ടുകയൊ അപേക്ഷിക്കയൊ ചെയ്തിട്ടുണ്ടൊ?

(ബി) ഉണ്ടെങ്കിൽ തുക എത്ര?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

		രൂപാ
(എ)	ഫാൻവു	നു,൯൪,൪൫൨
	ഫാൻൻ	നു,൯൭,൦൭൩
	ഫഫാ൦	നു,൯൯,൦൪൬
	ഫഫാഫ	൱,൯൫,൯൭൪
	ഫഫാഭ	൱,൪൨,൯൫൪
(ബി)	ഫാൻവു	൨,൯൪,൯൪൱
	ഫാൻൻ	൨,൯൯,൭൨൩
	ഫഫാ൦	൨,൪൪,൫൯൪
	ഫഫാഫ	൯,൦൯,൯൱൪
	ഫഫാഭ	൨,൯൪,൦൭൨

(സി) (എ) ഉണ്ട്. അനുവദിച്ചതുക ഫഫാഭ അവസാനത്തിൽ സറണ്ടർചെയ്തു.

(ബി) ഫഫാഭ അവസാനത്തിൽ സറണ്ടർചെയ്തതുക രൂപാ ൯൭,൫൪൪ ആയിരുന്നു.

(ഡി)	ഫാൻവു	ഇല്ല
	ഫാൻൻ	ഇല്ല
	ഫഫാ൦	രൂപാ ൨൦,൦൦൦
	ഫഫാഫ	ഇല്ല
	ഫഫാഭ	രൂപാ ൨൭,൫൯൭

(ഇ) എ. ഈ അഞ്ചുകൊല്ലങ്ങൾക്കിടയിൽ ഫഫാഫ-ൽ മാത്രം കൂടുതൽ അനുവാദത്തിനു ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

(ബി) ഫഫാഫ-ൽ കൂടുതൽ ആവശ്യപ്പെട്ടുകയും അനുവദിക്കപ്പെടുകയും ചെയ്ത തുക ൱,൨൦൭ രൂപയായിരുന്നു.

ജഡ്ജിമാരുടെയും മുൻസിഫന്മാരുടെയും നിയമനം.

ക്രമ ൮. മി: കരണപ്പിള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഡിപ്പാർട്ടുമെൻറിൽനിന്നും പുറമെനിന്നും മുൻസിഫന്മാരെയും ജഡ്ജിമാരെയും നിയമിക്കുന്നതു എത്ര ശതമാനം വേണമെന്ന വല്ല നിബ്ബയവും ചെയ്തിട്ടുണ്ടൊ ഇല്ലയൊ എന്നു പറയുന്നതിന ഗവണ്മെൻറിനു മയവുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മുൻസിഫന്മാരെ സംബന്ധിച്ചിടത്തോളം ൪൦ ശതമാനം സയീസിൽ നിന്നും ൪൦ ശതമാനം ബാറിൽനിന്നും ആയിരിക്കണമെന്നാണ് സാധാരണചട്ടം. ഇതിനെ ഭേദപ്പെടുത്തി പുതിയചട്ടങ്ങൾ താമസിയാതെ നടപ്പിൽ വരുത്തുന്നതാണ്.

മി: കരണപ്പിള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എത്രവീതം ആയിരിക്കുമെന്ന എന്നെ അറിയിക്കുമൊ?

മി: ടി. പി രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): നമ്പർ പറയുന്നതു എനിക്ക കേൾക്കാൻപാടില്ല.

മി: കരണപ്പിള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ചോദ്യത്തിനുപറഞ്ഞ മറുപടിയെ സംബന്ധിച്ചിടത്തോളം നിയമനങ്ങൾ ഏതു വീതമായിരിക്കണമെന്നു എനിക്ക പറഞ്ഞുതരുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതു പറയാറായില്ല. അതു ഗവണ്മെൻറിൻറെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

മി: കരണപ്പിള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): അതു ഉടൻതന്നെ നടപ്പിൽവരുത്തണമെന്നു ചോദിക്കുന്നതൊ?

മി: ടി. പി. രാമസുബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു് അവധാനപൂർവ്വം പരിശോധിച്ചു തീരുമാനിച്ചതിനുശേഷം മാത്രമെയുള്ളൂ.

വ്യവസായ ഡയറക്ടരാൽ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള കീഴ്ജീവനക്കാർ.

*൨൬൯. മി: കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): മി: എം. സി. ചാക്കോ വ്യവസായ ഡയറക്ടറായതിനുശേഷം എത്ര കീഴ്ജീവനക്കാരെപ്പറ്റി റിപ്പോർട്ടുചെയ്തിട്ടുണ്ടെന്നും അവർ അതെല്ലാമോണെന്നും ഗവണ്മെന്റിൽനിന്നും മറുപടി പറയുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): ഡിസംബർ ൪-ാംനു നടന്ന സഭയിൽ മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ൩൯-ാം നമ്പ്രചോദ്യത്തിനു കൊടുത്ത മറുപടി വായിച്ചുനോക്കുന്നതിനു മെമ്പറിനോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി: കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): മി: കെ. പി. നീലകണ്ഠപ്പിള്ളയ്ക്കു കൊടുത്ത മറുപടി എന്താണെന്നു എനിക്കു പരഞ്ഞുതരുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): കഴിഞ്ഞ ഡിസംബർ ൪-ാംനുടക്കുശേഷം കൃഷിയും വ്യവസായവും ഡയറക്ടരന്മാർ എന്ന കീഴ്ജീവനക്കാരുടെ പേരിൽ റിപ്പോർട്ടുകൾ അയച്ചിട്ടുണ്ടെന്നു പറയുന്നതിനു ഗവണ്മെന്റിനു ഭയമുണ്ടാകുമോ? എന്നായിരുന്നു മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ചോദ്യം.

കൃഷിവ്യവസായഡയറക്ടരന്മാർ ഏതെല്ലാം കീഴ്ജീവനക്കാരുടെമേൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട് എന്നുള്ളതു് പരസ്യമാക്കാൻപാടില്ലാത്തതുകൊണ്ടു് അതു പറയുന്നതിനു ഗവണ്മെന്റു തയ്യാറില്ല എന്നായിരുന്നു മറുപടി.

മി: കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഡയറക്ടർ ഏതെങ്കിലും കീഴ്ജീവനക്കാരുടെ മേൽ റിപ്പോർട്ടുകൾ അയച്ചിട്ടുണ്ടോ ഇല്ലയോ എന്നു എന്നെ അറിയിക്കുമോ?

മി: ടി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): പരസ്യപ്പെടുത്താൻപാടില്ലാത്ത കാര്യമാകയാൽ എനിക്കു പറയാൻ നിവൃത്തിയില്ല.

പോലീസ് ഇൻസ്പെക്ടരന്മാരുടെ നിയമനം.

*൨൬൦. മി: കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): പുറമെയും ഡിപ്പാർട്ടുമെന്റിലും നിന്നു പൊലീസ് ഇൻസ്പെക്ടരന്മാരെ നിയമിക്കുന്നതു് ഇതുസമയമാനംവീതം വേണമെന്നുള്ളതിനു വല്ല ക്ലിപ്തവും ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര ശതമാനമെണ്ണ് എന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ടു്, ഡിപ്പാർട്ടുമെന്റിൽനിന്നും കയറ്റം ചെയ്യേണ്ട ൬൭ ശതമാനവും ൨൩ ശതമാനം ഗ്രാഡുവേറ്റുകളെ നേരിട്ടും നിയമിക്കുന്നുണ്ടു്.

മി: കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എത്ര സബ്ഡ്കൺസ്റ്റബിൾമാർ പോലീസ് ഇൻസ്പെക്ടരന്മാരുടെ ജോലിചെയ്യുന്നുണ്ടെന്നു പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു് ഒരു പുതിയ ചോദ്യമായതുകൊണ്ടു് അതിനെപ്പറ്റി യാതൊരറിവും എന്റെ കൈവശമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റിനു യാതൊരറിവും ഇല്ലെന്നുള്ള കാരണത്തിന്മേൽ അതു് ഒരു പുതിയ ചോദ്യമാണെന്നു ചീഫ് സെക്രട്ടറി പറഞ്ഞതു് സാധുകരിക്കത്തക്കതാണോ എന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി ഞാൻ തുടർചോദ്യത്തിനുവേണ്ടി കാത്തുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മുന്നറിവു് ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു് ഒരു പുതിയ ചോദ്യമായതുകൊണ്ടു് അതിനെപ്പറ്റിയുള്ള വിവരം ഞാൻ തയ്യാറാക്കിയിട്ടില്ല എന്നാണ് ഞാൻ പറഞ്ഞതു്.

ചെങ്ങന്നൂർ ശാസ്താംപുറം ചന്ത നന്നാക്കുന്നതിനെപ്പറ്റി.

*൨൬൧. മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): (എ) ആണ്ടുതോറും ശാസ്താംപുറംചന്ത നന്നാക്കുന്നതിനു എണ്ണൂറു ചിലവാകുന്നുണ്ടെന്നു പറയുന്നതിനു ഗവണ്മെന്റിനു ഭയമുണ്ടാകുമോ?

(ബി) ചന്തയുടെ തകർക്കവശം മതിലുകളും ചന്തയിൽവരുന്ന ആളുകൾക്കും കന്നുകാലികൾക്കും സൌകര്യമായിട്ടു പ്രവേശിക്കുന്നതിനു കല്പടകളും ആവശ്യമുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(സി) മേൽപറഞ്ഞ ചന്തയ്ക്കു സമീപം പൂതയ്ൻകുളം എന്നൊരു പുറംപോക്കുകുളം ഉള്ളതായി ഗവണ്മെന്റിനറിയാമോ?

(ഡി) ഈ കുളത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ അയൽ വസ്തു ഉടമസ്ഥന്മാർ ആക്രമിച്ചിട്ടുണ്ടോ?

(ഇ) മേൽപറഞ്ഞ ചന്തയിൽ വിപ്പനക്കായി കൊണ്ടുവരുന്ന കന്നുകാലികളുടെ ഉപയോഗത്തിനായി ആ കുളം തന്നാക്കുന്നതിനെപ്പറ്റി ഗവണ്മെന്റു ആലോചിക്കുമോ?

(എഫ്) കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലായി ആ ചന്തയിൽനിന്നും ഗവണ്മെന്റിനു കിട്ടിയിട്ടുള്ള ആദായമെത്രയാണ്?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): (എ) ആണ്ടുതോറും ചന്തയ്ക്കുവേണ്ടി ചിലവാകുന്ന തുകാ നിസ്സാരമാണ്,

(ബി) എല്ലാവശത്തും മതിലുകളും ആവശ്യമുണ്ടെന്നും കല്പടകളും ആവശ്യമില്ലെന്നും ചാൻഡ്ലറവന്യൂകമ്മീഷണർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(സി) അറിയാം.

(ഡി) ചില പുറമ്പോക്കു സ്ഥലങ്ങളായതുകൊണ്ടും കണ്ടുപിടിക്കുകയും ആ സ്ഥലങ്ങൾ കുടികൊള്ളാത്തിനു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ആലോചിക്കാം.

(സ) ചന്തയിൽനിന്നും ആണ്ടിനാൽഉള്ള വരവ് ക്ര ൦൦൦-ൽ ക്ര൯൨൫ രൂപയും, ക്ര ൦൧൫-ൽ ൨,൯൭൦ രൂപയും ക്ര ൦൨൦-ൽ ന,൦൨൦ രൂപയും ആകുന്നു.

കോടതിക്കുള്ളിൽ ഹാജരാകുന്ന കക്ഷികൾക്കും സാക്ഷികൾക്കും ഇരിക്കുന്നതിനുവേണ്ട സൌകര്യം.

൧൪൨. മി. എസ്. പിറവിപ്രേമാനന്ദപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): കോടതികളിൽ ഹാജരാകുന്ന കക്ഷികൾക്കും സാക്ഷികൾക്കും ഇരിക്കുന്നതിനുള്ള സ്ഥലസൌകര്യങ്ങളില്ലാതെ ബുദ്ധിമുട്ടുന്നതിനെ പരിഹരിക്കുന്നതിലേക്കായി എന്തു നടപടിയാണ് ചെയ്തിട്ടുള്ളത് എന്നു പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി): ഉടനടി കെട്ടിടങ്ങൾ കെട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതെല്ലാം കോടതികളിലേക്കാണ് കക്ഷികളുടെ ആവശ്യത്തിലേക്ക് ഷെഡുകൾ ആവശ്യമുള്ളതെന്നു കാണിച്ച് പട്ടിക തയ്യാറാക്കി അയയ്ക്കണമെന്ന ഫൈക്കോട്ടിൽനിന്നും എഴുതി അയച്ചിട്ടുണ്ട്.

കോടതിയിൽ സഞ്ചരിക്കുന്നവർക്ക് കാത്തുനിൽക്കുന്നതിനുള്ള ഷെഡുകൾ.

൧൪൩. മി: എസ്. പിറവിപ്രേമാനന്ദപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): (എ) ദിവസേന ബസ്സിൽ സഞ്ചരിക്കുന്ന അനേകം ആളുകൾ പ്രധാന സ്റ്റേഷനിലും വഴിമദ്ധ്യേയും വണ്ടിവരുന്നതിനെ കാത്തുനില്ക്കുമ്പോൾ വെയിലും മഴയും ഏറെ കഷ്ടപ്പെടുന്നു എന്നുള്ള വിഷയം ഗവണ്മെൻറിനറിയാമോ?

(ബി) മറുപടി പ്രതികൂലമാണെങ്കിൽ ഗവണ്മെൻറിനു അതിനെപ്പറ്റി അന്വേഷിക്കുന്നതിനു ഭാവമുണ്ടാകുമോ?

മി: ടി. പി. രാമസുബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും യാത്രപോകുന്നവരെന്നുദ്ദേശിക്കുന്നവർ സാധാരണയായിട്ടു വണ്ടിപ്പുരകളിലും കടകളിലും മറ്റുമാണ് കാത്തുനിൽക്കുന്നതെന്നറിഞ്ഞിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ യാത്രക്കാർക്കു ഷെഡുകൾ പണിയിക്കേണ്ടതു മുതലായ ഗവണ്മെൻറിനുള്ളതിൽ കൂടുതലായിട്ടു മുൻസിപ്പാലിറ്റികൾക്കും ബസ്സ് ഉടമസ്ഥന്മാർക്കുമാണ് ഉള്ളത് എന്നു ഗവണ്മെൻറ് വിചാരിക്കുന്നു.

കാർഷികാധിനിവേശ പദ്ധതി അനുസരിച്ച് പുതുവൽ പതിവ്.

൧൪൪. മി: സി. പി. തോമസ് (ഗവണ്മെൻറ് നിയമിച്ചുമെമ്പർ): (എ) കാർഷികാധിനിവേശപദ്ധതി ഗവണ്മെൻറിൽനിന്നും പാസ്സാക്കിയതെപ്പോഴാണെന്നും,

(ബി) (ക്ര൯൭–൨൭) ഇതുവരെ കുടിപാർപ്പിന് ഓരോ സ്ഥലത്തും എത്ര ഏക്കർ വീതം സ്ഥലം കൊടുക്കാൻ തയ്യാറുണ്ടെന്നും,

(സി) മേൽപറഞ്ഞ തീയതിവരെ ഇതു സംബന്ധിച്ച് എത്ര അപേക്ഷകൾ വന്നിട്ടുണ്ടെന്നും,

(ഡി) അപേക്ഷകൾ ഇത്രയുണ്ടായിട്ടും അതിലൊരു കുറവായിട്ടേ ഉള്ളുവെങ്കിലും അതിന്റെ കാരണം എന്താണെന്നു ഗവണ്മെൻറിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ക്ര൯൨൪ നവംബർ ക്ര൯..ാംനു- ആണ് കാർഷികാധി നിവേശപദ്ധതി ഗവണ്മെൻറിൽനിന്നും പാസ്സാക്കിയത്.

(ബി) ഇതിലേക്കു തിയതിച്ചു കണ്ണററി ശരിയായി ജോലിചെയ്യാതിരുന്നതിനാൽ അധിനിവേശത്തിനു തക്കതായ സ്ഥലം തീർച്ചപ്പെടുത്തിയിട്ടില്ല. കണ്ണററിയെ പൂർത്തിയാക്കുന്നതിനു ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

(സി) ഈ അപേക്ഷകൾ ൪൫ പത്തനാപുരം താലൂക്കിലും ൫ തൊടുപുഴ താലൂക്കിലും.

(ഡി) അപേക്ഷകളുടെ എണ്ണത്തിന്റെ കുറവിനു കാരണം സ്കീം അനുസരിച്ചു പതിച്ചുകൊടുക്കുന്നതിനുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് പരസ്യപ്പെടുത്താത്തതുകൊണ്ടായിരിക്കാം. ചട്ടങ്ങളിലും നടപടികൾ കുറച്ചു ലഘുപ്പെടുത്തുന്നതിനും ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

ജഡ്ജിമാരുടെയും മുൻസിപ്പൽമാരുടെയും കാൺഫറൻസ്.

൧൪൫. മി: കുരണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഫൈക്കോർട്ട് ജഡ്ജിമാരും, ജില്ലാജഡ്ജിമാരും, അഡീഷനൽ ജില്ലാജഡ്ജിമാരും, മുൻസിപ്പൽമാരും സംസ്ഥാനമൊട്ടുക്കുള്ള കോടതികളിലെ ജോലി നടത്തിപ്പിനെപ്പറ്റി ആലോചിക്കുന്നതിനായി എന്തെങ്കിലും കാൺഫറൻസു നടത്തിയിട്ടുണ്ടോ എന്നു ഗവണ്മെൻറ് ദയവായി പറയുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി): മറുപടി ഇല്ലെന്നാകുന്നു.

മി: കുരണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): കോടതികളിലെ കടിശ്ശിക തീർക്കുന്നതിനു ഉതകുന്നതായും എന്റെ ചോദ്യത്തിനു അഭിപ്രായപ്പെട്ടിട്ടുള്ളതുമായ വിധത്തിൽ ഒരു കാൺഫറൻസു നടത്തണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ഇല്ലയോ എന്നു പറയുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി): അതു ഒരഭിപ്രായമാണെന്നേയുള്ളൂ.

കോടതികളിൽ ശിക്ഷിക്കപ്പെടുകയൊ റിമാൿകൊ ചെയ്യപ്പെടുകയൊ ചെയ്തിട്ടുള്ള പോലീസുദ്യോഗസ്ഥന്മാർ.

മി: കുരണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക തയ്യാറാക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) നീതിന്യായകോടതികളാൽ ശിക്ഷിക്കപ്പെട്ടതായ പൊലീസ് ഉദ്യോഗസ്ഥന്മാരുടെയും ഇപ്പോഴും ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നവരുടെയും എണ്ണം.

(ബി) നീതിന്യായകോടതികളിൽനിന്നും ഒന്നിലധികം പ്രാവശ്യം ശിക്ഷിച്ചിട്ടുള്ള എത്ര പൊലീസുദ്യോഗസ്ഥന്മാരുണ്ട്.

(സി) അപ്രകാരമുള്ള എത്ര ഉദ്യോഗസ്ഥന്മാർക്ക് കയറാതെ ശിക്ഷയെ ഡിപ്പാർട്ടുമെൻറിൽനിന്നും നിർത്തിയിട്ടുണ്ട്.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി): (എ) (ബി) (സി) പട്ടിക തയ്യാറാക്കുന്നതിലേക്കു കഴിഞ്ഞ നവംബർ കൊല്ലങ്ങളിലുള്ള എല്ലാ ക്രിമിനൽ കേസുകളിലെ വിധികളും പരിശോധിക്കേണ്ടിയിരിക്കുന്നതുകൊണ്ടും ആ ജോലി കയ്യേൽക്കുന്നതിനു പ്രയാസമായതുകൊണ്ടും പട്ടിക തയ്യാറാക്കുന്നതിനു നിവൃത്തിയില്ലെന്നു ഗവണ്മെൻറ് വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു.

മി: കൗണ്ട് പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഈ മാതിരി ഉദ്യോഗസ്ഥന്മാർ ഡിപ്പാർട്ടുമെൻറിൽ ഉണ്ടോ എന്നു എനിക്കു പറഞ്ഞുതരാമോ?

മി: പി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സിക്രട്ടറി): ആവിവരം ഇവിടെ ഇല്ല.

മി: എസ്. പിള്ള പി. പ്പുരാമപിള്ള (കുമ്പഡപും വ്യവസായവും, ഡെക്ക്): ഞാൻ നടപടിക്രമത്തിനപേക്ഷിക്കുന്നു. സമയം രണ്ടുമണിക്കൂറായി വരുന്നതിനാൽ ഇപ്പോൾ നിർത്തിവെക്കേണ്ടതാണെന്നു തോന്നുന്നു.

സഭ രണ്ടുമണിക്കു വീണ്ടും ചേരുന്നതിനായി പിരിഞ്ഞു.

ചോദ്യം. മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): (എ) സിവിൽകോടതികളിൽ വിസ്താരമധ്യേ കൊടുക്കുന്ന എല്ലാ അപേക്ഷകളും സത്യപ്രാംഗ്മൂലത്തേടുകൂടിയാണോ മുമ്പുള്ള ചട്ടം ഇന്നുമുതൽ വളരെ വലിയ ഭാരമായിരിക്കുന്നു എന്നുള്ള വിവരം ഗവണ്മെൻറിനു അറിയാമോ എന്നും,

(ബി) സത്യപ്രാംഗ്മൂലം ഹാജരാക്കുവാൻ സത്യംചെയ്യിക്കുന്നതിനു ഒരു കക്ഷിയും ഫീസു മുതലായതിനു അധികാരപ്പെടുത്തിയിട്ടുള്ളവരിൽ ചിലർ ഫീസ് വാങ്ങുന്നതായി അറിയാമോ എന്നും ഗവണ്മെൻറ് ദയവായി പറയുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സിക്രട്ടറി): (എ)-ഉം (ബി)-ഉം മറുപടി പ്രതികൂലമാണ്.

(സി) ഗവണ്മെൻറിനു അറിവില്ല.

മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): സിവകുപ്പിൻറെ മറുപടിയെസംബന്ധിച്ചു സത്യപ്രാംഗ്മൂലം വാങ്ങിക്കുന്നവർ ഫീസുവാങ്ങുന്നുണ്ടോ ഇല്ലയോ എന്നു ഗവണ്മെൻറു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നു എന്നെ അറിയിക്കുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സിക്രട്ടറി): ഇല്ല.

മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): അന്വേഷണം നടത്തണമെന്നു ഗവണ്മെൻറിനോടു ശുപാർശ ചെയ്യുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി): എനിക്കു പറയാൻ നിവൃത്തിയില്ല.

ജനറൽ ആസ്പത്രിയിൽ ശസ്ത്രക്രിയയ്ക്കു വാങ്ങിയ ചില ഉപകരണങ്ങളുടെ വില.

ചോദ്യം. മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള. എ) ഡോക്ടർ കെ. പി. രാമൻപിള്ളയെ ജനറൽ ആസ്പത്രിയിൽ നിയമിച്ച കാലത്തു ശസ്ത്രക്രിയകളുടെ സൗകര്യാർത്ഥം വരുത്തുന്നതിനു ചിലവാക്കിയ തുക എന്തെന്നും,

(ബി) ആ സാമഗ്രികൾ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ടോ ഇല്ലയോ എന്നും ഗവണ്മെൻറിനു ദയവുചെയ്തു പറയുമോ?

മറുപടി. മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സിക്രട്ടറി): (എ)

പൌ.	ക്വി.	പൈ.
൪൪൫	൫൪	൭

(ബി) ഉണ്ട്.

മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഈ ആയുധങ്ങളുടെ ഉപയോഗിക്കുന്ന നിർമ്മാതാക്കന്മാരുടെ പേർ എനിക്കു പറഞ്ഞുതരാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സിക്രട്ടറി): ആവിവരം ഇവിടെ ഇല്ല.

മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഈ ആയുധങ്ങൾ ഉപയോഗിച്ചു കൊണ്ടിരുന്നവിൽഗ്രൻസ് സ്റ്റർ കെ. പി. രാമൻപിള്ള ആയിരുന്നു. അദ്ദേഹത്തെ അവയെ ഉപയോഗിക്കുന്നതിനുള്ള ഡോക്ടറന്മാർ ഇപ്പോൾ ജനറൽ ആസ്പത്രിയിൽ ഉണ്ടോ ഇല്ലയോ എന്നു പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സിക്രട്ടറി): അവയെ ഉപയോഗിക്കുന്നതിനു സാമർത്ഥ്യമുള്ള ഡോക്ടറന്മാരുണ്ട്.

മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): അവരുടെ പേരുകൾ എനിക്കു പറഞ്ഞുതരാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സിക്രട്ടറി): മെമ്പറിനു അത്യുത്സുകതയുണ്ടെന്നു കാണുന്നപക്ഷം മെഡിക്കൽ സർവീസു ഓഡ്മിനിസ്ട്രേറിവ് ബോർഡിൽ നിന്നും പേരുകൾ എഴുതിവാങ്ങുന്നതായിരിക്കും.

ജയിൻറ സ്റ്റാക്ക കമ്പനികൾ പൊളിയുന്നതിനെപ്പറ്റി.

൨൯. മി: കൗണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എ) ഫാൻസു മുതൽ ഫ്രാൻസു വരെയുള്ള കൊല്ലങ്ങളിലായി പൊളിഞ്ഞിട്ടുള്ള ജയിൻറ സ്റ്റാക്ക കമ്പനികളുടെ എണ്ണം എത്രയെന്നും

(ബി) പൊളിയുന്നതിനുള്ള കാരണങ്ങളെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ എന്നും

(സി) അതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നും ഗവണ്മെൻറ് ദയവായി പറയുമോ?

മറുപടി. മി: പി. എൻ കുഞ്ഞുപിള്ള (ഗവണ്മെൻറ് സിക്രട്ടറി): (എ) ഫാന്വ

(ബി) മറുപടി പ്രതികൂലമാകുന്നു.

(സി) ഈ സംഗതിയെപ്പറ്റി പ്രത്യേകമായ ഒരു അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല.

കൊല്ലം താലൂക്കിലെ മൈനർ ഇറിഗേഷൻ വർക്സ്.

1010 കണ്ടിപ്പുള്ളിക്കര ഗവൺമെന്റ് ഹൈസ്കൂൾ (കൊല്ലം): (എ) കഴിഞ്ഞ മേടത്തിൽ കൊല്ലം താലൂക്കിലെ ചില സ്ഥലങ്ങളിലായി മൈനർ ഇറിഗേഷൻ വർക്സിനു വേണ്ടി ചില പരിശോധനകൾ നടത്തിയിട്ടുള്ളതായി ഏതു തീയതിയിലാണ് അറിയിപ്പുണ്ടായിട്ടുള്ളത്;

(ബി) ശ്രീമൂല രാജസേതുവിനു കിഴക്കു നിന്നു പടിഞ്ഞാറോട്ടോ മറ്റോ കൊല്ലത്തെ ഇറിഗേഷൻ വർക്സിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്നും

(സി) ഇല്ലെങ്കിൽ അങ്ങനെ ഒരുദ്യോഗസ്ഥനെ നിയമിക്കണമെന്നു ഗവണ്മെന്റിനു ഉദ്ദേശമുണ്ടോ എന്നും ഗവണ്മെന്റിന്റെ മറുപടി എന്ത്?

മി: ഡി. പി. രാമസ്വാമയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): (എ) ഇല്ല.

(ബി) ഉണ്ട്. കഴിഞ്ഞ മീനത്തിൽ കൊല്ലം ഡിവിഷനിലെ മൈനർ ഇറിഗേഷൻ വർക്കുകളെപ്പറ്റി അന്വേഷണങ്ങൾ നടത്തുന്നതിനു ഒരു സൂപ്രണ്ടിനെ നിയമിച്ചു. അയാൾ ഓരോ താലൂക്കിലായി അന്വേഷണം നടത്തുകയാണ്. അയാളോടു താൻ ചില കൊല്ലം താലൂക്കുകളിൽ പോവു ചെയ്യുന്നതിനു ചട്ടം കെട്ടണമെന്നു ചീഫ് എഞ്ചിനീയർ ഡിവിഷൻ ആഫീസർക്കു ഉത്തരവു കൊടുത്തിട്ടുണ്ട്.

(സി) ഇതിന്റെ ആവശ്യമില്ല.

പത്തൻകുണ്ണ

1011. മി: ടി. കുമാരപിള്ള (കുന്നുകളും റിപ്പോർട്ടും): (എ) മഴക്കാലത്തു പുത്തൻ അണയുടെ മൽപ്രയത്നം നിന്നും ചെളി ആണ്ടു തോറും മാറ്റുന്ന പതിവുണ്ടോ എന്നും

(ബി) 1011-ൽ ചെളി വാരികളഞ്ഞിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ഗവണ്മെന്റിനു ദയവായി പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): (എ) ആവശ്യമുള്ളപ്പോളെല്ലാം ചെളിവാരിക്കളയാറുണ്ട്.

(ബി) ചോദ്യത്തിന്റെ ഒന്നാംഭാഗത്തിനു മറുപടി അനുകൂലമാകുന്നു. അതു കൊണ്ടു രണ്ടാം ഭാഗം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വണ്ണാർ സമുദായത്തിൽ യോഗ്യതയുള്ള പെൺകുട്ടികളുടെ വാദ്ധ്യാരുദ്യോഗത്തിനുള്ള അപേക്ഷകളെപ്പറ്റിയുള്ള തീരുമാനങ്ങൾ.

1012. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറിൻകര): (എ) തിരുവിതാംകൂറിൽ വെർണാക്യുലർ സ്കൂൾ ലീവിംഗ് പരീക്ഷയോ വെർണാക്യുലർ ഫയർ പരീക്ഷയോ ജയിച്ചിട്ടുള്ള വണ്ണാർ സമുദായത്തിലുള്ള പെൺകുട്ടികളുടെ എണ്ണം എത്രയെന്നും

(ബി) അവരുടെ പേരും പരീക്ഷ ജയിച്ചതായ തുകയും

(സി) അവരിൽ ആരെങ്കിലും വാദ്ധ്യാരുദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ടോ എന്നും

(ഡി) അപ്രകാരമുള്ള അപേക്ഷകളുടെ ഫലം എന്താണെന്നും ഗവണ്മെന്റിനു ദയവായി പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ്സിക്രട്ടറി): മെംബർ ചോദിച്ചതു കൊണ്ടുള്ള വിവരങ്ങളാണ് ആവശ്യമുള്ളതെന്നു കാണിച്ചിട്ടില്ലാത്തതിനാൽ മറുപടി പറയുന്നതിനു നിവൃത്തിയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറിൻകര): സമയകാലങ്ങൾ ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരീക്ഷ നടപ്പിൽ വന്ന കാലം മുതൽക്കുള്ള വിവരങ്ങളാണ് ആവശ്യപ്പെടുന്നതു് എന്നു ചോദ്യത്തിൽനിന്നു കാണാവുന്നതാണ്. ഞാൻ ആവശ്യപ്പെട്ട വിവരങ്ങൾ തരാമോ?

മി: ടി. പി. രാമസ്വാമയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഏതു തീയതി മുതൽ ഏതു കാലത്തേക്ക്?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറിൻകര): പരീക്ഷ നടപ്പിൽ വന്നതു മുതൽ എല്ലാ കൊല്ലത്തേക്കും.

മി: ടി. പി. രാമസ്വാമയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അങ്ങിനെയാണെങ്കിൽ അതു ഒരു പുതിയ മാതിരി ചോദ്യമാണ്. മുൻകൂട്ടി അറിവു തരേണ്ടിയിരുന്നു. ഇപ്പോഴത്തെ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു.

കിടാരക്കുഴി വെർണാക്യുലർ പ്രൈമറി പെൺപള്ളിക്കൂടം

1013. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറിൻകര): (എ) കിടാരക്കുഴി വെർണാക്യുലർ പ്രൈമറി പെൺപള്ളിക്കൂടം എന്നു മുതലാണ് നടത്തി തുടങ്ങിയതു എന്നും

(ബി) അതൊരു മിഡിൽസ്ക്കൂൾ ആക്കണമെന്നു സ്ഥലനിവാസികളുടെ അപേക്ഷകൾ വന്നിട്ടുണ്ടോ എന്നും

(സി) പള്ളിക്കൂടം ഇരിക്കുന്ന സ്ഥലവും കെട്ടിടവും നാടാർ സംഘം വകയും അവർ തൽക്കാലത്തേക്കു മാത്രം ഗവണ്മെന്റിനെ ഏല്പിച്ചിട്ടുള്ളതുമാണോ എന്നും

(ഡി) ഈ മൈൽ ചുറ്റളവിൽ പെൺകുട്ടികൾക്കു പഠിക്കുന്നതിനു ഇതൊരു പെൺപള്ളിക്കൂടം മാത്രമേയുള്ളൂ എന്നു ഗവണ്മെന്റിനറിയാമോ എന്നും

(ഇ) മേൽ ക്ലാസുകൾ കൂട്ടിച്ചേർത്തു പള്ളിക്കൂടം നടത്തുന്നതിനുള്ള അനുവാദത്തോടുകൂടി പള്ളിക്കൂടം അവർക്കു വിട്ടു കൊടുക്കണമെന്നു നാടാർ സംഘം ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും ഗവണ്മെന്റിനു ദയവായി പറയുമോ?

മ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): (ഒ) കരുതി ഇടവരുന്നു.

(ബ) ഉണ്ട്.

(സി) ലഭിക്കുന്ന ഉള്ളടക്കത്തെ ആധാരമാക്കിയുള്ള നടപടിയെടുക്കുന്നതിനെ സ്ഥലവും കെട്ടിടവും കേരളീയ നായർ സംഘം സംരക്ഷിച്ചു വരുന്നതിനുള്ള ട്രസ്റ്റിമാരുടെ പ്രവർത്തനം തന്നിട്ടുള്ളതാണ്.

(ഡി) ആരുടെയെങ്കിലും പേരിൽ ഈ കാര്യത്തിൽ പ്രത്യേകം ഉത്തരവുകൾ ഉള്ളതല്ല.

(ഇ) ഉണ്ട്.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഡിവിഷനിന്റെ മറുപടിയെ സംബന്ധിച്ചിടത്തോളം നെയ്യാറ്റിൻകര താലൂക്കിലുള്ള പല പള്ളിക്കൂടങ്ങളിലേയും ഹെഡ്മാസ്റ്റർമാർ ഹാജരാകുന്നില്ലെന്നുള്ള പരാതി ശരിയാണോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനും ഡിസ്ട്രിക്ട് എഡ്യുക്കേഷണൽ ഓഫീസറും ഈ കാര്യത്തിനെക്കുറിച്ചുള്ള പല പള്ളിക്കൂടങ്ങളിൽ ചിലതു ശ്രദ്ധയിലുണ്ട്.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഇപ്പോൾ ഓരോ പള്ളിക്കൂടവും മുൻപറഞ്ഞ പള്ളിക്കൂടങ്ങൾ അടക്കം എത്ര അകലത്തിലാണ്?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): ഈ കാര്യത്തിനെക്കുറിച്ചു.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സൂക്ഷ്മമായ കണക്കു പിന്നീടായാലും എനിക്കു പറഞ്ഞുതരാമോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): അതു തരുവാനുള്ള വേറെ ഒരു പള്ളിക്കൂടവും ഇപ്പോഴുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഞാൻ തരുവാനുദ്ദേശിക്കുന്നു. ഈ പള്ളിക്കൂടങ്ങളോടു ചേർന്നും ഇനസ്പെക്ടർ തന്നിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ചു സൂക്ഷ്മമായ അറിവു എനിക്കില്ല.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നാടാർ സംഘത്തിന്റെ അപേക്ഷ അനുസരിച്ചു എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നു എനിക്കു അറിയിക്കാമോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): ഉണ്ട്. അതിനെപ്പറ്റി വിദ്യാഭ്യാസ മേലധ്യക്ഷനോടു ചോദിച്ചു നടപടിക്കൊണ്ടിരിക്കയാണ്.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഒരു നിശ്ചയവും ആയിട്ടില്ലയോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): ഇല്ല.

മലയാളം ആൺപള്ളിക്കൂടങ്ങളിൽ ഹെഡ്മാസ്റ്റന്മാരുടെ നിയമനം.

*൪൫൪. ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (ഒ) :ആൺപള്ളിക്കൂടംഡിപ്പാർട്ടുമെന്റിൽ സർവ്വീസ് ക്ലാസിയവർ ഉണ്ടായിരുന്നപ്പോഴും മലയാളം ആൺപള്ളിക്കൂടങ്ങളിൽ ഹെഡ്മാസ്റ്റന്മാരായി കയറാതെ കൊടുക്കേണ്ടതു പെൺപള്ളിക്കൂടത്തിലേയ്ക്കു വേണമെന്നു എങ്കിലും ഉത്തരവു ഗവണ്മെന്റോ വിദ്യാഭ്യാസമേലധ്യക്ഷനോ കൊടുത്തിട്ടുണ്ടോ എന്നും

(ബി) ഒന്നാംഭാഗത്തിനു മറുപടി അനുകൂലമാണെങ്കിൽ ആ വ്യവസ്ഥ ഗവണ്മെന്റു വകുപ്പുനേതി നു ഉദ്ദേശിക്കുന്നുണ്ടോ എന്നും പറയുന്നതിനു ഗവണ്മെന്റിനു ഭയവുണ്ടോകാരണമാ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സിക്രട്ടറി): (എ) മറുപടി പ്രതികൂലമാകുന്നു.

(ബി) (എ) വകുപ്പിന്റെ മറുപടിയിൽനിന്നും ഈ ചോദ്യത്തിന്റെ ആവശ്യമില്ലെന്നു കാണാം.

കോട്ടുകാൽ ചാനൽ, നെയ്യാറ്റിൻകര.

*൪൫൫. ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര താലൂക്കിൽ കോട്ടുകാൽ ചാനലിനെപ്പറ്റി താഴെ പറയുന്ന വിവരങ്ങളും തരുന്നതിനു ഗവണ്മെന്റിനു ഭയവുണ്ടോമോ?

(എ) അതു പണിചെയ്തു തീർക്കുന്നതിലേക്കു നടത്തിയ വേലകൾ,

(ബി) അതു ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നോഎന്നും

(സി) ബി. വകുപ്പിനുള്ള മറുപടി പ്രതികൂലമാണെങ്കിൽ നിറുത്തുന്നതിനുള്ള കാരണങ്ങളോടുകൂടി മുഴുവൃത്താന്തവും നിറുത്തിഎന്നും

(ഡി) ഇതുവരെ എത്രചിലവായിട്ടുണ്ടെന്നും പൂർത്തിയാക്കുന്നതിനുഎത്രവേണ്ടിയുണ്ടെന്നും,

(ഇ) അതു പൂർത്തിയാക്കാത്തതുകൊണ്ടുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങളെപ്പറ്റി ഗവണ്മെന്റിനറിയാമോ എന്നും.

(എഫ്) അതുപൂർത്തിയാക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ എന്നും

ശ്രീ: ടി. പി. രാമസുബ്ബയ്യർ (അക്കൗണ്ടന്റ് ജനറൽ ചീഫ് സെക്രട്ടറി): (എ) ചാനലിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞു എന്നു റിപ്പോർട്ടുവന്നിട്ടുണ്ട്.

(ബി) യും സി. യും. എ. വകുപ്പിന്റെ മറുപടിയിൽനിന്നും ഈ ചോദ്യങ്ങൾക്കു അവകാശമില്ലെന്നു കാണാവുന്നതാണ്.

(ഡി) എസ്റ്റിമേറിൻപടി മൊത്തം ചിലവു ൨൨൫൪൪ രൂപായാണ്.

(ഇ) യും എഫ്. ഏവകുപ്പിന്റെ മറുപടിയിൽനിന്നും ഇതിന്റെ ആവശ്യമില്ലെന്നുകാണാവുന്നതാണ്

പെരുങ്കടവിളയിൽ ഒരു രജിസ്റ്റർകച്ചേരി ഏർപ്പെടുത്തുന്നതിനെപ്പറ്റി

*൪൫൬. ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എ, നെയ്യാറ്റിൻകരതാലൂക്കിൽ പെരുങ്കടവിള എന്നസ്ഥലത്തു് ഒരു രജിസ്റ്റർകച്ചേരി വേണമെന്നു അവിടെയുള്ള ജനങ്ങളുടെ അപേക്ഷയോ പരാതിയോ കിട്ടിയിട്ടുണ്ടോ എന്നും

(ബി) അതിനെ പറ്റി അന്വേഷണം നടത്തുന്നുണ്ടോ എന്നും പറയുന്നതിൽ ഗവണ്മെന്റിന് മടിയുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി):(എ) ഉണ്ട്.

(ബി) ഇപ്പോഴത്തെ സ്ഥിതിക്ക് പെരുങ്കടവിളയ്ക്ക് രജിസ്ട്രർകച്ചേരിയുടെ ആവശ്യമില്ലെന്ന രജിസ്ട്രേഷൻ ഡയരക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉദ്യോഗസ്ഥർക്കുള്ളതരം കുളത്തൂർ ചാവടിറോഡ്.

*൪൭൭. മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകരെ ഉദ്യോഗസ്ഥർക്കുള്ളതരം കുളത്തൂർ ചാവടിറോഡിനെസംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ പറയുന്നതിന് ഗവണ്മെന്റിന് മടിയുണ്ടാകുമോ?

(എ) കുളത്തൂർ ചാവടിക്കുസമീപമുള്ള തോട്ടിന് പാലമില്ലാത്തതുകൊണ്ട് ജനങ്ങൾ വളരെ കഷ്ടപ്പെടുന്ന എന്ന ഗവണ്മെന്റിനറിയാമോ?

(ബി) ആസ്ഥലത്തേയ്ക്ക് ഒരു പാലം അനുവദിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സിക്രട്ടറി) (എ) ഗവണ്മെന്റിന് അറിവില്ല. തന്നെമറിച്ചു ചോദിക്കാത്തതായതുകൊണ്ട് അങ്ങനെയുള്ള വിവരമൊന്നും റിപ്പോർട്ടുകിട്ടിയിട്ടുണ്ട് ബി. ഇല്ല.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): എം. വകുപ്പിന്റെ മരാമത്തുപണിയെസംബന്ധിച്ച് ആറിപ്പോർട്ടു അയച്ച ഉദ്യോഗസ്ഥന്റെ പേരെന്താണെന്നു എന്നെ അറിയിക്കാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സിക്രട്ടറി): ഏതുറിപ്പോർട്ട്? തോട്ടുകടക്കുന്നതിനുള്ള പാലത്തിനെപ്പറ്റിയാണോ?

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): അതേ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സിക്രട്ടറി): പി. ഡബ്ല്യു. ഡിയെസംബന്ധിച്ചു ഗവണ്മെന്റിനുള്ള അറിവ് ചീഫ് എൻജിനീയരിൽനിന്നുമാണ്. റിപ്പോർട്ട് ചീഫ് എൻജിനീയരുടെതാണ്.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): സ്ഥലപരിശോധനനടത്തിയ ഉദ്യോഗസ്ഥന്റെ പേരെന്താണെന്നു എന്നിക്കു പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സിക്രട്ടറി): ഉത്തരം ചീഫ് എൻജിനീയരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ്. കീഴ്ദ്യോഗസ്ഥന്റെ റിപ്പോർട്ട് ഗവണ്മെന്റിന്റെ കൈപോശംഇല്ല.

വ്യവസായഡിപ്പാർട്ടുമെന്റിലെ ശുഗർശാസ്ത്രപകുപ്പ്.

൪൭൮. മി. എൻ. കെ കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): വ്യവസായഡിപ്പാർട്ടുമെന്റിലെപ്പറ്റി ത.ഴെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഗവണ്മെന്റ് മറുപടിപറയുമോ?

(എ) ശുഗർശാസ്ത്രപകുപ്പുകൊണ്ടു പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ളഗുണം എന്താണ്.

(ബി) ഉദ്യോഗസ്ഥന്മാരുടേയും സിക്രട്ടറിമാരുടെയും പേരുകയും ഉൾപ്പെടെ ൧൯൦൦-൧൯൧൦ വരെ കഴിഞ്ഞ പത്തുകൊല്ലങ്ങളിലായി ആകെചിലവായതുക എത്ര.

(സി) മേലാൽ ജീയോളജിക്കൽ അസിസ്റ്റന്റിന്റെ ആവശ്യമില്ലെന്ന ഗവണ്മെന്റ് തീരുമാനിച്ചിട്ടില്ലയോ?

(ഡി) ഉടനെകൽ ജീയോളജിക്കൽ അസിസ്റ്റന്റിന്റെ സിൽബന്ധികർക്ക് എന്തുജോലി കൊടുക്കാനാണ് ഗവണ്മെന്റുദ്ദേശിക്കുന്നത്.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): (എ) വ്യവസായഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരിൽ ശുഗർശാസ്ത്രവകുപ്പിനെസംബന്ധിച്ചുള്ള ഓരോ വായിച്ചുനോക്കുന്നതിനു മെമ്പറിനോട് ആവശ്യപ്പെട്ടുകൊള്ളുന്നു.

(ബി) ശ്രദ്ധ ൧൩൨-കു

(സി) ഈപ്പോഴത്തെസ്ഥിരക്കാരൻ ഒരുകൊല്ലത്തെ അവധിയിലാണ്. ആ ഒഴിവിൽ ആളുകൂടണമെന്നുദ്ദേശിക്കുന്നില്ല.

(ഡി) സിൽബന്ധികൾ തെക്കൻതിരുവിതാംകൂർ ട്രിക്കിടിയിൽ വെള്ളമുള്ളസ്ഥലങ്ങൾ അളക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കയാണ്.

അനുബന്ധം

൧൩൨-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

കോതയാർ പ്രോജക്ട് ഡിവിഷൻ.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി കോതയാർ പ്രോജക്ട് ഡിവിഷനിൽ റോഡുകൾ വെട്ടുന്നതിനു അനുവദിച്ചതും ചെലവായ മാ ത്രകകളെ കാണിക്കുന്നപട്ടിക.

നമ്പർ	ആണ്ട്	ബഡ്ജറ്റിൽ അനുവദിച്ചതു്	ചിലവായതുക	റിമാർക്ക്
		ശ്രീ.	റോഡുകൾ വെട്ടുന്നതിനു	
൧	൧൯൦൬	൩൫൭൦	൪൦൯൯	
൨	൧൯൦൭	൪൪൩൦	൩൮൩൩	
൩	൧൯൦൮	൪൪൪൦	൪൨൦൪	
൪	൧൯൦൯	൪൪൬൦	൩൯൪൬	
൫	൧൯൧൦	൪൩൨൩൦	൪൪൩൨	

സംബന്ധത്തെ ഗ്രാമങ്ങളിൽ പോകുന്നതിനുള്ള മുന്നുകൂടം ഒഴിവാക്കുന്നതിനു.

നമ്പർ	ആണ്ട്	ബഡ്ജറിൽ അനുവദിച്ചതു	ചിലവായതു	നിരക്ക
ക	൧൮൭൫	൩൫൦൦	൩൫൭൯	
ഖ	൧൮൭൬	൩൦൫൦	൨൫൩൯	
ന	൧൮൭൭	൨൦൦൦	൧൩൭൪	
ഘ	൧൮൭൮	൫൫൦൦	൪൪൭൭	
ങ	൧൮൭൯	൨൭൩൦	൨൪൭൨	

നടപടി മാറിവയ്ക്കുന്നതിനുള്ള മോഷൻ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): പൊതുജനങ്ങൾക്കു ഏറ്റവും പ്രധാനപ്പെട്ട ഒരു നിർദ്ദിഷ്ടവിഷയത്തെപ്പറ്റി പ്രതിവാദിക്കുന്നതിനു സഭാനടപടികളെ മാറിവയ്ക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

(ഇതുകഴിഞ്ഞു മോഷനെപ്പറ്റി എഴുതിയതൊട്ടിസു അദ്ധ്യക്ഷനെ ഏൽപിച്ചു).

അദ്ധ്യക്ഷൻ: മി: പിറവിപ്പെരുമാൾപിള്ളയുടെ, നിങ്ങളുടെ ഉപക്ഷേപം അവസരോചിതമല്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. ഏതുകൊണ്ടെന്നാൽ ആലോചനയ്ക്കെടുക്കണമെന്നു നിശ്ചയിച്ചു മുന്നറിവു് അല്പമേ തരുന്നുള്ളൂകൊടുത്തിട്ടുള്ള ഒരുകാര്യം മുൻകൂട്ടി വേണമെന്നു നിങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണു്. സപ്ലിമെൻററി ഡിമാൻഡിനെപ്പറ്റി പ്രതിവാദിക്കണമെന്നു നിങ്ങൾ ഒരുനോട്ടീസുകൊടുത്തിരിക്കേ അതുസംബന്ധിച്ചു വേറെ ഒരു മോഷൻകൊണ്ടുവരുന്നതിനു നിങ്ങൾക്കു അവകാശമില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): അതിനുസമ്മതനായി ഞാൻ ഒരു വസ്തുതയറിയിച്ചുകൊള്ളട്ടെയോ? അതായതു ഡിമാൻറിനെപ്പറ്റിയാണു്. ഗവണ്മെൻറു നിയമസഭയുടെ അനുമതിക്കുടാതെ ചിലവുകൾ നടത്തിയതിൽ സഭയുടെ അവകാശങ്ങളെ ആക്രമിച്ചിരിക്കുന്നു എന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി ഒരു മോഷൻ ഹാജരാക്കുന്നതിലേയ്ക്കാണു് നടപടികളെ മാറിവയ്ക്കണമെന്നു ഞാൻ അപേക്ഷിച്ചിട്ടുള്ളതു്. അതൊരുപ്രത്യേക വിഷയമാണു്.

മി: കയ്യാല പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടറിമാർ): അങ്ങിനെയാണെങ്കിൽ അതിനു വേറൊരു തടസ്ഥം ഉണ്ടെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പ്രമേയങ്ങൾ ഹാജരാക്കാൻ പാടില്ലാത്ത ഒരുവിഷയത്തെസംബന്ധിച്ചു നടപടി മാറിവയ്ക്കുന്നതിനു ഒരു മോഷൻകൊണ്ടുവരുവാൻ പാടില്ല. സഭയുടെ അവകാശങ്ങളെപ്പറ്റി ഒരു പ്രമേയം ഹാജരാക്കുന്നതുതല്ല എന്നു എനിക്കുതോന്നുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): നിയമസഭയുടെ അനുവാദം കൂടാതെ പുസ്തകങ്ങൾ അച്ചടിക്കുന്നതിനു ദ്രുപാ ൪൦൦൦ ചിലവാക്കിയതിൽ ഗവണ്മെൻറു സഭയുടെ അധികാരങ്ങളേയും അവകാശങ്ങളേയും ആക്രമിച്ചിരിക്കുന്നു എന്നുള്ളതിനെപ്പറ്റിമാത്രമാണു് ഈ പ്രമേയം എന്നു ഞാൻ ധരിപ്പിച്ചുകൊള്ളുന്നു. അതിനെപ്പറ്റി ഒരു പ്രമേയം ഹാജരാക്കാവുന്നതാണു്.

അദ്ധ്യക്ഷൻ: ൧൯-ാം ചട്ടം ൪-ാം വകുപ്പുപ്രകാരമുള്ള പ്രതിബന്ധം മുൻകൂട്ടലിനെമാത്രമല്ല പണ്ഡിതനായ ലാമെംബർ പറഞ്ഞതായ സംഗതിയേയും ബന്ധിക്കുന്നതാണു്. സൂക്ഷ്മമായി വിളങ്ങിക്കാതെ നോക്കുന്നതായാൽ മറെറസംഗതികൾ എല്ലാം ഒന്നുതന്നെയാണു്. കൂടുതൽ അനുവാദത്തിനുള്ളൂക അതുതന്നെയാണെങ്കിൽ അതിനു വോട്ടുവാങ്ങി കൊടുക്കേണ്ടതാണു. അല്ലാതെയുള്ള അപേക്ഷയിൽ പ്രതിവാദിക്കുന്നതാണു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): സർ, ഒരുകാര്യം.

അദ്ധ്യക്ഷൻ: നിങ്ങളുടെ പ്രമേയം ചട്ടവിരുദ്ധമായിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു, അതു അദ്ധ്യക്ഷൻറെ അഭിപ്രായമാണു.

മേശപ്പുറത്തു വച്ചിട്ടുള്ള സ്റ്റേറുമെൻറു.

മി: കെ. എൻ. രാമസ്വാമയ്യർ (ഗവണ്മെൻറു സൈനാൻസ്സ്രക്രട്ടറി): ൧൯൭൭ലെ രണ്ടാമത്തെ റഗുലേഷനായ നിയമസഭാ റഗുലേഷൻ കന്യാംവകുപ്പു൯-ാമത്തെ ക്ലോസിരിവിൻപ്രകാരം ഗവണ്മെൻറുമതി സിദ്ധിച്ചുള്ളതും താഴെക്കാണിച്ചിരിക്കുന്നതുമായ ചിലവിനുള്ള പട്ടികയിയമസഭാ ചട്ടം ൪൫-ാം വകുപ്പനുസരിച്ചു ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

ഇനം	തുക	വിവരങ്ങൾ
	രൂ.	
ഡിമാൻഡ് ക പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറ	ക, രേ, ൦ ൦ ൦	പള്ളിവാസൽ-ദേവികുളം റോഡു വെട്ടുന്നതിലേക്ക്
ഡിമാൻഡ് ൻ ജനറൽ അഡ്മിനിസ്ട്രേഷൻ. സി. നിയമസഭ	ര, ൪ ൦ വ	ലെജിസ്ലേറ്റിവ് കൌൺസിൽ എലക്ട്രാറൽ റോൾ തയ്യാറാക്കുന്നതിനു വേണ്ട സിൽബന്ധികളെ നിയമിക്കുന്നതിന്.
ഡിമാൻറ ക൪ കെമിക്കൽ എക്സാമിനറുടെ ആഫീസ്	വ, ൦ ൦ ൦	പ്ലേഗ് നിവാരണം ചെയ്യുന്നതിലേക്കുള്ള ചിലവിലേക്ക്
ഡിമാൻറ വക പലവക	ക, ൦ ൦ ൦	കൊല്ലം കടപ്പുറത്തു അഗ്നിബാധ ഉണ്ടായതു സംബന്ധിച്ചു പൊതുജനരക്ഷയ്ക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിലേക്ക്.
ടി	ഉ൪ന	കൊച്ചി കൊച്ചിൻ-മുതൽ മുന്നു മാസത്തേക്കു തൊഴിച്ചില്ലായ്മക്കമ്മീഷണർ അദ്ധ്യക്ഷന്റെ ആഫീസ് സിൽബന്ധികളുടെ ശമ്പളം കൊടുക്കുന്നതിലേക്ക്.
ടി	നവ ൭	മൺറോ തുരുത്തു കമ്മീഷണർ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം, സഞ്ചാരബത്ത, പലവകച്ചിലവ് ഇവ കൊടുക്കുന്നതിലേക്ക്.

കൂട്ടത്തിൽ അനുവദിക്കുന്നതിനുള്ള ഡിമാൻറുകൾ.

ഡിമാൻറ നമ്പ൪ മെഡിക്കൽ ഡിപ്പാർട്ടുമെൻറ്.

മിസ്സസ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): സർ, മെഡിക്കൽഡിപ്പാർട്ടുമെൻറിലേക്ക് നമ്പ൪ മേത്തെ ഡിമാൻറ് എന്ന ഇനത്തിൽ വ,൨൪ ക രൂപായിൽ കവിയാത്ത ഒരു തുക കൂട്ടത്തിലായിട്ടു വേണമെന്നു ഞാൻ ഒരു പ്രത്യേകം ഹാജരാക്കിക്കൊള്ളുന്നു. ഇതു മൂന്നു ഇനങ്ങളിലായി ചിലവു ചെയ്യുന്നതിലേക്കാണ്. ഒന്നാമത്തേതു തിരുവനന്തപുരം ജനറൽ ആസ്പത്രിയിലെ പുതിയ വാർഡുകളിലേയും കൊല്ലം വിക്ടോറിയ ആസ്പത്രിയിലേയും ആവശ്യങ്ങൾക്കായി കട്ടിൽ മുതലായ സാമാനങ്ങൾ വാങ്ങുന്നതിനും നന്നാക്കുന്നതിനുമായിട്ടാണ്: ഇതിൻറ വില ൧൫,൦൦൦ രൂപായാണ്. ഈ തുക ഇതിനു മുൻപു അനുവദിച്ചിട്ടുള്ള മരുന്നുമാനങ്ങൾ വാങ്ങുന്നതിനു കഴിഞ്ഞ ബഡ്ജറ്റ് യോഗത്തിൽ ൨൫,൦൦൦ രൂപാ അനുവദിച്ചതിൽ ഉൾപ്പെട്ടിട്ടുള്ളതാണ്, ഇതിൽ ചില സാമാനങ്ങൾ അയച്ചുതരുന്നതിന് ബാംബെയിലും മദ്രാസിലുമുള്ള ചില കമ്പനിക്കാർക്കു ഏൽപിച്ചു അയച്ചിട്ടുണ്ട്. എന്നാൽ ഈ കമ്പനിക്കാർക്ക് സാമാനങ്ങൾ സമയത്തിന് അയച്ചുതരുന്നതിനു സാധിച്ചില്ല. ആ തുക ചിലവാകാതെ ലാപ്സു ചെയ്തുപോയി. സാമാനങ്ങൾ ഇപ്പോൾ വന്നിട്ടുള്ളതുകൊണ്ടു അവയ്ക്കു വില കൊടുക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് കൂട്ടത്തിൽ പണത്തിനു് ആവശ്യപ്പെട്ടിരിക്കുന്നത്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): നന്നാക്കുവാൻ കൊടുത്തയച്ചിട്ടുള്ള മരുന്നുകൾ ആസ്പത്രികളിലേക്കും ഡിസ്പെൻസറികൾക്കും വരുത്തി കൊടുത്തുകഴിഞ്ഞോ?

മിസ്സസ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): കൊടുത്തു.

മ: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എന്തുകൊണ്ടാണ് ഇക്കൊല്ലം പുതുതായി അനുവദിച്ച ഏഴു ഡിസ്പെൻസറികൾക്കും ഇരുപതിനായിരം അല്ലെങ്കിൽ എത്രയെണ്ണം ഇറക്കുമതി, എന്നും പറയുമോ?

മി: കുഞ്ഞുപരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി): സർ, ഞാൻ നടപടിക്രമത്തിനുവേണ്ടി ചോദിച്ചുകൊള്ളുന്നു. ഈ ചോദ്യത്തിനും മിസ്സസ് ലൂക്കോസിനും ഡിമാൻറിനും തമ്മിൽ യാതൊരു ബന്ധവുമില്ല. അവർ പ്രതിപാദിക്കുന്ന വിഷയത്തെപ്പറ്റി മെമ്പറിനു എന്തു വേണമെങ്കിലും ചോദിക്കാം. ഡിസ്പെൻസറികൾ ഏർപ്പെടുത്തുന്ന വിഷയം ഡിമാൻറിൽ ഉൾപ്പെട്ട ഇനമല്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അവർ മെഡിക്കൽ സപ്ലിമെൻറിനെ സംബന്ധിച്ചുള്ള ഒരു വിഷയത്തെപ്പറ്റിയാണ് സംസാരിക്കുന്നതു്. അതിനെപ്പറ്റി അവർ ആവശ്യപ്പെട്ട തുക കുറച്ചു ചെയ്യണമെന്ന് ഒരു മോഷൻ ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചിട്ടുണ്ട്. വിഷൂചിക നിവാരണത്തിനുള്ള ചിലവുപോരായ്മയുള്ള മരുന്നുകളെപ്പറ്റി എനിക്കു യാതൊന്നും പറവാനില്ല.

അധ്യക്ഷൻ: നിങ്ങളുടെ പ്രമേയം ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചതായിരിക്കണം. ജനറൽ ആസ്പത്രിയിലെ പുതിയ വാർഡിലേക്കും കൊല്ലം പിള്ളാറിയാ ആസ്പത്രിയിലേക്കും മരുന്നുകൾ വാങ്ങുന്നതിനും, തെക്കൻ തിരുവിതാംകൂറിൽ വിഷൂചിക നിവാരണം ചെയ്യുന്നതിനുള്ള ചിലവുകൾ വഹിക്കുന്നതിനും, വെല്ലൂർ മെഡിക്കൽ സ്കൂളിൽ പഠിക്കുന്ന മിസ്സ്. എൻ. ലക്ഷ്മിക്ക് സ്കോളർഷിപ്പു കൊടുക്കുന്നതിലേക്കുമാണ് ഇപ്പോൾ കൂടുതൽ പണം ആവശ്യപ്പെട്ടിരിക്കുന്നത്. നിങ്ങൾക്കു പ്രതിവാദിക്കാനുള്ളത് ഈ മൂന്നു വിഷയങ്ങളെക്കുറിച്ചാണെങ്കിൽ അപ്രകാരം ചെയ്യുന്നതിനു വിരോധമില്ല. ഈ മൂന്നു സംഗതികളെപ്പറ്റിയല്ലാതെ മറെറാന്നും പറയുന്നപക്ഷം നിങ്ങൾ നടപടിക്രമത്തെ ലംഘിക്കുകയല്ലയോ എന്നു ഞാൻ സംശയിക്കുന്നു.

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): രണ്ടാമത്തെ ഇനം തെക്കൻ തിരുവിതാംകൂറിൽ വിഷൂചികനിവാരണം ചെയ്യുന്നതിനുള്ള ചിലവുകൾ ചെയ്യുന്നതിലേക്കാണ്. വിഷൂചിക നിവാരണോദ്ദ്യോഗം ജോലി ചെയ്യുന്ന ഭീഷഗ്വരന്മാർക്ക് സഞ്ചാരപ്പടി കൊടുക്കുന്നതിനും, അതിലേക്ക് പ്രത്യേകം കാർ വാടകയ്ക്കെടുക്കുന്നതിനുള്ള തുക കൊടുക്കുന്നതിനും കമ്പൗണ്ടർമാർ ശിപായിമാർ മുതലായവരുടെ ശമ്പളം കൊടുക്കുന്നതിനുമായിട്ടാണ് പ്രസ്തുത ആവശ്യപ്പെട്ടിട്ടുള്ളത്.

മൂന്നാമത്തേതു് ഇപ്പോൾ വെല്ലൂർ മെഡിക്കൽ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന മിസ്സ് എൻ. ലക്ഷ്മിക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതിനാണ്. തഴ്ന്ന ജാതിയിലെ ഉത്പ്പെട്ട വിളക്കിത്തല സമുദായത്തിലെ ഒരു വിദ്യാർത്ഥിക്ക് സാഹായധനം കൊടുക്കേണ്ടതാണെന്നുള്ള ഒരു പ്രജാസഭാമെംബർ ഗവർണ്ണർന്റിനോട് അപേക്ഷിച്ചു. ഗവർണ്ണർ ഇതുമുതൽ മൂന്നു മാസത്തേക്ക് അവർക്ക് ഒരു സ്കോളർഷിപ്പ് കൊടുക്കുന്നതിന് ഗവർണ്ണർ നിശ്ചയിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ ഗ്രാന്റാം ഡിമാൻറിൻപ്രകാരം മാറിവച്ചിട്ടുള്ളതിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. സർ, മുൻപു പറഞ്ഞതുപോലെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ പ്രതിനിധീകരിക്കുന്ന മെംബറിന്റെ പക്കൽനിന്നും ഇതൊക്കെയും അനുവദിച്ചായ ഏഴു ഡിസ്പെൻസറികൾ ഏർപ്പെടുത്താതിരുന്നതിനുള്ള കാരണം അറിയുന്നതിലേക്കായിട്ടാണ് ഞാൻ ഗ്രാന്റിൽ കുറവു വരുത്തണമെന്ന് പ്രമേയം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളത്.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർണ്ണർന്റെ സിക്രട്ടറി): ഞാൻ നടപടിക്രമത്തിനുപേക്ഷിച്ചുകൊള്ളുന്നു. ഈ മോഷൻ ഈ ഡിമാൻറിൽ ഉൾപ്പെടുന്നതാണോ എന്നു സംശയിക്കുന്നു.

അധ്യക്ഷൻ: ഞാൻ അതിനെപ്പറ്റിയുള്ള തീരുമാനം പറഞ്ഞുകഴിഞ്ഞു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിങ്ങൾ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. അങ്ങേക്കും മെംബറിനും തമ്മിൽ എന്തോ ഉണ്ട്. ഞാൻ ഇടരുതെന്നോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർണ്ണർന്റ് സിക്രട്ടറി): ഞാൻ നടപടിക്രമത്തിനുപേക്ഷിക്കുന്നു. ഡിമാൻറിനെ സംബന്ധിച്ചുള്ള മോഷനാണെങ്കിൽ അതു ഹാജരാക്കുന്നതിൽ വിരോധമില്ല. അഭിപ്രായങ്ങൾ ആ മോഷൻ നടപടിക്രമത്തിനു വിധേയമായിട്ടുള്ളതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എനിക്കു തുടരാമോ?

അധ്യക്ഷൻ: മി: നീലകണ്ഠപ്പിള്ളേ, മാമെംബർ നടപടിക്രമത്തിനാവശ്യപ്പെട്ടപ്പോൾ എൻറെ തീരുമാനം ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു് ഉദ്യോഗസ്ഥസമുദായത്തോടു ചോദ്യം ചോദിക്കുന്നതിനപ്പുറമായാണ്.

അധ്യക്ഷൻ: മി: നാരായണപിള്ളേ, സഭയിൽ നിങ്ങൾക്ക് സംസാരിക്കുന്നതിനുള്ള അവസരം ഇതല്ല. മി: നീലകണ്ഠപ്പിള്ള ഇരിക്കുമ്പോൾ നിങ്ങൾക്കു സംസാരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭൂരിപക്ഷം കുറയ്ക്കുന്നതിനാണ് മോഷൻ എങ്കിൽ ഏതു ചോദ്യവും ചോദിക്കാം. ഇതു മുഴുവനും കുറയ്ക്കുന്നതിനാണ്. അതുകൊണ്ട് എനിക്ക് ആ വിഷയത്തെപ്പറ്റി പൊതുവായി സംസാരിക്കാം, നടപടിക്രമത്തിനുള്ള അപേക്ഷ ആവശ്യമില്ല.

മി: എ. ശിവതാണുപിള്ള (തോവാള): മുൻപൊരവസരത്തിൽ ഈ വിഷയത്തെപ്പറ്റി പ്രതിപാദിച്ചപ്പോൾ അധ്യക്ഷം വഹിച്ചിരുന്ന ഡപ്യൂട്ടി അധ്യക്ഷൻ പറഞ്ഞതിനെ ഞാൻ മെംബറെ ഓർമ്മിപ്പിച്ചുകൊള്ളട്ടെയോ?

മി: എസ്. പിറപിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കേ): ഞാൻ നടപടിക്രമത്തിനുപേക്ഷിക്കുന്നു. മെംബർ എന്താണ് ചെയ്യുന്നത് എന്നു എനിക്കൊട്ടു പറയുമോ?

മി: എം. ശിവതാണുപിള്ള (തോവാള): മുൻപ് ഒരവസരത്തിൽ ഇതേ സംഗതിയെപ്പറ്റി പ്രതിപാദിച്ചപ്പോൾ ഉണ്ടായിട്ടുള്ള നീതിഭാഗത്തെപ്പറ്റി മെംബറിനെ ഓർമ്മപ്പെടുത്തുക മാത്രമാണു ഞാൻ ചെയ്യുന്നതു്, കൂടുതൽ അനുവാദത്തിനായി അപേക്ഷിക്കുമ്പോൾ ഒരു നയത്തെപ്പറ്റി പ്രതിപാദിക്കാൻ പാടില്ല. അന്നത്തെ തീരുമാനം അതായിരുന്നു.

മി: എസ്. പിറപിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കേ): എന്റെ സ്നേഹിതൻ നടപടിക്രമം അനുസരിച്ചാണോ പെരുമാറുന്നതെന്നറിഞ്ഞാൽകൊള്ളാം.

അധ്യക്ഷൻ: അല്ല

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനെപ്പറ്റി അധ്യക്ഷന്റെ അഭിപ്രായം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹൈഡ് സെക്രട്ടറി വകുപ്പ്): ഡിമാൻഡു് അനുവദിക്കുന്നതല്ലെന്നു തെളിയിക്കുന്നതിനു വാദവിഷയത്തെ നേരിട്ടു സംബന്ധിക്കുന്ന കാരണങ്ങളെ കാണിച്ചു് ഏതു മെമ്പറിനും സംസാരിക്കാം. വാദങ്ങളും ഡിമാൻറിനോടു നേരിട്ടു ബന്ധമുള്ളവയായിരിക്കണം. പൊതുവെ

യുള്ള നയത്തെ സംബന്ധിച്ചു ചോദ്യങ്ങൾ ചോദിച്ചുകൂടാ. മറ്റു സ്ഥലങ്ങളിലും ഈ സഭയിലും ഇതാണ് നടപ്പു്.

മി: എം. ശിവതാണുപിള്ള (തോയാളൂ): ഡിപ്പാർട്ടുമെൻറിന്റെ നയത്തെപ്പറ്റിയുള്ള ചോദ്യങ്ങൾ ഇപ്പോൾ അസാധുവാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സക്രട്ടറിക്കീൽ): അതെ. അതാണു ഞാൻപറഞ്ഞതു്. വർഗ്ഗനങ്ങളുടെ ഒന്നാം ഇനത്തിലുള്ള മരാമാനങ്ങളെപ്പറ്റിയും രണ്ടാം ഇനത്തിലുള്ള വിഷയങ്ങളുടെ അഭാവത്തെപ്പറ്റിയും മൂന്നാംഇനത്തിലുള്ള മിസ് ലക്ഷ്മിയുടെ സ്ഥലംമാറ്റത്തിനെപ്പറ്റിയും ആയിരിക്കണം.

മി: എസ് പിറവിപെരുമാൾപിള്ള (കൃഷിവടവും വ്യവസായവും തെക്കേ): ഗവണ്മെന്റു പുതിയതായിട്ടു ഒരു ഗ്രാന്റു് ആവശ്യപ്പെടാതെ കൂടുതലിനാവശ്യപ്പെട്ടന്നതായാൽ ഞങ്ങൾക്കു് ആവശ്യമുള്ള അറിവു് എങ്ങിനെയാണു കിട്ടുന്നതു്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിക്കീൽ): ഇതെല്ലാം വ്യത്യസ്തങ്ങളായ വാക്കുകളാണു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു്): മാർജിനിൽ ഡിമാൻഡ് ഫോർ ഡെഡിക്കേഡിപ്പാർട്ടുമെൻറ് എന്നു കാണിച്ചിരിക്കുന്നതിനു പ്രത്യേക അർത്ഥം വല്ലതുമുണ്ടോ എന്നു എനിക്കു് പറഞ്ഞുതരുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിക്കീൽ): ഈ മോഷൻ ആ ഡിമാൻറനുസരിച്ചാണു ഹാജരാക്കീട്ടുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): അതുകൊണ്ടു വെട്ടിക്കുറക്കുന്നതിനു് ഒരു പ്രമേയംസാധുകരിക്കത്തക്കതാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിക്കീൽ): അല്ല. അതു ശരിയല്ല. ഡിമാൻറിനുള്ള പ്രത്യേക ആവശ്യങ്ങൾ ഇവിടെ പ്രത്യേകം കാണിച്ചിട്ടുണ്ടു്. ഈ തുക അനുവദിക്കത്തക്കതെല്ലെന്നു മെമ്പറിനു തെളിയിക്കാൻ അവകാശമുണ്ടു്. ഡിപ്പാർട്ടുമെൻറിന്റെ പൊതുവേയുള്ള നയത്തെപ്പറ്റി മെമ്പറിനു സംസാരിക്കാൻ പാടില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കൃഷിവടവും വ്യവസായവും തെക്കു്): നടപടിക്രമത്തെപ്പറ്റി ഒരു വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള കൂടുതൽ അനുവദിക്കുന്നിനാവശ്യപ്പെട്ടപ്പോൾ ഡിപ്പാർട്ടുമെൻറിന്റെ നയത്തെപ്പറ്റി പ്രതിപാദിച്ചു കൂടായെന്നും ബഡ്ജറ്റവതരിപ്പിക്കുന്ന സമയത്തുമാത്രം അപ്രകാരം ചെയ്യാമെന്നുപറയുന്നു. അദ്ധ്യക്ഷന്റെ തീരുമാനം വരുന്നതു നമുക്കു പറയിട്ടു റഗുലേഷനും പ്രോസീജ്യറും അച്ചടിക്കുന്ന കാര്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ അവയെ പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമുണ്ടോ എന്നും അതിന്നു് ഈ തുക മതിയാകുമോ ഇല്ലയോ എന്നുംമറ്റും ആലോചിക്കേണ്ടതായിരിക്കുന്നു എന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. അതിനെപ്പറ്റി ഒരു തീരുമാനം ചെയ്യുന്നതിനു മുൻപായി ഈ സംഗതി കൂടി ഓർമ്മയിൽ വച്ചുകൊള്ളേണ്ടതാണു്.

അദ്ധ്യക്ഷൻ: കഴിഞ്ഞയോഗത്തിൽ ഇതിനെപ്പറ്റി ഒരു തീരുമാനം ഉണ്ടായിട്ടുള്ളതായി ഞാൻ ഓർക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു്): ഒരുകാര്യം പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. രേഖനയം ഉൾപ്പെടുന്നില്ലെന്നു പണ്ഡിതനായ ധനകാര്യമന്ത്രി പറഞ്ഞിട്ടില്ല. നിങ്ങൾ കൂടുതൽ ഗ്രാന്റനുവദിക്കുന്നു, ഞങ്ങൾ അനുവദിക്കുന്നു. പിന്നീടു് എന്തുകൊണ്ടു ജോലി നടത്തിക്കുന്നില്ല എന്നാണു ഞാൻ ചോദിക്കുന്നതു്. അവിടെ നയത്തെപ്പറ്റി ഒന്നുമേയില്ല. നിങ്ങൾ എന്തുകൊണ്ടു് അതു ചെയ്തില്ല എന്നുമാത്രമാണു ഞങ്ങൾ ചോദിക്കുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിക്കീൽ): ബഡ്ജറ്റിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ മെമ്പറിനു് ആ ചോദ്യം ചോദിക്കാം.

മി: ജി. രാമൻമേനോൻ (മാപ്പേപ്പിക്കര കാഞ്ഞിരപ്പള്ളി): നടപടിക്രമത്തെപ്പറ്റി ഞാൻ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെയോ? നിയമസഭാചട്ടങ്ങളിൽ ഒന്നാംവകുപ്പിൽ കൂടുതൽ അനുവദിക്കുന്നതിനെപ്പറ്റി പറയുന്നുണ്ടു്. അതിനൊടുവിൽ ഉൾപ്പിരിവു് ഇപ്രകാരമുണ്ടു്.

"കൂടുതൽ ഒന്നു മുതലുള്ള മൊത്ത അനുവദിക്കുന്നതിനുള്ളപ്പോഴെ സഭയിൽ പ്രതിപാദിക്കത്തക്കതാണു്"

മ: എസ്. പിറവിപെരുമാൾപിള്ള (കൃഷിവടവും വ്യവസായവും തെക്കു്): കേൾക്കുക, കേൾക്കുക.

മി: ജി. രാമൻമേനോൻ (മാപ്പേപ്പിക്കര കാഞ്ഞിരപ്പള്ളി): നിയമസഭാചട്ടങ്ങളിൽ ഇപ്രകാരം പ്രത്യേകമായി പറഞ്ഞിരിക്കുന്നതുകൊണ്ടു് ഈ പ്രാവശ്യം കൊണ്ടുവന്നിട്ടുള്ള തടസ്ഥം സാധുകരിക്കത്തക്കതല്ലെന്നു ഞാൻ പ്രസ്താവിക്കുന്നു. ട്രാവൻകൂർ സിസർവ്വേ ഓഫീസുകളെ വിശാലമാക്കിക്കൊണ്ടു വരണമെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുക അല്ലാതെ സഭയുടെ അവകാശങ്ങളെ കുറക്കണമെന്നുള്ള ഉദ്ദേശത്തോടെ പ്രവർത്തിച്ചുകൂടാ. ഇതുപോലുള്ള കൂടുതൽ അനുവദിക്കുന്നതിനുള്ള നിയമത്തെസംബന്ധിച്ചു ടോക്കൺ മോഷൻകൊണ്ടുവരുന്നതിനു ഞാനാലോചിച്ചിട്ടുള്ളതായ വസ്തുതകളുണ്ടു്. ഇപ്പോൾ കൂടുതൽ അനുവദിക്കുന്നതിനെ സംബന്ധിച്ചു പ്രമേയം ബഡ്ജറ്റനുവദിക്കുന്നതിനുമുമ്പായി എപ്രകാരം പ്രവർത്തിക്കുമോ അപ്രകാരമെന്നു ചെയ്യണമെന്നുദ്ദേശമായി പറയുന്നുണ്ടു്. അതുകൊണ്ടു് ഈ മോഷൻ നടപടിക്രമത്തെ അനുസരിച്ചാണിരിക്കുന്നതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിക്കീൽ): അവസരോചിതമായിട്ടുള്ള തുകയാണോ എന്നാണു നോക്കേണ്ടതു്. ഡിപ്പാർട്ടുമെൻറുസംബന്ധിച്ച മൊത്തം ഡിമാൻഡ് ഹാജരാക്കുമ്പോൾ ആ ഡിപ്പാർട്ടുമെൻറിലെ സകല കൃത്യങ്ങളേയുംപറ്റി മെമ്പറന്മാർക്കു പ്രതിപാദിക്കാം. പ്രത്യേകം ഒരിനത്തിനായി കൂടുതൽ അനുവദിക്കുന്നിനപേക്ഷിക്കുമ്പോൾ ആ ഒരു കാര്യത്തെപ്പറ്റി മാത്രമേ പ്രതിപാദിക്കുവാൻ പാടുള്ളൂ. ഇതാണു മറ്റുസ്ഥലങ്ങളിലും ഇപ്പോഴുള്ള നടപ്പു്.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഡിഫാൾട്ടർ ഒരു ഡിപ്പാർട്ടുമെന്റിന്റെ ഒരുദ്യോഗത്തെക്കു മാത്രമാണെങ്കിൽ വേറൊരുവിഷയത്തെപ്പറ്റി പ്രതിവാദിക്കാമോ?

മി: കുഞ്ഞുപരമേശ്വരൻപിള്ള(അഡീഷനൽ ഹെഡ്സക്രട്ടർവക്കിൽ): പാടില്ല. ഞാൻ മുൻപുപറഞ്ഞ പ്രകാരം അതു അവസരോചിതമാണോ അല്ലയോ എന്നുനോക്കേണം. ഇതു അതു വളരെനേരം വാദിക്കത്തക്ക ഒരു വിഷയമല്ലെന്നാണ് എനിക്കു തോന്നുന്നത്. എന്തുകൊണ്ടെന്നാൽ ഇതിനെ സംബന്ധിച്ചു പലപ്രധാനശ്രദ്ധേയമായ തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളതും അവയെ വേണ്ടതുപോലെ ഉദ്ധരിക്കുവാൻ എനിക്കു കഴിയുന്നതുമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞപ്രാവശ്യം അദ്ധ്യക്ഷൻ ഇതിനെപ്പറ്റി തീരുമാനിച്ചതെപ്പോഴാണെന്നു മനസ്സിലായി പറയുമോ?

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടർവക്കിൽ): പാടുവല്ലാതെ ഉപയോഗത്തിനു ഒരു തീരുമാനമുണ്ട്. വേറൊന്നു അടുത്തകാലത്തുള്ളതാണ്.

അദ്ധ്യക്ഷൻ: മിസ്റ്റർ നീലകണ്ഠപ്പിള്ള നിങ്ങളുടെ ചോദ്യം വളരെ ന്യായമായിട്ടുള്ള തെന്നാകുന്നു. അതു ചോദിക്കേണ്ടതായ സമയത്തു ചോദിച്ചിരുന്നു എങ്കിൽ മറുപടിപറയുമായിരുന്നു. ഇപ്പോൾ അതു് സമുചിതമല്ല. നിങ്ങളുടെ ചോദ്യത്തിൽ യാതൊരു പ്രധാനതയും കാണുന്നില്ല. നിങ്ങൾക്കു അതിനെക്കുറിച്ചു മറുപടി തരാതിരിക്കുന്നതിനു യാതൊരു കാരണവുമില്ല. പ്രസ്തുത ഡിമാൻറിനെ സംബന്ധിച്ചിടത്തോളം അതു യൊജിക്കുന്നതല്ലെന്നു ഒരു കാര്യം മാത്രമേയുള്ളൂ. നിങ്ങൾക്കു വിവരങ്ങൾ ആവശ്യപ്പെടണമെന്നു തോന്നുന്നപക്ഷമോ സമയോചിതം പോലെ ഈ ചോദ്യം ചോദിക്കുന്നപക്ഷമോ അപ്പോഴത്തെ അതല്ലാ മുൻകൂട്ടി വേണമെങ്കിൽ നിങ്ങൾക്കു വിരോധമില്ലെന്നു തോന്നുന്നപക്ഷമോ സിക്രട്ടറിയറിൽ നിന്നോ തീർച്ചയായിട്ടുതരാം.

മി: എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ ആ മോഷനെ അനുകൂലിച്ചുകൊള്ളുന്നു. ഡിമാന്റിനെ സംബന്ധിച്ചിടത്തോളം അതു യൊജിക്കുന്നതല്ലെന്നു ഒരു കാര്യം മാത്രമേയുള്ളൂ. നിങ്ങൾക്കു വിവരങ്ങൾ ആവശ്യപ്പെടണമെന്നു തോന്നുന്നപക്ഷമോ സമയോചിതം പോലെ ഈ ചോദ്യം ചോദിക്കുന്നപക്ഷമോ അപ്പോഴത്തെ അതല്ലാ മുൻകൂട്ടി വേണമെങ്കിൽ നിങ്ങൾക്കു വിരോധമില്ലെന്നു തോന്നുന്നപക്ഷമോ സിക്രട്ടറിയറിൽ നിന്നോ തീർച്ചയായിട്ടുതരാം.

മി: എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ ആ മോഷനെ അനുകൂലിച്ചുകൊള്ളുന്നു. പ്രധാനമന്ത്രി വിഷയത്തെപ്പറ്റി ഈ അവസരത്തിൽ കമൊനം ക്ഷിക്കുന്നതായാൽ ഞാൻ എന്റെ കക്ഷിവ്യക്തിത്വത്തിൽ നിന്നും വ്യതിചലിക്കുന്നുവെന്നുതോന്നുകയില്ലെന്നു തീർച്ചയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മോഷൻ നടപടി ക്രമത്തിനു വിപരീതമായിട്ടുള്ളതാണെന്നു തിരുമാനിച്ചു കഴിഞ്ഞു. സഭമുമ്പാകെ എങ്കിലും മോഷൻ ഉണ്ടോ ഇല്ലയോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: മെഡിക്കൽ മെംബറിന്റെ മോഷൻ പ്രതിവാദിച്ചു കൊണ്ടിരിക്കയാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എതുവാദം ഇല്ലെന്നവന്നാൽ പ്രതിവാദിക്കുന്നതിനു എന്താണുള്ളതു്.

അദ്ധ്യക്ഷൻ. അതു നടപടിക്രമത്തിനുയോജിക്കുന്നതല്ല.

മി: എം. ശിവതാണുപിള്ള (തോവാള): സർ, അനുകൂലിക്കുന്നതായാൽ തീർച്ചയായിട്ടും എതുവാദം ഉണ്ടാകുമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സിക്രട്ടർ വക്കിൽ): അതു സൌകര്യം പോലെയാണ്. എതുവാദം ഇല്ലെങ്കിൽ പ്രസംഗം അത്യാവശ്യമായുന്നവന്നേക്കാം.

മി: എം. ശിവതാണുപിള്ള (തോവാള): അതിനെപ്പറ്റി ഒരു തീരുമാനം ഉണ്ടാകേണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

അദ്ധ്യക്ഷൻ: അതു ജോലി നടപ്പിനുവേണ്ടിയുള്ള ഒരു സൌകര്യത്തിനുമാത്രമാണ്.

മി: എം. ശിവതാണുപിള്ള (തോവാള): അതു യാതൊരു തത്വത്തിനും വിപരീതമായിട്ടുള്ളതല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അദ്ധ്യക്ഷൻ: അതു് യാതൊരു തത്വത്തിനും ഒരു വിധത്തിലും വിപരീതമായിട്ടുള്ളതല്ല.

മി: എം. ശിവതാണുപിള്ള (തോവാള): മോഷനെപ്പറ്റി ഒന്നു രണ്ടു വാക്കു പറയുന്നതോടുകൂടി തെക്കൻ തിരുവിതാംകൂറിലെ ജനങ്ങളുടെ ആരോഗ്യത്തെ കരുതിക്കൂടി ജാഗ്രതയായി നോക്കേണ്ടതാണെന്നു ഗവണ്മെൻറിനോടു ഞാനപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ നടപടിക്രമത്തിനപേക്ഷിച്ചുകൊള്ളുന്നു. കൂടുതൽ ജാഗ്രതയായിരിക്കണമെന്നു എന്റെ സ്നേഹിതനാവശ്യപ്പെട്ടതു. അതു് നടപടി ക്രമമനുസരിച്ചുതന്നോ ഇരിക്കുന്നതു?

അദ്ധ്യക്ഷൻ: അതു് നടപടിക്രമത്തിനു വിരോധമാണ്.

മി: എം. ശിവതാണുപിള്ള (തോവാള): തെക്കൻ തിരുവിതാംകൂറിൽ വിഷൂചിക ഉണ്ടായതിനു മുട്ടത്തു പണം അനുവദിക്കണമെന്നപെക്ഷിച്ചുതിനെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നതു്.

അദ്ധ്യക്ഷൻ: ഈണനയത്തെപ്പറ്റി പറയുന്നില്ലെങ്കിൽ നിങ്ങൾക്കു സംസാരിക്കാം.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ അതിനെപ്പറ്റി യാതൊന്നും പറയുന്നില്ല.

വിഷൂചിക എപ്പോഴാണ് ഉണ്ടാകുന്നതെന്നറിയാൻ പാടില്ലാത്തവിധത്തിലാണ് പരിതസ്ഥിതികൾ. ഡിപ്പാർട്ടുമെൻറു അതുകൊണ്ടു കൊള്ളാം ജാഗ്രതയായിട്ടിരിക്കേണ്ടതാണ്.

മി: എസ്. പിറവിപ്രതമാടംപിള്ള (കച്ചവടവും വ്യവസായവും, തെക്കു്): ഞാൻ നടപടിക്രമത്തിനപേക്ഷിച്ചുകൊള്ളുന്നു. അതു് ഡിമാൻറിനു യൊജിച്ചുതാണോ അല്ലയോ എന്നാണ് അറിയേണ്ടതു്.

അദ്ധ്യക്ഷൻ: നിങ്ങൾ മോഷനെപ്പറ്റി സംസാരിക്കണം.

മി: എം. ശിവതാണുപിള്ള (തോവാള): ഡിപ്പാർട്ടുമെൻറു ജാഗ്രതയായിരിക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മോഷനെ അനുകൂലിക്കുന്നതിൽ വക്കീലന്മാരും സമീപമുള്ള എടവ എന്ന സ്ഥലത്തെപ്പറ്റി എനിക്കു അല്പം പറയാനുണ്ട്. തെക്കൻ തിരുവിതാംകൂറിനെ കോളറാ നിവാരണം ചെയ്യുന്നതിനു ഗവണ്മെൻറു ധാരാളം പണം ചിലവു ചെയ്തുയും അനേകം ആളുകളുടെ ജീവനെ രക്ഷിക്കയും ചെയ്തു.

മി: എം. ശിവതാണുപിള്ള (തോവാള): അവിടെ വിക്ടോറിയ ഉണ്ടായിരുന്നോ?

മി: കെ. പി. കുട്ടിനാടാർ (പിറവിൻകിഴ്): എന്റെ [illegible] അതിനെപ്പറ്റി പറയുന്നതിനുമുമ്പായിട്ട് ഒരു കാര്യം ഞാൻ അറിയിക്കുകയാണ്. ഇടവഴിയിൽ അരഡസൻ ആളുകൾക്കു കാളവണ്ടി ഉണ്ടായിരുന്നു. അപ്പിടെയെങ്കിലും പൈതൃകമായിട്ടുള്ള സംഘടനയില്ലാത്തസ്ഥലമാണ്. അതുകൊണ്ടു വക്കലെ സ്ഥാപിക്കണമെന്നുദ്ദേശിക്കുന്ന വിസ്സൻസറി വേഗത്തിൽ ഫിൽട്ടർ ചെയ്തെടുത്തേണമെന്നാണ്.

അദ്ധ്യക്ഷൻ: നിങ്ങൾക്കു രസകരമായ ഒരു വിനോദരംഗം ഉണ്ടായിരുന്നു. നമുക്കിനി ജോലിയിലേക്കു പ്രവേശിക്കാം. സർ ഗ്രാൻഡ് അനുവദിച്ചതായി വിചാരിച്ചു കൊള്ളട്ടെയൊ?

മോഷൻ അനുവദിക്കുകയും ഗ്രാൻഡ് നല്കുകയും ചെയ്തു.

ഡിമാൻഡ് 4. ശാസ്ത്രീയവും പ്രചരകയും ഡിപ്പാർട്ടുമെന്റുകൾ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): സർ, 4-ാം ഡിമാൻഡിൻപ്രകാരം ശാസ്ത്രീയവും പ്രചരകയും (മ്യൂസിയം ഗ്രാന്റ് പബ്ലിക്ക് ഗാർഡൻസ്) എന്ന ഇനത്തിൽ 4,000 രൂപ അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഗവണ്മെന്റ് കാര്യമായിട്ടുള്ള ആണറെറി ഡയറക്ടർ കഴിഞ്ഞ വർഷത്തിൽ 4,000 രൂപാ അനുവദിച്ചിട്ടുണ്ട്. ഗവണ്മെന്റ് 4,000 രൂപയെ അനുവദിച്ചുള്ളൂ. 4 കോടി വൃക്ഷികത്തിൽ ഗവണ്മെന്റിനുവേണ്ടപ്രകാരം രണ്ടു ജിറാഫിനെയ വങ്ങുന്നതിനു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഓരോന്നിനും കൊടുത്ത വില എന്താണെന്നു എന്നെ അറിയിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതിനെപ്പറ്റിയാതൊരറിവും ഇവിടെ എന്റെ കൈവശമില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): എവിടെ നിന്നുമാണ് വങ്ങിയതെന്നു പറയുമോ?

അദ്ധ്യക്ഷൻ: മറുഡേഷ്യയിൽ നിന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഇവിടെയുള്ള മൃഗങ്ങൾക്കുപകരം മാറിവാങ്ങണമെന്നാണൊ ഉദ്ദേശിച്ചിരുന്നത്. അതോ രൊക്കം പണം കൊടുത്തൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): നാം പണം കൊടുക്കുകയും ഏതാനും പിടിയാനകളെ കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനെപ്പറ്റിയുള്ള എഴുത്തുകുത്തു ഏറ്റവും നിലയിൽ ഇരിക്കുന്നു എന്നു എനിക്കറിഞ്ഞു കൂടാ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): വാഗ്ദാനം എന്തായി എന്നു പറയുമോ?

അദ്ധ്യക്ഷൻ: പണത്തിനു പുറമെ ഒരു പിടിയാനയെക്കൂടി കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിരുന്നു. പിടിയാനയെ പിടിച്ചു അയക്കുന്നതിനായി പഴക്കിവരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): പണം കൊടുക്കാതെ ഇരിക്കുന്നതിനു മൃഗങ്ങളെ പകരം കൊടുക്കാമെന്നു ഗവണ്മെന്റുദ്ദേശിച്ചിരുന്നൊ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ആദ്യം അങ്ങിനെ ഉദ്ദേശിച്ചിരുന്നു. എന്നാൽ ഗവണ്മെന്റിനു ആ അപേക്ഷപ്രകാരം നടത്തുന്നതിനു സാധിച്ചില്ല.

മി: കുരങ്ങിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): മൃഗങ്ങൾക്കായി കുത്തകയായി കൊടുത്ത തുക എന്തെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതിന്റെ ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): പിടിയാനയ്ക്കു നിശ്ചയിച്ചിട്ടുള്ള വില എന്തെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ആ വിവരം തൽക്കാലം ഇവിടെ ഇല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): മൃഗങ്ങളുടെ വിലപറയുന്നതിനു യിങ്ങൾക്കു സാധിക്കയില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതെ, സൂക്ഷ്മമായ വിലയെപ്പറ്റി അറിഞ്ഞുള്ളടത്തോളം മൃഗങ്ങൾക്കു കൊടുത്ത വിലയെപ്പറ്റിയല്ല, അവയുടെ തീറ്റികൊടുക്കുന്നതിനുള്ള ചിലവിനെപ്പറ്റിയാണു നാം ഇപ്പോൾ ആലോചിക്കുന്നത്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ജിറാഫിനുപകരം ആനയെ സ്വീകരിച്ചുകൊള്ളാമെന്നു കമ്പനിക്കാർ പറഞ്ഞിരുന്നൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): സർ, ഈ ചോദ്യം അവസരോചിതമാണൊ? നാം മൃഗങ്ങളെ വാങ്ങിച്ചുകഴിഞ്ഞു. അതിനു വേണ്ട സ്റ്റേതങ്ങൾ അനുവാളത്തെപ്പറ്റിയാണ് നാം പ്രതിവാദിക്കുന്നത്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മൃഗങ്ങളെ മാറിവാങ്ങുന്ന കാര്യമായതുകൊണ്ടു ഈ ഏർപ്പാടിനെ സംബന്ധിച്ച ഗവണ്മെന്റിന്റെ നയതന്ത്രത്തെപ്പറ്റിയുള്ള ചോദ്യം അവസരോചിതംതന്നെ.

മി: എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റ് ഈ ഏർപ്പാടിനെപ്പറ്റിയുള്ള സകലകാര്യങ്ങളും വിചിന്തനം ചെയ്തിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഗവണ്മെന്റ് ആ കാര്യത്തെപ്പറ്റി സകലതും ആലോചിച്ചുകഴിഞ്ഞു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): കൈമാറാത്തെപ്പറ്റി മാത്രം നോക്കുന്നപക്ഷം ഇപ്പോൾ പണത്തിന്റെ ആവശ്യമെന്താണെന്നു പറയുമോ?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഗുഗങ്ങളുടെ വിലയെപ്പറ്റിയാതൊന്നും പറയുന്നില്ല. അതിനു നിർദ്ദേശം കൊടുക്കുന്നതിനുള്ള ചില വിവരങ്ങളെപ്പറ്റിയാണ് ഞാൻ പ്രതിപാദിക്കുന്നത്.

മി: ഡബ്ല്യു. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ മൃഗങ്ങൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നു മെമ്പറിനു ഉറപ്പായി പറയാമോ? (ചിരി).

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അവ ജീവിച്ചിരിക്കുന്നതിനാലാണ് കൂടുതൽ പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുന്നത്.

ബഡ്ജറ്റുയോഗത്തിൽ മൃഗങ്ങളുടെ തീറ്റിച്ചിലവിനെപ്പറ്റി തീരുമാനിക്കേ ഉണ്ടായില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എണ്ണമെടുത്തു തീരുമാനിച്ചില്ല.

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): എണ്ണമെടുത്തുനോക്കിയതിനുശേഷം ബഡ്ജറ്റുയോഗത്തിനു ശേഷം ഇക്കൊല്ലം ആളുമാണ് മൃഗങ്ങളെ കൊണ്ടുവന്നത്.

ആളുടെ സാധുമാസത്തേക്ക് തീറ്റിച്ചില പുല്ലുമായ് ആശാരി മാസം മുന്നിന ഉഴവൻ രൂപാ മുപ്പതു കാശായിട്ടുണ്ട്. അതുകൊണ്ടു ഇക്കൊല്ലത്തേക്കു വേണ്ട രൂപായോളം ചിലവുവന്നേക്കാം. കാളയ്ക്കും ശ്രാപ്പിലേക്കു അനുപദിച്ചു ഇക വേണ്ട രൂപാ മാത്രമാണ്. ഒരു മാസത്തേക്കു ഈ മൃഗങ്ങൾക്കു തീറ്റിച്ചില വേണ്ട രൂപായാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഈ മൃഗങ്ങൾക്കു എണ്ണമനുസരിച്ചു ആഹാരങ്ങളാണ് കൊടുക്കുന്നതെന്നു പറയുമോ?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): എയിക്കറിഞ്ഞുകൂടാ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അതിനെപ്പറ്റി ഡയറക്ടർ അളേഹത്തിന്റെ റിപ്പോർട്ടിൽ ഒന്നും പറഞ്ഞിട്ടില്ലയോ?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആഹാരത്തിന്റെ മാത്രിരയെപ്പറ്റി ഒന്നും പറയുന്നില്ല. തീറ്റിച്ചിലവിനായി ഇത്രത്തോളം എന്നു ചിലവായി എന്ന റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): തീറ്റിച്ചിലവിനെപ്പറ്റി ഗവണ്മെന്റ് എങ്ങിനെയാണ് അറിയുന്നത്?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഡയറക്ടരുടെ റിപ്പോർട്ടിൽനിന്നും,

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഗവണ്മെന്റ് അതിനെപ്പറ്റി ഒരു അന്വേഷണം നടത്തേണ്ടതല്ലയോ?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഡയറക്ടരുടെ ഒരു റിപ്പോർട്ടുവന്നിട്ടുണ്ട്, അതുകൊണ്ടു ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ജിറാഫിനെ സൗജന്യക്ഷേണമാണ് കൊടുക്കുന്നതെന്നു എന്നെ ഇപ്പോൾ അറിയിച്ചിരിക്കുന്നു.

ഈ മൃഗങ്ങൾക്കുമാത്രം ക്ഷേണത്തിനായി വർഷത്തേക്കു നൂറു രൂപാ ചിലവാകുമെന്നു കാണുന്നു. ഡയറക്ടർ ഫ ൦ ൦ ൦ രൂപാകൂടി വേണമെന്നു ആവശ്യപ്പെട്ടിരിക്കുന്നു. ഇതു ന്യായമായിട്ടുള്ളതാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ക്ഷേണത്തിന്റെമാത്രിരി, ചിലവുകൊവുന്ന തുക ഈ വിവരങ്ങളെപ്പറ്റി ഡയറക്ടർ ബോദ്ധ്യപ്പെട്ടത്തതെന്തെന്നു ഗവണ്മെന്റുപ്പിപ്പെട്ടിരിക്കയാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടരുടെ അഭിപ്രായപ്രകാരം മ്യൂസിയത്തിൽ ഒരു പക്ഷുവിനെ രക്ഷിക്കുന്നതിനു എന്താകുമെന്നു പറയുമോ?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു് അടിസ്ഥാനരഹിതമായ ചോദ്യമാണ്. നെല്ലു്, പഞ്ഞു, വലിയതു, ചെറുതു എന്നിങ്ങനെ പക്ഷുക്കളെ പലമാതിരിയുണ്ടു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പക്ഷുക്കളേയും ഈ മൃഗങ്ങളേയും താരതമ്യപ്പെടുത്തി നോക്കുന്നതായാൽ ചിലവ് എന്താകും?

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഈ ചോദ്യത്തിനു മറുപടിയാവശ്യമുണ്ടെന്നു തോന്നുന്നില്ല.

അതിനാൽ മൃഗങ്ങളുടെ തീറ്റിച്ചിലവിലേക്കായി ഫ ൦ ൦ ൦ രൂപാ കൂടുതലായി നീക്കിവയ്ക്കണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നു.

അധ്യക്ഷൻ: ഡിമാൻഡ് നമ്പർ അനുവദിച്ചതായി വിചാരിച്ചുകൊള്ളട്ടെയോ?

ഗ്രാന്റ് അനുവദിച്ചു.

ഡിമാൻഡ് ൨൦. ശാസ്ത്രീയവും പ്രയോഗികവും ഡിപ്പാർട്ടുമെന്റുകൾ.

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെന്റ് സെക്രട്ടറി): മലയാളം കയ്യെഴുത്തു പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യുന്ന ക്യൂറേറരുടെ ആഫീസിൽ പുസ്തകങ്ങൾ വച്ചുസൂക്ഷിക്കുന്നതിനു അലമാരകൾ വാങ്ങുന്നതിനായി ൭൫൨ രൂപയിൽ കവിയാത്ത ഒരു തുക വേണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മലയാളം കയ്യെഴുത്തു പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനു ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തിയതിനുശേഷം ഗവണ്മെന്റു അച്ചുക്കൂടം സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അച്ചുക്കൂടത്തിലാണ് വില്പനക്കായിട്ടു ഖരിച്ചു വച്ചുകൊണ്ടിരുന്നതു്. എന്നാൽ അച്ചുക്കൂടത്തിൽ ഷെൽഫുകൾ ൨൦൦൦ത്തോളം വരുന്ന പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനു സ്ഥലം തീരെ ഇല്ലാത്തതിനാൽ സൂക്ഷിക്കുന്നതിനു സംസ്കൃത പ്രസിദ്ധീകരണങ്ങൾ സംസ്കൃത ക്ലാർക്കരെ ഏൽപ്പിച്ചതുപോലെ ഇവയെ അച്ചുക്കൂടത്തിൽ നിന്നും മാറ്റി മലയാളം ക്യൂറേറരെ ഏൽപ്പിക്കുന്നതു നന്നായിരിക്കുമെന്നു അച്ചുക്കൂടം സൂപ്രണ്ട് അഭിപ്രായപ്പെട്ടിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഇവയെ ക്യൂറേറർ തന്നെ വിൽക്കണമെന്നുദ്ദേശിക്കുന്നുവോ അതോ സൂക്ഷിക്കണമെന്നു വിചാരിക്കുന്നുവൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അവയെ വിൽക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഞാൻ ചെയ്തുവരുന്നുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഈ പുസ്തകങ്ങളെ വിൽക്കുന്നതിനു വേണ്ടശ്രമങ്ങൾ ഇതേവരെ വല്ലതും ചെയ്തിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) : ഈ പുസ്തകങ്ങൾ ഗവണ്മെന്റ് അച്ചുക്കൂടംസൂപ്രണ്ടിന്റെ കൈവശമായിരുന്നപ്പോൾ അപ്രകാരം ചെയ്യണമെന്നു പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എത്രപ്രതികൾ വിറ്റിട്ടുണ്ട്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) : വളരെക്കുറച്ചുവിറ്റിട്ടുള്ളൂ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഇതിനപ്പുറത്തു വല്ലവിജ്ഞാപനവും ഗസറ്റിൽ ഉണ്ടായിരുന്നോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) : എനിക്കറിഞ്ഞുകൂടാ. ഇവയെ വിൽക്കുന്നതിന് ചില കൃത്തകക്കാർ ഉണ്ടായിരുന്നു. അവർ പറഞ്ഞതുപോലെ ചെയ്തില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഇവയെ പാഠപുസ്തകങ്ങളായിട്ടുപയോഗിക്കുന്നതുകൊണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) : അതു പാഠപുസ്തകമാറിക്കാർ അന്വേഷിക്കേണ്ടതായ ഒരു സംഗതിയാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : മലയാളം തെക്കെയ്യുത്തു പുസ്തകങ്ങളും പ്രൈസിലുംചെയ്യുന്നക്യൂറേറരുടെ പുസ്തകങ്ങളും പാഠപുസ്തകങ്ങളാക്കുന്നതിനു കൊള്ളുവുന്നതാണോ എന്നതുലോചിക്കേണ്ടതാണെന്ന് പാഠപുസ്തകകമ്മറിയോട് ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ?

മി: പി. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) : അതിനെപ്പറ്റി ആലോചിക്കാം,

ഇരുപതിനായിരം പ്രതികൾ വച്ചുനൂക്കിക്കുന്നതിനു ഒരു വലിയ തുക വിലയുള്ള ഒരു അലമാരകൾ ആവശ്യമുണ്ട്. ആ അലമാരകൾ പി. ഡബ്ലിയു. ഡി. വക്കഷാപ്പിൽ നിന്നും വാങ്ങിക്കഴിഞ്ഞു, എന്നാൽ പണമില്ലാഞ്ഞതുകൊണ്ട് കണക്കുകൾ ശരിയായിട്ടില്ല. തന്നാണ്ടത്തെ ഡിപ്പാർട്ടുമെന്റുവക ബഡ്ജറ്റിൽ ഈ ചിലവിലേക്കായി പണം ഇല്ലാത്തതുകൊണ്ടു ഒരു വലിയ തുകയ്ക്കുവേണ്ടിയുള്ള ആവശ്യമുണ്ടെന്നും ക്യൂറേറർ ആവശ്യപ്പെട്ടിരിക്കുന്നു. ചിലവു് ആവശ്യമാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നതുകൊണ്ടു ക ക ഠ സ. ലെ ഡിപ്പാർട്ടുമെന്റ് ബഡ്ജറ്റിൽ കൂട്ടുതലായി ആവശ്യപ്പെട്ടിരിക്കുന്നതുക അനുവദിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടുകൊള്ളുന്നു.

അപ്പ്രൈക്ഷൻ ഡിമാൻറ് അനുവദിച്ചതായി വിചാരിച്ചുകൊള്ളട്ടയോ?

ഗ്രാൻറ് അനുവദിച്ചു.

ഡിമാൻറ് ക ക. അഞ്ചൽ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) (ക) മുഹമ്മ നാൻഡിപ്പാർട്ടുമെന്റ് അഞ്ചലാഫീസു ആക്കുന്നതിനും (ഖ) നിലവിലുള്ള സ്വാം ഗ്രേഡ് അഞ്ചലാഫീസു ദ്വിതീയം ഗ്രേഡ് ആക്കുന്നതിനും (ന) കവാലം സ്വാം ഗ്രേഡ് അഞ്ചലാഫീസ് ദ്വിതീയം ഗ്രേഡ് ആക്കുന്നതിനും സന്ദർഭോചിതമായ ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഒന്നാമത്തെതിനെപ്പറ്റി മുഹമ്മയിലെ സ്ഥലനിവാസികൾ നാൻഡിപ്പാർട്ടുമെന്റൽ അഞ്ചലാഫീസുസ്വാതരമാക്കണമെന്നു അപേക്ഷിച്ചിട്ടുണ്ട്. ഈ സ്ഥലത്തേക്കുരപോകുന്നതിനു റോഡുകളൊന്നുമില്ലെന്നു അഞ്ചൽസൂപ്രണ്ടു പറയുന്നു. അഞ്ചലാപ്പീസിലെ വരവുചിലവു വരുന്നതുകൊണ്ടു ഒരു ശ്രോത്രിയക്കാരനായി ഒരു നാൻഡിപ്പാർട്ടുമെന്റൽ മാസ്റ്ററുടെ കീഴിൽ വച്ചുകൊണ്ടിരിക്കുന്നതു നന്നല്ല. ക ഉ ശ്രോത്രിയവരുമുള്ള മുഹമ്മസ്റ്ററുടെ കീഴിൽ അത് സ്വാം തരം അഞ്ചലാപ്പീസാക്കണമെന്നുള്ളേശിക്കുന്നു. അങ്ങിനെചെയ്യുന്നതിൽ വരുന്ന ചിലവ് സർക്കാരു തരുമായകുന്നു. ക ക ഠ സ-ൽ ഇനിയുള്ള രണ്ടുമാസത്തേക്കു വരുന്നതിലേക്കായി ക്കാ രൂപാ ആവശ്യമുണ്ട്. ക ക ഠ സ ലെ അഞ്ചൽബഡ്ജറ്റിലേക്കു ഈ തുകകൂട്ടുതലായി അനുവദിക്കേണ്ടതാണ്.

രണ്ടാമതായി നിരണം അഞ്ചലാപ്പീസിൽ സേവിങ്ങ്സ് ബാങ്കു ഏർപ്പാടു നടപ്പിൽ വരുത്തണമെന്നു അവിടത്തെ ജനങ്ങൾ അപേക്ഷിച്ചിട്ടുണ്ടു. ആപ്പീസു ഒരു നല്ല നിലയിൽ വരുന്നതും സേവിങ്ങ്സ്ബാങ്കു ഏർപ്പാടു നടപ്പിൽ വരുന്നതോടുകൂടി ആദായം വർദ്ധിക്കുന്നതുമാണ്. ക ഉ ശ്രോത്രിയവരുമുള്ള മാസ്റ്ററോടുകൂടിയതായ സ്വാം ഗ്രേഡ് അഞ്ചലാപ്പീസിനെ ഖ ഠ ശ്രോത്രിയക്കാരനായ ഒരു മാസ്റ്ററെ നിയമിച്ചു ദ്വിതീയം ഗ്രേഡ് ആക്കേണ്ടതാണെന്ന അഞ്ചൽസൂപ്രണ്ടു ആവശ്യപ്പെട്ടിരിക്കുന്നു. ക ക ഠ സ-ൽ ഇനിയുള്ള രണ്ടുമാസത്തേക്കു ഇതിലേക്കായി പത്തുരൂപ കൂട്ടുതൽ ആവശ്യമുണ്ട്. ക ക ഠ സ ലെ അഞ്ചൽബഡ്ജറ്റിൽ ഈ തുക കൂട്ടുതലായി അനുവദിക്കേണ്ടതാണ്.

കൂവാലം അഞ്ചലാപ്പീസിൽ സേവിങ്ങ്സ് ബാങ്കു ഏർപ്പാടു നടപ്പിൽ വരുത്തണമെന്നു അഞ്ചൽസൂപ്രണ്ടു ശിപാർശചെയ്തിട്ടുണ്ട്. പള്ളിക്കുടങ്ങളും, പള്ളികളും, പരസ്പരസഹായസംഘങ്ങളും മുതലായവ ഉള്ളതും ജനബാഹുല്യമുള്ളതുമായ ഒരുസ്ഥലമാണ് ഇതെന്നു പറഞ്ഞിരിക്കുന്നു. ഇതിനെപ്പറ്റി പരാതിപ്പെട്ടിട്ടുള്ള അവിടത്തെ ആളുകൾ അവരുടെ ആവശ്യങ്ങൾക്കു് ആലപ്പുഴയൊ ചങ്ങനാശ്ശേരിയിലൊ പോകേണ്ടിയിരിക്കുന്നു. സേവിംഗ്സ്ബാങ്കു ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനു ദൽപായി ക ശ്രോത്രിയവരുമുള്ള മാസ്റ്ററോടുകൂടിയതായ സ്വാം ഗ്രേഡ് അഞ്ചലാപ്പീസിനെ ഖ ഠ ശ്രോത്രിയക്കാരനായ ഒരു മാസ്റ്ററെ നിയമിച്ചു ദ്വിതീയം ഗ്രേഡാക്കണം. ക ക ഠ സ ഇടവം മുതൽ ഗ്രേഡ് ഉയർത്തുന്നതിനായി മാസം ഒന്നിനു ശ്രോത്രിയം രൂപാ വീതം ഇക്കൊല്ലത്തേക്കു പത്തുരൂപാമാത്രമേ ആവശ്യമുള്ളൂ. ഇതും അഞ്ചൽ ബഡ്ജറ്റിലേക്കു കൂട്ടുതലായിട്ടു അനുവദിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ. ഈ ഡിമാൻറ് സഭ അനുവദിച്ചതായി ഞാൻ വിചാരിച്ചുകൊള്ളട്ടെയോ?

ഗ്രാൻറനുവദിച്ചു.

ഡിമാൻറ് 42 പലവക.

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെൻറ് സിക്രട്ടറി): തിരുവിതാംകൂർ റെഗുലേഷൻസ് ആൻഡ് പ്രൊക്ലമേഷൻസ് എന്ന പുസ്തകത്തിൻറ പരിഷ്കരിച്ച രണ്ടു മൂന്നു വാല്യങ്ങളുടെ വില പ്രതികം വീതം വാങ്ങുന്നതിനു മുമ്പായി 1000 രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): നടപടിക്രമത്തിനുവേണ്ടി അപേക്ഷിച്ചുകൊള്ളുന്നു. ഇതെന്തുകൊണ്ടാണ് അനുവദിക്കുന്നതെന്നുള്ളതിനെ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു. 'മേയ്' ലെ പാർലിമെൻറിനുപകരം അനുസരിച്ചും തന്മൂലം ചട്ടങ്ങൾ അനുസരിച്ചും നടപടിക്രമം താഴെ പറയുന്ന പ്രകാരമായിരിക്കണം:— "ഇന്നാണ്ടത്തേക്കു ആവശ്യപ്പെട്ടിട്ടുള്ള തുകയുടെ പൂരണത്തിനുള്ള ഒരു ഗ്രാൻറ് പാർലിമെൻറ് അനുവദിച്ചു കഴിഞ്ഞു എങ്കിൽ അതിനുമേൽ ഒരു സപ്ലിമെൻററിഎസ്റ്റിമേറ് ഫാജരാക്കുവാൻ പാടുള്ളതാണ്. അതല്ലെങ്കിൽ കാലാകാലങ്ങളിലുള്ള ബഡ്ജറനുവാദത്തിനുശേഷം പുതുതായ ചിലവിനു അവസരം നേരിട്ടിരിക്കുന്നു'.

സർ, ഇവിടെ രണ്ടു കൊല്ലങ്ങൾക്കു മുൻപ് ഇതുപോലെ ഒരു അവസരം ഉണ്ടായിട്ടുണ്ട്. എനിക്ക് ഇന്നത്തെ ചീഫ്സിക്രട്ടറിയുടെ പക്കൽ നിന്നും കിട്ടിയ എഴുത്തനുസരിച്ച് ഗവണ്മെൻറ് ഒരു സപ്ലിമെൻററി രണ്ടു കൊല്ലങ്ങൾക്കുമുൻപു കൊടുത്തതായി അറിയുന്നു. അതിൽ പിന്നീട് രണ്ടുബഡ്ജറുകളെങ്കിലും കഴിഞ്ഞിരിക്കുന്നു. ഇനി ഒരു കാര്യം; നാം ഇതിനു പണം അനുവദിച്ചു കൊടുത്തിട്ടില്ല. പിന്നീട് ഇതു ആദ്യമെ തന്നെ ഒരു അനുവാദം ഇല്ലാതെ ഒരു കൂട്ടത്തൽ അനുവാദമാകുന്നതെങ്ങിനെയാണ്. അതുകൊണ്ടു ഞാൻ ഈ സഭയുടെ അധികാരങ്ങളേയും അവകാശങ്ങളേയും രക്ഷിക്കേണ്ടയാൾ എന്നനിലയിൽ കൂട്ടത്തൽ അനുവാദത്തിനുള്ള അപ്പീൽത്താ നടപടിവിരുദ്ധമായിട്ടുള്ളതാണെന്നു തീരുമാനിക്കേണ്ടതാണെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ധനകാര്യക്കമ്മിഷണർ): സർ, ഗവണ്മെൻറിനു തന്നാണ്ടിൽ ഉണ്ടായേക്കാവുന്ന ഓരോ ചിലവും പ്രത്യേകം പ്രത്യേകമായി ബഡ്ജറിൽ കാണിച്ചിരിക്കേണ്ടതുള്ള ധനനയിമാണ് മെമ്പർ സംസാരിക്കുന്നത്. അതു ശരിയല്ല. 'പലവക' എന്ന ഇനത്തിൽ ഒരു ഡിമാൻറ് തിയമസഭയിൽ ഹാജരാക്കുകയും അതിനു ഏതാനും തുകയ്ക്കു വോട്ടനുവാദം സിദ്ധിക്കയും ചെയ്തിട്ടുണ്ട്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): 'ദ' യുടെ പാർലിമെൻററിനടപടിപ്രകാരം എനിക്ക് പറയാനുള്ളതു ഇതാണ്:—കീഴ്നടപ്പനുസരിച്ച് പാർലിമെൻറിനു അനുവാദം സിദ്ധിച്ചിട്ടുള്ളതായ ചിലവുകളെ സംബന്ധിച്ചു മാത്രമെ ഗ്രാൻറുകൾ ആവശ്യപ്പെടാൻപാടുള്ളു എന്നുണ്ട്. നിസ്സാരമായിട്ടുള്ളതും എതുവാദത്തിനു ഇടയില്ലാത്തതുമായ പുതിയ ചിലവുകളെ മാത്രമെ ചിലപ്പോൾ ഈ പ്രമാണത്തിൽ നിന്നു വ്യതിചലിക്കുന്നതിനു അനുവദിക്കാറുള്ളു.

പാർലിമെൻററി നടപടിപ്രകാരം വിട്ടുവീഴ്ച ചെയ്യുന്നതിലേക്കു ഇതു നിസ്സാരമായതൊ എതുവാദമില്ലാത്തതൊ ആയ ഒരു ചിലവല്ല.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ധനകാര്യക്കമ്മിഷണർ): കുറ്റം അതല്ല. പലവക ഇനത്തിൽ കുറെ പണം അനുവദിച്ചിരുന്നതിൽ ദീർഘകാലത്തേക്കായിട്ടു ഗവണ്മെൻറ് ഒരു വാല്യത്തിൻറ വില കൊടുത്തിട്ടുണ്ട്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): 80,000 രൂപയ്ക്കു ഒരു കുത്തക ഗവണ്മെൻറ് കൊടുക്കുമെന്നു പറഞ്ഞതെന്തായി?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ധനകാര്യക്കമ്മിഷണർ): എനിക്കു പറയാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞില്ല. തല്ക്കാലത്തേക്കു ഗവണ്മെൻറ് ഒരു വാല്യം സംബന്ധിച്ചുള്ള മുതലായ ഏറ്റിട്ടുള്ളു. അതു പലവക ഇനത്തിൽ വോട്ടനുവാദം സിദ്ധിച്ചിട്ടുള്ളതിൽനിന്നുമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാല്യങ്ങൾ അച്ചടിക്കുന്നതിനുള്ള അനുവാദം മാത്രമെ ഗവണ്മെൻറ് കൊടുത്തിട്ടുള്ളൂ അതൊ ഇതു പുസ്തകങ്ങൾ വിലയ്ക്കു എടുത്തുകൊള്ളുമെന്നുകൂടി ഏറ്റിട്ടുണ്ടോ ഇല്ലയൊ എന്നു എനിക്കു പറഞ്ഞുതരുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ധനകാര്യക്കമ്മിഷണർ): ആ വിഷയത്തെപ്പറ്റി അദ്ദേഹത്തിൻറ മുമ്പാകെ ഹാജരായിരിക്കുന്ന മെമ്പർ വിശദമായി സമാധാനം പറയുന്നതാണ്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സെക്രട്ടറി ചങ്ങനാശ്ശേരി): നടപടിക്രമത്തെപ്പറ്റി ചോദിച്ചതായ ചോദ്യത്തിനു സപ്ലിമെൻററി ഗ്രാൻറിനെപ്പറ്റിയുള്ള ചട്ടങ്ങൾ വളരെ വിശദവും താഴെ പറയുന്നതുപോലെയും ആകുന്നു:—താഴെ പറയുന്ന അവസരങ്ങളിൽ ഒരു കൂട്ടത്തൽ അനുവാദത്തിനു അപേക്ഷ ചെയ്യാവുന്നതാണ്:—

(i) നിയമസഭയുടെ വോട്ടനുവാദം സിദ്ധിക്കേണ്ടതായ തുകകൾ അപ്രകാരം അനുവാദം സിദ്ധിച്ചതിനുശേഷം തന്നാണ്ടത്തേക്കു പോരാത്തവരികയോ, അല്ലെങ്കിൽ,

(ii) തന്നാണ്ടിൽ ചിലവുചെയ്യുന്ന ഒരാവശ്യം ഉണ്ടാവുകയും അതിനു കൗൺസിലിനു യോഗം വേണ്ടിയിരിക്കയും തന്നാണ്ടത്തെ ബഡ്ജറിൽ കൊള്ളിക്കാത്ത ഒരു പുതിയ ചിലവും ആയിരിക്കണം.

ഇപ്പോൾ ഇതു ബഡ്ജറിൽ കൊള്ളിച്ചതൊ കൊള്ളിക്കാത്തതൊ ആയ ഒരു ചിലവാണ്. ഉൾപ്പെട്ടുണ്ടാകുകയും അനുവദിക്കയും അതു നിലവാതവരികയും ചെയ്തുകിൽ കൂട്ടത്തൽ അനുവാദം ആദ്യം പാടുള്ളതിൽ ഉൾപ്പെട്ടുന്നു. ഈ ചിലവു് ഉൾപ്പെട്ടുത്തിയിട്ടില്ലെങ്കിൽ അതു ഒരു പുതിയ ചിലവും ഡിമാൻറ് ഈ ഇനത്തിൽ വരുന്നതുമാകുന്നു. പൊതുപ്രകാരമായാലും സപ്ലിമെൻററി ഡിമാൻറ് നടപടിക്രമം അനുസരിയ്ക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നടപടിക്രമത്തിനുള്ള അപേക്ഷയെപ്പറ്റി എനിക്ക പറയാനുള്ളതുകൂടി കേട്ടാൽകൊള്ളാം. തിരുമനസംബന്ധിച്ചുള്ള ലാമെംബറിന്റെ വ്യാഖ്യാനപ്രകാരം സപ്ലിമെന്ററി ഡിമാന്റു ഏതു അവസരത്തിൽ ഹാജരാക്കിയാലും അതു നടപടിക്രമവിരുദ്ധമായിരിക്കയില്ലെന്നു തോന്നുന്നു. ബഡ്ജറ്റു തയ്യാറാക്കുന്ന സമയത്തു അതു് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മൊത്തം അനുവാദത്തിനപുറമെ കൂട്ടുതൽ അനുവാദമായിട്ടു ഗണിക്കാവുന്നതാണെന്നു അഭിപ്രായം പറയുന്നു. അപ്രകാരം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അതു് ഒരു പുതിയ ചെലവും ആകുന്നു. അതുകൊണ്ടു ഏതു വിധത്തിലായാലും ഒരു സപ്ലിമെന്ററി ഗ്രാന്റു അനുവാദത്തിനായി സഭയിൽ ഹാജരാക്കുന്നതാകുന്നു. അപ്രകാരമുള്ള ഒരു വ്യാഖ്യാനം നന്നല്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ബഡ്ജറ്റ് നിയമസഭയിൽ ഹാജരാക്കിയപ്പോൾ വിലക്കുവാങ്ങുന്നതിനുള്ള ചിലവു ഉൾപ്പെടുത്തിയിരുന്നോ ഇല്ലയോ എന്നാണ് നോക്കേണ്ടതു്. ഉൾപ്പെടുത്തിയിരുന്നു എന്നുള്ളതിനു പല തെളിവുകളുമുണ്ടു്. ഉദാഹരണമായിട്ടു ഹൈക്കോർട്ടിലേക്കു പുസ്തകങ്ങൾ വാങ്ങുന്നതിലേക്കായി ഏകദേശം ൫,൫൦൦ രൂപയോളം അനുവദിച്ചിരുന്നു. മറ്റു ഡിപ്പാർട്ടുമെൻറുകളിലെ ആവശ്യങ്ങൾക്കു ഈ ഇനത്തിനു പ്രത്യേകം പണം അനുവദിച്ചിരുന്നു. പിന്നീടു എങ്ങിനെയാണ് ഗവണ്മെൻറിന്റെ അറിവുകൂടാതെ ഒരു പുതിയ ആവശ്യം നേരിടുന്നതു്. അതുകൊണ്ടിപ്പോൾ പലവക ഇനത്തിൽ ഉൾപ്പെടുത്തുമെന്നു നിശ്ചയിച്ചു. യഥേഷ്ടം നിവൃത്തിയില്ലാത്തതിനാൽ ഗവണ്മെൻറു പലവക ഇനത്തിൽനിന്നും ഒന്നാംവാല്യത്തിനായി ഏതാനും പണം കൊടുത്തുപോയതായിതോന്നുന്നു. 'പലവക' ഇനത്തിൽനിന്നും കുറെ പണം കൊടുത്തുപോയതുകൊണ്ടു ആ ഇനത്തിൽ ഒരു പുതിയ ചെലവു ആദ്യമായിട്ടു ഉണ്ടായി എന്നു പറയുന്നതു് ശരിയാണോ? ഈ ഘട്ടത്തിൽ ആദ്യമായിട്ടുണ്ടായ ഈ ചെലവു് ഒരു അവിചാരിതമായ ചെലവാണ് എന്നു കരുതുന്നതു വളരെ പ്രയാസമുണ്ടായിട്ടുള്ളതുകൊണ്ടാണ് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നതു്. ഞാൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായത്തോടുകൂടി പൂർണ്ണമായി യോജിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടറി): എന്നാൽ അതു് അനുവദിച്ചു പണം തികയാതെ വന്നിട്ടാണെന്നു വിചാരിക്കുന്നതോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ പുസ്തകങ്ങളെല്ലാം ഹജൂരാപ്പീസിൽ ഉപയോഗിക്കുന്നതിനായിട്ടല്ലാ എന്നു എനിക്കു നിശ്ചയമുണ്ടു്. പുസ്തകം വാങ്ങുന്നതിനുള്ള ചെലവു എല്ലാ ഇനങ്ങളിലും ഉൾപ്പെടുത്തിയിട്ടുള്ളതായി നിങ്ങൾക്കു കാണാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തൊഴിൽ): പുസ്തകം വാങ്ങുക എന്നുള്ളതു ഒരു പ്രത്യേകം ഇനമായിട്ടു ഗണിക്കാറുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു് പ്രത്യേകമായിട്ടു ബഡ്ജറ്റിൽ കാണിച്ചിട്ടുണ്ടു്. അതായതു ആദ്യമായിട്ടു ഒരു പുതിയ ചിലവുണ്ടായി എന്നു പറഞ്ഞതു ശരിയല്ല. ഗവണ്മെൻറിനു ഔദാര്യമുണ്ടു്. ഗവണ്മെൻറു ഈ പുസ്തകങ്ങളെ വില വാങ്ങാതെ സകല ഡിപ്പാർട്ടുമെൻറുകളിലേക്കും ദാനമായി വിതരണം ചെയ്യുന്നതിനാണ് പോകുന്നതു്. ഇതു വേറെ ഒരു വിഷയമാണ്. പ്രസ്തുതവിഷയം സഭയിൽ ഹാജരാക്കിയിട്ടേയില്ല. ഈ ഇനത്തെ സംബന്ധിച്ചു ഞങ്ങൾക്കു യാതൊരറിവും ഇല്ലായിരുന്നു. ഈ കാരണങ്ങളാൽ പ്രസ്തുതമോഷൻ സാധുവാണെന്നു തെളിയുന്നില്ല. ഞാൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായത്തോടുകൂടി പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മി: പി. കെ. നാരായണപിള്ള, നിങ്ങൾ ലാമെംബറിന്റെ 'സപ്ലിമെൻറിഗ്രാന്റ്' എന്ന വാക്കിനെപ്പറ്റിയുള്ള വ്യാഖ്യാനത്തേയും ഡിമാൻറിനെപ്പറ്റി ധനകാര്യോദ്യോഗസ്ഥരുടെ അഭിപ്രായത്തേയും കേട്ടിരിക്കുമല്ലോ. കാര്യം എന്താണെന്നു ഞാൻ പറയാം. സപ്ലിമെൻററിഡിമാൻറു എന്നുവച്ചാൽ ബഡ്ജറ്റു തയ്യാറാക്കി അനുവദിച്ചതിൽ പിന്നീടു ബഡ്ജറ്റിൽ മൊത്തമായി ആവശ്യപ്പെട്ടിരിക്കുന്നതിനു പുറമെ തികയാതെവരുന്നതിനാലുള്ള കുറവു തീർക്കുന്നതിനു ആവശ്യപ്പെടുന്ന തുകയാകുന്നു. ബഡ്ജറ്റിൽ മൊത്തമായിട്ടുള്ള കുറവിനെ പരിഹരിക്കുന്നതിനു ഇപ്പോൾ ആവശ്യപ്പെട്ട തുക ഏതെങ്കിലും ഒരു പ്രത്യേക ഇനത്തിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നതും ആയതുകൊണ്ടു് അപ്രകാരം ചെയ്തിട്ടുള്ളതുമാകുന്നു. കൂട്ടുതൽ അനുവാദം പൊതുവെ നോക്കുന്നതായാൽ അതു ബഡ്ജറ്റിൽ ആകെ അനുവദിച്ചിട്ടുള്ള തുകയെ പിന്നീടു ഒരവസരത്തിൽ വർദ്ധിപ്പിക്കുന്നതിനാണ്. അപ്രകാരം നോക്കുന്നതായാൽ പ്രസ്തുത കൂട്ടുതൽ അനുവാദം അനുവദിക്കത്തക്കതും നിയമാനുസൃതമായിട്ടുള്ളതുമാണ്.

ഒന്നാമതു മെംബറന്മാരുടെ ശ്രദ്ധയാകർഷിക്കുന്നതിനായി ഒരു സംഗതിയുടെ പറയേണ്ടതായിട്ടുണ്ടു്. ഈ ഗ്രാന്റു മുതലായി മാറിവച്ചിട്ടുള്ള ഒരു തുകയിൽനിന്നുമുള്ള ഒരു അറ്റ ചിലവല്ല. ഈ പുസ്തകം വസ്തു, മജിസ്ട്രീരിയൽ, ജുഡിഷ്യൽ, സിവിൽപോലീസ് മുതലായ തുകകളിൽ ആവശ്യമുള്ളതും ഈ ഡിപ്പാർട്ടുമെൻറുകളിലേക്കു പുസ്തകം വാങ്ങുന്നതിനു പ്രത്യേകം പണം അനുവദിച്ചിട്ടുള്ളതുമാകുന്നു. ഗവണ്മെൻറിപ്പോൾ ചെയ്യുന്നതെന്തെന്നാൽ ഒരു മൊത്ത വ്യാപാരി എന്ന നിലയിൽ ഈ പുസ്തകങ്ങൾ സഹായവിലയ്ക്കു ഉണ്ടാക്കുന്നവരുടെ അടുക്കൽനിന്നു വാങ്ങി--പടം ഉപയോഗിക്കുന്നതിൽ വിരോധമില്ലെങ്കിൽ---പുസ്തകം ആവശ്യമുള്ള പലവകുപ്പുകാരുടെ ഇടയിൽ വിതരണം ചെയ്യുകമാത്രമാണ്. ഈ പണം അവസാനത്തിൽ തിയ്യ വകുപ്പുകാരുന്നതാണ്. ഇപ്പോൾ ആവശ്യപ്പെട്ട ക്രമം ൧൦൦—ൽ ചില്വാനം രൂപയും മറ്റു ഡിപ്പാർട്ടുകളിലെ തഞ്ചിലവിൽ പുസ്തകം വാങ്ങുന്നതിനു അനുവദിച്ചിട്ടുള്ള തുകകളിൽ നിന്നും തിരിയ്ക്കു മുതൽ വസ്തുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിമാൻറു ഇനിമേൽ ഹാജരാക്കേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ ഡിമാൻറു ഹാജരാക്കുന്നതിനു മുൻപായി മി: പിറവിപ്പെരുമാൾപിള്ള നടപടിക്രമത്തിനു അപേക്ഷിക്കുകയാണല്ലോയത്.

മി; പി. എൻ. തുണ്ടിപ്പിള്ള (ഗവണ്മെൻറു സെക്രട്ടറി): ഹൈക്കോർട്ട് അപ്പീൽ പ്രൊസീഡിംഗ്സ് എന്നു പുസ്തകം കഴിഞ്ഞതവണ പ്രസിദ്ധീകരിച്ചതു് കൗൺസിൽ അണ്. അതിൽപിന്നീടു പല റഗുലേഷനും ഭേദഗതിയും ഉണ്ടാക്കുകയും അതിലുള്ളവയിൽ ചില കേസുകൾകൂടി വരുത്തുകയും ചെയ്തിട്ടുണ്ടു്. ഇപ്പോൾ ഉള്ള വാ

ച്യങ്ങളിൽ പുതിയ റഫ്രഷ്മെന്റും പഴയതിൽ ഉള്ള ഭേദഗതികളും ചേർത്തിട്ടില്ല. അതുകൊണ്ടു റെഫറൻസിനു വേണ്ടി ഈ പുസ്തകങ്ങളുടെ ഒരു പരിഷ്കരിച്ചപതിപ്പു അത്യാവശ്യമാണ്. ഈ പുസ്തകങ്ങളുടെ ഒരു പുതിയ പതിപ്പു അച്ചടിക്കുന്നതിനു അനുവാദം വേണമെന്നു പെൻഷൻപറ്റിയ കെമിസ്ട്രി പ്രഫസർ മി: കൃഷ്ണസ്വാമി അയ്യരും മി: രാമലിംഗം അയ്യരും ഗവണ്മെന്റിനോടപേക്ഷിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെ വല്ല അപേക്ഷകളും ഉണ്ടായിരുന്നോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഒരപേക്ഷകൂടെ ഉണ്ടായിരുന്നു. എന്നാൽ അതു മി. കൃഷ്ണസ്വാമി അയ്യരുടെ അപേക്ഷവന്നതിനുമേലാണ് വന്നതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുറെ അപേക്ഷകൻ ഒരു വക്കീലായിരുന്നോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): അതെയിരുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കെ): ഗവണ്മെന്റു എപ്പോഴെങ്കിലും റഫ്രേഷൻസ് കോഴ്സ് അല്ലെങ്കിൽ റ്റൊപ്പുമേഷൻസ് എന്ന പുസ്തകം പരിഷ്കരിക്കുന്നതിൻ അനുമതി നല്കാമെന്നു ദേശിക്കുന്നതായി പരസ്യം ചെയ്തിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): പരസ്യം ചെയ്തിട്ടില്ല.

മി: കുരണ്ടിപ്പള്ളിൽ ആർ. രാമൻ പിള്ള (കൊല്ലം): (ക്ലിട്ടിക്ക്) എന്ന വാക്കുമായുള്ളബന്ധവും ഈ പ്രസിദ്ധകന്മാരും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): ഉണ്ട്.

മി: കുരണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ക്ലിട്ടിക്ക് എന്ന വാക്കും അവരും തമ്മിൽ എന്തു ബന്ധമാണുള്ളതു?

മി പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): അവർ എഡിറ്ററന്മാരോ ഉടമസ്ഥന്മാരോ എന്നുള്ളതു സൂക്ഷ്മമായി എനിക്കറിഞ്ഞുകൂടാ.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരം സെക്രട്ടറേറ്റ്): ക്ലിട്ടിക്ക് എന്ന പത്രം ഇപ്പോഴും നടക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): അതിപ്പോൾ വരുന്നില്ല.

മെസ്സേഴ്സ് കൃഷ്ണസ്വാമി അയ്യരും രാമലിംഗം അയ്യരും അപേക്ഷിച്ചതനുസരിച്ചു അനുവാദം കൊടുക്കുകയും പുസ്തകങ്ങളും റെഫറൻസിനു ഉപയോഗയോഗ്യമായിരിക്കുവാൻ ബയൻറിംഗ് നന്നായിരിക്കുവാനും ഒരു വക്കീലിനു വേണ്ടതായ സകല വിവരങ്ങളും താനിൽ ഉണ്ടായിരിക്കുവാനും ചെയ്യുന്നപക്ഷം വാല്യം പ്രതികം വാങ്ങിച്ചുകൊള്ളാമെന്നു ഗവണ്മെന്റു സമ്മതിക്കുകയും ചെയ്തു. ഇന്നാവോല്യും ഗൺവ ജൂൺ മാസത്തിൽ പ്രസിദ്ധംചെയ്തു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു വാല്യത്തിന്റെ വില എന്താണെന്നുപറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): ഓരോ വാല്യത്തിന്റെയും വില പ്രത്യേകമാണ്. ഒന്നാം വാല്യത്തിനു വില ക ം രൂപ്പീസ് രൂപയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉദ്ദേശം എത്രയാവുമ്പോൾ വരുമെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): നാലോ അഞ്ചോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊതുജനങ്ങൾക്കു ഒന്നാമത്തെ വാല്യം എത്ര വിലവച്ചാണ് കൊടുക്കുന്നതു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): അതേ വില തന്നെ രൂപ്പീ രൂപാ ക ം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): .വാ ം പ്രതികം വാങ്ങുന്നതു കൊണ്ടു ഗവണ്മെന്റിനു എന്തെങ്കിലും ലാഭം ഉണ്ടോ? എന്റെ ചോദ്യം ഗവണ്മെന്റു വാങ്ങിക്കുന്നതിനു നിരുത്സാഹപ്പെടുവാനുണ്ടോ എന്നാണ്.

മി; പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): ഇല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പുസ്തകങ്ങളുടെ ഓരോ വാല്യത്തിനും സൂക്ഷ്മമായി എന്തു വിലയാകുമെന്നു ഗവണ്മെന്റു അന്വേഷിച്ചിട്ടുണ്ടോ എന്നു എനോടു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): അന്വേഷിച്ചിട്ടുണ്ട്. അച്ചടിക്കുക, കൃത്തികെട്ടുക ഇവയെപ്പറ്റി ഒരു വിദഗ്ധന്റെ അടുക്കൽ ആലോചിക്കയും അതിലധികം വിഷയങ്ങളെപ്പറ്റി രാജ്യത്തുള്ള പ്രധാനപ്പെട്ട വക്കീലന്മാരുടെ അഭിപ്രായവും കിട്ടിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുസ്തകത്തിന്റെ ഗുണദോഷത്തെപ്പറ്റി എനിക്കയാതൊരു സംശയവുമില്ല. അച്ചടിക്കുവാൻ ബയൻറിംഗിനുള്ള കൂലി ഇവയ്ക്കു സൂക്ഷ്മമായ വില എന്താകുമെന്നാണ് ഞാൻ ചോദിക്കുന്നതു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): പ്രസിദ്ധകന്മാർ കൂടുതൽ വില നിശ്ചയിച്ചുഎന്നാൽ ഗവണ്മെന്റു അവരുടെ അഭിപ്രായ പ്രകാരമുള്ള നിരക്കുകളോടു താരതമ്യപ്പെടുത്തിയതിന്റെ ശേഷം വില കുറച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാസ്തവത്തിലുള്ള വില എന്താണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): ഓരോന്നും പ്രത്യേകം പ്രത്യേകം വില പറയുന്നതിനു എനിക്കു നിവൃത്തിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു വാല്യത്തിനു പ്രതി ഒന്നിനു എത്ര വിലയാകുമെന്നു പറഞ്ഞാൽ ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): പത്തു രൂപ്പീസ് രൂപയാകുമെന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിദ്ധകന്മാർ വാങ്ങിയ വിലയ്ക്കു തന്നെ വിൽക്കുകയാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): കത്തിക്കെട്ടി ബയൻറ് ചെയ്യുന്നതിനു മാത്രം നൂറ്റമ്പതു രൂപാ കവിയും. സർക്കാർ അച്ചുക്കൂടം സൂപ്രണ്ടിന്റെ എഴുത്തിൽ അപ്രകാരമാണ് അറിയിച്ചിട്ടുള്ളത്. അതു കൂടാതെ വേറെ ചിലവുകൾ ഉണ്ട്. ഇതെല്ലാം ആലോചിച്ചിട്ടു ഗവണ്മെന്റ് ഒന്നും രണ്ടും വാല്യങ്ങൾക്കു മാത്രം വില ഒന്നിന് രൂപാ വീതം വില നിശ്ചയിച്ചു. മൂന്നാം വാല്യം താമസിയാതെ പുറപ്പെടും എന്നാണ് അറിയുന്നത്. ഏർപ്പാടു അനുസരിച്ചു ഓരോ വാല്യത്തിന്റെയും വരിപ്രതികൾ വാങ്ങണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. ഇവയ്ക്കെല്ലാം കൂടി മുന്നൂറു രൂപാ ചിലവുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മൂന്നാം വാല്യം പ്രസിദ്ധപ്പെടുത്തിയോ ഇല്ലയോ എന്നു എന്നു അറിയിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): താമസിയാതെ പ്രസിദ്ധം ചെയ്യുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു താമസിയാതെ പുറപ്പെടുമെന്നുള്ളതു നിശ്ചയമായിട്ടു അറിഞ്ഞുകൂടെ. അതു കൊണ്ടു ഒരു സപ്ലിമെന്ററി ഗ്രാന്റു വേണമെന്നു ബലപ്പെടേണ്ട ആവശ്യമില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഈയാണ്ടു അവസാനിക്കുന്നതിനു മുൻപു പ്രസിദ്ധപ്പെടുത്തുന്നതാണ്. അതു കൊണ്ടു അത്യാവശ്യവുമുണ്ട്. രണ്ടു വാല്യങ്ങൾക്കും കൂടി മുന്നൂറു രൂപാ അനുവദിക്കുന്നതിനു സങ്കടമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

അധ്യക്ഷൻ: ഒരു മോഷൻ നിങ്ങൾ ഹാജരാക്കാനായിട്ടുള്ളതായി കാണുന്നില്ലാ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ മോഷനാണ് ആദ്യമായി കൊണ്ടുവരേണ്ടുള്ളത്.

മി. വി. സുബയ്യർ (ഗവണ്മെന്റ് നിയമിച്ച) (ഉപാധ്യക്ഷൻ): മിസ്റ്റർ പിറവിപ്പെരുമാൾ പിള്ളയുടെ മോഷൻ മൂന്നാമൻ ആകയും അനുവദിക്കുകയുമുണ്ടായിട്ടുണ്ടാണ്. അതു കൊണ്ടു അദ്ദേഹത്തിന്റെ ഉപക്ഷേപമാണ് ആദ്യം ഹാജരാക്കേണ്ടതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : മിസ്റ്റർ. നീലകണ്ഠപ്പിള്ളയുടെ മോഷനും അതിൽ ഉൾപ്പെട്ടതാണ്.

അദ്ധ്യക്ഷൻ: ചെറുതു വലിയതിൽ ഉൾപ്പെടുന്നതാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു') : സർ ഫൊനാൻസ് കമ്മിറ്റിയിലും ഈ ഗ്രാന്റിനെപ്പറ്റിയുള്ള സ്തുതിയെ ചുണ്ടിക്കാണിക്കുന്നതിനുള്ള മാത്രം എനിക്കുണ്ടായതു. ഇവിടെയും അതു ഞാൻ തന്നെ ചെയ്യേണ്ടിയിരിക്കുന്നു. ഈ റഫറൻസിനെ വീണ്ടും പ്രസിദ്ധം ചെയ്യുന്നതിൽ ഗവണ്മെന്റിനുള്ള ചുമതല നിറവേറ്റിയിട്ടില്ല എന്നുള്ളതിനാലാണു ഞാൻ ഈ ഗ്രാന്റു പെട്ടിക്കറയ്ക്കുണ്ടാക്കണമെന്നു ആവശ്യപ്പെടുന്നതു. ഒന്നാമതായിട്ടു റഫറൻസ് പരിശോധിച്ചു അച്ചടിക്കുണ്ടാക്കണമെന്ന് ഗവണ്മെന്റു തീച്ചപ്പെടുത്തിയപ്പോൾ അതു നിശ്ചയത്തെ പരസ്യം ചെയ്തു. മനോരമ അച്ചുക്കൂടം സമദർശി അച്ചുക്കൂടം, റഡിയാന്റെ അച്ചുക്കൂടം ഇവയുടെ ഉടമസ്ഥന്മാർക്കും ലാജൊണലിന്റെ പ്രവൃത്തകന്മാർക്കും അവരുടെ ഈർഷ്യാസൂചകം അറിയിക്കുന്നതിനായിട്ടുള്ള അവസരം കൊടുത്തിട്ടില്ല. അതു കൂടാതെ ഇതൊരു ഗവണ്മെന്റുപ്രസിദ്ധീകരണമായതുകൊണ്ടു മദ്രാസ് ലാപ്രിന്റിംഗ് മഹാസൂപ്രണ്ടെന്റുള്ള പ്രതിനിധികന്മാർ ഗവണ്മെന്റിനു ഒരുരാജഭോഗം നാം കൊടുക്കയും തൻമൂലം ഈ ചിലവ് കൂടാതെ കഴിക്കുകയും ചെയ്യാമായിരുന്നു. ഈ കാര്യങ്ങൾ ഒന്നും തന്നെ ഗവണ്മെന്റ് ആലോചിച്ചിട്ടില്ല. അവർ ചുരുക്കത്തിൽ നിയമസഭയുടെ അനുവാദംകൂടാതെയും മറ്റാരെയും അറിയിക്കാതേയും ഈ ഏർപ്പാടു ചെയ്തു. പുസ്തകങ്ങൾ ആവശ്യമുള്ളവയായിരിക്കാം, ഗവണ്മെന്റ് കരാർ ചെയ്കയും ചെയ്തിരിക്കാം, എന്നാൽ ഈ സഭയിലെ അംഗങ്ങൾ എന്നനിലയിലും രൂപാ ജനപ്രതിനിധികൾ എന്നനിലയിലും തത്വത്തെ അടിസ്ഥാനപ്പെടുത്തി നോക്കുന്നതായാൽ ഈ ഗ്രാന്റിനെ അനുവദിക്കാതെ തള്ളിക്കുന്നതിനു ശ്രമിക്കേണ്ടതു ഞങ്ങളുടെ കർത്തവ്യകർമ്മമാണ്. ഞങ്ങൾ നാട്ടെ സമ്മതിദായകന്മാരോടു സമാധാനം പറയേണ്ടവരാണ്. ഞങ്ങൾ എന്താണ് ചെയ്തിട്ടുള്ളത് എന്നവർ ചോദിക്കും, ഗവണ്മെന്റ് ദർഷ്യാസൂചകം വിളിക്കാതെയും നിങ്ങളുടെ അനുവാദം കൂടാതെയും മുന്നൂറു രൂപ ചെലവു ചെയ്തിരിക്കുന്നു, നിങ്ങൾ അതിനുപ്പറ്റി എന്താണ് ചെയ്തതു. ഞാൻ അവരോടു എന്താണു പറയേണ്ടതു? ഞാൻ അതിനെ എതിർത്തു എന്നും ഗ്രാന്റിനെ വെട്ടിക്കുറക്കുന്നതിനു വേണ്ടശ്രമം ചെയ്തു എന്നും പറയത്തക്കതായ നിലയിൽ പ്രവൃത്തിക്കേണ്ടിയിരിക്കുന്നു.

മി: എം. ശിവരാമപിള്ള (തോവാള): സമ്മതിദായകന്മാരോടു ഉത്തരംപറയുന്നതിനു വേണ്ടതായ വിവരങ്ങൾ സഭയിൽനിന്നും ശേഖരിക്കുന്നതിനുള്ള അവസരം ഇതാണെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു'): മെമ്പർ പറയുന്നതു എനിക്കു തീരെ മനസ്സിലാകുന്നില്ല.

മി: എം. ശിവരാമപിള്ള (തോവാള): സമ്മതിദായകന്മാരോടു സമാധാനം പറയുന്നതിലേക്കു വേണ്ട മറുപടി ഈ അവസരത്തിൽ അറിഞ്ഞുകൊണ്ടു ന്യായം അഭിവൃദ്ധിപ്പെടുത്തുമെന്നാണോ മെമ്പർ ഉദ്ദേശിക്കുന്നതു?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഇതുപോലെതന്നെ സമ്മതിദായകന്മാരോടു തൃപ്തികരമായ സമാധാനം പറയുന്നതിലേക്കു പല അവസരങ്ങളിലും ഞാൻ ശ്രമിച്ചിട്ടുണ്ടു. ഇതു ആദ്യത്തെയോ അവസാനത്തെയോ അവസരം അല്ല.

സർ, നിങ്ങൾ മുഖാന്തിരം നാട്ടെ കൌൺസിൽ അവസാനിപ്പിക്കുന്നതിനുമുൻപായി മറെന്നാൾ സമ്മതിദായകന്മാരോടു ഇടപെടേണ്ടവരേയും എല്ലാ അനുദ്യോഗസ്ഥന്മാരോടും ഈ ഡിമാന്റിനെ നിരാകരിക്കുന്നതിനു എന്നോടുകൂടി യോജിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. അദ്ധ്യക്ഷനോടു അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ടു പ്രയോഗിക്കുന്നതുമുൻപായും ഞാൻ അപേക്ഷിക്കുന്നു. ഗവണ്മെന്റു ഇതിലേക്കു കൺസെഷൻ കൊടുത്തിരിക്കാം. അപ്രകാരമാണെങ്കിൽ മിവാൻജി ഈ ഇരുപതിനായിരം രൂപാ ചിലവിനു ആവശ്യമുള്ളതാണെന്നു സർട്ടിഫൈചെ

യ്യുകൊള്ളട്ടെ. ഞാൻ പറയുന്നതെന്തെന്നാൽ സഭ തത്വത്തെ അടിസ്ഥാനപ്പെടുത്തി ഈ ദുക അനുവദിച്ചുള്ളടാ എന്നാണ്.

മി: എം. ശിവതാണുപിള്ള (തോവാള): സഭാതിരോധകന്മാരുമായി ഇടപെടണമെന്നുദ്ദേശമില്ലാത്ത മെംബറെപ്പറ്റി എന്താണ ഓണർ പറയുന്നത്?

മി: എസ്. പിരിവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): അവരോടെ ഇപ്പോൾ ചെയ്യട്ടെ

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടറി): പുസ്തകത്തിന്റെ വിലയെപ്പറ്റി മെംബറിനു എന്താണ പറയാനുള്ളത്?

മി: എസ്. പിരിവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): അതിനെപ്പറ്റി എനി ക്കൊന്നും പറയാനില്ല. പ്രസാധകന്മാർ ആവശ്യപ്പെട്ടിൽനിന്നും വില കുറച്ചിട്ടുണ്ടെന്നു മിസ്റ്റർ ഫിനാൻസ് കമ്മറിയിൽ പറയുകയുണ്ടായി. അതു വാസ്തവമായിരിക്കാം. ഗവണ്മെന്റ ഷിൽപ്പടേചെയ്യുകഴി ഞ്ഞു. അതനുസരിക്കേണ്ടതായിരിക്കാം. എന്നാൽ ഞാൻ പറയുന്നതു തത്വത്തെ അടിസ്ഥാനപ്പെടുത്തി സഭ ഇതനുവദിക്കാൻ പാടില്ലാ എന്നാണ. അത്യാവശ്യമാണെന്നു വിചാരിക്കുന്നപക്ഷം മിസ്റ്റർ സർട്ടിഫൈ ചെയ്യുകൊള്ളട്ടെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഡിമാന്റിനെ എതിർക്കണമെന്നു തനിക്കും ആഗ്രഹി ക്കുന്നു. എനിക്കിതിനെപ്പറ്റി സഭയെ ധരിപ്പിക്കുവാനുള്ള യോഗ്യതയുണ്ട.

മി: പി കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഡിമാന്റിനെ കുറച്ചെങ്കിലും പിന്താങ്ങിയതിനെപ്പറ്റിയാണ പറയാനുള്ളത എന്നു പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ അതിൽനിന്നും വ്യതിച ലിക്കാമോ

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഹാജരാക്കണമെന്നുദ്ദേശിച്ചിരുന്ന മോഷൻ കൊണ്ടുവരണമോ എന്നു ഞാൻ ചീർച്ചപ്പെടുത്തികഴിഞ്ഞു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടറി): മിസ്റ്റർ പിരിവിപ്പെരുമാൾ പിള്ളയുടെ മോഷനെസംബന്ധിച്ചു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ സംസാരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിദ്ധീകരണത്തിനെപ്പറ്റി ഗുണദോഷത്തെപ്പറ്റി മിസ്റ്റർ പിരിവിപ്പെരുമാൾപിള്ളയുടെ അഭിപ്രായം അറിയുന്നതിനായി ചേമെംബർ അദ്ദേഹത്തിനോട് മുമ്പ് ചോദ്യം ചോദിക്കയുണ്ടായി. അതിനെപ്പറ്റി യതൊന്നും പറയണമെന്നില്ലെന്നു ഞാൻ പറയാം. ഈ പുസ്തകം പൊതുജ നങ്ങൾക്കു ഗവണ്മെന്റിനും വളരെയധികം ആവശ്യമുള്ള ഒന്നാണ്. സപ്ലിമെന്ററിഗ്രാന്റു വേണമെന്നു ആ വശ്യപ്പെട്ട മെംബറിനോട് എത്രയും വക്കീലന്മാർ റഗുലേഷൻസിന്റെ പരിഷ്കരിച്ച പതിപ്പു അച്ചടിക്കുന്ന തിനു അനുവദം വേണമെന്നപേക്ഷിച്ചിട്ടുണ്ടോ എന്നു ചോദിച്ചുപ്പാൾ ഒരപേക്ഷ ഒരു വക്കീലിന്റെപക്കൽ നിന്നും ഉണ്ടായിരുന്നു എന്നു മറുപടിപറഞ്ഞു. എന്റെ സ്നേഹിതൻ പറയിപ്പെരുമാൾപിള്ള പറഞ്ഞതുപോ ലെ ദർഘാസുകൾ അയക്കണമെന്ന പരസ്യംചെയ്തിരുന്നു എങ്കിൽ അനേകംപേർ അപേക്ഷിക്കുകയും അതുകൊ ണ്ടു ഗവണ്മെന്റിനു ആദായം ഉണ്ടാക്കുകയും ചെയ്യുമായിരുന്നു, അതിനു അവസരം കൊടുത്തില്ല. അതുപോ ലെതന്നെ ഗവണ്മെന്റിന്റെ ഉദ്ദേശത്തെ അറിയിച്ചിരുന്നു എങ്കിൽ പലവക്കീലന്മാരും അപേക്ഷകരും അയക്ക മായിരുന്നു. അച്ചടിച്ചു കഴിഞ്ഞതായ വാല്യങ്ങൾ ഞാൻ പരിശോധിച്ചില്ല. എങ്ങിനെയായാലും, ഇപ്പോൾ പ്രസിദ്ധംചെയ്തിട്ടുള്ളതിൽനിന്നും നന്നായിട്ട പ്രസിദ്ധംചെയ്യുന്നതിനു തുണ്ടുള്ള യാരാളും വക്കീലന്മാരുണ്ടായി രിക്കാം. സങ്കുചിതബുദ്ധിയും ഇതുതരത്തിലാണ് വളരെ നല്ല പ്രസിദ്ധീകരണം എന്നുള്ള അഭിപ്രായത്തോടുള്ള ടി എനിക്കു യോജിക്കുന്നതിനു തരമില്ല.

മി: എസ്. പിരിവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും മന്ത്രി): ഈ പുസ്തകം വളരെ ന ന്നായിട്ടുണ്ടെന്നു ഞാൻ ഒരിക്കലും അഭിപ്രായപ്പെട്ടിട്ടില്ല എന്നു ഞാൻ സമാധാനം പറഞ്ഞുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ രാജ്യത്തു ധാരാളം വക്കീലന്മാരുള്ളസ്ഥിതിക്കു ഈ ജോലിചെയ്യുന്നതിനു ധാരാളം ആളുകൾ അപേക്ഷിക്കയും അവരിൽ ചിലർ ഇതിനെക്കാൾ നന്നായിട്ടു ഈ ജോലിചെയ്യുകയും ചെയ്യുമായിരുന്നു. അതിനുള്ള സൌകര്യം കൊടുത്തില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിക്കീൽ): ഇതേവിലയ്ക്കു ഇതിനുമുമ്പെല്ല പുസ്തകങ്ങൾ കിട്ടുമെന്നാണോ മെമ്പർ പറയുന്നത്

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൽകീഴ്): ഞാൻ വിലയെപ്പറ്റി പറയുന്നില്ല. തിരുവിതാം കൂർ ഗവണ്മെൻറിനു വിലകുറഞ്ഞ സാമാനങ്ങൾ വാങ്ങുന്ന ഒരു സമ്പ്രദായമുണ്ട്.

നാം വിലകൊടുക്കേണ്ടതായ സാമാനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചാണ്. അല്ലാതെ ധാരാളമായികിട്ടുവാനല്ല. ഈ ജേ പി ഒരു വക്കീൽതന്നെ ഏറ്റുകൊണ്ടായിരുന്നു. പുസ്തകം കൂടുതൽ ഉപയോഗയോഗ്യമായിരിക്കുമെങ്കിൽ തക്കതായ വിലകൊടുക്കുന്നതിനു നാം ഒടിക്കയല്ലായിരുന്നു. മുന്നമേതന്നെയിട്ടു ഇപ്രകാരം ഒരു ജോലി ഇപ്പോഴത്തെ പ്രസാധകന്മാർക്കു കൊടുത്തിട്ടുണ്ടെന്നു ആരുംതന്നെ അറിഞ്ഞില്ല. ഈ വാല്യങ്ങൾ പ്രസിദ്ധംചെയ്യുന്നതിനെ അപേക്ഷിക്കുന്നതിനൊ സഹായിക്കുന്നതിനൊ പൊതുജനങ്ങൾക്കു സൌകര്യംകൊടുത്തിട്ടില്ല. ഇപ്രകാരമുള്ള ഒരു പുസ്തകത്തെയുണ്ടാക്കുന്നതിനു വേണ്ടതായ നിയമപാണ്ഡിത്യമുള്ളായിരിക്കാമെന്നു വിശ്വസിക്കുന്നതായ ഒരു വക്കീലിന്റെ അപേക്ഷ ഉണ്ടായിരിക്കെ അതിനെപ്പറ്റി ഗവണ്മെൻറ കൂടുതലായി ഒന്നുംതന്നെ ചെയ്തിട്ടില്ലായിരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടറിക്കീൽ): ഈ കാര്യം തീരുമാനിച്ചതി നുമേൽ ആണ് ആ അപേക്ഷ വന്നത് എന്നു പറഞ്ഞുകഴിഞ്ഞു എന്നു മെംബറിനെ ഓർമ്മിപ്പിച്ചുകൊള്ളട്ടെയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു പിന്നീടു കിട്ടിയതായാലും അല്ലെങ്കിലും ഈ വാല്യങ്ങൾ പ്രസിദ്ധംചെയ്യുന്നതിനു ആരെങ്കിലും തയ്യാറുണ്ടായിരുന്നോ ഇല്ലയോ എന്നു പൊതുജനങ്ങളെ അറി യിച്ചിട്ടില്ല എന്നാണ് എനിക്കു പറയാനുള്ളത്. ഈപുസ്തകം അച്ചടിച്ച് പ്രസിദ്ധംചെയ്യുന്നതായസംഗതി അ

രെയും അറിയിച്ചിട്ടില്ലാ. ഇതാണ് എന്റെ പരാതി. ഗവണ്മെന്റ് ചിലകാര്യങ്ങൾ എന്നും മറ്റും പറയുന്നു. അതു ശരിയായിരിക്കാം. ധാരാളം പുസ്തകങ്ങൾ അച്ചടിച്ചു ബ്രഹ്മണർക്കു ചെയ്യുന്നതായിട്ടുകൊണ്ടു മുഴുവൻ കുറഞ്ഞതായിട്ടെങ്കിലും വിൽക്കുന്നതിനു വേറെയുള്ളതുകൊണ്ടു ഉണ്ടാകുമായിരുന്നു. നാല്പതിനായിരം രൂപായോളം ചിലവുവരുന്നതായ ഇതുപോലുള്ള കാര്യങ്ങളെപ്പറ്റി പരസ്യം ചെയ്യേണ്ടതായിരുന്നു.

മി: എസ്. പരമേശ്വരയ്യർ (തിരുവാന്തപുരം ദിവാൻപേഷ്കാർ): പ്രസാധകന്മാരിൽ ഒരാൾ നിയമേന ബന്ധമായ പുസ്തകങ്ങൾ പ്രസിദ്ധംചെയ്യുന്നതിനു പരിചയം സിദ്ധിച്ചിട്ടുള്ള ആളാണെന്നറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നേരത്തറിച്ച് ഒരാൾ പെൻഷൻപറ്റിയ കെമിസ്ട്രി പ്രഫസർ ആണെന്നു എനിക്കറിയാമെന്നല്ലാതെ മറ്റൊന്നും —

മി: എസ്. പരമേശ്വരയ്യർ (തിരുവനന്തപുരം ദിവാൻപേഷ്കാർ): ആ മനുഷ്യനെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. അദ്ദേഹം ക്രിമിനൽ സക്യൂലർകാരെ എല്ലാംകൂട്ടിച്ചേർത്തു ഒരു പുസ്തകമാക്കി അച്ചടിപ്പിച്ചിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനു ധാരാളം പാണ്ഡിത്യം ആവശ്യമില്ലാത്തതുകൊണ്ടു ആക്ഷേപം ചെയ്യുവാനുണ്ട്. എന്നാൽ എല്ലാ വിധികളെയും പരിശോധിക്കുന്നതിനും ഇതരവിധികളെ അറിയുന്നതിനും നിയമപാണ്ഡിത്യം ആവശ്യമാണ്. ക്രിമിനൽ സക്യൂലർകാരെ എല്ലാം കൂട്ടിച്ചേർത്തു ഒരു പുസ്തകമാക്കി അച്ചടിക്കുന്നതിനു സാധാരണക്കാർക്കുപോലും സാധിക്കുന്നതാണ്. ഈ പുസ്തകം തയ്യാറാക്കി അച്ചടിക്കുന്നതിനു അടുത്തകാലത്തുണ്ടായിട്ടുള്ള വധികളെപ്പറ്റി അറിയാത്ത ഒരു വിദ്വാനായ വക്കീലിനെ ഏർപ്പാടുചെയ്തിരുന്നു എങ്കിൽ അതു പൊതുജനങ്ങൾക്കു കൂടുതൽ പ്രയോജനകരമായിരിക്കുമായിരുന്നു എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): സർ, മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഹാജരാക്കിയ മോഷനെ ഞാനും അനുകൂലിച്ചുകൊള്ളുന്നു. മോഷനെ അനുകൂലിക്കുന്നതിനു എനിക്കുള്ള കാരണങ്ങൾ മുൻപു സംസാരിച്ചവരുടെതിൽനിന്നും അല്പം വ്യത്യസ്തങ്ങളാണ്. വക്കീലന്മാരായിട്ടുള്ളവരെ അല്ലാത്തവരെ ഉദ്ദേശിച്ചുള്ള പൊതുജനങ്ങളോടു അഭിപ്രായത്തെ സംബന്ധിച്ചിടത്തോളമാണ് ഈ വിഷയത്തെപ്പറ്റി എനിക്കു പറയുവാനുള്ളത്. ഈ വാല്യങ്ങൾ ധാരാളം വാങ്ങുന്നു വക്കീലന്മാരായിട്ടുകൊണ്ട് അവരുടെകാര്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഇതുപോലെയുള്ള കാര്യങ്ങളിൽ അവർ പൊതുജനപ്രതിനിധികളാണ്. എന്റെ ഓർമ്മശരിയാണെങ്കിൽ കഴിഞ്ഞതവണ റഗുലേഷൻസും പ്രൊക്ലേമേഷൻസും അച്ചടിച്ചു പ്രസിദ്ധംചെയ്തതു ഗവർണ്മെൻറ് ആണ്. അതു കഴിഞ്ഞിട്ടു കുറച്ചു കാലമായിട്ടുള്ളു. വക്കീലന്മാരും മറ്റുള്ളവരും പുതുതായി വാങ്ങേണ്ടതായിട്ടുണ്ട് ഇരിക്കുന്നതു. ഞാൻ ഇതിനെ ശക്തിമത്തായി വിരോധിക്കുന്നു. ഈ പുസ്തകങ്ങളെ വക്കീലന്മാർമാത്രമേ വാങ്ങുന്നുള്ളു എന്നു വിചാരിക്കുക, എന്നാൽതന്നെയും അതു വേറെവിധത്തിൽ പൊതുജനങ്ങൾക്ക് ഉപദ്രവകരമായിതീരുന്നതാണ്. ഒരോരോ ഏടുകളിലും അവർ പുതിയ പുസ്തകങ്ങളെ വാങ്ങേണ്ടതായിട്ടുണ്ടായാൽ അവരുടെ കക്ഷികളിൽ നിന്നും അവർ കൂടുതൽ ഫീസു ഈടാക്കുന്നതാണ്. എങ്ങിനെ ആയാലും കൂടെക്കൂടെ പുസ്തകങ്ങളെ പുതുക്കുന്ന സമ്പ്രദായത്തെ പിഴിക്കാതെ തരമില്ല. ഗവർണ്മെൻറും പൊതുജനങ്ങൾക്കു റഗുലേഷൻസ് ആൻറ് പ്രൊക്ലേമേഷൻസ് എന്ന പുസ്തകത്തിൻറെ പ്രതികൾ കൊടുക്കേണ്ടതുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വെറതേയോ?

മി: ജി. രാമൻമേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): കോടതികൾ ചട്ടമറിഞ്ഞുകൂടാ എന്നുള്ള ഒരു സമാധാനമായിട്ടു പറഞ്ഞിരിക്കാറില്ല. അതുകൊണ്ടു ഗവർണ്മെൻറ് അനുവദിക്കുന്ന ചട്ടങ്ങൾ പൊതുജനങ്ങൾക്ക് എത്രയും കുറഞ്ഞ വിലക്കു കൊടുക്കേണ്ടതാണ്. ഇവിടെ കോടതികഴിഞ്ഞകാലങ്ങളിൽ അനുഷ്ഠിച്ചുവരുന്നനയം നേരത്തറിച്ചാണ്, നാലുകൊല്ലത്തിനകത്തു ഒരു പരിഷ്കരിച്ചു പതിപ്പു പ്രസിദ്ധപ്പെടുത്തുകയും അതു വാങ്ങേണ്ടതായ വക്കീലന്മാരും മറ്റാളും ഏതാനും പണം ചിലവഴിക്കേണ്ടതായും ഇരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടറിവകുപ്പിൽ): ഏതെങ്കിലും റഗുലേഷൻറെയൊ പ്രൊക്ലേമേഷൻറെയൊ അറിവിൽ ഉൾപ്പെട്ടതായ ചട്ടങ്ങളുടെയൊ പ്രതികൾ ഗവണ്മെൻറ് അച്ചുകൂടത്തിൽനിന്നും സാധുവിലക്കു വാങ്ങാവുന്നതാണെന്ന് ഞാൻ മെമ്പറിനെ അറിയിച്ചുകൊള്ളട്ടെയൊ?

മി: ജി. രാമൻമേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): അതു ശരിയായിരിക്കാം. പുസ്തകങ്ങൾ ഉണ്ടെന്നു പറയുന്നതുതന്നെ ഇപ്പോഴത്തെ പുസ്തകങ്ങളുടെ അനാവശ്യകതയെ തെളിയിക്കുന്നു. പൊതുജനങ്ങൾക്കു അനാവശ്യമായ ചിലവു ഉണ്ടാക്കാതെ ഇരിക്കുക എന്നുള്ളതു ഗവണ്മെൻറിൻറെ ചുമതലയാണ്. ഇടക്കിടെ പ്രസിദ്ധംചെയ്യുന്നതായ പുസ്തകങ്ങൾ മുൻപുള്ളവയിൽ ഇല്ലാത്തഭാഗങ്ങളെസംബന്ധിച്ചുമാത്രം ആയിരിക്കുന്നതാണ്, പഴയ നാലുവാല്യങ്ങളിൽ വല്ല ഭേദഗതികളും ഉണ്ടെങ്കിൽ പുതിയതിൽ അവയെ മാത്രമേ കേൾക്കുന്നതു ആവശ്യമുള്ളു. അനാവശ്യമായ ബുദ്ധിമുട്ടും ചിലവും ഉള്ളതുകൊണ്ടു എല്ലാ വാല്യങ്ങളും പരിഷ്കരിക്കേണ്ട ആവശ്യമില്ല.

അദ്ധ്യക്ഷൻ: എനിക്കു മെംബറിനോടു നടപടിക്രമം അനുസരിക്കണമെന്നു പറയേണ്ടിയിരിക്കുന്നു. അതു ഗവണ്മെൻറിൻറെ ചുമതലയിൽ ഗവണ്മെൻറിൻ നിന്നും പ്രസിദ്ധം ചെയ്യുന്ന പുസ്തകമാണെന്നുള്ളതിലുണ്ട് അതു മെംബർ സംസാരിക്കുന്നതു. അതു ഒരാളിൻറെ സ്വന്തപ്രസിദ്ധീകരണമാകയാൽ അതിനെ സംബന്ധിച്ചു ഗവണ്മെൻറിൻറെ നിലയെപ്പറ്റി സംസാരിക്കുന്നതു അവസരോചിതമല്ല.

മി: ജി. രാമൻ മേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): എനിക്കു സമയം ധരിപ്പിക്കാനുള്ളതു എന്തെന്നുവച്ചാൽ റഗുലേഷൻസ് ആൻറുപ്രോക്ലമേഷൻസ് എന്നതു പോലെ അത്യാവശ്യമുള്ളപുസ്തകങ്ങളെ സംബന്ധിച്ചു അനാവശ്യ ചിലവിനു ഗവണ്മെൻറ് ഇട കൊടുക്കരുതെന്നാകുന്നു. പിന്നീടുണ്ടായിട്ടുള്ള ഭേദഗതികൾകൊണ്ടു പുതുക്കേണ്ടതായ ആവശ്യം നേരിട്ടാൽ ഭേദഗതികളുള്ള ഭാഗങ്ങൾ മാത്രമെ പരിഷ്കരിക്കാൻ പാടുള്ളു.

അദ്ധ്യക്ഷൻ: നിങ്ങൾക്കു പറയാനുള്ളതു പറയണം. ഇതെല്ലാം അനാവശ്യമാണ്.

മി: ജി. രാമൻനായർ (മാവേലിക്കര കാത്തികപ്പള്ളി): എല്ലാ വാല്യങ്ങളും പരിശുദ്ധരിക്കണമെന്നുള്ള അഭിപ്രായമാണ് ഉപയോഗമില്ലാത്തവയായിട്ട് ഗണിക്കണമെന്നാണ്. ഇവിടെ പറഞ്ഞു കൊണ്ടു വന്നതെന്തെന്നാൽ ഗവണ്മെന്റ് വാസ്തവത്തിൽ ചിലരെ ഇതിനെപ്പറ്റി പരിശുദ്ധരിച്ചു പതിപ്പു പ്രസിദ്ധം ചെയ്യുന്നതിനു ഉത്സാഹിപ്പിച്ചു എന്നാണ്. അതു കൊണ്ടു അപ്രകാരമുള്ള ഒരു ചിലവു പൊതുജനനന്മയെ ലക്ഷ്യമായിട്ടുള്ളതല്ലാ എന്നു ഞാൻ വിചാരിക്കുന്നു. അതു ഒഴിഞ്ഞിരുന്ന ഒരു അനാവശ്യ ചിലവിനിടയാക്കിയിരിക്കുന്നു. അങ്ങിനെ ഒരു പുതിയ പതിപ്പു ഈ പുസ്തകങ്ങളെപ്പറ്റി ഗവണ്മെന്റുദ്ദേശിച്ചിരുന്നു പക്ഷം പഴയതിനോടു കൂടി ചേർത്താൽ മതിയായിരുന്നു.

മി: എ. കെ. പിള്ള (കുന്നാംപള്ളി): പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനെപ്പറ്റിയോ അതോ ഗവണ്മെന്റു അതിനെ വിലക്കു വാങ്ങിയതിനെപ്പറ്റിയോ തടസ്ഥം പറയുന്നതു്.

മി: ജി. രാമൻനായർ (മാവേലിക്കര കാത്തികപ്പള്ളി): ഗവണ്മെന്റു പ്രസ്തുത പുസ്തകങ്ങളെ വാങ്ങുന്നതിനെയാണ് ഞാൻ വിരോധിക്കുന്നതു്. എന്തു കൊണ്ടെന്നാൽ അപ്രകാരം ചെയ്യുന്നതു കൊണ്ടു ഈ മാതിരി ക്ലാസ്സിക്കുകൾ ഉണ്ടാകാവുന്ന പുതിയ പുസ്തകങ്ങളെ നാം സഹായിക്കുന്നു എന്നു വരുന്നതാണ്,

മി: എ. കെ. പിള്ള (കുന്നാംപള്ളി): ഗവണ്മെന്റു ഇതു പ്രചരിയ്ക്കുമെന്നുള്ള കരുതലാ, വിശ്വാസമോ ഉള്ളതു കൊണ്ടാണ് ഈ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനു മനിഞ്ഞോടുന്നു മെമ്പറിനഭിപ്രായമുണ്ടോ.

മി: ജി. രാമൻനായർ (മാവേലിക്കര കാത്തികപ്പള്ളി): നിശ്ചയമായിട്ടു അപ്രകാരമൊന്നുമല്ല ഞാൻ വിചാരിക്കുന്നു. അപ്പോഴില്ലെങ്കിൽ കഴിഞ്ഞ പ്രാവശ്യം ഈ പുസ്തകങ്ങൾ അച്ചടിച്ചിട്ടു് ഹൻഡ്രഡ് അയച്ചു കൊണ്ടു പ്രായകന്മാർ ഇതിലേക്കു ഇത്ര വളരെ പണം ചിലവാക്കുകയില്ലായിരുന്നു. ഗവണ്മെന്റിന്റെ പ്രോത്സാഹനമാണ് ഈ വാല്യങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനു കാരണമായതു എന്നു ഞാൻ വിചാരിക്കുന്നു. അതു കൊണ്ടും ജനങ്ങൾക്കു ക്ലാസിക്കുകൾ അനാവശ്യ ചിലവിനിടയാക്കുന്നതു കൊണ്ടും ഈ ഗ്രാന്റു അനുവദിച്ചു കൂടാ എന്നു ഞാൻ പറയുന്നു.

മി: എ. കെ. പിള്ള (കുന്നാംപള്ളി): പൊതുജനങ്ങളും ഈ പുസ്തകങ്ങൾ വാങ്ങിക്കണമെന്നു നിർബന്ധമില്ലെന്നു ഞാൻ മെംബറിനെ അറിയിച്ചുകൊള്ളട്ടെ?

മി: ജി. രാമൻനായർ (മാവേലിക്കര കാത്തികപ്പള്ളി): നിർബന്ധമില്ലായിരിക്കാം. പരിശുദ്ധിച്ചുവാല്യങ്ങൾ ഉള്ളപ്പോൾ മറ്റതു പഴയതാണെന്നു ഉദ്ദേശിച്ചു പുതിയതു വാങ്ങേണ്ടതാണെന്നുള്ളവരെ തോന്നുന്നതാണ്.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു) (ഉപാദ്ധ്യക്ഷൻ): ഞാൻ ആ പുസ്തകങ്ങൾ വായിച്ചിട്ടുള്ള ആളായതുകൊണ്ടു അതിനെപ്പറ്റി അല്പം സംസാരിക്കണമെന്നു വിചാരിക്കുന്നു. ഈ കെയൺസിചിന്റെ കാലം വ്യത്യിരിവായിരിക്കുന്നതു കൊണ്ടു സമ്മതിയോടുകൂടെ സമീപിക്കേണ്ടതായിട്ടുണ്ട്. അവരോടു എന്തെങ്കിലും പറയേണ്ടതായിട്ടുണ്ട്. തന്നിമിത്തം ഗവണ്മെന്റിനു വിപരീതമായി പറയണമെന്നുള്ള മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായത്തിൽ ഞാൻ സഹതപിക്കുന്നു. ഇപ്രകാരമുള്ള മനഃസ്ഥിതിയോടുകൂടിയാണ് ഡിമാൻഡിനെ എതിർക്കുന്നതിനുള്ള മോഷൻ അദ്ദേഹം ഹാജരാക്കിയിട്ടുള്ളതു. പുസ്തകത്തിനെതിരായി അദ്ദേഹത്തിനു യാതൊന്നും പറയാനില്ല. ആ സംഗതി മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെയും മിസ്റ്റർ കെ. പി. വീരകണ്ണപിള്ളയുടെയും വാദമുഖങ്ങളെ ഖണ്ഡിക്കുന്നു. ഒരു പുസ്തകത്തിന്റെ നന്മതിന്മയെ നാം നിശ്ചയിക്കുന്നതു അതിന്റെ ഗുണത്തെ നോക്കീട്ടുവേണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലോകത്തിലേക്കു ഈ പ്രസിദ്ധീകരണം ഏറ്റവും നല്ലതാണെന്നാണോ മെംബറിന്റെ അഭിപ്രായം?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു (ഉപാദ്ധ്യക്ഷൻ): ഞാൻ അതിനെപ്പറ്റി സംസാരിക്കാൻ തുടങ്ങുകയാണ്. അതു ഒരു വക്കീലിനു പ്രസിദ്ധം ചെയ്യുവാൻ കഴിയുന്നതായ പുസ്തകത്തോളം തന്നെ നന്നായിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുങ്ങോട്ടു): ഇതേവരെയുള്ളതിൽ ഏറ്റവുംനല്ല പ്രസിദ്ധീകരണം ഇതാണോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു (ഉപാദ്ധ്യക്ഷൻ): നിശ്ചയമായിട്ടും റഫറേഷൻസ് ആൻഡ് പ്രോപ്പിമേഷൻസ് എന്ന പുസ്തകത്തിനെപ്പറ്റി പരിശുദ്ധിച്ചു പതിപ്പു അച്ചടിക്കുന്നതിനുദ്ദേശിക്കുന്നതായി ഗസറ്റിൽ പരസ്യം ചെയ്തു ടീർഥാസുകൻ വരുത്തി കുറഞ്ഞ തർഥാസുകാരനു കൊടുത്തിരുന്നു എന്നു വരികിൽ നന്നായിരിക്കുമായിരുന്നു എന്നാണ് മിസ്റ്റർ പിറവിപ്പെരുമാൾപിള്ള അഭിപ്രായപ്പെട്ടതു്. എല്ലാ പ്രസാധകന്മാരും ഒരു പുസ്തകം അച്ചടിക്കുന്നതിനു ഏർപ്പെടുമ്പോൾ മാത്രം വേണ്ടതെന്നുദ്ദേശിക്കുന്നു കൊണ്ടു അതൊരു നല്ല വഴിയാണോ എന്നു ഞാൻ സംശയിക്കുന്നു. കുറഞ്ഞ തർഥാസുകാരനു കൊടുക്കുന്ന പക്ഷം അയാൾ ഗുണിനെ എങ്കിലും മാളമുണ്ടാക്കണമെന്നു വിചാരിക്കുന്നതു കൊണ്ടു ഫലം പുസ്തകം നന്നായിരിക്കയില്ലായെന്നുമുണ്ട്.

മി: ജി. രാമൻനായർ (മാവേലിക്കര കാത്തികപ്പള്ളി): കുറഞ്ഞ തർഥാസുകാരനു കൊടുക്കണമെന്നു ഗവണ്മെന്റിനെയല്ല കടമയും ഉണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു) (ഉപാദ്ധ്യക്ഷൻ): ഞാൻ അതിനെപ്പറ്റി സംസാരിക്കാൻ പോകയാണ്. അതു ഗവണ്മെന്റു തന്നെ പ്രസിദ്ധപ്പെടുത്തണം മന്നു ഏറ്റിട്ടുള്ളതും പ്രസിദ്ധപ്പെടുത്തിയതും അല്ല. ഇപ്പോൾ നടന്നതു ഗവണ്മെന്റു പ്രസിദ്ധകന്മാരോടു പ്രസിദ്ധം ചെയ്യുന്നതിനു വിരോധം ഇല്ലാ എന്നപറഞ്ഞു എന്നു മാത്രമെയുള്ളു. യോഗ്യതയുള്ളവർ പ്രസിദ്ധീകരണം നന്നെന്നു സാക്ഷ്യപ്പെടുത്തുന്ന പക്ഷം അതിന്റെ ഇതു പ്രതികം അവർ നിശ്ചയിക്കുന്ന വിലയ്ക്കു ഗവണ്മെന്റു എടുത്തു കൊള്ളണമെന്നു അവർ പറഞ്ഞു:

മി: എം. ശിവതാണുപിള്ള (തോപ്പാള): ഇവയെ പ്രസിദ്ധം ചെയ്യുന്നതിൽ ഗവണ്മെന്റിന്റെ ഉദ്ദേശം അതായിരുന്നു എങ്കിൽ പൊതുജനങ്ങളെ തെര്യപ്പെടുത്തുന്ന ഒരു പരസ്യം ആവശ്യമല്ലായിരുന്നോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു (ഉപാദ്ധ്യക്ഷൻ): ഗവണ്മെന്റു എന്താണ് ഉദ്ദേശിച്ചിരുന്നതു് എന്നുപറയുന്നതിനു എനിക്കു നിവൃത്തിയില്ല. അതിനെപ്പറ്റി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയോടു ചോദിക്കു

ണം. ഗവണ്മെൻറ പ്രസാധകന്മാരോട് ഈ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യണമെന്ന ആവശ്യപ്പെട്ടപ്പോൾ അവരുടെ നില സുരക്ഷിതമായിരുന്നു എന്നാണ് ഞാൻ പറയുന്നത്. അതിനു ന്യൂനതകൾ ഉണ്ടായിരുന്നു എങ്കിൽപ്പോലും ഈ ആവശ്യമില്ലെന്നു പറയുമായിരുന്നു. വില നിശ്ചയിക്കുന്നതിനും അനാവശ്യമായി ലാഭം എടുക്കുന്നതിനും അവർക്ക് ഉടവരികയില്ലായിരുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ വാല്യങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനു മുമ്പു വിച്ചുപ്പുമാം തിരുമനസ്സിലെ പ്രതികരം ഗവണ്മെൻറ് എടുത്തു കഴിഞ്ഞുവോ എന്നു പൂറിയുന്നോ?

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച) (ഉപാദ്ധ്യക്ഷൻ): ഉണ്ടായിരിക്കും, ഞാൻ അതിനെപ്പറ്റിയുള്ള എഴുത്തുകുത്തുകളും വായിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): കുറഞ്ഞ നിരക്കിനു ഏർപ്പെടുത്തുന്നതിനു വേറെ വല്ല പ്രസാധകന്മാരും ഉണ്ടായിരുന്നോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച) (ഉപാദ്ധ്യക്ഷൻ): അതൊന്നിനെക്കുറിഞ്ഞുകൂടാ.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസം, ഭരണകർത്തവ്യം മുതലായ ചില ഡിപ്പാർട്ടുമെൻറുകൾ, ഇവയുടെ പ്രസാധകന്മാർ ഗവണ്മെൻറിനോടു സഹായധനം വേണമെന്നോ, ഗവണ്മെൻറിൽനിന്നും ഏതു സംഖ്യ പ്രതികരം എടുത്തുകൊള്ളണമെന്നോ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ?

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച) (ഉപാദ്ധ്യക്ഷൻ): ഞാൻ ആ പുസ്തകങ്ങൾ വായിച്ചിട്ടുണ്ടെന്നും അവ ഈ പുസ്തകങ്ങളുടെ മുന്നിൽ ഒന്നോ, നാലിൽ ഒന്നോ വരികയുള്ളു എന്നും അഭിപ്രായപ്പെടുന്നു. അങ്ങനെ ഏതെങ്കിലും രൂപാ വിലയുണ്ട് എന്നും മറുപടി പറയാനുള്ളൂ.

ഗവണ്മെൻറിനു ഇഷ്ടമുള്ളപക്ഷം ഈ പ്രതികരം എടുത്തു കൊള്ളാമെന്ന ഏർപ്പാടുണ്ടാക്കുന്നതിനു ഗവണ്മെൻറിനു അധികാരമുണ്ടായിരുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പുസ്തകങ്ങൾ കണ്ടതിനു ശേഷമാണോ ഗവണ്മെൻറ് ഇങ്ങനെയും പ്രതികരം വാങ്ങാമെന്നു പറഞ്ഞത്.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച) (ഉപാദ്ധ്യക്ഷൻ): താഴെ പറയുന്ന നിബന്ധനകൾ അനുസരിച്ചു വരുമ്പോൾ പ്രതികരം വാങ്ങാമെന്നു ഗവണ്മെൻറ് സമ്മതിച്ചു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ വിവരം എവിടെ നിന്നും കിട്ടി എന്നു പറയുമോ?

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച): (ഉപാദ്ധ്യക്ഷൻ) പ്രസാധകന്മാരിൽ നിന്നുതന്നെ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്ക്) ഗവണ്മെൻറിനെറ ഉദ്ദേശം പരസ്യം ചെയ്തിരുന്നു എങ്കിലും ധാരാളം ആളുകൾ വരികയും അവരുടെ നിരക്കുകൾ അറിയുകയും ചെയ്യാമായിരുന്നില്ലെ?

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച) (ഉപാദ്ധ്യക്ഷൻ) അതിനെന്താണ്? ആവശ്യം പുസ്തകത്തിനു അടങ്ങിയ വിഷയങ്ങൾ, പുസ്തകത്തിൻറെനന്മ, ഈ മൂന്നുകാര്യത്തെപ്പറ്റി മാത്രമാണ് നമുക്ക് ആലോചിക്കേണ്ടുള്ളൂ: എ. പ്രസിദ്ധം ചെയ്യുന്നൊ ബി, പ്രസിദ്ധം ചെയ്യുന്നൊ എന്നുള്ളതിനെപ്പറ്റി നമുക്കു നോക്കിട്ടുകാര്യമില്ല.

മി: എസ് പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും മന്ത്രി): നമ്മുടെ പണം അനാവശ്യമായി ചിലവാക്കുന്നില്ലെന്നു നാം നോക്കേണ്ടതായിട്ടില്ലയൊ? പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനു അധികം ആളുകൾ ഉള്ളപ്പോൾ, ഉദാഹരണത്തിനു എ. ബി. സി. എന്നിവർ ഉള്ളപ്പോൾ ഡി എന്നൊരാൾ ഒരുരാജ്യദ്രോഹം തരാമെന്നു സമ്മതിക്കുന്നപക്ഷം, അതിനെ സ്വീകരിക്കുന്നതു നമുക്കു ഗുണപ്രദമായിരിക്കയില്ലയൊ?

മി: വി സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച) (ഉപാദ്ധ്യക്ഷൻ) മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഉദ്ദേശിക്കുന്നതു പോലെ ഉള്ള ആളുകളെ കിട്ടുമ്പോൾ അതാലോചിക്കുന്നതിനുള്ള സമയം അതിക്രമിച്ചേക്കാം. എന്നാൽ ഈ അവസരം അല്പദൂരം ഉള്ള ഒന്നല്ല എന്നു ഞാൻ വിശ്വസിക്കുന്നു, പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനു രാജഭോഗം തരുന്നതിനുള്ള ആളുകൾ വരുന്നതിനു വളരെ താമസം നേരിടുന്നതാണ്. പുസ്തകത്തിൻറെ ആവശ്യത്തെ സംബന്ധിച്ചിടത്തോളം മിസ്റ്റർ രാമൻ മേനോൻ പറഞ്ഞതായ സംശയത്തെ മാത്രം ഒഴിച്ചുനോക്കുന്നതായാൽ എനിക്ക് യാതൊരു സംശയവുമില്ല. അദ്ദേഹം ഈ പുസ്തകം മുഴുവൻ വായിച്ചു നോക്കിയോ എന്നു എനിക്കറിഞ്ഞുകൂടാ. വക്കീലന്മാരുടെ ആവശ്യത്തേക്കാൾ കൂടുതലായ ആവശ്യം നിയമസഭയുള്ളതുകൊണ്ടാണ് ഈ പുസ്തകം അച്ചടിച്ചു പ്രസിദ്ധം ചെയ്യുവാൻ ഇടയായതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെംബറന്മാക്ക് പ്രതികരം കൊടുക്കുകയില്ലയൊ?

മി: വി. സുബ്ബയ്യർ നാമനിർദ്ദേശം (ഉപാദ്ധ്യക്ഷൻ) വിലകൊടുത്താൽ ന്യായമായിട്ടും കിട്ടും. മെമ്പർ സ്ഥാനം അവസാനിക്കുമ്പോൾ തിരിയെ ഏല്പിക്കണമെന്നുള്ള വ്യവസ്ഥയിന്മേൽ ഗ്രന്ഥലേഷൻസ് ആൻറ് പ്രൊക്ലമേഷൻസിൻറെ പ്രതികരം കഴിഞ്ഞ സഭയിലെ മെംബറന്മാക്കു കൊടുത്തിരുന്നു. അതുപോലെ ഇപ്പോഴും ചെയ്യുമോ എന്നു എനിക്കു അറിഞ്ഞുകൂടാ. നടപ്പിലിരിക്കുന്ന ഗ്രന്ഥലേഷനിൽ കേന്ദ്രഗതികരം വരുത്തുന്നതിനുള്ള വാല്പ്രതിവാദങ്ങളിൽ എല്ലാ മെംബറന്മാരും ചേരേണ്ടതായിട്ടാണ് ഇരിക്കുന്നതു. മുൻപ് പ്രസിദ്ധപ്പെടുത്തിയവയിൽ നിന്നും വ്യത്യസ്തമായി ഇപ്പോഴത്തെതിൽ ഓരോ ചട്ടത്തിൻറെയും ആവശ്യത്തെയും ഓരോ വകുപ്പുകളുടെ ഭേദഗതികളുടെ ഉദ്ദേശകാരണങ്ങൾ ഉൾപ്പെടുത്തിയും അതിനേപ്പറ്റിയുള്ള വിധികളെയും വിശദമായി കാണിച്ചിട്ടുണ്ട്. അതുകൂടാതെ ബ്രിട്ടീഷ് ഇൻഡ്യൻ ചട്ടങ്ങളിൽനിന്നും ഇപ്പോഴത്തെ ചട്ടങ്ങൾക്കുള്ള വ്യത്യാസങ്ങളും കാണിച്ചിട്ടുണ്ട്. പുതുക്കി പറയുന്നതായാൽ ഒരു നിയമനിർമ്മാണകാര്യത്തിനുള്ള സകലവിവരങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. ഒരു കുപ്പ് അതിൽ ചേർത്തതെന്തിനാണെന്ന് അതിനെ ഏതു വിധത്തിൽ ഭേദപ്പെടുത്തണമെന്നും അതിനെ സംബന്ധിച്ചുള്ള വിധികൾ ഏതെല്ലാമാണെന്നും മറ്റും അതിൽ പറഞ്ഞിട്ടുണ്ട്. ഇവയെല്ലാം ഈ പ്രസിദ്ധീകരണത്തിൽ നിങ്ങൾക്കു കാണാവുന്നതാണ്.

മി: പി. രാമൻ മേനോൻ (മാവേലിക്കര കാൽത്തിപ്പള്ളി): ഈ വാല്യങ്ങളും പൊതുജനങ്ങൾക്കു വിലക്കിപ്പോൾ കിട്ടുമോ?

മി: വി. സുബ്ബയ്യർ (നാമനിർദ്ദേശം): (ഉപാദ്ധ്യക്ഷൻ) രണ്ടെണ്ണം ഇപ്പോൾ കിട്ടും. മൂന്നാം വായന താമസിയാതെ കിട്ടുന്നതാണെന്ന മിസ്റ്റർ പി. എൻ. കൃഷ്ണപിള്ള പറയുന്നു. അത് എല്ലാ വക്കീലന്മാർക്കും ഓരോ കോടതിയിലെയ്ക്കും ആവശ്യമുള്ളതാകുന്നു. കക്ഷികളാണ് ഇക്കാര്യത്തിൽ നല്ല നിശ്ചയമുള്ളവർ. ഒരു വക്കീലിനെ ഫിർപ്പെടുത്തുന്നതിനു മുൻപായി അയാൾക്ക അന്നേവരെയുള്ള സകലവിധികളും ചട്ടങ്ങളും നടപ്പിൽവരുത്തിയിട്ടുള്ളതിന്റെ ഉദ്ദേശങ്ങളും അറിയാമോ എന്നു അവർ പ്രത്യേകം സൂക്ഷിക്കാറുണ്ട്. വക്കീലന്മാരെ സംബന്ധിച്ചിടത്തോളം സാമൂഹ്യമായി വഴക്കകാർക്കിടയിലെന്നും മാറ്റാരുത്തക്കം ഫിർപ്പെടുത്തേണ്ടതെന്നറിയാവുന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. സർ, അങ്ങേക്കുണ്ടു ഒരു വക്കീൽ അന്നെതിയതിപരമുള്ള സകലവിവരങ്ങളും അറിഞ്ഞിട്ടുള്ള മരുളായിരിക്കണമെന്നുള്ളത് തർക്കമില്ലാത്ത ഒരു സംഗതിയാണ്. വക്കീൽ കാലാനുസൃതമായ പരിജ്ഞാനമുള്ളവനാണെങ്കിൽ കോടതിയും അപ്രകാരം ഇരിക്കുന്നതാണ്. അതുകൊണ്ടു കോടതികളിലേയ്ക്കുള്ളതായിരിയുള്ള പ്രസിദ്ധീകരണങ്ങൾ ഗവണ്മെന്റു കൊടുക്കേണ്ടതാണ്. നിയമനിർമ്മാണസഭയ്ക്കും അതുപോലെ ഇതു അത്യാവശ്യമാണ്. പ്രസാധകന്മാർ ഈപുസ്തകം പ്രസിദ്ധം ചെയ്യുകയിടപ്പോൾ അതിന്റെ ഫ്രാങ്കും പ്രതികം ഗവണ്മെന്റു വാങ്ങിയതു് അനീതിയാണോ എന്നുഞാൻ ഓർക്കുവാൻ പാടില്ല. പുസ്തകത്തിന്റെ ആവശ്യം ഉണ്ടെങ്കിലും അതിനു വച്ചിട്ടുള്ള വില ന്യായമായിട്ടുള്ളതാണെങ്കിലും എതുവാദം ചെയ്യേണ്ടതായ ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഗവണ്മെന്റു പണ്ടുപറഞ്ഞ വിലനിശ്ചയിച്ചു വാങ്ങാമെന്ന ഫ്രാങ്കു വളരെ കൂട്ടത്തലായിപ്പോയി എന്നു പറയുന്നവരോടു തക്കതായ സമാധാനം പറയുന്നതിനു ഞാൻ തയ്യാറാണു്. അച്ചടി കടലാസ്, കത്തികെട്ടു ഇവയെപ്പറ്റി ആക്ഷേപിക്കേണ്ടതുകൊണ്ടായി യാതൊന്നുമില്ല. പിന്നെ അതിലേക്കുവേണ്ടി ചെയ്തിട്ടുള്ള യത്നത്തെപ്പറ്റി എന്താണ് പറയേണ്ടതു്? എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള വക്കീലന്മാരെ വളരെ താഴ്ത്തിയാണ് പറയുന്നതു്. ഞാൻ ഒരു വക്കീലും, വക്കീലന്മാരോടു അനുഭാവമില്ലാത്തവനുമാണെങ്കിലും ഇപ്പോഴത്തെ സ്ഥിതിക്കു ഒരു വക്കീൽ ഇതുപോലും നന്നായിട്ടു ചെയ്യുമായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു. നിയമപാണ്ഡിത്യത്തിനെ പ്രസരിപ്പുകാണിക്കുന്നതായ ഒരു വക്കീൽ എഴുതുന്നതായ ഒരു പുസ്തകമല്ലാം ഇതു് എല്ലാം കൂടിക്കൂട്ടിച്ചേർത്തു് അച്ചടിച്ചു ശരിയായ ഡിക്ഷനിൽ പ്രസിദ്ധം ചെയ്യേണ്ടതായ ഒരു കാര്യം മാത്രമേയുള്ളു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കൻ): വേറെ ആക്കം ഇതു ചെയ്യുവാൻ സാധിക്കയില്ലയൊ.

മി: വി. സുബ്ബയ്യർ (നാമനിർദ്ദേശം) (ഉപാദ്ധ്യക്ഷൻ) തയച്ചോറുള്ളവക്കില്ലാവക്കും ചെയ്യുവാൻ സാധിക്കുന്നതാണ്, പ്രസാധകർക്കു തലച്ചോറുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): അതാരുടെ എങ്കിലും അച്ചടിപ്പോരാഞ്ഞോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച) (ഉപാദ്ധ്യക്ഷൻ) അല്ല.

മി: എം. ശിവതാണുപിള്ള (തോവാള): ചെയ്യുന്നീക്കേണ്ടെ എല്ലാജോലിക്കും ഒഫീസുകർ വേണമെന്നു പരസ്യം ചെയ്യുന്നതു് നന്നല്ലയോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച) (ഉപാദ്ധ്യക്ഷൻ) താഴ്ത്തിപറയുവാൻപോകുന്ന കാരണത്താൽ ഒഫീസുകർ വിളികുന്നതു നന്നല്ലെന്നു ഞാൻ പറയുന്നു. ഓഫീസുകർ സ്വീകരിക്കുന്നപക്ഷം ആളായം കിട്ടുന്നതുകൊണ്ടിത്തിൽ ഒരാൾക്കു ഒരുപുസ്തകം പ്രസിദ്ധംചെയ്യുവാൻ സാധിക്കുന്നതല്ല.എവിടെയെങ്കിലും ഫിർത്തകിടങ്ങളായിരിക്കും. ഈ ഫിർപ്പാടനുസരിച്ചു് ഗവണ്മെന്റു പുസ്തകങ്ങളും വാങ്ങാതെയിരിക്കയും അതിനുള്ള പ്രസാധകന്മാർ വ്യവഹാരപ്പെടുകയും ചെയ്യുന്നതായാൽ താഴ്ത്തിപറയുന്ന കാരണത്താൽ അവർക്കു ഒരു വിധികിട്ടുന്നതല്ല. അതായതു പ്രസിദ്ധംചെയ്യുന്നതിനുശേഷം പുസ്തകം നന്നാണെങ്കിൽമാത്രമെ ഗവണ്മെന്റു വാങ്ങിക്കേണ്ടതായിട്ടുള്ള എന്നപറയുന്നതിനു അവർക്കു അവകാശമുണ്ട്. ഇപ്പോഴത്തെനിലയ്ക്കു ഗവണ്മെന്റിനു ഈ പുസ്തകങ്ങളും വാങ്ങുന്നതിനുള്ള തടസ്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഹൈക്കോടതിക്കും, സർക്കാർ വക്കീലാഫീസുകൾക്ക ഗ്രന്ഥശാലയ്ക്കും മറ്റുള്ള ഗ്രന്ഥശാലകൾക്കും ൨൫൦൦-മൊ൩൫൦൦-മൊ രൂപ വീതം അനുവദിച്ചിട്ടുള്ളതായി എനിക്കറിയാം. ഡിപ്പാർട്ടുമെൻറു മേലധികാരികൾക്ക നല്ലപുസ്തകങ്ങളും വാങ്ങുന്നതിനുള്ള അധികാരവുമുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള) പുസ്തകം പ്രസിദ്ധംചെയ്യുന്നതിനുമുൻപുള്ള കരാറുകാരനുകൊണ്ടു ഗവണ്മെന്റിനു ഫ്രീപ്പടുത്തുമതോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ച) (ഉപാദ്ധ്യക്ഷൻ) ഇവിടെ പ്രസിദ്ധംചെയ്യുന്നതിനുശേഷമാണു കരാറുകാരുണ്ടായിട്ടുള്ളതു്. പ്രസിദ്ധംചെയ്യുന്നതിനുമുൻപു് ഒരു പ്രതിപ്രസാധകന്മാർ ഗവണ്മെന്റിലേയ്ക്കു് അയയ്ക്കുന്നു. ഗവണ്മെന്റു അതുപരിശോധിച്ചു മാർഗവുകവച്ചു ഒരു വിലനിശ്ചയിക്കുന്നു. ഇവിടെ പുസ്തകം പ്രസിദ്ധംചെയ്യുന്നതിനുൻപു് വിലനിശ്ചയിക്കുകയല്ല ഉണ്ടായതു്. പുസ്തകം പ്രസിദ്ധംചെയ്തതിനുശേഷം വിലനിശ്ചയിക്കുകയാണു ചെയ്തതു്.

മി: എസ് പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു്) ഈ എല്ലാവ്യവസ്ഥകളേയും പ്രസിദ്ധപ്പെടുത്തുകയും ഉത്തമമായിട്ടുള്ള ചിത്രങ്ങൾക്കവണ്ണം ജനങ്ങളെ കാണിക്കയും അവയ്ക്കു വിലനല്കുകയും ചെയ്യുമായിരുന്നില്ലയൊ എന്നുചോദ്യമാ(മിസ്റ്റർ വി: സുബ്ബയ്യർ നിയമിതം) (ഉപാദ്ധ്യക്ഷൻ)അങ്ങനെയാണെങ്കിൽ പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനു ആരെങ്കിലും ഉണ്ടായിരിക്കും. ഒരാൾ പ്രസിദ്ധംചെയ്തുകഴിഞ്ഞാൽ മറെറാരാൾക്കു അതിനുസാധിക്കയില്ല. ഒരുസമയത്തു ഒരു പ്രസാധകനെ ഉണ്ടായിരിക്കാൻ ഇടയുള്ളു. എങ്കിലതുകിൽ ഓർഡ്രാസുകർ പിടിക്കേണ്ടതു പ്രസിദ്ധംചെയ്യുന്നതിനു മുൻപൊ, പിൻപൊ എന്നാണ് ആലോചിക്കേണ്ടതു്. ഗവണ്മെന്റിനെറ നിലയിപ്പോൾ കൂട്ടത്തൽ സൌകര്യമായിട്ടുള്ള കാര്യമാണെന്നു ഞാൻ പറയുന്നു. ഈ പുസ്തകങ്ങളും ഉപയോഗപ്രദമായിട്ടുള്ളതാണെന്നുപറയുന്നതിനു ഗവണ്മെന്റിനു അധികാരമുണ്ട്. പെട്ടെന്നു വായനപ്രതികം വാങ്ങാമെന്നു നാമെന്തിനു ഫിറക്കണം പുസ്തകം പരിശോധിച്ചതിനുശേഷമെന്നുതന്നെപ്പറഞ്ഞപക്ഷം നമുക്കു ഏതാനും പ്രതികം വാങ്ങാം". വക്കീലന്മാരും, നിയമസഭക്കും, കോടതികൾക്കും ആവശ്യമുള്ള

നായ ഒരു പ്രസിദ്ധീകരണം ഗവണ്മെന്റിനു വാങ്ങാമോ എന്നാണ് ആലോചിക്കാനുള്ളത്. അവർക്ക് അപ്രകാരം ചെയ്യാമെന്നുപറയുന്നവരിൽ ഒരാൾ ഞാനായിരിക്കെ, ഡിപ്പാർട്ടുമെന്റു മേലധികാരിക്കപോലും അപ്രകാരമുള്ള അധികാരമുണ്ട്. ഞാൻ ഉദ്യോഗത്തിൽ ഇരുന്നകാലത്ത് ഏ ാ ാ ാ അല്ലെങ്കിൽ ഡ ാ ാ ാ രൂപ പുസ്തകത്തിനായി അനാവശ്യം ഉദ്യോഗിച്ചിരിക്കുകയും അതിനാൽ ആവശ്യമുള്ള നല്ലപുസ്തകങ്ങൾ വാങ്ങുന്നതിനു ഉപയോഗിക്കയും ചെയ്തിട്ടുണ്ട്. അതുപോലെയാണ് ഈ പുസ്തകങ്ങളും വാങ്ങിച്ചിട്ടുള്ളത്, പുസ്തകത്തിൽ അടങ്ങിയിട്ടുള്ള വിവരങ്ങളെപ്പറ്റി, ബന്ധപ്പെട്ടഗിനകയാപറ്റി ഈ നിയമസഭയിലുള്ള അംഗങ്ങൾ വല്ലതും പറയുന്നതായാൽ എനിക്ക് അവയെ മനസ്സിലാക്കാൻ സാധിക്കും. യാതൊന്നും പ്രതികൂലമായി പറയാനില്ലാത്തസ്ഥിതിക്കും പുസ്തകം തൃപ്തികരമായിരിക്കുന്നതുകൊണ്ടും വിചാരണയായിട്ടുള്ളതായിരിക്കുകൊണ്ടും ഈ പുസ്തകം വാങ്ങുന്നതിലുള്ള തരക്കേടെന്താണെന്നു എനിക്ക് മനസ്സിലാകുന്നില്ല:

മി: എം. ശിവതാണുപിള്ള (തോവാള) പ്രസാധകന്മാർ ആരായാലുംകൂടാതെയാണ് ഈ ജോലി ഏറ്റിരിക്കുന്നു എന്നാണോ അങ്ങേഹം പറയുന്നത്?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു) (ഉപാധ്യക്ഷൻ) അവർ ഏ ാ ാ ാ-അല്ലെങ്കിൽ ഡ ാ ാ ാ പുസ്തകങ്ങളാണ് വിൽക്കാൻ പോകുന്നത്. ഇത്രമാത്രം ജോലി ആരായാലുംകൂടാതെ ചെയ്യാമെന്നു വിചാരിക്കുന്ന പക്ഷം അവർ മറയൻമാരായിരിക്കണം. പക്ഷേ ഗവണ്മെന്റു ക്ലിപ്തപ്പെടുത്തിയ വിലയിൽ വലിയആളായത്തിനു മാർഗ്ഗംകണ്ടെകയില്ലായിരിക്കാം.

മി: എ. ശിവതാണുപിള്ള (തോവാള) കുറഞ്ഞ ആളായംകൊണ്ടു തൃപ്തിപ്പെടുന്നവരായിട്ടു പേരേ ആളുകൾ ഉണ്ടായിരിക്കുമെന്നു മെംബറിനു വിചാരിക്കരുതോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ചു) (ഉപാധ്യക്ഷൻ) ഞാൻ വളരെ സംശയിക്കുന്നു. അതു ഒരു ഉഹാസ്പദമായ സംഗതിയാണു.

മി: എം. ശിവതാണുപിള്ള (തോവാള) മത്സരം ഗവണ്മെന്റിനു ആളായകരമായി വരികയില്ലയോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു): (ഉപാധ്യക്ഷൻ) മത്സരത്തിന്റെ ആവശ്യം ഇവിടെ നേരിട്ടിട്ടില്ല. ഏ. എന്നൊരാൾ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനു ഫിർപ്പെടുകയും നിങ്ങളുടെ ഒരു സ്നേഹിതനു ഒരുപ്രതിവാങ്ങണമെന്നുള്ള ശുപാർശയോടുകൂടി അയക്കയും ചെയ്യുന്നു എങ്കിൽ അദ്ദേഹം അതുവാങ്ങിക്കയില്ലയോ? അതുപോലെ ഗവണ്മെന്റു പുസ്തകം പരിശോധിച്ചതിനുശേഷമാണ് യാങ്ങാൻപോകുന്നത്. ഇതിനെ സംബന്ധിച്ച് ഇടത്താനും മത്സരത്തിന്റെയോ ഒർഘാസിന്റെയോ ആവശ്യം ഉണ്ടെന്നുതോന്നുന്നില്ല. പ്രസിദ്ധപ്പെടുത്തിയതിനുശേഷം പുസ്തകം വാങ്ങിച്ചുഎന്നുള്ളതാണ് ഇപ്പോഴത്തെ കുഴപ്പം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) മി: എൻ. കൃഷ്ണസ്വാമി അയ്യർ ലാക്കാളെജിൽ പൂർത്തിയായി പഠനംനടത്തിയിട്ടുള്ള ഒരാളാകണമെന്നും മെംബറിനറിയാമൊ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു) (ഉപാധ്യക്ഷൻ) ശരിയായിരിക്കാം. പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളെപ്പറ്റിയൊ ബയൻഡിംഗിനെപ്പറ്റിയൊ യാതൊന്നും പറയുന്നതിനില്ലെങ്കിൽ:—

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) പേരൊരുപ്രസാധകനു വീണ്ടും പുതുതായിപ്രസിദ്ധംചെയ്യുന്നതിനു വിരോധമുണ്ടോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ചു) (ഉപാധ്യക്ഷൻ) അയാൾക്കു നഷ്ടംവരും. അതിനെ വിൽക്കുന്നതിനു സാധിക്കയില്ല.

പുസ്തകത്തിന്റെ ആവശ്യകത, പുസ്തകത്തിന്റെ നന്മ, വിലക്രമീകരണങ്ങൾ ഇല്ലായ്മ ഇക്കാരണങ്ങൾകൊണ്ടു ഇതേസംബന്ധിച്ചു യാതൊന്നും ഇവിടെ പ്രതിവാദിക്കേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ, അല്പം പറഞ്ഞുപോലെ എലക്ഷൻ സമീപിച്ചിരിക്കുന്നതുകൊണ്ടു ഈ മേഷനെ എതുത്തു എന്നു മറ്റുള്ളവരെ ധരിപ്പിക്കണമെന്നു മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഉദ്ദേശിക്കുന്നതുകൊണ്ടു ഞാൻ അദ്ദേഹത്തോടുകൂടി സംഘടപിച്ചുകൊള്ളുകയും അദ്ദേഹത്തിനു വിജയം ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ ഉപക്ഷേപത്തെപ്പറ്റി അല്പം സംസാരിക്കണമെന്നുദ്ദേശിക്കുന്നു. തെക്കൻതിരുവിതാംകൂർ കച്ചവടനിയോജകമണ്ഡലത്തിലെ മെംബറിനെ പ്രശംസിക്കുന്നതിനും അടുത്തവരാൻപോകുന്ന എലക്ഷന്റെ ഫലഹേതുത്തെപ്പറ്റി ഓർമ്മപ്പെടുത്തുന്നതിനും മാന്യനായ ഉപാധ്യക്ഷനു ഒരു വസ്തുത ബോധിക്കയുംചെയ്തു. മിസ്റ്റർ പിറവിപ്പെരുമാൾപിള്ള കച്ചവടക്കാര്യങ്ങളിൽ സാമർത്ഥ്യവും വൈദഗ്ധ്യവും ധനാഢ്യതയുമുള്ള ഒരു വാണിജ്യനിയോജകമണ്ഡലത്തിന്റെ പ്രതിനിധിയാണെന്നു ഉപാധ്യക്ഷൻ ഓർക്കണം.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചു) (ഉപാധ്യക്ഷൻ): മറുപടിയായി ഒരു വാക്കു ഞാൻ പറഞ്ഞുകൊള്ളട്ടെ. അങ്ങേഹത്തിന്റെ നിയോജകമണ്ഡലത്തിനെതിരായി ഞാനൊന്നും പറഞ്ഞില്ല. ഉദ്യോഗസ്ഥമെമ്പറാണ് പറഞ്ഞതിനെ ഞാൻ വീണ്ടും പറഞ്ഞുവ്വെന്നേയുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഈ വിഷയത്തെ വാണിജ്യദൃഷ്ട്യാ വിമർശനംചെയ്തു എന്ന മാത്രമാണ് ഏനിക്കു ചൂണ്ടിക്കാണിക്കുന്നുള്ളൂ. മിസ്റ്റർ സുബ്ബയ്യരുടെ അഭിപ്രായത്തെ സ്വീകരിക്കുന്നപക്ഷം ടർഘാസുകാർ വിട്ടിക്കുന്ന സത്യത്തിൽ പുതുതായൊ, സ്വീകാര്യയോഗ്യമായൊ യാതൊന്നുതന്നെയിട്ടില്ലാണ് അനുമാനിക്കേണ്ടിയിരിക്കുന്നു. ഗവണ്മെന്റോ, ഗവണ്മെന്റുജനങ്ങളും ഉൾപ്പെട്ടതായ ആയ ക്രയവിക്രയാലികാര്യം സാധാരണ വാണിജ്യരീത്യാ നടത്തുകയും തൻമൂലം ഒന്നിൽ കൂടുതൽ ആളുകൾക്കും തങ്ങളുടെ ടർഘാസുകാർ ഫാജരാക്കി പൂരുങ്ങിയ ആളായത്തോടുകൂടി നടത്താമെന്നു പറയുന്ന ആളിനു കൊടുക്കണമെന്നു പരിതസ്ഥിതി ഉണ്ടാക്കിവിക്കുകയും ചെയ്യുക എന്നുള്ളതിനു ഞങ്ങൾ നിർബ്ബന്ധിക്കുന്നു. ഇപ്രകാരം നോക്കുന്നതായാൽ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായം മനസ്സിലാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തോടുള്ള ഉത്തരവാദിത്വംകൊണ്ടും വാണിജ്യരീതിക്കനുസരണമായിരിക്കുകൊണ്ടും അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകാര്യയോഗ്യമായിട്ടുള്ളതുകൊണ്ടു. മിസ്റ്റർ കെ. പി. വി. മകണപ്പിള്ള പറഞ്ഞ ഇപ്പോലെ ഗവണ്മെന്റു ഒന്നിൽ കൂടുതൽ ആളുകൾക്ക് സൌകര്യപ്പെടുത്തിക്കൊടുക്കേണ്ടതായിരുന്നു എന്നുള്ളതാണ് ഒരു പരിതാപകരമായ സംഗതി. ഏണ്ണൂറുപ്രതികൾ വാങ്ങുന്നതിനു ഗവണ്മെന്റുദ്ദേശിക്കു

ന്ന എന്ന പരസ്യം ചെയ്തിരുന്ന കാലത്ത് ഒരു പുസ്തകത്തിനു വേണ്ട ബയന്റിംഗ് മുതലായവ തുച്ഛീകരിച്ചായിരു ന്നെങ്കിലുമാണു ഗവണ്മെന്റു ആശ്രയിപ്പിട്ടുള്ള എന്നുവരികിൽ ഒന്നിൽ കൂടുതൽ പ്രസാധകന്മാർ നിശ്ച യമായിട്ടും വരുമായിരുന്നു. ബുദ്ധിമുട്ടിയും വൈമുഖവും ഒന്നാം രണ്ടോ ആളുകളുടേതല്ലെന്നു മിസ്റ്റർ സുബ്ബു യ്യർതന്നെ സമ്മതിച്ചിരിക്കുന്നു. അതാണ് അടുത്തഹാതിനോടു ചേർത്തുചേർച്ചിച്ചത്. ഇപ്പോഴത്തെ പ്രസാധക ന്മാരെപ്പോലെതന്നെ ഗവണ്മെന്റിനെ തുച്ഛിപ്പെടുത്തിക്കൊള്ളാമെന്നുള്ള കരാറിന്മേൽ ധാരാളം ഓഫാസുകാരും ഉണ്ടായിരുന്ന എങ്കിൽ ഗവണ്മെന്റിനു മുൻപറഞ്ഞതിൽനിന്നുവളരെ വലിയ തുകയും ഉണ്ടാകുമായിരുന്നു. ഒരു കച്ച വടക്കാരൻ മറ്റൊരുത്തനെക്കാൾ കുറഞ്ഞ തുകയും കൊണ്ടു തുച്ഛിപ്പെടുന്നവനായിരിക്കും, വാണിജ്യത്തിൽ മ ത്സരം ഇല്ലെങ്കിൽ വാണിജ്യം സാരമില്ല. ഈ സംഗതിയാണ് സഭയിൽ ഫാജറാക്കിയ ഡിമാൻറിനെ എതു ക്കുന്നതിനു മിസ്റ്റർ പിറവിപ്പുരമാർപിള്ളയെ പ്രേരിപ്പിച്ചത്.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും—വ്യവസായവും തെക്ക്): ഗവണ്മെന്റു അടു വ ങ്ങിയതിൽ അടങ്ങിയിട്ടുള്ള യഥാത്ഥപ്പുറവി മെംബർ എന്താണ് പറയുന്നത്?

മി: എം. ശിവതാണുപിള്ള (തോവാള): അതിനെപ്പുറവി കുലംകഷമായി പരിചിന്തനം ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ സുബ്ബയ്യർ അറിഞ്ഞോ അറിയാതെയൊ മിസ്റ്റർ പിറവി പ്പെരുമാൾപിള്ളയെ തെറ്റിദ്ധരിച്ചുപോയി. പ്രസാധകന്റെ സ്വന്തനിലയിലുള്ള സമ്പത്തിനെയൊ മറ്റൊരാ പറനിയമ്മ ഇവിടെ ആലോചിക്കാനുള്ളതല്ല. ഓഫാസുകാരെ വിളിച്ചു താഴ്ന്നവിലയ്ക്കു പുസ്തകം വാങ്ങുന്നതിനു സാധിക്കുമോ എന്നാണ് നോക്കാനുള്ളതു. ഈ സംഗതിയാണ് ഞാൻ ഗവണ്മെന്റിനെ ധരിപ്പിക്കണമെന്നുദ്ദേ ശിക്കുന്നത്. പുസ്തകം പ്രസിദ്ധമാചെയ്തതിനു മുൻപൊ പിൻപൊഅതു തുച്ഛീകരമാണെന്നു തോന്നിയതിനുശേഷം വ ാ ങ്ങുവാൻ വാഗ്ദാനമെന്നു ഗവണ്മെന്റു കോർപ്പറേഷനുകൾ തീരെ നന്നായില്ല. എന്തെന്നാൽ മറ്റാളുകളെ അതി ലേയ്ക്കു ശ്രദ്ധിക്കുന്നതിനു സമ്മതിച്ചില്ല. അതുകൂടാതെ ഇതു പണം വ്യയംചെയ്യേണ്ടതും ഇപ്പോഴത്തെ പ്രസാ ധകന്മാക്കു കിട്ടുന്നതിൽ കുറഞ്ഞ ആദായംകൊണ്ടു തുച്ഛിപ്പെടുന്നവരുമായ മറ്റൊരാളും ഓഫീസും ഉണ്ടായിരിക്കു മെന്നതും ആയ ഒരുകാര്യമാണ്. ഇക്കാരണങ്ങളാൽ ഞാൻ ഡിമാൻറിനെ എതുക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പ്രസിദ്ധപ്പെടുത്താത്തതും എന്നാൽ പ്രസിദ്ധപ്പെടുത്ത ണമെന്നുദ്ദേശിക്കുന്നതുമായ വാച്യങ്ങളുടെ ആവശ്യമുണ്ടോ?

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ അതിനെപ്പറ്റി സംസാരിക്കുന്നതിനു വിട്ടുപോയെ ങ്കിലും ഈ ചിലവ് കൂടുതൽ അനുവദിക്കുന്നതിൽ ഉപപ്പെടുത്തുന്നതുകൊണ്ടല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതു ബഡ്ജറ്റു തയ്യാറാചെയ്യുകാലത്തു ഉപപ്പെടുത്തുവാനുതായിരുന്നു. ഇതു അത്യാവശ്യമായിട്ടുള്ള മരു കാര്യമല്ല. ഇ തു ബഡ്ജറ്റു വാർഷികത്തിനൊടുത്തസമയം സഭയെ തെറ്റിപ്പെടുത്തിയിട്ടില്ലാത്തതും ഇക്കാരണങ്ങളാൽ കൂടു തൽ അനുവദിക്കുന്നതിൽ ചേർക്കാൻപാടില്ലാത്തതും ആകുന്നു. ഒരു പരസ്യം മുഖേന ഗവണ്മെന്റിന്റെ ഉദ്ദേശ മെന്തെന്നുള്ളതു അറിയിക്കാതെ വ ാ ങ്ങുവാൻ പ്രതികരം വാങ്ങിയതു തീരെ തെറ്റായിപ്പോയി എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): സർ, ഞാൻ ഒന്നോ രണ്ടോ വാക്കു പറയണമെന്നു വിചാരിക്കുന്നു. അല്പമായി, ഇതൊരു ഗവണ്മെന്റുവക പുസ്തകമാണെന്നു മിസ്റ്റർ ജി. രാ മൻമേനോൻ പറഞ്ഞതിനെ തിരുത്തിക്കൊള്ളട്ടെ. ഇതൊരു ഗവണ്മെന്റുപ്രസിദ്ധീകരണമല്ലായിരുന്നു. ഇ തൊരു സ്വന്തനിലയിലുള്ള പ്രസിദ്ധീകരണമാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്വന്തം പ്രസിദ്ധീകരണം അവർക്കു വിലയ്ക്കു വാങ്ങാ ൻ പാടുള്ളതല്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതെ.

പഴയ റഗുലേഷൻസും പ്ലോക്ലമേഷൻസും ക ാ ൻ ഭ ാ മാണ്ടൊന്നു അവസാനിച്ചു. അതിൽ പിന്നീട അനേകം റഗുലേഷനുകളും നടപ്പിൽവരുത്തുകയും പേരു ചിലതിൽ അനേകം ഭേദഗതികളും വരുത്തുകയും ചെയ്തിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പുസ്തകത്തിന്റെ ഗുണദോഷത്തെപ്പറ്റിയല്ലാ അതു ള്ളോഗസ്ഥ സാമാജികന്മാർ എതുവാദംചെയ്യുന്നു എന്നു ഞാൻ ഗ്രഹിപ്പിച്ചുകൊള്ളട്ടെയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഞാൻ ഓരോ മെംബറിനോടും സമാധാനം പറയുകയാണ്. ഗവണ്മെന്റു പുസ്തകം സ്വീകരിക്കുകയെന്നു മി: ജി. രാമൻമേനോൻ പറഞ്ഞു. അതു മി: കൃഷ്ണസ്വാമിഅയ്യരുടേയും മി. രാമലിംഗത്തയ്യരുടേയും പക്കൽനിന്നും പെട്ടന്ന ഗവണ്മെന്റിനോടു ണ്ടായ ഒരു അപേക്ഷയാകുന്നു. ഗവണ്മെന്റു ഏതാണ്ടംപ്രതികരം എടുക്കാമെങ്കിൽ റഗുലേഷൻസ് ആൻറ് പ്രൊക്ലമേഷൻസ് എന്ന പുസ്തകം പരിഷ്ക്കരിച്ചു പൂർത്തിയാക്കാമെന്നു അവർ പറഞ്ഞു. അപേക്ഷ പെട്ടന്നുണ്ടായ താണു. പുസ്തകങ്ങളും നന്നായിരിക്കുന്നതിലേയ്ക്കു വേണ്ട നിബന്ധനകളും ഗവണ്മെന്റു ചെയ്തിരുന്നു.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും തെക്ക്): പകർപ്പവകാശത്തിനുപക രം ഗവണ്മെന്റിനു എന്തുകിട്ടും?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): പകർപ്പവകാശമില്ല.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഏതെങ്കിലും ഒരാളിനു അതു ചീന്തും അച്ചടിച്ചു പ്രസിദ്ധംചെയ്യാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ചെയ്യാം. ഇപ്പോഴുള്ളചട്ടങ്ങൾ അനുസരിച്ചു മി: പിറവിപ്പെരുമാർപിള്ളക്കോ മി: നീലകണ്ഠപ്പിള്ളക്കോ ഇതിനെ പ്രസിദ്ധപ്പെടുത്താമായിരു ന്നു. ആയിരംപ്രതികരം വാങ്ങാമെന്നു പഴയപ്രസാധകനു അനുവദിച്ചുതായ നിബന്ധനയിന്മേൽ ഇതു പ്രസിദ്ധം ചെയ്യുന്നതിനു അനുവദിക്കണമെന്നു മെസ്സേഴ്സ് കൃഷ്ണസ്വാമിഅയ്യരും രാമലിംഗത്തയ്യരും ഗവണ്മെന്റിനോടു അപേക്ഷിച്ചു. ഏതാണ്ടംപ്രതികരം ഗവണ്മെന്റു വാങ്ങാമെന്നു ഉറപ്പുകൊടുക്കുകയാണെങ്കിൽ അവർ പ്രസിദ്ധംചെ യ്യാമെന്നു സമ്മതിച്ചു.

മി: എം. ശിവതാണുപിള്ള (തോവാള): അപേക്ഷിച്ച സമയത്ത് അതിനെ ആവശ്യമുണ്ടായിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഉണ്ടായിരുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): പിന്നെ ഗവണ്മെൻറിനു പുസ്തകങ്ങളും വാങ്ങാൻ പാടില്ലായിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): പ്രസിദ്ധപ്പെടുത്തിയതിനെപ്പറ്റി ഞാൻ പറയാൻ തോന്നുകയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): അവർ ഒരു മാതൃകാപ്രതിയന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): ഇല്ല. എന്നാൽ റെഫറൻസിനു ഉപയോഗിക്കുന്നതിലും, പരിശോധിച്ചുനോക്കുന്നതിലേയ്ക്കു വേണ്ടിയുമാണ് ഗവണ്മെൻറ് ചെയ്തിരുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഗവണ്മെൻറിനു നിബന്ധനകളും പരസ്യപ്പെടുത്തിയതിനുശേഷം ആ ജോലി നിർവേറുന്നതിനു ജനങ്ങളോടു ആവശ്യപ്പെടാമായിരുന്നില്ലയോ?

മി: ടി പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ മാതിരിയുള്ള ഒരു പുസ്തകത്തെ സംബന്ധിച്ച് അതല്ല ശരിയായ മാർഗ്ഗം. ഒരു പ്രത്യേകതരത്തിപ്പെട്ട മലയ്ക്കുകടലാസ് വേണമെന്നർഥമാസ ആവശ്യപ്പെട്ടതനുസരിച്ചുള്ള ഒരു കാര്യമല്ല ഇത്. മുൻപിലത്തെ റഫറേഷൻ പേപ്പറിനെ കൂട്ടിച്ചേർത്ത് അച്ചടിച്ചുമാത്രമായിരുന്നു. ഒരു പുസ്തകം പലവിധത്തിൽ അച്ചടിക്കാവുന്നതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): ഓഫാസുകൾ ഉണ്ടെന്നുള്ളതു് മെംബറിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഓർഫാസുകൾ ഉണ്ടെന്നുഎനിക്കറിയാം, ഓർഫാസാവശ്യപ്പെട്ടാൽ പുസ്തകത്തിൻറെ നന്മ കുറയ്ക്കാൻ ഇടയുണ്ട്. മി: സുബ്ബയ്യർ വിശദമാക്കിയതുപോലെ ഇതു് പുസ്തകം പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): അപേക്ഷ സ്വീകരിച്ചപ്പോൾ ഗവണ്മെൻറിനു ഇതിനെപ്പറ്റിയുള്ളതായ ഉദ്ദേശവുമുണ്ടായിരുന്നില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): എനുഹമാണ്.

മി: എം. ശിവതാണുപിള്ള (തോവാള): അവരുടെ ഉദ്ദിശ്യത്തെപ്പറ്റിയുള്ള അഭിപ്രായം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): പ്രസിദ്ധംചെയ്യുന്നതിനുമുൻപിൽ അതെപ്പറ്റി ഒരഭിപ്രായം എങ്ങിനെയാണുണ്ടാകുന്നതു്?

മി: എം. ശിവതാണുപിള്ള (തോവാള): എന്താണ് വാങ്ങേണ്ടതെന്നറിയാതെ കടയിൽപോകുന്നതുപോലെയുണ്ട് ഇതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഒരുവിധം ഞാൻ പറയുന്നതിനെ അല്പം കേൾക്കണം.

മി: എം. ശിവതാണുപിള്ള (തോവാള): ഇപ്രകാരമുള്ള ഒരു കാര്യം മുൻകൂട്ടി അറിയത്തക്കതല്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അറിയാവുന്നതാണ്.

മി: എം. ശിവതാണുപിള്ള (തോവാള). അപ്രകാരമുള്ള ഒരു മുന്നറിവിനെ പരസ്യം ചെയ്യുകയോ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): പരസ്യംചെയ്യേണ്ട ആവശ്യമില്ല. ഗവണ്മെൻറ് ചില നിബന്ധനകളും നിശ്ചയിച്ചതിനെ പ്രസാധകന്മാർ സമ്മതിച്ചു.

മി: എം. ശിവതാണുപിള്ള (തോവാള): അതിനെ നിബന്ധനകൾപ്രകാരം ഏർപ്പെടുത്തുന്നതിനു വേറെയും ആളുകൾ ഉണ്ടായിരിക്കയില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉണ്ടായെന്നും ഉണ്ടായില്ലെന്നുവരുന്നേക്കാം. അതു പൊതുജനങ്ങൾക്കു ഒരു വല്ലായ്മയ്ക്കു കാരണമായേക്കാം. അതു തീരെ ഒരു രഹസ്യമല്ലായിരുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): അതിനെ വേണ്ടുപോലെ പരസ്യം ചെയ്തിരുന്നുഎന്നു മെംബർ വിചാരിക്കുന്നുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഞാൻ അതു പറയുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർ "ക്രിട്ടിക്ക്" എന്നൊരു പത്രം നടത്തുന്നതായി ഗവണ്മെൻറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി) അതിനുദ്ദേശമായമറുപടി പറഞ്ഞു കഴിഞ്ഞു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തുകൊണ്ട് അവർ ഇതിനെ ആ പത്രത്തിൽ പരസ്യംചെയ്തില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി) അതിനെപ്പറ്റിയുള്ള എഴുത്തുകുത്തുകൾ മുഴുവൻ ഞാൻ വായിച്ചുനോക്കിയിട്ടില്ല. താഴെപ്പറയുന്ന നിബന്ധനപ്രകാരം റഫറേഷൻസു പ്രസിദ്ധം ചെയ്യുന്നതിനു അവകാശം നൽകി.—

പൂർണ്ണതയും, സൂക്ഷ്മതയും, ഉള്ള ഒരു വിലയേറിയ റെഫറൻസു പുസ്തകമാണെന്നതനിക്കു ബോദ്ധ്യമായിരിക്കുന്നു എന്നു തിരുവിതാംകൂറിലെ ഒരു പ്രസിദ്ധനിയമജ്ഞൻറെ മുഖവുരയോടുകൂടി ഓരോവാല്യവും പ്രസിദ്ധപ്പെടുത്തണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തന്നാണ്ടിൽ തന്നെ ഈ പുസ്തകം പ്രസിദ്ധം ചെയ്യുമെന്നു ഗവണ്മെൻറു പ്രതീക്ഷിച്ചിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഉവ്വ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ എഴുതുകൊണ്ടാണ് തന്നാണ്ടത്തെ ബഡ്ജറ്റിൽ കൊള്ളിക്കാതിരുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതിനുമുൻപുള്ള ഒന്നാം വാല്യം തയ്യാറായിക്കഴിഞ്ഞു. രണ്ടും മൂന്നും വാല്യങ്ങളും എപ്പോൾ തയ്യാറാകുമെന്നു തീർച്ചപ്പെടുത്തുവാൻ കഴിവില്ലായിരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഒന്നാംവോല്യത്തിന്റെ വില എപ്പോഴാണ് കുറച്ചതെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): തീയതി സൂക്ഷ്മമായി പറയാൻ എനിക്ക് നിവൃത്തിയില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഏകദേശമായിട്ട്, അച്ചടിക്കുന്നതിനു മുൻപോ പിൻപോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ വർഷത്തിൽ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അച്ചടിച്ചതിനെ ഡിമാൻറിനിന്നു മാറ്റിയോ ചിലവായത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡി-മാനിൽനിന്നും വാങ്ങുന്നതിനു വേണ്ടി പ്രതികരം ഏതുതരത്തിലാണ് കൊടുത്തത്? പലവക ഇനത്തിൽ ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നാണ് വേണ്ടി രൂപാകൊടുത്തത്. അതിൽനിന്നും ഗവണ്മെൻറ എങ്ങനെയാണ് കൊടുത്തത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): നമുക്കു പലവക—പലവക ഇനത്തിൽ പെട്ടതുണ്ടാകാവുന്ന ചിലവുകളിലേയ്ക്കു ക ൽ, ൦ ൦ ൦ രൂപാ അനുവദിച്ചിട്ടുള്ളതായി മെമ്പറിനു കാണാവുന്നതാണ്. അതിൽനിന്നുമാണ് ഈ ചിലവുചെയ്തത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നേരത്തെയിൽ കൂടുതലായിവന്ന ഡിമാൻറിൽ ചേർത്തിരുന്നോ എന്നു പറയുമോ? ബഡ്ജറിന്റെ ഫൈനൽ-മെത്തെ പുറത്ത് ഒരു ല ൦ ൦ രൂപാ ഉൾക്കൊള്ളിച്ചു കൂടി ചേർത്തിരുന്നു. ഈ ഇനം എങ്ങനെയാണ് ഗവണ്മെൻറ ഇനംമോറിയത്.

മ: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): നമുക്കു പലവക-പലവകയിൽ ഫർണിച്ചർ ഇനം യാതൊരു ചിലവിനെയും സൂചിപ്പിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഫർണിച്ചർ ഇനത്തിനു എന്തുപറയുന്നു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ ഇനത്തിൽ നിന്നുമാണ് ഇതു ചിലവായത്.

അടുത്ത വ്യവസ്ഥ ഇപ്പോഴുള്ള വാല്യംപോലെതന്നെ മേലാൽ ഉണ്ടാകുന്നതും നന്നായിരിക്കണമെന്നും അതിന്റെ വില പ്രത്യേകം നിശ്ചയിക്കുന്നതാണെന്നും ഓരോവാല്യത്തിന്റെയും അച്ചടി മുതലായവയുടെ നന്മയും വിലയും ഗവണ്മെൻറ അനുവദിക്കേണ്ടതാണെന്നതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): അത് എല്ലാമേർപ്പാടുകളിലും സാധാരണയായിട്ടുള്ളതായ നിബന്ധനയല്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഉണ്ടെന്നും ഇല്ലെന്നും പറയാം.

മി: എം. ശിവതാണുപിള്ള (തോവാള): സാധാരണ രീതി അനുകരിക്കാതിരിക്കുന്നതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ച സംഗതികൾ എന്തെല്ലാമാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ വ്യവസ്ഥകൾ പ്രസാധകന്മാർ സമ്മതിച്ചു. മി: സുബ്ബയ്യർ പറഞ്ഞതുപോലെ അവ പക്ഷപാതമായിട്ടുള്ളവയാണ്. ഗവണ്മെൻറിനും അവ തൃപ്തികരമല്ലെന്നു തോന്നി.

മി: എം. ശിവതാണുപിള്ള (തോവാള): ഈ വ്യവസ്ഥകൾ അനുസരിച്ചു നടക്കുന്നതിനു വേറെ ആളുകൾ ഉണ്ടോ ഇല്ലയോ എന്നു നോക്കേണ്ട ചുമതല ഗവണ്മെൻറിനില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതിന്റെ ആവശ്യമില്ലായിരുന്നു. ഇവർതന്നെ ആദ്യത്തെ അപേക്ഷകന്മാർ അവരുടെ അപേക്ഷ സ്വീകരിക്കയും ചെയ്തു.

"മുൻപറഞ്ഞ വ്യവസ്ഥകൾ മുഴുവനും അനുസരിച്ചിരിക്കയും പുസ്തകത്തിന്റെ നന്മയും തൃപ്തികരമാണെന്നതോന്നുകയുംചെയ്താൽ ഓരോവാല്യത്തിന്റെയും വേ ൦ ൦ പ്രതികരംവീതം വാങ്ങിക്കൊള്ളാമെന്നാണ് അടുത്ത നിബന്ധനം. അതു സ്വന്തനിലയിലുള്ള ഒരു പ്രവൃത്തിമാത്രമായിരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഫർണിച്ചർ ഡിമാൻറുകൾ പലവക ഇനത്തിൽ ആവശ്യപ്പെട്ടപ്പോൾ ഇവയെ വാങ്ങണമെന്നു ഗവണ്മെൻറിനു തോന്നിയിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഈ വാല്യങ്ങൾ എല്ലാം ഗവണ്മെൻറ എപ്പോഴാണ് വാങ്ങിയത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ബഡ്ജറോയോഗം കഴിഞ്ഞു അടുത്തയോഗം കൂടുന്നതിനു മുൻപിലായിട്ടാണ്. പണം ഉണ്ടായിരിക്കയും അടുത്തയോഗത്തിനു മുൻപു അവ ഗവണ്മെൻറ കൊടുക്കേണ്ടതായി വരികയും ചെയ്തതുകൊണ്ടാണ് കൊടുത്തത്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): എന്റെ ചോദ്യം മനസ്സിലായില്ല. എന്നാണു പ്രസ്തുതകന്പനിയെപ്പറ്റിയുള്ള അഭ്യൂഹം ഏർപ്പാടുചെയ്തതു?

മി: ടി: പി. രാമസുബയ്യർ (ആക്ടിംഗ്ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ ഫർപ്പാട് നടത്തിയ കാലത്തു പുസ്തകങ്ങൾ എപ്പൊൾ പ്രസിദ്ധം ചെയ്യുമെന്നു യാതൊരറിവുണ്ടായിരുന്നില്ല. വാസ്തവത്തിൽ ആവശ്യമില്ലാതിരുന്നതുകൊണ്ടു അതു ചോദിച്ചുമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിദ്ധപ്പെടുത്തിയ ഉടൻതന്നെ വില കൊടുക്കാത്തപക്ഷം തന്നെ ഗവണ്മെന്റു സഹിക്കണമെന്നു വല്ല കരാറുമുണ്ടോ?

മി: ടി. പി. രാമസുബയ്യർ (ആക്ടിംഗ്ഗവണ്മെന്റു ചീഫ് സെക്രട്ടറി): എനിക്കു മനസ്സിലായില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെന്റിനു അതുകൊണ്ടു് എന്തെങ്കിലും തന്നതുണ്ടോ?

മി: ടി. പി. രാമസുബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): പുസ്തകത്തിന്റെ വിയ്ക്കു പ്രസാധകന്മാർക്കു അവകാശമുണ്ടു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): പ്രസിദ്ധംചെയ്യാത്ത പുസ്തകങ്ങൾക്കും?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സിക്രട്ടറി): നാം കൊടുക്കേണ്ടതായ ആവശ്യമില്ല. രണ്ടാംവാല്യം ഗവണ്മെണ്ടിനു അയച്ചുകഴിഞ്ഞു. അതിന്റെ വില നാം കൊടുക്കണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അടുത്ത നിയമസഭക്കു മുമ്പു അടുത്തവാല്യം പ്രസിദ്ധം ചെയ്യുമെന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: ടി പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതിനു മുമ്പുനിയമസഭായോഗമുണ്ടായിരിക്കയില്ല. അതുകൊണ്ടാണു ഇതിപ്പോൾ ചോദിക്കുന്നതു്. പുസ്തകം പൂർത്തായതിനുശേഷമേ പണം കൊടുക്കയുള്ളൂ. എന്നാൽതന്നെയും പുസ്തകം നന്നായിരുന്നുകിൽമാത്രമെ വ ാ പ്രതികം എടുക്കയുള്ളൂ. ഓരോ വാല്യത്തിനും പ്രത്യേകം പ്രത്യേകം വില നിശ്ചയിക്കുന്നതും ഓരോന്നിനും ഒരു പ്രസിദ്ധപ്പെട്ട നിയമജ്ഞന്റെ മുഖവുര ഉണ്ടായിരിക്കേണ്ടതുമാണു്. രണ്ടു വാല്യങ്ങൾ പൂർത്തായിക്കഴിഞ്ഞു. പുസ്തകത്തിന്റെ നന്മയെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. ഇവർ ആദ്യം അപേക്ഷിച്ചതുകൊണ്ടു അവക്കു കൊടുത്തു. അവരുടെ കരാറുകൾ ഗവണ്മെന്റിനു ഗുണകരമായതുകൊണ്ടു സഭ ഗ്രാന്റു് അനുവദിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കര കാത്തികപ്പള്ളി): ഈ ചട്ടങ്ങളും തിരുവെഴുത്തുവിളംബരങ്ങളും കാലാകാലങ്ങളിൽ കൂട്ടിച്ചേർത്തു ഗവണ്മെന്റുതന്നെ അല്ലയൊ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഓരോ റഫറൻസും ഗവണ്മെന്റു അച്ചുക്കൂടത്തിൽ പ്രത്യേകമായിവിറകൊണ്ടിരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർവക്കീൽ): സർ, എനിക്കു ഒരു വാക്കു പറയാനുണ്ടു്, പുസ്തകത്തിന്റെ നന്മതിന്മയെപ്പറ്റിയൊ വിലയെപ്പറ്റിയൊ യാതൊരു നിരൂപണവും ആക്ഷേപവും ചെയ്തിട്ടില്ല. പുസ്തകം ഉണ്ടാക്കുന്നതിലേക്കു എന്തുകൊണ്ടാണു ഒർഡ്വാസുകൊം വിളിക്കാതിരുന്നതു് എന്നാണു് തർക്കം എന്നു ഞാൻ മനസ്സിലാക്കുന്നു. സാധാരണ കിട്ടുന്നതൊ ഉണ്ടാക്കാവുന്നതൊ ആയ സാമഗ്രഹങ്ങൾക്കു ഒർഡ്വാസുകൊം വേണ്ടെന്നു പരസ്യംചെയ്താൽ അതെന്തിനാണെന്നു എനിക്കു മനസിലാക്കാൻ കഴിയും: ഒരു തേങ്ങയൊ മാങ്ങയൊ ആവശ്യമുണ്ടെങ്കിൽ അതിനു മർഡ്വാസുകൊം വേണ്ടെന്നു പരസ്യംചെയ്യാവുന്നതാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): പുസ്തകം ബയൻഡുചെയ്യുന്നതിനു പാടില്ലയൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർവക്കീൽ); അതു, അതു കൈകൊണ്ടു ചെയ്യാവുന്ന വേലയാണ്. എന്നാൽ പ്രത്യേകപരിജ്ഞാനവും വിവേചനവും ആവശ്യമുള്ള ജോലിക്രമങ്ങളും പ്രകാരം ചെയ്യുവാൻ പാടില്ല. ആവശ്യമില്ലാത്തവയെ ത്യജിച്ചും നല്ലതിനെ ചേർത്തും ഒരു പ്രത്യേകരീതിയിൽ ചെയ്യേണ്ടതായിട്ടാണു ഇരിക്കുന്നതു്. അധികം അറിവും വിവേചനവും പ്രയോഗിച്ചാൽ പുസ്തകത്തിന്റെ ഉപയോഗയോഗ്യതകൂടി ഇരിക്കുന്നതാണ്. ഇവ ഇന്നഇന്ന മാതിരിയിൽ ഇരിക്കണമെന്നു നിർദ്ദേശിക്കത്തക്കതൊ പരിശോധിക്കത്തക്കതൊ അല്ല, അറിവു് വിവേചനാശക്തി മുതലായവ ഒർഡ്വാസുകൊം മുഖേന ക്ഷണിക്കത്തക്കവയുമല്ല. ഞാൻ വേറെ ഒരു ഉദാഹരണംകൊണ്ടു ഇതിനെ തെളിയിക്കാം. ഉദാഹരണമായിട്ടു കോടതി പറഞ്ഞുതന്നെന്നു വിചാരിക്കുക. ഇതു ടൺ കൊയിനാ വേണമെന്നു പരസ്യം ചെയ്യാം, എന്നാൽ ഇതു രോഗികൾക്കു കൊടുക്കുന്നതിനു ഒരു നല്ല ഡാക്ടർ വേണമെന്നു പരസ്യംചെയ്യുവാൻ നിവർത്തിയില്ല. മൻപറഞ്ഞതു ഒരു സ്വായത്തമാണു തൊഴിലാണ്. രണ്ടാമത്തേതു അപ്രകാരമുള്ളതല്ല.

മി: എം. ശിവരാമൻപിള്ള (തോവാള): അതിൽതന്നെയും ത്യജ്യങ്ങളായിട്ടുള്ളവയില്ലയൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഫെഡ്സക്രട്ടർവക്കീൽ): ഉണ്ടെന്നും ഇല്ലെന്നും വന്നേക്കാം. ഒരു ജോലിക്കു അറിവും വിവേചനവും ആണ് ആവശ്യമെങ്കിൽ അതാവശ്യമുണ്ടെന്നു പരസ്യം ചെയ്യുവാൻ പാടില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഗവണ്മെന്റിനു കൊയിനായാണ്ടി ഉപയോഗിക്കാം.

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഉപയോഗിക്കാം. കൊയിനാ പ്രയോഗിക്കുന്നതിനു മുമ്പ് ഡാക്ടറെ ഒർഷ്വാസുമുഖേന ക്ഷണിക്കാമെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രോഗികനും നല്ല ഡാക്ടറന്മാരുടെ അടുക്കൽപോകാവി ല്ലയോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): പോകാവുണ്ട്. എന്നാൽ അ വർ അതിനുവേണ്ടി പരസ്യംചെയ്യുകയൊ ഒർഷ്വാസുകനെ വേണമെന്നു ആവശ്യപ്പെടുകയൊ ചെയ്യാറില്ല. ഈ കാ ര്യം അനുഭവപ്രമാണമുള്ളതാണ്. നിങ്ങൾക്കു ആവശ്യമുള്ള സൂക്ഷ്മമായ നിർദ്ദേശങ്ങളെ വിവരിക്കുന്നതിനു തി രുമനസ്സുകൊണ്ടു സാധിക്കയില്ല. ആവശ്യമുള്ള സകല കാര്യങ്ങളും അവിടെ ഉണ്ടായിരിക്കണം എന്നാൽ അത്യാവശ്യ മായിട്ടുള്ളവ വേണമെന്നില്ല. പിന്നീടു അവയെല്ലാം ഒരു പ്രത്യേക രീതിയിലായിരിക്കണം. റഫ്രഷ്മെന്റും തി രുവെഴുത്തുവിളംബരങ്ങളും എല്ലാം ഇന്നപ്രകാരം ഭവിക്കണമെന്നും ഇക്കാര്യങ്ങളും സകലതും വിവരിച്ചു ഒരു പ രസ്യം ചെയ്യാൻ സാധിക്കയില്ല. അതുകൊണ്ടു മതിയായില്ല. അതുകൂടാതെ സകല ചട്ടങ്ങളുംകൂടി ഉണ്ടായി രിക്കണമെന്നുകൂടി നിങ്ങളം പറയണം. നമുക്കവിടേയും നിൽക്കാൻ നിവൃത്തിയില്ല. സഭയിൽ നടന്ന വാഗ്വാദ വാഴ്ത്തും തീരുമാനങ്ങളും അവയുടെ ചരിത്രം താരതമ്യപ്പെടുത്തിയുള്ള വിവേചനം ഇവയെല്ലാം പ്രസംഗകന്മാ ർ നിശ്ചയിക്കുന്നതുപോലെ ഒരു പ്രത്യേകരീതിയിലായിരിക്കണം ഇവയെല്ലാം നിങ്ങൾക്കെങ്ങിനെ നിർദ്ദേശിക്ക ന്നതിനും സാധാരണരീത്യാ പരിശോധിക്കുന്നതിനും സാധിക്കും.

മി: എം. ശിവതാണുപിള്ള (തോവാള): ഗസംറിൽ ഏതാനും വശങ്ങളിൽ നിമ്പന്ധനകരം പരസ്യം ചെയ്തിട്ടുള്ളതായി മെംബറിനറിയാമോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഉവ്വ്; അതാണ് കാര്യം. ഇവി ടെ ചട്ടങ്ങളും മാത്രമല്ല യന്ത്രവും വലിപ്പവും കൂടി നോക്കേണ്ടതായിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ഒർഷ്വാസിന്റെ ഒരു വിവരമായപടത്തോടുകൂടി പരസ്യം ചെയ്യുകയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): അതു സാധ്യമാണൊ? ഒ രോരുത്തരുടേയും സ്വതസിദ്ധമായ അറിവിനെ ആശ്രയിച്ചാണ് പുസ്തകത്തിന്റെ യോഗ്യതയിരിക്കുന്നതു, അതു പുസ്തകം നോക്കിയതിനുശേഷമാത്രമെ തീരുമാനിക്കാൻ പാടുള്ളൂ. എന്നാൽ ഇതെല്ലാം ഒർഷ്വാസുകനെ ക്ഷണിക്ക ന്ന ഒരു പരസ്യത്തിൽ കാണിക്കുന്നതെങ്ങിനെയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവയെ പരസ്യം ചെയ്യുന്നതിൽ ഗവണ്മെന്റു മുഖ്യം ഉദ്ദേശിച്ചിരുന്നതെന്താണ്? അതെന്തുകൊണ്ടു പരസ്യം ചെയ്തില്ല?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): ആ ചോദ്യത്തിന്റെ ആവ ശ്യമില്ല. ഒരു മാന്യനായ ഒരാൾ വന്നു ഞാൻ ഒരു പുസ്തകം എഴുതാം എന്നുപറഞ്ഞു എഴുതി തീർന്നതിനുശേഷം വില യിടുമ്പോയിച്ചാൽ മതിയെന്നുപറഞ്ഞു ഈ മാതിരി കാര്യങ്ങളിൽ സാധാരണചെയ്യുന്നതു് ഇങ്ങനെയാകുന്നു. ഗവണ്മെന്റു അവർക്കു തൃപ്തിയാകണമെന്നു തോന്നുന്നപക്ഷം പുസ്തകത്തിന്റെ ഗുണദോഷം അനുസരിച്ചു വില നിശ്ച യിക്കുന്നതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റുള്ളവരെ ഇതിനേക്കാൾ മുമ്പായിട്ടു ഒരു പുസ്തകം നിശ്ചിക്കാൻ സാധിക്കയില്ലെന്നു വിചാരിക്കാൻ തരമുണ്ടോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): എന്തുവേണമെങ്കിലും വിചാരി ക്കാൻ സാധിക്കും. അതൊന്നും നടപ്പിൽ വരുന്നില്ല. ഗ്രന്ഥനിർമ്മാണത്തിനു ശേഷമാണു വിലനിശ്ചയിക്കുന്നതു്, പുസ്തകം നന്നാണെങ്കിൽ കൂടുതൽ ഉപയോഗമുള്ളതായിരിക്കയും കൂടുതൽ വിലകൊടുക്കേണ്ടതായിരിക്കയും ചെ യ്യുന്നതാണ്.

മി: എസ്. പിറയിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തുടങ്ങ്): പുസ്തകത്തിന്റെ സംഖ്യ സംബന്ധിച്ചു പ്രസാധകന്മാരുടെ അപേക്ഷ വന്ന ഉടനെ വേറെ വല്ലവരും ഇതുപോലെ അപേക്ഷിക്കാർ ഉണ്ടൊ എ ന്നു അറിയുന്നതിനു മൂന്നുമാസം ക്ഷമിക്കണമെന്നു ഗവണ്മെന്റിന് അവരോടു പറയാമായിരുന്നില്ലയൊ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): ഒർഷ്വാസുകനെ ക്ഷണിക്കുന്ന തത്വം ഇതിനു തീരെ യോജിക്കുന്നതല്ല. ഒരോരുത്തരുടെയും അറിവും വിവേചനാശക്തിയും ഗ്രന്ഥനിർമ്മാണ ത്തിനുശേഷമേ നിശ്ചയിക്കാൻ പാടുള്ളൂ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതിന്റെ പ്രസാധകന്മാർ ഇപ്പോഴുള്ളവരിൽ കേമന്മാരുടെ നമ്മേംബർവിചാരിക്കുന്നുണ്ടോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ സക്കാർവക്കീൽ): ആ കാര്യത്തെപ്പറ്റി എനിക്കു ആലോചിക്കേണ്ടതായിട്ടില്ല. പുസ്തകം യല്ലാതാകുന്നതും അതിനു വില കൂടുതൽ ഇല്ലെന്നും സമ്മതിച്ചുകഴിഞ്ഞു.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഇപ്പോഴുള്ളതിൽ ഈ പ്രസാധകന്മാരേക്കാ ളിടുക്കന്മാരെന്നാണോ നിങ്ങൾ പറയുന്നതു്?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): അതെ. ഇപ്പോഴുള്ളതി ൽ കണ്ടിട്ടത്തോളം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വേറെ താണിയുള്ള ഒരാൾ ഇതിലും നന്നായിട്ടും വില കു റയും പ്രസിദ്ധപ്പെടുത്താമെന്നു സമ്മതിക്കുന്നപക്ഷമെ ഈ പ്രതികരംഎടുക്കുന്നതിനു ഗവണ്മെന്റു തയ്യാറുണ്ടോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): എനിക്കു അതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യമില്ല. ഞാൻ പുസ്തകം നിശ്ചിതിക്കു എന്തു കൊണ്ടു ഒർഷ്വാസുകനെ ക്ഷണിച്ചില്ല എന്നു ചോദിച്ചതിനു സമാധാനം പറയുക മാത്രമാണ് ചെയ്യുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിവേചനാശക്തി പ്രയോഗിക്കുന്നതിനു തുണിയുള്ളവരായി വേറെ ആളുകൾ ഉണ്ടെന്നു മെംബറിനു തോന്നുന്നില്ലയൊ? ഇപ്പോഴത്തെ പ്രസാധകന്മാർ അപ്രകാരം ചെയ്തിട്ടുണ്ടെന്നു മെംബർ വിചാരിക്കുന്നുണ്ടൊ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): ഗവണ്മെൻറു തൃപ്തിപ്പെടുകയും അതനുസരിച്ചുള്ള വില നിശ്ചയിക്കയും ചെയ്തിട്ടുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇക്കാര്യത്തിൽ കൂടുതൽ വിവേചനശക്തി ഉപയോഗിക്കത്തക്ക ആളുകൾ വേറെ ഇല്ലയൊ?

മി: കയ്യാലം പരമീശ്വരൻ പിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): എനിക്കറിഞ്ഞുകൂടാ. ആ ചോദ്യത്തിന്റെ ആവശ്യവുമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): പ്രസിദ്ധം ചെയ്യുന്നതിൽ ഗവണ്മെൻറു അനുകൂലിച്ചു പ്രത്യേകമായ ഏർപ്പാടിനെപ്പറ്റിയാണ് സഭയിൽ പ്രതിവാദിച്ചു കൊണ്ടിരിക്കുന്നത്. അതിൽ അടങ്ങിയിട്ടുള്ള വേറെ തത്വത്തെപ്പറ്റിയല്ല.

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അതു തന്നെ. ഓർഡാസുകം ക്ഷണിക്കുന്ന സന്ദർഭമായം പ്രയോഗിക്കമായിട്ടുള്ളതല്ലെന്നു മാത്രമാണ് ഞാൻ പറഞ്ഞുള്ളൂ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): പരസ്യംതയ്യാറാക്കുന്നതിനു വല്ലവിഷമവുമുണ്ടൊ?

മി: കയ്യാലം പരമീശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): അതിനെപ്പറ്റി ഞാൻപൂർണ്ണമായ സമാധാനം പറഞ്ഞു കഴിഞ്ഞു. വിജ്ഞാപനം തയ്യാറാക്കുന്ന ഒരു വിഷമമേ ഉള്ളു എന്നു മെംബർ വിചാരിക്കുന്നു എങ്കിൽ എനിക്കു യാതൊന്നും സംസാരിക്കുവാനില്ല. മറ്റു മെംബറന്മാർ നിശ്ചയമായും അതിനെ അപ്രകാരം ധരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): നിങ്ങൾ എപ്പോഴെങ്കിലും ലോകപരിചയം അനുഭവപ്പെടുന്നതു ഓർഡാസുകം ക്ഷണിച്ചിട്ടുണ്ടോ?

മി: കയ്യാലം പരമീശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): ഇല്ല, ഒരിക്കലുമില്ല.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വളരെ നന്നായിരിക്കുന്നതിനു ഇടയുണ്ടെന്നു വരികിൽ ഓർഡാസുകം ക്ഷണിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുമോ?

മി: കയ്യാലം പരമീശ്വരൻ പിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അല്ല. തീരെ ആയിരിക്കയില്ല.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചു ഇതു സക്കാർ അച്ചുകൂടത്തിൽ എന്തു കൊണ്ടാണ് ഗവണ്മെൻറു അച്ചടിപ്പിക്കാതിരുന്നതു എന്നു പറയുമോ?

മി: കയ്യാലം പരമീശ്വരൻ പിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): അതു വേറെ കാര്യമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഇതിലേക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു എങ്കിൽ ഗവണ്മെൻറിനു പലതായ ആദായമുണ്ടായിരിക്കുമായിരുന്നു.

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): എതിർക്കു തോന്നുന്നില്ല. എങ്ങിനെ ആയാലും അനുദ്യോഗസ്ഥ സാമാജികന്മാക്കുറിയേണ്ടതു എന്നു കൊണ്ടു ഓർഡാസുകം പരസ്യം ചെയ്തില്ല എന്നുള്ളതാണ്? പുസ്തകം നല്ലതാണെന്നു നാമതിച്ചു കഴിഞ്ഞു.

മി: എം. ശിവതാണുപിള്ള (തോവാള): സഭയിൽ ഈ കക്ഷിയിലുള്ളവർ എല്ലാവരും അപ്രകാരം പറഞ്ഞില്ല. ചിലർ മാത്രമേ പുസ്തകത്തിന്റെ വിലയും അതിലടങ്ങിയിട്ടുള്ള വിഷയങ്ങളും നല്ലതാണെന്നു സമ്മതിച്ചിട്ടുള്ളൂ.

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): പുസ്തകം വിലയേറിയതാണെന്നു ഒട്ടധികം പേർ പറഞ്ഞു കഴിഞ്ഞു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിദ്ധപ്പെടുത്തിയ വാല്യങ്ങൾ ഗവണ്മെൻറെവക ലഭിച്ചതിനേൽ പ്രസിദ്ധപ്പെടുത്തിയതാണെന്നു സമ്മതിച്ചു കഴിഞ്ഞോ എന്നു എന്നെ അറിയിക്കുമോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): ഗവണ്മെൻറനുമതി സിദ്ധിച്ചു എന്നതിനു എന്തർത്ഥമാണ് എന്നെ സ്നേഹിതൻ കല്പിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ശരിയായ അർത്ഥം നോക്കുന്നപക്ഷം അവ ഗവണ്മെൻറു വക പുസ്തകങ്ങളല്ല. സസാറിൽ റഫറേഷൻ പരസ്യം ചെയ്യുന്നതാണ് ഗവണ്മെൻറനുവാദത്തിനേലുള്ള പ്രസിദ്ധീകരണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാമ്രാജ്യനിയമസഭയിൽ ലാ റിപ്പോർട്ടുകൾ അനുവാദം കൂടാതെ പ്രസിദ്ധം ചെയ്യുകൂടാ എന്നു ഒരു പ്രമേയം പാസാക്കിയതായി മെമ്പറിനറിയാമോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അതു ലാ റിപ്പോർട്ടുകളെപ്പറ്റിയാണ്. ഈ മാതിരിയുള്ള പുസ്തകങ്ങളെ സംബന്ധിച്ചല്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഇപ്പോഴുള്ള കാര്യങ്ങളിൽ ഇതിനു മുൻപു എങ്ങിനെയാണ് നടപ്പു എന്നു പറയാമോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): അറിവും പരിജ്ഞാനവും ആവശ്യമുള്ളതായ ഈമാതിരി ജോലികാര്യങ്ങൾക്കു എനിക്കു അറിവുള്ളിടത്തോളം ഓർഡാസുകം ക്ഷണിക്കാതെയിരിപ്പില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): ഈ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യുന്നു പോലെ സാധാരണരീതിയിൽ നിന്നും വ്യതിചലിക്കുമ്പോൾ, ഗവണ്മെൻറു വിജ്ഞാപനം മുഖേന പൊതുജനങ്ങളെ അറിയിക്കേണ്ടതല്ലയോ എന്നു പറയുമോ?

മി: കയ്യാലം പരമീശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): ഗവണ്മെൻറു ഈ പുസ്തകം പ്രസിദ്ധം ചെയ്തിട്ടില്ല. സസാറിൽ പരസ്യം ചെയ്ക എന്നുള്ളതല്ലാതെ ഇതിനു വേറെ ഒരു മാർഗ്ഗവുമില്ല,

ഉദാഹരണമായിട്ട് പറഞ്ഞാൽ ഈ പുസ്തകം ഒരു കോടതിയിൽ തെളിവിലേക്കായി ഹാജരാക്കുന്ന പക്ഷം പിന്നെ റഫറേഷനുമായി ഒത്തുനോക്കി തെറ്റൊ ശരിയോ എന്നു പറയുന്നതിനു വിരോധമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പുസ്തകത്തിലുള്ളവയെ പറ്റിയല്ല ഉദ്ധരിക്കുന്നതായാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാർ അതു തള്ളിപ്പറയുമോ സ്വീകരിക്കുമോ ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): എനിക്കറിവില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പുസ്തകത്തിലുള്ളവയെ പറ്റിയല്ല ഉദ്ധരിക്കുന്നതായാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാർ അതു തള്ളിപ്പറയുമോ സ്വീകരിക്കുമോ ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർവക്കീൽ): സ്വീകരിക്കണമെന്നില്ല. സംശയമുണ്ടായാൽ അങ്ങു അച്ചടിച്ചതായ റഫറേഷനും പ്രൊഡ്യൂസ്സ് ചെയ്യിക്കാവുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അഡ്വക്കേറ്റ്) പക്ഷക്കാരനിനുള്ള സമയമായി.

അദ്ധ്യക്ഷൻ: അതിനു മുൻപായി ഈ കാര്യം തീരുമാനിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി: എസ്. പിറപ്പിടപ്പെരുമാൾപിള്ള (കൃഷിവകുപ്പ്-വ്യവസായവും തൊഴിലും): സർ, ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗസ്ഥസാമാജികന്മാരുടെ പ്രസംഗങ്ങളും ഞാൻ കേട്ടുകഴിഞ്ഞു. മിസ്റ്റർ സുബ്ബയ്യർ ഇന്ന് നിയമസഭ അവസാനിക്കാറായപ്പോഴുള്ള ഒരു ഏലക്ക്ഷൻ പ്രസംഗമാണ് എന്നു പറഞ്ഞു തുടങ്ങിയത്. ഉപാദ്ധ്യക്ഷസ്ഥാനത്തിൽ നിന്നും വിരമിക്കുന്നതിനു മുൻപായിട്ടുള്ള അദ്ദേഹത്തിന്റെ അവസാനത്തെ പ്രസംഗമാണ് ഇത് എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഇപ്പോഴുള്ള ക്ഷണിക്കുന്നത് അതുപോലെയിരിക്കയില്ലെന്നും പ്രസ്തുത പ്രസാധകന്മാരിൽ ചുമത്തിയിട്ടുള്ള വ്യവസ്ഥകളും, വന്നേക്കാവുന്നവരിൽ ചുമത്താൻ നിവൃത്തിയില്ലെന്നുമാണ് മിസ്റ്റർ സുബ്ബയ്യർ പറഞ്ഞത്. രാജദ്രോഹം കൊടുക്കുന്നതിനു ആളുകൾ ഉണ്ടായിരിക്കയില്ലെന്നും ഈ ജോലി നിർവ്വഹിക്കുന്നതിനു ഇവർതന്നെയാണ് യോഗ്യതയുള്ളവർ എന്നുള്ളതിനു അദ്ദേഹം പറഞ്ഞു. വ്യവസ്ഥതികൾ ഗവണ്മെന്റു വാങ്ങുമെന്നു മനസ്സിലാകുമ്പോൾ അറിഞ്ഞിരുന്നു എങ്കിൽ ഗവണ്മെന്റിനു ആളെയന്വേഷിക്കുന്നതിനു രീതിയിൽ ജോലി നിർവ്വഹിക്കുന്നതിനു ആളുകൾ ഉണ്ടാകുമായിരുന്നു. ആളുകൾ മുൻകൂട്ടന്നെ പുസ്തകത്തിന്റെ നന്മയേയോ വിലയേയോ സംബന്ധിച്ച് എനിക്ക് യാതൊന്നും പറയാനുണ്ടായിരുന്നില്ല. തലച്ചോറുള്ളവർക്കെങ്കിലും പ്രസിദ്ധം ചെയ്യാമെന്നു മിസ്റ്റർ സുബ്ബയ്യർ തന്നെ പറയുകയുണ്ടായി. ഈ പ്രസാധകന്മാരെ കൂടാതെ അനേകം തലച്ചോറുള്ളവർ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പ്രസിദ്ധം ചെയ്യാൽ ഗവണ്മെന്റു വാങ്ങുമെന്നു മാത്രമുള്ളവർ അറിഞ്ഞതേയില്ല. വിലപാങ്ങുന്ന കാര്യം മാത്രമേ ഗവണ്മെന്റു രഹസ്യമായി വച്ചിരുന്നുള്ളു. റഫറേഷൻ കൂടുതൽ വാങ്ങി ഉപയോഗിക്കുന്നതു ഗവണ്മെന്റുതന്നെയാണ്. ഇതിനു മുൻപ് ഒരവസരത്തിൽ ഗവണ്മെന്റു മിസ്റ്റർ ചണ്ഡലയോടു അൺറിപ്പീൽഡ് റഫറേഷൻ പ്രസിദ്ധംചെയ്യണമെന്നാവശ്യപ്പെട്ടുകയും അദ്ദേഹം ക,൦൦൦ എണ്ണം അച്ചടിക്കയും ഗവണ്മെന്റു ക,൦൦൦ പ്രതികൾ വാങ്ങുകയും ചെയ്തു. അതുകൊണ്ടു ഗവണ്മെന്റിനാണ് ഇതിന്റെ കൂടുതൽ ആവശ്യമെന്നു തെളിയുന്നു. അതിനാൽ ഗവണ്മെന്റു ഈ പുസ്തകം വാങ്ങുമെന്നു എനിക്കൊ അതല്ലാ ഇവിടെയുള്ള മറ്റുള്ളവർക്കൊ അറിയാമായിരുന്നു എങ്കിൽ ഞങ്ങൾക്കു തലച്ചോറില്ലാത്തപക്ഷം വല്ലവരോടും കടം വാങ്ങിയെങ്കിലും മെസ്സേഴ്സ് രാമലിംഗം അയ്യർ, കൃഷ്ണസ്വാമി അയ്യർ ഇവരെപ്പോലെ തന്നെ ഈ പുസ്തകം പ്രസിദ്ധം ചെയ്യുമായിരുന്നു. ഗവണ്മെന്റു എന്തുകൊണ്ടിവരെ തിരഞ്ഞെടുത്തു എന്നു നമുക്കറിഞ്ഞുകൂടാ. ഇതിനു ആളുകളെ അപേക്ഷകന്മാരായവരാരെന്നാണ് പബ്ലിസിറ്റി ഓഫീസ് ചീഫ് സെക്രട്ടറി പറയുകയുണ്ടായത്. അറിഞ്ഞിരുന്നു എങ്കിൽ അനേകം പേർ അപേക്ഷിക്കുമായിരുന്നു. ഇതിനെ പ്രസിദ്ധം ചെയ്യുന്നതിനു ഗവണ്മെന്റിന്റെ അനിവ് ആവശ്യമില്ലായിരുന്നു എന്നും അതിൽ മുതലായവ എഴുതുന്നതിനു പ്രയാസമുണ്ടെന്നും മറ്റും മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളയും പ്രസംഗിച്ചു. ആ ഡിപ്പാർട്ടുമെന്റിന്റെ മേലധികാരം എനിക്കായിരുന്നു എങ്കിൽ ഞാനിപ്രകാരം ചെയ്യുമായിരുന്നു. മെസ്സേഴ്സ് രാമലിംഗം അയ്യരുടെയും കൃഷ്ണസ്വാമി അയ്യരുടെയും അപേക്ഷകൾ വന്ന ഉടൻ തന്നെ ഞാൻ താഴെ പറയുന്നപ്രകാരം മാസറിൽ ഒരു പരസ്യം ചെയ്യുമായിരുന്നു, "ഇതാ ഒരു അപേക്ഷ വന്നിരിക്കുന്നു, ഗവർമെന്റു വ്യവസ്ഥതികൾ വാങ്ങുന്നപക്ഷം അവർ ഇത് പ്രസിദ്ധം ചെയ്യാമെന്ന് പറയുന്നു. തിരുവിതാംകൂറിലൊ പുറമേയോ ഇതു പ്രസിദ്ധം ചെയ്യുന്നതിനു വേറെ ആളുകൾ ഉണ്ടോ? മൂന്നു മാസത്തെ അവധിക്കകത്തു ഇതിനു തെയ്യാറാണ്. അതിനുശേഷം എല്ലാ അപേക്ഷകളേയും മടക്കുന്നതാണ്." ഇവരിൽ ചുമത്തിയതായ വ്യവസ്ഥകൾ അവരിലും ഭേദപ്പെട്ടതായിരുന്നു. അറിഞ്ഞിരുന്നു എങ്കിൽ പലരും അപേക്ഷിക്കുമായിരുന്നു. സകല ചിലവുംകൂടി ര൦,൦൦൦ രൂപയോളം വരുന്നു. ഒരു അസിസ്റ്റന്റു സെക്രട്ടറിയേയോ മറ്റുവല്ലവരേയുമൊ ഇതിലേക്കു പ്രത്യേകം രണ്ടോ മൂന്നോ മാസം കൊണ്ടും നിയമിക്കേണ്ടതായിരുന്നു എങ്കിൽ ഇതു ഗവണ്മെന്റിനു ലാഭമായിരിക്കുമായിരുന്നു. മിസ്റ്റർ രാമലിംഗം അയ്യർ ഒരു പെൻഷൻ പറ്റിയ അസിസ്റ്റന്റു സെക്രട്ടറിയാണു, മറെറയാൾ പെൻഷൻ പറ്റിയ ഒരു കെമിസ്റ്റുറി പ്രൊഫസറുമാണ്. ഉദ്യോഗത്തിലിരിക്കുന്നവരായ അസിസ്റ്റന്റു സെക്രട്ടറിമാരെ ആരെയെങ്കിലും ഈ ജോലിക്കു നിയമിക്കുമായിരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്കാർ വക്കീൽ): കൂടെ അസിസ്റ്റന്റു സെക്രട്ടറിമാരെ ആവശ്യമുണ്ടെങ്കിൽ അതിലേക്ക് ഒരു ദഭ്വാസുപരസ്യം ചെയ്യുന്നതിനു ഒരു സ്റ്റീം വേണമെന്നു മെമ്പർ ആവശ്യപ്പെടാമോ?

മി: എസ്. പിറപ്പിടപ്പെരുമാൾപിള്ള (കൃഷിവകുപ്പ്-വ്യവസായവും, തൊഴിലും): ആവശ്യപ്പെടാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : അസിസ്റ്റന്റു സെക്രട്ടറിമാരുടെ ജോലി ശമ്പളമില്ലാതെ നോക്കുന്നതിനു കൂടെ ആളുകൾ വേണമെന്നുള്ളതിലേക്ക് ഒരു ദഭ്വാസുപരസ്യം ചെയ്യുവാൻ മെമ്പറിനു ഒരുങ്ങാകുമോ?

മി. എസ്. പിറപ്പിടപ്പെരുമാൾപിള്ള (കൃഷിവകുപ്പ്-വ്യവസായവും, തൊഴിലും): ജോലിചെയ്യുന്നവർക്കെല്ലാം കുറെങ്കിലും കൂലി കിട്ടുമെന്നാണ് ഞാൻ വിചാരിക്കുന്നതു. കുറെങ്കിലും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു എങ്കിൽ പുസ്തകത്തിന്റെ നന്മയും വിലയും സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു വലുതായ ആളായി ഉണ്ടായിരിക്കുമായിരുന്നു.

മി: എസ്. പരമേശ്വരയ്യർ (തിരുവനന്തപുരം ഡിവിഷൻ പേഷ്കാർ): മെമ്പർ കൊണ്ടു വന്നതായ സ്കീം വളരെ ചിലവുള്ളതാണ്. അതു മെംബറിനറിയാമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു): നിയമിക്കപ്പെട്ടനഉദ്യോഗസ്ഥൻ ഒരു ക്ലാർക്കാണെങ്കിൽ ചിലവു കുറയും, സെക്രട്ടറിയോ, ചീഫ് സെക്രട്ടറിയോ ആണെന്നു വരികിൽ ചിലവു കൂടുന്നതാണ്. ഉദ്യോഗം വയസ്സരാണെങ്കിൽ ചിലവു കുട്ടുതലാണെന്നും ചെറുതാണെങ്കിൽ ചിലവുകുറവാണെന്നും എല്ലാവർക്കും അറിയാവുന്നതാണ്. ചീഫ് സെക്രട്ടറിയുടെ എഴുത്തിൽ നിന്നും താഴെപറയുന്ന സംഗതി എന്നെ ഒരു ബുദ്ധിമുട്ടിയിട്ടുണ്ട്. [illegible] അയച്ച എഴുത്തു വന്നതനന്തരം ഓരോ പ്രത്യേകതിൻറെയും വില പ്രതികൂടി പിന്നെ ഗവർണ്മെൻറ് വാങ്ങിക്കൊള്ളുമെന്നുള്ള ഖരാറിന്മേൽ കർണ്ണൽ ജോൺ ഹെൻറി-മിസ്റ്റർ എൻ. കൃഷ്ണസ്വാമിഅയ്യർക്കും മിസ്റ്റർ ആർ. രാമലിംഗം അയ്യർക്കും പൂർണ്ണമായും പരിഷ്കാരമായ റഫ്രഷ്മെൻറ് സും പ്രോക്ലമേഷൻസും അതിനെയുടൻതള്ള ചട്ടങ്ങളും വിജ്ഞാപനങ്ങളും അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിനായിട്ടാണ് കൊടുത്തയച്ചിരുന്നതായി അറിയിച്ചുകൊള്ളുന്നു.

വില പ്രതിഫലം വാങ്ങണമെന്നു ഞാനപ്പോൾതന്നെ ഗവർണ്മെൻറിനു നിയമമായിരുന്നു. ഇതൊരു നിസ്സാരമായ ചിലവല്ല. പലവകയിനത്തിൽനിന്നും ഏകദേശം ഒരു ലക്ഷം രൂപയൊക്കെ ഒരോ ചിലവാക്കി എന്നു ഗവർണ്മെൻറ് പറയുന്നു. ഒരു പ്രത്യേകചിലവിനായി മാറ്റിവച്ചിട്ടുള്ളതല്ല, ഞാൻ മുൻപു പറഞ്ഞതുപോലെ വേറെ ചിലവിലേയ്ക്കു ഉപയോഗിച്ചുകൂടാ എന്നു മേയുടെ പാർലിമെൻറിനു പ്രൊസീഡിങ്സിൽനിന്നും കാണാവുന്നതാണ്. അതു ആ ചിലവിലേയ്ക്കുതന്നെ വിനിയോഗിക്കേണ്ടതും അതു നിസ്സാരമായ ചിലവുകൾ ചെയ്യേണ്ടതിനുമാണ്, നമ്മുടെ ഇവിടത്തെ വർത്തമാനത്തിൽനിന്നും ഇതൊരു അവിതർക്കിതമായ ചിലവല്ലെന്നാണ് തോന്നുന്നത്. ഇതും നിസ്സാരമായിട്ടുള്ളതല്ല.

അദ്ധ്യക്ഷൻ, നമ്മുടെ നിലവിലുള്ള ചട്ടങ്ങളിൽ പ്രസ്തുത ചട്ടത്തെ ഒഴിവുചെയ്യുകയെന്നു കാണിച്ചുതരണം

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു): ഞാൻ മേയുടെ പാർലിമെൻറിനു നടപടിയിൽനിന്നും ഉദ്ധരിക്കുകയുണ്ടായി.

അദ്ധ്യക്ഷൻ, ഈ സഭയുടെ ചട്ടങ്ങളാണ് ഞാൻ ആവശ്യപ്പെട്ടതു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു): അതു് നടപടിക്രമത്തിനു വിരുദ്ധമായിട്ടുള്ളതാണെന്നു തീരുമാനിച്ചുകഴിഞ്ഞു. ഞാൻ മറ്റു നിയമസഭകളിലുള്ള നടപ്പിനെപ്പറ്റിയാണ് പറയുന്നതു്.

മി: പി. കെ. പിള്ള (കുന്നാഗപ്പള്ളി): ഇതൊരു നഷ്ടപ്പെടുന്നതായ മുതൽമുടക്കം അധികച്ചിലവുമാണെന്നാണോ മെമ്പറിൻറെ അഭിപ്രായം?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു): ഇതൊരു അധികച്ചിലവും നഷ്ടപ്പെട്ട മുതൽ മുടക്കമാണ്, അതിൽ അടങ്ങിയ തത്ത്വത്തെപ്പറ്റി ഉദ്യോഗസ്ഥ സാമാജികന്മാർ ഒന്നും തന്നെ പറഞ്ഞിട്ടില്ല. പ്രസ്തുത പ്രസിദ്ധീകരണമോട്ടു എനിക്കു യാതൊരുവിരോധവുമില്ല. കടലാസ്, കായിക്കോ, ഗിൽട്ട് ഇവയെപ്പറ്റിയുള്ള തർക്കമല്ല. ഞാൻ ഒരു ആണിതരുന്നുമെങ്കിൽ എനിക്കു ഫ്രീ രൂപാ കിട്ടണം. അതു ചെലക്കുടിയ സംബന്ധിച്ചുകായുമാണ്. ഗവണ്മെൻറ് റഫ്രഷ്മെൻറ് വില പ്രതിഫലം എടുക്കണമെന്നു മറ്റുള്ളവർ അറിഞ്ഞിരുന്നു എങ്കിൽ അതു പ്രസിദ്ധംചെയ്യുന്നതിനു അവർ വരുമായിരുന്നു. പൊതുവെ ഈ മോഷൻ ഒരു ചീത്ത മാതൃകയിനു കാരണമാകുന്നു. നാളെ ഗവണ്മെൻറ് വേറെ വല്ല പ്രിൻറിപ്പാടും ചെയ്തിട്ടു കൂടുതൽ പണം ആവശ്യപ്പെടുകയും നാം അതു അനുവദിക്കേണ്ടതായിട്ടും വരുന്നതാണ്. സർ, പൊതുജനങ്ങളുടെ അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിൻറെയും സൂക്ഷിപ്പുകാരനായതുകൊണ്ടു പ്രതിനിധികളെ അഭിപ്രായത്തെ വിലവയ്ക്കുന്നുണ്ടു്. അതുകൊണ്ടു തിരഞ്ഞെടുക്കപ്പെട്ട മെംബർമാർ എന്നെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: വി. സുബ്ബയ്യർ (ഗവർമെൻറ് നിയമിച്ച ഉപാദ്ധ്യക്ഷൻ): അതുകൊണ്ടു ഗവണ്മെൻറ് നിയമിച്ച മെംബറന്മാരുടെ സഹായം നിങ്ങൾക്കാവശ്യമില്ലെല്ലോ.

അദ്ധ്യക്ഷൻ, മോഷനെ അനുകൂലിക്കുന്ന മെംബറന്മാരാരെങ്കിലുമുണ്ട്,

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെൻറ് സാമാജികന്മാർക്കു മറുപടിപറയുന്നതിനു അവകാശമുണ്ട്.

അദ്ധ്യക്ഷൻ, അവർ അപ്രകാരം ചെയ്യണമെന്നുദ്ദേശിക്കുന്നില്ല.

മോഷൻ പേട്ടിനിട്ട തള്ളപ്പെട്ടു.

മി: എം. ശിവതാണുപിള്ള (തോവാള): പോയാൽ വേണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പോളിംഗിൻറെ ഫലം താഴെ പറയുംപ്രകാരമായിരുന്നു.

അനുകൂലികൾ ൪.

൧.	മിസ്റ്റർ ജി. രാമൻമേനോൻ		൩.	,,	എസ്. പിറവിപ്പെരുമാൾപിള്ള
൨.	,,	പി. നീലകണ്ഠപ്പിള്ള	൪.	,,	എൻ. കെ. കൃഷ്ണപിള്ള
൩.	,,	എം. ശിവതാണുപിള്ള			

പ്രതികൂലികൾ ൩൦.

൧.	മിസ്റ്റർ ഐ. സി. ചാക്കോ		൯.	,,	ഡബ്ല്യു. എച്ച്. പിറ്റ്,
൨.	,,	ആർ. ധനക്കോടിപ്പിള്ള	൧൦.	,,	മിസ്സസ്. എം. പുന്നൻ മുക്കോസ്
൩.	,,	പി. ഗോമതിനായകംപിള്ള	൧൧.	,,	കെ. എൻ. രാമസുബ്ബയ്യർ
൪.	,,	പി. എൻ. കൃഷ്ണപിള്ള	൧൨.	,,	ടി. പി. രാമസുബ്ബയ്യർ
൫.	ഡാക്ടർ. എൻ. കുഞ്ഞൻപിള്ള		൧൩.		രാവുബഹദ്ദർ. കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൬.	മിസ്റ്റർ ടി. കെ. മാധവൻനായർ				
൭.	,,	കുഞ്ഞു പരമേശ്വരൻപിള്ള	൧൪.		മിസ്റ്റർ എസ്. സി. എച്ച്. റാബിൻസൺ
൮.	,,	എച്ച്. പരമേശ്വരയ്യർ	൧൫.	,,	എ. കേവപ്പൻ

കന്നു.	,,	പാറം ഡാനിയൽ	ഡഢ.	മിസ്റ്റർ	ഏ. കെ. പിള്ള
ചടു.	,,	സി. വി. കുഞ്ഞുരാമൻ	ഡതി.	,,	വി. സുബ്ബയ്യർ
ഫവു.	,,	ടി. കുമാരപിള്ള	ഡന്നു.	,,	എസ്. സുബ്രഹ്മണ്യകരയാളർ
കൽ.	,,	എൽ. ഏ. ചാംപ്പർഡ്	ഡടു.	,,	എം. സുബ്രഹ്മണ്യപിള്ള
ഡഠ.	,,	എബ്ലിസ്. ജി. ജോപ്പേസ്	ഡവു.	മിസ്റ്റർ	സി. പി. തരകൻ
ഡകി.	,,	കെ. മാധവൻപിള്ള	ഡൻ.	,,	സി. പി. തോമസ്
ഡഡ.	,,	കെ. സി. കുമ്മൻതോപ്പിള്ള	നാറ.	,,	കെ. കെ. തോമസ്
ഡന.	,,	ആർ. പരമനാരൻ			

നിഷ്പക്ഷപാതികൾ.

കാ.	മിസ്റ്റർ	കെ. ഐ. ജോസഫ്	നു.	,,	എം. എൻ. പിള്ള
ഡ.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	ടു.	,,	ആർ. രാമൻപിള്ള
ന.	,,	ജി. നാരായണപിള്ള	വു.	,,	കെ. ശിവരാമപ്പണിക്കർ
ഴ.	,,	കല്ലൂർ നാരായണപിള്ള	ൻ.	,,	സി.എൻ. മുഖുന്നസൂരി
ഉ.	,,	പി. കെ. നാരായണപിള്ള			

മോഷൻ തള്ളപ്പെട്ടതായി തീരുമാനിച്ചു.

സഭ രണ്ടര മണിക്ക കൂടുകക്ഷണത്തിനു പിരിയുകയാണ അടിച്ചു വൈകുന്നേരത്തിന വീണ്ടും ആരംഭിക്കയും ചെയ്തു.

ഖനികളും ധാതുക്കളും സംബന്ധിച്ച ബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർവക്കീൽ): സഭയുടെ നിശ്ചയം അനുസരിച്ചു അടുത്തവിഷയം തിരുവിതാംകൂറിലെ ഖനികളേയും ലോഹത്തേയും സംബന്ധിച്ച ബിൽ പാസ്സാക്കുക എന്നുള്ളതാണ്. എന്നാൽ അതിനെപ്പറ്റിയുള്ള മോഷൻ ഹാജരാക്കുന്നതിനുമുൻപു അതിനേസംബന്ധിച്ചു ചിലചില്ലറ ഭേദഗതികളും എനിക്ക ഹാജരാക്കേണ്ടതായിട്ടുണ്ട്. ബിൽ രണ്ടാംപ്രാവശ്യം സഭയിൽ വയ്ക്കുമ്പോൾ ഭേദഗതിയായി ഒരു വകുപ്പു കൂട്ടുകയും തന്മൂലം പിന്നിടുള്ളവകുപ്പുകളുടെ നമ്പരുകളും മാറുകയും ചെയ്യണ്ടതായിട്ടിരിക്കുന്നു. അതിനേസംബന്ധിച്ചു ചില ഭേദഗതികളും ഹാജരാക്കുന്നുണ്ട്. ഞാൻ അവയെ ഓരോന്നായിട്ടു ഹാജരാക്കാം.

൨-ാംവകുപ്പ്.

ആദ്യമായി ൨-ാംവകുപ്പിൽ രണ്ടാം പാരഗ്രാഫിൽ ൨൯ എന്നുള്ള അക്കം ൨൦ എന്നാക്കണമെന്നാണ് എന്റെ മോഷൻ.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി) ഞാൻ അതിനോട് അനുകൂലിക്കുന്നു; ഭേദഗതി വോട്ടിനിടുകയും പാസാക്കുകയും ചെയ്യപ്പെട്ടു.

ഭേദഗതി ബില്ലിൽചേർത്തു.

൨൫-ാം വകുപ്പ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർ വക്കീൽ): അടുത്തഭേദഗതി ൨൫-ാമത്തെ വകുപ്പിനെസംബന്ധിച്ചാണ്. കൌൺസിൽ തീരുമാനിച്ചപ്രകാരം ൨൫-ാമത്തെ വകുപ്പ് കൂട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഗവണ്മെൻറിനു കൊടുത്തിട്ടുള്ള അധികാരത്തെപ്പറ്റിയാണ്. ഉപവകുപ്പ് (ങ്ങ) സ്ത്രീകളെ ഖനികളിൽ ജോലിക്കടിയിലാ, അപായമുള്ളതോ അരോഗ്യത്തെ തരക്കേടുള്ളതോ ആയ വേലികളിൽ ഏർപ്പെടുത്തുന്നതിനെ തടയുന്നതിനോ വിരോധിക്കുന്നതിനോ, ഉള്ളചട്ടങ്ങളെ നിർമ്മിക്കുന്നതിനു ഗവണ്മെൻറിനു കൊടുത്തിട്ടുള്ള അധികാരത്തെപ്പറ്റിയാണ്. ആവകുപ്പനുസരിച്ച് ഭൂമിക്കടിയിൽ സ്ത്രീകളെ ജോലിയിൽ ഏർപ്പെടുത്തുന്നതിനോ തടയുന്നതിനോ ക്രമപ്പെടുത്തുന്നതിനോ വേണ്ടായ ചട്ടങ്ങളെ ഗവണ്മെൻറിനുണ്ടാക്കാവുന്നതാണ്. എന്നാൽ ഈ സഭതാഴെപറയുന്ന ൨൫-ാം വകുപ്പ് അനുവദിച്ചുകഴിഞ്ഞിരിക്കുന്നു:—

"ഭൂമിക്കടിയിൽ ഉള്ളതായ ഖനികളിൽ കുട്ടികളേ ജോലിചെയ്യിക്കയോ, സ്ത്രീകളേയോ കുട്ടികളേയോ ഖനികളുടെ സമീപത്തിൽവരുന്നതിനു അനുവദിക്കയോ, ചെയ്യുകൂടാത്തതാകുന്നു."

ഇപ്പോൾ സഭയിൽ അനുവദിച്ചതായ മി വകുപ്പനുസരിച്ചു ഭൂമിക്കടിയിൽ ഉള്ളതായ ഖനികളിൽ സ്ത്രീകളെ വരുന്നതിനുപോലും അനുവദിക്കുവാൻ പാടില്ലാത്തതാകുന്നു. അതുകൊണ്ട് ഈ വകുപ്പുള്ള സ്ഥിതിക്ക് ഗവണ്മെൻറിനു ഭൂമിക്കടിയിലുള്ള ഖനികളിൽ സ്ത്രീകളെജോലിക്ക് ഏർപ്പെടുത്തുന്നതിനെ നിഷേധിക്കുന്നതിനോ തടയുന്നതിനോ ഉള്ളതായ നിയമനിർമ്മാണത്തിനുള്ള അധികാരം ആവശ്യമില്ലാത്തതാകുന്നു. അതുകൊണ്ടു ഈ ഭേദഗതിയനുസരിച്ച് ഭൂമിക്കടിയിൽ സ്ത്രീകളെ ജോലിചെയ്യിക്കുന്നതിനെപ്പറ്റിയുള്ള ഭാഗം വിട്ടുകളയേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അപ്രകാരമായാൽ വകുപ്പ് താഴെ പറയുന്നപ്രകാരമായിരിക്കുന്നതാണ്: —

"ജീവഹാനി നേരിടുന്നതോ, ആരോഗ്യത്തിനു തരക്കേടുള്ളതോ, സുരക്ഷിതമല്ലാത്തതോ ആയിട്ടുള്ളതായ പ്രത്യേകതരം ജോലികൾക്ക സ്ത്രീകളെ ഖനികളിലോ ഏതെങ്കിലും തരത്തിലുള്ള ഖനികളിലോ ജോലിക്ക് ഏർപ്പെടുത്തുന്നതിനെ തടയുന്നതിനോ, വിരോധിക്കുന്നതിനോ, ക്രമീകരിക്കുന്നതിനോ വേണ്ടി"

അതുകൊണ്ടു ഞാൻ ൨൫ വകുപ്പ് ൨൫-(ങ്ങ) യിൽ "ഭൂമിക്കടിയിലെ" എന്നുള്ളവാക്കുകളെ ഒഴിവുള്ളതാക്കുകയെന്നതാണെന്നു അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി) ഞാൻ അതിനെ പിൻതാങ്ങുന്നു.

ഭേദഗതിവോട്ടിനിട്ടു പാസ്സാക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്കാർ വക്കീൽ): അടുവകുപ്പിൽ ഞാനെന്നെ (എ എ) എന്ന ഉപവകുപ്പിൽ ൨൭ എന്ന അക്കത്തിനെ ൨൬-എന്നാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ ഭേദഗതിക്കുള്ള കാരണങ്ങളും ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു. അതിനാൽ ഈ ഭേദഗതിയെ സഭയുടെ അംഗീകാരത്തിനായി ഞാൻ ഹാജരാക്കികൊള്ളുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

ഭേദഗതി സഭയിൽ വോട്ടിനിട്ടുകയും പാസ്സാക്കുകയും ചെയ്യപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർ വക്കീൽ): അതേകാരണത്താൽതന്നെ താഴെപറയുന്ന ഭേദഗതിയും ഞാൻ മൂവ്ചെയ്തുകൊള്ളുന്നു.

ആവശ്യപ്പെട്ടിൽ (എബി) എന്ന ഉപവകുപ്പിൽ ഡ (ൻ) എന്നഅക്ഷരത്തിനെ സ്ഥ എന്നാക്കുകയും സ്ഥാപകം സ്ഥ എന്നു ചേർക്കുകയുംചെയ്യണമെന്നാണ്.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ്സെക്രട്ടറി, ഞാൻ അതിനെ പിൻതാങ്ങുന്നു.

ഭേദഗതി വോട്ടിനിട്ടുപാസാക്കപ്പെട്ടു.

വകുപ്പ് ഭേദഗതിയനുസരിച്ചു ബില്ലിൽചേർത്തു.

ഡ (ൻ)-ാം വകുപ്പ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർ വക്കീൽ) ഡ (ൻ) (എ)-ാം വകുപ്പിലെ ഡ യ എന്നുള്ളിടത്തിനു പകരം ഡ വ-എന്നു ചേർക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ്സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

ഭേദഗതി വോട്ടിനിട്ടുപാസാക്കപ്പെട്ടു.

ഭേദഗതിയനുസരിച്ചു വകുപ്പ് ബില്ലിൽചേർത്തു.

മ: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർവക്കീൽ). ഭേദഗതികൾ അവസാനിച്ചതോടുകൂടി ഭേദഗതിപ്രകാരം ബിൽ പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ്സെക്രട്ടറി) ഞാൻ അതിനെപിൻതാങ്ങുന്നു.

ഭേദഗതി ചെയ്തബിൽ വോട്ടിനിട്ടുപാസാക്കപ്പെട്ടു,

വാടകവണ്ടിറഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർവക്കീൽ): അടുത്തബില്ലിൽ ക ാ വണ്ടി-ലൈസൻസിന്റെ റഗുലേഷനായ വാടകവണ്ടിറഗുലേഷൻ ഭേദഗതിബിൽ ആകുന്നു. ഇതിനുസംബന്ധിച്ചു യാതൊരു ഭേദഗതിയും ഹാജരാക്കുന്നതിനില്ല. അതുകൊണ്ടു സഭയിൽ നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് ഈ ബിൽ പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ്സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

വാടകവണ്ടിറഗുലേഷൻ ഭേദഗതിബിൽ സഭയുടെ തീരുമാനിച്ചതിൻപ്രകാരം വോട്ടിനിട്ടു പാസാക്കപ്പെട്ടു.

കൃഷിമരാമത്തുറഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർവക്കീൽ): ഈ ബില്ലിനെസംബന്ധിച്ച് എനിക്കു യാതൊരുഭേദഗതിയും ഹാജരാക്കാനില്ല. സഭയിൽ തീരുമാനിച്ചതനുസരിച്ച് ബിൽ പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ്സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

കൃഷിമരാമത്തു റഗുലേഷൻ ഭേദഗതിബിൽ സഭയിൽ തീർച്ചപ്പെടുത്തിയതുപോലെ പാസാക്കണമെന്നുള്ള സംഗതി പിന്നീടു വോട്ടിനിട്ടു പാസാക്കപ്പെട്ടു.

അബ്കാരിറഗുലേഷൻ ഭേദഗതിബിൽ

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടർവക്കീൽ): സർ, അബ്കാരി റഗുലേഷൻ ഭേദഗതിബില്ലിനെസംബന്ധിച്ച് സെലക്ട്കമ്മിറ്റിയുടെ റിപ്പോർട്ടിനെ ഹാജരാക്കികൊള്ളുന്നു. സെലക്ട്കമ്മിറ്റിയുടെ ഭേദഗതിപ്രകാരം ബില്ലിനെ വായനയ്ക്കായി എടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: ടി കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ്സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

ആമോഷൻ പാസാക്കപ്പെട്ടു.

ന-ാംവകുപ്പ്.

മ: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി) സർ, ഞാൻ താഴെപറയുന്ന ഭേദഗതി ഹാജരാക്കികൊള്ളുന്നു.

സെലക്ട കമ്മിറ്റിയുടെ ഭേദഗതിക്കുപകരം താഴെപറയുന്ന ഭേദഗതിയെ ചേർക്കുക. ക ാ-ാം വകുപ്പിൽ 'കഞ്ചാവു്' എന്നവാക്കിനുശേഷം "അല്ലെങ്കിൽ കൊക്കോ" എന്ന വാക്കുകൂടി ചേർക്കുക.

എന്റെ ഭേദഗതി സെലക്റ്റ്കമ്മിറ്റിയുടെ ഭേദഗതിയെപ്പറ്റിയാണ്. സെലക്റ്റ്കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചു കഞ്ചാവു്, ബാംഗ്, കൊക്കോ മുതലായവയുടെ കൃഷി പാടില്ലാ എന്നാണ്. ക ാ-ാം വകുപ്പിന്റെ ഭേദഗതിയിൽ നിന്നു ഇതു കാണാവുന്നതാണ്. അതു താഴെ പറയുന്ന പ്രകാരമാകുന്നു: —

"മേൽ പറഞ്ഞ റഗുലേഷന്റെ ക ാ-ാം വകുപ്പിൽ (എ) 'കഞ്ചാവു ചെടി കൃഷി ചെയ്യുകൂടാ' എന്നുള്ള വാക്കുകളെ ചിട്ടകളുടെയണമെന്നും, ഭേദഗതിയനുസരിച്ചു ആ വകുപ്പ ക ാ-ാം വകുപ്പിന്റെ ക-ാം ഉപവകുപ്പായി നമ്പരിടണമെന്നും, "കഞ്ചാ ചെടിയും കൊക്കാ ചെടിയും മറ്റും തന്നെ കൃഷിചെയ്യുകൂടാ' എന്നുള്ളതിനെ ര-ാം ഉപവകുപ്പായി ചേർക്കണമെന്നും ആണ്.

എന്റെ ആക്ഷേപം ക ാ-ാം വകുപ്പിന്റെ ഭേദഗതിയിൽ ര-ാം ഭാഗത്തെപ്പറ്റിയാണ്,

സെലക്റ്റ് കമ്മിറ്റിയുടെ ഭേദഗതിയനുസരിച്ചു കഞ്ചാചെടിയും കൊക്കാചെടിയും കൃഷി ചെയ്യുകൂടാ എന്ന വിരോധിച്ചിരിക്കുന്നതു കൊണ്ടു ഗവണ്മെന്റിനു കഞ്ചാവും കൊക്കായും നട്ടു പിടിപ്പിക്കണമെങ്കിൽ ആ വസ്തുത ബില്ലിൽ കാണിച്ചിട്ടില്ല. ആ നിരോധനം പൊതു ജനക്ഷേമത്തിനായശ്യപ്പെട്ടിരിക്കുന്നതിനെക്കാൾ കൂടുതലായിട്ടിരിക്കുന്നു എന്നു തോന്നുന്നു. റഗുലേഷനുകൾ ഇപ്പോഴത്തെ ക ാ-ാം വകുപ്പിൻ പ്രകാരം ഗവണ്മെന്റ് ലൈസൻസുകൊടുത്തോ ഗവണ്മെന്റിന്റെ പ്രത്യേക വ്യവസ്ഥകൾ അനുസരിച്ചോ അല്ലാതെ കഞ്ചാചെടി നട്ടുപിടിപ്പിക്കു

ടാ എന്നാകുന്നു. അതാണ് ഇപ്പോഴത്തെ വകുപ്പ്. അതു പാരാളും മതിയാകുമെന്നാണ് എനിക്കു തോന്നുന്നതു. എന്നാൽ കഞ്ചാവോ, കൊക്കയോ നട്ടുപിടിപ്പിക്കേണ്ട ആവശ്യമില്ലെന്നു ഗവണ്മെന്റിനു തോന്നുന്നപക്ഷം അവർ അതിനു ലൈസൻസു കൊടുക്കേണ്ടതു. കഞ്ചാവിന്റെയോ കൊക്കായുടെയോ കൃഷി തീരെ നിരോധിക്കേണ്ടതായ ആവശ്യം ഇല്ല. കഞ്ചാവും കെറുക്കയും തിരുവിതാംകൂറിൽ ധാരാളം ഉണ്ടാകുന്നുണ്ടെന്നും ആയ്ക്കൊവു മൂതലായ സ്ഥലങ്ങളിൽ ഇതു കാട്ടു ചെടിയായി ധാരാളം ഉണ്ടാകുന്നതിനേ എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ കണ്ടോൽ നശിപ്പിക്കാറുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ടു: അങ്ങിനെ ചെയ്യുന്നതിൽ വിരോധം ഇല്ല. അതിൽ നിന്നും ഈ ചെടികൾ തിരുവിതാംകൂറിൽ ധാരാളം ഉണ്ടാകുന്നതാണെന്നു കാണാവുന്നതാണ്. കഞ്ചാവിലും, കൊക്കയിലും നിന്നുണ്ടാകുന്ന സാധനങ്ങൾ തിരുവിതാംകൂറിൽ ഉപയോഗിക്കുന്നതിനു അനുവദിച്ചിരിക്കെ അവയെ തീരെ കൃഷി ചെയ്യുകൂടാ എന്നു പറയുന്നതിന്റെ കാരണം എന്തെന്നു മനസ്സിലാകുന്നില്ല. ഈ മരുന്നുകൾ ഉപയോഗിച്ചു കൂടാ എന്നു വിരോധിച്ചിരുന്നു എങ്കിൽ അവയെ കൃഷി ചെയ്തു കൂടാ എന്നു പറയുന്നതിൽ ന്യായമുണ്ടായിരിക്കുമായിരുന്നു. എന്നാൽ മരുന്നുകൾ ഉപയോഗിക്കുന്നതിനു അനുവദിച്ചിരിക്കുന്നിടത്തോളം കാലം കെമിസൻസ് പരിശോധിച്ചും ഗവണ്മെന്റു നിശ്ചയിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചു നവണ്മെന്റിന്റെ മേൽനോട്ടത്തിലും അവയെ കൃഷി ചെയ്യുന്നതിനു അനുവദിക്കേണ്ടതാണ്. കൃഷി ഡിപ്പാർട്ടുമെന്റു മുഖാന്തിരം പരീക്ഷണാർത്ഥം കുറെ നട്ടു പിടിപ്പിക്കണമെന്നു വിചാരിക്കുന്നു എങ്കിൽ അവയെ കൃഷി ചെയ്തു കൂടായെന്നു വിരോധിച്ചിരിക്കുന്നതു കൊണ്ടു അപ്രകാരം ചെയ്യുന്നതിനു നിവൃത്തിയില്ല. അതു കൊണ്ടു ഭേദഗതിയിൽ ഉദ്ദേശിച്ചിരിക്കുന്ന സകലകാര്യങ്ങളും എന്റെ ഭേദഗതിയിൽ ഉൾപ്പെടുത്തണമെന്നു. മറ്റുള്ള ഭേദഗതികൾ ആവശ്യമില്ല. ഞാൻ ഫാജരാക്കിയ ഭേദഗതി കൊക്ക എന്ന വാക്കു ചേർക്കണമെന്നു മാത്രമാണ്. അതിന്റെ ഫലമായി കഞ്ചാവും, കൊക്കയും ലൈസൻസോടുകൂടി ഗവണ്മെന്റു നിശ്ചയിക്കുന്ന വ്യവസ്ഥ അനുസരിച്ചു കൃഷി ചെയ്യാവു എന്നു മാത്രം വരുന്നതാണ്. ഉദ്ദേശസാധ്യത്തിനു അങ്ങനെ ചെയ്യുക വഴിയാണ്. ഭേദഗതി ബിൽ ഫാജരാക്കിയ മെംബർ ബില്ലിന്റെ പ്രധാന ഉദ്ദേശം കൊക്കാ കൃഷി നിയന്ത്രണം ചെയ്യുന്നതിനും തന്നിമിത്തം ആ വിഷയത്തിൽ മറ്റുള്ളവരോടുകൂടിപ്പം പരിശ്രമത്തെ പ്രാപിക്കുന്നതിനു പ്രാപ്തിക്കേണ്ടതാണെന്നും പറഞ്ഞു കഴിഞ്ഞു. എന്റെ ഭേദഗതിപ്രകാരമുള്ള ഗവണ്മെന്റു നിശ്ചയിക്കുന്ന രീതിയിലും, പ്രത്യേക ലൈസൻസോടുകൂടി കൊക്കാകൃഷി നടത്തുന്നതിനു അനുവദിക്കുന്നതായാൽ മേൽപറഞ്ഞ ഉദ്ദേശം സാധിക്കുന്നതാണ്; ഗവണ്മെന്റു പാസുക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ചു മഞ്ചാ കൃഷി നിരോധിച്ചിരിക്കുന്നതായി പറഞ്ഞു കഴിഞ്ഞു. അതു അപ്രകാരമായിരിക്കാം. എന്നാൽ ആ കാര്യം ഈ സഭയുടെ അറിവോടുകൂടി പാസാക്കപ്പെട്ടിട്ടുള്ളതല്ലാത്തതും ആ ചട്ടത്തെ വീണ്ടും ആലോചനക്കെടുക്കുന്നതിനു ഇതൊരു നല്ല അവസരവും ആകുന്നു. ഈ രാജ്യത്തു ഗഞ്ചാവും, കൊക്കയും ഉപയോഗിക്കുന്നതിനു അനുവദിച്ചിരിക്കുന്നിടത്തോളം കാലം തക്കതായ മേൽനോട്ടത്തിൽ അവയെ കൃഷി ചെയ്യുന്നതിനു കൂടി അനുവദിക്കുന്നതിൽ തരക്കേടില്ലാ എന്നു എനിക്കു തോന്നുന്നു. അല്ലാത്ത പക്ഷം നാം ചെടികൾ അന്യനാട്ടുകാരെ കൊണ്ടു കൃഷി ചെയ്യിക്കുന്നതിനു ഉത്സാഹിപ്പിക്കുകമാത്രമാണ് ചെയ്യുന്നതു. നമുക്കു ഈ മരുന്നുകൾ മറ്റു രാജ്യങ്ങളിൽ നിന്നും വരുത്തേണ്ടതായിട്ടും വരുന്നതാണ്. ഈ കാരണങ്ങളാൽ എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

മി: ജി. നാരായണപിള്ള (തിരുവല്ലം): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമീശ്വരൻപിള്ള (അഡിഷണൽ ഫസ്റ്റ് സർക്കാർ വക്കീൽ): ഞാൻ ആ ഭേദഗതിയെ എതിർക്കുന്നു. ഗഞ്ചാവും, കൊക്കയും കൃഷി ചെയ്യുന്നതിനു അനുവദിക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനു കൊടുക്കണമെന്നാണ് മിസ്റ്റർ രാമൻ മേനോന്റെ ഭേദഗതിയുടെ അർത്ഥം. അപ്രകാരമല്ല ഈ രണ്ടു ചെടികളുടെയും കൃഷി തടയണമെന്നുള്ള തത്വത്തെ അദ്ദേഹം ആക്ഷേപിക്കുന്നില്ല. എന്നാൽ ഇവയെ കൃഷി ചെയ്യുന്നതിനു അനുവദിക്കുന്നതിനുള്ള അധികാരം എടുത്തു കൊള്ളുന്നതിനു ഗവണ്മെന്റിനോടു പറയുന്നു. ഗവണ്മെന്റിനാകട്ടെ വസ്തുതയിലുള്ളതും വിരോധിച്ചിട്ടുള്ളതുമായ ഒരു അധികാരത്തെ എടുത്തു കൊള്ളണമെന്നു അനുഭാവശാസ്ത്ര സാമാജികരുടെ നിലയിൽ മിസ്റ്റർ രാമൻ മേനോൻ സംസാരിക്കുന്നതു വളരെ അതിശയമായിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചു ഗവണ്മെന്റിന്റെ നിലയെപ്പറ്റി പറയുകയാണെങ്കിൽ കഴിഞ്ഞ 5 ൽ കൊല്ലങ്ങളായി ഗഞ്ചാവും, 3 കൊല്ലങ്ങളായി കൊക്കയും കൃഷി ചെയ്തു കൂടാ എന്നു ഗവണ്മെന്റു വിരോധിച്ചിട്ടുള്ളതായിട്ടു ഞാൻ ചൂണ്ടി കാണിച്ചു കൊള്ളുന്നു. ഈ ഗവണ്മെന്റിനു സിദ്ധിച്ച അധികാരമനുസരിച്ചു നടപ്പിൽ വരുത്തിയ ചട്ടങ്ങളാണ്. ഈ ബില്ലിൽ ഉദ്ദേശിച്ചിരിക്കുന്നതായ കായ്ക്കും ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള നിരോധന ഉത്തരവുകളെ റദ്ദുചെയ്യാനാണെന്നുള്ളതാണ്. അതിനെ റദ്ദുചെയ്യുന്നതിനുള്ള പ്രത്യേകകാരണം ചില കടപ്പാടുകൾ കൊണ്ടാണെന്നു ഞാൻ ബിൽ ഫാജരാക്കിയ അവസരത്തിൽ പറയുകയുണ്ടായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുതുക്കിയ റദ്ദുചെയ്യൽ അനുസരിച്ചു പരീക്ഷണാർത്ഥം ഒരു പള്ളിക്കൂടത്തിലോ മ്യൂസിയത്തിലോ പോലും കൊക്ക ചെടി നട്ടു വളർത്തി കൂടെന്നു വിരോധിച്ചിട്ടില്ലയോ.

മി: കയ്യാലം പരമീശ്വരൻ പിള്ള (അഡിഷണൽ ഫസ്റ്റ് സർക്കാർ വക്കീൽ): ഉണ്ടു്. അതല്ലാതെ നിവൃത്തിയില്ല. എന്തു കൊണ്ടെന്നാൽ എവിടെയെങ്കിലും അനുവദിക്കുന്നതായാൽ ആ മരുന്നു വ്യാപാരത്തെ ഞായമായ വിധത്തിൽ തടയുന്നതിനു നിവൃത്തിയില്ലാതെ വരുന്നതാണു്,

മി: ജി. രാമൻമേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): മിസ്റ്റർ പരമീശ്വരൻപിള്ളയുടെ വാദങ്ങൾ ശരിയാണെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം തന്നെ നമ്മുടെ കടമ രാജ്യസംസ്ഥാപിതമായ ഖരാകരം നിർവഹിക്കുക എന്നുള്ളതാണെന്നു പറഞ്ഞു കഴിഞ്ഞു. ഗഞ്ചാവും കൊക്കയും മരുന്നായിട്ടു ഉപയോഗിക്കുന്നതിൽ നിന്നും രാജ്യപരസ്പരമായ ഖരാകരം വിരോധിക്കുന്നില്ല. ഞാൻ മുൻപു പറഞ്ഞതു പോലെ ഇവയുടെ കൃഷിയെ വിരോധിക്കുന്നപക്ഷം അതിന്റെ ഫലം അന്യരാജ്യങ്ങളിൽ നിന്നും അവയുടെ ഇറക്കുമതിയെ ഉത്സാഹിപ്പിക്കുന്നതായിട്ടു വരുന്നതാണ്. അതിയായി നിയന്ത്രിച്ചു കൃഷി ചെയ്യാൻ തരമില്ലെന്ന വരികിൽ ലൈസൻസ് കൊടുക്കുന്നതിനാൽ മതി ചട്ടം മാറ്റുന്നതുകൊണ്ടു പ്രയോജനമില്ല. തന്നതുപോലെ കൃഷി ചെയ്യുന്നതു വരെയോ, ലൈസൻസ് കൊടുക്കാമെന്നു തോന്നുന്നതു വരെയോ ചട്ടം ഇതേ മാതിരി തന്നെ ഇരുന്നാൽ മതിയാകും.

അവയെ റഫറൻസിനായി. ചട്ടങ്ങളെ സർക്കാരിനു പിൻവലിക്കാം. എന്നാൽ റഫറൻസ് അപ്രകാരം ചെയ്തതായിട്ടില്ല. 'കൊക്ക്' എന്ന വാക്ക് കൂട്ടി ചേർത്തു റഫറൻസ് അതേ മാതിരി ഇട്ടിരുന്നാൽ മതി. തൽക്കാലം ചട്ടങ്ങൾ ഇപ്പോഴത്തെ പോലെ ഇരുന്നാൽ മതിയാകും. അതു കൊണ്ടു ഭേദഗതി അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹോഡ് സർക്കാർ പക്ഷം): പൊതു അധികാരികൾ നിരോധനം പ്രധാനചട്ടമായി സ്വീകരിക്കുന്നതിൽ അനുകൂലിക്കാനാകാശമുള്ളതു കൊണ്ടു എനിക്കു ഇതിനെപ്പറ്റി കൂടുതലായി ഒന്നും പറയാനില്ല. ഗവണ്മെന്റു തന്നെ കൃഷി ചെയ്യുകയാണെന്നു ചിലർ പക്ഷിച്ചിരിക്കുന്നതായി ഞാൻ മുൻപേ തന്നെ പറഞ്ഞു കഴിഞ്ഞു.

ഭേദഗതി വോട്ടിനിട്ടു തള്ളപ്പെട്ടു.

മി: ജി.രാമൻമേനോൻ (മാവേലിക്കര കാത്തിക്കപ്പള്ളി): ഞാൻ പോരം എടുക്കണമെന്നു അപേക്ഷിക്കുന്നു. താഴെ കാണിച്ചിരിക്കുന്നതു പോലെ പോരം എടുത്തു.

അനുകൂലികൾ ൫.

ക.	മിസ്റ്റർ.	കെ. ഐ. ജോസഫ്	ങ.	,,	ജി. രാമൻ മേനോൻ
ച.	,,	എൻ. കെ. കൃഷ്ണപിള്ള	ഞ.	,,	ആർ. രാമൻ പിള്ള
ട.	,,	ജി. നാരായണപിള്ള	ണ.	,,	കെ. കെ. തോമസ്
ത.	,,	ചി. കെ. നാരായണപിള്ള	പ.	,,	സി എൻ. ഇട്ടൻ നംപൂതി

പ്രതിക്ഷികൾ ൨൨.

ക.	മിസ്റ്റർ.	ആർ. ധനശേഖരപിള്ള	കന.	മിസ്സസ്.	എം. ചന്നൻ ലൂക്കോസ്
ച.	,,	പി. ഗോമതിനായകം പിള്ള	കര.	മിസ്റ്റർ.	കെ. എൻ രാമസുബ്ബയ്യർ
ട.	,,	പി. എൻ. കൃഷ്ണപിള്ള	കഉ.	,,	ടി. പി രാമസുബ്ബയ്യർ
ത.	ഡാക്ടർ.	എൻ. കേശവൻപിള്ള	കന.	റവ.	ബഹർ. കെ. വി. രംഗസ്വാമി അയ്യങ്കാർ
ദ.	മിസ്റ്റർ.	എൽ. എ. ലാംപാർഡ്			
ന.	,,	എിസ്റ്റ്. ജി. ലോപ്പസ്സ്	കഉ.	മിസ്റ്റർ.	എസ്. സി. എച്ച്. റാബിൻസൺ
പ	,,	ടി. കെ. മാധവൻനായർ	കവ.	,,	പി. സുബയ്യർ
വ.	,,	കെ. സി. മാമ്മൻ മാപ്പിള	കൻ.	,,	എസ്. സുബ്രഹ്മണ്യകരുമാളർ
ൻ.	,,	ആർ. പത്മനാഭൻ	൨൧.	,,	എം. സുബ്രഹ്മണ്യപിള്ള
കാ.	,,	കയ്യാലം പരമേശ്വരൻപിള്ള	൨കാ.	,,	സി. പി. തരുൻ
കക.	,,	എസ്. പരമേശ്വരയ്യർ	൨൨.	,,	ഒ. വൈപ്പൻ
കഛ.	,,	ഡബ്ലിയു. എച്ച്. പിറ			

നിഷ്പക്ഷപാതികൾ കക.

കു.	മിസ്റ്റർ.	പാർഡാനിയൽ	ഉ.	,,	എം. എൻ. പിള്ള
ഛ	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	ഖ.	,,	എസ്. പിറവ പ്പെരുമാൾപിള്ള
ന.	,,	സി. വി. കുഞ്ഞുരാമൻ	ൻ.	,,	കെ. ശിവരാമപ്പണിക്കർ
ജ.	,,	ജി. കുമാരപിള്ള	കാ.	,,	എം. ശിവതാണുപിള്ള
ഠ.	,,	കെ. മാധവൻപിള്ള	കക.	,,	കല്ലൂർ നാരായണപിള്ള
ന.	,,	കെ. പി. ജീവകണ്ണപ്പിള്ള			

വകുപ്പുകൾ കുതൽ നൂതനം.

അദ്ധ്യക്ഷൻ: കുതൽ നൂതനം വകുപ്പുകൾ ബില്ലിൽ ഉൾപ്പെടുത്തുകയെന്നു.

ഇതു വോട്ടിനിട്ടു പാസാക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

൭-ാമതായ വകുപ്പ്.

മി: ജി. രാമൻമേനവൻ (മാവേലിക്കര കാത്തിക്കപ്പള്ളി): താഴെ പറയുന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ഭേദഗതി ചെയ്യപ്പെട്ട വകുപ്പ് താഴെ പറയുംപോലെ ആകുന്നു.

"(൨) നമ്മുടെ ഗവണ്മെന്റു ഗസറ്റിൽ പരസ്യം ചെയ്തു മദ്യമോ ലഹരിപദാർത്ഥങ്ങളോ ഇറക്കുമതി ചെയ്യുകയോ, കയറ്റുമതി ചെയ്യുകയോ കൊണ്ടു പോകുകയോ ഉണ്ടാക്കുകയോ വച്ചുകൊണ്ടിരിക്കുകയോ വിൽക്കുകയോ, കൊണ്ടുവന്ന കൊടുക്കുകയോ (അന്നതിന്റെ ആവശ്യങ്ങൾക്കോ അങ്ങനെ അല്ലാതേതെയോ) ചെയ്യുന്നതുസംബന്ധിച്ചു ഗവണ്മെന്റു ഏതെങ്കിലും ചട്ടമോ വ്യവസ്ഥയോ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അപ്രകാരമല്ലാതെ പാടില്ലെന്നു തടയുന്നതു അതുപോലെ തന്നെ ആ തടസ്സത്തെ റദ്ദ് ചെയ്യുന്നതും യിയമാനുസൃതമായിരിക്കും."

മദ്യങ്ങളോ, ലഹരി സാധനങ്ങളോ ഇറക്കുമതി ചെയ്യുക, കയറ്റുമതിചെയ്യുക, വിൽക്കുക, ഉണ്ടാക്കുക, വച്ചുകൊണ്ടിരിക്കുക മുതലായവ ചെയ്യുകയോ എന്നു വിരോധിക്കേണ്ടതായ ആവശ്യങ്ങൾ ചിലപ്പോൾ നേരിട്ടേക്കാം. വിരോധിക്കേണ്ടതായിട്ടുള്ള ആവശ്യം അവസാനിച്ചു എന്നും വന്നേക്കാം. അപ്പോൾ നിരോധനം ഉത്തരവിനെ റദ്ദ് ചെയ്യേണ്ട അധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കേണ്ടതാണ്. രണ്ടാമതുള്ള ഉപവകുപ്പിൻപ്രകാരം മദ്യനായി ഉപയോഗിക്കുന്നതിലേക്കു പോലും മദ്യങ്ങളേയും, ലഹരിപദാർത്ഥങ്ങളും കയറ്റുമതി, ഇറക്കുമതി മുതലായവ ചെയ്യുന്നതിനെ തടയുന്നതിനുള്ള അധികാരം ഗവണ്മെന്റിനുള്ളതു കൊണ്ടു ഈ ഭേദഗതി അത്യാവശ്യമാണ്. ഈ വകുപ്പുസംഗതികളെ തടയുന്നതിനുള്ള അധികാരം ഗവർമെന്റു വച്ചു കൊണ്ടിരിക്കുന്നിടത്തോളം കാലം, നിരോധിക്കേണ്ട ആവശ്യമില്ലെന്നു വരുമ്പോൾ ആ നിരോധനം റദ്ദ് ചെയ്യുന്നതിനും ഗവണ്മെന്റിന് അധികാരം ഉണ്ടായിരിക്കണം. ഇപ്രകാരമുള്ള കൂട്ടിച്ചേർക്കൽ അധികാരങ്ങൾ ഗവണ്മെന്റു വേണ്ടെന്നു പറയുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: കയ്യാലയ്ക്കൽ പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ്സക്കാർ വക്കീൽ): ജനറൽ പർപ്പസ് റൂളേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു ഈ ഭേദഗതി ആവശ്യമില്ലെങ്കിലും മിസ്റ്റർ രാമൻ മേനോവന്റെ ഉപപ്പിക്ഷേപം ഭേദഗതിയെ അംഗീകരിച്ചു കൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ ഭേദഗതിയെ അംഗീകരിച്ചതായി ഞാൻ വിചാരിക്കുന്നു. ഭേദഗതി സ്വീകരിച്ചു.

മി: ജി. രാമൻ മേനോവൻ (മാവേലിക്കര കാഞ്ഞിക്കപ്പുഴി) (ഡി) എന്ന ഉപവകുപ്പിനു താഴെ പറയുന്നഭേദഗതി ഹാജരാക്കി കൊള്ളുന്നു.

"നാം ഉപവകുപ്പിൽ നാലാം വരിയിൽ "ക്ലിപ്തപ്പെടുത്തിയ" എന്നുള്ളതിൽ പിന്നിട്ട "മനുഷ്യൻ ഒരു കല്ലുകിൽ" എന്നുള്ള വാക്കുകളെ എടുത്തുകളയുക."

നാം ഉപവകുപ്പ് ഇപ്രകാരമാകുന്നു:—

"എല്ലാസ്ഥലത്തും നമ്മുടെ ഗവണ്മെന്റിനു ഗവണ്മെന്റു ശസ്ത്രങ്ങൾ പരസ്യം ചെയ്യുന്നതനുസരിച്ചു ഗവണ്മെന്റു നിശ്ചയിക്കുന്നതായ വ്യവസ്ഥകളും പ്രകാരം പ്രത്യേകസാധനങ്ങളും, പ്രത്യേകമാതിരി സാധനങ്ങളും, പ്രത്യേകം ആളുകളിൽനിന്നായും, ആളുകളുടെയും, ഈ റൂളുകൾപ്രകാരം ലൈസൻസുകൊടുക്കപ്പെടുകയും ചെയ്യുന്നവരുടെ വ്യാപ്തിയിൽനിന്നും അനുസരിച്ചുണ്ടാക്കാവുന്ന ചട്ടങ്ങളിലും നിരോധന ഉത്തരവുകളിൽനിന്നു ഒഴിച്ചുകൊണ്ടും ആളുപോലെയുള്ളതന്നെ ഒഴിവാക്കുന്ന ഉത്തരവിനെ റദ്ദുചെയ്യാവുന്നതും ആകുന്നു."

ഈ ഭേദഗതിയുടെ ഉദ്ദേശം ഗവണ്മെന്റോ ഉദ്യോഗസ്ഥന്മാരോ ചിലരോടു പ്രത്യേകരീതിയിലാവുന്നതിനു കടമയുണ്ടായിരിക്കുന്നതിലേക്കാണ്. ബില്ലിനടിസ്ഥാനമായ തത്വത്തെപ്പറ്റി സംസാരിച്ചപ്പോൾ ഞാനായി ഉപയോഗിക്കുന്നതിനു മദ്യങ്ങളും, ലഹരിപദാർത്ഥങ്ങളും സ്വാതന്ത്ര്യമായി വരുത്തുക, അവക്കു, വിലക്കുറവുണ്ടാക്കുകയും അനാവശ്യമായി തടഞ്ഞു കിടക്കയെന്നു ഞാൻ വിശദപ്പെടുത്തിക്കഴിഞ്ഞു. അപ്രകാരമുള്ള സംഗതികളിലേയ്ക്കു തക്കതായ നിയന്ത്രണം ആവശ്യമുള്ളിടത്തും അതു എന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം അതിനെ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ഇപ്പോൾ ഗവണ്മെന്റു പ്രത്യേകസാധനങ്ങളും പ്രത്യേകമാതിരി സാധനങ്ങളും പ്രത്യേകം ആളുകളോടായോ ആളുകളുടെയോ ഒഴിവാക്കുന്നതിനുള്ള അധികാരം അംഗീകരിക്കുകയും കഴിഞ്ഞു. "പ്രത്യേകമാളുകളിൽനിന്ന്" എന്നുള്ളതു പാടില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതു ഉൾപ്പെടുത്തണമെന്നു അഭിപ്രായമില്ല. പ്രത്യേകസാധനങ്ങളുടെയും പ്രത്യേകമാതിരി സാധനങ്ങളുടെയും ഒഴിവാക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനു കൊടുക്കേണ്ടതാണ്. ഇതിനെപ്പറ്റി രണ്ടഭിപ്രായമുണ്ടായിട്ടുള്ളതായി കാണുന്നില്ല. ഇപ്പോൾ തന്നെ അബ്കാരി റൂളേഷൻസിലും, ചട്ടങ്ങളുടെയും പ്രവർത്തനത്തിൽ ചില ദിക്കുകളിൽക്കൂടി വിഷമം വരുത്തുന്നതായിട്ടും, മറ്റു ചിലർക്കു വിശേഷതയില്ലാതെയുമായിട്ടാണ് കാണുന്നത്. കുടിയേക്കുള്ള മേൽ ഷാപ്പു ലൈസൻസുള്ള ഡാക്ടറായ എന്റെ ഒരു സ്നേഹിതൻ ഫോമയച്ചുതന്നു മദ്യത്തിനും ഉണ്ടാക്കുന്നതിനു കൂടെ ലൈസൻസുണ്ടായിരുന്നു വരുത്തുന്നതിനു ശ്രമിച്ചു. അദ്ദേഹത്തിനെ അതിനു അനുവദിച്ചില്ല. അദ്ദേഹത്തിനു കൊടുക്കുന്നതിനു കഴിഞ്ഞില്ല. പക്ഷേ മറ്റുള്ള ഡാക്ടർമാർക്കു അപ്രകാരം ചെയ്യുന്നതിനു അനുവാദം കൊടുക്കുമായിരിക്കും. എല്ലാ ജില്ലാഗവണ്മെന്റുകളും അപ്രകാരം ചെയ്യുന്നതിൽ നിന്നും തടയുന്നതായാൽ അതും ആക്ഷേപാർഹമായിരിക്കും. ഗവണ്മെന്റിനു തിരുമനസ്സിലാകുന്ന ഘടകങ്ങൾ അനുസരിച്ചു വരുത്തുന്നതിനു സ്വാതന്ത്ര്യം കൊടുക്കേണ്ടതാണ്. ഉദ്യോഗസ്ഥന്മാർക്കു കുറഞ്ഞിട അധികാരം കൊടുത്തിട്ടുപോലും വളരെ വിഷമതകൾക്കു നേരിടുന്നു എന്നു കാണിക്കുന്നതിനാണ് ഞാൻ ഈ ഉദാഹരണം പറഞ്ഞത്. ചിലർക്കു പ്രത്യേകസഹായം ഉണ്ടായി എന്നും മറ്റുചിലർക്കു ആ സഹായം കിട്ടിയിട്ടില്ലെന്നു വരാനിടയുണ്ട്. അപ്രകാരമുള്ള പ്രത്യേകരീതിയും ഇല്ലായ്മ ചെയ്യുന്നതിനാണ് (പ്രത്യേകം ആളുകളിൽനിന്ന്) ആ വാക്കുകളും എടുത്തുകളയണമെന്നു ഞാൻ അഭിപ്രായപ്പെട്ടത്. ഈ വകുപ്പിന്റെ ബാക്കിയുള്ള ഭാഗം അനുസരിച്ചു ഗവണ്മെന്റിനു അധികാരം സിദ്ധിക്കുന്നതിൽ തരക്കേടില്ല. ഇതും പറഞ്ഞുകൊണ്ടു ഞാൻ ഭേദഗതി ഹാജരാക്കി കൊള്ളുന്നു.

അദ്ധ്യക്ഷൻ: നിങ്ങളുടെ ഭേദഗതി ആദ്യം അനുക്രമിച്ചു കാണുന്നില്ല.

ഭേദഗതി തള്ളപ്പെട്ടു.

അദ്ധ്യക്ഷൻ: അടുത്തഭേദഗതിയും മിസ്റ്റർ രാമൻമേനോന്റെതാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കര കാഞ്ഞിക്കപ്പുഴി): ഞാൻ താഴെ പറയുന്ന ഭേദഗതി ഹാജരാക്കിക്കൊള്ളുന്നു.—

നാമത്തെ ഉപവകുപ്പിൽ രണ്ടാമത്തെ വരിയിൽ "ഓരോ" എന്ന വാക്കിനു പിന്നിട്ടുള്ള "സംഗതി അനുകിൽ" എന്നുള്ള വാക്കുകളെ വിട്ടുകളയണം.

"മദ്യം, കഞ്ചാവു്, ബ്യാംഗ്, കൊക്കെയ്ൻ മുതലായവയും അവയിൽനിന്നും ഉണ്ടാക്കുന്നതായ മരുന്നുകളുടെയും ഭിക്ഷാചരന്മാർ വശംകൊണ്ടിരിക്കുന്നതിനെ പ്രത്യേകവ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്നതെ നമ്മുടെ ഗവണ്മെന്റിനു അധികാരമുള്ളതാകുന്നു."

ആ ഉപവകുപ്പിന്റെ ഇപ്പോഴത്തെ നിലയിൽ അതിനെ പ്രത്യേകം ആളുകളെ സഹായിക്കുന്നതിനും, ഒരു ഉപയോഗിച്ചുകൂടാത്തതെന്നു ഞാൻ വിചാരിക്കുന്നു. ഉദാഹരണമായിട്ടു ഗവണ്മെന്റു ചട്ടമനുസരിച്ചു അവശ ആളുകൾ തരവും നോക്കി പ്രവർത്തിക്കുന്നതിനു അനുവദിക്കുന്ന പക്ഷം ഒരു ഭിക്ഷാചരണ പ്രതിബന്ധമായി നിന്നു പോകുന്നു. ആ അനാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഭിക്ഷാചരന്മാർ, മദ്യം, ഗഞ്ചാ, ബ്യാംഗ് കൊക്കെ മുതലായവയെ വശംകൊണ്ടിരിക്കുന്നതിനെ നിയന്ത്രിക്കേണ്ടതാണ്. അതു ഏതു ഇനത്തിലുള്ള എല്ലാവർക്കും ഒരുപോലെ ആയിരിക്കണം. ഇതെയും പറഞ്ഞുകൊണ്ടു ഞാൻ എന്റെ ഭേദഗതിയെ ഹാജരാക്കികൊള്ളുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: കയ്യാലയ്ക്കൽ പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ് സക്കാർ വക്കീൽ): ഞാൻ ഭേദഗതിയെ എതിർക്കുന്നു. ചേർക്കണമെന്നുദ്ദേശിക്കുന്ന നാം ഉപവകുപ്പിൽനിന്ന് സാധാരണ എല്ലാ കച്ചവടക്കാരും വശംകൊണ്ടിരിക്കുന്നതായ ചില മരുന്നുകളെയും, അവയിൽനിന്നും ഉണ്ടാക്കുന്നതായ മരുന്നുകളെയും മാത്രമേ ഒഴിവാക്കുന്നുള്ളൂ

എന്നു കാണാവുന്നതാണ്. എന്നാൽ മേലാൽ ഉണ്ടായേക്കാവുന്നതായ നിരോധന ഉത്തരവുകൾ ഓരോരുത്തർക്കും ഓരോ ഇനത്തിൽ ഉൾപ്പെട്ടവർക്കും പ്രത്യേകമായി ഉണ്ടാക്കേണ്ടതായിട്ടാണ് വരുന്നത്. ഉദാഹരണമായി മരുന്നുകൾ ഉണ്ടാക്കുന്നതിനു എല്ലാ വൈദ്യന്മാർക്കും അല്പം മദ്യംവീതം വകയാക്കേണ്ടിയിരിക്കാവുന്നതാണ്, എന്നാൽ ഒരു വ്യവസായശാലയിൽ മരുന്നുകൾ ഉണ്ടാക്കുന്നതിലേയ്ക്ക് ധാരാളം മദ്യം ആവശ്യമുള്ള പക്ഷം അതിന് പ്രത്യേകം ചട്ടങ്ങൾ ആവശ്യപ്പെടുകയാം. അതിലേക്കായിട്ട മാത്രമാണ് ഈ വകുപ്പ് ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ സംഗതിയിലും പ്രത്യേകചട്ടങ്ങൾ വേണ്ടതാകുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): വ്യക്തമായ ഉദാഹരണം എന്താണ്?

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): ഞാൻ വ്യക്തമായ ഉദാഹരണങ്ങളെപ്പറ്റി പ്രസംഗിക്കയില്ല. മേലാൽ ആവശ്യപ്പെടാവുന്നതായ ചട്ടങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കാനേ തരമുള്ളു എന്നു മാത്രം പറയുകയാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഭേദഗതി പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല.

അദ്ധ്യക്ഷൻ: ഭേദഗതി പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

മോഷൻ പാസാക്കുകയും 9 -ാം വകുപ്പ് ഭേദഗതിപ്രകാരം ബില്ലിനോട് ചേർക്കയും ചെയ്തു.

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്കാർ വക്കീൽ): കൌൺസിലിൽ നിശ്ചയിച്ച പ്രകാരം ബിൽ ഇനി ഒരവസരത്തിൽ എടുത്തു പാസാക്കിക്കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: ടി. കെ. മാധവൻ നായർ (ഗവർണ്മെൻറ് ആക്ടിംഗ് സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

അദ്ധ്യക്ഷൻ: സഭ ആ ഉപക്ഷേപം സ്വീകരിച്ചതായി ഞാൻ വിചാരിക്കുന്നു. ഉപക്ഷേപം അനുവദിച്ചു.

പ്രൊബേഷനർ അഡ്മിനിസ്ട്രേഷനും ബിൽ

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): സർ, സെലക്ട് കമ്മറ്റിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള "പ്രൊബേഷനർ ആൻഡ് അഡ്മിനിസ്ട്രേഷൻ ബിൽ" ഞാൻ ഹാജരാക്കുകയും അതിനെ ആലോചനയ്ക്കായി എടുക്കണമെന്ന അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

അദ്ധ്യക്ഷൻ: സഭ ബിൽ ആലോചനയ്ക്ക് എടുക്കുന്നതിന് അനുവദിക്കുന്നതായി ഞാൻ വിചാരിച്ചുകൊള്ളട്ടേയൊ?

ഉപക്ഷേപം അനുവദിച്ചു.

വകുപ്പ് 2.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "ആ തീയതിക്കു മുൻപായി മുറപ്രകാരം നടത്തിയിട്ടുള്ള യാതൊരു വസ്തു കൈമാറ്റങ്ങളും ഇതിലുള്ള യാതൊരു വകുപ്പുകളിലും ഉൾപ്പെടുത്തുവാനുതായി വിചാരിക്കാൻ പാടുള്ളതല്ല," എന്നുള്ള ബില്ലിന്റെ 2-ാം വകുപ്പൊഴിക്കുക്കി "അല്ലെങ്കിൽ ഈ റഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപായി ആക്കുകയും അവകാശപ്രകാരം സിദ്ധിച്ചിട്ടുള്ള വസ്തുക്കളെ ഒഴിപ്പിക്കുന്ന അധികാരത്തിലുൾപ്പെടുത്തുകയും ചെയ്യുന്നതല്ല." എന്നുള്ളതിൽ പേർക്കണമെന്നാണ് എന്റെ ആദ്യത്തെ ഭേദഗതി.

തിരുവിൽ ഇരിക്കുന്ന ആ വകുപ്പിനെ സംബന്ധിച്ചിടത്തോളം യാതൊരു വൈഷമ്യവും നേരിടുന്നതായിട്ടില്ല. റഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപിൽ സിദ്ധിച്ചിട്ടുള്ള വസ്തുക്കളെ സംബന്ധിച്ച് വിഷമത നേരിടാൻ എളുപ്പമുണ്ട്. അതു ഒരു വിഷമതയാകുന്നു. എന്റെ സ്നേഹിതൻ മി: പരമേശ്വരൻപിള്ളതന്നെ പറഞ്ഞതുപോലെ റഗുലേഷൻ നടപ്പിൽവരുന്നതിനുശേഷം ഭരണാധികാരം കോടതിയിൽ നിന്നും നഷ്ടപ്പെടുന്നതിന് മുൻപായിട്ട ചില വസ്തു കൈമാറ്റം ചെയ്യുകയാവുന്നതും, ചില വസ്തുക്കളിൽ ചിലർക്ക് അവകാശം സിദ്ധിച്ചേക്കാവുന്നതും ആകുന്നു. അപ്രകാരമുള്ള കാര്യങ്ങളിൽ ന്യായനിർവ്വഹണം ഏതു പ്രകാരം വേണമെന്നുള്ള സംഗതി ഭേദഗതി സമർപ്പിക്കുന്ന ഘട്ടത്തിൽ എതിർക്ക് ഓർമ്മയുണ്ടായില്ല. ഏതായാലും എന്റെ ഒന്നാമത്തെ ഭേദഗതിയുടെ ചുരുക്കം ഇപ്രകാരമാണ്. നാം ഇപ്പോൾ മരണശാസനത്തെയും അതിനെ തുടർന്നുള്ള ഭരണാധികാരത്തെയും പറ്റി ഒരു ചട്ടം ഏർപ്പെടുത്തുന്നതിനു തുടങ്ങുകയാണ്. അതിലെ വകുപ്പുകൾ റഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപ് മരിക്കുന്ന ആളിന്റെ സ്വത്തുക്കളെയും ബാധിക്കുന്നതാണെന്നു പറയുന്നത് ഒരു അക്രമമായ നിർദ്ദേശമായിരിക്കും. മറ്റു വിധത്തിൽ പറയുകയാണെങ്കിൽ പ്രസ്തുത ചട്ടത്തിനു നടപ്പിൽ വരുന്ന തീയതിയ്ക്കു മുൻപിൽ നടന്നേക്കാവുന്നതായ കൈമാറ്റങ്ങളെക്കുറിച്ച് ബന്ധിക്കത്തക്കതായ വ്യാപ്തി അനുവദിക്കാവുന്നതാണോ അല്ലയോ എന്നുള്ള വിഷയത്തെപ്പറ്റി ആലോചിക്കണമെന്നാണ് ഞാൻ സഭയോട് അഭ്യർത്ഥിക്കുന്നത്. എന്റെ താൽപര്യമായ അഭിപ്രായം എടുത്തനുവദിച്ചാൽ ഈ ചട്ടത്തിനു പ്രാകാരം ഒരു വ്യാപ്തി അനുവദിക്കേണ്ടതാവശ്യമില്ല എന്നാകുന്നു. അതാണ് നിയമനിർമ്മാണകാര്യങ്ങളെ സംബന്ധിച്ച ഒരു സാധാരണചട്ടം. മരണശാസനത്തെയും അതിനെ തുടർന്നുള്ള ഭരണത്തെയും സംബന്ധിച്ചുള്ള ആക്ട് ബ്രിട്ടീഷ് ഇന്ത്യയിൽ നടപ്പിൽവന്നതിനു ശേഷം മരണശാസന ഭരണനിർവ്വാഹകന്റെ അധികാരങ്ങളെപ്പറ്റി പൊതുവെ ചില അഭിപ്രായങ്ങൾ— ഗ്രോസ് വാറിപ്പോർട്ടുപുസ്തകം നമ്പ്-വശം 61 ഉം ഗ്രോസ് ഫൈക്കോർട്ടിലെ ജഡ്ജ്മെൻറിൽ ബഹുമാനപ്പെട്ട ന്യായാധിപന്മാരായ സുന്ദരയ്യരും സദാശിവയ്യരും പ്രസ്താവിച്ചിട്ടുള്ളതിനെ ഞാൻ വായിച്ചതായിട്ട ഓർക്കുന്നു. അതിൽ പ്രസ്തുത വിഷയത്തെപ്പറ്റി പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആക്ട് നടപ്പിൽവരുന്നതിനുമുൻപു മരിച്ച ഒരാളിന്റെ മരണശാസന ഭരണനിർവ്വാഹകനുള്ള അധികാരങ്ങളും പിന്നീടുണ്ടായതായ ആക്ടിൽ നിർദ്ദേശിച്ചിട്ടുണ്ട് എന്നു പറയുന്നതിനെ വിശ്വസിക്കാൻ നിവൃത്തിയില്ലാ എന്നു അവർ പറയുന്നു. ആ കേസിൽ വേറെ നിർദ്ദേശിപ്പാൻ ആവശ്യമില്ലാത്ത ഒരു വാദമുഖത്തെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഈ അഭിപ്രായങ്ങൾ ഈ അവസരത്തിൽ അനുയോജ്യമായിതന്നെ ഇരിക്കുന്നു.

അതുകൊണ്ട് ഒന്നാമതായി ഞാൻ ബോധിപ്പിച്ചുകൊള്ളുന്നത് ഇതാണ്. ഈ റഗുലേഷൻ നടപ്പിൽവരുന്നതിനുമുൻപു ചെയ്തിട്ടുള്ള യാതൊരു വസ്തുകൈമാറ്റങ്ങളേയും ഈ റഗുലേഷൻ ബാധിക്കുന്നതല്ല. എന്നുള്ള വകുപ്പു ശരിയാണെന്നു. എന്നാൽ ഈ റഗുലേഷൻ നടപ്പിൽവരുന്നതിനു മുൻപിൽ വസ്തുക്കളിന്മേൽ സിദ്ധിച്ചുകഴിഞ്ഞതായ അവകാശങ്ങളെപ്പറ്റിഎന്തുപറയുന്നു? വസ്തുക്കളിന്മേൽ ആർക്കെങ്കിലും അവകാശം ഉണ്ടായിരിക്കണം. അതുകൂടാതെ മരിക്കുന്നതോട്കൂടി അവരുടെ സ്വത്തുക്കളിന്മേലുള്ള പിൻതുടർച്ചാവകാശം നിറുത്തിവയ്ക്കുന്നതല്ല. ഉടമസ്ഥന്റെ മരണശേഷം നിയമാവകാശിക്കു, മസ്യത്തവകാശിക്കു വസ്തുക്കളിന്മേലുള്ള അവകാശം ഗുണപ്രകാരം സിദ്ധിക്കുന്നു. പിന്നീടുണ്ടാകിയ ചട്ടപ്രകാരം ഒരു മരണശാസനരേഖനിഷ്ഫലമാകുന്നു, കോടതിയിൽനിന്നും നിയമിതനായ രേഖകർത്താവിനാൽ ചട്ടത്തിനുമുൻപിൽ സിദ്ധിച്ച അവകാശങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള അധികാരം കോടതിക്കുണ്ടെന്നാണ് ഉദ്ദേശിക്കുന്നത്. ആ നിർദ്ദേശം പെട്ടെന്നു സ്വീകരിക്കത്തക്ക ഒന്നല്ല. അതുകൊണ്ടു റഗുലേഷൻ നടപ്പാകുന്നതിനുമുൻപുതന്നെയുള്ള കൈമാറ്റങ്ങളെ ഭേദപ്പെടുത്തിക്കൂടാ എന്നതിനോടുകൂടി പ്രത്യേകം അതുകളിൽ സ്ഥാപിതമായിട്ടുള്ള അവകാശങ്ങളേയും ഭേദപ്പെടുത്തിക്കൂടാ എന്നുള്ളതിൽ ഒരു വകുപ്പു ചേർക്കണമെന്നാണ് ഞാൻ പറയുന്നത്. ഞാൻ ഇപ്പോൾ ഫാമാക്കുന്നതായ ഭേദഗതിയുടെ ചുരുക്കമിതാണ്. ഞാൻ മുൻപു പറഞ്ഞതുപോലെ എന്റെ സ്നേഹിതൻ പറയുന്നവരെ എനിക്കു തോന്നാത്തതായ വേറെ ഒരു കാര്യംകൂടി ഉണ്ട്. ഞാൻ ഈ വിഷയത്തെപ്പറ്റി പ്രതിപാദിച്ചതിനെ അടിസ്ഥാനപ്പെടുത്തി ഈ കാര്യം ആകമാനം പുനരാലോചനയ്ക്കു എടുക്കുമെങ്കിൽ ആ കാര്യത്തെപ്പറ്റിയുള്ള ആലോചന വേണ്ടാവസരത്തിലേക്കു നീട്ടിവയ്ക്കുന്നതിനു എനിക്കു സമ്മതമാണെന്നു. അല്ലാത്തപക്ഷം അതിനെ ഇപ്പോൾതന്നെ ഫാമാക്കണമെന്നുള്ളതിലേക്കു നിർദ്ദേശിച്ചിരിക്കുന്നു.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ്സക്രട്ടറിമാർ): റഗുലേഷൻ നടപ്പിൽവരുന്നതിനുമുൻപിൽ മരിച്ചു ആളുകളുടെ സ്വത്തിനെ ഈ നിയമം ബാധിക്കുന്നതല്ലെന്നാണ് ഭേദഗതിയുടെ ചുരുക്കം എന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. നടപ്പിൽവരാൻപോകുന്നതായ നിയമപ്രകാരം അവകാശം വിട്ടൊഴിഞ്ഞ് ഉരണാധികാരപത്രം കോടതിയിൽനിന്നും കൊടുത്തതിനുശേഷം മാത്രമെ സാധിക്കുന്നുള്ളു. മരണശാസനം സ്ഥാപിക്കുന്നതിനുമുൻപു അവകാശം വിട്ടൊഴിഞ്ഞ് ഉണ്ടായിരിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ മരണശാസന പത്രിക സ്ഥാപനം മരണശാസനത്തിൽ നിക്ഷിപ്തമിട്ടുള്ള ഒരു ഭരണക്കാരനു മാത്രമെ കൊടുക്കുവാൻ പാടുള്ളു. മരണശാസനകർത്താവിന്റെ മരണാനന്തരം അവകാശം മരണശാസനത്തിൽ സ്ഥാപിതമാകുന്നു. മരണശാസനകർത്താവിന്റെ മരണശേഷം അതുപോലെ കൊല്ലംകഴിഞ്ഞു മരണശാസനസ്ഥാപനം അനുവദിച്ചുൾപോലും അവകാശം അതോടുകൂടി രേണക്കാരനിൽ ഇരിക്കുന്നതും, അവകാശം വിട്ടൊഴിഞ്ഞതിന്റെ ആവശ്യം ഇല്ലാത്തതും ആകുന്നു. ഭരണാധികാരപത്രം കോടതി അനുവദിക്കുമ്പോൾമാത്രമേ അവകാശം വിട്ടൊഴിഞ്ഞതിന്റെ ആവശ്യം നേരിടുന്നുള്ളു. ഒരാൾ മരിച്ചാൽ ഭരണാധികാരപത്രം അനുവദിക്കുന്നതിനുമുൻപുതന്നെ അയാളുടെ സമ്പാദ്യം അയാളുടെ നിയമാവകാശികൾക്കു അവകാശപ്പെട്ടതാകുന്നു. ഇംഗ്ലണ്ടിലെപോലെ മറ്റു ചില സ്ഥലങ്ങളിൽ ഭരണാധികാരപത്രത്തിന് അപേക്ഷിക്കേണ്ട ആവശ്യംതന്നെ ഇല്ല. ഈ ബില്ലിന്റെ പ്രകാരംതന്നെ കക്ഷികൾക്കു ഭരണാധികാരപത്രത്തിനപേക്ഷിക്കണ്ടോ വേണ്ടയോ എന്നു നിശ്ചയിക്കാം. ആ ഭരണാധികാരപത്രം നൽകുന്ന നിയമത്തിന്റെ സാധാരണ സ്വഭാവികമായുള്ള നയമാണ്. ഭേദഗതിമൂലം ഒഴിവാക്കണമെന്നുദ്ദേശിക്കുന്നതായ റഗുലേഷനുമുൻപു മരിക്കുന്നവരുടെ സ്വത്തുക്കളെ മാത്രം ബാധിക്കുന്നതായ ഒരു കാര്യമല്ല. എന്നാൽ അവകാശം ഒഴിക്കുക എന്നതിന്റെ അർത്ഥം ഒരാളുടെ അവകാശത്തെ വിട്ടൊഴിഞ്ഞു മറെറാരാൾക്കു കൊടുക്കുക എന്ന വിവാദസംഗതിയിൽ അർത്ഥമില്ല. രേണക്കാരൻ അവകാശം വിട്ടൊഴിയുന്നതു തന്റെ സ്വന്ത അനുഭവത്തിലേക്കായിട്ടല്ല. എന്നാൽ അപ്രകാരം ചെയ്യുന്നതു എല്ലാ അവകാശികളുടെ അനുഭവത്തിലേക്കായിട്ടാണ്. രേണക്കാരൻ ഒരു ട്രസ്റ്റി മാത്രമാകുന്നു. അയാൾ വസ്തുക്കൾ തന്റെ സ്വന്തമാക്കി എടുക്കുന്നില്ല. അയാൾ സകല അവകാശികളുടെയും ഉപയോഗത്തിലേക്കായി നിൽക്കുന്നതിലേയ്ക്കായിട്ടാണ് എടുക്കുന്നതു. അപ്രകാരമുള്ള ഭരണം ഹേതുവായിട്ട ഒരാൾക്കവകാശപ്പെട്ട സ്വത്തുക്കളിന്മേലുള്ള അവകാശത്തെ വിട്ടൊഴിയുന്നു എങ്കിൽ അതുകൊണ്ടു യാതൊരുകാരണംകൊണ്ടും കക്ഷിനഷ്ടങ്ങൾക്കിടയാകുമോ എന്നാണ് സഭ ആലോചിക്കേണ്ടതായിട്ടുള്ളതു. എന്നാൽ ഒരാൾ റഗുലേഷൻ നടപ്പിൽ വരുന്നതിനുമുൻപോ പിൻപോ മരിച്ചുപോകുന്നു ഈ കാര്യത്തിൽ നോക്കേണ്ടതായിട്ടില്ല. അവകാശികളുള്ളതായ സ്വത്തുക്കളിന്മേലുള്ള അവകാശത്തെ വിട്ടൊഴിയുന്നതുകൊണ്ടു എത്രമാത്രം കക്ഷിനഷ്ടങ്ങൾക്കിടയാകുമെന്നുള്ള ഒരു കാര്യത്തെപ്പറ്റി മാത്രമെ ആലോചിക്കേണ്ടതായിട്ടുള്ളു. ഈ നിയമം തിരുവിതാംകൂറിൽ ആദ്യമായി നടപ്പിൽവരുത്താൻ പോകുന്നതും അതിന്റെ പ്രവർത്തനത്തിൽ നിന്നുമുള്ള അനുഭവങ്ങളെക്കുറിച്ചു യാതൊന്നുംതന്നെ പറയുന്നതിനു കാലമായില്ലാത്തതും ആകുന്നു. എന്നാൽ ബില്ലിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളിൽ നിന്നും കക്ഷിനഷ്ടങ്ങൾ രണ്ടുമാതിരിയിൽ ഉണ്ടായേക്കാമെന്നു കാണാവുന്നതാണ്. ഒന്ന് ഭരണാധികാരപത്രം അപേക്ഷിച്ചാൽ മാത്രം കിട്ടുന്നതല്ല. അതുകൊടുക്കുന്നതോ കൊടുക്കാതിരിക്കുന്നതോ കോർട്ടിന്റെ യുക്തമനുസരിച്ചിരിക്കുന്നതും കക്ഷിനഷ്ടങ്ങൾക്കിടയാകുന്നപക്ഷം കോടതി അനുവദിക്കയില്ലാത്തതും ആകുന്നു. ഇവിനെപ്പറ്റി ബ്രിട്ടീഷിൻഡ്യൻ പൈതൃകാടതികളിൽ പ്രത്യേകവിധികൾ ഉണ്ടായിട്ടുണ്ട്. സ്വത്തുക്കളെ ശരിയായവിധത്തിൽ രേക്കണമെന്നല്ലാതെ വേറെ ഒരുദ്ദേശത്തോടുകൂടി രേണാധികാരപത്രത്തിനപേക്ഷിക്കുന്നതായാൽ ആയതു അനുവദനീയമല്ലെന്നുള്ള വിധിയുണ്ട്. പ്രസ്തുതബില്ലിലും അപ്രകാരമുള്ള ഒരു വകുപ്പു ചേർത്തിട്ടുണ്ട്. അതു വ-വകുപ്പാകുന്നു ഞാൻവിചാരിക്കുന്നു. അതിപ്രകാരമാണ്:—

"ഇതിനുമുമ്പിൽ ഇതിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ റഗുലേഷൻഅനുസരിച്ചു രേണാധികാരപത്രത്തിനുള്ള അപേക്ഷകളെ, കാര്യക്കാരണങ്ങളെ വിശദീകരിച്ചുതിനുശേഷം നിരാകരിക്കുന്നതിനു കോടതിക്കധികാരം ഉള്ളതാകുന്നു".

അതുകൊണ്ടു അപ്രകാരമുള്ള സംഗതികളിൽ ഇപ്പോഴും സകലവിധമായ കക്ഷിനഷ്ടങ്ങളേയും പരിഹരിക്കുന്നതിലേക്കായി രേണാധികാരപത്രങ്ങളെ അനുവദിക്കാതിരിക്കുന്നതിനുള്ള അധികാരം കോടതിക്കുണ്ട്. അതുകൂടാതെ അലോചിക്കേണ്ടതായ വേറെ ഒരു കാര്യംഉണ്ട്. അതിൽനിന്നും പക്ഷെ ഉണ്ടായേക്കാമെന്നു. ഉള്ള

ിക്കുന്നതായ കഷ്ടതകൾക്കു പരിഹാരത്തിനു വഴികിട്ടിയേക്കാം. ഭരണാധികാരപരിധ്രം അവകാശക്രമം അനുസരിച്ചിരിക്കണം. അതായതു സ്വന്തക്കാളിന്മേലുള്ള അവകാശം ആക്കസിലിരിക്കണമൊ ആ ക്രമം അനുസരിച്ചിരിക്കണം. അതായതു ആൺമക്കളുണ്ടെങ്കിൽ ഭരണാധികാരപരിധ്രം സാധാരണയായിട്ടു അവക്കു കൊടുക്കണം, മിസ്റ്റർ നാരായണപിള്ള പുറപ്പെടുവിച്ചശുപാർശകൾക്കു അതും ഒരു പരിഹാരമായി വന്നേയ്ക്കാം. ഈ ചട്ടം തിരുവിതാംകൂറിൽ ആദ്യമായി നടപ്പിൽവരാൻ പോകുന്നതായതുകൊണ്ടു മേല്പടി എന്തെല്ലാം ദോഷങ്ങൾ ഉണ്ടായേക്കാമെന്നു മുൻകൂട്ടി പറയുന്നതിനു യാതൊരുത്തർക്കും സാധിക്കയില്ല എന്നു ഞാൻ ഇന്നു പറഞ്ഞേയ്ക്കാം. എങ്ങിനെയിരുന്നാലും ഈ ബിൽ ബ്രിട്ടിഷ് ഇന്ത്യ, കൊച്ചി, മൈസൂർ തുടങ്ങിയ രാജ്യങ്ങളിൽ നടപ്പിലിരിക്കുന്ന ചട്ടങ്ങളെ അനുകരിച്ചു എഴുതിയിട്ടുള്ളതാണു. വിവാഹകമ്പോൾ അവിടെയും ഇതുപോലെ തന്നെയാണ്. ഈ സംബന്ധിച്ചുള്ള ബ്രിട്ടീഷിന്ത്യയിലെ ക്രമവ്യവഹാരത്തിലെ ആക്ടിലെ പ്രസ്തുത ആക്ട് നടപ്പിൽ വരുന്നതിനു മുമ്പു മരിച്ചുവരുടെ സ്വത്തുക്കളേയും ബന്ധിക്കുന്നതാണെന്നു പ്രത്യേകം വിവരിച്ചിട്ടുള്ളതായി എനിക്കറിയാം. "ക്രമവ്യവഹാരത്തിൽ ഒന്നാംഭാഗത്തിൽ അതു നടപ്പിൽ വരുന്നതാകുന്നു" എന്നു ഒന്നാംവകുപ്പിൽപറയുന്നു. ക്രമവ്യവഹാരത്തിൽ ഫാംഗം ഭരണം അന്തരത്തെയോ അഖിനശേഷമോ മരിക്കുന്നതായ എല്ലാ ഹിന്ദുക്കളേയും മഹമ്മദീയരേയും ബുദ്ധമതക്കാരേയും ക്രമനമ്പർ ഇലെ ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ടിൽ നാലാം വകുപ്പിൽപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളവരേയും ഈ നീയമത്തിനു വിധേയപ്പെടുത്തുന്നു. സകലവസ്തുക്കൾ മാറാരുള്ളും ഇതിലെ നിബന്ധനകൾപ്രകാരം ഉൾപ്പെടുത്തേണ്ടതാകുന്നു. ഭർത്താവിനെ അനുഗമിക്കാതെ മുമ്പേ മരിച്ചുപോകുന്ന ഭാര്യമാരുടെ അവകാശങ്ങൾ ഒരു മനുഷ്യൻ മരിച്ചിരുന്നാലും ഇല്ലെങ്കിലും ഭരണാധികാരപരിധ്രത്തിനായിട്ടു നേരിട്ടുകൊടുക്കേണ്ടതാണ്. ഇതിനുകാരണം, അങ്ങിനെയാണെങ്കിൽ ഏതുസമയം ചില സ്വത്തുക്കളെമാത്രം ഈ റഗുലേഷനിൽനിന്നു ഒഴിവാക്കുന്നതായ നന്മയിൽനിന്നു എന്തിനായിട്ടാണ് ഒഴിവാക്കുന്നതു. റഗുലേഷൻ ഇന്നു പാസാക്കുന്നു എന്നും ഇന്നലെ ഒരാൾ കുറെ സ്വത്തുക്കൾ ഇട്ടേച്ചു മരിച്ചിരിക്കുന്നതായിട്ടും വിചാരിക്കുക. ഒരു ഭരണാധികാരപരിധ്രത്തിനു അപേക്ഷിക്കേണ്ടതായിട്ടു വന്നാൽ ആ വസ്തുക്കളെ സംബന്ധിച്ചുമാത്രം അതില്ലാതെയാക്കുന്നതെന്തിനാണ്? ബില്ലിനെ സഭയിൽ അവതരിപ്പിച്ചപ്പോൾ അതിലെ നിബന്ധനകൾ ഗുണപ്രദമായിട്ടുള്ളതാണെന്നു ഞാൻ തെളിയിച്ചിട്ടുണ്ട്. അവ മൈനർമാർക്കും ശേഷിയില്ലാത്തവർക്കും മാരകരോഗികളെ ഗുണപ്രദമായിട്ടുള്ളവയാണ്. ഇന്നു മരിക്കുന്ന ഒരാൾക്കു നന്നാകണമെന്നുവരുകിൽ ഇന്നലെ മരിച്ചയാളിനു എന്തുകൊണ്ടു നന്നായിരിക്കയില്ല. പ്രത്യക്ഷത്തിൽ അപ്രകാരമല്ലാതെയരിക്കുന്നതിനു ഞാൻ ഒരു കാരണവും കാണുന്നില്ല. ഭരണാധികാരിയുടെ കൈവശത്തെ മുല്യംചെയ്യാൻ ഉണ്ടായേക്കാവുന്ന നഷ്ടത്തെപ്പറ്റി വീണ്ടും നന്നായി അന്വേഷിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനപ്പറ്റി നല്ലതുപോലെ ആലോചിച്ചുതിനശേഷം നാമത്തെ വ്യവസ്ഥയായി ബിൽ അവതരിപ്പിക്കുമ്പോൾ ഒരു ഭേദഗതിക്കുടി ഹാജരാക്കിക്കൊള്ളാമെന്നു ഞാൻ സഭയോടു വാഗ്ദാനം ചെയ്തുകൊള്ളുന്നു. ഇന്നു അനുഭവസ്ഥന്മാരുടെ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളേയും മേലാൽ കത്തുകൾ മൂലം എനിക്കു കിട്ടുന്നതായ അഭിപ്രായങ്ങളേയും ഞാൻ സന്തോഷസമേതം ആലോചനാവിഷയമാക്കുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്നേഹിതന്റെ സഭയിൽ പ്രസ്താപിച്ചതിനെ അടിസ്ഥാനമാക്കി പ്രസ്തുതവകുപ്പിനെപ്പറ്റിയുള്ള വാദപ്രതിവാദം മൂന്നാമത്തെ വായനവരെ നിറുത്തിവച്ചാൽ കൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറിക്കീഴ്): നിറുത്തിവയ്ക്കുകയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്നേഹിതന്റെ വാദാനത്തെ അടിസ്ഥാനപ്പെടുത്തി തൽക്കാലത്തേക്ക് ഈ വിഷയം മാറ്റി വേറെ ഒന്നിലേയ്ക്കു പ്രവേശിക്കാം. വാദാനത്തെ ആസ്പദമാക്കി ഭേദഗതിയെ പിൻവലിക്കുന്നതിനു ഞാൻ സന്നദ്ധനാണ്.

ഭേദഗതി അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

മൂന്നാം വകുപ്പുകൊണ്ടു ബില്ലിൽ ചേർക്കണമെന്നുള്ള പ്രമേയം വോട്ടിനിട്ടു പാസ്സാക്കപ്പെട്ടു.

നാലാം വകുപ്പ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അടുത്ത ഭേദഗതി നാലാം വകുപ്പിലുള്ളതിനെ സംബന്ധിച്ചാണ്. സർ, നിങ്ങൾക്കു വിരോധമില്ലെന്നു തോന്നുന്നു എങ്കിൽ ഞാൻ നാലാം ഭേദഗതികൂടി ഒന്നായിട്ടു അവതരിപ്പിക്കാം. എന്തുകൊണ്ടെന്നാൽ രണ്ടു ഭേദഗതികൾക്കുമുള്ള വാദമുഖങ്ങൾ ഒന്നുതന്നെയാണ്, അവ വിവരണത്തെ സംബന്ധിച്ചുള്ളവയാണ്. ഒന്നാമത്തെ ഭേദഗതി മൂന്നാമത്തെ വകുപ്പിലെ വ്യവഹാരത്തിൽ 'മൈനർ' എന്നുള്ള പദപ്രയോഗത്തിനെ സംബന്ധിച്ചാണ്, അതു ബില്ലിൽപ്രകാരം പതിനേട്ടു വയസ്സു തികയാത്ത ആളാകുന്നു എന്നർത്ഥമാകുന്നു. അടുത്ത ഭേദഗതി 'മരണപത്രികയോടുകുടി അതു സംബന്ധമായി ചേർത്ത വകുപ്പ്, അല്ലെങ്കിൽ 'കൊഡിസിൽ' എന്ന പദത്തിന്റെ വിവരണത്തെപ്പറ്റിയാകുന്നു, അതു ബില്ലിൻപ്രകാരം മരണപത്രത്തെ സംബന്ധിച്ചുള്ളതും, അതിനെ വിവരിക്കുന്നതിനും, ഭേദപ്പെടുത്തുന്നതിനും, മരണശാസനത്തോടു കൂടുതൽ ഭാഗങ്ങൾ ചേർക്കുന്നതിനും ഉള്ള ഒരു കരണമാകുന്നു, അതിനെ മരണപത്രത്തിന്റെ ഒരു ഭാഗമായി ഗണിക്കപ്പെടുന്നതാകുന്നു. ഹാജരാക്കപ്പെട്ടിട്ടുള്ള ഭേദഗതികൾ തീരെ നിസ്സാരമായിട്ടുള്ളവയും, അർത്ഥത്തിനു ബില്ലിൽ കൊടുത്തിട്ടുള്ള വിവരണങ്ങളിൽ നിന്നും വളരെ വ്യത്യാസമില്ലാത്തവയുമാകുന്നു. വിവരണങ്ങൾ ഒന്നുപോലെയിരിക്കുന്നതിനു വേണ്ടി ഇപ്പോൾ ബില്ലിൽ നിങ്ങളുടെ സഭയെ ചുണ്ടിക്കാണിക്കുന്നതെന്നു ഞാൻ ഉദ്ദേശിക്കുന്നു. പ്രൊബേറ്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ ബിൽ മരണശാസന റഗുലേഷന്റെ ഒരു ഭാഗം മാത്രമായിരിക്കുന്നതാണ്. ഈ പദങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ വിൽസ് റഗുലേഷനിലും ഉണ്ട്. ഞാൻ ഹാജരാക്കിയ ഭേദഗതിയിലുള്ള വിവരണങ്ങൾക്കു ഇപ്പോൾ നിലവിലുള്ള വ്യത്യാസങ്ങൾ മാത്രമെയുള്ളു. മരണശാസന റഗുലേഷനിൽ 'അപരൻ' എന്നതിനുപകരം 'ആൾ' എന്നുണ്ട്. 'കൊഡിസിൽ' എന്ന പദത്തിനേ സംബന്ധിച്ചും അപ്രകാരവ്യത്യാസം മാത്രമേയുള്ളു. റഗുലേഷനിലുള്ള മാറ്റം പ്രയോഗങ്ങളെപ്പറ്റി എനിക്കു പ്രത്യേക നിർബന്ധങ്ങൾ.

ഉണ്ട്. ഇവയെ വിചാരിച്ചിരിക്കാത്ത വിധത്തിൽ വ്യാഖ്യാനിച്ചേക്കാനിടയുണ്ട്. ഞാൻ അതിനു പ്രത്യേക ഉദാഹരണം എടുത്തുപറയേണ്ടതായിട്ടില്ല. മരണശാസനരെഗുലേഷനിൽ ഒരു പ്രത്യേക വിവരണം കൊടുത്തിരിക്കെ അതിനെ വിട്ടിട്ടു വേറൊന്നിനെ സ്വീകരിക്കുന്നതായാൽ അവിചാരിതങ്ങളായ സംഭവങ്ങൾക്കിടയുണ്ടാക്കാം. അതുകൊണ്ടു മരണശാസനരെഗുലേഷനിൽ ഉപയോഗിച്ചിട്ടുള്ളതായ വിവരണം തന്നെ ഇവിടെയും ഉപയോഗിക്കേണ്ടതാണെന്നാണ് എന്റെ ബലമായ അഭിപ്രായം. അതാണ് ഈ ഭേദഗതിക്കു കൊണ്ടുവരാനുള്ള കാരണം.

മി: കുരുവിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു പിൻതാങ്ങുന്നു.

മി: കുട്ടമ്പേരൂർ പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ(കോർ പഞ്ചായത്ത്): ഭേദഗതിയെ സ്വീകരിക്കുന്നതിനു എന്നെ മാത്രം സംബന്ധിച്ചിടത്തോളം എനിക്കു യാതൊരു തർക്കവുമില്ല. എന്നാൽ മി: നാരായണപിള്ള ഉദ്ദേശിക്കുന്നതിനു സെലക്ട്കമ്മിറ്റിക്കുള്ളതായ പണ്ഡിതനായ ഉപാദ്ധ്യക്ഷനും വിവരണം ഇതാണെന്നു തീർച്ചയാക്കിയിട്ടുണ്ടോ എന്നു പറഞ്ഞിട്ടുണ്ടു്. ഭേദഗതികൊണ്ടു അർത്ഥത്തിനു യാതൊരു വ്യത്യാസവും വരുന്നില്ല. ഭേദഗതിയെപ്പറ്റി സഭ തക്കതായി ചിന്തിച്ചുറച്ചിട്ടില്ലാത്തതിനാൽതന്നെ അവയെ സ്വീകരിച്ചുകൂടാ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്നേഹിതന്റെ അഭിപ്രായപ്രകടനത്തെ സംബന്ധിച്ചു് ഞാൻ സെലക്ട്കമ്മിറ്റിയിൽ ഉണ്ടായിരുന്നു എങ്കിലും, റിൽസ്റെഗുലേഷനിലുള്ള വിവരണങ്ങളെ സ്വീകരിക്കണമെന്നു എന്റെ സ്നേഹിതനോടു ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് എനിക്കു പറയാനുള്ളതു്. സെലക്ട്കമ്മിറ്റിയുടെ അവസാനയോഗത്തിൽ നിർഭാഗ്യവശാൽ ഹാജരാകുന്നതിനു എനിക്കു് ഇടയായില്ല.

അദ്ധ്യക്ഷൻ: അദ്ദേഹം ഭേദഗതിയെ സ്വീകരിച്ചിരിക്കുന്നു.

ഭേദഗതി സ്വീകരിച്ചു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ വകുപ്പിൽതന്നെയുള്ള അടുത്ത ഭേദഗതി ഇതാണ്.—

"പ്രൊബേറ്റ്" എന്നപദത്തിന്റെ വിവരണത്തിൽ 'മരണശാസനത്തിന്റെ പകർപ്പ്' എന്ന വാക്കുകളുടെ പിന്നാലെ ഇതിനിടയിൽ നിൽക്കുന്നുചിച്ചിട്ടുള്ളതുപോലെ "എന്ന കൂടി ചേർക്കുക."

പ്രൊബേറ്റിന്റെ ഇപ്പോഴത്തെ വിവരണം ഇപ്രകാരമുണ്ടു്.—

'പ്രൊബേറ്റ എന്നു വച്ചാൽ മരണശാസനക്കാരന്റെ സ്വത്തുക്കളെ ഭരിക്കുന്നതിനുള്ള അധികാരപത്രം നൽകുന്നതിനോടൊന്നിച്ചു് കോടതിയിൽനിന്നും മുദ്രയോടുകൂടി കൊടുക്കുന്ന മരണശാസനപത്രിക്കയുടെ പകർപ്പാകുന്നു.'

കോർട്ടിൽനിന്നും അനുവദിക്കുന്നതായ പ്രൊബേറ്റിൽ മരണശാസനത്തിന്റെ പകർപ്പു കൂടി ഉണ്ടായിരിക്കേണ്ടതാണെന്ന ഇപ്പോഴുള്ള വിവരണത്തിൽനിന്നും അർത്ഥമാകുന്നു. ഈ ഭേദഗതി വകുപ്പിൽ ഞാൻ വേറൊരു ഭേദഗതി ഹാജരാക്കുവാൻ പോകുന്നതിൽ താഴെപറയുന്ന പ്രകാരം ഒരു സംഗതി കൂടിച്ചേർക്കുന്നതാകുന്നു.

"ഇതിലൊ ഇതിനു മുൻപുള്ള വകുപ്പുകളിലൊ എന്തുതന്നെ അടങ്ങിയിരുന്നാലും മരണശാസനത്തിൽ അപകീർത്തികരമായോ അക്ഷേപാർഹമായോ ഉള്ള ഏതൊരു കാര്യങ്ങൾ ഉണ്ടായിരുന്നാൽ അവ മരണശാസനത്തെ കോടതിയുടെ അളിപ്പുയത്തിൽ ഉൾപ്പെടുത്തുകയില്ലെന്നു തോന്നുന്ന പക്ഷം കൂട്ടിച്ചേർക്കേണ്ടതായ പകർപ്പിൽ ചേർക്കുന്നതിനു അനുവദിക്കാൻ പാടില്ലാത്തതാകുന്നു."

അതു് ഒൻപാം വകുപ്പിൽ ഞാൻ ഉദ്ദേശിക്കുന്നതായ ഒരു ഭേദഗതിയാകുന്നു. അതുകൊണ്ടു ഞാൻ പറയുന്നതെന്തെന്നാൽ, പ്രൊബേറ്റ, മരണശാസനത്തിൽന്റെ പകർപ്പ് എന്നുപറയപ്പെടുമ്പോൾ അതു ആദ്യത്തെ മരണശാസനപത്രത്തിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്ത ഒരു പകർപ്പാണെന്നു വിചാരിക്കുന്നതില്ലല്ലൊ. പ്രൊബേറ്റിന്റെ വിവരണം ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഉള്ളതുപോലെയാണെന്നുള്ളതിനു തർക്കമില്ല. അപ്രകാരമിരിക്കെ അതിനെ ആക്ഷേപിക്കേണ്ടതായ ആവശ്യമില്ല. ഇംഗ്ലീഷ്കോടതികളിലെ അനുഷ്ഠാനത്തിനേയും നടപ്പിനേയുംനോക്കുന്നതായാൽ അപകീർത്തികരമായൊ, ആക്ഷേപാർഹമായോ ഉള്ള വിഷയങ്ങളെ പ്രൊബേറ്റിൽ ചേർക്കണോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതിനുള്ള അധികാരം കോടതിക്കുണ്ടെന്നു എംപയർ ഡൈജസ്റ്റിന്റെ വാല്യത്തിൽനിന്നും കാണാവുന്നതാകുന്നു. പ്രൊബേറ്റിനെപ്പറ്റി വിധിക്കുവിക്കുന്നതിനു അധികാരമുള്ള കോടതികളിൽ നിന്നുംകൊടുക്കുന്നപകർപ്പ് അതിന്റെ ആവശ്യത്തെ നിറവേറ്റുന്നുണ്ട്. ഇൻഡ്യൻ ആക്ടിൽ അതിനെ സംബന്ധിച്ചു ഒന്നും പറഞ്ഞിട്ടില്ലെങ്കിലും തിരുവിതാംകൂറിൽ ഇതു് അത്യാവശ്യമായി നടപ്പിൽവരാൻ പോകുന്നതാകകൊണ്ടു ഇതിനെ സ്വീകരിക്കുന്നതിൽ തടസ്സമുണ്ടാകുമെന്നു് എന്റെ അഭിപ്രായം. മരണപത്രം എഴുതുന്നയാൾ മരണശാസനം തന്റെ മരണാനന്തരം മാത്രമേ പുറത്തുകാണുകയുള്ളു എന്നുദ്ദേശിച്ചു് മറവുവല്ലവരോടുമുള്ള ക്ഷാന്തം നിമിത്തം ഉയിർ പത്രത്തിന്റെ നിഴ നില്പിനു ഹാനികരമല്ലാത്ത വല്ല സംഗതികളും എഴുതാൻ ഇടയുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ മേഖലകളും): ഇപ്പോൾപറഞ്ഞതു ഈ വകുപ്പിനെയാണോ അതല്ല പിന്നീടുള്ള വകുപ്പിനേയൊ സംബന്ധിക്കുന്നതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ ഭേദഗതി ൨൩-൨൬-൦ വകുപ്പുകളേയും സംബന്ധിച്ചാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ മേഖലകളും): അപ്രകാരമാണെങ്കിൽ ഇപ്പോഴത്തെ ഭേദഗതി പിന്നീടു ആലോചിക്കുന്നതിനായി മാറ്റിവച്ചാൽകൊള്ളാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു വിസമ്മതമില്ല. അപ്രകാരം ചെയ്യുന്നതിൽ വേറെചില വിഷമതകളും തീരുമല്ലൊ. മരണശാസനം എഴുതുന്നതു രഹസ്യമായിട്ടാണെന്നതുകൊണ്ടുതന്നെ അവയുണ്ടാക്കുന്നതുണ്ട്

മരണശാസനത്തിൽ ഉൾപ്പെട്ടിട്ടുള്ളവരെപ്പറ്റി പലതും അതിൽ എഴുതിയേക്കാനിടയുണ്ട്. ഇപ്രകാരം സബ്-രജിസ്ട്രാർ രജിസ്റ്റർ ചെയ്യുന്നതും, സബ്-രജിസ്ട്രാരെ സൂക്ഷിക്കുന്നതിനു ഏൽപ്പിച്ചിട്ടുള്ളതും ആയമരണശാസനങ്ങൾ, ഈ മാതൃകയിലെ മരണശാസന രജിസ്ട്രേഷൻപ്രകാരം തിരുവിതാംകൂറിൽ വിലവച്ചിരുന്നുള്ള, ഒരാൾ എഴുതുന്നതായ മരണപത്രം പിന്നീടു തെളിയിച്ചാൽ മതിയാകുന്നതാണെന്നു ഒരു ചട്ടം നാം പുതുതായി ഏർപ്പെടുത്താൻപോകുന്ന ഉടനെയുണ്ടു അപ്രകാരമുള്ള ഒരു മരണപത്രത്തിൽ ഒരാൾക്കു എല്ലാമാതിരി വാചകങ്ങളും എഴുതിപ്പിടിപ്പിക്കാവുന്നതാണ്. കൊടുക്കുന്നതായപ്രകാർപ്പിൽ മരണപത്രികക്കാരന്റെ അപകീർത്തികരമായ ഭാഗങ്ങളെച്ചൊല്ലുന്നതു അനാവശ്യമായിരിക്കുന്നതാണ്. ചട്ടപ്രകാരം അതാവശ്യമാണെന്നു തോന്നുന്നെങ്കിൽ കോടതികൾക്കു ഒന്നും ചെയ്യുവാൻ നിവർത്തിയില്ല. സിവിൽപ്രൊസീഡ്യർകോഡ് ഇതിനു ഒരു മാതൃകയായിട്ടുള്ളതായിരിക്കും. ഇംഗ്ലീഷ് നടപ്പനുസരിച്ചു അപ്രകാരമുള്ള അധികാരം ഇംഗ്ലീഷ് കോടതികളിൽ സ്ഥിതിചെയ്യുന്നതായി ഞാൻ വായിക്കയുണ്ടായി. ഇതെസംബന്ധിച്ചു എപ്പെയർഡെജസ്റ്റിൽ ഫനവു-ംവശം നോക്കേണ്ടതാണ്. ആവശ്യമുള്ള മറ്റുകടലാസുകളുടെ പകർപ്പും മരണശാസനത്തിന്റെ പകർപ്പോടുകൂടി ചേർക്കാവുന്നതാണ്. ഏതുതരത്തിലായാലും അവശ്യ അപകീർത്തികരമായ ഭാഗങ്ങളെ മരണശാസനത്തിൽനിന്നും വെട്ടിക്കളയുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. നമ്മുടെ ചട്ടത്തിലും ആദ്യം സ്വീകരിക്കുന്നതു ഏതുംതന്നായിരിക്കും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറിക്കീൽ): ഇംഗ്ലണ്ടിൽ അതിനെസംബന്ധിച്ചു ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെപ്പറ്റി എനിക്കു നല്ല നിശ്ചയമില്ല. അല്പം കഴിഞ്ഞു അതിനെപ്പറ്റി നമ്മോടുവല്ലതും പറയാൻ സാധിക്കുന്നതുണ്ട്. എപ്പെയർഡെജസ്റ്റ് അതേസംബന്ധിച്ചു പലയിടത്തും പറയുന്നുണ്ടു. ഇപ്പോഴത്തെ വകുപ്പനുസരിച്ചു കപ്രോബേറ മരണശാസനത്തിന്റെ ശരിപകർപ്പായിരിക്കണം. ഈ ൭-ംവകുപ്പിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഭേദഗതിയുടെ സ്വഭാവത്തെപ്പറ്റി ഞാൻ കൂടുതൽ വിവരിച്ചുകൊള്ളാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറിക്കീൽ): ഈ ഭേദഗതി ൭ ൭-ംവകുപ്പിന്റെ ഭേദഗതിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുകയാൽ അതെടുക്കുന്നതുവരെ ഇതിനെപ്പറ്റിയുള്ള വാദപ്രതിവാദം നിറുത്തിവച്ചാൽ നന്നായിരിക്കുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറ്റേ ഭേദഗതിയെ നിരാകരിക്കുന്നതായാൽതന്നെയും "ഇതിനടിയിൽ നിൽക്കുന്നിച്ചിട്ടുള്ളതുപോലെ" എന്നു ചേർക്കുന്നതായാൽ യാതൊരു തരക്കേടുമില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറിക്കീൽ): യാതൊരുഭേദഗതിയും ആവശ്യമില്ലെങ്കിൽ ലോകത്തിൽ മറ്റുരാജ്യങ്ങളിൽ ഉള്ള വിവരണങ്ങളെ അനുകരിക്കുന്നതു നന്നായിരിക്കുന്നതാണ്.

മി: എം. ശിവരാമപിള്ള (തോവാള): അപകീർത്തികരമായും അനാവശ്യമായുമുള്ള വാചകങ്ങൾ മരണപത്രത്തിൽ കാണരുതെന്നുള്ള അഭിപ്രായത്തെപ്പറ്റി മെമ്പർ എന്തുപറയുന്നു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കീൽ): അതിനെപ്പറ്റി പറയുകയാണെങ്കിൽ നാം മരണപത്രങ്ങളെപ്പറ്റിമാത്രമാണ് ആലോചിക്കുന്നതു. ഒരു മരണപത്രത്തിനെ ഇപ്രകാരമാണു വിവരിച്ചിരിക്കുന്നതു:—മരണശേഷം തന്റെ സ്വത്തുക്കളെ എങ്ങനെയിരിയിൽ വിനിയോഗിക്കണമെന്നു ആഗ്രഹിക്കുന്നുവോ അതിൻപ്രകാരം നിയമാനുസൃതമായി നിങ്ങിക്കുന്നതരത്തിനു മരണശാസനമെന്നു പറയപ്പെടുന്നു. അപകീർത്തികരമായ വേഷണങ്ങളെ മരണപത്രമാം എന്നു പറയാറില്ല.

മി: എം. ശിവരാമപിള്ള (തോവാള): എന്നാൽ മാഷാരീതിയെ സംബന്ധിച്ചിടത്തോളം ഏതാണ്ടു ഒരു നിബന്ധനയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കീൽ): എനിക്കു മനസ്സിലാകുന്നില്ല.

മി: എം. ശിവരാമപിള്ള (തോവാള): മരണപത്രികയെഴുതുന്ന ആളിനു തനിക്കുതോന്നുന്ന പ്രകാരീതി ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. അതിനെസംബന്ധിച്ചു യാതൊരു നിബന്ധനയുമില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സെക്രട്ടറിക്കീൽ): ഇല്ല. എങ്കിലായാലും ൭ ൭-ാം വകുപ്പു വാദപ്രതിവാദത്തിനെടുക്കുമ്പോൾ അതിനെപ്പറ്റി ആലോചിക്കാം. ഇപ്പോൾ ഞാൻ ഈ ഭേദഗതിയെ എതിർക്കുകയോ അതല്ലാ അതിനെ ൭൩-ം ൭൭-ം വകുപ്പുകളെ ആലോചനയ്ക്കു എടുക്കുന്നതുവരെ അതിനെ മാറ്റിവയ്ക്കുന്നതിനു അപേക്ഷിക്കുകയോ ചെയ്യുന്നതായിട്ടാണ് ഇരിക്കുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൭൩-ം ൭൭-ം വകുപ്പുകളെപ്പറ്റി ആലോചിക്കുന്നതുഭേദഗതിയെപ്പറ്റിയുള്ള ആലോചനമാറ്റിവയ്ക്കണമെന്നുള്ള ഒടുവിലത്തെ അഭിപ്രായത്തോടുകൂടി ഞാൻ യോജിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മാമൈംബറിന്റെ അഭിപ്രായത്തെ സഭ അംഗീകരിക്കുന്നുവോ?

൭൭-ാംവകുപ്പു ആലോചനക്കെടുക്കുന്നതുവരെ ൫-ംവകുപ്പിലുള്ള ഭേദഗതിയെപ്പറ്റിയുള്ള ആലോചന മാറ്റിവയ്ക്കണമെന്നുള്ള അഭിപ്രായത്തോടു സഭ അനുകൂലിച്ചതായി ഞാൻ വിചാരിക്കുന്നു.

൫-മുതൽ ൫൫-വരെ വകുപ്പുകളും ബില്ലിൽ ചേർക്കുന്നതിനു സഭ അനുവദിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

൫. മുതൽ ൫൫ വരെ വകുപ്പുകളും ബില്ലിൽ ചേർത്തു.

൫൬-ാം വകുപ്പ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വകുപ്പിന്റെ ഒടുവിൽ താഴെപ്പറയുന്നവകൂടെ ചേർക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു:—

"എന്നാൽ ഒരുണക്കാരൻ മരിച്ചയാളിന്റെ സ്വത്തുക്കളെ നശിപ്പിക്കുന്നതിനോ കയ്യൊഴിക്കുന്നതിനോ വേണ്ടി ഇടക്കാലത്തു ചെയ്യുന്ന പ്രവൃത്തികളും സാധുവാകുന്നതല്ല".

വ്യാഖ്യാനത്തിൽ ഭേദഗതിക്കാരന്റെ ഭൂതലക്ഷ്യത്തെപ്പറ്റി പറയുന്നതിനോടുള്ള അഭിപ്രായത്തിനു ഞാൻ ഈ ഭേദഗതി ഹാജരാക്കിയിട്ടുള്ളത്. വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു:—

"ഭരണാധികാരപത്രം അനുവദിക്കുന്നതിനുമുമ്പ് ഭരണക്കാരൻ സ്വത്തുക്കളെ നശിപ്പിക്കുന്നതിനോ, കടക്കുന്നതിനുവേണ്ടി ചെയ്യുന്നതായുകാണുന്നതും സാധുവാക്കുന്നതല്ല."

സ്വത്തുക്കളെ നശിപ്പിക്കുന്നതിനോ, കടപ്പെടുന്നതിനോ, എക്സിക്യൂട്ടർ ഇടക്കാലത്തുചെയ്യുന്ന കാര്യങ്ങൾക്ക അഡ്മിനിസ്ട്രേട്ടരെ ചുമതലക്കാരനാക്കുകയും എക്സിക്യൂട്ടറെ ചുമതലയില്ലാത്തവനാക്കുകയുമാണ് ചെയ്യുന്നത്. വസ്തുക്കളെ ഇല്ലായ്മചെയ്യുന്നതായാൽ അതിനെ സംബന്ധിച്ചു എക്സിക്യൂട്ടർക്കോ, അഡ്മിനിസ്ട്രേട്ടർക്കോ ഉള്ള തായ ഉത്തരവാദിത്വത്തെപ്പറ്റി ഭേദഗതിയുടെ ഫാഷരക്കുറിപ്പിൽനിന്നും വിട്ടുകളയുന്നതായാൽ സ്വത്തുക്കളെ നശിപ്പിക്കുന്നതിനോ, കടപ്പെടുന്നതിനോ വേണ്ടിചെയ്യുന്നതായ കാര്യങ്ങളിൽ ചുമതല അഡ്മിനിസ്ട്രേട്ടരിൽ സ്ഥിതിചെയ്യുന്നതും എക്സിക്യൂട്ടർക്കില്ലാതെവരുന്നതുമാണ്. അതിനു അപ്രകാരമൊരു വ്യവസ്ഥാനം ഉണ്ടാകേണമെന്നുള്ളതാണ്. അഭിപ്രായത്തിലാണ് ഞാൻ ഈ ഭേദഗതിയെ ഹാജരാക്കുന്നത്. ക്ലോസ് അഞ്ചായത്തിൽ സ്വത്തുക്കളെ നശിപ്പിച്ചാൽ എക്സിക്യൂട്ടരോ, അഡ്മിനിസ്ട്രേട്ടരോ ഉത്തരവാദിത്വം ചെയ്യേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ക്ലോസ്വകുപ്പിൽ അതിനെ സ്പഷ്ടമായി വിട്ടുകളഞ്ഞിരിക്കുന്നതുകൊണ്ടു വല്ല വ്യവഹാരത്തും നേരിടാനിടയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഇടക്കാലത്തു നടത്തുന്ന കാര്യങ്ങൾക്ക അഡ്മിനിസ്ട്രേട്ടർക്കുള്ള ചുമതല എക്സിക്യൂട്ടർക്കും വേണ്ടതാണ്. ഇതിനെപ്പറ്റി ഏഴാക്കാരന ക്ലോസിലെ അഞ്ചായത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു വലിയ ഫോഷോഭനമുണ്ടാകുന്നില്ല. അതു എക്സിക്യൂട്ടരുടെ ചുമതലയെ കൂട്ടുതലായി വിശദപ്പെടുത്തുകമാത്രമേ ചെയ്യുന്നുള്ളൂ. ഇതുകൂടി പറഞ്ഞുകൊണ്ടു ഞാൻ ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്കാർവകയിൽ): ഞാൻ അതിനെ എതിർക്കുന്നു. എക്സിക്യൂട്ടരുടെയും, അഡ്മിനിസ്ട്രേട്ടരുടെയും നിലകൾ വ്യത്യസ്ഥങ്ങളാണ്. എക്സിക്യൂട്ടർ എന്നവച്ചാൽ മരിച്ചയാളിന്റെ ഒടുവിലത്തെ മരണശാസനത്തിലെ നിർദ്ദേശങ്ങളെ നിറവേറിക്കുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള ആളാകുന്നു. എക്സിക്യൂട്ടർ ഇല്ലാത്തപ്പോൾ മരിച്ച ആളിന്റെ സ്വത്തിനെ രക്ഷിക്കുന്നതിനു കോടതിയിൽനിന്നും നിയമിക്കുന്ന ആളാണ് അഡ്മനിസ്ട്രേട്ടർ. എക്സിക്യൂട്ടർ മരിച്ചയാളിന്റെ നിയമിക്കപ്പെട്ട ആളും അഡ്മിനിസ്ട്രേട്ടർ കോടതിയിൽനിന്നും നിയമിക്കപ്പെട്ട ആളുമാകുന്നു. എക്സിക്യൂട്ടർക്ക അധികാരം സിദ്ധിക്കുന്നതിനു രേണാധികാരപത്രപ്രകാരമോ, കോടതിയുടെ അനുവദിപ്രകാരമോ അല്ല. എന്നാൽ അതു മരണശാസനത്തിൽനിന്നു മാത്രമാണ്, മരണശാസനം എഴുതിയയാളും മരിക്കുന്നതോടുകൂടി സ്വത്തുക്കൾ അയാൾക്ക അധീനമാകുന്നു. സ്വയമേവതന്നെ അയാൾക്ക അഡ്മിനിസ്ട്രേട്ടരെക്കാൾ കൂടുതൽ അധികാരങ്ങൾ വേണ്ടതാണ്. എന്നാൽ അതിൽനിന്നും സ്വത്തുക്കളെ സംബന്ധിച്ചു എന്തും ചെയ്യാമെന്നു അർത്ഥമാകുന്നില്ല. സക്സഷൻവകുപ്പിലുള്ള ക-(ക)-ാം ഉപവകുപ്പിൽ താഴെപറയുന്നപ്രകാരം ചേർത്തിരിക്കുന്നു:—

"മരണശാസനപ്രകാരം നിയമിതനായ എക്സിക്യൂട്ടർക്ക സ്ഥാവരവസ്തുക്കളെ വിൽക്കുന്നതിനുള്ള അധികാരം മരണശാസനത്തിലെ നിബന്ധനകളിൽ അനുസരിച്ചിരിക്കുന്നതാണ്. അല്ലാത്തപക്ഷം നിബന്ധനകളിൽ ഉണ്ടെങ്കിലും രേണാധികാരപത്രം കൊടുക്കുന്നതായ കോടതിയുടെ പ്രത്യേകമായ ഉത്തരവിൻപ്രകാരമല്ലാതെ സ്ഥാവരവസ്തുക്കളെ വിൽക്കുവാൻ പാടുള്ളതല്ല."

വീണ്ടും ക ക-ാംവകുപ്പിൽ "എക്സിക്യൂട്ടരോ, അഡ്മിനിസ്ട്രേട്ടരോ, മരിച്ചയാളിന്റെ വസ്തുക്കളെ അന്യാധീനപ്പെടുത്തുന്നതിന്റെ ഫലമായി നാശമോ, നഷ്ടമോ ഉണ്ടാകുന്നതായാൽ ആയതിനെ അയാളിൽനിന്നും ഈടാക്കാവുന്നതാണ്".

വീണ്ടും ക ക-ാംവകുപ്പിൽ "മരിച്ച ആളിന്റെ സ്വത്തുക്കളിൽ ഏതെങ്കിലും ഭാഗങ്ങളെ വീണ്ടെടുക്കാതെ വിട്ടുകളയുകയും തന്മൂലം നഷ്ടത്തിനിടയാവുകയും ചെയ്യുന്നതായാൽ ആയതു എക്സിക്യൂട്ടറിൽനിന്നോ അഡ്മിനിസ്ട്രേട്ടറിൽനിന്നോ ഈടാക്കാവുന്നതാണ്." മരണശാസനത്തിലെ നിബന്ധനയനുസരിച്ചു, സാധാരണ ഒരാൾക്കു വേണ്ടതായ സൂക്ഷ്മതയോടുകൂടി രക്ഷിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും ഈ വകുപ്പുകളിൽഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഭേദഗതി ഹാജരാക്കപ്പെട്ടിട്ടുള്ള ഭേദഗതിക്കു എതിരായിട്ടാണോ ഇരിക്കുന്നത്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്കാർവകയിൽ): ക ക-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതെന്തെന്നാൽ പ്രൊബേറനുവദിക്കുന്നതോടുകൂടി മരണശാസനക്കാരൻ മരിക്കുന്നതുമുതൽ എക്സിക്യൂട്ടർ ചെയ്തിട്ടുള്ള സകല പ്രവൃത്തികളേയും സാധൂകരിക്കയും മരണശാസനത്തെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. ഇതെന്തുകൊണ്ടാണെന്നവച്ചാൽ എക്സിക്യൂട്ടർക്കുള്ള അവകാശം ബില്ലുനുസരിച്ചു സിദ്ധിക്കുന്നതുകൊണ്ടാകുന്നു. അല്ലാതെ പ്രൊബേറിൽനിന്നും ഈ അധികാരം സിദ്ധിക്കുന്നില്ല. എന്നാൽ അഡ്മിനിസ്ട്രേട്ടരെ സംബന്ധിച്ചിടത്തോളം അയാളുടെ പ്രവൃത്തികളുടെ നില വേറെയാണ്. അതുകൊണ്ടാണ് വ്യാഖ്യാനത്തിൽ വസ്തുക്കളെ ഇല്ലായ്മചെയ്യുന്ന പ്രവൃത്തികളെപ്പറ്റി പ്രത്യേകം പറഞ്ഞിരിക്കുന്നത്. ഇല്ലായ്മചെയ്യുക എന്നതിനു മറ്റൊരർത്ഥത്തിൽ വിനിയോഗിക്കുക എന്നർത്ഥമില്ലാ. ഒരു വില്പനയോ, കടംകൊടുത്ത പണത്തിനെ വേണ്ടെന്നു ഉപേക്ഷിക്കുകയോ ചെയ്യുക എന്നുള്ളതു തന്നാനെന്നുവരികിലും കുറവുതന്നെയാണ്. ഒരു എക്സിക്യൂട്ടർ അപ്രകാരമുള്ള പ്രവൃത്തികളിൽ പ്രവേശിച്ചു എന്നു വന്നേക്കാം. എന്നാൽ അയാൾക്ക അതിനെ വേറേതരത്തിൽ വിനിയോഗിക്കുവാൻ പാടില്ല. എന്നാൽ ഒരു അഡ്മിനിസ്ട്രേട്ടർക്ക് രേണപത്രം നടക്കുന്നതിനുമുൻപായി സ്വത്തുക്കളെ, കുറയ്ക്കുന്നതിനു നിവൃത്തിയില്ല. അതുകൂടാതെ ഭേദഗതിയെ സ്വീകരിക്കുന്നതായാൽ ഒരു എക്സിക്യൂട്ടർ പ്രൊബേറിനപേക്ഷിച്ചു വാങ്ങണമെന്നുള്ളതിൽ അർത്ഥമാകുന്നതാണ്. പ്രൊബേറനുവദിക്കുന്നതുവരെ അയാൾക്ക സ്വത്തുക്കളെസംബന്ധിച്ചു ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. വസ്തുവിനെ വിൽക്കുകയോ കുറക്കുകയോ ചെയ്യാതെ കടമുണ്ടെങ്കിൽ അങ്ങിനെ അതു വീട്ടുന്നതിനു അയാൾക്ക സാധിക്കും. ഒരു മരണശാസനം എഴുതി ഒപ്പിട്ടശേഷം എക്സിക്യൂട്ടർ കോർട്ടിൽപോയി പ്രൊബേറിനപേക്ഷിക്കണമെന്നു നിർബന്ധമായിട്ടില്ലാത്തതാണ് എന്നാൽ ജനങ്ങളെ കേ

ർട്ടിൽഅയച്ചു പ്രൊബോറിനപേക്ഷിപ്പിക്കണമെന്നു നാം ഉദ്ദേശിക്കുന്നില്ല. ബില്ലിനെ ആദ്യവായനക്കു എടുത്തപ്പോൾ അക്കാര്യം പറഞ്ഞുകഴിഞ്ഞു. മേൽപറഞ്ഞ കാരണങ്ങളാൽ മിസ്റ്റർ കെ. പി. നീലകണ്ഠപിള്ളയുടേ ഹർജ്ജിയിൻമേ ഭേദഗതി പിൻവലിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഭേദഗതി അനുവദിക്കണമെന്നു എനിക്കു നിർബന്ധമില്ല.

ഭേദഗതി പിൻ വലിക്കപ്പെട്ടു.

വകുപ്പുകൾ ൧ മുതൽ ൫ വരെ.

വകുപ്പുകൾ ൧-൫ വരെ വോട്ടിനിട്ടു അനുവദിക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിനൊടു ചേർ ചെയ്യപ്പെട്ടു.

൬-ാം വകുപ്പു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൬-ാം വകുപ്പിൽ ഒരു ചെറിയ ഭേദഗതി ചെയ്യണമെന്നുദ്ദേശിക്കുന്നു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"മരണശാസനത്തോടുകൂടിയ മരണാധികാരപത്രം മുഴുവൻ ഒസ്യത്തുവകാശിക്കോ, മരണശാസനത്തിൻ പടി കൊടുത്തതു നീക്കി ബാക്കിയുള്ള സ്വത്തുക്കളുടെ ഒസ്യത്തവകാശിക്കൊ അല്ലാതെ മറ്റൊരു ആൾക്കും കൊടുക്കുന്നതല്ല"

"മരണശാസനത്തോടുകൂടെ എന്നുള്ളതിനു പകരം "മരണശാസനപത്രത്തിൻറെ പകർപ്പോടുകൂടി" എന്നാക്കിയാൽ നന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മരണസാസനം തന്നെ ചേർത്തു കൊടുക്കുവാൻ സാധിക്കയില്ല. ഈ ഭേദഗതി മാറ്റ വകുപ്പുകളിൽ ഒന്നുമുണ്ടാകിവരികയില്ലയൊ എന്നു ഞാൻ സംശയിക്കുന്നു. സഭയുടെ അംഗികാരത്തിനു വേണ്ടി ഞാൻ ഈ ഭേദഗതിയെ ഹാജരാക്കികൊള്ളുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ് സക്കാർ വക്കീൽ): അതിനെ സാധാരണ പറയുന്നതു ഈ മാതിരിയാണ്. അതിൻറെ സാങ്കേതിക ശബ്ദം 'മരണശാസനപത്രം ചെക്കണം' എന്നാകുന്നു അതിനു ആദ്യത്തെ മരണപത്രം തന്നെ ചേർക്കണമെന്നർത്ഥമില്ല. ഒരു പകർപ്പു മാത്രമെ ചേർക്കുന്നുള്ളു. അതിനെ സാധാരണപറയുന്നതു 'മരണപത്രത്തോടുകൂടി' എന്നാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂറിലെ കോടതികൾ ഇപ്രകാരം തന്നെ മനസ്സിലാക്കുമെന്നു എൻറെ സ്നേഹിതൻ പറയുവാൻ തയ്യാറുള്ളപക്ഷം അദ്ദേഹം പറഞ്ഞതിനെ സ്വീകരിക്കുന്നതിൽ എനിക്കു വൈഷമ്യമില്ല. അങ്ങിനെയാണെങ്കിൽ "മരണപത്രം ചേർക്കുക" എന്നുള്ളതിൻറെ അർത്ഥം 'മരണപത്രത്തിൻറെ പകർപ്പു ചേർക്കുക' എന്നാണെന്നു ഒരു വിവരണം കൂടി ചേർത്താൽ നന്നായിരിക്കുമായിരുന്നു. എങ്ങിനെ ആയിരുന്നാലും തല്ക്കാലം എൻറെ സ്നേഹിതൻറെ വ്യാഖ്യാനം ഞാൻ സ്വീകരിക്കുന്നതിനു തയ്യാറാണ്. മറ്റുസ്ഥലങ്ങളിൽ ഈ സംഗതി എങ്ങിനെ അവസാനിക്കുമെന്നു കണ്ടു തന്നെ അറിയണം. ഭേദഗതി അനുവദിപ്പുകാരം പിൻ വലിക്കപ്പെട്ടു.

വകുപ്പുകൾ ൭ മുതൽ ൧൫ വരെ.

വകുപ്പുകൾ ൭ മുതൽ ൧൫ വരെ സഭ അനുവദിച്ചുപ്രകാരം വോട്ടിനിട്ടു പാസാക്കപ്പെട്ടു.

൩ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

൧൬-ം വകുപ്പു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ൧൬-ാം വകുപ്പിൽ താഴെ പറയുന്ന ഭേദഗതി ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു:—

"മരണശാസനത്തിൽ പറഞ്ഞിട്ടുള്ള മരണപത്രധാരണ സാമാന്യമായ നിബ്ബന്ധത്തിനെ ആസ്പദമാക്കി, എന്ന ൨-ാമത്തെ-ഉപവകുപ്പിൻറെ അവസാനത്തിൽ ചേർക്കുക.

മരണപത്രം ഭേദഗതിയോടുകൂടിയൊ അതല്ലാ എഴുതിയിരിക്കുന്നമാതിരി യാതൊരുവ്യത്യാസവും കൂടാതെയോ വ്യാഖ്യാനിക്കേണ്ടതെന്നു തീർച്ചപ്പെടുത്തുന്നതിനു കോടതിക്കു ഏറ്റവും വലുതായ ഒരു അധികാരം കൊടുത്തിരിക്കുന്നു. ഇതു വലുതായ അധികാരം കൊടുക്കണമെന്നുദ്ദേശിച്ചാണ് ഞാൻ ഈ ഭേദഗതിഹാജരാക്കിയിട്ടുള്ളതു. മരണശാസനക്കാരൻറെ നിബ്ബന്ധത്തെ സൂചിപ്പിക്കുന്നതായി എന്തെങ്കിലും മരണപത്രത്തിൽ ഉണ്ടെങ്കിൽ അതിനെ അവഗണിക്കുന്നതിനും മരണ ശാസനത്തെ പൊതുവെയുള്ള നിബ്ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയൊ അതല്ലാതെവിധത്തിലൊ ഒരു വിധി നിർണ്ണയിക്കുന്നതിനുള്ള അധികാരം കോടതിക്കു കൊടുക്കണമെന്നുതല്ലാ. ഇപ്പോൾ ഇരിക്കുന്ന മാതിരിയാണെങ്കിൽ വിഷമതകൾ നേരിട്ടേക്കാം. ഒരു മരണപത്രം നിബന്ധനകളോടുകൂടിയതായിരിക്കാം. ഇപ്പോഴത്തെ വകുപ്പനുസരിച്ചു അതൊരു നിബന്ധനകളുമില്ലാത്ത മരണപത്രമാണെന്നു തീരുമാനിക്കുന്നപക്ഷം അഡ്മിനിസ്ട്രേറരുടെ ഇഷ്ടംപോലെ സ്വത്തുകളെ ഭരിക്കുന്നതിനു അധികാരം സിദ്ധിക്കുന്നതാണ്. രണ്ടാമത്തെ ഉപവകുപ്പുകോടതികൾക്കു വ്യാപ്തിയേറിയ അധികാരത്തെ പ്രദാനം ചെയ്യുന്നു. അപ്രകാരം ചെയ്യാൻ പാടുള്ളതല്ല. ഉദാഹരണമായിട്ടു പ്രത്യേകം ചില ഉടമകളെയൊ, മറ്റവല്ലുമൊ എക്സിക്യൂട്ടർ ഒഴിവാക്കി വിൽക്കണമെന്നു പറഞ്ഞിരിക്കാം. അപ്രകാരമുള്ള ഒരു കേസ്സിൽ എക്സിക്യൂട്ടർ തക്ക സമയത്തിനു സ്വത്തുകളൊന്നുംതന്നെ അഡ്മിനിസ്ട്രേറരെ കൊടുതിയിൽ നിന്നും നിയമിച്ചേക്കാനിടയുള്ളതാണ്. കോടതിമരണപത്രത്തെ വ്യാഖ്യാനിക്കുന്നതിൽ അതിനെ യാതൊരു നിബന്ധനകളുമില്ലാത്തതെന്നു തീരുമാനിക്കുന്നതിനിടയുള്ളതും തന്നിമിത്തം മരണപത്രത്തിൽ പറഞ്ഞിട്ടുള്ളതും ഇല്ലാത്തതുമായ പൂർണ്ണാധികാരത്തോടുകൂടിയ ഒരു അഡ്മിനിസ്ട്രേറരെ നിയമിച്ചുകൂടുന്നതിനു ഇടയുള്ളതുമാണ്. അപ്രകാരം വ്യാപ്തിയേറിയ ഒരു അധികാരം കോടതിക്കു കൊടുക്കേണ്ടതല്ല. അടുത്തകാലത്തുതന്നെ നിബന്ധനകളുടെയുള്ള ഒരു മരണപത്രത്തെ സംബന്ധിച്ചു ഒരു കേസിൽ ഇടപെടുന്നതിനു എനിക്കു സംഗതിയായി. കോടതി അതിനെ നിബന്ധനകളും ഇല്ലാത്ത ഒന്നാണെന്നു വിധിച്ചു. അതുകൊണ്ടു എക്സിക്യൂട്ടർ കോടതിയുടെ വ്യാഖ്യാനമനുസരിച്ചു വളരെ അധികാരങ്ങൾ ലഭിക്കുന്നതിനു ഇടയായി. അപ്രകാരമുള്ള തെറ്റായ അധികാരത്തെ ഇല്ലാതെയാക്കുന്നതിനാണ് ഈ ഭേദഗതികൊണ്ടുവന്നിട്ടുള്ളതു.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഡെപ്യൂട്ടി സെക്രട്ടറി വകയിൽ): ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഒന്നാമതായി മരണശാസനത്തെ രേണാധികാരപത്രത്തോടുകൂടി ചേർത്തിരിക്കുന്നതാണ്. മരണപത്രത്തിന്റെ പകർപ്പു രേണാധികാരപത്രത്തോടുകൂടി ചേർത്തിരിക്കുന്നതാണ്. അതുകൂടാതെ ഒരു മരണപത്രത്തിന്റെ കാര്യത്തിൽ അതിനെ വ്യാഖ്യാനിക്കുന്നതിൽ കോടതിക്ക് അതിരില്ലാത്ത അധികാരം സിദ്ധിച്ചിരിക്കുമെന്നാണ് മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള മനസ്സിലാക്കിയിരിക്കുന്നത്. അപ്രകാരമൊന്നും ഈ വകുപ്പിൽ ഉദ്ദേശിച്ചിട്ടില്ല. ഭേദഗതി ഉപവകുപ്പു താഴെ പറയുന്നതുപോലെയാണ്.

"അപ്രകാരമുള്ള എല്ലാ സംഗതികളിലും രേണാധികാരപത്രം നിബന്ധനകളോടുകൂടിയോ അല്ലാതെയോ കൊടുക്കുന്നതിനു കോടതിക്കു അധികാരമുണ്ടായിരിക്കും."

രേണാധികാരപത്രത്തിൽ നിബന്ധനകൾ ചേർക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതിനു കോടതിക്കു അധികാരമുണ്ട്. രേണാധികാരപത്രം അല്പകാലത്തേക്കു മാത്രമേ ഉള്ളു എന്നോ അതല്ല അതു പ്രത്യേകം ചില വസ്തുക്കളെ മാത്രമേ ബാധിക്കുന്നുള്ളു എന്നോ കോടതി പറയേണ്ടതാകുന്നു. മരണപത്രത്തെ വ്യാഖ്യാനിക്കുന്നതിനെ സംബന്ധിച്ചു അതിൽ ഒന്നുമില്ല. രേണാധികാരപത്രം കൊടുക്കുന്നതോ, കൊടുക്കുന്നതു തടയുന്നതിനുള്ള കാരണങ്ങളോ മരണശാസനത്തെ വ്യാഖ്യാനിക്കുന്നതിനുള്ള ചുമതല ഇല്ല. വാസ്തവത്തിലുള്ള എക്സിക്യൂട്ടർ വരുന്നതുവരെ രേണാധികാരപത്രം കൊടുക്കാവുന്നതാണ്. കോടതിക്കു യുക്തമെന്നു തോന്നുന്ന പക്ഷം രേണാധികാരപത്രം ഏതെന്നുള്ളതിലേക്കും കൊടുക്കാവുന്നതാണ്. അതായതു പൂർണ്ണാധികാരത്തോടുകൂടിയ രേണാധികാരം കൊടുക്കാവുന്നതാണ്. കൊടുക്കാനുദ്ദേശിക്കുന്നതായ രേണാധികാരപത്രം ക്ലിപ്തമുള്ളതോ അല്ലാത്തതോ എന്നു നിർണ്ണയിക്കുന്നതിനുള്ള അധികാരം മാത്രമേ കോടതിക്കുള്ളൂ. അത്രമാത്രമേയുള്ളൂ. രേണാധികാരിയെ നിയമിക്കുന്നതു ക്ലിപ്തസമയത്തേക്കോ, അങ്ങനെയുള്ളതോ അല്ലാത്തതോ വേണ്ടതെന്നു നിശ്ചയിക്കുന്നതിനുള്ള അധികാരം മാത്രമേ കോടതിക്കുള്ളൂ. മരണപത്രത്തെ വ്യാഖ്യാനിക്കുന്നതിനെ സംബന്ധിച്ചു കോടതിക്ക് യാതൊരധികാരവുമില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ ഭേദഗതിയെ പിൻവലിച്ചുകൊള്ളുന്നു.

അനുബന്ധത്തോടുകൂടി ഭേദഗതി പിൻവലിക്കപ്പെട്ടു.

വകുപ്പുകൾ ൪ മുതൽ ൬ വരെ.

വകുപ്പുകൾ ൪ മുതൽ ൬ വരെ വോട്ടിനിട്ടു പാസാക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിനോടു ചേർക്കപ്പെട്ടു.

വകുപ്പുകൾ ൭ മുതൽ ൯ വരെ

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ, അടുത്ത രണ്ടു ഭേദഗതികൾ ഒരുപോലെ ഉള്ളവയായതുകൊണ്ട് അവയെ ഒന്നിച്ചു ഹാജരാക്കുന്നതിന് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ ഹാജരാക്കുന്നതിന് ഉദ്ദേശിക്കുന്നതായ ഭേദഗതിയിലെ വാക്കുകൾ ൭-ം ൯-ം വകുപ്പുകളുടെ അവസാനത്തിൽ ചേർക്കണമെന്നാണ്. താഴെ പറയുന്നതിനെ ൭-ാം വകുപ്പിന്റെ (൨) സി ഉപവകുപ്പായി ചേർക്കണം:—

"ഒരു ഡിസ്ട്രിക്ട് ജഡ്ജിയോടു അപേക്ഷിക്കുമ്പോൾ അപേക്ഷക്കാരന്റെ കൈവശം വേറെ ഒരു ഡിസ്ട്രിക്ടിൽ ഉള്ളതായ വസ്തുക്കൾ വരാനിടയുള്ളപക്ഷം ഓരോ ഡിസ്ട്രിക്ടിൽ ഉള്ളതായ വസ്തുക്കളുടെ ഇനംതിരിച്ചുള്ള വിലയും കൂടി അപേക്ഷയിൽ കാണിച്ചിരിക്കേണ്ടതാണ്."

അടുത്ത ഭേദഗതി താഴെ പറയുന്നതിനെ ൭-ം വകുപ്പിൽ (ജി) എന്ന ഉപവകുപ്പായി ചേർക്കണമെന്നാകുന്നു:—

"ഒരു ഡിസ്ട്രിക്ട് ജഡ്ജിയോടു അപേക്ഷിക്കുമ്പോൾ അപേക്ഷക്കാരന്റെ കൈവശം വേറെ ഒരു ഡിസ്ട്രിക്ടിൽ ഉള്ളതായ വസ്തുക്കൾ വരാനുള്ളപക്ഷം ഓരോ ഡിസ്ട്രിക്ടിൽ ഉള്ളതായ വസ്തുക്കളുടെ ഇനംതിരിച്ചുള്ള വിലയും കൂടി അപേക്ഷയിൽ കാണിച്ചിരിക്കേണ്ടതാണ്."

൭൯-ാം വകുപ്പിൽ ൭-ം ഉപവകുപ്പിനെ അടിസ്ഥാനമാക്കി നോക്കുന്നതായാൽ ഈ ഭേദഗതികൾ അനാവശ്യമെന്നു തോന്നുന്നതാണ്; ൭-ാം ഉപവകുപ്പ് ഇപ്രകാരമാകുന്നു:—

"മരിച്ചവന്റെ സ്വത്തിന്റെ ഏതെങ്കിലും ഒരു ഭാഗം വേറെ ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ അധികാരപരിധിക്കുള്ളിലാണെന്നു അപേക്ഷക്കാരൻ അപേക്ഷയിൽ കാണിച്ചിട്ടുണ്ടെങ്കിൽ, അപേക്ഷയുടെ ഒരു പകർപ്പ് ആ ഡിസ്ട്രിക്ട് ജഡ്ജി മറെറ ജഡ്ജിക്കയക്കുകയും ആ ജഡ്ജി അതിനെ തന്റെ കോർട്ടിൽ വന്നതായ ഒരു അപേക്ഷയെ ഏല്പിക്കുകാരം ചെയ്യുമോ അതുപോലെ പരസ്യം ചെയ്യുകയും ചെയ്യുക. അപ്രകാരം പരസ്യം ചെയ്യുവിവരത്തിനെ സാക്ഷ്യപ്പെടുത്തി ആ ജഡ്ജിക്ക് ജഡ്ജിയെ മടക്കിക്കൊടുത്തേണ്ടതാകുന്നു."

അതായതു ഒരു പ്രത്യേക ഡിസ്ട്രിക്ടിലുള്ള ജഡ്ജിക്ക് മരിച്ചയാളിന്റെ സ്വത്തുക്കൾ വേറെ ഒരു ഡിസ്ട്രിക്ടിൽ ഉണ്ടെങ്കിൽ ഏതു ജഡ്ജിക്കു അപേക്ഷ കൊടുത്തുവോ ആ ജഡ്ജി അപേക്ഷയുടെ ഒരു പകർപ്പിനെ മറെറ ജഡ്ജിമാർക്ക് അയച്ചു അവർ മുഖാന്തിരം എതുകക്ഷികൾക്ക് തക്കതുണ്ടോ എന്നു നിശ്ചയിക്കേണ്ടതുണ്ട്. അപ്രകാരം ഒരു നിബന്ധനയിരിക്കട്ടെ, എന്റെ ഭേദഗതിപ്രകാരം ഒരു നിബന്ധന ൭-ം ൯-ം വകുപ്പുകളുടെ അവസാനത്തിൽ ചേർക്കണമെന്നു. ഒരു അപേക്ഷയിൽ മനഃപൂർവ്വമായോ, അറിവില്ലായ്മയോ മരിച്ചവന്റെ മറെറ ഡിസ്ട്രിക്ട്കളിൽ ഉള്ള വസ്തുക്കളെ ചേർക്കാതെ ഇരുന്നാൽ ജഡ്ജി അപ്രകാരം ഒന്നും, രേണാധികാരപത്രമോ കൊടുക്കുന്നതും അദ്ദേഹത്തിനു മറെറ ഡിസ്ട്രിക്ടിൽ ഉള്ളതായ വസ്തുക്കളെപ്പറ്റിയാതൊന്നിനും ഇല്ലാതെ വരാനിടയുള്ളതുമാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഞാൻ ആ ഭേദഗതിയെ പിൻതാങ്ങുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അതിനെ അനുകൂലിക്കുന്നു.

അദ്ധ്യക്ഷൻ: ഭേദഗതിയെ മുൻപെ തന്നെ അനുകൂലിച്ചു കഴിഞ്ഞു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഡെപ്യൂട്ടി സെക്രട്ടറി വകയിൽ): വാചകഭേദഗതിക്ക് വേണ്ടി ചില വ്യത്യാസങ്ങളോടുകൂടി ഭേദഗതിയെ അനുവദിക്കുന്നതിനു എനിക്ക് വിരോധമില്ല. അപേക്ഷയിൽ

ക്കൂട്ടത്തലായി കാണിക്കണം'' എന്നുള്ളതിനെ വിട്ടുകളഞ്ഞാൽ കൊള്ളാം. നൂന.ാം വകുപ്പിൽ ഫ.-ാമത്തെ ഉപവകുപ്പ് ഇപ്രകാരമാകുന്നു:—'ഈ വിവരങ്ങൾക്കും പുറമെ'' (എ) ഡിസ്ട്രിക്ട് ജഡ്ജിക്കുള്ള അപേക്ഷയിൽ ജഡ്ജിയുടെ അധികാരപരിധിയിൽ മരിച്ചയാളിനു വീടുണ്ടായിരുന്നു എന്നും അവിടെ വസ്തുക്കൾ ഉണ്ടായിരുന്നു എന്നും മറവും'' കൂടി കാണിക്കേണ്ടതാണ്.''

അതുകൊണ്ടു പുതിയ ഉപവകുപ്പിൽ ''അപേക്ഷയിൽ കൂട്ടത്തലായി കാണിക്കണം'' എന്നുള്ള വാക്കുകളെ ഉൾപ്പെടുത്തിക്കേണ്ട ആവശ്യമില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ ഹാജരാക്കിയഭേദഗതിയിൽ ''അപേക്ഷയിൽ കൂട്ടത്തലായി കാണിക്കണം'' എന്നുള്ള വാക്കുകളെ വിട്ടുകളയുന്നത് എനിക്കു സമ്മതമാണ്.

മി: കണ്ണാപ്പം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): ഞാൻ ഭേദഗതിയെ സ്വീകരിക്കുന്നു. ഇപ്പോൾ ഭേദഗതി ഇപ്രകാരമാകുന്നു:—

നൂന.ാം വകുപ്പിനുള്ള ഭേദഗതി താഴെപ്പറയുന്നവയെ ഫ - (സി) ഉപവകുപ്പായി ചേർക്കുക.

''ഡിസ്ട്രിക്ട് ജഡ്ജിക്കു അപേക്ഷകൊടുക്കുമ്പോൾ അപേക്ഷക്കാരന്റെ കൈവശം വരാനിടയുള്ളതായ മറ്റു ഡിസ്ട്രിക്ട്കളിൽ ഉള്ളതായ വസ്തുക്കളും ഓരോ ഡിസ്ട്രിക്ടിലും ഉള്ളവയുടെ സ്വഭാവവും വിലയും.''

നൂ ഭ-ാം വകുപ്പിലുള്ള ഭേദഗതി (ജി) വകുപ്പായി താഴെപ്പറയുന്നതിനെ ചേർക്കുക:—

''ഡിസ്ട്രിക്ട് ജഡ്ജിക്കു അപേക്ഷകൊടുക്കുമ്പോൾ അപേക്ഷക്കാരന്റെ കൈവശം വരാനിടയുള്ളതായ മറ്റു ഡിസ്ട്രിക്ട്കളിൽ ഉള്ളതായ വസ്തുക്കളും ഓരോ ഡിസ്ട്രിക്ടുകളിൽ ഉള്ളവയുടെ സ്വഭാവം വിലയും''

ഭേദഗതിപോട്ടിനിട്ടു അനുവദിക്കപ്പെട്ടു.

വകുപ്പുകൾ നൂന മുതൽ ഭ വരെ.

വകുപ്പുകൾ നൂന മുതൽ ഭ വരെ പോട്ടിനിട്ടു പാസ്സാക്കപ്പെട്ടു.

ആ വകുപ്പുകൾ ബില്ലിനോടു ചേർത്തു.

ഭ ഫ-ാം വകുപ്പ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഭ ഫ-ാം വകുപ്പിൽ താഴെ പറയുന്ന ഭേദഗതി ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഫ-ാ മത്തെവരിയിൽ 'താഴെ' എന്നുള്ളതിനു ശേഷം 'അല്ലെങ്കിൽ താഴെ പറയുന്ന അർത്ഥം വരത്തക്കവിധത്തിൽ' എന്നു ചേർക്കണം.

ഭേദഗതിയുടെ ഉദ്ദേശം ഇതാകുന്നു. ഉപേക്ഷയായൊ മറവു വല്ലകാരണത്തായൊ അപേക്ഷ ഇവിടെ കൊടുത്തിരിക്കുന്ന ഫാറത്തിൽ അല്ലാതെയിരുന്നാൽ അത് അപേക്ഷയല്ലാതാകുന്നതിനു ഒരു കാരണമായിത്തീരരുത്. അപേക്ഷ ഇവിടെ കാണിച്ചിരിക്കുന്ന ഫാറത്തിനോടു ഏകദേശം യോജിച്ചിരുന്നാൽ അതു തന്നെ കേടില്ലെന്നു വിചാരിക്കണം. വകുപ്പിന്റെ ഇപ്പോഴത്തെ സ്ഥിതി വളരെ സാങ്കേതികമായിട്ടുള്ള തോന്നുണ്ട് വകുപ്പിനെ കൂടുതൽ വ്യാപ്തിപ്പെടുത്തുന്നതിലേക്കും അനാവശ്യമായ കാലതാമസം കൂടാതെ ഇരിക്കുന്നതിലേക്കും വേണ്ടിയാണു അപേക്ഷകരായ്മോഡങ്ങളെ സംബന്ധിച്ചു മാത്രം ഫാറപ്രകാരമായിരുന്നാൽ മതിയെന്നു ഞാൻ അഭിപ്രായപ്പെടുന്നതു്.

മി: ജി. നാരായണപിള്ള (തിരുവല്ല): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: കണ്ണാപ്പം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): സർ, ഭ ഫ-ാം വകുപ്പിൽ അവസരോചിതംപോലെ ഫാറം ഉപയോഗപ്പെടുത്തിയാൽ മതിയെന്നു പ്രത്യേകം പറഞ്ഞിട്ടുള്ള സ്ഥിതിക്കു ഭേദഗതിയുടെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. വകുപ്പു വളരെ വ്യാപ്തിയുള്ളതാണ്. മൈസൂർ, കൊച്ചി, ഇംഗ്ലണ്ടു, മുതലായ സ്ഥലങ്ങളിലും മറവും ഇതു തന്നെയാണ് വകുപ്പു, ആക്ഷേപം ഉണ്ടെന്നുള്ള വിവരത്തിനു പ്രത്യേകം നോട്ടീസു കൊടുക്കണമെന്നു കണ്ടിച്ചിട്ടുള്ളതു് ഇതിനു ഒരു പ്രത്യേക രക്ഷയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): നൂ ഭ-ാം വകുപ്പിലും ഇപ്രകാരം പറഞ്ഞിട്ടുണ്ടെല്ലൊ.

മി: കണ്ണാപ്പം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): എന്നാൽ ഇവിടെ ''അവസരോചിതമായിരുന്നാൽ'' എന്നുള്ളതു് ധാരാളം മതിയാകും.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ ഭേദഗതിയെ പിൻവലിച്ചു കൊള്ളുന്നു.

അദ്ധ്യക്ഷൻ: വകുപ്പുകൾ ഭ ഫ മുതൽ ഭനു വരെ ബില്ലിനോടു ചേർത്തായി ഞാൻ വിചാരിച്ചു കൊള്ളട്ടെയൊ.

ഭേദഗതിപ്രകാരം വകുപ്പുകൾ ബില്ലിനോടു ചേർക്കപ്പെട്ടു.

വകുപ്പുകൾ ഭ ര മുതൽ ഭന്നു വരെ.

താഴെപറയുന്ന ഭേദഗതികൾ ഹാജരാക്കിയില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഭ ര-ാം വകുപ്പിൽ നു-ാംവരിയിൽ ''ആവാം എന്നും ''മാറുക'' എന്നും ഉള്ളതിനിടയിൽ ''അയാൾക്കു യുക്തമെന്നു തോന്നുന്ന എങ്കിലും' എന്നുള്ള വാക്കുകളെ ഉൾപ്പെടുത്തുക.

അദ്ധ്യക്ഷൻ: ഭ ര മുതൽ ഭന്നു വരെയുള്ള വകുപ്പുകൾ ബില്ലിനോടു ചേർക്കാമൊ എന്നാണ് ചോദ്യം.

ചോദ്യം വോട്ടിനിട്ടു വകുപ്പുകൾ ബില്ലിനോടു ചേർക്കുകയും ചെയ്തു.

ഭ ഭ-ാം വകുപ്പ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, താഴെ പറയുന്ന ഭേദഗതി താഴ്മയായി ഞാൻ ഹാജരാക്കികൊള്ളുന്നു:—

താഴെപറയുന്നവയെ ഭ ഉ-ാം വകുപ്പിൽ ഒടുവിലത്തെ ഖണ്ഡിക ആയി ചേർക്കുക.

''ഏതിലധികം, ഇതിനുമുൻപുള്ള വകുപ്പുകളിലെവിടെ എന്തുതന്നെ അടങ്ങിയിരുന്നാലും മരണശാസനത്തിൽ അപേക്ഷിച്ചിരിക്കുമാറോ അപേക്ഷപാഹ്നമായോ ഉള്ളതായ ഏതെങ്കിലും കാര്യങ്ങൾ ഉണ്ടായിരുന്നാൽ അവ മരണശാസനത്തെ കോടതിയുടെ അഭിപ്രായത്തിൽ ഉൾവലിപ്പെടുത്തുകയില്ലെന്നു തോന്നുന്നപക്ഷം ഇട്ടിരിക്കുന്നതായ പകർപ്പിൽ കാണിക്കുന്നതിനു അനുവദിക്കാൻ പാടില്ലാത്തതാകുന്നു.''

ഈ ഭേദഗതി സ്വീകരിക്കുന്നതിനുള്ള കാരണങ്ങൾ ഞാൻ ഇതിനുമുമ്പു തന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ ഇപ്പോൾ കൂടുതലായി ഒന്നും തന്നെ പറയേണ്ടതില്ലെന്നു വിചാരിക്കുന്നു. അതുകൊണ്ടു ഭേദഗതി വരിച്ച ഭിവാളത്തിനെടുക്കുന്നു സഭ അതിനെ അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി: ഡപ്യൂട്ടിസ്പീക്കർ (ജഡ്ജി, മാടൻപിള്ള മജിസ്ട്രേറ്റ്): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഡെപ്യൂട്ടി പ്രോസിക്യൂട്ടർ): സർ, സംഗതിവിഷയമായ ഭേദഗതിയെ നിശ്ശേഷമായിട്ടും ഭേദഗതി അംഗീകരിക്കണമെന്നു ഞാനുൾപ്പെടെ ഏതാണെന്നു നിശ്ചയിക്കുവാൻ വഹിയില്ലാത്തതുകൊണ്ടും എനിക്കു ഭേദഗതി അംഗീകരിക്കുവാൻ സാധിക്കയില്ല. ഭരണകർത്തിക്കമായ സംഗതികൾ പരസ്യപ്പെടുത്തുന്നതിനു പ്രത്യേക വ്യവസ്ഥകളുണ്ടെന്നുള്ളതു ഞാൻ ഗ്രഹിക്കുന്നു; എന്നാൽ ഈ പ്രത്യേകനടപടിക്രമത്തിൽ മജിസ്ട്രേറ്റിന്റെ മുമ്പിൽ സാക്ഷികളെ വിസ്തരിക്കുന്നതിനു പ്രത്യേക വ്യവസ്ഥയുണ്ടെന്നു ഞാൻ ഗ്രഹിക്കുന്നു. ഈ വിഷയത്തിൽ അടങ്ങിയ സംഗതികളെയും അതു മിഴുതിയിരിക്കുന്ന വിധത്തിലുള്ള വ്യവസ്ഥയും നോക്കുമ്പോൾ അതു കൂടുതൽ വ്യക്തമായിട്ടുള്ളതാണെന്നും അതിൽ പ്രസ്തുതവിഷയത്തിനു പ്രത്യേകമായ വ്യവസ്ഥയുണ്ടെന്നും അതുകൊണ്ടു അതിൽ അടങ്ങിയ കാര്യങ്ങളുടെ വ്യവച്ഛേദനത്തെപ്പറ്റിയാണു നാം ആലോചിക്കേണ്ടതെന്നും ഞാൻ ഗ്രഹിക്കുന്നു. അതുകൊണ്ടു ഭേദഗതിയെ അല്ലെങ്കിൽ എനിക്കുള്ളതായതിനെപ്പറ്റിയോ മേൽപറഞ്ഞ നിയമത്തിന്റെ പൊതുവായുള്ള സ്വഭാവത്തെപ്പറ്റിയോ അധികം പറയേണ്ട ആവശ്യമില്ല. ഒരുകാര്യം അനാവശ്യമായിട്ടുള്ള വാക്കുകളാകട്ടെ തർജ്ജിമയിലുള്ള തെറ്റുകളാകട്ടെ ഒരു നിയമത്തിനു ഭേദഗതി ചെയ്യുമ്പോൾ അതിനെ അസാധുവാക്കുന്നതിനുള്ള കാരണങ്ങളായിട്ടില്ല. ഭേദഗതിയുടെ അഭിപ്രായങ്ങളെ മാനിക്കുന്നതുകൊണ്ടു പിന്നിട്ടു പ്രായോഗികമായ അവശ്യം നോട്ടീസിൽ വ്യവഹരിക്കുന്നതിന് കോടതി പക്ഷപാതമുള്ളതായിട്ടില്ല. അപ്രകാരമുള്ള ഒരു കോടതി തള്ളിക്കളഞ്ഞ രീതിയെ ഭരണാധികാരത്തെ ഒരിക്കലും വിധത്തിൽ വ്യവഹരിക്കുന്നതിനു ആവശ്യമാണെന്നു അഭിപ്രായപ്പെടുകയുണ്ടായി.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനു വേണമെങ്കിൽ ഒരു ഭേദഗതി മൂവ്ചെയ്യാം എന്നു തോന്നുന്നില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഡെപ്യൂട്ടി പ്രോസിക്യൂട്ടർ): അതിനെ എടുക്കാതെ വരികിലും അതിനെ തോൽക്കുന്നതിനു മുമ്പായി പ്രൊബേറിന് ഇട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ അതിനെ കോടതിയിൽ ഹാജരാക്കിയാൽ സ്വീകരിക്കുന്നതല്ല. ഒരാളുടെ മരണശാസനം ഉടയവനെ പ്രൊബേറിൽ ചേർക്കണം. എന്നാൽ മരണശാസനമല്ലാതെതന്നെയും ചേർക്കുന്നുണ്ടു. അപേക്ഷിതിച്ചിരിക്കുന്നയാൾ ആക്ഷേപപാർഹമായോ ആയിട്ടുള്ള കാര്യങ്ങളും അതെഴുന്നതിനുള്ള ഉദ്ദേശത്തിനു ഒരു മരണശാസനത്തിൽ എഴുതി എന്നു വരികയില്ല.

മി: പി. കെ. നാരായണപിള്ള: ഒരു രാസധർമ്മം പ്രസ്താവിക്കുന്നുണ്ടല്ലോ, അതിനെ പോലെ ഒരു അസാധാരണകാര്യം കൂടെ ചേർക്കേണ്ടിയിരിക്കുന്നു. അതിനാൽ ഞാൻ പറയുന്നതെന്തെന്നാൽ ഈ ക്ഷേപകരമായ വാചകങ്ങൾ മരണശാസനത്തിന്റെ ഫിറവും ആവശ്യമായ ഭാഗമാണെന്നു വ്യവച്ഛേദിക്കുന്നതു കോടതിക്കു തോന്നിയേക്കാമെന്നു ഞാൻ പേടിക്കുന്നു. ആ കോടതിക്കു ആവശ്യമുള്ള ഭാഗങ്ങൾ നാം വിട്ടുകളയരുതു്, നേരെമറിച്ചു വാചകങ്ങൾ വസ്തുക്കളെ സംബന്ധിച്ചു തീരെ ആവശ്യമില്ലാത്തതാണെങ്കിൽ അതു് ഒരു മരണശാസനമല്ല. എന്തെന്നാൽ മരണശാസനത്തിലുള്ള വാചകങ്ങൾ വസ്തുക്കളെ സംബന്ധിച്ചുവയിരിക്കേണ്ടതാണു്, അതൊരു മരണശാസനമല്ലെങ്കിൽ പക്ഷെ അവയെ വെട്ടിക്കളയുന്നതിനുള്ള അധികാരം കോടതിക്കുണ്ടായിരിക്കും. അതുകൂടാതെ കോടതിക്കുള്ള അധികാരത്തെ അടിസ്ഥാനപ്പെടുത്തിയല്ലാതെ വേറെ ഒരു നിബന്ധനയും ഇംഗ്ലീഷ് ചട്ടങ്ങളിൽ ഇല്ല. അതുകൊണ്ടു മനോമതമായി ഈ ഭേദഗതി അതു ഒരുണ്ടാക്കുന്നതല്ലാതെയും ഭേദഗതിയായി ആവശ്യമില്ലാത്തതുമാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോടതിക്കു സ്വയമേവതന്നെ അധികാരമുണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഡെപ്യൂട്ടി പ്രോസിക്യൂട്ടർ): ഞാൻ അപ്രകാരം പറഞ്ഞിട്ടില്ല. ആ വാചകങ്ങൾ മരണശാസനത്തിന്റെ സ്ഥിതിക്ക് അത്യാവശ്യവും ആക്ഷേപകരവും അനാവശ്യവുമാണെങ്കിൽ അതു് ഒരു മരണശാസനമല്ലെന്നു പറഞ്ഞു കോടതി അതിനെ നിരാകരിക്കുന്നതാണു്, എന്നാണു അതു സ്വത്തിനെ സംബന്ധിച്ചുള്ള ഉയിർപത്രമാണെങ്കിൽ അതിലെ വാക്കുകൾ എത്രതന്നെ ആക്ഷേപകരമായിരുന്നാലും അതിനെ വരികിലും അതിനെ മരണപത്രത്തിന്റെ ഭാഗമായിട്ടു നടപ്പിക്കേണ്ടതാണു്. അപ്രകാരമുള്ള വാക്കുകൾ മരണപത്രത്തിൽ ഉണ്ടെങ്കിൽ അതിനെ പ്രൊബേറിൽ ചേർക്കുന്നതിനു തരക്കേടുതാണെന്നുള്ളതിനു കാരണം ഞാൻ കാണുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനു മറുപടിയായി ഒരു വാക്കുമാത്രമെ എനിക്കു പറയാനുള്ളു. അനാവശ്യവും അപകീർത്തികരവുമായ വാചകങ്ങളെ പരസ്യപ്പെടുത്തുന്നതിനെ തടയുന്നതിനു കോടതിക്കു അധികാരമുണ്ടെന്നു എന്റെ സ്നേഹിതൻ പറയുന്നു. അതുകൊണ്ടു ഞാൻ ഹാജരാക്കിയ വക്കീലിനു പുത്തനായിട്ടുള്ളതല്ലെന്നു അദ്ദേഹം സമ്മതിക്കയും ചെയ്യുന്നു. പിന്നീടു ഉയിർപത്രത്തിനെ വ്യവച്ഛേദിക്കുന്നതിനുള്ളതുമായ പ്രൊബേറുകോർട്ടിനിഷ്ടപ്പെടുന്നു അദ്ദേഹം പറയുന്നു. ഞാൻ അതു ഒരിക്കലും പറഞ്ഞിട്ടില്ല. കോടതിക്കു ഖാന്തിരം അപകീർത്തികരമായ സംഗതികളെ പരസ്യപ്പെടുത്തുന്നതിനെ തടയുന്നതിനുള്ള അധികാരം കോടതിക്കു സ്വയമേവതന്നെ ഉണ്ടു്. എന്റെ സ്നേഹിതൻ മരണപത്രികക്കാരന്റെ ഉയിർപത്രത്തിൽ അടങ്ങിയകാര്യങ്ങളെപ്പറ്റി വളരെ ഉത്സാഹപൂർവ്വം വാദിക്കുന്നുണ്ടു്, അങ്ങിനെയാണെങ്കിൽ ഓരോരുത്തരും തന്റെ മരണപത്രത്തിൽ അപകീർത്തികരമായ കാര്യങ്ങളും എഴുതാതിരിക്കുന്നതിനു് സന്മനസ്സുള്ളവരായിരിക്കട്ടെ. അതു ഒരു പ്രതിവിധിയായിത്തീർന്നിരുന്നതാണു്. അതു് എന്റെ ഭേദഗതിക്കു എതിരായി കൊണ്ടുവന്നിട്ടുള്ളതുമാകുന്നു. അതു് ഉയിർപത്രക്കാരന്റെ മനസ്സിനെ അപകീർത്തികരമായ കാര്യം എഴുതുന്നതിൽനിന്നു തടയുന്നതിനു ഒരു ഉപകരണമാകുന്നതാകുന്നു. അപ്രകാരമുള്ള സംഗതികളെ ചൂണ്ടിക്കാണിച്ചിട്ടു ഇങ്ങനെയുള്ള അഭിപ്രായമുണ്ടെങ്കിൽ അപകീർത്തികരവും ആക്ഷേപാർഹവുമായിട്ടുള്ള കാര്യങ്ങളും പ്രൊബേറുകോടതിയും മറ്റു കോടതികളും അതിനെ പേടിക്കുമെന്നും വരുന്നതുകൊണ്ടു്. 'കോർട്ടിന് ആയാം' എന്നുള്ളതു കോടതിയെ സഹായിക്കുന്നതായ ഒരു വകുപ്പുമാത്രമാകുന്നു.

സർ, തിരുവനന്തപുരത്തിൽ നാം ആഭ്യന്തരമായി പ്രൊബേഷനും അഡ്മിനിസ്ട്രേഷനും നടത്തുന്നതിനായി ഒരു ചട്ടം ഏർപ്പെടുത്താൻപോകുന്നതുകൊണ്ടു ഇപ്പോഴാണുള്ള ഒരു വകുപ്പു ചേർക്കുന്നതു ഉചിതമാകുമെന്നു കരുതുന്നു. സെക്രട്ടറിയേറ്റിലെയും സബോർഡിനേറ്റുകളുടെയും ആളുകൾ അവരുടെ അവസാനത്തെ ഉയർച്ചയുടെ അവസരത്തിൽ അവരുടെ മനസ്സിലുള്ള ചിന്തകൾ പുറത്തുവെളിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതായിരിക്കും. അതിനെ തടയുന്നതിന് ഈ വകുപ്പ് ആവശ്യമുണ്ടെന്നാണ് ഞാൻ പറയുന്നത്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറിക്കുവേണ്ടി): സർ, അല്പം ഒരു മിതൃയെയിട്ടുള്ള സങ്കടമാണെന്നാണ് എനിക്കു തോന്നുന്നത്. മരണപത്രത്തിന്റെ ഉപയോഗം വേണ്ടി, ആക്ഷേപാർഹമായ മാർഗ്ഗങ്ങൾ ആവശ്യമുള്ളപക്ഷം, ആവശ്യമുള്ളപക്ഷം, ആവശ്യമുള്ളപക്ഷം,

മരിച്ചയാളിന്റെ നിയമപ്രകാരമുള്ള പ്രതിനിധിയുടെ പേരിൽ മരണശാസനം ഉണ്ടെന്നുള്ള വിവരം അറിയാതെ ഒരുകടക്കാരൻ പണംകൊടുത്തു കടംവീട്ടുന്നതുമൂലം ആകടം തീർന്നതായി വിചാരിക്കേണ്ടതാകുന്നു."

അഡ്വക്കേഷൻ: കവൻമെന്റ് കരവിഭാഗം വകുപ്പുകൾ അനുവദിച്ചുതരുവാനും അവയെ ബില്ലിനോടു ചേർക്കുന്നതിനു സമ്മതിച്ചുതരുവാനും ഞാൻ വിചാരിക്കുന്നു.

പ്രമേയം അനുവദിച്ചതും വകുപ്പുകൾ ബില്ലിനോടു ചേർക്കപ്പെട്ടതും ചെയ്തു.

വകുപ്പ് 4 & 5.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): 4-ാം വകുപ്പിന്റെ ഭേദഗതി ആയിട്ടു താഴെപറയുന്നതിനെ ചേർത്തൽകൊള്ളാം

"കൊഹക്കോടതി ഇതിനെസംബന്ധിച്ചു ഉണ്ടാക്കുന്ന ചട്ടപ്രകാരം ഈ വ്യവഹാരം അനുസരിച്ചു ഉണ്ടാകാവുന്ന കേസുകളുടെ നടപടിച്ചിലവു മരിച്ചആളിന്റെ സ്വത്തുക്കളിൽനിന്നോ കക്ഷിയിൽനിന്നോ കൊടുക്കുന്നതിനു ആജ്ഞാപിക്കുന്നതിനു കോടതിക്കു അധികാരമുണ്ടായിരിക്കുന്നതാകുന്നു."

പ്രൊബേറിനെസംബന്ധിച്ചനടപടികളിലും, ടർണ്ണധികാരപത്രം അനുവദിക്കുന്ന നടപടികളിലും, മരിച്ചആളിന്റെ സ്വത്തുക്കളിൽ, ഇപ്പോൾ കൊടുക്കുന്ന ഉയിൽ പത്രപ്രകാരം കേസിൽ ഉൾപ്പെടുന്ന മറ്റാളുകളുടെ ചിലവിന് ഉത്തരവാദിത്വം എന്നുള്ള സംശയത്തിനു ചിലപ്പോഴും ഇടയാകാറുണ്ട്. അതുപലപ്പോഴും കോടതിക്കു സംശയത്തിനു കാരണമാകാതെകഴിയുകയും ക്രിമിനൽ ആക്ടിൽ നിർദ്ദേശിച്ചതുപോലെ യാതൊരു നിബന്ധനയും ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു ചിലവു അനുവദിക്കുന്നതിനു ചട്ടത്തിൽ യാതൊരു വകുപ്പുമില്ലെന്നു ബോംബെ കൊഹക്കോടതി പ്രസ്താവിച്ചിട്ടുള്ളതും ആ വക നടപടികൾക്കും പലവക ഇനത്തിൽ ചേർത്തു ചിലവു അനുവദിക്കാവുന്നതുമാകുന്നു.

ഇംഗ്ലണ്ടിൽ ചിലവിനെ കുറച്ചുപ്പെടുത്തുന്ന ഒരു നിയമം ഏർപ്പെടുത്തിയിട്ടുണ്ട്. ചിലവു മരിച്ചയാളിന്റെ സ്വത്തിൽ നിന്നും കൊടുക്കേണമെന്നുള്ള കോടതിക്കു തോന്നിയാൽ ആയതു അനുവദിക്കുന്നതിനു കോടതിക്കു അധികാരമുണ്ടായിരിക്കണം. കോർട്ടിൽ പതിനേഴു കേസിനെ കൈകാര്യം ചെയ്യുന്ന കക്ഷിയോ, കേസു ആയിതുടങ്ങുന്ന കക്ഷിയോ മറുകക്ഷിക്കു ചിലവു കൊടുക്കുന്നതിനു ആജ്ഞാപിക്കുന്നതിനു കോടതിക്കു അധികാരമുണ്ടായിരിക്കണം. കക്ഷികൾ തമ്മിലുള്ള ചിലവിനും കക്ഷികളും വക്കീലും തമ്മിലുള്ള ചിലവിനും വേണ്ട നിബന്ധനകൾ റഗുലേഷൻ പ്രകാരം കോടതി തന്നെ നിശ്ചയിക്കേണ്ടതാണ്. അതുകൊണ്ടു ചിലവിനെ നിയന്ത്രിക്കുന്നതിനുള്ള അധികാരം കൊഹക്കോടതിക്കു കൊടുക്കേണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്റെ സ്നേഹിതനു വിരോധമില്ലെങ്കിൽ ഞാൻ എന്റെ ഭേദഗതിയെ ഹാജരാക്കിക്കൊള്ളുന്നു.

മി: കൊണ്ടിപ്പുള്ളിൽ രാമൻ പിള്ള (കൊല്ലം): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: കുട്ടിമാളു പരമേശ്വരൻ പിള്ള (അഡീഷണൽ ഫൈഡ് സബ്ജക്ട് വക്കീൽ): സർ, 3-ാം വകുപ്പിൽ താഴെ പറയുന്നതു പോലെ തിരുത്തിച്ചിട്ടുള്ളതു കൊണ്ടു ഭേദഗതി ആവശ്യമില്ലെന്നു എനിക്കു തോന്നുന്നു.

"തന്റെ കോടതിയിൽ ഉള്ളതായ സിവിൽ കേസുകളേയും, മറ്റു നടപടികളേയും സംബന്ധിച്ചുള്ളതെന്തെല്ലാം അധികാരങ്ങളും ഒരു ഡിസ്ട്രിക്ട് ജഡ്ജിക്കുണ്ടോ അവയെല്ലാം പ്രൊബേറും ഭരണാധികാരപത്രവും അനുവദിക്കുന്നതിനുള്ള കേസുകളേ സംബന്ധിച്ചും ഡിസ്ട്രിക്ട് ജഡ്ജിക്കുണ്ടായിരിക്കുന്നതാണ്."

അതുകൊണ്ടു പ്രൊബേറും കോർട്ടിനു സിവിൽ കേസിലുള്ള സകല അധികാരങ്ങളും ഉണ്ടായിരിക്കുന്നതും സിവിൽ പ്രൊസീഡുവർ കോഡു നടപടി വകുപ്പിൽ താഴെ പറയുന്നതു പോലെ തിരുത്തൽ ചെയ്തിട്ടുള്ളതുമാകുന്നു.—

"മേലാൽ ഉണ്ടാകാവുന്ന വ്യവസ്ഥകളെയും നിബന്ധനകളെയും അടിസ്ഥാനപ്പെടുത്തിയും നിലവിൽ ഇരിക്കുന്ന ചട്ടങ്ങളിലെ വകുപ്പുകളെ അനുസരിച്ചും ചിലവുകൾ നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം കോടതിക്കുണ്ടായിരിക്കുന്നതും ആകുന്നു, ചിലവു എന്നാണെന്നും, ആരുടെ സ്വത്തിൽ നിന്നു ഈടാക്കണമെന്നും ഏതുപ്രകാരം ഈടാക്കണമെന്നും തീരുമാനിക്കുന്നതിനും മുൻപു പറഞ്ഞതുപോലെ ഉള്ളതായ അധികാരം കോടതിക്കു ഉണ്ടായിരിക്കുന്നതാണ്. കേസുസ്ഥിരീകരിക്കുന്നതിനുള്ള അധികാരം കോടതിക്കില്ലെന്നുള്ള കാരണം ഈ വക അധികാരങ്ങളെ ഉപയോഗിക്കുന്നതിനു പ്രതിബന്ധമായി വരാൻ പാടില്ലാത്തതുമാകുന്നു.

അതുകൊണ്ടു നാലാം വകുപ്പുപ്രകാരം ഉള്ള അധികാരം ഒന്നാം വകുപ്പു പ്രൊബേറും കോടതിക്കു അനുവദിക്കുന്നു എങ്കിൽ ഉദ്ദേശം സാധിച്ചിരിക്കുന്നു. കൊഹക്കോർട്ടിനു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു അധികാരമുണ്ട് സിവിൽ പ്രൊസിഡ്യൂർ അനുസരിച്ചാണ് ചട്ടങ്ങൾ നിർമ്മിച്ചിട്ടുള്ളതെങ്കിൽ അവയെ സഭയ്ക്കു പുനരാലോചനയ്ക്കെടുക്കാവുന്നതാണ്. ഭേദഗതി അനുസരിച്ചു ചട്ടം ഉണ്ടാക്കുകയാണെങ്കിൽ അവയെ പുനരായിട്ടെടുക്കുന്നതിനു സഭയ്ക്കു സാധിക്കുന്നതല്ല. അതുകൊണ്ടു മിസ്റ്റർ നാരായണപിള്ളയുടെ ഭേദഗതി അവശ്യമില്ലെന്നു എനിക്കു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ വളരെ വ്യസനിക്കുന്നു, സർ, ഫാജൂക്കിയുടെ ഭേദഗതിയുടെ ഉദ്ദേശം എന്തെന്നു എന്റെ സ്നേഹിതൻ മറന്നു പോയി. ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഈ വകുപ്പു തന്നെ വാദപ്രതിവാദത്തിനു ഇടയാക്കീട്ടുണ്ടു. കേസുകളിൽ ചിലവു നിശ്ചയിക്കുന്നതിനു അധിസ്ഥാനം ഉണ്ടു, കേസു കൊടുക്കുന്നതിനുള്ള ചിലവു തന്നെയാണ് അതിന്റെ പ്രധാനഭാഗം, ഇക്കാര്യത്തിൽ അപ്രകാരം ഒരു അടിസ്ഥാനം ഇല്ല. വാങ്ങുവാൻ സൌകര്യമേറിയവരും വിവാസ്പദക്കാരും വളരെ വിലയേറിയവരുമായിരിക്കും. അപ്രകാരമുള്ള ഒരു കേസിൽ അവയെ തിരുവിതാംകൂറിലെ കോടതികളിൽ പലവക കേസായി തീരുമാനിക്കണമോ വേണ്ടയോ എന്നാണ് തീരുമാനിക്കാനുള്ളതു. അതിനെ ഒരു പലവക കേസായിട്ടു തീരുമാനിക്കുവാൻ അധികാരമുള്ളതല്ലോ എന്നു ബോംബെ കൊഹക്കോടതി ചൂണ്ടിക്കാട്ടിട്ടുണ്ട്. അപ്രകാരമിരിക്കെ പ്രൊബേറും സംബന്ധിച്ചു വിലയേറിയ സ്വത്തുക്കളും അടങ്ങിയ കേസുകളും വന്നാൽ ചിലവിനെ സംബന്ധിച്ചു ചട്ടങ്ങൾ നിർമ്മിക്കുന്നതിനു കൊഹക്കോടതിയോടാവശ്യപ്പെടേണ്ടതാണ്. അതാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം. അപ്രകാരം ഒരു നിബന്ധന വേണമെന്നു എനിക്കു തോന്നുകയും എന്റെ ഭേദഗതി അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇപ്പോൾ ചിലവിനെപ്പറ്റി ചട്ടങ്ങളും ഉണ്ടാക്കുന്നതിനു ഹൈക്കോടതിക്കു വേണ്ടതായ അധികാരം ഉണ്ടു. എന്നാൽ തത്കാലത്തിനും ഭേദഗതിക്കും തമ്മിൽ വളരെ വ്യത്യാസങ്ങളും ഒന്നു മില്ലാത്തതു കൊണ്ടു സഭയ്ക്കു അതിനെ അംഗീകരിക്കണമെന്നു തോന്നുന്നപക്ഷം എനിക്കു വിരോധമില്ല.

ഭേദഗതി സഭ അംഗീകരിച്ചു.

പ്രസ്തുത വകുപ്പു ഭേദഗതിയോടുകൂടി വോട്ടിനിട്ടു ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പുകൾ ൪ മുതൽ ൭ വരെ

വകുപ്പുകൾ ൯ മുതൽ ൧൨ വരെ ബില്ലിൽ ചേർക്കണമെന്നു വോട്ടുചെയ്തു അനുമതി നൽകി

വകുപ്പുകളും ബില്ലും ചെയ്തു

പ്രതിയ വകുപ്പുകൾ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പറയുന്നതിനെ ബില്ലിന്റെ അവസാനം വകുപ്പായി ചേർക്കുക. —

"ഈ റഗുലേഷനിലെ യാതൊരുവകുപ്പുകളും തിരുവിതാംകൂർ വിൽസ് റഗുലേഷനോടു (ഈ ഭേദഗതിച്ചട്ടം റഗുലേഷൻ) യോജിക്കുന്നില്ലയോ അതിനു കടകവിരുദ്ധമായോ ഈ റഗുലേഷനാൽ റദ്ദുചെയ്യപ്പെട്ടതായി വിചാരിക്കേണ്ടതാണ്."

ഈ ഭേദഗതിയെ കൂടെക്കൂടി വ്യക്തമാക്കേണ്ടതിലേക്കായി എന്നു ഞാൻ നിർദ്ദേശിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറി): ഇനിയും അല്പം ഇടകലർന്നിരിക്കുന്നതായി ഈ വകുപ്പിൽ താഴെ പറയുന്നപ്രകാരം എഴുതിയിട്ടുള്ളതിനെ ചേർക്കുന്നതിനെപ്പറ്റി ഞാൻ അഭിപ്രായപ്പെടുന്നു:—

(എ) ഇതിൽ ഉള്ള യാതൊന്നും, ഒരുവിധത്തിൽ അനുസരിക്കുവാൻ കഴിയാത്തതോ മരണശാസനത്തെയും സാധുവാക്കുന്നതല്ല.

(ബി) മറ്റൊരുതരത്തിൽ സാധുവാണെങ്കിൽ അസാധുവാക്കുന്നതല്ല.

(സി) മറ്റൊരുതരത്തിൽ അവകാശപ്പെടാവുന്ന ജീവനാംശത്തെ ഇല്ലായ്മ ചെയ്യുന്നതല്ല.

ഈ വകുപ്പിനെ സഭ പാസാക്കിയിട്ടുണ്ടു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉദാഹരണമായിട്ടു പറയുകയാണെങ്കിൽ, വിൽസു റഗുലേഷനിലെ ഒടുവിലത്തെ വകുപ്പിൽ അതിൽഉള്ള യാതൊരു വകുപ്പും തിരുവിതാംകൂറിലുള്ള ഐറോപ്യരേയും അമേരിക്കാകാരേയും ബാധിക്കുന്നതല്ലെന്നു പറഞ്ഞിട്ടുണ്ടു്. ഐറോപ്യരേയും അമേരിക്കാകാരേയും പ്രോബേറും അഡ്മിനിസ്ട്രേഷനും റഗുലേഷനും ബാധിക്കുന്നതല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു? വിൽസ്റഗുലേഷൻ അപ്രകാരമുള്ള മരണപത്രങ്ങളെ ബാധിക്കുന്നതല്ല. തിരുവിതാംകൂറിലുള്ള മരണപത്രങ്ങളും വിൽസ് റഗുലേഷൻപ്രകാരം മാത്രമെ രജിസ്ട്രാക്കാൻപാടുള്ളു. ഒന്നുകിൽ മരണപത്രങ്ങളും രജിസ്റ്റർചെയ്യപ്പെടണം, അല്ലെങ്കിൽ സബ്രജിസ്ട്രാരെ ബോധിപ്പിക്കണം അതല്ലെങ്കിൽ റഗുലേഷൻപ്രകാരം തെളിയിക്കണം. ഒരു യൂറോപ്യനാണ് ഒരു മരണപത്രം രജിസ്ട്രാക്കിയതു എന്നു വിചാരിക്കുക, അതിനു തിരുവിതാംകൂറിൽ പ്രോബേറും എടുക്കേണ്ട അവശ്യമുണ്ടോ. അതിനു പ്രോബേറും അവശ്യമില്ലെന്നതായിരിക്കുമോ. അതുകൊണ്ടു തിരുവിതാംകൂർ വിൽസ്റഗുലേഷനിൽ എന്തെങ്കിലും വിപരീതമായിട്ടുണ്ടെങ്കിൽ അതിനെ റദ്ദുചെയ്യണമെന്നാണു ഞാൻ പറയുന്നതു. ഇതാണ് എന്റെ ഭേദഗതിയുടെ ചുരുക്കം. അതുകൊണ്ടു അതിനെ പുനരാലോചനയ്ക്കു എടുക്കണമെന്നു ഞാൻ എന്റെ സ്നേഹിതനോടു അപേക്ഷിച്ചുകൊള്ളുന്നു. സമയം ഇപ്പോൾതന്നെ അധികം അതിക്രമിച്ചിരിക്കുന്നതുകൊണ്ടു ഞാൻ കൂടുതൽ സംസാരിക്കണമെന്നുദ്ദേശിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്കാർ വക്കീൽ): ഞാൻ വിൽസ്റഗുലേഷനെ പരിശോധിക്കയും ഈ ബില്ലിനും ആ റഗുലേഷനും തമ്മിൽ വല്ല വ്യത്യാസങ്ങളും ഉണ്ടെന്നുവരികിൽ അതൊ ഇതൊ തിരുത്തേണ്ടതെന്നു തീരുമാനിച്ചു് ഇതാണ് തിരുത്തേണ്ടതെങ്കിൽ മുന്നമേത്തെ വായനയ്ക്കു ഒരു ഭേദഗതി ഹാജരാക്കുകയും ചെയ്യുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഭേദഗതി അനുവദിക്കണമെന്നു നിർബന്ധിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സെക്കാർ വക്കീൽ): ഭേദഗതി അനുസരിച്ചു അടുത്ത ഒരുദിവസം ബിൽ ഹാജരാക്കാമെന്നു ഞാൻ ഒരു പ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

പ്രമേയം അനുവദിച്ചു.

അടുത്തദിവസം വീണ്ടും കൂടുന്നതിനായി ഈ അടിച്ചു് സഭ പിരിഞ്ഞായപ്പോൾ സഭപിരിഞ്ഞു.

പി. എസ്. കൃഷ്ണപിള്ള,
നിയമസഭാ സെക്രട്ടറി.

(A true translation).
T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ഒന്നാമത്തെ സഭ.

ഫർവരി-മാർച്ച് മാസത്തെ യോഗം.

(ഒദ്യോഗികറിപ്പോർട്ട്)

ചൊവ്വ, ഫ൭ ഫില്പിൽ ഫൻവ൮/൪ മേടം ഫ൮൦൯.

സഭായോഗം പകൽ ഫ൧ മണിക്ക് വിക്ടോറിയ ജൂബിലി ടൗൺഹാളിൽ വീണ്ടുംകൂടി.

ദിവാൻ ശ്രീ: എം. ഈ. വാട്സ്, ബി. എ, ബാറിസ്റ്റർ അറ്റ്ലാ അദ്ധ്യക്ഷംവഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

---

* പാലോട് വിണ്ടും ആശുപത്രിസ്ഥാപിക്കുന്നതിനെ സംബന്ധിച്ചു.

ഫർൻ. ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): (ക) നെടുമങ്ങാട് താലൂക്കിലെ മുപ്പട്ടി പാലോട് എന്ന സ്ഥലത്തു സ്ഥാപിക്കപ്പെട്ടിരുന്നതും സമീപകാലത്തു നിറുത്തൽ ചെയ്യിട്ടുള്ളതുമായ ആശുപത്രി വീണ്ടും സ്ഥാപിച്ചുകിട്ടുന്നതിനു അവിടത്തെ ജനങ്ങൾ അഭ്യർത്ഥിച്ചിട്ടുള്ള കാര്യം മെഡിക്കൽ പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിനെ കിട്ടീട്ടുണ്ടോ?

(ഖ) ഏതെങ്കിലും ആശുപത്രിസ്ഥാപിച്ചിട്ടുള്ള സ്ഥലത്തുനിന്നും പാലോട് എത്ര അകലെയായിട്ടാണ് സ്ഥിതിചെയ്യുന്നത്?

ശ്രീ: പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് ആക്ടിംഗ് ചീഫ്സെക്രട്ടറി):

(ക) പാലോട് നിവാസികളുടെ പക്കൽ നിന്നും ഒരു ഫർജി മെഡിക്കൽ ബോർഡിനു കിട്ടീട്ടുണ്ട്. ആ ഫർജിയിന്മേലുള്ള മെഡിക്കൽ ബോർഡിൻറെ റ്റ്രാൻസ്മിറ്റൽ ഗവണ്മെൻറിൻറെ അഭിപ്രായമറിയിച്ചിരിക്കുകയാണു.

(ഖ) പാലോട് സ്ഥലം വിട്ടാൽ ആശുപത്രിയിൽനിന്നും ൯൰നാഴിക അകലെയായിട്ടാണ് സ്ഥിതിചെയ്യുന്നത്.

തിരുവനന്തപുരം മുനിസിപ്പൽ കൌൺസിലിലെ ഉദ്യോഗസ്ഥന്മാരുടെ പെൻഷൻഫണ്ടിലേക്കുള്ള വരിപണം.

ഫസ്റ്റ൭. ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

ഗവണ്മെൻറു താഴെക്കാണുന്ന സംഗതികളെപ്പറ്റി സഭയെ പറയുമോ?

(എ) തിരുവനന്തപുരം മുനിസിപ്പൽകൌൺസിലിലെ പ്രസിഡൻറിൻറെ പെൻഷൻ വകയ്ക്കായി കൌൺസിലിൽനിന്നും ഗവണ്മെൻറ് വല്ലതുകയും വാങ്ങുന്നുണ്ടോ. അപ്രകാരം വാങ്ങുന്നുണ്ടെങ്കിൽ എന്തു തുകയാണ് വാങ്ങുന്നത്. എന്തധികാരത്തിന്മേലാണു അപ്രകാരം വാങ്ങുന്നത്?

(ബി) കൌൺസിലിൻറെ അപേക്ഷപ്രകാരം ഗവണ്മെൻറുദ്യോഗസ്ഥന്മാരെ ഒരു ക്ലിപ്തകാലത്തേയ്ക്കു മുനിസിപ്പൽകൌൺസിൽ ജോലിനോക്കുവാൻ നിയോഗിക്കുന്നതായാൽ മാത്രം അവർക്ക ഉദ്യോഗസ്ഥന്മാരുടെ പെൻഷനാവശ്യത്തിലേക്കു മുനിസിപ്പൽകൌൺസിലിൽ നിന്ന് ഒരു തുക കൊടുക്കേണ്ടതാണെന്ന് മുനിസിപ്പൽ റഗുലേഷൻ നമ്പ൪ വകുപ്പിൽ പറഞ്ഞിട്ടുള്ളതു ഗവണ്മെൻറിൻറെ ശ്രദ്ധയ്ക്കു പാളിപോയിട്ടുണ്ടോ?

(സി) ഫ൦൰-നിപ്പറം സു-൭൨൭ വരെ മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ സംബന്ധമായി തിരുവനന്തപുരം മുനിസിപ്പൽകൌൺസിലിൽനിന്നും ആണ്ടുതോറും ഗവണ്മെൻറിനു ലഭിച്ചിട്ടുള്ള തുകയും.

(ഡി) ഫ൦൰-നിപ്പറം മുനിസിപ്പൽകൌൺസിലിൽ ജോലിനോക്കി പെൻഷൻ പറ്റി പിരിഞ്ഞ ജോലിക്കാരുടെ പെൻഷൻവകയിൽ ഗവണ്മെൻറ് എന്തുതുക വീതമാണു കൊടുത്തിട്ടുള്ളത്?

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി):

(എ) തിരുവനന്തപുരം മുനിസിപ്പൽ പ്രസിഡൻറിൻറെ പെൻഷൻ അലവൻസ്, അവധി അലവൻസ്, എന്നിവകയ്ക്കു മുനിസിപ്പൽ കൌൺസിൽ ഗവണ്മെൻറിലേക്കു തുക കൊടുക്കാനുണ്ട്. ആ ഉദ്യോഗസ്ഥൻറെ കാലാനന്തരത്തിൻറെ നാലിലൊരംശം എന്ന നിരക്കിലാണ് കൊടുക്കുവാനുള്ളത്. ഗവണ്മെൻറിന് മാസംതോറും ലഭിക്കുവാനുള്ള തുക ൭൫ രൂപയാണ്. ആ നിരക്കു സിവിൽ റഗുലേഷൻ നമ്പ൪ വകുപ്പു ജെ. കെ. എന്നിവകളിൽ അനുസരിച്ചുള്ളതാകുന്നു.

(ബി) അതേ. എന്നാൽ റഗുലേഷനിലെ നമ്പ൪ വകുപ്പു പ്രസിഡൻറിൻറെ നിയമനത്തെ സംബന്ധിച്ചുള്ളതല്ല.

(സി) വിവരം താഴെച്ചേർക്കുന്നു.

ആണ്ട്	തുക	ചക്രം	കാശ്
ഫ൦൰	ഫൻതെ	ഫ൭	ഫഫ
ഫ൦൰ഫ	ഫൻതെ	ഫ൭	ഫഫ
ഫ൦൰ഫ	ഫ൦ഫവ	ഫ൭	ഫ൪
ഫ൦൰൩	ഫഫ൭	ൻ	൫
ഫ൦൰൪	ഫഫവ൪	ഫ൩	൮
ഫ൦൰൫	ഫഫ൦ൻ	ഫ൪	ഫ
ഫ൦൰൬	ഫഫ൦൩	ഫഫ	൫
ഫ൦൰൭	ഫഫ൩൫	ഫ൭	൭

G. P. T. 2438. 150. 11-7-1106.

ആണ്ട്	ഗ്രൂപ്	ചക്രം	൦൬
൨൦൯൫	൨൯൫൫	൯	൨
൨൦൯൬	൨൯൬൫	൨൫	൨൨
൨൨൦൩	൨൬ ൪൨	൨൦	൨൨
൨൨൦൪	൫൬൯൫	൫	൫
൨൨൦൨	൩൬൫൬	൫൬	൨൨

(ഡി) ഈ വിവരം കിട്ടിയിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സി. എന്ന മാന്യപ്പെട്ടയാൾ എനിയ്ക്കൊന്നറിവുണ്ട്.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): നടപടിക്രമത്തെപ്പറ്റി ഒന്നു കൂടി പറയുന്നതിനായി ഞാൻ എഴുന്നേല്ക്കുന്നു. അച്ചടിച്ചു ചോദ്യങ്ങളും ഉത്തരങ്ങളും മേശപ്പുറത്തു വച്ചിട്ടില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും, തെക്ക്): സർ, അഞ്ചു പതിനഞ്ചുമിനിട്ടിനു മുൻപു മേശപ്പുറത്തു വയ്ക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങൾക്കു ഉപപ്രശ്നങ്ങളും ചോദിക്കാൻ സാധിയ്ക്കുകയില്ലെന്നു ഞാൻ സൂചിപ്പിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിയ്ക്കു അഞ്ചു മണിയ്ക്കിനു കിട്ടി. അപ്പോൾ എനിയ്ക്കു ഇടരാമെന്നു ഞാൻ വിചാരിയ്ക്കുന്നു.

പ്രസിഡൻറ്: അതേ ഇടരാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്).

(ബി) ചോദ്യത്തിന്റെ ഉത്തരത്തിനെ സംബന്ധിച്ചു് നന്നാം വകുപ്പു, പ്രസിഡൻറിന്റെ കയ്യത്തിൽ മാത്രം പ്രയോഗിക്കുമാകുന്നില്ലയോ എന്നും മനസിപ്പോലിറിയിച്ച കീഴ്ദ്യോഗസ്ഥന്മാരുടെ കയ്യത്തിൽ പ്രയോഗിക്കുമാകുന്നുണ്ടോ എന്നും എനിയ്ക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽസെക്രട്ടറി): റഫറൻസിലെ നന്നാം വകുപ്പു പ്രസിഡൻറിന്റെ നിയമനത്തെപ്പറ്റിയല്ല പറയുന്നതു് എന്നാണ് ഉത്തരം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റുള്ള ഉദ്യോഗസ്ഥന്മാരെ അതു സംബന്ധിക്കുന്നുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽസെക്രട്ടറി): അതു് വെളിവാണല്ലൊ.

൨൦൩൫, ൨൦൩൬ എന്നിക്കൊല്ലങ്ങളിൽ മൈനർ ജലസേചന വേലകൾക്കു നീക്കിവച്ചിട്ടുള്ള തുകയും ചിലവും.

൫൩൫. മി: ററി. കുമാരപിള്ള (കൽക്കുളം-വിളവംകോട്):

(എ) ൨൦൩൫, ൨൦൩൬ എന്നീകൊല്ലങ്ങളിൽ കോതയാർ പ്രോജക്ടുഡിവിഷനിലെ ഓരോ താലൂക്കിനും മൈനർ ജലസേചനവേലകൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നു ഗവണ്മെൻറ് സഭയെ പറയുമോ?

(ബി) ഈ തീക്കിവയ്പുകളിൽനിന്നും എത്ര തുകയാണു ചിലവാക്കിയിട്ടുള്ളതു്?

(സി) ഓരോ താലൂക്കിനും നീക്കിവച്ചിട്ടുള്ളതുക ചിലവാക്കീട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെ?

(ഡി) പണിതീരാത്ത കൃഷിക്കുളങ്ങളുടെ പണിതീർക്കുവാൻ പണം അനുവദിച്ചിട്ടുള്ളവയിൽ ഈ രണ്ടു കൊല്ലങ്ങൾക്കിടയിൽ ഏതെങ്കിലും കുളം പണിപൂർത്തിയാക്കീട്ടുണ്ടോ എന്നുകൂടി ഗവണ്മെൻറ് സഭയെ പറയുമോ?

(ഇ) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ആ വേലകളെപ്പറ്റിയുള്ള ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് ഒഴിവു ചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് അഡീ: ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ ഉടനടിയായ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. [അനുബന്ധം I.]

൨൦൩൫, ൨൦൩൬, ൨൦൩൬ എന്നീ കൊല്ലങ്ങളിൽകോതയാർ പ്രോജക്ടുഡിവിഷനിലെ കുളങ്ങളുടെ അറ്റകുറ്റം തീർക്കൽ.

൫൩൬. മി: ററി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ചുവടെ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിയായ ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് സഭയെ മേശമേൽ വയ്ക്കുമോ?

(എ) ൨൦൩൫, ൨൦൩൬, ൨൦൩൬ എന്നീ കൊല്ലങ്ങളിൽ കോതയാർ പ്രോജക്ടിന്റെ ഡിവിഷനിലുള്ള ഓരോ താലൂക്കുകളിലും നന്നാക്കുവാൻ പണം അനുവദിച്ചിട്ടുള്ള കുളങ്ങളുടെ പേരുകൾ.

(ബി) ഓരോ കുളത്തിനും അനുവദിച്ചിട്ടുള്ള എസ്റ്റിമേറിൻ തുക.

(സി) വേലകൾ ഏല്പിച്ചിട്ടുള്ളതു പഴയ കൺട്രാക്ടർമാരേയോ കുറവുകാരേയോ.

(ഡി) അനുവദിച്ചിട്ടുള്ള എസ്റ്റിമേറിൽ ഓരോകൊല്ലത്തിലും ചിലവാക്കീട്ടുള്ള തുക.

(ഇ) അനുവദിച്ച തുക മുഴുവൻ ചിലവാക്കാത്തതിനുള്ള കാരണങ്ങളും.

(എഫ്) പണിമുടത്തിയാക്കിയ കുളങ്ങളുടെ കാര്യത്തിൽ പണം കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളും.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് അഡീഷ്യൽ ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളുടെ അടിയായ ഒരു സ്റ്റേറ്റുമെൻറ് മേശമേൽ വച്ചിട്ടുണ്ട്. [അനുബന്ധം II.]

വെള്ളൂർ പ്രാഥമിക പാഠശാല.

൫൩൭. മി: ജെർ. പത്മനാഭൻ (ഗവണ്മെൻറ് നിയമിച്ചമെമ്പർ): ചുവടെ കുറിച്ചിട്ടുള്ള സംഗതികൾ ശരിയാണോ ഗവണ്മെൻറിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ?

(i) പെട്ടെന്ന് നാട്ടുകാരെയെല്ലാവരെയും ഈ നാട്ടിലുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിൽ കൊണ്ടാണെന്നുകരുതി ഒരു ഏകദേശം 8 മണിക്ക് വിദ്യാർത്ഥികളെല്ലാം പഠിക്കുന്നുണ്ടെന്നുള്ളതും,

(ii) ഏകദേശം ഒന്നര അടിനീളം വരുന്നതായ ആ പഞ്ഞിക്കുടത്തിന്റെ മേൽഭാഗം കറുത്ത് ഉണ്ടായ ഒരു കൊട്ടകാറിൽകൊണ്ടുപോയിട്ടുള്ളതിനാൽ ഗുണ്ടുസ്സുകാരെല്ലാവരും ആവശ്യത്തിലേയ്ക്കു കെട്ടിട്ടുള്ള ഒരു വസ്തുതയായിട്ടാണ് നടത്തിവരുന്നു എന്ന സംഗതിയും,

(iii) ആ കെട്ടിടം മുഴുവൻ അവിടത്തെ ജനങ്ങളെ കെട്ടിക്കുവാൻവേണ്ടി ഗവണ്മെന്റിനെ ഏല്പിച്ചിട്ടുള്ളതാണെന്നും,

മി: റവ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): (i) ഈ പഞ്ഞിക്കുടം ഈ സ്ഥലത്തെത്തിയിട്ടുള്ള വലിയ പഞ്ഞിക്കുടങ്ങളിൽ ഒന്നാണെന്നും കുറെ കാലം പഴക്കമുള്ളതാണെന്നും അവിടെ നടന്ന അന്വേഷണത്തിൽ വിദ്യാർത്ഥികളെയൊന്നും കണ്ടുകിട്ടിയിട്ടില്ലെന്നും ഗവണ്മെന്റിനറിയാം.

(ii) ആ പഞ്ഞിക്കുടത്തോടുകൂടി ചെന്ന് കെട്ടിയിട്ടുള്ള ഒരു കെട്ടിടം അവിടത്തെ ജനങ്ങളെ കെട്ടിക്കൊടുത്തിട്ടുള്ളതാണെന്നും കാൺപൂർ- ലക്നൗ ഒരു കൊട്ടകാറിൽ കൊണ്ടുപോയതിനാൽ ഗുണ്ടുസ്സുകാരെല്ലാവരും ഇപ്പോൾ അതിനെയിട്ട് കെട്ടിയിട്ടുള്ള രണ്ടുവാതുക്കളിലാണ് നടത്തിപ്പോരുന്നതെന്നും ഗവണ്മെന്റിനറിവുണ്ട്.

(iii) അതേ. അതിലെ പ്രധാനകെട്ടിടം കെട്ടുന്നതിനുവേണ്ടി ഗവണ്മെന്റിനെ ഏല്പിച്ചിട്ടുണ്ട്.

മി: ആർ. പത്മനാഭൻ (ഗവണ്മെന്റ് നാമനിർദ്ദേശം ചെയ്ത മെമ്പർ): പഞ്ഞിക്കുടത്തിലെ മുഖ്യകെട്ടിടം ഇപ്പോൾ തകർന്നിരിയ്ക്കുകയാണോ എന്നുള്ളതിനെപ്പറ്റി ഗവണ്മെന്റിനറിയാമോ?

മി: റവ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): അതേ ഇപ്പോൾ മേൽമണ്ഡലത്തിലെയിലല്ല ഇരിക്കുന്നത്. കെട്ടിടത്തിനു ദോഷമൊന്നുമില്ല.

മി: ആർ. പത്മനാഭൻ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): ആ കെട്ടിടത്തിന്റെ ചുമതലയുള്ള ഓഫീസർ പടിച്ചുകീറിയിരിയ്ക്കുകയാണെന്നുള്ള ഗവണ്മെന്റിനറിയാമോ?

മി: റവ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): ചുമതൽ ഒരു വിടപറയൽ നടത്തിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. അപ്രകാരമിരുന്നാലും കെട്ടിടങ്ങളെ സംരക്ഷം ഉപയോഗപ്പെടുത്തുന്നതിനുവിദ്യാഭ്യാസവകുപ്പുകാർ ചെയ്യുന്നു.

മി: ആർ. പത്മനാഭൻ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): താമസംവിനാ ആ കെട്ടിടത്തിനു വേണ്ട അറ്റകുറ്റം തീർക്കുന്നതിനു ഗവണ്മെന്റ് ഒരുവകചെയ്തു ഏർപ്പാടുചെയ്യുമോ?

മി: റവ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): ഓഫീസറെപ്പറ്റി ചീഫ് എഞ്ചിനീയരോട് ശട്ടംകെട്ടുന്നതാണ്.

എസ്. എൻ. വി. സ്കൂൾ, നെടുങ്ങാടു.

ചോദ്യം. മി: ആർ. പത്മനാഭൻ (ഗവണ്മെന്റ് നിയമിച്ചമെമ്പർ): നെടുങ്ങാടിയിലെ എസ്. എൻ. വി. ഇംഗ്ലീഷ് സ്കൂൾ അവിടത്തെ ജനങ്ങളുടെ നടത്തുന്നതെന്നു ഗവണ്മെന്റിനറിയാമോ?

മി: റവ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): അതേ, അറിയാം.

അദ്ധ്യാപകന്മാരുടെ ജാതിയേയും സ്ഥലമാറ്റത്തേയും കുറിക്കുന്ന സ്റ്റേറ്റുമെന്റ്.

ചോദ്യം. മി: ജി. രാമൻമേനോൻ (മാവേലിക്കര, കാത്തിക്കുളങ്ങര): കഴിഞ്ഞ, കഴിഞ്ഞ എന്നീകൊല്ലങ്ങളിൽ ഡിപ്പാർട്ടുമെന്റൽ മലയാളപ്പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്ഥലമാറ്റത്തെക്കുറിയ്ക്കുന്നതും താഴെപ്പറയുന്ന വിവരങ്ങളടങ്ങീട്ടുള്ളതുമായ ഒരു സ്റ്റേറ്റുമെന്റ് മേശമേൽ വയ്ക്കുമോ?

(എ) ഒരു പ്രത്യേകസ്ഥലത്തെയ്ക്കോ സജീവപ്രസ്ഥലത്തേയ്ക്കോ സ്ഥലംമാറ്റം കിട്ടണമെന്നു അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ എണ്ണവും ജാതിവിവരവും,

(ബി) അപ്രകാരം അപേക്ഷിച്ചിട്ടുള്ളവരെ അവർ ആവശ്യപ്പെട്ട സ്ഥലത്തെയ്ക്കോ ആ സ്ഥലത്തിനു പത്തുമൈലിനകത്തുള്ള വല്ല സ്ഥലത്തെയ്ക്കോ സ്ഥലംമാറ്റംകൊടുത്തിട്ടുണ്ടെങ്കിൽ അവരുടെ എണ്ണവും ജാതിവിവരവും;

(സി) പരസ്പരസ്ഥലംമാറ്റത്തിനു അപേക്ഷിച്ചിട്ടുള്ളവരുടെ എണ്ണവും ജാതിയും;

(ഡി) പരസ്പരസ്ഥലംമാറ്റംകൊടുക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാരുടെ എണ്ണവും ജാതിയും;

(ഇ) പരസ്പരംസ്ഥലമാറ്റം കിട്ടണമെന്നു അപേക്ഷിച്ചിട്ടുള്ളവരുടെ അപേക്ഷ നടപ്പാക്കിട്ടില്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിനുള്ള പൊതുവായ കാരണവും അവരുടെ എണ്ണവും ജാതിയും;

(എഫ്) പരസ്പരംസ്ഥലമാറ്റം ആവശ്യപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാരുടെ അപേക്ഷകരിക്കു ഒരു തീരുമാനം ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണവും അവരുടെ എണ്ണവും, ജാതിവിവരവും,

മി: റവ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ളതിനോടിരിയിലുള്ള ഒരു സ്റ്റേറ്റുമെന്റ് തല്ക്കാലികമെന്നുള്ള ഒരു ബുദ്ധിമുട്ടുള്ള വേലയായതുകൊണ്ടും അതുകൊണ്ടു പ്രയോജനമുള്ളതല്ലാത്തതുകൊണ്ടും അപ്രകാരമുള്ള സ്റ്റേറ്റുമെന്റ് അയച്ചുതരണമെന്നു ഗവണ്മെന്റാഗ്രഹിക്കുന്നില്ല.

ഡിപ്പാർട്ടുമെന്റു മേലധികാരികളായ നാട്ടുകാർ.

ചോദ്യം. മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഉദ്യോഗം ഒന്നിനും ഒരു രൂപായിൽകുറയാത്ത ശമ്പളമുള്ളതുമായ ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ പേരുകളും അവരിൽ നാട്ടുകാരായിട്ടുള്ളവരുടെ പേരുകളും ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): മെമ്പർ സിവിൽലിസ്റ്റ് നോക്കിയാൽ അറിയാവുന്നതാണ്.

ചോദ്യം. മി: കണ്ടത്തിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): താഴെപ്പറയുന്ന കാര്യങ്ങളെപ്പറ്റി ഗവണ്മെന്റു ദയവായി മറുപടി പറയുമോ?

(എ) കായംകുളം കൊല്ലത്തേക്കുള്ള റോഡുകൾക്കായി നീക്കിവയ്ക്കപ്പെട്ടിട്ടുള്ളതുകയിൽ എണ്ണൂറു രൂപയായിപ്പോയിട്ടുണ്ട്.

(ബി) അപ്രകാരം രൂപീകരിക്കാനുള്ള കാരണങ്ങൾ,

മി: റവി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് ആക്ടിംഗ് ചീഫ് സെക്രട്ടറി):

(എ) ഒന്നുമില്ല.

(ബി) ഏ എന്ന ഗോത്രത്തിൽപ്പെട്ടവർ ഉത്തരത്തിൽനിന്നുതന്നെ കാരണം പറയേണ്ടതില്ലല്ലോ.

പെരുമ്പാവൂർ ചന്തയിൽ ഷെഡ്ഡുകൾ തീർപ്പിയ്ക്കൽ,

ശ്രീമതി. മി: സി. പി. തരകൻ (കുന്നത്തുനാട്ടു്): പെരുമ്പാവൂർ ചന്തയിൽ മഴക്കാലത്തേക്കു ഷെഡ്ഡുകൾ ഇല്ലാത്തതുകൊണ്ടു ചന്തയ്ക്കുവരുന്ന ആളുകൾ വളരെ ബുദ്ധിമുട്ടുകളും അസൌകര്യങ്ങളും അനുഭവിച്ചുവരുന്നു എന്നുള്ള വസ്തുത ഗവണ്മെൻറിഞ്ഞിട്ടുണ്ടോ എന്നു സഭയെ പറയുമോ?

മി: റവി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി): ഇല്ലെന്നാണു മറുപടി.

അങ്കമാലിയിൽ ഒരു ആശുപത്രി തുറക്കുന്നതിനു്.

ശ്രീമതി. മി: സി. പി. തരകൻ (കുന്നത്തുനാട്ടു): താഴെപറയുന്ന കാര്യങ്ങൾക്കു ഗവണ്മെൻറ് സഭയെ മറുപടിപറയുമോ?

(എ) അങ്കമാലിയിൽ ഒരാശുപത്രി സ്ഥാപിച്ചുകിട്ടണമെന്ന അപേക്ഷ പൊതുജനങ്ങളിൽനിന്നും ഹർജികൾ കിട്ടിട്ടുണ്ടോ?

(ബി) ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ ആ സ്ഥലം സന്ദർശിച്ചു അവിടെ ഒരാശുപത്രി സ്ഥാപിക്കേണ്ടതാണെന്നറിപ്പോർട്ടുചെയ്തിട്ടുണ്ടോ?

(സി) വർഷകാലത്തു സാധാരണ പെള്ളപ്പൊക്കമുള്ള പെരിയാറിനു വടക്കു താമസിയ്ക്കുന്ന ജനങ്ങൾ വൈദ്യസഹായം ലഭിക്കാതെ വളരെ കഷ്ടപ്പെടുന്നു എന്നുള്ള വസ്തുത ഗവണ്മെൻറിഞ്ഞിട്ടുണ്ടോ?

മി: റവി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് ആക്ടിംഗ് ചീഫ് സെക്രട്ടറി):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിലെ നിയമനങ്ങൾ.

ക ൭ ൦. മി: സി. പി. തരകൻ (കുന്നത്തുനാട്ടു): മിസ്റ്റർ തിലകണ്ണുപിള്ളയെ ചെങ്ങന്നൂർ മുൻസിഫായി നിയമിച്ചതിനുശേഷം അദ്ദേഹം നിയമിച്ചിട്ടുള്ള ആളുകളുടെ വിവരവും ജാതിയും അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് സഭയെ മേശമേൽ വയ്ക്കുമോ?

മി: റവി. കെ. മാധവൻനായർ (ആക്ടിംഗ് ചീഫ് സെക്രട്ടറി) ഒരു സിറിയൻക്രിസ്ത്യനെ (മാർ തോമ) ആക്ടിംഗ് ക്ലാർക്കായും,

ഒരു സിറിയൻക്രിസ്ത്യനെ (ജേക്കോബയിറ്റ്) പ്രോസസ്സ് ശിപായിയായും,

രണ്ടു നായന്മാരെ ശിപായിമാരായും നിയമിച്ചിട്ടുണ്ടു്.

സ്ത്രീകളുടെ കാളേജ് തിരുവനന്തപുരം.

ക ൭ ക. മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം സ്ത്രീകൾക്കുള്ള രാജകീയകാളേജിനെസംബന്ധിച്ചു അടിയിൽ കണ്ട വിവരങ്ങളോടുകൂടിയ ഒരു ലിസ്റ്റ് ഗവണ്മെൻറ് മേശവച്ചു തരുവാറാക്കുമോ?

(എ) രേണകർത്താവിൻറെയും അദ്ധ്യാപകരുടെയും എണ്ണവും അവർ ഓരോരുത്തരുടേയും പരീക്ഷായോഗ്യതകളും.

(ബി) മേധാവികാരം, അദ്ധ്യാപകവൃത്തി എന്നിവകൾ നടത്തുന്നവരിൽ സ്ത്രീകളെത്രപേരുണ്ടു്.

(സി) i ഫൻറവു-ൽ വന്ന യൂണിവേർസിറ്റികമ്മിഷൻ സ്ത്രീകൾക്കുള്ള കാളേജിൽ പുരുഷന്മാരെ അദ്ധ്യാപകന്മാരായി നിയമിക്കുന്ന പതിവിനെ ആക്ഷേപിച്ചിട്ടുണ്ടോ?

(ii) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അവിടത്തെ പുരുഷന്മാരായ അദ്ധ്യാപകന്മാർക്കുപകരം സ്ത്രീകളെ നിയമിയ്ക്കുവാൻ എന്തുകൊണ്ടാണു ഗവർമ്മെണ്ടു ശ്രമിക്കാത്തതു?

(ഡി) ഇപ്പോൾ അവിടെ അദ്ധ്യാപകന്മാരായിരിയ്ക്കുന്നവരുടെ പേരും പരീക്ഷായോഗ്യതകളും,

മി: റവി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് ആക്ടിംഗ് ചീഫ് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ടവിവരങ്ങളോടുകൂടിയ (എ) (ബി) (ഡി) എന്നീ സ്റ്റേറ്റുമെൻറുകൾ മേശമേൽ വച്ചിട്ടുണ്ടു. [അനുബന്ധം III]

(സി) (i) അതേ. ഉണ്ടു്.

(ii) അദ്ധ്യാപകന്മാരെ മാറ്റി അദ്ധ്യാപികകളെ നിയമിക്കുന്നതിനു വേണ്ടതെല്ലാം നടത്തിവരികയാണു്. കഴിഞ്ഞ ഏപ്പിൽകൊല്ലത്തിനുമുമ്പിടയിൽ പുതുതായി രണ്ടു അദ്ധ്യാപികമാരെ നിയമിയ്ക്കുകയും പഴയജോലിക്കാരായ അഞ്ചു അദ്ധ്യാപകന്മാരെ മാറ്റി അപേക്ഷകരും അത്ര അദ്ധ്യാപികകളെ നിയമിയ്ക്കുകയും ചെയ്തിട്ടുണ്ടു്.

തിരുവനന്തപുരം സെൻട്രൽജെയിൽ?

ക ൭ ഖ. മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം സെൻട്രൽജെയിലിനെസംബന്ധിച്ചു അടിയിൽകാണുന്ന വിവരങ്ങൾ ഗവണ്മെൻറ് സഭയെ മേശമേൽ വയ്ക്കുമോ?

(എ) ഫാൻൻ-ൽ അവിടെ എത്രകുട്ടികളുണ്ടായിരുന്നു?

(ബി) ക ൭ ഖ അവസാനത്തിൽ എത്ര എണ്ണം ഉണ്ടായിരുന്നു?

(സി) ഫാൻൻ-നും ക ൭ ഖ-നും ഇടയ്ക്കു എത്രകുട്ടികളും ഏതൊക്കെയ്യാതിരികളിൽ വിടയ്ക്കുകൊടുത്തിട്ടുണ്ടു്, എത്രകുട്ടികളെയും പുതുതായിവാങ്ങീട്ടുണ്ടു്?

മി: റവ. കെ. മാധവൻനായർ (ആഭ്യന്തര സെക്രട്ടറി):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇടയ്ക്കു കുട്ടികൾക്കും പുതുതായി വിലയ്ക്കു വാങ്ങുന്നതിലേക്കു മുട്ടുവരുന്നതു വിലയ്ക്കു വാങ്ങിക്കുകയും ചെയ്തിട്ടില്ല. ഇപ്പോൾ പാഠപുസ്തകങ്ങളുണ്ടായിരുന്നവയിൽ തിരുത്തലുകൾ വരുത്തിയതിനുശേഷം മാത്രമേ പുതിയ പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതിനായി പല സന്ദർഭങ്ങളിലായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

കൊല്ലത്തിലെ പ്രൈമറി പാഠപുസ്തകങ്ങൾ

൧൭൬. മി. ജി. നാരായണപിള്ള (തിരുവല്ല):

(എ) തിരുവല്ലാ താലൂക്കിലെ കോയിപ്രം പകുതിയിൽ ചേന്ന കടപ്ര എന്ന സ്ഥലത്തുള്ള മലയാളി വിലാസം പ്രൈമറി പാഠപുസ്തകങ്ങൾക്കുവേണ്ടി അപേക്ഷിച്ചതിനെപ്പറ്റി എഴുത്തുകുത്തുകൾ ഏതു സ്ഥിതിയിലായിരിക്കുന്നു എന്നു സർക്കാരിന്റെ സമയം പറയുമോ?

(ബി) ഈ പള്ളിക്കൂടത്തിനു അംഗീകരിക്കുന്നതിനു സർക്കാരിനു നിശ്ചയിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

മി: റവ. പി. രാമസുബ്ബയ്യർ (ആഭ്യന്തര സെക്രട്ടറി): കടപ്ര വടക്കുള്ള ഒരു പള്ളിക്കൂടത്തിന്റെ അനുബന്ധമായിട്ടാണ് ആ പള്ളിക്കൂടം തുടങ്ങിയിട്ടുള്ളതെന്നു ഡയറക്ടർ റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഒരു സ്കൂളിന് സർക്കാരംഗീകാരം ലഭിക്കണമെങ്കിൽ ആ സ്കൂൾ വിദ്യാഭ്യാസഡയറക്ടരുടെ അനുവാദത്തോടുകൂടി തുടങ്ങണമെന്നുള്ള ചട്ടം.

സർക്കാർ അംഗീകാരം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിദ്യാഭ്യാസഡയറക്ടർ കഴിവതും ഒരു വരി വ്യാപ്തം പള്ളിക്കൂടം തുടങ്ങിക്കാമെന്നുപദേശിച്ചു. അംഗീകാരത്തെപ്പറ്റി പിന്നീട് ആലോചിച്ചുകൊള്ളാമെന്നു റിപ്പോർട്ടു ചെയ്തുപോന്നിട്ടുണ്ട്.

ചന്ത സന്ദർശകന്മാരുടെ നിയമനം.

൧൭൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്):

ഈ സംസ്ഥാനത്തിലെ പ്രധാനപ്പെട്ട ചന്തകളെ സന്ദർശിക്കുന്നതിനു ഇപ്പോഴുണ്ടായിരിക്കുന്നതായ അന്യോന്യസ്ഥാനസന്ദർശകന്മാരെയോ അന്യോന്യസ്ഥാനസന്ദർശകന്മാരെയോ നിയമിക്കേണ്ട ആവശ്യത്തെപ്പറ്റി സർക്കാർ ആലോചിച്ചിട്ടുണ്ടോ എന്നു സഭയെ പറഞ്ഞറിയിക്കുമോ?

മി: റവ. കെ. മാധവൻനായർ (ആഭ്യന്തര സെക്രട്ടറി): ഇപ്പോഴത്തെ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് സെക്രട്ടറിയും സാനിട്ടറി ഡിപ്പാർട്ടുമെന്റിലെയും സാനിട്ടറി ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥന്മാർ ചന്തകളെ പരിശോധിയ്ക്കുകയും പരിഷ്കരണങ്ങൾ വല്ലതും ആവശ്യമുണ്ടെങ്കിൽ നടത്തുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ ചന്തകൾക്ക് ഉദ്യോഗസ്ഥസന്ദർശകന്മാരെയോ അന്യോന്യസ്ഥാനസന്ദർശകന്മാരെയോ നിയമിക്കേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ വിചാരിക്കുന്നില്ല.

ക്ഷയരോഗചികിത്സ

൧൭൮. (എ) മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ക്ഷയരോഗം വർദ്ധിച്ചു വരുന്നുണ്ടെന്നും തിരുവനന്തപുരം പട്ടണത്തിൽമാത്രമെന്നു കഴിഞ്ഞ ചില കൊല്ലങ്ങൾക്കിടയിൽ ഈ രോഗത്തിൽ മരിച്ചിട്ടുള്ള ആളുകളുടെ എണ്ണം മുമ്പുണ്ടായിരുന്നതിൽനിന്നും ഇരട്ടിച്ചിട്ടുണ്ടെന്നുള്ള വിവരം സർക്കാരിനറിയുമോ?

(ബി) പുതുതായി ഒരു ക്ഷയരോഗചികിത്സാസ്ഥലം കെട്ടുന്നതിനേക്കാൾ കെട്ടുന്നതിനേക്കാൾ ക്ഷയരോഗികൾക്കു ഏതെങ്കിലും സൗകര്യമുള്ള സ്ഥലത്തു താല്ക്കാലികമായി കെട്ടിടങ്ങൾ കെട്ടിക്കൊടുക്കേണ്ട കാര്യത്തെപ്പറ്റി സർക്കാരാലോചിച്ചിട്ടുണ്ടോ എന്നു സഭയെ പറയുമോ?

മി: റവ. പി. രാമസുബ്ബയ്യർ (ആഭ്യന്തര സെക്രട്ടറി):

(എ) ക്ഷയരോഗം വർദ്ധിച്ചു വരികയാണെന്നു സർക്കാരിനറിയാം.

(ബി) അതിനെപ്പറ്റി ആലോചിക്കുന്നതുണ്ട്.

സാനിട്ടറി വകുപ്പു പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റി

൧൭൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): സാനിട്ടറി ഡിപ്പാർട്ടുമെന്റിന്റെ കൂടുതൽ ജോലിനടത്തിപ്പിനു വേണ്ട നിയമങ്ങളും സമർപ്പിക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയമിക്കേണ്ടതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ എന്നു സർക്കാരിന്റെ സമയം പറയുമോ?

മി: റവ. കെ. മാധവൻനായർ (ആഭ്യന്തര സെക്രട്ടറി): ഇല്ല. പകർച്ചവ്യാധിസംബന്ധമായ ഒരു ഡിപ്പാർട്ടുമെന്റ് രൂപീകരിക്കേണ്ടതിനെപ്പറ്റി സർക്കാരിന്റെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

കരിമാനൂർ, ആരക്കുളം എന്നീ സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച്

൧൮൦. മി: തരിയൻ കുഞ്ഞിനെന്താമൻ (മൂവാറ്റുപുഴ-തൊടുപുഴ): തൊടുപുഴ മൂവാറ്റുപുഴ എന്നീ താലൂക്കുകളിലെ കരിമാനൂർ ആരക്കുളം എന്നീ സ്ഥലങ്ങളിൽ ഓരോ ആശുപത്രികൾ സ്ഥാപിക്കേണ്ടതിനെപ്പറ്റി സർക്കാരാലോചിച്ചുവരികയാണോ എന്നു സഭയെ പറയുമോ?

മി: റവ. പി. രാമസുബ്ബയ്യർ (ആഭ്യന്തര സെക്രട്ടറി): ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ മേല്പടി സ്ഥലങ്ങൾ പരിശോധിച്ചതിനുശേഷം മാത്രമേ അതിനെപ്പറ്റി ആലോചിക്കാൻ തരപ്പെടുകയുള്ളൂവെന്നു മെഡിക്കൽബോർഡുകാർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

തൊക്കു കൊണ്ടുനടക്കുന്നതിനുള്ള ലൈസൻസ്.

൧൮൧. മി: തരിയൻ കുഞ്ഞിനെന്താമൻ (മൂവാറ്റുപുഴ-തൊടുപുഴ):

(a) താഴെ ചേർത്തിട്ടുള്ള സംഗതികൾ സർക്കാരിനറിയാമോ?

(i) ഈ സംസ്ഥാനത്തുള്ള ഏല്ലാ സ്ഥലങ്ങളിലും തോക്കുകൊണ്ടുനടക്കുന്നതിനുള്ള ലൈസൻസുകൾ ഇപ്പോൾ കൊടുക്കപ്പെടുന്നില്ലെന്നും.

(ii) മേല്പടി ഫിർപ്പാട് സംസ്ഥാനത്തിലുള്ള ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകുന്നവക്ക് വലിയ അസൌകര്യങ്ങൾ ഉണ്ടാകുന്ന ഒരു നാടാണെന്നും

(ബി) ഫ്രിട്ടിഷ് ഇൻഡ്യയിലെ ഡിസ്ട്രിക്ട്കളിൽ കൊടുത്തിട്ടുള്ളതുപോലെ ക്ലൂട്ടൽ ഫീസ് ചുമത്തിയെങ്കിലും തിരുവിതാംകൂറിൽ എല്ലാ സ്ഥലത്തും പ്രയോജനപ്പെടത്തക്ക ലൈസൻസ് കൊടുക്കേണ്ടതിനെപ്പറ്റി ഗവണ്മെൻറ് സമയം ആലോചിക്കുമോ?

ശ്രീ: ടി. കെ. മാധവൻനായർ (ആക്ടിങ് ഗവണ്മെൻറ് സെക്രട്ടറി):

(എ) അതെ അറിയാം.

(ബി) ഇല്ല.

(സി) അതിനെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

പെൺപള്ളിക്കൂടം ചീഫ് ഇൻസ്പെക്ട്രസ് നടത്തിയിട്ടുള്ള
നിയമനങ്ങളെപ്പറ്റി സ്റ്റേറ്റുമെൻറ്.

*൧൭൯. ശ്രീ: തയ്യിൽ കുഞ്ഞിത്തായമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കിടയിൽ (൧൯൰൪ മുതൽ ൧൯൰൯ വരെ) പെൺപള്ളിക്കൂടം ചീഫ് ഇൻസ്പെക്ട്രസ് നേരെ നടത്തിയിട്ടുള്ള നിയമനങ്ങളേയും, അവരുടെ ശുപാർശയനുസരിച്ചു നടത്തിട്ടുള്ള നിയമനങ്ങളേയും കുറിക്കുന്നതും ജാതിവിവരം അടങ്ങിയതുമായ ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് സഭയും മേശപ്പുറത്തു വയ്ക്കുമോ?

ശ്രീ: ററി. പി. രാമസുബ്ബയ്യർ (ആക്ടിങ്: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അപ്രകാരമുള്ള ഒരു സ്റ്റേറ്റുമെൻറ് തയ്യാറാക്കുന്നതിനു വളരെ പ്രയത്നം ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടും ആ സ്റ്റേറ്റുമെൻറുകൊണ്ട് അതു വലിയ ഉപയോഗമില്ലാത്തതുകൊണ്ടും ഇതു ഹാജരാക്കണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടേയും
അദ്ധ്യാപികകളുടേയും- സ്റ്റേറ്റുമെൻറ്:

*൧൭൰. ശ്രീ: തയ്യിൽ കുഞ്ഞിത്തായമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): മലയാളം പെൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപികമാരുടേയും ആൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടേയും ജാതിയെ കുറിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് സഭയും മേശമേൽവക്കുമോ?

ശ്രീ: ററി. പി. രാമസുബ്ബയ്യർ (ആക്ടിങ്: ഗവണ്മെൻറ് ചീഫ് സെക്രട്ടറി). മെംബർ ആവശ്യപ്പെട്ടതുപോലെയുള്ള ഒരു സ്റ്റേറ്റുമെൻറ് തയ്യാറാക്കുന്നതിനു വളരെ സമയം ചെലവുചെയ്യേണ്ടതായിട്ടുള്ളതുകൊണ്ടും വളരെ പ്രയത്നപ്പെടേണ്ടതായിട്ടുള്ളതുകൊണ്ടും അപ്രകാരം ഒരു സ്റ്റേറ്റുമെൻറുകൊണ്ടു വലിയ പ്രയോജനമില്ലാത്തതുകൊണ്ടും അതു തയാറാക്കണമെന്നു വിചാരിക്കുന്നില്ല.

ഇൻസ്പെക്ടർമാരുടേയും ഇൻസ്പെക്ട്രസ്സുകളുടേയും
ഒരു സ്റ്റേറ്റുമെൻറ്.

*൧൭൱. ശ്രീ: തയ്യിൽ കുഞ്ഞിത്തായമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും മലയാളം പള്ളിക്കൂടങ്ങളും മുഖ്യമായവയുടെ ഇൻസ്പെക്ടർമാർ ഇൻസ്പെക്ട്രസ്സുകളും, എന്നിവരുടെ ജാതി മുതലായ വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് സഭയും മേശപ്പുറത്തു വയ്ക്കുമോ?

ശ്രീ: ററി. പി. രാമസുബ്ബയ്യർ (ആക്ടിങ്: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. [അനുബന്ധം IV]

ഹജൂർ കച്ചേരിയിൽ കരത്തൊഴിക്കർ, ഈഴവർ മുഹമ്മദീയർ
എന്നിവരുടെ പ്രാതിനിധ്യം.

*൧൭൲. ശ്രീ: തയ്യിൽ കുഞ്ഞിത്തായമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഹജൂർ കച്ചേരിയിലെ കരത്തൊഴിക്കർക്കും, ഈഴവർക്കും, മുഹമ്മദീയർക്കും ശരിയായ പ്രാതിനിധ്യം നൽകീട്ടില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ: ററി. പി. രാമസുബ്ബയ്യർ (ആക്ടിങ്: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ശരിയായ പ്രാതിനിധ്യം എന്നു മെംബർ പറഞ്ഞതു് അവ്യക്തമായിട്ടുള്ളതാണ്.

തിരുവിതാംകൂറിൽ മോണോസയിറു കഴിച്ചെടുക്ക
അതിനുള്ള ലൈസൻസ്.

*൧൭൳. ശ്രീ: എൻ. രാമകൃഷ്ണപിള്ള (നെയ്യാറ്റിൻകര): വ്യവസായഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെൻറ് സഭയെ ഗ്രഹിപ്പിക്കുമോ?

(എ) തിരുവിതാംകൂറിൽ മോണസയിറു് കഴിച്ചെടുക്കുന്നതിനു് അനുവദിച്ചിട്ടുള്ള ലൈസൻസുകളുടെ എണ്ണവും, തീയതിയും, കാലാവധിയും.

(ബി) നാട്ടുകാരായ എത്ര അപേക്ഷകർക്ക് ലൈസൻസു കൊടുത്തിട്ടുണ്ട്.

(സി) മോണസയിറു കഴിച്ചെടുക്കുന്നതിനും ഒരു ക്ലിപ്തകാലത്തിനു ശേഷം മോണോസയിറിൽനിന്നും തോറിയം തെനാട്ടേറു് ഉണ്ടാകുന്നതിനുവേണ്ടി കർശനമായ തിരുവിതാംകൂർകാരായ ഓരോരുടെ ലൈസൻസിനും അപേക്ഷ ഗവണ്മെൻറിനു കിട്ടിട്ടുണ്ടോ?

(ഡി) അപ്രകാരം അപേക്ഷ കിട്ടിട്ടുണ്ടെങ്കിൽ ലൈസൻസു കൊടുത്തുവോ, കൊടുക്കാതിരുന്നിട്ടുണ്ടെങ്കിൽ അതു കൊടുക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പറഞ്ഞിട്ടുള്ള കാരണങ്ങളെന്തെല്ലാമാണ്.

ശ്രീ: ററി. കെ. മാധവൻ നായർ (ആക്ടിങ്: ഗവണ്മെൻറ് സെക്രട്ടറി): (എ) മെംബർ ആവശ്യപ്പെട്ട സ്റ്റേറ്റുമെൻറ് മേശമേൽവച്ചിട്ടുണ്ട്.

(ബി) രണ്ടു ലൈസൻസുകൾ.

(സി) അതേ.

(ഡി) ലൈസൻസു കൊടുത്തില്ല. എന്നാൽ ആ അപേക്ഷകനോടു തിരുവിതാംകൂറിൽ തന്നെ സൌകര്യമുണ്ടാക്കി ആസിഡും, തോറിയം തെനാട്ടേറും ഉണ്ടാക്കുന്നതിനു വേണ്ട വ്യവസായശാലകളും തുടങ്ങുകയാണെങ്കിൽ ഗവണ്മെൻറ് വേണ്ടസഹായം ചെയ്തു കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഡി) ഇപ്രകാരം ഉദ്യോഗസ്ഥന്മാർക്കെതിരെ ലഭിച്ചിട്ടുള്ള പരാതികൾ എന്തൊക്കെയാണെന്നും അവയിൽ എത്രയെണ്ണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ശ്രീ. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (സി) ചോദ്യത്തിന്റെ ഈ ഭാഗത്തിനെ സംബന്ധിച്ചു ആരോപണക്കാരന്റെ പേരെന്താണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ആർ. കെ. മാധവൻ നായർ (ഗവൺമെന്റ് പ്ലീഡർ): ഗവൺമെന്റ് പ്ലീഡർ

ശ്രീ. ഇ. മാത്തിപ്പാണി.

പോലീസുകാർ ചാർജ്ജ് ചെയ്തിട്ടുള്ള മോട്ടോർ കേസുകൾ.

*൧൭൫. ശ്രീ. കെ. രാമൻ മേനോൻ (മാവേലിക്കര-കുന്തിക്കുപ്പുഴി): കഴിഞ്ഞ കണക്കിലുള്ള വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ഗവൺമെന്റ് സഭയുടെ മേശമേൽ വയ്ക്കുമോ?

(എ) ൧൯൫൫-൫൬ ൧൯൫൬-൫൭ ൧൯൫൭-൫൮-എന്നീ കൊല്ലങ്ങളിൽ തിരുവിതാംകൂർ പീനൽകോഡ് പ്രകാരവും തിരുവിതാംകൂർ മോട്ടോർ വാഹന റഗുലേഷൻ പ്രകാരവും മോട്ടോർ അപകടങ്ങൾ സംബന്ധിച്ച് പോലീസുകാർ ചാർജ്ജ് ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം പ്രത്യേകം പ്രത്യേകം.

(ബി) ഏതുതരത്തിലുള്ള കുറ്റങ്ങൾ.

(സി) ഓരോതരം കുറ്റത്തിനും ശിക്ഷിക്കപ്പെട്ട ആളുകളുടെ എണ്ണം.

(ഡി) ഓരോതരം കുറ്റങ്ങൾക്കും നൽകിട്ടുള്ള ശിക്ഷകളുടെ വകഭേദങ്ങൾ.

ശ്രീ. ആർ. കെ. മാധവൻ നായർ (ഗവൺമെന്റ് പ്ലീഡിംഗ് അസിസ്റ്റന്റ്): (എ) ൧൯൫൫-൫൬ൽ പി. സി. കേസുകൾ ൩൨൦ മോട്ടോർ റഗുലേഷൻപ്രകാരം ൧൫ കേസുകൾ.

൧൯൫൬-൫൭ൽ പി. സി. കേസുകൾ ൩൫൯, മോട്ടോർ വാഹനറഗുലേഷൻ പ്രകാരമുള്ള ൩൭ കേസുകൾ.

൧൯൫൭-൫൮ൽ പി. സി. കേസുകൾ ൪൦൨, മോട്ടോർ വാഹനറഗുലേഷൻ പ്രകാരമുള്ള ൩൯ കേസുകൾ.

(ബി) ഏതുതരത്തിലുള്ള കുറ്റങ്ങൾ, ൧൯൫൫-൫൬, ൧൯൫൬-൫൭, ൧൯൫൭-൫൮ വർഷങ്ങളിൽ മോട്ടോർവാഹനറഗുലേഷൻ വകുപ്പ് ൨൭.

(സി) ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം.

൧൯൫൫-൫൬ൽ,

ഏറ്റവും പി. സി.	൩൭൭	വകുപ്പനുസരിച്ചു	൨	
൪൩൪	൩൭൭, ൩൭൯	൪	൯	
൪൩൪	൩൭൭	൪	൨	
൪൩൪	൩൭൭, ൩൮൫	൪	൨	
൪൩൪	൩൭൭, ൩൭൯	൪	൫	
മോട്ടോർ വാഹനറഗുലേഷൻ	൨൭	൪	൩൭	

൧൯൫൬-൫൭ൽ

ഏറ്റവും പി. സി.	൩൭൭	വകുപ്പനുസരിച്ചു	൨	
൪൩൪	൩൭൭, ൩൭൯	൪	൯	
൪൩൪	൩൭൫, ൩൭൭, ൩൭൯	൪	൩	
൪൩൪	൩൭൭, ൩൮൦	൪	൨	
മോട്ടോർ വാഹനറഗുലേഷൻ	൨൭	൪	൨൩	

൧൯൫൭-൫൮ൽ

ഏറ്റവും പി. സി.	൩൭൭, ൩൭൯	വകുപ്പനുസരിച്ചു	൫	
൪൩൪	൩൭൭, ൩൭൫	൪	൨	
൪൩൪	൩൭൭, ൩൭൯	൪	൨	
൪൩൪	൩൭൫	൪	൨	
൪൩൪	൩൭൭, ൩൭൯, ൩൭൫	൪	൨	
൪൩൪	൩൭൭, ൩൭൯, ൩൭൫	൪	൨	
൪൩൪	൩൭൭	൪	൨	
മോട്ടോർ വാഹനറഗുലേഷൻ	൨൭	൪	൩൯൯	

(ഡി) ഏറ്റവും പി. സി. ശിക്ഷ ഭാഗികമായും, കുറേശ്ശയായും ഇതിലധികമായും തടവും, പിഴയും.

മോട്ടോർ വാഹന റഗുലേഷൻ ശിക്ഷ പിഴയായും.

ആനയടി ചിറയുടെ അടിവാരവും കരകളും പതിച്ചു കൊടുക്കൽ.

൧൭൬. ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): (എ) തിരുവനന്തപുരം താലൂക്കിലുള്ള ആനയടി ചിറയുടെ അടിവാരത്തിൽനിന്നും മറ്റു ഭാഗങ്ങളിൽനിന്നും പതിച്ചു കൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എന്തൊക്കെയാണെന്നും ഇപ്പോൾ (൧൭ൻ൬ ൧൦-നംവംബർ) എത്ര വിസ്തീർണ്ണമുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിലേയ്ക്കായിരിക്കുന്നുവെന്നും ദയവുണ്ടായി സഭയെ പറയുമോ?

(ബി) ൧൯൫൫, ൧൯൫൬ എന്നീ കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ ചിറയുടെ വല്ല ഭാഗമോ പുറമുള്ള സ്ഥലങ്ങളോ പതിച്ചു കൊടുത്തിട്ടുണ്ടോ?

(സി) ൧൯൫൫, ൧൯൫൬ എന്നീ കൊല്ലങ്ങളിൽ തിരുവനന്തപുരം ദിവാൻപേഷ്കാർ ചിറ സന്ദർശിച്ചിട്ടുണ്ടോ?

(ഴ) ചിറയുടെ അധികാരത്തിന്റെയോ കരയുടേയോ പുറമുള്ള സ്ഥലങ്ങളിൽനിന്നും വല്ലഭാഗങ്ങളേയും ഈ ചിറയുടെ സഹായത്തിൽ ആ പ്രകൃതിയിൽ തെക്കുകുഴി നടന്നു കൊണ്ടിരിയ്ക്കുന്നതിന്റെ ഉണരോഷങ്ങളെ ഗൌരവിയ്ക്കാതെ പതിച്ചു കൊടുത്തിട്ടുണ്ടോ?

(ട) ഈ പതിച്ചുകൊടുത്ത സ്ഥലങ്ങളിൽനിന്നും ഗവണ്മെന്റിന് കിട്ടുന്ന നികുതി എന്താണ്? പതിച്ചു വാങ്ങിയവർക്ക് അതിൽനിന്നും കിട്ടുന്ന ആദായം എന്താണ്?

(ന) ഈ പതിച്ചുകൊടുത്തിട്ട ചിറയുടെ ഭാഗങ്ങളിലെ തെങ്ങു കൃഷി അടക്ക ഉൗറകൊണ്ടോ ഭൂമിയുടെ മേൽ ഉള്ള ഉൗറകൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടോ ലാഭമില്ലാത്ത കൃഷിയായി തീർന്നിട്ടുണ്ട് എന്നുള്ളതിന് കൃഷിഡയറക്ടരുടെ ഒരു റിപ്പോർട്ട് ഗവണ്മെന്റ് സമയം മേശമേൽ വയ്ക്കുമോ?

(ഩ) ഒരു വലിയതെൽ കൃഷി സ്ഥലത്തിന്റെ ഉപയോഗത്തിനു മതിയായ വെള്ളം കെട്ടി നിൽക്കുന്നതിനു ചിറയെ പൊക്കമേറിയിൽ ആക്കിതീർക്കുന്നതിലേക്കായി ഈ പതിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങളെ തിരിച്ചെടുക്കേണ്ട കാര്യത്തെപറ്റി ഗവണ്മെന്റ് സമയം ആലോചിയ്ക്കുമോ?

(വ) ഈ ചിറയുടെ പുറംപാട്ട സ്ഥിതിചെയ്യുന്ന ഭൂമികൾ പതിച്ചു കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള സങ്കലനടപടികളും നിറുത്തിവയ്ക്കുന്നതായിട്ടുണ്ടോ എന്നും മേലാൽ ചീഫ് എൻജിനിയരുടെ അനുവാദം കൂടാതെ സ്ഥലം പതിച്ചു കൊടുക്കുവാൻ പാടില്ലെന്നും ഗവണ്മെന്റ് സമയം ഉത്തരവുകൾ അയയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി). (ക) ഇതുവരെയായിട്ടും കുന്നു ഏക്കർ 6 സെന്റ് പതിച്ചു കൊടുത്തിട്ടുണ്ട് നൂ ഏക്കർ നൂ സെന്റ് സ്ഥലം പതിച്ചു കൊടുക്കേണ്ടകാര്യം ഗവർമിൽമാന്റെ പരിഗണനയിലിരിയ്ക്കുകയാണ്.

(ഖ) ചിറയോടുചേർന്ന ഒരു മുന്നു സെന്റ് സ്ഥലം രജിസ്റ്റർ ചെയ്യപ്പെട്ടു. എന്നാൽ ഈ കുളത്തിൽ നിന്നും വളരെ പൊക്കത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലമായതുകൊണ്ട് അവിടെ വെള്ളം കെട്ടിനിന്നിരിക്കുകയില്ല.

(ന) ഉണ്ട്

(ഩ)

(ട) പതിച്ചു കൊടുത്ത ഭൂമിയിൽനിന്നും ഗവണ്മെന്റിനു കിട്ടുന്ന നികുതി രൂപ കുന്നു ഫ ൂ ആകുന്നു. ഭൂമി പതിച്ചു വാങ്ങിയവർക്ക് ആണ്ടൊന്നുക്ക കിട്ടിവരുന്നതു ഏകദേശം നൂറു രൂപയാകുന്നു.

(ന) ഉണ്ട്.

(ഩ) ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(വ) മേലാൽ ചിറയുടെ ഒരു ഭാഗവും പതിച്ചു കൊടുക്കരുതെന്നു ദിവാൻ പേഷ്കാർ ഉത്തരവുകളയച്ചിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുള്ള നിരോധനഉത്തരവു ഒന്നാം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള നൂ ഏക്കർ നൂ സെന്റ് സ്ഥലത്തേയും ബാധിയ്ക്കുമോയെന്നും സഭയെ പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു ഇപ്പോൾ തഹശീൽദാരുടെ വശം ഇരിയ്ക്കുകയാണുപോൽ രജിസ്റ്റർ ചെയ്തു കൊടുക്കരുതെന്നു ഏർപ്പാടു ചെയ്തിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നൂ ഏക്കർ നൂ സെന്റ് സ്ഥലം പതിച്ചു കൊടുക്കേണ്ടതിനുള്ള നടപടികൾ തഹശീൽദാരുടെ കൈവശത്തിൽ നടന്നുവരികയാണല്ലോ. ദിവാൻ പേഷ്കാർ അയച്ചിട്ടുള്ള ഉത്തരവുകൾ ഇതിനേയും സംബന്ധിയ്ക്കുന്നതാണോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു ഇപ്പോൾ ആലോചനയിലിരിയ്ക്കുകയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ചിറയുടെ ഒരു ഭാഗങ്ങളും മേലാൽ പതിച്ചുകൊടുത്തുകൂടെന്നു ദിവാൻപേഷ്കാർ ഉത്തരവയച്ചിട്ടുണ്ടെന്നാണോ. ഈ ഉത്തരവു് ഈ നൂ ഏക്കർ പതിച്ചു കൊടുക്കുന്നതിനേയും സംബന്ധിയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതേ ഇതിനേയും സംബന്ധിയ്ക്കുന്നതാണ്.

ആശുപത്രികളിൽക്ഷയരോഗികളിൽനിന്നുള്ള രോഗപകർച്ച.

൨൫൨. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ആശുപത്രികളിൽ ക്ഷയരോഗികളും മറ്റു രോഗികളും ഒരുമിച്ചുള്ളതുകൊണ്ടും ഒരാഗമില്ലാത്തവരാരും അടുത്തു ചെല്ലുമാറുന്നതുകൊണ്ടു പൊതുജനാരോഗ്യത്തിനുണ്ടാകുവുന്ന ആപത്തുകളെപ്പറ്റി ഗവണ്മെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ?

മി: ഡബ്ലി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് അഡീ: ചീഫ് സെക്രട്ടറി): ആശുപത്രികളിൽ ക്ഷയരോഗികളെ മറ്റു രോഗികളോടുകൂട്ടിയിരിയ്ക്കുന്നതിന് സമ്മതിയ്ക്കുന്നതിൽ അപകടമുണ്ടെന്ന് മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേറ്റിവ് ബോർഡ് റിപ്പോർട്ട് ചെയ്യുന്നു. ആ വക അപകടത്തെ കുറയ്ക്കുന്നതിന് മെഡിക്കൽ ബോർഡുകാർ ചിലഉപായങ്ങൾ ചെയ്യുന്നുണ്ട് (ക) ക്ഷയരോഗികൾക്കു മുപ്പുന്നതിനു പ്രത്യേകം കോമ്പാർട്ടുമെന്റുകൾ ഏർപ്പാടുകയും (ഖ) അവർതുപ്പുന്നതിനും നിക്ഷേപിച്ചിട്ടുള്ള കുപ്പികൾ ഉപയോഗിയ്ക്കുവാൻ നിർബന്ധിയ്ക്കുകയും (ഗ) ക്ഷയരോഗചികിത്സ ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിൽ അവരുടെചികിത്സയ്ക്കു പ്രത്യേകദിവസങ്ങൾ നിശ്ചയിയ്ക്കുകയും ചെയ്യുന്നുണ്ട്.

നെയ്യാറിൻകരതാലൂക്കിൽ തമ്മിൽ ഒരു മൈൽ അകലത്തിൽ സ്ഥിതിചെയ്യുന്ന പ്രാഥമിക പാഠശാലകൾ.

൨൫൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നെയ്യാറിൻകര താലൂക്കിൽ സ്ഥിതിചെയ്യുന്നതും പള്ളിക്കൂടങ്ങൾ തമ്മിൽ ഒരു മാസിക ഉരുത്തിനകം സ്ഥിതിചെയ്യുന്നതുമായ ഗവണ്മെന്റ് സ്കൂളുകളുടെയും ഗ്രാന്റനുഭവിയ്ക്കുന്ന പള്ളിക്കൂടങ്ങളുടെയും പേരുകൾ ഗവണ്മെന്റ് സഭയെ പറയുമോ?

മി: ഡബ്ലി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് അഡീ: ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ സ്റ്റേറ്റുമെന്റ് മേശമേൽ വച്ചിട്ടുണ്ട്. [അനുബന്ധം VI]

[illegible] .

കവുങ്ങു. മി: കെ. പി. ഗോപാലപ്പിള്ള (ചിറയിൻകീഴ്): [illegible] സംബന്ധിച്ചു മറ്റൊരേതാനം വിവരങ്ങൾ ഗവണ്മെൻറു മുമ്പാകെ പറയുമോ?

(എ) കോളേജിലെ ഓരോ പ്രൊഫസ്സറും ഓരോ ആഴ്ചയിൽ എത്ര പ്രസംഗങ്ങൾ നടത്തുന്നുണ്ട്.

(ബി) ഓ. കോളേജ് പ്രൊഫസ്സർമാരോ എന്നിവരും, ഓരോ പ്രൊഫസ്സറും ഓരോ ദിവസം എത്ര സമയം ചിലവഴിക്കുന്നുണ്ടെന്നു.

(സി) ഓരോ ആഴ്ചയിലും പ്രിൻസിപ്പാൾ എത്ര മണിക്കൂർ ക്ലാസ്സ് സന്ദർശിക്കുന്നുണ്ട്. ഓരോ ആഴ്ചയിലും പ്രിൻസിപ്പാൾ എത്ര പ്രസംഗം നടത്തുന്നുണ്ട്.

(ഡി) പ്രിൻസിപ്പാൾ കോളേജിലില്ലാതിരിക്കുമ്പോൾ അവിടത്തെ ജോലിയിടപ്പെടുന്നതിനു ഉത്തരവാദിയായ ഉദ്യോഗസ്ഥനാരാണ്.

(ഇ) കോളേജ് മന്ത്രത്തിൽ പ്രൊഫസർമാരിൽ പല്ലുപേരും വല്ല അധിപത്യവും ഉണ്ടോ.

(എഫ്) കോളേജിലെ പ്രിൻസിപ്പാളും പ്രൊഫസ്സർമാരും ഗവണ്മെൻറു നോക്കിക്കാറുണ്ടോ.

(ജി) ഈ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും, ആർട്സ് കോളേജിലും സയൻസ്സിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും.

(എച്ച്) തിരുവിതാംകൂർ സർവീസ് റഗുലേഷനിൽ ഉൾപ്പെടാത്ത ഉദ്യോഗസ്ഥന്മാർ മുഖേന ഈ കോളേജിനെ വച്ചിരിക്കുന്നതിൽ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ.

(ഐ) ഈ കോളേജ് പ്രൊഫസ്സറായി ഒരാൾക്കു ക്ലിയറൻസ് എത്രകാലം ഇരിക്കണം. അതിനു വല്ല ചട്ടങ്ങളുമുണ്ടോ.

(ജെ) ഒരു പ്രൊഫസർ ഒരു പ്രത്യേക വിഷയത്തിൽ എത്രപേരെയാണ് അതുവരെ ചിലവഴിയിച്ചിട്ടുള്ളത്.

(കെ) എല്ലാ സയൻസ് സ്ഥാപനങ്ങളും സംയോജിപ്പിച്ചുണ്ടാക്കിയ തിരുവിതാംകൂർ സിവിൽ സർവീസ് റഗുലേഷൻ ചട്ടത്തിൽനിന്നും വ്യത്യസ്തമായ ഒരു സംഗതി ഈ കോളേജിന്റെ കാര്യത്തിൽമാത്രം ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതെന്തുകൊണ്ടാണ്.

മി: ററി. കെ. മാധവൻനായർ (ഗവണ്മെൻറു ആ: സെക്രട്ടറി): (എ) സീനിയർ പ്രൊഫസ്സർമാർ ആഴ്ചയിൽ 18 മണിക്കൂറുകളും ജൂനിയർ പ്രൊഫസ്സർമാർ ആഴ്ചയിൽ 21 മണിക്കൂറുകളും.

(ബി) പ്രിൻസിപ്പാളിന് മെഡിക്കൽ ക്ലാസ്സ്പ്രവേശനം സ്വീകരിക്കുന്നതും ക്ലാസ്സെടുക്കുന്നതും കൂടാതെ പ്രൊഫസ്സർമാരുണ്ട്. ഇതേ പ്രവർത്തനങ്ങൾ കോളേജ് മുഴുവൻ ദിവസങ്ങളിൽ ഒരു മണിക്കൂർ അല്ലെങ്കിൽ രണ്ടു മണിക്കൂർ സമയം ചിലവാക്കുന്നുണ്ട്.

(സി) പ്രിൻസിപ്പാളിനു ആഴ്ചയിൽ ഒരു മണിക്കൂർ പ്രസംഗം നടത്തേണ്ടതുണ്ട്. ആവശ്യപ്പെടുമ്പോളെല്ലാം അദ്ദേഹം ഈ കോളേജിൽ ഹാജരാകുന്നുണ്ട്.

(ഡി) പ്രിൻസിപ്പാൾ അവിടെ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും അദ്ദേഹത്തിനുശേഷം ചുമതലയുള്ള ഉദ്യോഗസ്ഥൻ.

(ഇ) ഇല്ല.

(എഫ്) അവർ പെൻഷനു അർഹതയില്ലാത്ത ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരുണ്ട്.

(ജി) ഈ കോളേജ്	൨൫ എണ്ണം
ആർട്സ് കോളേജ്	൩൫ "
സയൻസ് കോളേജ്	൫൨ "

(എച്ച്) അദ്ദേഹത്തിന്റെ നിയമപരിധിയിലോ, നില, ഈ ഉദ്യോഗം മതിക്കപ്പെടുള്ള രീതി.

(ഐ) അതിനെ സംബന്ധിച്ചു പ്രത്യേകം ചട്ടങ്ങളൊന്നുമില്ല.

(ജെ) സർവീസ് റഗുലേഷൻ പ്രൊഫസ്സർമാരുടെ കാര്യത്തിൽ പ്രയോജനിക്കാവുന്നതല്ല.

(കെ) ഇപ്പോഴത്തെ പതിവുപോലെ, വകുപ്പുതലവർ കോളേജ് പ്രൊഫസ്സർമാരാക്കുന്നതു പൊതുവെ സംതൃപ്തികരമാണെന്നു ഗവണ്മെൻറു വിചാരിയ്ക്കുന്നു. പക്ഷിചിലപ്പോൾ മറ്റൊരു കോളേജ് സമയമനുസരിച്ചു ജോലിചെയ്യുവാൻ സാധിയ്ക്കുകയുള്ളു. അവരുടെ സർവീസ്, തിരുവിതാംകൂർ സർവീസ് റഗുലേഷനാൽ ബന്ധിക്കപ്പെടുന്നതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എഫ് എന്ന ഖണ്ഡത്തെ സംബന്ധിച്ചു ഈ കോളേജ് പ്രൊഫസർമാർ ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരല്ലയോ? ഇങ്ങനെ നിസ്സാരമായ ചോദ്യമാണ്.

മി: ററി. കെ. മാധവൻനായർ (ഗവണ്മെൻറു ആ: സെക്രട്ടറി): തിരുവിതാംകൂർ സർവീസ് റഗുലേഷൻ അവരെ ബന്ധിക്കുന്നില്ല.

മി: കെ പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നോൺ അറ്റാച്ചുഡ് അറിയണമെന്നാവശ്യപ്പെട്ടുകൊള്ളട്ടെ. എന്റെ ഉപപ്രശ്നം (എഫ്) ഉത്തരത്തിനെപ്പറ്റിയാണ് (അതായതു) "പെൻഷനു അർഹതയില്ലാത്ത ഗവണ്മെൻറുദ്യോഗസ്ഥന്മാർ" ഇതിൽനിന്നും അവർ ഗവണ്മെൻറുദ്യോഗസ്ഥന്മാരെന്നതന്നെയാണോ മനസ്സിലാക്കേണ്ടതു.

മി: ററി. കെ. മാധവൻനായർ (ഗവണ്മെൻറു ആ: സെക്രട്ടറി): മേല്പറഞ്ഞ വ്യവസ്ഥയനുസരിച്ചു അവർ പെൻഷനു അർഹതയില്ലാത്ത ഗവണ്മെൻറുദ്യോഗസ്ഥന്മാരാണ്. അവർ ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെൻറിൽനിന്നും വല്ല ധനസഹായവും ലഭിക്കുന്നവർ ഗവണ്മെൻറുദ്യോഗസ്ഥനാണോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: ററി. കെ. മാധവൻനായർ (ഗവണ്മെൻറു ആ: സെക്രട്ടറി): അതു ഉത്തരവിക്കുന്നില്ല.

മി. ചെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഉദ്യോഗസ്ഥന്റെ പ്രൊഫഷണൽ അവകാശമാണ്. അവർക്ക് ശമ്പളം കൊടുക്കുന്നുണ്ട്, എന്നാൽ പ്രൊഫഷണൽ മേൽ ഗവണ്മെന്റിനാൽ നിയമിക്കപ്പെട്ടവരും ഗവണ്മെന്റ് ശമ്പളം വാങ്ങുന്നവരുമായിരുന്നതും സർവീസ് റഗുലേഷൻ ബാധിക്കുന്നില്ല. അങ്ങനെയുള്ളവർ നോക്കിവയ്ക്കുന്ന വേറെയും ചില ഉദ്യോഗങ്ങളുണ്ട്. ഉദാഹരണമായിട്ട് അഡീഷ്യൽ റിസീവർമാർ ഗവണ്മെന്റ് നിയമിക്കുന്നവരാണ്. അവർ ഗവണ്മെന്റുദ്യോഗസ്ഥന്മാരാണോ എന്നറിഞ്ഞാൽകൊള്ളാം.

മി: റ്റി. കെ. മാധവൻനായർ (ഗവണ്മെന്റ് ആക്ടിങ് സെക്രട്ടറി): അതിനെ എനിക്കറിവുതരേണ്ടതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശമ്പളം വാങ്ങുന്നതിലോ അധികം കിട്ടുന്നതിലോ ലാക്കുള്ളതുകൊണ്ടാണ് പ്രൊഫസ്സർമാർ സർവീസ് റഗുലേഷൻ അനുസരിയ്ക്കുന്നതെന്ന് എനിയ്ക്കറിഞ്ഞാൽകൊള്ളാം.

മി. റ്റി. കെ. മാധവൻനായർ (ഗവണ്മെന്റ് ആക്ടിങ് സെക്രട്ടറി): അതിനെ എനിക്കറിവുതരേണ്ടതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടപടിക്രമത്തെ സംബന്ധിച്ചു പ്രസിഡന്ററിന്റെ ഉത്തരവിനായിട്ടാണ് ഇതു ചോദിക്കുന്നത്. തിരുവിതാംകൂർ സർവീസ് റഗുലേഷൻ മാത്രമേയുള്ളൂ പ്രൊഫസ്സർമാരെ സംബന്ധിക്കുന്നതുവരെ എന്നായിരുന്നു എന്റെ ചോദ്യം. അതിന്റെ ഉത്തരം സർവീസ് റഗുലേഷൻ അവരെ സംബന്ധിയ്ക്കുന്നില്ല എന്നാകുന്നു. പിന്നീട് ഞാൻ ചോദിച്ച ഉപപ്രശ്നം സർവീസ് റഗുലേഷനിലെ ഏതെങ്കിലും ഭാഗത്തെ അവർക്കനുസരിയ്ക്കേണ്ടതായിട്ടുണ്ടോ എന്നായിരുന്നു. അറിവുതരേണ്ടതാണെന്നു മെമ്പർക്കു പറയാമോ?

പ്രസിഡന്റ്: അങ്ങിനെയാണെങ്കിൽ ഏതു അംശത്തെ സംബന്ധിക്കുന്നു ഏതു സംബന്ധിക്കുന്നില്ല എന്നു സർവീസ് റഗുലേഷൻ മുഴുവൻ പരിശോധിക്കുന്നതുപോലെയാകുമല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു അവശ്യം സംബന്ധിക്കുന്നില്ലെന്നു ഉത്തരം പറഞ്ഞപ്പോൾതന്നെ അവർ സർവീസ് റഗുലേഷൻ മുഴുവൻ പരിശോധിച്ചുതീർത്തു പറഞ്ഞതാണെന്നു തെളിയുന്നുണ്ടല്ലോ. എന്നാൽ ഈ ചോദ്യത്തിനു ഉത്തരം ലഭിയ്ക്കുന്നതിനു പിന്നെയുണ്ടെന്നു എനിക്കു തോന്നുന്നില്ല.

പ്രസിഡന്റ്: ആ ഉത്തരം വ്യക്തമായി പറയാമായിരുന്നു. ഞാൻ നിങ്ങളോടു യോജിക്കുന്നു.

മി: ആർ. കൃഷ്ണഅയ്യരും നാട്ടുകാരും പള്ളിക്കൂടങ്ങളിലേക്കു പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നതു,

സ്ത്രീകളുടെ ചികിത്സയിൽ-വിശേഷിച്ചും അവരെ പ്രത്യേകമായി ബാധിക്കുന്നതും, ശസ്ത്രക്രിയ ആവശ്യമുള്ള ചികിത്സാക്രമങ്ങളാൽ ഭേദപ്പെടുത്തിയെടുക്കുന്നതുമായ അവരുടെ രോഗചികിത്സയിൽ, അപകടമുള്ള ശസ്ത്രക്രിയകൾക്കിടകൊടുക്കാതെ തന്നെ ചികിത്സിച്ചു ഭേദമാക്കുന്നതിൽ ഹോമ്യോപ്പതിക്ക് സംപ്രദായം വളരെ ഉപകരിച്ചിട്ടുണ്ട്. ഹോമ്യോപ്പതിക്ക് സംപ്രദായം ഒട്ടനവധി രോഗങ്ങളിലും ശസ്ത്രക്രിയ സംപ്രദായത്തിന്റെ ആവശ്യംതന്നെ ഇല്ലാതെ തെളിയിച്ചിട്ടുണ്ട്. മാനസികങ്ങളും, കാഴ്ചപ്പുഴക്കം ഉള്ളവയുമായ രോഗങ്ങളെ സംബന്ധിച്ചിടത്തോളം ഹോമ്യോപ്പതിക് സംപ്രദായം ആശ്ചര്യകരമായവിധം ശമനം ചെയ്തിട്ടുണ്ട്. രണ്ടുവർഷങ്ങളിൽപരമായി സങ്കോചനശക്തി നശിച്ചുപോയിട്ടുള്ള രോഗികളെ അവരുടെ രോഗാവസ്ഥയിൽനിന്നും വിമോചിപ്പിക്കുന്നതിനും ഹോമ്യോപ്പതിക് സമ്പ്രദായത്തിനു കഴിഞ്ഞുവന്നിട്ടുണ്ട്. മറെറ ചികിത്സാ സമ്പ്രദായങ്ങളാൽ ശമനമുണ്ടായിട്ടില്ലാത്ത രോഗങ്ങളെ സംബന്ധിച്ചിടത്തോളം ഹോമ്യോപ്പതിക് സമ്പ്രദായം ഫലപ്രദമായിത്തീർന്നിട്ടുള്ളതിനു എത്ര ഉദാഹരണങ്ങളും വേണമെങ്കിലും ഞാൻ ഇവിടെ ഉദ്ധരിക്കാം. അപ്രകാരമുള്ള ഉദാഹരണങ്ങളെക്കൊണ്ട് ഈ സമയത്തെ വെറുതെ കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഹോമ്യോപ്പതി ചികിത്സാക്രമം, ഇതരചികിത്സാക്രമങ്ങളെ അപേക്ഷിച്ചു് ഒട്ടും പിന്നോക്കമായിട്ടുള്ളതല്ലെന്നുള്ള ഈ സമയം ധരിപ്പിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഹോമ്യോപ്പതി ചികിത്സാസമ്പ്രദായത്തിന്റെ ഉപയോഗയോഗ്യതയെക്കുറിച്ച് ഇവിടെ ഇരിക്കുന്ന എന്റെ സ്നേഹിതന്മാരിൽ മിക്കപേരും സന്തുഷ്ടരുള്ളവരായിരിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്.

"സിമിലിയാ സിമിലിബസ്സ് ക്യൂനന്റർ" എന്ന തത്വം ശാസ്ത്രീയമായിട്ടുള്ളതാകുന്നു താഴെപ്പറയുന്ന സംഗതികൾകൊണ്ടു തെളിയുന്നതാകുന്നു. രക്തവിഷം, വാതം, ക്ഷയം തുടങ്ങിയുള്ള രോഗങ്ങൾക്ക്, രോഗബീജാവകം (രോഗാണുപ്രാണികളിൽനിന്നും രക്തപിഷരോഗബീജങ്ങളിൽനിന്നും തയാറാക്കിച്ചിട്ടുള്ള ഔഷധങ്ങൾ) കുത്തിവയ്ക്കുകയെന്ന സമീപകാലങ്ങളിൽ മുടക്കമില്ലാതെയുള്ള ചികിത്സാരീതിയുടെ തത്വം അലോപ്പതി ചികിത്സാസമ്പ്രദായക്കാർ കൈക്കൊള്ളുന്നതിനും അരപ്പേജു എഴുപേജു വർഷങ്ങൾക്കുമുമ്പിൽ ഹോമ്യോപ്പതിക്ക് സിദ്ധാന്തകാർ കൈക്കൊണ്ടു പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടായിരുന്നതും, ഈ വിഷയത്തിൽ അലോപ്പതിചികിത്സാരീതിക്കാർ ഹോമ്യോപ്പതിക്ക് സമ്പ്രദായത്തെ അനുകരിച്ചിട്ടുള്ളതുമാണെന്നും, അതുകൊണ്ടാണ് "സിമിലിയാസിമിലിബസ്സ് ക്യൂനന്റർ" എന്ന തത്വം ശാസ്ത്രീയമായിട്ടുള്ള തത്വമാണെന്നു തെളിയുന്നതെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. പുതുതായി പ്രചാരത്തിലുള്ള ചികിത്സാക്രമത്തെ അലോപ്പതി ചികിത്സാസമ്പ്രദായക്കാർ പ്രായോഗികമാക്കുന്നതിനു മുമ്പുതന്നെ രോഗശമനത്തിനായി രോഗവിഷബീജങ്ങളെ ഞരമ്പിലൂടെ ഹോമ്യോപ്പതിക് ചികി

ത്സാകുലത്തിലുള്ള ചെറിയ മാത്രകളായി പ്രയോഗിച്ച് രണ്ടോ മൂന്നോ ചികിത്സ കൊണ്ടുകൊടുക്കും, അവിടെനിന്നു തിരിയെയുള്ള ഫലങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നു പ്രസ്താവിച്ചുകാണുന്നു.

ലോകത്തിലുള്ള മിക്ക അലോപ്പതി ദിഷക്കുകളും ഹോമ്യോപ്പതിക് ചികിത്സാക്രമത്തിൽ അവക്ഷയിട്ടുള്ള വിശ്വാസത്തിന്റെ ഫലമായി, അവർക്കുണ്ടായിരുന്ന ചികിത്സാരഹസ്യങ്ങൾ മാറി ഹോമ്യോപ്പതിക് സമ്പ്രദായത്തെ സ്വീകരിച്ചിട്ടുണ്ട്, ഹോമ്യോപ്പതിക് സമ്പ്രദായം എല്ലാവരാലും സ്വീകരിയ്പ്പെട്ടതായി വരുമെന്നുള്ളതിന് സന്ദേഹമില്ല; എന്നാൽ കാലവിളംബമുണ്ടാകുമെന്നു മാത്രമേയുള്ളൂ. ചില പ്രധാനന്മാരായ ശാസ്ത്രീയചിന്തകർ ഹോമ്യോപ്പതിക് സമ്പ്രദായത്തെക്കുറിച്ച് പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ചുവടെ ഉദ്ധരിച്ചുകാണുന്നു.

പ്രസിദ്ധങ്ങളായ ഏതാനം കണ്ടുപിടിത്തങ്ങളോടു കൂടിയവനായ ലയിൽ കാവല്യലോകത്തിനു സുപരിചിതനായ ശാസ്ത്രജ്ഞനും വേർലിനിലെ പ്രവിശ്വൺസിലുമായ ഡാക്ടർ ആഗസ്റ്റസ്ബയർ, സഭിപക്ഷത്തിൽ അദ്ദേഹത്തിന്റെ പരിചിത ചികിത്സാക്രമം മാറി ഹോമ്യോപ്പതിക് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ആളാണ്. ഹോമ്യോപ്പതിക് ചികിത്സാക്രമത്തിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള പരിപൂർണ്ണവിശ്വാസത്തെ പ്രത്യക്ഷപ്പെടുത്തുന്നതും, താഴെ പ്രസ്താവിക്കപ്പെട്ടുന്ന വാക്കുകൾ അടങ്ങിയിട്ടുള്ളതുമായ ഒരു കത്തുസംഗ്രഹം ചെയ്തു ജർമ്മൻദൈവൈദ്യലോകത്തെ അദ്ദേഹം ഇളക്കിമറിച്ചു. "ഹോമ്യോപ്പതിക് ചികിത്സാക്രമം അശാസ്ത്രീയവും, പിതലച്ചോട്ടവും, ഭിഷഗ്വരന്മാർക്ക് അശ്രദ്ധേയവുമായിട്ടുള്ളതാണെന്ന് അഭിപ്രായപ്പെട്ടുന്ന പഴയ കൂറകളുടെ കൂട്ടത്തിൽപെട്ടിരുന്നവനായിരുന്ന ഞാൻ, കഴിഞ്ഞ വർഷത്തിൽ ഹോമ്യോപ്പതിയുടെ പ്രസ്താവനകൾ പഠിക്കാൻതുടങ്ങിയപ്പോൾ മുതൽക്കുണ്ട് ഇതിന്റെ യഥാർത്ഥത്തെക്കുറിച്ച് എനിക്കറിയുവാൻതോന്നിയിട്ടുള്ളത്. ഇതിനിടയിൽനിന്നും കോണ്ടിനെന്റൽപേർപിരിച്ചുകൊടുക്കാൻ എനിക്കു കഴിവുണ്ടായിരുന്നു, എന്നാൽ ഭാഗ്യവശാലെന്നതിനെപ്പറ്റിയുള്ള ശരിയായ വിളവ് എനിക്കുതന്നെ ലഭിക്കുവാൻ സാധിയായിട്ടുണ്ട്. മുപ്പതുകൊല്ലങ്ങൾക്കു മുമ്പ് ഞാനിതിനെ അഭ്യസിച്ചിരുന്നുവെങ്കിൽ എനിക്കുണ്ടായിട്ടുള്ള തെറ്റുകളും വ്യർത്ഥകളും ഇടയാതെ കഴിയാമായിരുന്നു." ജീവൽ വൈദ്യശാസ്ത്രജ്ഞനാണ് ഡാക്ടർ ബയർ. അദ്ദേഹത്തിന്റെ ആസ്പത്രിയിൽ രോഗചികിത്സ നടത്തുന്നതു ഹോമ്യോപ്പതിക് സമ്പ്രദായപ്രകാരമാകുന്നു.

ആക്സ്ഫോർഡ് സയ്കലാശാലയിലെ പ്രഫസ്സറും, ഔഷധസംബന്ധമായ സംഗതികളിൽ പ്രമാണിയുമായിട്ടുള്ള ഭാഗ്യവാനായ ഡാക്ടർ, സർ, വില്യം ഓസ്ലർ ഇപ്രകാരം പറയുന്നു. "ഹോമ്യോപ്പതിക് ചികിത്സാ ഡാക്ടറന്മാരായ നമ്മുടെ സഹോദരന്മാർ ഇതുവരെ നിദ്രാവൃക്കുകളായിരുന്നുവെന്നു പറയുന്നതു ന്യായമല്ല. രോഗങ്ങളെപ്പറ്റി ശാസ്ത്രീയമായ ജ്ഞാനം സമ്പാദിക്കുന്നതിന്റെ ഗൌരവത്തെ അവർ നല്ലപോലെ മനസ്സിലാക്കിയിരുന്നു. നമ്മേക്കാൾ വലിയ തെറ്റുചെയ്തിട്ടുള്ളവർ ഹോമ്യോപ്പതിക് ചികിത്സകന്മാരുടെ തുലോം ചെറിയ മാത്രകളെക്കുറിച്ച് അവരോടു കലശൽകൂടിക്കൊണ്ടിരുന്നതു വലിയ അബദ്ധവും വിഡ്ഢിത്തവുമായിപ്പോയെന്ന് സമ്മതിച്ചേതീരു." മറ്റൊരവസരത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഹോമ്യോപ്പതിക് ചികിത്സകന്മാരുടെ മഹിമയെ ഔഷധമാത്രയ്ക്കു രോഗശമനത്തെ സംബന്ധിച്ചിടത്തോളം ശരിയായ ഫലപ്രദമെന്ന് അലോപ്പതി ചികിത്സകരാരും സമ്മതിക്കാൻ തയ്യാറില്ലെങ്കിലും, ഹോമ്യോപ്പതിക് സമ്പ്രദായക്കാരുടെ ചികിത്സയ്ക്കു യഥാർത്ഥമായ ന്യൂനതകളും സംഭവിച്ചിട്ടില്ലെന്നും, അവർ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരുന്നതെന്നുള്ളതു നിസ്സംശയമാകുന്നു". സന്നിപാതജ്വര ബാധിതരായ രോഗികളിൽ ഈയ്യോപ്പതി ചികിത്സാസമ്പ്രദായം സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം കുറഞ്ഞുകയും, ഹോമ്യോപ്പതിക് ചികിത്സാക്രമത്തെ കൈക്കൊള്ളുന്നവരുടെ എണ്ണം വർദ്ധിക്കുകയുമാണ് ചെയ്യുകാണുന്നിരിക്കുന്നത്. മഹാശാസ്ത്രജ്ഞനായ നമ്മുടെ സർ, ജെ. സി. ബോസ്, മഹാകവിസർ, രവീന്ദ്രനാഥടാഗോർ, അന്തരിച്ചുപോയ ഇന്ത്യൻ രാഷ്ട്രീയനായകൻ മി: സി. ആർ. ദാസ്, കോലാപ്പൂർ മഹാരാജാ, കൂടാതെ മറനേകം മഹാ ഭാഗ്യന്മാരും മഹാന്മാരും എന്നിങ്ങനെ മേലായ പേർ ജനങ്ങളും ഹോമ്യോപ്പതിക് ചികിത്സാക്രമ സംരക്ഷകരാകുന്നു.

പ്രഖ്യാതനായ സർ, ജഗദീശചന്ദ്രബോസ് സസ്യശാസ്ത്രസംബന്ധമായ ചില പരീക്ഷണങ്ങൾ നടത്തിയതിൽ ഹോമ്യോപ്പതിക് സമ്പ്രദായത്തിന്റെ അടിസ്ഥാനതത്വങ്ങളെപ്പറ്റി ഇടയായ ചില അറിവുകൾ ഉണ്ടായിട്ടുണ്ടെന്നറിയുന്നു. നാനാവിധത്തിലുള്ള ചെടികളിൽ വിവിധങ്ങളായ വിഷങ്ങൾ പ്രയോഗിച്ചു പരിശോധനചെയ്തു അദ്ദേഹം രേഖപ്പെടുത്തിട്ടുള്ള തെളിവുകൾ, ഹോമ്യോപ്പതിക്ക് സമ്പ്രദായത്തിന്റെ അവകാശങ്ങളെ ഊട്ടിയുറപ്പെടുത്തുന്നു. വലിയമാത്രകളായി പ്രയോഗിക്കുകയാണെങ്കിൽ ഒന്നുതന്നെ മരണത്തിനോ കഠിനമായ്ക്കുന്ന വിഷങ്ങൾ പലതും ചെറിയ മാത്രകളായി പ്രയോഗിക്കുകയാണെങ്കിൽ ഉന്മേഷത്തെ ഉണ്ടാക്കുന്നതാണെന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

സർ, റോണാൾഡ്റോസിന്റെ ആധിപത്യത്തിൽ നടത്തുന്ന "സയൻസ് പ്രോഗ്രസ്സി"ന്റെ കഴിഞ്ഞ ജനവരിലക്കത്തിൽ, ഇംഗ്ലണ്ടിലെ പ്രസ്തുതശാസ്ത്രജ്ഞനായ സർ, ആൽമർലാഡ്ഡ് ഹോമ്യോപ്പതിയെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു. "സിനതാറാഹി" യെന്നതിനെ പിന്തുടർന്നുള്ള സമീപിയാസിമിലി ബസ്ച്യർ എന്നർ എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി ഒരു ചെറിയമാത്ര ഔഷധം കൊണ്ടു രോഗശമനം വരുത്തുകയും ഇതര ദോഷഫലങ്ങൾ വരുത്താതിരിക്കയും ചെയ്യാമെന്നും ഫാർമക്കോളജിയുടെ പല പുസ്തകങ്ങളിൽനിന്നും കണ്ടുപിടിച്ചിട്ടുണ്ട്. പ്രസ്തുതതാചിന്തകരുടെ പിൻഗാമികളാണ്, മനശ്ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളിൽ; വസൂരിക്കുള്ള അവയുടെ പരിഭോഷകത്തിനും അർദ്ധാന്യമുള്ള സംഭവസ്വഭാവത്തെ സൂക്ഷ്മമായി ചിന്തിച്ചിട്ടുള്ളവർ. ഏതായാലും ഈ കണ്ടുപിടിത്തം പരിപൂർണ്ണമായവിധം അഭിവൃദ്ധിപ്പെട്ടിട്ടില്ലെങ്കിലും ഇത്രയെങ്കിലും ഇക്കാലങ്ങളിലെ പ്രസിദ്ധ പരീക്ഷണഫലമായി കരുതിയിരിക്കുന്നതു നന്ന്? എന്നുമാത്രമല്ല, ഹോമ്യോപ്പതികനായിരുന്നതെന്ന പ്രസ്താവനയായിട്ടുള്ള മറ്റു പല ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായങ്ങളേയും എനിക്കു പ്രസ്താവിക്കാൻ കഴിയും

ഹോമ്യോപ്പതിക് ചികിത്സാസമ്പ്രദായം ഉത്ഭവിച്ചിട്ട് ഉദ്ദേശം നൂറിരുപ്പതു കൊല്ലങ്ങളോളമേ ആയിട്ടുള്ളൂവെങ്കിലും പരിഷ്കൃതലോകത്തിന്റെ എല്ലാഭാഗങ്ങളിലും അതു പരന്നിട്ടുണ്ട്. ഹോമ്യോപ്പതിക് ചികിത്സാ സമ്പ്രദായത്തെ മിക്ക പരിഷ്കൃതരാജ്യങ്ങളിലും നിയമാനുസരണം അംഗീകരിക്കയും, അതിന്റെ പ്രചാ

ചയിലധികം ക്ലിപ്തമായ നിയമങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ചികിത്സാ സമ്പ്രദായത്തെ പിടിച്ച് ഹോമ്യോപ്പതിക് ചികിത്സാക്രമത്തെ സഹികരിക്കുന്ന ഇംഗ്ലീഷു വൈദ്യന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്നു.

അമ്മേരിക്കയിലെ പ്രധാന രാജ്യങ്ങളിലെ തലസ്ഥാനങ്ങളിൽ, മാഷിംഗ്ടൺ, കാലിഫോർണിയാ എന്നീ സ്ഥലങ്ങളിലായി ഹോമ്യോപ്പതിക്ക് സംബന്ധമായ പരിശോധനകൾക്കായിട്ട് മൂന്നു ഹോമ്യോപ്പതിക്ക് സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അമ്മേരിക്കയിൽ ഈ ചികിത്സാക്രമത്തിന്റെ വർദ്ധിച്ചുവരുന്ന പ്രചാരത്തിന് ഇവിടെ ധനിക മതിയായതോതിൽ കൂടാതെ ഈ ചികിത്സാക്രമത്തെ ആദരിച്ചുപോരുന്നു.

താഴെ പ്രസ്താവിക്കപ്പെടുന്ന അമ്മേരിക്കയിലെ മഹാന്മാർ, തങ്ങൾ രോഗബാധിതരായപ്പോൾ ഹോമ്യോപ്പതിക്ക് വൈദ്യന്മാരുടെ ചികിത്സകളെ തെരഞ്ഞെടുത്തു് രോഗവിമുക്തരായിജീവിതാവസാനശേഷം, ഹോമ്യോപ്പതിക്ക് സ്ഥാപനങ്ങളിലേക്ക് ഒട്ടധികം സംഭാവനകൾ ചെയ്തു് തങ്ങളുടെ ഭക്തിയെ പ്രദർശിപ്പിച്ചിട്ടുണ്ട്. അഡംസ് എക്സ്പ്രസ്സ് കമ്പനി, ഡി. റാക്കഫല്ലർ സീനിയർ, റാക്കഫല്ലർ ജൂനിയർ, മല്ലൺബ്രദേഴ്സിലെ പി. ജെ. മല്ലൺ വാട്ടർമാൻ ഫൗണ്ടൻ പെൻ കമ്പനി പ്രസിഡന്റ് ഷ. ഡന്മ്മിയ: വാട്ടർമാൻ, ജനറൽ മോട്ടോർ കമ്പനിയിലെ ചാൾസ് കെറ്ററിങ്, വാനാമേക്കർസ്റ്റോറിലെ ജോഡ്മാൻ വാനാമേക്കർ, 'ചൂയിങ്ഗം' വ്യവസായം കൊണ്ടു കിന്നിനേടിയ വില്ല്യറിഗ്ലി എന്നിവരുടെ മറ്റനേകം കോടീശ്വരന്മാരുടെയും.

അമേരിക്കയിലെ തൊണ്ണൂറുകളിൽ ഓരോ നാട്ടുകളിലും ഓരോ ഹോമ്യോപ്പതിക് ചികിത്സാലയങ്ങളും, ഓരോ സർക്കാരാശുപത്രികളിൽ ഓരോഹോമ്യോപ്പതിക് കോളേജുകളുമുണ്ട്. ഫിലാഡൽഫിയയിലെ ജനസംഖ്യ ഇരുപതുലക്ഷം ഡാളർ (അതായതു് പതിനേഴരലക്ഷം രൂപാ) നിക്ഷേപമുള്ള ഒരു ഹോമ്യോപ്പതിക് ആശുപത്രിയും, എഴുനൂറു രൂപത്തിലധികം രോഗികളെ ചികിത്സിക്കുന്നതിനുള്ള ഒരു ചികിത്സാമന്ദിരത്തിനും എഴുനൂറു അൻപതു വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള ഒരു ഹോമ്യോപ്പതിക് കോളേജിനും ഉപകരിക്കത്തക്കവിധം ഉള്ള സ്ഥലസൗകര്യങ്ങളോടുകൂടിയ ഇരുപതു നിലകളുള്ള ഒരു മാളിക പണി ചെയ്യുവരുന്നു. ഗ്രേറ്റ്ബ്രിട്ടനിലെ താഴ്ന്നുവരുന്ന ആളുകൾ ഹോമ്യോപ്പതിസംരക്ഷകരാണ്.

എഛ്. ആർ. എച്ച്. ലിപ്പിൻസ് ആഫ്വെയിൽസ്, എച്ച്, ഐർ. എച്ച്. മി. ഡ്യൂക്ക് ആഫ്യോർക്ക്, ഡൊണോ മൂറിലെ പ്രഭു, ഡിസ്സ്രാട്ടിലെ പ്രഭു, സ്റ്റാൻഡിഷ്യുമിലെ പ്രഭു, പ്ലിമത്തിലെ പ്രഭു, പ്ലിമത്തിലെ വിധവായ പ്രഭു, ക്രാൻമോറിസ് പ്രഭുവിൻകിൽപ്രഭു, സ്റ്റാനാർഡ്പ്രഭു, വിഞ്ചൽസി-പ്രഭു, സ്റ്റാൻഹോപ്പിപ്രഭു, സർ, ആളിവർലാഡ്ജ് സർ, ജാജ് വിയാറ ട്രാസ്റ്റ്കാട്ട്, സ്ഥാനം ഒഴിഞ്ഞ ലണ്ടൻ മാഡ് മേയർ, മി; ഗാഡൻ സെൻഫ്രിഡ്ജ, ഇവരും മറ്റനവധി മഹാന്മാരും, എച്ച്. ആർ. എച്ച്. ലിപ്പിൻസ് ആഫ് വെയിൽസിന്റെ ഇപ്പോഴത്തെ ഡാക്ടറായ ജാൻവീയർ. സീ. മി. ഓ അവർകളും ഒരു ഹോമ്യോപ്പതിക്ക് സമ്പ്രദായി ആകുന്നു.

ഇൻഡ്യയിൽ, പ്രത്യേകിച്ചു ബംഗാളിൽ, ഈ ഹോമ്യോപ്പതി ചികിത്സാക്രമം അനഭിജ്ഞന്മാരായ വൈദ്യന്മാർ വളരെപ്പേരുണ്ടു്. മിക്ക മുനിസിപ്പാലിറ്റികളിലും അവരുടെ ഹോമ്യോപ്പതിക്ക് വൈദ്യന്മാരായി ധാരാളം ആളുകളുണ്ട്. മദ്രാസിലെ 'ഹാനിമാൻ ഫിഹോമ്യോപ്പതി' ആസ്പത്രിക്ക് മദ്രാസ കാർപ്പറേഷൻ പ്രത്യേകമായി ഗ്രാന്റുകൊടുത്തുവരുന്നു. കോലാപ്പൂർരാജ്യത്തിലും ഉത്തരഇൻഡ്യയിലെ ചിറതോതേകം നാട്ടരാജ്യങ്ങളിലും 'ഹോമ്യോപ്പതി മെഡിക്കൽ ഡിപ്പാർട്ടുമെന്റ്' എന്നൊരു ഡിപ്പാർട്ടുമെന്റു പുത്തനായിട്ടേർപ്പെടുത്തിയിട്ടുണ്ട്. പഴയ സാമ്രാജ്യനിയമസഭയിലെ ഒരംഗമായിരുന്ന, അന്തരിച്ചുപോയ ഡാക്ടർ, മോഹേന്ദ്രലാൽ സർക്കാർ എം. ഡി. സി. ഐ. ഇ അവർകളാണ് ഈ ഹോമ്യോപ്പതിക്ക് ചികിത്സാക്രമത്തെ ഇൻഡ്യയിൽ ആദ്യമായി നടപ്പിൽവരുത്തിയതു്. അതിൽപിന്നെ, ഇൻഡ്യയിലെ എല്ലാപട്ടണങ്ങളിലും ഗ്രാമങ്ങളിലും ഹോമ്യോപ്പതി ചികിത്സാ അഭിവൃദ്ധികരമായിത്തന്നെ വരുന്നു.

തിരുവിതാംകൂറിൽ ഹോമ്യോപ്പതിയുടെ അഭിവൃദ്ധി വളരെ കൃതഗതിയിലാകുന്നു. ഈ സമയിലെ അംഗങ്ങളിൽ മിക്കപേർക്കും ഈ ചികിത്സാസമ്പ്രദായം അനുഭവപ്പെട്ടിട്ടുണ്ടെന്നതിനെയല്ല, അവർക്ക് അതിന്റെ ഗുണഫലത്തെപ്പറ്റി നല്ലപോലെ അറിയുകയും ചെയ്യാം. ആദ്യമായി ഹോമ്യോപ്പതിക്ക് സമ്പ്രദായം പഠിക്കാൻ തിരുവിതാംകൂറിൽനിന്നും കൽക്കത്തയിലേക്ക പോയതും ഇരുപതുകൊല്ലങ്ങൾക്കുമുമ്പുതൽ തിരുവിതാംകൂറിൽ ഈ ചികിത്സാസമ്പ്രദായം പ്രയോഗിച്ചുതുടങ്ങിയതും ഞാൻ ആകുന്നു. ഹോമ്യോപ്പതിക്ക ചികിത്സാ ആദ്യമായി ആരംഭിച്ചപ്പോൾ തിരുവനന്തപുരത്തെ ജനങ്ങൾക്ക് 'ഹോമ്യോപ്പതി'യെന്ന നാമധേയത്തെന്നെ ഒരു പുതുമയായിരുന്നു വെന്നുമാത്രമല്ല അവർ അതിന്റെ ഫലത്തെപ്പറ്റി സംശയമുള്ളവരായിരിക്കയും ചെയ്തു. എന്നാൽ ഇപ്പോൾ തിരുവിതാംകൂറിലെ കുഗ്രാമങ്ങളിൽപ്പോലും ഈ ചികിത്സ നടത്തുന്ന ജനങ്ങൾ വളരെയുണ്ട്. ഹോമ്യോപ്പതി ചികിത്സ മുഖാന്തിരം സ്വന്തകുടെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള പല നാട്ടു വൈദ്യന്മാരെയും എനിക്കറിയാം. ഉദ്യോഗത്തിലിരിക്കുന്നവരും ഉദ്യോഗമൊഴിഞ്ഞവരുമായ പല അലോപ്പതി ഡാക്ടറന്മാരും ഹോമ്യോപ്പതി ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നതായുമറിയാം.

ധനവാന്മാരുടെയും, ഒരിരുമ്പടേയും, അഭിജ്ഞന്മാരുടേയും. പരമരന്മാരുടേയും, ഇടയിലെല്ലാം ഹോമ്യോപ്പതിചികിത്സാപ്രചാരം പ്രതിദിനം വർദ്ധമാനമായിത്തന്നെ വരുന്നു. അതിനാൽ ഇന്നാട്ടിൽ ഹോമ്യോപ്പതിക്ക് വൈദ്യന്മാരുടെ ആവശ്യവും വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു.

പ്രകൃതി സിദ്ധാന്തങ്ങളോട് രഞ്ജിക്കുന്നതും, ശാസ്ത്രീയതത്വങ്ങളിലധിഷ്ഠാനപ്പെട്ടതായിട്ടുള്ളതും, ഒട്ടേറെ ഗുണഫലങ്ങളുള്ളതും, ദോഷരഹിതമായിട്ടുള്ളതുമായ ഒരു ചികിത്സാ സമ്പ്രദായമാണ് ഈ ഹോമ്യോപ്പതിയെന്നർത്ഥപൂർണ്ണമായുണ്ടു്.

അതികഠിനങ്ങളായ താല്ക്കാലികരോഗങ്ങൾക്കും, കാലപ്രഭേദം ഉള്ളതുരോഗങ്ങൾക്കും, സാംക്രമികരോഗങ്ങൾക്കും, ശിശുക്കളുടെ രോഗങ്ങൾക്കും ഒന്നുപോലെ ഗുണകരമായിട്ടുള്ളതാണ് ഈ ഹോമ്യോപ്പതിക്ക് സമ്പ്രദായം.

മറ്റുചില ചികിത്സാക്രമങ്ങളെ അപേക്ഷിച്ചു് ലാഭമുള്ളതാകകൊണ്ടു് ധനംപുഷ്ടിയില്ലാത്ത നമ്മുടെ ഈ നാട്ടിനു് വളരെ പറ്റിയതാണ് ഹോമ്യോപ്പതിക്ക് സമ്പ്രദായമെന്നു രീച്ചുതന്നെ.

നവജ്ഞൻറിൽനിന്നും ഹോമ്യോപ്പതിക്ക് ആസ്പത്രികളും ചികിത്സാമന്ദിരങ്ങളും സ്ഥാപിക്കുകയിൽ ഉത്സാഹത്തിനുള്ള നീക്കിയിരുപ്പുകയിൽനിന്നും ഒരു വൻ തുകയും ലാഭപ്പെടുത്താവുന്നതാണ്.

ഹോമ്യോപ്പതി ചികിത്സയെപ്പറ്റി ഒരു ചർച്ച നടക്കുകയുണ്ടായി. ഈ ചികിത്സാരീതിയെപ്പറ്റി ഇവിടെ പ്രതിപാദിച്ചിട്ടുള്ളതിനെ ഞാൻ എതിർക്കുന്നു. യൂറോപ്യൻ രാജ്യങ്ങളിലെ ഡോക്ടർമാർ ഈ ചികിത്സാരീതി ശാസ്ത്രീയമായി അംഗീകരിച്ചിട്ടുണ്ട്.

അലോപ്പതി ചികിത്സയ്ക്കായി ആശുപത്രികളിൽ പോകുന്നവർക്ക് ഡോക്ടർമാരുടെ ഫീസും മരുന്നുകൾക്കുള്ള വലിയ പണവും ചെലവുചെയ്യുന്നു. ഹോമ്യോപ്പതി ചികിത്സാലയങ്ങളിൽ ആവശ്യത്തിനുള്ള മരുന്നുകൾ സൗജന്യമായി കൊടുക്കുന്നു. ഈ ചികിത്സാരീതിയുടെ പ്രചാരത്തിനുവേണ്ടി ഗവണ്മെന്റ് അനുകൂലമായ നിലപാടുകൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ ചികിത്സാരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനു മുമ്പിൽ തിരുവനന്തപുരത്തുതന്നെ ധാരാളം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളുള്ള ഒരു ഹോമ്യോപ്പതിക് ചികിത്സാലയവും ഹോമ്യോപ്പതിക് ആസ്പത്രിയും ഉണ്ടാക്കിയിട്ട് മന്ത്രിമാരുടെ അഭിവൃദ്ധിയെപ്പറ്റി പറയുന്നതിൽ നിന്നും തന്നെ നേരേ മറിച്ചായിരിക്കുന്നതാണ്. അന്യരാജ്യങ്ങളിലെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ചികിത്സാരീതിയെ ബോർഡിൽനിന്നും എന്റെ അഭിപ്രായത്തെ എതിർക്കുകയില്ലെന്നുതന്നെയല്ല ഞാനിതിനെ സ്വീകരിക്കുന്നതിനുള്ള കാരണം വിശ്വസിക്കുന്നു. മറ്റു ചികിത്സാക്രമങ്ങളുടെ പ്രയോജനത്തെ ഞാൻ തള്ളിപ്പറയുന്നതിനും ഒരുങ്ങുന്നില്ല. ഓരോ ചികിത്സാരീതിയും അതുകൊണ്ടുള്ള ഉപയോഗങ്ങളുള്ളതുതന്നെയാണ്. ഹോമ്യോപ്പതിക്ക ചികിത്സാസമ്പ്രദായം മറ്റുള്ള ചികിത്സാക്രമങ്ങളെക്കാൾ കൂടുതൽ ഗുണമുള്ളതാണെന്നും ഞാൻ പറയുന്നില്ലെങ്കിലും അവയോളം നന്നാണെന്നുള്ള എന്റെ വിശ്വാസത്തെ നിലനിർത്തുവാൻ ഹോമ്യോപ്പതിയെ സ്വീകരിക്കണമെന്നുള്ള നിലയിൽ എനിക്കവകാശമുണ്ട്. സർ, സൽഗുണസമ്പന്നയായ എല്ലാ ജനങ്ങളും എന്നെ ഈ കാര്യത്തിന്റെ യഥാർത്ഥത്തെ വിലമതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിന്റെ തലസ്ഥാനമായ ഈ നഗരത്തിലെ വളരെ ഉയർന്നനിലയിൽ ഇരിക്കുന്ന സ്ത്രീപുരുഷന്മാരുടെ ഭരിക്കുന്നതിനുള്ള സകലസൗകര്യങ്ങളും വഴിയേ ഉദ്യോഗസ്ഥന്മാരും ധനികന്മാരായ കച്ചവടക്കാരും വിദേശികളുമുള്ളവരായ മറ്റനേകം ജനങ്ങളും ഹോമ്യോപ്പതി ചികിത്സയെ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം സാധിക്കുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നുണ്ടെന്നു എനിക്കു പറയുവാൻ ഇടവരുത്തിയിട്ടുള്ള ഈ ഡിമാൻഡിനെ വല്ല ഡാക്ടറന്മാരോ മറ്റുപ്രമാണത്തിനുള്ളവരോ എതിർക്കുവാൻ ഉദ്യമിക്കുന്നതായിട്ടുണ്ടെങ്കിൽ ആയതു തലസ്ഥാനനഗരിയിലുള്ള ജനതയുടെ വിവേകശക്തിയേയും പൊതുജന അഭിപ്രായസംഘടനയേയും കൊള്ളുവാൻ കൂടിയ ഈ രാജ്യത്തെയും അവമാനിക്കുവാൻ മടുക്കുകയായിരിക്കുമെന്നു ഞാൻ കരുതുന്നു. സർ, ലോകത്തിലുണ്ടായിട്ടുള്ള മിക്കരോഗനിദാനങ്ങളും അറിവില്ലായ്മയിൽനിന്നും ഉൽഭവിച്ചിട്ടുള്ളവയത്രേ. അവിവേകത്താൽ വളരെപ്പെട്ടിട്ടുള്ള കോട്ടയ്ക്കകത്തു ഒരാൾ തന്റെ നിലയെ പരിപാലിക്കാൻ തുടങ്ങുന്നതു പാപങ്ങളിലും പാപകരമായിട്ടുള്ളതാകുന്നു. ഈ പ്രവൃത്തി രാജ്യവാസികളോടും രാജ്യദ്രോഹത്തിനോടും പാപത്തോടുമുള്ള ശത്രുതകൊണ്ടുതന്നെയാകുന്നു. വൈദ്യവാഴ്ചയിലുണ്ടാകുന്നതായ ദുരിതവർദ്ധനകളുടെ പ്രസ്താവനകളുമായ അടിസ്ഥാനപ്പെടുത്തിയുണ്ടാക്കിയിട്ടുള്ളതായ ചികിത്സാസമ്പ്രദായത്തെക്കുറിച്ചല്ലാ ഞാനിവിടെ പരിശോധിക്കുന്നതു്. എന്നെ ഈ അവകാശത്തെ ഇപ്പോൾ ജീവിച്ചിരിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ അനുഭവശക്തി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. ഹോമ്യോപ്പതി ചികിത്സ പരിശീലിച്ചുതുടങ്ങിയതിൽ എല്ലുമുറിഞ്ഞും വ്യാപിച്ചിട്ടുണ്ട്. നിരന്തരമായ അഭ്യസനക്രമംകൊണ്ടു ജ്ഞാനാഭിവൃദ്ധിയുണ്ടായിട്ടുള്ള തിരുവിതാംകൂർ ജനതയുടെ ഇടയിലാണ് ഈ ഹോമ്യോപ്പതിക ചികിത്സാക്രമം എന്തുംവേഗത്തിൽ പ്രചരിച്ചു വർദ്ധിച്ചുകൊണ്ടിരിക്കുന്നുഎന്നും ഞാൻ പ്രതിപാദിച്ചുകൊള്ളുന്നു. സർ, വിവേകശക്തരായ മഹാജനങ്ങളുടെ മുമ്പിൽ ഇന്നുള്ള ഈ സമുദായത്തെ സമയോടെ സ്വീകരണത്തിനായി ഞാൻ അവതരിപ്പിക്കുന്ന ഈ പ്രമേയത്തിന്റെ വിഷയമായിരിക്കുന്ന ചികിത്സാക്രമത്തിന്റെ ഗുണഫലത്തിൽ വിശ്വാസമില്ലാത്തവരും മറ്റു ചികിത്സാക്രമങ്ങളിൽ ഏതെങ്കിലും തന്നിൽ പ്രത്യേക നിഷ്ഠയുള്ളവരുമായവരുടെ മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള അഭിപ്രായങ്ങളെ ഗവണ്മെന്റിൽനിന്നും സ്വീകരിക്കുകയില്ലെന്ന ഞാൻ വിശ്വസിക്കുന്നു. ഇതെല്ലാം പ്രസ്താവിച്ചുകൊണ്ടു എന്റെ ഈ പ്രമേയത്തെ ഞാൻ ഈ സമുദായാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): തിരുവനന്തപുരത്തു വിദഗ്ധഗതിയിലുള്ള വല്ല ഹോമ്യോപ്പതി ഡാക്ടറേയും അദ്ദേഹത്തിനടിയാമൊ എന്നന്വേഷിക്കുവാൻ ഞാൻ കൊള്ളാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതെ വളരെയുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വളരെ പ്രസിദ്ധനായ അദ്ദേഹത്തിനു പോകുവാൻ സാധിക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതിനു വേണ്ട അനുഷ്ഠാനങ്ങൾ നടത്തിയാൽ അദ്ദേഹത്തിനു എളുപ്പത്തിൽ കണ്ടുപിടിക്കാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തിനു വിരോധമില്ലെങ്കിൽ ആ ഡാക്ടറുടെ പേരു പറയാം. പ്രസിദ്ധപ്പെട്ട ആളുകളുടെ പേരുമാത്രം എനിക്കറിഞ്ഞാൽ മതിയാകുന്നതാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ചോദ്യത്തിനുശേഷം പറയാൻ എനിക്കിഷ്ടമില്ല.

മി: എം. ശിവതാണുപിള്ള (തോപ്പാള): ചിന്താമണി വൈദ്യത്തെപ്പറ്റിയും അദ്ദേഹത്തിന് അതേ അഭിപ്രായം തന്നെയാണോ എന്നെനിക്കറിഞ്ഞാൽ കൊള്ളാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) ചിന്താമണിയെപ്പറ്റി എനിക്കു വളരെ അധികം അറിവാൻ പാടില്ല. പക്ഷേ അതുമെച്ചമല്ലപോലെ അറിയാമായിരിക്കും. ആ ചികിത്സാരീതി അഭ്യസിക്കുന്നതിനുശേഷം അതിനെ സംബന്ധിച്ചു അഭിപ്രായം പുറപ്പെടുവിക്കാൻ എനിക്കു സാധിക്കും.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-തേവിക്കൽ), തിരുവനന്തപുരത്തുള്ള ആശുപത്രികളിലേതിലെങ്കിലും ഒന്നിൽ ചികിത്സിച്ചിട്ടുള്ള രോഗികളുടെ ശതമാനം എത്രയെന്നു അദ്ദേഹത്തിന്നറിയാമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഗവണ്മെന്റ് ഇംഗ്ലീഷ് ആശുപത്രികളും ഹോമ്യോപ്പതി ആശുപത്രികളും അടുത്തടുത്തില്ലായിരിക്കുമ്പോൾ എങ്ങിനെയാണു താരതമ്മ്യപ്പെടുത്തുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-തേവിക്കൽ), കഴിഞ്ഞ ഒന്നരണ്ടു കൊല്ലങ്ങൾക്കിടയിൽ തിരുവനന്തപുരത്തുള്ള ഏതെങ്കിലും ആശുപത്രിയിലോ തിരുവനന്തപുരത്തിനു വെളിയിലുള്ള ഏതെങ്കിലും ആശുപത്രി

യിച്ചോ ചികിത്സിച്ചു രോഗികളുടെ എണ്ണവും സുഖം പ്രാപിച്ചവരുടെ എണ്ണവും എത്രയാണെന്ന അദ്ദേഹത്തിനു പറയാൻ സാധിക്കുമോ?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ചികിത്സിച്ച രോഗികളിൽ ഫറിംഗൈറ്റിസ് പോലുള്ള രോഗങ്ങൾ സുഖം വരിച്ചിട്ടുണ്ട്.

ശ്രീ: എം. ശിവശങ്കരപിള്ള (കായംകുളം): ലണ്ടനിലെ വിഷചികിത്സാരോഗത്തെ സംബന്ധിച്ചുള്ള കണക്കുകൾ തമ്മിൽ താരതമ്യപ്പെടുത്തിയതെന്തിനാണെന്നു എന്നിക്കറിഞ്ഞാൽകൊള്ളാം.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഹോമ്യോപ്പതി വിദഗ്ദ്ധന്മാരെയുള്ളതാണു.

ശ്രീ: എ. ശിവതാണുപിള്ള (ചേർത്തല): ഇംഗ്ലീഷ്‌വൈദ്യത്തെ വേണ്ടെന്നുവയ്ക്കണമെന്നാണോ അദ്ദേഹം പറയുന്നതിന്റെ അർത്ഥം.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): പ്രത്യേകിച്ചു ഈ ചികിത്സയിൽ ഹോമ്യോപ്പതി ഡോക്ടർമാരെ അപേക്ഷിച്ചു വിദഗ്ദ്ധന്മാരായിട്ടുള്ളതാണ്. എല്ലാ രോഗങ്ങളുടെയും ചികിത്സയിലും ഹോമിയോപ്പതി യാണു വിദഗ്ദ്ധമായിട്ടുള്ളതെന്നു ഞാൻ പറയുന്നില്ല.

ശ്രീ: കുറ്റിപ്പുഴയിൽ ആർ. രാമൻപിള്ള (കൊല്ലം): ബഹുമാനപ്പെട്ട സ്പീക്കർ ചികിത്സിപ്പിക്കുന്നതിനെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായമെന്താണ്?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): അതു ഹോമിയോപ്പതിയുടെ മറ്റൊരു പിടിവാശിയാണ്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇക്കഴിഞ്ഞ വല്ല സർവകലാശാലയും ഈ ചികിത്സാരീതിയെ ഒരു പരീക്ഷണമെന്നിലും അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഇല്ല.

ശ്രീ: കെ. കെ. ജോസഫ് (മീനച്ചൽ-ദേവികുളം): പിന്നെന്തിനാണ് ഒരാൾ ചികിത്സിക്കുന്നതിനു താല്പര്യമുള്ളവരാണെന്നു തീർച്ചപ്പെടുത്തുന്നത്?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): കൽക്കട്ടായിൽ ഒരു കോളേജുണ്ട്. അവിടെ മൂന്നുവർഷം കൊണ്ടു പഠിച്ചു വീക്കണ്ട ഒരു പാഠപദ്ധതിയുണ്ട്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അവിടെ അംഗീകരണം സിദ്ധിച്ചിട്ടുള്ള സ്ഥാപനങ്ങളുണ്ടോ?

ശ്രീ: എ. എൻ. പിള്ള (തിരുവനന്തപുരം): അതെയതെ. സർവകലാശാലകളും അതിനെ അംഗീകരിച്ചിട്ടുണ്ട്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇൻഡ്യൻ ഗവണ്മെന്റിനാൽ അംഗീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഇൻഡ്യൻ ഗവണ്മെന്റിന്റെ കീഴിൽ ഹോമിയോപ്പതിക്കോളേജുകളൊന്നുമില്ല.

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കോളേജിൽ പഠിക്കേണ്ടതാവശ്യമാണ്.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): നല്ലഫലം കൊടുക്കത്തക്കവണ്ണം ചികിത്സിക്കണമെങ്കിൽ കോളേജിൽ പഠിപ്പിക്കണം. കോളേജിൽ ചേരാതേയും പഠിക്കാം.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കോളേജിൽ ചേരാതെ പഠിച്ചു വല്ലവരും പരീക്ഷ ജയിച്ചിട്ടുണ്ടോ?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഇംഗ്ലീഷ്‌വൈദ്യത്തിലെ കമ്പൗണ്ടർമാർ കോളേജിൽചേരാതെതന്നെത്താൻപഠിച്ചു പരീക്ഷ പാസ്സായി കമ്പൗണ്ടർപണിക്കുള്ളവരുടെ ലിസ്റ്റിൽനിന്നും ബിരുദസമ്പാദിച്ചിട്ടുള്ളവർ പലരുമുണ്ട്.

ശ്രീ: കെ. കെ. ജോസഫ് (മീനച്ചൽ-ദേവികുളം): പരീക്ഷയോഗ്യത ഇന്നതു വേണമെന്ന കാര്യത്തെ സംബന്ധിച്ച് കൽക്കട്ടായിൽ പഠിച്ചു യോഗ്യത സമ്പാദിക്കുന്നതാണ് ഏറ്റവും നല്ലതെന്ന അദ്ദേഹം പറയുന്നുവോ?

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): അമേരിക്കയിലെ യൂനിവേർസിറ്റികളിൽ ഇംഗ്ലീഷ് പ്രത്യേകപാഠപദ്ധതികളുള്ളതുകൊണ്ടു അവിടെ പഠിക്കുന്നതു നന്നായിരിക്കും.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അമേരിക്കയിൽ പഠിച്ചുവന്നവർക്കുമാത്രം പ്രോത്സാഹനം നൽകിയാൽ അദ്ദേഹം സമാധാനപ്പെടുമോ?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഒരിക്കൽ ഇംഗ്ലീഷ് ചികിത്സാരീതിക്കൊണ്ടിരുന്നവരും ഇപ്പോൾ ഹോമിയോപ്പതി ചികിത്സനടത്തുന്നവരുമായ ഡാക്ടർമാർ ഗൗരവമായിട്ടു ഹോമ്യോപ്പതി ചികിത്സ നടത്തുന്നതായാൽ അതുതന്നെ ശരിയായിട്ടുള്ള യോഗ്യത.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): യോഗ്യത നിശ്ചയിക്കുന്നതിനു തക്കതായിട്ടുള്ള ആരും അതിനെന്നാണ് അദ്ദേഹം വിചാരിക്കുന്നത്.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): കൽക്കട്ടായിൽ കോളേജധികാരികളും ഉണ്ട്. അതുകൂടാതെ ലേഖനങ്ങളും മുഖാന്തിരം പഠിപ്പിക്കുന്ന കറസ്പോണ്ടൻസ് സ്കൂളുകളും അനേകം ഉണ്ട്. കറസ്പോണ്ടൻസ് സ്കൂളുകളിൽ നിന്നും ആരംഭിക്കേണമെങ്കിലും ഒരു എഡി. ഓ എം. ബി. ഓ. എങ്കിലുമുണ്ടായിരിക്കണമെന്നാണ്. ഹോമ്യോപ്പതി സംബന്ധിച്ചു പ്രത്യേകചട്ടങ്ങളൊന്നും ഏർപ്പെടുത്തീട്ടില്ലാത്തതുകൊണ്ടു എല്ലാവരും അതാതുരീതിയിൽ വഴിയായി കണ്ടതിയിരിക്കുന്നു. എന്നാൽ കൽക്കട്ടായിൽപോയി മൂന്നുകൊല്ലം പഠനം നടത്തുന്നവർക്കു മാത്രമെ രോഗികളെ ചികിത്സിക്കാൻ തക്ക യോഗ്യതയും സാമർത്ഥ്യവും ഉണ്ടാകുകയുള്ളൂ.

ശ്രീ: എം. ശിവശങ്കരപിള്ള (ചേർത്തല): അപ്പോൾ ഇതു ആക്ട് ചികിത്സിക്കുവാനുള്ള ദോഷമാണെന്നു പറയുന്നതിനുള്ള ഒരു സന്ദർഭമായിരിക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആരും ചികിത്സിക്കുന്നതായി. ഡോക്ടറന്മാരെല്ലാത്തവരെയോ ആളുകളും അവരുടെ വീടുകളിൽ ഈ ചികിത്സ നടത്തുന്നു. യൂണിവേഴ്സിറ്റിക്കാരെയും അവർ ഡോക്ടറന്മാരെ വിളിക്കുന്നുള്ളൂ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സ്വന്തവൃത്തിയിലായിരിക്കുന്ന ഒരാളിന് എം. ഡി. ബിരുദമോ എം. ബി. ബിരുദമോ വിലയുള്ളവാങ്ങാൻ സാധിക്കുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): വിലയുള്ളവാങ്ങാൻ നല്ല പണമുണ്ടെങ്കിൽ സാധിക്കുന്നതാണ്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടം-വ്യവസായം-തെക്ക്): എം. ഡി. ബിരുദം വിലയുള്ളവാങ്ങാൻ പിടികിട്ടുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതെ അവയെ വിലയുള്ളവാങ്ങുന്നുണ്ട്. ഇംഗ്ലീഷ് ഡിഗ്രികളും വിലയുള്ളവാങ്ങാൻകിട്ടും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു ഒരു ജനസമ്മതമായിട്ടുള്ളതാണെങ്കിൽ അതിനെന്നു ഞാകുന്ന പണംകൊണ്ടു ചിലവു നടത്തുവാൻ സാധിക്കുകയില്ലയോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): നിശ്ചയമായിട്ടും അതിൽനിന്നു കിട്ടുന്ന ചെറിയ ചിലവിനെ അതിയാക്കുന്നതാണ്. സാലാമത്തെ ഉദ്ദേശിച്ചിട്ടില്ല ഞാനു ഇതിനുവേണ്ടി വാദിക്കുന്നതു്. എന്തിനു പ്രോത്സാഹനത്തിന്റെ ആവശ്യം ഒന്നും ഇല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അതു് ഉദ്ദേശിച്ചുള്ള പറഞ്ഞതു്. ഈ ഹോമിയോപ്പതി ചികിത്സയ്ക്കു കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കുള്ളിൽ ഉത്തരം അഭിവൃദ്ധിയെ പ്രാപിപ്പാൻ സാധിച്ചിട്ടുള്ളതുകൊണ്ടു കുറെകൊല്ലങ്ങൾ കഴിയുമ്പോൾ അതിനു സ്വയം പോറെടിക്കുന്നുപോകുവാൻ സാധിക്കയില്ലയോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം). തക്ക പ്രോത്സാഹനമില്ലെങ്കിൽ അതിനെ ഈ കാലത്തെപ്പോലെ പിടിക്കുവാൻ സാധിക്കയില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി). ജനങ്ങൾ അതിനെ സ്വീകരിക്കുന്നു എന്നാണ് നിങ്ങൾ പറയുന്നതു്. വൈദ്യസഹായം നിങ്ങൾ അവക്കുണ്ടു നൽകുന്നതു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇംഗ്ലീഷ്വൈദ്യത്തിന്റെ കാര്യത്തിലും അപ്രകാരം ഇരുന്നിരിക്കണം. മറ്റുചികിത്സകൾ മരുന്നു വെറുതെ കിട്ടാതിരുന്നാൽ ഡോക്ടറന്മാർ രോഗികൾക്കു മരുന്നു വിലയുള്ളതെന്നു കൊടുക്കും. ഇംഗ്ലീഷ്വൈദ്യചികിൽസക്കു ചിലവുചെയ്യുന്നതിൽ ഒരുമാതിരി ഹോമിയോപ്പതിചികിത്സയ്ക്കാവശ്യപ്പെടുന്ന ജനങ്ങളുടെ ഇടയിൽ ചിലവുചെയ്യാൻ മനസ്സാകുമെന്നാണ് ഞാൻ പറഞ്ഞതു്.

മി: പി. കെ. പിള്ള (കരുനാഗപ്പള്ളി): വൈദ്യസ്ഥാപനങ്ങൾക്ക് ഗവണ്മെന്റ് ധനസഹായം ചെയ്യുന്നപ്പോലെ നിവൃത്തിചെയ്യണമെന്ന് അദ്ദേഹം ആഗ്രഹപ്പെടുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇല്ല. ഞാൻ അപ്രകാരം ഒരു വ്യവസ്ഥപ്പെടുത്തിയില്ല. ഗവണ്മെന്റ് വൈദ്യസ്ഥാപനങ്ങൾക്ക് ധനസഹായം നല്കുന്നിടത്തോളം ഞാൻ ഗവണ്മെന്റിനെ സന്തോഷപൂർവ്വം പിൻതാങ്ങും.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക്): വൈദ്യസഹായം വർദ്ധിപ്പിക്കുന്നതിനാണോ ഇതു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതേ; ഉദ്ദേശരൂപമായിട്ടു തിരുവനന്തപുരംപട്ടണത്തിൽതന്നെ വേണ്ടത്ര ആശുപത്രികളില്ല. പട്ടണത്തിനു വെളിയിലുള്ള ഉൾനാടുകളിൽ വൈദ്യസഹായം ലഭിയ്ക്കാതെ മുമ്പിരിക്കുന്ന ജനങ്ങളുള്ളതായ എത്രയോ സ്ഥലങ്ങളുണ്ടു്. ഗ്രാമങ്ങളിലും അപ്രകാരംതന്നെയാണ്. ഹെൽത്ത് മിനിസ്റ്ററായിരുന്ന മി: ജോസഫ് സ്വാമി മുതലിയാർ സമീപകാലത്തു ഹനിമാൻ ഔഷധയത്നിതന്റെ വാർഷികയോഗത്തിൽ വച്ചു ഒരു പ്രസംഗത്തിന്റെ ഏതാണ്ടംശത്തെ ഞാനിവിടെ ഉദ്ധരിയ്ക്കാം. അദ്ദേഹം പറഞ്ഞു "ഹോമിയോപ്പതി ചികിത്സയുടെ ശ്രേഷ്ഠതയെപ്പറ്റിവച്ചിയ അധികാരത്തോടുകൂടിയൊ പ്രമാണത്തോടുകൂടിയൊ എനിയ്ക്ക് സംസാരിയ്ക്കാൻ ശക്തിയുണ്ടെന്നു തോന്നുന്നില്ല. എന്നൽ എനിയ്ക്കു നല്ല ബോധ്യം വന്നിട്ടുള്ള ഒരു സംഗതിയുണ്ട്. ഇപ്പോഴത്തെ ഇംഗ്ലീഷ് ചികിത്സാസമ്പ്രദായത്തിന്റെ ഭ്രമം അന്വേഷിക്കുന്നതിന് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ഒരു ചെറിയ ഭാഗത്തിനുമാത്രമേ സാധിക്കുന്നുള്ളു എന്നു നമുക്കെല്ലാവർക്കും അറിയാം. ഉൾനാടുകളിലേയ്ക്കു വൈദ്യസഹായം നൽകേണ്ടവിഷയത്തെപ്പറ്റി തീരുമാനപ്പെടുത്തേണ്ട അധികാരികൾ, അവർക്ക് അതിനുള്ള മാർഗ്ഗമെല്ലാംവിധത്തിലും ഒരു സമ്പ്രദായത്തിലും ലഭിയ്ക്കുന്നവരോ അതിനെ എല്ലാം അവർ സ്വീകരിയ്ക്കുന്നവരോണ്."

മി: പി. കെ. പിള്ള (കരുനാഗപ്പള്ളി): വൈദ്യസഹായത്തെ എല്ലാസ്ഥലങ്ങളിലും പരക്കത്തക്കവിധത്തിലാക്കേണ്ടതിനെപ്പറ്റിയാണ് മി: ജോസഫ് സ്വാമിമുതലിയാർ സംസാരിച്ചതെന്നു തോന്നുന്നില്ലല്ലോ. അദ്ദേഹം ഇംഗ്ലീഷ്വൈദ്യത്തെയും ഹോമിയോപ്പതിവൈദ്യത്തെയും താരതമ്യപ്പെടുത്തുകയല്ലായിരുന്നു

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം ഈ വിഷയത്തിൽ ഒരു വിഭാഗക്കാരനല്ല. ഏതെല്ലാംവിധത്തിൽ ഉൾനാടുകളിൽ വൈദ്യസഹായംനല്കുന്നുമോ അപ്രകാരമെല്ലാം നല്കണമെന്നുള്ള അഭിപ്രായമാണ് അദ്ദേഹം പറഞ്ഞതു്. മദ്രാസിലെ ഡാക്ടർ ഹനിമാൻ വിസ്സെന്റ്സറിയുടെ വർഷികയോഗത്തിൽ ഇന്നലെയായിരുന്നു. എനിയ്ക്കാ ക്ഷണനം ഉണ്ടായിരുന്നു. ഡാക്ടർ ജനറൽ മേജർ ഹച്ചിൻസൺ അദ്ധ്യക്ഷംവഹിച്ചു. നാല്പത്തെ വർത്തമാനക്കടലാസുകളിൽ പ്രസംഗങ്ങൾ കാണും. അദ്ദേഹം ഹോമിയോപ്പതിയോടു വിരോധാഭിപ്രായം ഉള്ള ആളായിരുന്നെങ്കിൽ വർഷികയോഗത്തിൽ അദ്ധ്യക്ഷം വഹിച്ചിരിക്കുകയില്ലായിരുന്നു.

മി: തയ്യിൽകണ്ണിതെക്കുമ്മൻ (മുപാറമുഴി-തൊടുപുഴ): ഞാൻ പ്രമേഹത്തെ വലുതായി പേടിക്കുന്നു. മരുന്നുകൊണ്ടു അതുപയിച്ചുകൊണ്ടും വലിയ പത്ഥ്യം ആചരിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടു ഔഷധങ്ങളുടെ വില വളരെ കുറവായതുകൊണ്ടും ശസ്ത്രക്രിയ ഇല്ലാത്തതിനാലും രോഗികൾക്കു വലിയ ചെലവുണ്ടാക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടും ഹോമിയോപ്പതി ചികിത്സാസമ്പ്രദായം ജനങ്ങൾക്കു വളരെ ഉണ്ടാകുമായ ഒന്നാണ്. ഇതിനെ പരമാവധി ഗവണ്മെന്റ് പ്രോത്സാഹിപ്പിക്കേണ്ടതായ രീതി.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): മി: കുഞ്ഞിത്തൊമ്മൻ ഈ ചികിത്സ നടത്തുന്നുണ്ടോ?

മി: തയ്യൂർ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ): ഉണ്ട്. എന്റെകയ്യിൽ ഇപ്പോൾതന്നെ അനേകം രോഗികളുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): രോഗികളെ ചികിത്സിക്കാറുണ്ടോ?

മി: തയ്യൂർകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ആവശ്യംപോലെയെല്ലാം കൊടുക്കുന്നുണ്ട്.

മി: എം. ശിവരാമപിള്ള (തോപ്രാംകുടി): സ്നേഹിതന്മാർക്കു കൊടുക്കാറുണ്ടോ?

മി: തയ്യൂർകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): സ്നേഹിതന്മാർക്കും ശത്രുക്കൾക്കും എല്ലാം കൊടുക്കാറുണ്ട് (ചിരി)

ഇപ്പോൾ അലോപ്പതി വൈദ്യസമ്പ്രദായത്തിനു ഗവണ്മെന്റിൽനിന്നും വളരെ ധനവ്യയം ചെയ്യുന്നുണ്ട്. എന്നാൽ അലോപ്പതി ചികിത്സകൊണ്ടു ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, സാധുക്കളായ ജനങ്ങൾക്കു യാതൊരു പ്രയോജനവും ഇല്ല. ഹോമിയോപ്പതിചികിത്സ നാട്ടിൻപുറങ്ങളിലുള്ള ജനങ്ങൾക്കു തങ്ങളുടെ ആവശ്യങ്ങൾ നിവേറ്റുന്നുണ്ട്. അതു തന്നത്തന്നെ പ്രചാരത്തിൽവരികയില്ല എന്നാതു ചോദ്യത്തിനവകാശമുണ്ട്. പെന്തൻ കായ്യങ്ങൾ ഗുണകരമാണെന്നു ജനങ്ങളെ മനസ്സിലാക്കേണ്ടതു ഗവണ്മെന്റിന്റെ ഒഴിച്ചുകൂടാത്ത കടമയാണ്. പ്രത്യേകിച്ചും ഇതു ജീവകനസംബന്ധപ്പെട്ട കാര്യമാണല്ലോ. ഇതിനെ വേഗത്തിൽ പ്രചാരത്തിൽ വരുത്തുകയും, അതിലേക്കു വേണ്ട ധനവ്യയം ഗവണ്മെന്റു ചെയ്യുകയും ചെയ്യണം. ഇപ്പോൾ ഡാക്ടർമാരുടെ അഭ്യാഗ്രഹങ്ങളെക്കൊണ്ടും മൗഢ്യങ്ങളുടെ വിചലിപ്പിക്കൽകൊണ്ടും അലോപ്പതിവൈദ്യത്തിൽ വളരെ അവിശ്വാസം ജനങ്ങളുടെ ഇടയിൽ ജനിച്ചിട്ടുണ്ട്. മരുന്നുതന്നെ ഒരുമാതിരി വെള്ളമെന്നല്ലാതെ വലിയ ഗുണമൊന്നുമില്ല. നല്ലതുകഴിക്കുന്നതായ നല്ല മരുന്നുകിട്ടുകയുമില്ല. രോഗികളെ കാണിക്കുവാൻ കൊണ്ടുപോകണമെങ്കിൽ അതു വലിയ പ്രയാസം. ഡാക്ടർക്കു ഇന്ന മരുന്നുതന്നെ കൊടുക്കണമെന്നു വിധിക്കുന്ന ഒരു ബോർഡു എഴുതിവയ്ക്കണമെന്നു ഞാൻ അനേകം തവണ ചോദ്യത്തിലും പറയുന്നുണ്ട്. ഇതുകൊണ്ടു ഗവണ്മെന്റിനു വലിയ ചിലവില്ല. അതു ചെയ്യാൻപോലും ഡിപ്പാർട്ടുമെന്റു തയ്യാറില്ല. ഇങ്ങിനെയാണു അലോപ്പതിയുടെ നിലനിൽപ്പിനു പിന്നെ നാട്ടുവൈദ്യന്മാരുണ്ട്. അതിനു ഗവണ്മെന്റു ഒരുവിധം പ്രത്യേക സഹായവും ചെയ്യുവരുന്നുണ്ട്. പക്ഷേ അതും ധനവ്യയം ധാരാളമുള്ളതും ഔഷധങ്ങളും സേവിക്കുന്നതിനു അരുചിയുള്ളതും ആണ്. ക്ലിവേ യക്കാക്കുടിയും യാതൊരുപത്യവും ആചരിക്കാതെ ഹോമിയോപ്പതി മരുന്നുസേവിക്കുകയും വേലയ്ക്കുപോകുകയും ചെയ്യാം. ഒരു ഡ്രാംപിൽസിനു 5 അണയെ വിലയുള്ളൂ. ഒന്നോ രണ്ടോ ഗ്ലാസ്സ വെള്ളത്തിൽ ഒന്നോരണ്ടോ മണിക്കൂർ മുമ്പു കൊടുത്താൽ മതി. ഉടനെകഴിക്കുന്നു എങ്കിൽ കിട്ടും. മറ്റു പല മരുന്നുകളും സേവിച്ചു അതിൽ ഒന്നും ഗുണം കിട്ടാതെ നിരാശയോടുകൂടിയിരിക്കുന്നവർക്കു ഇനി രണ്ടുതവണ ഹോമിയോപ്പതി മരുന്നു സേവിച്ചുനോക്കുന്നതു ഗുണം കിട്ടിട്ടുണ്ട്. അതുകൊണ്ടു ഈ ചികിത്സാസമ്പ്രദായത്തെ ഗവണ്മെന്റു നിസ്സംശയമായും പ്രോത്സാഹിപ്പിക്കണം. ഉൾനാടുകളിൽ ഡാക്ടർമാരുടെ ആശുപത്രികളും വളരെ കുറവാണ്. വിദഗ്ധന്മാരായ അവരെക്കൊണ്ടു ചികിത്സിപ്പിക്കുന്നതിനു ഒരിളുമാക്കു സാധിക്കയില്ല. അതുകൊണ്ടു ഉൾനാടുകളിൽ ഹോമിയോപ്പതി ഡിസ്പെൻസറികൾ ഉടനടി സ്ഥാപിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മിസ്സസ്. എം. പുന്നൻ പൂക്കോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽസർവീസ്): സർ, ഞാൻ പ്രമേയത്തെ എതിർക്കുന്നു. ഞാൻ അപ്രകാരം ചെയ്യുന്നതു ഞാൻ ഇംഗ്ലീഷ് ചികിത്സാസമ്പ്രദായം പഠിച്ചിട്ടുള്ളതുകൊണ്ടും ആ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നതുകൊണ്ടുമല്ല. എന്നാൽ തിരുവിതാംകൂറിൽ ഇപ്പോൾ ഉള്ള ഹോമിയോപ്പതിചികിത്സ ഗവണ്മെന്റിൽനിന്നും പ്രോത്സാഹനത്തിനു അർഹതയുള്ളതല്ലെന്നു ഞാൻ നിഷ്പക്ഷമായി വിശ്വസിക്കുന്നതുകൊണ്ടാണ്. മി: എം. എൻ. പിള്ളയുടെ പ്രസംഗത്തെ ഞാൻ വളരെ താല്പര്യത്തോടുകൂടി ശ്രദ്ധിക്കയും അദ്ദേഹം പ്രസംഗിച്ചതീരുന്നതിനുമുൻപു അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻതാങ്ങുന്നതിനു എന്നെ പ്രേരിപ്പിക്കത്തക്കതായി ഹോമിയോപ്പതിയെപ്പറ്റി വല്ല വിവരങ്ങളും എനിക്കു ലഭിയ്ക്കുമെന്നും ഞാൻ വിചാരിച്ചു. എന്നാൽ നേരേമറിച്ചു് എനിയ്ക്കു നിരാശയാണുണ്ടായിട്ടുള്ളതു്. അദ്ദേഹം വായിച്ച പ്രസംഗത്തെ ഒരു ഹോമിയോപ്പതിയുടെ ഉൽഘാടനപ്രസംഗം നടത്തുമ്പോൾ വായിച്ചിരുന്നാൽ അതിനെ ബഹുമാനിയ്ക്കുമായിരുന്നു, എന്നാൽ മി: എം. എൻ. പിള്ള അദ്ദേഹത്തിന്റെ പ്രമേയത്തിനെ പിൻതാങ്ങാൻ അധികമൊന്നും പറഞ്ഞില്ല. എന്നാൽ, ഞാൻ ഹോമിയോപ്പതിയുടെ എതിർപക്ഷക്കാരോടു ചേർന്നുകൊണ്ടു ഹോമിയോപ്പതിയുടെ സ്ഥാപകനായ ഡാക്ടർ ഹനിമാനെ ഒരു ശ്രാന്തനെന്നോ ഒരു ചതിയനെന്നോ പറഞ്ഞു ദുഷിയ്ക്കുവാനോ ഹോമിയോപ്പതിചികിത്സ ഒരു വലിയ വ്യാജമാണെന്നു പറഞ്ഞു തള്ളിക്കളയുവാനോ ഇനിയുന്നില്ല. ഹനിമാൻ മരുന്നുകളുടെ ഫലത്തെപ്പറ്റിയുള്ള പരിശോധനനടത്തുന്നതിനെ ഉത്സാഹിപ്പിക്കുവാൻ വളരെ പ്രയത്നിച്ചിട്ടുണ്ടെന്നും ഇംഗ്ലീഷ്വൈദ്യന്മാർക്കു ഏറക്കുറെ അദ്ദേഹത്തിന്റെ പ്രവൃത്തികളെക്കൊണ്ടു ഗുണം ലഭിച്ചിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. യൂറോപ്പിൽ വിഷൂചിക സന്നിപാതജ്വരം തുടങ്ങിയുള്ള സംക്രമികരോഗങ്ങളുടെ ചികിത്സയിൽ ഹോമിയോപ്പതി വളരെ ഫലപ്രദമായിട്ടുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ട്. തിരുവിതാംകൂറിൽ അനേകം അല്ലോപ്പതിചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന എന്നും, ഹോമിയോപ്പതിയിൽ വിശ്വാസമുള്ളവർ വളരെയുണ്ടെന്നും എനിക്കറിയാം. എന്നാൽ ഈമാതിരിയുള്ള ഒരു പ്രമേയത്തെ സ്വീകരിക്കുന്നതിനുമുൻപു ഗവണ്മെന്റു കഷ്ടപ്പെടുവിയിട്ടു ജനങ്ങളുടെ രക്ഷയെക്കുറിച്ചു തീരുമാനിക്കേണ്ടതാണ്.

ഞാൻ ഇപ്പോൾ ആ പ്രമേയത്തെപ്പറ്റി പറഞ്ഞിട്ടു എതിർക്കുന്നതിനുള്ള കാരണത്തെപ്പറ്റി പറയുന്നതിനു മുമ്പായി മി: എം. എൻ. പിള്ള ആ പ്രമേയത്തിൽ ഇപ്രകാരം പറയുന്നു,

"തിരുവിതാംകൂറിൽ എല്ലായിടങ്ങളിലും ഹോമിയോപ്പതിചികിത്സ ആവശ്യമുണ്ടെന്നു കാണുന്നുവോ അതതിടങ്ങളിൽ ഹോമിയോപ്പതിചികിത്സാമന്ദിരങ്ങളും വൈദ്യന്മാരെയും സ്ഥാപിച്ചും, അതിലേക്ക് അനിയമായ പരീക്ഷായോഗ്യതയുള്ളവരെ ഗവണ്മെന്റിൽനിന്നും ധാരാളമായി നിയമിച്ചും ഹോമിയോപ്പതി ചികിത്സാക്രമത്തെ പ്രോത്സാഹിപ്പിയ്ക്കുന്നതാണെന്ന് ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു."

എന്നാൽ "അനിയമായ പരീക്ഷായോഗ്യതയുള്ളവർ" എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണെന്ന് എനിയ്ക്കു നല്ലപോലെ മനസ്സിലാകുന്നില്ല. അതു് എനിയ്ക്കു അർത്ഥമില്ലാത്തതുപോലെ തോന്നുന്നു. തിരുവി

തിരുവിതാംകൂറിൽ പരീക്ഷായോഗ്യതകളോടുകൂടിയ ഹോമിയോപ്പതിഡാക്ടറന്മാർ വളരെപ്പേരുണ്ടോ എന്ന് മി: എം. എൻ. പിള്ള പറഞ്ഞാൽകൊള്ളാം. അപ്രകാരമുള്ളവർ ഒരു അഭ്യസനശാലയെ ഉണ്ടായിരിക്കുമെന്നു എനിയ്ക്കു തോന്നുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). തിരുവിതാംകൂറിൽ ശരിയായ പരീക്ഷായോഗ്യതയുള്ള ഇംഗ്ലീഷ് ഡാക്ടറന്മാരുണ്ടോ?

മിസ്സസ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽസർവീസ്): പരീക്ഷായോഗ്യതയുള്ള ഇംഗ്ലീഷ്ഡാക്ടറന്മാരുണ്ട്.

മി: കെ. എ. ജോസഫ് (മീനച്ചിൽ-മേലധികാരി): ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതിഡാക്ടർ തിരുവിതാംകൂറിൽ ആരാണുള്ളത്?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവീസ്): പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ ഇല്ലെന്നു ഞാൻ പറയുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിലെ ഹോമ്യോപ്പതിഡാക്ടറന്മാരുടെ വേണ്ടതായ പരീക്ഷായോഗ്യതകളോടുകൂടിയ ഒരു ഡാക്ടർ ഇവിടെ ഉള്ളതായി എനിക്കറിയാൻ പാടില്ല.

മി: കെ. എ. ജോസഫ് (മീനച്ചിൽ-മേലധികാരി): മി: എം. എൻ. പിള്ളയുടെ ശരിയായ പരീക്ഷായോഗ്യതയുള്ള ഒരു ഡാക്ടറുണ്ടോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ, വിമൻസ് മെഡിക്കൽസർവീസ്): പ്രത്യേകിച്ചു ഒരാളിനെ സംബന്ധിച്ചു കാര്യമായികൊണ്ടു ഞാനിതിനുത്തരം പറയുന്നില്ല

മി: കെ. എ. ജോസഫ് (മീനച്ചിൽ-മേലധികാരി): അറിയാൻ പാടില്ലാത്ത കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണോ ഡാക്ടർ ലൂക്കോസ് വാദിയ്ക്കുന്നത്?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽ സർവീസ്): പ്രത്യേകിച്ചു ഒരാളിനെസംബന്ധിച്ച കാര്യങ്ങളെപ്പറ്റി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരീക്ഷായോഗ്യതയുള്ളവർക്ക് ഗ്രാന്റു നല്കുന്നതിന് വല്ല നടപടിയും ഉണ്ടോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽസർവീസ്): സർ, ഞാൻ എന്റെ ന്യായങ്ങളെ പറഞ്ഞുതീർന്നതിനുശേഷം എന്നോടു ചോദ്യങ്ങളും ചോദിച്ചുകൊള്ളാം.

മി: വെണ്ണിക്കുളത്തുമാത്തമ്മൻ (ഇലവനാപുഴ-തെങ്ങുംപുഴ): ഹോമിയോപ്പതി ചികിത്സാക്രമത്തെപ്പറ്റിയുള്ള പ്രചരിപ്പിച്ചാൽ അശാസ്ത്രീയമായ ചികിത്സ കുറഞ്ഞുപോകുമെന്നു വിചാരിക്കുന്നുണ്ടോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽസർവീസ്): തീർക്കുമെന്നില്ല. സർ, ഹോമിയോപ്പതിചികിത്സകന്മാരിൽ അധികംപേരും കല്ലൂപ്പായിൽനിന്നോ മറ്റു വല്ല സ്ഥലങ്ങളിൽനിന്നോ കുറെ പുസ്തകങ്ങളും വാങ്ങി പഠിച്ചിട്ടുള്ളവരാണെന്നാണ് എനിയ്ക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. ഇപ്രകാരം ഒരാളിന്റെ വീട്ടിൽ പുസ്തകങ്ങളും എത്തിക്കുകയും കഴിയുമ്പോൾ അയാളും ഒരു ഹോമിയോപ്പതിഡാക്ടറായിത്തീരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പല ആളുപത്രിയിലായിരുന്നും പരിചയസമ്പന്നന്മാരും ഇംഗ്ലീസ് ചികിത്സ നടത്തുന്നില്ലയോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ വിമൻസ് മെഡിക്കൽസർവീസ്): ഹോമിയോപ്പതിചികിത്സനടത്തുന്നവരായി പല തിരുവിതാംകൂറിലും കമ്പൗണ്ടർമാരുണ്ട്. (ചിരി).

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഇംഗ്ലീഷ്ചികിത്സയെപ്പറ്റിയാണ് സംസാരിക്കുന്നത്.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ വിമൻസുമെഡിക്കൽസർവീസ്): ഇംഗ്ലീഷ്ചികിത്സ നടത്തുന്നവരുടെയിടയിലും കമ്പൗണ്ടർമാരും ഉണ്ടായിരിക്കാം, എന്നാൽ അപ്രകാരയോഗ്യതയുള്ള ഡാക്ടറന്മാരൊന്നു ഞാൻ കണ്ടിട്ടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): പരീക്ഷയോഗ്യതയില്ലാത്ത ഇംഗ്ലീഷ് ഡാക്ടറന്മാർ ആളുപത്രിവച്ചു നടത്തുന്നില്ലയോ എന്നെനിക്കറിഞ്ഞാൽകൊള്ളാം.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽസർവീസ്): ഇല്ല. പരീക്ഷായോഗ്യതയില്ലാത്തവർ ആളുപത്രികൾ നടത്തുന്നതായി എനിക്കറിയാൻപാടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആലപ്പുഴമുതൽ "രക്ഷാരോസന്റ്" ആളുപത്രിവരെ പരീക്ഷായോഗ്യതകളൊന്നുമില്ലാത്ത ഒരു ഡാക്ടറുണ്ട്.

മിസ്സസ് പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ വിമൻസ് മെഡിക്കൽസർവീസ്): അങ്ങനെ ആരെക്കുറിച്ചു പറയുന്നു എന്നെനിക്കറിയാൻ പാടില്ല. ആലപ്പുഴമുതൽ ആളുപത്രിയിലെ മേലധികാരി പരീക്ഷായോഗ്യതയില്ലാത്ത ആളാണെന്നു അറിഞ്ഞിട്ടില്ല. ആലപ്പുഴമുതൽ ആളുപത്രി വരെയുള്ള സഹായധനം വാങ്ങി നടത്തപ്പെടുന്ന ഒരു സ്ഥാപനമാണ്. ഗവണ്മെന്റു സഹായധനം തരുന്നതെങ്കിൽ ആ ആളുപത്രിയിലെ ഡാക്ടർ അംഗീകരണം സമ്പാദിച്ചിട്ടുള്ള ഏതെങ്കിലും അല്ലോപ്പതി കാരേജിലെ ബിരുദധാരിയായിരിക്കണമെന്നു നിയമമുണ്ട്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അംഗീകരിച്ചിട്ടുള്ള അല്ലോപ്പതിസ്കൂളിൽ പഠിച്ചിട്ടില്ല. അതുകൊണ്ടു ചികിത്സനടത്തുവാൻ അർഹയല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മിസ്സസ്. എം പുന്നൻ മുക്കോസ്(സീനിയർ സർജൻവിമൻസ് മെഡിക്കൽസർവീസ്): ഗ്രാന്റിനുള്ള വ്യവസ്ഥകളെ അനുസരിക്കുന്നെങ്കിൽ മാത്രമേ ഒരു സ്ഥാപനത്തിനു ഗവണ്മെന്റു സഹായധനം നല്കുകയുള്ളൂ.

മി: എം. ശിവതാണുപിള്ള (ദേവാളി): ഇപ്പോൾ ആരുവാരുമായി രക്ഷാസൈന്യ ആഫീസുപണിയിലുള്ള ആൾ കയ്യേല്യപരിശീലനം നടത്തിട്ടുള്ള ഒരാളെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു"?

മിസ്സസ്. എം. പുന്നൻമുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): ആ ആളെ ഞാനറിയുകയില്ല. എന്നാൽ ആ ആളിന് വേണ്ടപോലെ പരിശീലനം ഉണ്ടായിരിക്കണം.

മി: കെ. പി. ശിവകണ്ണപിള്ള (ചിറയിൻകീഴ്): അതിനെന്താണ് കുഴപ്പിവു?

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സർക്കുലാശാലാ ബിരുദധാരിയായിരിക്കണം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ബിരുദ മില്ലാതെയുള്ള വല്ലവർക്കും തിരുവിതാംകൂറിൽ സഹായധനം നൽകുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മിസ്സസ്. എം. പുന്നൻ മുക്കോസ്(സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): അതരത്തിലുള്ളതായിട്ടൊന്നിനുറിവില്ല.

സർ, വിശേഷിച്ചു ഇവിടെ ഹോമിയോപ്പതി ചികിത്സയുടെതന്നെകുറിച്ച് ഇന്നിന്ന യോഗ്യതകളുണ്ടായിരിക്കണമെന്ന ഒരു തോത് ഫ്രെയിപ്പെടുത്തീട്ടില്ല. തിരുവിതാംകൂറിൽ ചികിത്സാടിസ്ഥാനത്തിൽ അധികം ആളുകളും ശരീരശാസ്ത്രം ജീവപ്രകൃതശാസ്ത്രം മോഗലക്ഷണശാസ്ത്രം മുടങ്ങിയുള്ള ശാസ്ത്രങ്ങളിലൊന്നിലും പരിജ്ഞാനമില്ലാത്തവരാണ്. എന്തോരം പുസ്തകങ്ങളും വാങ്ങി പഠിച്ചതിനു ശേഷം അവർ അപേക്ഷിക്കുന്നവരായി തീർന്നിട്ടുള്ളവരാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): പുസ്തകങ്ങളുടെയും തന്നെ നോക്കാതെയാണോ ഇംഗ്ലീഷ് ഡാക്ടറന്മാർ മരുന്നുകളും തീർച്ചപ്പെടുത്തുന്നതു?

മിസ്സസ്: എം. പുന്നൻമുക്കോസ് (സീനിയർസർജൻവിമൻസ് മെഡിക്കൽ സർവീസ്): അതേ അവർവീട്ടിൽവച്ചു പുസ്തകങ്ങളും പരിശോധിക്കുന്നുണ്ട്. എന്നാൽ ഇംഗ്ലീഷ് ഡോക്ടർമാർ പുസ്തകങ്ങളെ നോക്കിയതിനു ശേഷം മാത്രം മരുന്നു തീർച്ചപ്പെടുത്തുന്നില്ല. മിസ്റ്റർ എം. എൻ. പിള്ള ഹോമിയോപ്പതിയെപ്പറ്റി പറഞ്ഞപ്പോൾ എല്ലുരോഗങ്ങളെയും ചികിത്സിക്കാമെന്നും എല്ലാരോഗങ്ങളേയും ഭേദപ്പെടുത്താമെന്നും അദ്ദേഹം പറയുകയുണ്ടായി. അഭിപ്രായമുണ്ടെങ്കിൽ ഇതിലോകത്തിൽ മരണം ഇല്ലാതാക്കുകയും എല്ലാവരും ചിരം ജീവിയായിരിയ്ക്കുകയും ചെയ്യുമല്ലോ. എന്നാൽ ഇംഗ്ലീഷ് ചികിത്സപ്രകാരം എല്ലുരോഗങ്ങളെയും ഭേദപ്പെടുത്താമെന്നു ഞാൻ പറയുന്നില്ല. അതിനും ഒരതുണ്ട്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം). അവയ്ക്ക് എല്ലുരോഗങ്ങളെയും ചികിത്സിക്കാൻ കഴിയുമെന്നാണ് ഞാൻ പറഞ്ഞതു്.

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): ഏതായാലും മിസ്റ്റർ എം. എൻ. പിള്ളയുടെ പ്രസംഗത്തേയും ശ്രദ്ധിച്ചു കൊണ്ടിരുന്നപ്പോൾ അപ്രകാരമുള്ള ഒരു ധാരണയാണ് എനിക്കുണ്ടായതു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): എല്ലുരോഗങ്ങളേയും ഭേദപ്പെടുത്താമെന്നു ഞാൻ പറയുന്നില്ല.

മിസ്സസ് എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): ഇംഗ്ലീഷ് ചികിത്സയിലും ആയുർവ്വേദരീതിയായ ഘടങ്ങളോടു കൂടിയും ചില ചികിത്സകളുണ്ടു, ഇംഗ്ലീഷുചികിത്സപരിശീലിയ്ക്കാതെ പോയതുകൊണ്ടാകാം ഹോമിയോപ്പതിക്കാർ തുള്ളിയും വലിയ ആശയും കൊടുക്കുകയും ഒടുവിൽ ചികിത്സിച്ചു ഒട്ടും തന്നെ ഫലിക്കാതെ പോകുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. ഹോമിയോപ്പതിയെ ഉദ്ദേശിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാനിപ്രകാരം പറഞ്ഞതു. ചിലരോഗങ്ങളിൽ ഹോമിയോപ്പതിചികിത്സ നല്ലതാണെന്നു ഞാൻ സമ്മതിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആധിരോഗങ്ങളുള്ള കുട്ടികൾ ഡോസ് മരുന്നു കൊടുക്കാതെ ചെറിയ ഡോസു മരുന്നു കൊടുത്തു ഭേദപ്പെടുത്താമെന്നാണോ ഞാൻ പറയുന്നതു,

മിസ്സസ് എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): ഹോമിയോപ്പതി ഡോസുകൾ എനിക്കൊന്നുമറിയാൻ പാടില്ല. ചിലപ്പോൾ കുട്ടികളിലും അമേരിക്കയിലും ഉള്ള കാളേജുകളിൽനിന്നും ബിരുദമെടുത്ത അംഗീകരിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ ഒന്നിലും അവർ പഠിച്ചിട്ടുണ്ടായിരുന്നില്ല. തിരുവിതാംകൂറിലുള്ള ഹോമിയോപ്പതി ഡോക്ടറന്മാരിൽ മിക്കവരുടെയും ഇപ്രകാരം ബിരുദമുണ്ടായിട്ടുള്ളവരാണു തിരുവിതാംകൂറിൽ ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡോക്ടറന്മാരധികം ഇല്ലെന്നുള്ളതാണു എന്റെ അഭിപ്രായം.

ആ പ്രമേയത്തിന്മേലുള്ള രണ്ടാമത്തെ ഭാഗത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. ഏതെല്ലാം സ്ഥലങ്ങളിൽ ഹോമിയോപ്പതിചികിത്സ ആവശ്യമുണ്ടെന്നു കാണുന്നുവോ ആ സ്ഥലങ്ങളിൽ ഹോമിയോപ്പതി ചികിത്സാ കേന്ദ്രങ്ങളും ഡിസ്പെൻസറികളും സ്ഥാപിച്ചു ഞാൻ മുൻപു പറഞ്ഞതുപോലെ, ഹോമിയോപ്പതി ഡാക്ടറന്മാരെക്കൊണ്ടു ചികിത്സിക്കുന്നവർ തിരുവിതാംകൂറിൽ വളരെയുണ്ടു. അതിനും ആരും തടസ്ഥം ചെയ്യുന്നില്ല. എന്നാൽ തിരുവിതാംകൂറിൽ ഹോമിയോപ്പതിയ്ക്കു അതു അധികം ആവശ്യക്കാരുണ്ടെന്നു ഗവണ്മെന്റിനറിവില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): പ്രജാസഭയിൽ ഏതെങ്കിലും മെംബർ ഈ പ്രമേയം അവതരിപ്പിച്ചതായ് മെംബർക്കറിയാമോ?

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): പ്രജാസഭയിൽ മുൻപുതന്നെ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതായി ഞാൻ കാണുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇതിനെ സംബന്ധിച്ചു പ്രമേയം ഇല്ലായിരുന്നു എന്ന് അസ്സർ എന്നുകൊണ്ടാണു പറഞ്ഞതു.

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): ഒരാൾക്കു ഹോമിയോപ്പതിയിലുള്ള വിശ്വാസം നശിപ്പിക്കുവാൻ ഒരു ഹോമിയോപ്പതിക്കാരനായ ആൾക്കു മതിയാകുന്നതാണ്.

മി: കരണ്ടിപ്പള്ളിൽ ആർ. രാമൻ പിള്ള (കൊല്ലം): ഹോമിയോപ്പതി ഡോക്ടർമാരെ പിരിവായി മദ്രാസ് ഗവർമെന്റ് അംഗീകരിച്ചിട്ടുണ്ടോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അല്ലെന്നുതന്നെയോ കേൾക്കുന്നു പറയുന്നത്?

മി: കെ. പി. ജോസഫ് (മീനച്ചിൽ മേധാവികളും): ഹോമിയോപ്പതി ഡോക്ടർ വാസ്തവമായ ആവശ്യമുണ്ടെന്നു ഗവർമെന്റിനു തോന്നുന്ന പക്ഷം അവരെ നിയമിക്കുന്നതിനു ശ്രമിച്ചുകൂടെ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): ഇതിനെ സംബന്ധിച്ചു ഇതുവരെയുണ്ടായിട്ടുള്ളതു ഈ മെഡിക്കൽ മന്ത്രിമാരുടെ അഭിപ്രായത്തിന് അനുകൂലമായിരുന്നതിനാൽ ആവശ്യം ഉണ്ടായിട്ടില്ല എന്നാൽ നേരെ മറിച്ചു ഉദ്ദേശിക്കുന്നുള്ള ജനങ്ങൾ ഇംഗ്ലീഷ് ചികിത്സയുടെ പ്രയോജനം അവർക്കു സമ്പാദിക്കുന്നില്ലെന്നു തുറന്നു പറയുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): ഹോമിയോപ്പതി ചികിത്സാവിധത്തിൽ അനേകം ജനങ്ങളുണ്ടെന്നു ഗവർമെന്റിനറിയാമോ?

മിസ്സസ് എം പുന്നൻ പൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അറിയാം.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): വാസ്തവമായിട്ടുള്ള ആവശ്യമുണ്ടെന്നു തന്നെ തെളിയുന്നില്ലയോ?

മിസ്സസ് എം പുന്നൻ പൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അങ്ങനെ തെളിയണമെന്നില്ലയോ.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): നല്ല വിശ്വാസമുണ്ടായ ഹോമിയോപ്പതി ഡോക്ടറന്മാർ ഉള്ള സ്ഥലങ്ങളിൽ അതിന് വാസ്തവമായിട്ട ആവശ്യമുണ്ടെന്നു പറയാൻ പാടില്ലയോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): എനിക്കു പറയാൻ നിവൃത്തിയില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): എന്നാൽ അതുപോലെ മെമ്പർ എങ്ങിനെയാണ് വിചാരിക്കുന്നത്?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്). ജനങ്ങൾ ആ ചികിത്സയെ സ്വീകരിക്കുന്നതുകൊണ്ടു ഗവർമെന്റ് അതിനെ അംഗീകരിക്കണമെന്നർത്ഥമാകുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും ഹോമിയോപ്പതി) ഡോക്ടറന്മാർ ചികിത്സിച്ചു സുഖപ്പെട്ടതിട്ടുള്ളതിൽനിന്നും നിശ്ചയിച്ചു കൂടയോ പ്രയോഗികവിധത്തെ പരിശോധിച്ചാൽ മതിയാകയില്ലയോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ; വിമൻസ് മെഡിക്കൽ സർവീസസ്). ഏകദേശം മതിയാകും

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): ഹോമിയോപ്പതി ഡോക്ടറന്മാർ ചികിത്സിച്ചിട്ടുള്ള രോഗികളുടെ എണ്ണത്തിൽനിന്നും അവരുടെ ചികിത്സകൊണ്ടുതന്നെ രോഗം ഭേദിച്ചിട്ടുള്ളവരുടെ എണ്ണത്തിൽനിന്നും ആ ചികിത്സാവിധിപ്രകാരമായിട്ടുള്ളതാണോ എന്നും ജനങ്ങളുടെ ഇടയിൽ അതിനു വളരെ ആവശ്യം നേരിട്ടിട്ടുണ്ടോ എന്നും ഗവർമെന്റിന് മനസ്സിലാക്കാൻ സാധിക്കുകയില്ലയോ?

മിസ്സസ് എം. പുന്നൻപൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): രോഗശമനം വരുത്തിട്ടുണ്ടെന്നു തീർച്ചപ്പെടുത്തുന്നതാരാണ്? നമുക്ക് അതതു എടുപ്പുത്തിൽ കണ്ടു പിടിപ്പാൻ സാധിക്കുകയില്ല. ഇതു കൂടാതെ വഖപ്രകമായി ചികിത്സാടത്തിട്ടുണ്ടെന്നു പറയുന്ന രേഖയും വൈദ്യങ്ങളുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): നമുക്ക് അതു മനസ്സിലാക്കാം. ഇപ്പോൾ അതിനുള്ള ആവശ്യകതയെ ഗവർമെന്റിനു മനസ്സിലാക്കാൻ സാധിക്കുകയില്ലയോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): ഇപ്പോൾ അതിനു വളരെ ആവശ്യമില്ല

മി: എസ് പിറവിപ്പേരുമാപ്പിള്ള (കച്ചവടം വ്യവസായം, തൊഴിൽ): പ്രത്യേകം ഹാജരാക്കിയതിനു ശേഷം ഗവർമെന്റിന് അതിനു വേണ്ട കണക്കുകൾ എടുക്കുവാൻ യത്നിച്ചിട്ടുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): അതിനെ സംബന്ധിച്ചു കണക്കുകളെടുത്തിട്ടില്ല. എന്നാൽ ഹോമിയോപ്പതിഡോക്ടറന്മാരിൽനിന്നും ചിലരുള്ളവരിൽനിന്നും ഹോമിയോപ്പതിയേപ്പറ്റിയുള്ള പൊതുവായിട്ടുള്ള അഭിപ്രായം എന്താണെന്ന് കണ്ടുപിടിക്കുവാൻ ഗവർമെന്റ് ശ്രമിച്ചിട്ടുണ്ട്

മി: പി കെ. നാരായണപിള്ള (അമ്പലപ്പുഴ): മെഡിക്കൽ ബോർഡ് ഇതിനെപ്പറ്റി ആലോചനനടത്തിട്ടുണ്ടോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): ഉണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ മേധാവികളും): മെഡിക്കൽ ബോർഡിന്റെ അഭിപ്രായം അച്ചടിച്ചിട്ടുണ്ടോ?

മിസ്സസ് എം. പുന്നൻ പൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അതെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്

സർ, നേരെ മറിച്ചു അയുർവേദചികിത്സയും ഇംഗ്ലീഷ് ഭരണവും വേണമെന്നുള്ള ജനങ്ങളുടെ ആഗ്രഹം മനസ്സിലാക്കുവാൻ ഗവർമെന്റിനു ഈ അവസരം പ്രോത്സാഹനം തരുന്നുണ്ട്. അതുകൊണ്ടാണ് തിരുവിതാംകൂറിൽ ഹോമിയോപ്പതി ചികിത്സാശാസ്ത്രമായ വിധത്തിൽ നടത്തപ്പെടുന്നുണ്ട് എന്നു കൂടെ പറയുന്നു.

മി: എം. എൻ. പിള്ള എനിക്ക് വോട്ടില്ലെങ്കിലും വരത്താതിരിക്കയാണെങ്കിൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതല്ല.

മി: എം. ശിവരാമപിള്ള (തോവാള): തെക്കൻനാട്ടുകളിൽ ഈ ചികിത്സയും ഇംഗ്ലീഷ് ചികിത്സയുമാകാം ജനസമ്മതം ലഭിച്ചിട്ടുണ്ടോ എന്ന് മെമ്പർ പറഞ്ഞാൽ കൊള്ളാം.

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അതിനല്ലേ കൂടുതൽ ജനസമ്മതം ലഭിച്ചിട്ടുണ്ടെന്ന് ഞാൻ പറയുകയില്ല. അമേരിക്കയിൽ അങ്ങനെ സ്ഥാനമുറപ്പിച്ചിട്ടുണ്ട്.

മി: എം. ശിവരാമപിള്ള (തോവാള): ഗവണ്മെന്റ് ആ ചികിത്സാസമ്പ്രദായത്തെ അംഗീകരിക്കുന്നുണ്ടോ?

മിസ്സസ് എം. പുന്നൻ മുക്കോസ് (സീനിയർസർജൻ, വിമൻസ് മെഡിക്കൽ സർവീസസ്): എനിയ്ക്ക് നിശ്ചയമില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഗവണ്മെന്റ് അതിനു് അംഗീകരിക്കണോ വേണ്ടയോ എന്നതിനെ ഞാൻ മെമ്പറോട് നിശ്ചയമായിട്ടും പറയുന്നു.

മി: എം. ശിവരാമപിള്ള (തോവാള): മിസ്റ്റർ എം. എൻ. പിള്ള പറഞ്ഞ ഡാക്ടർ ഞങ്ങളും ഒരു അലോപ്പതി ഡാക്ടറായിരുന്നു എന്ന വസ്തുത മെമ്പർക്കറിയാമോ എന്നെനിക്കറിഞ്ഞാൽ കൊള്ളാം.

മിസ്സസ് എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): ഏതു ഡാക്ടറെ ഉദ്ദേശിച്ചാണ് അദ്ദേഹം പറയുന്നത് എന്നു എനിക്കറിയാൻ പാടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ആയുർവ്വേദമെല്ലാം ശാസ്ത്രീയമായിട്ടുള്ളതാണോ?

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): അതേ.

മി: എം. ശിവരാമപിള്ള (തോവാള) സർ, ഈ പ്രമേയത്തിന്റെ താല്പര്യത്തോട് ഞാൻ യോജിയ്ക്കുന്നു. ഈ പ്രമേയത്തെ സ്വീകരിയ്ക്കണമോ സ്വീകരിയ്ക്കണ്ടയോ എന്ന കാര്യത്തെ സംബന്ധിച്ചു ഈ സഭയിൽ വിശ്വാസമായ രണ്ടു പേർ തമ്മിൽ നടത്തിയ വാഗ്വിതർക്കങ്ങളെ ഞാൻ നല്ലപോലെ ശ്രദ്ധിച്ചു. ഞാനൊരു ഡാക്ടറല്ലാത്തതുകൊണ്ടു എനിയ്ക്കു ഇതിനെസംബന്ധിച്ചു അഭിപ്രായം പുറപ്പെടുവിക്കുവാൻ അർഹതയില്ല. ഈ സഭയുടെ സ്വീകരണത്തിനായിട്ടുണ്ടു് ആ പ്രമേയത്തിലടങ്ങിട്ടുള്ള സംഗതിയെപ്പറ്റി പ്രശംസിക്കുകയാണു് മി: എം. എൻ. പിള്ള അല്പം വാക്സാമർത്ഥ്യത്തോടുകൂടിചെയ്ത പ്രസംഗംഎങ്കിലും അല്പബുദ്ധികളെയും ഞാൻ സമ്മതിക്കുന്നു. ചിലപ്പോൾ ഞാനൊരു രയിൽവണ്ടിയിൽ യാത്ര ചെയ്യുകയാണെന്നും പല്ലു തേയ്ക്കുന്നതിനുള്ള പൊടി മുതലായ സാധനങ്ങൾ വില്പാൻ വേണ്ടി രയിൽ വണ്ടിയിൽ വന്നു കയറുന്ന ഒരു ഫ്രഞ്ചുകാരന്റെ മുൻപിൽ ഞാനിരിയ്ക്കുന്നതു പോലെയും എനിയ്ക്കു തോന്നി. നിശ്ചയമായിട്ടും, അയാൾ എല്ലാ രോഗങ്ങളേയും ശമിപ്പിയ്ക്കുന്നതിനുള്ള ഒരു സർവ്വരോഗൗഷധമാണെന്നു തോന്നുന്നു. മിസ്റ്റർ എം. എൻ. പിള്ള സ്വീകരിച്ച നിലയെ എല്ലാവരും സ്വീകരിക്കേണ്ടതാണു. എന്നാൽ കുഞ്ഞുങ്ങൾക്കു തെറ്റവടയോ, ഞരിസാരമോ അയാൾ കഴിച്ചാലുള്ള മറ്റു വല്ല ചെറിയ സുഖക്കേടുകളോ ഉണ്ടാകുമ്പോൾ ഹോമിയോപ്പതി ചികിത്സ ഉപകരിയ്ക്കുന്നു എന്നു പറയേണ്ടിയിരിയ്ക്കുന്നു. ചിലപ്പോൾ ചിലമാതാപിതാക്കന്മാരും ഈ ചികിത്സയെ സ്വീകരിയ്ക്കുന്നു. കുഞ്ഞുങ്ങളോടു ചികിത്സയ്ക്കു അല്ലോപ്പതി അയോജിച്ചതല്ല.

മി: എം. എൻ. പിള്ള അനേകം വൈദ്യരുകളിൽനിന്നുപോലും അഭിപ്രായത്തിന്റെ വ്യത്യാസങ്ങളെ അഭിമുഖനം ചെയ്തിട്ടുള്ളതു്. ഈ ചികിത്സാ രീതിയെ പരീക്ഷാർത്ഥമായി സ്വീകരിയ്ക്കുന്നു എന്ന ധാരണയിൽ ഗവണ്മെന്റ് ഈ പ്രമേയത്തെ സ്വീകരിക്കണമെന്നാണു് ഞാൻ മനഃപൂർവമായി അഭിപ്രായപ്പെടുന്നതു്. എന്റെ അനുഭവത്തിൽ ചിലപ്പോൾ ഹോമിയോപ്പതിക്കാരുടെ നിർമ്മിച്ചുള്ള ഔഷധങ്ങൾകൊണ്ടു കുഞ്ഞുങ്ങളുടെ തലവേദനകൊണ്ടും വാസ്തവത്തിൽ ഭേദപ്പെട്ടിട്ടുണ്ടു്. സാധുക്കളായ ഈ കുഞ്ഞുങ്ങൾക്കു അവരുടെ മാതാപിതാക്കന്മാർക്കും അല്പം ആശ്വാസം നല്കുന്നതിനായിട്ടും ഈ ചികിത്സയിൽ നമുക്കു കുറെ വിശ്വാസം ഉണ്ടാകേണ്ടതാകുന്നു. ഈ വിചാരങ്ങളെ വകവയ്ക്കാതിരുന്നാലും ഗവണ്മെന്റു, അല്ലോപ്പതി ഹോമിയോപ്പതി ആയുർവേദം ചിന്താമണി എന്നീ വൈദ്യങ്ങൾക്കെല്ലാറിനും പ്രോത്സാഹനം നല്കേണ്ടതാണെന്ന് നമ്മുടെ വിവേകം നമ്മെ അറിയിക്കുന്നു. സർ ഇക്കാലത്തു് ജീവിച്ചിരിയ്ക്കുന്ന വലിയ ബുദ്ധിമാന്മാരിൽ ഒരാളായ ഹെൻറിമൂർ എന്ന മേഹം തത്വശാസ്ത്രം ഉടങ്ങിയുള്ള ശാസ്ത്രങ്ങളിലും യന്ത്രശാസ്ത്രത്തിലും കീർത്തി സമ്പാദിച്ചിട്ടുള്ള ആളാണെന്നു്, ഒരു വർത്തമാനപത്രത്തിൽ ഞാൻ വായിച്ചു. അദ്ദേഹത്തിന്റെ കയ്യിൽ ശൂലയിലെ രോഗികളെ ചികിത്സിക്കുന്നതിനു് ഏഴു ഡാക്ടറന്മാരുണ്ടു. ഇതിൽ ഏഴുപേരിൽ ചിലർ ഇംഗ്ലീഷ് ഡാക്ടറന്മാരും ചിലർ ഹോമിയോപ്പതി ഡാക്ടറന്മാരുമാണു്. തൊഴിൽ ശാലയിലുള്ളവരിൽ വല്ലവർക്കും വല്ല രോഗങ്ങളും ഉണ്ടാകുകയാണെങ്കിൽ ഈ ഏഴു ഡാക്ടറന്മാരും രോഗിയെ പരിശോധിച്ചു ഓരോരുത്തരും പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും അവയിൽ ഭൂരിപക്ഷം നോക്കി ഏതു ചികിത്സാവിധമെന്നു അദ്ദേഹം തീരുമാനിയ്ക്കുകയും ചെയ്യുന്നു. ഇതു് ഒരു നല്ല ഏർപ്പാടാണെന്നുതോന്നുന്നു. രണ്ടു ഡാക്ടറന്മാർ ഒരേ അഭിപ്രായം പുറപ്പെടുവിയ്ക്കുന്നതായി ഞാൻ ഒരിക്കലും കേട്ടിട്ടില്ലാത്തതുകൊണ്ടു ഈ സംഗതിയെപ്പറ്റി മിസ്സസ്. പുന്നൻ മുക്കോസും മി: എം. എൻ. പിള്ളയും തിന്നഭിപ്രായക്കാരായിരിയ്ക്കുന്നതിൽ ഞാൻ അതിശയിക്കുന്നില്ല. അവരവരുടെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കു ഉത്തരം പറയേണ്ടവരായിട്ടുള്ള സ്ഥാനക്കാർ അടങ്ങിട്ടുള്ള ഒരു സഭയാണിതു്. അതുകൊണ്ടു മി: പിറവിപ്പുരംപിള്ള ഇന്നലെ പറഞ്ഞതുപോലെ വിവേകത്തെ വിവേകത്തിനു വഴികാണിയ്ക്കുന്നു. അല്ലോപ്പതി, ഹോമിയോപ്പതി, ആയുർവേദം ചിന്താമണി ഇടങ്ങിയ ചികിത്സാരീതിയെപ്പറ്റി ചിന്തിക്കാം.

മി: കൊണ്ടിപ്പള്ളിൽ ഡോ. രാമൻപിള്ള (കൊല്ലം) യുനാനിയെപ്പറ്റിഎന്നു് പറയുന്നു.

മി: എം. ശിവരാമപിള്ള (തോവാള). യുനാനിയെ ഓർമ്മപ്പെടുത്തിതന്നതിൽ സ്നേഹിതനു് നന്ദിപറഞ്ഞുകൊള്ളുന്നു. ചിന്താമണി ചികിത്സ അല്ലോപ്പതിചികിത്സയെക്കാൾ ഫലപ്രദമായിട്ടുള്ളതാണു്.

മി: എ. കെ. പിള്ള (ശ്രീനാഗപ്പള്ളി). പ്രകൃതിചികിത്സയെപ്പറ്റി എന്തു പറയുന്നു?

മി: എം. ശിവരാമപിള്ള (തോവാള) എന്റെ സ്നേഹിതൻ അതിൽ വിശ്വസിക്കുന്നുണ്ട്, അതുകൊണ്ടു ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തിന് വിട്ടിരിയ്ക്കുന്നു. ഇക്കാര്യത്തിൽ ഉപയോഗം സർക്കാരോ ഗവർണ്മെന്റോ കണക്കാക്കിട്ടിരിയ്ക്കുന്നു. ജനങ്ങൾക്ക് വിശ്വാസമുള്ള ഈ ചികിത്സകന്മാരുടെ ഗവണ്മെന്റ്, അനുകൂല്യം ലോഭമായാലും സഹായധനം തരേണ്ടയതു നല്ലതാണെന്നു ഗവണ്മെന്റിനോടു ശുപാർശചെയ്യുവാൻ ഞാൻ ഈ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു. ചിലരോഗങ്ങളിൽ അല്ലോപ്പതി ചികിത്സയെക്കാൾ ഹോമിയോപ്പതി ചികിത്സകൊണ്ടു. ഗ്രണം സിദ്ധിയ്ക്കുന്നു എന്നുള്ളതു പരസ്യമാണ്, ഇംഗ്ലീഷ് ചികിത്സയും ഹോമിയോപ്പതി ചികിത്സയും വേണമെന്ന ആവശ്യപ്പെടുന്ന ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ഹോമിയോപ്പതിയ്ക്കു ഗവണ്മെന്റ് അല്പമെങ്കിലും ലോഭസാഹനം നല്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ചിന്താമണി ഉടങ്ങിയുള്ള ദാരുണം ചികിത്സകർക്കും ലോഭസാഹനം നല്കണമെന്നുകൂടി മി: എം. ഏ. പിള്ളയുടെ പ്രമേയത്തോടു ചേർക്കുന്നതിൽ അദ്ദേഹത്തിനു വിരോധമില്ലെന്നു വരികിൽ പിന്നീടു ഈ പ്രമേയത്തെ പിൻതാങ്ങുന്നതിൽ ഒട്ടും വിരോധമില്ല.

മിസസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസസ്): ആരോഗ്യമന്ത്രിയിൽ ഒരംഗമെന്ന നിലയ്ക്കു ഞാനും ഈ പ്രമേയത്തെ ശക്തിയായി വാദിച്ചുപ്പോൾ അല്ലോപ്പതി ആശുപത്രിയാണെന്നും, അതോ അല്ലോപ്പതി ആശുപത്രിയാണെന്നും അവശ്യപ്പെടുന്നതെന്നു എനിയ്ക്കറിഞ്ഞുകൂടാ.

മി: എം. ശിവരാമപിള്ള (തോവാള): ആശുപത്രി സ്ഥാപിക്കേണമെന്നുണ്ടെങ്കിൽ വാസ്തവത്തിൽ ഇപ്രകാരമാണ് സംഭവിച്ചിരിയ്ക്കുന്നത്. അവിടത്തെ ചികിത്സാ മന്ദിരംകൊണ്ടു അവിടത്തെ ജനങ്ങൾക്കു ഒരു പ്രയോജനവുമുണ്ടാകുന്നില്ല. ആളുമായിട്ടതന്നെ ആ ആശുപത്രിയിലെ മേധാവിക്കുന്നിടത്തേയ്ക്കുകൊണ്ടുപോകുന്നതാണു ആളുള്ളു. എന്റെ വകയായ ഒരു പുരയിടത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന ആശുപത്രിയിലെ ഒരു ഡോക്ടറുണ്ടായിരുന്നു അയാൾ. ആദ്യം അയാൾ മുതൽ ജീവൻ ആശുപത്രിയിൽ ഒരു മനുഷ്യനെയുണ്ടായിരുന്നു. അതിനുശേഷം അയാൾ പുതിയതായി ആശുപത്രിയിലേക്കു മാറ്റപ്പെട്ടു. എനിയ്ക്കു അയാളെ നല്ലപോലെ പരിചയമുണ്ടു. അയാൾ യാതൊരു മെഡിക്കൽ സ്കൂളിലും പഠിച്ചിട്ടുള്ളവനല്ല. അയാൾക്കു ശാസ്ത്രീയമില്ലാത്ത ഒരുവിധം നടത്തുന്ന ഡോക്ടറെന്നു മിഷൻ ആശുപത്രിയാക്കുന്നു അവിടെയുണ്ട്; ആ തരത്തിലുള്ള സ്ഥാപനങ്ങൾക്കു ഗവണ്മെന്റിൽനിന്നു ഒരിയ്ക്കലും സഹായധനം കൊടുക്കാൻ പാടില്ലാത്തതാണ്, സാധുക്കളെ ചികിത്സിയ്ക്കുന്ന എന്ന നാട്യത്തിലാണു അവർ സഹായധനം വാങ്ങുന്നതു. ചുവന്നകുപ്പായം ധരിക്കുന്നവരൊക്കെ സാധുക്കളെന്നു ധരുതി സഹായധനം നല്കുന്നു. മറ്റുള്ള സമുദായങ്ങളിലുള്ളവർ വാസ്തവത്തിൽ സാധുക്കളായാലും അവരെ ഗവണ്മെന്റു സഹായിക്കുന്നില്ല. അതുകൊണ്ടാണ് ആസ്ഥലത്തു പ്രത്യേകിച്ചും പടയസമുദായക്കാർക്കുള്ള ജനങ്ങളുടെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ആ സ്ഥലത്തു ഒരു ചികിത്സമന്ദിരം സ്ഥാപിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടതു. അവിടെ ഒരു പോലീസ് സബ്ബ് സ്റ്റേഷനും ഒരു തീയറ്റർചുക്കും ഉണ്ടു. ഇൻസ്പെക്ടർ ഓഫ് മെഡിക്കൽ ആഫീസർ പരിശോധനാർത്ഥം അവിടെ വന്നിരുന്നപ്പോൾ, ആശുപത്രിയിൽ ഗവണ്മെന്റിന്റെ സഹായധനം വാങ്ങിനടത്തുന്ന ആശുപത്രി നിരുപയോഗമായിട്ടുള്ളതാണെന്നും അതുകൊണ്ടു മേലാൽ ആശുപത്രി സ്ഥാപിച്ചുപോകരുതെന്നും ഞാൻ പ്രത്യേകം ആവശ്യപ്പെട്ടു. ജനങ്ങൾക്കു വേറെ നിവൃത്തിയില്ല. കഴിയുന്നതും വേഗത്തിൽ ഗവണ്മെന്റ് ആയുർവേദമരുന്നിൽ ഒരു ആശുപത്രി സ്ഥാപിയ്ക്കുന്നതാണെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: എ. കെ. പിള്ള (തെക്കനാഗപ്പള്ളി) ഹോമിയോപ്പതി ആശുപത്രി വേണമെന്നു ജനങ്ങൾ പറയുന്നുണ്ടോ?

മി: എം. ശിവരാമപിള്ള (തോവാള) ആയുർവേദമരുന്നിനോടുകൂടെ ഒരു മിശ്രണമായിട്ടല്ലാതെ ഹോമിയോപ്പതി ഇതുവരെ ഉപയോഗിച്ചിട്ടില്ല.

കൂടാതെ ഗ്രാമവാസികളിൽ അധികം ആളുകളും വിരുതവൈദ്യം ഉപജീവനം കഴിക്കുന്നവരായതുകൊണ്ടു മരങ്ങളിൽനിന്നു വിഴുന്നുകൊണ്ടും മറ്റും മുറിവുകൾ ധാരാളം ഏല്പിക്കുന്നവരായതുകൊണ്ടു ഇംഗ്ലീഷ് ചികിത്സാരീതിയാണു അവർക്കു യോജിച്ചിട്ടുള്ളതു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേലുകാവുകളം) ഗവണ്മെന്റ് മെമ്പർ മി: എം. എൻ. പിള്ളയുടെ വാക്കുകൾക്കു ശരിയായ മറുപടിപറഞ്ഞു എന്നു ഞാൻ വിചാരിയ്ക്കുന്നില്ല. പ്രധാനമായിട്ടു പറഞ്ഞവിച്ചു ആക്ഷേപം മി: എം. എൻ. പിള്ള ഹോമിയോപ്പതി ചികിത്സ ശാസ്ത്രീയമായിട്ടുള്ള ചികിത്സയാണെന്നു സ്ഥാപിച്ചില്ലെന്നുള്ളതാണ്. ഇവിടത്തെ ജനങ്ങളിൽ ശരിപക്ഷവും വൈദ്യശാസ്ത്രത്തിലോ മറ്റുശാസ്ത്രങ്ങളിലോ വിദഗ്ധന്മാരല്ല, പ്രായോഗികമായിട്ടുള്ള സംഗതികളെമാത്രം മനസ്സിലാക്കത്തക്കശക്തിയുള്ള സാധാരണക്കാരാണ്. ആ ചികിത്സാരീതിയുടെ പ്രയോജനത്തെ സംബന്ധിച്ചു മാത്രമേ നമുക്കു അറിയേണ്ടതായിട്ടുള്ളു. ഹോമിയോപ്പതി ശാസ്ത്രീയമായിട്ടുള്ള ചികിത്സയാണോ എന്നു തീരുമാനിയ്ക്കേണ്ടതു നമ്മുടെ രാജ്യത്തിനു വെളിയിലുള്ള വിദഗ്ധന്മാരാണെന്നുവയ്ക്കാം. ആചികിത്സ ഗുണകരമായിട്ടുള്ളതാണെങ്കിൽ എന്തുകൊണ്ടു ഗ്രാൻറ് നല്കുവാൻ പാടില്ല. ചിന്താമണിയോ മരുവല്ലചികിത്സാരീതിയോ ജനങ്ങൾക്കു ഉപകാരമായിട്ടുള്ളതാണെന്നുകണ്ടാൽ ഗവണ്മെന്റ് അതിനു വേണ്ടസഹായങ്ങളും നല്കേണ്ടതാണ്. ചിന്താമണി വൈദ്യത്തെയും ആയുർവേദവൈദ്യത്തെയും പ്രതീനിധീകരിയ്ക്കുന്നതിനു മെഡിക്കൽബോർഡിലെ ഗവണ്മെന്റ് വിശ്വാസമില്ലാതെയായി. ശാസ്ത്രീയമായിട്ടുള്ള രീതിയെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതാണ ആയുർവേദചികിത്സയെന്നു കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലാത്ത ആയുർവേദവൈദ്യന്മാർക്കു ഗവണ്മെന്റ് സഹായധനം നല്കുന്നില്ലെന്നു ഞാനറിഞ്ഞു. ഉദാഹരണമായിട്ടു, പാമ്പുകടി, നായ്ക്കടികടി എന്നിവയ്ക്കു ഗവണ്മെന്റു യാതൊരു സഹായവും നല്കുന്നില്ല. സംഭാരണരീതിയിലുള്ള ഗവണ്മെന്റിന്റെ നയം അതു ശരിയായിട്ടുള്ളതല്ലെന്നു ഞാൻ പറഞ്ഞുപോകുന്നു. ഒരു പക്ഷപാതിയുടെ പ്രയോജനത്തെയാണ് അവർകായ്മായി ഗണിച്ചുകണ്ടുള്ളതു.

ഹോമിയോപ്പതി ചികിത്സയിൽ പരിക്ഷായോഗ്യതയുള്ളവരില്ലെന്ന പ്രസ്താവന കേട്ടപ്പോൾ ഗവണ്മെന്റ് മെമ്പർപറഞ്ഞു. പരിക്ഷായോഗ്യതയുള്ളവരില്ലെന്ന താൻ പറയുന്നില്ലെന്നും ഗവണ്മെന്റ് മെമ്പർ

സമ്മതിച്ചതായി ഞാനറിയുന്നു. ഗവണ്മെന്റ മെമ്പർ അതിനെപ്പറ്റി അറിഞ്ഞിട്ടില്ല എന്നകാരണം ഗവണ്മെന്റ പ്രോത്സാഹനം നൽകുന്നതിനു പ്രതിബന്ധമായി തീരുവാൻ പാടില്ലാത്തതാണു.

മി: എം. ശിവതാണുപിള്ള (തോവാള) ഹോമിയോപ്പതി ചികിത്സനടത്തുന്നവർ ധാരാളമുണ്ടെന്നുള്ള വസ്തുത മെംബർക്കറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും) ചോദ്യങ്ങൾ ഞാൻ പുറപ്പെടുവിച്ച വാദങ്ങളെ സംബന്ധിച്ചുള്ള വയലക്ഷ്യങ്ങൾ ഞാൻ അറിയുന്നു, ഉത്തരംപറയുവാൻ തയ്യാറില്ല.

മി: എം. ശിവതാണുപിള്ള (തോവാള) ഹോമിയോപ്പതി ഡാക്ടറന്മാരുടെയുള്ള വസ്തുത അദ്ദേഹം അറിഞ്ഞിട്ടുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും) ഞാൻ പുറപ്പെടുവിച്ച വാദങ്ങൾക്കും ഈ ചോദ്യങ്ങൾക്കും യാതൊരു സംബന്ധവുമില്ലാത്തതുകൊണ്ടു ഈ ചോദ്യങ്ങൾക്കുത്തരം പറയേണ്ട ആവശ്യമില്ലെന്നു വിചാരിയ്ക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള) ഈ സഭയുടെ അഭിപ്രായത്തെ മാറ്റുവാൻ ഈ സഭയെ പ്രേരിപ്പിയ്ക്കുന്നോയിട്ടാണോ മെംബർ ഇപ്രകാരം പറയുന്നതു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും) എന്റെ വാദങ്ങൾക്കും ഈ ചോദ്യങ്ങൾക്കും യാതൊരു സംബന്ധവുമില്ലാത്തതുകൊണ്ടു ഞാനിതിനുത്തരം പറയാൻ തയ്യാറല്ലെന്നാണല്ലോ ഞാൻ പറഞ്ഞതു.

മി: എം. ശിവതാണുപിള്ള (തോവാള) മെംബർ വിവരങ്ങളറിയുന്നതു ആവശ്യപ്പെടുന്നില്ലയോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും) ഇല്ല. ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാരുണ്ടെന്നുള്ള വിവരം നിശ്ശങ്കമില്ലാതെയാണു ഉദ്യോഗസ്ഥമെംബർ ഇതുവരെ വാദിച്ചതു. ശരിയായ പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ ഉണ്ടോ, ഇല്ലയോ എന്നു നോക്കീട്ടു കാര്യമില്ല. ഈ ചികിത്സാരീതി ഗുണകരമായിട്ടുള്ളതാണോ എന്നാണു നമുക്കു നോക്കേണ്ടതു.

മിസ്സസ്. എം. പുന്നൻ മുക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസസ്):—സർ, ഞാനറിഞ്ഞേടത്തോളം തിരുവിതാംകൂറിൽ ഹോമിയോപ്പതിയിൽപരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ അധികമില്ലെന്നാണു ഞാൻ പറഞ്ഞതു. അല്പാല്പം പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ ഉണ്ടോ ഇല്ലയോ എന്നു എനിയ്ക്കു തിയാൻ പാടില്ലെന്നല്ല ഞാൻ പറഞ്ഞതു.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികളും) അപ്രകാരമാണു പറഞ്ഞതെങ്കിൽ ഞാൻ എന്റെ വാദഭാഗത്തു മാറ്റുവാൻ തയ്യാറാണു.

മിസ്സസ്. എം. പുന്നൻമുക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്):—ഒരാളിനെപ്പറ്റി മിശ്ര ചോദ്യം മെംബർ എന്നോടു ചോദിച്ചപ്പോളാണു ഞാൻ ഉത്തരം പറയുകയില്ലെന്നു പറഞ്ഞതു.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-മേവികളും) ഹോമിയോപ്പതി ചികിത്സയിൽ പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാരുണ്ടെന്നു ഗവണ്മെന്റംഗമത്തിനുണ്ടെങ്കിൽ പ്രമേയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള അയന്റെ വാദം നിലനില്ക്കയില്ല.

മി: എം. എൻ. പിള്ളയുടെ വാദങ്ങളെ തോല്പിക്കുന്നതിനു സഹായകമായിട്ടുള്ള വാദങ്ങൾ യാതൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഞാനറിഞ്ഞേടത്തോളം ധാരാളം രോഗികൾ ചികിത്സയ്ക്കായി ഹോമിയോപ്പതി ഡാക്ടറന്മാരുടെ അടുക്കൽ പോകുന്നുണ്ടെന്നു എനിയ്ക്കു മനസിലായിട്ടുണ്ടു. അതുകൊണ്ടു വാസ്തവമായിട്ടുള്ള അതിന്റെ പ്രയോജനത്തെപ്പറ്റി ചിന്തിക്കുമ്പോൾ—

മി: എം. ശിവതാണുപിള്ള (തോവാള): അങ്ങുപൊലെയുള്ള ഡാക്ടറന്മാർ വളരെയുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും): ആ വാദത്തെ ഉപയോഗപ്പെടുത്തണമെന്നുണ്ടായിരുന്നാൽ ഞാൻ, എന്റെ സ്നേഹിതൻ മി: ശിവതാണുപിള്ള ആദ്യചോദ്യം എന്നോടു ചോദിക്കുന്നതിനു മുൻപുതന്നെ ആ ദോഷം എടുത്തു അതിനെപ്പറ്റി പറയുമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ ആ സംഗതിയെ സംബന്ധിച്ചു ഞാൻ വാദിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): അതിന്റെ മുഖ്യ സ്വഭാവത്തെ (നിശ്ചയപ്പെടുത്തിയാണു അദ്ദേഹം ഇപ്പോൾ സംസാരിക്കുന്നതു?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും): ഞാൻ അതു പറയാനാണു തുടങ്ങുന്നതു. അതിനെ സംബന്ധിച്ചു ഞാൻ പറയാൻ പോകുന്നതിനെ എന്റെ സ്നേഹിതൻ മി: ശിവതാണുപിള്ള ക്ഷമയോടുകൂടി കേട്ടുകൊണ്ടിരിക്കുമെങ്കിൽ—

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ സ്നേഹിതൻ മി: ജോസഫിനോടു എനിയ്ക്കൊരു സംശയം ചോദിക്കാനുണ്ടു. നല്ല പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാർ ഉണ്ടോ എന്നു നിശ്ചയമായ അറിവില്ലാത്തതുകൊണ്ടു പ്രമേയം സംശയാപഹമെന്ന ഈ സഭയെ ധരിപ്പിയ്ക്കുന്നതിനു മെമ്പർക്കുദ്ദേശമുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികളും): പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാർ ഇല്ലെന്നോ ഉണ്ടെന്നോ ഞാൻ പറഞ്ഞില്ല. പ്രമേയം ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ നോക്കുമ്പോൾ സംശയമുള്ള ഭാഗം ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാർക്കു പ്രോത്സാഹനം നല്കണം എന്നാണു. പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ ഉണ്ടായിരിക്കുകയും അവർ പൊതുജനങ്ങൾക്കു നന്മചെയ്യുകയും ചെയ്യുന്നുണ്ടെങ്കിൽ, ഇവരെ ഗവണ്മെന്റ സഹായിക്കേണ്ടകാര്യം വളരെ സമീപിച്ചിട്ടുണ്ടെന്നു ഞാൻ താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നു. വളരെ ജനങ്ങൾ ചികിത്സയ്ക്കായി ഹോമിയോപ്പതി ഡാക്ടറന്മാരുടെ സഹായം ആവശ്യപ്പെടുന്നുണ്ടെങ്കിൽ, അവരുടെ ചികിത്സകൊണ്ടു രോഗത്തിനു ശമനം ഉണ്ടാകുന്നുണ്ടെന്നും എനിക്കറിയാം. അദ്ദേഹം ചികിത്സിച്ചിട്ടുള്ള രോഗികളിൽ ഗണനയിൽ പേരും രോഗം ശമനമുണ്ടായിട്ടുള്ളതെന്നു മി: എം. എൻ. പിള്ളതന്നെ ഇവിടെ പറഞ്ഞു. പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ ചെയ്യുന്നുണ്ടെന്നും അദ്ദേഹംതന്നെ പറഞ്ഞു. സംഗതികൾ ഇപ്രകാരം ഇരിയ്ക്കുമ്പോൾ എന്തുകാരണത്താലാണു ഈ

പ്രമേയത്തെ എതിർക്കുന്നുവെന്ന് എനിയ്ക്കു മനസ്സിലാക്കുന്നില്ല. ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാരില്ലെന്നു കാണുമ്പോൾ ഗവണ്മെന്റ് പ്രോത്സാഹനം നല്കുണ്ട ആവശ്യമില്ല. പരീക്ഷായോഗ്യതയുള്ളവർ എത്രപേർ ഉണ്ടെന്നു എനിക്കു അറിയുമോ അറിയാൻ പാടില്ലയോ എന്നുള്ള സംഗതി പ്രമേയത്തിനു സംബന്ധിച്ചുള്ള വാല്യുതിവാദത്തിലെ ഒരുവിധത്തിലും സഹായിക്കുന്നില്ല. അപ്രകാരമുള്ളവർ എത്രപേരുണ്ടെന്നുള്ള അറിവ് എനിക്കുണ്ടായിരിക്കുന്നതായാൽതന്നെയും അതു എന്റെ വാദത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. മി: എം. എൻ. പിള്ളയ്ക്കോ മറ്റുവല്ലവർക്കുമോ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതിക്കാരുടെ എണ്ണം അറിയാമായിരിക്കാം. അപ്രകാരമുള്ളവർ കുറെ അധികപേരുണ്ടെന്നു മി. എം. എൻ. പിള്ളക്കു അറിയാമായിരിക്കാം. കുറേ ആളുകൾ ഉണ്ടെന്നുമാത്രമേ എനിക്കറിയാൻ പാടുള്ളു. ഹോമിയോപ്പതിക്കാർതന്നെ ഉണ്ടോ എന്നറിയാൻ പാടില്ലാത്ത മറ്റു ചിലരും ഉണ്ടായിരിക്കാം. അതുകൊണ്ട് സംഗതികളൊന്നും ഈ പ്രമേയത്തെ പിൻതാങ്ങുവാൻ വേണ്ടി പറഞ്ഞിട്ടുള്ള ന്യായങ്ങൾക്കു ഇടിതൽ ബലം കൊടുക്കുകയോ ഉള്ള വൈഷമ്യത്തെ കുറയ്ക്കുകയോ ചെയ്യുന്നില്ല. ഈ ചികിത്സാസമ്പ്രദായത്തിന്റെ പ്രയോജനത്തെയും, വിലകുറവിനേയും, മറ്റുതരത്തിലുള്ള ഗുണങ്ങളേയും ഗൌനിച്ചു് ഗവണ്മെന്റ് ഈ ചികിത്സയെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടകാലം വളരെ സമീപിച്ചിരിക്കുന്നു എന്നാണ് ഞാൻ പറയുന്നതിന്റെ സാരം. ഗവണ്മെന്റിന് അതിനെപ്പറ്റി വല്ല സംശയവും തോന്നുന്നുണ്ടെങ്കിൽ പരീക്ഷണാർത്ഥമായിട്ടെങ്കിലും വല്ലതും പ്രവൃത്തിക്കേണ്ടതാണ്. ആയുർവേദം ചികിത്സാമന്ദിരം സ്ഥാപിച്ചുപോലെ തിരുവനന്തപുരത്തു ഒരു ഹോമിയോപ്പതി ആശുപത്രിസ്ഥാപിച്ചു് അതു് എങ്ങനെ നടക്കുന്നുവെന്നു പരീക്ഷിക്കുവുന്നതാണ്. ഈ ന്യായങ്ങളെകൊണ്ട് ഗവണ്മെന്റ് പ്രമേയത്തെ എതിർക്കാതെ അതിപ്പോൾ ഇരിക്കുന്നസ്ഥിതിക്കുതന്നെ സ്വീകരിക്കേണ്ടതാണെന്നു ഞാൻ ബോധിപ്പിച്ചു കൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടം-വ്യവസായം, നെക്ക്): സർ, ഞാൻ ഇന്നുകാലത്തു് സഭക്കു വന്നപ്പോൾ ഈ പ്രമേയത്തെ എതിർക്കാൻ വല്ലതും ഉണ്ടായിരിക്കുമെന്നു വിചാരിച്ചില്ല. പ്രമേയത്തിൽ ഇത്രമാത്രമേ പറഞ്ഞു കാണുന്നുള്ളു:—

"തിരുവിതാംകൂറിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഹോമിയോപ്പതി ചികിത്സ ആവശ്യമുണ്ടെന്നു കാണുന്നുവോ അതതിടങ്ങളിൽ ഹോമിയോപ്പതി ചികിത്സാമന്ദിരങ്ങളും ഔഷധശാലകളും സ്ഥാപിച്ചും, അതിലേക്കു ശരിയായ പരീക്ഷായോഗ്യതയുള്ളവരെ ഗവണ്മെന്റിൽ നിന്നും ധാരാളമായി സഹായധനം കൊടുത്തു നിയമിച്ചും ഹോമിയോപ്പതി ചികിത്സാക്രമത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു."

ഈ പ്രമേയത്തെ സ്വീകരിക്കുന്നതിൽ ഗവണ്മെന്റിനു എന്തുതടസ്സമുണ്ടുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാരില്ലാത്തപക്ഷം ഗവണ്മെന്റു യാതൊരു പ്രോത്സാഹനവും നല്കുണ്ട ആവശ്യമില്ല. പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാരുണ്ടെങ്കിൽ അവർക്ക് ഗവണ്മെന്റ് പ്രോത്സാഹനം നല്കുട്ടേ. സർ, ഇപ്പോൾ ഈ തലയ്ക്കുവെളി പ്രതിനിധി, ഇവിടത്തെ ജനങ്ങൾ ഒരു ഹോമിയോപ്പതി ആശുപത്രി ആവശ്യപ്പെട്ടുന്നുവെന്ന് പറയുന്നു. അല്ലെങ്കിൽ ചികിത്സയ്ക്കായിട്ട് നാം ഇപ്പോൾ പൊതുഖജനാവിൽനിന്നു ധാരാളം പണം ചിലവാക്കുന്നുണ്ട്. ഇപ്രകാരമിരിക്കെ ഒരു താലൂക്കിലെ ജനങ്ങൾ അവരുടെ പ്രതിനിധി മുഖാന്തിരം ഞങ്ങൾക്ക് ഒരു ഹോമിയോപ്പതി ആശുപത്രിസ്ഥാപിച്ചുകിട്ടണമെന്നാവശ്യപ്പെടുമ്പോൾ എന്തുകൊണ്ടു നമുക്ക് അവരുടെ ആവശ്യത്തെ നിറവേറ്റികൊടുത്തുകൂടാ. നിശ്ചയമായിട്ടും കൊടുക്കേണ്ടതാണ്. എല്ലാറ്റിനുംപുറമെ ഈ പ്രമേയംതന്നെ ഉപകാരപ്രദമായിട്ടുള്ളതും ദോഷമില്ലാത്തതുമായിട്ടുള്ള ഒന്നാണ്. ഇപ്രകാരമിരിയ്ക്കേ ഈ പ്രമേയത്തെ സ്വീകരിക്കാതിരിയ്ക്കുന്നതിനുള്ള കാരണം എന്താണെന്നു എനിക്കു വിശദമാകുന്നില്ല.

ഈ ചികിത്സാരീതി ശാസ്ത്രീയമായിട്ടുള്ളതാണോ എന്നൊരു ചോദ്യമുണ്ടായി. നമ്മെപ്പോലെയുള്ളവർ ധാരണക്കാക്ക് തക്കിക്കാവുന്ന ഒരു വിഷയമല്ലാ ഇതു്. ഈ മതിരിയുള്ള സംഗതികളിൽ അതു് ജനങ്ങൾക്ക് പ്രയോജനമുള്ളതാണോ എന്നു മനോഭിയുടെ മതിയെന്നു എന്റെ സ്നേഹിതൻ മി: കെ. ഐ. ജോസഫ് പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിയ്ക്കുന്നു. ഈ ചികിത്സാശാസ്ത്രീയമായിട്ടുള്ളതാണോ അല്ലയോ എന്നു നമുക്കു നോക്കേണ്ട ആവശ്യമില്ല. രോഗികൾക്ക് രോഗശമനമുണ്ടാകുന്നുണ്ടോ എന്നു നോക്കണം, അതിനായിട്ടു നാം രോഗികളുടെ ഇഷ്ടാനുസരണം പെരുമാറാൻ നോക്കണം.

ഇംഗ്ലീഷ് ചികിത്സാശാസ്ത്രത്തിലെ ശിഷ്യഗണത്തിൽ ചേർന്ന ഡാക്ടറന്മാർതന്നെ ഇടയ്ക്കിടയ്ക്കു ഹോമിയോപ്പതിയേപ്പോലെയുള്ള വല്ലിയ ശാസ്ത്രീയവിഷയത്തെപ്പറ്റി സംസാരിക്കുന്നതിനും അതുസംബന്ധമായിട്ടുള്ള ഒരു പ്രമേയത്തെ പിൻതാങ്ങുന്നതിനും എനിക്കു എന്തു വിശേഷയോഗ്യതയാണുള്ളതെന്നു ഈ സഭയിലുള്ളവർ സംശയിച്ചേയ്ക്കുമെന്നുള്ളതുകൊണ്ടു എനിക്കില്ലാതില്ലെന്നു ഞാൻ ആദ്യമേതന്നെ പറഞ്ഞുകൊള്ളുന്നു. അതിനുശേഷം അതു പ്രയാസമുള്ളതല്ല. ഹോമിയോപ്പതി ചികിത്സയുടെ ഫലത്തെ വ്യക്തമാക്കുന്നതിനുള്ള ഒന്നാമത്തെ തെളിവ് എന്റെ അനുഭവം തന്നെയാണ്. ഞാൻ രോഗബാധിതനായിത്തീരുകയും വളരെ പണം ചിലവുചെയ്യും വളരെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിച്ചും പലേതരത്തിലുള്ള ചികിത്സകരെ നടത്തിയതിൽ രോഗത്തിനു തൽക്കാലശമനം ഉണ്ടായി. എന്നാൽഎനിക്കു സ്ഥിരമായ രോഗശമനം ഉണ്ടായി പൂർണ്ണരോഗ്യം ലഭിച്ചതു ഹോമിയോപ്പതി ചികിത്സകൊണ്ടാണ്.

മി: എം. ശിവതാണുപിള്ള (തോവാള): മെമ്പർക്ക് രോഗശമനമുണ്ടായത് യാദൃച്ഛികമായിട്ടോ ഹോമിയോപ്പതി ഔഷധം സേവിച്ചതുകൊണ്ടു തന്നെയോ എന്നറിയാമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടം-വ്യവസായം, നെക്ക്): യാദൃച്ഛികമായിട്ടാണോ അല്ലയോ അപ്രകാരം സംഭവിച്ചതെന്ന് എനിക്കു പറയാൻ നിവൃത്തിയില്ല. എങ്കിൽ അനേകവർഷത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ ഇവിടെ സംസാരിക്കുന്നതു്.

ഹോമിയോപ്പതി ചികിത്സയുടെ, രോഗനിവാരണശക്തി, വിലകുറവു്, സൌകര്യം എന്നിവയെപ്പറ്റി എന്നെപ്പോലെയുള്ള രോഗശമനം ലഭിച്ചിട്ടുള്ള ആയിരക്കണക്കായിട്ടുള്ള ജനങ്ങൾ സ്വയമേതയായിട്ടും പൂർണ്ണമനസ്സോടെ

നസ്സാലെയും പറഞ്ഞിട്ടുള്ള സാക്ഷ്യങ്ങളും എന്നെ പിൻതാങ്ങുന്നതിനുണ്ട്. രോഗികൾക്കൊണ്ട് ഡാക്ടറന്മാർ മരുന്നുകൊടുക്കുന്നതെന്നും അതുകൊണ്ടു അവരുടെ അഭിപ്രായങ്ങളെയാണ് നാം സ്വീകരിക്കേണ്ടതെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. ഞാൻ ഏതെങ്കിലും ഒരാളിനെപ്പറ്റിയോ അതല്ല ഏതെങ്കിലും തരത്തിലുള്ള വൈദ്യന്മാരേപ്പറ്റിയോ ക്ഷിയ്ക്കുകയാണെന്നു തെറ്റിദ്ധരിച്ചുപോകരുതു്. നേരെമറിച്ചു, ഹോമിയോപ്പതി ചികിത്സകൊണ്ടു ഗുണം ലഭിച്ചതിനാൽ അതിനോടുണ്ടായിട്ടുള്ള നിർവ്യാജമായ സ്നേഹംകൊണ്ടു ഞാൻ ഇതിനെ പിൻതാങ്ങുന്നു. അതുകൊണ്ടു് അതിനുവേണ്ടി പ്രത്യേകം വാദിയ്ക്കുമ്പോൾ അസ്ഥാനത്തായ ചില സംഗതികളെ സംബന്ധിച്ചു ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തൊവാള): എന്റെ സ്നേഹിതന് എന്തുരോഗമാണുണ്ടായിരുന്നതെന്ന് എനിക്കറിഞ്ഞാൽ കൊള്ളാം?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക്): സർ, ഇപ്രകാരമുള്ള ഒരു ചോദ്യം ചോദിയ്ക്കാമോ എന്നുള്ളതിനെ സംബന്ധിച്ച ചട്ടം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡന്റ്: അതു് അനുവദിയ്ക്കാവുന്നതല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക്): ഏതായാലും എനിയ്ക്കു മൈബോട്ടു് ഉത്തരംപറയാൻകഴിയും. എന്റെ രോഗം ഉറക്കമില്ലായ്മയാണെന്ന അഭ്യൂഹത്തിനോടു് പറഞ്ഞുകൊള്ളുന്നു.

ഈ തലമുറയുടെ ആനന്ദപ്രദമായതോ ഇനി വരാൻപോകുന്ന തലമുറകളുടെ അഭിപ്രായത്തോടോ വകവയ്ക്കാതെ സത്യത്തിനുവേണ്ടി ജീവിച്ചു് അതിനെ നിലനിർത്തുന്നതിനായിട്ടു് ജനങ്ങളുടെ ജീവനെ ത്യജിച്ച മഹാന്മാർ അനുഭവിച്ചിട്ടുള്ള കഷ്ടതകൾക്കു ഒട്ടും കുറഞ്ഞതല്ലാത്തതും വലിയ ദുരിതങ്ങളോടും ക്ലേശങ്ങളോടുംകൂടിയ ഒരു വലിയ കഥയാണ് ഈ മഹാനായ ഹോമിയോപ്പതിയുടെ ഉല്പത്തി വളർച്ച എന്നിവയുടെ ചരിത്രം. ശാസ്ത്രജ്ഞന്മാരുടെ പ്രത്യക്ഷ ഗുണങ്ങളായിരിക്കേണ്ട വിശ്വാസ്യതയും, സൂക്ഷ്മപരിശോധന, പരിശോധനാതാല്പര്യം എന്നിവയില്ലാത്തതിനാലും, താൻ സമീപകാലത്തു അഭ്യസിച്ചതെന്നും അവാസ്തവമായിട്ടുള്ളതെന്നും തെളിയിച്ചിട്ടുള്ള ചികിത്സാസമ്പ്രദായത്തെ ഇടതരത്തെയും സത്യത്തിനു് യോജിയ്ക്കുന്നതായ പ്രകൃതിന്യായത്തിന്റെ ഒരു അല്പമായിട്ടുള്ള അറിവു ലഭിയ്ക്കാനിടയാക്കുകയും തൻമൂലം തനിയ്ക്കു വലിയ ധനലാഭമുണ്ടാക്കികൊണ്ടിരുന്ന തന്റെ പ്രവൃത്തിയെ ത്യജിച്ചു് തന്റെ വലിയ കുടുംബത്തെ സംരക്ഷിയ്ക്കുന്നതിനായി എല്ലാ രാത്രികളിലും പുസ്തകങ്ങൾ തർജ്ജമചെയ്തും ഒരു രാജ്യദ്രോഹിയെപ്പോലെ ഒരു പരിഷ്കൃതരാജ്യത്തുനിന്നും മറ്റൊരു പരിഷ്കൃത രാജ്യത്തേയ്ക്കു ജീവരക്ഷയ്ക്കായി ഓടിപ്പോകേണ്ടിവന്ന ഹോമിയോപ്പതിചികിത്സാസ്ഥാപകനായ ഡാക്ടർ സാമുവൽ ഹനിമാന്റെ ജീവചരിത്രം വായിക്കുന്ന ശുദ്ധമനസ്കനും നിഷ്പക്ഷപാതിയുമായ ഏതൊരു മനുഷ്യനും നിശ്ചയമായും കണ്ണുനീർപൊഴിയ്ക്കും. ഇവയെല്ലാം ഇംഗ്ലീഷ് വൈദ്യസ്ഥിരാവകാശികൾ അല്ലോപ്പതിയെന്നതിനായി നടത്തിയ യുദ്ധത്തോടു താരതമ്യപ്പെടുത്തി നോക്കിയാൽ തീരെ നിസ്സാരങ്ങളാണ്. അല്ലോപ്പതിയുടെ കണ്ടുപിടിത്തങ്ങളും അവയെ അടിസ്ഥാനപ്പെടുത്തിട്ടുള്ള നവീന ചികിത്സാരീതിയും, ഔഷധി ശാസ്ത്രജ്ഞന്മാരുടെയും, രസായനശാസ്ത്രജ്ഞന്മാരുടെയും, ഔഷധ വിക്രയികളുടെയും അവരുടെ തൊഴിലിനോടു ബന്ധപ്പെട്ടിട്ടുള്ള ഡാക്ടറന്മാരുടെ പ്രവൃത്തിയേയും കൂടപ്പത്തിലാക്കി. കൂടുതലായി പറയുകയാണെങ്കിൽ ഇതിനെല്ലാം കാരണഭൂതന്മാർ കുറെയൊക്കെയും ഔഷധവിക്രയികളുമാണ്. ഔഷധ വ്യവസായം നടത്തുന്നവരും മറവരിലധികവും അവരോടടുത്തു ചേർന്നുവെന്നേയുള്ളു. കച്ചവടവും വ്യവസായവും ഗവണ്മെന്റു കായ്യങ്ങളിൽ ഇടപെട്ടു നടത്തുന്ന രാജ്യങ്ങളിൽ ഇങ്ങനെയുള്ള ചികിത്സാസമ്പ്രദായത്തോടു വിരോധമായിരിയ്ക്കുകയും അതിന്റെ ഉൽപ്പത്തിനാശം വരുത്തുന്നതിന് വേണ്ടതെല്ലാം ഗവണ്മെന്റു പ്രവൃത്തിയ്ക്കുകയും ചെയ്തതിൽ എന്താണത്ഭുതപ്പെടാനുള്ളതു്? ഇംഗ്ലീഷ്കാർ പഴയ സമ്പ്രദായങ്ങളെ നിലനിറുത്തിപ്പോരുന്നതിൽ തല്പരന്മാരാണ്. അപ്രകാരത്തെ ഗവണ്മെന്റു കച്ചവടക്കാരാൽ നിയന്ത്രിയ്ക്കപ്പെട്ടുപോരുന്നതുമാണ്. ഇംഗ്ലീഷ്കാരുടെ മനഃസ്ഥിതിയ്ക്കു യഥാസ്ഥിതികപക്ഷപാതികളായ ഇംഗ്ലീഷ്കാരുടെ പഴയ രീതിയിലുള്ള ചട്ടങ്ങൾക്രമങ്ങളിൽ വൈദ്യപഠനം നടത്തിട്ടുള്ളവരും; ആ രാജ്യത്തിലുള്ള ജനങ്ങളുടെ അഭിപ്രായങ്ങളെ അനുകരിയ്ക്കുന്നവരായിരിയ്ക്കും. എന്നാൽ ഈശ്വരാധീനത്താൽ നമ്മുടെ രാജ്യം ആ തരത്തിലുള്ളതല്ല. വിശാലമനസ്കന്മാരായ നാം അല്ലോപ്പതി ചികിത്സയുടെ ആഗമനത്തെ ഹൃദയപൂർവം സ്വീകരിയ്ക്കുകയും പൊതുഭണ്ഡാരത്തിൽ നിന്നു ധാരാളം പണംകൊടുത്തു സംരക്ഷിച്ചുപോരുകയുമാണ് ചെയ്യുന്നതു്. അതേതരത്തിലുള്ള സംരക്ഷണത്തിനും അംഗീകരണത്തിനും അർഹതയുള്ള ഹോമിയോപ്പതിയുടെ സംഗതിയിലും നാം മഹാമനസ്കത കാണിയ്ക്കുന്നതാണ്.

മി: എം. ശിവതാണുപിള്ള (തൊവാള): ചിന്താമണി ചികിത്സയെപ്പറ്റി അല്പം എല്ലുപറയുന്നു?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക്): അതിനെ പ്രോത്സാഹനം നല്കുന്നതിലും എനിക്കു വിരോധമില്ല.

ഹോമിയോപ്പതി ചികിത്സ പ്രകൃതി ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതാണെന്നുള്ളതിൽ ഇതരപക്ഷമില്ല, ഹോമിയോപ്പതി ഔഷധങ്ങളുടെ രോഗനിവാരണശക്തിയെപ്പറ്റിയുള്ള പൊതുജനവിശ്വാസത്തിനു് കഴിഞ്ഞ ഒന്നര ശതവർഷങ്ങൾക്കിടയിൽ മാറ്റമുണ്ടായിട്ടില്ല. "സിമിലിയാ സിമിലിബസ് ക്യൂറന്റർ" എന്ന മുദ്രാവാക്യപ്രകാരം ഉത്ഭവത്തിനു കാരണമായതു തന്നെ ഭേദപ്പെടുത്തുന്നതിനും കാരണമായി വെയ്ക്കുന്നതെന്ന പ്രകൃതിന്യായത്തിന്റെ സത്യാവസ്ഥയെ അതിനശേഷം കണ്ടുപിടിയ്ക്കപ്പെട്ട ശാസ്ത്രീയമായിട്ടുള്ള തത്വങ്ങളും വീണ്ടും ഉദ്ഘോഷപ്പെടുത്തീട്ടുണ്ട്. വണ്ണ്മാ മായാ തത്വശിരോമണിയുടെ സഹായംകൊണ്ടു കണ്ടുപിടിയ്ക്കപ്പെട്ടിട്ടുള്ളതും അതുവരെ ആർക്കുതന്നെ അറിയാൻപാടില്ലാത്ത കിടന്നിരുന്നതുമായ തത്വങ്ങളും വിദ്യുച്ഛക്തി അണുശക്ത്യുത്തിശാസ്ത്രങ്ങളിലും ഉണ്ടായിട്ടുള്ള തിരുച്ചുകളും, സർ. ജെ. സി. ബോസിന്റെ സസ്യശാസ്ത്രസംബന്ധമായിട്ടുള്ള കണ്ടുപിടിത്തങ്ങളും മനുഷ്യജീവിതത്തിന്റെ കൃത്രിമത്വം കുറഞ്ഞുവരുന്ന തത്വങ്ങളോടു യോജിക്കുന്ന ജഡവസ്തുശാസ്ത്രപ്രമാണങ്ങളും ഹോമിയോപ്പതിയുടെ സ്ഥിരമായ അടിസ്ഥാനത്തെ വ്യക്തമാക്കുകയും സഹായിക്കുകയും ചെയ്യുന്നു. ഒരേ മനുഷ്യനിൽതന്നെ രോഗഉൽപ്പാദനശക്തിയും രോഗനിവാരണശക്തിയും അടങ്ങിട്ടുണ്ടെന്നുള്ള തത്വത്തെ

അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. ഹോമിയോപ്പതി ചികിത്സ ആസ്ത്രിയൻ പട്ടാളത്തിനെ മിഷ്യാറിക്ക് വിഷു ചിക ബാധിച്ചപ്പോൾ ഒരു രോഗിയെപ്പോലും താൻകാണാതെതന്നെ അയിനെ സംബന്ധിച്ചുള്ള റിപ്പോർട്ടിൽ നിന്നു രോഗത്തെപ്പറ്റിയുള്ള വിവരങ്ങളെല്ലാം മനസ്സിലാക്കി പ്രതിവിധി ഔഷധം നിശ്ചയിക്കുന്നതിലേക്ക് ഡാക്ടർ ഹന്നിമാൻ സാധിച്ചതുകൊണ്ടുതന്നെ ഹോമിയോപ്പതി ശാസ്ത്രീയമായിട്ടുള്ള അടിസ്ഥാനത്തോടുകൂടിയതാണെന്നു വെളിപ്പെടുന്നുണ്ട്.

ഹോമിയോപ്പതി ചികിത്സ വളരെ വിലകുറവുള്ളതാണ്. ഒരു വീട്ടുകാരനു ഒരു ചെറിയ മരുന്നുപെട്ടി വാങ്ങി വച്ചുകൊള്ളുകയും തനിയ്ക്കുണ്ടാകാവുന്ന രോഗങ്ങളേയും അയൽവീട്ടുകാർക്കുണ്ടാകാവുന്ന രോഗങ്ങളേയും ചികിത്സിയ്ക്കുകയും ചെയ്യാം. സാധുക്കൾക്ക് ഉപയോഗപ്രദമായിട്ടുള്ള ചികിത്സയാണ് ഹോമിയോപ്പതി. സാധുജനങ്ങൾക്ക വൈദ്യസഹായം നൽകുന്നതിന് മഷ്യനുദിക്കാർ സാധാരണ ഉപയോഗപ്പെടുത്തുന്നതു് ഈ സമ്പ്രദായത്തെയാകുന്നു. അനുഭവരഹിതങ്ങളായിട്ടുള്ളതും ഒന്നിനൊന്നു അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതുമായ രാജ്യങ്ങൾ സംരക്ഷിച്ചുപോരുന്ന ഒരു ചികിത്സാരീതിയാകുന്നു ഈ ഹോമിയോപ്പതി ചികിത്സ. യൂറോപ്പിലെ മിക്ക ഗവണ്മെൻറുകളും പ്രത്യേകം ചട്ടങ്ങളുണ്ടാക്കൊണ്ടു ഈ ചികിത്സയെ നിയന്ത്രിച്ചുപോരുന്നു. ഓരോ രാജ്യങ്ങളിലും ചികിത്സയ്ക്കായി പ്രത്യേകം സ്ഥാപനങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതും, ശാസ്ത്രസംബന്ധമായിട്ടുള്ള സംഗതികളിൽ മുന്നണിയിൽ നിൽക്കുന്ന ജർമനിയിൽ ഉത്തരവിട്ടു സ്വാതന്ത്ര്യം ഉറപ്പിക്കിച്ചിട്ടുള്ള അന്തരീക്ഷത്തിൽ വളർന്ന അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതും, സമീപകാലത്തു പ്രിൻസ് അഫ്ഗവയിൽസ തിരുമനസ്സുകൊണ്ടു അംഗീകരണം നല്കീട്ടുള്ളതുമായ ചികിത്സയാകുന്നു ഹോമിയോപ്പതി.

ഇപ്രകാരമുള്ള അനവധി സാക്ഷ്യപത്രങ്ങളോടുകൂടിയിരിക്കുന്ന ഈ ചികിത്സാരീതിയ്ക്ക് ഗവണ്മെൻറ സംരക്ഷണം ആവശ്യപ്പെടുന്നതിനവകാശമില്ലയോ? നാം പ്രതിനിധ്യം വഹിക്കുന്ന നാടുകളിലെ ജനങ്ങളുടെ അഭിപ്രായങ്ങളെ പരിശോധിച്ചു സഹായിക്കേണ്ടതും അവരുടെ ആവശ്യങ്ങളെ നിറവേറിക്കൊടുക്കേണ്ടതും നമ്മുടെ കടമയല്ലയോ? വിലകുറവുകൊണ്ടും, ഗുണക്കൂടുതൽകൊണ്ടും, ലഘുത്വംകൊണ്ടും നമ്മുടെ രാജ്യത്തിലെ ജനങ്ങളുടെ നല്ല അഭിപ്രായത്തിന് പാത്രീഭവിച്ചിട്ടുള്ളതുമായ ഒരു ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കേണ്ടതും നമ്മുടെ പ്രവൃത്തിയല്ലയോ? ഇതിനെല്ലാറ്റിനും പുറമെ, വൈദ്യസഹായം എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയിൽ, ഹോമിയോപ്പതി ചികിത്സ ഏർപ്പെടുത്തുകയും തൻമൂലം ഒരു വലിയ കാവ്യ വ്യത്യാസമെന്നും ഇരിക്കെ യാം അപ്രകാരം ചെയ്യേണ്ടതും നമ്മുടെ കടമയല്ലയോ?

മി: എം. ശിവതാണുപിള്ള (തോവാള): സഹായധനം നല്കുന്നതിനെപ്പറ്റി ആലോചിക്കുന്ന കാര്യത്തെസംബന്ധിച്ച ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാർ എത്രപേരുണ്ടെന്ന് ഗവണ്മെൻറ ചോദിച്ച ചോദ്യത്തിന് എന്തു ഉത്തരമാണു മെമ്പർ പറയാൻ പോകുന്നതു് എന്നറിഞ്ഞാൽകൊള്ളാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക്): ഈ പ്രമേയം സ്വീകരിച്ചതിനുശേഷം അതിനെപ്പറ്റി ആലോചിച്ചാൽ മതിയാകുമല്ലോ. പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാരുണ്ടെങ്കിൽ അവരെ ഗവണ്മെൻറ പ്രോത്സാഹിപ്പിക്കട്ടേ ഡാക്ടറന്മാരില്ലെങ്കിൽ ഗവണ്മെൻറ് പ്രോത്സാഹിപ്പിക്കേണ്ട ആവശ്യമില്ല. ഈ പ്രമേയത്തിലടങ്ങിയിട്ടുള്ള സംഗതികൾക്ക് അത്യാവശ്യമായിട്ടുള്ളതല്ല ആ വിവരം.

മി: എം. ശിവതാണുപിള്ള (തോവാള): അപ്രകാരമുള്ള ഡാക്ടറന്മാർ ആവശ്യമുള്ളിടത്തോളമില്ലെങ്കിൽ മെമ്പർ ഈ പ്രമേയത്തെ പിൻതാങ്ങേണമെന്നുള്ളതിനെക്കുറിച്ചു ആലോചിക്കുന്നുണ്ടോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഡാക്ടറന്മാരുടെ എണ്ണത്തിനെ സംബന്ധിച്ചുള്ള ചോദ്യത്തിന് ഇവിടെ അവകാശമില്ല. അവർ ശരിയായ പരീക്ഷായോഗ്യതയുള്ളവരാണെന്ന് ഗവണ്മെൻറിനു തോന്നുന്നപക്ഷം അവർക്ക് പ്രോത്സാഹനം നല്കിയാൽ മതി. അല്ലാത്തപക്ഷം പ്രോത്സാഹനം നല്കേണ്ട ആവശ്യമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ശരിയായ പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ അധ്യക്ഷനു ഉടനെ മെമ്പർക്കറിയാമോ എന്നന്വേഷിക്കുന്നതിനുള്ള സമയം തരുമോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ആ ചോദ്യത്തിനവകാശമില്ലെന്നു ഞാൻ മുൻപു പറഞ്ഞുവല്ലൊ. എന്നെ സ്നേഹിതൻ ദയവുചെയ്തു എന്റെ വീട്ടിലേക്കു വരുമെങ്കിൽ അദ്ദേഹത്തിനുവേണ്ട വിവരങ്ങളെല്ലാം സന്തോഷപൂർവ്വം പറഞ്ഞുകൊടുക്കാം.

മി: കെ. സി. മാമ്മൻ മാപ്പിള (കച്ചവടവും-വ്യവസായവും, വടക്ക്): സർ, ഹോമിയോപ്പതി ചികിത്സയെ ആരാധിക്കുന്ന ജനങ്ങളോ അതിനോടു കാണിച്ചിട്ടുള്ള സീമാതീതമായ ഭക്തിയോടുകൂടിയോ അല്ല ഞാൻ വളരെ ദൂരിതങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. (ദയവുചെയ്തു ഉറക്കെപറയണം.) മറിവൈദ്യന്മാർക്കും, ആത്മപ്രശംസചെയ്തു നടക്കുന്നവർക്കും, തിരെ പരിചയമില്ലാത്തവർക്കും ഹോമിയോപ്പതി ചികിത്സാവൃത്തി നടത്താമെന്നുള്ളതുകൊണ്ടു അതിനെ മഹത്വത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്; പരിചയക്കാരും പ്രവർത്തിക്കാരുമുള്ള ഹോമിയോപ്പതി വൈദ്യന്മാർ അതിന്റെ ഗുണഫലത്തെപ്പറ്റി അതിശയോക്തിയോടുകൂടിയാണു ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുന്നതു്. ശസ്ത്രക്രിയയുടെ സഹായംകൂടാതെതന്നെ അതിശയകരമായ വിധത്തിൽ ഏതു അരോഗത്തേയും തനിക്കു ചികിത്സിക്കാൻ കഴിയുമെന്നാണവരും ഒരു ഹോമിയോപ്പതി ചികിത്സകൻ എന്നോടു പൊങ്ങച്ചം പറഞ്ഞതിനെ ഞാൻ വിശ്വസിക്കാത്തതുകൊണ്ടു എന്നോടു വഴക്കു കൂടിയതായി എനിയ്ക്കുതന്നെയുണ്ട്. ഈ തരത്തിലുള്ള ജനങ്ങളുടെ പ്രസ്താപനങ്ങൾകൊണ്ടു ഹോമിയോപ്പതി ചികിത്സയെപ്പറ്റി അവിശ്വാസം ജനിക്കാനിടയായിട്ടുണ്ട്. എന്നാൽ മിസ്സസ് മൂക്കോസ് സമ്മതിച്ചിട്ടുള്ളതുപോലെയും മറ്റനേകം അല്ലോപ്പതി ഡാക്ടറന്മാർ സമ്മതിച്ചിട്ടുള്ളതുപോലെയും വൈദ്യചികിത്സയെ പരിശ്രമിക്കുന്നതിനും, സൌകര്യപ്പെടുത്തുന്നതിനും ഹോമിയോപ്പതി സാരമായ സഹായങ്ങളും നല്കീട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. ഉദാഹരണമായിട്ടു ഉൻകാലങ്ങളിൽ രോഗങ്ങൾക്കു കൂടുതൽ ഡോസ് കൊടുക്കുകയായിരുന്നു പതിവു്. എന്നാൽ ഇപ്പോൾ അല്ലോപ്പ

തി ഡാക്ടറന്മാർ രോഗികൾക്കു വലിയ ഡോസ് മരുന്നു കൊടുക്കുന്നതുകൊണ്ടു കൂടുതൽ ഗുണമാണുണ്ടാകുന്നതെന്നും ഹോമിയോപ്പതിക്കാർ കൊടുക്കുന്നതുപോലെയുള്ള ചെറിയ ഡോസ് മരുന്നു മതിയാകുന്നതായാണെങ്കിൽ സമ്മതിയ്ക്കുന്നു. ഈ പുതിയ മാറ്റം അല്ലോപ്പതിക്കാർ സ്വീകരിച്ചതു് ഹോമിയോപ്പതിക്കാരിൽ നിന്നാണെന്നു ഞാൻ വിശ്വസിയ്ക്കുന്നു. ഔഷധവിക്രയികളുടെയും, രസായനശാസ്ത്രജ്ഞന്മാരുടെയും കമ്പൗണ്ടറന്മാരുടെയും ഹോമിയോപ്പതിയോടുള്ള വിരോധത്തെപ്പറ്റി നാം ധാരാളം കേട്ടിട്ടുണ്ടു്. ഹോമിയോപ്പതിയുടെ പ്രചരണംകൊണ്ടു് അവരുടെ കച്ചവടത്തിനും പ്രവൃത്തിയ്ക്കും വലുതായ ഹാനി സംഭവിച്ചുക്കാമെന്നുള്ളതുകൊണ്ടു് അവർ അപ്രകാരം ചെയ്തിരിക്കാം. എന്നാൽഹോമിയോപ്പതിഡാക്ടറന്മാരുടെ അവകാശങ്ങളെ ആക്രമാനംചെയ്തിരിക്കുന്നതിനുള്ള പ്രധാനകാരണം അതായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാപരിഷ്കൃതരാജ്യങ്ങളിലും, ശാസ്ത്രജ്ഞന്മാരും അതിലേക്കു ചുമതലപ്പെട്ടിട്ടുള്ളവരുമടങ്ങിയ ഒരു സംഘക്കാർ വൈദ്യചികിത്സയെ നിയന്ത്രിക്കുന്നുണ്ടു്. അപ്രകാരമിരിയ്ക്കുന്നതുകൊണ്ടു മുറിവൈദ്യന്മാർ പുതുതായി കൊണ്ടുവരുന്ന എല്ലാ ചികിത്സയേയും ഗവണ്മെന്റു അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യാൻ പാടില്ലാത്തതാകുന്നു. മുറിവൈദ്യന്മാർ അവരുടെ ചികിത്സയുടെ നൈപുണ്യത്തെപ്പറ്റി പ്രശംസിച്ചുകൊണ്ടു നടക്കുന്നതു് നാം ദിവസേന കണ്ടുവരുന്നതാണല്ലൊ. ഇന്നു ജലചികിത്സയെപ്പറ്റിയായിരിക്കും അവർ പറയുന്നതു്. നാളത്തെ ദിവസം മറ്റൊന്നിനെപ്പറ്റിയും, അതിനടുത്ത ദിവസം മൂന്നാമതൊരു ചികിത്സയെപ്പറ്റിയുമായിരിക്കും അവരുടെ പ്രശംസ. ഈ ചികിത്സകളിൽ ചിലവ വാസ്തവത്തിൽ ഗുണമുള്ളവകളായിരിക്കാം. അതുകൊണ്ടു്, ഹോമിയോപ്പതി ചികിത്സക്കാനും, ജലചികിത്സക്കാരും മറ്റു തരത്തിലുള്ള ചികിത്സക്കാരും അപരവരുടെ ചികിത്സയുടെ അനിതരസാധാരണ ഗുണങ്ങളെപ്പറ്റി പറയുന്നതിനെ ചുമതലക്കാരായ ഡാക്ടറന്മാരടങ്ങിയ സംഘക്കാർ വിശ്വസിക്കുന്നതിനും അവരുടെ അവകാശങ്ങളെ വകവച്ചുകൊടുക്കുന്നതിനും ഞാൻ ഒരു കാരണവും കാണുന്നില്ല. അതുകൊണ്ടാണു് ഹോമിയോപ്പതി ചികിത്സയെ സ്വീകരിക്കുന്നതിൽ ഇംഗ്ലണ്ടു തുടങ്ങിയുള്ള രാജ്യങ്ങളിലെ ഡാക്ടറന്മാർ ഇത്രയധികം മുൻകരുതലുകളോടുകൂടി പ്രവൃത്തിച്ചതു്. അതുകൊണ്ടു ഹോമിയോപ്പതിയ്ക്കു വിരോധമായി സംഘങ്ങൾ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നതു അത്ര ശരിയല്ല,

ഈ ചികിത്സാസമ്പ്രദായത്തെ സംബന്ധിച്ചു ഞാൻ പറഞ്ഞതുപോലെ മനുഷ്യരുടെ കഷ്ടതകളെ നിവാരണം ചെയ്യുന്നതിന് ഹോമിയോപ്പതി അമിതനന്മകരം ചെയ്തിട്ടുണ്ടെന്നു ചില പ്രഗൽഭന്മാരായ അല്ലോപ്പതിഡാക്ടറന്മാർ സമ്മതിച്ചിട്ടുണ്ടു്. മറ്റുള്ള പരിഷ്കൃതരാജ്യങ്ങൾ, വിശേഷിച്ചും അമേരിക്കാ, ഹോമിയോപ്പതി ചികിത്സയ്ക്കു കുറെ പ്രോത്സാഹനം നൽകീട്ടുള്ളതുകൊണ്ടു് അതിന്റെ ഗുണഗണങ്ങളെപ്പറ്റി ഇപ്പോൾ ഞാനിവിടെ വല്ലതും പ്രസ്താപിക്കുന്നതാവശ്യമെന്നു വിചാരിക്കുന്നില്ല. അമേരിക്കയിലേയും മറ്റു ചില യൂറോപ്യൻ രാജ്യങ്ങളിലേയും ഗവണ്മെന്റുകൾ ഹോമിയോപ്പതിയെ ഒരു നല്ല ചികിത്സയായി അംഗീകരിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ മദ്രാസ് നഗരത്തിൽ ഒരു ഹോമിയോപ്പതി ഡിസ്പെൻസറി ഇറക്കുന്നതിനു മദ്രാസിലെ ഹെൽത്തു മിനിസ്റ്റർ വേണ്ട സഹായം നൽകീട്ടുണ്ടെന്നു ഡാക്ടർ എം. എൻ: പിള്ള പറയുകയുണ്ടായി. ചില നാട്ടരാജ്യങ്ങളും ഹോമിയോപ്പതി ചികിത്സയ്ക്കു വേണ്ട സഹായങ്ങൾ നൽകീട്ടുള്ളതായി അറിയുന്നു. ഹോമിയോപ്പതി തീരെ നിരുപയോഗമായിട്ടുള്ള ഒരു ചികിത്സാസമ്പ്രദായമാണെന്നു പറയുന്നതിൽ വല്ല ന്യായവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നിശ്ചയമായിട്ടും അതിനു ഗുണങ്ങളുണ്ടായിരിക്കും. ശരിയായ പരീക്ഷണയുക്തിയുള്ള ഹോമിയോപ്പതി ഡാക്ടറന്മാരില്ലെന്നുള്ളതാണ് ഇപ്പോഴത്തെ വലിയ വൈഷമ്യം. നമ്മുടെ രാജ്യത്തിൽ ഹോമിയോപ്പതി ചികിത്സ പഠിപ്പിക്കുന്നതിനുവേണ്ട ഉപകരണങ്ങളോടുകൂടിയ കോളേജുകളില്ല. കുറെ പണം കൊടുത്തു് ആവശ്യപ്പെട്ടാൽ ഹോമിയോപ്പതിയിൽ എം. ഡി. ബിരുദമോ, എൽ. ആർ. സി. പി. ബിരുദമോ നൽകുന്നതിനു തയ്യാറായിട്ടുള്ള ജനങ്ങളും സ്ഥാപനങ്ങളും ഉണ്ടായിരിക്കുന്നതാകുന്നു ഇതിനുള്ള ഒരു വലിയ തരക്കേടു്. ഈ പതിവുചികിത്സയ്ക്കു വലിയ വിലകുറവിനു കാരണമായി തീർന്നിട്ടുണ്ടു്.

നമ്മുടെ ഗവണ്മെൻറുണ ആയുർവേദ വൈദ്യത്തിനു പ്രോത്സാഹനം അല്പമായിട്ടു നൽകിയതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആയുർവേദ ചികിത്സ ശാസ്ത്രീയമായിട്ടുള്ള ചികിത്സയാണെന്നു ഇപ്പോൾ സമ്മതിക്കപ്പെട്ടിട്ടില്ലയോ?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും-വ്യവസായവും, വടക്കു്): ആയുർവേദ ചികിത്സ അശാസ്ത്രീയമായിട്ടുള്ള ചികിത്സയാണെന്നും മറ്റും ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഒരു കാരണമുണ്ടായിരുന്നുവെന്നു പറയാൻ ഞാൻ ഭാവിക്കുകയായിരുന്നു. മദ്രാസ് ലെജിസ്ലേറ്റീവ് കൌൺസിലിൽ ഒരു സജ്ജൻ ജനറൽ, ആയുർവേദ ചികിത്സ എല്ലാരോഗങ്ങളേയും പിത്തം, വാതം, കഫം എന്നീ മൂന്നിലും അടിസ്ഥാനപ്പെടുത്തീട്ടു ചികിത്സിക്കുന്നു എന്നും മറ്റും പറഞ്ഞു പുച്ഛരസത്തിൽ ഒരു പ്രസംഗം ചെയ്തതിനെ ഞാൻ ഇപ്പോൾ ഓർക്കുന്നു. ആ പ്രസ്താവന തീരേ അർത്ഥമില്ലാത്തതായിപ്പോയി. എന്നാൽ ഇപ്പോൾ ആയുർവേദ ചികിത്സയിൽ അമൂല്യമായിട്ടുള്ള തത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്നു വളരെ ജനങ്ങൾ സമ്മതിക്കുന്നതായി കാണുന്നു. യൂറോപ്പിലെ ചില ഡാക്ടറന്മാർ ചില ചികിത്സകളെ നല്ലപോലെ പഠിച്ചു അവയിലുള്ള സംഗതികളെ നല്ലപോലെ മനസ്സിലാക്കാതെ ആ വക ചികിത്സകളും അശാസ്ത്രീയങ്ങളാണെന്നും മറ്റും തെറ്റായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു സ്വാഭാവികമാണ് ഏതെങ്കിലും ഒരു ചികിത്സാരീതി നമുക്കു ഉപകാരപ്രദമായിട്ടുള്ളതാണെന്നു കാണുന്നതിനുമുൻപു് അതു് നിരുപയോഗമായിട്ടുള്ളതാണെന്നു തീരുമാനിക്കാൻ പാടില്ലാത്തതാകുന്നു. അല്ലാതെ വേറൊരുസംഗതിയുള്ളതിനെപ്പറ്റി പറയാനുണ്ടു്. ഇൻഡ്യയിലെ നമ്മുടെ രാജ്യത്തിലെ ആകപ്പാടെയുള്ള ജനസംഖ്യയേയും പരിക്ഷാശാസ്ത്രയും പരിചയവും ഉള്ള ഡാക്ടന്മാരുടെ എണ്ണത്തേയും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുമ്പോൾ ജനസംഖ്യയെ അപേക്ഷിച്ചു ഡാക്ടറന്മാരുടെഎണ്ണം എത്രമാത്രം കുറവാണെന്നു കാണുമ്പോൾ നാം നിശ്ചയമായിട്ടും അതിശയിച്ചുപോകും. സംഗതികൾ ഇപ്രകാരമായിരിക്കുന്നതുകൊണ്ടു ജനങ്ങൾക്കു എല്ലാവിധ മുറിവൈദ്യന്മാരുടെ ചികിത്സയേയും സ്വീകരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു്, ഹോമിയോപ്പതി ചികിത്സക്കുണ്ടു തൃപ്തിപ്പെടുമെന്നുള്ള ഈ താല്കാലിക സാധുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചെങ്കിലും ഹോമിയോപ്പതി ചികിത്സയ്ക്കു പ്രോത്സാഹനം നൽകുന്നതിലേക്കു ഗവണ്മെൻറു എന്തെങ്കിലും പ്രവൃത്തിക്കുന്നതു വലിയ ധർമ്മമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു (കേറിപ്പുറിൻ, കേറിപ്പുറിൻ) ഞാൻ മുൻപു പറഞ്ഞതുപോലെ

ഈ മട്ടിൽ ഗവണ്മെന്റും മറ്റു ഗവണ്മെന്റുകളും ആയുർവേദചികിത്സാരീതി ശാസ്ത്രീയമായിട്ടുള്ള ചികിത്സയാണെന്നു തീരുമാനിച്ചു സ്വീകരിക്കുന്നതിനുമുൻപു തന്നെ ഗവണ്മെന്റുകൾ തമ്മിലുള്ള ഗവണ്മെന്റിനു ആ വിഷയത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള മിർച്ചുവിദ്യുച്ഛക്തിയുണ്ടായി. ഹോമിയോപ്പതി ചികിത്സക്കു പ്രോത്സാഹനം നൽകുന്നതുകൊണ്ടു ദോഷങ്ങളുണ്ടാകുമെന്നു ഞാൻ സമ്മതിക്കുന്നു. വേണ്ട ഉപകരണങ്ങളോടുകൂടി നടത്തപ്പെടുന്ന കാര്യങ്ങളിലും ശാസ്ത്രീയമായിട്ടുള്ള രീതിയിൽ പഠനം നടത്തിട്ടുള്ള ഡാക്ടറന്മാരും ഇല്ലെന്നു കുറവുകൾ പറയാം. അതു തീച്ചയായിട്ടും ശരിക്കുപഠനം തന്നെയാണ്. അല്ലോപ്പതി ഫിസിഷ്യന്മാരെപ്പോലെ കേമന്മാരായ ഹോമിയോപ്പതി പ്രൊഫസർന്മാരുള്ള അമേരിക്കയിലെ കോളേജുകളിൽ പഠിപ്പിച്ചിട്ടുള്ള രീതികൾ ഉണ്ടായിരിക്കും. അതുകൊണ്ട്, ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയം ദോഷഹിതമായിട്ടുള്ളതാണ്. ശരിയായ പരീക്ഷണയോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാർക്കു വേണ്ട പ്രോത്സാഹനം നല്കുന്നതുമാത്രമേ ആ പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളു. ഇല്ല പരീക്ഷണയോഗ്യതയാണ് വേണ്ടതെന്നുള്ളതിനെസംബന്ധിച്ചു ചട്ടങ്ങൾ ഗവണ്മെന്റുതന്നെ ഏർപ്പെടുത്തിക്കൊള്ളുമെന്നുള്ളതാണ്. അപ്രകാരമുള്ള നിബന്ധനകളോടുകൂടി ഈ പ്രമേയത്തെ സ്വീകരിക്കുന്നതിൽ ദോഷങ്ങളൊന്നും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. അതു ഈ പ്രമേയത്തെ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഹോമിയോപ്പതിവിദ്യാഭ്യാസംഎന്നതിന്റെ മുമ്പിൽ പ്രസംഗിക്കപ്പെട്ടിരുന്നുവെങ്കിൽ ബഹുമാന്യരാക്കപ്പെട്ടിരിക്കുമായിരുന്നു എന്ന് മിസ്സസ് മുക്കോസ് പറഞ്ഞു. മി: എം. എൻ. പിള്ളയുടെ പ്രസംഗത്തിൽനിന്നോ മിസ്സസ് മുക്കോസിന്റെരണ്ടതന്നെ തനെപുണ്ണുതെറ്റെവെളിപ്പെടുത്തുന്നതായ ഉത്തരത്തിൽ നിന്നോ, ഈ തരത്തിലുള്ള സംഗതിയെപ്പറ്റി ഏതെങ്കിലും തീരുമായിക്കുന്നതിനു പുറപ്പോലുള്ള സാധാരണക്കാരനു സാധിക്കുന്നതല്ല. എന്നാൽ ഈ സംഗതി ഈ സഭയുടെ തീരുമാനത്തിനുകൊണ്ടുവരപ്പെട്ടിട്ടുള്ളതുകൊണ്ടും, ഞാൻ ഈസഭയിൽഹാജരായിരിക്കുന്നസ്ഥിതിക്കും എനിക്കുള്ളതിനെപ്പറ്റിയേന്നിട്ടുള്ള അഭിപ്രായത്തെ പറയേണ്ടിയിരിക്കുന്നു. ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിന്റെ ഗുണഫലത്തെസംബന്ധിച്ചു എന്റെ സ്നേഹിതൻ മി: കെ. സി. മമ്മൻമാപ്പിള പറഞ്ഞുപോലെ എനിർവാദമില്ലാത്ത ഒന്നാണെന്നു ഞാനും പറയുന്നു. പല പരിശ്കൃതമാജ്യങ്ങളിലും സ്ഥലംപിടിച്ചു ഇപ്പോഴും അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ ഹോമിയോപ്പതി ചികിത്സയെപ്പറ്റി തിരുവിതാംകൂർ ഗവണ്മെന്റിലെ മെഡിക്കൽ ബോർഡുകാർഗാഢമായി ആലോചിച്ചതിനുശേഷം ഈ ചികിത്സ ഒരു നല്ലചികിത്സയല്ലെന്നും അതുകൊണ്ടു ഗവണ്മെന്റാശുപത്രികളിൽ ഈ ചികിത്സക്കുള്ള സൗകര്യങ്ങളുണ്ടാക്കുന്നതു തായാൽ, മെഡിക്കൽ ബോർഡിന്റെ അഭിപ്രായം ആക്ഷേപാർഹമായിത്തീരുമെന്നുള്ളതുകൊണ്ടും ഈ ചികിത്സ കൊള്ളരുതാത്തതാണെന്നും തുറന്നു പറയുകയില്ല. ഒരു ചികിത്സാരീതിയെന്നനിലക്കു അതിനെ പ്രോത്സാഹിപ്പിക്കുന്നതിൽ തയിക്ക് യാതൊരുവിരോധവുമില്ലെന്നു മിസ്സസ് മുക്കോസ് പറഞ്ഞതു വളരെ അഭിനന്ദനീയംതന്നെ. ആ പ്രമേയത്തിലെ ശരിയായ പരീക്ഷണയോഗ്യതയുള്ള ഡാക്ടറന്മാർ എന്നതിനു പകരം അപാകം വൈഷമ്യമുണ്ടാക്കിയതു, ആ ഭാഗം അവർക്കു നല്ലപോലെ മനസ്സിലാകുന്നില്ലെന്നു അവരുടെ പ്രസംഗത്തിനിടക്കുതന്നെ അവർ ഈ സഭയിൽപറഞ്ഞതു. എന്നാൽ മി: ജോസഫിന്റെ പ്രസംഗമെയ്യു അവർ പറഞ്ഞതിനെതന്നെ അവർ വിശദപ്പെടുത്തിയ അവസരത്തിൽ, പരീക്ഷണയോഗ്യതയുള്ള ഡാക്ടറന്മാരെന്നേ അവർക്കറിയാമെന്നും എന്നാൽ എതുപോലുള്ളവരെന്നു അറിയാൻ പാടില്ലെന്നും അവർ പറഞ്ഞു. അതുകൊണ്ടു ആ ഭാഗത്തെ സംബന്ധിച്ചു വലിയ ഭേദഭേദഗതികളൊന്നുമില്ല. പരീക്ഷണയോഗ്യതയുള്ള ഡാക്ടറന്മാരെന്നുള്ളതു അവർ സമ്മതിയ്ക്കുന്നു. എന്നാൽ അവരറിഞ്ഞിടത്തോളം അധികം ആളുകളില്ലെന്നാണു പറയുന്നതു. അല്ല ഈ പ്രമേയത്തെ എതിർക്കുന്നതിനു ഒരു കാരണമായിത്തീരുന്നില്ല. ഇതല്ലാതെ ഈ പ്രമേയത്തെ സ്വീകരിക്കുന്നതിനു ഈ സഭയ്ക്കു എന്തുതടസ്ഥമാണുള്ളതെന്നു ഇവിടെ യാതൊരാളും പറയപ്പെട്ടിട്ടില്ല. മി പിറവിപ്പുമാറപി ഇപ്പോൾ പറഞ്ഞതുപോലെ ഇതൊരു ഉപദ്രവമില്ലാത്ത പ്രമേയമാണ്. ഗവണ്മെന്റിന്റെ തീരുമാനപ്രകാരമുള്ള പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാരെ സഭയും പ്രോത്സാഹിപ്പിക്കണമെന്നമാത്രമേ ഈ പ്രമേയത്തിൽ പറയുന്നുള്ളു. അല്ലാതെ മറെറാന്നുമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഇത്രമത്തിലുള്ള പ്രമേയത്തെ സംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതുകൊണ്ടു ഈ സഭയുടെ സമയം വ്യർത്ഥമാകുന്നില്ലയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സമയം വ്യർത്ഥമാകുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഇതു പാണ്ഡിത്യം സംബന്ധിച്ചുള്ള ഒരു വാദപ്രതിവാദമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പാണ്ഡിത്യസംബന്ധമായിട്ടുള്ള രീതിയിലുള്ള വിഷയമല്ല ഇതു. പ്രയോഗികമായ രാഷ്ട്രീയസംബന്ധമായിട്ടുള്ള ഒന്നാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ പ്രമേയത്തിന്റെ തത്വശക്തി ഇവിടെ സ്വീകരിക്കുന്നുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ, തക്ക പ്രോത്സാഹനം നൽകുന്നതിനു വേണ്ട അളുകൾ ഉണ്ടായിക്കൊള്ളും.

സർ, ഈ സംസ്ഥാനത്തിലെ വൈദ്യസഹായത്തോടു സംബന്ധിപ്പിച്ചു ഇതിനെപറ്റി നമുക്കു പരിശോധിക്കാം. അടുത്തകാലത്തു മദ്രാസിലെ ബഹുമാനപ്പെട്ട ഡാക്ടർ യു. രാമറാവു നടത്തിയ പ്രസംഗത്തിൽനിന്നും എനിക്കാണും കണക്കുകളെ ഞാനിവിടെ ഉദ്ധരിക്കാം. ഇംഗ്ലാണ്ടു, അമേരിക്കാ, ജപ്പാൻ തുടങ്ങിയുള്ള പരിഷ്കൃതരാജ്യങ്ങളിൽ നാട്ടംപുറങ്ങളിൽ താമസിക്കുന്ന ഫ ൦ ൦ ൦ ജനങ്ങൾക്കു വൈദ്യസഹായം ലഭിക്കുന്നതിനു ശരാശരി ന്യ ഡാക്ടറന്മാരും പട്ടണങ്ങളിൽ താമസിക്കുന്ന ഫ ൦ ൦ ൦ ജനങ്ങൾക്കു ഫ൨൫ ഡാക്ടറന്മാരും ഉള്ളതായി കാണുന്നു. ആ തോതനുസരിച്ചു നോക്കുമ്പോൾ മദ്രാസ് പ്രസിഡൻസിയിൽ ആകപ്പാടെ ൨൫ ൦ ൦ ൦ ഡാക്ടറന്മാരുണ്ടായിരിക്കേണ്ടതാണെന്നു അദ്ദേഹംപറയുന്നു. എന്നാൽ മദ്രാസ് പ്രസിഡൻസിയിൽ എല്ലാംകൂടിയ ൪ ൦ ൦ ഡാക്ടറന്മാരേയുള്ളു. അപ്പോൾ ഈ പ്രസിഡൻസിയിലെ വൈദ്യസഹായം എത്രമാത്രം മോശമായിട്ടുള്ളതാണെന്നു

ഈ കണക്കുകളിൽ നിന്നും നമുക്കു മനസ്സിലാക്കാം. തിരുവിതാംകൂറിന്റെ കായ്ക്കത്ത നോക്കുമ്പോൾ ഇവിടെ ഒരു ലക്ഷത്തിൽ കൂടുതലായ ജനങ്ങളും ഇവരുടെ വൈദ്യസഹായം നൽകുന്നതിന്, മെഡിക്കൽ ബോർഡിലെ രണ്ടംഗങ്ങളും, രണ്ടു സ്ത്രീ അപ്പോത്തിരിക്കളും ടെമ്പററി സബ് അസിസ്റ്റന്റ് സർജന്മാരും ഉൾപ്പെടെ ഗവണ്മെന്റ് നിയമിച്ചിട്ടുള്ള പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാരുടെ എണ്ണം കേവലം ഒരാളാകുന്നു. ഒരു ലക്ഷത്തിൽകൂടുതൽ ജനസംഖ്യയുള്ള ഈ സംസ്ഥാനത്തിൽ കേവല ഡാക്ടറന്മാരെയുള്ളൂ. കണക്കനുപാതമനുസരിച്ചു നോക്കുമ്പോൾ ശരാശരിയായി ഒന്നര ലക്ഷം ജനങ്ങൾക്കു ഒരു ഡാക്ടർ എന്നരീതിയിലാണിരിക്കുന്നത്. മറ്റുരാജ്യങ്ങളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇപ്പോൾ തിരുവിതാംകൂറിലുള്ള ഡാക്ടറന്മാരുടെ എണ്ണം എത്രമാത്രം കുറവായിട്ടിരിക്കുന്നു എന്നുകാണാം.

മി: എ. ജെ. പിള്ള (കുമാരപുരം പള്ളി): തിരുവിതാംകൂറിലെ ജനങ്ങളും മറ്റുള്ള രാജ്യങ്ങളിലുള്ളവരെക്കാളും ആരോഗ്യവാന്മാരായിരിക്കുന്നതെന്തുകൊണ്ടാണെന്നാണ് അറിയുവാൻ ആഗ്രഹിക്കുന്നത്?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പക്ഷേ ആ സംഗതിയെപ്പറ്റി സഭാപകാലത്തു കിട്ടിയ വിവരം നേരെ മറിച്ചാണ്. തിരുവിതാംകൂറിലുള്ള രോഗങ്ങളെ സംബന്ധിച്ചു കൂടുതലായി പരിശോധനകൾ നടത്തുന്നതിനും ആ വക രോഗങ്ങളെ നശിപ്പിക്കുന്നതിനും വേണ്ട ഔഷധങ്ങൾ തയ്യാറാക്കുന്നതിനും മറ്റും വേണ്ടി റാക്ഫെല്ലർ സ്ഥാപക സംഘത്തിനോടുപമയായി ഒരു സംഘം ഏർപ്പെടുത്തിയതിനു തിരുവിതാംകൂറിലേ ഇപ്പോഴത്തെ ദിവാൻജി അവർകൾക്ക് പ്രത്യേകം അനുമോദനം നല്കേണ്ടതാണ്. (കേർപ്പിൻ കേർപ്പിൻ) തിരുവിതാംകൂറിൽ ചിലസ്ഥലങ്ങളിൽ കൊണ്ടുപിടിച്ചരോഗം വന്നു മുതൽ ൯൦ വരെ ശതമാനം ജനങ്ങൾക്കും ഉണ്ടെന്നും ഈ രോഗശാന്തി നശിപ്പിയ്ക്കുന്നതിന് തിരുവിതാംകൂറിലെ മെഡിക്കൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെല്ലാവരും ചേർന്നാലും പോരാതെ വരുമെന്നും ഞാനറിയുന്നു. അതുകൊണ്ട് ഈ രാജ്യത്തിലെ രോഗനിലയുടെ സ്ഥിതിക്കു ൩,൦൦൦ ജനങ്ങൾക്കു ഒരു ഡാക്ടർ മതിയാകുമെന്നു പറയുന്നതിൽ തീരെ വാസ്തവമില്ല. അതിനാൽ തിരുവിതാംകൂർ ഗവണ്മെന്റ് ഈ രാജ്യത്തിന് അനുപ്പാടെ ഏർപ്പെടുത്തിട്ടുള്ള വൈദ്യസഹായം തീരെമതിയായിട്ടുള്ളതല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: ജി. രാമൻ മേനോൻ (മാവേലിക്കര—കാത്തികപ്പള്ളി): മെമ്പർ പറഞ്ഞ എണ്ണത്തിൽ ആയുർവേദ വൈദ്യന്മാരും ഉൾപ്പെട്ടിട്ടുണ്ടോ?

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല.

മിസ്സസ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസ്): മിഷ്യൻ ആശുപത്രിക്കളുടെയും കപ്പൈവരെ ഡാക്ടറന്മാരുടെയും കൂടി അഭിപ്രായം ഉൾപ്പെടുത്തിട്ടുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല, വൈദ്യസഹായം ഈ കേവല ഡാക്ടറന്മാർ മുഖാന്തിരം മാത്രം ലഭിയ്ക്കുന്നുവെന്ന് ഞാൻ പറയുന്നില്ല, ജനങ്ങളും വേറെ ചികിത്സകളും നടത്തുന്നുണ്ട്, അവർ തന്നത്താൻ ചികിത്സിക്കുകയോ വേറെ വിധങ്ങളിൽ രോഗങ്ങളെ എതിർക്കുകയോ ചെയ്യുന്നു, അവർ ഡാക്ടർ. എം. എൻ. പിള്ളയുടെ ഹോമിയോപ്പതി ചികിത്സയെയോ, അല്ലോപതിക്കാർ വളരെ വിരോധത്തോടുകൂടി പെരുമാറിക്കൊണ്ടിരുന്ന ആയുർവ്വേദ ചികിത്സയോ സ്വീകരിച്ചു മരണസമയത്തെ കഴിയുന്നിടത്തോളം മാറ്റുന്നതിനു ശ്രമിയ്ക്കുന്നു. അല്ലോപ്പതിക്കാർക്കുമെതിരെ ആയോധ്യം സംബന്ധിച്ച് പ്രത്യേകിച്ചൊന്നും മറന്നും പുലിച്ചിട്ടില്ലല്ലോ. ആയുർവ്വേദ ചികിത്സ ശാസ്ത്രീയമായിട്ടുള്ളതാണെന്ന് മിസ്സസ് ലൂക്കോസ് പറഞ്ഞതിനെ ഞാൻ വളരെ സന്തോഷത്തോടുകൂടി ശ്രദ്ധിച്ചു കൊണ്ടിരുന്നു. തിരുവിതാംകൂറിലെന്നല്ല മറ്റുള്ള സ്ഥലങ്ങളിലും ആയുർവ്വേദചികിത്സയ്ക്ക് അംഗീകരണം സിദ്ധിച്ചതു വലിയ കഷ്ടപ്പാടുകൾക്കു ശേഷമാകുന്നു.

ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തെ സംബന്ധിച്ചു പലരും പല അക്ഷേപങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതു ഞാൻ കേട്ടിട്ടുണ്ട്. അതു ഒരു ഇമ്പു മരുന്നും അനേകം വിശ്വാസവും കൂടി ചേർന്നതാണെന്നാണ് പറയുന്നത് (ചിരി) സാധാരണ ഹോമിയോപ്പതിയെപ്പറ്റി പറയുന്ന സമയം പോക്കുകളിൽ ഇതൊന്നാണ്. ഈ ചികിത്സയെപ്പറ്റി നിർഭാഗ്യവശാലോടുകൂടി അക്ഷേപിക്കുന്ന ഒരാളിനോ, സ്വാർത്ഥബുദ്ധിയുള്ള ഒരാളിനോ കുറവു പറയുന്നതിനും അക്ഷേപിക്കുന്നതിനും മതിയായ സംഗതികൾ ഡാക്ടർ. എം. എൻ. പിള്ള ചെയ്ത പ്രസംഗത്തിന്റെ ചില ഭാഗങ്ങളിൽ അടങ്ങീട്ടുണ്ട്. ഉദാഹരണമായിട്ട് ഹോമിയോപ്പതിക്കാരുടെ മരുന്നുകൾ യാതൊരു രുചിയുമില്ലാത്തവയാണെന്നു അദ്ദേഹം തന്നെ പറഞ്ഞു.

മി: എം. ശിവതാണുപിള്ള (തോപ്പാള): നിറമില്ലാത്തതാണെന്നും കൂടി പറഞ്ഞു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതുകൊണ്ട് അവരുടെ മരുന്നുകൾ വെറും വെള്ളം അരച്ചുണ്ടാക്കുന്നു എന്നുള്ള ശാസ്ത്രജ്ഞന്മാരുടെ ഭാഷയിൽ 'എച്ചു്.വ-ഒ' മാത്രമാണെന്നു അർത്ഥം വരുമോ.

ഹോമിയോപ്പതി ചികിത്സയ്ക്കു ശസ്ത്രക്രിയയുടെ ആവശ്യം തീരെയില്ലെന്നു അദ്ദേഹം പറഞ്ഞു. ഇതു ഒരു രോഗി വന്നിട്ടുണ്ടെന്നു വൈദ്യക്കാരൻ അയാളുടെ യജമാനനായ അപ്പോത്തിക്കിരിയോടു പറഞ്ഞുകഴിയെ എന്നെ ഓപ്പറേഷ്യനു ചെയ്യുന്നു. അപ്പോത്തിക്കിരി വൈദ്യക്കാരനോടു, വന്നിട്ടുള്ള ആൾ പുത്തൻ ആളാണോ അതോ മുൻപു ഇവിടെ വന്നിട്ടുള്ള ആളാണോ എന്നു ചോദിച്ചതിന് ഒരിക്കൽ ഇവിടെ വന്നിട്ടുള്ള ആളും പിന്നീടു വരിക പതിവില്ലല്ലോ എന്നു അയാൾ ഉത്തരം പറഞ്ഞുപോൽ (ചിരി). അതുകൊണ്ട് ശസ്ത്രക്രിയ ഈ ചികിത്സയ്ക്ക് വേണ്ടെന്നു പറയുകയാണെങ്കിൽ സാർത്ഥബുദ്ധികളായവർ ആളുകളും ഇതിനെപ്പറ്റി വല്ലതും പറഞ്ഞു എന്നു വരാനിടയുണ്ട്. നേരം പോക്കുമതിയാക്കി കുറ്റകോത്തിൽ പ്രവേശിച്ചു, ഹോമിയോപ്പതിക്കാർ സാക്ഷാൽ ചെയ്തിട്ടുള്ള സംഗതികളെപ്പറ്റി ആലോചിക്കണം. തിരുവനന്തപുരം പട്ടണത്തിലും ഞാൻ കുറെക്കാലം താമസിച്ചിരുന്ന കോട്ടയം പട്ടണത്തിലും അനവധി ജനങ്ങൾ ഹോമിയോപതി ഡാക്ടറന്മാരുടെ ചികിത്സ സ്വീകരിക്കുന്നതുണ്ടെന്നു ഞാൻ പറയുന്നു. ശിശുക്കളുടെ ചികിത്സയ്ക്കു മാത്രം ഉതകുന്ന ഒരു രീതിയല്ല ഹോമിയോപ്പതി എന്നു ഡാക്ടർ. എം. എൻ. പിള്ള പറയുന്നു. മി: മാമ്മൻ മാപ്പിള പറഞ്ഞതുപോലെ പ്രായം കുറിയവരേയും ചികിത്സിക്കുന്നുണ്ടെന്ന് ഹോമിയോപ്പതിയെന്നു അദ്ദേഹം പറയുന്നു. ഡാക്ടർ. എം. എൻ. പിള്ള ഇതു ഞങ്ങിയുള്ളതല്ല ഡാക്ടറന്മാർ ശിശുക്കളെയെങ്കിലും ചികിത്സിക്കുന്നുവെന്നുള്ളതെന്നു ഒരു വലിയവരെങ്കിലുമോ എന്നു ഞാൻ ചോദിക്കുന്നു. ഇനി ഈ ചികിത്സാരീതികൊണ്ടു ചിലവാകുന്ന ഉപകരണപ്പാറി ആലോചിക്കാം.

മി: എസ്. പിറവിപ്പുരമാർ പിള്ള (കുച്ചവടം, വ്യവസായം, ഭൂമി): ഈ ചികിത്സാരംഭത്തിന് ഇപ്പോൾ ചിലവാക്കുന്ന തുകയിൽ ഒരു കുറവു വരുത്താൻ സാധിക്കുകയില്ലേ?

മി: പി. കെ. നാരായണപിള്ള (ബന്ധപ്പെട്ടവർ): നീണ്ടുപോയിട്ടും വരുത്തരുതു്. അതാണ് ഞാൻ പറയാൻ പോകുന്നതു്. ഗിന്നസ്സിനെ നല്ലപോലെ ചികിത്സിക്കുന്നതെങ്കിൽ ആ ചികിത്സയെപ്പറ്റിയുള്ള ചോദ്യമാണല്ലോ? ഞാൻ മുമ്പു പറഞ്ഞുപോലെ, ചിലവും, ആലോചിക്കേണ്ട സംഗതികളിലൊന്നാണ്. ഇപ്പോൾ ഈ ഡിപ്പാർട്ട മെൻറിലിരിക്കുന്ന അല്ലോപ്പതി ഡാക്ടറന്മാരിൽ ചിലർ എത്രയും ശരിക്കു കഴിവുള്ള ഡോക്ടന്മാരും, സൂക്ഷ്മമുള്ളവരാണെന്നും, പണത്തിനു വലിയ അത്യാഗ്രഹികളാണെന്നും മിസ്സസ് ലൂക്കോസിന് നല്ലപോലെ അറിയാമോ? അവർ രോഗികളെയെങ്കിലും നല്ലപോലെ ചികിത്സിച്ചുന്നുണ്ടോ? അല്ലോപ്പതിയുടെ അനുഭവത്തിൽ, ഡിപ്പാർട്ടുമെൻറിലുള്ള ഡാക്ടറന്മാരിൽ ഏറിയകൂറും അല്ലോപ്പതിയിൽ രോഗികളെ ചികിത്സിക്കുന്നതിൽ വലിയശ്രദ്ധകാണിക്കുന്നില്ലെന്നും ശമ്പളത്തുകയിനം സ്ഥാനബഹുമതിയിനം മാത്രം ലക്ഷ്യപ്പെടുന്നുണ്ടെന്നും തിരുവിതാംകൂറിലെ ഒരു ഡർബാർ ഹിസിഷ്യൻ എന്നോടുപറഞ്ഞിട്ടുണ്ട്. മൻകൂട്ടി പണം കൊടുക്കാത്തരോഗികളുടെ ശരിയായ ചികിത്സിക്കുകയില്ലെന്ന ഡാക്ടറന്മാർ പറഞ്ഞിട്ടുള്ളതായി എനിക്കറിയാം. തിരുവിതാംകൂറിലെ മെഡിക്കൽ ബോർഡുകാർ ഇപ്രകാരമുള്ള ഒരു അല്ലോപ്പതി ചികിത്സയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നിരിക്കേ, ഹോമിയോപ്പതിചികിത്സയോടു സഹതാപം ഇല്ലെന്നോ, ചികിത്സയെ പ്രോത്സാഹിപ്പിക്കാൻ തയ്യാറില്ലെന്നോ മെഡിക്കൽ ബോർഡുകാർ അഭിപ്രായപ്പെടുകയാണെങ്കിൽ, അവരുടെ അഭ്രകാരമുള്ള അഭിപ്രായം പുച്ഛിക്കത്തക്കതാണെന്നു മാത്രം പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ ജനങ്ങൾക്കു വളരെ സാധുക്കളുണ്ട്. അത്യാഗ്രഹികളായ ഈ അല്ലോപ്പതി ഡാക്ടറന്മാർക്കു വേണ്ട പണം കൊടുക്കുന്നതിന് അവർക്കു ശക്തിയില്ല. പണം കൊടുത്താൽ തന്നെയും അവരിൽ ചിലർ വൈദ്യശാസ്ത്രം പഠിച്ച വിദ്യാർത്ഥികളാണെന്നുള്ള ശ്രദ്ധ രോഗികളോടു കാണിക്കുന്നില്ല. അജ്ഞാനമിതിലേക്ക്, ഉത്സാഹശീലവും പരിക്ഷായോഗ്യതയുള്ള ഒരു ഹോമിയോപ്പതിഡാക്ടർ ഹോമിയോപ്പതി ചികിത്സയ്ക്കു പ്രോത്സാഹനം ലഭിക്കണമെന്നാവശ്യപ്പെട്ടാലോ, ആ ഡാക്ടർക്ക് തിരുവിതാംകൂർ മെഡിക്കൽ ബോർഡ് തീരുമാനിച്ചിട്ടുള്ള പരിക്ഷായോഗ്യതകളില്ലെന്നുള്ള കാരണത്തിന്മേൽ അദ്ദേഹത്തിനു പ്രോത്സാഹനം നല്കുവാൻ നിവർത്തിയില്ലെന്നു മെഡിക്കൽ ബോർഡു പറയുന്നെങ്കിൽ അതിനെ ശ്രദ്ധിക്കാൻ പാടുള്ളതല്ല. സർ, ഈ കാരണങ്ങളാൽ മി: എം. എൽ. പിള്ള ഫാജരാക്കിയ പ്രമേയത്തെ ഞാൻ സന്തോഷപൂർവ്വം പിൻതാങ്ങുന്നു.

ഡപ്യൂട്ടി സഭ ഉച്ച ഭക്ഷണത്തിനായിട്ടു പിരിയുകയും ഡപ്യൂട്ടി സ്പീക്കർ വീണ്ടും കൂടുകയും ചെയ്തു.

മി: ടി. കുമാരപിള്ള (കൽക്കുളം—വിളവങ്കോട്): ഈ പ്രമേയത്തെ ഞാൻ ബലമായി അനുകൂലിക്കുന്നു. ഈ പ്രമേയത്തിന് ഇതുവരെയുള്ള സമയം ചിലവാക്കേണ്ടിവന്നതെന്തോ, ഗവണ്മെൻറ് ഭാഗത്തുനിന്ന് ഇതിന് എതിരഭിപ്രായം വരുമെന്നോ ഞാൻ വിചാരിച്ചിരുന്നില്ലാ, മിസ്സസ്. ലൂക്കോസിൻറെ പ്രസംഗം കഴിഞ്ഞതിൽ പിന്നീടാണ് പ്രമേയത്തെപ്പറ്റി രണ്ടു വാക്ക് പറയണമെന്നു എനിക്ക് തോന്നാൻ ഇടയായതു്. മിസ്സസ് ലൂക്കോസിൻറെ മറുപടി അത്രയുക്തിയിൽ സല്പം കൂട്ടുതലായിട്ടാണു ഞാൻ കരുതുന്നതു. അതിനകാരണം ഹോമിയോപ്പതി ചികിത്സയെപ്പറ്റിയുള്ള അവരുടെ അറിവിൻറെ കുറവാണ്. ഈ പ്രമേയത്തിൽ പറയുന്നതു് ഹോമിയോപ്പതി ചികിത്സയിൽ അനുഭവപരമായ അളകരം ഉണ്ടെങ്കിൽ അവരെ ഗവണ്മെൻറ് സഹായിക്കണമെന്നതുമാത്രമാണ്, അങ്ങനെ അളകരം ഉണ്ടെന്നു ബോദ്ധ്യം വരുന്നപക്ഷം അവർക്കു സഹായധനം നൽകേണ്ടതും അത്യാവശ്യമാണ്. എന്നാൽ മിസ്സസ്. ലൂക്കോസ് പറയുന്നതു് ഇതിന് അനുഭവപരമായ അളകരം ഉണ്ടോ എന്നുള്ള സംശയം സംശയമാണെന്നാണ്. എന്നാൽ ഇംഗ്ലീഷ് ചികിത്സയിൽ അനുഭവപരമായ അളകരം ഉണ്ടെന്നുള്ളതിനെക്കൊണ്ടോ ഇന്നത്തെ അല്ലോപതിക്കാരം നടത്തിപോരുന്നതു എന്നുള്ള സംഗതിയെ പരിശോധിക്കുമ്പോൾ ഈ രണ്ടഭിപ്രായക്കാർക്കും വലുതായ ഇശ്രദ്ധാഭേദത്തിനാണ് ഇടയുള്ളതു് അതിനെപ്പറ്റി എൻറെ സ്നേഹിതൻ മി: ശിവതാണുപിള്ള രണ്ടു ശ്ലോകങ്ങളും ഇവിടെ പറകയുണ്ടായി. ഈ ഒന്നാമത്തെ കാരണമായ അല്ലോപതിക്കാരുടെ അനുഭവക്കുറവിയും മേക്കാമണ്ഡപത്തും ഉള്ളവയാണ്. അനുഭവമൊഴിയിലുള്ള അല്ലോപതിയെപ്പറ്റി അദ്ദേഹത്തിനു നല്ലവണ്ണം അറിയാം, അതുപോലെ മേക്കാമണ്ഡപം അല്ലോപതിയെപ്പറ്റി പറയാൻ എനിക്കും അറിവുള്ളതാണ്. മേക്കാമണ്ഡപം അല്ലോപതി എൻറെ വീട്ടിനു ഏറ്റവും സമീപത്തുള്ളതാണ്. ഈ അല്ലോപതിയിൽ മിസ്സസ് ലൂക്കോസ് പറയുന്ന മാതിരിയുള്ള വേണ്ടയോഗ്യതസമ്പാദിച്ച ആളകരം ഉണ്ടോ എന്ന അവർ പരിശോധിക്കേണ്ടതാണ്. മിച്ചുള്ള അല്ലോപതികളിലെ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്നതിന് അവർ ഒരു ക്ലാസ് ഏർപ്പെടുത്തിയിട്ടുണ്ട്, അവിടെ ഏതാനും കൊല്ലം പഠിച്ചവരെ ഡാക്ടർമാരായിട്ട് അയക്കുകയാണ് ചെയ്യുന്നതു്, ആസ്പത്രിയിൽ എന്തുകൊല്ലം പഠിക്കണമെന്നും, ഇതിനെ ആരാണ് പരിശോധിക്കേണ്ടതെന്നും, ഇവർ പുറമെ ഇറങ്ങി ചികിത്സിക്കാൻ യോഗ്യരാണോ എന്നും, ഗവണ്മെൻറിന് നല്ലപോലെ അറിയാമെന്നു ഞാൻ വിശ്വസിക്കുന്നില്ലാ. അതിൻറെ പരമാർത്ഥം സ്ഥിതി ഗവണ്മെൻറിന് അറിയാമായിരുന്നു എങ്കിൽ ഇന്നത്തെ ഡാക്ടർമാരിൽ പലരും ആസ്ഥാപനങ്ങളിൽ ഉണ്ടായിരിക്കയില്ലായിരുന്നു. ഇപ്പോൾ ഹോമിയോപ്പതിക്ക് വന്നിട്ടുള്ള അബദ്ധം "ഡ്യൂഡികാളിഭേഷഡ്" (വേണ്ടയോഗ്യതസിദ്ധിച്ചിട്ടുള്ള) എന്ന ഉപയോഗപ്പെടുത്തേണ്ടവണ്ണം ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതായ ഒരു പഠനശാല ഇല്ലെന്നുള്ളതാണ്, എന്നാൽ ഇതിലേക്ക് കൽക്കട്ടയിൽ ഒരു സ്കൂൾ ഉണ്ടെന്നും അവിടെ മൂന്നു കൊല്ലം പഠിക്കണമെന്നും കാണുന്നു. ആ സ്ഥാപനത്തെ പറ്റി ഗവണ്മെൻറ് വേണ്ട അന്വേഷണങ്ങളും നടത്തി സ്വീകരിക്കുവുന്നതാണ്.

ഇപ്പോൾ ഹോമിയോപ്പതി ചികിത്സാ പ്രചാരത്തിലിരിക്കുന്നുണ്ടോ എന്നും, അതനുസരിച്ച് ചികിത്സിക്കുന്നതിനുയോഗ്യന്മാരുണ്ടോ എന്നും മിസ്സസ് ലൂക്കോസിനറിഞ്ഞു കൂടാ. എന്നാൽ അനുഭവസ്ഥന്മാരായ ആളകരം കഴുൺസിൽ മുമ്പാകെ പറയുന്നതിനെ ഗവണ്മെൻറ് വിശ്വസിക്കേണ്ടതാണ് എൻറെ വീട്ടിൽ കൂട്ടികാരുക (ഗുപ്പിങ്ങ്കാഫ്) മുപ്പാച്ചു മ. എന്ന ഒരു സുഖക്കേടുണ്ടായി. അടുത്തുള്ള ഡാക്ടർമാർ എൻറെ പ്രത്യേക സ്നേഹിതന്മാരാകയാൽ അവർ വളരെ താല്പര്യത്തോടുകൂടി ചികിത്സിച്ചു. എന്നിട്ടും യാതൊരു ഭേദവുമുണ്ടാകാതെ ആ കുട്ടികാരം അപരിമിതമായ സങ്കടം അനുഭവിക്കേണ്ടിവന്നു. അതിൽ പിന്നിട് ഞാൻ ഡാക്ടർ എം. എൻ. പിള്ളയുടെ മരുന്നു വാങ്ങിക്കൊടുക്കയും ചെയ്തപ്പോൾ വളരെ എളുപ്പം ഭേദമായി.

ഞാനോമറ്റ മിസ്റ്റർ പിറവിപെരുമാൾപിള്ള പറഞ്ഞതുപോലെ എന്റെ സ്വന്ത അനുഭവത്തെ ക്കുടി പറയാം.

എനിക്ക് ഒരു വയറുവേദനയുടെ ഉപദ്രവമുണ്ടായിരുന്നു. എന്റെ സ്നേഹിതന്മാരായ പല ഡാക്ടർമാരും പലവിധമായ ചികിത്സകളും ചെയ്തു. ഒടുവിൽ അവർ പറഞ്ഞതു് ആഹാരം നിയന്ത്രിച്ചാൽ മതിയാകുമെന്നാണ്. അവർ പറഞ്ഞതനുസരിച്ചു ആഹാരം നിയന്ത്രിച്ചു. എന്നിട്ടും ഭേദമുണ്ടായില്ല. ഒടുവിൽ ഡാക്ടർ എം. ഗുപ്തൻ. പിള്ളയുടെ ഉദരം സേവിച്ചു രോഗം നിശ്ശേഷം മാറി. എന്നെപ്പോലെ ഹോമിയോപ്പതി മൈത്ര്യത്തെപ്പറ്റി അഭിപ്രായം പറയുവാനുള്ള പലരും ഈ തിരുവനന്തപുരം ടൌണിൽ ഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു് ഈപരമാത്മായഭംഗതി മിസ്സസ്സ് ലൂക്കോസ് ഇതുപര്യന്തം അറിഞ്ഞിട്ടില്ലെങ്കിൽ അതു ഇംഗ്ലീഷ് ചികിത്സയോടുള്ള അപരിമിതമായ വാത്സല്യവും മറ്റു ചികിത്സയോടുള്ള അപരിമിതമായ ദ്വേഷവും കൊണ്ടു മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു.

ഏതെങ്കിലും ഒരു സംഗതി തനിക്കറിയാൻ സാധിച്ചിട്ടില്ലെങ്കിൽ അതിനെ ആക്ഷേപിക്ക എന്നുള്ള സ്വഭാവം നന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എത്രയോ നിർദ്ദോഷമായി കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ ഗവണ്മെന്റു വേണ്ടപോലെ ആലോചിച്ചു് അതിനനുഭവസ്ഥന്മാരായ യോഗ്യന്മാരുടെ സഹായത്തെ സമ്പാദനം കൊടുക്കേണ്ടതാണ് പൊതുജനങ്ങൾക്ക് ഈ വൈദ്യസമ്പ്രദായം വളരെ ഉപകാരപ്രദമായിട്ടു തീരുമെന്നുള്ളതിൽ യാതൊരുസംശയവുമില്ല. വിശേഷിച്ചും ബാലചികിത്സയിൽ ഇതിന് അപരിമിതമായ ഗുണങ്ങൾ കണ്ടുവരുന്നു. എന്റെ സ്നേഹിതന്മാരിൽ പലരും അവരവരുടെ വീടുകളിൽ ഹോമിയോപ്പതി ചികിൽസക്കുള്ള പുസ്തകവും മരുന്നുകളും വാങ്ങിച്ചുവച്ചിരിക്കുന്നു. കുട്ടികൾക്കുണ്ടാകുന്ന സുഖക്കേടുകളെ തനതായ ചികിത്സിക്കയും വലിയസുഖക്കേടുകൾ വരുമ്പോൾ ഡാക്ടർ എം. എൻ. പിള്ളയേയും മറ്റൊരു വൈദ്യനേയും കാണിച്ചു ചികിത്സിക്കയും ചെയ്യുന്നുണ്ട്. തേപ്പുപെട്ടിയിൽ ഒരു ആണിപോരി വേണമെന്നു ആവശ്യപ്പെട്ടപ്പോൾ എന്റെ സ്നേഹിതന്മാരാരോ അവിടെ ഒരു ഹോമിയോപ്പതി ആണിപോരികൊണ്ടു മതിയാകുമോ എന്നു ചോദിച്ചു ഹോമിയോപ്പതിചികിൽസയെപ്പറ്റി ഉദാസീനാട്ടിലെ ജനങ്ങൾക്കു അറിഞ്ഞുകൂടാ. അവകാശിയാവുന്നതു് ഇംഗ്ലീഷുചികിത്സയാണ് ഇപ്പോൾ ഈവിടെ ഒരു മെഡിക്കൽ ബോർഡുണ്ടു അവരുടെ കീഴ്വഴക്കത്തിൽ അനേകം ആശുപത്രികളും ഉണ്ട് അനേകം ഡാക്ടറന്മാരും ഉണ്ട്. അവർ എല്ലുനിലയിൽ പൊതുജനങ്ങളെ ആദരിക്കുന്നു എന്നു് മി. പി. കെ. നാരായണപിള്ള ഒരുവിധം ഭംഗിയായി പറഞ്ഞു. അദ്ദേഹം ഒന്നും ഒളിച്ചുവയ്ക്കാതെ പറഞ്ഞില്ല. അദ്ദേഹം പറഞ്ഞതു തന്നെ വളരെ കുറവായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ചില ഡാക്ടറന്മാർ നടത്തിപ്പോരുന്ന അനീതികളെ മെഡിക്കൽബോർഡിനു നിയന്ത്രിക്കാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു): സമീപകാലത്തു തെക്കൻതിരുവിതാംകൂറിൽ വിഷൂചിക ബാധിച്ചപ്പോൾ രോഗത്തെ എളുപ്പവിധത്തിൽ തടുക്കാൻ ശ്രമിച്ചു എന്നുള്ളതിനെപ്പറ്റി മി: കുമാരപിള്ളക്കു വല്ലതും പറയാനുണ്ടോ?

മി: സി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ടു): ഈ സംഗതി ഇപ്പോൾ എന്നെ ബുദ്ധിമുട്ടിച്ചതിനു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ പൊതുക്കാര്യങ്ങൾക്കിറങ്ങിയിട്ടു ഇപ്പോൾ പന്ത്രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഞാൻതന്നെ പ്രജാസഭയിലും നിയമസഭയിലും ദിവാൻജിയുടെ അടുക്കൽ ഉദ്യോഗവിഷയം പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതിയിലുള്ള സങ്കടങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതിൽ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. എന്നാൽ ഈ ഞങ്ങൾ വിഷൂചിക ജനങ്ങളെ ബാധിച്ചപ്പോൾ പൊതുജനങ്ങളുടെ ആരോഗ്യരക്ഷ ഒരുപ്രധാനകാര്യമാണെന്നു ഗവണ്മെന്റു വിചാരിക്കയും അതിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ സൂചിക്കുമോ അതെല്ലാം ഗവണ്മെന്റു ചെയ്യുകയും ചെയ്തു. (മി. എം. ശിവതാണുപിള്ള, ഹിയർ ഹിയർ) ഇവിടത്തെ ഗവണ്മെന്റു ജനങ്ങളുടെ ആരോഗ്യരക്ഷയിൽ പ്രത്യേകം താല്പര്യം കാണിച്ചിട്ടുള്ളതു ഇപ്പോൾ മാത്രമേ ഉള്ളു എന്നു പറയാൻ എനിക്കു തോന്നുന്നില്ല. അതിലേക്കു എളുപ്പവിധമാണു ഗവണ്മെന്റിനോടു നന്ദി പറയേണ്ടതെന്നറിയാതെ പൊതുജനങ്ങൾ വിഷമിക്കുന്നു. ദിവാൻജിയെ നേരിട്ടുകണ്ടു നന്ദിപറയണമെന്നു പല മാന്യന്മാരും എന്നോടു ആവശ്യപ്പെട്ടിട്ടുണ്ട്; അതിലേക്കു ഇതുവരെ സാധിക്കാത്തതുകൊണ്ടു് ഈ കൌൺസിലിൽവച്ചു പൊതുജനങ്ങളുടെ നന്ദിയെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇംഗ്ലീഷ് ചികിത്സയിൽ സാധുക്കൾക്കു ഇന്നത്തെ ഡാക്ടർമാരെക്കൊണ്ടു ചികിൽസിക്കാൻ വളരെ വിഷമമാണ്. ഗ്രാൻഡ്ഇൻ എയ്ഡ് ആശുപത്രികളുടെ സ്ഥിതി അതിനേക്കാൾ കഷ്ടമാണ്. സാധുക്കൾക്കു മരുന്നു കിട്ടുകയില്ല. അടുത്ത കാലത്തുണ്ടായ ഒരു ദൃഷ്ടാന്തം പറയാം. ഒരു പ്രസവത്തിനു ഒരു ഡാക്ടരെ വിളിച്ചുകൊണ്ടുപോയി അരമണിക്കൂർകൊണ്ടു എത്തിയപ്പോൾ സ്ത്രീ പ്രസവിച്ചു എന്നറിയിച്ചു. ശരിയായ ഫീസു തരണമെന്നു ഡാക്ടർ നിർബന്ധിച്ചു അവരിൽനിന്നും വാങ്ങിച്ചു. ഇതിനെല്ലാം തടയുന്നതിനു ഡാക്ടർ രാമൻതമ്പി വേണ്ടുന്നതുമൊക്കെ ചെയ്യുന്നുണ്ടു. എങ്കിലും ഇതു ശരിയായി കലയുന്നില്ല. ഇതിലേക്കുള്ള കാരണമെന്താണെന്നു ഗവണ്മെന്റു തന്നെ അന്വേഷിച്ചു കണ്ടുപിടിച്ചു വേണ്ടതു ചെയ്യേണ്ടതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (തെയ്യാറിക്കര): സർ; ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. ഈ ഉപക്ഷേപകത്താവു കായ്കോഗങ്ങളുടെ ഇടങ്ങിടുള്ള ഒരുപക്ഷേപത്തെയാണ് അവതരിപ്പിച്ചിട്ടുള്ളതെന്നു എനിക്കു തോന്നീട്ടുണ്ടു. ഈ ഉപക്ഷേപകത്താവു ഒരു ശാസ്ത്രജ്ഞനെപ്പോലെയാണ് ഈസംഗതിയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നതു്. എന്നാൽ ഈ ഉപക്ഷേപത്തെ പിൻതാങ്ങി സാധാരണക്കാരനായ ഞാനും ചിലവാക്കുകൾ ഇവിടെ പറയും. ഈ ചീകിൽസാസമ്പ്രദായത്തിന്റെ പ്രയോജനത്തെപ്പറ്റി എന്റെ സ്നേഹിതനായ മിസ്റ്റർ കുഞ്ഞിത്തൊമ്മനും മിസ്റ്റർ ജോസപ്പും പൂരിപ്പിച്ചുതന്ന അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കുന്നുവെന്ന ആരംഭത്തിൽ തന്നെ പറഞ്ഞുകൊള്ളുന്നു. ഒരു സാധാരണക്കാരന്റെ നിലയ്ക്കു അധികം മരുന്നുകൾ കൊടുക്കേണ്ട ആവശ്യമില്ലാത്ത ഈ ചികിത്സാസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഹോമിയോപ്പതിചികിത്സയുടെ ഒരു പ്രധാനഗുണം അതു ചികിത്സിപ്പുകാരനും രോഗിക്കും അധികം മരുന്നു കൊടുക്കേണ്ട ആവശ്യമില്ലാത്ത ഇവിടെ പറയപ്പെട്ടു. ഈ സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും സൌകര്യപ്രദമായ ചികിത്സ നടത്തുന്ന ഹോമിയോപ്പതി ഡാക്ടറന്മാർ ചെറിയ ചികിത്സാലയങ്ങൾ സ്ഥാപിച്ചു ചികിത്സനടത്തിവരുന്നതു എന്റെ അനുഭവത്തിൽപ്പെട്ടിട്ടുണ്ട്. ഈ ഹോമിയോപ്പതി ഡാക്ടറന്മാ

അടുത്ത അടുക്കൽ ചികിത്സക്കായി വിദ്യാഭ്യാസമുള്ള ജനങ്ങളും ധാരാളമായി പോകുന്നതു നാം കാണുന്നുണ്ട്. ഇപ്പോൾ കാരം ജനങ്ങൾ സാധാരണമായിട്ടു ഹോമിയോപ്പതി ചികിത്സ സ്വീകരിക്കുന്നതുതന്നെ അതിന്റെ ഗുണഫലം കൊണ്ടാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു, അതിൽ മോഹമായിട്ടു വല്ലതുമുണ്ടെങ്കിൽ അതു ഗവണ്മെണ്ടു ഞങ്ങൾ ഒന്നു പ്രോത്സാഹിപ്പിക്കാതെയിരുന്നാൽ മതിയാകുമല്ലോ. ഒരേ സമയത്തുതന്നെ പലതരത്തിലുള്ള ചികിത്സകളും ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു. ഇപ്പോൾ നടപ്പായിട്ടുള്ള ചികിത്സയെന്നു കരുതിട്ടുള്ള എല്ലാ ചികിത്സയേയും ഗവണ്മെണ്ടു പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അല്ലോപ്പതിചികിത്സയേപ്പോലുള്ള ഒരു വിശേഷചികിത്സയാണ് ഹോമിയോപ്പതിചികിത്സയും. അങ്ങിനെയിരിക്കെ ഗവണ്മെണ്ടു ഒരു ചികിത്സക്കു പ്രോത്സാഹനം നൽകുകയും മറ്റൊന്നിനു പ്രോത്സാഹനം നൽകാതിരിക്കുകയും ചെയ്യുന്നതു എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിശേഷ ചികിത്സകർക്കെല്ലാം ഗവണ്മെണ്ടു എല്ലുസമയത്തും പ്രോത്സാഹനം നൽകുന്നുവെന്നാണോ മെമ്പർ അഭിപ്രായപ്പെട്ടതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അതെ, പ്രത്യേകിച്ചു ആ ചികിത്സ ജനസമ്മതമുള്ള ഈ കൂട്ടത്തിൽ ഗുണമുള്ളതും ദോഷരഹിതവുമായിട്ടുള്ളതായിരിക്കുന്നു. സ്ഥിതിക്കു അല്ലോപ്പതി ആശുപത്രികൾക്കു വിട്ടും ആയുർവേദപ്പെട്ടന്മാർക്കു ഗ്രാന്റുകൊടുക്കേണ്ടുകയിലും ഗവണ്മെണ്ടു പ്രതിവർഷം ഒരു വലിയ തുക ചിലവു ചെയ്യുന്നുണ്ടെന്നു നമുക്കറിയാം. അതുപോലെയുള്ള സഹായങ്ങൾ ഹോമിയോപ്പതി ഡാക്ടറന്മാർക്കും കുറേക്കാലം വളരെ സമീപിച്ചിരിക്കുന്നു എന്നാണ് ഞാൻ പറയുന്നതു.

എന്നാൽ മുഖ്യമായിട്ടു മറ്റൊരു സംഗതികൂടി ആലോചിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഉള്ള സൌകര്യം തന്നെ നാട്ടിൻപുറങ്ങളിലുള്ള ജനങ്ങൾക്കു കിട്ടുന്നില്ല. മിക്ക ആശുപത്രികളും പട്ടണങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു പട്ടണവാസികൾക്കു മാത്രമേ അതുകൊണ്ടു ഗുണം കിട്ടുന്നുള്ളു. ആശുപത്രി സ്ഥാപിക്കുന്നതിനു പല പ്രധാനസംഗതികളും വേണ്ടതായിട്ടുള്ളതുകൊണ്ടും വളരെ പണം ചിലവു ചെയ്യേണ്ടതായിട്ടുള്ളതുകൊണ്ടും എല്ലാ സ്ഥലങ്ങളിലും അവ സ്ഥാപിക്കുന്നതു അത്ര സുസാദ്ധ്യമല്ല. അതുകൊണ്ടാണു ഹോമിയോപ്പതി ആശുപത്രികളെപ്പോലെയുള്ള അത്ര സാധാരണമായിട്ടുള്ളതും പണച്ചിലവു കുറവുള്ളതുമായ ആശുപത്രികളെങ്കിലും എല്ലായിടത്തും സ്ഥാപിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു.

മിസ്സസ് പൂക്കോസ് ആക്ഷേപം പുറപ്പെടുവിച്ചതായ പ്രമേയത്തിലെ ശരിയായ പരീക്ഷായോഗ്യതയുള്ള ഡാക്ടറന്മാർ എന്ന ഭാഗത്തെ സംബന്ധിച്ചു വൈഷമ്യങ്ങളൊന്നുമില്ല. ഒരു നിശ്ചയമായ ഗവണ്മെണ്ടു സ്വീകരിക്കുമ്പോൾ അതിനുവേണ്ട യോഗ്യതകൾ ഗവണ്മെണ്ടിനുതന്നെ നിശ്ചയിച്ചുകൊള്ളാവുന്നതാണല്ലോ. ഗവണ്മെണ്ടിനുതന്നെ ഒരു പരീക്ഷക ബോർഡ് ഏർപ്പെടുത്തി ഡാക്ടറന്മാരെ പരിശോധിക്കുകയും ചെയ്യാം. ഹോമിയോപ്പതിചികിത്സയിൽ പരീക്ഷകൾ നടത്തുന്നതിനു കൽക്കട്ടായിലും മറ്റു ചിലസ്ഥലങ്ങളിലും പരീക്ഷകസംഘങ്ങൾ ഉണ്ടെന്നു ഇവിടെ പറയപ്പെട്ടുവല്ലോ. അതുകൊണ്ടാണു ഞാൻ ഇതെപ്പറ്റി അക്ഷേപമായി എടുക്കാൻപാടില്ലെന്നു പറയുന്നതു. ഇതുമാത്രം പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ എന്റെ പൂർവം പിൻതാങ്ങുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കര കാഞ്ഞിക്കപ്പുള്ളി): സർ, ഈ സന്ദർഭത്തിൽ ഞാൻ ഈ പ്രമേയത്തെ സസന്തോഷം പിൻതാങ്ങുന്നു. ഈ പ്രമേയത്തെ സംബന്ധിച്ചു ചില സംഗതികളെപ്പറ്റി ആലോചിക്കുമ്പോൾ എനിക്കു ചില കാര്യങ്ങൾകൂടി പറയുവാനുണ്ടു്. ഒന്നാമതായിട്ടു ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതി ഡാക്ടറന്മാരുടെ എണ്ണം വളരെ കുറവാണെന്നു ഇവിടെ പറയപ്പെട്ടു. അതുതന്നെ ഇതിനെ ഗവണ്മെണ്ടു ഏറ്റെടുത്തതിൽ സ്വീകരിക്കുന്നതിനു മറ്റൊരു കാരണമെന്നു എനിക്കു തോന്നുന്നു. ശരിയായ പരീക്ഷായോഗ്യതയുള്ള ഹോമിയോപ്പതിഡാക്ടറന്മാർ അധികംപേരുണ്ടായിരുന്നാൽ അവരിൽനിന്നു കുറേപ്പേരെ തിരിഞ്ഞെടുക്കുന്നതിൽ ഗവണ്മെണ്ടിനു കുറെ പ്രയാസം നേരിടും. ഇപ്പോൾ ആ തരത്തിലുള്ള പ്രയാസം ഉണ്ടായിരിക്കുകയില്ല.

പിന്നീടു, ഈ ചികിത്സയിൽ വിദഗ്ധന്മാരല്ലാത്ത സാധാരണക്കാരുടെ അഭിപ്രായങ്ങൾ ഈ കാര്യത്തിൽ അത്ര വിലവയ്ക്കത്തക്കതല്ലെന്നു പറയുമായിരിക്കാം. എന്നാൽ ഞാൻ ആ അഭിപ്രായത്തോടു ചേരുന്നില്ല. എല്ലാമനുഷ്യന്മാരും ഒരു വയസ്സിൽപ്രായമാകുമ്പോൾ അവരിൽ ഒരു ഡാക്ടരോ അല്ലാത്തപക്ഷം ഒരു ഭിഷഗ്വരനോ ആയിരിക്കുമെന്നു ഒരിക്കൽ ഡാക്ടർ ജാൺസൺ പറഞ്ഞു. നമ്മുടെ കൂട്ടത്തിലുള്ളവരിൽ മിക്കവരും ഒരു വയസ്സിൽ കൂടുതൽ പ്രായമുള്ളവരും ഏതെങ്കിലുമൊരു ശാസ്ത്രപരിശീലനം ലഭിച്ചിട്ടുള്ളവരുമാകുന്നു. അതുകൊണ്ടു നമുക്കുപോലും ഡാക്ടരന്മാരുടെ പലവിധ ചികിത്സകളിൽവച്ചു നല്ലതേതാണെന്നുപോലും തീരുമാനിപ്പാൻകഴിയും.

എല്ലാവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങളേയും മാതൃകാപരത്തിലുള്ള കലാശാലാസ്തംഭങ്ങളേയും അഭിവൃദ്ധിപ്പെടുത്തി ഇപ്പോഴത്തെ നിലക്കു കൊണ്ടുവന്നിട്ടുള്ളതു ഓരോ തെരിഞ്ഞും ചെയ്യുന്ന വിദഗ്ധന്മാരല്ല. മുന്നാൽ പക്ഷപാതം ദുഷ്ടമില്ലാത്ത ശരിയായ ശാസ്ത്രപരിശീലനം നടത്തിട്ടുള്ളവരാകുന്നു എന്നുള്ളതു ഈ വിഭാഗത്തിൻ ഓർക്കേണ്ട സംഗതിയാണ്. വൈദ്യശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ളവരിൽ അധികഭാഗം അജ്ഞരും യഥാസ്ഥിതികപക്ഷപാതികളുമാണു. വൈദ്യചികിത്സയുടെ ചരിത്രത്തെ വായിച്ചുനോക്കിയാൽ അതു് എളുപ്പത്തിൽ നമുക്കു കാണാവുന്നതാണു. ഈ വിഷയത്തെ സംബന്ധിച്ചു എനിക്കു കുറെ അധികം പറവാനുണ്ടു്. എന്നാൽ അതിനുള്ള ഒഴിവുണ്ടാകുമെന്നു ഇവിടെ പറയുന്നതിനു ഞാൻസന്തുഷ്ടനല്ല. ശാസ്ത്രത്തിന്റെ മുൻഗതിയെ തടയുന്നതിനു ഭൂരിപക്ഷവും വഴിയുണ്ടാക്കിക്കൊണ്ടിരുന്നവർ തന്നേയാണു ഓരോ കാലങ്ങളിലും പ്രയത്നിച്ചുകൊണ്ടിരുന്നതെന്നു ചരിത്രം പഠിച്ചിട്ടുള്ള ഏതു ഡാക്ടരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതായ വലിയ പ്രതിബന്ധങ്ങളുടെ ഇടയ്ക്കാണ്. അല്ലോപ്പതി മരുന്നുകൾ ധാരാളം കൊടുക്കുന്നതുകൊണ്ടു ഗുണമുണ്ടല്ലോ എന്നും ദോഷമേയുള്ളുവെന്നും അഭിപ്രായപ്പെട്ട ഡാക്ടർ മാസലഹിനെപ്പറ്റി ഞാൻ മുമ്പാൽക്കൽ പറഞ്ഞുവച്ചല്ലോ.

ആ ഡാക്ടർ ഓസ്മ്ഥർ പക്ഷപാതരഹിതമില്ലാത്ത ഒരു വിദഗ്ധനായിരുന്നു. മി: മാമ്മൻമാപ്പിള തുടങ്ങിയുള്ള വർ പറഞ്ഞതുപോലെ തിരുവിതാംകൂർ ഗവണ്മെന്റ് മറ്റു ഗവണ്മെന്റുകളും ആയുർവേദചികിത്സയ്ക്ക് പ്രോത്സാഹനം നല്കിയപ്പോൾ അല്ലോപ്പതിഡാക്ടറന്മാർ ശക്തിയായി എതിർത്തു. ഗവണ്മെന്റു അല്ലോപ്പതി വിദഗ്ധന്മാരെന്നു പറയപ്പെടുന്ന ക്ലിനിക്കിലെ വിദഗ്ധാഭിപ്രായത്തെ അന്ന് സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്നു ആയുർവേദചികിത്സയുണ്ടായിരിക്കുകയില്ലായിരുന്നു. അശാസ്ത്രീയമായിട്ടുള്ളതാണെന്നും, ദോഷകരമായിട്ടുള്ളതാണെന്നും മനുഷ്യനെ കൊല്ലുന്നതാണെന്നും മറ്റും ആയുർവേദ ചികിത്സയെപ്പറ്റി ആക്ഷേപിക്കുന്ന അല്ലോപ്പതി ഡാക്ടറന്മാർ ഇപ്പോഴും യൂറോപ്പിലുണ്ട്. ആയുർവേദചികിത്സ മനുഷ്യക്ക് ഗുണം ചെയ്യുന്നതിനു പകരം ദോഷം ചെയ്യുന്നു എന്നു പറഞ്ഞിട്ടുള്ള പലിയ അല്ലോപ്പതി ഡാക്ടറന്മാർ ഇപ്പോഴും ഉണ്ട്. അല്ലോപ്പതി ചികിത്സ നടത്തുന്ന യൂറോപ്യന്മാരും നാട്ടുകാരുമായ ഡാക്ടറന്മാരുടെ വിജ്ഞാനവർപ്പുള്ളതും ദോഷകരമായിട്ടുള്ളതുമായ മരുന്നുകളും കൊടുക്കുന്ന പതിവു തിരുവിതാംകൂറിനെ ഒരു വലിയ ശ്മശാനമായിട്ടാണ് തീർന്നിരിക്കുന്നത്. യൂറോപ്പിലെ അല്ലോപ്പതി ഔഷധങ്ങളെപ്പോലെ അത്രയധികം ദോഷമുള്ളതല്ല. ഇൻഡ്യയിലെ ആയുർവേദ ഔഷധങ്ങൾ എന്നു മാത്രമല്ല ഈ നാട്ടുകാർക്ക് ആയുർവേദ ഔഷധങ്ങൾ ദോഷം ചെയ്യുന്നുമില്ല. വളരെക്കാലംകൊണ്ടു ആയുർവേദ ഔഷധങ്ങൾ സേവിച്ചുവരുന്നതുകൊണ്ടു ഈ നാട്ടിലെ ജനങ്ങളുടെ ദേഹസ്ഥിതി ആയുർവ്വേദ ഔഷധങ്ങൾക്കു പറ്റിയതായിത്തീർന്നിട്ടുണ്ട്. പച്ചിലകളിൽനിന്നും കിഴങ്ങുവർഗ്ഗങ്ങളിൽനിന്നും തയ്യാർചെയ്യപ്പെട്ടിട്ടുള്ള ഈ മരുന്നുകൾ ദോഷകരമായിട്ടുള്ള വിഷകരമായിട്ടാണിരിക്കുന്നത്. ഇൻഡ്യയിലെ അല്ലോപ്പതിചികിത്സയിലുൾപ്പെട്ട ഔഷധങ്ങളിൽ ചിലവയായ രസം, വെള്ളപ്പാഷാണം തുടങ്ങിയുള്ള ലോഹങ്ങളിൽനിന്നും ഉണ്ടാക്കപ്പെടുന്ന ധാതുരസായന ഔഷധങ്ങൾ ചില പട്ടണങ്ങളിൽ വലിയ ദോഷംചെയ്തിട്ടുണ്ട്. ലോകസമ്മതന്മാരായ പല ശാസ്ത്രജ്ഞന്മാരും, ഡാക്ടറന്മാരും അവർ പരീക്ഷിച്ചറിഞ്ഞിട്ടുള്ള തിക്ത ഫലമായി വലിയ ഡോസ് ഔഷധങ്ങൾ വിശേഷിച്ചും വിഷം ചേർന്നിട്ടുള്ള ഔഷധങ്ങൾ രോഗികൾക്കു കൊടുക്കുന്നതിനിന്നു ആക്ഷേപിച്ചിരിക്കുന്നു. ധാരാളം ഔഷധം സേവിക്കുന്നതിനാലുണ്ടാകുന്ന ദോഷം എന്താണെന്നു നമ്മിൽ അധികമാരേക്കാൾ അറിവാനിടയായിട്ടുണ്ട്. മെഡിക്കൽഡിപ്പാർട്ടുമെന്റും അതിനുകീഴിലുള്ള ജീവനക്കാരും ദേഹരക്ഷണസംഘമായി നടന്നുകൊള്ളുന്നതിന്റെ ആവശ്യകതയെ സമ്മതിക്കുകയും അപ്രകാരം നടന്നില്ലെങ്കിൽ അതിൽനിന്നും വലിയ ദോഷങ്ങളും ഉണ്ടാകുവാനിടയുണ്ടെന്നും ഈ സഭയിലെ അഫിഷ്യൽ മെഡിക്കൽ മെംബർ കഴിഞ്ഞദിവസം പറഞ്ഞു.

മി: എം. എൻ. പിള്ള പറഞ്ഞപോലെ ഹോമിയോപ്പതിക്ക് യൂറോപ്പിലും അമേരിക്കയിലും ഇപ്പോഴുള്ള നിലയിൽനിന്നും, അതിന്റെ ചരിത്രത്തിൽനിന്നും, മി: ഡബ്ലിയു. എൻ. പിള്ളയുടെ സ്വന്ത അനുഭവത്തിൽനിന്നും ഹോമിയോപ്പതി ചികിത്സയുടെ പരീക്ഷണനില കഴിഞ്ഞു വളരെക്കാലമായിരിക്കുന്നു. മനുഷ്യക്കുണ്ടാകുന്ന രോഗങ്ങളെ ചികിത്സിക്കുന്നതിനു തക്കതായിട്ടുള്ള ഒരു ചികിത്സയാകുന്നു ഹോമിയോപ്പതി. ഭൂലോകത്തിലുള്ള ചില വലിയ വൈദ്യന്മാർ ഹോമിയോപ്പതി സമ്പ്രദായത്തിൽ രോഗങ്ങളെ ചികിത്സിച്ചുവരുന്നു. ഒരിക്കൽ അല്ലോപ്പതി ഡാക്ടറന്മാരായിരുന്നവർ ഇപ്പോൾ ഹോമിയോപ്പതി ഡാക്ടറന്മാരായിരിക്കുന്നു. ഇതര രാജ്യങ്ങളെ അപേക്ഷിച്ചു വ്യത്യസ്തസ്ഥിതിയിലുള്ള ഇൻഡ്യയിലും തിരുവിതാംകൂറിലും അമിതമായ ഔഷധപ്രയോഗമില്ലാത്ത ഹോമിയോപ്പതിചികിത്സയ്ക്കു കഴിയുന്നിടത്തോളം വേഗത്തിൽ പ്രോത്സാഹനം നല്കുന്നതാണ്. താമസിക്കാതെതന്നെ അതു തുടങ്ങേണ്ടതാണ്. ഔഷധപ്രയോഗത്തിൽനിന്നുണ്ടാകുന്ന ദോഷങ്ങളിൽനിന്നും ജനങ്ങൾക്കു രക്ഷപ്പെടുന്നതിനു ഒരവസരം നല്കുന്നതാണ്. അല്ലോപ്പതി ആശുപത്രികൾ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ശേഷിമാന്മാരായ ഹോമിയോപ്പതി ഡാക്ടറന്മാരുടെ കീഴിൽ ഹോമിയോപ്പതി ആശുപത്രികൾ സ്ഥാപിച്ചു ഈ രണ്ടുതരം ആശുപത്രികളിലും വരുന്ന രോഗികളുടെ എണ്ണവും രോഗശമനം വരിക്കുന്നവരുടെ എണ്ണവും രോഗശമനം വരിച്ചുവരുടെ എണ്ണവും പ്രത്യേകമായെന്നു ഒന്നു പരിശോധിക്കേണ്ടതാണ്. യൂറോപ്യൻ രീതിയിലുള്ള അല്ലോപ്പതി ആശുപത്രികൾ പുതുതായി സ്ഥാപിക്കുന്ന എർപ്പാടിനെ ഒന്നു നിറുത്തിട്ടു പുതുതായി ആശുപത്രികൾ സ്ഥാപിച്ചുകിട്ടുന്നതെന്ന് ജനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഹോമിയോപ്പതി ചികിത്സാ മന്ദിരങ്ങളും ഔഷധശാലകളും സ്ഥാപിച്ചു ജനങ്ങൾക്ക അവയിൽനിന്നും വേണ്ട ഗുണം വരിക്കുന്നില്ലയോ എന്നു പരീക്ഷിക്കണം.

പണസംബന്ധമായ കാര്യങ്ങളിൽ ഇതു തിരുവിതാംകൂർ ഗവണ്മെന്റിനും തിരുവിതാംകൂറിലെ ജനങ്ങൾക്കും വലിയ ലാഭമുണ്ടാകും. യൂറോപ്യൻ അല്ലോപ്പതി ചികിത്സാസമ്പ്രദായത്തിലുള്ള ഔഷധങ്ങളേക്കാൾ ഹോമിയോപ്പതിക്കാരുടെ ചെറിയ മരുന്നു ഔഷധങ്ങൾ തുലോം വിലക്കുറവുള്ളവകളായതുകൊണ്ടു തന്മൂലം പ്രയാസമുള്ള സാധുജനങ്ങൾക്ക് അതു വലിയ കാര്യമായിരിക്കും. ദോഷരഹിതമായിട്ടുള്ളതും വളരെ വിലക്കുറവുള്ളതുമായ ഔഷധങ്ങൾ ചിട്ടമ്പോലെ വളരെ പണം ചിലവുചെയ്തു മനുഷ്യശരീരത്തിനു ദോഷഫലകരമായ ഉണ്ടാക്കിവയ്ക്കുന്ന ഔഷധങ്ങൾ വാങ്ങുന്നതു വലിയ ദോഷവുമാകുന്നു.

മനുഷ്യശരീരത്തിനുണ്ടാകുന്ന രോഗങ്ങളെ ചികിത്സിക്കുന്നതിനു ഇപ്പോഴത്തെ ഏറ്റവും പരിഷ്കൃതരീതിയിലുള്ള ചികിത്സ പ്രകൃതിചികിത്സയാകുന്നു. ഈ ചികിത്സാസമ്പ്രദായത്തിൽ ഹോമിയോപ്പതിക്കും ഒരു സ്ഥാനമുണ്ട്. അല്ലോപ്പതി ഔഷധങ്ങളുടെ കൂട്ടത്തിലുള്ള വിഷഗുണമില്ലാത്ത ഔഷധങ്ങളേയും രോഗത്തെ ശരീരത്തോടു ചേർക്കുന്ന ഗുണമില്ലാത്ത ഔഷധങ്ങളേയും പ്രകൃതിചികിത്സയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അല്ലോപ്പതിചികിത്സയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂലതത്വങ്ങളിൽനിന്നും വളരെ വ്യത്യസ്തമായിട്ടുള്ള തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നേരേമറിച്ചു ഹോമിയോപ്പതിചികിത്സ, പ്രകൃതിചികിത്സാശാസ്ത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ലെന്നമാത്രമല്ല എന്നാൽ ഒരുകാരണം ഇപ്പോഴത്തെ പ്രകൃതിചികിത്സയുടെ മൂലതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമല്ലെന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

അതുകൊണ്ട് ഇപ്പോൾ ഹോമിയോപ്പതിചികിത്സാക്രമത്തെ പ്രോത്സാഹിപ്പിക്കുകയെന്നുവന്നാൽ അതുപോലെ പ്രകൃതിചികിത്സാക്രമത്തിന്റെ പ്രാരംഭപ്രവർത്തനപരിപാടിയായിത്തീർന്നു ക്രമേണ തിരുവിതാംകൂറിൽ അല്ലോപ്പതിചികിത്സാക്രമങ്ങൾക്കു ലഭിച്ചിട്ടുള്ളതുപോലെയുള്ള സ്ഥാനം പ്രകൃതിചികിത്സാക്രമത്തിനു സിദ്ധമാകുന്നതാണ്. ജർമ്മനി, അമേരിക്കഇടങ്ങിയുള്ള പാശ്ചാത്യദേശങ്ങളിൽ അനേകവർഷങ്ങളോടുകൂടി കയ്യൊഴിയാതിരിക്കുന്ന ഇന്നത്തെ ചികിത്സാസമ്പ്രദായത്തിൽ 'ആധുനികങ്ങളായ എല്ലാ ചികിത്സാസമ്പ്രദായങ്ങ

ക്കും പ്രതിഫലിച്ചിട്ടുണ്ട്. ശരീരശാസ്ത്രം, ജീവശാസ്ത്രം, ജീവയോഗരഹസ്യശാസ്ത്രം തുടങ്ങിയുള്ളവയിൽ പുതുതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ചികിത്സാവിജ്ഞാനം, നമ്മുടെ ജനങ്ങളാരെങ്കിലും ഡാക്ടറന്മാരെക്കൊണ്ടോ പരിചിതമല്ലാതിരിക്കുന്നതുകൊണ്ട് നമ്മുടെ ജനങ്ങളിലോ ഗവൺമെന്റിനാലോ ആയതിലേക്കുതകുന്ന സ്ഥാപനങ്ങളൊന്നും ധാരാളമായി ഉണ്ടാക്കുവാൻ അത്ര എളുപ്പത്തിൽ സാധിക്കുകയില്ല. അപ്രകാരമുള്ള സ്ഥാപനങ്ങളും ഉണ്ടായാലും ആയതിലേക്ക പഠിക്കുവാൻ യോഗ്യതയുള്ള ആളുകളെ കിട്ടുന്നതും പ്രയാസമായി വന്നേക്കാം. അമ്മേരിക്കയിൽ പ്രസിദ്ധമായിച്ചെയ്യപ്പോന്ന പ്രകൃതിചികിത്സാ സംബന്ധമായ ശാസ്ത്രങ്ങളും വശത്തി ഇൻഡ്യയിൽ പരീക്ഷണയോഗ്യതയുള്ളവരിൽ ചിലരെ ശാസ്ത്രജ്ഞന്മാരായ ഡാക്ടറന്മാരെ ഏല്പിച്ച്, ആ പുസ്തകങ്ങളുടെ സഹായത്തോടുകൂടി അതിലേക്ക ഏർപ്പെടുത്തുന്ന ചികിത്സാമന്ദിരങ്ങളിൽ ചികിത്സകരും നടത്തുവാനുണ്ട്. ഹോമ്യോപ്പതിയെ സംബന്ധിച്ചിടത്തോളം പരീക്ഷണയോഗ്യതയുള്ള ആളുകളെ കിട്ടാൻ പ്രയാസമില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൽ ഗവൺമെന്റിങ്കൽനിന്നും ധാരാളം പണം ചെലവുചെയ്ത ചികിത്സാമന്ദിരങ്ങളും സ്ഥാപിക്കാവുന്നതാണ്. പ്രകൃതിചികിത്സാതത്വങ്ങളേയും മരുന്നും ശാസ്ത്രീയമായ പ്രയോഗിക്കത്തക്കവണ്ണം പ്രയോഗികപരിജ്ഞാനം ലഭിച്ചിട്ടുള്ള ഹോമ്യോപ്പതി ഡാക്ടറന്മാരേയും ധാരാളമായി കിട്ടാവുന്നതാണ്. ഗവൺമെന്റ് ആസ്പത്രികളിലെയും ഗവൺമെന്റിൽനിന്നും സഹായധനം നല്കുന്ന പ്രത്യേകാസ്പത്രികളിലേയും പ്രധാനചികിത്സകന്മാർ ഇംഗ്ലീഷുഭാഷാപരിജ്ഞാനമുള്ളവരായിരിക്കുവാനുള്ളതുകൊണ്ട് ഡാക്ടർ ജിൻസർ എഴുതിയിട്ടുള്ള 'പ്രകൃതിചികിത്സാസിദ്ധാന്തത്തിൽ കൂടെ എല്ലാം ഗവൺമെന്റിനിന്നും വശത്തി മുൻപറഞ്ഞ ഓരോ ആസ്പത്രികളിലും ഏതാനും വീതം കട്ടിലുകൾ അവർ അവശ്യമുള്ള ആളുകളെ ആ ആസ്പത്രികളിൽ പ്രയോഗത്തിൽ വരുത്തിയും മറുള്ളവരെ പരിചയിപ്പിച്ചും സഫലമാക്കുന്നതാണ്. ഈ നൂതനചികിത്സാരീതിയെ അനുകരിക്കുന്നതിന് ഹോമ്യോപ്പതിഡാക്ടറന്മാർക്ക് മറുള്ളവരെക്കാളും സൌകര്യമുണ്ടായിരിക്കും. പ്രകൃതിചികിത്സാസംബന്ധമായ ഗ്രന്ഥങ്ങളിൽ ശാസ്ത്രജ്ഞനായിൽ അഭിരുചിയുള്ള ഒരാൾ വായിക്കുന്നതുകൊണ്ടു അയാൾക്ക അവയുടെ താല്പര്യം മനസ്സിലാക്കാമെന്നു മാത്രമല്ല അഭ്യസിക്കുവാൻ അയാൾക്ക വളരെ ഗുണം സിദ്ധിക്കുമെന്നും എനിക്ക നിശ്ചയമുണ്ട്. അതിനാൽ ഈ പ്രമേയം, കായ്കാരണയുക്തമായ ഒരു സമ്പ്രദായത്തിനെ മാർഗ്ഗദർശിയെന്ന നിലയിൽ ഉപകരിക്കുന്നുവെന്നുള്ള വിശ്വാസത്തോടുകൂടി ഹോമ്യോപ്പതിസമ്പ്രദായപരിഷ്കരണത്തിനെ വേണ്ടിയുള്ള ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻതാങ്ങുന്നതിനായി മി: എം. എൻ. പിള്ള സംസാരിച്ചു. ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടു. അദ്ദേഹം ഇന്നു നടത്തിവരുന്ന ചികിത്സയുടെ ഗുണഫലത്തെപ്പറ്റി അദ്ദേഹം പറഞ്ഞതു വളരെ പ്രയോജനമുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ചികിത്സയെപ്പറ്റി അദ്ദേഹത്തിനുണ്ടായ നല്ല വിശ്വാസമുണ്ടെന്നും അതിന്റെ ഗുണഫലമാണ് അദ്ദേഹത്തിന്റെ അഭിവൃദ്ധിക്കും വിജയത്തിനും കാരണമെന്നും അദ്ദേഹം പറഞ്ഞതിൽനിന്നും എനിക്ക മനസ്സിലാക്കുവാനിടയായി. ഏതായാലും ഈ ഹോമിയോപ്പതിചികിത്സയെപ്പറ്റി എനിയ്ക്കു വളരെ അധികമൊന്നും പറയാൻ ശക്തിയില്ല. എന്നാൽ എനിക്കൊരു സംഗതിയറിയാം. ഹോമിയോപ്പതിഡാക്ടറന്മാർ കൊടുക്കുന്ന ഔഷധങ്ങളെ കുഞ്ഞുങ്ങൾ വളരെ പ്രിയത്തോടുകൂടി സേവിക്കുകയും ഒരിക്കൽ ആ ഔഷധങ്ങൾ സേവിച്ചാൽ വീണ്ടും ആ ഔഷധങ്ങൾ വേണമെന്നുപോലും പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്നു. ഈ സംഗതിതന്നെ ഈ ഔഷധങ്ങൾക്ക് ഭാവിയിൽ നല്ല പ്രചാരമുണ്ടായിരിക്കുമെന്നു തെളിയിക്കുന്നു. ഇപ്പോഴത്തെ കുഞ്ഞുങ്ങൾ വലുതായി വലിയ ആളുകളാകുമ്പോൾ അവർ നിശ്ചയമായിട്ടും ഹോമിയോപ്പതിചികിത്സയ്ക്ക് പ്രോത്സാഹനം നല്കും.

മി: എസ്. പിറവിപ്പുരമാർപിള്ള (കച്ചവടം-വ്യവസായവും, തെക്കേ): നിങ്ങൾ ഈ പ്രമേയത്തെ പിൻതാങ്ങുന്നോ എതിർക്കുന്നോ എന്നുള്ളതിനെപ്പറ്റിയാൽനല്ലതുപോലെ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഞാൻ എന്റെ അഭിപ്രായമുള്ളവനാണെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ. രണ്ടു കാര്യങ്ങളെ ഉദ്ദേശിച്ചു തിരുവിതാംകൂറിലുള്ള എല്ലാസ്ഥലങ്ങളിലും ആസ്പത്രികളും ഔഷധശാലയുള്ളതും സ്ഥാപിക്കണമെന്നും ഒരു മെഡിക്കൽഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തണമെന്നും ഗവൺമെന്റ് വിചാരിച്ചതായ ഒരു കാലമുണ്ടായിരുന്നു. ഈ സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും ധന്വന്തരിശാലകൾ സ്ഥാപിക്കണമെന്നുള്ളതായിരുന്നു ഗവൺമെന്റിന്റെ ഉദ്ദേശങ്ങളിൽ ഒന്ന്, രണ്ടാമത്തെ ഉദ്ദേശം അലോപ്പതി ചികിത്സയെ നാട്ടിലെല്ലാം പരന്നതാക്കണമെന്നതായിരുന്നു. എന്നാൽ ഇപ്പോൾ കാലത്തിനും മാറ്റം വന്നിട്ടുണ്ട്. അതോടുകൂടി ആളുകൾക്കും മാറ്റം വന്നിട്ടുണ്ട്. അപ്രകാരമിരിക്കുന്നതുകൊണ്ടു ഗവണ്മെന്റ് സഹായം ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അറിവുസമ്പാദിക്കുന്നതിനായിട്ടു രാജ്യത്തിനു പുറമേയിൽപോകുവാൻ തയ്യാറുള്ള പരിശ്രമശീലന്മാരായ യുവാക്കൾ നമ്മുടെ ഇടയിൽ ഇപ്പോൾ ധാരാളമുണ്ട്. അപ്രകാരമുള്ള യുവാക്കന്മാർ ഇപ്പോൾ വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവർക്ക പഠിത്തംകഴിഞ്ഞു വന്നതിനുശേഷം ഈ രാജ്യത്തിൽ ഉദ്യോഗം കിട്ടുന്നില്ല.

മി: എസ്സ്. പിറവിപ്പുരമാർപിള്ള (കച്ചവടം വ്യവസായം, തെക്കേ): തൊഴിലില്ലായ്മയെ സംബന്ധിച്ചു മെമ്പറിന്റെ അഭിപ്രായം അതാണോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തൊഴിലില്ലായ്മ കൊണ്ടുള്ള ദോഷങ്ങളും ദിവസംതോറും നിനക്കൊന്നായി വർദ്ധിച്ചു വരികയാണ് ചെയ്യുന്നതു്. കോളേജിൽനിന്നു ഇറങ്ങിയാൽ അറിവു സമ്പാദിച്ചുകൊണ്ടു ആണ്ടുതോറും വന്നുകൊണ്ടിരിയ്ക്കുന്ന യുവാക്കന്മാർക്ക സ്ഥലം കൊടുക്കുന്നതിനായിട്ടു ഗവൺമെന്റ് പല്ലക്കു ചുമക്കുന്നവരെ ജോലിയിൽനിന്നു പിരിച്ചുവിടുന്നതിനും അടുത്തിരിക്കുന്നു എന്നു എനിക്കു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ സാധുക്കളുടെ കാര്യത്തിൽ എന്താണു ചെയ്യേണ്ടതു്?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ അതിനെപ്പറ്റി പറയാൻ ഭാവിക്കുകയാണ്. ഗവൺമെന്റു ആ നയത്തെ കൈക്കൊള്ളുന്നതുകൊണ്ടു നമ്മുടെ സ്നേഹിതൻ മി: എം. എൻ. പിള്ള ഗവൺമെന്റിന്റെ സഹായം വേണമെന്നാവശ്യപ്പെടുന്ന ചികിത്സാ സമ്പ്രദായത്തിനു പ്രോത്സാഹനം നൽകുന്നതിനു സമയമായിത്തീർന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക): തൊഴിലില്ലായ്മയ്ക്കുള്ള ചികിത്സയ്ക്കു വേണ്ടി ഡോക്ടറന്മാരെ സംബന്ധിച്ചിടത്തോളമെ ഉള്ളോ എന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അല്ല. ഈ ധർമ്മസ്ഥാപനങ്ങളേയും അവരുടെ ധർമ്മനിഷ്ഠയെ ഉപേക്ഷിച്ചിട്ടു വളരെക്കാലം കഴിഞ്ഞിരിക്കുന്നു. ഞാൻ അറിഞ്ഞിട്ടുള്ളേടത്തോളം നമ്മുടെ വൈദ്യസ്ഥാപനങ്ങളിൽ നിന്നും നല്ല ഔഷധങ്ങളും നല്ല ചികിത്സയും ധനവാന്മാർക്കു മാത്രമെ ലഭിയ്ക്കുന്നുള്ളു. ഗവണ്മെൻറു ആശുപത്രികളിൽ നിന്നും ഏതാണ്ടിരിയുള്ള ധനവാന്മാർക്ക് ഔഷധങ്ങളും ഇനാമായിട്ടു കൊടുക്കാതിരിക്കുന്നതും ഇതരചികിത്സാസമ്പ്രദായങ്ങളും മറ്റൊരുദ്ദേശത്തിൽ പ്രോത്സാഹനം നൽകുന്നതും പ്രോത്സാഹിയാണ്. സർ, പലതരം ചികിത്സകളും ഉള്ളതു എനിക്കറിയാം. അവയ്ക്കു വിശദമായിട്ടു ഒന്നും തന്നെ എനിയ്ക്കു പറയാനില്ല, യുനാനി ചികിത്സ, ചിന്താമണി ചികിത്സ, ക്ഷനിചികിത്സ, പ്രകൃതിചികിത്സ മുതലായ അനവധി ചികിത്സകളുണ്ട്. ഓരോ ചികിത്സയേയും പ്രോത്സാഹിപ്പിക്കുന്നതിനു ജനങ്ങളുണ്ട്. ഈ പ്രമേയം തന്നെ ആപ്പിന്റെ ഘനം കുറഞ്ഞതല്ല അടിച്ചിറക്കുവാനുള്ള ശ്രമമാണ്. മറ്റുള്ള ചികിത്സകളും ഗവണ്മെൻറു സഹായം മൂലമെന്നാവശ്യപ്പെട്ടു കൊണ്ടു മാരോന്നായിട്ടു വന്നു ഇടങ്ങും. അങ്ങിനെ വരുമ്പോൾ എന്താണു ചെയ്യേണ്ടതെന്നു ഈ സഭാംഗങ്ങൾക്കറിയാമല്ലോ. ആപ്പ് അല്പം ഇറക്കിയാൽ മുഖവും ഇറക്കേണ്ടതു എപ്പോഴാണെന്നു അറിയാമല്ലോ. ഈ സംസ്ഥാനത്തിലെ പല രോഗങ്ങളിലുമായി ഒരു അരഡസൻ വൈദ്യശാലകൾ ഉണ്ടാക്കുന്നതിനുവേണ്ടി കൊള്ളാം. അതു കൊണ്ടു, തൊഴിലില്ലായ്മയുടെ പ്രശ്നം ഒന്നിനുംതന്നെ വഴിക്കുകയെ ഉള്ളു. ഇതിനെ പരിഹരിക്കുന്നതിലേക്കായിട്ടു ഡിപ്പാർട്ടുമെൻറുകൾ യഥാർത്ഥത്തിൽ സാധുക്കളായിട്ടുള്ളവരെമാത്രം സഹായിക്കുകയും മറ്റുള്ളവരെ അവരവരുടേ കാര്യം അവരവർ നോക്കുകൊള്ളണമെന്നു വിട്ടയ്ക്കുകയുമാണ് വേണ്ടതു. ഇപ്പോഴത്തെ അല്ലോപ്പതി ചികിത്സയെ സംബന്ധിച്ചാണ് ഞാൻ ഇതു പറഞ്ഞതു. അന്യനാടുകളിൽ പോയി വിദ്യാഭ്യാസം നടത്തിവരുന്ന യുവാക്കന്മാർ സാധാരണയായിട്ടു ധനവാന്മാരായിരിക്കുമെന്നുള്ളതുകൊണ്ടു, ഗവണ്മെൻറു എല്ലാ വിധചികിത്സകർക്കും പ്രോത്സാഹനം നൽകണമെന്നു ഞാൻ പറയുന്നില്ല. അവർക്കു വേണ്ട സൌകര്യം മാത്രം കൊടുത്താൽ മതിയാകുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തൊഴിലില്ലായ്മയ്ക്കും, ആശുപത്രികൾക്കും തമ്മിൽ എന്തു സംബന്ധമുണ്ടെന്നുള്ളതെന്നു മെമ്പർ പറയുമോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): എന്റെ പ്രസംഗത്തിന്റെ ആദ്യഭാഗങ്ങളിൽ ഞാൻ ഇതിനെത്തന്നെ പറഞ്ഞിട്ടുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക): ഇപ്പോൾ ഉദ്യോഗം കിട്ടാതെ വലയുന്നവർക്കു ഉദ്യോഗം കൊടുക്കുന്നായിട്ടാണോ മെമ്പർ ഇതിനെ പിൻതാങ്ങുന്നതു?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഗവണ്മെൻറു ജോലിയില്ലാത്ത ഡോക്ടറന്മാർക്കു ജോലി കൊടുക്കേണ്ടതിലേയ്ക്കായിട്ടാണ് ഞാൻ വാദിക്കുന്നതു. വൈദ്യസഹായത്തിനായിട്ടു ഗവണ്മെൻറു കൂടുതലായിട്ടു വല്ലതും ചെയ്യുന്നതിൽ എനിക്കു എതിരഭിപ്രായമൊന്നുമില്ലതാനും.

വൈദ്യസഹായത്തെ സംബന്ധിച്ചു, ഗവണ്മെൻറിൽ നിന്നും സഹായം ലഭിയ്ക്കുന്ന ആശുപത്രികളും വളരെ അധികം ഉണ്ട്. അല്ലോപ്പതി ചികിത്സയ്ക്കു ഇപ്പോൾതന്നെ നല്ല പ്രചാരമുള്ളതുകൊണ്ടു ഗവണ്മെൻറു അതിനു വേണ്ടിയാതൊന്നും പ്രവൃത്തിക്കേണ്ടതായിട്ടില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ പ്രമേയത്തെ എതിർത്തുകൊണ്ടു സ്വകീയചികിത്സാസമ്പ്രദായത്തിനു ഡോക്ടറന്മാർക്കു ഉദ്യോഗം ഏതു വിധത്തിൽ കൊടുക്കാമെന്നാണ് മെമ്പർ പറയുന്നതു?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ പ്രമേയത്തിൽ കൂടുതൽ ആശുപത്രികളും ഔഷധശാലകളും സ്ഥാപിക്കണമെന്നു ഗവണ്മെൻറിനോടാവശ്യപ്പെടുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്ക): ഗവണ്മെൻറിനു ഈ പ്രമേയത്തെ സ്വീകരിക്കുന്നതിൽ എന്തു തരക്കേടാണുള്ളതു?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അങ്ങനെ ഓരോ തരം ചികിത്സകരും ഇപ്പോഴുണ്ട്. വാസ്തവമായിട്ടു സഹായധനം ആവശ്യമുള്ളവരല്ല ഗവണ്മെൻറു സഹായം നല്കേണ്ടതാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഗവണ്മെൻറു ഇപ്പോൾ ഹോമിയോപ്പതിയ്ക്കു പ്രോത്സാഹനം നൽകുന്നുവെന്നു ജനങ്ങൾ ഈ ചികിത്സയെ അധികമായി സ്വീകരിക്കുകയും അപ്പോൾ ഡോക്ടറന്മാർ വർദ്ധിക്കുകയും ചെയ്യും.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഗവണ്മെൻറിനെ ഉപേക്ഷിക്കാതിരിക്കേണ്ടതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോഴുള്ള ആശുപത്രികളെ നിവർത്തൽ ചെയ്യണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വൈദ്യസഹായം ചെയ്യുന്ന ഫുർപ്പാടിൽനിന്നും ഗവണ്മെൻറു സാവധാനമായി പിൻവലിക്കണമെന്നാണ് ഞാൻ പറയുന്നതു.

മി: കെ. പി. പിള്ള (കരുനാഗപ്പള്ളി): ഗവണ്മെൻറു ഈ പ്രമേയത്തെ സ്വീകരിക്കുകയാണെങ്കിൽ ഈ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിലേക്കായി ഒരു ഡയറക്ടരെ നിയമിക്കേണ്ട ആവശ്യം ഉണ്ടാകുമെന്നു മിസ്റ്റർ സുബ്രഹ്മണ്യപിള്ളയ്ക്കു മനസ്സിലായിട്ടുണ്ടോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നിശ്ചയമായിട്ടും വേണ്ടിവരും. അതുമതിയാവുമല്ല. മറ്റുള്ള ചികിത്സാരീതികളും ഗവണ്മെൻറു സഹായം അവശ്യപ്പെടുകയും അപ്പോൾ അതിലേക്കായി ഒരു പ്രത്യേകഡിപ്പാർട്ടുമെൻറു ഫുർപ്പെടുത്തേണ്ടതായിവരികയും ചെയ്യും.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഡോക്ടറന്മാരെ കിട്ടുന്നതിൽ വൈഷമ്യം നേരിടുമെന്നു വിചാരിക്കുന്നുണ്ടോ? ഹോമിയോപ്പതി പഠിക്കുന്നതിനായിട്ടു യൂറോപ്പിലേയ്ക്കും, അമേരിക്കയിലേയ്ക്കും ഗവണ്മെൻറു ആളുകളെ അയക്കുകയാണെങ്കിൽ, ഈ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിനു പരിക്ഷാമാത്രയുള്ളവരെ കിട്ടാൻ വളരെ പ്രയാസമുണ്ടെന്നു വിചാരിക്കുന്നുവോ?

മി: എം. സ്ത്രുഷണ്യപിള്ള (അഗസ്റ്റീശ്വരം): പുത്തനായിട്ടുള്ള ചികിത്സാരീതികൾക്കും ഗവണ്മെന്റ് സഹായം നൽകുന്നതിനെ സംബന്ധിച്ചു എതിർപ്പില്ലെന്നു എനിക്കുബോധ്യമുണ്ട്. നേരെ മറിച്ചു ഹോമിയോപ്പതിക്കു സഹായം നൽകുന്ന ജോലിയിൽ നിന്നും ഗവണ്മെന്റ് പിന്മാറണമെന്നുണ്ടോ? അതാണ് പറയുന്നത്.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ നിലയിൽ ഈ പ്രശ്നത്തെ പറ്റി സംവാദിക്കുന്നതിൽ എനിക്കു തീരെ ഉല്പത്തിയില്ല. ഈ സഭയുടെ ആലോചനക്കു കൈക്കൊണ്ടിരിക്കുന്ന സംഗതിയുടെ ഒരു കാര്യം എനിക്കു പറയാനുണ്ട്. ഹോമിയോപ്പതി ഡോക്ടറന്മാരുടെ ശമ്പളത്തെപ്പറ്റിയുള്ള ഭേദഗതിയെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ കേട്ടപ്പോൾ തീരെ പ്രയോജനമില്ലാത്ത ചിലവിനമാണെന്നു തോന്നി. എല്ലാ വിധത്തിലുള്ള ഡാക്ടറന്മാരും പ്രോത്സാഹനം അർഹിക്കുന്നുണ്ടെന്നു ഞാനും പറയുന്നു. ഇപ്പോൾ ഉള്ള പ്രോത്സാഹനത്തിൽ നിന്നും കുറവു വരുത്തിക്കുന്ന എന്നാണ് ഞാൻ പറയുന്നത്. ഈ സഭയിൽ ഉള്ള പ്രോത്സാഹനത്തിൽ നിന്നും കുറവു വരുത്തിക്കുന്നതിനുള്ള കാരണം വളരെ അധികമുണ്ടായിരിക്കുന്നു. ജനസമുദായത്തിനു ഉപകാരപ്രദമായിട്ടുള്ള കാര്യം വളരെ വർദ്ധിച്ചിരിക്കുന്നു ഡാക്ടറന്മാരുടെ എണ്ണം. പാവപ്പെട്ടവർ അധികപ്പേരുമാണ് പലരോഗം ചിലപ്പോൾ എന്നു പറയുന്നതുപോലെ ഡാക്ടറന്മാർ അധികപ്പെട്ടാലും ഗവണ്മെന്റിനു ഭാരം കുറച്ചു കൊണ്ടുവരുവാൻ കഴിഞ്ഞേക്കും.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ തിരുവിതാംകൂറിൽ ആവശ്യത്തിലധികം ഡാക്ടറന്മാരുണ്ടെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതെ.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ അഭിപ്രായം എവിടെ നിന്നു ലഭിച്ചു എന്നറിഞ്ഞാൽകൊള്ളാം.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ സ്വന്തം അഭിപ്രായം തന്നെയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അങ്ങേഹത്തിന്റെ അഭിപ്രായം തെറ്റാകുന്നതു ഞാൻ മെമ്പറോടുപറഞ്ഞു കൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടം വ്യവസായം, തേക്ക്): മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞതിനെ മെമ്പർ ശ്രദ്ധിച്ചുവോ എന്നറിഞ്ഞാൽകൊള്ളാം.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ശ്രദ്ധിച്ചു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇംഗ്ലണ്ടിലും തിരുവിതാംകൂറിലും ഡാക്ടറന്മാരുടെ എണ്ണം എത്ര വീതമാണെന്നു മെമ്പർക്കറിയാമോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കറിയാൻ പാടില്ല. ഞാൻ ചികിത്സാസമ്പ്രദായങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുകയല്ല. ഓരോ ചികിത്സകനും ഓരോയിടത്തു ഗവണ്മെന്റു പണം ചിലവുചെയ്തുകൊണ്ടിരിക്കുന്ന പതിവിനെ നിറുത്തേണ്ടതാണെന്നു മാത്രമെ ഞാൻ പറയുന്നുള്ളൂ. ഈ ചികിത്സകരുടെ അഭാവത്തിൽ ഗുണം കൊണ്ടും ഫലംകൊണ്ടും മാത്രം നന്നായിക്കൊള്ളട്ടെ എന്നു വിട്ടേയ്ക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ അവയിൽ വച്ചു ഏറ്റവും നല്ലതായിട്ടുള്ള ചികിത്സ മുൻനിലയിലെത്തും, അല്ലെങ്കിൽ ഒരു നല്ലചികിത്സയാണെന്നു വിചാരിച്ചു അതിനുവേണ്ടി പണം ചിലവു ചെയ്യുകയും, പിന്നീടു ആയുർവേദ ചികിത്സയ്ക്കു പണം ചിലവു ചെയ്യുകയും പിന്നീടു ഹോമിയോപ്പതി ചികിത്സയ്ക്കു, അതിനുശേഷം ചിന്താമണി ചികിത്സയ്ക്കും പ്രോത്സാഹനം നൽകുകയും ചെയ്യുന്നതിൽ യുക്തരാത്ഥ്യമില്ല. അങ്ങിനെയിരിക്കുമ്പോൾ ആരെങ്കിലും ഒരാൾ മന്ത്രവാദം ഒരു ചികിത്സയാണെന്നും അതിൽ ജനങ്ങൾക്കു വിശ്വാസമുണ്ടെന്നും അതിനായിട്ടു ഗവണ്മെന്റ് സഹായധനം നൽകണമെന്നും പറഞ്ഞുകൊണ്ടു പുറപ്പെട്ടാൽ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുച്ചവടം വ്യവസായം, തേക്ക്): രോഗചികിത്സയ്ക്കു മന്ത്രവാദം നല്ലതാണെന്നു ജനങ്ങൾ കരുതുകയാണെങ്കിൽ അതും അവക്കു സ്വീകരിക്കരുതോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എല്ലാവർക്കും ആരോഗ്യത്തുചെയ്തു കൊള്ളുവാനും അധികാരമുണ്ടല്ലോ (ഇല്ല. ഇല്ല) ഗവണ്മെന്റു ഈ വിധത്തിൽ ഓരോ ചികിത്സാസമ്പ്രദായങ്ങളേയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കരുതെന്നാണ് ഞാൻ പറയുന്നത്. ഞങ്ങൾ ഇന്നു ചികിത്സയെ പ്രോത്സാഹിപ്പിക്കാൻ പോകുന്നു എന്നു ഗവണ്മെന്റു പറയേണ്ട ആവശ്യമില്ല. ഈ ചികിത്സാസമ്പ്രദായങ്ങളെപ്പറ്റി ഗവണ്മെന്റു നോക്കേണ്ടതുണ്ട്.

മി: ററി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): ഒരാളിനു വേറൊരാളിനെ കൊല്ലാൻ അധികാരമുണ്ടോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനു സമ്മതിച്ചിട്ടുള്ളതാണ് ഇത്. ഒരുത്തനു മറ്റൊരാളിനെ കൊല്ലുവാൻ അധികാരമില്ല. ഓരോ തെറ്റായ മാർഗ്ഗത്തിൽക്കൂടെ പ്രവൃത്തിക്കുകയാണെങ്കിൽ അയാളെ അതിൽ നിന്നും വിരമിപ്പിക്കേണ്ടതാണ്. ചികിത്സാസമ്പ്രദായങ്ങൾക്കു വേണ്ടി പ്രവൃത്തിച്ചു അനവധി സമയത്തെയും ജീവനേയും അതിനായിട്ടു കളഞ്ഞ വലിയ മഹാന്മാരുടെ പേരു പറഞ്ഞുകൊണ്ടു വന്നു ആളുകൾ ചെയ്യുന്ന മന്ത്രവാദത്തെ ചികിത്സയെന്നു വിചാരിച്ചു സ്വീകരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജനസമുദായത്തിന്റെ രക്ഷയ്ക്കു വേണ്ടി അല്പകാലമുള്ള സംഗതികളെ നിറുത്തേണ്ടതല്ലയോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതേ വേണ്ടതാണ്. അതിനെ സ്വീകരിക്കുന്നതിനു മേലധികാരിയായ ഉദ്യോഗസ്ഥനെന്നോടിനുണ്ടായി. ഡാക്ടർ ഹനിമാൻ ഔഷധങ്ങളെ സംബന്ധിച്ചു വലിയ അറിവുകളെ പ്രദാനം ചെയ്തു. അധികം ജനങ്ങൾക്കും ഉപദേശിക്കുന്നതിനും അദ്ദേഹം നമ്മെ പഠിപ്പിച്ചു. ഔഷധങ്ങളെ അധികം സേവിയ്ക്കുന്നതു ശരീരത്തിനു ദോഷമാണെന്നു കാണിച്ചു തന്നതും അദ്ദേഹമാകുന്നു. ഡാക്ടർ ഹനിമാന്റെ അഭിപ്രായങ്ങളെ സ്വീകരിച്ചു ഞാൻ ഇവിടെ പറയാൻ പോകുന്നതു മിസ്റ്റർ. എം. എൻ. പിള്ള പറഞ്ഞതിൽ നിന്നും വളരെ വ്യത്യസ്തമായിട്ടുള്ളതായിരിക്കും. എന്റെ തീരുമാനപ്രകാരമായിരിക്കും, ഡാക്ടറന്മാരുടെ ഉപദേശങ്ങളെല്ലാം കൂടാതെ ജനങ്ങൾക്കു സ്വതന്ത്ര്യത്തോടും ദൈവത്തോടും ജീവിക്കാനുള്ള ചരിത്രാതീതനിലയെ പ്രാപിക്കാൻ എല്ലാവർക്കും ശ്രമിക്കേണ്ടതാണ്. അതുവരെ ഔഷധം സേവിക്കുന്നതിനെ കു

ചെയ്യുകയും കൊണ്ടുവരേണ്ടതാകുന്നു. അപ്രകാരമല്ലാതെ, പുതുതായി ഒരു ചികിത്സാരീതിയെ അംഗീകരിക്കണമെന്നും പുതുതായി ഡാക്ടറന്മാരെ നിയമിക്കണമെന്നും മാത്രം മിസ്റ്റർ എം. എൻ. പിള്ള അവശ്യപ്പെടുന്നു

ശ്രീ: എം. ശിവരാമപിള്ള (തോവാള): മൃഗങ്ങൾ ഔഷധങ്ങളുടെ ആവശ്യം കൂടാതെ ജീവിക്കുന്നുണ്ടെന്നും, ഔഷധങ്ങളെ നാം ഉപയോഗിക്കുന്നതു മൃഗങ്ങളെക്കാൾ നാം കൂടിയ പരിണാമത്തിലുള്ളവരാണെന്നു കാണിക്കുന്നതെന്നും തെറ്റിദ്ധരിക്കരുതെന്നും ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു മനുഷ്യൻ വേറൊരാളെ ചികിത്സിക്കുന്നതുകൊണ്ടു മനുഷ്യൻ മൃഗത്തെക്കാൾ കൂടിയപരിണാമമുള്ളവനാണെന്നു ഞാൻ വിചാരിക്കുന്നില്ല. നാം ഒരു പ്രത്യേക കാൻസ്റ്റിറ്റ്യൂഷനോടുകൂടി മറ്റൊരു പ്രത്യേക ചുറ്റുപാടിൽ ജനിച്ചുപോയതുകൊണ്ടാണ് നമ്മുടെ ആരോഗ്യത്തിനായി മറ്റുള്ള ജന്തുക്കളെ കാണിക്കുന്നതിനു കാരണമുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. നമുക്കുണ്ടായിരിക്കുന്ന ചികിത്സിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ബുദ്ധിയും പരിജ്ഞാനവും ഉണ്ടായിരിക്കേണ്ടതാണ്. ഇപ്പോൾ നാം ഇതാണ് ചെയ്യാതിരിക്കുന്നത്.

ശ്രീ: സി. ശിവതാണുപിള്ള (തോവാള): തൊപ്പിക്കരി ധരിക്കാതെ അപ്രകാരം ചെയ്യാൻ പാടില്ലയോ

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): കൊതുക്കുപ്പുഴു രോഗം പോലെയുള്ള രോഗങ്ങൾക്കു ഔഷധങ്ങൾ കണ്ടുപിടിച്ചു തയ്യാറാക്കുന്നതിനു വേണ്ടി ഒന്നാംതരം റിസർച്ചു സ്ഥാപനങ്ങളും ഗവണ്മെൻറ് സ്ഥിരവും ക്ഷീർപ്പെടുത്തി സംരക്ഷിക്കണമെന്നാണ് ഞാൻ മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറഞ്ഞത്.

ശ്രീ: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുകൊണ്ടു ചിലവു വളരെ വർദ്ധിക്കുകയില്ലയോ?

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോൾ ഒരു ഡാക്ടറേയും അപ്പോൾ ഒരു ഡാക്ടറേയും നിയമിച്ചിട്ടില്ല.

ശ്രീ: ററി. കുമാരപിള്ള (കല്ലൂർ-വിളവങ്കോട്): കാലക്രമംകൊണ്ടു ആശുപത്രികൾ മുഴുവനും ഇല്ലാതെ ആക്കണമെന്നാണല്ലോ ശ്രീ: എ. കെ പിള്ളയുടെ അഭിപ്രായം. പിന്നെ റിസർച്ചിനു വേണ്ടി പണം കളയേണ്ട ആവശ്യമുണ്ടോ?

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): മെഡിക്കൽ റിസർച്ചു ശരിയായിട്ടു നടത്തുമ്പോൾ മാത്രമെ അതു സാധിക്കുകയുള്ളൂ. അതിനുശേഷം മാത്രമേ നമുക്ക ആ നിലയിലെത്തുവാൻ സാധിക്കുകയുള്ളൂ. ഞാൻ പറയുന്നതു അതിനു തടസ്സമായിട്ടു പുതുതായ പ്രതിബന്ധങ്ങളെന്നും നാം ഉണ്ടാക്കി വയ്ക്കുന്നതിരിക്കേണ്ടതാണ്. പുതുതായിട്ടു എതിർക്കക്ഷികളെ ഒന്നും നാം ഉണ്ടാക്കിവയ്ക്കരുതു. ഹോമിയോപ്പതി എന്ന പേരിൽ ഒരു കക്ഷി ഉണ്ടാക്കി വയ്ക്കരുതു.

ശ്രീ: ററി. കുമാരപിള്ള (കല്ലൂർ-വിളവങ്കോട്): ഗവണ്മെൻറും ജനങ്ങളും ആ നിലയിൽ എത്തുന്ന കാലംവരെ നമുക്ക ആശുപത്രികൾ നിലനിർത്തിക്കൊണ്ടു പോകാതിരിക്കാൻ തരമുണ്ടോ?

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): നാം ആ നിലയിൽ എത്താൻ പൊകുകയാണു്. നമുക്കു് അതിനായ്ശ്രമിക്കാം.

ശ്രീ: ററി. കുമാരപിള്ള (കല്ലൂർ-വിളവങ്കോട്): അങ്ങിനെ എത്തിയതിൻറെ ശേഷം ഗവണ്മെൻറു ശ്രീ: എ. കെ. പിള്ളയുടെ അഭിപ്രായം സ്വീകരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും അല്ലേ വേണ്ടതു്?

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): പെട്ടെന്നു ഒരു ദിവസം ശ്രമത്തെ നമുക്ക വേണ്ടതെല്ലാമേ ശരിയായിരിക്കുന്നതായി കാണുവാൻ സാധിക്കുകയില്ലെന്നു ഞാൻ എൻറെ സ്നേഹിതൻ ശ്രീ: കുമാരപിള്ളയോടു പറഞ്ഞുകൊള്ളുന്നു. മനഃപൂർവ്വമായിട്ടു ഡാക്ടരുടെ ആവശ്യത്തെ വേണ്ടെന്നുവയ്ക്കുന്തക്കതായ ഒരു ഭാവിക്കായിട്ടു ഇപ്പോൾ തന്നെ നാം വേണ്ടെ പ്രവർത്തിച്ചുകൊള്ളുണ്ടതാണ്. അതിനെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനുതക്ക അവസരം ഇതുതന്നെയാകുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. രോഗത്തിനുവേണ്ടി പണം അനുവദിക്കുണമെന്നും ആവശ്യപ്പെടുന്നതു ഇപ്പോഴാണ്. രോഗമുണ്ടായാൽ മാത്രമെഡാക്ടറന്മാർക്ക ഉപജീവനം കഴിക്കുവാൻ സാധിയ്ക്കുകയുള്ളൂ: അവർക്കുവേണ്ടി വോട്ടുചെയ്വാനാണ് ഇപ്പോൾ നമ്മോടാവശ്യപ്പെട്ടിട്ടുള്ളതു്. അല്ലോപ്പതി സംബന്ധമായിട്ടു നമുക്ക ധാരാളം ഉപദ്രവങ്ങളുണ്ടായിട്ടുണ്ടു്. ഇതരചികിത്സകളേയും മേലാലെങ്കിലും പരിക്ഷിക്കാതിരിക്കാൻ നോക്കേണ്ടതാണു്. പുതുതായിട്ട ഔഷധങ്ങളെ പരിശോധന നടത്തുന്നതു സാധുജനങ്ങളുടെ ജീവനെ പരിശോധന നടത്തുന്നതുപോലെയാകുന്നു.

ശ്രീ: എം. ശിവതാണുപിള്ള (തോവാള): ക്ലൂനിസ്സിനെപ്പററി മൈസൂർ എന്താണ് പറയാനുള്ളതു്.

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): യോഗ്യനായ ഡാക്ടർ ഹനിമാൻറെ ചികിത്സാസമ്പ്രദായത്തെ തുടർന്നു ഞാൻ പറയുന്നതിപ്രകാരമാണ്. അദ്ദേഹത്തിൻറെ പരീക്ഷകളുടെ ഫലമായിട്ട പ്രകൃതി ചികിത്സയാണ് ഏററവും ഉത്തമമായിട്ടുള്ള ചികിൽസയെന്നാണ് അദ്ദേഹം കണ്ടുപിടിച്ചതു്. അതുകൊണ്ടു പ്രകൃതി ചികിൽസയെ പ്രചരിപ്പിക്കുന്നതിനു ഗവണ്മെൻറു സഹായിക്കണമെന്നല്ല ഞാൻ പറയാൻ പോകുന്നതു്. പ്രകൃതി ചികിൽസ അങ്ങിനെ സാക്ഷാലുള്ള വിജിഗീഷുതകൊണ്ടുതന്നെ അതിനെറ സ്ഥാനത്തെ നിലനിർത്തിക്കൊള്ളും. ഡാക്ടർ ഹനിമാൻ വലിയ ജനസമ്മതനായിരുന്നുവെന്നും അതുകൊണ്ടു അദ്ദേഹത്തിൻറെ ചികിത്സാരീതിയ്ക്കായിട്ട ഗവണ്മെൻറു ധനസഹായം നൽകണമെന്നും മി: എം. എൻ. പിള്ള ആവശ്യപ്പെടുന്നു. അവർ ചെയ്യാൻ പാടില്ലാത്ത പ്രവൃത്തി ചെയ്യുകയല്ലയോ? ഗവണ്മെൻറു സഹായമില്ലാതെ തന്നെ വേണ്ടിടത്തോളം ചികിത്സകൊണ്ടു മാത്രം സുഖമായി ജീവിതം നടത്തിക്കൊണ്ടിരിയ്ക്കുകയാണെന്നു മി: എം. എൻ. പിള്ള തന്നെ പറഞ്ഞു. പിന്നെ എന്തിനാണിപ്പോൾ അവർ ഗവണ്മെൻറിൻറെ സഹായം ആവശ്യപ്പെടുന്നതു്?

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): ഇതു സംബന്ധമായിട്ട കഴിഞ്ഞ ബഡ്ജററവസരത്തിൽ മെഡിക്കൽ വകുപ്പിലെ ചിലവു കുറക്കണമെന്നും തമിഴർ പ്രമേയം ഹാജരാക്കിയപ്പോൾ വല്ലതും പറഞ്ഞിട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടുകയുള്ളൂ.

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): മേലാൽ ഈ മാതിരിയുള്ള രക്ഷാധികാരിത്വം സ്വീകരിക്കരുതെന്നും ഗവണ്മെൻറു സാവധാനത്തിൽ പിൻവാങ്ങിക്കൊള്ളണമെന്നും ഞാൻ ബലമായി പറഞ്ഞു.

മി: എ. എൻ. പിള്ള (തിരുവനന്തപുരം): ഒരു അവസരത്തിൽ ഗവണ്മെന്റ് അദ്ദേഹത്തിനു വേണ്ട വാദിയ്ക്കുകയുണ്ടായിരുന്നോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല. ഞാൻ അപ്പോൾ എതിർക്കുകയാണു ചെയ്തത്. ഡോക്ടറന്മാരുടെ സഹായം കൂടാതെ ജനങ്ങൾക്കു സൌജന്യമായി ജീവിക്കാമെന്നുള്ള നിലവിലുള്ള അവസ്ഥയിൽ ഗവണ്മെന്റു സഹായം നൽകുന്ന ഏർപ്പാടിനെ സാധാരണത്തിൽ പിൻതുടർന്നുകൊണ്ടിരിക്കുകയാണെന്നാണ് അപ്പോൾ പറഞ്ഞതും ഇപ്പോൾ പറയുന്നതും. "നിങ്ങൾ അദ്ദേഹത്തിനു പ്രോത്സാഹനം നൽകണ്ടാ, അതുകൊണ്ട് ഹോമിയോപ്പതിക്കും പ്രോൽസാഹനം നൽകണം" എന്നു ഇപ്പോൾ മി: എം. എൻ. പിള്ള പറയുന്നു. ഞാൻ ഇതിന് എതിരഭിപ്രായമുള്ളവനാണ്. ഹോമിയോപ്പതി ചികിത്സയും മറ്റുള്ള ചികിത്സകളും ഒന്നിനേക്കാൾ ഒന്നുകൂടിയതാണെന്നു ഞാൻ വിചാരിക്കുന്നുമില്ല. ഞാനിതിനെ എതിർക്കുന്നത്. എന്നാൽ ഒരു ചികിൽസാരീതിയെയും പ്രോൽസാഹിപ്പിക്കേണ്ട ആവശ്യമില്ലെന്നു പറയുന്നത് പ്രായമുള്ളതുകൊണ്ടു മാത്രമാകുന്നു. ഹോമിയോപ്പതിക്കു മറ്റുള്ള ആവശ്യമുണ്ടെന്നു മാപ്പിള മി: പ്രസിദ്ധപ്പെടുത്തുമാറു പിള്ള പറയുന്നു. ഒരു പ്രത്യേകതരം ചികിൽസക്ക ആവശ്യമുണ്ടെന്നു പറയുന്നതിൽ യുക്തിക്കു വളരെ അതിശയം തോന്നുന്നു. രോഗനിവാരണത്തിന് ആവശ്യമുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്, അല്ലാതെ ഒരു പ്രത്യേക ചികിൽസയ്ക്കു ആവശ്യമുണ്ടെന്നു കേട്ടിട്ടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഒരേയുരുക്കൊണ്ടുതന്നെ രോഗശമനം ഉണ്ടാക്കുമെന്നിരിക്കെ വല്ലവരും ശസ്ത്രക്രിയകൊണ്ടു രോഗശമനം വരുത്തുന്നതിൽ ഇപ്പോഴുള്ളവരെയിരിക്കുമോ എന്നു എനിക്കറിഞ്ഞുകൊള്ളാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതെല്ലാം സമ്മതിക്കുവാൻ ഞാൻ തയ്യാറാണ്. ഈ ചികിൽസകൊണ്ടു ശിശുക്കൾക്കു വളരെ ഗുണമുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. ഈ സംഗതിയെപ്പറ്റി വിശദമായി യോട്ടക്കുടി ആലോചിക്കണമെന്ന മാത്രമെ ഞാൻ പറയുന്നുള്ളു. അതു ഗുണകരമായിട്ടുള്ള ചികിൽസയാണെന്നു വരികിൽ ഇപ്പോൾ ഉള്ള ചികിൽസയോടു ചേർത്തു നടത്തണം. ഇപ്പോൾ ഉള്ള ഏർപ്പാടിനെ പൂർണ്ണമായി അതിനെ ഒരു സ്വതന്ത്രനിലയിൽ നടത്താൻ പാടില്ലെന്നാണു ഞാൻ പറയുന്നത്. ഹോമിയോപ്പതി മാത്രമായി ഗുണകരമായിട്ടുള്ള ഒരു ചികിൽസയാണെന്നുവരികിൽ, ജനറൽ ആശുപത്രിയിൽതന്നെ അതിനായിട്ടു ഒരു പ്രത്യേകവകുപ്പ് ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ക്ലിനിക്കൽ ലബോറട്ടറിസംബന്ധമായിട്ടുള്ള ക്ലിനിക്കൽ സ്ഥലങ്ങളിൽ പരീക്ഷണത്തിനുമായിട്ടാണ് ഇപ്രകാരം ചെയ്യുന്നതെന്നുവരികിൽ ഞാൻ നിശ്ചയമായിട്ടും ആ അഭിപ്രായത്തോടു യോജിക്കും. അപ്പോൾ ആ ആവശ്യത്തിന്റെ അർത്ഥം എനിക്കു മനസ്സിലാകും. എങ്കിൽ പൂർത്തിയായിട്ട ഒരു അംഗീകരണവും, സ്വതന്ത്രമായ ഒരു നിലയും കിട്ടണമെന്നാണ് ഇവിടെ അപേക്ഷിപ്പാനുള്ളത്. അപ്രകാരം അംഗീകരണവും സ്വാതന്ത്ര്യവും നൽകിയാൽ രോഗികൾ വളരെ ആശ്രയിക്കുമെന്നുള്ള തോന്നുന്നു. അതുകൊണ്ട് ഈ സഭ എല്ലാ സംഗതികളേയും നല്ലപോലെ ആലോചിക്കണമെന്നും, സങ്കടത്തെ ഇപ്പോഴത്തെ നടപടി തന്നെ തെറ്റായ മാർഗ്ഗത്തിൽക്കൂടിയാണെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ ഈ പ്രമേയത്തെ സ്വീകരിയ്ക്കുന്നപക്ഷം, ആയുർവ്വേദത്തിനും അല്ലോപ്പതിയ്ക്കും പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റുകളും ഏർപ്പെടുത്തേണ്ടിവന്നതുപോലെ ഹോമിയോപ്പതിയ്ക്കും പ്രത്യേകം ഡിപ്പാർട്ടുമെന്റു വേണമെന്നുള്ള ആവശ്യം ഉണ്ടാകുകയും നാം അതിനു വഴിപ്പെടേണ്ടതായിട്ടും വരികയുംചെയ്യും. അതിനു നാം തയ്യാറാണോ? വാദപ്രതിവാദം നടത്തുന്ന വിഷയത്തിന്റെ സ്വഭാവത്തെ നാം നല്ലപോലെ അറിഞ്ഞിരിക്കേണ്ടതാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): ഹോമിയോപ്പതിയ്ക്ക് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു ഏർപ്പെടുത്തുന്നതുകൊണ്ട് അല്ലോപ്പതി ഡിപ്പാർട്ടുമെന്റിനുള്ള ചിലവു കുറയുന്നപക്ഷം ഹോമിയോപ്പതിയ്ക്കു പ്രത്യേക ഡിപ്പാർട്ടുമെന്റു ഏർപ്പെടുത്തുന്നതിൽ എന്തു വിരോധമാണുള്ളത്?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഹോമിയോപ്പതിയ്ക്കു അതിന്റെ വിശിഷ്ടതകൊണ്ടുതന്നെ അതിന്റെ നിലയെ പരിപാലിക്കാൻ സാധിയ്ക്കുമെങ്കിൽ ഗവണ്മെന്റ് എന്തിനാണ് അതിനു സഹായിക്കുന്നത്? ഗവണ്മെന്റു എന്തിനായിട്ടു അതിനു പ്രോൽസഹനം നല്കുന്നു? ഗവണ്മെന്റിന്റെ സഹായമില്ലാതെ തന്നെ അതു് അഭിവൃദ്ധിപ്പെട്ടുകൊള്ളും. ഹോമിയോപ്പതി ഒരു നല്ല ചികിൽസയാണെന്നു വിചാരിച്ചു അതിനു പ്രോൽസാഹനം നൽകുന്നതുകൊണ്ടു നാം ശരിയായ മാർഗ്ഗത്തിൽ കൂടി പ്രവൃത്തിക്കുകയാണെന്നിരിക്കട്ടെ. എന്നാലും ഇതരസഹായം കൂടാതെ നമ്മുടെ സ്വന്തബലത്തിന്മേൽ നമുക്കു ജീവിക്കാമെങ്കിൽ ഗവണ്മെന്റു സഹായം യഥേഷ്ടമെന്തിനാണ്? സ്വശക്തിയില്ലാത്തതിനാണല്ലോ പിൻബലം വേണമെന്നവശ്യപ്പെടുന്നത്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): അങ്ങനെങ്കിലും അതു ഫലമാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പല തരത്തിലും മെഡിക്കൽ സഹായം നൽകുമല്ലോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): സമ്മതം; എന്നാൽ ചോദ്യത്തിനു പൂർത്തിയായിട്ടില്ല. ഗവണ്മെന്റു എല്ലാ ഡിപ്പാർട്ടുമെന്റുകളും ഏർപ്പെടുത്തിട്ടില്ലല്ലോ? ജനങ്ങൾക്കു മെഡിക്കൽ സഹായം നൽകുന്നതിനു മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചല്ല ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു; അല്ലോപ്പതി ഡിപ്പാർട്ടുമെന്റിനു ഇപ്പോൾ ഗവണ്മെന്റു നൽകുന്നതുപോലെയുള്ള പ്രോൽസാഹനം ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിനും നൽകണം എന്നുള്ളതിനെ സംബന്ധിച്ചാണ്.

മി: എം. ശിവതാണുപിള്ള (തോവാള): മെഡിക്കൽ സഹായം വർദ്ധിപ്പിക്കണമെന്നുള്ളതു ഞാനുദ്ധരിച്ചു പറഞ്ഞിട്ടില്ലയോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിനെപ്പറ്റിയാണ് പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. ജനങ്ങളെപ്പറ്റിയല്ല.

മി: എം. ശിവതാണുപിള്ള (തോവാള): എല്ലാ ചികിൽസകർക്കും അവയുടെ ആരംഭദശയിൽ ധന സഹായം നൽകുന്നത് ഒരു നല്ല ഗവണ്മെന്റിന്റെ കടമയാണല്ലോ?

മി: പി. കെ. പിള്ള (കുന്നാഗപ്പള്ളി): ആ ചികിൽസ മതിന്റെ ആരംഭദശയിലാണിരിക്കുന്നതെന്നു മി: എം. എൻ. പിള്ള പറയുന്നില്ലല്ലോ. ഇനിമേലാൽ ഇടയ്കിടയ്ക്കും അതിനു നല്ല പ്രചാരം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗം പറയുന്നതാണ്.

മി: എം. പി. പിറവിപെരുമാൾപിള്ള (കൃഷിവകുപ്പും-വ്യവസായവും, തെക്ക്): ഗവണ്മെന്റിന്റെ ഇതിനെ നടത്തുന്നതെങ്ങിനെയാണ്?

മി: എ. കെ. പിള്ള (കൊല്ലം-ഗ്രാമീണൻ): ഗവൺമെന്റ് ഇപ്പോൾ പറഞ്ഞതുപോലെ, ഈ സംഗതിയെപ്പറ്റി ഗവണ്മെന്റിനു വിശദമായിട്ടുള്ളതിനെയാണ് നേരത്തെ. ആ പ്രദേശങ്ങളിൽ നോക്കേണ്ടതിനും ഈ ഏർപ്പാടു അവരുടെ ശ്രദ്ധയെ ആകർഷിപ്പിക്കുന്നതിനും വിചാരിക്കുന്നില്ല. ആ സംഗതിയെ കൂടുതലായി വഷളാക്കുന്നതിനേയുള്ളൂ എന്നാണ് ഞാൻ വിചാരിക്കുന്നത്. ഇപ്രകാരം ചികിൽസ സമ്പ്രദായങ്ങളെ അപേക്ഷിച്ചു ഹോമിയോപ്പതിക്കു കുറച്ചു കൂടുതൽ ഫീസും കുറവുണ്ടെന്ന് എനിക്കറിയാമെങ്കിലും അതിനെ എനിക്കറിയാമെങ്കിലും അതിനെ സ്വീകരിക്കുന്നതിനു ഞാൻ പോരുത്തമായി തീരുന്നില്ല. അതു രോഗമില്ലാതാക്കുന്നതിനു മുമ്പുള്ള നല്ലതാണെങ്കിൽ ജനങ്ങൾ അതിനെ സ്വീകരിച്ചുകൊള്ളട്ടെ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മെംബറിന്റെ വാദത്തിൽനിന്നും അല്ലോപ്പതിയിലും, ആയുർവേദത്തിനും ഗവണ്മെന്റു സഹായം നൽകേണ്ട ആവശ്യമില്ലെന്നു അർത്ഥമാകുന്നില്ലയോ?

മി: പി. കെ. പിള്ള (കുന്നാഗപ്പള്ളി): ഞാൻ പറഞ്ഞ നിലയും അതാണ്. ആയുർവേദചികിൽസയും, അല്ലോപ്പതി ചികിൽസയും ഇപ്പോൾ ഗവണ്മെന്റു നൽകിക്കൊണ്ടിരിക്കുന്ന പ്രോൽസാഹനത്തെ നിറുത്തണമെന്നു ഞാൻ ആവശ്യപ്പെട്ടിന്നില്ല. എന്നാൽ, ആയുർവേദചികിൽസയും അല്ലോപ്പതിചികിൽസയും ഇപ്പോൾ ഗവണ്മെന്റപ്രോൽസാഹനത്തെ സംബന്ധിച്ചേടത്തോളം പിൻപലിക്കുക എന്നുള്ള നയത്തെ ഗവണ്മെന്റു സ്വീകരിക്കേണ്ടതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): ശാസ്ത്രീയമായ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനു ഒരു ഡാക്ടർ കുഞ്ഞൻപിള്ളയുടെ ആവശ്യമുണ്ടാകേണമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: പി. കെ. പിള്ള (കുന്നാഗപ്പള്ളി): ഗവണ്മെന്റു മുന്നു സംഗതികളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു പ്രയോജനപ്പെട്ടവരാകുന്നു, അതിൽ ആദ്യത്തേതു ജനങ്ങൾക്കു ഓരോ കാര്യങ്ങളേടേയും ഗുണദോഷങ്ങളെ മനസ്സിലാക്കി അതിൽനിന്നും ഓരോന്നു തിരഞ്ഞെടുക്കുന്നതിനും, വൈദ്യസഹായം കൂടാതെ സ്വയംപര്യാപ്തരായിരിക്കുന്നതിനും, വേണ്ട വിദ്യാഭ്യാസം നൽകുന്നതാകുന്നു. എന്റെ സുഹൃത്തുക്കളായ മി: പി. കെ. നാരായണപിള്ളയുടേയും മി: കുമാരപിള്ളയുടേയും അഭിപ്രായങ്ങളെ ഞാൻ സ്വീകരിക്കുന്നതായാൽ അവർ രണ്ടുപേരും ഇപ്പോഴത്തെ ചികിൽസാസമ്പ്രദായത്തെ ആക്ഷേപിക്കയാണു ചെയ്യുന്നത്. ഇപ്പോഴത്തെ ചികിൽസാസമ്പ്രദായത്തെ ആക്ഷേപിക്കുന്ന അവരെ ഗവണ്മെന്റു കൂടുതലായിട്ടു സഹായം നൽകണമെന്നവശ്യപ്പെടുന്നതിനു എന്തധികാരമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. അവരുടെ വശം അബദ്ധമായിട്ടുള്ളതല്ലയോ? ഗവണ്മെന്റു രക്ഷാധികാരം സ്വീകരിച്ചു അല്ലോപ്പതി ഡാക്ടറന്മാർ ഉപ്പിക്കുന്നതിനു കാരണമായിത്തീർന്നു എന്നാണ് അവർ പറയുന്നത്. ഇപ്പോൾ അവർ ഹോമിയോപ്പതി ഡാക്ടറന്മാരേയും സഹായിച്ചു ഉപ്പിക്കുന്നതിനാണു തെരഞ്ഞെടുക്കുന്നത്. ഞാൻ പറയുന്നു "അല്ലോപ്പതിക്കാരോടു അതു നില്ക്കട്ടെ, അവരുടെ കാര്യത്തിലും സാധ്യമാകുന്നതിൽ നിങ്ങളും നിങ്ങളുടെ സഹായത്തെ പിൻവലിച്ചുകൊള്ളണം, ഹോമിയോപ്പതി അതിന്റെ ശ്രേഷ്ഠതകൊണ്ടുതന്നെ നന്നായിരിക്കട്ടെ" എന്നാണ്. ഇപ്രകാരം പ്രവൃത്തിക്കുമ്പോൾ ഗവണ്മെന്റു വളരെ ജാഗ്രതയോടുകൂടി പ്രവൃത്തിക്കേണ്ടതാണെന്നുകൂടി പറഞ്ഞു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു. ഇപ്രകാരം പ്രവൃത്തിയ്ക്കുന്നതിൽ എന്തെല്ലാം കുഴപ്പങ്ങൾ ഉണ്ടാകുന്നതെന്നു ഈ സഭക്കുടി അറിഞ്ഞിരിക്കണം.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഹോമിയോപ്പതി സ്ഥാപനങ്ങൾക്കു ധാരാളം സഹായധനം നൽകണമെന്നുള്ള ഒരപേക്ഷയോടുകൂടിയാകുന്നു ഡാക്ടർ എം. എൻ. പിള്ള സഭയിൽ ഹാജരായിരിക്കുന്നത്. (ഉടയവുചെയ്യൂർ ഉറക്കെപ്പറയണേ) കഴിഞ്ഞ വളരെ കൊല്ലങ്ങളായിട്ടു ഹോമിയോപ്പതിചികിൽസ നടത്തിപ്പോരുന്ന ഡാക്ടർ എം. എൻ. പിള്ള ഇപ്രകാരമുള്ള പ്രമേയത്തെ ഈ സഭയിൽ ഹാജരാക്കിയത് എന്തിനായിട്ടാണെന്നു നമുക്കെല്ലാവർക്കും നല്ലപോലെ മനസ്സിലാകുന്നുണ്ട്. ഒരു ചികിൽസാസമ്പ്രദായത്തെന്ന സ്ഥിതിക്കു ഹോമിയോപ്പതിയെപ്പറ്റി ഗ്രണദോഷനിരൂപണം ചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല.

മി: എൻ. പിറവിപെരുമാൾപിള്ള (കൃഷിവകുപ്പും-വ്യവസായവും, തെക്ക്): അല്ലോപ്പതി ഇപ്പോൾ സംസാരിക്കുന്നത് അല്ലോപ്പതിന്റെ വേണ്ടിയാണോ അതോ ഗവണ്മെന്റിന്റെ വേണ്ടിയാണോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ പറയുന്നതിനു മുമ്പുവൻ കേട്ടതിനുശേഷം മെമ്പർക്കു എന്നോടു ചോദ്യങ്ങൾ ചോദിക്കാം.

മി: എസ്. പിറവിപെരുമാൾപിള്ള (കൃഷിവകുപ്പും-വ്യവസായവും, തെക്ക്): ഉദ്യോഗസ്ഥന്മാർക്കായി ഇട്ടിട്ടുള്ള കസേരകളിൽ ഒന്നാമത്തെ വരിയിൽ ഇരിക്കുന്ന മെമ്പറാന്മാർ സംഭാഷണമായിട്ടു ഗവണ്മെന്റിനു വേണ്ട സംസാരിക്കുകയാണെന്നു പതിവു. ഇപ്പോൾ ഫിനാൻഷ്യൽ സെക്രട്ടറി സംസാരിക്കുന്നതു അല്ലോപ്പതിന്റെ വേണ്ടിയാണോ അതോ ഗവണ്മെന്റിന്റെ വേണ്ടിയാണോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): സർ, ഞാൻ ഇതേവരെ ഒന്നുതന്നെ പറഞ്ഞില്ല. ഞാൻ ഒരഭിപ്രായവും പുറപ്പെടുവിച്ചിട്ടില്ല. മെമ്പറിന്റെ ഉപദേശമാകുന്ന അവസരം നോക്കിയിട്ടു പറയുന്നതു. ഈ സഭയ്ക്കു ഒരു മുന്നറിവു തരണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. നാളെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ള പ്രമേയം ഇപ്രകാരമാകുന്നു.

[illegible] ഡോക്ടറിനെ എടുത്തു സ്വാധീനിച്ചിരിക്കുന്നു. [illegible] കരുതിയിരുന്നു. [illegible] ചെയ്യുകയും ചെയ്തു. [illegible] രിയോ പറിച്ചുകളയുന്നതിനു വേണ്ടിയോ സഹായത്തിനു വിളിച്ചു. [illegible] ഹോപ്പോപ്പിച്ചിരിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു കൊണ്ടു [illegible] ചെയ്തു.

ശ്രീ. പി. ശ്രീധരൻ പിള്ള (ഡിസ്ട്രിക്ട് ഡിസ്പെൻസറി) എന്നു പറയുന്നതിനു പകരം ഡിസ്ട്രിക്ട് ഡിസ്പെൻസറി എന്നു പറയുന്നതാണു ശരിയെന്നു തോന്നുന്നു. ഡിസ്പെൻസറി എന്നു പറയുന്നതിനു പകരം ആശുപത്രി എന്നു പറയുന്നതാണു നല്ലതെന്നു തോന്നുന്നു. ഡിസ്പെൻസറിയിൽ ഡോക്ടർ എം. എൻ. പിള്ളയുടെ [illegible] ഹാജരില്ല. പറഞ്ഞതിനു നിർവ്വഹിച്ചുപോരുന്നു: അല്ലെങ്കിൽ [illegible] അദ്ദേഹം [illegible] ചേരും (സന്തോഷത്തോടെ ചേരും) അല്ലെങ്കിൽ പറയുന്നില്ല. അങ്ങനെയുള്ള [illegible] ഞാനിപ്പോൾ പറയുന്നു. എന്നാൽ, ഗവണ്മെന്റ് സഹായധനം [illegible] എഴുതിക്കൊടുക്കുന്നതിനു [illegible] ചെയ്യുന്നതിനു വളരെ പ്രയാസം നേരിടും എന്നു [illegible]

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): [illegible] പറഞ്ഞു തുടങ്ങിയപ്പോൾ [illegible] ചെയ്യുന്നതിനു [illegible] ഞാൻ [illegible]

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-തോപ്പിൽഭാസി): ശരിയായ പരീക്ഷയ്ക്കുള്ള ഡിസ്പെൻസറി ഡോക്ടറെ [illegible] അവർക്ക് സഹായധനം നല്കണമെന്നു [illegible] ഇതു [illegible] ഞങ്ങളുടെ [illegible]

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): പ്രത്യേകത്തിനോ [illegible] രാമചന്ദ്രൻ സഹായധനം നല്കണമെന്നും ചികിത്സാ മന്ദിരങ്ങളും ഔഷധശാലകളും ഏർപ്പെടുത്തണമെന്നും പറഞ്ഞു. ഈ ചികിത്സനടത്തുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഡോക്ടർമാർക്കു ചികിത്സിക്കുന്നതിനു [illegible] ഇപ്പോൾ ഡോക്ടർമാർ ഉണ്ടോ എന്ന നിശ്ചയമായ അറിവു ലഭിക്കുന്നതിനു മുൻപു ഈ പ്രത്യേകത്തിനു [illegible] ഗവണ്മെന്റിനു സഹായിക്കാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതിനു ഡോക്ടർമാരെക്കൊണ്ടു [illegible] ഞാൻ വിശ്വസിക്കുന്നു.

ശ്രീ: എസ്. പിറവിപ്പെരുമാൾപിള്ള (കുടിവെടം-വ്യവസായം, [illegible]): പരീക്ഷയ്ക്കുള്ള ഡിസ്പെൻസറി ഡോക്ടറെയും [illegible] സഹായധനം നല്കുകയുള്ളൂ" എന്ന [illegible] ഗവണ്മെന്റിനു സഹായിക്കാൻ പറ്റില്ലയോ എന്നു ഞാൻ ചോദിക്കുന്നു.

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ ഈ ചോദ്യത്തിനു ഉത്തരം പറയണമെന്നു മെമ്പർ ഉദ്ദേശിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-തോപ്പിൽഭാസി): പരീക്ഷയ്ക്കുള്ള ഒരു ഡോക്ടറും ഇല്ലെന്നാണോ മെമ്പർ പറയുന്നത്?

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അങ്ങിനെ പറയുന്നില്ല.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-തോപ്പിൽഭാസി): പിന്നെ എന്തുകൊണ്ടു ഈ പ്രത്യേകത്തിന്റെ [illegible] സഹായധനം നല്കിക്കൂടാ?

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): കാര്യം പണച്ചിലവുള്ള [illegible] ആണ്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-തോപ്പിൽഭാസി): ശരിയായ പരീക്ഷയ്ക്കുള്ള ഡിസ്പെൻസറി ഡോക്ടറെങ്കിൽ മാത്രം ഗവണ്മെന്റ് അവർക്ക് പ്രോത്സാഹനം നൽകിയാൽ മതി.

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): മെഡിക്കൽ ഡിപ്പാർട്ടുമെന്റിനു [illegible] ഞങ്ങളുടെ [illegible] ഇടുന്നതുപോലെ ഇടുന്നതിനു എളുപ്പം തീരുമാനിക്കുന്നതിനു വേണ്ടിയാണു ഈ [illegible] ഞാൻ ഇപ്പോൾ പറയുന്നുള്ളൂ.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചൽ-തോപ്പിൽഭാസി): ആ മുൻകരുതൽ എന്താണു?

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചതിനുശേഷം നിങ്ങൾക്കു ചോദ്യങ്ങൾ ചോദിച്ചു കൊള്ളാം. ഈ പ്രശ്നത്തെപ്പറ്റി പിന്നീടു [illegible] മെമ്പർമാരിൽ ചിലർ—

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം) മെമ്പർ:—

ശ്രീ: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അക്കാര്യം സൂചിപ്പിച്ചതിനു ശേഷം ചോദ്യങ്ങൾക്കുത്തരം പറയാം. അക്കാര്യത്തിനു [illegible] ഞാൻ ഉത്തരങ്ങൾ പറയാം.

സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിനു വിരോധമായിട്ടു ചിലദോഷങ്ങൾ [illegible] ചെയ്യപ്പെടുകയുണ്ടായി. ഈ സഭയിലെ ചില അംഗങ്ങൾക്കു ഹോമിയോപ്പതി ചികിത്സയോടു പ്രതിപത്തിയുണ്ടായി പോയിട്ടുണ്ടെന്നു തോന്നുന്നു. എവിടെയൊരു ഒരു സ്ഥലത്തും പരിഷ്കൃതരായിട്ടുള്ള ഡോക്ടർമാർ കീഴിലിരിക്കുന്ന ആശുപത്രിയ്ക്കു സഹായധനം നൽകി വരുന്നു എന്നു ഒരു ദൃഷ്ടാന്തം പറയുന്നതു [illegible] കുന്നു. അപ്രകാരമൊരാശുപത്രി ഉണ്ടായിരിക്കാൻ തരമില്ലെന്നു ഗവണ്മെന്റ് മെമ്പർ പറഞ്ഞിട്ടുണ്ട്. ഒരു പക്ഷേ അപ്രകാരമുള്ള ഒരാശുപത്രി ഉണ്ടെന്നു വച്ചുകൊണ്ടുതന്നെയും അതു ചോദ്യമുള്ള നിസ്സാരമായ ഏതാനും ദൃഷ്ടാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ [illegible] ആക്ഷേപിക്കുന്നതിനും [illegible] ഒരു പണച്ചിലവിനിടവരുത്തുവാനുള്ള ഒരു പുതിയ ചികിത്സാ സമ്പ്രദായത്തെ നടപ്പിൽ വരുത്തുന്നതും ഇടയ്ക്കുന്നതു ആശ്വാസമല്ല. നാം പണം ചിലവിടുമ്പോൾ അതിൽനിന്നും നമുക്കു നല്ല ആദായം ഉണ്ടാകുമോയെന്നാണു നാം വിചാരിക്കേണ്ടതു.

[illegible]

മി: എം. എൻ. പിള്ള (തിരുവനന്തപുരം): [illegible]

മി: എം. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഹോമിയോപ്പതി ഡോക്ടർമാർ ചെയ്യുന്ന ഓപ്പറേഷനുകൾ ഒന്നുകൊണ്ടും ഇതുവരെ ഒരു ചികിത്സയും നടത്തിയിട്ടില്ലാത്ത ഡോക്ടർമാർ ചെയ്യുന്നതിനെ ഞാൻ ആക്ഷേപിക്കുന്നില്ല. ഈ പറഞ്ഞ ഓപ്പറേഷനുകൾ ചെയ്യുന്നതിനുള്ള അനുവാദം ഹോമിയോപ്പതി ഡോക്ടർമാർക്ക് കൊടുക്കുന്നതിനെയാണ് ഞാൻ എതിർക്കുന്നത്. [illegible]

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, നടപടിക്രമത്തെ ചോദിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. ഒരു ചോദ്യത്തിന് പലപ്രാവശ്യം ചോദ്യകൊണ്ടു ഉത്തരം പറയാമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മെംബർക്ക് അതിന്റെ ശതമാനം അറിഞ്ഞാൽ മതിയല്ലോ. കൊല്ലത്തായിലുള്ള കൊച്ചുവറുത സ്ഥാപനങ്ങളിൽ പഠിച്ചു വന്നിട്ടുള്ളവരായി ഡിപ്പാർട്ടുമെന്റിൽ പല ഡോക്ടർമാരും ഉണ്ട്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): മെഡിക്കൽ ഡിപ്പാർട്ടുമെന്റിലുള്ള ഡോക്ടർമാരുടെ പരീക്ഷയെപ്പറ്റിയും സിവിൽ ലിസ്റ്റിലുണ്ട്. ഈ സഭക്ക് അതിൽനിന്നും അറിഞ്ഞുകൊള്ളാമല്ലൊ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഈ പ്രമേയത്തെ പിൻതാങ്ങുന്നതോടുകൂടി ഒരു പ്രസംഗം നടത്തുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഈ നിർദ്ദേശമായിട്ടുള്ള പ്രമേയത്തെ ഗവണ്മെന്റുദ്യോഗത്തിലുള്ള ചില മെംബറന്മാരും മറേറ ഗോത്രത്തിലുള്ള ചിലമെംബേറന്മാരും വളരശക്തിയോടുകൂടി എതിക്കുന്നതു കണ്ടപ്പോൾ ഈ പ്രമേയത്തെ പിൻതാങ്ങുന്നതിനു എന്റെ ചെറുവിരൽ ഒന്നു കൊടുക്കണമെന്നു തോന്നി. ഹോമിയോപ്പതിയെപ്പറ്റി വലിയ പ്രമാണത്തോടുകൂടിപ്പറയുവാൻ സംസാരിക്കാൻ ശക്തിയില്ലെങ്കിലും ഈ ചികിത്സയെ സംബന്ധിച്ചുള്ള എന്റെ അനുഭവത്തിൽനിന്നും ഇത്ര ജനങ്ങളുടെ ഇടയിൽ നാട്ടിൽ പ്രചരത്തിലിരിക്കുന്നതാണെന്നു ഞാൻ പറയുന്നു. ചിലരോഗങ്ങളുടെ ചികിത്സയിൽ ഹോമിയോപ്പതി വളരെ ഗുണകരമായിട്ടുള്ളതാണെന്നു കാണുന്നു. പ്രത്യേകിച്ചും ശിശുക്കളുടെ ചികിത്സയിൽ അത് വളരെ ഫലപ്രദമായിട്ടുള്ളതാകുന്നു. അടുത്തു ഇവിടെ പറഞ്ഞതു പോലെ കണ്ണുകൊള്ളാത്ത രോഗങ്ങൾക്കുവേണ്ടിയും ഹോമിയോപ്പതി ഔഷധം പ്രയോഗിക്കണമെന്നു അവരുടെ അഭിപ്രായപ്പെടുന്നു. നേരെമറിച്ചു അല്ലോപ്പതി ഔഷധങ്ങളേക്കാളും അവരെകൊണ്ടു സേവിപ്പിക്കുന്നതു വലിയ പ്രയാസമുള്ളതാകുന്നു. ശൈശവസ്ഥയിൽ പെറിയമാതാക്കളുടെയും കണ്ണുള്ളവരുടെ പനി തുടങ്ങിയുള്ള സുഖക്കേടുകളും ഉണ്ടാകുന്നതായി നാം കാണുന്നുണ്ട്. അപ്പോൾ കുട്ടി അവരുടെ സമീപത്തേക്കു സ്വാഭാവമായി ഓടി എത്തിനു അതിനു ഹോമിയോപ്പതി ഔഷധം വേണമെന്നവേശ്യപ്പെടുന്നു. "അവരോടു എനിക്കു പറയാനുണ്ട്, അല്ലോപ്പതിക്കു എനിക്കു ഇഷ്ടമല്ല" എന്നു കുട്ടി പറയുന്നു. അയിഡത്തിലുകൂടി കുട്ടികൾ ഈ ഔഷധങ്ങൾ ആവശ്യപ്പെടുന്നു. അതു ഇഷ്ടപ്പെടുന്നതു ഫലപ്രദമായിട്ടുള്ളവയാകുന്നു. കുട്ടികൾ അല്ലോപ്പതി സേവിച്ചാലുടൻ രോഗമിരുകരയിലിരിക്കുന്നു.

[illegible]

[illegible]

[illegible]

യോഗ്യനായി ചികിത്സ സ്ഥാപിച്ചിട്ടുള്ളപ്പോൾ അതിനെ അല്ലോപ്പതിക്കാരെല്ലാംകൂടി ഉപദ്രവിക്കുകയും, കഴിയുന്നേടത്തോളം മറ്റാരാളുടെയും ചികിത്സ കിട്ടുന്നതിനു തടസ്സം ചെയ്കയും, കൂടുതലും കഷ്ടപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ അല്ലോപ്പതിക്കാരിൽ ഡാക്ടർ ഹനിമാനോടും ഹോമിയോപ്പതിയോടും അല്പം മയപ്പെട്ടിട്ടുണ്ട്. എന്നാൽ അതുകൊണ്ടു കുഴപ്പമൊന്നുമില്ല. ഈ അല്ലോപ്പതി ഡാക്ടറന്മാരെല്ലാം, ഹോമിയോപ്പതി പഠിച്ചു ചികിത്സചെയ്യുകയാണെങ്കിൽ അവരിൽ ആറിനു് തുല്യനായിട്ടെങ്കിലും ഹോമിയോപ്പതി ചികിത്സതന്നെ നടത്തുന്നതിനു സംശയമില്ല. ഹോമിയോപ്പതിയുടെ ഗുണദോഷങ്ങളെ പരീക്ഷിക്കുവാനായിട്ടു് ഇരുപതുകൊല്ലത്തിനു മുമ്പായിട്ടു് ഡാക്ടർ ഹനിമാൻ ഒട്ടുവളരെ ഹോമിയോപ്പതിയെ പഠിപ്പിച്ചു ഹോമിയോപ്പതി ചികിത്സതന്നെ നടത്തുന്നതായി എന്റെ അഭാവത്തിൽ നിന്നും എനിക്കറിയുവാനിടയുണ്ട്. ഈ വിധം ഡാക്ടറന്മാരുടെ അഭിപ്രായങ്ങളെ എനിക്കു ഉല്ധരിക്കാൻ സാധിക്കും. ഇക്കാര്യത്തിലെ ഒരു ജർമ്മൻകാരനായ ഡാക്ടർ ഹാഹ്നമാൻ്റെ ഇപ്രകാരം പറയുന്നു:—

"ഹോമിയോപ്പതി ഔഷധങ്ങളും ഉപയോഗിക്കുന്നതിൽ നിന്നും പലസംഗതികളും പരീക്ഷിച്ചറിയുന്നതിനു എനിക്കു അവസരം ലഭിച്ചിട്ടുണ്ട്."

പ്രൊഫസർ ബിസ്മ്ഹ് പറയുന്നു:—

"ഔഷധങ്ങളെ സംബന്ധിച്ചു് ഡാക്ടർ ഹനീമാൻ ബഹുമാനപ്പെട്ട ഒരു കീർത്തി നേടീട്ടുണ്ട്."

ഡാക്ടർ ക്രൂസ്സ് പറയുന്നു:—

"ഹനിമാന്റെ നിരീക്ഷണശക്തിയേയും സങ്കല്പനാവൈഭവത്തേയും എനിക്കു ബഹുമാനിക്കാതിരിക്കാൻ നിവൃത്തിയില്ല."

പ്രൊഫസ്സർ മാർഷൻ ഡിക്കാലി പറയുന്നു:—

'ഇതിനെസംബന്ധിച്ചുള്ള അറിവുകൊണ്ടു നാം ഹോമിയോപ്പതിക്കാരോടു കടമപ്പെട്ടിട്ടുള്ളവരാകുന്നു."

മി: എസ്. പിറ്റ്ചിപെരുമാൾപിള്ള (കച്ചവടം-വ്യവസായം, തെക്കു്): ഡാക്ടർ ഹച്ചിൻസൺ എന്തു പറയുന്നു?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മദ്രാസിലെ ഹോമിയോപ്പതി പ്രീ ഡിസ്പെൻസറിയിൽവച്ചു ഡാക്ടർ ഹനിമാന്റെ വാർഷികോത്സവം ഇന്നലെ നടന്നു. സർജൻ ജെനറലായ, മേജർ ജനറൽ ഹച്ചീൻസൺ ആയിരുന്നു അദ്ധ്യക്ഷം വഹിച്ചു.

മി: എം. ശിവരാമപിള്ള (തോവാള): ഇവിടത്തെ വാദം ഹോമിയോപ്പതിയുടെ ചികിത്സാമൈന്യത്തെപ്പറ്റിയല്ലെന്നും തിരുവിതാംകൂറിലെ ഹോമിയോപ്പതി ഡാക്ടറന്മാരുടെ ദീക്ഷയെത്തെ സംബന്ധിച്ചാണെന്നും ഞാൻ മെമ്പറിനോടു പറഞ്ഞുകൊള്ളുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ ഹോമിയോപ്പതി ഡാക്ടറന്മാർക്കു ദീക്ഷയില്ലെന്നു ഞാൻ തെളിയിക്കാം. എന്റെ പ്രസംഗത്തെ സംബന്ധിച്ചു് അതിനു പള്ളിക്കൂടം കുട്ടികളുടെ ഇൻപിരേഷൻ പ്രസംഗിക്കുന്നതേയുള്ളൂ എന്നു മിസസ്സ് പൂക്കോസ്പറഞ്ഞു.

മിസസ്സ്. എം. പൂന്നൻ പൂക്കോസ് (സീനിയർ സർജൻ, വിമൻസ്മെഡിക്കൽ സർവീസ്): സർ, ഞാനെ അപ്രകാരം പറഞ്ഞില്ല. അതു പള്ളിക്കൂടം കുട്ടികൾക്കു തയാറാക്കിയതാണെന്നു ഞാൻ പറഞ്ഞില്ല. ഒരു ഹോമിയോപ്പതി പള്ളിക്കൂടത്തിൻ്റെ ഉൽഘാടനകൃത്യം നടത്തുമ്പോൾ ഈ പ്രസംഗം ചെയ്തിരുന്നാൽ അതു വളരെ രസകരമായിരിക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): കുഴിവുള്ളിടത്തോളം ഹോമിയോപ്പതിയുടെ ശാസ്ത്രീയതത്വങ്ങളെ വിവരിക്കുന്നതിനും, ഈ ചികിത്സാ സമ്പ്രദായം ഇതരചികിത്സകളെ അപേക്ഷിച്ചു കൂടുതൽ ഗുണമുള്ളതാണെന്നു ഈ സംഗതികളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ഞാൻ ഒരു പ്രസംഗംചെയ്തു, അതു മാത്രം അതിനെപ്പറ്റി പറയേണ്ടതായ എന്റെ ചുമതലയാകുന്നു. ഉദ്യോഗസ്ഥന്മാരിൽനിന്നു പ്രധാനമായി പുറപ്പെട്ടുവന്ന ആക്ഷേപം ഹോമിയോപ്പതിയിലെ നല്ല പരിക്ഷായോഗ്യതയുള്ള ഡാക്ടറന്മാരില്ലെന്നുള്ളതുകൊണ്ടു സ്വന്തമായ ഉദ്ദേശിച്ചുള്ള ഞാൻ ഈ പ്രമേയത്തെ ഹാജരാക്കീട്ടുള്ളതെന്നു ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞു. ഇനി ഞാനാരംഭിക്കുന്ന ഹോമിയോപ്പതി നിരവധി ഗുണം ചെയ്യുകൊണ്ടിരിക്കുന്നുവെന്നും അതുകൊണ്ടു ആ ചികിത്സക്കുള്ള ആധിക്യം വർദ്ധിച്ചിട്ടുണ്ടെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. ഹോമിയോപ്പതി ചികിത്സ ഗുണം ചെയ്യുന്നില്ലെന്നു ഇതുവരെക്കും തന്നെ, മിസ്സസ് പൂക്കോസിനുപോലും, പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. ശിശു ചികിത്സക്കു അനവധി അല്ലോപ്പതി ഡാക്ടറന്മാർ ഹോമിയോപ്പതി സ്വീകരിച്ചിട്ടുള്ളതായി എനിക്കറിയാം. മിസ്സസ് പൂക്കോസുപോലും അപ്രകാരം ചെയ്തിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്സസ്: എം. പൂന്നൻപൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസ്): ഞാൻ ഇതേവരെ അപ്രകാരം ചെയ്തിട്ടില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അപ്രകാരം ചെയ്യുന്നതുകൊണ്ടു അല്ലോപ്പതിക്കു് മാനഹാനിസംഭവിക്കുന്നില്ല. ദോഷകരവുമുള്ള ചികിത്സയാകുന്ന ഹോമിയോപ്പതി ചികിത്സ, വളരെ കുറവായിട്ടേ ഹോമിയോപ്പതിചികിത്സപ്രകാരം രോഗികൾക്കു വിഷമമായി ഔഷധങ്ങളും കൊടുക്കുന്നുള്ളൂ. യൂറോപ്യൻ യൂണിവേർസിറികളിൽ പഠിച്ചു അനേകം അല്ലോപ്പതി ഡാക്ടറന്മാർ ഹോമിയോപ്പതിപ്രകാരം ചികിത്സിക്കുന്നതായി നാം കാണുന്നു. യൂറോപ്പിൽ എം. ബി. സിഎച്ച്. ബി. എസ്. എക്സ്. ആർ. സി. പി. എന്നി പരീക്ഷകളിൽ പാസ്സായിട്ടുള്ള ഏതാണ്ടു ഡാക്ടറന്മാരും മറ്റു ചില അല്ലോപ്പതി ഡാക്ടറന്മാരും, സമീപകാലത്തു മദ്രാസിൽ ഹോമിയോപ്പതിചികിത്സ ഇടങ്ങീട്ടുണ്ട്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻ്റ് ഫിനാൻഷ്യൽ സെക്രട്ടറി): തിരുവനന്തപുരത്തു വല്ല ആളുകളും ഉണ്ടോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആവശ്യമുണ്ടെങ്കിൽ വളരെ ആളുകൾ ഉണ്ടായിരുന്നാലും.

പരിക്ഷായോഗ്യതയുള്ള ഡാക്ടറന്മാരുടെ കുറ്റപ്പെടുത്തലിനെ പറ്റിയും, ഡിസ്പെൻസറിയിൽ ഹോമിയോപ്പതി പഠിപ്പിക്കുന്ന ഒരു കോളേജ് കൽക്കട്ടയിലുണ്ട്. അതിനെ ഗവണ്മെന്റ് അംഗീകരിച്ചിട്ടില്ലെന്നുള്ള കാരണത്തിൻമേൽ അവർ നൽകുന്ന ബിരുദത്തിനെ നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ—

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മാവേലിക്കരയിൽ ഒരു കോളേജുണ്ടെന്നു ഞാൻ മെംബറിനോടു പറഞ്ഞുകൊള്ളുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അലോപ്പതിയുള്ള കോളേജുകളും പരസ്പരമുള്ള വിദ്വേഷങ്ങളുമുണ്ട്. ഈ രാജ്യത്തു ഹോമിയോപ്പതിക്ക് വേണ്ടപ്രോത്സാഹനം നൽകുന്നപക്ഷം അലോപ്പതി പരസ്പരമുള്ള വിദ്വേഷം ഉണ്ടാകും. ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു ഈ മിസ്രിതമുണ്ടാകുന്നതു തടയുകയുള്ളൂ. ഇപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലിരിക്കുന്ന ഡാക്ടറന്മാരിൽ ചിലരെങ്കിലും ഹോമിയോപ്പതി പഠിക്കുവാൻ പോയി ഹോമിയോപ്പതി പരിക്ഷവശമാക്കി ഗവണ്മെൻറ് നിയോഗിക്കട്ടേ. പിന്നീട് ഈ പ്രത്യേക ഡിപ്പാർട്ടുമെൻറ് ഏർപ്പെടുത്തുന്നതാവുന്നതാണ്. ഈ ചികിത്സയെപ്പറ്റി സാമാന്യമായ, ശരിയായ പരിക്ഷായോഗ്യതയുള്ള ഡാക്ടറന്മാരെ കിട്ടുമോ എന്നുള്ളസംശയമോ ഗവണ്മെൻറിനുണ്ടെങ്കിൽ, ഒരു വലുപ്പമുള്ള ഒരു പ്രത്യേകം വാർഡുതുടങ്ങി അതിൽ രോഗികളെ കിടത്തി ഹോമിയോപ്പതിക്രമം ചികിത്സിച്ചു അതിന്റെ ഫലത്തെ കണ്ടറിയാവുന്നതാകുന്നു. അപ്രകാരം ചെയ്യുമ്പോൾ ഇതിനെപ്പറ്റിയുള്ള സംശയങ്ങൾ എളുപ്പത്തിൽ നിങ്ങുന്നതും അതിന്റെ കുഴപ്പങ്ങളെല്ലാം എളുപ്പത്തിൽ മനസ്സിലാകുന്നതുമാകുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുലവടം-വ്യവസായം, തെക്ക്): മി: സുബ്രഹ്മണ്യപിള്ളയോടിച്ചു ഉപോല്പലകതാഴിലില്ലായ്മയ്ക്കു ഇതിനാൽ വല്ല പരിഹാരങ്ങളും ഉണ്ടാകുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): എന്റെ ഈ പ്രമേയത്തെ പിൻതാങ്ങിയതിനായി ഞാൻ ഈ സഭയിലെ ഉദ്യോഗസ്ഥന്മാരല്ലാത്ത മെംബറന്മാരോടു നന്ദിപറഞ്ഞുകൊള്ളുന്നു. ഇതിനും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഈ സഭയുടെ വോട്ടിനിടണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മിസ്സസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ്മെഡിക്കൽ സർവ്വീസ്): ഞാൻ മുൻപു പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല. മി: എം. എൻ. പിള്ളയുടെ പ്രസംഗത്തെ സംബന്ധിച്ചു ഞാൻ പറഞ്ഞവാക്കുകളിൽനിന്നും ഈ സഭയിലെ ഏതാനും അംഗങ്ങൾക്കു ചില തെറ്റിധാരണകളുണ്ടായിട്ടുള്ളതിനെ മാറണമെന്നുമാത്രം ഞാൻ ആഗ്രഹിക്കുന്നു. മി: എം. എൻ. പിള്ള, ഹോമിയോപ്പതിയെ ഈ സഭാംഗങ്ങളും സ്വീകരിക്കേണ്ടതിലേക്കായി തിരുവിതാംകൂറിൽ അതിനെപ്പറ്റി നടത്തപ്പെട്ടിട്ടുള്ള പരീക്ഷയുടെ ഫലം പറയുകയും വിവരങ്ങളും പറഞ്ഞിട്ടില്ലെന്നും, ഗോകത്തിലെ മറ്റുരാജ്യങ്ങളിൽ ഹോമിയോപ്പതി ചികിത്സ എന്തെല്ലാം സംഗതികൾ നടത്തിട്ടുണ്ടെന്നുമാത്രമേ പറഞ്ഞുള്ളു എന്നുമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. ഈ പ്രമേയത്തെ പിൻതാങ്ങിപറഞ്ഞ മിക്ക മെംബറന്മാരും ഹോമിയോപ്പതി ചികിത്സയിൽ വളരെ ഗുണകരമായിട്ടുള്ളതായിട്ടുണ്ടെന്നു പറഞ്ഞു. അല്ലാ ഇപ്പോൾ ചികിത്സയിൽ വളരെ ഗുണകരമായിട്ടുള്ളതായിട്ടുണ്ടെന്നു പറഞ്ഞു. അല്ലാ ഇപ്പോൾ കുഴപ്പമായിട്ടുള്ളതുമാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇവയെ മാത്രം ഗൗനിച്ചാൽ പോരാ. അല്ലോപ്പതിയോടും അതു ഫലപ്രദമായിട്ടുള്ള ഒരു ചികിത്സയാണിതെന്നു എനിക്കു ബോധ്യമായിട്ടില്ല. അതിനും ചില അതിശക്തികളുണ്ടെന്നു മി: എം. എൻ. പിള്ളയ്ക്കറിയാം. ഈ പ്രമേയം മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ചില ഡാക്ടറന്മാരെ സംബന്ധിച്ചു ആവശ്യമില്ലാത്ത ചില കുറ്റാരോപണങ്ങൾക്കു കാരണമായിത്തീർന്നിട്ടുണ്ട്. ഈ സഭയിൽ അപ്രകാരമുള്ള സംഗതികൾ സാധാരണയായിട്ടു നടക്കരുതുള്ളതുകൊണ്ടും, അവയെപ്പറ്റി എനിക്കിവിടെ പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടും ഇവിടത്തേക്ക അതുയോജിക്കാത്തതുകൊണ്ടും ഞാൻ ഒന്നും തന്നെ പറയണമെന്നു ആഗ്രഹിക്കുന്നില്ല.

ഇൻഡ്യയിലെ ഏതെങ്കിലും ഗവണ്മെൻറ് ഹോമിയോപ്പതിയെ അംഗീകരിച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം. അമേരിക്കയും, യുറോപ്പിലും ജർമ്മനിയിലും, ആസ്ട്രേലിയായിലും ഇതിനെ സ്വീകരിച്ചിട്ടുണ്ടെന്നു എനിക്കറിയാം. എന്നാൽ മാരോ മെംബറന്മാരും—

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ജർമ്മനി, ഇംഗ്ലാണ്ട്, സ്വീഡൻ മുതലായുള്ള രാജ്യങ്ങളും.

മിസ്സസ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസ്): ഏതുവിധത്തിലുള്ള സ്വീകരണമാണു ലഭിക്കുന്നുള്ളതെന്നു എനിക്കറിയാൻ പാടില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇൻഡ്യയിൽ കോലാപ്പൂർ രാജ്യത്തു ഒരു പ്രത്യേകഹോമിയോപ്പതി ഡിപ്പാർട്ടുമെൻറുണ്ട്.

മിസ്സസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവീസ്): അതിൽ ഞാൻ വളരെസന്തോഷിക്കുന്നു.

മി: എം: എൻ. പിള്ള (തിരുവനന്തപുരം): മദ്രാസ് കോർപ്പറേഷൻ ഹോമിയോപ്പതിയെ അംഗീകരിച്ചിട്ടുണ്ടെന്നു എനിക്കറിയാം. ഗവണ്മെൻറിനെ ഇതിനു സഹായധനം കൊടുക്കുന്നുണ്ട്. ഗവണ്മെൻറുതന്നെ ചെയ്യുവാൻ മടിക്കുന്ന കാര്യത്തിനു മുനിസിപ്പാലിറ്റിക്ക് സഹായധനം കൊടുക്കുന്നതു ശരിയല്ലല്ലോ?

മിസ്സസ്: എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ, വിമൻസ് മെഡിക്കൽ സർവ്വീസ്): തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്നതിനെതിരിയിലുള്ള ഹോമിയോപ്പതി ചികിത്സക്കു മി: എം. എൻ. പിള്ള ആവശ്യപ്പെടുന്നതുപോലെയുള്ള പ്രോത്സാഹനത്തിന് അർഹതയുള്ളതാണെന്നു എനിക്കു തോന്നുന്നില്ല: ഞാൻ ഇപ്പോഴും പ്രമേയത്തെ എതിർക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ രാജ്യത്തിൽ മിക്കസ്ഥലങ്ങളിലും ചികിത്സനടത്തി ജനങ്ങളുടെപക്കൽനിന്നും പണംപിടിച്ചുപറിക്കുന്ന പരിക്ഷായോഗ്യതയില്ലാത്ത ഹോമിയോപ്പതിക്കാരുണ്ടെന്നു മെംബർക്കറിയാമോ?

മിസ്സസ്: എം. പന്നാൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവ്വീസ്): അതിനുശേഷം പറയാൻതക്ക ആളല്ല പോലീസ് കമ്മീഷണർ ആകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർമാരിയാരോ എന്നായിരുന്നു എന്റെ ചോദ്യം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ എന്റെ പ്രമേയം വോട്ടിനിടണമെന്നു ആവശ്യപ്പെടുന്നു.

പ്രമേയത്തെ പോട്ടിനിടുകയും, ൨൭ മെമ്പറന്മാർ അതിനുവേണ്ടിയും, ൫൫ മെമ്പറന്മാർ അതിനെതിരായും പോട്ടചെയ്യുകയും, പ്രമേയം പാസ്സാക്കുകയും ചെയ്തു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഒരു പോയിന്റ് ആവശ്യപ്പെടുന്നു.

അദ്ധ്യക്ഷൻ:— സമയംകഴിഞ്ഞുപോയിരിക്കുന്നതുകൊണ്ടു അതിനിപ്പോൾ നിവർത്തിയില്ല..

ഈ സഭയുടെ കാലാവധി തീർന്നിരിക്കുന്നതിനാൽ സഭ പിരിച്ചുവിടപ്പെടുന്നതും ഉടൻതന്നെ ഗസറ്റിൽപ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു. നാമെല്ലാവരും മൂന്നുവർഷങ്ങളോളമായി ഒന്നിച്ചിരുന്നു പ്രവർത്തിനടത്തിയിരുന്ന പ്രയോജനകരമായിട്ടുള്ള ധാരാളം ജോലി ഈ സഭ ചെയ്തിട്ടുണ്ടു്. നിങ്ങളെല്ലാവരും വളരെ ജാഗ്രതയോടുകൂടി ജോലിനടത്തിട്ടുണ്ടു്. നിങ്ങൾ എല്ലാവരും വീണ്ടും ഈ സഭയിലെ അംഗങ്ങളാകുമാറു് അനുഗ്രഹിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. പുതുതായി രൂപ വൽക്കരിക്കാൻപോകുന്ന അടുത്ത കൌൺസിലിൽ ഇപ്പോഴിരിക്കുന്ന മിക്കവരേയും എനിക്കു കാണുവാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. പരിചയമുള്ള ആളുകളെ കാണുന്നതും അവരോടുകൂടിയിരുന്നു പ്രവൃത്തിനടത്തുന്നതും എപ്പോഴും സന്തോഷമുള്ള ഒരു സംഗതിയാകുന്നു. അടുത്ത തിരഞ്ഞെടുപ്പിൽ എല്ലാവർക്കും വിജയം ലഭിക്കുന്നതിനും അവർ ഈ സഭയിൽ വീണ്ടും മെമ്പറന്മാരാകുന്നതിനുമായി ഞാൻ അവർക്കു മംഗളം ആശംസിച്ചുകൊള്ളുന്നു.

വൈകുന്നേരം ൫ മണിക്കു സഭ പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

TPL
STOCK VERIFIED
1995

1 മെമ്പർമാർ
1 1103-ലെ ഒന്നാമത്തെ യോഗം
2 പ്രശ്നോത്തരങ്ങൾ
2 പുതിയ മെമ്പർമാർ
29 വനം-ധനാഭ്യർത്ഥന
30 രജിസ്ട്രേഷൻ-ധനാഭ്യർത്ഥന
38 മെഡിക്കൽ ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
44 അഞ്ചൽ ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
48 നിയമനിർമ്മാണം
53 വൃശ്ചികം 9, 1103-1103-ലെ സ്റ്റാൻറിംഗ് ഫിനാൻസ് കമ്മിറ്റി
55 വൃശ്ചികം 16, 1103-ഒഫീഷ്യൽ റിപ്പോർട്ട്
57 വൃശ്ചികം 17, 1103-പ്രശ്നങ്ങളും മറുപടികളും
76 അനുബന്ധം
77 വൃശ്ചികം 17, 1103-ഖനികളും ധാതുക്കളും-ബിൽ
89 വൃശ്ചികം 17, 1103-വകപ്പ് 44
107 ചോദ്യങ്ങളും ഉത്തരങ്ങളും
112 വിദ്യാഭ്യാസ പരിഷ്കാരം
113 അനുബന്ധം
117 പൊതുജനക്ഷേമത്തെ സംബന്ധിച്ച പ്രമേയങ്ങൾ
157 വൃശ്ചികം 30, 1103-ചോദ്യങ്ങളും ഉത്തരങ്ങളും
157 വൃശ്ചികം 30, 1103-കഷ്യാസ്ഥാനം മാറ്റി പ്രതിഷ്ഠിക്കുന്ന കാര്യം
160 വൃശ്ചികം 30, 1103-കോടതിയിൽ വ്യവഹാരങ്ങളുടെ താമസം
161 വൃശ്ചികം 30, 1103-ശ്രീമൂലം പ്രജാസഭ പരിഷ്കാരം
163 അനുബന്ധം
165 വൃശ്ചികം 30, 1103-പൊതുജനങ്ങൾക്ക് താല്പര്യമുള്ള വിഷയങ്ങളെപ്പറ്റിയുള്ള പ്രമേയങ്ങൾ
193 വൃശ്ചികം 30, 1103-നാട്ടുഭാഷാപാഠപുസ്തകങ്ങളുടെ വില
287 മേടം 4, 1103-ചോദ്യോത്തരങ്ങൾ
287 മേടം 4, 1103-പുതിയ മെമ്പർമാർ
288 മേടം 4, 1103-വിളഭൂമികളുടെ തരംതിരിക്കൽ
292 മേടം 4, 1103-ജഡ്ജിമാരുടേയും മുൻസിഫന്മാരുടേയും നിയമനം
298 അനുബന്ധം
300 മേടം 4, 1103-മെഡിക്കൽ ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
305 മേടം 4, 1103-ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
306 മേടം 4, 1103-അഞ്ചലാഫീസ്
307 മേടം 4, 1103-പലവക
325 മേടം 4, 1103-രണ്ടാം വകപ്പ്
325 മേടം 4, 1103-ഖനികളും ധാതുക്കളും
326 മേടം 4, 1103-കൃഷി മരാമത്തു റഗുലേഷൻ ഭേദഗതി ബിൽ
343 മേടം 5, 1103-ചോദ്യങ്ങളും മറുപടികളും
346 മേടം 5, 1103-തിരുവനന്തപുരം സെൻട്രൽ ജയിൽ
346 മേടം 5, 1103-ചെങ്ങന്നൂർ മുൻസിഫ് കോർട്ടിലെ നിയമനങ്ങൾ
347 മേടം 5, 1103-സാനിട്ടറി വകപ്പ് പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റി
347 മേടം 5, 1103-കൈരളീ വിലാസം പ്രാഥമിക പെൺ പള്ളിക്കൂടം
348 മേടം 5, 1103-നിയമനങ്ങളുടെ സ്റ്റേറ്റ്മെൻറ്
359 അനുബന്ധം